# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 04, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 188 - നമ്പർ 4

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 04, തിങ്കൾ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II അടിയന്തരപ്രമേയ നോട്ടീസ്**

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന്റെ സ്വകാര്യവത്കരണം
-ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(2) ഉപരിപഠനത്തിന് പോകുന്നവരുടെ വിദേശപൗരത്വം
-ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

**IV സബ്മിഷൻ**

(1) വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും
-ശ്രീ. സി. എച്ച്. കുഞ്ഞമ്പു

(2) മഹാത്മാഗാന്ധിയുടെ ഫോട്ടോ തകർത്ത സംഭവം
-ശ്രീ. വി. ജോയി

(3) സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ്
-ശ്രീ. എം. എം. മണി

(4) വിഴിഞ്ഞം തീരദേശ വില്ലേജുകളിലെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം
-ശ്രീ. എം. വിൻസെന്റ്

(5) റാന്നിയിൽ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കൽ
-ശ്രീ. പ്രമോദ് നാരായൺ

(6) മുനയം റഗുലറ്റേർ-കം-ബ്രിഡ്ജ്
-ശ്രീ. സി. സി. മുകുന്ദൻ

(7) പട്ടികജാതി കോളനികളുടെ നവീകരണ പ്രവൃത്തികൾ
-ശ്രീ. ടി. പി. രാമകൃഷ്ണൻ

(8) ബദൽ സ്കൂളുകളുടെ പ്രവർത്തനം
-ശ്രീ. എ. പി. അനിൽ കുമാർ

(9) കാളംതിരുത്തി എം.ജി.എൽ.സി. സ്കൂളിന്റെ പ്രവർത്തനം
-ശ്രീ. കെ. പി. എ. മജീദ്

(10) ഇരിക്കൂറിലെ യാത്രാക്ലേശം
-ശ്രീ. സജീവ് ജോസഫ്

## V ധനകാര്യം

(1) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

(2) 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ V -ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

ധനാഭ്യർത്ഥന നമ്പർ XI-ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XXI-ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXVI-പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

ധനാഭ്യർത്ഥന നമ്പർ XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ

**VI അടിയന്തരപ്രമേയ ചർച്ച**

എ.കെ.ജി. സെന്ററിനും കോൺഗ്രസ് ഓഫീസുകൾക്കും നേരെയുണ്ടായ ആക്രമണം

-ശ്രീ. പി. സി. വിഷ്ണുനാഥ്

**ധനകാര്യം (തുടർച്ച)**

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 04, തിങ്കൾ

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 4

---

നിയമസഭ 2022 ജൂലൈ മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *91

## റീസർവ്വേയിൽ കണ്ടെത്തുന്ന അധിക ഭൂമി

1(*91) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന ഡിജിറ്റൽ റീസർവ്വേയിൽ സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശരേഖയിലുള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അധികഭൂമി കൈവശക്കാരന് പതിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ പതിച്ച് നൽകുന്ന ഭൂമിക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായി പതിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റീസർവ്വേ നടപടികളുടെ ഭാഗമായി ഓരോ ജില്ലയിലും സ്വകാര്യ വ്യക്തികൾ അധികമായി കൈവശം വച്ചിട്ടുള്ള ഭൂമിയും അവകാശികളില്ലാത്ത ഭൂമിയും സർക്കാർ ഭൂമിയും കണ്ടെത്തി ലാൻഡ്

ബാങ്കിലുൾപ്പെടുത്തി ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ&ബി) റീസർവ്വേയ്ക്കുശേഷം വിസ്തീർണ്ണ വർദ്ധനവ് വരുന്ന കേസുകളിൽ റീസർവ്വേയ്ക്കുമുമ്പ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും കരമൊടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകിയാൽ അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21.04.2022-ലെ സ.ഉ. (കൈ) നം.110/2022/റവ. നമ്പർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. റീസർവ്വേയ്ക്കുശേഷം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശരേഖയിലുള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അധിക ഭൂമിക്ക് ഉടമസ്ഥത നൽകുന്ന വിഷയത്തിൽ നിയമനിർമ്മാണമുൾപ്പെടെയുള്ള സാദ്ധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്. റവന്യൂ-സർവ്വേ നിയമസമന്വയമില്ലാത്തതിനാൽ റീസർവ്വേ പ്രവർത്തനസമയത്തിലും ഭൂപരിപാലന ജോലിയിലും

തീരുമാനങ്ങളെടുക്കാൻ കഴിയാതിരിക്കുകയും റിക്കാർഡുകളിലെ അവ്യക്തത കാരണം സമയബന്ധിതമായി ജോലികൾ പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. തന്മൂലം സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയാലും ഇത്തരം ഭൂപ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ പരാതികൾക്കിടയാകുന്നു. സർവ്വേ ജോലിയിൽ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ സർവ്വേ ഉദ്യോഗസ്ഥർക്ക് മാത്രമായി പരിഹരിക്കാൻ സാധിക്കുന്നതല്ല. സർവ്വേ-റവന്യൂ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഒരു സെറ്റിൽമെന്റ് സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 1964-ലെ കേരള സർവ്വേ അതിരടയാള ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം, സ്വകാര്യ വ്യക്തികളുടെ ഭൂമിയോട് ചേർന്നുകിടക്കുന്ന സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം കുറവാകുകയും സ്വകാര്യ ഭൂമിയുടെ വിസ്തീർണ്ണം കൂടുതലാകുകയും ചെയ്താൽ പുറമ്പോക്ക് കയ്യേറ്റമെന്ന് കണക്കാക്കി കൂടുതലായ സ്വകാര്യ ഭൂമി പുറമ്പോക്കിലേക്ക് കൂട്ടിച്ചേർക്കേണ്ടതാണെന്ന് വ്യവസ്ഥ

ചെയ്തിട്ടുണ്ട്. അവകാശികളില്ലാത്ത സ്വകാര്യ ഭൂമികൾ 1964-ലെ കേരള അന്യംനിന്ന വസ്തുക്കൾ കണ്ടുകെട്ടൽ നിയമപ്രകാരം ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ചുകൊടുക്കുന്നുണ്ട്. ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നതോടെ ഇത്തരത്തിലുള്ള മുഴുവൻ ഭൂമിയും കണ്ടെത്തി സംരക്ഷിക്കുന്നതിനും അർഹരായ ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, വിഷൻ & മിഷനിലൂടെ വിപ്ലവകരമായ മാറ്റങ്ങളാണ് റവന്യൂ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 1966-ൽ ആരംഭിച്ച റീസർവ്വേ സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 918 എണ്ണത്തിൽ മാത്രമാണ് ഇതുവരെ പൂർത്തീകരിച്ചതെങ്കിൽ, വരുന്ന നാലുവർഷംകൊണ്ട് ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനം അഭിനന്ദനാർഹമാണ്. ഡിജിറ്റൽ സർവ്വേയുടെ ഗുണങ്ങൾ എന്തൊക്കെയാണെന്നും റവന്യൂ രേഖകളുടെ പൂർണ്ണമായ ഡിജിറ്റൈസേഷൻ ഇതിലൂടെ നടത്താൻ കഴിയുമോയെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ഡിജിറ്റൽ റീസർവ്വേ കേരളത്തിനാകെ ഉപകാരപ്രദമായൊരു പദ്ധതിയെന്ന നിലയിൽ

മാസ്റ്റർപ്ലാനായാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. 807 കോടി 98 ലക്ഷം രൂപ ചെലവഴിച്ച് ഡിജിറ്റൽ റീസർവ്വേ നട<u>ത്തു</u>മ്പോൾ വലിയ നേട്ടമാണ് പ്രതീക്ഷിക്കുന്നത്. അതിപ്പോൾ ക്യാബിനറ്റ് തീരുമാനപ്രകാരം 858 കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്. എല്ലാ ഭൂമിക്കും രേഖയുണ്ടാക്കാനും ആരുടെയൊക്കെ കയ്യിലാണ് ഭൂമിയുള്ളതെന്ന് സമഗ്രമായി പഠിക്കാനും ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഡിജിറ്റൽ റീസർവ്വേയിലൂടെ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പംതന്നെ ടോപോഗ്രാഫിക്കൽ സർവ്വേയും നടക്കും. ഇത് നാല് വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് എൽ.ആർ.എം. കേസുകളിൽ വർദ്ധനവുണ്ടാകാത്തവിധം മുന്നോട്ടുപോകാൻ കഴിയും. രജിസ്ട്രേഷൻ/റവന്യൂ/സർവ്വേ വകുപ്പുകളുടെ PEARL, ReLIS, E-maps സോഫ്റ്റ്‌വെയറുകൾ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് 'എന്റെ ഭൂമി' എന്ന ഏകജാലക സംവിധാനംകൂടി ഇതിന്റെ ഭാഗമായി ആരംഭിക്കുകയാണ്. പ്രസ്തുത പോർട്ടൽ യാഥാർത്ഥ്യമാകുന്നതോടെ ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഡിജിറ്റൈസേഷൻ സംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചിരുന്നു. അതുപോലെ പ്രധാനപ്പെട്ടൊരു കാര്യമാണ് ജനസൗഹൃദ സർക്കാർ ഓഫീസുകൾ. റവന്യൂ വകുപ്പിന്റെ ഓഫീസുകളിൽ ഭൗതികസാഹചര്യങ്ങൾ ജനസൗഹൃദമാക്കുന്നതുകൂടാതെ സേവനവും അത്തരത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. വില്ലേജ് ഓഫീസുകൾ മുതൽ സെക്രട്ടേറിയറ്റ് വരെയുള്ളവ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ?

ശ്രീ. കെ. രാജൻ: സർ, സംസ്ഥാനത്ത് റവന്യൂ വകുപ്പ് സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. അതിന്റെഭാഗമായി 1666 വില്ലേജുകളിൽ 565 എണ്ണം സ്മാർട്ട് വില്ലേജുകളാക്കി മാറ്റാനുള്ള നടപടിയുമായി അതിവേഗം മുന്നോട്ടുപോകുകയാണ്. റവന്യൂ വകുപ്പിന്റെ എല്ലാ ഓഫീസുകളെയും ഇ-സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാനാണ് തീരുമാനിച്ചിരിക്കുന്നത്. വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളെ ഇതിനകം ഇ-ജില്ലകളാക്കി മാറ്റിയിട്ടുണ്ട്. ഡിജിറ്റൈസേഷന്റെ ഭാഗമായി പ്ലാൻ ഫണ്ടുപയോഗിച്ച് വില്ലേജുകളിൽ കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ

സംവിധാനങ്ങളും ഒരുക്കുന്നതോടൊപ്പം ധനകാര്യ വകുപ്പിന്റെ 66/2022 നമ്പർ ഉത്തരവുപ്രകാരം എം.എൽ.എ.-മാർക്കുകൂടി ആസ്തി വികസന ഫണ്ടുപയോഗിച്ച് അവരവരുടെ നിയോജകമണ്ഡലങ്ങളിലെ വില്ലേജ്-താലൂക്ക് ഓഫീസുകൾക്കുവേണ്ടി ഇത്തരം മെറ്റീരിയലുകൾ വാങ്ങിനൽകുന്നതിന് കഴിയും. എം.എൽ.എ.-മാർകൂടി സഹകരിച്ചാൽ ഒരുവർഷംകൊണ്ട് 14 ജില്ലകളെയും ഇ-ജില്ലകളാക്കി മാറ്റാൻ കഴിയുമെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, അനുവദനീയമായതിനെക്കാൾ കൂടുതൽ ഭൂമി ബിനാമി പേരുകളിൽ പലരും കൈവശം വച്ചിരിക്കുകയാണ്. അത്തരം ഭൂമി കണ്ടെടുത്ത് ഭൂരഹിതരായവർക്ക് വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഇൻഡ്യയിൽ ആദ്യമായി യുണീക് തണ്ടപ്പേർ സിസ്റ്റം നടപ്പാക്കുന്ന സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. ഇതിന്റെ ഭാഗമായി ആധാറും തണ്ടപ്പേരും കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ കേന്ദ്രത്തോട് അനുവാദം ചോദിക്കുകയും കേന്ദ്ര വിവരസാങ്കേതിക മന്ത്രാലയം അതിന് അനുവാദം

നൽകുകയും ചെയ്തു. 1970-ൽ നിലവിൽ വന്ന ഭൂപരിഷ്കരണ നിയമത്തിന്റെ ലിമിറ്റേഷൻ ആക്ടിനെ മറികടന്നുകൊണ്ട് പലയിടങ്ങളിലായി പല തണ്ടപ്പേരുകളിൽ അധികമായി ഭൂമി കൈവശം വയ്ക്കുന്നത് കണ്ടെത്താനുള്ള പോംവഴികൾ നമ്മുടെ മുന്നിലുണ്ടായിരുന്നില്ല. യുണീക് തണ്ടപ്പേർ സിസ്റ്റം വരുന്നതോടെ സംസ്ഥാനത്ത് എവിടെ ഭൂമിയുണ്ടെങ്കിലും അതെല്ലാം ഒറ്റ തണ്ടപ്പേരിൽ രേഖപ്പെടുത്താൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽനിന്ന് ആദ്യമായി യുണീക് തണ്ടപ്പേർ സ്വീകരിച്ചത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജുവാണെന്ന കാര്യവും സഭയെ അറിയിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, റീസർവ്വേ നടപടികൾ അതിവേഗം പൂർത്തീകരിക്കാത്തതുമൂലം പ്രതിസന്ധി നിലനിൽക്കുകയാണ്. അത്യാധുനിക സംവിധാനമായ റൊബോട്ടിക് ടോട്ടൽ സ്റ്റേഷൻ (RTS) ഉപയോഗിച്ച് സർവ്വേ നടത്തുന്നതിനും അതിനാവശ്യമായ പരിശീലനം നൽകുന്നതിനും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. കെ. രാജൻ: സർ, 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികൾ 55 വർഷക്കാലം കഴിഞ്ഞപ്പോൾ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 918 എണ്ണത്തിൽ മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞത്. അതിൽ 95 വില്ലേജുകളിലാണ് ETS (Electronic Total Station) ഉപയോഗിച്ച് സർവ്വേ നടത്തിയത്. 21 വില്ലേജുകളിൽ അത് മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. അതുകൊണ്ടാണ് നാല് വർഷംകൊണ്ട് ഡിജിറ്റൽ റീസർവ്വേ പൂർത്തിയാക്കാൻ മറ്റ് സങ്കേതങ്ങളെക്കൂടി ആശ്രയിക്കാൻ തീരുമാനിച്ചത്. കൺവെൻഷണൽ മെത്തേഡിൽ നിന്നുമാറി Continuously Operating Reference Station (CORS), ETS മെഷീന്റെ പുതിയ വെർഷനായ റൊബോട്ടിക് ടോട്ടൽ സ്റ്റേഷൻ, LiDAR Camera-കൾ ഉപയോഗിച്ചുകൊണ്ടുള്ള ഡ്രോൺ സർവ്വേ എന്നീ മൂന്നിനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി 1000 RTK റോവർ മെഷീനുകളും 700 RTS മെഷീനുകളും 1700 Rugged Tablet-കളും വാങ്ങാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും അതിനാവശ്യമായ പണം ക്യാബിനറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ മാസംതന്നെ അതെല്ലാം പ്രൊക്യൂർ ചെയ്ത് കൊണ്ടുവരാൻ കഴിയും. 28 കോർ സ്റ്റേഷനുകളിലാണ് ഇതിന്

സിഗ്നൽ നൽകുന്നത്. അതിൽ 18 സ്റ്റേഷനുകൾ പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. കൊച്ചുപമ്പയിലുള്ള ഒരു സ്റ്റേഷൻ മാത്രം ജസ്റ്റിസ് സിരിജഗൻ ചെയർമാനായ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ആഗസ്റ്റ് മാസത്തിൽത്തന്നെ 200 സ്ഥലങ്ങളിലും ഒരേസമയം സർവ്വേ നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി സി. കെ. ആശ: സർ, ഡിജിറ്റൽ റീസർവ്വേ നടത്തുന്നതിനാവശ്യമായ ജീവനക്കാരുണ്ടോ; ഇല്ലെങ്കിൽ താത്കാലികമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എത്ര ജീവനക്കാരെ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. കെ. രാജൻ: സർ, ഡിജിറ്റൽ റീസർവ്വേ നാല് വർഷംകൊണ്ട് പൂർത്തീകരിക്കണം. ഒരുവർഷം 400 എണ്ണം വീതം 3 വർഷവും ബാക്കിവരുന്ന 350 എണ്ണം നാലാമത്തെ വർഷവും നടപ്പിലാക്കി പൂർത്തീകരിക്കേണ്ടതിനാൽ സർവ്വേയർമാരുടെ എണ്ണം കൂട്ടേണ്ടിവരും. സർവ്വേ ജീവനക്കാരുടെ സംഘടനകളുമായി ആലോചിച്ച് താത്കാലിക

നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ ജോലികൾക്ക് മാത്രമായി 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും പുതുതായി നിയമിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും നിർദ്ദേശിക്കപ്പെടുന്നവർക്കായി പ്രത്യേക ടെസ്റ്റ് നടത്തുകയും വിജയിക്കുന്നവരെ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ഇന്റർവ്യൂ ചെയ്തുമാണ് നിയമിക്കുന്നത്. ആഗസ്റ്റ് മാസത്തോടെ 4700 ജീവനക്കാരെയും നിയമിക്കാൻ കഴിയും. അതിനുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോയിട്ടുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, അത്യാധുനിക ഉപകരണങ്ങളുപയോഗിച്ച് സർവ്വേ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ആലോചിക്കുന്നതിൽ സന്തോഷമുണ്ട്. എന്നാൽ വളരെക്കാലമായി സ്വന്തം സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് അവരുടെ വീടോ കെട്ടിടങ്ങളോ പുനർനിർമ്മിക്കാൻ കഴിയാത്തവിധം തരംമാറ്റൽ ഭീഷണി നിലനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നിരവധിപേർ ദിനംപ്രതി ഓരോ എം.എൽ.എ.-മാരുടെയും ഓഫീസുകളിൽ കയറിയിറങ്ങുകയാണ്. വർഷങ്ങളായി കെട്ടിക്കിടക്കുന്ന അപേക്ഷകൾപോലും തീർപ്പാക്കാൻ

കഴിയുന്നില്ല. ജീവനക്കാരെ അധികമായി വിന്യസിച്ചുകൊണ്ട് അദാലത്ത് നടത്തി ഇതിനൊരു പരിഹാരമുണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, 'വർഷങ്ങളായി' എന്ന വാക്ക് കേൾക്കുമ്പോൾ കേരളം ആരംഭിച്ച വർഷം മുതലെന്ന് തെറ്റിദ്ധരിക്കരുത്. 2008-ലാണ് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സായത്. 2018-ൽ നമ്മളെല്ലാവരും ചേർന്നാണ് അതിന്റെ ഭേദഗതി കൊണ്ടുവന്നത്. 25 സെന്റ് സ്ഥലം വരെയുള്ളവർ ടാക്സ് അടയ്ക്കേണ്ടതില്ലെന്ന 2021 ഫെബ്രുവരി മാസത്തെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു ലക്ഷത്തോളം അപേക്ഷകൾ പുതിയതായി വരികയുണ്ടായി. ഭൂനികുതി ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം പ്രാവർത്തികമായതോടെ കുറേക്കാലമായി ടാക്സ് അടയ്ക്കാൻ കഴിയാതിരുന്ന ആളുകൾകൂടി വന്നത് അപേക്ഷകരുടെ എണ്ണം വർദ്ധിക്കാനിടയാക്കി. 2018-നുശേഷമുള്ള ഈ നാല് വർഷങ്ങൾക്കിടയിൽ ഓഫ്‌ലൈനായി 204409-ഉം ഓൺലൈനായി 97504-ഉം അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ മാർച്ച് മാസം സർക്കാർ ഒരു ഉത്തരവിറക്കുകയും ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ തയ്യാറാക്കി

മുന്നോട്ടുപോകണമെന്ന് തീരുമാനിക്കുകയും ചെയ്തു. അതിന്റെഭാഗമായി നൂറിലേറെ അപേക്ഷകൾ വന്ന വില്ലേജുകളിൽ രണ്ട് വില്ലേജുകൾക്ക് ഒരു വാഹനമെന്ന നിലയിൽ 341 വാഹനങ്ങൾ അനുവദിക്കുകയും ആറ് മാസക്കാലത്തേയ്ക്ക് 999 ജീവനക്കാരെ അധികമായി വിനിയോഗിക്കുകയും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു പ്രത്യേക സെല്ലുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ 119 അദാലത്തുകൾ നടത്തി തരംമാറ്റവുമായി ബന്ധപ്പെട്ട് ജനുവരി 31 വരെ ഓഫ്‌ലൈനായി ലഭിച്ച 204409 അപേക്ഷകളിൽ 139922 എണ്ണം തീർപ്പാക്കിയിട്ടുണ്ട്; നവംബർ മാസത്തിനകം ബാക്കിയുള്ളവ പൂർണ്ണമായും തീർപ്പാക്കാൻ കഴിയുന്നതാണ്. ഇതിനായി കൂടുതൽ അദാലത്തുകൾ സംഘടിപ്പിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ഇക്കാര്യം പ്രത്യേകം പരിശോധിച്ച് നടപടിയുമായി മുന്നോട്ടുപോകുന്നുണ്ട്. ഫെബ്രുവരി ഒന്ന് മുതൽ ഓൺലൈനായി മാത്രമേ അപേക്ഷകൾ സ്വീകരിക്കുന്നുള്ളൂ. 97000 അപേക്ഷകൾ ഈ ചെറിയ കാലയളവിനുള്ളിൽ ഓൺലൈനായി ലഭ്യമായിട്ടുണ്ട്; അത് അതിവേഗം തീർപ്പാക്കുന്നതാണ്. Standard Operating Procedure (SOP)-ന്റെ ഭാഗമായി ഭൂമി പരിശോധിക്കുന്നതിന് കൃഷി ഓഫീസറും വില്ലേജ് ഓഫീസറും

ഒരുമിച്ച് പോകണമെന്ന് നിർദ്ദേശിച്ചതിന്റെ ഫലമായി തരംമാറ്റവുമായി ബന്ധപ്പെട്ട 68 ശതമാനത്തിലേറെ അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതോടുകൂടി ഭൂപ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. ഡിജിറ്റൽ റീസർവ്വേയുൾപ്പെടെയുള്ള റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും വില്ലേജുതല ജനകീയ സമിതികളുടെ പ്രവർത്തനം എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങ് പറഞ്ഞ രണ്ട് വിഷയങ്ങളും പ്രധാനപ്പെട്ടതാണ്. ഡിജിറ്റൽ റീസർവ്വേ നടപടികൾ ആരംഭിക്കുന്നതുതന്നെ വിശാലമായ ബോധവത്കരണ പരിപാടികളുടെ അടിസ്ഥാനത്തിലാണ്. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ എം.എൽ.എ.-മാരായ നമ്മൾ വളരെ വിശദമായി അതിനെക്കുറിച്ച് ചർച്ച ചെയ്തു. കൂടാതെ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഞാനും

പങ്കെടുക്കുകയും 14 ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുമായും ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയുമുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഗ്രാമസഭകളുടെ മോഡലിൽ സർവ്വേസഭകൾ എന്ന ആശയം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജനങ്ങളെ ബോധവത്കരിച്ച് അവരുടെ പൂർണ്ണമായ പങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ റീസർവ്വേ നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത്. കേരള ചരിത്രത്തിൽ പുതിയൊരു അദ്ധ്യായമാണ് വില്ലേജുതല ജനകീയ സമിതികൾ. റവന്യൂ വകുപ്പിന്റെ പ്രവർത്തനം കേവലം ഉദ്യോഗസ്ഥതലത്തിൽ മാത്രം നിലനിൽക്കുന്നുവെന്ന പരാതി ഒഴിവാക്കാനും അത് കുറച്ചുകൂടി ജനാധിപത്യവത്കരിക്കാനുമായി എം.എൽ.എ/എം.എൽ.എ.-യുടെ പ്രതിനിധി, സ്ഥലത്തെ പഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് നിലനിൽക്കുന്ന വാർഡിലെ ജനപ്രതിനിധി, നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, സർക്കാർ നിർദ്ദേശിക്കുന്ന ഒരു സ്ത്രീ, പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒരംഗം എന്നിവർ ഉൾപ്പെടുന്ന വില്ലേജുതല ജനകീയ സമിതി എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച മൂന്ന് മണിക്ക് ഡി.ഡി.സി., താലൂക്ക് സഭ എന്നിവ

കൂടുന്നതുപോലെ അതത് വില്ലേജുകളിൽ കൂടണമെന്ന ആശയം മുന്നോട്ടുവച്ചിട്ടുണ്ട്. സർവ്വേയുൾപ്പെടെ റവന്യൂ വകുപ്പ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ജനാധിപത്യവത്കരിക്കാനും ജനകീയവത്കരിക്കാനും വില്ലേജുതല ജനകീയ സമിതികളിലൂടെ സാധിക്കും.

ശ്രീ. മാണി സി. കാപ്പൻ: സർ, പാലാ നിയോജകമണ്ഡലത്തിലെ മൂന്നിലവ്, തലനാട്, മേലുകാവ് പഞ്ചായത്തുകളിൽ പലർക്കും പട്ടയം ലഭിച്ചിട്ടുണ്ടെങ്കിലും ഭൂമി അടയാളപ്പെടുത്തി നൽകിയിട്ടില്ല. അതിനാവശ്യമായ നടപടിയെടുക്കുമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ നേരത്തെ വിതരണം ചെയ്ത പട്ടയങ്ങളിൽ പലയിടത്തും ലൊക്കേഷനും സ്കെച്ചുമില്ലെന്ന പരാതികളുണ്ടാകുന്നുണ്ട്. ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ PEARL-ലൂടെ ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ അത് പോക്കുവരവ് ചെയ്യാൻ കഴിയുന്നതാണോയെന്നത് സംബന്ധിച്ച് ധാരണയുണ്ടാകില്ല; അത് റവന്യൂ വകുപ്പിന്റെ ReLIS -ലൂടെയായിരിക്കും നടത്തേണ്ടത്. PEARL-ൽ രജിസ്റ്റർ ചെയ്ത ആധാരവുമായി റവന്യൂ വകുപ്പിനെ സമീപിക്കുമ്പോഴായിരിക്കും ഇത്

ReLIS-ൽ പോക്കുവരവ് ചെയ്യാൻ കഴിയാത്ത സ്ഥലമാണെന്ന് മനസ്സിലാകുന്നത്. പോക്കുവരവ് ചെയ്ത് ലൊക്കേഷനും സ്കെച്ചുമെടുക്കാൻ പോകുമ്പോഴായിരിക്കും സർവ്വേ വകുപ്പിന്റെ E-maps പ്രകാരം ഈ സ്ഥലം ഉദ്ദേശിച്ച പ്രദേശത്തല്ലെന്നും അതിന് രേഖകളില്ലെന്നും ബോദ്ധ്യപ്പെടുന്നത്. ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുന്നമുറയ്ക്ക് 'എന്റെ ഭൂമി' എന്ന ഇന്റഗ്രേറ്റഡ് പോർട്ടലിലൂടെ ഭൂമി രജിസ്റ്റർ ചെയ്യാനും പോക്കുവരവ് നടത്താനും ലൊക്കേഷനും സ്കെച്ചും മനസ്സിലാക്കാനും കഴിയും. അങ്ങ് ഉന്നയിച്ച പ്രശ്നം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഒരു വലിയ പ്രക്രിയയാണ് ഡിജിറ്റൽ റീസർവ്വേ. ഇതിന് ജീവനക്കാരുടെ ദൗർലഭ്യമുണ്ടെന്ന് അങ്ങയുടെ മറുപടിയിൽ പറയുന്നുണ്ട്. ഇത് പരിഹരിക്കാനും സർവ്വേയുടെ ഭാഗമായി ടോപോഗ്രാഫിക്കൽ വിവരങ്ങൾകൂടി ശേഖരിക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ഡിജിറ്റൽ റീസർവ്വേ നടപടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ടോപോഗ്രാഫിക്കൽ സർവ്വേ. ഇതിലൂടെ റോഡ്, തോട്, കനാൽ, സ്ഥിതി-സ്ഥാപക ചിഹ്നങ്ങൾ തുടങ്ങിയ എല്ലാ വിവരങ്ങളും

ലഭ്യമാക്കാൻ കഴിയും. മാത്രമല്ല, ഇ-മാപ്പിനെ അടിസ്ഥാനഘടകമായി പരിഗണിച്ച് മറ്റ് വകുപ്പുകൾ അവരുടെ സംവിധാനങ്ങൾ കൂട്ടിച്ചേർത്താൽ സമഗ്രമായൊരു GIS ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ കഴിയും. കേരളത്തിന്റെ വ്യവസായ മേഖലയിൽ മാറ്റങ്ങളുടെ കാറ്റ് വീശുന്ന സാഹചര്യത്തിൽ അതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള അന്വേഷണം നടക്കുകയാണ്. ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുന്നതോടെ സംസ്ഥാനത്ത് എത്ര ഭൂമിയുണ്ടെന്നും അതിൽ പ്രകൃതി വിഭവങ്ങൾക്കും ഭവനനിർമ്മാണത്തിനും വ്യാവസായികാവശ്യങ്ങൾക്കുംവേണ്ടി ഏതൊക്കെ സ്ഥലം മാറ്റിവയ്ക്കാൻ കഴിയുമെന്നതിനെക്കുറിച്ചൊക്കെ മനസ്സിലാക്കാൻ കഴിയും.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, എത്ര ശതമാനം വില്ലേജുകളിൽ റീസർവ്വേ അന്തിമഘട്ടത്തിലായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? റീസർവ്വേ കഴിഞ്ഞ സ്ഥലങ്ങളിൽപ്പോലും പഴയ സർവ്വേ പ്രകാരം അല്ലെങ്കിൽ അവരവരുടെ കൈവശമിരിക്കുന്ന ആധാരപ്രകാരം അളവുകൾ നടത്തണമെന്ന് ഭൂവുടമകൾ ആവശ്യപ്പെടാറുണ്ട്. റോഡ് പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമ്പോഴാണ് ഈ

ആവശ്യം ഉയർന്നുവരുന്നത്. റീസർവ്വേ അന്തിമഘട്ടത്തിലെത്തിയ സ്ഥലങ്ങളിൽ പഴയ സർവ്വേപ്രകാരം അളവുകൾ നടത്തുന്നത് നിയമാനുസൃതമാണോയെന്ന പ്രശ്നമുണ്ട്. അത് നിയമാനുസൃതമല്ലെന്ന രീതിയിലുള്ള സർക്കാർ ഉത്തരവുകളോ നിയമങ്ങളോ നിലവിലുണ്ടോ? ഇത്തരം കേസുകളിൽ ചില ഘട്ടങ്ങളിൽ കോടതി ഇടപെടാറുണ്ട്. റീസർവ്വേ പ്രകാരംതന്നെ അളവുകൾ നടത്തണം, ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തണം. ഇത്തരം കേസുകൾ വരുമ്പോൾ കോടതിയിൽ ഇടപെടാൻ സർക്കാർ അഭിഭാഷകർക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങ് ഉന്നയിച്ചത് ഒരു പൊതുപ്രശ്നമാണ്. എല്ലാ എം.എൽ.എ.-മാരും രാഷ്ട്രീയത്തിനതീതമായി ഉന്നയിക്കുന്നൊരു പ്രശ്നവുമാണിത്. കേരളത്തിൽ 918 വില്ലേജുകളിലാണ് ഇതുവരെ റീസർവ്വേ നടന്നിട്ടുള്ളത്. അതിൽ 95 വില്ലേജുകളിൽ മാത്രമാണ് ഡിജിറ്റൽ റീസർവ്വേ നടത്തിയിട്ടുള്ളത്. മറ്റുള്ളവയെല്ലാം കൺവെൻഷണൽ രീതിയിൽ ചങ്ങല വലിച്ച് അടയാളപ്പെടുത്തിയിട്ടുള്ള

സർവ്വേകളാണ്. അത് 21 വില്ലേജുകളിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഒരുലക്ഷത്തി നാല്പതിനായിരത്തോളം എൽ.ആർ.എം. കേസുകൾ നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. റീസർവ്വേ നടത്തി ഡ്രാഫ്റ്റ് തയ്യാറാക്കി Surveys and Boundaries Act 9 (2) പ്രകാരം പബ്ലിഷ് ചെയ്യുമ്പോൾ ഭൂമിയുടെ ഉടമസ്ഥൻ അത് കാണുന്നില്ലെന്ന പ്രശ്നമുണ്ട്. അപ്പോൾ അയാൾക്ക് പ്രതികരിക്കാൻ കഴിയാതെവരും. പിന്നീട് സെക്ഷൻ 13 അനുസരിച്ച് ഗസറ്റ് വിജ്ഞാപനം നടത്തുമ്പോൾ അത് അന്തിമമാകുകയും ചെയ്യും. ഇത്തവണ ഡിജിറ്റൽ റീസർവ്വേയിൽ കൺവെൻഷണൽ രീതിയിൽ ചങ്ങല വലിച്ച് അടയാളപ്പെടുത്തിയ വില്ലേജുകളെക്കൂടി ഉൾപ്പെടുത്തുകയാണ്. അതായത്, ഇതിനകം സർവ്വേ പൂർത്തീകരിച്ച 95-ഉം ഇ.ടി.എസ് മെഷീൻ ഉപയോഗിച്ച് പൂർത്തീകരിക്കുന്നതുമായ 21-ഉം ഉൾപ്പെടെയുള്ള 116 വില്ലേജുകളൊഴികെ കൺവെൻഷണലായി നേരത്തെ അളന്ന സ്ഥലങ്ങളുൾപ്പെടെ ആധുനിക കാലത്തിന് പര്യാപ്തമാകുംവിധത്തിൽ 1550 വില്ലേജുകളിലും റീസർവ്വേ നടത്തുന്നുണ്ട്.

റീസർവ്വേ നടക്കുമ്പോൾ 9 (2) പബ്ലിക്കേഷനുമുമ്പായി, ഭൂമിയുടെ സ്ഥിതി രേഖപ്പെടുത്തുന്നതിനുമുമ്പായി ഉടമസ്ഥന് ഡിജിറ്റൽ ഡിവൈസിൽ അത് ലഭ്യമാക്കാൻ കഴിയും. പരാതിയുണ്ടെങ്കിൽ അപ്പോൾത്തന്നെ ഓൺലൈനായി രജിസ്റ്റർ ചെയ്യാനും 13-ാം ചട്ടപ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം നടത്തുന്നതിനുമുമ്പ് ആ പ്രശ്നം പരിഹരിക്കാനും കഴിയും. അങ്ങനെ അന്തിമമായി പ്രശ്നം പരിഹരിക്കാൻ കഴിയുന്നവിധത്തിൽ ഇത് മുന്നോട്ടുകൊണ്ടുപോകും. റോഡ് പുറമ്പോക്ക് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നമാണ് അങ്ങ് ഉന്നയിച്ച മറ്റൊരു വിഷയം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സെറ്റിൽമെന്റ് ആക്ടിനെക്കുറിച്ച് വിശദമായ ചർച്ച നടത്തി ഗൗരവമായൊരു നിയമനിർമ്മാണത്തിലേക്ക് കടക്കേണ്ടതുണ്ട്. അതിപ്പോൾ അന്തിമമായി വെളിപ്പെടുത്താവുന്നതല്ല, വിശദമായ പരിശോധനയ്ക്ക് വിധേയമാകണം. ഇതുസംബന്ധിച്ചുള്ള നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

## കുളിമാട് പാലം തകർന്നതിന്മേലുള്ള നടപടി

2(*92) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലം തകർന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പാലം തകർന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പി.ഡബ്ല്യു.ഡി. വിജിലൻസ് വിഭാഗം തയ്യാറാക്കിയ റിപ്പോർട്ട്

മടക്കിയയച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കൂളിമാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബീം സ്ഥാപിക്കുന്നതിനിടെ മറിഞ്ഞുവീണ സംഭവത്തെ ഗൗരവത്തോടെയാണ് സർക്കാർ കണ്ടത്. സംഭവം നടന്ന ഉടൻ പ്രവൃത്തി നിർവ്വഹണ ചുമതലയുള്ള കെ.ആർ.എഫ്.ബി. (Kerala Road Fund Board) പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് വകുപ്പിന് വിവരം നൽകിയിരുന്നു. ഭാവിയിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിന് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജിലൻസ് നൽകിയ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കൂളിമാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബീം സ്ഥാപിക്കുന്നതിനിടെ മറിഞ്ഞുവീണ സംഭവത്തിൽ ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിനുശേഷം പൊതുമരാമത്ത് വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയിരുന്നു. പി.ഡബ്ല്യു.ഡി. വിജിലൻസ്

വിഭാഗത്തിന്റെ ആവശ്യാർത്ഥം കോഴിക്കോട് എൻ.ഐ.ടി.-യിൽ നടത്തിയ ശാസ്ത്രീയ പരിശോധനയിൽ ഹൈഡ്രോളിക് ജാക്കിയിൽ കണ്ടെത്തിയ തകരാറും ദൃക്സാക്ഷികളുടെ മൊഴിയും ബീം മറിഞ്ഞുവീണ രീതിയും വിശകലനം ചെയ്തതിൽനിന്നും ഹൈഡ്രോളിക് ജാക്കിയുടെ പ്രവർത്തനത്തിലുണ്ടായ അപാകതയാണ് അപകടകാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രവൃത്തിക്കായി കരാർ കമ്പനി നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയവും നൈപുണ്യവും ഉണ്ടായിരുന്നതായി റിപ്പോർട്ടിൽ പറയുന്നുണ്ട്. രണ്ട് തലങ്ങളിലുമുള്ള ഗുണനിലവാര പരിശോധനാ റിപ്പോർട്ടുകളിലും പ്രവൃത്തിയുടെ ഗുണമേന്മ തൃപ്തികരമാണെന്നാണ് കാണിക്കുന്നത്. അപകടത്തിനുശേഷം ശേഖരിച്ച സാമ്പിളുകളുടെ ശാസ്ത്രീയ ഗുണനിലവാര പരിശോധനയിലും പ്രവൃത്തിയുടെ ഗുണമേന്മ തൃപ്തികരമാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്. അപകടത്തിൽ മൂന്ന് ബീമുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

(സി) പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് അവധി അനുവദിക്കുമ്പോൾ പകരം

മേൽനോട്ടത്തിന് ക്രമീകരണം ഏർപ്പെടുത്താത്തതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറോടും പ്രവൃത്തിയുടെ പൂർണ്ണമായ മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ചവരുത്തിയതിന് അസിസ്റ്റന്റ് എഞ്ചിനീയറോടും വിശദീകരണം തേടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം തയ്യാറാക്കിയ റിപ്പോർട്ടിലുള്ള ചില കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ബീമുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സുപ്രധാന ജോലികൾ നടക്കുമ്പോൾ കരാർ ഏജൻസിയുടെ ജീവനക്കാർ മാത്രമാണ് സ്ഥലത്തുണ്ടായിരുന്നത് എന്നുള്ളത് സർക്കാരിന്റെ വീഴ്ചയല്ലേ; പാലാരിവട്ടം പാലം പൊളിഞ്ഞപ്പോൾ അന്നത്തെ മന്ത്രിക്കെതിരെ കേസെടുക്കുകയും കൂളിമാട് പാലത്തിന്റെ കാര്യത്തിൽ മന്ത്രിക്ക് വീഴ്ചസംഭവിച്ചിട്ടില്ലെന്ന് പറയുകയും ചെയ്യുന്നത് ഇരട്ടത്താപ്പല്ലേ; ഇതുസംബന്ധിച്ച് സർക്കാരിന് എന്താണ് പറയാനുള്ളത് ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കൂളിമാട് പാലം നിർമ്മാണത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരെ മാലയിട്ട്

സ്വീകരിക്കുകയല്ല, വിശദീകരണം ചോദിക്കുകയാണ് ചെയ്തത്. അങ്ങനെ ഒട്ടേറെ നടപടികൾ ഈയൊരു വർഷത്തിനുള്ളിൽ സ്വീകരിച്ചിട്ടുണ്ട്. പാലാരിവട്ടം പാലത്തെ സംബന്ധിച്ച് സഭയിൽ പറയിപ്പിക്കണമെന്ന നിർബന്ധം അംഗത്തിനുള്ളതുപോലെയാണ് ഞാൻ ഈ ചോദ്യത്തെ കാണുന്നത്. ഈ വകുപ്പിന്റെ ചുമതലയേറ്റെടുത്തശേഷം ഞാൻ ഇതുവരെ അതുസംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ല. പാലാരിവട്ടം പാലവും കുളിമാട് പാലവും ഒന്നാണോ; അത് പരിശോധിക്കേണ്ടതല്ലേ? പാലാരിവട്ടം പാലത്തിന്റെ കാര്യം പറയുകയാണെങ്കിൽ, അന്നത്തെ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിൽത്തന്നെ നിർമ്മാണത്തിനിടെ പാലം തകർന്നുവീണിരുന്നു. അതും ഇതും ഒരുപോലെയാണോ? പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട് മൊബിലൈസേഷൻ അഡ്വാൻസായി ഇരുപത് ശതമാനംവരെ തുക മുൻകൂർ അനുവദിച്ച് നൽകി എഗ്രിമെന്റിന് വിരുദ്ധമായ നിലപാടല്ലേ മന്ത്രി സ്വീകരിച്ചത്? സിമന്റിന്റെയും കമ്പിയുടെയും അളവും കുറവായിരുന്നു. അക്കാര്യത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇത്തരത്തിൽ നിരവധി കാര്യങ്ങളുള്ള പാലാരിവട്ടം പാലവും കുളിമാട് പാലവും രണ്ടും രണ്ടാണെന്നുള്ളത് വളരെ വ്യക്തമാണ്. ഇവിടെ

ബഹുമാനപ്പെട്ട മന്ത്രിയോ സർക്കാരോ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്ന സമീപനമൊന്നും സ്വീകരിച്ചിട്ടില്ല. വളരെ കൃത്യമായി മുന്നോട്ടുപോകുന്ന സ്ഥിതിയാണുണ്ടായത്. പാലാരിവട്ടം ഫ്ലൈ ഓവർ നിർമ്മാണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കരാർ കമ്പനിയായ M/S. Rds Projects Ltd-നെ പി.ഡബ്ല്യൂ.ഡി. മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും കമ്പനി ഫയൽ ചെയ്ത സിവിൽ കേസിന്മേൽ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ചും കരിമ്പട്ടികയിൽപ്പെടുത്താൻ നാഷണൽ ഹൈവേ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയ വിവരംകൂടി അറിയിക്കുകയാണ്. അത് കേസിന്റെ ഭാഗമായിട്ടാണ്. ഇത് രണ്ടും രണ്ടാണെന്ന് അറിഞ്ഞിട്ടും ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത് പൊതുവേ വകുപ്പിന്റെ വിശ്വാസ്യതയെ തകർക്കാനാണെന്നാണ് കാണുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പാലാരിവട്ടം പാലം തകർന്നുവീണില്ല, കുളിമാട് പാലം തകർന്നുവീണു. ഇതാണ് ഈ രണ്ട് പാലങ്ങളും തമ്മിലുള്ള വ്യത്യാസം. കുളിമാട് പാലത്തിന്റെ ബീമുകൾ തകർന്നതിന്റെ ധാർമ്മികവും സാമ്പത്തികവുമായ ഉത്തരവാദിത്വം ആർക്കാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിൽനിന്നും സർക്കാരിന് ഒഴിഞ്ഞുമാറാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പാലാരിവട്ടം പാലത്തെക്കുറിച്ച് വീണ്ടും സംസാരിക്കാൻ ദയവായി നിർബന്ധിക്കരുത്, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നിർമ്മാണവീഴ്ചയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടി ഇക്കാര്യത്തിലും വകുപ്പ് കൃത്യമായി സ്വീകരിച്ചിട്ടുണ്ട്. റേഷനരി ചോറാക്കി കഴിക്കുമ്പോൾ ആരുടെയെങ്കിലും തൊണ്ടയിൽ കുടുങ്ങി മരിച്ചുപോയാൽ ഭക്ഷ്യ വകുപ്പുമന്ത്രി രാജിവയ്ക്കണമെന്ന് പ്രതിപക്ഷാംഗങ്ങൾ പറയുമോ? ഇതിൽ കാര്യങ്ങൾ വളരെ വ്യക്തമാണ്. ചില പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ ഇതുപോലെ നിർമ്മാണത്തിനിടയിൽ പാലങ്ങൾക്ക് തകരാർ സംഭവിച്ചപ്പോൾ സ്വീകരിച്ച സമീപനമെന്താണെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. പാലം നിർമ്മാണത്തിലുണ്ടായ അപാകതകൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ടെക്നിക്കൽ/മാന്വൽ ഇഷ്യൂസ് പരിശോധിക്കുകയും കെ.ആർ.എഫ്.ബി. ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് അംഗീകരിച്ച് എല്ലാം ശരിയാണെന്ന് വകുപ്പിന് പറയാമായിരുന്നു. അതിനുപകരം ഇന്റേണൽ വിജിലൻസ് സംവിധാനത്തെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന നിലപാടാണ്

സ്വീകരിച്ചത്. വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം കോഴിക്കോട് എൻ.ഐ.ടി. വിഭാഗം ശാസ്ത്രീയ പരിശോധന നടത്തുകയും ഹൈഡ്രോളിക് ജാക്കിയുടെ പ്രവർത്തനത്തിലുള്ള അപാകതയാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിനിടയിൽ പാലത്തിന് തകരാർ സംഭവിച്ചപ്പോൾ ഇതേ എൻ.ഐ.ടി. അന്വേഷണം നടത്തി നൽകിയ റിപ്പോർട്ട് രണ്ടുകയ്യും നീട്ടി സ്വീകരിച്ചവരാണ് അപ്പുറത്തിരിക്കുന്നതെന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ടെക്നിക്കൽ സൈഡിൽ എൻ.ഐ.ടി. കൃത്യമായി പരിശോധന നടത്തി. ഇതിന്റെ കാലിബറേഷൻ കാലാവധി 6.3.2023 വരെയാണ്. ഈ കമ്പനിക്കുമാത്രമല്ല, എല്ലാ കരാർ കമ്പനികൾക്കും ഇത്തരം പ്രവർത്തനങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കർശന നിർദ്ദേശം നൽകാനാണ് സർക്കാർ തയ്യാറായതെന്ന കാര്യം മറന്നുപോകരുത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അവധിയിൽ പ്രവേശിച്ചപ്പോൾ പകരം സംവിധാനമൊരുക്കാനുള്ള ചുമതല പി.ഡബ്ല്യൂ.ഡി. മാന്വൽപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. എന്നാൽ അദ്ദേഹമത് നിർവ്വഹിച്ചിട്ടില്ല. അക്കാര്യം റിപ്പോർട്ടിൽ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. അതുപോലെ

സൈറ്റിൽ ഉദ്യോഗസ്ഥർ വേണമെന്നത് ശരിയാണ്. ഓവർസിയറും അസിസ്റ്റന്റ് എഞ്ചിനീയറും സൈറ്റിൽ വേണമെന്നുള്ളതും ഓരോ ഉദ്യോഗസ്ഥരും എന്തൊക്കെ ജോലികൾ നിർവ്വഹിക്കണമെന്നുള്ളതും പി.ഡബ്ല്യു.ഡി. മാന്വലിൽ കൃത്യമായി പറയുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റിൽ വന്നുപോകുകയല്ല, അവിടെത്തന്നെ ഉണ്ടാകണമെന്നത് നിർബന്ധമുള്ള കാര്യമാണ്. അക്കാര്യത്തിലും വിശദീകരണം ചോദിച്ചിട്ടുണ്ട്. സൈറ്റിൽ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനായി ടെക്നോളജി ഉപയോഗപ്പെടുത്തി ചില കാര്യങ്ങൾ ചെയ്യാൻ ആലോചിക്കുകയാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, 'നിങ്ങളിടുമ്പോൾ വള്ളിക്കളസം ഞങ്ങളിടുമ്പോൾ ബർമുഡ' എന്നൊരു പഴഞ്ചൊല്ല് ഓർമ്മവരികയാണ്. ബീമുകൾ തകർന്നുവീണപ്പോൾത്തന്നെ ഹൈഡ്രോളിക് ജാക്കിയുടെ തകരാറാണെന്നത് കരാർ കമ്പനി മുന്നോട്ടുവച്ച വാദമാണ്. സർക്കാരിന്റെ ഭാഗമായ പല ആളുകളും അപ്പോൾത്തന്നെ അത് ഏറ്റുപിടിക്കുകയുമുണ്ടായി. ഇപ്പോൾ അന്വേഷണ റിപ്പോർട്ടിൽ വന്നിരിക്കുന്നതും അതുതന്നെയാണ്. കാരണം, സർക്കാരിന്റെ ഭാഗമായ ആളുകൾ ആ വാദം ഏറ്റുപിടിച്ചാൽപ്പിന്നെ

പിന്നോട്ടുപോകാൻ അന്വേഷണ ഏജൻസികൾക്ക് സാധിക്കില്ലല്ലോ. തൃപ്പൂണിത്തുറയിൽ നിർമ്മാണത്തിലിരുന്ന ഒരു പാലം അപകടത്തിലായപ്പോൾ കരാർ കമ്പനിക്കെതിരെ കേസെടുക്കാൻ സർക്കാർ തയ്യാറായി. ഇവിടെ എൻ.ഐ.ടി. ഹൈഡ്രോളിക് ജാക്കിയെ സംബന്ധിച്ച് മാത്രമാണ് പരിശോധന നടത്തിയിരിക്കുന്നത്. ഇതുസംബന്ധിച്ച് സ്വതന്ത്രമായ അന്വേഷണം നടത്തി സമഗ്രമായ റിപ്പോർട്ട് പൊതുജനങ്ങൾക്കുമുമ്പിൽ സമർപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വീണ്ടും വിഷയത്തിൽനിന്നും വഴിതെറ്റിപ്പോകുകയാണ്. ഇത്തരം അപകടങ്ങളുണ്ടാകാതിരിക്കാൻ ഭരണ-പ്രതിപക്ഷാംഗങ്ങൾക്ക് ഒറ്റക്കെട്ടായി എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതാണ് ആലോചിക്കേണ്ടത്. ഏതെങ്കിലും കമ്പനിയോടോ വ്യക്തിയോടോ പ്രത്യേക മമതയോ താല്പര്യമോ വിദ്വേഷമോ സർക്കാരിനില്ല. സോഷ്യൽ മീഡിയ പ്രതിപാദിക്കുന്നതും ചില പ്രതിപക്ഷ എം.എൽ.എ.മാർ അഭിപ്രായം പറയുന്നതും ഒരു കമ്പനിയെക്കുറിച്ചാണ്. അത് പറയാനുള്ള അവകാശം അവർക്കുണ്ട്. ഈ കമ്പനിയെ അക്രെഡിറ്റഡ് ഏജൻസിയാക്കി തീരുമാനിച്ചത് 7-8-2015-ലാണ്. അന്ന് കേരളം ഭരിച്ചിരുന്നത്

യു.ഡി.എഫ്. സർക്കാരാണെന്നത് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇവിടെ പ്രതിപക്ഷ ബഞ്ചിലിരിക്കുന്ന മുൻനിര നേതാക്കളുൾപ്പെടെ പലരും അവരുടെ നിയോജകമണ്ഡലങ്ങളിൽ ടെണ്ടറില്ലാതെ ഈ കമ്പനിക്കുതന്നെ പ്രവൃത്തികൾ നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിരവധി കത്തുകളുണ്ട്, ഞാനതിവിടെ ഹാജരാക്കാൻ ഉദ്ദേശിക്കുന്നില്ല. നല്ല നിലയിൽ പ്രവർത്തിക്കുന്ന ആ കമ്പനിയെ അംഗീകരിക്കണ്ടേ; അത് കമ്പനിയോടുള്ള വിശ്വാസ്യതയല്ലേ? നിരവധി പ്രോജക്ടുകൾ നല്ല രീതിയിൽ പൂർത്തിയാക്കിയ ഒരു കമ്പനിയെന്ന നിലയിലുള്ള വിശ്വാസ്യതയുടെ ഭാഗമായാണ് ഇത് ചെയ്യുന്നത്. അതിന് ആരെയും കുറ്റപ്പെടുത്താൻ സാധിക്കില്ല. എന്നാൽ എന്തുമാകാമെന്ന രീതി അനുവദിച്ചുകൊടുക്കുന്ന സർക്കാരല്ല ഇന്ന് കേരളം ഭരിക്കുന്നതെന്ന് തെളിയിച്ചിട്ടുമുണ്ട്. ബർമുഡയിട്ടാൽ ബർമുഡയാണെന്നുതന്നെ പറയും, അതിൽ തർക്കമില്ല. ബർമുഡ മാറ്റി പാന്റോ മറ്റോ ധരിക്കാൻ നോക്കുന്നതാണ് നല്ലത്.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതനുസരിച്ച് <u>ശ്രീ. എം. വിൻസെന്റ്</u>: സർ, 2018-ൽ തകർന്ന തിരുവനന്തപുരം-എയർപോർട്ട് റോഡിന്റെ അര കിലോമീറ്റർ പ്രവൃത്തി മൂന്നരവർഷമെടുത്താണ്

പൂർത്തീകരിക്കാൻ കഴിഞ്ഞത്. അങ്ങ് മന്ത്രിയായി ചുമതലയേറ്റയുടൻ "Accelerate PWD" പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പ്രവൃത്തി നടത്തിയത്. അതുസംബന്ധിച്ച് അങ്ങ് ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്തത് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും നിരന്തരമായി പരിശോധന നടത്തുകയും ചെയ്തുവെന്നും 2021 ഡിസംബർ 7-നും 24-നും തുടർച്ചയായി അവിടെ സന്ദർശിച്ചുവെന്നും 2022 മാർച്ച് 15-നകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് ഡിസംബർ 24-ലെ സന്ദർശനത്തിൽ തീരുമാനിച്ചതിനെത്തുടർന്ന് ഒരു വർക്കിംഗ് കലണ്ടർ തയ്യാറാക്കി ഓരോ ദിവസത്തെയും പ്രവൃത്തിയുടെ പുരോഗതി എല്ലാ ദിവസവും രാത്രി യോഗം ചേർന്ന് വിലയിരുത്തിയെന്നും അങ്ങനെ മാർച്ച് മാസം 15-ന് ഉദ്ഘാടനം ചെയ്തുവെന്നുമാണ്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ആ റോഡിൽ ഒരു മാസത്തിനുള്ളിൽ ഗർത്തത്തിന് സമാനമായ കുഴികൾ രൂപപ്പെടുകയും ഇടിഞ്ഞുതാഴുകയും ചെയ്തതായി പത്രങ്ങളിൽ വാർത്തകൾ വന്നത് അങ്ങയുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുസംബന്ധിച്ച് വളരെ വ്യക്തമായി നേരത്തെ മറുപടി പറഞ്ഞതാണ്. ശംഖുംമുഖം റോഡിന്റെ കാര്യത്തിൽ എങ്ങനെയാണ് ഇടപെട്ടതെന്ന് ഏറ്റവും നന്നായി അറിയാവുന്ന വ്യക്തിയാണ് ഇപ്പോൾ ഈ ചോദ്യം ഉന്നയിച്ചത്. വളരെ പോസിറ്റീവായ നിലപാടാണ് അക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ചില പ്രവൃത്തികളുടെ സാങ്കേതികവശം പരിശോധിക്കുമ്പോൾ മറ്റുചില കാര്യങ്ങൾകൂടി നോക്കേണ്ടിവരും. അവിടെ കടൽകയറിയതുമായും ടാറിംഗ് ചെയ്താൽ നിൽക്കാത്തതുമായ പ്രശ്നങ്ങളുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ എല്ലാം സമയബന്ധിതമായി ചെയ്യാനുള്ള കർശന നിലപാടാണ് സ്വീകരിച്ചത്. അന്ന് ആ പ്രവൃത്തി നടത്തുന്ന കമ്പനിക്കെതിരായി നിലപാട് സ്വീകരിച്ചുവെന്നതായിരുന്നു വാദം. ഇപ്പോൾ മറ്റൊരംഗം പറഞ്ഞത് ആ കമ്പനിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുവെന്നാണ്. ഏതെങ്കിലുമൊന്നിൽ ഉറച്ചുനിൽക്കാൻ പ്രതിപക്ഷാംഗങ്ങൾ തയ്യാറാകണം. നന്നായി പ്രവൃത്തി ചെയ്താൽ ഞങ്ങളത് അംഗീകരിക്കും, തെറ്റായ രീതിയിൽ പോയാൽ തെറ്റായ സമീപനം സ്വീകരിക്കും. നാല് വർഷമായിട്ടുള്ള ഈ

പ്രശ്നം പരിഹരിക്കാൻ യഥാസമയം ഇടപെടുന്ന രീതിയാണ് പൊതുവെ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, പാലം നിർമ്മാണവേളയിൽ പി.ഡബ്ല്യു.ഡി. മാന്വൽ വയലേഷനുണ്ടായിയെന്ന് ഉത്തരത്തിൽത്തന്നെ സമ്മതിക്കുന്നുണ്ട്. അതിന്റെ മുഴുവൻ ഉത്തരവാദിത്വവും ഹൈഡ്രോളിക് ജാക്കിയിൽമാത്രം കെട്ടിവച്ച് മറ്റുള്ളവരെ രക്ഷിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ടയർ മാറ്റുന്നതിനായി കാർ ഉയർത്താൻ ഉപയോഗിക്കുന്ന ഹൈഡ്രോളിക് ജാക്കിയല്ല പാലം നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. അങ്ങനെ ഓപ്പറേറ്റബിളല്ലാത്ത ഹൈഡ്രോളിക് ജാക്കി ഉപയോഗിച്ച് നിർമ്മാണം നടത്താൻ ശ്രമിച്ചവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; അതുപോലെ വിശദീകരണം ചോദിച്ചിട്ട് എത്ര മാസം കഴിഞ്ഞു; എന്ത് വിശദീകരണമാണ് ലഭിച്ചത്; വിശദീകരണം തൃപ്തികരമാണോ; അല്ലെങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഹൈഡ്രോളിക് ജാക്കിയുടെ പ്രശ്നമാണെന്ന രീതിയിൽ സോഷ്യൽ മീഡിയകളിലൂടെ പ്രചരണം നടത്തിയതുകൊണ്ടായിരിക്കാം സഭയ്ക്കുള്ളിലും അങ്ങനെ പറയുന്നത്.

എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എഞ്ചിനീയറും ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടില്ല. അതുകൊണ്ടാണ് അവരോട് വിശദീകരണം ചോദിച്ചത്. വിശദീകരണം ചോദിക്കണമെങ്കിൽ അന്വേഷണ റിപ്പോർട്ട് കയ്യിൽ കിട്ടണ്ടേ? റിപ്പോർട്ട് പരിശോധിച്ച് ഒരു നിമിഷംപോലും വൈകാതെയാണ് വിശദീകരണം ചോദിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കണം. മറുപടി കിട്ടുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. നിർമ്മാണ മേഖലയിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചാണ് ചർച്ച നടത്തുന്നത്. ബീം താങ്ങിനിർത്താൻ ശേഷിയുള്ള സംവിധാനം ഉറപ്പുവരുത്തണം. ഇവിടെയുള്ള ചെയിൻ ബ്ലോക്കുകൾക്ക് അത് താങ്ങാൻപറ്റാത്ത സ്ഥിതിയാണുള്ളത്. ഇക്കാര്യം എല്ലാ നിർമ്മാണപ്രവൃത്തികളിലും പരിശോധിക്കേണ്ടതാണ്. കോൺട്രാക്ട് എഗ്രിമെന്റ് 54 (2)(ഇ) പ്രകാരം പാലം നിർമ്മാണത്തിൽ ശക്തമായ സുരക്ഷാസംവിധാനം ഉറപ്പുവരുത്തണമെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മെറിറ്റുപ്രകാരമാണ് വകുപ്പ് കാര്യങ്ങൾ ചെയ്യുന്നത്. തൊഴിലാളികൾക്ക് നൈപുണ്യമുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അതിലെ മെറിറ്റും ഡീമെറിറ്റും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിലപാട്

സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, കുളിമാട് എന്ന സ്ഥലം എന്റെ നിയോജ മണ്ഡലത്തിലുൾപ്പെടുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പാലം നിർമ്മാണത്തിൽ യാതൊരു അപാകതയുമില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്, അതാണ് വസ്തുതയും. മേൽ സാഹചര്യത്തിൽ ഈ പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഏൽപ്പിക്കണമെന്ന് എം.എൽ.എ.-മാർ ഒന്നടങ്കം ആവശ്യപ്പെടുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പ്രചരണങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കുളിമാട് പാലത്തിന്റെ നിർമ്മാണം മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടത്തണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. നന്നായി പ്രവൃത്തി ചെയ്യുകയാണെങ്കിൽ എന്ത് കുപ്രചരണം നടത്തിയാലും ഏശില്ല. നന്നായി പ്രവൃത്തി നടത്തുന്നവരെ പ്രോത്സാഹിപ്പിക്കാനും അല്ലാത്തവർക്കെതിരെ

കർശന നിലപാടുമായി മുന്നോട്ടുപോകാനുമുള്ള സമീപനമാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട ചോദ്യത്തിനുള്ള മറുപടിയിൽ പി.ഡബ്ല്യു.ഡി. മാന്വലിനുവിരുദ്ധമായി മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തുവെന്നുള്ള രീതിയിലാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അങ്ങനെ കൊടുത്തുവെങ്കിൽ അത് തെറ്റാണ്. മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതിന്റെ പേരിൽ പാലം തകരുമോ; പാലം തകർന്നതിന് മന്ത്രി ഉത്തരവാദിയായത് എങ്ങനെയാണ്? കൂളിമാട് പാലം തകർന്നതിന് ഉത്തരവാദികളായവരെ കണ്ടെത്തുന്ന കാര്യത്തിൽ കാലതാമസമുണ്ടായെന്നുമാത്രമല്ല, അക്കാര്യത്തിൽ യാതൊരു തീരുമാനവുമുണ്ടായില്ലെന്നതാണ് വസ്തുത. പാലാരിവട്ടം പാലം തകർന്നതിനെത്തുടർന്ന് അതിന്റെ കരാറുകാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്തു. കൂളിമാട് പാലത്തിന്റെ കരാറുകാർക്ക് സംസ്ഥാനത്തെ ഏറ്റവും നല്ല സഹകരണ സ്ഥാപനത്തിനുള്ള അവാർഡും കൊടുത്തു. ഇതെന്ത് നീതിയാണ്? തെറ്റ് ആര് ചെയ്താലും അത് തിരുത്താൻ തയ്യാറാകണം,

അല്ലെങ്കിൽ അവരെ കുറ്റക്കാരായി പ്രഖ്യാപിക്കണം. എത്രയോ കോടി രൂപ മുടക്കി നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളാണ് ഇങ്ങനെ തകർന്നുവീഴുന്നത്. ഇപ്പോൾ ശംഖുംമുഖത്തും ഇങ്ങനെ സംഭവിച്ചു. പുതുക്കാട് ഒരു കെട്ടിടം തകർന്നുവീണു. ഇങ്ങനെ നിരവധി സംഭവങ്ങൾ സംസ്ഥാനത്തുണ്ടായിട്ടും ഏതെങ്കിലും കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിച്ച് മുന്നോട്ടുപോകാമെന്നത് പ്രതിപക്ഷമുൾപ്പെടെ അംഗീകരിച്ച കാര്യമാണ്. പരിപാലന കാലാവധി പരസ്യപ്പെടുത്തുന്ന ബോർഡ് പറവൂർ നിയോജകമണ്ഡലത്തിൽ സ്ഥാപിച്ചപ്പോൾ അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് അങ്ങാണെന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. നിർമ്മാണപ്രവർത്തനങ്ങളിൽ കൃത്യമായി ഇടപെട്ട് പരിപാലന കാലാവധിയിലുൾപ്പെടെ പോരായ്മകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാനും പോരായ്മകളുണ്ടായാൽ അതിന്റെ ഉത്തരവാദിത്വം പി.ഡബ്ല്യു.ഡി. മാന്വൽപ്രകാരം കരാറുകാർക്കായിരിക്കുമെന്നുള്ളതും നമ്മളെല്ലാം ചേർന്നെടുത്ത തീരുമാനമാണ്. അതിലൊന്നും സർക്കാരിന് വേറൊരു

താല്പര്യവുമില്ലെന്ന കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. പാലാരിവട്ടം പാലം നിർമ്മാണത്തിലെ വീഴ്ച സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തത് ശരിയാണെന്നുള്ള അഭിപ്രായം പ്രതിപക്ഷനേതാവിനുണ്ടോ? കരാർ തീരുമാനത്തിനുവിരുദ്ധമായി മന്ത്രി ഇടപെട്ടതിനെക്കുറിച്ചെല്ലാം പറയാൻ എന്നെ നിർബന്ധിക്കുന്നതെന്തിനാണെന്ന് ഇവിടെയുള്ള എല്ലാവർക്കും അറിയാവുന്നതാണ്. സിമന്റിന്റെയും കമ്പിയുടെയും കാര്യം ഞാൻ നേരത്തെ പറഞ്ഞിരുന്നു, ഇനി വിശദമായി പറയണമെങ്കിൽ പറയാം. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയാണ് ഇക്കാര്യത്തിൽ കൃത്യമായ നിലപാട് സ്വീകരിച്ചത്. പ്രതിപക്ഷനേതാവ് ഒരു പ്രത്യേക കരാർ കമ്പനിയെക്കുറിച്ച് പറഞ്ഞതെന്തിനാണെന്ന് എനിക്കറിയില്ല. അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ മുതിർന്ന നേതാക്കൾ ഇതേ കമ്പനിതന്നെ എന്റെ നിയോജകമണ്ഡലത്തിലെ പ്രവൃത്തിക്കും വേണമെന്നാവശ്യപ്പെട്ട് നൽകിയ കത്ത് സർക്കാരിന്റെ മുമ്പിലുണ്ട്. ഞാൻ ഒരാളുടെയും പേരുപറഞ്ഞ് വിവാദത്തിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. അതിൽ അവരെ ഞാൻ തെറ്റ് പറയുന്നില്ല. കാരണം, അത് ആ കമ്പനിയുടെ ക്രെഡിബിലിറ്റിയുമായി

ബന്ധപ്പെട്ട പ്രശ്നമാണ്. 2016 മേയ് മാസം പ്രതിപക്ഷനേതാവിന്റെ നിയോജകമണ്ഡലത്തിലെ സ്റ്റേഷൻകടവ് വലിയപഴമ്പിള്ളി തുരുത്തുപാലം നിർമ്മാണത്തിനിടെ ഗർഡർ തകർന്നുവീണ് ഒരാൾ മരിക്കാനിടയായ കാര്യം അദ്ദേഹം ഓർക്കുന്നുണ്ടാകും. അന്ന് യു.ഡി.എഫ്. സ്വീകരിച്ച സമീപനമെന്താണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതുണ്ടോ? ഇനിയുമുണ്ട് സംഭവങ്ങൾ. അതിന് തൊട്ടടുത്തുള്ള നിയോജകമണ്ഡലത്തിൽ ഒരു പാലം നിർമ്മാണത്തിനിടെ തകർന്നുവീണു. അന്ന് അവിടത്തെ എം.എൽ.എ. വിചാരിച്ചിരുന്നെങ്കിൽ ആ മന്ത്രിക്ക് രാജിവയ്ക്കാമായിരുന്നു. ആ എം.എൽ.എ.യുടെയും മന്ത്രിയുടെയും പേര് ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞെന്നും ആ മണ്ഡലത്തിന്റെ പേര് കളമശ്ശേരിയെന്നുമാണ്. നിങ്ങൾ പതിനായിരം തവണ പാലാരിവട്ടം പാലം ക്രമക്കേടും കൂളിമാട് പാലത്തിന്റെ വിഷയവും ഒന്നാണെന്ന് പറഞ്ഞാലും കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾ പറയുന്നത് ഇതുരണ്ടും രണ്ടാണെന്നാണ്. അത് ഒന്നാക്കാൻ ശ്രമിക്കരുത്, പാലാരിവട്ടത്തിന്റെ ഹാംഗോവർ മാറാത്തവരോ അല്ലെങ്കിൽ ആ സംഭവം വളരെ ബോധപൂർവ്വം ഓർമ്മപ്പെടുത്തി ചിലരെ കുത്താൻ ശ്രമിക്കുന്നവരോ ആണ് ഇത്തരം നിലപാട് സ്വീകരിക്കുന്നത്.

## വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സ്ത്രീ സുരക്ഷ

3 (*93) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി ഉമ തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) സംസ്ഥാനത്തെ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീകൾ കൂട്ടബലാൽസംഗമുൾപ്പെടെയുള്ള അതിക്രമങ്ങൾക്കിരയാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഇരുപത്തിനാല് മണിക്കൂറും വനിതാ പോലീസിന്റെ സാന്നിദ്ധ്യമുള്ള എയ്ഡ് പോസ്റ്റുകളും സി.സി.ടി.വി. ക്യാമറകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

പൊതുമരാമത്ത്- വിനോദ സഞ്ചാരവകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) വിനോദസഞ്ചാരികളായ സ്ത്രീകൾക്കെതിരെ കൂട്ടബലാത്സംഗംപോലുള്ള അതിക്രമങ്ങൾ ഈ സർക്കാരിന്റെ ഭരണകാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കേരളത്തിൽ ഇത്തരം സംഭവങ്ങൾ താരതമ്യേന കുറവാണ്. എങ്കിൽത്തന്നെയും വിനോദസഞ്ചാരികൾക്കുനേരെ അത്തരം അതിക്രമങ്ങളുണ്ടാകാതിരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾ പ്രത്യേക നിരീക്ഷണം നടത്തണമെന്ന് നിർദ്ദേശം നൽകുകയും പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ടൂറിസം പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്ത്രീസൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിനുമുമ്പ് നടത്തുന്നതിന് ഉത്തരവാദിത്വ ടൂറിസം മിഷൻ നടപടി സ്വീകരിച്ചുവരികയുമാണ്. ഒറ്റയ്ക്കും കൂട്ടമായും സ്ത്രീ സഞ്ചാരികളെത്തുന്ന

ട്രെൻഡ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ സുരക്ഷാ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ, പരിപാലനം എന്നിവയ്ക്കായി യുവജനങ്ങളെ നിയോഗിക്കുന്നതിന് യുവജന ക്ഷേമബോർഡിന്റെ സഹായത്തോടെയുള്ള ഒരു പദ്ധതി ആലോചനയിലാണ്. ടൂറിസം ക്ലബ്ബുകളെയും ഇത്തരം പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്.

(ബി) വിനോദ സഞ്ചാര മേഖലയിലെ കുട്ടികളുടെ സുരക്ഷ ഒരു പ്രധാന അജണ്ടയായി ഏറ്റെടുത്തിട്ടുള്ള സംസ്ഥാനമാണ് കേരളം. കുട്ടികൾക്കായുള്ള സുരക്ഷിതത്വത്തിനുവേണ്ടി 'സീറോ ടോളറൻസ് സോൺ' കാമ്പയിൻ ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളും ജീവഹാനിയും സംഭവിക്കാൻ സാദ്ധ്യതയുള്ളതിനാൽ പ്രത്യേക പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനമനുഷ്ഠിക്കുന്നുണ്ട്; ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

(സി) ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറാ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം, വേളി, കനകക്കുന്ന് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇത് സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികളും ഇതര വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഈ സർക്കാരിന്റെ ഭരണകാലത്ത് സ്ത്രീകൾക്കുനേരെ അതിക്രമങ്ങൾ നടന്നിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയായിരിക്കും. എന്നാൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2018 മേയ് 14-ാം തീയതി കോവളത്ത് ലാത്വിയൻ വിനോദസഞ്ചാരിയായ യുവതി ക്രൂരമായ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവം കേരളത്തിനുണ്ടാക്കിയ അവമതിപ്പ് ചെറുതല്ല. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും Tourism Regulatory Authority of Kerala

രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനമെന്താണ്; ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഞാനിവിടെ പറയാത്ത കാര്യമാണ് അങ്ങ് പറഞ്ഞത്. അതിക്രമങ്ങൾ തീരെ നടന്നിട്ടില്ലെന്ന് ഞാനെവിടെയും പറഞ്ഞിട്ടില്ല. സംസ്ഥാനത്തെ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീകൾ കൂട്ടബലാത്സംഗം ഉൾപ്പെടെയുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നായിരുന്നു ചോദിച്ചത്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ എല്ലാ ദിവസവും കൂട്ടബലാത്സംഗങ്ങൾ നടക്കുകയാണെന്നല്ലേ ആ ചോദ്യം കേട്ടാൽ തോന്നുകയുള്ളൂ. ഇത് വാർത്തയായാൽ ആരെങ്കിലും കേരളത്തിലേയ്ക്ക് വരുമോ? ടൂറിസം കേന്ദ്രങ്ങളിൽ മാത്രമല്ല, ഇന്ത്യയിലെ പൊതുവെയുള്ള കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ കുറവാണെന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട അംഗം എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് എനിക്കറിയില്ല. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീസുരക്ഷയ്ക്കാവശ്യമായ സംവിധാനമൊരുക്കാനുള്ള

ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സ്ത്രീകൾ ഒറ്റയ്ക്കോ സുഹൃത്തുക്കൾക്കൊപ്പമോ യാത്ര ചെയ്യുന്ന 'The girl friend get away' എന്നതാണ് പാശ്ചാത്യ രാജ്യങ്ങളിലെ പുതിയ ടൂറിസം ട്രെൻഡ്. ഈ മേഖലയിൽ ആഗോളതലത്തിൽ ഏതാണ്ട് 200 മില്യൺ ഡോളറിന്റെ വിനിമയം നടക്കുന്നതായിട്ടാണ് വിവരം. ഇതുമായി ബന്ധപ്പെട്ട് കേരള ടൂറിസം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രസക്തമായൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. സ്ത്രീകൾ ഒറ്റയ്ക്കും കൂട്ടമായും യാത്ര ചെയ്യുന്ന ട്രെൻഡ് വരുന്നുണ്ട്. ഇതൊരു റിവഞ്ച് ടൂറിസത്തിന്റെ കാലമാണ്. വീട്ടിലിരുന്നിരുന്ന് അവസാനം 'ഇത്രയുംകാലം തടഞ്ഞുവച്ചു, ഇനി ഞാൻ സഞ്ചരിക്കും' എന്നൊരു പ്രതികാര മനോഭാവത്തോടെ യാത്ര ചെയ്യാനുള്ള പ്രവണത സ്ത്രീകൾക്കിടയിൽ ഉണ്ടാകുകയാണ്. പൊതുവെ ഇത് എല്ലാ മേഖലയിലും കാണുന്നുണ്ട്. സ്ത്രീകൾ കൂട്ടമായിട്ടാണ് പോകുന്നത്. ഇത് ഫലപ്രദമായി

ഉപയോഗപ്പെടുത്താനുള്ള നിലപാടാണ് ടൂറിസം വകുപ്പ് സ്വീകരിച്ചിരിക്കുന്നത്. ഇത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കാനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ പ്രചരണാർത്ഥം ചില നിയോജകമണ്ഡലങ്ങളിൽ പ്രത്യേക ബൈക്ക് യാത്രകൾ സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുവെ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധാപൂർവ്വമുള്ള ഇടപെടലാണ് ടൂറിസം വകുപ്പും സർക്കാരും നടത്തുന്നത്. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ സർവ്വകാല റിക്കാർഡ് സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന കാര്യം സഭയെ അറിയിക്കുകയാണ്. ഐ.ടി. മേഖലയിലുള്ളവരാണ് ഇത്തരത്തിൽ യാത്ര ചെയ്യാനുള്ള പ്രവണത കാണിക്കുന്നത്. ഇന്ത്യയിലെ പ്രധാനപ്പെട്ട ഐ.ടി. ഹബ്ബായ ബാംഗ്ലൂരിൽ വയനാട് ടൂറിസത്തെ സംബന്ധിച്ച് മാർക്കറ്റിംഗ് നടത്തുകയും അവിടത്തെ എഫ്.എം. റേഡിയോ, ന്യൂസ് പേപ്പർ, സിനിമാ തിയേറ്ററുകൾ എന്നിവയിലെല്ലാം പരസ്യങ്ങൾ നൽകുകയും ചെയ്തതിന്റെഫലമായി ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം യുവതികൾ കൂട്ടമായി വയനാട്ടിലെത്തുകയുണ്ടായി. ബാംഗ്ലൂരിൽനിന്നും തിരുവനന്തപുരത്ത് എത്തുന്നതിനേക്കാൾ വേഗത്തിൽ വയനാട് ജില്ലയിലെത്താൻ

കഴിയുമെന്നതാണ് പ്രത്യേകത. 2022 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കണക്കുപ്രകാരം ചരിത്രത്തിലാദ്യമായി വയനാട് ജില്ലയിലെ ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിരിക്കുകയാണ്. അതിന് കാമ്പയിനുകൾ സഹായകമായിട്ടുണ്ട്.

ശ്രീമതി ഉമ തോമസ്: സർ, സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലഹരി മരുന്നുകളുടെ ഉപയോഗം ഒരു പ്രധാന പ്രശ്നമായി മാറിയിരിക്കുകയാണ്. അംഗീകാരമില്ലാത്ത ഹോംസ്റ്റേകളും പഞ്ചകർമ്മ സെന്ററുകളും ഗൈഡുകളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന സാമൂഹ്യ വിരുദ്ധരും ഇതിന് കാരണമാകുന്നുണ്ട്. അതുകൊണ്ട് മയക്കമരുന്ന് വിതരണവും ഉപയോഗവും തടയുന്നതിനും സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനുമായി വിനോദസഞ്ചാര മേഖലകളിൽ പോലീസിനോടൊപ്പം എക്സൈസ് ഉദ്യോഗസ്ഥരെയും വനിതാ സുരക്ഷാ ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ കുറവുണ്ടായിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞത് ശരിയാണെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകുന്നതും അപലപനീയമാണെന്നത് പ്രത്യേകം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ഒരു മൊബൈൽ ആപ്ലിക്കേഷനിലൂടെ ഇതിനെതിരെ നടപടിയെടുക്കാൻ കഴിയുമോ എന്നാണ് അറിയേണ്ടത്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് ശരിയാണ്, അത്തരത്തിലൊരു സംഭവവും ഉണ്ടാകാൻ പാടില്ല. അതിനായി നമ്മളെല്ലാവരും കൈകോർക്കേണ്ടതാണ്. മയക്കുമരുന്ന് തുടങ്ങിയ അരാജകത്വ പ്രവണതകൾ കേരളത്തിൽ പൊതുവെ കുറവാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെടുത്ത് പരിശോധിച്ചാൽ കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറവാണെങ്കിലും അത് പൂർണ്ണമായും ഇല്ലാതാക്കാനുള്ള ശ്രമമാണ് ടൂറിസം വകുപ്പ് മറ്റ് വകുപ്പുകളുടെ സഹായത്തോടെ നടത്തുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പരിപാലനം, സുരക്ഷ, മാർക്കറ്റിംഗ് തുടങ്ങിയവയ്ക്കായി യുവജനങ്ങളെ കൊണ്ടുവരാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. അതുസംബന്ധിച്ച് മുഖ്യമന്ത്രി, ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി എന്നിവരുമായി ചർച്ച നടത്തുകയും ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കലാലയങ്ങളിലെ ടൂറിസം ക്ലബ്ബുകളെ സജീവമാക്കാനാണ്

തീരുമാനിച്ചിരിക്കുന്നത്. ഓരോ കാമ്പസുകൾക്കും ഒരു പ്രത്യേക ഡെസ്റ്റിനേഷന്റെ ചുമതല കൊടുത്തുകൊണ്ട് അത് കൃത്യമായി മാർക്ക് ചെയ്ത് ഇടപെടുന്ന വിധത്തിൽ മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇത്തരം തെറ്റായ പ്രവണതകൾ ഇല്ലാതാക്കുന്നതിന് നമുക്ക് ഒരുമിച്ച് നിലകൊള്ളാവുന്നതാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വിനോദസഞ്ചാര മേഖലകളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും സേവനങ്ങളുടെ ഗുണമേന്മയും സഞ്ചാരികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ/സ്വകാര്യ ഏജൻസികളുടെ ഫലപ്രദമായ ഏകോപനത്തിനും പദ്ധതി തയ്യാറാക്കുമോ; അതോടൊപ്പം വിനോദസഞ്ചാര മേഖലകളിൽ അപകടങ്ങളും മരണവും വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ജനങ്ങളെ ടൂറിസവുമായി കൂടുതൽ അടുപ്പിക്കുകയെന്നതാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിനുള്ള ഉത്തരം. ജനങ്ങൾ ടൂറിസത്തിൽനിന്നും അകന്നുപോകേണ്ടവരല്ല. ടൂറിസം

വികസിക്കുമ്പോൾ സാധാരണക്കാരുൾപ്പെടെയുള്ളവരുടെ ദൈനംദിന ജീവിതത്തിലും മാറ്റമുണ്ടാകും. അതുകൊണ്ടാണ് ലോകത്തിനുതന്നെ മാതൃകയായ ഉത്തരവാദിത്വ ടൂറിസം ഫലപ്രദമായി നടപ്പിലാക്കുന്നത്. ഈ ടൂറിസം മിഷന് യു.കെ.-യിൽ നിന്ന് അവാർഡ് ലഭിച്ച കാര്യംകൂടി അറിയിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റ് കാര്യങ്ങളെല്ലാം പരിശോധിച്ച് എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിക്കുന്നതാണ്. തന്റെ പ്രദേശത്ത് ടൂറിസം വികസിച്ചാൽ തന്റെ ജീവിതത്തിലുൾപ്പെടെ മാറ്റങ്ങളുണ്ടാകുമെന്നതു സംബന്ധിച്ച് ഓരോ പൗരനും തിരിച്ചറിവുണ്ടാകുകയും ആ പ്രദേശത്ത് ശുചിത്വം ഉറപ്പാക്കുന്നതിനും തെറ്റായ പ്രവണതകൾ ഇല്ലാതാക്കാനുംവേണ്ടി ഓരോരുത്തരും സ്വയം ഇടപെടുകയും ചെയ്യുന്നൊരു രീതി ആവിഷ്കരിക്കാനാകണം. തന്റെ പ്രദേശത്തെ ടൂറിസം വികസിപ്പിക്കാനുള്ള ബ്രാൻഡ് അംബാസിഡറായി ഓരോ പൗരനെയും മാറ്റിത്തീർക്കാനുള്ള ജനകീയ ടൂറിസമാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, വിനോദസഞ്ചാര കേന്ദ്രങ്ങൾ സാധാരണ നിലയിലായിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർ ഡാമിൽ ടൂറിസ്റ്റ്

പോലീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തെങ്കിലും ആവശ്യമായ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടില്ല. ആഭ്യന്തര വകുപ്പുമായി ചേർന്ന് പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മറ്റ് വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് പരിശോധിച്ച് മാത്രമേ മറുപടി പറയാൻ കഴിയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിലെ കായലുകളിൽ രണ്ടായിരത്തിലധികം ഹൗസ് ബോട്ടുകളുണ്ട്. കായലുകളിലെ ജലം മലിനമാകുന്നതിനുള്ള പ്രധാനപ്പെട്ടൊരു ഘടകം ഹൗസ് ബോട്ടുകളാണ്. ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

മി. സ്പീക്കർ: ഓർഡർ.....ഓർഡർ....ചോദ്യോത്തര സമയം അവസാനിച്ചിരിക്കുന്നു. പ്രസ്തുത ചോദ്യത്തിനുള്ള ഉത്തരം ബഹുമാനപ്പെട്ട അംഗത്തിന് രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## പൊതുവിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുന്ന നടപടി

4(*94) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന് സജീവമായ കർമ്മപദ്ധതിയാണ് ആവിഷ്കരിച്ചുവരുന്നത്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, ജൈവവൈവിദ്ധ്യ ഉദ്യാനം, ബട്ടർഫ്ലൈ പാർക്ക് ഉൾപ്പെടെയുള്ള സ്കൂൾ കാമ്പസ്സ് നവീകരണം, ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഭൗതികതലത്തിലും മുഴുവൻ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തൽ, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സൗഹൃദമായ അക്കാദമിക ഭൗതിക സാഹചര്യം ഉറപ്പാക്കൽ, അദ്ധ്യാപക

ശാക്തീകരണം, വിവിധ പഠനപോഷണ പരിപാടികൾ എന്നിവ അക്കാദമിക തലത്തിലും നടപ്പിലാക്കിവരുന്നു.

(ബി) പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷ പരിജ്ഞാനത്തിന് പ്രത്യേകം പ്രാധാന്യം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മക നടപടി സ്വീകരിക്കുന്നതാണ്. അതിനായി സംസ്ഥാനത്ത് ഇംഗ്ലീഷ് അദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനും പഠനപോഷണ പരിപാടികൾ നടപ്പിലാക്കുന്നതിനും വേണ്ടി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ പ്രവർത്തനം വ്യാപിപ്പിക്കും. പ്രൈമറി അദ്ധ്യാപകർക്കായി ഇ-ക്യൂബ് എന്ന പേരിൽ ഇംഗ്ലീഷ് ഭാഷ പരിപോഷണത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഡയറ്റുകളിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ് പുന:സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയാണ് ലക്ഷ്യം. സ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്താനായി റസിഡൻഷ്യൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ഇതിലൂടെ കുട്ടികളെ ഇംഗ്ലീഷ് ഭാഷ

അനായാസം സംസാരിക്കാൻ പ്രാപ്തരാക്കും. ഇതിനുപുറമേ ബഹു മാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഇംഗ്ലീഷിൽ മാത്രമായി അദ്ധ്യാപകരില്ലാത്ത ഹൈസ്കൂളുകളിൽ, KER-ൽ അനുശാസിക്കുംവിധം HSA (ഇംഗ്ലീഷ്) തസ്തിക അനുവദിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പൊതുവിദ്യാലയങ്ങളിലെ ശുചിമുറികൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ, ലാബുകൾ എന്നിവ ഉന്നതനിലവാരത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സ്വീകരിച്ചുവരുന്നു.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

5(*95) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എച്ച്. സലാം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറച്ച് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതരത്തിൽ ബോർഡുകളുടെ

പ്രവർത്തനം പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിവിധ ക്ഷേമനിധി ബോർഡുകളിൽനിന്നുള്ള ആനുകൂല്യം ലഭ്യമാക്കുന്നതിലുണ്ടായിരുന്നതായി പറയപ്പെടുന്ന കാലതാമസം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 2022 ജൂൺ മാസം വരെയുള്ള ക്ഷേമനിധി പെൻഷൻ അനുവദിച്ചിട്ടുണ്ട്. ആനുകൂല്യങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കിയും ആനുകൂല്യവിതരണം D.B.T. (Direct Benefit Transfer) മുഖേനയാക്കിയും കാലതാമസമില്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) എല്ലാ ക്ഷേമനിധി ബോർഡുകൾക്കും പൊതുവായ സോഫ്റ്റ്‌വെയർ രൂപീകരിച്ച് അംശദായം ഓൺലൈനായി അടയ്ക്കുന്നതിനും ദ്വയാംഗത്വവും വ്യാജ അംഗത്വവും ഒഴിവാക്കുന്നതിനും സാധിച്ചിട്ടുണ്ടോ?

അംശദായം ഓൺലൈനായി അടയ്ക്കുന്നതിനും ദ്വയാംഗത്വം തടയുന്നതിനും എല്ലാ ക്ഷേമനിധി ബോർഡുകൾക്കും പൊതുവായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ്‌വെയർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ട്. നിലവിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്നതിനും ദ്വയാംഗത്വം തടയുന്നതിനും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ സാധിക്കുന്നതാണ്.

(സി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെകൂടി നേതൃത്വത്തിൽ ഓൺലൈൻ ഓട്ടോ, ടാക്സി സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡും കേന്ദ്രസർക്കാർ സ്ഥാപനമായ ഐ.ടി.ഐ. ലിമിറ്റഡ് പാലക്കാടുമായി ചേർന്ന് 'കേരള സവാരി' എന്ന പേരിൽ ഓൺലൈൻ ടാക്സി/ ഓട്ടോ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഡ്രൈവർമാർക്കുള്ള ഒന്നാംഘട്ട പരിശീലനം 04.06.2022-ന് നടന്നു. രണ്ടാംഘട്ട പരിശീലനം 15.07.2022-ന് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരപരിധിയിൽ കേരള സവാരിയുടെ പൈലറ്റ് പ്രോജക്ട്

നടപ്പാക്കുന്നതിനും ആയതിന്റെ ഉദ്ഘാടനം ജൂലൈ മാസത്തിൽ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽപദ്ധതിയുടെ പൈലറ്റ് പ്രോജക്ടിൽ 100 വാഹനങ്ങളാണ് ആദ്യഘട്ടത്തിലുൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 75 ഓട്ടോറിക്ഷകളും 25 ടാക്സി വാഹനങ്ങളും ഉൾപ്പെടും. പൈലറ്റ് പദ്ധതി നടത്തിപ്പ് വിലയിരുത്തിയതിനുശേഷം സംസ്ഥാനമൊട്ടാകെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

## റീസർവ്വേ പൂർത്തിയാക്കാൻ നടപടി

6(*96) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) 1966-ൽ തുടങ്ങിയ റീസർവ്വേ ഇതുവരെ എത്ര വില്ലേജുകളിൽ പൂർത്തിയാക്കാനായിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 918 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കിയിട്ടുള്ളതും 21 വില്ലേജുകളിൽ റീസർവ്വേ നടപടി പുരോഗതിയിലുമാണ്.

(ബി) നാലുവർഷത്തിനുള്ളിൽ എല്ലാ വില്ലേജുകളിലും റീസർവ്വേ പൂർത്തിയാക്കാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിക്ക് പ്രാരംഭം കുറിക്കാനായിട്ടുണ്ടോ; അതിനായി ഉപയോഗിക്കുന്ന സാങ്കേതികവിദ്യയും മറ്റിന ചെലവും അറിയിക്കാമോ?

നാലുവർഷത്തിനുള്ളിൽ എല്ലാ വില്ലേജുകളിലും റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നിയമസഭാ സാമാജികരെയും എല്ലാ ജില്ലകളിലെയും തദ്ദേശസ്വയംഭരണ പ്രതിനിധികളേയും ഉൾപ്പെടുത്തി ബോധവൽക്കരണ ശിൽപ്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതിക്കുവേണ്ടി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ഭൂവുടമസ്ഥരുടെ വിവരങ്ങൾ (ReLIS ഡാറ്റ) പരിശോധിച്ച് ഉറപ്പാക്കുന്ന ജോലികൾ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കിയിട്ടുള്ളതും ടി വില്ലേജുകളുടെ ലഭ്യമായ എല്ലാ മുൻസർവ്വേ റിക്കാർഡുകളും സ്കാൻ ചെയ്ത് ഡിജിറ്റലാക്കുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവ്വേ പദ്ധതിക്കാവശ്യമായ സർവ്വേ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ

പുരോഗമിച്ചുവരുന്നുണ്ട്. ആയത് പൂർത്തിയാക്കി പദ്ധതിയുടെ ഭാഗമായുള്ള ഫീൽഡ് സർവ്വേ താമസം കൂടാതെ ആരംഭിക്കുന്നതാണ്.

Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK-Rover), Robotic Electronic Total Station (R-ETS) തുടങ്ങിയ നൂതന സർവ്വേ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൽ സർവ്വേ നടപടി ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് ആവശ്യമായ 28 COR സ്റ്റേഷനുകളിൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ 14 സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതും ശേഷിക്കുന്ന 14 സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവ്വേ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നതുമാണ്. സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ നാലുവർഷത്തിനകം പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെ 807.98 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നാലുഘട്ടങ്ങളായി നടക്കുന്ന ഡിജിറ്റൽ റീസർവ്വേയുടെ ആദ്യഘട്ടത്തിന് 339.438 കോടി രൂപ Rebuild Kerala lnitiative- ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതോടെ ഭൂരേഖകളെല്ലാം ഡിജിറ്റലായി പരിപാലിക്കാനും ഏകീകൃത പോർട്ടലിൽ ലഭ്യമാക്കാനും ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതോടെ ഭൂരേഖകളെല്ലാം ഡിജിറ്റലായി പരിപാലിക്കാനും ഏകീകൃത പോർട്ടലിൽ ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു. ഇതിലേക്ക് "എന്റെ ഭൂമി" എന്ന പേരിൽ സമഗ്രമായ ഒരു സോഫ്റ്റ്‌വെയർ സംവിധാനം NIC മുഖേന തയ്യാറാക്കിവരുന്നു.

## കൂളിമാട് പാലം തകർന്ന സംഭവം

7(*97) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കെ തകർന്ന കൂളിമാട് പാലത്തിന്റെ ബീമുകൾ സ്ഥാപിക്കുമ്പോൾ പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ

സ്ഥലത്തുണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ നിർമ്മാണച്ചുമതലയുള്ള കോഴിക്കോട് KRFB-PMU-ന്റെ സൈറ്റ് സൂപ്പർവൈസർ സ്ഥലത്തുണ്ടായിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സംഭവ സമയത്തുണ്ടായിരുന്നില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുൻകൂർ അനുമതിയോടെ ആകസ്മികാവധിയിലായിരുന്നു.

(ബി) ബീമുകൾ സ്ഥാപിക്കുമ്പോൾ പദ്ധതിയുടെ ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അസിസ്റ്റന്റ് എഞ്ചിനീയറോ സ്ഥലത്തുണ്ടാകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ?

പ്രധാനപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന സമയത്ത് ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സൈറ്റിലുണ്ടാകണമെന്നും അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ സൂക്ഷ്മമായി നിരീക്ഷിക്കണമെന്നും പി.ഡബ്ല്യു.ഡി. മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) കരാറുകാരായ ഏജൻസിയുടെ ജീവനക്കാർ മാത്രമാണ് ബീമുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സുപ്രധാന ജോലികൾ നടക്കുമ്പോൾ

സ്ഥലത്ത് ഉണ്ടായിരുന്നുള്ളൂവെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഡി) പാലത്തിന്റെ സുപ്രധാന പ്രവൃത്തി നടക്കുമ്പോൾ ഉത്തരവാദപ്പെട്ട പൊതുമരാമത്ത് ഉദ്യോഗസ്ഥർ സ്ഥലത്തില്ലാത്തത് വീഴ്ചയായി കണക്കാക്കി ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

(സി & ഡി) കരാർ കമ്പനിയുടെ ജീവനക്കാരെ കൂടാതെ KRFB-PMU-ന്റെ സൈറ്റ് സൂപ്പർവൈസർ സ്ഥലത്തുണ്ടായിരുന്നു. സുപ്രധാന ജോലികൾ നടക്കുമ്പോൾ നിർമ്മാണച്ചുമതലയുള്ള മറ്റ് ഉദ്യോഗസ്ഥർ സ്ഥലത്തില്ലാത്തത് ഗൗരവമായിത്തന്നെ കാണുന്നുണ്ട്. പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നൊരു പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് അവധി അനുവദിക്കുമ്പോൾ പകരം ക്രമീകരണം ഏർപ്പെടുത്താത്തതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറോടും പൂർണ്ണമായ മേൽനോട്ടത്തിൽ വീഴ്ച വരുത്തിയതിന് അസിസ്റ്റന്റ് എഞ്ചിനീയറോടും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

## ദേശീയപാത 66-ന്റെ സമഗ്ര വികസനം

8(*98) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. എ. എൻ. ഷംസീർ</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ സമഗ്ര വികസനത്തിലെ പുരോഗതി അറിയിക്കാമോ?

ദേശീയപാത 66- വികസനത്തിലെ 2 റീച്ചുകൾ പൂർത്തിയായിട്ടുണ്ട്. 15 റീച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നു. 6 റീച്ചുകളിൽ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്. അരൂർ-തുറവൂർ എലിവേറ്റഡ് ഹൈവേ ഡി.പി.ആർ. തയ്യാറാക്കുന്നത് പുരോഗമിക്കുന്നു. ഓരോ റീച്ചിന്റേയും നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ദേശീയപാത 66-ന്റെ വികസനത്തിനായി ആകെ എത്ര സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും അതിൽ എത്ര സ്ഥലം ഇതിനോടകം ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

ദേശീയപാത 66-ന്റെ വികസനത്തിനായി ഏറ്റെടുക്കേണ്ട 1079.06 ഹെക്ടർ ഭൂമിയിൽ 1062.96 ഹെക്ടർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) തലപ്പാടി മുതൽ കാരോട് വരെ എത്ര റീച്ചായിട്ടാണ് നിർമ്മാണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുന്നതെന്നും എല്ലാ റീച്ചുകളിലും പ്രവൃത്തി കരാറായിട്ടുണ്ടോയെന്നും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ദേശീയപാത 66-ലെ തലപ്പാടി മുതൽ കാരോട് വരെയുള്ള 24 റീച്ചുകളിൽ 2 റീച്ചുകൾ പൂർത്തിയായിട്ടുണ്ട്. 15 റീച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നു. 6 റീച്ചുകളിൽ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്. അരൂർ-തുറവൂർ റീച്ചിന്റെ ഡി.പി.ആർ. പുരോഗമിക്കുന്നു. ഓരോ റീച്ചിന്റെയും നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## തോട്ടം തൊഴിലാളികളുടെ ക്ഷേമം

9(*99) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1951 -ലെ പ്ലാന്റേഷൻസ് നിയമം, 1959 -ലെ പ്ലാന്റേഷൻസ് ലേബർ ചട്ടം എന്നിവ അനുശാസിക്കുന്ന എല്ലാ ക്ഷേമപ്രവർത്തനങ്ങളും തോട്ടം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. 2013-ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതിപ്രകാരം മരണമടയുന്ന തോട്ടം തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം നൽകിവരുന്നുണ്ട്. ഭവനരഹിതരായ തോട്ടം തൊഴിലാളികളെ കണ്ടെത്തി ലൈഫ് ലിസ്റ്റിലുൾപ്പെടുത്തി വീട് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഭവനം ഫൗണ്ടേഷൻ ഓഫ് കേരളയുടെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ആർ.പി.എൽ.-ലെ തോട്ടം തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കുളത്തൂപ്പുഴ എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലം വിട്ടുനൽകുകയും 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണപ്രവർത്തനമാരംഭിച്ചതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുള്ളതുമാണ്. സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സമാശ്വാസ

പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചുവരുന്ന പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകൾ, പഠനോപകരണങ്ങളുടെ വിതരണം, ചികിത്സാ ധനസഹായം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് എക്സ്ഗ്രേഷ്യ വിതരണത്തിനുപുറമെ 2017 മുതൽ സൗജന്യ ഓണക്കിറ്റും നൽകിവരുന്നു. കോവിഡ് 19-മായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ കാലയളവിൽ കേരളത്തിൽ തുറന്നുപ്രവർത്തിക്കുന്നതും പൂട്ടിക്കിടക്കുന്നതുമായ എല്ലാ തോട്ടങ്ങളിലെയും തൊഴിലാളികൾക്കും ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികൾക്കും 1,000/- രൂപ വീതം ധനസഹായം നൽകുകയുണ്ടായി. എസ്റ്റേറ്റുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്.

(ബി) തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ?

പ്ലാന്റേഷൻ പോളിസിയുടെ അടിസ്ഥാനത്തിൽ തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 58-ൽ നിന്നും 60 ആക്കി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ തൊഴിലുടമകളുടെ സംഘടനയായ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (എ.പി.കെ.) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിൽ അന്തിമ വിധിയായിട്ടില്ല. 18.05.2022-ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 58-ൽ നിന്നും 60 ആക്കി വർദ്ധിപ്പിച്ചത് അംഗീകരിക്കാനും ഇതിന് 1.04.2022 മുതൽ പ്രാബല്യം നൽകുന്നതിനും തീരുമാനിച്ചു.

(സി) നിർജ്ജീവാവസ്ഥയിലുള്ള തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമപദ്ധതി ആനുകൂല്യങ്ങളും പെൻഷനും നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചുവരുന്ന പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടിക്കിടക്കുന്ന

തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകൾ, പഠനോപകരണങ്ങളുടെ വിതരണം, ചികിത്സാ ധനസഹായം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് എക്സ്ഗ്രേഷ്യ വിതരണത്തിനുപുറമെ 2017 മുതൽ സൗജന്യ ഓണക്കിറ്റും നൽകിവരുന്നു. കോവിഡ് 19-മായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ കാലയളവിൽ കേരളത്തിൽ തുറന്നുപ്രവർത്തിക്കുന്നതും പൂട്ടിക്കിടക്കുന്നതുമായ എല്ലാ തോട്ടങ്ങളിലെയും തൊഴിലാളികൾക്കും ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികൾക്കും 1,000/- രൂപ വീതം ധനസഹായം നൽകുകയുണ്ടായി.

(ഡി) ഉല്പാദനം നിർത്തിവച്ച തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിക്കുന്നതിന് തൊഴിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ 1953-ലെ Tea Act-ലെ വ്യവസ്ഥകൾ പ്രകാരം തുറന്നുപ്രവർത്തിപ്പിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുകയെന്നത് പ്ലാന്റേഷൻ പോളിസിയിലുൾപ്പെടുത്തിയ

വിഷയമാണ്. പ്ലാന്റേഷൻ ഒരു വ്യവസായമായി തത്വത്തിൽ അംഗീകരിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടത് പുതുതായി രൂപീകരിക്കുന്ന പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ചുമതലയാണ്. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള തുടർനടപടി വ്യവസായ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

## കൂളിമാട് പാലം തകർന്ന സംഭവം

10(*100) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കൂളിമാട് പാലത്തിന്റെ നിർമ്മാണഘട്ടത്തിൽ മൂന്ന് ബീമുകൾ തകർന്ന സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ?

നടത്തിയിരുന്നു.

(ബി) പാലത്തിന്റെ ബീം സ്ഥാപിക്കുന്ന അവസരത്തിൽ പദ്ധതിയുടെ

മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടായിരുന്നോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ബീമുകൾ സ്ഥാപിക്കുന്ന അവസരത്തിൽ കരാർ കമ്പനിയുടെ ജീവനക്കാരെ കൂടാതെ KRFB-PMU-ന്റെ സൈറ്റ് സൂപ്പർവൈസർ സ്ഥലത്തുണ്ടായിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റിൽ വന്നശേഷം അടുത്തുള്ള മറ്റൊരു സൈറ്റിലേയ്ക്ക് പോയിരുന്നുവെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുൻകൂർ അനുമതിയോടെ ആകസ്മിക അവധിയിലായിരുന്നുവെന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

(സി) ഹൈഡ്രോളിക് ജാക്കിയുടെ സാങ്കേതിക തകരാറാണ് പാലം തകരാൻ കാരണമെന്ന കരാറുകാരുടെ വാദം അംഗീകരിച്ചിട്ടുണ്ടോ?

സംഭവം നടന്നയുടനെ ആരുടെയെങ്കിലും വാദം സ്വീകരിക്കുകയോ തള്ളുകയോ അല്ല വകുപ്പ് ചെയ്തത്. ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിന് പി.ഡബ്ല്യു.ഡി. വിജിലൻസിനെ ചുമതലപ്പെടുത്തുകയായിരുന്നു. പി.ഡബ്ല്യു.ഡി. വിജിലൻസിന്റെ ആവശ്യാർത്ഥം കോഴിക്കോട് NIT-യിൽ നടത്തിയ പരിശോധനയിൽ

ഹൈഡ്രോളിക് ജാക്കിയിൽ കണ്ടെത്തിയ തകരാറും ദൃക്സാക്ഷികളുടെ മൊഴിയും ബീം മറിഞ്ഞുവീണ രീതിയും വിശകലനം ചെയ്തതിൽനിന്നും ജാക്കിയുടെ പ്രവർത്തനത്തിലുണ്ടായ അപാകത അപകടത്തിന് കാരണമായി എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് ആവശ്യമായ ശാസ്ത്രീയ-സാങ്കേതിക പരിശോധനകളുടെയും ദൃക്സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിലാണ് കണ്ടെത്തിയതെന്ന് റിപ്പോർട്ടിൽ പറയുന്നു.

(ഡി) പ്രസ്തുത പാലം പണിയുടെ അപാകതയും അഴിമതിയും അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ?

ശാസ്ത്രീയവും സാങ്കേതികവുമായി പൊതുമരാമത്ത് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ പാലം പണിയിൽ മറ്റ് അപാകതകളോ അഴിമതിയോ കണ്ടെത്തിയിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ ഒന്നാംഘട്ട, രണ്ടാംഘട്ട ഗുണനിലവാര പരിശോധനാഫലങ്ങളും അപകടത്തിനുശേഷം ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാഫലവും പ്രവൃത്തിക്കാവശ്യമായ ഗുണനിലവാരമുണ്ടെന്ന് കാണിക്കുന്നുവെന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നുണ്ട്.

**വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം**

11(*101) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) രണ്ടുവർഷം നിശ്ചലമായിരുന്ന വിനോദസഞ്ചാര വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനം വിശദമാക്കുമോ?

2021 മേയ് 20-ന് അധികാരമേറ്റെടുക്കുമ്പോൾ കോവിഡിനെത്തുടർന്ന് പ്രതിസന്ധിയിലായിരുന്നു വിനോദസഞ്ചാര മേഖല. ഇതിനെ അതിജീവിച്ച് ഒരുവർഷത്തിനുള്ളിൽ ടൂറിസം രംഗത്തെ തിരിച്ചെത്തിക്കാൻ സർക്കാരിന് കഴിഞ്ഞു. വ്യത്യസ്ത പദ്ധതികളിലൂടെ ടൂറിസം മേഖലയിലും വിനോദസഞ്ചാരികളിലും ആത്മവിശ്വാസം വളർത്താൻ കഴിഞ്ഞതാണ് തിരിച്ചുവരവ് സാദ്ധ്യമാക്കിയത്. കോവിഡ് കേരളത്തിലെ ടൂറിസം മേഖലയിലുണ്ടാക്കിയ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിസിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ടൂറിസം സംരംഭകർക്കും ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്കും കുറഞ്ഞ പലിശ നിരക്കിൽ

വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതികൾ അനുസരിച്ച് വായ്പയുടെ അമ്പതുശതമാനം പലിശ സർക്കാരാണ് വഹിക്കുന്നത്. ഇതിനുപുറമെ ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകുകയും ആയതിൻപ്രകാരം ഓരോ തൊഴിലാളിക്കും പതിനായിരം രൂപവരെ പലിശരഹിത വായ്പ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിനോദസഞ്ചാരികളോട് ഇടപെടുന്ന ടൂറിസം മേഖലയിലെ മുഴുവൻ ജീവനക്കാരേയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കുകയും സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ എല്ലാംതന്നെ ബയോബബിൾ സുരക്ഷാ വലയത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ടൂറിസം വകുപ്പ് പുതുതായി താഴെപ്പറയുന്ന പ്രചരണ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് കാമ്പയിൻ
- കേരള ഡ്രൈവ് ഹോളിഡെയ്സ്

- ലോംഗ് സ്റ്റേയ്സ് ഇൻ കേരള
- ഹോംസ്റ്റേ പ്രൊമോഷൻ
- ഹണിമൂൺ ഹോളിഡെയ്സ്
- കാരവൻ ടൂറിസം പ്രൊമോഷൻ
- ചെയ്ഞ്ച് ഓഫ് എയർ കാമ്പയിൻ
- ഫാം ട്രിപ്പുകൾ
- വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ നൂതന പദ്ധതിയായ കാരവൻ ടൂറിസം ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കുറഞ്ഞത് ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ, ഡെസ്റ്റിനേഷൻ വികസനത്തിനുള്ള പദ്ധതികൾ, എൻ ഊര് പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക്, സ്ട്രീറ്റ് പദ്ധതി, ഫുഡീവീൽസ് തുടങ്ങിയ പദ്ധതികൾ ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകുന്നതാണ്. ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ലഭിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ NOC വേണമെന്ന നിബന്ധന ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടൂറിസം

മൊബൈൽ ആപ്പ് നവീകരിച്ചും വെർച്വൽ ട്രാവൽ ഗൈഡ്, മായ ചാറ്റ് ബോട്ട് തുടങ്ങിയവ ഏർപ്പെടുത്തിയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനായിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ മുതിർന്ന പൗരൻമാർക്ക് 50% ഫീസിളവ് ലഭ്യമാക്കിയിട്ടുണ്ട്.

മേൽപ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ടെന്നതിനുള്ള തെളിവാണ് ഈ വർഷം ആദ്യപാദത്തിൽ കേരളം സന്ദർശിക്കാനെത്തിയ 38 ലക്ഷം ആഭ്യന്തര വിനോദസഞ്ചാരികൾ. മുൻവർഷത്തേക്കാൾ 72.48% വളർച്ചയാണിത്. ഇത് കോവിഡ് മഹാമാരിയുടെ ആഘാതത്തിൽനിന്നും കേരള ടൂറിസം കരകയറിയതിന്റെ സൂചനയാണ്. 5 ജില്ലകൾ രൂപം കൊണ്ടതിനുശേഷമുള്ള റിക്കാർഡ് ആഭ്യന്തരസഞ്ചാരികളാണ് 2022 ആദ്യപാദം എത്തിച്ചേർന്നത്.

(ബി) 2022 മേയ് മാസം നടത്തിയ കേരള ട്രാവൽ മാർട്ട് വിജയകരമായിരുന്നോയെന്ന് അറിയിക്കുമോ?

കോവിഡുമൂലം തകർന്ന ടൂറിസം മേഖലയ്ക്ക് പുത്തനുണർവ് നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന ടൂറിസം ഉൽപ്പന്നങ്ങൾ

പരിചയപ്പെടാനും വിൽപ്പനക്കാരുമായും സംരംഭകരുമായും മുഖാമുഖം ഇടപെട്ട് പരമാവധി സുതാര്യത ഉറപ്പാക്കുന്നതിനുമായി ടൂറിസം വകുപ്പ് സംഘടിപ്പിച്ചതാണ് കേരള ട്രാവൽ മാർട്ട്. വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച കേരള ട്രാവൽ മാർട്ടിൽ 234 വിദേശ ബയേഴ്സും 897 ആഭ്യന്തര ബയേഴ്സും ഉൾപ്പെടെ 1200-ഓളം ബയേഴ്സ് പങ്കെടുക്കുകയും 55000 വാണിജ്യ കൂടിക്കാഴ്ചകൾ നടക്കുകയുമുണ്ടായി. രാജ്യത്തെ 25 സംസ്ഥാനങ്ങളിൽനിന്നും 59 വിദേശരാജ്യങ്ങളിൽനിന്നും പ്രാതിനിധ്യമുണ്ടായിരുന്നു. കോവിഡാനന്തര കാലമായതിനാൽ അടുത്ത രണ്ടുവർഷത്തേയ്ക്ക് ആഭ്യന്തര സഞ്ചാരികളെ മുൻനിർത്തിയുള്ള വിപണനതന്ത്രങ്ങളാണ് കേരള ട്രാവൽ മാർട്ടിൽ മുഖ്യമായും അവതരിപ്പിച്ചത്. പൂർണ്ണസജ്ജവും സുരക്ഷിതവുമാണ് കേരളത്തിലെ ടൂറിസം മേഖലയെന്ന് ലോക ടൂറിസം മേഖലയെ ബോദ്ധ്യപ്പെടുത്തുന്നതിന് ഈ വർഷത്തെ ട്രാവൽ മാർട്ടിന് മുഖ്യ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര രംഗത്ത് നൂതനാനുഭവം പകർന്നുനൽകുന്ന കാരവൻ ടൂറിസം വിപുലമായ തോതിൽ

നടപ്പാക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

കോവിഡാനന്തരം കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചുചാട്ടമുണ്ടാക്കാൻ ടൂറിസം വകുപ്പ് നടപ്പിലാക്കിയ നവീന പദ്ധതിയാണ് കാരവൻ ടൂറിസം. കാരവനുകളിൽ സഞ്ചരിച്ച് വിനോദസഞ്ചാരികൾക്ക് തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതുവരെ അറിയപ്പെടാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്ര ചെയ്യാനും കേരളത്തിന്റെ മനോഹരമായ പ്രകൃതി ഭംഗി ആസ്വദിക്കാനും യാത്രാനുഭവം നുകരാനും ഈ പദ്ധതി മുഖേന സാധിക്കും. പകൽ സമയത്ത് സഞ്ചരിക്കാനും രാത്രികാലങ്ങളിൽ താമസിക്കാനും വേണ്ട എല്ലാവിധ അത്യാധുനിക സൗകര്യങ്ങളോടെയാണ് കാരവനുകൾ സജ്ജീകരിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതിയനുസരിച്ച് സംസ്ഥാന സർക്കാർ വിഭാവനം ചെയ്തത് താഴെപ്പറയുന്ന കാര്യങ്ങളാണ്.

1. ടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുക.
2. കേരളത്തിലെ വിനോദസഞ്ചാരികൾ കൂടതലായി ഇതുവരെയും എത്തിപ്പെടാത്ത സ്ഥലങ്ങളെ (unexplored destination) സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.

3. നിലവിൽ താരതമ്യേന താമസസൗകര്യങ്ങൾ കുറഞ്ഞ കേന്ദ്രങ്ങളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുക.
4. വിവിധ ജനസമൂഹങ്ങൾക്കുകൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉത്തരവാദിത്ത ടൂറിസം വികസനം നടപ്പിലാക്കുക.
5. തദ്ദേശവാസികൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക.
6. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക.
7. ടൂറിസം മേഖലയെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക.

ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ, പ്രാദേശിക വികസനം തുടങ്ങി സുസ്ഥിരമായ നിരവധി അവസരങ്ങൾ കാരവൻ പാർക്കുകളിലൂടെ സാദ്ധ്യമാകും. ഇതിനകംതന്നെ പത്ത് കാരവനുകൾ വിനോദസഞ്ചാരികൾക്കായി സർവ്വീസ് തുടങ്ങുകയും വാഗമണിൽ ഒരു പാർക്ക് കമ്മീഷൻ ചെയ്യുകയും അഞ്ച് പാർക്കിന്റെ പണി പുരോഗമിക്കുകയും ഏകദേശം 25 കാരവനുകളുടെ നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. കൂടുതൽ കാരവനുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ പ്രത്യേക സബ്സിഡിയും ഏർപ്പെടുത്തിയിട്ടുണ്ട്. കാരവൻ ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി 150 കാരവൻ

പാർക്കുകൾ ആരംഭിക്കാൻവേണ്ടി സ്വകാര്യമേഖലയിലെ സംരംഭകർ മുന്നോട്ടുവന്നിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര മേഖലയിലെ സംരംഭകർക്ക് നൽകുന്ന പ്രോത്സാഹനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ വിനോദസഞ്ചാരവും ഹോസ്പിറ്റാലിറ്റി വ്യവസായവും ഒരു സങ്കീർണ മേഖലയാണ്. ഈ മേഖലയുടെ വളർച്ചയ്ക്ക് സംരംഭകർക്ക് മുന്തിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും വിജയത്തിനുപിന്നിൽ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റുകളുടെ പങ്ക് നിർണ്ണായകമാണ്. ഹോട്ടൽ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ് വഴിയും മറ്റ് ബ്രോഷറുകൾ വഴിയും വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കുകയും അതുവഴി ഇത്തരം സ്ഥാപനങ്ങളെ എളുപ്പത്തിൽ തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുകയും ചെയ്യുന്നു. കൂടാതെ കോവിഡിനെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം വ്യവസായത്തിൽ പ്രവർത്തിക്കുന്നവർക്കും തൊഴിലാളികൾക്കും പൊതുമേഖലാ ബാങ്കുകളുമായി ചേർന്ന് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പാക്കുന്നു.

റെസ്പോൺസിബിൾ ടൂറിസം മിഷനുമായി ചേർന്ന് ടൂറിസം വകുപ്പ് ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകുകയും ടൂറിസം മേഖലയിൽ ജോലി ചെയ്യുന്നവർക്ക് പതിനായിരം രൂപവരെ പലിശരഹിത ഉപാധിരഹിത വായ്പ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലും വകുപ്പ് സംഘടിപ്പിക്കുന്ന റോഡ് ഷോകളിലും കേരളത്തിലെ ടൂറിസം സംരംഭകരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നുണ്ട്. കേരള ട്രാവൽമാർട്ട് പോലുള്ള സംവിധാനങ്ങളും സംരംഭകർക്ക് ഗുണകരമാണ്. കൂടാതെ ടൂറിസം വകുപ്പ് പുതുതായി അവതരിപ്പിച്ച കാരവൻ ടൂറിസം പദ്ധതിയിലും മുതൽ മുടക്കുന്ന സംരംഭകർക്ക് ഒരു നിശ്ചിത ശതമാനം സബ്സിഡിയും നൽകുന്നുണ്ട്. മേൽപ്രവർത്തനങ്ങൾവഴി വിനോദസഞ്ചാര മേഖലകളുടെ സാമ്പത്തിക വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ബിസിനസ്സ് സംഘടിപ്പിക്കുന്നതിനും അപകട സാദ്ധ്യതകൾ (റിസ്ക്) കൈകാര്യം ചെയ്യുന്നതിനുള്ള സംരംഭകരുടെ ശേഷിയും സന്നദ്ധതയും വർദ്ധിപ്പിക്കാനും പുതിയ സുസ്ഥിര ബിസിനസ്സുകൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നുണ്ട്.

## കുളിമാട് പാലം തകർന്ന സംഭവം

12(*102) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന കൂളിമാട് പാലത്തിന്റെ ബീം തകർന്ന സംഭവത്തിൽ മരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ?

സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; റിപ്പോർട്ട് അപൂർണ്ണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പിന് പുറത്തുള്ള ഏജൻസിയെക്കൊണ്ട് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ?

പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം കോഴിക്കോട് NIT-യിൽ നടത്തിയ പരിശോധനയിൽ ഹൈഡ്രോളിക് ജാക്കിയിൽ കണ്ടെത്തിയ തകരാറും ദൃക്സാക്ഷികളുടെ മൊഴിയും ബീം മറിഞ്ഞുവീണ രീതിയും വിശകലനം ചെയ്തതിൽനിന്നും ജാക്കിയുടെ പ്രവർത്തനത്തിലുണ്ടായ അപാകതയാണ് അപകടത്തിനുകാരണമായതെന്ന്

കണ്ടെത്തിയതായി റിപ്പോർട്ടിൽ പറയുന്നു. ഗുണനിലവാര പരിശോധനാഫലങ്ങളുടെ അടിസ്ഥാനത്തിൽ ഇതുവരെയുള്ള നിർമ്മിതികൾക്ക് ഗുണമേന്മ സംബന്ധിച്ച ആശങ്കകൾ നിലനിൽക്കുന്നില്ല എന്നാണ് വിജിലൻസിന്റെ കണ്ടെത്തൽ. പ്രവൃത്തിക്കായി കരാർ കമ്പനി നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയവും നൈപുണ്യവും ഉണ്ടായിരുന്നതായി കാണുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. ഇതുസംബന്ധിച്ച് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് അപൂർണ്ണമാണെന്ന് കണ്ടെത്തിയിട്ടില്ല. ശാസ്ത്രീയവും സാങ്കേതികവുമായി നടത്തിയ അന്വേഷണ റിപ്പോർട്ട് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ വകുപ്പിന് പുറത്തുള്ള ഏജൻസിയെക്കൊണ്ട് അന്വേഷണം ആവശ്യമായി കാണാത്തതിനാൽ അത്തരം തീരുമാനം എടുത്തിട്ടില്ല.

(സി) ബീം തകർന്നതിലൂടെയുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രവൃത്തിഘട്ടമായതിനാൽ സർക്കാരിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല.

കേടുപാടുകൾ സംഭവിച്ച ബീമുകൾ കരാർ കമ്പനിയുടെ ചെലവിൽത്തന്നെ സൈറ്റിൽനിന്നും നീക്കം ചെയ്ത് പകരം പുതിയത് നിർമ്മിച്ച് പ്രവൃത്തി തുടരാവുന്നതാണ്. ബീം മാറ്റി പുതിയത് നിർമ്മിക്കുന്നതിനും നിലവിലുള്ള നിർമ്മിതിയുടെ തുടർപരിശോധനകൾക്കും കേടുപാടുകൾ തീർക്കുന്നതിനുമുള്ള പൂർണ്ണമായ ചെലവ് കരാർ കമ്പനിതന്നെ വഹിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖ പദ്ധതി

13(*103) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കേണ്ടത് എന്നായിരുന്നുവെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള കരാർ പ്രകാരം 2015 ഡിസംബർ 5-ന് ആരംഭിച്ച തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് മുപ്പത്തിമൂന്ന് ശതമാനം ഡ്രഡ്ജിംഗ് ജോലികൾ മാത്രമാണ് നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളതെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം ഗൗരവപൂർവ്വം കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം തുറമുഖത്തിന് ആകെ 7.1 ദശലക്ഷം ഘനമീറ്റർ ഡ്രഡ്ജിംഗ്, റിക്ലമേഷൻ പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടത്. ഇതിൽ 2.3 ദശലക്ഷം പ്രവൃത്തികൾ പൂർത്തീകരിച്ചു. തുറമുഖത്തിന്റെ ഏറ്റവും പ്രധാന ഘടകങ്ങളിലൊന്നായ 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് തിരമാലകളിൽനിന്നും സംരക്ഷണം തീർത്താൽ മാത്രമേ ഡ്രഡ്ജിംഗ്, റിക്ലമേഷൻ, ബർത്ത് നിർമ്മാണം മുതലായ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. നിലവിലെ ഷെഡ്യൂൾ പ്രകാരം പുലിമുട്ട് നിർമ്മാണം ഏകദേശം 1800 മീറ്റർ നീളം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡ്രഡ്ജിംഗ്, റിക്ലമേഷൻ പ്രവൃത്തികൾ പുനരാരംഭിക്കാനുള്ള തയ്യാറെടുപ്പുകളാണ് നടന്നുവരുന്നത്.

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര മീറ്റർ പുലിമുട്ട് നിർമ്മിക്കേണ്ടതുണ്ട്; നിലവിൽ എത്ര മീറ്റർ നിർമ്മാണം

പൂർത്തീകരിച്ചിട്ടുണ്ട്; പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കൺസഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിൽ 3100 മീറ്റർ നീളമുള്ള പുലിമുട്ടാണ് നിർമ്മിക്കേണ്ടത്. നിലവിൽ പുലിമുട്ട് നിർമ്മാണത്തിൽ 1350 മീറ്റർ പൂർണ്ണമായും 1350 മുതൽ 1840 മീറ്റർ വരെയുള്ള ഭാഗത്ത് ഭാഗികമായും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് സമയബന്ധിതമായി ലഭ്യമാക്കാൻ കരാർ കമ്പനിക്ക് സാധിക്കാതെ വന്നതിലാണ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി പുതിയ ക്വാറികൾ തുടങ്ങി പാറ കണ്ടെത്താനാണ് കരാർ കമ്പനി ശ്രമിക്കുന്നത്.

(ഡി) പുലിമുട്ട് നിർമ്മാണത്തിനാവശ്യമായി വരുന്ന പാറയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; ആവശ്യമായ പാറ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണോ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തത്; എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

പുലിമുട്ട് നിർമ്മാണത്തിനായി ഏകദേശം 68.70 ലക്ഷം ടൺ കരിങ്കല്ല് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കരാർ പ്രകാരം നിർമ്മാണ പ്രവൃത്തികൾക്കുള്ള കരിങ്കല്ല് ഉൾപ്പെടെയുള്ള സാമഗ്രികൾ കണ്ടെത്തേണ്ടത് കരാർ കമ്പനിയുടെ ചുമതലയാണ്. എന്നാൽ ആവശ്യമായ കരിങ്കല്ല് സംഭരിക്കുന്നതിന് കരാർ കമ്പനിക്ക് സാധിക്കാതെ വന്നു. ചെറുകിട ക്വാറികളിൽനിന്നും വിതരണക്കാരിൽനിന്നും കരിങ്കല്ല് സംഭരിക്കാനുള്ള കരാർ കമ്പനിയുടെ ശ്രമം വിജയിച്ചില്ല. ഇതേത്തുടർന്ന് സ്വന്തമായി ക്വാറികൾ ആരംഭിച്ചും മറ്റ് സംരംഭകരുമായി സഹകരിച്ചും പാറ കണ്ടെത്താനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഇതിനായി രണ്ട് ക്വാറികൾ അദാനി കമ്പനിക്കും 50% പാറ വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിന് നൽകുമെന്ന വ്യവസ്ഥയിൽ 3 ക്വാറികൾ സ്വകാര്യ പങ്കാളികൾക്കും അനുവദിച്ചിട്ടുണ്ട്. കോവിഡുമൂലമുണ്ടായ നിയന്ത്രണങ്ങൾ ഒഴിവാക്കിയ സാഹചര്യത്തിൽ 5 ക്വാറികൾക്കുകൂടി പാരിസ്ഥിതികാനുമതി നൽകുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും പാറ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിനുവേണ്ട ഇടപെടലുകളും നടത്തിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിക്കാവശ്യമായ പാറയുടെ ശേഖരം

സംസ്ഥാനത്തുണ്ട്. എന്നാൽ വലിപ്പം കൂടിയതും പ്രത്യേകം തരംതിരിച്ചതുമായ കരിങ്കല്ലുകളാണ് പുലിമുട്ട്, കടൽഭിത്തി തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമുള്ളത്. ഇവയുടെ ഖനനം, കടത്ത്, നിക്ഷേപം എന്നിവയ്ക്ക് കാലതാമസമുണ്ടാകുന്നുണ്ട്. ഇതിനായി പ്രത്യേകം ക്വാറികൾ കണ്ടെത്തി പ്രവർത്തനക്ഷമമാക്കാനാണ് ശ്രമിക്കുന്നത്. കൂടാതെ പദ്ധതിക്കായി തമിഴ്നാട്ടിലെ ക്വാറികളിൽനിന്നും പാറ ലഭ്യമാക്കുന്നതിന് അവിടത്തെ സർക്കാരിന്റെ സഹകരണവും തേടിയിട്ടുണ്ട്.

## റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ

14(*104) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ജനകീയ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ജനകീയ സമിതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും

കാര്യക്ഷമമാക്കുന്നതിനും വില്ലേജ് ജനകീയ സമിതി രൂപീകരിച്ചിട്ടുണ്ട്. ഭൂസംരക്ഷണ കാര്യത്തിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ജനങ്ങളുടെ ഭൂമി സംബന്ധമായ പ്രവർത്തനങ്ങൾക്ക് പരിഹാരം കാണുക, പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്നിവയാണ് വില്ലേജുതല ജനകീയ സമിതിയുടെ പ്രവർത്തനങ്ങൾ.

(ബി) റവന്യൂ വകുപ്പിൽനിന്ന് സർട്ടിഫിക്കറ്റ് നൽകുന്നതിനും സേവനങ്ങൾ നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) വില്ലേജ്, താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം ആധുനിക സാങ്കേതികോപകരണങ്ങളും സാങ്കേതികവിദ്യയും ഏർപ്പെടുത്തി ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഇതിലേയ്ക്കായി സംസ്ഥാനതലത്തിൽ ഐ.ടി. സെൽ പ്രവർത്തിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

## റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യ

15(*105) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് റോഡുകൾ തകരാറില്ലാതെ ദീർഘകാലം നിലനിൽക്കാനായി പുതിയ നിർമ്മാണ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രധാനപ്പെട്ട എല്ലാ റോഡുകളും സംസ്ഥാനത്തെ കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ, വ്യതിയാനങ്ങൾ എന്നിവ കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് നവീനരീതികൾ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വാഹന സാന്ദ്രത, മണ്ണിന്റെ ഘടന തുടങ്ങിയവ കണക്കിലെടുത്ത് ബി.എം & ബി.സി. നിലവാരത്തിലേയ്ക്ക് റോഡുകൾ ഘട്ടംഘട്ടമായി ഉയർത്തിവരുന്നു.

ദീർഘകാലം ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡുകൾ നിർമ്മിച്ചുവരുന്നു. ആലപ്പുഴ നഗര വികസന പദ്ധതിയിലുൾപ്പെടുത്തി 7.29 കി.മീ. റോഡുകൾ ഈ രീതിയിൽ നിർമ്മിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് കുഴിച്ചെടുത്ത് പുനരുപയോഗിക്കുന്നതിനുള്ള റീസൈക്ലിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ എന്നീ സാങ്കേതികവിദ്യകൾ അനുയോജ്യമായ റോഡുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതുവഴി പ്രകൃതിവിഭവങ്ങളുടെ ചൂഷണം കുറയ്ക്കുന്നതിന് സാധിക്കുന്നതാണ്. പരിസ്ഥിതി സൗഹൃദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഷ്രെഡഡ് പ്ലാസ്റ്റിക്, നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ച് ബി.സി. ഉപരിതലം നിർമ്മാണം നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 600 കി.മി. NRMB ഉപയോഗിച്ചും 420 കി.മീ. ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചും നിർമ്മിച്ചു. ചരിവുകളുടെ സംരക്ഷണം, മണ്ണ് ബലപ്പെടുത്തൽ എന്നിവയ്ക്കായി കയർ ഭൂവസ്ത്രം, പെർഫൊറേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ, ഗാബിയോൺ വാൾ തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ്

ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ പ്രകൃതിക്ഷോഭ സംബന്ധമായ പ്രശ്നങ്ങൾ തടയുന്നതിനായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെയും IRC-യുടെയും മാനദണ്ഡങ്ങൾ പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നുണ്ട്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, ഡെൻസ് ബിറ്റുമിനസ് മെക്കാഡം എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കാറുണ്ട്. ആധുനിക സാങ്കേതിക വിദ്യയായ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളും ബലപ്പെടുത്തൽ പ്രവൃത്തികളും ദേശീയപാതകളിൽ നടപ്പിലാക്കുന്നുണ്ട്. നൂതന യന്ത്രസാമഗ്രികളെല്ലാംതന്നെ കരാറിലുൾപ്പെട്ടിട്ടുള്ളതാണ്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ ഒരു പദ്ധതിയിൽ കയർ ഭൂവസ്ത്രമുപയോഗിച്ചുള്ള റോഡ് നിർമ്മിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളുടെ നിർമ്മാണം Natural Rubber Modified Bitumen ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ സി.ആർ.എഫ്. പദ്ധതികളിൽ ബിറ്റുമിനസ് കോൺക്രീറ്റിൽ ഷ്രെഡഡ് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.

(ബി) 2026-നുള്ളിൽ പതിനയ്യായിരം കിലോമീറ്റർ റോഡ് ബി.എം. &

ബി.സി. നിലവാരത്തിലേയ്ക്കുയർത്താൻ ലക്ഷ്യമിട്ടിട്ടുണ്ടോ; പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിലെ പുരോഗതി അറിയിക്കാമോ?

2026-നുള്ളിൽ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ പ്രധാന പാതകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരത്ത് വിഭാഗത്തിനുകീഴിൽ 1900 കി.മീ. റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് പുനരുദ്ധരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ 29153 കിലോമീറ്റർ റോഡുണ്ടെന്നാണ് കണക്ക്. അവയിൽ ഭൂരിഭാഗവും 2026-ഓടുകൂടി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താനാണ് ലക്ഷ്യമിടുന്നത്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകളെല്ലാം ബി.എം. & ബി.സി. നിലവാരത്തിലുള്ളവയാണ്.

(സി) ലോകോത്തര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താൻ കരാറുകാർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ടോ; മികച്ച കരാറുകാരെ പ്രോത്സാഹിപ്പിക്കുന്നതിന് ബോണസ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കരാറുകാർക്ക് നൂതന സാങ്കേതികവിദ്യകളിൽ പരിശീലനം

നൽകിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ഇത്തരം പരിശീലന പരിപാടികൾ തുടർന്നും നടത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. 30.03.2022-ലെ ജി.ഒ.(എം.എസ്)നം.11/2022/പി.ഡബ്ല്യു.ഡി. പ്രകാരം പൊതുമരാമത്ത് വകുപ്പിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറുകാർക്കുള്ള ബോണസ് അല്ലെങ്കിൽ ഇൻസെന്റീവ് പുന:സ്ഥാപിച്ചിട്ടുണ്ട്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാങ്കേതികാനുമതി അധികാരം കവിയുന്ന പ്രവൃത്തികൾക്ക് ഓരോ വിഭാഗത്തിന്റെയും ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കണക്കാക്കിയ Original Time of Completion-ന്റെ 85 ശതമാനത്തിനുള്ളിൽ ജോലി പൂർത്തിയാക്കുന്ന കരാറുകാർക്ക് PAC-യുടെ 1% നിരക്കിൽ പരമാവധി 5,00,000/- രൂപ (അഞ്ചുലക്ഷം രൂപ) ഇൻസെന്റീവ് നൽകുന്നതിനുള്ള വ്യവസ്ഥ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ നടപ്പിലാക്കുന്ന MoRTH funded പ്രോജക്ടുകൾ നിശ്ചയിച്ച സമയത്തിനുമുമ്പ് പൂർത്തിയാക്കിയാൽ കരാറുകാർക്ക് ബോണസ് ക്ലെയിം ചെയ്യാനുള്ള ക്ലോസ് Standard Bidding Documents-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം

16(*106) ശ്രീ. പി.പി. സുമോദ്:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2018 മുതലുള്ള മൂന്നുവർഷത്തിനിടയിൽ രാജ്യത്തൊട്ടാകെ അൻപത്തിയൊന്നായിരത്തി അറുന്നൂറ്റി ഇരുപത്തിയൊൻപത് സ്കൂളുകൾ അടച്ചുപൂട്ടിയപ്പോൾ സംസ്ഥാനത്ത് അടച്ചുപൂട്ടലിന്റെ വക്കിലായിരുന്ന ഇരുന്നൂറ്റി മുപ്പത്തിയേഴ് പൊതുവിദ്യാലയങ്ങൾ സജീവമാക്കാനായെന്ന് കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ ഏകീകൃത ജില്ലാ വിദ്യാഭ്യാസ വിവര സംവിധാനം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അൺഎയ്ഡഡ് മേഖലയിൽനിന്ന് കുട്ടികൾ വന്നതിന്റെഫലമായി പൊതുവിദ്യാലയങ്ങളിലെ എൻറോൾമെന്റ് വർദ്ധിക്കുകയുണ്ടായി. KITE-

ന്റെയും കേന്ദ്ര വിദ്യാഭ്യാസ വിവര സംവിധാനത്തിന്റെയും (UDISE) ഡാറ്റാ ബേസ് വിശകലനം ചെയ്താൽ ഇത് വ്യക്തമാകും. കുട്ടികളില്ലാത്തതിന്റെ പേരിൽ അടച്ചുപൂട്ടൽ ഭീഷണി നേരിട്ട വിദ്യാലയങ്ങളിൽ മികച്ച എൻറോൾമെന്റ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് UDISE-ൽ ബോദ്ധ്യപ്പെടുന്നതാണ്. എന്നാൽ ഏകീകൃത ജില്ലാ വിദ്യാഭ്യാസ വിവര സംവിധാന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ച ടി റിപ്പോർട്ടിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതുമൂലം അടച്ചുപൂട്ടലിന്റെ വക്കിലെത്തിയ സ്കൂളുകൾ സജീവമായത് സംബന്ധിച്ച റിപ്പോർട്ട് ഉൾപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മുൻസർക്കാരിന്റെ തുടർച്ചയായി പൊതുവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മുൻസർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയെന്ന നിലയിൽ

ഭൗതികസൗകര്യ വികസനരംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിലാണ് കെട്ടിടനിർമ്മാണം വിഭാവനം ചെയ്തിരുന്നത്. അതിൽ 119 വിദ്യാലയങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 22 വിദ്യാലയങ്ങളിൽ മിക്കവയിലും ചില ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 2 സ്കൂൾ കെട്ടിടങ്ങളുടെ SPV കിറ്റ്കോയാണ്. പ്രസ്തുത സ്കൂളുകളുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന 386 സ്കൂളുകളാണുള്ളത്. അതിൽ 126 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. 20 വിദ്യാലയങ്ങളിൽ ഒന്നാംഘട്ട പ്രവർത്തനം പൂർത്തിയാക്കി ക്ലാസ് മുറികൾ പഠനത്തിനായി വിട്ടുകൊടുക്കുകയുണ്ടായി. ഇതിൽ 200 സ്കൂൾ കെട്ടിടങ്ങളുടെ SPV കില ആണ്. ഇതിൽ 185 സ്കൂളുകളുടെ DPR തയ്യാറാക്കിയതിൽ 150 എണ്ണത്തിന്റേത് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. 9

സ്കൂൾ കെട്ടിടങ്ങൾക്ക് സാങ്കേതികാനുമതി ലഭ്യമായി ടെണ്ടർ നടപടിയിലേക്ക് നീങ്ങിയിട്ടുണ്ട്. 2 സ്കൂൾ കെട്ടിടങ്ങളുടെ SPV കിറ്റ്കോയാണ്. പ്രസ്തുത സ്കൂളുകളുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

1 കോടി രൂപ കിഫ്ബി ധനസഹായമുള്ള 446 സ്കൂളുകളാണുള്ളത്. ഇതിൽ പ്രാഥമികമായി തടസ്സങ്ങളൊന്നുമില്ലാത്ത 403 സ്കൂളുകളിൽ 399 എണ്ണത്തിന്റെ DPR കിഫ്ബി അംഗീകരിച്ചു. 341 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായതിൽ 334 എണ്ണത്തിന് ടെണ്ടർ നടപടി സ്വീകരിക്കുകയും 206 എണ്ണത്തിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 17 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഒരു സ്കൂളിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയായിട്ടുണ്ട്.

സ്ഥലം ലഭ്യമാകാത്തതിനാലും മറ്റ് കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിനാലും ഈ സ്കീം നടപ്പാക്കാൻ കഴിയാതിരുന്ന സ്കൂളുകൾക്ക് പകരമായി 35 സ്കൂളുകളെ കണ്ടെത്തി. പ്രസ്തുത സ്കൂളുകളിൽ 1 കോടി രൂപ കിഫ്ബി ധനസഹായത്തോടെ കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി നൽകിക്കൊണ്ട് 16-06-2022-ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്ലാൻ ഫണ്ടിലും നബാർഡ്/എം.എൽ.എ./എം.പി./എസ്.എസ്.കെ./എൽ.എസ്.ജി.ഡി. എന്നീ ഫണ്ടുകളും ഉപയോഗപ്പെടുത്തി നിരവധി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൗതിക സൗകര്യ വികസനം നടന്നുവന്നിരുന്ന കിഫ്ബി/പ്ലാൻ ഫണ്ടും മറ്റ് ഫണ്ടുകളിലുമുൾപ്പെട്ട ഏതാണ്ട് 350-ൽപ്പരം സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. ഇതുകൂടാതെ 51-ഓളം ലാബ്/ലൈബ്രറി കെട്ടിടങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കമ്പ്യൂട്ടർ സൗകര്യമുള്ള വിദ്യാലയങ്ങളുടെ ശതമാനം ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ?

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ UDISE (United District Information System for Education Plus) 2019-20 റിപ്പോർട്ടിൽ ഇന്ത്യൻ സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച് പ്രസിദ്ധീകരിച്ചതിൽ 38.5% സ്കൂളുകളിൽ കമ്പ്യൂട്ടറുള്ളതായി പരാമർശിച്ചിട്ടുണ്ട്. ഇതേ റിപ്പോർട്ടിൽ കേരളത്തിലേത് 93.74% ആണ്. എന്നാൽ നിലവിൽ കേരളത്തിലെ 100%

പൊതുവിദ്യാലയങ്ങളിലും കൈറ്റിന്റെ മേൽനോട്ടത്തിൽ കമ്പ്യൂട്ടർ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ഹൈടെക് പദ്ധതികൾ നടപ്പിലാക്കി. എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള 45000 ക്ലാസ് മുറികളിൽ ലാപ്ടോപ്പ്, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ, ഇന്റർനെറ്റ് കണക്ടിവിറ്റി, ഓരോ ക്ലാസിനും അനുയോജ്യമായ ഡിജിറ്റൽ റിസോഴ്സുകൾ തുടങ്ങിയവയും ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി. ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കേരളത്തെ രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി 2020 ഒക്ടോബറിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

17(*107) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) കരാർ പ്രകാരം 2019 ഡിസംബറിൽ പൂർത്തിയാക്കേണ്ടിയിരുന്ന

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

കരാർ പ്രകാരം 2019 ഡിസംബറിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. ഇതിനുകഴിയാതെവന്ന സാഹചര്യത്തിൽ കൺസഷണയർ 2022 ജൂണിൽ ഒരു പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. 2022 അവസാനത്തോടെയോ 2023 ആദ്യമാസങ്ങളിലോ ആദ്യ കപ്പൽ വിഴിഞ്ഞത്തെത്തുന്ന തരത്തിൽ പണികൾ പൂർത്തീകരിക്കാൻ നിർമ്മാണ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുലിമുട്ടിന്റെ നിർമ്മാണം 1800 മീറ്റർ പൂർത്തിയായി. ടഗ്ഗുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിക്കുന്നതിനനുസരിച്ച് മറ്റ് ഘടകങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കുന്ന വിധത്തിലാണ് പണികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

(ബി) ശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; ഇതിൽ സംസ്ഥാന സർക്കാർ ചെയ്യേണ്ട പ്രവൃത്തികൾ എന്തെല്ലാമാണ്?

പുലിമുട്ട്, ഡ്രഡ്ജിംഗ് & റിക്ലമേഷൻ, ബെർത്ത്, യാർഡ്, റോഡ് തുടങ്ങിയ പ്രധാന ഘടകങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ഇത് കരാർ കമ്പനിയുടെ ചുമതലയാണ്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന റെയിൽ കണക്ടിവിറ്റി പദ്ധതി നടപ്പാക്കുന്ന ചുമതല സംസ്ഥാന സർക്കാരിനാണ്. ഇതിനുള്ള DPR-ന് റെയിവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) കരിങ്കല്ലിന്റെ ലഭ്യതക്കുറവുമൂലം പുലിമുട്ട് നിർമ്മാണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് കണ്ടെത്തുന്നതിന് കരാർ കമ്പനിക്ക് സാധിക്കാത്തതിനാലാണ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്നത്. കരാർ പ്രകാരം നിർമ്മാണ പ്രവൃത്തികൾക്കുള്ള കരിങ്കല്ലുൾപ്പെടെയുള്ള സാമഗ്രികൾ കണ്ടെത്തേണ്ടത് കരാർ കമ്പനിയുടെ ചുമതലയാണ്. ചെറുകിട ക്വാറികളിൽനിന്നും വിതരണക്കാരിൽനിന്നും കരിങ്കല്ല് ലഭ്യമാക്കാനുള്ള കരാർ കമ്പനിയുടെ ശ്രമം വിജയിച്ചില്ല. ഇതേത്തുടർന്ന് സ്വന്തമായി

ക്വാറികൾ ആരംഭിച്ചും മറ്റ് സംരംഭകരുമായി സഹകരിച്ചും പാറ കണ്ടെത്താനാണ് ശ്രമിക്കുന്നത്. ഇതിനായി രണ്ട് ക്വാറികൾ അദാനി കമ്പനിക്കും 50% പാറ വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനും നൽകുമെന്ന വ്യവസ്ഥയിൽ 3 ക്വാറികൾ സ്വകാര്യ പങ്കാളികൾക്കും അനുവദിച്ചിട്ടുണ്ട്. കോവിഡുമൂലമുണ്ടായ നിയന്ത്രണങ്ങൾ ഒഴിവാക്കിയ സാഹചര്യത്തിൽ 5 ക്വാറികൾക്കുകൂടി പാരിസ്ഥിതികാനുമതി നൽകുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും പാറ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിനുവേണ്ട ഇടപെടലുകളും നടത്തിയിട്ടുണ്ട്.

## ദേശീയപാത വികസനം

18(*108) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ദേശീയപാതകളുടെ വികസനത്തിന് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കുമോ?

സംസ്ഥാനത്ത് ദേശീയപാത 66-ന്റെ 15 റീച്ചുകളുടെ നിർമ്മാണം ദേശീയപാത അതോറിറ്റി മുഖേന പുരോഗമിക്കുന്നു. 6 റീച്ചുകളിൽ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്. അരൂർ-തുറവൂർ സ്ട്രെച്ചിന്റെയും ഭാരത്മാല പരിയോജനയിലുൾപ്പെടുത്തിയ 9 പദ്ധതികളുടെയും ഡി.പി.ആർ. തയ്യാറാക്കൽ പുരോഗമിക്കുന്നു. ഇതിൽ 4 പദ്ധതികൾക്ക് "Land Acquisition Committee" Stage II-ഉം 4 പദ്ധതികൾക്ക് "Land Acquisition Committee" Stage I-ഉം അംഗീകാരം നൽകി. ഒരു പദ്ധതിയുടെ Stage I അംഗീകാരത്തിനായുള്ള നിർദ്ദേശം തയ്യാറായിവരുന്നു.

ഭാരത്മാല പരിയോജനയിൽ വരുന്ന 11 Port Connectivity പദ്ധതികളുടെ "Land Acquisition Committee" അംഗീകാരത്തിനായുള്ള Stage I Proposal ദേശീയപാത അതോറിറ്റി തയ്യാറാക്കിവരുന്നു. പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കലും പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കൊല്ലം-ചെങ്കോട്ട ദേശീയപാതയിലെ സുഗമ ഗതാഗതത്തിനുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം - ചെങ്കോട്ട ദേശീയപാതയിൽ പുതിയ ഗ്രീൻഫീൽഡ് ഹൈവേ വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. ദേശീയപാത അതോറിറ്റി തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിന് 21.02.2022-ൽ ദേശീയപാത അതോറിറ്റി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ലാൻഡ് അക്വിസിഷൻ കമ്മിറ്റി യോഗത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടി പുരോഗമിക്കുന്നു. കൊല്ലം-ചെങ്കോട്ട പാത വികസനത്തിനും എം.സി. റോഡ് വികസനത്തിനുമായി കിഫ്ബി വഴി 1500 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## കൂളിമാട് പാലം തകർന്ന സംഭവം

19(*109) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കൂളിമാട് പാലത്തിന്റെ മൂന്ന് ബീമുകൾ നിർമ്മാണത്തിനിടെ തകർന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഭവത്തിൽ നിർമ്മാണച്ചുമതലയുണ്ടായിരുന്ന കമ്പനിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ച

എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുളിമാട് പാലം നിർമ്മാണത്തിൽ ബീം സ്ഥാപിക്കുന്നതിനിടയിൽ മറിഞ്ഞുവീണ സംഭവത്തെ ഗൗരവത്തോടെയാണ് സർക്കാർ കണ്ടത്. സംഭവത്തെക്കുറിച്ച് ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിന് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. വിജിലൻസ് നൽകിയ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബീമുകൾ ഉറപ്പിക്കുമ്പോൾ ഹൈഡ്രോളിക് ജാക്കി തകരാറായതാണ് ബീമുകൾ തകരാൻ കാരണമെന്ന കമ്പനിയുടെ വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വാദം അന്വേഷണത്തെ ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംഭവത്തെക്കുറിച്ച് പൊതുമരാമത്ത് വിജിലൻസ് വിഭാഗമാണ് ശാസ്ത്രീയവും സാങ്കേതികവുമായ അന്വേഷണം നടത്തിയത്. പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം കോഴിക്കോട് എൻ.ഐ.ടി.-യിൽ നടത്തിയ സാങ്കേതിക പരിശോധനകളുടെയും ദൃക്സാക്ഷി മൊഴികളുടേയും ബീം വീണതിന്റെ രീതിയുടേയും അടിസ്ഥാനത്തിലാണ്

ഹൈഡ്രോളിക് ജാക്കിയുടെ അപാകത കാരണമാണ് അപകടമുണ്ടായതെന്ന് അന്വേഷണസംഘം കണ്ടെത്തിയത്.

(സി) ആവശ്യമായ സുരക്ഷ ഉറപ്പാക്കാതെ നിർമ്മാണം നടത്തിയതാണ് പാലം തകരാനുണ്ടായ കാരണമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(ഡി) സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബീമുകൾ ചരിയാനുള്ള സാദ്ധ്യത മുന്നിൽക്കണ്ട് വശങ്ങളിൽ ബലമുള്ള strut/tie ഡിസൈൻ ചെയ്തുപയോഗിക്കുന്നതുൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തി അധിക സുരക്ഷ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവേ എല്ലാ നിർമ്മാണ പ്രവൃത്തികളിലും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം

20(*110) <u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി)

സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് നൽകേണ്ട താമസസൗകര്യം, വേതനം, ആരോഗ്യ സുരക്ഷ എന്നിവ സംബന്ധിച്ച് 1979-ലെ അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ക്ഷേമപദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപഭോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവത്കരണം നടത്തുന്നു. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് അവരുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്രാ

സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ആരംഭിച്ച 'ആവാസ്' പദ്ധതിപ്രകാരം ഓരോരുത്തർക്കും 25,000/- (ഇരുപത്തയ്യായിരം രൂപ) രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും ലഭ്യമാകുന്നതാണ്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സയും ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസുകൂടി ഉറപ്പുവരുത്തുന്നുണ്ട്. അപകടംമൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2010-ലെ കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയും നിലവിലുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓൺലൈനായി രജിസ്ട്രേഷൻ നടത്തുന്നതിന് 'അതിഥി ആപ്പ്' എന്ന

മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.

കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി 'ഗസ്റ്റ് ആപ്പ്' എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്കും തൊഴിലിടങ്ങളിൽ നേരിട്ടുചെന്ന് മൊബൈൽ ഫോൺ ഉപയോഗിച്ച് ഫോട്ടോയെടുത്ത് അപേക്ഷ സ്വീകരിക്കുന്നതിനുള്ള സൗകര്യം 'ഗസ്റ്റ് ആപ്പ്'-ൽ ഒരുക്കിയിട്ടുണ്ട്. 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥഉനുസരിച്ച് അതിഥി തൊഴിലാളികൾക്ക് പാർപ്പിടസൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ള പദ്ധതിയാണ് 'ആലയ്'.

(ബി) ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം പ്രദാനം ചെയ്യുന്നതിനായി അപ്നാ ഘർ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സൗകര്യമാണ് അപ്നാ ഘർ പദ്ധതി. ഈ പദ്ധതിപ്രകാരം വൃത്തിയുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം കുറഞ്ഞ വാടക നിരക്കിൽ നൽകിവരുന്നു. പാലക്കാട് അപ്നാ ഘർ പദ്ധതി പ്രവർത്തനമാരംഭിച്ചു. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം കളമശ്ശേരിയിലും കോഴിക്കോട് കിനാലൂരിലും സ്ഥലമേറ്റെടുത്തിട്ടുള്ളതാണ്. അപ്നാ ഘർ കിനാലൂരിൽ ഫേസ് 1-ൽ 100 കിടക്കകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉൾക്കൊള്ളുന്ന താഴത്തെ നിലയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ, തൊഴിലവകാശങ്ങൾ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ?

ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ,

തൊഴിലവകാശങ്ങൾ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ എല്ലാ വർഷവും നടത്തുന്നുണ്ട്.

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി 'ആവാസ്' എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കുമോ?

ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള 'ആവാസ്' പദ്ധതിയുടെ വിവരശേഖരണം നടന്നുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടാണ് പ്രസ്തുത പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന പതിനെട്ടിനും അറുപത് വയസ്സിനുമിടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. 01-11-2017-ൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടത്തുകയും 23-06-2022 വരെ 516283 (അഞ്ച് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി എൺപത്തി മൂന്ന്) കാർഡുകൾ

വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആവാസ് പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000/- രൂപയുടെ (ഇരുപത്തയ്യായിരം രൂപ) സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും ലഭ്യമാകുന്നതാണ്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സയും ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടോപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസുകൂടി ഉറപ്പുവരുത്തുന്നുണ്ട്. അപകടംമൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയുംവിധത്തിലുള്ള വിവിധോദ്ദേശ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്.

**നിർമ്മാണ സ്ഥലങ്ങളിലെ സുരക്ഷ മുൻകരുതലുകൾ**

21(*111) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ വേണ്ടത്ര വെളിച്ചവും മുന്നറിയിപ്പ് സംവിധാനവുമില്ലാത്തതിനാൽ അപകടമരണങ്ങളുണ്ടാകുന്നത് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) നിർമ്മാണസ്ഥലങ്ങളിൽ സുരക്ഷാ മുൻകരുതൽ ഏർപ്പെടുത്തുന്നതിന് പ്രോട്ടോക്കോൾ രൂപീകരിക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ അനാസ്ഥ കാണിക്കുന്നവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(എ-സി) റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം നടക്കുന്ന മേഖലകളിൽ പാലിക്കേണ്ട സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച മാനദണ്ഡങ്ങൾ IRC SP55-2014-ൽ നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണ മേഖലകളിലെ തൊഴിലാളികളുടെയും കാൽനടയാത്രക്കാരുടെയും വാഹന

ഉപഭോക്താക്കളുടെയും സുരക്ഷിതത്വത്തിന് സ്വീകരിക്കേണ്ട നടപടി ഇതിലുൾപ്പെടുത്തിയിരിക്കുന്നു. നിർമ്മാണ മേഖലകളിൽ കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ സ്വീകരിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ച് കരാർ വ്യവസ്ഥയുടെ ഭാഗമായുള്ള Standard Bid Document-ൽ പരമാർശിച്ചിട്ടുണ്ട്. പ്രസ്തുത സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതോടൊപ്പം ആയവ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നിർമ്മാണ മേഖലകളിൽ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ Visibility ഉറപ്പുവരുത്തുന്നതിനുള്ള വെളിച്ചത്തിനാവശ്യമായ ക്രമീകരണങ്ങളും കോൺട്രാക്ടർ ഉറപ്പുവരുത്തണം. പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ 05.11.2019-ലെ GL(Tech)/CE/R&B/RSW/2018-111 നമ്പർ കത്തുപ്രകാരം നിർമ്മാണ മേഖലകളിൽ പാലിക്കേണ്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിലെ നിർമ്മാണ മേഖലകളിൽ സുരക്ഷാ സംവിധാനമൊരുക്കുന്നത് സംബന്ധിച്ച് 8.06.2022-ലെ CEPWD/12100/2020-Vig4.AD സർക്കുലർ പ്രകാരം പൊതുമരാമത്ത്

ഭരണവിഭാഗം ചീഫ് എഞ്ചിനീയർ കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വലിൽ ക്ലോസ് 2107, 2407.23, അപ്പന്റിക്സ് 2100, സെക്ഷൻ 1000 എന്നിവയിൽ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതിനെക്കുറിച്ച് പറയുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് മാന്വലിലും S.B.D.(Standard Bid Document)-ലും നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാൻ 19.06.2022-ലെ CEPWD/6729/2022/AB3-BR സർക്കുലർ മുഖേന പാലങ്ങൾ വിഭാഗത്തിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറുകളിലേയും പൊതുമരാമത്ത് വകുപ്പ് മാന്വലിലെയും നിർദ്ദേശങ്ങൾ നിർമ്മാണ മേഖലകളിൽ പാലിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട ഓഫീസർ ഉറപ്പുവരുത്തേണ്ടതും വീഴ്ചവരുത്തിയാൽ വകുപ്പുതല നടപടിക്രമങ്ങൾക്ക് വിധേയമാകുന്നതുമാണ്. സുരക്ഷാ മുൻകരുതലുകൾ ഏർപ്പെടുത്തുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും അനാസ്ഥയുണ്ടായാൽ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രവൃത്തി നിർത്തിവയ്ക്കുന്നതിനും എഗ്രിമെന്റ് റദ്ദാക്കി പ്രവൃത്തിയിൽനിന്ന് ഒഴിവാക്കുന്നതുമാണ്. കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്താണ് തുടർനടപടി

സ്വീകരിക്കുന്നത്. സൈറ്റുകളിലെ മേൽനോട്ടത്തിന് ടെക്നോളജി ഫലപ്രദമായി ഉപയോഗിക്കാൻ ആലോചിക്കുന്നുണ്ട്.

**ഭൂമിയുടെ തരംമാറ്റൽ വേഗത്തിലാക്കാൻ നടപടി**

22(*112) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സർക്കാർ പലപ്രാവശ്യം നിർദ്ദേശം നൽകിയിട്ടും ഭൂമി തരംമാറ്റൽ സംബന്ധിച്ച അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിലുണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

22.02.2022-ലെ സ.ഉ(കൈ)നം.56/2022/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സത്വരമായി തീർപ്പാക്കുന്നതാണ്. അയ്യായിരത്തിലധികം അപേക്ഷകൾ തീർപ്പാക്കാനുള്ള ഒമ്പത് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഒരു ജൂനിയർ

സൂപ്രണ്ട്, നാല് ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ; രണ്ടായിരത്തിനും അയ്യായിരത്തിനുമിടയ്ക്ക് അപേക്ഷകളുള്ള ഒൻപത് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, രണ്ട് ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ; ആയിരത്തിനും രണ്ടായിരത്തിനുമിടയ്ക്ക് അപേക്ഷകൾ അവശേഷിക്കുന്ന അഞ്ച് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ രണ്ട് ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ; അയ്യായിരത്തിലധികം അപേക്ഷകൾ തീർപ്പാക്കാനുള്ള ഒൻപത് റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും രണ്ടായിരത്തിനും അയ്യായിരത്തിനുമിടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള ഒൻപത് റവന്യൂ ഡിവിഷണൽ ഓഫീസുകളുടേയും പരിധിയിൽ വരുന്ന അമ്പത്തിയൊന്ന് താലൂക്കുകളിൽ ഒരു ക്ലാർക്ക്, മൂന്ന് സർവ്വേയർ; നൂറിനുമുകളിൽ അപേക്ഷകൾ വരുന്ന വില്ലേജുകളിൽ ഭൂമിയുടെ തരംമാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു ക്ലാർക്ക് എന്നിങ്ങനെ ആകെ 990 തസ്തികകൾ സൃഷ്ടിക്കുന്നതിനും അപേക്ഷകളുടെ എണ്ണം കൂടുതലുള്ള 680 വില്ലേജുകളിൽ വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അതോടൊപ്പം ഐ.ടി. അനുബന്ധ ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങുന്നതിനായി അഞ്ച്

കോടി തൊണ്ണൂറ്റിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം രൂപ അനുവദിച്ചും ഉത്തരവായിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള നടപടികൾ ഇതിനകംതന്നെ ബന്ധപ്പെട്ട ആഫീസുകൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പുകല്പിക്കുന്നതിനായി നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തി ഫയൽ തീർപ്പാക്കൽ നടപടികൾക്ക് പ്രഥമ പരിഗണന നൽകിവരുന്നു. തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിനായി വിവിധ ആർ.ഡി.ഒ.-കളുടെ പരിധിയിൽ 119 പ്രത്യേക അദാലത്തുകൾ നടത്തിയിട്ടുണ്ട്. ഭൂമി തരംമാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഊർജ്ജിത/തീവ്രയത്ന പരിപാടികളോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും അപേക്ഷകളിന്മേൽ എകീകൃത നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) തയ്യാറാക്കിനൽകിയിട്ടുണ്ട്. മേല്പറഞ്ഞ നടപടികൾ നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ തരംമാറ്റത്തിനുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കിവരികയാണ്. നാളിതുവരെ ലഭിച്ച 204409 ഓഫ്‌ലൈൻ

അപേക്ഷകളിൽ 136291 എണ്ണം തീർപ്പാക്കുകയും ബാക്കിയുള്ള 68118 എണ്ണം നവംബർ മാസത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ എട്ട് ആർ.ഡി.ഒ-കളിൽ തീർപ്പാക്കാനുള്ള ഓഫ്‌ലൈൻ അപേക്ഷകൾ ഓഗസ്റ്റ് മാസത്തിൽ തീർപ്പാക്കും.

(ബി) അർഹതപ്പെട്ടവർക്ക് എത്രയുംവേഗം ഭൂമി തരംമാറ്റി കിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിച്ചും അപേക്ഷകൾ സമർപ്പിക്കുന്നതിന് പൂർണ്ണമായും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയും അപേക്ഷകളിന്മേൽ അതിവേഗം തീർപ്പുകല്പിക്കുന്നതിനായി നിശ്ചിത കാലയളവുകളിൽ അദാലത്തുകൾ സംഘടിപ്പിച്ചും മുൻഗണനാക്രമത്തിന് വിധേയമായി അർഹതപ്പെട്ടവർക്ക് എത്രയുംവേഗം ഭൂമി തരംമാറ്റി കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിലൂടെ അപേക്ഷകളുടെ തീർപ്പാക്കൽ നടപടിയിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, റവന്യൂ

ഡിവിഷണൽ ഓഫീസുകളിൽ ദിവസേന തീർപ്പാക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ പരിശോധിക്കുകയും അതിന്റെയടിസ്ഥാനത്തിൽ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ റവന്യൂ ഡിവിഷണൽ ഓഫീസർമാക്ക് നൽകുകയും ചെയ്തുവരുന്നുണ്ട്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ലിന്റെ ലഭ്യത

23(*113) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് ലഭിക്കാത്തത് നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് സമയബന്ധിതമായി ലഭ്യമാക്കാൻ കരാർ കമ്പനിക്ക് സാധിക്കാത്തത് നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നാളിതുവരെ ഏകദേശം 29.87 ലക്ഷം ടൺ കരിങ്കല്ലാണ് പുലിമുട്ട് നിർമ്മാണത്തിനായി

ഉപയോഗിച്ചിട്ടുള്ളത്. പുലിമുട്ട് നിർമ്മാണം വൈകുന്നത് തുറമുഖത്തിന്റെ മറ്റ് നിർമ്മാണപ്രവൃത്തികളായ ഡ്രഡ്ജിംഗ് & റിക്ലമേഷൻ, ബർത്ത് നിർമ്മാണം തുടങ്ങിയവയുടെ പുരോഗതിയെയും തുറമുഖത്തിന്റെ പൂർത്തീകരണത്തെയും പ്രതികൂലമായി ബാധിച്ചിട്ടുമുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിൽനിന്ന് കരിങ്കല്ല് എത്തിക്കുന്നതിന് സർക്കാർതലത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പദ്ധതിക്കായി തമിഴ്നാട്ടിലെ ക്വാറികളിൽനിന്നും പാറ ലഭ്യമാക്കുന്നതിനും ഇത് തടസ്സരഹിതമായി റോഡ് മാർഗ്ഗം പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുമായി തമിഴ്നാട് സർക്കാരിന്റെ സഹകരണം തേടിയിട്ടുണ്ട്. നാളിതുവരെ പദ്ധതിക്കായി ലഭ്യമാക്കിയ 39.78 ലക്ഷം ടൺ പാറയിൽ 13.36 ലക്ഷം ടൺ (33%) കരിങ്കല്ല് തമിഴ്നാട്ടിൽനിന്നാണ് എത്തിച്ചിരിക്കുന്നത്. ഇനിയും കൂടുതൽ പാറ തമിഴ്നാട്ടിൽനിന്നും എത്തിക്കുന്നതിനാവശ്യമായ സഹായങ്ങൾ കരാർ കമ്പനിക്ക് നൽകിവരുന്നുണ്ട്.

**എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്**

24(*114) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്തെ മിച്ചഭൂമി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

കേരള ഭൂപരിഷ്കരണ നിയമം 1963-ലെ സെക്ഷൻ 82 പ്രകാരം നിശ്ചയിച്ചിട്ടുള്ള ഭൂപരിധിയിൽ കൂടുതൽ ഭൂമി വ്യക്തി/കുടുംബം/കമ്പനി കൈവശം വയ്ക്കുന്നുണ്ടെങ്കിൽ അതുകണ്ടെത്തി മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഏറ്റെടുക്കുന്നതിനുള്ള അധികാരം താലൂക്ക് ലാൻഡ് ബോർഡുകൾക്കാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ താലൂക്ക് ലാൻഡ് ബോർഡുകളും പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 77 ലാൻഡ് ബോർഡുകളിലായുള്ള മിച്ചഭൂമി

കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കി മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിനായി താലൂക്ക് ലാൻഡ് ബോർഡ് ജീവനക്കാർക്ക് പരിശീലനം നൽകി കേസ്സുകൾ തീർപ്പാക്കുന്നതിന് സമയക്രമവും ടാർജറ്റും നിശ്ചയിച്ചിട്ടുണ്ട്. താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തന പുരോഗതി എല്ലാ മാസവും അവലോകനം ചെയ്തുവരുന്നു. കൂടാതെ യുണീക് തണ്ടപ്പേർ സംവിധാനവും നടപ്പാക്കിവരുന്നു. യുണീക് തണ്ടപ്പേർ നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്ത് ഒരു വ്യക്തിക്ക് വിവിധ വില്ലേജുകളിൽ നിലവിലുള്ള ഭൂമിയും ഭാവിയിൽ ആർജ്ജിക്കുന്ന ഭൂമിയും ഒറ്റ തണ്ടപ്പേരിൽ വരുന്നതും കേരള ഭൂപരിഷ്കരണ നിയമം 1963-ലെ സെക്ഷൻ 82 അനുശാസിക്കുന്ന ഭൂപരിധി അധികരിക്കുന്നുണ്ടെന്ന് ഏകജാലകത്തിൽ കണ്ടെത്തിയാൽ ടി കക്ഷികൾക്കെതിരെ മിച്ചഭൂമി കേസ്സെടുത്ത് അധിക ഭൂമി ഏറ്റെടുക്കുന്നതിന് കഴിയും.

(ബി) വിദേശ കമ്പനികളുടെ കൈവശത്തിലുള്ളതും രേഖകളില്ലാത്തതുമായ ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി സംസ്ഥാനത്ത് 8

ജില്ലകളിലായി കൈവശം വച്ചിരുന്നതും കൈമാറ്റം ചെയ്തതുമായ 59623 ഏക്കർ ഭൂമി സംബന്ധിച്ച അന്വേഷണത്തിനായി 16.12.2005-ലെ ജി.ഒ(ആർ.ടി) 6562/05/ആർ.ഡി നമ്പർ ഉത്തരവുപ്രകാരം ഡോ. നിവേദിതാ പി. ഹരൻ IAS-ന്റെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി സർക്കാർ രൂപീകരിക്കുകയും പ്രസ്തുത സമിതി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി ഉൾപ്പെടെയുള്ള വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന 76769.80 ഏക്കർ ഭൂമിയിൽ ടി കമ്പനി 12658.16 ഏക്കർ ഭൂമി 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് കൈമാറി കഴിഞ്ഞതായും കമ്പനി യാതൊരു രേഖകളുടെയും പിൻബലമില്ലാതെ ആയിരക്കണക്കിന് ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നതായും കണ്ടെത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ-കൊച്ചി സർക്കാർ വിദേശ പൗരൻമാർക്കും കമ്പനികൾക്കും വ്യവസ്ഥകളോടെ നൽകിയിരുന്ന പാട്ടങ്ങളിലും ഗ്രാന്റുകളിലും ഉൾപ്പെട്ട ഭൂമി കരാറുകളിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതിനാൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 11, 12 എന്നിവയിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിയമ നടപടി സ്വീകരിക്കാമെന്ന്

കേരള, മുംബൈ ഹൈക്കോടതികളിൽ ജഡ്ജിയായിരുന്ന റിട്ട. ജസ്റ്റിസ് ശ്രീ. മനോഹരൻ നിയമോപദേശം നൽകിയിരുന്നു.

മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെയും നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർഭൂമി വീണ്ടെടുക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 10.09.2009-ലെ G.O.(Rt.) 3197/2009/RD നമ്പർ ഉത്തരവുപ്രകാരം ലാൻഡ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറായിരുന്ന ശ്രീ. സജിത് ബാബുവിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിക്കുകയും വിദേശ കമ്പനികളും പൗരൻമാരും സംസ്ഥാനത്തെ ഭൂനിയമങ്ങളും 1973-ലെ Foreign Exchange Regulation Act-ലെയും വ്യവസ്ഥകൾ ലംഘിച്ചത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ W.P.(c)**No.** 14251/2012, 213/2013 എന്നീ കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽനിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി 25.04.2013-ലെ ജി.ഒ.

(എം.എസ്.) 161/2013/ആർ.ഡി നമ്പർ ഉത്തരവുപ്രകാരം നിയമിച്ച സ്പെഷ്യൽ ഓഫീസർ & കളക്ടർ, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി മേൽപ്പറഞ്ഞവർ കൈവശം വച്ചിരിക്കുന്ന 38170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് കേരള ഭൂസംരക്ഷണ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ഫയൽ ചെയ്ത W.P.(c) No.33122/2014 & Others കേസുകളിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11.04.2018-ലെ വിധിന്യായത്തിൽ കേരള ലാൻഡ് കൺസർവൻസി ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് തർക്ക ഭൂമിയുടെ ഉടമസ്ഥത ഏകപക്ഷീയമായി നിർണ്ണയിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് 'ജൂറിസ്ഡിക്ഷൻ' ഇല്ലെന്ന് നിരീക്ഷിച്ച കോടതി, സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ഉടമസ്ഥത (title) സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സ്പെഷ്യൽ

ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നെങ്കിലും വിശദമായ വാദം കേൾക്കാതെതന്നെ അപ്പീലുകൾ തള്ളുകയുണ്ടായി. തുടർന്ന് സംസ്ഥാനത്ത് മെസ്സേഴ്സ്. ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റ് കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി 11.04.2018-ലെ W.P.(c) No. 33122/2014 & Others കേസുകളിലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 06.06.2019-ൽ സ.ഉ.(കൈ.)172/2019/റവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസിൽനിന്നും സർക്കാരിൽ ലഭ്യമാക്കിയ 48 തോട്ടങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനായി കൈമാറിയിരുന്നു. തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ജില്ലകളിൽ മെസ്സേഴ്സ്. ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ കമ്പനികളും കൈവശം വച്ചിരിക്കുന്ന 31334 ഏക്കർ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത (title) സ്ഥാപിക്കുന്നതിനായി 8 സിവിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്.

(വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു)+ ബാക്കി ജില്ലകളിലും അപ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) മലയോര മേഖലയിലെ ഭൂരഹിതർക്ക് പട്ടയം നൽകുന്നതിനായി രൂപം നൽകിയിട്ടുള്ള കർമ്മ പരിപാടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

1993-ലെ കേരള ഭൂമി പതിച്ചുനൽകൽ (01.01.1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം 01.01.1977-ന് മുമ്പ് വനഭൂമി കൈവശംവച്ച് വരുന്നവർക്ക് പട്ടയം നൽകുന്ന നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലുൾപ്പെടുന്ന വനഭൂമിയിൽ സംയുക്ത പരിശോധനകൾ നടത്തി ടി പരിശോധനാ വിവരങ്ങൾ ഓൺലൈനായി കേന്ദ്ര വനം വകുപ്പിന്റെ സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി ടി സ്ഥലങ്ങളുടെ ജി.പി.എസ്. കോ-ഓർഡിനേറ്റർമാർ ശേഖരിച്ചുവരുന്നു. സംയുക്ത പരിശോധനാ വിവരങ്ങൾ പൂർണ്ണമായും ലഭ്യമായ കേസുകളിൽ ടി വിവരം കേന്ദ്ര വനം വകുപ്പിന്റെ സൈറ്റിൽ അപ്‌ലോഡ് ചെയ്ത് കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടി ഭൂമിയിൽ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചുവരുന്നു. സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്രാനുമതിക്കായി വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുള്ള ജില്ലകളിലെ വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.+

(ഡി) ആദിവാസി വിഭാഗത്തിൽപ്പെട്ട മുഴുവൻ ജനങ്ങളെയും ഭൂമിയുടെ അവകാശികളാക്കുന്നതിന് റവന്യൂ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ടിലെ സെക്ഷൻ 10 പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവർ താമസിക്കുന്ന ജില്ലയിൽ 40 ആർ ഭൂമി വരെയും കേരള ഗവൺമെന്റ് ഭൂമി പട്ടികവർഗ്ഗങ്ങൾക്ക് പതിച്ചുനൽകൽ ചട്ടങ്ങൾ 2001-ലെ ചട്ടം 3 പ്രകാരം അധിവസിക്കുന്നതിനും കാർഷികാവശ്യങ്ങൾക്കുമായി വ്യവസ്ഥകൾക്ക് വിധേയമായും ഭൂമി പതിച്ചുനൽകുന്നു. 2006-ലെ പട്ടികവർഗ്ഗ ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ് പ്രകാരം അവകാശരേഖയും നൽകിവരുന്നു. കൂടാതെ കേന്ദ്രാനുമതി ലഭിച്ച 19000 ഏക്കർ നിക്ഷിപ്ത വനഭൂമി പട്ടികവർഗ്ഗക്കാർക്ക് പതിച്ചുനൽകുന്ന നടപടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജില്ലാതലത്തിൽ പുരോഗമിച്ചുവരുന്നു. ജില്ലകളിൽ നിക്ഷിപ്ത വനഭൂമി പതിച്ചുനൽകിയതിന്റെ വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.+

## സിൽവർ ലൈൻ പദ്ധതി

25(*115) ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ ഭാഗമായ കല്ലിടൽ നിർത്തിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിറക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഇല്ല.

(ബി) ജിയോ ടാഗ് സംവിധാനം വഴി അതിരടയാളം രേഖപ്പെടുത്താനും സാമൂഹികാഘാത പഠനത്തിന് ജി.പി.എസ്. സംവിധാനം ഉപയോഗിക്കാനുമാണോ പ്രസ്തുത ഉത്തരവെന്ന് വിശദമാക്കാമോ?

നിർദ്ദിഷ്ട പദ്ധതി കടന്നുപോകുന്ന സ്ഥലങ്ങളിലെ ബാധിക്കപ്പെടുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുടുംബങ്ങളെ കണ്ടെത്തി കൃത്യമായ വിവരശേഖരണം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റുകൾ നടത്തുന്നതിനുവേണ്ടി കെ-റെയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കല്ലുകൾ (boundary stones) സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. കല്ലിടൽ താമസിക്കുന്നതുമൂലം സാമൂഹ്യ പ്രത്യാഘാത പഠനം മന്ദഗതിയിലായിരിക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ, കെ.ആർ.ഡി.സി.എൽ. 5.05.2022-ലെ KRDCL/LA/16/2022-ാം നമ്പർ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. +/-10 cm സൂക്ഷ്മതയോടെയുള്ള LiDAR സർവ്വേ സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് പദ്ധതിയുടെ അലൈൻമെന്റ് അന്തിമമാക്കിയിരിക്കുന്നതെന്നും അതുകൊണ്ടുതന്നെ GPS സൗകര്യമുള്ള മൊബൈൽ ഫോൺ വഴിയോ DGPS സർവ്വേ ഉപകരണം വഴിയോ അലൈൻമെന്റ് കണ്ടത്താൻ കഴിയുമെന്നും ആയതിനാൽ ഭൂവുടമകൾ സമ്മതം നൽകുന്ന പ്രദേശങ്ങളിൽ കല്ലിടാവുന്നതും അല്ലാത്ത സ്ഥലങ്ങളിൽ നിയമപരമായി സാധുവാണെങ്കിൽ ജിയോ ടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകാനും ആവശ്യപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കല്ലുകൾ

സ്ഥാപിക്കുന്നതുകൂടാതെ ജിയോ ടാഗിംഗ് ഉപയോഗിക്കുന്നതിനും വീടുകൾ, മതിലുകൾ, മരങ്ങൾ മുതലായവ അടയാളപ്പെടുത്തി സർവ്വേ മുന്നോട്ടുപോകുന്നതിനും 16.05.2022-ലെ REV-B2/153/2022-REV നമ്പർ കത്ത് പ്രകാരം മാർഗ്ഗനിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) സാമൂഹ്യ ആഘാത പഠനം നടത്താൻ കല്ലിടൽ ആവശ്യമില്ല എന്നാണോ ഈ ഉത്തരവ് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ ആഘാത പഠനം നടത്താൻ കല്ലിടൽ ആവശ്യമില്ലെന്ന് പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടില്ല.

**ദേശീയപാത വികസനം**

26(*116) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എച്ച്. സലാം:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തടസ്സപ്പെട്ടുകിടന്നിരുന്ന ദേശീയപാത 66-ന്റെ വികസനപ്രവർത്തനങ്ങൾ പുനരാരംഭിച്ചത് 2016-2021 ഭരണകാലത്താണ്. ദേശീയപാത 66-ലെ 6 പദ്ധതികൾക്കാണ് ഈ കാലഘട്ടത്തിൽ അനുമതി ലഭ്യമായത്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ പരിഹരിച്ച് പ്രവൃത്തിക്ക് തുടക്കമിടാൻ കഴിഞ്ഞു. മികച്ച നഷ്ടപരിഹാര പാക്കേജ് ഉറപ്പാക്കി ജനങ്ങളെ വിശ്വാസത്തിലെടുത്ത് ഇച്ഛാശക്തിയോടെ സർക്കാർഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു. ഇതിനായി മറ്റൊരു സംസ്ഥാനത്തുമില്ലാത്ത തരത്തിൽ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം കേരളം വഹിക്കുന്നതിനുള്ള തീരുമാനം ഈ ഘട്ടത്തിലുണ്ടായി. പ്രധാനമന്ത്രി, കേന്ദ്രഉപരിതല ഗതാഗത വകുപ്പുമന്ത്രി എന്നിവരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരന്തരം നടത്തിയ ചർച്ചകൾക്കും സമ്മർദ്ദങ്ങൾക്കും ശേഷമാണ് ദേശീയപാത 66-ന്റെ നവീകരണം ആരംഭിച്ചത്. ദേശീയപാത 66-ലെ വികസനപ്രവർത്തനങ്ങൾ പൂർണ്ണമായും ആരംഭിക്കുന്നതും വേഗതയിലാകുന്നതും ഈ സർക്കാരിന്റെ ഭരണകാലത്താണ്. 15 റീച്ചുകളിലായി 520.664 കി.മീ. റോഡ് നിർമ്മാണത്തിന് അനുമതി ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ ഭാരത് മാല

പരിയോജനയിലുൾപ്പെടുത്തി 883.833 കിലോമീറ്റർ വരുന്ന 9 പദ്ധതികൾക്ക് ദേശീയപാത അതോറിറ്റിയുടെ Land Acquisition Committee അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. പുരോഗമിക്കുന്നു. ഇതിൽ 4 പദ്ധതികൾക്ക് "Land Acquisition Committee” Stage 2 അംഗീകാരം നൽകിയിട്ടുണ്ട്. 4 പദ്ധതികൾക്ക് "Land Acquisition Committee” Stage I അംഗീകാരം നൽകി. ഒരു പദ്ധതിയുടെ Stage I അംഗീകാരത്തിനായുള്ള നിർദ്ദേശം തയ്യാറായിവരുന്നു. ഭാരത് മാല പരിയോജനയിൽ വരുന്ന 11 Port Connectivity പദ്ധതികളുടെ "Land Acquisition Committee” അംഗീകാരത്തിനായുള്ള Stage I Proposal ദേശീയപാത അതോറിറ്റി തയ്യാറാക്കിവരുന്നു. പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കലും പുരോഗമിക്കുന്നു. NH 544-ൽ ഉൾപ്പെട്ട കുതിരാൻ ടണൽ പൂർത്തിയായി ഗതാഗതത്തിന് തുറന്നുകൊടുക്കാനായത് ഈ സർക്കാരിന്റെ ഇച്ഛാശക്തിയുടെയും നിരന്തര ഇടപെടലിന്റെയും ഭാഗമായാണ്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കീഴിലുള്ള ദേശീയപാതകളിൽ നിലവിൽ സമയബന്ധിതമായി പരിപാലനവും ബലപ്പെടുത്തൽ പ്രവൃത്തികളും കേന്ദ്രഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ

ഫണ്ട് വിനിയോഗിച്ച് നടന്നുവരികയാണ്. ദേശീയപാത വിഭാഗത്തിന് കൈവശമുള്ള എൻ.എച്ച്. 183, 183 A, 185, 766 എന്നീ നിരത്തുകൾ 2 lane with paved shoulder-ആയി മെച്ചപ്പെടുത്തുന്നതിന്റെ ഡി.പി.ആർ. പ്രവൃത്തികൾ പുരോഗതിയിലാണ്. ആയതിനുള്ള സ്ഥലമേറ്റെടുക്കലിന്റെ പ്രാരംഭപ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. നിലവിൽ 978.58 കോടി രൂപയുടെ 18 strengthening പ്രവൃത്തികളും 39.48 കോടി രൂപയുടെ ഒരു periodical renewal പ്രവൃത്തിയും 10.40 കോടി രൂപയുടെ ഒരു റോഡ് safety പ്രവൃത്തിയുമാണ് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കീഴിൽ നടന്നുവരുന്നത്. ഇതുകൂടാതെ എൻ.എച്ച്. 766 (പുതുപാടി മുതൽ മുത്തങ്ങ), 185 എന്നീ ദേശീയപാതയിൽ സ്ഥലമേറ്റെടുക്കലിനായി 3(A) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകിയ 12 ദേശീയപാതകളിൽ 11 എണ്ണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കൽ പുരോഗമിക്കുന്നു. പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കി.മീ. നീളത്തിലും 70 മീറ്റർ വീതിയിലും ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്നതും സംസ്ഥാന ഗവൺമെന്റ് ഭൂമി ഏറ്റെടുക്കലിന്റെ 50% തുക വഹിക്കേണ്ടതുമായ ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് 04.02.2019-ലെ

സഉ(കൈ) 181/2019/പൊമവ പ്രകാരം സംസ്ഥാന ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിന് NHAI-യുടെ L.A. Committee അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മുഖ്യമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി തലങ്ങളിൽ നിശ്ചിത ഇടവേളകളിലും ജില്ലാതലത്തിൽ പ്രത്യേകമായും അവലോകന യോഗങ്ങൾ ചേർന്ന് പ്രവൃത്തി വിലയിരുത്തുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ പൂർത്തിയാക്കിയതും നിർമ്മാണത്തിലുള്ളതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

ദേശീയപാത 66-ന്റെ വികസനത്തിനാവശ്യമായ 1079.06 ഹെക്ടർ ഭൂമിയിൽ 1062.96 ഹെക്ടർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരമായി അനുവദിക്കപ്പെട്ട 21827.34 കോടി രൂപയിൽ 19363.58

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. ഭൂമി ഏറ്റെടുക്കലിന്റെയും നഷ്ടപരിഹാര വിതരണത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ഭൂമിയുടെ നഷ്ടപരിഹാരത്തുകയുടെ 25% സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഈ ഇനത്തിൽ ആകെ 5580,73,80,071/- രൂപ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സർവ്വീസ് റോഡുകളുടെയും നിർമ്മാണ-പരിപാലനത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള അർബൻ ലിങ്ക് റോഡുകളുടെയും ഉപപാതകളുടെയും സർവ്വീസ് റോഡുകളുടെയും നിർമ്മാണവും പരിപാലനവും ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ദേശീയപാത വിഭാഗം ചെയ്യാറുണ്ട്. കൂടാതെ നാഷണൽ ഹൈവേ അതോറിറ്റിയുടെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട റോഡുകളുടെ സർവ്വീസ് റോഡുകളും ഉപപാതകളും ബന്ധപ്പെട്ട ദേശീയപാത വികസന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവൃത്തിയിലുൾപ്പെടുത്തി ചെയ്യാറുണ്ട്. ഇതിന്റെ പരിപാലനം എൻ.എച്ച്.എ.ഐ.-യുടെ ഉത്തരവാദിത്വമാണ്.

**എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനവും സ്മാർട്ട്**

27(*117) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എം. മണി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) 2026-നുള്ളിൽ എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനവും സ്മാർട്ട് എന്ന ലക്ഷ്യം നിറവേറ്റാനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനും കേസുകൾ സമയബന്ധിതമായി തീർപ്പാക്കി മിച്ചഭൂമി ഏറ്റെടുക്കുന്നതിനും യുണീക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കി കൂടുതൽ മിച്ചഭൂമി കണ്ടെത്തി ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം കൂടുതൽ ഭൂമി കണ്ടെത്തി ഭൂരഹിതർക്ക് പതിച്ചുകൊടുത്തുകൊണ്ട് എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. ആധുനിക

സാങ്കേതികവിദ്യ ഉപയോഗിച്ച് നാലുവർഷംകൊണ്ട് സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച് മുഴുവൻ ഭൂമിക്കും രേഖ എന്ന ലക്ഷ്യം സാക്ഷാത്കരിക്കും. ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുന്നതോടെ എല്ലാ ഭൂമിക്കും വ്യക്തമായ ഉടമസ്ഥത ഉറപ്പാക്കാനാകും. സുതാര്യത ഉറപ്പാക്കി റവന്യൂ വകുപ്പിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ചുവടെ പറയുന്ന പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്.

1. ഇ- ഡിസ്ട്രിക്റ്റ്
2. ആർ.ആർ. ഓൺലൈൻ
3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online mutation)
4. റവന്യൂ ഇ-പേമെന്റ്
5. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)
6. റവന്യൂ മിത്രം
7. റവന്യൂ ഇ -സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ
8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ
9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ

10. FMB ഓൺലൈൻ

11. വില്ലേജ് വെബ്സൈറ്റ്

12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ (പുരോഗമിക്കുന്നു)

(ബി) ഈ സർക്കാർ അധികാരത്തിലെത്തി ഒരുവർഷത്തിനകം എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സമയബന്ധിതമായി പട്ടയങ്ങൾ നൽകാൻ രണ്ട് പട്ടയമിഷനുകളാണ് പ്രഖ്യാപിച്ചിരുന്നത്. ആദ്യ 100 ദിന കർമ്മപരിപാടിയിലൂടെ 13514-ഉം രണ്ടാം 100 ദിന കർമ്മപരിപാടിയിലൂടെ 41021-ഉം പട്ടയങ്ങളുൾപ്പെടെ ആകെ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ലാൻഡ് ട്രിബ്യൂണൽ മുമ്പാകെ ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് ഇടപെടലുണ്ടാകുമോ?

1.4.1964-ന് മുൻപ് ജന്മി-കുടിയാൻ ബന്ധത്തിൽപ്പെട്ട പാട്ടവ്യവസ്ഥകളോടെ ഭൂമി കൈവശംവച്ച് അനുഭവിച്ച് വന്നിരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് 1963-ലെ കേരള

ഭൂപരിഷ്കരണ നിയമപ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കുന്നതും കൈവശ ഭൂമിയിന്മേൽ fixity of tenure ഉണ്ടോയെന്ന് പരിശോധിക്കുന്നതും ക്രയസർട്ടിഫിക്കറ്റ് നൽകുന്നതും ലാൻഡ് ട്രിബ്യൂണലുകളാണ്. ഇതിനായി ലാൻഡ് ട്രിബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രിബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തി വിലയിരുത്തിവരുന്നു. കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡിൽനിന്നും പരിശീലനവും നൽകിവരുന്നു. ഈ സർക്കാർ രണ്ടാം 100 ദിന കർമ്മപരിപാടി ആവിഷ്കരിച്ചപ്പോൾ 126368 കേസുകളാണ് തീർപ്പാക്കാനായി ശേഷിച്ചിരുന്നത്. രണ്ടാം 100 ദിവസത്തിനുള്ളിൽ 39586 കേസുകൾ തീർപ്പാക്കാനും അർഹതയുണ്ടായിരുന്ന 35244 കുടുംബങ്ങൾക്ക് ലാൻഡ് ട്രൈബ്യൂണൽ മുഖാന്തരം ക്രമസർട്ടിഫിക്കറ്റ് നൽകാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) ജില്ല റവന്യൂ അസംബ്ലി കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇതിന്റെ

തുടർനടപടികൾക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

റവന്യൂ ഭവന നിർമ്മാണ-ദുരന്ത നിവാരണ വകുപ്പുകളിൽ 5 വർഷംകൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ, അവയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മാർഗ്ഗരേഖ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിഷൻ ആൻഡ് മിഷൻ 2021-26 എന്ന ജില്ലാ റവന്യൂ അസംബ്ലി പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ജില്ലാതലത്തിൽ റവന്യൂ വകുപ്പുമായും മറ്റു വകുപ്പുകളുമായും ബന്ധപ്പെട്ടുള്ള ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി 2021 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ തിരുവനന്തപുരം I.L.D.M.-ൽ വച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ റവന്യൂ അസംബ്ലി നടത്തിയിരുന്നു. യോഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിച്ച് റവന്യൂ ഡാഷ് ബോർഡ് തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നു. ഇതിനകം 710 എണ്ണം തീർപ്പാക്കിയിട്ടുള്ളതാണ്. റവന്യൂ അസംബ്ലിക്കുശേഷമുള്ള തുടർനടപടി കാര്യക്ഷമമായി നടന്നുവരുന്നു. എം.എൽ.എ. റവന്യൂ അസംബ്ലിയിലൂടെ

ഉന്നയിക്കുന്ന പ്രശ്നങ്ങൾ തീർപ്പാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു പ്രത്യേക സെൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ജില്ലാ റവന്യൂ അസംബ്ലി 28.06.2022 മുതൽ 20.07.2022 വരെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## സ്കൂളുകളിൽ ലഭ്യമാക്കുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം

28(*118) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ലഭ്യമാക്കുന്ന അരിയുടെയും മറ്റ് ഭക്ഷണ സാധനങ്ങളുടെയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഫെയർ ആവറേജ് ക്വാളിറ്റി (എഫ്.എ.ക്യൂ.) നിലവാരമുള്ള വൈറ്റ് പാർ ബോയിൽഡ് അരിയാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. എഫ്.സി.ഐ. മുഖാന്തരം ലഭ്യമാകുന്ന പ്രസ്തുത അരി പിന്നീട് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ

ലിമിറ്റഡിന്റെ (സപ്ലൈകോ) നിർദ്ദിഷ്ട ഔട്ട് ലെറ്റുകൾ (മാവേലി സ്റ്റോറുകൾ, സബ് ഡിപ്പോകൾ) വഴിയാണ് സ്കൂളുകൾക്ക് ലഭിക്കുന്നത്. എഫ്.സി.ഐ.-യുടേയും സപ്ലൈകോയുടേയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങളുടെ സംയുക്ത ഗുണമേന്മാ പരിശോധനയ്ക്കുശേഷമാണ് അരി എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് വിതരണത്തിനായി സപ്ലൈകോ എടുക്കുന്നത്. 2021 ഒക്ടോബർ മാസം മുതൽ ഫോർട്ടിഫൈഡ് അരിയാണ് ടി പദ്ധതിക്ക് അനുവദിക്കുന്നത്. ഫോർട്ടിഫൈഡ് അരിയുടെ ഗുണമേന്മ പരിശോധന എഫ്.സി.ഐ. തലത്തിൽ നടത്തപ്പെടുന്നുണ്ട്. അരി ഒഴികെ ഉച്ചഭക്ഷണ പദ്ധതിക്കായി വാങ്ങുന്ന പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, ഭക്ഷ്യ എണ്ണ മുതലായ ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സാധനങ്ങൾ കഴിവതും സർക്കാർ അംഗീകൃത ഏജൻസികളിൽനിന്ന് (സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ്) വാങ്ങണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാദേശിക ക്ഷീരസഹകരണ സംഘങ്ങളിൽനിന്നും അവ ഇല്ലാത്തിടങ്ങളിൽ മിൽമയിൽനിന്നും പാൽ വാങ്ങണമെന്നും സ്കൂളുകൾക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്.

(ബി) കായംകുളം ടൗൺ ഗവൺമെന്റ് യു.പി. സ്കൂളിലെ കുട്ടികൾക്ക് ഭക്ഷ്യ വിഷബാധയേറ്റ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; സ്കൂളിൽനിന്ന് ഉച്ചഭക്ഷണം കഴിച്ച 20 കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ച സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഭക്ഷ്യവിഷബാധയേറ്റതുമായി ബന്ധപ്പെട്ട് ടി സ്കൂൾ കുട്ടികൾ ആശുപത്രിയിൽ ചികിത്സ തേടിയ സംഭവത്തെത്തുടർന്ന് താഴെപ്പറയുന്ന നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത സ്കൂളിൽനിന്നും അരി, തുവര പരിപ്പ്, വൻപയർ, മുളക്, മുളകുപൊടി, മല്ലിപ്പൊടി എന്നീ ഭക്ഷ്യവസ്തുക്കളുടെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള സർക്കാർ അനലറ്റിക്കൽ ലബോറട്ടറിയിൽ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ലാബ് റിപ്പോർട്ട് ലഭ്യമാകുന്നതുവരെയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതുവരെയും ടി സ്കൂളിലെ ഉച്ചഭക്ഷണ പരിപാടി താൽക്കാലികമായി നിർത്തിവച്ചിരുന്നു. ടി പദ്ധതി

നടത്തിപ്പിനായി ലഭിച്ചതും വിനിയോഗിക്കാത്തതുമായ അരി മുഴുവനായും ബന്ധപ്പെട്ട സപ്ലൈകോയുടെ മാവേലി സ്റ്റോറുകളിലേയ്ക്ക് തിരികെ നൽകുകയും പകരം ഗുണമേന്മയുള്ള പുതിയ അരി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷണം പാകം ചെയ്യുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സ്കൂളിൽ സൂക്ഷിച്ചിരുന്ന പലവ്യഞ്ജനമടക്കമുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും നീക്കം ചെയ്തിട്ടുണ്ട്. കുടിവെള്ള പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂളിലെ മുഖ്യ ജലസ്രോതസ്സായ കിണർ ശുചീകരിച്ച് അണുവിമുക്തമാക്കുകയും ശുദ്ധജല ലഭ്യതയ്ക്കായി സ്ഥാപിച്ചിട്ടുള്ള ആർ.ഒ. പ്ലാന്റിൽ പുതിയ യു.വി. ലാമ്പ് സജ്ജീകരിക്കുകയും പഴയ ഫിൽട്ടറുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സ്വീകരിച്ചതിനുശേഷം 22.06.2022 മുതൽ ടി സ്കൂളിൽ ഉച്ചഭക്ഷണ പരിപാടി പുനരാരംഭിച്ചിട്ടുണ്ട്.

(സി) സ്കൂൾ കുട്ടികൾക്ക് നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പാകം ചെയ്ത ഉച്ചഭക്ഷണം സ്കൂൾ കുട്ടികൾക്ക് നൽകുന്നതിന് മുൻപായി ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതലയുള്ള അദ്ധ്യാപകൻ/അദ്ധ്യാപികയെ

കൂടാതെ ഒന്നോ രണ്ടോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾകൂടി ഭക്ഷണം രുചിച്ച് നോക്കുകയും ഭക്ഷണത്തിന്റെ ഗുണനിലവാരം സംബന്ധിച്ച അഭിപ്രായം ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. FSSAI (Food Safety and Standards Authority of India)-ടെ അംഗീകൃതവും NABL അക്രഡിറ്റേഷനുമുള്ള ലാബോറട്ടറിയിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നുള്ള ഭക്ഷണ സാമ്പിളുകൾ മൈക്രോബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പ്ലസ് വൺ, ഐ.ടി.ഐ. സീറ്റുകൾ**

29(*119) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി അതിജീവിച്ചുകൊണ്ട് പ്രശംസനീയമായ രീതിയിൽ എസ്.എസ്.എൽ.സി. പരീക്ഷ നടത്തി അഭിമാനകരമായ പരീക്ഷാഫലമുണ്ടായത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ

പ്രവർത്തന നേട്ടമായി വിലയിരുത്തുന്നുണ്ടോ?

എസ്.എസ്.എൽ.സി. പരീക്ഷ നടത്തി അഭിമാനകരമായ പരീക്ഷാഫലമുണ്ടായത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തന നേട്ടമായി വിലയിരുത്തുന്നുണ്ട്.

(ബി) മികച്ച രീതിയിലുള്ള വിജയം കരസ്ഥമാക്കിയവർക്കെല്ലാം ഇഷ്ടവിഷയങ്ങൾ പഠിക്കാനുള്ള അവസരം ലഭ്യമാക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടോ?

പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

(സി) വിജയികൾക്കെല്ലാം ഉപരിപഠനത്തിന് അവസരം ലഭിക്കുന്നതിന് പര്യാപ്തമായ പ്ലസ് വൺ, ഐ.ടി.ഐ. സീറ്റുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് SSLC വിജയികൾക്ക് ഐ.ടി.ഐ. ഉപരിപഠനത്തിന് ആവശ്യമായ 23298 സീറ്റുകൾ വ്യാവസായിക പരിശീലന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ഐ.ടി.ഐ.-കളിൽ നിലവിലുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷത്തേയും മുൻകാലങ്ങളിലേയും പ്രവേശനവിവരങ്ങൾ പ്രകാരം പര്യാപ്തമായ സീറ്റുകൾ ഹയർ സെക്കൻഡറി മേഖലയിൽ

നിലവിലുണ്ട്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

30(*120) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം 2022 ഡിസംബറിൽ പൂർത്തിയാക്കണമെന്ന് അദാനി പോർട്ടിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കരാർ പ്രകാരം 2019 ഡിസംബറിൽ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. ഇതിന് കഴിയാതെവന്ന സാഹചര്യത്തിൽ കൺസഷണയർ 2022 ജൂണിൽ ഒരു പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. 2022 അവസാനത്തോടെയോ 2023 ആദ്യമാസങ്ങളിലോ ആദ്യ കപ്പൽ

വിഴിഞ്ഞത്തെത്തുന്ന തരത്തിൽ പണികൾ പൂർത്തീകരിക്കാൻ നിർമ്മാണ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുലിമുട്ടിന്റെ നിർമ്മാണം 1800 മീറ്റർ പൂർത്തിയായി. ടഗ്ഗുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിക്കുന്നതിനനുസരിച്ച് മറ്റ് ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്ന വിധത്തിലാണ് പണികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ നിർമ്മാണത്തിൽ നാളിതുവരെ കൈവരിച്ച പുരോഗതി ചുവടെ ചേർക്കുന്നു:

| നിർമ്മാണ ഘടകം | പുരോഗതി |
|---|---|
| പുലിമുട്ട് | 33% (ഏകദേശം) |
| ഡ്രഡ്ജിംഗ് & റിക്ലമേഷൻ | 33% |
| കണ്ടെയ്നർ ബെർത്ത് | • പൈലിംഗ് - 100%<br>• ബീം, സ്ലാബ് പ്രീകാസ്റ്റിംഗ് - 100%<br>• ബെർത്തിന്റെ 'super structure' പണികൾ ആരംഭിക്കേണ്ടതുണ്ട്. |
| കണ്ടെയ്നർ യാർഡ് | 18% |
| തുറമുഖത്തിനായിട്ടുള്ള ഉപകരണങ്ങൾ | • കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.<br>• ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

(ബി) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട റെയിൽ, റോഡ് കണക്റ്റിവിറ്റി പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ?

**റോഡ് കണക്ടിവിറ്റി**

തുറമുഖത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ടി റോഡിനെ NH 66-മായി ബന്ധിപ്പിക്കുന്ന ജംഗ്ഷന് National Highway Authority of India (NHAI)-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് ഡെപ്പോസിറ്റ് വർക്കായി NHAI നിർവ്വഹിക്കാമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി 42 സെന്റ് സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു.

**റെയിൽ കണക്ടിവിറ്റി**

വിഴിഞ്ഞം തുറമുഖത്തെ തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന പുതിയ പാതയുടെ

നിർമ്മാണത്തിനായി കൊങ്കൺ റെയിൽവേ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR)-ന് ദക്ഷിണ റെയിൽവേ 2022 മാർച്ചിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 6.431 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്. സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

(സി) തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ ഉണ്ടാകുന്ന അനുബന്ധ സാധ്യതകൾ കണക്കിലെടുത്ത് തുറമുഖ വ്യവസായ രംഗത്തെ നിക്ഷേപ സാധ്യതകൾ തേടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

തുറമുഖവുമായി ബന്ധപ്പെട്ട അനുബന്ധ വികസന പ്രവർത്തനങ്ങൾക്കായി കൺസഷൻ കരാർ പ്രകാരം കരാർ കമ്പനിക്ക് 30 ഹെക്ടർ ഭൂമി കൈമാറിയിട്ടുണ്ട്. ഇവിടെ കൺസഷണയർ തന്നെ വിവിധ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. തുറമുഖത്തിന്റെ വികസന സാധ്യതകൾ കണക്കിലെടുത്ത് Seafood Park, Skill Development Park തുടങ്ങിയ സംരംഭങ്ങൾ സർക്കാർതന്നെ നടപ്പിലാക്കിവരുന്നുണ്ട്. വിഴിഞ്ഞം തുറമുഖ വികസനത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു Outer Ring Road പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ റോഡ് കേന്ദ്രീകരിച്ച് ഒരു Outer Area

Growth Corridor പദ്ധതിയും പരിഗണനയിലുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽവരുന്ന കെട്ടിടങ്ങളും അനുബന്ധ റോഡുകളും

1(1159) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിൻകീഴിൽ എത്ര കെട്ടിടങ്ങളും എത്ര കിലോമീറ്റർ അനുബന്ധ റോഡുകളുമുണ്ടെന്ന് വ്യക്തമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ 264 കെട്ടിടങ്ങളും 17.30 കി. മീ. അനുബന്ധ റോഡുകളുമാണുള്ളത്.

(ബി) പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിനുകീഴിൽ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണെന്നും നിലവിലെ സ്റ്റാറ്റസ് എന്താണെന്നും വിശദമാക്കാമോ?

നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികളുടെയും നടന്നുവരുന്ന

പ്രവൃത്തികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിനുകീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2021 ഏപ്രിൽ മാസത്തിനുശേഷം പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

2(1160) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് പ്രയോജനപ്പെടുത്തി 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഓരോ പ്രവൃത്തികളുടെയും നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

(എ-സി) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് പ്രയോജനപ്പെടുത്തി 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ, ഓരോ പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും, പ്രവൃത്തികളുടെ നിർമ്മാണം, ഘട്ടം എന്നിവ സംബന്ധിച്ച പൊതുമരാമത്ത് നിരത്ത്, കെട്ടിടങ്ങൾ വിഭാഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണം

3(1161) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ഓഫീസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നിർമ്മാണം എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വീകരിക്കുമോ?

(എ & ബി) മാവേലിക്കര താലൂക്ക് ഓഫീസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 03.11.2020-ലെ G.O.(Rt)No. 418/2020/P&EA പ്രകാരം 4,40,00,000/- രൂപയുടെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നത് പരിശോധിച്ചുവരുന്നു. പരിശോധന പൂർത്തിയായാൽ ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) താലൂക്ക് ഓഫീസ് വാടക കെട്ടിടത്തിലേക്ക് മാറുന്നതുമായി ബന്ധപ്പെട്ട് വാടക നിശ്ചയിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വാടക നിർണ്ണയം നടന്നുവരികയാണ്.

## നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണം

4(1162) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം

നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(എ & ബി) നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വാർക്കൽ, ടൈൽ പാകുന്നത്, ചുവർ പൂശൽ, ജനലുകളുടെയും വാതിലുകളുടെയും നിർമ്മാണം, ബാത്ത് റൂമുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പെയിന്റിംഗ് ജോലി ആരംഭിച്ചു. കോവിഡ് 19 നിയന്ത്രണങ്ങൾ, മഴ നിർമ്മാണ സാമഗ്രികൾക്ക് അനുഭവപ്പെട്ട ദൗർലഭ്യം എന്നിവയും നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

നിർമ്മാണ പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

**മഞ്ചേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

5(1163) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണ്ടിക്കാട് റസ്റ്റ്ഹൗസിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സാമ്പത്തിക ലഭ്യത അനുസരിച്ച് പരിഗണിക്കുന്നതാണ്.

(ബി) മഞ്ചേരിയിൽ സർക്കാർ നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണത്തിന് 2017-ൽ 14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിഗണനയിലാണ്.

(സി) മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആർക്കിടെക്റ്റ് തയ്യാറാക്കിയ പ്ലാൻ ഡിസൈൻ ലഭിക്കുന്നതിനുവേണ്ടി കോഴിക്കോട് ഡിസൈൻ വിംഗിന്റെ

പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയുമാണ്.

(ഡി) മഞ്ചേരിയിൽ പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കോടതി സമുച്ചയത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾക്കുള്ള 356 ലക്ഷം രൂപയുടെ റിവൈസ്ഡ് ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിന് സാങ്കേതികാനുമതിക്കും ടെണ്ടറിനും നടപടി സ്വീകരിച്ചുവരികയാണ്.

(ഇ) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിട നിർമ്മാണത്തിന് ഡി.പി.ആർ. സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉണ്ട്. Rate Revision വന്നതിനാൽ പുതിയ റേറ്റായ DSR (Delhi Schedule of Rates) 2018 പ്രകാരം പുതിയ പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികളുടെ നോമെൻക്ലേച്ചർ മാറ്റം**

6(1164) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പ്രവൃത്തികളുടെ നോമെൻക്ലാച്ചർ മാറ്റത്തിന് അനുമതി ലഭ്യമാക്കുന്നതിന് ധാരാളം സമയമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

നിലവിൽ മരാമത്ത് പ്രവൃത്തികളുടെ നോമെൻക്ലേച്ചർ മാറ്റത്തിനുള്ള അനുമതി താമസംവിനാ നൽകുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്.

(ബി) അടങ്കൽ തുകയിൽ അധികരിക്കാതെയുള്ള ഇത്തരം മാറ്റങ്ങൾക്ക് അതിവേഗം തീർപ്പ് കല്പിക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളാണ് നോമെൻക്ലേച്ചർ മാറ്റത്തിന് നടപടികൾ സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ തിരുവള്ളൂർ-ആയഞ്ചേരി റോഡ് (കി. മീ. 4/300 മുതൽ 5/540 വരെ പുനരുദ്ധാരണം) പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ചീഫ് എഞ്ചിനീയർ, ചീഫ് ടെക്നിക്കൽ എക്സാമിനർ, പി.ഡബ്ല്യൂ.ഡി. സെക്രട്ടറി എന്നിവർ ഉൾപ്പെട്ട കമ്മിറ്റി വഴി പ്രസ്തുത പ്രവൃത്തികളുടെ അംഗീകാരം നൽകുന്നതിന് ഉദ്ദേശമുണ്ടോ എന്നറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## ചെടിലക്കടവ് പാലം നിർമ്മാണത്തിലെ കരാറുകാരന്റെ അനാസ്ഥ

7(1165) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൂണേരി-ചെക്ക്യാട് ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെടിലക്കടവ് പാലം നിർമ്മാണത്തിലെ കരാറുകാരന്റെ അനാസ്ഥ കാരണം കരാറുകാരനെ ഒഴിവാക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) കരാറുകാരനെ ഒഴിവാക്കി ടെണ്ടറിൽ രണ്ടാം സ്ഥാനത്ത് വന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പ്രസ്തുത പ്രവൃത്തി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) ചെടിലക്കടവ് പാലം നിർമ്മാണത്തിന് സൈറ്റിൽ ആവശ്യമായിവന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സപ്ലിമെന്റ് എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റിൽ അംഗീകരിച്ച നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരൻ തയ്യാറായില്ല. തുടർന്ന് പ്രവൃത്തിയിൽനിന്നും നഷ്ടടോത്തരവാദിത്വം ഇല്ലാതെ ഒഴിവാക്കുകയോ 2014 ഡി.എസ്.ഒ.ആർ.-ൽ നിന്നും 50 ശതമാനം നിരക്കുവർദ്ധന അനുവദിക്കുകയോ ചെയ്യാനാവശ്യപ്പെട്ട് കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഹൈക്കോടതിയുടെ 18-01-2022-ലെ വിധിയിൽ കരാറുകാരനെ ഹിയറിംഗ് നടത്തി തീരുമാനമെടുക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 25-01-2022 -ലും കരാറുകാരന്റെ ആവശ്യപ്രകാരം 31-01-2022-ലും ഹിയറിംഗ് നടത്തി. ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ കരാറുകാരന്റേതല്ലാത്ത കാരണത്താൽ ചെയ്യാൻ സാധിക്കാതിരുന്ന ഇനങ്ങൾക്ക് കരാറുകാരന്റെ നഷ്ടോത്തരവാദിത്വം ഇല്ലാതെയും അല്ലാത്ത ഇനങ്ങൾക്ക് കരാറുകാരന് നഷ്ടോത്തരവാദിത്വത്തോടെയും പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള

അനുമതിക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ 25-03-2022-ന് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മലയോര ഹൈവേ**

8(1166) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയിൽ കോളിച്ചാൽ ചെറുപുഴ റീച്ചിന്റെ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത പ്രവൃത്തിയിലെ വനഭൂമി ഒഴികെയുള്ള മുഴുവൻ ഭാഗത്തെയും ബി.എം. (Bituminous Macadam) വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 28.87 കിലോമീറ്ററിൽ 16.95 കി. മീ. ഭാഗത്തെ ബി.സി. (Bituminous Concrete) വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും ബി.സി. വർക്കുകൾ പൂർത്തീകരിക്കാനുള്ള ഭാഗത്തെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്നമുറയ്ക്ക് ബി.സി. പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. വനഭൂമിയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക കൂടി

ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് കിഫ്ബിയിലേക്ക് സമർപ്പിച്ച് അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പാതയിൽ ഇനിയും പ്രവൃത്തി പൂർത്തീകരിക്കാനുള്ള ഭാഗങ്ങൾ ഏതൊക്കെയാണെന്നും ആയതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

0/000 മുതൽ 19/450 ഭാഗത്തെ 2.78 കിലോമീറ്റർ വനഭൂമി ഒഴികെയുള്ള മുഴുവൻ ബി.സി. പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 19/450 മുതൽ 30/300 വരെയുള്ള ഭാഗത്തെ ബി.സി. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയതിനാലാണ് ആ ഭാഗത്തെ ബി.സി. പ്രവൃത്തികളും ആരംഭിക്കാൻ കഴിയാതെ വരുന്നത്. വനഭൂമിയുള്ള ഭാഗത്തെ പ്രവൃത്തികൾ ചെയ്യാനാവശ്യമായ തുകകൂടി ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചശേഷം

കിഫ്ബിയിലേക്ക് സമർപ്പിച്ച് അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭാഗത്തെ പ്രവൃത്തികളും ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത റീച്ചിൽ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 21-12-2021-ലെ 92-ാം ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. ന്യൂനതകൾ പരിഹരിക്കുന്നതിനായി കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നു. നിലവിൽ പ്രവൃത്തിക്കാവശ്യമായ വനഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ തുകകൂടി ഉൾപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള അംഗീകാരത്തിന് കാലതാമസം ഒഴിവാക്കി അംഗീകാരം നൽകി പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

റിവൈസ്ഡ് എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചതിനുശേഷം കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതാണ്.

**ഇരിക്കൂർ താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

9(1167) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

നബാർഡ് ധനസഹായത്തോടെയുള്ള സി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനായി 14-10-2020-ലെ സ.ഉ.(സാധാ)നം.1894/ 2020/ആ.കു.വ. പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കി ആരോഗ്യ വകുപ്പിന്റെ അനുമതി നേടിയിട്ടുണ്ട്. പ്രവൃത്തിയുടെ മണ്ണ് പരിശോധന പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിനെ ഏൽപ്പിക്കുകയും ടെന്റേറ്റീവ് ഡ്രോയിംഗ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുതിയ കെട്ടിട നിർമ്മാണത്തിനാവശ്യമായ ആർക്കിടെക്ചറൽ

ഡ്രോയിംഗ്, ടെന്റേറ്റീവ് സ്ട്രക്ചറൽ ഡിസൈൻ ഡ്രോയിംഗ് എന്നിവ ലഭ്യമായിട്ടുണ്ട്.

(സി) കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) ആശുപത്രി കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ച് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

**റോഡ് നിർമ്മാണ വേളയിലെ മുന്നറിയിപ്പ് സംവിധാനങ്ങൾ**

10(1168) ശ്രീ.മോൻസ് ജോസഫ്:
ശ്രീ.പി.ജെ.ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണ വേളയിൽ വേണ്ടത്ര മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്താത്തതുമൂലം അപകടങ്ങൾ സംഭവിക്കുന്നത് സംബന്ധിച്ച ഹൈക്കോടതി പരാമർശം സർക്കാർ

വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

(എ & ബി) റോഡ് നിർമ്മാണ വേളയിൽ വേണ്ടത്ര മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്താത്തതുമൂലം അപകടങ്ങൾ സംബന്ധിച്ച് ഹൈക്കോടതി പരാമർശം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ മേഖലകളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ മുൻകരുതലുകൾ സംബന്ധിച്ച കർശന നിർദ്ദേശങ്ങൾ 08-06-2022-ലെ CEPWD/12100/2020-Vig.AD നമ്പർ സർക്കുലർ പ്രകാരം ഭരണവിഭാഗം ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ചിട്ടുണ്ട്.

റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം നടക്കുന്ന മേഖലകളിൽ പാലിക്കേണ്ട സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച മാനദണ്ഡങ്ങൾ IRC SP55-2014-ൽ നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണ മേഖലകളിലെ തൊഴിലാളികളുടെയും കാൽനടയാത്രക്കാരുടെയും വാഹന ഉപഭോക്താക്കളുടെയും സുരക്ഷിതത്വത്തിന് സ്വീകരിക്കേണ്ട നടപടി ഇതിലുൾപ്പെടുത്തിയിരിക്കുന്നു. നിർമ്മാണ മേഖലകളിൽ കോൺട്രാക്ടറുടെ

ഉത്തരവാദിത്വത്തിൽ സ്വീകരിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ച് കരാർ വ്യവസ്ഥയുടെ ഭാഗമായുള്ള Standard Bid Document-ൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും ആയവ പ്രസ്തുത നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നിർമ്മാണ മേഖലകളിൽ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ Visibility ഉറപ്പുവരുത്തുന്നതിനായുള്ള വെളിച്ചത്തിനുള്ള ക്രമീകരണങ്ങളും കോൺട്രാക്ടർ ഉറപ്പുവരുത്തണം. നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ 05-11-2019-ലെ GL(Tech)/CE/R&B/RSW/2018-111 നമ്പർ കത്ത് പ്രകാരം നിർമ്മാണ മേഖലകളിൽ പാലിക്കേണ്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വലിൽ ക്ലോസ് 2107, 2407.23, അപ്പന്റിക്സ് 2100, സെക്ഷൻ 1000 എന്നിവയിൽ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

പ്രസ്തുത സർക്കുലറുകളിലെയും പൊതുമരാമത്ത് വകുപ്പ് മാന്വലിലെയും നിർദ്ദേശങ്ങൾ നിർമ്മാണ മേഖലകളിൽ പാലിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട

ഓഫീസർ ഉറപ്പുവരുത്തേണ്ടതും ആയതിൽ വീഴ്ചവരുത്തിയാൽ ഡിപ്പാർട്ടുമെന്റ് നടപടിക്രമങ്ങൾക്ക് വിധേയരാകുന്നതുമാണ്. സുരക്ഷാ മുൻകരുതലുകൾ ഏർപ്പെടുത്തുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന അനാസ്ഥയ്ക്ക് പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രവൃത്തി നിർത്തി വയ്ക്കുന്നതിനും എഗ്രിമെന്റ് റദ്ദാക്കി പ്രവൃത്തിയിൽനിന്നും ഒഴിവാക്കുന്നതിനും സാധിക്കും. കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) അപകടത്തിൽപ്പെട്ടവർക്ക് യഥാസമയം അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സുരക്ഷാക്രമീകരണങ്ങളിലുണ്ടാകുന്ന വീഴ്ചമൂലം ഏതെങ്കിലും തരത്തിൽ അപകടമുണ്ടായാൽ അതിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. അത്തരത്തിലുള്ള നഷ്ടപരിഹാരം നൽകുന്നതിൽ വീഴ്ചവരുത്തിയാൽ ടി കരാറുകാരന്റെ ബിൽത്തുകയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുവേണ്ട നടപടി കൈക്കൊള്ളുന്നതാണ്.

**കാട്ടാക്കട ടൗൺ വികസനം**

11(1169) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ടൗൺ വികസനത്തിന്റെ രണ്ടും മൂന്നും ഘട്ടത്തിനായുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ആയത് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല. കാട്ടാക്കട ടൗൺ വികസനത്തിന്റെ രണ്ടും മൂന്നും ഘട്ടത്തിന് ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. പൊതുമരാമത്ത് വകുപ്പ് പ്രോജക്ട് പ്രിപ്പറേഷൻ വിഭാഗത്തിൽനിന്നും ഡ്രോയിംഗ് തയ്യാറാക്കി സാധ്യതാപഠനം നടത്താനായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് നൽകിയിട്ടുണ്ട്. കാട്ടാക്കട ടൗൺ വികസനത്തിന്റെ രണ്ടും മൂന്നും ഘട്ടങ്ങളിലായി 4 റോഡുകളുടെ വികസനത്തിന്റെ പ്രൊപ്പോസൽ നിലവിലുണ്ട്.

പ്രസ്തുത പ്രവൃത്തിയിൽ വിവിധ ഘട്ടങ്ങളിലുൾപ്പെട്ട റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. രണ്ടാം ഘട്ടം

പൂച്ചെടിവിള-പെരുംകുളത്തൂർ റോഡ്

II. മൂന്നാം ഘട്ടം

ചാരുപാറ-മാവിള റോഡ്

കുളത്തുമ്മൽ-ചാരുപാറ റോഡ്

പെരുംകുളത്തൂർ-മിനി സിവിൽ സ്റ്റേഷൻ റോഡ്

ഇതിൽ രണ്ടാംഘട്ടത്തിലെ ക്രമ നം. (1), മൂന്നാം ഘട്ടത്തിലെ ക്രമ നം. (1) എന്നിവയുടെ സാധ്യതാ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ഡിസൈന് നൽകിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിലെ ക്രമ നം. (2), ക്രമ നം. (3) എന്നിവയുടെ സാധ്യത വിശദമായി പരിശോധിച്ചുവരുന്നു.

## കുളിമാട് പാലത്തിന്റെ തകർച്ച

12(1170) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലത്തിന്റെ സ്ലാബുകൾ തകർന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം അന്വേഷണങ്ങളാണ് നടന്നതെന്ന് വ്യക്തമാക്കുമോ?

കുളിമാട് പാലത്തിന്റെ ബീമുകൾ താഴെ വീണതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം മുഖേനയുള്ള അന്വേഷണമാണ് നടന്നത്.

(ബി) ഇവയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ലഭിച്ചിട്ടുണ്ട്. വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി സർക്കാർ അംഗീകരിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പാലത്തിന് മറ്റ് ബലക്ഷയമുണ്ടോയെന്ന് സംസ്ഥാനത്തിന്റെ പുറത്തുനിന്നുള്ള സാങ്കേതിക വിദഗ്ധരെക്കൊണ്ട് പരിശോധന നടത്തുമോ എന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തിയ ഗുണനിലവാര പരിശോധനയുടെ എല്ലാ ഫലങ്ങളും തൃപ്തികരമാണ്. കൂടാതെ അപകടത്തിനുശേഷം NIT നടത്തിയ ഗുണനിലവാര പരിശോധനാ ഫലങ്ങളും തൃപ്തികരമാണ്. ആയതിനാൽ ഇതുവരെയുള്ള നിർമ്മിതികൾക്ക് ഗുണമേന്മ സംബന്ധിച്ച പ്രശ്നങ്ങളോ ആശങ്കയോ നിലനിൽക്കുന്നില്ല.

**മാവേലിക്കര ആയുർവേദ ആശുപത്രി നിർമ്മാണം**

13(1171) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ആയുർവേദ ആശുപത്രിക്ക് ബഡ്ജറ്റിൽ അനുവദിച്ച 5 കോടിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര ആയുർവേദ ആശുപത്രിക്ക് ബഡ്ജറ്റിൽ അനുവദിച്ച 5 കോടിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാഥമിക രൂപരേഖയ്ക്ക് ആശുപത്രി അധികൃതരുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അന്തിമ രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ; തടസ്സങ്ങൾ ഒഴിവാക്കി അടിയന്തരമായി നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റേണ്ടതുണ്ട്. ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് കെട്ടിടം നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മങ്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

14(1172) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണ് നടന്നുവരുന്നത്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ; ഇവയിൽ ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ ഒരാട്ടം പാലം വൈലോങ്ങര ബൈപ്പാസ്

നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കിറ്റ്കോയെ കൺസൽട്ടൻസിയായി നിയമിക്കുകയും അലൈൻമെന്റ് നിർവ്വഹണ ഏജൻസിയായ RBDCK പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഭൂമിയേറ്റെടുക്കലിനെതിരെ ഭൂവുടമകൾ ശക്തമായ എതിർപ്പുയർത്തിയതിനാൽ അലൈൻമെന്റ് മാറ്റി പരിഷ്കരിച്ച അലൈൻമെന്റിന് ഡ്രോയിംഗ് ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബിയിൽനിന്ന് അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

**നിര<u>ത്തു</u> വിഭാഗത്തിനു കീഴിൽ:**

1. NABARD XXV Improvements Providing BM & BC to Pariyapuram Angadippuram Railway gate Valambur road Km 2/700 to 8/400 in Mankada LAC-Widening, GSB, WMM laying, concrete work completed, 2.00 Km BM completed-1.60 Km JJM-ന്റെ റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യാനുണ്ട്. മഴ മാറിയാൽ BM & BC പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

2. General- Improvements and Providing BM & BC work to

Koottilangadi-Vallikkappatta road between Km 2/00 to 7/000 in Mankada LAC. ഭരണാനുമതി തുക-5 കോടി രൂപ, എഗ്രിമെന്റ് തുക-3.83 കോടി രൂപ, പ്രവൃത്തി 40 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

**പാലം വിഭാഗത്തിനു കീഴിൽ:**

1. കുറുവ (കീരംകുണ്ട്) പാലം പുനർ നിർമ്മാണം :-നിലവിൽ പ്രവൃത്തി 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചു. സുരക്ഷാ മുൻകരുതൽ പ്രവൃത്തികളും പെയിന്റിംഗ് പ്രവൃത്തികളും പുരോഗമിക്കുകയാണ്.
2. വെള്ളില ചോഴി പാലം പുനർനിർമ്മാണം:- പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാകുമ്പോൾ ഡിസൈൻ വിംഗിന് ഡ്രോയിംഗ് ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതാണ്.
3. വള്ളിക്കാപ്പറ്റ പാലം പുനർനിർമ്മാണം:- പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. ടെണ്ടർ നടപടി പുരോഗമിച്ചു വരുന്നു.
4. കുളത്തൂർ പാലം പുനർനിർമ്മാണം:-പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ

പ്രവൃത്തികൾ പൂർത്തീകരിച്ചു. റിപ്പോർട്ട് ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഡീറ്റെയിൽഡ് ഡ്രോയിംഗ് ലഭ്യമാകുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.ടി.പി. നിർവ്വഹിക്കുന്ന പെരുമ്പിലാവ്-നിലമ്പൂർ പുനരുദ്ധാരണ പ്രവൃത്തിയുടെ അങ്ങാടിപ്പുറം പഞ്ചായത്തിൽ വരുന്ന പൂപലം ഭാഗത്തെ ഉദ്ദേശം 1 കി. മീ. ദൂരത്തെ (കി. മീ. 44/300 മുതൽ 45/600 വരെ) ഓടയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

കെട്ടിട വിഭാഗത്തിനുകീഴിൽ മങ്കട GHSS Open Auditorium നിർമ്മാണത്തിന്റെ soil investigation പൂർത്തീകരിച്ചു.

(ബി) പ്രസ്തുത മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതും എന്നാൽ നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രവൃത്തികളുടെ മുൻഗണനാക്രമത്തിലുള്ള പട്ടിക ലഭ്യമാക്കുമോ?

<u>നിരത്ത് വിഭാഗത്തിനുകീഴിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ട</u>

<u>പദ്ധതികൾ:</u>

1. വാളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് (കി. മീ. 6/395 മുതൽ 20/055) BM & BC ചെയ്ത് നവീകരണം.
2. തിരുർക്കാട്-ആനക്കയം റോഡ് BM & BC പ്രവൃത്തി (കി. മീ. 0/000 മുതൽ 13/440 വരെ) (2.4 കി. മീ. ഒഴികെ).
3. മങ്കട-പട്ടിക്കാട് റോഡിൽ (കി. മീ. 4/500 മുതൽ 7/000 വരെയുള്ള) BM & BC ചെയ്യുന്നതിനുള്ള പ്രവൃത്തി.

**പൊതുമരാമത്ത് വകുപ്പിൽനിന്നും എൻ.ഒ.സി.**

15(1173) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശ ഭൂമിയുടെ അതിർത്തികളിലൂടെ പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം പൊതുമരാമത്ത് റോഡ് അതിർത്തിയായി

വരുന്ന പ്രദേശങ്ങളിലെ അപേക്ഷകർക്ക് വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) പൊതുമരാമത്ത് വക റോഡുകളോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങൾ പതിച്ചുനൽകുന്നതുമൂലം റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുമെന്നതിനാൽ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിക്കരുതെന്ന് 30-09-2000-ലെ സർക്കുലർ നമ്പർ 20541/സി3/2009/പൊ.മ.വ. പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ഇപ്രകാരമുള്ള അപേക്ഷകൾക്ക് എൻ.ഒ.സി. നൽകുന്നില്ല.

## പാപ്പിനിശ്ശേരി കൈത്തറി മ്യൂസിയം

16(1174) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി കൈത്തറി മ്യൂസിയം പദ്ധതിയുടെ പ്രവൃത്തി പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) പാപ്പിനിശ്ശേരി കൈത്തറി മ്യൂസിയം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ 04-03-2014-ലെ സ.ഉ.(സാധ) നം.436/2014/SCSTDD നമ്പർ സർക്കാർ ഉത്തരവുപ്രകാരം പട്ടികജാതി വകുപ്പിന്റെ ഫണ്ട് വഴി ടൂറിസം വകുപ്പ് മുഖേന കൈരളി ഹരിജൻ വീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സൊസൈറ്റിയുടെ ഓവറോൾ എൻഹാൻസ്മെന്റ് എന്ന പദ്ധതിക്ക് 143 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഡി.റ്റി.പി.സി.-യും പദ്ധതിയുടെ DPR തയ്യാറാക്കുന്നത് GITPAC എന്ന സ്ഥാപനവുമാണ്. എന്നാൽ 2021-ൽ പ്രസ്തുത സ്ഥാപനം സമർപ്പിച്ച DPR ടൂറിസം വീക്ഷണത്തിലുള്ളതല്ലാത്തതിനാൽ 30-11-2021-ൽ അഴീക്കോട് എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ടി പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി ചേർന്ന യോഗതീരുമാനപ്രകാരം ടൂറിസം കാഴ്ചപ്പാടിൽനിന്നുകൊണ്ട് കൈത്തറി മ്യൂസിയം ഉൾപ്പെടുന്ന പദ്ധതി രൂപവൽക്കരിക്കാൻ തീരുമാനിച്ചു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ കൺസെപ്റ്റ് നോട്ട് ആവിഷ്കരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ DPR തയ്യാറാക്കി ടൂറിസം വകുപ്പ് മുഖാന്തരം പട്ടികജാതി

വകുപ്പിന് സമർപ്പിക്കാനും തീരുമാനിച്ചു. തുടർന്ന് 30-12-2021-ന് അഴീക്കോട് എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം വിശദമായ DPR തയ്യാറാക്കുന്നതിന് ULCCS (Uralungal Labour Contract Co-operative Society Ltd)-നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും പ്രസ്തുത പദ്ധതിക്കായി ഒരു കോടി അമ്പതുലക്ഷം രൂപ തനത് ഫണ്ടിൽനിന്ന് മാറ്റിവയ്ക്കാമെന്ന് കൈരളി സൊസൈറ്റി ഭാരവാഹികൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം വീക്ഷണ കോണിൽനിന്നും Concept Note തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ULCCS-ന് നിർദേശം നല്കിയിട്ടുണ്ട്.

**കൂളിമാട് പാലം**

17(1175) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൂളിമാട് പാലം തകർന്നുവീണത് സംബന്ധിച്ച് പി.ഡബ്ല്യു.ഡി. നടത്തിയ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്?

കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വകുപ്പിനെ കൂടുതൽ ജനകീയമാക്കാൻ സ്വീകരിച്ച നടപടികൾ**

18(1176) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് പ്രവൃത്തികളിലെ അപാകതകൾ പൊതുജനങ്ങൾക്ക് ചൂണ്ടിക്കാട്ടാൻ കഴിയുംവിധം ജനകീയ ഇടപെടലുകൾക്ക് സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ & ബി) പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കാൻ പ്രവൃത്തികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ വ്യക്തമാക്കുന്ന DLP (Defect Liability Period) ബോർഡ് പൊതുമരാമത്ത് റോഡുകളിലും

പാലങ്ങളിലും കെട്ടിടങ്ങളിലും സ്ഥാപിക്കുന്നുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് പ്രവൃത്തി കഴിഞ്ഞതിനുശേഷം കരാറുകാരൻ പ്രസ്തുത ആസ്തി പരിപാലിക്കേണ്ടുന്ന തീയതി മനസ്സിലാക്കി ടി ആസ്തിയിലെ പരാതി പരിഹാരത്തിനായി കരാറുകാരനെയും അസിസ്റ്റന്റ് എഞ്ചിനീയറെയും നേരിട്ട് ബന്ധപ്പെടുന്നതിന് സാധിക്കുന്നു.

പൊതുമരാമത്ത് പ്രവൃത്തികളിലെ അപാകതകൾ പൊതുജനങ്ങൾക്ക് ചൂണ്ടിക്കാട്ടാൻ കഴിയുംവിധം ജനകീയ ഇടപെടലുകൾക്ക് സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ, PWD4U APP എന്ന മൊബൈൽ ഫോൺ ആപ്ലിക്കേഷൻ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് പരാതികൾ ഫോട്ടോ സഹിതം വകുപ്പിന് അയയ്ക്കുന്നതിന് സാധിക്കുന്നു. പരാതിക്ക് പരിഹാരം കണ്ടശേഷം പരാതിക്കാരനെ വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കുകയും ചെയ്യുന്നു.

ജനങ്ങൾ 'കാഴ്ചക്കാരല്ല-കാവൽക്കാരാണ്' എന്ന സന്ദേശത്തിലൂടെ പ്രവൃത്തികളുടെ അവലോകനത്തിനും മാനേജ്മെന്റിനുമായുള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ, 'തൊട്ടറിയാം പി.ഡബ്ല്യു.ഡി'-യിലൂടെ വകുപ്പിന്റെ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ഇനിമുതൽ പൊതുജനങ്ങൾക്ക് നേരിട്ടറിയാം. പദ്ധതി ആരംഭിച്ചാൽ അത് പൂർത്തിയാകുന്നതുവരെ

പദ്ധതിയുടെ ഓരോ ഘട്ടത്തിലുമുള്ള പുരോഗതിയും അറിയാനാകുന്ന സംവിധാനമാണിത്.

"റിംഗ് റോഡ്" ഫോൺ ഇൻ പ്രോഗ്രാമിലൂടെ പ്രവൃത്തികളെക്കുറിച്ചുള്ള പരാതികൾ മന്ത്രിയെ നേരിട്ട് അറിയിക്കാനും പരിഹാരം കാണാനുള്ള സൗകര്യം, മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് ടീം, സോഷ്യൽ ഓഡിറ്റിംഗ് എന്നിവ നിലവിലുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും റോഡ് നിർമ്മാണത്തിലേയും അറ്റകുറ്റപ്പണിയിലേയും അഴിമതി തടയുന്നതിനുമായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാല സംബന്ധമായി റോഡുകളുടെ പരിപാലനത്തിനായി State Level Task Force-ഉം രൂപീകരിച്ചിട്ടുണ്ട്.

കെട്ടിട വിഭാഗത്തിനുകീഴിൽ പൊതുമരാമത്ത് റസ്റ്റ്ഹൗസുകൾ പൊതുജനങ്ങൾക്കുകൂടി ഓൺലൈൻ മുഖേന ബുക്ക് ചെയ്യാവുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്. റസ്റ്റ്ഹൗസുമായി ബന്ധപ്പെട്ട് പരാതികൾ പരിഹരിക്കുന്നതിന് സെൻട്രൽ കൺട്രോൾ റൂം രൂപവൽക്കരിക്കുകയുണ്ടായി. കെട്ടിടവിഭാഗവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ കോമ്പോസിറ്റ് ടെണ്ടർ

രീതിയിലാക്കിയിട്ടുണ്ട്.

## ക്ലിഫ്ഹൗസിൽ നിർമ്മാണ പ്രവൃത്തികൾ

19(1177) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ക്ലിഫ്ഹൗസിൽ ഏതൊക്കെ നിർമ്മാണ പ്രവൃത്തികൾ ആണ് പൊതുമരാമത്ത് വകുപ്പ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പാക്കിയിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെയും അടങ്കൽത്തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ക്ലിഫ്ഹൗസിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ആയുർവേദ ആശുപത്രിയുടെ സീലിംഗ് തകർന്നത്

20(1178) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്ത് പണി പൂർത്തീകരിച്ച പത്തനാപുരം തലവൂർ ആയുർവേദ ആശുപത്രിയുടെ സീലിംഗ് തകർന്നുവീണതിനു പിന്നിലെ ക്രമക്കേട് സംബന്ധിച്ച് പി.ഡബ്ല്യു.ഡി. അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തി നടപ്പാക്കിയത്; വിശദാംശം നൽകുമോ?

(എ & ബി) പത്തനാപുരം തലവൂർ ആയുർവേദ ആശുപത്രിയുടെ നിർമ്മാണം നടത്തിയത് പൊതുമരാമത്ത് വകുപ്പ് മുഖാന്തരം അല്ല.

**നബാർഡ് സഹായത്തോടെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ**

21(1179) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലയിൽനിന്നും പുതുതായി സമർപ്പിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അവയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

(എ & ബി) NABARD TRANCHE XXVIII-ൽ ഉൾപ്പെടുത്തുന്നതിനായി ഈ വർഷം 80 കോടി രൂപ നബാർഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇവയിലുൾപ്പെടുത്തേണ്ട പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കിവരുന്നു. അന്തിമ പട്ടിക നബാർഡിൽനിന്നും അംഗീകരിച്ചു കിട്ടിയാൽ കോഴിക്കോട് ജില്ലയിലുൾപ്പെട്ട പ്രവൃത്തികളുടെ പദ്ധതിരേഖയ്ക്ക് നബാർഡിന്റെ അംഗീകാരത്തിനുവിധേയമായി ഭരണാനുമതി നൽകുന്നതാണ്.

**മണിയൂർ വില്ല്യാപ്പള്ളി ഐ.ടി.ഐ.**

22(1180) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ വില്ല്യാപ്പള്ളി ഐ.ടി.ഐ. കെട്ടിടങ്ങളുടെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

മണിയൂർ ഐ.ടി.ഐ.-യുടെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. വില്ല്യാപ്പള്ളി ഐ.ടി.ഐ.-യുടെ സാങ്കേതികാനുമതിക്കുള്ള ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

(ബി) സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൂർത്തിയായതിനുശേഷം ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26-02-2020-ലെ സ.ഉ.(കൈ) നം.27/2020/പൊ.മ.വ. പ്രകാരം കോമ്പോസിറ്റ് ടെണ്ടർ ഇംപ്ലിമെന്റ് ചെയ്യുകയും 05-02-2021-ലെ സ.ഉ.(കൈ)നം.9/2021/പൊ.മ.വ. പ്രകാരം കോമ്പോസിറ്റ് ടെണ്ടർ രീതിയിൽ ടെണ്ടർ നടപടി നടത്തുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സിവിൽ ഉൾപ്പെടെ അനുബന്ധ പ്രവൃത്തികൾക്ക് നിലവിൽ സാങ്കേതികാനുമതി ലഭ്യമാക്കുന്നത് കോമ്പോസിറ്റ് ടെണ്ടർ രീതിയിലാണ്.

(സി) മണിയൂർ വില്ല്യാപ്പള്ളി ഐ.ടി.ഐ. കെട്ടിടങ്ങൾ എന്നാണ് ടെണ്ടർ ചെയ്യുന്നത് എന്നറിയിക്കാമോ?

സിവിൽ ഉൾപ്പെടെ അനുബന്ധ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയശേഷം കോമ്പോസിറ്റ് ടെണ്ടർ രീതിയിൽ നടപടി നടത്തുന്നതാണ്.

## മടത്തറക്കാണി ഹൈസ്കൂളിന്റെ ചുറ്റുമതിൽ പുനർനിർമ്മിക്കാൻ നടപടി

23(1181) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് വർഷം മുമ്പ് പൊളിച്ചുമാറ്റിയ പെരിങ്ങമ്മല പഞ്ചായത്തിലെ മടത്തറക്കാണി ഹൈസ്കൂളിന്റെ ചുറ്റുമതിൽ കെട്ടി നൽകുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

മലയോര ഹൈവേയുടെ നിർവ്വഹണ ചുമതല നേരത്തെ പൊതുമരാമത്ത് വകുപ്പിന്റെ കൊല്ലം നിരത്ത് വിഭാഗത്തിനായിരുന്നു. 28-12-2020-ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫയലുകൾ കെ.ആർ.എഫ്.ബി.-പി.എം.യു.-വിന് 31-08-2021-ൽ കൈമാറി. എന്നാൽ സ്കൂൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതിനാൽ ചുറ്റുമതിലിന്റെ എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-പി.എം.യു. തയ്യാറാക്കിയിട്ടില്ല.

(ബി) സ്കൂളിന്റെ സുരക്ഷ പരിഗണിച്ച് ആയത് അടിയന്തരമായി പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിയിരിക്കുന്നതിനാൽ ടി പ്രവൃത്തിയിലുൾപ്പെടുത്തി ചുറ്റുമതിൽ ചെയ്യാൻ സാഹചര്യമില്ല. തദ്ദേശസ്വയംഭരണ വകുപ്പ് ചുറ്റുമതിൽ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയാൽ മലയോര ഹൈവേ പദ്ധതിയിലുൾപ്പെടുത്തി കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി പ്രവൃത്തി നിർവ്വഹണത്തിനുള്ള തുക കൈമാറാനാകുമോയെന്ന് പരിശോധിക്കാവുന്നതാണ്.

**പൊതുമരാമത്ത് കെട്ടിട വിഭാഗം നടത്തി വരുന്ന പ്രവൃത്തികൾ**

24(1182) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുത്ത് നടത്തിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ-സി) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട

വിഭാഗം ഏറ്റെടുത്ത് നടത്തിവരുന്ന പദ്ധതികളും അവയുടെ പുരോഗതിയും ഓരോ പ്രവൃത്തികൾക്കും അനുവദിച്ചിട്ടുള്ള തുകയും അനുബന്ധമായി ചേർക്കുന്നു.+

## ബൈസൺവാലി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

25(1183) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ബൈസൺവാലി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും 3 കോടി രൂപ അനുവദിച്ചിരുന്നു. നാല് നിലകളിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനാണ് ആദ്യം തയ്യാറാക്കിയത്. എന്നാൽ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രകാരം safe bearing capacity കുറവായതിനാൽ പൈൽ ഫൗണ്ടേഷൻ വേണ്ടിവന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിർമ്മാണച്ചെലവിന്റെ ഭൂരിഭാഗവും പൈൽ ഫൗണ്ടേഷനുവേണ്ടി നീക്കിവയ്ക്കേണ്ടിവന്നു. ഈ സാഹചര്യത്തിൽ 2 നിലകളിൽ കെട്ടിടം നിർമ്മിച്ചാൽ മതിയെന്ന് സ്കൂൾ അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് അതിനുള്ള പുതുക്കിയ പ്ലാൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും soil investigation റിപ്പോർട്ടിൽ മാറ്റം വരുത്തണമെന്ന് ഡിസൈൻ വിഭാഗത്തിൽനിന്നും അറിയിച്ചിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ നടത്തിയ ഏജൻസിയോട് പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഡിസൈൻ വിഭാഗത്തിൽ ലഭിക്കുന്നമുറയ്ക്ക് ഡിസൈൻ പൂർത്തിയാക്കാവുന്നതാണ്.

(ബി) രണ്ട് നിലകൾ മാത്രമുള്ള കെട്ടിടങ്ങളുടെ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

ടി പ്രവൃത്തിയുടെ നിർമ്മാണത്തുക 3 കോടി രൂപയാണ്. 2 കോടി രൂപയ്ക്ക് മുകളിൽ വരുന്ന നിർമ്മാണങ്ങൾക്ക് AR Wing-ൽ നിന്നും ഡ്രോയിംഗ് ലഭ്യമാക്കേണ്ടതുണ്ട്.

(സി) പ്രസ്തുത സ്കൂളിന്റെ കെട്ടിട നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

AR Drawing പ്രകാരമുള്ള structural design ലഭ്യമായാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**പയ്യാമ്പലം ബീച്ച് വാക് വേ**

26(1184) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യാമ്പലം ബീച്ച് വാക് വേ രണ്ടാംഘട്ടം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രവൃത്തിക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ആയത് അറിയിക്കാമോ?

(എ & ബി) ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കടൽഭിത്തിയിലാണ് ' പയ്യാമ്പലം ബീച്ച് വാക് വേ' രണ്ടാംഘട്ട പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ ജലസേചന വകുപ്പിൽനിന്നുമുള്ള NOC-യും പ്രസ്തുത ഭാഗത്തെ കടൽഭിത്തിയുടെ സ്റ്റെബിലിറ്റി റിപ്പോർട്ടും ലഭിക്കുന്നമുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**പ്രവൃത്തി റീ ടെണ്ടർ ചെയ്യാൻ നടപടി**

27(1185) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ചെറുന്നിയൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ കരാറുകാരൻ മരണപ്പെട്ടതിനെത്തുടർന്ന് പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണ് വിശദമാക്കുമോ;

(ബി) റീ ടെണ്ടർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

(എ & ബി) ചെറുന്നിയൂർ ഗവൺമെന്റ് ഹൈസ്ക്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനായി ബാലൻസ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷൻ**

28(1186) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്തിന്മേലുള്ള തുടർനടപടി ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് കെട്ടിട  വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷന്റെ വിവിധ പ്രവൃത്തികളുള്ള സൈറ്റ് പരിശോധിച്ചു. സിവിൽ സ്റ്റേഷന്റെ മുറ്റത്തെ ടൈലുകളുടെ കേടുപാടുകൾ നികത്തുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനുമായി 16,60,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അനുമതി നൽകുന്നതിനുള്ള നടപടി പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിച്ചുവരികയുമാണ്.

പരാതിയിൽ സൂചിപ്പിച്ച ഡ്രെയിനേജ് സംവിധാനങ്ങൾ മുനിസിപ്പൽ പ്രദേശത്ത് വരുന്നതുകൊണ്ട് ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലാണ് ഇത് നടപ്പിലാക്കേണ്ടത്. ഓഫീസുകളിലെ ഫ്ലോർ ടൈലുകളുടെ അപാകതകൾ പരിഹരിക്കുന്നതിന് 52,30,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 25-06-2022-ന് ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. സിവിൽ സ്റ്റേഷന്റെ

പരിസരത്തും നാലാം നിലയിലെ തുറസ്സായ സ്ഥലത്തും എക്സൈസ് വകുപ്പിന്റെ തൊണ്ടിമുതലുകൾ നിക്ഷേപിച്ചത് മാറ്റുന്നതിന് ടി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നാലാം നിലയിലെ ടെറസിനുമുകളിൽ വാട്ടർ പ്രൂഫിംഗ് നൽകുന്നതിന് 14,36,000/- രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ടി കെട്ടിടത്തിന്റെ ലിഫ്റ്റ് പ്രവർത്തിക്കുന്നതിന് ഫയർ എൻ.ഒ.സി. സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 62,80,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 25-06-2022-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**റസ്റ്റ് ഹൗസ് നവീകരണം**

29(1187) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൈലന്റ് വാലി, അട്ടപ്പാടി ഉൾപ്പെടെയുള്ള മേഖലകളിലെ ടൂറിസം വികസന സാധ്യത കണക്കിലെടുത്ത് മണ്ണാർക്കാട് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ്, അഗളി ടി.ബി. എന്നിവ നവീകരിച്ച് ഭക്ഷണ സൗകര്യം ഉൾപ്പെടെയുള്ള കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

മണ്ണാർക്കാട് റസ്റ്റ് ഹൗസിൽ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. അഗളി റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം നിർദ്ദേശം സമർപ്പിക്കുന്നമുറയ്ക്ക് സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് പരിശോധിക്കാവുന്നതാണ്. നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് അഗളി, മണ്ണാർക്കാട് റസ്റ്റ് ഹൗസുകളിൽ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തുന്ന കാര്യവും പരിശോധിക്കാവുന്നതാണ്.

**ബൈപാസ് നിർമ്മാണം**

30(1188) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ വളയംകുളം റസ്റ്റ് ഹൗസിൽ ടേക്ക് എ ബ്രേക്ക് സംവിധാനം ഒരുക്കുന്നതിനോടൊപ്പം ഒരു മിനി കഫറ്റീരിയ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മിനി കഫറ്റീരിയ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) മണ്ഡലത്തിലെ പ്രധാന ട്രാഫിക് ചെക്ക് പോയിന്റായ ചന്തപ്പടിയിൽ ട്രാഫിക് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവിടെ ബൈപാസ് നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ദേശീയപാത വിഭാഗത്തിൽ നിലവിൽ പദ്ധതികളൊന്നുമില്ല.

## വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുറം റോഡ് പുനരുദ്ധാരണം

31(1189) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുറം റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ നിർമ്മിച്ച് പുനരുദ്ധാരണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

വളാഞ്ചേരി-അങ്ങാടിപ്പുറം വണ്ടൂർ-വടപുറം റോഡിൽ കി. മീ. 0/000 മുതൽ 6/395 വരെ ബി.സി. റിന്യൂ ചെയ്ത് നവീകരിച്ചിട്ടുണ്ട്. കി. മീ. 6/395 മുതൽ 20/055 വരെ (13.66 കി. മീ.) റോഡ് നവീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ഭരണാനുമതി നൽകുന്നത്.

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വളാഞ്ചേരി-അങ്ങാടിപ്പുറം വണ്ടൂർ-വടപുറം റോഡിൽ 6/395 മുതൽ 20/055 (13.66 കി. മീ. നീളം) ബി.എം. & ബി.സി. ചെയ്ത്

നവീകരിക്കുന്നതിന് ബഡ്ജറ്റ് 2022-23, വോള്യം-II പേജ് 33, ക്രമ നമ്പർ 656 പ്രകാരം 100/- രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.

**പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത റോഡുകൾ**

32(1190) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ഡബ്ല്യൂ.ഡി. വകുപ്പ് മുഖേന എത്ര റോഡുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയെന്നും ആയതിനായി എത്ര തുക അനുവദിച്ചെന്നും ആയതിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ 266 റോഡ് പ്രവൃത്തികൾക്കായി 1196.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ 26 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പരിപാലന കാലാവധി കഴിഞ്ഞ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലേക്ക് മാറ്റുന്നതിന്റെ ആദ്യഘട്ടമായി 117.30 കോടി രൂപയുടെയും രണ്ടാം ഘട്ടമായി 184.986 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. 12332 കി. മീ. റോഡുകൾ ഈ

പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി. വിഭാഗത്തിനുകീഴിൽ കൊല്ലം നഗരപാത വികസന പദ്ധതി നടപ്പാക്കുന്നതിന് D.B.F.O.T (Design, Build, Finance, Operate and Transfer) ആന്വിറ്റി വ്യവസ്ഥയിൽ നഗരത്തിലെ 23.76 കി. മീ. നീളത്തിലുള്ള 3 റോഡുകളുടെ വികസനവും തുടർന്ന് 15 വർഷത്തെ പരിപാലനത്തിനുമായി 365.34 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് കോ-ഓർഡിനേറ്ററെയും എൽ.എ. യൂണിറ്റിനെയും നിയമിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുന്നു.

കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കോട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി ഡി.ബി.എഫ്.ഒ.റ്റി. ആന്വിറ്റി വ്യവസ്ഥയിൽ 1.70 കി. മീ. മേൽപ്പാലനിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കാനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) ഏറനാട് മണ്ഡലത്തിൽ ഇക്കാലയളവിൽ പി.ഡബ്ല്യു.ഡി.

മുഖേനയുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയതിന് എത്ര രൂപ അനുവദിച്ചെന്നും പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുമതി ലഭിച്ച എരഞ്ഞിമാവ്-എടവണ്ണ-സൗത്ത് പുത്തലം-നെല്ലിപ്പറമ്പ് റോഡിന്റെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തിയുടെ കരാർ തുക 189,76,50,000/- രൂപയാണ്. ഈ നവീകരണ പ്രവൃത്തിയുടെ 88 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കലുങ്ക് നിർമ്മാണം മുഴുവനായും ഓടനിർമ്മാണം 90 ശതമാനവും ഡി.ബി.എം. (Dense Bituminous Macadam) 95 ശതമാനവും ബി.സി. 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. റോഡരികിലെ ഇന്റർലോക്ക് പാകലും നടപ്പാത നിർമ്മാണവും തെരുവ് വിളക്ക് സ്ഥാപിക്കലും ബസ് കാത്തിരുപ്പ് കേന്ദ്ര നിർമ്മാണവും റോഡിലെ ട്രാഫിക് മാർക്കിംഗും നടന്നുവരുന്നു.

നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം.ഡി.ആർ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിലവാരത്തിലുള്ള പഞ്ചായത്ത് റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം റോഡുകളാണ് ഇത്തരത്തിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് റോഡുകളുടെ പേരുൾപ്പെടെയുള്ള വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് റോഡുകളൊന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

**കണ്ണൂർ മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പുരോഗതി**

33(1191) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ മണ്ഡലത്തിലെ ചൊവ്വ അണ്ടർ പാസ്, സിറ്റി റോഡ്, ഫ്ലൈ ഓവർ എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കെ.ആർ.എഫ്.ബി. സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കണ്ണൂർ നഗരപാത വികസന പദ്ധതിയിൽ ആകെ 11 കൊറിഡോറുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. L & T Infrastructure Project ആണ് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയത്. ഫേസ് 1-ൽ ഉൾപ്പെട്ട

ഇ 9-ഇന്നർ റിംഗ് റോഡ് (3.1 കി. മീ.), ഇ 10-പട്ടാളം റോഡ് (0.99 കി. മീ.), ഇ 11 ജയിൽ റോഡ് (0.96 കി. മീ.) എന്നിവയുടെ ടെണ്ടർ നടപടി പുരോഗമിക്കുന്നു. നിലവിൽ ഭൂമി ഏറ്റെടുക്കേണ്ടതായ 8 കോറിഡോറുകളിൽ ഫേസ് 2-ൽ ഉൾപ്പെട്ട ഇ 01-മന്ന ജംഗ്ഷൻ-ന്യൂ എൻ.എച്ച്. ബൈപാസ് (9.325 കി. മീ.), ഇ 03-പൊടിക്കുണ്ട്-കൊറ്റാളി റോഡ് (1.44 കി. മീ.), ഇ 08-തയ്യിൽ-തെഴുക്കിലെ പീടിക റോഡ് (2.18 കി. മീ.), ഇ 12-കുഞ്ഞിപ്പള്ളി-പുല്ലൂപ്പി റോഡ് (1.65 കി. മീ.) എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

ഫേസ് 3-ൽ ഉൾപ്പെട്ട ഇ 02 ചാലാട്-കുഞ്ഞിപ്പള്ളി റോഡ് (4.7 കി. മീ.), ഇ 04 മിനി ബൈപ്പാസ് റോഡ് (7.04 കി. മീ.), ഇ 05 കക്കാട്-മുണ്ടയാട് റോഡ് (2.81 കി. മീ.), ഇ 07 പ്ലാസ ജംഗ്ഷൻ-ജെ.ടി.എസ്. റോഡ് (6.45 കി. മീ.) എന്നീ ബാക്കി 4 കൊറിഡോറുകളിൽ സാമൂഹ്യാഘാത പഠനം നടത്തി സർവ്വേ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്.

**RBDCK വിഭാഗത്തിനു കീഴിൽ:**

1. <u>മേലെ ചൊവ്വ അണ്ടർപാസ്</u>

മേലെ ചൊവ്വ അണ്ടർ ബൈപാസ് നിർമ്മാണ പദ്ധതിയുടെ (കിഫ്ബി

പദ്ധതി) ഡി.പി.ആർ. 20-01-2018-ൽ അംഗീകരിച്ചിരുന്നു. എന്നാൽ പുതുക്കിയ ഡി.എസ്.ആർ. 2018 വന്നിരുന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി 13-12-2021-ന് സമർപ്പിച്ചിരുന്നെങ്കിലും യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കിഫ്ബി നിർദ്ദേശിച്ചതനുസരിച്ച് വാട്ടർ അതോറിറ്റിയുടെ 2 പ്രധാന പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നത് ലഭ്യമാക്കി കിഫ്ബി അംഗീകാരത്തിനുശേഷം ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

2. <u>സൗത്ത് ബസാർ ഫ്ലൈഓവർ</u>

സൗത്ത് ബസാർ ഫ്ലൈഓവർ നിർമ്മാണ പദ്ധതിയുടെ (കിഫ്ബി പദ്ധതി) ഡി.പി.ആർ. 2019-ൽ അംഗീകരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് RBDCK അർത്ഥന നൽകുകയും 25-11-2020-ന് 4 (1) വിജ്ഞാപനവും 14-05-2022-ന് 11 (1) വിജ്ഞാപനവും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 10-08-2021-ന് കണ്ണൂർ ജില്ലാ കളക്ടർ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്

അംഗീകരിക്കുകയും തുടർന്ന് കെട്ടിട മൂല്യനിർണ്ണയം പൂർത്തീകരിക്കുകയും എൽ.എ.ഒ. നഷ്ടപരിഹാരത്തുകയുള്ള അപേക്ഷ 11-02-2022-ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി 70.19 കോടി രൂപ അനുവദിക്കുകയും ടി തുക ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് കൈമാറിയിട്ടുള്ളതും 19-05-2022-ന് 19 (1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതുമാണ്. 25-06-2022-ന് അവാർഡ് എൻക്വയറി ആരംഭിക്കുന്നതും തുടർന്ന് ഭൂമി ഏറ്റെടുത്ത് ടെണ്ടർ നടപടി ആരംഭിക്കുന്നതുമാണ്.

**ഗ്രീൻഫീൽഡ് ഇടനാഴി നാലുവരിപ്പാത**

34(1192) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിന് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലി വരെ ഗ്രീൻഫീൽഡ് ഇടനാഴി നാലുവരിപ്പാത പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

SH 01/NH 183 എന്നിവയ്ക്ക് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലി വരെ ഒരു ഗ്രീൻഫീൽഡ് ഇടനാഴിയുടെ ഡി.പി.ആർ.

തയ്യാറാക്കുന്നതിന് ദേശീയപാത അതോറിറ്റി M/s. Highway Engineering Consultant-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുകയുടെ 25 ശതമാനം സംസ്ഥാനം വഹിക്കുന്നതിനും ഈ വിഷയത്തിൽ ദേശീയപാത അതോറിറ്റി, കിഫ്ബി, പൊതുമരാമത്ത് വകുപ്പ് എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പിടുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പദ്ധതി Grand Challenge mechanism-ൽ ഭാരത് മാല പരിയോജനയിലുൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അന്തിമ അലൈൻമെന്റും ഡി.പി.ആർ.-ഉം തയ്യാറാക്കിയിട്ടുണ്ടോ;

ഇല്ല.

(സി) പ്രസ്തുത പാതയുടെ കൃത്യമായ ദിശ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പാത കോതമംഗലം താലൂക്കിൽക്കൂടി എത്ര കിലോമീറ്റർ ദൂരമാണ് കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പാത കടന്നുപോകുന്ന കോതമംഗലം താലൂക്കിലെ

വില്ലേജുകളും വിവിധ പ്രദേശങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ അലൈൻമെന്റ് പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത പാതയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ജി) പ്രസ്തുത പാത നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി-ജി) പദ്ധതിയുടെ അന്തിമ അലൈൻമെന്റിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടില്ല.

**കരമന-വെള്ളറട റോഡിന്റെ നവീകരണത്തിനായുള്ള നടപടിക്രമങ്ങൾ**

35(1193) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റിക്ക് മുഖേന നടപ്പാക്കുന്ന കരമന-വെള്ളറട റോഡിന്റെ നവീകരണത്തിനായുള്ള നടപടിക്രമങ്ങളും ഭൂമി ഏറ്റെടുക്കൽ നടപടികളും എന്തായെന്ന് വിശദമാക്കാമോ; പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; ആയതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കരമന-വെള്ളറട റോഡിന്റെ (35.5 Km) പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട നടപടി നടന്നുവരുന്നു. 15-02-2016-ലെ സ.ഉ.(സാധാ)നം.355/2016/പൊ.മ.വ. പ്രകാരം കരമന-വെള്ളറട റോഡിന്റെ (8.375 ഹെക്ടർ) ഭൂമി ഏറ്റെടുക്കലിനായി 21.44 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. കരമന-വെള്ളറട റോഡ് 3 റീച്ചായാണ് ഭൂമി ഏറ്റെടുക്കൽ നടപടി നടന്നുവരുന്നത്. കരമന-വെള്ളറട റോഡിന്റെ ആദ്യ റീച്ചായ (കരമന മുതൽ കുണ്ടമൺകടവ് പാലം വരെ (0/000 to 5/500 Km) 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് റവന്യൂ വകുപ്പിൽനിന്നും 19 (1) പ്രസിദ്ധീകരിക്കേണ്ടതുണ്ട്. രണ്ടാമത്തെ റീച്ചായ കുണ്ടമൺകടവ് മുതൽ ഞാറവിള (5/500 to 20/000) വരെയും മൂന്നാമത്തെ റീച്ചായ ഞാറവിള മുതൽ വെള്ളറട (20/000 മുതൽ 35/500 Km) വരെയും 11 (1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പിൽനിന്നും പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയ കരമന-വെള്ളറട റോഡിന്റെ 225.3 കോടി രൂപ ചെലവ് വരുന്ന ഡി.പി.ആർ. ഭരണാനുമതി

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിനായി പ്രസ്തുത റോഡ് പ്രവൃത്തി കെ.ആർ.എഫ്.ബി.-ക്ക് കൈമാറുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**മലയോര ഹൈവേയുടെ എടപ്പറമ്പ-കോളിച്ചാൽ ഭാഗം**

36(1194) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ എടപ്പറമ്പ-കോളിച്ചാൽ ഭാഗം എത്ര കിലോമീറ്ററാണ് വനത്തിലൂടെ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേയുടെ എടപ്പറമ്പ മുതൽ കോളിച്ചാൽ ഭാഗത്തിന്റെ ആകെ നീളം 24.400 കി. മി. ആണ്. പ്രസ്തുത റോഡ് 3.61 കി. മി. ഭാഗമാണ് വനത്തിലൂടെ കടന്നുപോകുന്നത്.

(ബി) വനത്തിലൂടെ കടന്നുപോകുന്ന ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വനഭൂമിയിലൂടെ കടന്നുപോകുന്ന ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് വനം വകുപ്പിൽനിന്ന് ഇതുവരെ അനുമതി ലഭ്യമായിട്ടില്ല. വനം വകുപ്പിൽനിന്ന് അനുമതി ലഭിക്കുന്നതിന് 4.332 ഹെക്ടർ വിസ്തീർണ്ണത്തിൽ കോമ്പൻസേറ്ററി

ലാന്റ് വനം വകുപ്പിന് കൈമാറേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ വനം വകുപ്പിന് കൈമാറേണ്ടതായ പകരം ഭൂമി കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ കമ്മാടംകാവ് എന്ന സ്ഥലത്ത് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി വനം വകുപ്പിന് കൈമാറുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ?

എടപ്പറമ്പ-കോളിച്ചാൽ വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തി, 23-08-2018-ൽ ആണ് ആരംഭിച്ചത്. ഇതിൽ 3.610 കീ. മി. നീളത്തിലുള്ള വനഭൂമിയും പുനർനിർമ്മിക്കേണ്ട കാവുങ്കാല് പാലവും അപ്രോച്ച് റോഡുമുൾപ്പെടെയുള്ള 1.220 കി. മി. ഭാഗവും ഒഴികെയുള്ള മറ്റ് ഭാഗങ്ങളിൽ മലയോര ഹൈവേയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ഡി) വർഷങ്ങൾ കഴിഞ്ഞിട്ടും വനം വകുപ്പിന്റെ അനുമതി കിട്ടാത്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് പി.ഡബ്ല്യു.ഡി., റവന്യൂ, വനം എന്നീ വകുപ്പുകളുടെ ഉന്നതതലയോഗം വിളിച്ചുചേർത്ത് പ്രശ്നം

പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

**മലയോര ഹൈവേ റോഡ് നവീകരണം**

37(1195) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയിൽ കാസർഗോഡ് ജില്ലയിൽ ഇനിയും എത്ര കിലോമീറ്റർ റോഡുകൾ നവീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള 27.97 കിലോമീറ്ററും കോളിച്ചാൽ ചെറുപുഴ റീച്ചിലെ 2.78 കിലോമീറ്റർ വനഭൂമിയും കോളിച്ചൽ എടപ്പറമ്പ റീച്ചിലെ 3.61 കിലോമീറ്ററുമാണ് ഇനി നവീകരിക്കാനുള്ളത്. കാസർഗോഡ് ജില്ലയിൽ 23 കി. മീ. ദൂരം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 48.82 കിലോമീറ്റർ ദൂരം പ്രവൃത്തി പുരോഗതിയിലാണ്.

(ബി) കാസർഗോഡ് ജില്ലയിലെ അവസാന റീച്ചായ ചെറുപുഴ വരെയുള്ള പാത നവീകരിക്കാൻ ടെണ്ടറെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വന്നതിന്റെ കാരണം

വ്യക്തമാക്കാമോ;

പ്രസ്തുത പ്രവൃത്തിയിൽ ആകെയുള്ള 28.87 കിലോമീറ്ററിൽ 16.95 കിലോമീറ്റർ ഭാഗത്തെ BC പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിൽ കാലതാമസവും വനഭൂമി ലഭ്യമാകുന്നതിനുള്ള കാലതാമസവുമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വന്നതിന്റെ കാരണം.

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

തടസ്സങ്ങളില്ലെങ്കിൽ പ്രസ്തുത പ്രവൃത്തി 31-12-2022-ൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ചെർക്കള-ജാൽസൂർ സംസ്ഥാനപാത വികസനം

38(1196) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെർക്കള-ജാൽസൂർ സംസ്ഥാനപാത വികസനത്തിന് കെ.എസ്.ടി.പി. എന്തെങ്കിലും പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ചെർക്കള-ജാൽസൂർ സംസ്ഥാന പാതയുടെ ചെയിനേജ് 10/000 മുതൽ

39/138 വരെയുള്ള 29.138 കി. മീ. റോഡ് ഒ.പി.ബി.ആർ.സി. (Output- and Performance-Based Road Contracts)-4 എന്ന പാക്കേജിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പാക്കേജിന് അനുമതി ലഭിച്ചിട്ട് എത്ര വർഷമായിയെന്നും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരന് നൽകിയിട്ടുണ്ടോയെന്നും വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

(ബി & സി) പ്രസ്തുത പാക്കേജിന് 27-02-2020-ലെ സ.ഉ. (കൈ)നം.28/2020/പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തിരുന്നു. എന്നാൽ രണ്ട് പ്രാവശ്യവും ടെണ്ടറിന് പ്രതികരണമൊന്നും ലഭിച്ചില്ല. എസ്റ്റിമേറ്റിൽ റേറ്റ് റിവിഷനും മറ്റ് നവീകരണങ്ങളും വേണ്ടിവന്നതിനാൽ എസ്റ്റിമേറ്റ് തുക ഭരണാനുമതി ലഭിച്ച തുകയെക്കാൾ അധികരിച്ചുവന്നു. അതിനാൽ പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 34 കിലോമീറ്റർ ദൈർഘ്യമുള്ള ഈ അന്തർസംസ്ഥാന പാത വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുന്ന

കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ചെർക്കള-ജാൽസൂർ സംസ്ഥാന പാത വികസനം നിലവിൽ ഒ.പി.ബി.ആർ.സി. പാക്കേജിലുൾപ്പെടുത്തി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## കുറ്റ്യാടി മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

39(1197) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ക്ലസ്റ്റർ 2 മെയിന്റനൻസ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത റോഡ് അറ്റകുറ്റപ്പണികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ക്ലസ്റ്റർ 2 പദ്ധതിയിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ നിലവിൽ ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തികൾക്കായി കരാറുകാരന് കൈമാറിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരുടെ വിവരങ്ങളും പ്രവൃത്തിയുടെ കാലാവധി സംബന്ധിച്ച വിവരങ്ങളും അറിയിക്കാമോ?

Zone - I

കോൺട്രാക്റ്റർ - അനന്തൻ. പി.

കാലാവധി - 1 വർഷം

Zone - II

കോൺട്രാക്റ്റർ - അബ്ദുൾ അസീസ്

കാലാവധി - 1 വർഷം

Zone - V

കോൺട്രാക്റ്റർ - അബ്ദുൾ അസീസ്

കാലാവധി - 1 വർഷം

**വില്ല്യാപ്പള്ളി ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തി**

40(1198) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ല്യാപ്പള്ളി ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തിക്ക്

എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

വില്ല്യാപ്പള്ളി ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തിക്ക് (കി. മീ. 0/000 മുതൽ 5/325 വരെ) 22-12-2015-ലെ സ.ഉ. (സാധാ) നം. 1930/2015/പൊ.മ.വ. പ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മൊത്തം 5.325 കി. മീ. നീളമുള്ള പ്രസ്തുത റോഡിന്റെ 1/650 മുതൽ 5/325 വരെയുള്ള ഭാഗം ഡി.എൽ.പി.-ൽ ആയിരുന്നതിനാൽ പ്രസ്തുത പ്രവൃത്തിക്ക് പാർട്ട് TS നൽകി കി. മീ. 0/000 മുതൽ 1/650 വരെയുള്ള പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

കി. മീ. 1/650 മുതൽ 4/000 വരെയുള്ള ഭാഗത്തിന്റെ ടെണ്ടർ നടപടി നിലവിൽ പൂർത്തീകരിച്ചിട്ടില്ല. ആയതിന്റെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

(സി) റോഡിന്റെ നിർമ്മാണത്തിനായി എസ്റ്റിമേറ്റിൽ വിഭാവനം

ചെയ്തിട്ടുള്ള ചെയിനേജ് ഏതൊക്കെ എന്നറിയിക്കാമോ; വെള്ളക്കെട്ട് കാരണമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ഘടകങ്ങൾ പ്രസ്തുത പ്രവൃത്തിയിലുൾപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

കി. മീ. 1/650 മുതൽ 4/000 വരെയാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. വെള്ളക്കെട്ട് കാരണമുള്ള ബുദ്ധിമുട്ടുകൾ ഭാഗികമായി പരിഹരിക്കാനുള്ള ഘടകങ്ങൾ എസ്റ്റിമേറ്റിലുൾപ്പെടുത്തിയിട്ടുണ്ട്.

## പാറശാല, ഒറ്റശേഖരമംഗലം, കുടപ്പനമൂട് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ

41(1199) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ച അമരവിള-കാരക്കോണം, ചൂണ്ടിക്കൽ-ശൂരവക്കാണി, കീഴാറൂർ-പശുവണ്ണറ-തെള്ളുക്കുഴി റിംഗ് റോഡ്, കുടുവീട്ടുകടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ; ടെൻഡർ

നടപടികൾ പൂർത്തിയാക്കി പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

പാറശ്ശാല മണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ച അമരവിള-കാരക്കോണം-കലിംഗനട-ആറാട്ടുകുഴി-കുത്താളി-കൂട്ടപ്പൂ-ശൂരവക്കാണി റോഡിൽ ഫസ്റ്റ് സ്റ്റേച്ചായ അമരവിള-കാരക്കോണം റോഡിന്റെ പ്രവൃത്തി ഫേസ് I ആയി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് 24-06-2022-ലെ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങളനുസരിച്ച് എസ്റ്റിമേറ്റ് പ്രൈസ് മുഖേന ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകാൻ കഴിയും. സെക്കന്റ് സ്റ്റേച്ചായ കലിംഗനട-ശൂരവക്കാണി റോഡ്, കിഫ്ബി പദ്ധതിയായ കീഴാറൂർ-പശുവണ്ണറ-തൊളിക്കുഴി റിംഗ് റോഡ് എന്നീ പ്രവൃത്തികൾ FDR പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ചെയ്യുകയും ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

കുട്ടവീട്ടിൽക്കടവ് പാലം പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടി റവന്യൂ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയാക്കി പാലം പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നമുറയ്ക്ക്

സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും.

(ബി) അമരവിള-ഒറ്റശേഖരമംഗലം റോഡ് നിർമ്മാണത്തിലെ അനിശ്ചിതത്വം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി എന്നത്തേക്ക് പുനരാരംഭിക്കാൻ കഴിയുമെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അമരവിള-ഒറ്റശേഖരമംഗലം റോഡിന്റെ ശേഷിക്കുന്ന പ്രവൃത്തികൾക്കായി 27.86 കോടി രൂപയുടെ ബാലൻസ് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ആയത് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയതിനുശേഷം തുടർ നടപടി സ്വീകരിക്കാൻ കഴിയും.

(സി) മലയോര ഹൈവേ കുടപ്പനമൂട് കള്ളിക്കാട് റീച്ചിലെ കുടപ്പനമൂട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ അലൈൻമെന്റ് ഭേദഗതി വരുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സമർപ്പിച്ചിരുന്ന ഡീവിയേഷൻ നിർദ്ദേശത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയും ഫയൽ നമ്പരുൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

മലയോര ഹൈവേ കുടപ്പനമൂട് കള്ളിക്കാട് റീച്ചിലെ കുടപ്പനമൂട്-

വാഴിച്ചാൽ വരെയുള്ള ഭാഗത്തെ അലൈൻമെന്റ് ഭേദഗതി നിർദ്ദേശം അനുസരിച്ച് തയ്യാറാക്കിയ പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. കിഫ്ബിയുടെ അപ്രൈസൽ വിഭാഗത്തിൽ അന്തിമ പരിശോധനയിലാണ്.

(ഡി) നിർദ്ദിഷ്ട മലയോര ഹൈവേയുടെ തുടർച്ച നഷ്ടപ്പെടാതെ പ്രസ്തുത ഡീവിയേഷൻ നിർദ്ദേശം അംഗീകരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പ്രസ്തുത റീച്ചിന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയും.

**റീബിൽഡ് കേരള പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ**

42(1200) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ കുന്ദമംഗലം മണ്ഡലത്തിൽനിന്ന് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള

ഇനിഷ്യേറ്റീവിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രളയത്തിൽ തകർന്ന മെഡിക്കൽ കോളേജ് മാവൂർ കുളിമാട് റോഡ് പ്രവർത്തനം പ്രസ്തുത പദ്ധതിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

**മലയോര ഹൈവേ**

43(1201) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ & ബി) ഇടുക്കി ജില്ലയിൽ മലയോര ഹൈവേ ആറാംമൈൽ-ഇരുട്ടുക്കാനം-ആനച്ചാൽ-എല്ലക്കൽ-വലിയമുല്ലക്കാനം-രാജാക്കാട്-കുത്തുംഗൽ-മൈലാട്ടുംപാറ-പുളിയൻമല-കട്ടപ്പന-ചപ്പാത്ത്-കുട്ടിക്കാനം-മുണ്ടക്കയം വഴിയാണ് കടന്നുപോകുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(1) ആറാംമൈൽ-ഇരുട്ടുക്കാനം

നിലവിൽ നാഷണൽ ഹൈവേ വിഭാഗത്തിൻകീഴിലുള്ള പ്രസ്തുതഭാഗം ബി.എം. & ബി.സി. നിലവാരത്തിൽ മെച്ചപ്പെട്ട രീതിയിൽ ഡി.എൽ.പി.-ൽ ആണ്.

(2) ഇരുട്ടുക്കാനം-എല്ലക്കൽ

51 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബി അനുമതിക്കായി 23.2.2022-ൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ നിരത്ത് വിഭാഗത്തിൽനിന്നും പൂർത്തീകരിച്ച ബി.എം. & ബി.സി. പ്രവൃത്തി ഡി.എൽ.പി. -ൽ ആണ്.

(3) എല്ലക്കൽ-വലിയമുല്ലക്കാനം

പ്രവൃത്തി ടെണ്ടർ ചെയ്തു. 10-06-2022-ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി നടപടി പുരോഗമിക്കുകയാണ്.

(4) വലിയ മുല്ലക്കാനം-കുത്തുംഗൽ

നിലവിൽ കെ.എസ്.റ്റി.പി.-യുടെ കീഴിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി റോഡ് നിർമ്മാണം പുരോഗമിക്കുന്നു.

(5) കുത്തുംഗൽ-മൈലാടുംപാറ

നിലവിൽ റോഡ് നിരത്ത് വിഭാഗത്തിൻകീഴിൽ ശബരിമല

പദ്ധതിയിലുൾപ്പെടുത്തി ബി.എം. & ബി.സി. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും 2024 വരെ ഡി.എൽ.പി. പീരിയഡിലുമാണ്.

(6) മൈലാടുപാറ-പുളിയൻമല

സാമ്പത്തികാനുമതിക്കായി ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിരത്ത് വിഭാഗത്തിൻകീഴിൽ നടത്തിയ ഒരു പ്രവൃത്തിയുടെ മെയിന്റനൻസ് പീരിയഡ് 2024 വരെയായതിനാൽ സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല.

(7) പുളിയൻമല-കട്ടപ്പന

പ്രസ്തുത റോഡ് നിരത്ത് വിഭാഗത്തിൻകീഴിൽ ശബരിമല പദ്ധതിയിലുൾപ്പെടുത്തി ബി.എം. & ബി.സി. പൂർത്തീകരിച്ചിട്ടുള്ളതും 2023 വരെ ഡി.എൽ.പി.-യിലുമാണ്.

(8) കട്ടപ്പന-മേരിക്കുളം

ടെണ്ടർ ചെയ്തിട്ടുള്ളതും 10-06-2022-ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. താമസംവിനാ കരാർ ഉടമ്പടി ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

(9) മേരികുളം-ചപ്പാത്ത്

പീരുമേട് ദേവികുളം എന്ന പേരിൽ 21-06-2018-ൽ ലഭിച്ച 84.53 കോടി രൂപയുടെ സാമ്പത്തികാനുമതിയിൽ ഈ ഭാഗം ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പ്രകാരം അധിക തുക ആവശ്യമായതിനാൽ സാമ്പത്തികാനുമതി പുതുക്കി ലഭിക്കുന്നതിനായി കിഫ്ബിയിൽ നടപടി പുരോഗമിക്കുന്നു.

(10) ചപ്പാത്ത്-കുട്ടിക്കാനം

നിലവിൽ നിർമ്മാണം പുരോഗമിക്കുന്നതും 74 ശതമാനം പണി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(11) കുട്ടിക്കാനം-മുണ്ടക്കയം

നാഷണൽ ഹൈവേയുടെ അധീനതയിലുള്ളതും പ്രസ്തുത ഭാഗം നിലവിൽ 183-ലുൾപ്പെടുത്തിയിട്ടുള്ളതും ടി റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ മെച്ചപ്പെട്ട രീതിയിലുമാണ്. ഈ റോഡിൽ നിലവിൽ പേവ്ഡ് ഷോൾഡറോടുകൂടി രണ്ടുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. പ്രവൃത്തികൾ നടന്നുവരുന്നതും 3 A Notification ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്.

## റോഡുപണി പൂർത്തിയാക്കൽ

44(1202) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം പണിപൂർത്തിയാക്കിയ പൊതുമരാമത്ത് റോഡുകൾ ദിവസങ്ങൾക്കുള്ളിൽത്തന്നെ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കാനും സമയബന്ധിതമായി റോഡുകൾ പൂർവ്വസ്ഥിതിയിലാക്കി സഞ്ചാരയോഗ്യമാക്കാനും എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(എ & ബി) വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം ഇത്തരം സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ യൂട്ടിലിറ്റി ഏജൻസികൾ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നിയമാനുസൃതമായ അനുമതിയോടെയും ഫീസടച്ചും കുഴിക്കുന്നത് പൊതുമരാമത്ത് വകുപ്പ് യഥാസമയം റെസ്റ്റോറേഷൻ പ്രവൃത്തികൾ ക്രമീകരിച്ച് പൂർവ്വസ്ഥിതിയിലാക്കാറുണ്ട്. എന്നാൽ ചില യൂട്ടിലിറ്റി ഏജൻസികൾ

അവരുടെ പ്രവൃത്തി പൂർത്തിയാക്കിയാലും കുഴി മൂടുന്നതിനുമുമ്പ് നടത്തേണ്ടതായ ടെസ്റ്റുകൾ നടത്തി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കാലതാമസമുണ്ടാകുമ്പോൾ അത്തരം പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് അതിന്റേതായ കാലതാമസം നേരിടുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകൾ/ഏജൻസികളുമായുള്ള ഏകോപനം സാദ്ധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ, PMG Portal, RoW Portal എന്നിവ നിലവിലുണ്ട്. എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി PMG Portal മുഖേന ത്വരിതപ്പെടുത്തിവരുന്നു. റോഡുകൾ കുഴിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും RoW Portal മുഖേനയാണ്.

സംസ്ഥാനത്ത് ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേബിളുകൾക്കുവേണ്ടിയും റോഡുകൾ വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട്

പൊതുമരാമത്ത് വകുപ്പിലെയും ജലവിഭവ വകുപ്പിലെയും ഉദ്യോഗസ്ഥർ അംഗങ്ങളായും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ഒരു സമിതി 07-01-2022-ലെ ജി.ഒ. (ആർ.റ്റി.) നം.20/2022/.പി.ഡബ്ല്യു.ഡി. പ്രകാരം രൂപീകൃതമായിട്ടുണ്ട്. കൂടാതെ റോഡുകൾ വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ നിഷ്കർഷിച്ചും പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി മുറിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാക്കിയും 24-02-2022-ലെ ജി.ഒ. (എം.എസ്.) നം.08/2022/പി.ഡബ്ല്യു.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരമാണ് നിലവിൽ റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നത്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 22-11-2016-ലെ RW/NH-33044/2015/S & R (R) നമ്പർ കത്ത് പ്രകാരം നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിന് അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ്

ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ചസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകളിടുന്നതിൽ ഉപേയാഗിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന ദേശീയപാത റോഡുകളുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയാണ് മേൽപ്പറഞ്ഞ രീതിയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്.

(സി) പൂർത്തിയാക്കിയ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ നഷ്ടമാണുണ്ടാകുന്നതെന്നും ഇത്തരത്തിലുണ്ടാകുന്ന നഷ്ടം 2022 മുതൽ ഇല്ലായ്മ ചെയ്യാൻ സാധിക്കുമോയെന്നും വ്യക്തമാക്കുമോ?

ഇപ്പോൾ ജല വകുപ്പ് കുഴിക്കുന്ന റോഡുകൾ റെസ്റ്റോർ ചെയ്യുന്നതിന്റെ ഉത്തരവാദിത്വം വാട്ടർ അതോറിറ്റിക്കാണ്. പുതുതായി നിർമ്മിച്ച/പുനർ നിർമ്മിച്ച റോഡുകളുടെ ഉപരിതലം മുറിക്കുന്നത് സംബന്ധിച്ച് കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. പുതിയതായി ഉപരിതലം നിർമ്മിച്ച് ഒരു വർഷം കഴിഞ്ഞ

ശേഷമേ സാധാരണഗതിയിൽ റോഡ് മുറിക്കുന്നതിന് അനുമതി നൽകുകയുള്ളൂ. ആയതിനാൽ ബന്ധപ്പെട്ട ഇനത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം ഇപ്പോൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നതാണ്.

## നിലമ്പൂർ ബൈപാസ് നിർമ്മാണ പ്രവർത്തനങ്ങൾ

45(1203) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഭരണാനുമതി ഉത്തരവുകൾ, അനുവദിച്ച തുക, വർഷം, കരാറുകാരുടെ വിവരങ്ങൾ, ചെലവഴിച്ച തുക, ചെലവഴിച്ച ഇനം, നിർമ്മാണത്തിലെ തടസ്സങ്ങൾ, അവലോകനയോഗങ്ങളുടെ വിവരങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനപാത 28 കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ പാതയിൽ ജ്യോതിപ്പടിയിൽനിന്ന് (കി. മീ. 71/400) ആരംഭിച്ച് ഇതേ റോഡിലെ വെളിയംതോട് (കി. മീ. 75/200)-ൽ അവസാനിക്കുന്ന തരത്തിൽ വിഭാവനം ചെയ്ത ബൈപാസ് രണ്ട് ഘട്ടങ്ങളിലായാണ് നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ആദ്യഘട്ടമായി കെ.എൻ.ജി. റോഡിലെ ജ്യോതിപ്പടി മുതൽ എസ്.എച്ച്. 39 പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ-നിലമ്പൂർ റോഡിലെ മുക്കട്ടയിൽ അവസാനിക്കുന്ന ബൈപാസിന് 4.387 കി. മീ. ദൈർഘ്യവും രണ്ടാം ഘട്ടമായി എസ്.എച്ച്. 39 പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ-നിലമ്പൂർ റോഡിലെ മുക്കട്ടയിൽനിന്ന് ആരംഭിക്കുന്ന ബൈപാസ് എസ്.എച്ച്. 28 കെ.എൻ.ജി. റോഡിൽ വെളിയംതോട് അവസാനിക്കുന്നതും 1.613 കി. മീ. ദൈർഘ്യമുള്ളതുമാണ്.

ബൈപ്പാസിന്റെ ഒന്നാംഘട്ടത്തിനായി 10.09.2013-ലെ സർക്കാർ ഉത്തരവുപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 14 കോടി രൂപയും റോഡ് നിർമ്മാണത്തിന് 21 കോടി രൂപയുമടക്കം 35 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 05-02-2014-ലെ സർക്കാർ ഉത്തരവുപ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ (കെ.എസ്.സി.സി.) ചുമതലപ്പെടുത്തുകയും കോഴിക്കോട് നോർത്ത് സർക്കിൾ നിരത്തുകൾ & പാലങ്ങൾ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ 20-02-2014-ൽ കരാർ ഉടമ്പടി വയ്ക്കുകയും ചെയ്തു.

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭരണാനുമതി ഉത്തരവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചെലവഴിച്ച തുക, ചെലവഴിച്ച ഇനം

ഭൂമി ഏറ്റെടുക്കുന്നതിന് അനുവദിച്ച 35.20 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി കൈമാറിയിട്ടുണ്ട്.

റോഡ് ഫോർമേഷൻ പൂർത്തിയാക്കിയ ഇനത്തിൽ 2,52,586.63/- രൂപയുടെ പാർട്ട് ബിൽ കരാറുകാരന് നൽകിയിട്ടുണ്ട്.

പരിഹരിക്കേണ്ട വിഷയം

പാതയുടെ വിവിധ ലെയറുകളിൽ Design thickness (GSB, WMM, DBM BC) പ്രകാരമുള്ള കനം കുറയ്ക്കുന്നതിന് ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദേശിച്ചിട്ടുണ്ട്. റവന്യൂ അധികാരികളിൽനിന്നും ലഭിച്ച അറിയിപ്പ് പ്രകാരം എൽ.എ. നോട്ടിഫിക്കേഷൻ കാലാവധി അവസാനിച്ചു. ഭൂമി ഏറ്റെടുക്കുന്നതിന് പുതുതായി എൽ.എ. നോട്ടിഫിക്കേഷൻ ആവശ്യമാണ്.

അവലോകന യോഗങ്ങൾ

നിലമ്പൂർ ബൈപാസുമായി ബന്ധപ്പെട്ട വിഷയം 26.11.2021 -ൽ നടന്ന ഡി.ഐ.സി.സി.-യിലും ഡി.ഡി.സി.-യിലും ചർച്ച ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് വൈദ്യുതി വകുപ്പുമന്ത്രിയുടെ ചേംബറിൽ 28.11.2018-നു പൊതുമരാമത്തും രജിസ്ട്രേഷനും

വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 19.11.2019-നും അവലോകന യോഗങ്ങൾ നടത്തിയിരുന്നു.

(ബി) 2022-23-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം I ഭരണാനുമതിയുള്ള മരാമത്തുപണികൾ, പേജ് നമ്പർ 290, ക്രമ നമ്പർ 25 ആയി നിലമ്പൂർ ബൈപാസ് നിർമ്മാണത്തിന് എത്ര രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നതെന്നും ഏതെല്ലാം ഇനങ്ങളിലാണ് മേൽ തുക ചെലവഴിക്കാനാവുകയെന്നും അറിയിക്കാമോ?

2022-23 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2, വാല്യം-1, പേജ് നമ്പർ 290, ക്രമ നമ്പർ 25 പ്രകാരം നിലമ്പൂർ ബൈപാസ് നിർമ്മാണത്തിന് ബഡ്ജറ്റിൽ 26,04,22,000/- രൂപ വകയിരുത്തിയിരുന്നു. പുതുക്കിയ ഭരണാനുമതിപ്രകാരം 140,43,02,265/- രൂപ ചെലവഴിക്കാനാവുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) നിലമ്പൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകിയവർക്ക് നാളിതുവരെ എത്രയാണ് നഷ്ടപരിഹാരത്തുകയായി നൽകിയിട്ടുള്ളതെന്നും എത്ര കിലോമീറ്റർ ദൂരത്തിലുള്ള സ്ഥലമാണ് ഈ തുക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉപയോഗിച്ച് ഏറ്റെടുത്തതെന്നും അറിയിക്കാമോ; നിലമ്പൂർ ബൈപാസ് ആകെ എത്ര കിലോമീറ്റർ ദൂരമാണുള്ളതെന്നും ഇനിയും എത്ര കിലോമീറ്റർ ദൂരം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുണ്ടെന്നും ആയതിന് ഏകദേശം എത്ര തുക വേണ്ടിവരുമെന്നും അറിയിക്കാമോ?

നിലമ്പൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകാൻ നാളിതുവരെയായി 35.20 കോടി രൂപ നഷ്ടപരിഹാരത്തുകയായി നൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 2.46 കി. മീ. ദൂരം ഏറ്റെടുത്തിട്ടുണ്ട്. നിലമ്പൂർ ബൈപാസിന്റെ ആകെ നീളം 6.00 കി. മീ. ആണ്. ഇതിൽ 3.54 കി. മീ. ദൂരമാണ് ഇനി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ളത്. ആയതിന് ഏകദേശം 74 കോടിയോളം രൂപ ആവശ്യമുണ്ട്.

(ഡി) നിലമ്പൂർ ബൈപാസിനുവേണ്ടി ഭൂമി വിട്ടുനൽകേണ്ടവർക്ക് ലഭ്യമാക്കേണ്ട നഷ്ടപരിഹാരത്തുക 2013-ൽ കണക്കാക്കിയിരുന്നത് എത്രയെന്നും കാലവിളംബം നേരിട്ടതിനാൽ ഇപ്പോൾ നൽകേണ്ട നഷ്ടപരിഹാരത്തുക എത്രയെന്നും വ്യക്തമാക്കാമോ; ഓരോ വർഷവും ഈ ഇനത്തിൽ കണക്കാക്കുന്ന വർദ്ധനവ് എത്രയെന്നും തുക വർദ്ധിച്ചതിന്റെ

കാരണവും വിശദമാക്കാമോ?

നിലമ്പൂർ ബൈപാസിനുവേണ്ടി ഭൂമി വിട്ടുനൽകുന്നതിന് 2013-ൽ കണക്കാക്കിയിരുന്നത് 35 കോടി രൂപയാണ്. നിലവിൽ നൽകേണ്ട നഷ്ടപരിഹാരത്തുക 74 കോടി രൂപയാണ്. ഓരോ വർഷവും 12 ശതമാനത്തോളം രൂപ പലിശ വർദ്ധിക്കുന്നതും ഭൂമിക്കും ഭൂമിയിലെ നിർമ്മിതികൾക്കും വില വർദ്ധിക്കുന്നതുമാണ് നഷ്ടപരിഹാരത്തുക വർദ്ധിക്കാനിടയാക്കിയത്.

## കറുകച്ചാൽ-മണിമല റോഡ് പുനരുദ്ധാരണം

46(1204) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ-മണിമല റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയിട്ട് ഇപ്പോൾ എത്ര വർഷമായെന്ന് വ്യക്തമാക്കാമോ?

കറുകച്ചാൽ-മണിമല റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയിട്ട് ഇപ്പോൾ ഏഴ് വർഷമായിട്ടുണ്ട്.

(ബി) ബി.എം. & ബി.സി. റോഡുകൾ പൊതുമരാമത്ത് മാനദണ്ഡപ്രകാരം ബി.സി. ഓവർലേ ചെയ്യേണ്ടത് എത്ര

സമയപരിധിക്കുള്ളിലാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് മാനദണ്ഡപ്രകാരം നവീകരണത്തിനുശേഷം ഏഴ് വർഷം കഴിഞ്ഞാണ് ബി.എം. & ബി.സി. റോഡുകളുടെ ഉപരിതല നവീകരണം നടത്തേണ്ടത്.

(സി) കറുകച്ചാൽ-മണിമല റോഡ് അടിയന്തരമായി ബി.സി. ഓവർലേ ചെയ്യുന്നതിന് ഭരണാനുമതി ലഭ്യമാക്കുമോ?

കറുകച്ചാൽ-മണിമല റോഡ് കി. മീ. 0/000 മുതൽ കി. മീ. 16/290 വരെയാണ്. " SF2021-22 Providing BC Overlay to Karukachal - Manimala Km 0/000-5/000" എന്ന പ്രവൃത്തിക്ക് 31.03.2022-ലെ സ.ഉ. (സാധാ) നം. 380/2022/പൊ.മ.വ. പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി-മണിമല-കുളത്തൂർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡ്**

47(1205) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന പൂർത്തിയാക്കാൻ ഭരണാനുമതി ലഭിച്ച കാഞ്ഞിരപ്പള്ളി-മണിമല-കുളത്തൂർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡ്

നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

കിഫ്ബി മുഖേന നടപ്പിലാക്കുന്ന കാഞ്ഞിരപ്പള്ളി-മണിമല-കുളത്തുർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡിന് 25 കോടി രൂപയ്ക്ക് ഭരണാനുമതിയും കിഫ്ബിയിൽനിന്നും 79.10 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് അലൈൻമെന്റ് സ്റ്റോൺ ഇടുന്ന പ്രവൃത്തി നടന്നുവരുന്നു.

(ബി) പദ്ധതി പൂർത്തിയാക്കുന്നതിന് പുറമ്പോക്ക് കണ്ടെത്തി ബാക്കിയുള്ള ഭൂമി സൗജന്യമായി കണ്ടെത്തുന്നതിനുള്ള നടപടികൾ നിലവിൽ ഏത് അവസ്ഥയിലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നടപടികൾ പൂർത്തിയാക്കി നിർമ്മാണം എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(ബി & സി) ചങ്ങനാശ്ശേരി താലൂക്കിലെ പുറമ്പോക്ക് തിട്ടപ്പെടുത്തി നൽകുന്നതിനായി ചങ്ങനാശ്ശേരി തഹസിൽദാർക്ക് 20.06.2022-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ നൽകിയിട്ടുണ്ട്. ബാക്കി സൗജന്യമായി ലഭിക്കേണ്ട ഭൂമി, ഭൂവുടമകളുടെ സമ്മതപത്രത്തോടെ

ലഭ്യമാക്കുന്ന നടപടി നടന്നുവരുന്നു. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും.

**ഇടുക്കി ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം**

48(1206) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; ഓരോ റീച്ചിന്റെ പേരും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിശദാംശം നൽകാമോ?

(1) ആറാംമൈൽ-ഇരുട്ടുക്കാനം

നിലവിൽ നാഷണൽ ഹൈവേ വിഭാഗത്തിൻകീഴിലുള്ള പ്രസ്തുത ഭാഗം ബി.എം. & ബി.സി. നിലവാരത്തിൽ മെച്ചപ്പെട്ട രീതിയിൽ ഡി.എൽ.പി.-ൽ ആണ്.

(2) ഇരുട്ടുക്കാനം-എല്ലക്കൽ

51 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബി അനുമതിക്കായി 23.02.2022-ൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ഈ റോഡ് ബി.എം. &

ബി.സി. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഡി.എൽ.പി.-ൽ ആണ്.

(3) എല്ലക്കൽ-വലിയമുല്ലക്കാനം

പ്രവൃത്തി ടെണ്ടർ ചെയ്തു. 10.06.2022-ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. കരാർ ഉടമ്പടി ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

(4) വലിയ മുല്ലക്കാനം-കുത്തുംഗൽ

നിലവിൽ കെ.എസ്.റ്റി.പി.-യുടെ കീഴിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി റോഡ് നിർമ്മാണം പുരോഗമിക്കുന്നു.

(5) കുത്തുംഗൽ-മൈലാടുംപാറ

നിലവിൽ റോഡ്, ശബരിമല നടത്തിയ ഒരു പ്രവൃത്തിയുടെ മെയിന്റനൻസ് പീരിയഡ് 2024 വരെയായതിനാൽ സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല.

(7) പുളിയൻമല-കട്ടപ്പന

പ്രസ്തുത റോഡ് ശബരിമല പദ്ധതിയിലുൾപ്പെടുത്തി ബി.എം. & ബി.സി. പൂർത്തീകരിച്ചിട്ടുള്ളതും 2023-വരെ ഡി.എൽ.പി.-ൽ ആണ്.

(8) കട്ടപ്പന-മേരികുളം

ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതും 10.06.2022-ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. താമസംവിനാ കരാർ ഉടമ്പടി ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

(9) മേരികുളം-ചപ്പാത്ത്

പീരുമേട് ദേവികുളം എന്ന പേരിൽ 21.06.2018-ൽ ലഭിച്ച 84.53 കോടി രൂപയുടെ സാമ്പത്തികാനുമതിയിൽ ഈ ഭാഗം ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പ്രകാരം അധിക തുക ആവശ്യമായതിനാൽ സാമ്പത്തികാനുമതി പുതുക്കി ലഭിക്കുന്നതിനായി കിഫ്ബിയിൽ നടപടി പുരോഗമിക്കുന്നു.

(10) ചപ്പാത്ത്-കുട്ടിക്കാനം

നിലവിൽ റോഡ് നിർമ്മാണം പുരോഗമിക്കുന്നതും 74 ശതമാനം പണി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(11) കുട്ടിക്കാനം-മുണ്ടക്കയം

നാഷണൽ ഹൈവേയുടെ അധീനതയിലുള്ളതും പ്രസ്തുതഭാഗം നിലവിൽ 183-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും ടി റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ മെച്ചപ്പെട്ട രീതിയിലുമാണ്. ഈ റോഡിൽ നിലവിൽ

പേവ്ഡ് ഷോൾഡറോടുകൂടി രണ്ടുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. പ്രവൃത്തികൾ നടന്നുവരുന്നതും 3A Notification ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ബി) പുളിയൻമല-മൈലാട്ടുംപാറ റീച്ചിനായി എത്ര രൂപയുടെ ഫണ്ടാണ് അനുവദിച്ചിരിക്കുന്നത്; പ്രസ്തുത റീച്ചിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ്; വിശദമാക്കാമോ?

പുളിയൻമല-മൈലാട്ടുംപാറ

ശബരിമല പാക്കേജിലുൾപ്പെടുത്തി നിരത്തുവിഭാഗത്തിൻകീഴിൽ പൂർത്തീകരിച്ച പുളിയൻമല-മൈലാട്ടുപാറ പദ്ധതി ഡി.എൽ.പി.-ൽ ആയതിനാൽ ഈ പദ്ധതിക്കായി സമർപ്പിച്ച ഡി.പി.ആർ.-ന് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല.

(സി) ആകെ എത്ര കിലോമീറ്റർ ദൂരത്തിലാണ് ഇടുക്കി ജില്ലയിൽ മലയോര ഹൈവേ കടന്നുപോകുന്നത്; വിശദാംശം നൽകാമോ?

(1) ആറാംമൈൽ-ഇരുട്ടുക്കാനം-20 കി. മീ. (എൻ.എച്ച്.)

(2) ഇരുട്ടുക്കാനം-എല്ലക്കൽ-10.25 കി. മീ.

(3) എല്ലക്കൽ-വലിയമുല്ലക്കാനം റോഡ്-5.25 കി. മീ.

(4) വലിയമുല്ലക്കാനം-കുത്തുംങ്കൽ-6.05 കി. മീ.

(5) കുത്തുംങ്കൽ-മൈലാംട്ടുംപാറ-10.9 കി. മീ.

(6) മൈലാട്ടുംപാറ-പുളിയൻമല റോഡ്-25.78 കി. മീ.

(7) പുളിയൻമല-ചപ്പാത്ത്-27.717 കി. മീ.

(8) ചപ്പാത്ത്-കുട്ടിക്കാനം-19 കി. മീ.

(9) കുട്ടിക്കാനം-മുണ്ടക്കയം-20 കി. മീ. (എൻ.എച്ച്.)

ആകെ = 144.947 കി. മീ.

**സി.എസ്.ആർ. ഫണ്ട് പ്രയോജനപ്പെടുത്തി അനുവദിച്ച റോഡുകളുടെ വിവരങ്ങൾ**

49(1207) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എസ്.ആർ. ഫണ്ട് പ്രയോജനപ്പെടുത്തി 2020 മുതൽ കേരളത്തിലെ വിവിധ ലോക്സഭാ മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ആകെ എത്ര പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്; എത്ര കിലോമീറ്റർ റോഡുകൾക്കാണ് നിർമ്മാണാനുമതി ലഭിച്ചിട്ടുള്ളത്;

വിശദാംശം നൽകാമോ;

(സി) ഇടുക്കി ലോക്സഭാ മണ്ഡലത്തിലെ വിവിധ മണ്ഡലങ്ങളിൽ 2020-നുശേഷം സി.എസ്.ആർ. ഫണ്ട് പ്രയോജനപ്പെടുത്തി അനുവദിച്ച റോഡുകളുടെ പേരുവിവരം, ദൂരം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ-സി) സി.എസ്.ആർ. ഫണ്ട് പ്രയോജനപ്പെടുത്തി മരാമത്ത് പ്രവൃത്തികളൊന്നുംതന്നെ വകുപ്പിൽ നിർവ്വഹിച്ചിട്ടില്ല.

**കാഞ്ഞിരപ്പള്ളി ബൈപാസ് നിർമ്മാണം**

50(1208) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ബൈപാസ് നിർമ്മാണത്തിനാവശ്യമായ എത്ര ഭൂമി കൈമാറി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

കാഞ്ഞിരപ്പള്ളി ബൈപാസ് നിർമ്മാണത്തിനാവശ്യമായ 3.5800 ഹെക്ടർ ഭൂമിയിൽ 3.5490 ഹെക്ടർ ഭൂമി കൈമാറി ലഭിച്ചിട്ടുണ്ട്. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ സാങ്കേതികാനുമതി

ലഭ്യമാക്കിയിട്ടുണ്ടോ; ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; നടപടികൾ ത്വരിതപ്പെടുത്തി എത്രയും വേഗം നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

(ബി & സി) പദ്ധതിക്കാവശ്യമായ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്കായിരിക്കും ടെണ്ടർ നടപടി ആരംഭിക്കുക. ഇവയെല്ലാം ത്വരിതപ്പെടുത്തി എത്രയുംവേഗം നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണം

51(1209) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പൊതുമരാമത്ത് ജോലികൾ സമയബന്ധിതമായി തീർക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

കുട്ടനാട്ടിലെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ സമയബന്ധിതമായി കരാർ കാലാവധിക്കുള്ളിൽത്തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കാറുണ്ട്. കരാറുകാരന്റെ വീഴ്ചമൂലം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടുന്നതിൽനിന്നും കരാറുകാരനെ പിന്തിരിപ്പിക്കുന്നതിനുവേണ്ടി കരാറുകാരനിൽനിന്നും ഫൈൻ ഈടാക്കാറുണ്ട്. നിർമ്മാണ പുരോഗതിക്കുറവും ഗുണമേന്മ മാനദണ്ഡം പാലിക്കാത്തതുമായ പ്രവൃത്തികളിൽനിന്നും കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പുതിയ കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ ശ്രദ്ധിക്കാറുണ്ട്. പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിനും തടസ്സങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുമായി ഉദ്യോഗസ്ഥതലത്തിലും കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം യോഗത്തിലും DICC യോഗത്തിലും സർക്കാർ തലത്തിലും പ്രവൃത്തികൾ അവലോകനം ചെയ്യുന്നുണ്ട്.

(ബി) കുട്ടനാട്ടിലെ റോഡുപണികൾ തടസ്സപ്പെടാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

പാടത്തിൽ വെള്ളം കയറുമ്പോഴും പുറംബണ്ടിൽ മടവീഴ്ചയുണ്ടാകുമ്പോഴും മഴക്കാലത്തും റോഡുകൾ വെള്ളത്തിൽ മുങ്ങുകയും

പണി തടസ്സപ്പെടുകയും ചെയ്യുന്നു. പുറംബണ്ട് ബലപ്പെടുത്തുക, പാടശേഖരങ്ങളിൽ നിയന്ത്രിത പമ്പിംഗ് ഏർപ്പെടുത്തുക എന്നിവ മുഖേന റോഡിൽ വെള്ളം കയറുന്നത് ഒരുപരിധിവരെ നിയന്ത്രിക്കാൻ സാധിക്കും.

(സി) നിലവിൽ നവീകരണം നടന്നുകൊണ്ടിരിക്കുന്ന കുട്ടനാട്ടിലെ റോഡുകളുടെ സ്ഥിതി എന്തെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

നിലവിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പുരോഗമിക്കുന്ന ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് പ്രവൃത്തി 40 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. വീയപുരം-എടത്വ-കിടങ്ങറ-മുളക്കാംതുരുത്തി റോഡ് പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. നിരത്തുവിഭാഗത്തിനുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ശംഖുംമുഖം റോഡിലെ കുഴികൾ

52(1210) ശ്രീ. റോജി എം. ജോൺ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) തിരുവനന്തപുരത്തെ ശംഖുംമുഖം റോഡിൽ കുഴികൾ രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശംഖുംമുഖം റോഡിനടിയിൽ കല്ലുകളിട്ട് ഉറപ്പിക്കുന്നതിനുപകരം ചെളിനിറച്ചതാണ് കുഴികൾ രൂപപ്പെടാനുണ്ടായ കാരണം എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

(എ & ബി) തിരുവനന്തപുരം ശംഖുംമുഖം റോഡിന്റെ നിർമ്മാണ പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല. റോഡിന്റെ ഡയഫ്രം വാൾ ബലപ്പെടുത്തൽ പ്രക്രിയ തുടരുകയാണ്. Anchoring പ്രവൃത്തി പൂർത്തിയാകുംമുമ്പുതന്നെ അടിയന്തര സാഹചര്യം പരിഗണിച്ച് റോഡ് 15.03.2022-ന് ഗതാഗതയോഗ്യമാക്കി താൽക്കാലികമായി തുറന്നുനൽകിയിരുന്നു. Anchoring പ്രവൃത്തി തുടരുന്നതിനിടയിൽ രണ്ട് സ്ഥലങ്ങളിൽ ചെറിയ കുഴികൾ രൂപപ്പെട്ടിരുന്നത് അടച്ചിട്ടുണ്ട്. Soil anchoring പ്രവൃത്തിയിൽ ശക്തമായ horizontal water jetting ചെയ്യുമ്പോൾ obstruction ഉണ്ടെങ്കിൽ soil displacement ഉണ്ടാകുകയും തന്മൂലം കുഴികൾ രൂപപ്പെടുകയും ചെയ്യും.

(സി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ

നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

റോഡിന്റെ പുനർനിർമ്മാണം നടത്തുന്നത് തിരുവനന്തപുരം നഗര പാതാ വികസന പദ്ധതിയുടെ കൺസഷണറായ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് ആണ്. പ്രസ്തുത പദ്ധതിയുടെ 2004-ൽ വച്ച എഗ്രിമെന്റിൽത്തന്നെ ഇത്തരം കേടുപാടുകൾ ശരിയാക്കാനുള്ള വ്യവസ്ഥയുള്ളതിനാൽ ഇതിനായി സർക്കാരിൽനിന്നും ടെണ്ടർ നടപ്പിലാക്കുകയോ പ്രത്യേകമായി തുക നൽകുകയോ ചെയ്യേണ്ട ആവശ്യമില്ല. കൺസഷൻ എഗ്രിമെന്റിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള ഗുണനിലവാരത്തിലാണ് റോഡ് പുനർനിർമ്മാണ പ്രവൃത്തി നടപ്പിലാക്കി വരുന്നത്.

(ഡി) ആക്സിലറേറ്റ് പി.ഡബ്ല്യു.ഡി.-യുടെ ഭാഗമായി പ്രസ്തുത പദ്ധതിയുടെ മേൽനോട്ടം വകുപ്പ് നടത്തിയിരുന്നോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഡയഫ്രം വാൾ നിർമ്മാണം പൊതുമരാമത്ത് റോഡ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നിർവ്വഹിച്ചിട്ടുള്ളത്. റോഡ് നിർമ്മാണവും Drain

നിർമ്മാണവും KRFB വിഭാഗമാണ്. കടൽക്ഷോഭത്തിൽ തകർന്ന റോഡ് ഭാഗം പുനർനിർമ്മിക്കുന്ന പ്രവൃത്തി പദ്ധതി കൺസഷണറായ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡിന്റെ ചുമതലയിലുൾപ്പെട്ടതാണ്. പദ്ധതിയുടെ എഗ്രിമെന്റിൽ പ്രതിപാദിച്ച പ്രകാരമുള്ള sub base, base course, surfacing പ്രവൃത്തികൾ പൂർണ്ണ ഗുണനിലവാരം ഉറപ്പാക്കിയാണ് നടപ്പിലാക്കിവരുന്നത്.

(ഇ) മന്ത്രിയുടെ ഓഫീസ് നേരിട്ട് മേൽനോട്ടം വഹിച്ചതായി പറയുന്ന പദ്ധതിയിൽ ക്രമക്കേട് നടന്നുവെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ?

ശംഖുംമുഖം റോഡ് പുനർനിർമ്മാണ പ്രവൃത്തി 2004-ലെ ആന്വിറ്റി കൺസഷൻ എഗ്രിമെന്റിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥ പ്രകാരമാണ് പദ്ധതി കൺസഷണറായ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് (റ്റി.ആർ.ഡി.സി.എൽ.) മേൽനോട്ടം വഹിച്ച് നടപ്പിലാക്കി വരുന്നത്. പ്രവൃത്തികൾ പൂർണ്ണമായും ഗുണനിലവാരം ഉറപ്പാക്കിയാണ് കൺസഷണർ കമ്പനി നടത്തുന്നത്. മേൽപ്പറഞ്ഞ ഭാഗത്ത് 22-02-2027 വരെ പരിപാലനം നടത്തേണ്ടത് പ്രസ്തുത കമ്പനി തന്നെയായതിനാൽ വളരെ

കാര്യക്ഷമമായാണ് പണികൾ നടത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതകൾ സംഭവിച്ചാൽപ്പോലും ആയത് പൂർണ്ണമായും പരിഹരിക്കേണ്ട ഉത്തരവാദിത്വം കൺസഷണർ കമ്പനിയായ റ്റി.ആർ.ഡി.സി.എൽ.-നാണ്. ആകയാൽ പ്രവൃത്തി നടപ്പിലാക്കുന്നതിൽ യാതൊരു ക്രമക്കേടും നടന്നിട്ടില്ല.

## ശംഖുംമുഖം റോഡ്

53(1211) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ശംഖുംമുഖം റോഡ് പണി പൂർത്തിയാക്കി മൂന്ന് മാസമായപ്പോൾത്തന്നെ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ പണി പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം കുഴികൾ രൂപപ്പെടുകയും റോഡ് സഞ്ചാരയോഗ്യമല്ലാതാവുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുഴികൾ രൂപപ്പെട്ടതിന്റെ കാരണം വിശദമാക്കാമോ?

(എ & ബി) തിരുവനന്തപുരം ശംഖുംമുഖം റോഡ് പ്രവൃത്തി നിലവിൽ

പൂർത്തിയായിട്ടില്ല. തിരുവനന്തപുരം നഗരപാതാ വികസന പദ്ധതിയിലുൾപ്പെട്ട ശംഖുംമുഖം റോഡ് കടൽക്ഷോഭംമൂലം കുറച്ചുഭാഗം തകർന്നതിനാൽ ഈ ഭാഗത്തെ കടൽഭിത്തി നിർമ്മാണത്തിന്റെ ഭാഗമായി Diaphram wall നിർമ്മാണ പ്രവൃത്തിയുടെ ബലപ്പെടുത്തൽ പ്രക്രിയ നടക്കുകയായിരുന്നു. ഈ പ്രവൃത്തിയിലെ anchoring പൂർത്തിയാക്കുന്നതിന് മുമ്പുതന്നെ അടിയന്തര സാഹചര്യം കണക്കാക്കി പദ്ധതി കൺസഷണർ റോഡ് പുനർനിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് താൽക്കാലികമായി ഗതാഗത യോഗ്യമാക്കി 15.03.2022-ൽ വാഹന ഗതാഗതത്തിനായി തുറന്ന് കൊടുക്കുകയുണ്ടായി. ഇതിന്റെ തുടർന്നുള്ള Diaphram wall-ന്റെ anchoring പ്രവൃത്തികൾ നടക്കുമ്പോൾ റോഡ് പ്രതലത്തിന് സംഭവിക്കാവുന്ന കേടുപാടുകൾ പൂർണ്ണമായി പരിഹരിച്ച് പ്രതലം പൂർണ്ണമായും ഉറപ്പിച്ചതിനുശേഷം മാത്രം ബി.സി. ഓവർലേ പ്രവൃത്തി പൂർത്തിയാക്കാനാണ് കൺസഷണർ കമ്പനി രൂപകല്പന ചെയ്തിരുന്നത്. Soil anchoring പ്രവൃത്തിയിൽ ശക്തമായ horizontal water jetting ചെയ്യുമ്പോൾ obstruction ഉണ്ടെങ്കിൽ soil displacement ഉണ്ടാകുകയും തന്മൂലം കുഴികൾ രൂപപ്പെടാനുള്ള സാധ്യതയുമുണ്ട്. ഇതിനാലാണ് 2

സ്ഥലങ്ങളിൽ ചെറിയ കുഴികൾ രൂപപ്പെട്ടത്. അവ അടച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ വ്യാപക ക്രമക്കേട് നടന്നുയെന്ന പരാതി അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ശംഖുംമുഖം റോഡ് പുനർനിർമ്മാണം ഇതുവരെ പൂർത്തിയായിട്ടില്ല. ശംഖുംമുഖം റോഡ് പുനർനിർമ്മാണ പ്രവൃത്തി 2004-ലെ ആന്വിറ്റി കൺസഷൻ എഗ്രിമെന്റിൽ നിഷ്കർഷിച്ച വ്യവസ്ഥ പ്രകാരമാണ് പദ്ധതി കൺസഷണറായ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് (റ്റി.ആർ.ഡി.സി.എൽ.) മേൽനോട്ടം വഹിച്ച് നടപ്പിലാക്കിവരുന്നത്. പ്രവൃത്തികൾ പൂർണ്ണമായും ഗുണനിലവാരം ഉറപ്പാക്കിയാണ് കൺസഷണർ കമ്പനി നടത്തുന്നത്. ഈ ഭാഗത്ത് 22.02.2027-വരെ പരിപാലനം നടത്തേണ്ടത് പ്രസ്തുത കമ്പനിയാണ്. ഈ പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതകൾ സംഭവിച്ചാൽ അത് പൂർണ്ണമായും പരിഹരിക്കേണ്ട ഉത്തരവാദിത്വം കൺസഷണർ കമ്പനിയായ റ്റി.ആർ.ഡി.സി.എൽ.-നാണ്.

**കാസർകോട് ജില്ലയിലെ കല്ലടക്ക-ചെർക്കള റോഡ്**

54(1212) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കല്ലടക്ക-ചെർക്കള റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി എപ്പോഴാണ് ടെണ്ടർ ചെയ്തതെന്നും നിലവിൽ പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

കാസർകോട് ജില്ലയിലെ കല്ലടക്ക-ചെർക്കള റോഡിൽ നിലവിൽ അഭിവൃദ്ധിപ്പെടുത്തൽ നടന്നുകൊണ്ടിരിക്കുന്ന ഭാഗത്തെ പ്രവൃത്തി 12.07.2018-നാണ് ടെണ്ടർ ചെയ്തത്. നിലവിൽ പ്രവൃത്തിയുടെ മുഴുവൻ ഭാഗത്തും ആദ്യഘട്ട ടാറിംഗ് (DBM) പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ എത്ര കിലോമീറ്റർ ദൂരം അഭിവൃദ്ധിപ്പെടുത്താനുള്ള പ്രവൃത്തിയാണ് ടെണ്ടർ ചെയ്തതെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും എത്ര രൂപയുടേതാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ 19.194 കി. മീ. ദൂരം അഭിവൃദ്ധിപ്പെടുത്തുവാനുള്ള പ്രവൃത്തിയാണ് ടെണ്ടർ ചെയ്തത്. ഭരണാനുമതി തുക 20 കോടി രൂപയും സാങ്കേതികാനുമതി തുക 39.76 കോടി രൂപയുമാണ്.

(സി) ആയതിൽ ഇതുവരെ ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനാവശ്യമായി വന്ന തുക എത്രയാണെന്നും പ്രസ്തുത തുക കരാറുകാരന് നൽകിയോ എന്നും വ്യക്തമാക്കാമോ?

ഇതുവരെ സംരക്ഷണഭിത്തിയുടെ പ്രവൃത്തികളും ആദ്യഘട്ട ടാറിംഗ് വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 27.92 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരന് 22,02,87,773/- രൂപ നൽകിയിട്ടുണ്ട്.

(ഡി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതെന്നും അവ എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

അവസാനഘട്ട ടാറിംഗും (BC) അനുബന്ധ പ്രവൃത്തികളും മാത്രമാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്. പ്രസ്തുത പ്രവൃത്തികൾ 2022 ഡിസംബറിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പ്രസ്തുത പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചത് ഏത് വർഷത്തിലാണെന്നും ആദ്യം 7 മീറ്റർ വീതിയുണ്ടായിരുന്നത് 9 മീറ്ററാക്കി മാറ്റിയതാണോയെന്നും വ്യക്തമാക്കാമോ; എങ്കിൽ മാറ്റാനുള്ള കാരണമെന്തായിരുന്നു എന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചത് 2018-ലാണ്. ആദ്യം 7 മീറ്റർ വീതിയിൽ ചെയ്യാനാണ് വിഭാവനം ചെയ്തിരുന്നത്. കിഫ്ബിയുടെ 20.06.2019-ലെ നിരീക്ഷണ പത്രികയിലെ നിർദ്ദേശപ്രകാരമാണ് 9 മീറ്റർ വീതിയാക്കിയത്. കിഫ്ബിയുടെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് ഇപ്രകാരം മാറ്റം വരുത്തിയത്.

(എഫ്) വീതിയിൽ മാറ്റം വന്നപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അനിവാര്യതയുണ്ടായിരുന്നോ; എങ്കിൽ ആർ.ഇ. അനുവദിച്ചോ; വ്യക്തമാക്കാമോ?

വീതിയിൽ മാറ്റം വന്നപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായി വന്നു. അത് കേരള റോഡ് ഫണ്ട് ബോർഡിന്റെ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

**പതിനാറുങ്ങൽ കക്കാട് ബൈപാസ് റോഡ് നിർമ്മാണം**

55(1213) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട പതിനാറുങ്ങൽ കക്കാട് ബൈപാസ് റോഡ് നിർമ്മാണ നടപടികൾ സംബന്ധിച്ച വിശദ

വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതുമായ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ-സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട് തുടങ്ങി പതിനാറുങ്ങൽ അവസാനിക്കുന്ന തരത്തിൽ ഒരു ബൈപാസ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

## ചാലക്കുടി അടിപ്പാത നിർമ്മാണം

56(1214) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-എറണാകുളം ദേശീയപാതയിലെ ചാലക്കുടി അടിപ്പാതയുടെ നിർമ്മാണത്തിൽ പുരോഗതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പുരോഗതിയില്ലാത്തതിന്റെ പേരിൽ കൺസ്ട്രക്ഷൻ കമ്പനിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(എ & ബി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള NHAI ആണ് ചാലക്കുടി അടിപ്പാത നിർമ്മാണം നടത്തുന്നത്. നിർമ്മാണ പ്രവൃത്തി വൈകുന്നത് NHAI-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ-എറണാകുളം ദേശീയപാതയിലെ ചാലക്കുടി അടിപ്പാതയുടെ നിർമ്മാണം വേഗത്തിലാക്കുന്നതിന് ദേശീയപാത അതോറിറ്റി പ്രോജക്ട് ഡയറക്ടർ, പാലക്കാട് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) ചാലക്കുടി അടിപ്പാതയുടെ നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ചാലക്കുടി അടിപ്പാതയുടെ നിർമ്മാണം നിലവിൽ 24 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ അടിപ്പാതയുടെ ബാക്കിഭാഗം പൂർത്തീകരിക്കുന്നതിന് ടെണ്ടർ വിളിക്കുന്നത് ദേശീയപാത അതോറിറ്റിയുടെ പരിഗണനയിലാണ്. അടുത്ത രണ്ട് മാസംകൊണ്ട് വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ലെങ്കിൽ മറ്റൊരാളെക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കുന്ന വിഷയം NHAI-യുടെ പരിഗണനയിലാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

57(1215) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഇരിക്കൂർ മണ്ഡലത്തിലെ ഏതൊക്കെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കണ്ണാടി-പന്നിക്കോട് റോഡ്

58(1216) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി അനുമതി ലഭ്യമായ കണ്ണാടി-പന്നിക്കോട് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ കണ്ണാടി-പന്നിക്കോട് റോഡ് പ്രവൃത്തിക്ക് 1.11.2016-ലെ സ.ഉ.(സാധാ) നം. 1502/2016/പൊ.മ.വ. പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള 60 ലക്ഷം രൂപയുൾപ്പെടെ 24.09 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

21.82 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭിക്കുകയും അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 27.01 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്.

## തമ്മനം പുല്ലേപ്പടി റോഡ് നിർമ്മാണം

59(1217) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ തമ്മനം പുല്ലേപ്പടി റോഡിന്റെ നിർമ്മാണ പുരോഗതി ഏതുവരെയായി എന്ന് വിശദമാക്കുമോ; റോഡിന്റെ അലൈൻമെന്റിന് അന്തിമരൂപം ആയിട്ടുണ്ടോ?

എറണാകുളം നിയോജകമണ്ഡലത്തിലെ തമ്മനം പുല്ലേപ്പടി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിക്കായി 93.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. റോഡിന്റെ അലൈൻമെന്റിന് അന്തിമരൂപമായിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവൃത്തിക്കായുള്ള അനുമതി ലഭിക്കുന്നതിനായി ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് അവലോകന ഘട്ടത്തിലാണ്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി, ഏറ്റെടുത്ത ഭൂമിയുടെ അളവ്, ഇനി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ അളവ്; സൗജന്യമായി ലഭിച്ച ഭൂമിയുടെ അളവ് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് 20.03.2022 -ലെ കിഫ്ബി ഉത്തരവ് പ്രകാരം 5.83 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. കേരള ഗസറ്റ് വിജ്ഞാപനപ്രകാരം കൊച്ചിൻ കോർപ്പറേഷൻ ഇതുവരെ എളംകുളം വില്ലേജിലെ 54.79 ആർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ എറണാകുളം വില്ലേജിലെ 11.20 ആർ ഭൂമിയും എളംകുളം വില്ലേജിലെ 105.12 ആർ ഭൂമിയും പൂണിത്തുറ വില്ലേജിലെ 46.79 ആർ ഭൂമിയും ഫ്രീ സറണ്ടറായി കൊച്ചിൻ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. ഇനി 3.681 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.  കേരള ഗസറ്റ് വിശദീകരണക്കുറിപ്പുപ്രകാരം എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കൊച്ചി നഗരസഭയുടെ അധീനതയിലുള്ള പത്മ ജംഗ്ഷൻ മുതൽ നാഷണൽ ഹൈവേ ബൈപാസ് വരെയുള്ള 3.75 കി. മീ. റോഡ്, തമ്മനം-പുല്ലേപ്പടി റോഡിന്റെ വികസനത്തിനായി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിന് നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്.

(സി) ഏറ്റെടുത്ത ഭൂമി വകുപ്പിന് കൈമാറിക്കിട്ടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഇല്ല. പ്രസ്തുത റോഡ് കൊച്ചിൻ കോർപ്പറേഷനിൽനിന്നും പൊതുമരാമത്ത് വകുപ്പിന് രേഖാപരമായി കൈമാറി കിട്ടേണ്ടതുണ്ട്.

**കാഞ്ഞങ്ങാട് ഫ്ലൈ ഓവർ**

60(1218) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ഫ്ലൈഓവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) പ്രസ്തുത ഫ്ലൈഓവർ നിർമ്മിക്കുന്നതിന് വേഗത്തിൽ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

(എ & ബി) കാഞ്ഞങ്ങാട് ഫ്ളൈഓവർ നിർമ്മാണ പദ്ധതിക്കായി തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി 27.08.2021-ന് സമർപ്പിച്ചിരുന്നു. കിഫ്ബിയിൽനിന്നും 15.02.2022-ൽ Technical Appraisal Report (TAR) ലഭിക്കുകയും 11.04.2022-ന് മറുപടി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 27.05.2022-ന് കിഫ്ബിയിൽനിന്നും

ലഭിച്ച TAR-2-ൽ പുതിയതായി ട്രാഫിക് പഠനം നടത്താൻ നിർദ്ദേശിച്ചിരിക്കുകയാണ്. ട്രാഫിക് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പദ്ധതിയുടെ കൺസൾട്ടന്റായ M/s. EI Technologies, Banglore-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഏഴിലോട് - റെയിൽവേ സ്റ്റേഷൻ പുതിയ പുഴക്കര - പുന്നാക്കടവ് റോഡ് പ്രവൃത്തി**

61(1219) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ-കല്ല്യാശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഏഴിലോട് - റെയിൽവേ സ്റ്റേഷൻ പുതിയ പുഴക്കര-പുന്നാക്കടവ് റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിർമ്മാണം പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഏഴിലോട്-റെയിൽവേ സ്റ്റേഷൻ പുതിയ പുഴക്കര-പുന്നാക്കടവ് റോഡ് നിർമ്മാണ പ്രവൃത്തി 16.22 കോടി രൂപയ്ക്ക് 01.11.2018-ൽ കരാർ നൽകിയിരുന്നു. പ്രവൃത്തിയുടെ കരാറുകാരൻ മരണപ്പെട്ടതിനെത്തുടർന്ന് പ്രവൃത്തിയിൽ കാലതാമസം നേരിട്ടിരുന്നു. കരാറുകാരന്റെ നോമിനി മാനേജിംഗ് ഡയറക്ടറായിട്ടുള്ള കമ്പനിക്ക് പ്രവൃത്തി നടത്താനുള്ള കരാർ 05.05.2022-ൽ നൽകുകയും പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. 55 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## മോറക്കാല-താളിക്കല്ല് റോഡ്

62(1220) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് പഞ്ചായത്തിലെ നിർമ്മാണം പൂർത്തിയായ മാഞ്ചേരിക്കുഴി പാലത്തിന് അനുബന്ധമുള്ള മോറക്കാല-താളിക്കല്ല് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ

പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ & ബി) മോറയ്ക്കാല-താളിക്കല്ല് റോഡ് പൊതുമരാമത്ത് വകുപ്പ് റോഡായ മനയ്ക്കക്കടവ്-മോറയ്ക്കാല റോഡിന്റെ 1/900 കിലോമീറ്ററായ വെസ്റ്റ് മോറയ്ക്കാലയിൽനിന്നും തുടങ്ങി മഞ്ചേരിക്കുഴി പാലം വരെ 900 മീറ്റർ വരുന്നതും നിലവിൽ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമാകുന്നു. മഞ്ചേരിക്കുഴി പാലം കുന്നത്തുനാട് നിയോജകമണ്ഡലത്തേയും തൃക്കാക്കര മണ്ഡലത്തേയും ബന്ധിപ്പിക്കുന്നതും ഇൻഫോപാർക്ക് കാക്കനാട് മുതലായ സ്ഥലങ്ങളിലേക്ക് എത്തിച്ചേരുന്നതിനുള്ള പാതയായതിനാലും മഞ്ചേരിക്കുഴി പാലത്തിലേക്കുള്ള ഈ അനുബന്ധ റോഡ് വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട കുന്നത്തുനാട് എം.എൽ.എ.-യുടേയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടേയും ആവശ്യപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ റോഡ് സന്ദർശിക്കുകയും നിലവിൽ 20 എം.എം. ചിപ്പിംഗ് കാർപ്പറ്റ് രീതിയിൽ ചെയ്തിരിക്കുന്ന റോഡ് വീതി കൂട്ടി ബി.എം. & ബി.സി. ചെയ്ത് പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 2.25 കോടി രൂപയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്.

പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കോഴിക്കോട് നഗരപാത രണ്ടാംഘട്ട നിർമ്മാണ പദ്ധതി**

63(1222) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപാത രണ്ടാംഘട്ട നിർമ്മാണ പദ്ധതിയുടെ നടപടികൾ ഏതുവരെയായിയെന്ന് വിശദമാക്കാമോ?

കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാംഘട്ടം ഉൾപ്പെട്ട 10 റോഡുകൾ, രാമനാട്ടുകര-വട്ടക്കിണർ, പന്നിയങ്കര-പന്തീരങ്കാവ് റോഡ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. 06.06.2022-ലെ ജി.ഒ. (ആർ.റ്റി.) നം.613/2022/പൊ.മ.വ. പ്രകാരം കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കാട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി പദ്ധതി ഡി.ബി.എഫ്.ഒ.റ്റി. ആന്വിറ്റി വ്യവസ്ഥയിൽ 1.70 കി. മി. മേൽപ്പാല നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കാനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) മാവൂർ റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

മാവൂർ റോഡിലെ നന്തിലത്ത് കവലയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് നിലവിൽ അമൃത് പദ്ധതിയിൽ പൂർത്തീകരിച്ച അഴുക്കുചാൽ, അരയിടത്ത് പാലം ജംഗ്ഷനിൽനിന്ന് കനോലി കനാലിലേക്ക് ഒഴുക്കിവിടുന്നതിനുള്ള പ്രവൃത്തിക്കായി 290 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഫ്ലഡ്ഡിംഗ് മിറ്റഗേഷൻ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരത്തിനായി 04.03.2022-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ശംഖുംമുഖം റോഡ്**

64(1223) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമീപകാലത്ത് പണിപൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കിയ ശംഖുംമുഖം റോഡ് ഏതാനും ദിവസങ്ങൾക്കുള്ളിൽ തകർന്ന്

സഞ്ചാരയോഗ്യമല്ലാതായി തീർന്നതിന് പിന്നിലെ ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റോഡ് നിർമ്മാണ പ്രവൃത്തിയുടെ അടങ്കൽത്തുക എത്രയായിരുന്നുവെന്ന് അറിയിക്കാമോ?

കടൽക്ഷോഭത്തിൽ തകർന്ന ശംഖുംമുഖം റോഡ് പുനർനിർമ്മാണ പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടില്ല. റോഡിന്റെ ഡയഫ്രം വാൾ ബലപ്പെടുത്തൽ പ്രക്രിയയായ anchoring പൂർത്തിയാക്കും മുമ്പുതന്നെ അടിയന്തര സാഹചര്യം പരിഗണിച്ച് റോഡ് 15.03.2022-ന് ഗതാഗതയോഗ്യമാക്കി താൽക്കാലികമായി തുറന്നുനൽകിയിരുന്നു. ഇപ്പോൾ anchoring പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന റോഡ് പ്രതലത്തിൽ രണ്ടുഭാഗത്തായി ചെറിയ കുഴികൾ രൂപപ്പെട്ടിരുന്നു. അവ അടച്ചിട്ടുണ്ട്.

മുകളിൽ വിശദീകരിച്ചതനുസരിച്ച് Diaphram Wall-ന്റെ ബലം ഉറപ്പിക്കുന്ന പ്രവൃത്തിയായ anchoring, റോഡ് പ്രതലത്തിന് 1.5 മീറ്റർ അടിയിലൂടെ 12 മീറ്ററോളം നീളത്തിൽ കുറുകെ ബോറിംഗ് & ആങ്കറിംഗ്

നടത്തിക്കൊണ്ടിരിക്കുന്നതിനാൽ, ശക്തമായ horizontal water jetting ഉണ്ടാകുമ്പോൾ ചില obstructions കാരണം soil displacement ഉണ്ടാകുകയും റോഡ് പ്രതലത്തിൽ കുഴികൾ രൂപപ്പെടാനും സാധ്യതയുമുണ്ട്. Anchoring പൂർത്തിയാക്കി റോഡ് പ്രതലം പൂർണ്ണമായും ബലപ്പെടുത്തിയ ശേഷമേ റോഡിന്റെ സർഫസിംഗ് പ്രവൃത്തി പൂർത്തിയാക്കുകയുള്ളൂ. അതുകൊണ്ടുതന്നെ പ്രവൃത്തിയിൽ ക്രമക്കേടുകളൊന്നും നടന്നിട്ടില്ല.

കടൽക്ഷോഭത്തിൽ തകർന്ന റോഡ് പുനർനിർമ്മിക്കുന്ന പ്രവൃത്തി നടത്തുന്നത് തിരുവനന്തപുരം നഗരപാത വികസന പദ്ധതിയുടെ കൺസഷണറായ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് ആണ്. പ്രസ്തുത പദ്ധതിയുടെ 2004-ലെ ആന്വറ്റി കൺസഷൻ എഗ്രിമെന്റിൽ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥയുള്ളതിനാൽ ഇതിനായി സർക്കാരിൽനിന്നും ടെണ്ടർ നടപ്പിലാക്കുകയോ പ്രത്യേകമായി തുക നൽകുകയോ വേണ്ട. പദ്ധതിയുടെ കൺസഷൻ എഗ്രിമെന്റിൽ പ്രതിപാദിച്ച പ്രകാരമുള്ള sub base, base course, surfacing പ്രവൃത്തികൾ പൂർണ്ണ ഗുണനിലവാരം ഉറപ്പാക്കിയാണ് നടപ്പിലാക്കിവരുന്നത്. 22.02.2027 വരെ പരിപാലനം നടത്തേണ്ടത് പ്രസ്തുത കമ്പനി

തന്നെയാണ്.

## താഴെ തിരുവമ്പാടി-കുമാരനെല്ലൂർ-മണ്ടാംകടവ് റോഡ് നിർമ്മാണ പ്രവൃത്തി

65(1224) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമയബന്ധിതമായി പ്രവൃത്തി നടത്താൻ തയ്യാറാകാതിരുന്നതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് താഴെ തിരുവമ്പാടി-കുമാരനെല്ലൂർ-മണ്ടാംകടവ് റോഡ് ആദ്യറീച്ച് നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

താഴെ തിരുവമ്പാടി-കുമാരനെല്ലൂർ-മണ്ടാംകടവ് റോഡ് ആദ്യറീച്ചിന്റെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ ബാലൻസ് വർക്ക് അറേഞ്ച് ചെയ്യാനായി ബാലൻസ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നെങ്കിലും പുതുക്കിയ എസ്റ്റിമേറ്റിൽ അപാകതയുണ്ടായിരുന്നതിനാൽ പരിഹരിക്കുന്നതിനായി നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും തിരിച്ച് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെർമിനേറ്റ് ചെയ്ത നടപടിക്കെതിരെ കരാറുകാരൻ

ഹൈക്കോടതിയിൽ WP(C)നം.14323/2022 ഫയൽ ചെയ്യുകയും കോടതി 22.04.2022-ന് ടെർമിനേഷൻ നടപടിക്കെതിരായി 2 മാസം സ്റ്റേ അനുവദിക്കുകയും ചെയ്തിരുന്നു. സ്റ്റേ കാലാവധി 21.06.2022-ന് അവസാനിച്ചു. റിട്ട് പെറ്റീഷനെതിരെ കൗണ്ടർ അഫിഡവിറ്റ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

സ്റ്റേ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് ബാലൻസ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റോഡ് കുഴിക്കുന്നതിനുള്ള അനുമതിയിലെ കാലതാമസം**

66(1225) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി റോഡ് കുഴിക്കുന്നതിനുള്ള അനുമതി

പൊതുമരാമത്ത് വകുപ്പ് നൽകുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് കട്ടിംഗിനായി നിലവിലെ ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം അപേക്ഷകൾ ROW പോർട്ടലിൽ ലഭ്യമാകുന്നമുറയ്ക്ക് അനുമതി നൽകുന്നുണ്ട്. ചില അവസരങ്ങളിൽ സൈറ്റിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് കട്ടിംഗ് അനുമതി നൽകുന്നത് മാറ്റിവയ്ക്കേണ്ടതായി വരുന്നുണ്ട്. കൂടാതെ മൺസൂൺ നിരോധനം നിലനിൽക്കുമ്പോഴും റോഡ് കട്ടിംഗിനായി അനുമതി നൽകാനാകില്ല. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 22.11.2016-ലെ RW/NH-33044/2015/S & R (R) നമ്പർ കത്ത് പ്രകാരം നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിന് അനുമതി നൽകുന്നത്. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ RO, MoRTH-ന് അപേക്ഷ സമർപ്പിക്കുമ്പോൾ അദ്ദേഹം സ്ഥലം നേരിട്ട് പരിശോധിച്ചതിനുശേഷമാണ് റോഡ് കുഴിക്കുന്നതിനുള്ള അനുമതി നൽകുന്നത്.

(ബി) ഗ്യാരന്റീഡ് റോഡുകളുടെ കാര്യത്തിൽ അനുമതി നൽകുന്നതിനുള്ള തടസ്സം നീക്കുന്നതിന് പൊതുമാനദണ്ഡം രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഡിഫക്ട് ലയബിലിറ്റി പരിധിയുള്ള റോഡുകളിൽ റെസ്റ്റോറേഷൻ ചാർജ്ജിന്റെ 10 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകി നിബന്ധനകൾക്കുവിധേയമായി റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നതിനായി പൊതുമാനദണ്ഡം രൂപീകരിച്ച് 24.02.2022-ലെ ജി.ഒ.(എം.എസ്.)നം.8/2022/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ഗെയിൽ വാതക പൈപ്പ് ലൈനിടുന്നതിന് നൽകുന്ന അനുമതിക്ക് സമാനമായി ജൽ ജീവൻ പദ്ധതിയെക്കൂടി പരിഗണിക്കാൻ തയ്യാറാകുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന മലയോര ഹൈവേയുടെ പുരോഗതി

67(1226) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ മാനന്തവാടി മണ്ഡലത്തിൽ

നടപ്പാക്കുന്ന മലയോര ഹൈവേയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ടെണ്ടറെടുത്ത സ്ഥാപനത്തിന്റെ പേര് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് നൽകിയിരിക്കുന്ന സമയം എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ-സി) മാനന്തവാടി മണ്ഡലത്തിൽ മലയോര ഹൈവേയിലുൾപ്പെടുന്നത് കൊട്ടിയൂർ ബോയ്സ് ടൗൺ കിലോമീറ്റർ 2/500 മുതൽ 6/270 വരെയും ബോയ്സ് ടൗൺ വാളാട് കുങ്കിച്ചിറ റോഡ് കിലോമീറ്റർ 8/300 മുതൽ 19/100 വരെയും തലശ്ശേരി ബാവലി റോഡിൽ കിലോമീറ്റർ 68/200 മുതൽ 69/780 വരെയും 70/390 മുതൽ 77/790 വരെയും 78/010 മുതൽ 81/000 വരെയുമുള്ള ഭാഗമാണ്. ഈ പ്രവൃത്തിയുടെ നടത്തിപ്പിനായി 06.06.2022-ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡുമായി 106.12 കോടി രൂപയ്ക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ കാലാവധി 24 മാസമാണ്.

**ബൈപാസ് നിർമ്മാണം**

68(1227) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മാനത്ത് മംഗലം-ഓരോടംപാലം ബൈപാസ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

പെരിന്തൽമണ്ണ മാനത്ത് മംഗലം-ഓരോടം പാലം ബൈപാസ് നിർമ്മിക്കുന്നതിനുള്ള അനുബന്ധ നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) പ്രസ്തുത ബൈപാസ് നിർമ്മാണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇതിനോടകം പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

ഓരോടം പാലം - മാനത്തുമംഗലം ബൈപാസ് റോഡിനോട് അനുബന്ധിച്ചുള്ള ROB-യുടെ GAD (ജനറൽ അലൈൻമെന്റ് ഡ്രോയിംഗ്) ലഭിക്കുന്നതിനുവേണ്ടി സതേൺ റെയിൽവേയ്ക്ക് P & E ചാർജ് ഇനത്തിൽ 16,23,800/- രൂപ അടച്ചിട്ടുണ്ട്. റെയിൽവേയുടെ GAD ലഭിച്ചതിനുശേഷം മാത്രമേ മറ്റ് അനുബന്ധ രൂപരേഖകൾ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് 17.01.2022-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സതേൺ റെയിൽവേ ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കുന്നതിന് 25.09.2021-ൽ റോഡ്സ് വിഭാഗം സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഭൂമി

ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഫണ്ടിന്റെ ലഭ്യത, ശീർഷകം എന്നിവ സഹിതം റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

2021 ജൂൺ 14-ന് ചേർന്ന അവലോകന യോഗത്തിൽ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പിന് ആവശ്യമുള്ള എൽ.എ. ഗവൺമെന്റ് ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും കൂടാതെ റെയിൽവേ GAD ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

പുതുക്കിയ പ്രൊപ്പോസൽ പ്രകാരം ROB-യുടെ ഉയരം ഏകദേശം 17 മീറ്ററോളം വരുന്നുണ്ട്. ഇതുകാരണം അധികസ്ഥലവും അപ്രോച്ച് റോഡുമായി ബന്ധിപ്പിക്കുന്നതിന് അധികമായി പാലം സ്പാനുകളും ആവശ്യമായി വരുന്നതാണ്.

(സി) പ്രസ്തുത ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ വ്യക്തമാക്കുമോ?

26.11.2021 -ൽ ചേർന്ന മലപ്പുറം ജില്ലാ DICC മീറ്റിംഗിൽ ഇക്കാര്യം പരിഗണിക്കുകയും ഈ പദ്ധതി ആർ.ബി.ഡി.സി.കെ.-യെക്കൊണ്ട് നടപ്പിലാക്കുന്നതിനുള്ള പ്രായോഗികത പരിശോധിക്കാൻ തീരുമാനിക്കുകയും

ചെയ്തിട്ടുണ്ട്.

**പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ഭരണാനുമതി നൽകിയ റോഡുകൾ**

69(1228) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്സ് വിഭാഗത്തിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഭരണാനുമതി ലഭ്യമായ ഏതെല്ലാം റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ; പൂർത്തിയാക്കാനുള്ള റോഡുകളുടെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) 2021-നുശേഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഇതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കുറ്റ്യാടി-കണ്ണൂർ മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാത

70(1229) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി-കണ്ണൂർ മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാതയുടെ അന്തിമ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോ; അലൈൻമെന്റിന്റെ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തുക കിഫ്ബിയിൽനിന്ന് അനുവദിക്കാൻ തീരുമാനമായിട്ടുണ്ടോ;

(സി) പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

(എ-സി) കുറ്റ്യാടി-കണ്ണൂർ മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാതയുടെ കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെയുള്ള കോഴിക്കോട് ജില്ലയിലുൾപ്പെടുന്ന 22.50 കി. മീ. റോഡിന്റെ അന്തിമ അലൈൻമെന്റ് തയ്യാറാക്കിവരുന്നു. കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള 29.80 കി. മീ. റോഡിന്റെ അന്തിമ അലൈൻമെന്റ് അംഗീകരിച്ചു. ഡി.പി.ആർ.

സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ 24.05.2022-ന് സമർപ്പിച്ചിട്ടുണ്ട്. 1009.98 കോടി രൂപയുടെ പ്രസ്തുത ഡി.പി.ആർ.-ൽ സ്ഥലമേറ്റെടുക്കുന്ന തുകയായ 591.03 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മലമ്പുഴ-ആനക്കൽ റിംഗ് റോഡിന്റെ പ്രവൃത്തി**

71(1230) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 22.12.2018-ലെ 1978/2018/പി. ഡബ്ല്യു. ഡി. ഉത്തരവ് പ്രകാരം അഞ്ചുകോടി രൂപ അനുവദിച്ച മലമ്പുഴ-ആനക്കൽ റിംഗ് റോഡിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

22.12.2018-ൽ സ.ഉ.(സാ) നം.1978/2018/ പൊ.മ.വ. പ്രകാരം 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ മലമ്പുഴ-ആനക്കൽ റിംഗ് റോഡ് പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിശ്ചിത സമയത്തിനകത്ത് സാങ്കേതികാനുമതി ലഭിക്കാതെ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച് മൂന്നര വർഷം കഴിഞ്ഞിട്ടും സാങ്കേതികാനുമതി ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ?

(ബി & സി) 2018-ൽ നൽകിയ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് 'മലമ്പുഴ-ആനക്കൽ റിംഗ് റോഡിൽ കി. മീ. 2/000 മുതൽ 11/000 വരെയും 11/500 മുതൽ 21/000 വരെയും അടിയന്തര അറ്റകുറ്റപ്പണികൾ', 'എസ്.എൽ.ടി.എഫ്. 2018-19 മലമ്പുഴ - ആനക്കൽ റിംഗ് റോഡിൽ കി. മീ. 24/000 മുതൽ 28/200 വരെ പ്രത്യേക അറ്റകുറ്റപ്പണികൾ' എന്നീ അടിയന്തര പ്രാധാന്യമുള്ള രണ്ട് പ്രവൃത്തികൾക്കായി കരാറുകാരന് സൈറ്റ് കൈമാറിയ സമയത്താണ് മലമ്പുഴ-ആനക്കൽ റിംഗ് റോഡിനുള്ള ഭരണാനുമതി ലഭിച്ചത്. അടിയന്തര പ്രാധാന്യമുള്ള അറ്റകുറ്റപ്പണികളായതിനാൽ ഈ രണ്ട് പ്രവൃത്തികളും ഉടനടി ആരംഭിക്കുകയുണ്ടായി. 2020-ൽ ടി പ്രവൃത്തികളുടെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് (DLP) അവസാനിച്ചതിനെത്തുടർന്ന് മലമ്പുഴ-ആനക്കൽ റിംഗ് റോഡ് പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡുള്ള ചെയിനേജുകൾ

ഒഴിവാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും DSOR 2018 നിലവിൽ വന്നതിനാൽ ആയതുപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇതിനിടയിൽ 2018-ൽ ലഭ്യമായ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയാണുണ്ടായത്.

(ഡി) പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കാലതാമസമുണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; പ്രൈസ് ഐ.ഡി.-11287/2018 എന്ന നമ്പർ ഫയലിന്റെ നാൾവഴി നടപടിക്രമം ലഭ്യമാക്കാമോ?

മേൽ സൂചിപ്പിച്ച കാരണങ്ങൾ കൊണ്ടാണ് മലമ്പുഴ-ആനക്കൽ റിംഗ് റോഡ് പ്രവൃത്തിക്ക് കാലതാമസം നേരിട്ടത്. പ്രൈസ് ഐ.ഡി.-11287/2018 എന്ന നമ്പർ ഫയലിന്റെ നാൾവഴി നടപടിക്രമം അനുബന്ധമായി ചേർക്കുന്നു.+

**മലയോര ഹൈവേ**

72(1231) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേ എത്ര കിലോമീറ്റർ ദൂരത്തിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ ദൈർഘ്യം ഏകദേശം 13 കി. മി. ആണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറായോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്താമോ; നിർമ്മാണം എപ്പോൾ തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പെരുവണ്ണാമൂഴി മുതൽ 28-ാം മൈൽ വരെയുള്ള 6.80 കി. മീ. മലയോര ഹൈവേയുടെ DPR-ന് 20.03.2022-ൽ 71.93 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സ്ഥലലഭ്യത ഉറപ്പാക്കി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പേരാമ്പ്ര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മുള്ളൻകുന്ന് മുതൽ

പെരുവണ്ണാമുഴി വരെയുള്ള 6.2 കി. മി. ഭാഗത്തിന്റെ DPR 38.61 കോടി രൂപയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന് സാമ്പത്തികാനുമതി ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പാലക്കാട് കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡ് നിർമ്മാണം**

73(1232) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ 2021-ന് ഭരണാനുമതി ലഭിച്ച കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡിന്റെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് കാലതാമസം വരാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) പുളിക്കപ്പറമ്പ്-കാരപ്പൊറ്റ റോഡ് പ്രവൃത്തിക്കായി തയ്യാറാക്കി സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ ഭരണാനുമതി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ നടപടി സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യത അനുസരിച്ച് പുതുക്കിയ ഭരണാനുമതി പ്രൊപ്പോസൽ

ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റിന് അംഗീകാരം നൽകി തുടർനടപടി സ്വീകരിക്കാൻ കഴിയും.

**ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം**

74(1233) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ ആലുവ-മൂന്നാർ രാജപാത പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം-പെരുമ്പൻകുത്ത് റോഡിലെ (പഴയ ആലുവ-മൂന്നാർ രാജപാത) കോതമംഗലം മുതൽ കുട്ടമ്പുഴ വരെയുള്ള 20 കി. മീറ്റർ മാത്രമാണ് പൊതുമരാമത്ത് റോഡിന്റെ അധീനതയിലുണ്ടായിരുന്നത്. ഈ ഭാഗത്ത് ആധുനിക രീതിയിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 14.08.2009-ലെ ജി.ഒ.(എം.എസ്.) നം. 52/2009 പ്രകാരം കുട്ടമ്പുഴ മുതൽ പെരുമ്പൻകുത്ത് വരെയുള്ള 20 കി. മീറ്റർ കൂടി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ

റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ കോതമംഗലം മുതൽ പെരുമ്പൻകുത്ത് വരെയുള്ള ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാണോ; എത്ര കിലോമീറ്റർ ദൂരമാണ് വകുപ്പിന്റെ കീഴിൽ വരുന്നതെന്ന് അറിയിക്കാമോ?

ഈ റോഡിന്റെ കോതമംഗലം മുതൽ പെരുമ്പൻകുത്ത് വരെയുള്ള 40 കി. മീറ്റർ സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും 29.5 കി. മീറ്റർ മുതൽ 40 കി. മീറ്റർ വരെയുള്ള ഭാഗം വനം വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല.

(സി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് തയ്യാറാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ റോഡിന്റെ 29.5 കി. മീറ്റർ മുതൽ 40 കി. മീറ്റർ വരെയുള്ള ഭാഗം (പൂയംകുട്ടി മുതലുള്ള ജനവാസമില്ലാത്ത മേഖല) വനം വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറാത്തതിനാൽ ആ ഭാഗത്തേക്ക് പ്രവേശിക്കാനും ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കാനും സാധിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വനം വകുപ്പിൽനിന്നും

എൻ.ഒ.സി. ലഭിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ ഉപവിഭാഗം, കോതമംഗലം, മൂവാറ്റുപുഴ റോഡ്സ് ഡിവിഷൻ എന്നീ കാര്യാലയങ്ങളിൽനിന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ, മൂന്നാർ, മാങ്കുളം എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലേക്കും 20.06.2022-ൽ കത്ത് നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വനം വകുപ്പിൽനിന്നും എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 1924-ലെ വെള്ളപ്പൊക്കത്തിൽ കരിന്തിരി മലയിടിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിട്ട് നാളിതുവരെ പുനർനിർമ്മാണം നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; എന്തുകൊണ്ടാണ് നാളിതുവരെയായി റോഡ് പുനർനിർമ്മിക്കാത്തതെന്ന് വിശദമാക്കാമോ?

1924-ലെ വെള്ളപ്പൊക്കത്തിൽ മലയിടിച്ചിലിലും ഉരുൾപൊട്ടലിലും കരിന്തിരി മലയിടിഞ്ഞത് മൂഖേന ഭൂമിയുടെ ഉപരിതല ഘടനയ്ക്ക് വ്യതിയാനം സംഭവിച്ച് ഈ റോഡിന്റെ നാശനഷ്ടത്തിന് കാരണമായി. ഈ റോഡിനുപകരം നിലവിൽ NH 49-ലൂടെയാണ് ഗതാഗതം നടന്നുവരുന്നത്. പൊതുജനങ്ങളിൽനിന്നും ജനപ്രതിനിധികളിൽനിന്നും

പരാതികളുണ്ടായതിനെത്തുടർന്ന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കാൻ വനം വകുപ്പിൽ നിന്ന് എൻ.ഒ.സി.-ക്കുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) അടിയന്തരമായി റോഡ് പുനർനിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ റോഡ് നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കാൻ കഴിയൂ.

**ആളൂർ-ചൂണ്ടൽ ആശുപത്രി-കുനംമൂച്ചി റോഡ് നിർമ്മാണം**

75(1234) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ ആളൂർ-ചൂണ്ടൽ ആശുപത്രി-കുനംമൂച്ചി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ; പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ ആളൂർ-ചൂണ്ടൽ ആശുപത്രി-കുനംമൂച്ചി റോഡിന്റെ അടങ്കൽ തുക 3 കോടി രൂപയാണ്.

പ്രസ്തുത റോഡ് എസ്റ്റിമേറ്റിൽ 200 മീറ്റർ കാന നിർമ്മാണവും കൂടാതെ 4 കി. മീ. റോഡ് വീതി കൂട്ടലും ഉയർത്തലും ബി.എം. & ബി.സി.-യും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ ഏതെല്ലാം പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ശേഷിച്ച പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

(ബി & സി) ഉണ്ട്. പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധി 09.07.2022 വരെ ആണ്. പ്രസ്തുത പ്രവൃത്തിയുടെ കലുങ്ക്, കാന നിർമ്മാണവും റോഡ് വീതികൂട്ടലും ഉയർത്തലും പൂർത്തീകരിച്ചിട്ടുണ്ട്. ബി.എം. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പുതുക്കാട് മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

76(1235) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ച കോടാലി-വെള്ളിക്കുളങ്ങര റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്, മലയോര ഹൈവേ എന്നീ റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ നീക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) കൊടകര-വെള്ളിക്കുളങ്ങര റോഡ് പ്രവൃത്തിക്ക് 20.08.2016-ൽ 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും 21.34 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചു. 12.11.2019-ൽ 18 മാസം പൂർത്തീകരണ കാലാവധിയോടെ കരാർ ഒപ്പുവച്ചെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. ആയതിനാൽ കരാറുകാരനെ ഒഴിവാക്കി റീ ടെണ്ടർ ചെയ്യുന്നതിനായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ഡിവിഷൻ

തലത്തിൽ തയ്യാറാക്കിവരികയാണ്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

**പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്**

പുതുക്കാട്-മുപ്ലിയം-കോടാലി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 1.11.2016-ൽ 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി കിഫ്ബിയിൽനിന്നും 15.02.2020-ൽ 59.2 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് എഫ്.ഡി.ആർ. (Full Depth Reclamation) ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്. അതിനായുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്**

പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തിക്ക് 10.07.2017-ൽ 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും 06.08.2020-ൽ 39.49 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. റോഡിന്റെ പുറമ്പോക്ക് അതിർത്തി നിർണ്ണയിക്കുന്നതിനുള്ള സർവ്വേ നടന്നുവരികയാണ്.

**മലയോരഹൈവേ**

പുതുക്കാട് മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിലങ്ങന്നൂർ-വെള്ളിക്കുളങ്ങര (30.925 km) പ്രവൃത്തിക്ക് 10.07.2017-ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 20.03.2022-ൽ 136.499 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കായി 144.22 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരള റോഡ് ഫണ്ട് ബോർഡിന്റെ 4.4.2022-ലെ ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നെങ്കിലും ആയത് ഭൂമി ലഭ്യത ഉറപ്പാക്കിയതിനുശേഷം പുനർസമർപ്പിക്കാനായി ഡിവിഷനിലേക്ക് തിരികെ നൽകിയിട്ടുണ്ട്. സൗജന്യമായി ഭൂമി ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

**കോങ്ങാട്ട് മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം**

77(1236) <u>ശ്രീമതി ശാന്തകുമാരി. കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിച്ച

ഏതെല്ലാം റോഡുകൾ പുനർനിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ റോഡിന്റെയും നിർമ്മാണം സംബന്ധിച്ച പുരോഗതി വിവരം ലഭ്യമാക്കാമോ?

പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിച്ച പാലക്കാട്-പെരിന്തൽമണ്ണ റോഡിന്റെ മുണ്ടൂർ മുതൽ തൂത വരെയുള്ള റോഡിന്റെ ഒരു ഭാഗം കോങ്ങാട് മണ്ഡലത്തിലൂടെ കടന്നുപോകുന്നുണ്ട്. ഈ റോഡ് റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ഇരുവശങ്ങളിലായി 51 കി. മീ. ഓടയുടെ നിർമ്മാണവും 62 കലുങ്കുകളുടെ നിർമ്മാണവും ഒരു ചെറിയ പാലത്തിന്റെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. 18 കി. മീ. ദൂരം റോഡ് ബലപ്പെടുത്തുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് (GSB & WMM). 10 കി. മീ. റോഡിന്റെ പ്രതലം ഡി.ബി.എം. ഉപയോഗിച്ചുള്ള ഒന്നാംഘട്ട ടാറിംഗ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. 3 കി. മീ. ദൂരം റോഡ് മീഡിയൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## ഒറ്റപ്പാലം മണ്ഡലത്തിലെ ത്ധക്കുപാലം നിർമ്മാണം

78(1237) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിലെ മീറ്റ്നയെയും ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളിയെയും തമ്മിൽ ബന്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ള മീറ്റ്ന കുത്താമ്പുള്ളി ത്ധക്കുപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിലെ മീറ്റ്നയെയും ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളിയെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. പൊതുമരാമത്ത് വകുപ്പും റെയിൽവേ ഉദ്യോഗസ്ഥരും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പാലപ്പുറം റെയിൽവേ ഭൂമിയിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി. റെയിൽവേയുടെ ഭാഗത്തുനിന്നും മറുപടി ലഭിക്കുന്നമുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയൂ.

## കാക്കനാട് ജംഗ്ഷനിലെ റെയിൽവേ മേൽപ്പാലനിർമ്മാണം

79(1238) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കായംകുളം-തിരുവല്ല റോഡിൽ കാക്കനാട് ജംഗ്ഷനിൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ കായംകുളം-തിരുവല്ല സംസ്ഥാന പാതയിൽ വരുന്ന കാക്കനാട് റെയിൽവേ മേൽപ്പാലം, കെ.ആർ.ഡി.സി.എൽ.-നെ പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ള 27 മേൽപ്പാലത്തിലുൾപ്പെടുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്കായി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. സംയുക്ത പരിശോധന 2022 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചു. 4 (1) വിജ്ഞാപനത്തിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ പുരോഗമിക്കുന്നത്.

## മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം

80(1239) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്തിയിരുന്ന മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ രണ്ട് വർഷമായി തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്തു. ബാലൻസ് വർക്ക് ടെൻഡർ ചെയ്തപ്പോൾ ആദ്യം ആരും പങ്കെടുത്തില്ല. പിന്നീട് റീ ടെൻഡർ ചെയ്തപ്പോൾ M/s. Metric Infrastructure Private Ltd, മൂവാറ്റുപുഴ എന്ന സ്ഥാപനം മാത്രമാണ് ടെൻഡർ സമർപ്പിച്ചത്. അവർ എസ്റ്റിമേറ്റ് തുകയിൽനിന്നും 88.10% ഉയർന്ന തുകയ്ക്കാണ് ടെൻഡർ സമർപ്പിച്ചത്. ടെണ്ടർ തുക എസ്റ്റിമേറ്റ് റേറ്റിൽനിന്നും 10 ശതമാനത്തിനേക്കാൾ ഉയർന്നതായതിനാൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ M/s. Metric Infrastructure Private Ltd, മൂവാറ്റുപുഴ സമർപ്പിച്ച ടെണ്ടർ റദ്ദുചെയ്യാനും സൈറ്റിലെ നിലവിലുള്ള സ്ഥിതിയനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കിയശേഷം റീടെണ്ടർ ചെയ്യാനും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം റീടെണ്ടർ ചെയ്യുകയും ഇത്

Pre-Qualification അംഗീകാരത്തിനായി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ട്രാഞ്ചെ കാലാവധി അവസാനിച്ചതിനാൽ ഇതുവരെ പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ 30.06.2022-നുള്ളിൽ സമർപ്പിക്കണമെന്നും ഭരണാനുമതി<u>ത്തു</u>കയിൽ അധികരിക്കാത്ത തരത്തിൽ അവശേഷിക്കുന്ന ബില്ലുകൾക്ക് സംസ്ഥാന പദ്ധതിയിൽനിന്നും മതിയായ ഫണ്ട് കണ്ടെത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ ഏതെല്ലാം ഘടകങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും ഇതിന് എത്ര രൂപ വേണ്ടിവരുമെന്നും അറിയിക്കാമോ?

ആകെയുള്ള 9 സ്പാനുകളിൽ 7 സ്പാനുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. പാലത്തിന്റെ മധ്യഭാഗത്തായുള്ള 55 മീറ്റർ നീളമുള്ള bow string മാതൃകയിലുള്ള ഒരു സ്പാനും 23.9 മീറ്റർ നീളമുള്ള ഒരു പ്രീട്രെസിഡ് വോയ്ഡഡ് സ്ലാബും ഇരുവശങ്ങളിലെ അപ്രോച്ച് റോഡും ഇനി പൂർത്തീകരിക്കാനുണ്ട്. അതിന് 10,71,96,680/- രൂപ ആവശ്യമായി വരുന്നതാണ്.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഫണ്ടിന്റെ

ലഭ്യത സംബന്ധിച്ച പ്രതിസന്ധി എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ട്രാഞ്ചെ XX നബാർഡ് ക്ലോസ് ചെയ്തതിനാൽ ഫണ്ട് ലഭ്യമല്ലെന്ന് നബാർഡിൽനിന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഭരണാനുമതി തുകയിൽ അധികരിക്കാത്ത തരത്തിൽ അവശേഷിക്കുന്ന ബില്ലുകൾക്ക് സംസ്ഥാന പദ്ധതിയിൽനിന്നും മതിയായ ഫണ്ട് കണ്ടെത്തേണ്ടതുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പുനരാരംഭിക്കുന്നതിനും എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഇരുപതാമത്തെ ട്രാഞ്ചെ ക്ലോസ് ചെയ്ത സ്ഥിതിക്ക് ശേഷിക്കുന്ന പ്രവൃത്തിക്ക് സംസ്ഥാന ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി തുടങ്ങാൻ കഴിയും.

**കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലം**

81(1240) <u>ശ്രീമതി ശാന്തകുമാരി. കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എന്ന് കരാർ നൽകിയെന്നും കരാർ കാലാവധി എന്നുവരെയുണ്ടെന്നുമുള്ള വിവരങ്ങൾ വിശദമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ എഴുത്തോംപാറ പാലം പ്രവൃത്തിക്ക് 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 5.96 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. 5.80 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 28.11.2020-ന് മലബാർ ടെക് എന്ന കരാർ കമ്പനിക്ക് ഒരുവർഷം കാലാവധിയോടുകൂടി കരാർ നൽകി. എന്നാൽ സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാറിൽനിന്നും പിൻവാങ്ങിയതായി അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ, പ്രവൃത്തിയിൽനിന്നും ഒഴിവാക്കിത്തരണമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കരാർ ഫോർക്ലോസ് ചെയ്ത് പ്രവൃത്തി റീ- ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

**കുളിമാട് പാലം**

82(1241) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലം പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ തകർന്ന സംഭവത്തെക്കുറിച്ച് ഏതൊക്കെ രീതിയിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വിജിലൻസ് വിഭാഗം മുഖേനയുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്.

(ബി) പാലം തകർന്നത് സംബന്ധിച്ച് കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ഹൈഡ്രോളിക് ജാക്കിയുടെ പ്രവർത്തനത്തിലുണ്ടായ അപാകത അപകടത്തിന് കാരണമായതായി കണ്ടെത്തിയിരുന്നു. പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് അവധി അനുവദിക്കുമ്പോൾ പകരം മേൽനോട്ടത്തിനുള്ള സജ്ജീകരണം ഏർപ്പെടുത്താതിരുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലത്തിന്റെ ഗർഡർ ബീമുകൾ ഉറപ്പിക്കുന്നതുൾപ്പെടെയുള്ള പ്രധാനപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുമ്പോൾ പൂർണ്ണമായ മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ചവരുത്തിയതിന് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പാലം തകർന്ന സംഭവത്തിലുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം എങ്ങനെയാണ് ഈടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേടുപാടുകൾ സംഭവിച്ച ബീം മാറ്റി പുതിയത് നിർമ്മിക്കുന്നതിനും നിലവിലുള്ള നിർമ്മിതിയുടെ തുടർപരിശോധനയ്ക്കും കേടുപാടുകൾ തീർക്കുന്നതിനുമുള്ള പൂർണ്ണമായ ചെലവ് കരാർ കമ്പനിതന്നെ വഹിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ അപകടംമൂലം സർക്കാരിന് യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല.

(ഡി) പ്രവൃത്തികൾ പുരോഗമിക്കുന്നതിനിടയിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവ തകരുന്നത് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണ സമയങ്ങളിൽ സുരക്ഷാ മുൻകരുതലെടുക്കുകയും മതിയായ മേൽനോട്ടം നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും

ചെയ്യുന്നുണ്ട്. നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട Safety measures സംബന്ധിച്ച് PWD മാന്വലിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയും നിർമ്മാണ സമയങ്ങളിൽ Scaffolding, Shuttering എന്നിവക്കായി ഗുണമേന്മയുള്ള materials ഉപയോഗിച്ചുകൊണ്ട് സുരക്ഷാ മാനദണ്ഡങ്ങളും പൊതുമരാമത്ത് വകുപ്പിന്റെ മാന്വലിലും കരാറുകാരുടെ എഗ്രിമെന്റിലും നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങളും ഓരോ ഘട്ടത്തിലും ഉറപ്പുവരുത്തുന്നുണ്ട്.

രൂപകൽപ്പന വിഭാഗത്തിന്റെ കൃത്യമായ ഡിസൈൻ പ്രകാരമാണ് പൊതുമരാമത്ത് പദ്ധതികൾ നടപ്പിലാക്കുന്നത്. ഡിസൈൻ പ്രകാരമുള്ള കോൺക്രീറ്റ് ലഭ്യമാക്കുന്നതിനായി mix design-ഉം മെറ്റീരിയൽ ക്വാളിറ്റിയും നിർമ്മാണത്തിന് മുമ്പുതന്നെ ഉറപ്പാക്കാറുണ്ട്. പദ്ധതിയുടെ ഓരോ ഘട്ടത്തിലും ബന്ധപ്പെട്ട ഓവർസീയറും ഫീൽഡ് എഞ്ചിനീയറും മറ്റ് മേലുദ്യോഗസ്ഥരും കൃത്യമായി മേൽനോട്ടം നിർവ്വഹിച്ചുവരുന്നു. ഇത്തരത്തിൽ വളരെ ഫലപ്രദമായ രീതിയിൽ ഗുണനിലവാരം ഉറപ്പുവരുത്താനും നിർമ്മിതികൾ തകരുന്നത് ഒഴിവാക്കാനും സാധിക്കുന്നതാണ്. സെറ്റ് കണ്ടീഷൻ അനുസരിച്ച് പ്രവൃത്തികൾക്ക്

ഡിസൈനിൽ മാറ്റം വരുത്തേണ്ട സാഹചര്യത്തിൽ ഡിസൈൻ വിംഗിന്റെ നിർദ്ദേശമനുസരിച്ച് മാത്രമേ മാറ്റാറുള്ളൂ.

പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന റോഡുകൾക്കെല്ലാംതന്നെ ആവശ്യമായ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി IRC മാനദണ്ഡങ്ങളനുസരിച്ച് ഡിസൈൻ ചെയ്താണ് നിർമ്മിക്കുന്നത്. ഡിസൈനും എസ്റ്റിമേറ്റും അനുസരിച്ച് Standard bid document, പൊതുമരാമത്ത് മാന്വൽ എന്നിവ പ്രകാരമുള്ള എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പിലാക്കുന്നത് ബന്ധപ്പെട്ട എഞ്ചിനീയർമാർ, ഓവർസീയർമാർ തുടങ്ങിയവരുടെ കർശന മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ്.

റോഡ് നിർമ്മാണത്തോടനുബന്ധിച്ചുള്ള കോൺക്രീറ്റ് ഉപയോഗിച്ചുള്ള നിർമ്മിതികളിൽ പൊതുമരാമത്ത് മാന്വൽ നിഷ്കർഷകൾ പ്രകാരം Form Work, Scaffolding എന്നിവ സ്ഥാപിക്കുമ്പോൾ അതീവ ശ്രദ്ധ ചെലുത്തി നിർമ്മാണവേളയിൽ അപകടം ഒഴിവാക്കുന്നതിനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരമുള്ള കർശന

ഗുണനിലവാര പരിശോധനകൾക്കുശേഷമാണ് നിർമ്മാണ വസ്തുക്കളും സാമഗ്രികളും ഉപയോഗിക്കുന്നത്. ആയത് ശരിയായ രീതിയിലും അളവിലും ശാസ്ത്രീയമായി നടപ്പിലാക്കുന്നത് എഞ്ചിനീയർമാരുടെയും ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥരുടെയും നേരിട്ടുള്ള മേൽനോട്ടത്തിലാണ്.

## കുളിമാട് പാലത്തിന്റെ നിർമ്മാണ കരാർ

83(1242) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പാലത്തിന്റെ നിർമ്മാണ കരാർ ഏത് ഏജൻസിക്കാണ് നൽകിയിരുന്നതെന്നും എന്തു തുകയുടെ പ്രവൃത്തിയാണ് അനുവദിച്ച് നൽകിയതെന്നും വ്യക്തമാക്കാമോ?

കുളിമാട് പാലത്തിന്റെ നിർമ്മാണ കരാർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 16,77,77,075.91/- രൂപയ്ക്കാണ് നൽകിയിരിക്കുന്നത്.

(ബി) നിർമ്മാണ കരാർ അനുവദിച്ചുനൽകിയത് സർക്കാർ അക്രെഡിറ്റഡ് ഏജൻസിക്കാണോ; ഇപ്രകാരം മറ്റ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ പൊതുമരാമത്ത് വിഭാഗം ഉദ്യോഗസ്ഥർക്കുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ കരാർ അനുവദിച്ചുനൽകിയത് ഇ-ടെണ്ടർ മുഖേന പൊതുമരാമത്ത് വകുപ്പിന്റെ കരാർ വ്യവസ്ഥകൾ അനുസരിച്ചാണ്. Revised PWD Manual 2012-ൽ ഉദ്യോഗസ്ഥർക്ക് നിഷ്കർഷിച്ചിരിക്കുന്ന ചുമതലകളാണ് ഈ പ്രവൃത്തിക്കും ബാധകമായിട്ടുള്ളത്.

(സി) നിർമ്മാണത്തിലിരിക്കുന്ന കൂളിമാട് പാലം തകർന്ന് വീണ സാഹചര്യത്തിൽ പൊതുമരാമത്ത് വിഭാഗം പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും കൃത്യമായി നിർവഹിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് നിർമ്മാണ കരാർ ഏറ്റെടുത്ത കമ്പനിക്കും ചുമതലപ്പെട്ടവർക്കുമെതിരെ അന്വേഷണം നടത്താൻ തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കുളിമാട് പാലം നിർമ്മാണത്തിൽ ഗുരുതരവീഴ്ച വരുത്തിയ നിർമ്മാണ ഏജൻസിയെ കരിമ്പട്ടികയിലുൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി&ഡി) കുളിമാട് പാലം നിർമ്മാണത്തിനിടെ ബീം താഴെ വീണ സംഭവത്തിൽ പൊതുമരാമത്ത് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**ഞാവലിൻ കടവ് പാലം**

84(1243) <u>ശ്രീ. പി. പി. സുമോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഞാവലിൻ കടവ് പാലം നിർമ്മിക്കുന്നതിലേയ്ക്കായി ഒറ്റപ്പാലം താലൂക്കിലെ ലക്കിടി പേരൂർ

വില്ലേജിലെ നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനുവേണ്ടി പ്രസ്തുത പാലത്തിന്റെ എലിവേറ്റഡ് സ്ട്രക്ച്ചർ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആയത് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്ന് സമർപ്പിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) ഞാവലിൻ കടവ് പാലത്തിന്റെ എലിവേറ്റഡ് സ്ട്രക്ച്ചറിനുള്ള Tentative General Design Drawing ലഭിച്ചിട്ടുണ്ട്. ടി പാലത്തിന്റെ ലക്കിടി പേരൂർ പഞ്ചായത്തിന്റെ ഭാഗത്ത് എലിവേറ്റഡ് ഹൈവേയ്ക്ക് ആവശ്യമായ സ്ഥലം, നിലം പരിവർത്തനപ്പെടുത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ കൃഷി വകുപ്പിൽ അപേക്ഷ സമർപ്പിച്ചതിൽ ഇരിപ്പൂ കൃഷി ചെയ്യുന്ന സ്ഥലം പരിവർത്തനപ്പെടുത്തിയാൽ നെൽകൃഷിയെ സാരമായി ബാധിക്കുന്നതും ജലസംഭരണിയായതിനാൽ നികത്തപ്പെടുന്നത് ദൂരവ്യാപകമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്കിടയാകുമെന്നും ടി പ്രദേശം പാരിസ്ഥിതിക പ്രാധാന്യമുള്ളതും ഭൂമിശാസ്ത്രപരമായി ശുദ്ധജല സംഭരണികളായി നിലകൊള്ളേണ്ടതും മഴനിഴൽ പ്രദേശമാണെന്നും മൺസൂൺ കാലങ്ങളിൽ മഴക്കൊയ്ത്ത് പ്രദേശമാണെന്നും ഇത്തരത്തിൽ ഭൂഗർഭ ജലസ്രോതസ്സ്

വർദ്ധിപ്പിച്ച് നിലകൊള്ളുന്നതിനാലാണ് സമീപ പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെട്ടിട്ടും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതെന്നും പ്രസ്തുത നിലം പാരിസ്ഥിതിക വ്യവസ്ഥയുടെയും ആവാസ വ്യവസ്ഥയുടെയും പല ജൈവ ഘടകങ്ങളുടെയും ഇടമാണെന്നും ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നാച്വർ ആൻഡ് നാച്വറൽ റിസോഴ്സസ് എന്ന സംഘടനയിലെ റെഡ് ലിസ്റ്റിലുൾപ്പെട്ട പ്രത്യേകതരം പക്ഷികളുടെ പലതരം സ്പീഷീസ് കാണപ്പെടുന്ന പ്രദേശമാണെന്നും ബോദ്ധ്യപ്പെട്ടതായും ഇത്തരത്തിൽ ഭക്ഷ്യ ജല-സുരക്ഷ പാരിസ്ഥിതിക ജൈവ വൈവിദ്ധ്യ മാനദണ്ഡങ്ങളിൽ പ്രസ്തുത പ്രദേശം അത്യധികം പ്രാധാന്യമർഹിക്കുന്നതാണെന്നും യാതൊരു തരത്തിലുള്ള പരിവർത്തനങ്ങളും ആ പ്രദേശത്ത് അനുവദനീയമല്ലെന്നും ഏതു തരത്തിലുള്ള മാറ്റങ്ങളും ദൂരവ്യാപകമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കിടയാക്കുമെന്നും പ്രദേശത്തെ ശുദ്ധജല ലഭ്യത എന്നെന്നേയ്ക്കുമായി ഇല്ലാതാക്കുമെന്നുമുള്ള 16/07/2021-ൽ കൂടിയ കേരള തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം രൂപീകൃതമായ സംസ്ഥാനതല സമിതിയുടെ നിരീക്ഷണത്തെത്തുടർന്ന് കൃഷി വകുപ്പ്

നിരസിക്കുകയുണ്ടായി. ടി വിഷയം പുന:പരിശോധിക്കണമെന്ന് കൃഷി വകുപ്പിനോട് ആവശ്യപ്പെട്ടതിൽ ഇത് പുന:പരിശോധിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിലും ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിലും (പാലങ്ങൾ) നിലവിലുള്ള ഫയലുകളുടെ നമ്പർ തരംതിരിച്ച് നൽകാമോ?

1. പൊതുമരാമത്ത് വകുപ്പിലെ PWD-D2/348/2019-PWD, PWD-D2/135/2022-PWD നം ഫയലുകൾ
2. പാലക്കാട് ജില്ലയിലെ സ്പെഷ്യൽ തഹസിൽദാർ കാര്യാലയത്തിലെ എൽ.എ (ജനറൽ) എൽ.എ-1 നമ്പർ ഫയൽ
3. പാലക്കാട് ജില്ലയിലെ സ്പെഷ്യൽ തഹസിൽദാർ കാര്യാലയത്തിലെ എൽ.എ (ജനറൽ)A-162/21 നമ്പർ ഫയൽ
4. ധനകാര്യ വകുപ്പിലെ PB-A3/5/2021/Fin നമ്പർ ഫയൽ
5. epmg Portal No.ID#8760(Project ID#KL-3432).
6. CE Bridges വിഭാഗത്തിലെ File No.CEPWD/524/2022-AB3-Bridges, Computer No.35018.

(ഡി) പ്രസ്തുത പാലത്തിന്റെ ഭരണാനുമതി റീവാലിഡേറ്റ് ചെയ്ത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നൽകാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

റീവാലിഡേഷൻ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയും.

**ഉടുമ്പൻചോല മണ്ഡലത്തിലെ പാലങ്ങളും റോഡുകളും**

85(1244) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര കിലോമീറ്റർ റോഡാണ് നിലവിലുള്ളത്; ഓരോ റോഡുകളുടെ പേരും അവയുടെ നീളവും എത്രയെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര പാലങ്ങളാണ് നിലവിലുള്ളത്; ഓരോ പാലങ്ങളുടെ പേരും അവ നിർമ്മിക്കപ്പെട്ട വർഷവും സംബന്ധിച്ച വിശദാംശം നൽകാമോ?

(എ&ബി) ഉടുമ്പൻചോല മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകൾ, പാലം വിഭാഗങ്ങൾക്കുകീഴിലെ റോഡുകൾ, പാലങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി +ചേർക്കുന്നു.

ദേശീയപാത വിഭാഗത്തിനുകീഴിൽ കൊച്ചി-മധുര ദേശീയപാത 85-ൽ 28.83 കി.മീ റോഡാണുള്ളത്. ദേശീയപാത വിഭാഗത്തിനുകീഴിൽ 2020-ൽ നിർമ്മിച്ച പൂപ്പാറ പാലം, 2019-ൽ നിർമ്മിച്ച മൂലത്തറ പാലം എന്നിവയാണ് നിലവിലുള്ളത്.

**കെ.ആർ.എഫ്.ബി വിഭാഗത്തിനുകീഴിൽ**

- നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി:

1. കിഫ്ബി-2016-17 ഇംപ്രൂവ്മെന്റ് വർക്ക് ഉടുമ്പൻചോല ചിത്തിരപുരം റോഡ് (0/000-45/850)-38.682 കി.മീ

- ടെണ്ടർ നടപടി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ

1. കിഫ്ബി 2016-17-രാമക്കൽമേട്-കമ്പംമേട് റോഡ്-പാർട്ട് 1, കമ്പംമേട്-ഞൊണ്ടിക്കൽ റോഡ്-28.10 കി.മീ
2. എല്ലക്കൽ-വലിയമുല്ലക്കാനം റോഡ്-5.25 കി.മീ

**പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിന് കീഴിൽ വരുന്ന പാലങ്ങൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

86(1245) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിനുകീഴിൽ എത്ര പാലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിൽ കമ്പിപ്പാലം, മണികണ്ഠേശ്വരം പാലം, മരപ്പാലം, മരുതൻകുഴിപാലം, മുറിഞ്ഞപാലം, ഉദിയന്നൂർ പാലം, കുണ്ടമൺകടവ് പാലം, കുലശേഖരം പാലം എന്നീ എട്ട് പാലങ്ങളാണുള്ളത്.

(ബി) പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിനുകീഴിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ, നടന്നുവരുന്ന പ്രവൃത്തികളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ കീഴിൽ ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തി കുലശേഖരം പാലം നിർമ്മാണമാണ്. പ്രസ്തുത പാലത്തിന്റെ ഡെക്ക് സ്ലാബിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ബോക്സ് കൾവെർട്ടിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവൃത്തികൾ നടന്നുവരുന്നു.

(സി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിനുകീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, ഭരണാനുമതിത്തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിൽ ഒരു പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല.

**മുനമ്പം-അഴീക്കോട് പാലത്തിന്റെ നിർമ്മാണം**

87(1246) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള മുനമ്പം-അഴീക്കോട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) മുനമ്പം അഴീക്കോട് പാലം നിർമ്മാണ പ്രവൃത്തിയുടെ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച 24% അധികരിച്ച ടെണ്ടർ 26.02.2022-ൽ നടന്ന കേരള റോഡ് ഫണ്ട് ബോർഡിലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി ശിപാർശ ചെയ്ത് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ?

ഉണ്ട്. ഫിഷിംഗ്ബോട്ട് ഓണേഴ്സ് അസോസിയേഷൻ ആൻഡ് അദേഴ്സ് ഫയൽ ചെയ്ത WP(C)No.13648/2022 നമ്പർ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ പാലങ്ങൾ

88(1247) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ-കല്ല്യാശേരി, പയ്യന്നൂർ-തൃക്കരിപ്പൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഓലക്കിൽകടവ് പാലം, രണ്ടുതെങ്ങ് പാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) സാങ്കേതിക നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പോർട്ട് കണക്ടിവിറ്റി റോഡിന്റെ ഭാഗമായുള്ള വരുന്ന ഓലക്കിൽകടവ് പാലത്തിന്റെ ഡി.പി.ആർ നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് തയ്യാറാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉപരിതല ഗതാഗത സെക്രട്ടറി നടത്തിയ യോഗത്തിൽ ഈ പാലം പേവ്ഡ് ഷോൾഡേഴ്സ് സഹിതം രണ്ട് ലൈൻ വീതിയിൽ മാത്രമേ ചെയ്യാൻ കഴിയൂവെന്നതിനാൽ ഇതിന്റെ പ്രവൃത്തി സംസ്ഥാന സർക്കാർ

ഏറ്റെടുക്കുന്നതായിരിക്കും നല്ലതെന്ന് ദേശീയപാത അതോറിറ്റി അഭിപ്രായപ്പെട്ടു. അതിനെത്തുടർന്ന് ജോയിന്റ് സെക്രട്ടറിയും (ലോജിസ്റ്റിക്സ്) എൻ.എച്ച്.എൽ.എം.എൽ (NHLML) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സംയുക്തമായി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഇതിന്റെ സാധ്യതകൾ പരിശോധിക്കാനും മുന്നോട്ടുള്ള നടപടി സ്വീകരിക്കുന്നതിനുമായി സംസ്ഥാന സർക്കാരുമായി ചർച്ച നടത്താനും ഉപരിതല ഗതാഗത വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചു. അതിനുള്ള നടപടി പുരോഗമിക്കുന്നു. പയ്യന്നൂർ തൃക്കരിപ്പൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ടുതെങ്ങ് പാലം തീരദേശഹൈവേ അലൈൻമെന്റിൽ ഉൾപ്പെടുന്നതാണ്. 10.07.2017-ൽ തീരദേശ ഹൈവേയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ് കെ.ആർ.എഫ്.ബിപി.എം.യു ഡിവിഷൻ തയ്യാറാക്കുന്ന ഡി.പി.ആർ കിഫ്ബിയിൽ നൽകി സാമ്പത്തികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി 270 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് 23/05/2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പാലത്തിന്റെ സാങ്കേതികാനുമതിക്കായി സ്ഥലം

ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. സാങ്കേതികാനുമതി നൽകിയതിനുശേഷം മാത്രമേ പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## നെന്മാറ മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലത്തിന്റെ പ്രവർത്തന പുരോഗതി

89(1248) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും ഊട്ടറ റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തന പുരോഗതി വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ ഊട്ടറ പുഴപ്പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10.07.2017-ലെ സ.ഉ.(സാധാ)നം.942/2017/പൊ.മ.വ പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി

ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ ഡി.പി.ആർ, ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിക്കുകയും 11.02.2020-ന് കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ സ്ഥലമെടുപ്പിനും നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി അനുവദിക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് 16.12.2020-ന് അർത്ഥന പത്രം സമർപ്പിക്കുകയും 27.01.2021-ലെ സ.ഉ.(സാധാ)നം. 828/2021/RD പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് 28.06.2021-ന് എൽ.എ. ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും 11.10.2021-ന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 26.11.2021-ൽ ലാൻഡ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ട പ്രകാരം കണ്ടിജൻസി ചാർജ്ജ് റിലീസ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠനത്തോട് അനുബന്ധിച്ചുള്ള പബ്ലിക് ഹിയറിംഗ് 20.12.2021-ൽ നടത്തുകയും 07.02.2022-ൽ വിദഗ്ദ്ധ സമിതി മീറ്റിംഗ്

ചേരുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ 11(1) കരട് വിജ്ഞാപനം ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്.

റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി. അംഗീകാരത്തിനായി റെയിൽവേ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും ആവശ്യമായ തിരുത്തലുകൾ വരുത്തിയശേഷം 13.06.2022-ൽ ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, സതേൺ റെയിൽവേ ചെന്നൈയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഊട്ടറ പുഴപ്പാലത്തിന് ആകെ 3 കക്ഷികളിൽ നിന്നാണ് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് ടി കക്ഷികളിൽ നിന്നും മുൻകൂറായി സ്ഥലം വിട്ടുതരുന്നതിനുള്ള സമ്മതപത്രം വാങ്ങി പുഴപ്പാലം ടെണ്ടർ ചെയ്യാവുന്നതാണ്. റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക്

കൈമാറുകയും കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുകയും ചെയ്യുന്നമുറയ്ക്ക് ടെണ്ടർ നടപടി ആരംഭിക്കാൻ കഴിയും.

**വടവന്നൂർ പാലം നിർമ്മാണത്തിന്റെ പ്രവൃത്തി പുരോഗതി**

90(1249) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വടവന്നൂർ പാലം നിർമ്മാണത്തിന്റെ പ്രവൃത്തി പുരോഗതി അറിയിക്കാമോ?

നിലവിൽ പൈലിംഗ്, പൈൽ ക്യാപ്, പിയർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കത്ത് മുഖേന നിരവധി തവണ കരാറുകാരന് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കരാർ കാലാവധി അവസാനിച്ചിട്ടും പ്രവൃത്തി പൂർത്തിയായിട്ടില്ല. കരാർ പ്രകാരമുള്ള പുരോഗതി കൈവരിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്ത് പുനഃക്രമീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തൃപ്പൂണിത്തുറ പാലം അപകടം

91(1250) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിന് സമീപമുള്ള കുഴിയിൽ വീണ് യുവാവ് മരിക്കാനിടയായ സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ?

തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിന് സമീപമുള്ള കുഴിയിൽ വീണ് യുവാവ് മരിക്കാനിടയായ സംഭവത്തിൽ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തിൽനിന്നും അന്വേഷണം നടത്തുന്നുണ്ട്.

(ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ചയുണ്ടായതായിട്ടുള്ള പ്രാഥമിക നിഗമനത്തിൽ ടി പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ വീഴ്ചവരുത്തിയ കരാറുകാരനും ഉദ്യോഗസ്ഥർക്കുമെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗത്തിൽ നിന്നും പ്രോജക്ടുകളിൽ 'Work Zone Safety' നടപ്പിലാക്കുന്നതിനായി വിശദമായ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. "വർക്ക് സൈറ്റുകളിലെ സുരക്ഷാ മാനദണ്ഡങ്ങളും അവയുടെ നടപ്പിലാക്കലും" സംബന്ധിച്ച് എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്ന കാര്യവും പരിഗണനയിലുണ്ട്.

## മുദിയം പാലം നിർമ്മാണം

92(1251) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയ ഉപരിതല ഗതാഗത പരിപാലന അതോറിറ്റി

(എൻ.എച്ച്.എ.ഐ.) നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച് രണ്ട് സാമ്പത്തിക വർഷം പിന്നിട്ടിട്ടും പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസം ഗൗരവമായി കണ്ട് ആവശ്യമായ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണത്തിന്റെ ഡി.പി.ആർ. അടക്കമുള്ള തുടർ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) മുദിയം പാലം നിർമ്മാണം തുറമുഖ കണക്ടിവിറ്റി പ്രോജക്ടിന്റെ ഭാഗമായി വരുന്നതാണ്. ഇതിന്റെ ഡി.പി.ആർ നാഷണൽ ഹൈവേ അതോറിറ്റി തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ

അലൈൻമെന്റ് തയ്യാറാക്കി ലാന്റ് അക്വിസിഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നൽകിയിട്ടുണ്ടെന്നാണ് എൻ.എച്ച്.എ.ഐ നൽകിയ മറുപടിയിൽ പറയുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉപരിതല ഗതാഗത സെക്രട്ടറി നടത്തിയ യോഗത്തിൽ ഈ പാലം പേവ്ഡ് ഷോൾഡേഴ്സ് സഹിതം രണ്ട് ലൈൻ വീതിയിൽ മാത്രമേ ചെയ്യാൻ കഴിയൂവെന്നതിനാൽ ഇതിന്റെ പ്രവൃത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതായിരിക്കും നല്ലതെന്ന് ദേശീയപാതാ അതോറിറ്റി അഭിപ്രായപ്പെട്ടു. അതിനെത്തുടർന്ന് ജോയിന്റ് സെക്രട്ടറിയും (ലോജിസ്റ്റിക്സ്) എൻ.എച്ച്.എൽ .എം.എൽ (NHLML) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സംയുക്തമായി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഇതിന്റെ സാധ്യതകൾ പരിശോധിക്കാനും മുന്നോട്ടുള്ള നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാന സർക്കാരുമായി ചർച്ച നടത്താനും ഉപരിതല ഗതാഗത വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചു. അതിനുള്ള നടപടി പുരോഗമിക്കുന്നു എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്.

## തൃപ്പൂണിത്തുറ പാലത്തിൽ യുവാവ് മരിച്ച സംഭവം

93(1252) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിൽ നിർമ്മാണം പൂർത്തിയാകാത്ത പാലത്തിലുണ്ടായ അപകടത്തിൽ യുവാവ് മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഗൗരവമായി കാണുന്നുണ്ട്.

(ബി) റോഡിൽ അപകട സൂചനാ ബോർഡുകളോ മുന്നറിയിപ്പ് ബോർഡുകളോ സ്ഥാപിക്കാതിരുന്നതാണ് അപകടമുണ്ടാക്കിയതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർമ്മാണ ഘട്ടത്തിലിരിക്കുന്ന പാലങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി & സി) പാലങ്ങളുടെ നിർമ്മാണ സ്ഥലങ്ങളിൽ Kerala PWD Manual Clause 2107, 2407.32. Appendix 2100D, Section 1000,

കരാർ ഉടമ്പടിയിലെ SBD Clause 62.1, 64.1, 69 പ്രകാരവും വിശദീകരിക്കുന്ന സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. IRC SP 55-2014 " guidelines management in work zone" -ൽ ഇതുസംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. 08/06/2022-ലെ Circular No. CEPWD/12100/2020-Vig4-AD പ്രകാരവും വകുപ്പ് ഉദ്യോഗസ്ഥർ സമയാസമയങ്ങളിൽ സൈറ്റ് ഇൻസ്പെക്ഷൻ കാര്യക്ഷമമായി നടത്തുകയും സൂചനാ ബോർഡുകൾ, ബാരിക്കേഡുകൾ, ബാരിയർ, ലൈറ്റുകൾ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

(ഡി) പ്രസ്തുത സംഭവത്തിൽ പാലം പണി നടക്കുന്ന സ്ഥലങ്ങളിൽ കൃത്യമായ അപകട സൂചനകളുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയിട്ടുണ്ടോയെന്നത് അന്വേഷണവിധേയമാക്കിയിട്ടുണ്ടോ?

ഇക്കാര്യം അന്വേഷണത്തിന്റെ ഭാഗമായി പരിശോധിക്കുന്നുണ്ട്.

(ഇ) പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രാഥമികമായ അന്വേഷണാനന്തരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## ചേർപ്പുങ്കൽ സമാന്തര പാലത്തിന്റെ നിർമ്മാണം

94(1253) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ സമാന്തര പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചേർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണം 03/2023-നകം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ചേർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണം മുടങ്ങാനിടയായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത്

വകുപ്പുമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിലെ തീരുമാനപ്രകാരം തയ്യാറാക്കിയ പുതുക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കാത്തതിനാലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാന്യനായ വകുപ്പുമന്ത്രി നടത്തിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായിരിക്കുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിവരിക്കാമോ; എത്രയുംവേഗം ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഒല്ലാൽ റെയിൽവേ മേൽപ്പാല നിർമ്മാണം**

95(1254) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട ഒല്ലാൽ റെയിൽവേ ലെവൽക്രോസിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളിൽ കാലതാമസമുണ്ടാകുന്നതിനിടയായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളിലെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) കൊല്ലം ജില്ലയിലെ ലെവൽ ക്രോസ് നമ്പർ 554-ൽ പരവൂർ-ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്ന പദ്ധതി റെയിൽവേ 2006-2007 ബഡ്ജറ്റിലുൾപ്പെടുത്തിയിരുന്നതിനെത്തുടർന്ന് ആർ.ബി.ഡി.സി.കെ. പദ്ധതിക്കുവേണ്ട സർവ്വേ നടത്തി ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (GAD) തയ്യാറാക്കി 28.1.2013-ൽ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ 2.12.2015-ൽ ജി.എ.ഡി.-ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

27.4.2018-ലെ സ.ഉ.(സാധാ)നം.771/2018/പൊ.മ.വ. പ്രകാരം സർക്കാർ മേൽ പദ്ധതിയുടെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. തുടർന്ന് ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും 36.75 കോടി രൂപയുടെ പദ്ധതിക്ക് 06.08.2020-ന് കിഫ്ബി അനുമതി നൽകുകയുമുണ്ടായി.

റെയിൽവേയുടെ പുതിയ മാനദണ്ഡങ്ങളനുസരിച്ച് റിവൈസ്ഡ് ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (GAD) അംഗീകാരത്തിനായി 5.2.2021-ന് ആർ.ബി.ഡി.സി.കെ. റെയിൽവേയ്ക്ക് സമർപ്പിച്ചു. എന്നാൽ റെയിൽവേയുടെ Work Plan-ൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടില്ലെന്നും ആയതിനാൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമേ പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂവെന്നും 2.6.2021-ൽ റെയിൽവേ നൽകിയ കത്തിൽ അറിയിക്കുകയുണ്ടായി. ആയതിനാൽ പദ്ധതി റെയിൽവേയുടെ 2022-23 Work Plan-ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, സതേൺ റെയിൽവേ, ചെന്നൈയ്ക്ക് സർക്കാരിൽനിന്നും കത്ത് നൽകുകയും ചെയ്തു. എന്നാൽ ടി പദ്ധതി റെയിൽവേ വർക്ക് പ്ലാൻ

2022-23-ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ റെയിൽവേ വർക്ക് പ്ലാൻ 2023-24-ൽ ഉൾപ്പെടുത്താൻ റെയിൽവേയോട് ആവശ്യപ്പെടുന്നതിന് ആർ.ബി.ഡി.സി.കെ സമർപ്പിച്ച അപേക്ഷ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മാലിപ്പുറം പാലത്തിന്റെ ശോചനീയാവസ്ഥ

96(1255) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലുൾപ്പെട്ട എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ മാലിപ്പുറം പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാലിപ്പുറം പാലം വീതികൂട്ടി പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

മാലിപ്പുറം പാലം പുനർനിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) പാലത്തിന്റെ ശോചനീയാവസ്ഥയും പ്രാധാന്യവും കണക്കിലെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾക്ക് അടിയന്തരമായി ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച് 6.5.2022-ന് വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലം എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മാലിപ്പുറം പാലം 2022-23 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനിലുൾപ്പെട്ടിരുന്നു. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് ഭരണാനുമതി നൽകുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ 6.5.2022-ന് വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേൽ നടപടി സ്വീകരിച്ചുവരുന്നതായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## മലപ്പുറം ഫ്ലൈഓവർ നിർമ്മാണം

97(1256) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫ്ലൈഓവർ നിർമ്മാണ പുരോഗതികൾ വിശദീകരിക്കാമോ;

(ബി) പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തിയ നടപടി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിൽ മലപ്പുറം പോലീസ് സ്റ്റേഷൻ-കിഴക്കേത്തല ചെത്ത് പാലം ഫ്ലൈഓവർ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10.07.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 942/2017/പി.ഡബ്ല്യൂ.ഡി പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദമായ പദ്ധതിരേഖയ്ക്ക് കിഫ്ബിയിൽ നിന്നും 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകി. ഫ്ലൈഓവർ നിർമ്മാണം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അധീനതയിലുൾപ്പെട്ട പ്രദേശത്തായതിനാൽ പ്രസ്തുത വകുപ്പിന്റെ

NOC അനിവാര്യമായിരുന്നു. പ്രസ്തുത വകുപ്പിൽനിന്നും 12.10.2021-ന് NOC ലഭിച്ചതിനെ തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് എസ്.പി.വി. മലപ്പുറം ജില്ലാ കളക്ടർക്ക് 28.10.2021-ന് അർത്ഥനാപത്രം നൽകി.

പദ്ധതിയുടെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി മലപ്പുറം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ 01.12.2021-ന് ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥർ പദ്ധതിപ്രദേശം സന്ദർശിച്ചു. ഇതിനെത്തുടർന്ന് നിർദ്ദിഷ്ട അലൈൻമെന്റിൽ പോലീസ് സ്റ്റേഷൻ ഭാഗത്ത് ഏകദേശം 100 മീറ്റർ നീളം കൂട്ടണമെന്ന് എം.എൽ.എ. നിർദ്ദേശിച്ചിരുന്നു. ഈ വിഷയം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് 13.02.2022-ന് എക്സിക്യൂട്ടീവ് ഡയറക്ടർ കിഫ്ബി പദ്ധതിപ്രദേശം സന്ദർശിക്കുകയും ഡി.പി.ആർ-ന്റെ ഭാഗമായി അവിടെ നടത്തിയ ട്രാഫിക് സർവ്വേയെക്കുറിച്ച് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. ഡി.പി.ആർ തയ്യാറാക്കിയതിനുശേഷം പുതിയ രണ്ട് ബൈപാസുകൾ ഗതാഗതത്തിന് തുറന്നുകൊടുത്ത സാഹചര്യത്തിൽ പുതിയതായി ട്രാഫിക് സർവ്വേ നടത്തണമെന്നാവശ്യപ്പെട്ടു. ആർ.ബി.ഡി.സി.കെ. വിശദീകരണം

നൽകുകയും ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചമുറയ്ക്ക് പുതിയതായി ട്രാഫിക് സർവ്വേ നടത്തുന്നതിന് അധിക തുക അനുവദിക്കണമെന്നും അഭ്യർത്ഥിച്ചു. തുടർന്ന് മൂന്ന് വശങ്ങൾക്കായി രൂപകല്പന ചെയ്തിരുന്ന മേൽപ്പാലം രണ്ട് വശത്തേയ്ക്ക് മാത്രമായി രൂപകല്പന ചെയ്യുന്നതോ അല്ലെങ്കിൽ നിലവിലുള്ള റോഡ് 22 മീറ്റർ വീതിയിൽ നാലുവരിയായി വീതി കൂട്ടുന്നതോ പരിഗണിക്കണമെന്ന് 6.6.2022-ൽ കിഫ്ബി നിർദ്ദേശം നൽകി. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയ കൺസൾട്ടന്റിനോട് ഇത് പരിശോധിക്കാൻ ആർ.ബി.ഡി.സി.കെ. നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷമേ കിഫ്ബിയുടെ അനുമതിക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കൂ.

(സി) ഫ്ലൈഓവർ നിർമ്മാണത്തിനായി സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഇല്ല

(ഡി) പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബി ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടോ ?

പദ്ധതിയുടെ അലൈൻമെന്റിൽ വരുത്തിയ മാറ്റത്തിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്കേ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ സാധിക്കൂ.

(ഇ) ഫ്ലൈഓവർ നിർമ്മാണം എന്നേത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അലൈൻമെന്റിൽ വരുത്തിയ മാറ്റവും പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബി അംഗീകരിക്കുന്നമുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിക്കാവുന്നതും ഏറ്റെടുത്ത ഭൂമി ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറുന്നമുറയ്ക്ക് ടെണ്ടർനടപടി പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാകുന്നതുമാണ്.

**മങ്കട നിയോജകമണ്ഡലത്തിലെ പാലങ്ങൾ**

98(1257) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലുൾപ്പെടുന്ന വള്ളിക്കാപ്പറ്റ പാലം, വെള്ളില ചോഴിപാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട്

സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുകയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ; പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) <u>വള്ളിക്കാപ്പറ്റ പാലം പുനർനിർമ്മാണം:</u>-ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 4.20 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പുരോഗമിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള ഡീറ്റെയിൽഡ് ഡ്രോയിംഗ് ലഭ്യമായതിനുശേഷം മാത്രമേ പാലം പുനർനിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് കണക്കാക്കാൻ സാധിക്കുകയുള്ളു.

<u>വെള്ളില ചോഴി പാലം പുനർ നിർമ്മാണം:-</u>

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 4 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ആയത്

പൂർത്തീകരിച്ച് പ്രസ്തുത റിപ്പോർട്ട് പ്രകാരം ഡീറ്റെയിൽഡ് ഡ്രോയിംഗ് ലഭ്യമായതിനുശേഷം മാത്രമേ പാലം പുനർനിർമ്മാണത്തിനായുള്ള ഭരണാനുമതിയുടെ എസ്റ്റിമേറ്റ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

പ്രസ്തു പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല.

**എറണാകുളം നഗരത്തിലെ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി**

99(1258) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം നഗരത്തിലെ വാതുരുത്തി റെയിൽവേ മേൽപ്പാലം, വടുതല-പേരണ്ടൂർ മേൽപ്പാലം, ഏലൂർ ചൗക്ക-ചേരാനല്ലൂർ പാലം തുടങ്ങിയവയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

**1.വാത്തുരുത്തി റെയിൽവേ മേൽപ്പാലം**

എറണാകുളം ജില്ലയിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10.07.2017-ലെ സർക്കാർ

ഉത്തരവ് GO(Rt) No. 942/2017/PWD പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.- യെ SPV ആയി നിയമിക്കുകയും ചെയ്തിട്ടുള്ളതാണ്.

ടി പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, റെയിൽവേ, ദേശീയപാത എന്നിവയുടെ നിയന്ത്രണത്തിലുള്ളതാണ്. കൂടാതെ പദ്ധതിപ്രദേശം നേവൽ എയർപോർട്ടിന്റെ സമീപവുമാണ്. ആയതിനാൽ ഇന്ത്യൻ നേവിയിൽ നിന്നും പദ്ധതിയുടെ നിർമ്മാണത്തിന് NOC ലഭിക്കേണ്ടതുണ്ട്. പദ്ധതിയുടെ അലൈൻമെന്റിന്റെ അംഗീകാരത്തിനുവേണ്ടി വിവിധതരം അലൈൻമെന്റുകൾ പരിശോധിക്കുകയും ഇവ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ തലത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവരുമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. വിവിധതരം അലൈൻമെന്റുകൾ പരിശോധിച്ചെങ്കിലും കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഈ പ്രശ്നത്തിന്റെ പരിഹാരത്തിനായി സർക്കാരിൽ നടപടി സ്വീകരിച്ചുവരുന്നു.

2. വട്ടുതല പേരണ്ടൂർ പാലം

പ്രസ്തുത പാലത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്.

### 3. ഏലൂർ ചൗക്ക ചേരാനല്ലൂർ പാലം

പാലം ഡിസൈൻ ചെയ്യുന്ന സമയത്ത് മുട്ടാർ പുഴയിലെ MFL+99.880m ആയിരുന്നു. 2018-ലെ പ്രളയത്തിനുശേഷം MFL+100.640m ആയി ഉയർന്നു. MFL ഉയർന്നതുമൂലം അബട്ട്മെന്റിന്റെ ഉയരം 5 മീറ്ററിലധികം കൂടാൻ സാധ്യതയുണ്ട്. അതുമൂലം ലാഡ്സ്പാൻ അധികമായി കൂട്ടി ചെയ്യേണ്ടിവരികയും ചൗക്ക ഭാഗത്ത് പാലം കൊട്ടം വളവിലേയ്ക്ക് ചെന്നുചേരുകയും ചെയ്യും. ഇത് പ്രയോഗികമല്ലാത്തതിനാൽ നിലവിലുള്ള ഡിസൈനും അലൈൻമെന്റും മാറ്റി പുതുക്കിയ അലൈൻമെന്റിന്റെ അനുമതിക്കുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

### വല്ലം കടവ്-പാറപ്പുറം പാലം

100(1259) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ-ആലുവ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർമ്മാണത്തിലിരിക്കുന്ന വല്ലംകടവ്-പാറപ്പുറം പാലത്തിന്റെ അടിയിൽ നദിയിലായി 2018-ലെ പ്രളയത്തെത്തുടർന്ന് ഗർഡറുകളും 20mm-25mm കമ്പികളും ജീവഹാനിയുണ്ടാക്കുന്നവിധത്തിൽ വെള്ളത്തിനടിയിലും മുകളിലുമായി ചിതറി മുകളിലേക്ക് കൂർത്തുനിൽക്കുന്ന രീതിയിൽ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഉണ്ട്. പ്രവൃത്തിയുടെ ആദ്യത്തെ കരാറുകാരൻ M/s Seguro Intel Consortium LLP ആയിരുന്നു. Risk & cost വഴി അവരുടെ പ്രവൃത്തി റദ്ദ് ചെയ്തിരിക്കുന്നു. നിർമ്മാണ സാമഗ്രികളുടെ അവശിഷ്ടങ്ങളാണ് പുഴയുടെ അടിയിൽ അടിഞ്ഞുകിടക്കുന്നത്. അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് പുതിയ കരാർ സ്ഥാപനമായ Syama Dynamics Project Developers -നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കുറങ്കോട്ട ദ്വീപിനെ കരയുമായി ബന്ധിപ്പിക്കുന്ന പാലം**

101(1260) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ ചേരാനല്ലൂർ പഞ്ചായത്തിലുൾപ്പെടുന്ന കുറങ്കോട്ട ദ്വീപിനെ പ്രധാന കരയുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ പ്രോജക്ട് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കുറുങ്കോട്ട പാലത്തിന്റെ ഡിസൈൻ തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്.

(ബി) പാലത്തിന്റെ രൂപരേഖ അംഗീകരിച്ചിട്ടുണ്ടോ; പാലത്തിന്റെ പുതിയ അലൈന്മെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ ഡി. പി. ആർ. തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ 30/05/2018-ന് അംഗീകരിച്ച അലൈൻമെന്റ് പ്രകാരം രൂപരേഖയും ഡി.പി.ആർ-ഉം ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗം തയ്യാറാക്കിവരുന്നു.

**നിരക്ക് പരിഷ്കരണംമൂലം പുതുക്കി നൽകേണ്ടുന്ന ഭരണാനുമതികൾ**

102(1261) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) ഡി.എസ്.ആർ. നിരക്കിലെ പരിഷ്കരണംമൂലം നേരത്തെ ഭരണാനുമതി ലഭിച്ച ടെണ്ടർ ചെയ്യാത്ത പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിൽ കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഡി.എസ്.ആർ നിരക്കിലെ പരിഷ്കരണംമൂലം നേരത്തെ ഭരണാനുമതി ലഭിച്ച ടെണ്ടർ ചെയ്യാത്ത പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകിവരുന്നു.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ വല്ലത്തായിക്കടവ് പാലം നിർമ്മാണം, ചുള്ളിക്കാപറമ്പ്-കവിലട റോഡ് എന്നിവയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

## സെൻട്രൽ റോഡ് ഫണ്ട്

103(1262) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ റോഡ് ഫണ്ടിൽനിന്നും ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ റോഡ് ഫണ്ടിൽനിന്നും 69 പ്രവൃത്തികളിലായി 955.70 കി.മീ ദൂരം റോഡുകളുടെ 1306.68 കോടി രൂപയുടെ ഭരണാനുമതിക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിച്ചു. ആയതിന് അനുമതി ലഭ്യമായിട്ടില്ല. ഭരണാനുമതിക്കായി സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പോട്ട്ഹോൾ ഫ്രീ റോഡ് പദ്ധതി

104(1263) ശ്രീ. പി. വി. അൻവർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതകളും മേജർ റോഡുകളും കുഴികളൊന്നുമില്ലാത്തവയായി പരിപാലിക്കാൻ ഉദ്ദേശിച്ചുകൊണ്ട് പോട്ട്ഹോൾ ഫ്രീ റോഡ് പദ്ധതി നടപ്പാക്കിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള കർമ്മപരിപാടികൾ എന്തൊക്കെയാണ്; പരിപാലന കാലാവധി കഴിഞ്ഞ മുഴവൻ റോഡുകളും റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലേക്ക് മാറിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ മുഴവൻ പൊതുമരാമത്ത് വകുപ്പ് റോഡുകളും പോട്ട്ഹോൾ ഫ്രീയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പരിപാലന കാലാവധി കഴിഞ്ഞ

റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലേക്ക് മാറ്റുന്നതിന്റെ ആദ്യഘട്ടമായി 117.30 കോടി രൂപയുടെയും രണ്ടാംഘട്ടമായി 184.986 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. രണ്ടാംഘട്ട പ്രവൃത്തികളിൽ ഭൂരിഭാഗത്തിന്റേയും ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. മേൽ അനുവദിച്ച തുക പ്രകാരം 12332 കി.മീ. റോഡുകൾ ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(സി) മഴയിൽ തകരുന്ന റോഡുകൾ 48 മണിക്കൂറിനുള്ളിൽ നന്നാക്കാൻ പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ; ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ഏതുതരത്തിലാണെന്ന് വ്യക്തമാക്കാമോ?

കാലവർഷം കണക്കിലെടുത്ത് റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ പ്രത്യേക ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന State level Task Force-ന്റെയും District level Task Force-ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ ആരംഭിച്ചു. ഇതിന്റെ ഏകോപനത്തിനായി KSTP PI Cell-ൽ പ്രത്യേക കൺട്രോൾ റൂമും

പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പരായ 18004257771-ൽ പരാതികൾ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കുകയും ജില്ലാ ടാസ്ക് ഫോഴ്സിന് ഇതുസംബന്ധിച്ച വിവരം കൈമാറുകയും ചെയ്യും. അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് പരാതി പരിഹാരത്തിനുള്ള പ്രവർത്തനം നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. മഴ കുറഞ്ഞെങ്കിൽ പരമാവധി 48 മണിക്കൂറിനുള്ളിൽ താത്കാലിക പരിഹാരമെങ്കിലും സാധ്യമാക്കുകയാണ് ചുമതല. സ്വീകരിച്ച പരാതി പരിഹാര നടപടി പരാതിക്കാരനെ നേരിട്ട് അറിയിക്കുകയും ചെയ്യും. പ്രവൃത്തി സമയബന്ധിതമായി നടക്കുന്നുവെന്ന് ജില്ലാതല ടാസ്ക്ഫോഴ്സ് ഉറപ്പുവരുത്തും. ജില്ലകളിലെ പരാതിപരിഹാര നടപടി സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ഇടവേളകളിൽ State Task Force -ഉം വിലയിരുത്തും.

**അരൂർ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

105(1264) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ രണ്ട് വർഷത്തിനിടയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) നിരത്തു വിഭാഗത്തിനു കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+ .

കെട്ടിട വിഭാഗത്തിനു കീഴിൽ അരൂർ ഫയർ സ്റ്റേഷന് 290 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. CRZ മേഖലയിലുൾപ്പെടുന്നതിനാൽ 13.5 സെന്റ് സ്ഥലത്തുമാത്രമേ നിർമ്മാണം സാധ്യമാകുകയുള്ളൂ. എന്നാൽ ഇത്രയും കുറഞ്ഞ വിസ്തൃതിയിലുള്ള സ്ഥലത്ത് ആവശ്യമായ സൗകര്യങ്ങളോടുകൂടിയ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ സാധ്യമല്ലാത്തതിനാൽ ആവശ്യകത പരിമിതപ്പെടുത്തിയ റിവൈസ്ഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിക്വയർമെന്റ്സ് ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ചീഫ് ആർക്കിടെക്ടിന്റെ പരിഗണനയിലാണ്.

പാലം വിഭാഗത്തിനുകീഴിൽ അഞ്ചുതുരുത്ത് പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടി പുരോഗമിക്കുന്നു. തൈക്കാട്ടുശ്ശേരി പാലത്തിന്റെ അറ്റകുറ്റ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ആരും ഏറ്റെടുക്കാത്തതിനാൽ റീ-ടെണ്ടർ നടപടി നടന്നുവരുന്നു. കുമ്പളങ്ങി, കുറുമ്പിൽ, കുട്ടൻചാൽ എന്നീ പാലങ്ങളുടെ അറ്റകുറ്റ പ്രവൃത്തികൾ പുരോഗമിക്കുന്നു. 80% പൂർത്തീകരിച്ചു.

## തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ

106(1265) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇവ പൂർത്തീകരിക്കുന്നതിന് ഇനി

എന്തൊക്കെ നടപടികളാണുള്ളത്; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി അനുമതി നൽകിയ റോഡുകളുടെ നിർമ്മാണ പുരോഗതി

107(1266) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനകാര്യ അനുമതി നൽകിയ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനകാര്യ അനുമതി നൽകിയ കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കുന്ന റോഡുകളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

## ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി അനുമതി റോഡുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

108(1267) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ധനകാര്യ അനുമതി നൽകിയ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ കണ്ണാടി-പന്നിക്കോട് റോഡ് പ്രവൃത്തിക്ക് 1.11.2016-ലെ സ.ഉ.(സാധാ) നം. 1502/2016/പൊ.മ.വ പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള 60 ലക്ഷം രൂപയുൾപ്പെടെ 24.09 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായാൽ മാത്രമേ റോഡ് പ്രവൃത്തി ആരംഭിക്കാനാവൂ.

**ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതി**

109(1268) ശ്രീ. മുഹമ്മദ് മുഹസിൻ:

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 ആറുവരിയായി വികസിപ്പിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ?

ദേശീയപാത 66 ആറുവരിയായി വികസിപ്പിക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച ഇടങ്ങളിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

നീലേശ്വരം ROB പദ്ധതിക്ക് റെയിൽവേയുടെ CRS-ന്റെ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം വേഗത്തിലാക്കാൻ NHAI തുടർനടപടി സ്വീകരിച്ചു വരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ദേശീയപാത 66-ൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന പ്രദേശങ്ങളിൽ പൊതുജനങ്ങളിൽനിന്നും വ്യാപകമായ പരാതി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കുമോ?

ദേശീയപാത 66-ൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന പ്രദേശങ്ങളിൽ നിർമ്മാണം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ലെന്നാണ് ദേശീയപാത അതോറിറ്റി കേരള റീജിയണൽ ഓഫീസിൽനിന്നും അറിയിച്ചത്.

(ഡി) ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട നടപടികൾ സംസ്ഥാനത്തുടനീളം ഒരേ വേഗതയിൽ പൂർത്തീകരിക്കാനും അതിൻപ്രകാരം പ്രവൃത്തികൾ ഏകോപിപ്പിക്കാനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട നടപടി ഏകോപിപ്പിക്കുന്നതിനായി വിവിധ തലത്തിൽ അവലോകന യോഗങ്ങൾ നടത്താറുണ്ട്. ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിലെ

പുരോഗതി തുടർച്ചയായി വിലയിരുത്തുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ State Level Monitoring Committee യോഗം നടത്താറുണ്ട്.

ദേശീയപാത വികസനത്തിന്റെ പുരോഗതി വിലയിരുത്താൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകന യോഗം നടത്താറുണ്ട്.

ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ അവലോകന യോഗങ്ങൾ ചേർന്ന് പ്രവൃത്തി പുരോഗതി വിലയിരുത്താറുണ്ട്.

### പാലക്കാട് – കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേ

110(1269) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയുടെ പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കുന്ന നടപടി ആരംഭിച്ചു. പാത കടന്നുപോകുന്ന എല്ലാ ജില്ലകളിലും 3A നോട്ടിഫിക്കേഷൻ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. നിലവിൽ കോഴിക്കോട്, ജില്ലയിലെ അതിർത്തി നിർണയം നടക്കുന്നു. മലപ്പുറം, പാലക്കാട് ജില്ലകളിലെ അതിർത്തി നിർണയം താമസംവിനാ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഭൂമി നഷ്ടപ്പെടുന്നവർക്ക് ഇതുമായി ബന്ധപ്പെട്ട് പരാതി നൽകുന്നതിന് അവസരം നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് നിലവിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(സി) ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ?

(ബി & സി) ഭൂമി വിട്ടുനൽകുന്നവർക്ക് NH ACT 1956, 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ 1, 2 ഷെഡ്യൂളുകൾ എന്നിവ പ്രകാരമായിരിക്കും നഷ്ടപരിഹാരം കണക്കാക്കി നൽകുക.

## പീപ്പിൾസ് ഗ്രീൻ റസ്റ്റ് ഹൗസ് പദ്ധതി

111(1270) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) വകുപ്പിന്റെ പരിധിയിൽ വരുന്ന റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റസ്റ്റ് ഹൗസുകളിലും 2021 നവംബർ മാസം ഒന്നാം തീയതി മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും നിലവിലെ ചട്ടങ്ങൾക്കനുസൃതമായി മുറികൾ ഏതു സമയത്തും എവിടെ നിന്നും ബുക്കു ചെയ്യാൻ സാധിക്കുന്നു. ഓൺലൈൻ ബുക്കിംഗ്

സുഗമമാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും കേന്ദ്രീകൃത കൺട്രോൾ റൂം പബ്ലിക് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട റസ്റ്റ്ഹൗസുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടുതൽ റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യം ഏർപ്പെടുത്തി.

റസ്റ്റ് ഹൗസുകളുടെ പരിസരം, ഗാർഡൻ എന്നിവയുടെ പരിപാലനം കുടുംബശ്രീ വഴി നടപ്പിലാക്കാനുള്ള ചർച്ചകൾ നടത്തിവരുന്നു.

(ബി) പീപ്പിൾസ് ഗ്രീൻ റസ്റ്റ് ഹൗസ് പദ്ധതി വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

റസ്റ്റ് ഹൗസ് പരിസരം ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി 2021-ലെ ഗാന്ധി ജയന്തി ദിനത്തിലും 2022-ലെ പരിസ്ഥിതി ദിനത്തിലും മന്ത്രിമാർ, സ്ഥലം എം.എൽ.എ.-മാർ എന്നിവരുടെ നേതൃത്വത്തിൽ റസ്റ്റ് ഹൗസ് പരിസരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുകയുണ്ടായി. കൂടാതെ അതത് സ്ഥലങ്ങളിലെ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്കുകൾ എന്നീ

സ്ഥലങ്ങളിലെ എൻ.സി.സി വോളന്റിയർമാരുമായി ചേർന്ന് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ലാന്റ് സ്കേപ്പിംഗ് ചെയ്യുന്നതിനുമുള്ള ചർച്ചകൾ നടന്നുവരുന്നു.

## റസ്റ്റ്ഹൗസുകളിൽ കൂടി ലഭിക്കുന്ന വരുമാനം

112(1271) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി എത്ര റസ്റ്റ് ഹൗസുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി 155 റസ്റ്റ് ഹൗസുകളാണ് നിലവിലുള്ളത്. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ റസ്റ്റ് ഹൗസിലും പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് എത്ര മുറികളുണ്ടെന്നും അവ ഓരോന്നിനും ഈടാക്കുന്ന വാടക എത്രയെന്നും അറിയിക്കാമോ?

റസ്റ്റ് ഹൗസുകളിലെ മുറികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ക്ലാസ് I റസ്റ്റ്ഹൗസുകളിലെ എ.സി. റൂമുകൾക്ക് 1000 രൂപ, നോൺ എ.സി. റൂമുകൾക്ക് 600 രൂപ എന്നതാണ് വാടക നിരക്ക്. ക്ലാസ് II റസ്റ്റ്ഹൗസുകളിലെ എ.സി. റൂമുകൾക്ക് 750 രൂപ, നോൺ എ.സി. റൂമുകൾക്ക് 400 രൂപ എന്നതാണ് വാടക നിരക്ക്.

(സി) ഓൺലൈൻ ബുക്കിംഗ് ഏർപ്പെടുത്തിയതിനുശേഷം നാളിതുവരെ ലഭിച്ച വരുമാനം എത്രയെന്ന് അറിയിക്കാമോ?

ഓൺലൈൻ ബുക്കിംഗ് ഏർപ്പെടുത്തിയ 1/11/2021 മുതൽ 23/06/2022 വരെ 2,50,52,267/- രൂപയുടെ വരുമാനം ലഭ്യമായിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ നിയമനം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

113(1272) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ വിവിധ തസ്തികകളിൽനിന്ന് കേരള റോഡ് ഫണ്ട് ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട എത്ര ഉദ്യോഗസ്ഥരാണ് അവിടെ തുടർന്നുവരുന്നതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ചീഫ് എഞ്ചിനീയർ - ഇല്ല

സൂപ്രണ്ടിംഗ് എഞ്ചിനീയർ - 1

എക്സിക്യൂട്ടീവ് എഞ്ചിനീയർ - 9

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -29

(ബി) പ്രസ്തുത ഡെപ്യൂട്ടേഷൻ നിയമനങ്ങളിൽ 30/10/2020-ലെ സർക്കാർ ഉത്തരവ് (സാധാ) നം.886/2020/പൊ.മ.വ. പ്രകാരം ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട 71 എഞ്ചിനീയർമാരിൽ എത്ര

എഞ്ചിനീയർമാർ വിവിധ തസ്തികകളിൽ കേരള റോഡ് ഫണ്ട് ബോർഡിൽ ജോലിയിൽ പ്രവേശിച്ചുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

സൂപ്രണ്ടിംഗ് എഞ്ചിനീയർ - 1

എക്സിക്യൂട്ടീവ് എഞ്ചിനീയർ - 10

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 30

അസിസ്റ്റന്റ് എഞ്ചിനീയർ - 30

(സി) പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരം ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട എത്ര എഞ്ചിനീയർമാർ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് പൊതുമരാമത്ത് വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിച്ചുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

30.10.2020-ലെ സ.ഉ.(സാധാ)നം.886/2020/ പൊ.മ.വ പ്രകാരം ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട എഞ്ചിനീയർമാരിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് പൊതുമരാമത്ത് വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിൽനിന്ന് 71 എഞ്ചിനീയർമാരെ കേരള റോഡ് ഫണ്ട് ബോർഡിൽ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ പൊതുമരാമത്ത് വകുപ്പിൽ സൃഷ്ടിക്കപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 71 താൽക്കാലിക തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം എത്ര പേർക്ക് നിയമനം നൽകി; എത്രപേർ ഇപ്പോഴും തുടർന്നുവരുന്നുവെന്ന് വ്യക്തമാക്കാമോ ?

നിലവിൽ ആരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ നിയമനം**

114(1273) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി ഇപ്പോൾ പ്രാബല്യത്തിലുള്ളതും കേരള പബ്ലിക് സർവീസ് കമ്മീഷൻ

തയ്യാറാക്കിയതുമായ നേരിട്ടുള്ള നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്കാണ് നാളിതുവരെ നിയമനം നൽകിയതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയുടെ ഇപ്പോൾ പ്രാബല്യത്തിലുള്ള പി.എസ്.സി റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ 16 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനങ്ങൾ നടത്തിയ ഒഴിവുകളുടെ സ്വഭാവം റിട്ടയർമെന്റ്, പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ ഒഴിവ്, പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തിക, മരണം എന്നിങ്ങനെ ഇനം തിരിച്ച് ക്രമത്തിൽ ലഭ്യമാക്കുമോ?

**ആകെ ഒഴിവുകൾ സൃഷ്ടിക്കപ്പെട്ടത്**

റിട്ടയർമെന്റ് - 8

പ്രൊമോഷൻ - 17

ഡെപ്യൂട്ടേഷൻ ഒഴിവ് - ഇല്ല

പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തിക - ഇല്ല

മരണംമൂലമുള്ള ഒഴിവ് - ഇല്ല

(ഇതിൽ പി.എസ്.സി.,-16, വകുപ്പിലെ ജീവനക്കാരിൽനിന്നും നേരിട്ടുള്ള നിയമനം -9 )

(സി) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിനായി നിലവിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയുടെ 5 ഒഴിവുകളുണ്ട്. ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി 3 ഒഴിവുകൾ നിലവിലുണ്ട്. ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയിൽ നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ല.

## മഠത്തുംചാൽ-മുക്കുട്ടുത്തറ റോഡ് നിർമ്മാണം

115(1274) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന മഠത്തുംചാൽ-മുക്കുട്ടുത്തറ റോഡിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി റീ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ-സി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ മഠത്തുചാൽ - മുക്കുട്ടുത്തറ റോഡ് പ്രവൃത്തിക്ക് 1.11.2016-ൽ 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും 42.18 കോടി രൂപയുള്ള സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 19.05.2018-ൽ പ്രവൃത്തി ആരംഭിച്ചു. 32.26 കി.മീ നീളമുള്ള റോഡിന്റെ ബി.എം പ്രവൃത്തികൾ പൂർത്തീകരിച്ചു. ബി.സി പ്രവൃത്തികൾ 5.80 കി.മീ പൂർത്തീകരിച്ചു. യൂട്ടിലിറ്റികൾ നീക്കം ചെയ്യുന്നതിലുണ്ടായ കാലതാമസം കാരണം ഈ കരാർ

ഫോർക്ലോസ് ചെയ്യാൻ കിഫ്ബിയുടെ അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 24.11.2021-ൽ ഫോർക്ലോസ് ചെയ്യുകയുണ്ടായി. നിലവിൽ കെ.എസ്.ഇ.ബി യൂട്ടിലിറ്റികൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും KWA യൂട്ടിലിറ്റികൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. KWA യൂട്ടിലിറ്റികൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് ബാക്കിയുള്ള പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകി തുടർനടപടി സ്വീകരിച്ച് റോഡ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഒരു പഞ്ചായത്തിൽ ഒരു ടൂറിസം പദ്ധതി**

116(1275) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 08.06.2022-ന് നടത്തുകയുണ്ടായി. പദ്ധതി അതിന്റെ പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം മഞ്ചേശ്വരം മണ്ഡലത്തിൽ ഏതൊക്കെ ടൂറിസം പദ്ധതികളാണ് വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; ടി പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഈ പദ്ധതിപ്രകാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി പദ്ധതി റിപ്പോർട്ട് ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടത്. മഞ്ചേശ്വരം മണ്ഡലത്തിൽനിന്നും നാളിതുവരെയായി പദ്ധതികളൊന്നുംതന്നെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. ആയത് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ടൂറിസം ക്ലബ്**

117(1276) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര രംഗത്ത് പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി കലാലയങ്ങളെ വിനോദസഞ്ചാര പ്രവൃത്തിയുടെ ഭാഗമാക്കുന്നതിന് വിനോദസഞ്ചാര വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പാക്കുന്ന ടൂറിസം ക്ലബ് രൂപീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിദ്യാർത്ഥികളിൽ ടൂറിസം അവബോധം സൃഷ്ടിക്കുക, സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയിൽ അവരെ ഭാഗഭാക്കാക്കുക, ഈ രംഗത്ത് കൂടുതൽ പ്രൊഫഷണൽസിനെ സൃഷ്ടിക്കുക, ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനത്തിലും വികസനത്തിലും വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പുവരുത്തുക എന്നീ സുപ്രധാന ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് സംസ്ഥാനത്തെ തെരഞ്ഞെടുത്ത കലാലയങ്ങളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കാൻ തീരുമാനിച്ചത്. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ഇതുസംബന്ധിച്ച് ഉന്നത

വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയും ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ തീരുമാനിച്ച പ്രകാരം ആദ്യഘട്ടത്തിൽ 25 ടൂറിസം ക്ലബ്ബുകളാകും സംസ്ഥാനത്ത് രൂപീകരിക്കുക. ഈ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് ടൂറിസം വകുപ്പ് നിശ്ചിത തുക മാറ്റിവയ്ക്കുന്നതാണ്. ഒരു മാസത്തിനുള്ളിൽ ടൂറിസം ക്ലബ്ബുകൾ സംസ്ഥാനത്ത് നിലവിൽ വരുന്ന രീതിയിലാണ് പ്രവർത്തനം പുരോഗമിക്കുന്നത്.

(ബി) പദ്ധതികൾ നടപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട കലാലയങ്ങളുടെ സമീപത്തുള്ള വിനോദസഞ്ചാര കേന്ദ്രത്തിന്റെ ചുമതല ടൂറിസം ക്ലബ്ബുകൾക്ക് നൽകാൻ ആലോചിക്കുന്നുണ്ടോ;

(സി) ടൂറിസം ക്ലബ്ബുകൾക്ക് പ്രസ്തുത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എന്തെല്ലാം ചുമതലകൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കലാലയങ്ങളുടെ സമീപത്തുള്ള ടൂറിസം കേന്ദ്രങ്ങളുടെ പരിപാലന ചുമതലയിൽ ടൂറിസം

ക്ലബ്ബുകളെക്കൂടി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം ടൂറിസം കേന്ദ്രങ്ങളുടെ ക്ലീനിംഗ്, അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, മാർക്കറ്റിംഗ് ഉൾപ്പെടെയുള്ളവ ടൂറിസം ക്ലബ്ബുകളുടെ സഹകരണത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദേശങ്ങളും ടൂറിസം ക്ലബ്ബുകൾക്ക് മുന്നോട്ടുവയ്ക്കാം. ടൂറിസവുമായി ബന്ധപ്പെട്ട സെമിനാർ, സിമ്പോസിയം, ചർച്ചകൾ എന്നിവ ടൂറിസം ക്ലബ്ബുകൾക്ക് സംഘടിപ്പിക്കാവുന്നതാണ്.

(ഡി) പാർട്ട്ടൈം ജോലി ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ഇത്തരം കേന്ദ്രങ്ങളിൽ തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ടൂറിസം ക്ലബ്ബുകളുടെ ഭാഗമായി പാർട്ട്ടൈം ജോലി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

**വിനോദസഞ്ചാര മേഖലയിലെ നേട്ടങ്ങൾ**

118(1277) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:

<u>ശ്രീ. കെ. ജെ. മാക്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനും പ്രകൃതി ദുരന്തങ്ങൾക്കും ശേഷം വിനോദസഞ്ചാര മേഖലയെ സുസജ്ജമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഈ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെ ആദ്യസമയത്ത് സമ്പൂർണ്ണ ലോക്ഡൗൺ നടപ്പിൽവരികയും വിനോദസഞ്ചാരം പരിപൂർണ്ണമായി നിലയ്ക്കുകയും ചെയ്തിരുന്ന സന്ദർഭത്തിൽ ടൂറിസത്തിലൂടെ വരുമാന ലഭ്യതയുണ്ടായിരുന്ന സാധാരണക്കാരായ ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെ പ്രവർത്തന നിരതരാക്കി ആത്മവിശ്വാസം നിലനിർത്തുന്നതിനായി അവരുടെ അറ്റ് ഹോം വീഡിയോകൾ, സ്റ്റോറി ടെല്ലിംഗ് ഓഡിയോകൾ എന്നിവ കണക്കിലെടുത്ത് 2020-ലെ വേൾഡ് ട്രാവൽ മാർക്കറ്റ്-ഗ്ലോബൽ റെസ്പോൺസിബിൾ ടൂറിസം അവാർഡിൽ (WTM GLOBAL RESPONSIBLE TOURISM AWARDS 2020) മീനിംഗ് ഫുൾ

കണക്ഷൻസ് എന്ന വിഭാഗത്തിൽ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷന് Highly Commended അവാർഡ് ലഭിച്ചു.

കേരളത്തിലെ കാർഷിക മേഖലയേയും കർഷകരേയും ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനായി ഇക്കാലയളവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച പ്രധാന പ്രവർത്തനമാണ് കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്. ഈ പദ്ധതിയുടെ ഭാഗമാകാൻ താല്പര്യമുള്ളവരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുകയും 952 പേർ 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 452 അപേക്ഷകർ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും 400-ൽ അധികം യൂണിറ്റുകൾ വിവിധ ജില്ലകളിലായി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2022 മാർച്ച് വരെയുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം 2021 മാർച്ച് വരെയുള്ള സഞ്ചാരികളുടെ വരവ് താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 72.48 ശതമാനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 200.55 ശതമാനവും വളർച്ച

കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 38 ലക്ഷം ആഭ്യന്തര സഞ്ചാരികളെ ഇക്കാലയളവിൽ ആകർഷിക്കാൻ കഴിഞ്ഞു. എറണാകുളം ജില്ലയാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഒന്നാമത്. മുൻവർഷത്തെ അപേക്ഷിച്ച് 16 ലക്ഷം സഞ്ചാരികളാണ് ഈ വർഷം ആദ്യപാദത്തിൽ വർദ്ധിച്ചത്. 43547 വിദേശ വിനോദസഞ്ചാരികളാണ് ഇക്കാലയളവിൽ സംസ്ഥാനത്ത് എത്തിയത്.

കഴിഞ്ഞ ഏതാനും മാസങ്ങളായി നടത്തിവരുന്ന 360 ഡിഗ്രി പ്രചാരണത്തിന്റെ പ്രതിഫലനമാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവെന്നാണ് കരുതുന്നത്. വരുമാനത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഏറെ മുന്നോട്ടുപോകാൻ ഇക്കാലയളവിൽ കഴിഞ്ഞു.

കേരള സംസ്ഥാനം രൂപീകൃതമായതിന് ശേഷമുള്ള ഏറ്റവും ഉയർന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവാണ് 2022 ആദ്യപാദത്തിൽ പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട് , കാസർഗോഡ് എന്നീ ജില്ലകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര മേഖലയിൽ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമാണെന്നും ആയത് ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയതിലൂടെയാണ് നേടാൻ സാധിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിയ വിവിധ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ് 2021-ൽ കേരളം ബെസ്റ്റ് ഫ്യൂച്ചർ ഫോർവേഡ് സ്റ്റേറ്റ് വിഭാഗത്തിൽ ഗോൾഡ് അവാർഡ് കരസ്ഥമാക്കി.

മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതിയിലൂടെ അയ്മനം പഞ്ചായത്തിൽ പ്രാദേശിക പങ്കാളിത്തത്തോടെ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിയ വിവിധ പ്രവർത്തനങ്ങളിലൂടെ 2020 സെപ്തംബർ മാസം അയ്മനത്തെ കേരളത്തിലെ ആദ്യത്തെ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമമായി കേരള സർക്കാർ പ്രഖ്യാപിച്ചു. തുടർന്ന് അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് 2021-ലെ വേൾഡ് ട്രാവൽ മാർക്കറ്റ്-

ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡിൽ വൺ ടു വാച്ച് വിഭാഗത്തിൽ അവാർഡ് ലഭിച്ചു.

സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ ടൂറിസം ഉൽപന്നങ്ങൾ, ടൂറിസം പ്രാക്ടീസുകൾ, ടൂറിസം എക്സ്പീരിയൻസുകൾ എന്നിവ വികസിപ്പിക്കുന്ന കമ്പനികൾ, വ്യക്തികൾ, ടൂറിസം കേന്ദ്രങ്ങൾ, ഓർഗനൈസേഷനുകൾ എന്നിവയെ തിരിച്ചറിയുകയും ആദരിക്കുകയും ചെയ്യുന്നതിനായി അന്താരാഷ്ട്ര ട്രാവൽ പ്രസിദ്ധീകരണമായ ട്രാവൽ + ലീഷർ ഏർപ്പെടുത്തിയ ' ട്രാവൽ + ലീഷർ ഗ്ലോബൽ വിഷൻ അവാർഡ് 2022-ൽ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ കരസ്ഥമാക്കി.

(സി) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോകോത്തര നിലവാരത്തിലെത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്താമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോകനിലവാരത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. അതിൽ പ്രധാനമായും വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തെ ടൂറിസം

കേന്ദ്രങ്ങളിൽ " കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് ബ്ലോക്ക്" എന്ന പേരിൽ ടോയ്‌ലറ്റ് സൗകര്യമൊരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകനിലവാരമുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കിറ്റ്കോയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

ഈ പദ്ധതി വഴി വർക്കല ബീച്ച്, ശംഖുംമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട് കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ഭട്ട് റോഡ് പാർക്ക്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ 12 കേന്ദ്രങ്ങളിൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ ബേക്കൽ, പൂക്കോട്, കാരാപ്പുഴ, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

ഇതിനുപുറമെ സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള ആവാസ വ്യവസ്ഥ

പ്രദാനം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുൾപ്പെടുന്ന ടൂറിസം ഹബ്ബുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിശോധിച്ചു വരികയാണ്.

**കോവളം സൈലന്റ് വാലി ഹൗസ് റിസോർട്ട്**

119(1278) ശ്രീ. എം വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളത്തെ സൈലന്റ് വാലി ഹൗസ് റിസോർട്ട് വിനോദ സഞ്ചാരികൾക്കായി തുറന്നുനൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ആയത് എന്നത്തേയ്ക്ക് തുറന്നുനൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

കോവളം സൈലന്റ് വാലി പാർക്ക് പ്രവർത്തിപ്പിക്കാൻ ടെണ്ടർ വിളിക്കുകയും അതിന്റെ ഭാഗമായി ടൂറിസം ഹോസ്പിറ്റാലിറ്റി മേഖലയിലുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള ടെണ്ടർ ഇവാല്യുവേഷൻ ചെയ്യാൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി യോഗം കൂടി ടെണ്ടർ നടപടി പൂർത്തീകരിക്കുന്നതാണ്.

## ടൂറിസം മേഖലയിൽ ഗ്രീൻ പ്രോട്ടോക്കോൾ

120(1279) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് "ക്ലീൻ ഡെസ്റ്റിനേഷൻ " എന്ന പദ്ധതി വഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇതിനുപുറമെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ചും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ് (Material Collection Facility) -ൽ എത്തിച്ചുനൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ

ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലെയും മാലിന്യ നിർമ്മാർജ്ജനം M/s Exclean Pvt. Ltd. എന്ന സ്ഥാപനം വഴി ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നടപ്പാക്കിവരുന്നുണ്ട്.

ടൂറിസം മേഖല മാലിന്യ വിമുക്തമാക്കുന്നതിനും ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫിക്കേഷനിലേക്ക് കൊണ്ടുവരുന്നതിനുമായുള്ള പ്രവർത്തനങ്ങൾ പടിപടിയായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി അക്കോമഡേഷൻ യൂണിറ്റുകളിലെ 19 മുതൽ 21 വരെ ഇനം സിംഗിൾ യൂസ് പ്ലാസ്റ്റിക് ഒഴിവാക്കിക്കൊണ്ടുള്ള പ്ലാസ്റ്റിക് ഫ്രീ ഡിക്ലറേഷൻ കാമ്പയിൻ നടത്തിയിട്ടുണ്ട്. പാരിസ്ഥിതിക ഉത്തരവാദിത്വത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ ആരംഭിച്ചുകഴിഞ്ഞു. യു.എൻ.ഡി.പി, ഹരിത കേരള മിഷൻ എന്നിവയുമായി ചേർന്ന് മൂന്നാർ കേന്ദ്രീകരിച്ചുള്ള മൗണ്ടൻ ടൂറിസം കേന്ദ്രങ്ങൾക്കുള്ള ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ തയ്യാറാക്കിയിട്ടുണ്ട്, ഉടൻതന്നെ അത് പ്രസിദ്ധപ്പെടുത്തുന്നതാണ്. ഓരോതരം ടൂറിസം കേന്ദ്രങ്ങൾക്കുമായുള്ള

പ്രത്യേക ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനുള്ള നടപടികളും ഉത്തരവാദിത്ത ടൂറിസം മിഷൻ സ്വീകരിച്ചുവരുന്നു.

**ബേക്കൽ കൾച്ചർ സെന്റർ**

121(1280) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ബേക്കൽ കൾച്ചർ സെന്റർ എത്ര കോടി രൂപ ചെലവിലാണ് പണികഴിപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ബേക്കൽ കൾച്ചറൽ സെന്റർ 4.25 കോടി രൂപ ചെലവിലാണ് പണികഴിപ്പിച്ചിട്ടുള്ളത്.

(ബി) ഇതിന്റെ പണി പൂർത്തിയായിട്ടെത്ര വർഷമായെന്ന് അറിയിക്കാമോ?

1. ഇതിന്റെ പണി പൂർത്തിയായിട്ട് 4 വർഷമായിട്ടുണ്ട്.

(സി) ഈ സ്ഥാപനത്തിലൂടെ നാളിതുവരെ ബി.ആർ.ഡി.സി.-ക്ക് എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഈ സ്ഥാപനത്തിലൂടെ നാളിതുവരെ ബി.ആർ.ഡി.സി.-ക്ക് 2,04,600/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. കൊറോണ മഹാമാരിയെ തുടർന്ന് ഈ കെട്ടിടം അടച്ചിട്ടിരുന്നു. ഇപ്പോൾ പുതിയ ടെണ്ടർ ക്ഷണിച്ച് പ്രതിമാസം 47,000/- രൂപ നിരക്കിൽ പാട്ടത്തിന് നൽകിയിട്ടുണ്ട്.

**നെല്ലിയാമ്പതി ടൂറിസം പദ്ധതി**

122(1281) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഒരു വർഷം പിന്നിട്ടിട്ടും പ്രവൃത്തികൾ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ?

നെല്ലിയാമ്പതി ടൂറിസം പദ്ധതിപ്രദേശം നെല്ലിയാമ്പതി റിസർവിൽപ്പെട്ട ഡിസ്റിസർവ് ചെയ്യപ്പെടാത്ത ഭൂമിയായതിനാൽ

നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് സാധനസാമഗ്രികൾ കൊണ്ടുപോകുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടില്ല.

(ബി) പദ്ധതിയുടെ തടസ്സങ്ങൾ നീക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

പദ്ധതി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന്റെ ഭാഗമായി, ടൂറിസം അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം 16/02/2022-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിലും ബഹുമാനപ്പെട്ട നെന്മാറ എം.എൽ.എ.-യുടെ സാന്നിധ്യത്തിലും ഫോറസ്റ്റ്-പഞ്ചായത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥരുൾപ്പെടെ പങ്കെടുത്ത ഒരു യോഗം നെല്ലിയാമ്പതിയിൽ നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ അനുമതിക്കായുള്ള നടപടി സർക്കാർ തലത്തിൽ നടന്നുവരുന്നു.

**വർക്കലയിൽ സഞ്ചാരികൾക്ക് വിനോദയാത്ര ബോട്ടുകൾ**

123(1282) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല കാപ്പിൽ ടൂറിസം പ്രദേശത്ത് സഞ്ചാരികൾക്ക് വിനോദയാത്ര നടത്തുന്നതിനാവശ്യമായ ബോട്ടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ?

കാപ്പിൽ ടൂറിസം പ്രദേശത്തേക്ക് പുതുതായി ഒരു 5 സീറ്റർ സ്പീഡ് ബോട്ടും മൂന്ന് 4 സീറ്റർ കാറ്റാമരൻ പെഡൽ ബോട്ടും വാങ്ങുന്നതിനായി 33,39,100/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ സ്ഥാപനമായ M/s. KSINC (Kerala Shipping and Inland Navigation Corporation Ltd)-ക്കാണ് ഇതിന്റെ നിർമ്മാണച്ചുമതല. പദ്ധതി ഉടൻതന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**വർക്കല പാപനാശം ക്ലിഫ് സംരക്ഷണം**

124(1283) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല പാപനാശം ക്ലിഫ് സംരക്ഷിക്കുന്നതിനായി ശാസ്ത്രീയ പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) വർക്കല പാപനാശം ക്ലിഫ് സംരക്ഷിക്കുന്നതിനായി ശാസ്ത്രീയ പഠനം നടത്താൻ ടൂറിസം വകുപ്പ് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പരിശോധിക്കാവുന്നതാണ്.

**മലനാട് - മലബാർ റിവർ ക്രൂയിസ് പദ്ധതി**

125(1284) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി ചുവടെ ചേർക്കും പ്രകാരമാണ്.

1. താവം ബോട്ട് ജെട്ടി

84% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

2. മാട്ടൂൽ സൗത്ത് ബോട്ട് ജെട്ടി

85% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

3. മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി

78% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

4. വാടിക്കൽ ബോട്ട് ജെട്ടി

78% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

5. ചെറുകുന്ന് ബോട്ട് ജെട്ടി

95% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

6. മുട്ടിൽ ബോട്ട് ജെട്ടി

50% വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

7. <u>പട്ടുവം (മംഗലശ്ശേരി) ബോട്ട് ടെർമിനൽ</u>

നിർമാണ പ്രവർത്തി 97% പൂർത്തീകരിച്ചു.

8 <u>മുത്തുകുട ബോട്ട് ജെട്ടി</u>

84% പൂർത്തീകരിച്ചു.

9. <u>തെക്കുമ്പാട് ബോട്ട് ടെർമിനൽ</u>

83% പൂർത്തീകരിച്ചു.

4. <u>മടക്കര ബോട്ട് ജെട്ടി</u>

62% പൂർത്തീകരിച്ചു.

(ബി) ഇതിൽ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയ പ്രവൃത്തികൾ ഏതൊക്കെയാണ്; പ്രവൃത്തികൾക്ക് സി.ആർ.ഇസഡ് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മേൽപ്പറഞ്ഞ പദ്ധതിപ്രദേശങ്ങളിലായി ബോട്ട് റേസ് ഗാലറി, ഏറുമാടം, ബയോ ടോയ്‌ലറ്റ്, പേവിംഗ് സ്റ്റോൺ, റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ്, ഓപ്പൺ എയർ തിയേറ്റർ, മഡ് വാൾ മ്യൂസിയം, കരകൗശല കിയോസ്ക്, ആംഗ്ലിംഗ് യാർഡ്, സൈക്കിൾ റൈഡിംഗ് ട്രാക്ക്, റെയിൽ വാട്ടർ ടാങ്ക്, പ്ലാസ്റ്റിക് കളക്ഷൻ യൂണിറ്റ് എന്നിവയാണ് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയ പ്രവൃത്തികൾ. മേൽപ്പറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തിന്റെ സി. ആർ.ഇസഡ് ഭൂപടവും റിപ്പോർട്ടും ഭാഗികമായി NCSCM (National Centre for Sustainable Coastal Management)-ൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കികൂടി ലഭ്യമാക്കി CRZ അനുമതി നേടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## വലിയഴീക്കലിൽ പ്രത്യേക ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി

126(1285) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽപാലം കേന്ദ്രീകരിച്ച് പ്രത്യേക ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ പാലം കേന്ദ്രീകരിച്ച് വിനോദ സഞ്ചാര പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ഹരിപ്പാട് എം. എൽ. എ. നൽകിയ 9.08.2021-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ ഓഫീസർ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കിയാൽ ഈ മേഖലയിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കാനാകുമെന്നും അതിനായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത ഉറപ്പുവരുത്തി വിശദ പദ്ധതിരേഖ തയ്യാറാക്കണമെന്നുമുള്ള ജില്ലാ ഓഫീസറുടെ ശിപാർശ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

(ബി) ഇതിനായി ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

പദ്ധതിക്കായി ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. എന്നാൽ അഴീക്കൽ, വലിയഴീക്കൽ മേഖലയിലെ വിനോദ സഞ്ചാര സാധ്യതകളെക്കുറിച്ച് ഹാർബർ എൻജിനീയറിംഗ് വകുപ്പ് സമർപ്പിച്ച റിപ്പോർട്ട് ടൂറിസം വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരികയാണ്.

(സി) വലിയഴീക്കൽ ബീച്ച് സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വൻ വർദ്ധനവ് വന്നിട്ടുള്ള സാഹചര്യത്തിൽ ഇവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കാമോ?

വലിയഴീക്കൽ ബീച്ച് സന്ദർശിക്കുന്ന സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സാഹചര്യത്തിൽ സഞ്ചാരികൾക്കായുള്ള അടിസ്ഥാന

സൗകര്യങ്ങളൊരുക്കുന്നതിനുള്ള ശിപാർശകൾ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്.

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം**

127(1286) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ ടൂറിസത്തിന്റെ പ്രധാന്യം തിരിച്ചറിയാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ

ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെതന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതിത്തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 08.06.2022-ന് നടന്നു. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പദ്ധതി റിപ്പോർട്ട്, ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്‌ലോഡ് ചെയ്യുകയാണ് വേണ്ടത്. ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതുവരെ ഈ പദ്ധതിപ്രകാരം 17 പദ്ധതികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയത് പരിശോധിച്ചുവരുന്നു.

(സി) ഇതിലേയ്ക്കായി തിരുവമ്പാടി മണ്ഡലത്തിൽനിന്ന് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ വ്യക്തമാക്കുമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവമ്പാടി മണ്ഡലത്തിൽനിന്ന് പദ്ധതികളൊന്നുംതന്നെ ഇതുവരെ പദ്ധതിയുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

## ഹെലികോപ്റ്റർ ടൂറിസം പദ്ധതി

128(1287) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെലികോപ്റ്റർ ടൂറിസം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏത് ടൂർ ഓപ്പറേറ്റിംഗ് കമ്പനിയുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നറിയിക്കുമോ;

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാരും കമ്പനിയുമായി ധാരണയിലെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

(എ-സി) പദ്ധതി നടപ്പാക്കുന്നത് പരിശോധിച്ചുവരുന്നു.

## കഠിനംകുളം-പെരുമാതുറ-പൊന്നാംതുരുത്ത് പുത്തൻകടവ് ടൂറിസം സർക്യൂട്ട് നടപ്പിലാക്കൽ

129(1288) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഠിനംകുളം-പെരുമാതുറ-പൊന്നാംതുരുത്ത് പുത്തൻകടവ് ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ കായൽ വിനോദസഞ്ചാര സാദ്ധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി കോവളം-കഠിനംകുളം-അഞ്ചുതെങ്ങ് മുതലായ ഇടങ്ങളിലുള്ള കായൽ ഇടനാഴി പദ്ധതിക്കായി 19.10.2020-ലെ സ.ഉ.(സാധാ)നം.344/2020/ടൂറിസം പ്രകാരം 8.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതിയിൽ അടിസ്ഥാന

സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി പുത്തൻകടവ് ബോട്ട്ജെട്ടി നിർമ്മാണം ഒരു ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

130(1289) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ ഇതുവരെ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിൽ ഡെവലപ്മെന്റ് ഓഫ് ഏനാമാവ് നെഹ്റു പാർക്ക് എന്ന പദ്ധതിയാണ് 2016-നുശേഷം വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയിട്ടുള്ളത്.

(ബി) 2022-23-ലെ ബഡ്ജറ്റിൽ പത്ത് കോടി രൂപയുടെ ഇരുപത് ശതമാനം തുക വകയിരുത്തി അനുവദിച്ചിട്ടുള്ള വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽനിന്ന് നിരാക്ഷേപപത്രം ലഭിക്കുന്നമുറയ്ക്ക് വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിയുടെ വിശദ പദ്ധതിരേഖ തയ്യാറാക്കാവുന്നതാണ്.

(സി) മുല്ലശ്ശേരി കനാലിൽ പതിയാർകുളങ്ങര പാലം മുതൽ ഇടിയഞ്ചിറ പാലം വരെ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല. എങ്കിലും സാധ്യതാ പഠനം നടത്തിയും സ്ഥലലഭ്യതയ്ക്കനുസൃതമായും ഈ പദ്ധതിയുടെ തുടർനടപടിയെപ്പറ്റി ആലോചിക്കാവുന്നതാണ്.

## വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതി

131(1290) <u>ശ്രീ. എം. എസ്. അരുൺകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) മാവേലിക്കര വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിക്ക് ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ബഹുമാനപ്പെട്ട മാവേലിക്കര എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ 03.09.2021-ൽ വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരും ആർക്കിടെക്റ്റും നിർദ്ദിഷ്ട പദ്ധതിപ്രദേശം സന്ദർശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വള്ളിക്കുന്നം ചിറ ഉൾപ്പെടുന്ന ഭൂമിയുടെ അതിർത്തി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പദ്ധതി രൂപരേഖ തയ്യാറാക്കാനായിട്ടില്ല. അതിനാൽ ഭൂമിയുടെ അതിരുകൾ നിർണയിച്ച് സ്കെച്ച് ലഭ്യമാക്കാൻ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ വിനിയോഗാനുമതി ആവശ്യപ്പെട്ടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ആലപ്പുഴ ജില്ലാ ഓഫീസർ കത്ത് നൽകിയിട്ടുമുണ്ട്.

**വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടി**

132(1291) ഡോ. കെ. ടി. ജലീൽ:
ശ്രീമതി ദെലീമ:
ശ്രീ. എ. പ്രഭാകരൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ രാജ്യത്തിനകത്തും പുറത്തും നടത്തിയ പ്രചാരണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; തത്ഫലമായി വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഈ വർഷം ആദ്യ പാദത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി രാജ്യത്തിനകത്തും പുറത്തും ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന മാർക്കറ്റിംഗ് കാമ്പയിനുകളാണ് നടപ്പാക്കിയത്.

**രാജ്യത്തിനകത്ത് നടത്തിയ കാമ്പയിനുകൾ**

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് കാമ്പയിൻ
- കേരള ഡ്രൈവ് ഹോളിഡേ
- ലോംഗ് സ്റ്റേയ്സ് ഇൻ കേരള
- ഹോംസ്റ്റേ പ്രൊമോഷൻസ്
- ഹണിമൂൺ ഹോളിഡേയ്സ്
- കാരവൻ കേരള : കാരവൻ ടൂറിസം പ്രൊമോഷൻ
- ചേഞ്ച് ഓഫ് എയർ കാമ്പയിൻ
- നാഷണൽ പാർട്ണർഷിപ്പ് മീറ്റുകൾ
- സോഷ്യൽ മീഡിയ കാമ്പയിനുകൾ
- ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം
- ദേശീയ B2B മീറ്റുകൾ

**രാജ്യത്തിന് പുറത്ത് നടത്തിയ കാമ്പയിനുകൾ**

- WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ അന്തർദേശീയ ടൂറിസം ഫെയറുകളിലെ പ്രാതിനിധ്യം
- മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ, തുടങ്ങിയ റോഡ് ഷോകൾ
- ഇന്റർനാഷണൽ റീ-ഓപ്പണിംഗ് കാമ്പയിൻ

- ഇന്റർനാഷണൽ സോഷ്യൽ മീഡിയ കാമ്പയിൻ

കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളും കോവിഡും ടൂറിസം മേഖലയെ ഗുരുതരമായിട്ടാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി പ്രയാസങ്ങളെ അതിജീവിച്ച് കേരള ടൂറിസത്തെ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു. ഈ വർഷത്തെ ആദ്യ മൂന്നുമാസത്തെ സ്ഥിതിവിവര കണക്കുപ്രകാരം 72.48% വളർച്ചയാണ് ആഭ്യന്തര സഞ്ചാരികളുടെ കാര്യത്തിലുണ്ടായത്. 38 ലക്ഷം ആഭ്യന്തര സഞ്ചാരികളെ ഇക്കാലയളവിൽ ആകർഷിക്കാൻ കഴിഞ്ഞു. എറണാകുളം ജില്ലയാണ് വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഒന്നാമത്. മുൻവർഷത്തെ അപേക്ഷിച്ച് 16 ലക്ഷം സഞ്ചാരികളാണ് ഈ വർഷം ആദ്യപാദത്തിൽ വർദ്ധിച്ചത്. വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷം ആദ്യ പാദത്തെ അപേക്ഷിച്ച് 200.55% വർദ്ധനയാണുള്ളത്. 43547 വിദേശ വിനോദസഞ്ചാരികളാണ് ഇക്കാലയളവിൽ സംസ്ഥാനത്ത് എത്തിയത്. കഴിഞ്ഞ കാലങ്ങളിൽ അനുഭവപ്പെട്ട പ്രയാസങ്ങളെ മറികടന്ന് നേട്ടങ്ങളുടേതാകും ഈ വർഷമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ

ഏതാനും മാസങ്ങളായി നടത്തിവരുന്ന 360 ഡിഗ്രി പ്രചാരണത്തിന്റെ പ്രതിഫലനമാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നാണ് കരുതുന്നത്.

(ബി) 2022-നെ കേരള വിനോദ സഞ്ചാര വർഷമാക്കുകയെന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സഞ്ചാരികളെ വർഷത്തിലുടനീളം സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ കഴിയുംവിധം വൈവിധ്യമാർന്ന പദ്ധതികൾ അവതരിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(ബി&സി) കോവിഡിനുശേഷം വിനോദസഞ്ചാര മേഖല സജീവമായി വരികയാണ്. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽ തന്നെ മുൻവർഷത്തേക്കാൾ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022, കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് മുന്നിൽക്കണ്ടുകൊണ്ടുതന്നെ നിരവധി മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് സർക്കാർ രൂപം നൽകുന്നത്. കേരളത്തെ ഒരു

വെഡ്ഡിംഗ് ഡെസ്റ്റിനേഷനാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രോഡക്ട് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവ്വീസ്, ബേപ്പൂർ റിവർ ഫെസ്റ്റ്, ചാലിയാർ റിവർ ഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ് പോലെയുള്ള പദ്ധതി, ഇവയൊക്കെ ടൂറിസം മേഖലയിൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്.

**വിനോദ സഞ്ചാര വികസന പദ്ധതികൾ**

133(1292) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിനായി ഏതെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

**കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച പദ്ധതികൾ:**

<u>പ്രസാദ് സ്കീം</u>

1. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, മലയാറ്റൂർ അണ്ടർ പ്രസാദ് സ്കീം പദ്ധതിക്കായി 29.91 കോടി രൂപയുടെ വിശദ പദ്ധതിരേഖ (ഡി.പി.ആർ.) 20.02.2021ൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്രത്തിൽ നിന്നുള്ള ഉദ്യോഗസ്ഥർ 27.04.2022-ൽ സ്ഥലം സന്ദർശിച്ച് ചില മാറ്റങ്ങളോടെ പരിഷ്കരിച്ച ഡി.പി.ആർ. നൽകാൻ നിർദേശിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ പരിഷ്കരിച്ച ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടി പുരോഗതിയിലാണ്.

2. ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ ഇൻ കേരള പദ്ധതിക്കായി 4.29 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഡി.പി.ആർ. 19.07.2021-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു; കേന്ദ്രത്തിൽ നിന്നുള്ള ഉദ്യോഗസ്ഥർ 26.04.2022-ൽ സ്ഥലം സന്ദർശിച്ച് ചില മാറ്റങ്ങളോടെ പരിഷ്കരിച്ച ഡി.പി.ആർ. നൽകാൻ നിർദേശിച്ചിരുന്നു. ഇപ്രകാരം നവീകരിച്ച ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടി പുരോഗമിക്കുന്നുണ്ട്.

3. ഡെവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എണാകുളം ഡിസ്ട്രിക്ട് എന്ന പദ്ധതിക്കായി ഏഴ് കോടി രൂപ ചെലവ് കണക്കാക്കുന്ന ഡി.പി.ആർ. തയാറാക്കി 20.02.2021-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സ്വദേശ് ദർശൻ സ്കീം:

ടൂറിസം ഡെവലപ്മെന്റ് അറ്റ് മലങ്കര ഡാം സറൗണ്ടിംഗ്സ് & ഇടുക്കി ഡാം സറൗണ്ടിംഗ്സ് എന്ന പദ്ധതിക്കായി ഡി.പി.ആർ. 14.06.2021-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

(ബി) ഇപ്രകാരം അംഗീകാരം ലഭിച്ച എത്ര പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാകുമെന്ന് വിശദമാക്കാമോ?

മേൽ പരാമർശിച്ച പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

(സി) നടപ്പുവർഷം വിനോദസഞ്ചാര വികസനത്തിനായി എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതുമൂലം വിനോദസഞ്ചാരികളുടെ എണ്ണത്തിലും വരുമാനത്തിലും വർദ്ധനവ് നേടാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

നിലവിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കാനും ‘ ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന നൂതന സംരംഭത്തിലൂടെ പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കാനും വകുപ്പ് ലക്ഷ്യമിടുന്നുണ്ട്. കൂടാതെ ടൂറിസം വിപണനവുമായി ബന്ധപ്പെട്ട് ദേശീയ, അന്തർദേശീയ തലങ്ങളിൽ ചുവടെ ചേർക്കുന്ന കാമ്പയിനുകളും നടത്താൻ പദ്ധതിയുണ്ട്:

രാജ്യത്തിനകത്ത് നടത്തിയ കാമ്പയിനുകൾ

സോഷ്യൽ മീഡിയ റീ അഷ്വറൻസ് കാമ്പയിൻ

കേരളാ ഡ്രൈവ് ഹോളിഡേ

ലോംഗ് സ്റ്റേയ്സ് ഇൻ കേരള

ഹോംസ്റ്റേ പ്രൊമോഷൻസ്

ഹണിമൂൺ ഹോളിഡേയ്സ്

കാരവൻ കേരള: കാരവൻ ടൂറിസം പ്രൊമോഷൻ

ചേഞ്ച് ഓഫ് എയർ കാമ്പയിൻ

നാഷണൽ പാർട്ട്ണർഷിപ്പ് മീറ്റ്

സോഷ്യൽ മീഡിയ കാമ്പയിൻ

ദേശീയ/ഫെയറുകളിലെ പ്രാതിനിധ്യം

ദേശീയ B2B മീറ്റ്

രാജ്യത്തിനു പുറത്ത് നടത്തിയ കാമ്പയിനുകൾ

WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ രാജ്യാന്തര ടൂറിസം ഫെയറുകളിൽ പ്രാതിനിധ്യം

മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ തുടങ്ങിയ റോഡ് ഷോകൾ

ഇന്റർനാഷണൽ റീ ഓപ്പണിംഗ് കാമ്പയിൻ

ഇന്റർനാഷണൽ സോഷ്യൽ മീഡിയ കാമ്പയിൻ

ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്താൻ QR കോഡ് സംവിധാനവും ഏർപ്പെടുത്തി.

വിനോദസഞ്ചാരികൾക്ക് ആശയവിനിമയം നടത്താൻ മായ വാട്സ്ആപ് ചാറ്റ് ബോട്ടിനും രൂപം നൽകിയിട്ടുണ്ട്.

ഇതിനുപുറമെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ കേരള അഗ്രി ടൂറിസം നെറ്റ്വർക്ക്, സ്ട്രീറ്റ് പദ്ധതി, എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. മേൽ കാമ്പയിനുകളിലൂടെ വിനോദ സഞ്ചാരികളുടെ എണ്ണത്തിലും വരുമാനത്തിലും വർധന കൈവരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പൊന്നാനി നിള സംഗ്രഹാലയം പദ്ധതി

134(1293) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയുടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ നിളയോര പാതയിൽ സ്ഥിതി ചെയ്യുന്ന നിള സംഗ്രഹാലയം പ്രോജക്റ്റ് പൂർത്തീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പൊന്നാനിയുടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ നിളയോര പാതയിൽ ചമ്രവട്ടം നിള ഹെറിറ്റേജ് മ്യൂസിയം എന്ന ടൂറിസം പദ്ധതിയാണ്

നിലവിലുള്ളത്. ടി പദ്ധതിയിൽ ഇനിയും 10 ഘടകങ്ങൾക്ക്/പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കാനുണ്ട്. ഈ പദ്ധതിയുടെ 40% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി ഉടൻ നടപടി സ്വീകരിക്കാനും അതോടൊപ്പം പദ്ധതിയുടെ പൂർത്തീകരണത്തിനായി ഇനിയും കൂടുതലായുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും പദ്ധതി നിർവ്വഹണ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഈ പദ്ധതിയുടെ ലാൻഡ് സ്കേപ്പിംഗ് ഉൾപ്പെട്ട പ്രവൃത്തികൾക്കായുള്ള സ്ഥലത്തിന് നിരാക്ഷേപപത്രവും ഉപയോഗാനുമതിയും ലഭ്യമാക്കുന്നതിനായി ചമ്രവട്ടം ഇറിഗേഷൻ പ്രോജക്ട് ഡിവിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവ ലഭ്യമായാൽ മാത്രമേ പദ്ധതിയുടെ മേൽ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി) വിനോദസഞ്ചാര വകുപ്പ് പദ്ധതി തയ്യാറാക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുള്ള നിളയോര പാത സൗന്ദര്യവത്കരണ പദ്ധതി പൂർത്തീകരണത്തിന് നടപടികൾ സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## ടൂറിസം രംഗത്തെ ഉത്തേജിപ്പിക്കാൻ നടപടികൾ

135(1294) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര കേരളത്തിന്റെ വളർച്ചയ്ക്ക് മുഖ്യ പങ്കുവഹിക്കുന്ന ടൂറിസം രംഗത്തെ ഉത്തേജിപ്പിക്കാൻ എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡിനുശേഷം കേരളത്തിലെ വിനോദസഞ്ചാര മേഖല സജീവമായി വരികയാണ്. വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽതന്നെ മുൻവർഷത്തേക്കാൾ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാണെന്നാണ് കരുതുന്നത്. ഇത് മുന്നിൽ കണ്ടുകൊണ്ടുതന്നെ നിരവധി മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് ടൂറിസം വകുപ്പ് രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷനാക്കുകയെന്ന

ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രോജക്ട് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, ബേപ്പൂർ റിവർ ഫെസ്റ്റ്, ചാലിയാർ റിവർ ഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ്, പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഉത്സവ പരിപാടി ഇവയൊക്കെ ഈ വർഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്.

(ബി) ഫാം ടൂറിസം, കായൽ ടൂറിസം, മെഡിക്കൽ ടൂറിസം, തീർത്ഥാടന ടൂറിസം തുടങ്ങി എല്ലാ മേഖലകളിലേയ്ക്കും ടൂറിസ്റ്റുകളെ ആകർഷിക്കാൻ വിപുലമായ ഒരുക്കങ്ങൾ നടത്താൻ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം ആകർഷണങ്ങളായി ഫാം ടൂറിസം, കായൽ ടൂറിസം, മെഡിക്കൽ ടൂറിസം, തീർത്ഥാടന ടൂറിസം എന്നിവ മാറിയിട്ടുണ്ട്. കേരള ടൂറിസത്തിന് പ്രാതിനിധ്യം ലഭിക്കുന്ന എല്ലാ ദേശീയ അന്തർദ്ദേശീയ ടൂറിസം ഫെയറുകളിലും ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ ആയുർവേദം പ്രചരിപ്പിച്ചുവരുന്നു. കൂടാതെ ടൂറിസം വകുപ്പിന്റെ

ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവയും ആയുർവേദത്തിന്റെ പ്രചരണത്തിന് ഉപയോഗിക്കുന്നുണ്ട്. ഫാം ടൂറിസം, കായൽ ടൂറിസം, തീർത്ഥാടന ടൂറിസം എന്നിവയുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ പരിഗണനയിലുണ്ട്.

(സി) ടൂറിസത്തിന്റെ സാധ്യതകൾ കണക്കിലെടുത്ത് അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപകരെ ആകർഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; ഇവർക്ക് സിംഗിൾ വിൻഡോ ക്ലിയറൻസ് നൽകുന്നതിന് നടപടിയുണ്ടാകുമോ; വ്യക്തമാക്കാമോ?

ടൂറിസം അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപക സാധ്യത ബോദ്ധ്യപ്പെടുത്താൻ ടൂറിസം വകുപ്പ് പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെയും മറ്റും നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ തങ്ങളുടെ ബിസിനസ് വർദ്ധിപ്പിക്കാനാവശ്യമായ മാർക്കറ്റിംഗ് കാമ്പയിന്റെ ഭാഗമായും സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തുന്നു.

**മാവേലിക്കര ടൂറിസം സർക്യൂട്ട്**

136(1295) ശ്രീ. എം. എസ്. അരുൺകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

മാവേലിക്കരയിലെ വിവിധ പ്രദേശങ്ങളുൾപ്പെടുത്തി ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മാവേലിക്കര എം. എൽ. എ. നൽകിയ നിവേദനം വിശദ റിപ്പോർട്ടിനായി ജില്ലാ ഓഫിസർക്ക് നൽകിയിരുന്നു.

അടിസ്ഥാന സൗകര്യമൊരുക്കിയാൽ ഈ മേഖലയിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കാനാകുമെന്നും അതിനായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത ഉറപ്പാക്കി വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാവുന്നതാണെന്നുമാണ് ജില്ലാ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ബഹുമാനപ്പെട്ട എം.എൽ.എ.-യുമായും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ചർച്ച നടത്തി പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാണോ എന്നതിനെക്കുറിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**വിഴിഞ്ഞം കരിക്കത്തികുഴി ബീച്ച് റോഡ് പുനർനിർമ്മാണം**

137(1296) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനടുത്തായി മുല്ലൂർ വാർഡിൽ കരിക്കത്തികുഴി ബീച്ച് റോഡ് തകർന്നത് പുനർനിർമ്മിക്കേണ്ടത് വിനോദസഞ്ചാര വികസനത്തിന് അത്യാവശ്യമായതിനാൽ ടൂറിസം വകുപ്പിൽനിന്നും തുക ചെലവഴിച്ച് റോഡ് പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് 6.7.2021-ന് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ; ഇതിനായി തുക അനുവദിക്കുമോയെന്ന് അറിയിക്കുമോ?

കരിക്കത്തികുഴി ബീച്ച് റോഡ് തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ വരുന്നതാണ്. ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് റോഡിന്റെ വികസനത്തിനും പുനർനിർമ്മാണത്തിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറിക്ക് ടൂറിസം വകുപ്പിൽ നിന്നും 11.05.2022- ൽ കത്ത് നൽകിയിട്ടുണ്ട്.

**വയനാട്ടിലെ ക്ഷേത്രങ്ങളിൽ ടൂറിസം പദ്ധതികൾ**

138(1297) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ദേവസ്വം വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ ടൂറിസം വകുപ്പിന്റെ പദ്ധതികൾ നടപ്പാക്കുന്നുണ്ടോ?

വയനാട് ജില്ലയിലെ ദേവസ്വം വകുപ്പിന് കീഴിലുള്ള വള്ളിയൂർക്കാവ്, തിരുനെല്ലി എന്നീ ക്ഷേത്രങ്ങളിൽ ടൂറിസം വകുപ്പ് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) എങ്കിൽ ഏതെല്ലാം ക്ഷേത്രങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ നടക്കുന്നുവെന്നും എത്ര തുക വീതമാണ് ഓരോ പദ്ധതിക്കും നീക്കി വച്ചിരിക്കുന്നതെന്നും തുക അനുവദിച്ച ഏജൻസികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

1. <u>വള്ളിയൂർക്കാവ് ക്ഷേത്രം</u>

ഭരണാനുമതി തുക - 4,87,55,960/- രൂപ

നിർവ്വഹണ ഏജൻസി - M/s KEL Ltd.

<u>പ്രവൃത്തികൾ</u>

ഷോപ്പ് ക്ലസ്റ്റർ, ടോയ്‌ലറ്റ് ബ്ലോക്ക്, ലാന്റ് സ്കേപ്പിംഗ് & എക്സ്റ്റേണൽ വർക്ക്, ഇലക്ട്രിഫിക്കേഷൻ വർക്ക് തുടങ്ങിയവ.

2. <u>തിരുനെല്ലി ക്ഷേത്രം</u>

ഭരണാനുമതി തുക - 3,80,00,000/- രൂപ

നിർവ്വഹണ ഏജൻസി - M/s ULCCS Ltd.

<u>പ്രവൃത്തികൾ</u>

പാപനാശിനിയിലേയ്ക്കുള്ള നടപ്പാത, പാപനാശിനിയിലെ കുളം നവീകരണം, ലൈറ്റിംഗ്, ഡ്രസ്സ് ചെയ്ഞ്ചിംഗ് റൂം, ബാത്ത്റൂം & ടോയ്‌ലറ്റ്, റീട്ടെയ്നിംഗ് വാൾ നിർമ്മാണം തുടങ്ങിയവ.

## വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടി

139(1298) ശ്രീ. കെ. യു. ജനീഷ്‌കുമാർ:
ശ്രീ. എം. വിജിൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗവും അതിജീവിച്ച് സംസ്ഥാനം ടൂറിസം രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഈ പ്രവർത്തനങ്ങൾ ടൂറിസം മേഖലയ്ക്ക് പുത്തനുണർവ് നൽകിയതായി വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്. സർക്കാർ അധികാരത്തിൽ വരുമ്പോൾ കോവിഡിനെ തുടർന്ന് പ്രതിസന്ധിയിലായിരുന്ന വിനോദ സഞ്ചാര മേഖല.

വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ അതിനെ അതിജീവിക്കാനും ടൂറിസത്തിന് കുതിപ്പ് നൽകാനും സർക്കാരിന് കഴിഞ്ഞു.

(ബി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പുതിയ സാഹചര്യം ലോകത്തിന് പരിചയപ്പെടുത്തുന്നതിനായി നടത്തിയ കേരള ട്രാവൽ മാർട്ട് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

അവലോകനം നടത്തിയിട്ടുണ്ട്. കോവിഡിനെ തുടർന്ന് വളരെയേറെ പ്രയാസമനുഭവിച്ച കേരളത്തിലെ ടൂറിസം മേഖല സഞ്ചാരികളെ വരവേൽക്കാൻ സജ്ജമാണെന്നുള്ള സന്ദേശം ആഗോളവ്യാപകമായി എത്തിക്കുന്നതിൽ വലിയ പങ്കാണ് കേരള ട്രാവൽ മാർട്ട് വഹിച്ചത്. കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് KTM സംഘടിപ്പിച്ചത്. 234 വിദേശ ബയർമാരും 897 ആഭ്യന്തര ബയർമാരും ഉൾപ്പെടെ 1200-ഓളം ബയർമാർ കേരള ട്രാവൽ മാർട്ടിൽ പങ്കെടുത്തു. 55,000 വാണിജ്യ കൂടിക്കാഴ്ചകൾ കേരള ട്രാവൽ മാർട്ടിൽ നടക്കുകയുണ്ടായി. രാജ്യത്തെ 25 സംസ്ഥാനങ്ങളിൽനിന്നും 59

വിദേശ രാജ്യങ്ങളിൽനിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു. 2018-ൽ നടന്ന കേരള ട്രാവൽ മാർട്ടിനേക്കാൾ കൂടുതൽ കൂടിക്കാഴ്ചകൾ ഈ വർഷത്തെ ട്രാവൽ മാർട്ടിൽ നടക്കുകയുണ്ടായി. കോവിഡാനന്തര കാലമായതിനാൽ അടുത്ത രണ്ട് വർഷത്തേയ്ക്ക് ആഭ്യന്തര സഞ്ചാരികളെ മുൻനിർത്തിയുള്ള വിപണനതന്ത്രങ്ങളാണ് കേരള ട്രാവൽ മാർട്ടിൽ മുഖ്യമായും അവതരിപ്പിച്ചത്. പൂർണ്ണമായും സുരക്ഷിതവും സജ്ജവുമാണ് കേരളത്തിലെ ടൂറിസം എന്ന് ലോക ടൂറിസം മേഖലയെ ബോദ്ധ്യപ്പെടുത്തുന്നതിന് ഈ വർഷത്തെ ട്രാവൽ മാർട്ടിന് മുഖ്യ പങ്കുവഹിക്കാൻ കഴിഞ്ഞു.

(സി) പരമാവധി വിനോദ സഞ്ചാരികളെ സംസ്ഥാനത്തെത്തിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; ആരോഗ്യ ടൂറിസം രംഗത്ത് ഇക്കാലയളവിൽ നേടാനായ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ?

സർക്കാർ കഴിഞ്ഞ ഒരു വർഷത്തിനിടെ ടൂറിസം മേഖലയിൽ നടപ്പാക്കിയ നിരവധിയായ പ്രവർത്തനങ്ങളാണ് കോവിഡിന്റെ മൂന്നാം തരംഗത്തിനുശേഷം സഞ്ചാരികളുടെ വരവ് വർദ്ധിക്കുന്നതിന്

കാരണമായിട്ടുള്ളത്. കേരളത്തിലെ ടൂറിസം മേഖലയ്ക്ക് കുതിപ്പുണ്ടാക്കാനുതകുന്ന മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് ടൂറിസം വകുപ്പ് രൂപം നൽകിവരുന്നത്.

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി രാജ്യത്തിനകത്തും പുറത്തും ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിയത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന മാർക്കറ്റിംഗ് കാമ്പയിനുകളാണ് നടപ്പാക്കിയത്.

**രാജ്യത്തിനകത്ത് നടത്തിയ കാമ്പയിനുകൾ**

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് കാമ്പയിൻ
- കേരളാ ഡ്രൈവ് ഹോളിഡേ
- ലോംഗ് സ്റ്റേയ്സ് ഇൻ കേരള
- ഹോംസ്റ്റേ പ്രൊമോഷൻസ്
- ഹണിമൂൺ ഹോളിഡേയ്സ്
- **കാരവൻ കേരള : കാരവൻ ടൂറിസം പ്രൊമോഷൻ**
- ചേഞ്ച് ഓഫ് എയർ കാമ്പയിൻ

- നാഷണൽ പാർട്ട്ണർഷിപ്പ് മീറ്റുകൾ
- സോഷ്യൽ മീഡിയ കാമ്പയിനുകൾ
- ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം
- ദേശീയ B2B മീറ്റുകൾ

**രാജ്യത്തിനു പുറത്ത് നടത്തിയ കാമ്പയിനുകൾ**

- WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ അന്തർദേശീയ ടൂറിസം ഫെയറുകളിലെ പ്രാതിനിധ്യം
- മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ, എന്നിവിടങ്ങളിൽ നടത്തിയ റോഡ് ഷോകൾ.
- ഇന്റർനാഷണൽ റീഓപ്പണിംഗ് കാമ്പയിൻ
- ഇന്റർനാഷണൽ സോഷ്യൽ മീഡിയ കാമ്പയിൻ

ആരോഗ്യ ടൂറിസം രംഗത്ത് ആയുർവേദം പ്രചരിപ്പിക്കുന്നതിലാണ് കേരള ടൂറിസം മുൻഗണന നൽകുന്നത്. കോവിഡാനന്തരം ആയുർവേദ ചികിത്സയ്ക്കും മറ്റും എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. കേരള ടൂറിസം പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെ ആയുർവേദ ടൂറിസം പ്രചരിപ്പിക്കുന്നതിന് മുൻഗണന നൽകിവരുന്നു.

## പേരാമ്പ്ര മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

140(1299) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നടന്നുവരുന്ന ടൂറിസം പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ ടൂറിസം പദ്ധതികളാണ് മണ്ഡലത്തിന് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പേരാമ്പ്ര മണ്ഡലത്തിൽ " കൺസ്ട്രക്ഷൻ ഓഫ് കേവ് പാർക്ക് അറ്റ് പേരാമ്പ്ര" എന്ന പദ്ധതിയാണ് നിലവിലുള്ളത്. ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടോയ്ലറ്റ് ബ്ലോക്ക്, വ്യൂവിംഗ് ഗാലറി, ടിക്കറ്റ് കൗണ്ടർ, പാത് വേ, കോമ്പൗണ്ട് വാൾ, ഓപ്പൺ എയർ തീയേറ്റർ, ഇലക്ട്രിഫിക്കേഷൻ, ഹോർട്ടി കൾച്ചർ തുടങ്ങിയവയാണ് ടി പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

(സി) ചങ്ങരോത്ത് പഞ്ചായത്തിലെ കൈതേരിമുക്ക്, തുറയൂർ-കീഴരിയൂർ പഞ്ചായത്തുകൾ ഉൾപ്പെടുന്ന അകലാപ്പുഴ എന്നീ പ്രദേശങ്ങളുടെ ടൂറിസം അനുകൂല സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രദേശങ്ങളുടെ ടൂറിസം സാധ്യതകളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. വകുപ്പുതലത്തിൽ പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

**ടൂറിസം മേഖലയിലെ പുനരുജ്ജീവന നടപടികൾ**

141(1300) ശ്രീ. എം. എം. മണി:

ശ്രീമതി ദെലീമ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി നടത്തിയ പ്രായോഗികമായ ഇടപെടലുകൾ വിശദമാക്കാമോ; ഇതിന്റെ ഫലമായി ടൂറിസം മേഖലയിലുണ്ടായ പുരോഗതി വ്യക്തമാക്കാമോ?

കോവിഡ്, കേരളത്തിലെ ടൂറിസം മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് മൂലമുണ്ടായ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിസ്സിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം സംരംഭകർക്ക് ബാങ്കുകളുമായി ചേർന്ന് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളനുസരിച്ച് വായ്പയുടെ അമ്പത് ശതമാനം പലിശ സർക്കാരാണ് വഹിക്കുന്നത്. കൂടാതെ ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി ഒരു 'റിവോൾവിംഗ് ഫണ്ടിന് രൂപം

നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ തൊഴിലാളിക്കും പതിനായിരം രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കുന്നുണ്ട്. പദ്ധതി ഇപ്പോഴും നടന്നുവരുന്നു. അതോടൊപ്പംതന്നെ ഈ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് നിരവധി പുതിയ പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്.

വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിനോദസഞ്ചാരികളോട് ഇടപെടുന്ന ടൂറിസം മേഖലയിലെ മുഴുവൻ ജീവനക്കാരെയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതോടെ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെല്ലാംതന്നെ ബയോബബിൾ സുരക്ഷാ വലയത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരാൻ കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചരണ പ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു.

ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാം ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽക്കണ്ടുകൊണ്ടുള്ളതാണ്.

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് കാമ്പയിൻ
- കേരള ഡ്രൈവ് ഹോളിഡെയ്സ്
- ലോംഗ് സ്റ്റെയ്സ് ഇൻ കേരള
- ഹോംസ്റ്റേ പ്രൊമോഷൻ
- ഹണിമൂൺ ഹോളിഡെയ്സ്
- കാരവൻ ടൂറിസം പ്രൊമോഷൻ
- ചെയ്ഞ്ച് ഓഫ് എയർ കാമ്പയിൻ
- ഫാം ട്രിപ്പുകൾ
- വിവിധ ദേശീയ അന്തർദ്ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

കൂടാതെ കാരവൻ ടൂറിസം പോലുള്ള പുതിയ പദ്ധതികൾ അവതരിപ്പിച്ചതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ട്. കോവിഡ്

മഹാമാരിയുടെ ആഘാതം ഏറ്റുവാങ്ങിയ കേരളത്തിലെ ടൂറിസം മേഖല ഈ വർഷം ആദ്യപാദത്തിൽ 38 ലക്ഷം ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെക്കാൾ 72.48% വളർച്ചയാണ് ഈ കാലയളവിൽ നേടാൻ കഴിഞ്ഞത്. ഈ വർഷത്തെ ആദ്യ മൂന്ന് മാസം 16 ലക്ഷം സഞ്ചാരികളുടെ വർദ്ധനവ് നേടാനായി. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽനിന്നും കേരള ടൂറിസം കരകയറിയതിന്റെ സൂചനയാണ് ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കാണിക്കുന്നത്.

2022 കലണ്ടർ വർഷം ആദ്യപാദത്തിലെ സ്ഥിതിവിവര കണക്കുകൾ (ജനുവരി മുതൽ മാർച്ച് വരെ) വിശകലനം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. മാത്രമല്ല 2022 ആദ്യപാദത്തിൽ പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കാസർകോട് എന്നീ ജില്ലകളിൽ കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷമുള്ള ഏറ്റവും ഉയർന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2022 ആദ്യപാദത്തിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 2021 ആദ്യപാദവുമായി താരതമ്യം ചെയ്യുമ്പോൾ 29000-ൽ കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ അധികമായി കേരളം സന്ദർശിച്ചിട്ടുണ്ട്.

(ബി) കോവിഡ് കാലത്തെ അപേക്ഷിച്ച് ആഭ്യന്തര ടൂറിസ്റ്റുകളുടെയും വിദേശ ടൂറിസ്റ്റുകളുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് വെളിപ്പെടുത്താമോ?

2020 ഫെബ്രുവരി മുതലാണ് കോവിഡ് മഹാമാരി സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ബാധിച്ചുതുടങ്ങിയത്. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2020-നെ അപേക്ഷിച്ച് 2021-ൽ 51.09 ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

2022 മാർച്ച് വരെയുള്ള സ്ഥിതിവിവര കണക്കുകളാണ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2021 മാർച്ച് വരെയുള്ള സഞ്ചാരികളുടെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 72.48 ശതമാനവും വിദേശ വിനോദ

സഞ്ചാരികളുടെ എണ്ണത്തിൽ 200.55 ശതമാനവും വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) വിദേശ മാർക്കറ്റിംഗ് ലക്ഷ്യമാക്കി ആരംഭിച്ച വിവിധ കാമ്പയിനുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; കാമ്പയിനുകൾമൂലം എന്തെല്ലാം നേട്ടങ്ങളാണുണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ?

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി രാജ്യത്തിനകത്തും പുറത്തും ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന മാർക്കറ്റിംഗ് കാമ്പയിനുകളാണ് നടപ്പാക്കിയത്.

രാജ്യത്തിനകത്ത് നടത്തിയ കാമ്പയിനുകൾ

- സോഷ്യൽ മീഡിയ റീ അഷ്വറൻസ് കാമ്പയിൻ
- കേരളാ ഡ്രൈവ് ഹോളിഡേ
- ലോംഗ് സ്റ്റേയ്സ് ഇൻ കേരള
- ഹോംസ്റ്റേ പ്രൊമോഷൻസ്

- ഹണിമൂൺ ഹോളിഡെയ്സ്
- **കാരവൻ കേരള : കാരവൻ ടൂറിസം പ്രൊ**മോഷൻ
- ചേഞ്ച് ഓഫ് എയർ കാമ്പയിൻ
- നാഷണൽ പാർട്ട്ണർഷിപ്പ് മീറ്റുകൾ
- സോഷ്യൽ മീഡിയ കാമ്പയിനുകൾ
- ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം
- ദേശീയ B2B മീറ്റുകൾ

രാജ്യത്തിനു പുറത്ത് നടത്തിയ കാമ്പയിനുകൾ

- WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ അന്തർദേശീയ ടൂറിസം ഫെയറുകളിലെ പ്രാതിനിധ്യം
- മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ, തുടങ്ങിയ രാജ്യങ്ങളിൽ നടത്തിയ റോഡ്ഷോകൾ.
- ഇന്റർനാഷണൽ റീഓപ്പണിംഗ് കാമ്പയിൻ
- ഇന്റർനാഷണൽ സോഷ്യൽ മീഡിയ കാമ്പയിൻ

കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും കോവിഡും ടൂറിസം മേഖലയെ ഗുരുതരമായിട്ടാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പിലാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി

പ്രതിസന്ധികളെ അതിജീവിച്ച് കേരള ടൂറിസത്തെ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു. ഈ വർഷത്തെ ആദ്യ മൂന്ന് മാസത്തെ സ്ഥിതിവിവര കണക്കെടുത്തപ്പോൾ 72.48% വളർച്ചയാണ് ആഭ്യന്തര സഞ്ചാരികളുടെ കാര്യത്തിലുണ്ടായത്. 38 ലക്ഷം ആഭ്യന്തര സഞ്ചാരികളെ ഇക്കാലയളവിൽ ആകർഷിക്കാൻ കഴിഞ്ഞു. എറണാകുളം ജില്ലയാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഒന്നാമത്. മുൻ വർഷത്തെ അപേക്ഷിച്ച് 16 ലക്ഷം സഞ്ചാരികളാണ് ഈ വർഷത്തെ ആദ്യപാദത്തിൽ വർദ്ധിച്ചത്. വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ ആദ്യ പാദത്തെ അപേക്ഷിച്ച് 200.55% വർദ്ധനയാണുള്ളത്. 43,547 വിദേശ വിനോദ സഞ്ചാരികളാണ് ഇക്കാലയളവിൽ സംസ്ഥാനത്തെത്തിയത്. കഴിഞ്ഞ കാലങ്ങളിൽ അനുഭവപ്പെട്ട പ്രയാസങ്ങളെ മറികടന്ന് നേട്ടങ്ങളുടെതാകും ഈ വർഷമെന്നാണ് കരുതുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളായി നടത്തിവരുന്ന 360 ഡിഗ്രി പ്രചാരണത്തിന്റെ പ്രതിഫലനമാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നാണ് കരുതുന്നത്.

(ഡി) ടൂറിസം മാർക്കറ്റിംഗ് വിപുലീകരിക്കുന്നതിന് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശം വ്യക്തമാക്കുമോ?

ടൂറിസം മാർക്കറ്റിംഗ് വിപുലീകരിക്കുന്നതിന് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 81 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. ഇത് പ്രധാനമായും രാജ്യത്തിനകത്തും പുറത്തും മാർക്കറ്റിംഗ് കാമ്പയിൻ നടത്താനാണ് ഉപയോഗിക്കുന്നത്. ഇലക്ട്രോണിക് മാധ്യമം വഴിയുള്ള പരസ്യപ്രചാരണങ്ങൾ, പ്രിന്റ് മീഡിയ, ഒ.റ്റി.റ്റി.-പ്ലാറ്റ്ഫോം, സോഷ്യൽ മീഡിയ, സിനിമ തീയേറ്റർ തുടങ്ങി എല്ലാ മാധ്യമങ്ങൾ വഴിയും മാർക്കറ്റിംഗ് കാമ്പയിൻ സംഘടിപ്പിക്കുന്നതാണ്

## നമ്പികുളം ഇക്കോ ടൂറിസം പദ്ധതി

142(1301) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്പികുളം ഇക്കോ ടൂറിസം പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നമ്പികുളം ഇക്കോ ടൂറിസം പദ്ധതി എപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്?

(എ-സി) നമ്പികുളം ഇക്കോ ടൂറിസം പദ്ധതിയിൽ വാച്ച്ടവറിന്റെ മേൽക്കൂര നിർമാണം, ഫെൻസിംഗ്, ബയോ ടോയ്‌ലറ്റ് എന്നിവ പൂർത്തിയാക്കാനുണ്ട്. ഈ വർഷം അവസാനത്തോടെ പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

### കാട്ടാക്കട തുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതി

143(1302) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ളുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ളുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതിക്കായി ഇക്കോ ടൂറിസം ഡയറക്ടർ 82 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിനിർദേശം തയ്യാറാക്കിയിരുന്നു. പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽനിന്ന് വിനോദസഞ്ചാര വകുപ്പിന് ലഭ്യമാക്കാനുള്ള നടപടികളും പൂർത്തിയായി. ഭൂമി കൈമാറ്റത്തിനുള്ള ഫോറം ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ ളുങ്ങാംപാറ കേന്ദ്രമാക്കി ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കാനായി 201920 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ (അനുബന്ധം II, വാല്യം II, ക്രമ നമ്പർ 531, പേജ് നമ്പർ 25) ഒരു കോടി രൂപ അനുവദിക്കുകയും ഇതിൽ 20% തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

ളുങ്ങാംപാറ കേന്ദ്രമായി ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കാൻ കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് ലിമിറ്റഡ് ഒരു കോടി രൂപ

ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ പദ്ധതി രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിരേഖ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി റവന്യൂ ഭൂമി ഉപയോഗിക്കാൻ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ എട്ടിൽ റീസർവേ നമ്പർ 524/1-ൽ പെട്ട 44.03 ആർ പാറപുറമ്പോക്ക് ഭൂമി, ചുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതിക്കായി ഉപയോഗിക്കാൻ റവന്യൂ വകുപ്പ് അനുമതി നൽകിയിരുന്നു. മറ്റൊരു ഏജൻസിക്കും പാട്ടത്തിനോ മറ്റേതെങ്കിലും വ്യവസ്ഥകൾക്കോ വിധേയമായി ഭൂമി കൈമാറാൻ പാടില്ലെന്നും ഏതെങ്കിലും സാഹചര്യത്തിൽ പദ്ധതിയുടെ നടത്തിപ്പ് മറ്റൊരു ഏജൻസിക്ക് നൽകുകയാണെങ്കിൽ ആയതു സംബന്ധിച്ച് ഭൂമി കൈമാറ്റം റവന്യൂ വകുപ്പ് മുഖാന്തരം മാത്രം നടത്തേണ്ടതാണ് എന്നുകൂടി നിഷ്കർഷിച്ചാണ് ചുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതിക്കുള്ള ഭൂമിയുടെ ഉപയോഗാനുമതി നൽകിയിട്ടുള്ളത്.

**ഗ്രാമീണ ടൂറിസം**

144(1303) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ മേഖലയിലെ ടൂറിസം സാധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

പ്രാദേശിക ജനസമൂഹത്തിന് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാന ലക്ഷ്യം. ടൂറിസം രംഗവുമായി ബന്ധിപ്പിക്കാവുന്ന തരത്തിലുള്ള വിവിധ സംരംഭകത്വ വികസന പരിശീലനങ്ങൾ നൽകിക്കൊണ്ട് യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് ഇവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകളുടെ നടത്തിപ്പ് പ്രാദേശിക ജനസമൂഹത്തിന് തൊഴിലും വരുമാനവും ലഭ്യമാക്കാൻ കാരണമാകുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഏറ്റവും പുതിയ പ്രവർത്തനമായ ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾ

യുവജനങ്ങളെ ടൂറിസം രംഗത്ത് കൂടുതലുൾപ്പെടുത്തുന്നതിനുള്ള ഒരു പരിശ്രമമാണ്. ഇതിലൂടെ ധാരാളം യുവജനങ്ങൾ ടൂറിസം രംഗത്തേയ്ക്ക് കടന്നു വരികയും ടൂറിസം മേഖലയുടെ ഗുണഭോക്താക്കളായി മാറുകയും ചെയ്യുമെന്നാണ് കണക്കാക്കുന്നത്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ നടപ്പാക്കുന്ന സ്ട്രീറ്റ് പദ്ധതി പോലുള്ള പദ്ധതികളും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന ഒന്നാകും. കാമ്പസുകളിൽ ആരംഭിക്കുന്ന ടൂറിസം ക്ലബ്ബുകൾ വഴി വിദ്യാർത്ഥികൾക്ക് ടൂറിസം മേഖലയിൽ പാർട്ട് ടൈം ജോലി നൽകുന്നതും പരിഗണനയിലാണ്.

## സ്വദേശി ദർശൻ പദ്ധതി

145(1304) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി ഏതൊക്കെ പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ടൂറിസം ഡെവലപ്മെന്റ് അറ്റ് മലങ്കര ഡാം സറൗണ്ടിംഗ്സ് & ഇടുക്കി ഡാം സറൗണ്ടിംഗ്സ് എന്ന പദ്ധതിക്കായി വിശദ പദ്ധതിരേഖ (ഡി. പി. ആർ.) 14.06.2021-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

(ബി) തൊടുപുഴ മലങ്കര ഡാം ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

റിസർവോയർ ബേസ്ഡ് ടൂറിസം ഡെസ്റ്റിനേഷൻ ടൂറിസ്റ്റ് ഹബ്ബ് അറ്റ് മലങ്കര എന്ന പദ്ധതിക്ക് 2014-ൽ 2.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അമിനിറ്റി സെന്ററിൽ ഷോപ്പുകൾ, ഗ്യാലറി, ടോയ്‌ലറ്റ്, നടപ്പാത എന്നീ ഘടകങ്ങളാണ് പദ്ധതിയിലുള്ളത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് നിർമ്മാണം പൂർത്തിയാക്കി. എന്നാൽ ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ കണ്ടെത്തിയ ചില അപാകതകൾ പരിഹരിക്കാനുള്ള നടപടികളാണ് നിലവിൽ പുരോഗമിക്കുന്നത്. പദ്ധതിപ്രദേശത്ത് പാത്ത് വേ, ലൈറ്റിംഗ്, റെയിൻ ഷെൽറ്റർ, ലാൻഡ് സ്കേപിംഗ് തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി പ്രൊപ്പോസൽ തയ്യാറാക്കാൻ 23.06.2022-ൽ ബഹു. എം.

എൽ. എ. അദ്ധ്യക്ഷനായി ചേർന്ന മലങ്കര ഡാം പദ്ധതിയുടെ ഭരണ സമിതി യോഗം തീരുമാനിച്ചിരുന്നു.

**ടൂറിസം മേഖലയ്ക്ക് ഉണർവ്വേകാൻ പദ്ധതികൾ**

146(1305) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് തകർന്നടിഞ്ഞ ടൂറിസം മേഖലയ്ക്ക് ഉണർവ്വേകാൻ പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിയെത്തുടർന്ന് തകർന്നടിഞ്ഞ ടൂറിസം മേഖലയ്ക്ക് ഉണർവ്വേകാൻ നിരവധി പുതിയ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽ തന്നെ മുൻവർഷത്തെക്കാൾ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാണെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് മുന്നിൽക്കണ്ടുകൊണ്ടുതന്നെ

നിരവധിയായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് ടൂറിസം വകുപ്പ് രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷനാക്കുകയെന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രോഡക്ട് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, ഹെലികോപ്റ്റർ സർവ്വീസ്, ബേപ്പൂർ റിവർഫെസ്റ്റ്, ചാലിയാർ റിവർഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ്, ഡെസ്റ്റിനേഷൻ ചലഞ്ച്, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ ലിറ്റററി സർക്യൂട്ട്, ഇവയൊക്കെ ഈ വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്.

ഇതോടൊപ്പം യുവതലമുറയെ ടൂറിസവുമായി ചേർത്തുനിർത്തുന്ന ടൂറിസം ക്ലബ്ബ് പദ്ധതിയും നടപ്പിലാക്കുകയാണ്.

(ബി) പഞ്ചായത്തുതലത്തിലുള്ള ചെറിയ ടൂറിസം സ്പോട്ടുകൾ വികസിപ്പിക്കുന്നതിന് വകുപ്പിൽനിന്നും സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ

ഭാഗങ്ങളിൽനിന്നും ആവശ്യം ഉയർന്നുവരുന്നു. ഇത് കണക്കിലെടുത്ത് ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപ വരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്.

(സി) കാരവൻ ടൂറിസം വഴി എത്ര കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എത്ര സംരംഭകർ ഇതിനോടകം ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്നും ഈ മേഖല കുത്തകവൽക്കരിക്കപ്പെടാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ടൂറിസം മേഖലയിൽ നിന്നും നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനത്തിൽ കാരവൻ ടൂറിസം പദ്ധതി പൂർണ്ണതോതിൽ പ്രവർത്തിച്ച് തുടങ്ങുമ്പോൾ മാത്രമേ അതിൽ നിന്നുള്ള വരുമാനം കണക്ക് കൂട്ടാൻ കഴിയൂ.

കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കാനായി മികച്ച പ്രചരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണമെന്ന് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നവീനമായ ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയ്ക്കാണ് കാരവൻ ടൂറിസം നയം അവതരിപ്പിച്ചിട്ടുള്ളത്. വിനോദസഞ്ചാരികൾ തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതുവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്ര ചെയ്യാനും മികച്ച യാത്രാനുഭവം ആസ്വദിക്കുന്നതിനുമായി തയ്യാറാക്കുന്ന വാഹനങ്ങളാണ് കാരവനുകൾ. പകൽസമയത്ത് സഞ്ചരിക്കാനും രാത്രികാലങ്ങളിൽ താമസിക്കാനും വേണ്ട സൗകര്യങ്ങളോടെയാണ് കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് വിവിധ തലങ്ങളിലുള്ള വികസനം സർക്കാർ ലക്ഷ്യമിടുന്നു.

1. ടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുക.

2. കേരളത്തിലെ unexplored ആയ ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.

3. നിലവിൽ താരതമ്യേന താമസസൗകര്യങ്ങൾ കുറഞ്ഞ കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വരവ് ഉയർത്തുക.

4. വിവിധ ജനസമൂഹങ്ങൾക്കുകൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉത്തരവാദിത്ത ടൂറിസം വികസനം നടപ്പിലാക്കുക.

5. തദ്ദേശവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

6. തദ്ദേശീയമായ കലാ സാംസ്കാരിക പൈതൃകം സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.

7. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക.

8. ടൂറിസം മേഖലയെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക.

ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ, പ്രാദേശിക വികസനം തുടങ്ങി സുസ്ഥിരമായ നിരവധി അവസരങ്ങൾ കാരവൻ പാർക്കുകളിലൂടെ സാധ്യമാകും. കേരള ടൂറിസത്തിന്റെ ഏറ്റവും ചടുലമായ ഉത്പന്നമായി ഇത് മാറുമെന്ന ഉറച്ചവിശ്വാസമാണ് സർക്കാരിനുള്ളത്. ഇതിനകം പത്ത് കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വാഗമണിൽ ഒരു പാർക്ക് കമ്മീഷൻ ചെയ്തു. അഞ്ച് പാർക്കിന്റെ പണി പുരോഗമിക്കുന്നു. ഏകദേശം 25 കാരവനുകളുടെ നിർമ്മാണം നടന്നുവരുന്നു. അഞ്ഞൂറിലധികം കാരവനുകൾ വാങ്ങാനുള്ള താൽപ്പര്യം കേരളത്തിലെ സ്വകാര്യമേഖല പ്രകടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ പുതുതായി 150 കാരവൻ പാർക്കുകളും സംസ്ഥാനത്ത് ആരംഭിക്കാൻ സ്വകാര്യമേഖല മുന്നോട്ട് വന്നിട്ടുണ്ട്. കൂടുതൽ കാരവനുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ പ്രത്യേക സബ്സിഡിയും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി സ്വകാര്യ മേഖലയുടെ സഹകരണത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുമാണ് നടപ്പാക്കുന്നത്. എല്ലാ മേഖലകൾക്കും ഗുണം ലഭിക്കത്തക്കരീതിയിൽ വികേന്ദ്രീകൃതമായാണ് പദ്ധതി നടപ്പാക്കുന്നത്.

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതി**

147(1306) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതി എപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്." തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ

തദ്ദേശീയമായ ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെതന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതല ഉദ്ഘാടനം 8.6.2022-ന് നടത്തുകയുണ്ടായി. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് "ഡെസ്റ്റിനേഷൻ ചലഞ്ച്" പദ്ധതിയുടെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. ആയത് വകുപ്പ് പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു. നിലവിൽ 17 പദ്ധതികളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളാണ് പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുമായി ബന്ധപ്പെട്ട് ബാലുശ്ശേരി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നും നാളിതുവരെ അപേക്ഷകളൊന്നും അപ്‌ലോഡ് ചെയ്യപ്പെട്ടിട്ടില്ല.

**പയ്യന്നൂർ ഏച്ചിലാം വയൽ ആസ്ട്രോ ടൂറിസം പദ്ധതി**

148(1307) ശ്രീ. ടി. ഐ മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ പയ്യന്നൂർ നഗരസഭയിലെ ഏച്ചിലാം വയൽ പ്രദേശത്ത് ആസ്ട്രോ ടൂറിസം പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിൽ ഏച്ചിലാം വയൽ പ്രദേശത്ത് ആസ്ട്രോ ടൂറിസം പദ്ധതിക്കായി WAPCOS തയ്യാറാക്കിയ 9.98 കോടി രൂപയുടെ ഡി.പി.ആർ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത സ്ഥലം ടൂറിസം വകുപ്പിന് കൈമാറിക്കൊണ്ടുള്ള ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭ്യമായിട്ടുണ്ടോ; അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.01.2021-ലെ സ.ഉ.(കൈ) നം.154/2021/ത.സ്വ.വ പ്രകാരം പ്രസ്തുത സ്ഥലം പയ്യന്നൂർ നഗരസഭയുടെ ഉടമസ്ഥതയിൽ നിലനിർത്തി ടൂറിസം വകുപ്പിന് നിയന്ത്രിതാനുമതിയോടെ വിനിയോഗാവകാശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ചാമ്പ്യൻസ് ബോട്ട് ലീഗിന് വേദിയാകാൻ ബിയ്യം കായൽ**

149(1308) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്ത്യൻ പ്രീമിയർ ലീഗിന്റെ മാതൃകയിൽ വിഭാവനം ചെയ്ത ചാമ്പ്യൻസ് ബോട്ട് ലീഗ് പന്ത്രണ്ട് സ്ഥലങ്ങളിൽ നടത്താൻ ബഡ്ജറ്റിൽ തീരുമാനിച്ചിരുന്നതിൽ പൊന്നാനിയിലെ ബിയ്യം കായൽ പരിഗണിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ വേദിയായി ബിയ്യം കായൽ ഈ വർഷം പരിഗണനയിലില്ല.

**പാലക്കാട് ജില്ലയിൽ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി**

150(1309) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ തനത് കലാ-സാംസ്കാരിക പൈതൃകങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ തനത് കലാസാംസ്കാരിക പൈതൃകങ്ങൾ കോർത്തിണക്കി സഞ്ചാരികൾക്ക് പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വെള്ളിനേഴി കലാഗ്രാമം 2 കോടി രൂപ ചെലവിൽ നിർമ്മിച്ചിട്ടുണ്ട്. അതോടൊപ്പം തനത് കലാ-സാംസ്കാരിക പൈതൃകങ്ങളെ പ്രയോജനപ്പെടുത്തി സഞ്ചാരികൾക്ക് കൂടുതൽ അറിവ് നൽകുന്ന പദ്ധതികളുടെ ടൂറിസം സാധ്യതകൾ പരിശോധിച്ചുവരുന്നു.

ഇതിനുപുറമെ ഉത്തരവാദിത്ത ടൂറിസം മുഖേന നടപ്പിലാക്കിവരുന്ന ഒന്നാണ് തൃത്താല, പട്ടിത്തറ പഞ്ചായത്തുകളിലെ സ്ട്രീറ്റ് പദ്ധതി. കലാ-സാംസ്കാരിക-കാർഷിക-ഭൂമിശാസ്ത്രപരമായ എല്ലാവിധ സവിശേഷതകളും ഉൾക്കൊണ്ടുകൊണ്ട് ഓരോന്നിനെയും പ്രത്യേകം സ്ട്രീറ്റുകളിലായി സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്ന വിധത്തിൽ പ്രദേശത്തെ ടൂറിസം കേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 മാർച്ച് 31-ന് തൃത്താലയിൽ വച്ച് നടന്നു. തുടർന്നുള്ള പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ നടന്നുവരുന്നു.

**ടൂറിസം പദ്ധതികൾക്ക് വായ്പ**

151(1310) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി തകർച്ചയുണ്ടാക്കിയ ടൂറിസം മേഖല സജീവമാക്കാനും അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനുമായി ചെറുകിട ഇടത്തരം പദ്ധതികൾക്ക് പലിശ കുറഞ്ഞ വായ്പകളും റിവോൾവിംഗ് ഫണ്ടും 2021-22 കാലയളവിൽ എത്ര പേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

' റിവോൾവിംഗ് ഫണ്ട് പദ്ധതി' പ്രകാരം നിലവിൽ 1667 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 927 അപേക്ഷകർക്കായി 92,63,500/- രൂപ വായ്പ അനുവദിച്ചുനൽകി. മറ്റ് അപേക്ഷകർക്ക് വായ്പ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൂടാതെ, ടൂറിസം മേഖലയിൽ മുതൽ മുടക്കിയിരിക്കുന്ന 116 സംരംഭകർക്ക് 7,71,35,000/-രൂപ വായ്പയും നൽകിയിട്ടുണ്ട്.

(ബി) ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ ലിറ്ററി സർക്യൂട്ട് എന്നിവയുടെ പ്രവർത്തനം വിശദമാക്കാമോ?

**ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്**

കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ച് കോർത്തിണക്കി നടപ്പിലാക്കുന്ന സർക്യൂട്ട് പദ്ധതിയാണിത്. ഈ പദ്ധതി നിലവിൽവന്നാൽ കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലയോരവും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ലയിലെ വിനോദസഞ്ചാര മേഖലയിൽ പുത്തനുണർവുണ്ടാകും. ഈ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ കർണ്ണാടക പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ആർക്കിടെക്ചറൽ കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുണ്ട്. ടൂറിസം വകുപ്പ് ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.

**മലബാർ ലിറ്റററി സർക്യൂട്ട്**

മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്ററി സർക്യൂട്ട് എന്ന പേരിൽ ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി വിജയൻ, എം.ടി വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, സാംസ്കാരിക സമ്പന്നമായ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ കർണ്ണാടക ലിമിറ്റഡ്. എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഉടൻതന്നെ ടൂറിസം വകുപ്പ് ഈ സ്ഥാപനവുമായി കരാറിലേർപ്പെട്ട് പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

## ഒരു പഞ്ചായത്ത്-ഒരു ഡെസ്റ്റിനേഷൻ പദ്ധതി

152(1311) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു ഡെസ്റ്റിനേഷൻ പദ്ധതിപ്രകാരം പഞ്ചായത്തുതലത്തിൽ പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി അറിയിക്കാമോ?

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്.' തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ തദ്ദേശീയമായ ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെതന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് ടൂറിസം വകുപ്പ് ധനസഹായം നൽകുന്നതാണ്. ഈ പദ്ധതി

നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതല ഉദ്ഘാടനം 08.06.2022-ന് നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഡെസ്റ്റിനേഷൻ ചലഞ്ച് വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പദ്ധതി റിപ്പോർട്ട് പ്രസ്തുത പദ്ധതിയുടെ വെബ്സൈറ്റ് വഴി സമർപ്പിക്കേണ്ടതും ആയത് വകുപ്പ് പരിശോധിച്ച് അംഗീകാരം നൽകുകയുമാണ് ചെയ്യുന്നത്. ഇതുവരെ 17 പദ്ധതികളുടെ പ്രൊപ്പോസലാണ് ലഭിച്ചിട്ടുള്ളത്. ആയത് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം പഞ്ചായത്തുകളിൽ ഏതൊക്കെ സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

തദ്ദേശസ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതിരേഖ പരിശോധിച്ചുവരുന്നതേയുള്ളൂ.

**കുന്നംകുളം മണ്ഡലത്തിലെ പദ്ധതി പ്രവൃത്തികൾ**

153(1312) <u>ശ്രീ. എ. സി. മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയിൽ പ്രവൃത്തികൾ നടന്നുവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കുന്നംകുളം മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളാണ് നടന്നുവരുന്നത്:

1. കലശമലയിലെ ഇക്കോടൂറിസം പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ.
2. കാക്കത്തുരുത്തിലെ കിളിപ്പാടം പക്ഷി നിരീക്ഷണ കേന്ദ്രം.

(ബി) പ്രസ്തുത പദ്ധതി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താമോ; അറിയിക്കാമോ?

<u>കലശമല ഇക്കോടൂറിസം പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കൽ</u>**:**

കലശലമയിലെ വിനോദ സഞ്ചാര വികസനത്തിനായി ഭൂമി ഏറ്റെടുക്കാനുള്ള ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ടിജൻസി ചാർജായി വിനോദസഞ്ചാര വകുപ്പ് 50 ലക്ഷം രൂപ ഒടുക്കി. പദ്ധതിയുടെ സാമൂഹികാഘാത പഠനവും പുരോഗതിയിലാണ്. പരിഷ്കരിച്ച ലാൻഡ് പ്ലാൻ

പ്രകാരം പുതുക്കിയ അർഥന, റവന്യൂ വകുപ്പിന്റെ ഉത്തരവ് എന്നിവ നേടിയെടുക്കാനുള്ള നടപടി പുരോഗതിയിലാണ്.

കാക്കത്തുരുത്തിലെ കിളിപ്പാടം ബേഡ് വാച്ചിംഗ് സെന്റർ:

ഈ പദ്ധതി 20% പൂർത്തിയായി. ഗസിബോ, ജിയോ ടെക്സ്റ്റൈൽ വർക്ക്, ഇന്റർ ലോക്കിംഗ് ജോലികൾ തുടങ്ങിയവ പുരോഗതിയിലാണ്.

## കൊല്ലം ജില്ലയിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി

154(1313) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിപ്രകാരം കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ കേന്ദ്രങ്ങളിൽ ഭക്ഷണവും താമസസൗകര്യവും ലഭ്യമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ പ്രവേശന ഫീസ് ഏർപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ കേന്ദ്രങ്ങളിലാണെന്ന് അറിയിക്കുമോ?

(എ-സി) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിപ്രകാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി പദ്ധതി റിപ്പോർട്ട് പദ്ധതിയുടെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടത്. നാളിതുവരെയായി കൊല്ലം ജില്ലയിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ടുകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

**കാരവൻ ടൂറിസം പദ്ധതി**

155(1314) <u>ശ്രീ. ജോബ് മൈക്കിൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകമോ:

(എ) സംസ്ഥാനത്ത് കാരവൻ ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; പദ്ധതി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കാരവൻ ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കാരവൻ ടൂറിസം പോളിസി പുറത്തിറക്കിയിട്ടുണ്ട്. ഈ രംഗത്ത് മുതൽ മുടക്കാൻ ആഗ്രഹിക്കുന്ന സംരംഭകരെയും കാരവൻ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെയും യോഗം വിളിച്ചുകൂട്ടി ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി കാരവനുകൾക്ക് നിശ്ചിത ധനസഹായം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഗതാഗത വകുപ്പുമായി ചേർന്ന് കാരവൻ രജിസ്ട്രേഷന് പ്രത്യേക സൗകര്യവുമൊരുക്കി. കാരവൻ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് വാടകയ്ക്കെടുക്കുന്നതും കരാറിലേർപ്പെട്ടതുമായ കാരവനുകളുടെ ത്രൈമാസ നികുതി KMVT നിയമം 1976-ലെ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ ഭേദഗതി വരുത്തി സ്ക്വയർ മീറ്ററിന് 1000 രൂപയിൽ നിന്നും 500 രൂപയായി കുറയ്ക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കൂടാതെ കാരവൻ ടൂറിസം പദ്ധതിയുടെ വിജയത്തിനാവശ്യമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ആദ്യഘട്ടമായി എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കാരവനുകൾ സംസ്ഥാന വ്യാപകമായി സർവ്വീസ് തുടങ്ങിക്കഴിഞ്ഞു. ആദ്യഘട്ടത്തിൽ വാഗമണിൽ സ്വകാര്യ മേഖലയിൽ കാരവൻ പാർക്ക് പ്രവർത്തനം ആരംഭിച്ചു. കൂടാതെ സംസ്ഥാനത്തിന്റെ പലഭാഗത്തായി സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കാരവൻ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കിവരുന്നു.

**മഞ്ചേശ്വരം പൊസഡിഗുംപെ ടൂറിസം പദ്ധതി**

156(1315) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൊസഡിഗുംപെ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ പൊസഡിഗുംപെ പദ്ധതിക്കായി 4.99 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ബി.ആർ.ഡി.സി സമർപ്പിച്ചിരുന്നു. ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. പദ്ധതി പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ഏതെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ പൊസഡിഗുംപെ പദ്ധതിക്കായി 4.99 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ബി.ആർ.ഡി.സി സമർപ്പിച്ചിരുന്നു. ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. പദ്ധതി പരിശോധിച്ചുവരുന്നു.

**എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി**

157(1316) ശ്രീ. ഒ. ആർ. കേളു:
കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ:
ശ്രീ. എം. എസ്, അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്നുള്ള പട്ടികഗോത്ര വിഭാഗങ്ങളുടെ സംസ്കാരവും പൈതൃകവും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികവർഗ്ഗങ്ങളുടെ സംസ്കാരവും പൈതൃകവും കലയും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് സ്ഥിര വരുമാനമാർഗ്ഗം ലക്ഷ്യമിട്ടുമാണ് എൻ ഊര് പദ്ധതിക്ക് സർക്കാർ രൂപം നൽകിയത്. പദ്ധതിയുടെ ഒന്നാംഘട്ടം പട്ടികവർഗ്ഗ വികസന വകുപ്പും രണ്ടാംഘട്ടം ടൂറിസം വകുപ്പുമാണ് നിർവ്വഹിച്ചത്.

പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 3 കോടി രൂപയും രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി വിനോദ സഞ്ചാര വകുപ്പ് 4.53 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒന്നാംഘട്ടത്തിൽ അനുവദിച്ച 3 കോടി രുപയിൽ നിർമ്മിച്ച കെട്ടിടങ്ങളുടെ ഉദ്ഘാടനം 2020 നവംബർ 4-ന് പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. ആയതിൽ ട്രൈബൽ മാർക്കറ്റ്, വെയർ ഹൗസ്, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, ട്രൈബൽ കഫറ്റീരിയ, ടിക്കറ്റ് കൗണ്ടർ എന്നിവയാണ് ഉൾപ്പെടുന്നത്.

പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനോദസഞ്ചാര വകുപ്പ് 4.53 (നാല് കോടി അൻപത്തി മൂന്ന് ലക്ഷം രൂപ

മാത്രം) കോടി രൂപ അനുവദിച്ചതിലുൾപ്പെടുന്ന ഘടകങ്ങൾ താഴെ പറയുന്നവയാണ്

1. ഹെറിറ്റേജ് വാക്ക് വേ
2. ആംഫി തീയേറ്റർ
3. കഫറ്റീരിയ
4. ട്രൈബൽ ഇന്റർപ്രട്ടേഷൻ സെന്റർ
5. ടിക്കറ്റ് കൗണ്ടർ
6. ചുറ്റുവേലി
7. ആർട്ട് & ക്രാഫ്റ്റ് വർക്ക് ഷോപ്പ്
8. സ്കൾപ്ചർ വർക്ക്
9. ഇലക്ട്രിക്കൽ & പ്ലമ്പിംഗ് വർക്കുകൾ
10. ഇന്റീരിയർ വർക്സ്

ഇവ കൂടാതെ എൻ ഊര് പൈതൃക ഗ്രാമത്തിന്റെ റോഡ് നിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 2,48,60,000/- (രണ്ട് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപ കൂടി അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

എൻ ഊര് പൈതൃക ഗ്രാമത്തിന്റെ ഔദ്യോഗികോദ്ഘാടന കർമ്മം ബഹുമാന്യരായ പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയും 4.6.2022-ന് നിർവ്വഹിച്ച് സഞ്ചാരികൾക്കായി തുറന്നു നൽകിയിട്ടുണ്ട്. എൻ ഊര് ചാരിറ്റബിൾ സൊസൈറ്റിയാണ് ഈ വിനോദസഞ്ചാര കേന്ദ്രം നടത്തുന്നത്.

(ബി) ഏതെല്ലാം വകുപ്പുകളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാര വകുപ്പ്-പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങിയ വകുപ്പുകൾ ചേർന്നാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ?

പദ്ധതിയുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഹെറിറ്റേജ് വാക്ക് വേ

ആംഫി തീയേറ്റർ

കഫെറ്റീരിയ

ട്രൈബൽ ഇന്റർപ്രട്ടേഷൻ സെന്റർ

ടിക്കറ്റ് കൗണ്ടർ

ചുറ്റുവേലി

ആർട്ട് & ക്രാഫ്റ്റ് വർക്ക് ഷോപ്പ്

സ്കൾപ്ചർ വർക്ക്

ഇലക്ട്രിക്കൽ & പ്ലമ്പിംഗ് വർക്കുകൾ

ഇന്റീരിയർ വർക്സ്

(ഡി) പ്രസ്തുത പദ്ധതിവഴി ഗോത്രവർഗ്ഗ ജനതയുടെ സംസ്കാരവും വൈദഗ്ധ്യവും സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും ഗോത്രവർഗ്ഗ ജനതയ്ക്ക് സ്ഥിരവരുമാന മാർഗ്ഗമായി ഇതിനെ മാറ്റിത്തീർക്കാനും കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗോത്രവർഗ്ഗ ജനതയ്ക്ക് സ്ഥിര വരുമാനമായി ഈ പദ്ധതി മാറുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പുമായി ആലോചിക്കാവുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

158(1317) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

റെനോവേഷൻ ഓഫ് തിരുനെല്ലി ടെംപിൾ പ്രിമൈസസ്

തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്- വള്ളിയൂർക്കാവ് ഡെവലപ്മെന്റ് ഓഫ് മാർക്കറ്റ് & എക്സിബിഷൻ സ്പേസ്

പഞ്ചാരക്കൊല്ലി പ്രിയദർശിനി ടീ എസ്റ്റേറ്റ് വികസനം.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അനുവദിച്ച ഏജൻസി ഏതെന്നും വ്യക്തമാക്കാമോ?

റെനോവേഷൻ ഓഫ് തിരുനെല്ലി ടെംപിൾ പ്രിമൈസസ് എന്ന പദ്ധതിക്ക് 4.6.2019- ലെ സ.ഉ. (സാധ)നം. 175/2019/ ടൂറിസം പ്രകാരം 3,80,00,000/- രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ULCCS ആണ്.

തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്- വള്ളിയൂർക്കാവ് ഡെവലപ്മെന്റ് ഓഫ് മാർക്കറ്റ് & എക്സിബിഷൻ സ്പേസ് പദ്ധതിക്ക് 16.9.2019-ലെ സ.ഉ. (സാധ)നം. 313/2019/ടൂറിസം പ്രകാരം 4,87,55,960/- രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി M/s.KEL Ltd ആണ്.

ഡെവലപ്മെന്റ് ഓഫ് പ്രിയദർശിനി ടീ എസ്റ്റേറ്റ് അറ്റ് പഞ്ചാരക്കൊല്ലി പദ്ധതിക്ക് 3.2.2021-ലെ സ.ഉ. (സാധാ)നം. 46/2021/ ടൂറിസം പ്രകാരം 1,55,34,007/- രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി M/s.WAPCOS ltd. ആണ്.

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

റെനോവേഷൻ ഓഫ് തിരുനെല്ലി ടെംപിൾ പ്രിമൈസസ്- ഈ പദ്ധതിയുടെ 30% വർക്ക് പൂർത്തീകരിച്ചു.

തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്- വള്ളിയൂർക്കാവ് ഡെവലപ്മെന്റ് ഓഫ് മാർക്കറ്റ് & എക്സിബിഷൻ സ്പേസ് - പദ്ധതി പൂർത്തീകരിച്ചു.

ഡെവലപ്മെന്റ് ഓഫ് പ്രിയദർശിനി ടീ എസ്റ്റേറ്റ് അറ്റ് പഞ്ചാരക്കൊല്ലി- പ്രവൃത്തി ആരംഭിച്ചിട്ടില്ല.

## ടൂറിസം മേഖലയിലെ നവീന പദ്ധതികൾ

159(1318) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര ടൂറിസം മേഖലയെ നവീന ആശയങ്ങളിലൂടെ എപ്രകാരം കാര്യക്ഷമമാക്കാൻ ലക്ഷ്യമിടുന്നുവെന്ന് വ്യക്തമാക്കുമോ?

കോവിഡിനെ തുടർന്ന് നിരവധി പ്രതിസന്ധികൾ നേരിട്ട കേരളത്തിലെ ടൂറിസം മേഖല ഇപ്പോൾ തിരിച്ചുവരവിന്റെ പാതയിലാണ്. ഈ വർഷം ആദ്യപാദത്തിൽത്തന്നെ മുൻവർഷങ്ങളെ അപേക്ഷിച്ച്

ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നവീന ടൂറിസം ഉൽപ്പന്നങ്ങൾ അവതരിപ്പിച്ചും നിലവിലുള്ളവയെ ഫലപ്രദമായി ഉപയോഗിച്ചും വിനോദസഞ്ചാരികളുടെ എണ്ണം കൂടുതൽ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇതിനായി എന്തെല്ലാം നവീന ആശയങ്ങൾ ഉൾക്കൊള്ളാനും നവീന പദ്ധതികൾ ആവിഷ്കരിക്കാനും അതുവഴി എത്രപേർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്താനും വരുമാന വർദ്ധനവിന്റെ ലഭ്യത എത്രത്തോളമാക്കാനുമാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

കോവിഡിനുശേഷം കേരളത്തിലെ വിനോദസഞ്ചാര മേഖല സജീവമായി വരികയാണ്. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽത്തന്നെ മുൻവർഷത്തെക്കാൾ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് മുന്നിൽ കണ്ടുകൊണ്ടുതന്നെ നിരവധിയായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് വകുപ്പ് രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷനാക്കുകയെന്ന

ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രോഡക്ട് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവ്വീസ്, ബേപ്പൂർ റിവർഫെസ്റ്റ്, ചാലിയാർ റിവർഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ് പോലെയുള്ള പദ്ധതികളാണ് ഈ വർഷം ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കോവിഡിനുശേഷം കേരളത്തിലെ ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന പരമാവധി ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള സാധ്യതകൾ മേൽ പദ്ധതികളിലൂടെ പരിശോധിച്ചുവരുന്നു.

കൂടാതെ ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനം സജീവമാക്കി യുവജനങ്ങളുടെ കർമ്മശേഷിയും നവീന ആശയങ്ങളും ടൂറിസം വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) മെഡിക്കൽ ടൂറിസം വികസിപ്പിക്കുന്നതിനും അതുവഴി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

മെഡിക്കൽ ടൂറിസവുമായി ബന്ധപ്പെട്ട് ആയുർവേദത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രചരണ പരിപാടികളാണ് സർക്കാർ നടപ്പാക്കിവരുന്നത്. കേരള ടൂറിസത്തിന് പ്രാതിനിധ്യം ലഭിക്കുന്ന എല്ലാ ദേശീയ/അന്തർദ്ദേശീയ ടൂറിസം ഫെയറുകളിലും ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ ആയുർവേദം പ്രചരിപ്പിച്ചുവരുന്നു. കൂടാതെ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവയും ആയുർവേദത്തിന്റെ പ്രചാരണത്തിന് ഉപയോഗിക്കുന്നുണ്ട്.

**ഡെസ്റ്റിനേഷൻ ചലഞ്ച്**

160(1319) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ തദ്ദേശീയമായ ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെതന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 08.06.2022-ന്

നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട്, ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്‌ലോഡ് ചെയ്യുകയാണ് വേണ്ടത്. ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതുവരെ ഈ പദ്ധതിപ്രകാരം 17 പദ്ധതികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

(ബി) ഈ പദ്ധതിപ്രകാരം ഒരു പ്രദേശത്തുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് പൊതുവായ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഒരു ടൂറിസം പ്രദേശം ഒന്നിൽക്കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെടുന്നതാണെങ്കിൽ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയുക്തമായി ഈ പ്രദേശം ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ലീഡ് അപേക്ഷകനായി നിശ്ചയിക്കാവുന്നതാണ്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് വിനോദസഞ്ചാര വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വംയഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്.

(ഡി) വിനോദസഞ്ചാര വികസനത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് വരുമാന ദായകമായ ഉപജീവനം ഉറപ്പാക്കുന്നതിന് ഈ പദ്ധതി എത്രത്തോളം സഹായകരമാണെന്ന് വ്യക്തമാക്കുമോ?

ഈ പദ്ധതിപ്രകാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. ഇത്തരം പദ്ധതികൾ വരുന്നതുവഴി തദ്ദേശവാസികൾക്ക് തൊഴിൽസാധ്യത കൂടുകയും വരുമാന ലഭ്യതയുണ്ടാകുകയും ചെയ്യും.

## പെരുമ്പാവൂർ മണ്ഡലത്തിലെ പ്രസാദ് പദ്ധതി

161(1320) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രസാദ് പദ്ധതിയുടെ ഭാഗമായി പെരുമ്പാവൂർ മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതിക്ക് തുക അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത മണ്ഡലത്തിൽ പ്രസാദ് പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഇല്ല. എന്നാൽ "ഡെവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എറണാകുളം ഡിസ്ട്രിക്ട്" എന്ന പദ്ധതിക്കായി ഏഴ് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദ പദ്ധതിരേഖ (ഡി.പി.ആർ.) തയാറാക്കി 20.02.2021-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## അരുവിക്കുഴി ടൂറിസം പദ്ധതി

162(1321) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) അരുവിക്കുഴി ടൂറിസം പദ്ധതിയുടെ മൂന്നാംഘട്ടത്തിന് അനുമതി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

അരുവിക്കുഴി വിനോദസഞ്ചാര പദ്ധതിയുടെ മൂന്നാംഘട്ടത്തിനായി കെ. ഇ. എൽ. തയാറാക്കി 98.70 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രൊപ്പോസൽ നിലവിൽ പരിശോധനയിലാണ്.

(ബി) ഇതിനുള്ള പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ടോ; എന്നത്തേയ്ക്കാണ് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. പരിശോധന പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**മൂന്നാറിനെ മികച്ച ടൂറിസം സെന്ററാക്കാൻ നടപടി**

163(1322) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിനെ മികച്ച ടൂറിസം സെന്ററാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മൂന്നാർ ടൂറിസം വികസനത്തിനായി ചുവടെ പറയുന്ന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

ബൊട്ടാണിക്കൽ ഗാർഡൻ ഒന്നാംഘട്ടം - 4.50 കോടി രൂപ

ബൊട്ടാണിക്കൽ ഗാർഡൻ രണ്ടാംഘട്ടം - 3.50 കോടി രൂപ

ബൊട്ടാണിക്കൽ ഗാർഡൻ മൂന്നാംഘട്ടം - 4.89 കോടി രൂപ

മൂന്നാർ പാർക്ക് സൗന്ദര്യവൽക്കരണ പദ്ധതി - 3.65 കോടി രൂപ

അഡീഷണൽ അക്കോമൊഡേഷൻ കോംപ്ലക്സ് (ഗവ. ഗസ്റ്റ് ഹൗസ്, മൂന്നാർ) അവശേഷിക്കുന്ന ജോലികൾ - 2,03,10,000/-(രണ്ടു കോടി മൂന്നു ലക്ഷത്തി പതിനായിരം) രൂപ.

(ബി) ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി തമിഴ്നാട്ടിൽനിന്നും മൂന്നാറിലേയ്ക്കുള്ള പഴയ ട്രെയിൻ സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അതുസംബന്ധിച്ച ശിപാർശകൾ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**നെന്മാറ മണ്ഡലത്തിലെ ചുള്ളിയാർ ഡാം ടൂറിസം പദ്ധതി**

164(1323) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ചുള്ളിയാർ ഡാം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ & ബി) നെന്മാറ മണ്ഡലത്തിലെ ചുള്ളിയാർ ഡാം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ടൂറിസം വകുപ്പിന്റേതായി പ്രൊപ്പോസലൊന്നും ലഭിച്ചിട്ടില്ല.

**ലോകനാർകാവ് പിൽഗ്രിം ടൂറിസം**

165(1324) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകനാർകാവ് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

ലോകനാർകാവ് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്കുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർകാവ് എന്ന പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതികളുടെ അടങ്കൽ തുകയും പ്രവൃത്തി പൂർത്തിയാക്കാനെടുക്കുന്ന കാലയളവും ഏജൻസികളുടെ വിവരങ്ങളും നിലവിലെ അവസ്ഥയും വിശദമാക്കാമോ?

ടി പദ്ധതിക്കായി 4.50 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ടി പദ്ധതി 18 മാസംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. M/s ULCCS Ltd. എന്ന സ്ഥാപനമാണ് പദ്ധതിയുടെ

നിർവ്വഹണ ഏജൻസി. പദ്ധതിയുടെ സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ലോകനാർകാവിൽ എന്തൊക്കെ മാറ്റങ്ങളാണ് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

ഈ പദ്ധതി പൂർത്തിയാകുന്നതോടെ ടി സ്ഥലം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കും തീർത്ഥാടകർക്കുമുള്ള സൗകര്യങ്ങളായ ടോയ്‌ലറ്റ്, ഡോർമെട്ടി, കുടിവെള്ളം എന്നിവ ലഭ്യമാകുന്നതാണ്. കൂടാതെ ഈ പദ്ധതിയിൽ ചുറ്റുമതിൽ, മഴവെള്ള സംഭരണി, സെപ്റ്റിക് ടാങ്ക്, കിണർ, അഗ്നിശമന സംവിധാനങ്ങൾ എന്നിവകൂടി ഉൾപ്പെടുന്നുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ പുതിയ ടൂറിസം പദ്ധതികൾ**

166(1325) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) വിനോദ സഞ്ചാരസാധ്യതയ്ക്കും സ്ഥലലഭ്യതയ്ക്കും അനുസൃതമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ചിമ്മിനി ഡാം മേഖലയിലെ ടൂറിസം വികസനം**

167(1326) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായ ചിമ്മിനി ഡാം മേഖലയുടെ വികസനത്തിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) വനം, തദ്ദേശം, ടൂറിസം, ജലവിഭവം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രസ്തുത മേഖലയിൽ ടൂറിസം വികസന പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പരിശോധിക്കാവുന്നതാണ്.

**വൈപ്പിൻ കടമക്കുടി സമഗ്ര ഗ്രാമീണ ടൂറിസം പദ്ധതി**

168(1327) **<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) എറണാകുളം ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പരിഗണനയിലിരിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ദ്വീപുകൾ കേന്ദ്രീകരിച്ചുള്ള സമഗ്ര ഗ്രാമീണ ടൂറിസം പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ഈ പദ്ധതിയുടെ DPR 2019-ൽ തയ്യാറാക്കിയെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും സ്ഥലലഭ്യതാനുമതി പത്രം ലഭിക്കാത്തതിനാൽ ടൂറിസം വകുപ്പിന് പരിഗണിക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സ്ഥലാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്.

**മണിയാർ ടൂറിസം പദ്ധതി**

169(1328) **ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) റാന്നി മണ്ഡലത്തിലെ മണിയാർ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മണിയാർ വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ?

നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കാനുള്ള നടപടി പുരോഗതിയിലാണ്.

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

നിർവ്വഹണ ഏജൻസിയുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി നടത്തിപ്പിനുള്ള നടപടി ആരംഭിക്കുന്നതാണ്.

**കായംകുളം കൃഷ്ണപുരം അഡ്വഞ്ചർ ടൂറിസം പദ്ധതി**

170(1329) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് **പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രത്തിൽ അഡ്വഞ്ചർ ടൂറിസം പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് വാപ്കോസ് എന്ന നിർവ്വഹണ ഏജൻസിയെ ചുമതല ഏല്പിച്ച് മാസങ്ങൾ ഏറെയായിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രത്തിൽ അഡ്വഞ്ചർ ടൂറിസം പദ്ധതിക്ക് 93.93 ലക്ഷം രൂപയുടെ ഭരണാനുമതി 04-08-2020-ൽ നൽകിയിരുന്നു. പദ്ധതി പൂർത്തീകരണ കാലാവധി 12 മാസമായിരുന്നു. എന്നാൽ 20 മാസം പിന്നിട്ടിട്ടും ഡി.റ്റി.പി.സി തെരഞ്ഞെടുത്ത നിർവ്വഹണ ഏജൻസിയായ വാപ്കോസ് പ്രവൃത്തികൾ ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്തിരിക്കുകയാണ്. DTPC പുതിയ നിർദ്ദേശം സമർപ്പിക്കുന്നതിനനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

171(1330) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** **താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളായ മാർമല അരുവി, അരുവിക്കച്ചാൽ വെള്ളച്ചാട്ടം, വേങ്ങത്താനം അരുവി എന്നീ ടൂറിസം പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഫണ്ട് അനുവദിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) മാർമല അരുവി, അരുവിക്കച്ചാൽ വെള്ളച്ചാട്ടം, വേങ്ങത്താനം അരുവി എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്ന കാര്യം ടൂറിസം വകുപ്പിന്റെ പരിഗണനയിലാണ്.

**കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് പദ്ധതി**

172(1331) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ടൂറിസം കേന്ദ്രങ്ങളിലെ കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് പദ്ധതിപ്രകാരം മലമ്പുഴ ഡാമിൽ ടോയ്‌ലറ്റ് സൗകര്യമൊരുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രവൃത്തിക്ക് ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ&ബി) മലമ്പുഴ ഉദ്യാനത്തിലെ വേൾഡ് ക്ലാസ് ടോയ്‌ലറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പും ജലസേചന വകുപ്പും തമ്മിൽ കരാറുടമ്പടിയിൽ ഏർപ്പെടുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ടി

പദ്ധതിക്ക് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ അനുമതി നൽകിയിട്ടുണ്ട്.

**കടലുകാണിപ്പാറയിലെ രണ്ടാംഘട്ട ടൂറിസം വികസനം**

173(1332) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കടലുകാണിപ്പാറയിൽ നടന്നുവരുന്ന രണ്ടാംഘട്ട ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

കടലുകാണിപ്പാറ വികസന പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

1. ലാൻഡ് സ്കേപ്പിംഗ് & ഹോർട്ടികൾച്ചർ വർക്സ്
2. സിവിൽ വർക്സ്
3. ഇലക്ട്രിക്കൽ വർക്സ്
4. വാട്ടർ സപ്ലൈ & സാനിറ്ററി
5. ഫയർ ഫൈറ്റിംഗ്

6. സെക്യൂരിറ്റി സിസ്റ്റം & അക്സസ് കൺട്രോൾ

7. ചിൽഡ്രൻസ് പ്ലേയിംഗ് എക്യുപ്മെന്റ്സ്

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്; മറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിർവ്വഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് 27-10-2021-ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. സൈറ്റ് ഡെവലപ്മെന്റ് വർക്കിനോടനുബന്ധിച്ചുള്ള എർത്ത് വർക്ക് എസ്കവേഷൻ നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ടി പദ്ധതിയുടെ പൂർത്തീകരണത്തിന് സാധ്യമാകുന്നവിധത്തിൽ മറ്റ് ഘടകങ്ങളായ, നിലവിലുള്ള നിർമ്മിതികളുടെ മെയിന്റനൻസ്, വാച്ച് ടവർ, മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റ്, പാർക്കിംഗ് ഏരിയ എന്നിവകൂടി ഉൾപ്പെടുത്തി ആയത് ഭരണാനുമതി തുകയിൽ നിലനിർത്തി പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മട്ടന്നൂർ പഴശ്ശി സ്മൃതിമണ്ഡപം**

174(1333) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി മട്ടന്നൂർ നഗരസഭയിലെ പഴശ്ശി സ്മൃതി മണ്ഡപം പുനരുദ്ധാരണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

16.3.2022 -ലെ സ.ഉ.(സാധാ) നം.68/2022/TSM പ്രകാരം മട്ടന്നൂർ നഗരസഭയിൽ നിലനിൽക്കുന്ന സ്മൃതിമണ്ഡപം പുനരുദ്ധാരണം നടത്തി ആംഫി തിയേറ്റർ ഉൾപ്പെടെയുള്ള സൗകര്യമൊരുക്കി കൂടുതൽ വിപുലമായ ഒരു സ്മൃതിമണ്ഡപമാക്കി മാറ്റുന്നതിന് മട്ടന്നൂർ പഴശ്ശി കോവിലകത്തിനുവേണ്ടി നീക്കിവച്ചിരുന്ന 3,57,19,966/- രൂപ (മൂന്നു കോടി അൻപത്തിയേഴ് ലക്ഷത്തി പത്തൊൻപതിനായിരത്തി തൊള്ളായിരത്തി അറുപത്താറ് രൂപ മാത്രം) കിഫ്ബിയുടെ അനുമതിക്ക് വിധേയമായി വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പദ്ധതിയുടെ രൂപ രേഖ തയ്യാറാക്കിവരുന്നു.

**ആലപ്പുഴ മണ്ഡലത്തിലെ തീർത്ഥാടക ടൂറിസം പദ്ധതി**

175(1334) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ആലപ്പുഴ മണ്ഡലത്തിൽ 2016 മേയ് മുതൽ തീർത്ഥാടന ടൂറിസം മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മണ്ഡലത്തിലെ കണിച്ചുകുളങ്ങര ദേവി ക്ഷേത്രത്തിൽ തീർത്ഥാടകർക്കായി 5.75 കോടി രൂപയുടെ ഒരു ഫെസിലിറ്റേഷൻ സെന്റർ ടൂറിസം വകുപ്പ് മുഖാന്തരം പണികഴിപ്പിച്ചിട്ടുണ്ട്. M/s. ULCCS Ltd. മുഖേന നടപ്പാക്കിയ ഈ പദ്ധതിയിൽ പാൻട്രി, ഫർണിച്ചർ എന്നിവയോടുകൂടിയ 33 മുറികളും 2 കടമുറികളുമാണുള്ളത്. ഈ പദ്ധതി 22.11.2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും കണിച്ചുകുളങ്ങര ദേവസ്വത്തിന് 5.2.2022-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം മുഖേന ഏതൊക്കെ വികസന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

തീർത്ഥാടന ടൂറിസം മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നാദാപുരം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

176(1335) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് **പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

നാദാപുരം മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിലവിൽ നാദാപുരം മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. മണ്ഡലത്തിലെ ടൂറിസം സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**തരൂർ മണ്ഡലത്തിലെ റിക്രിയേഷൻ പാർക്ക്**

177(1336) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ വലിയകുളത്തിന് സമീപത്തായി റിക്രിയേഷൻ പാർക്ക് നിർമ്മിക്കുമോയെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് പാലക്കാട് ഡി.ടി.പി.സി. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ച ഡി.പി.ആർ. പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഡി.പി.ആർ. ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കാമോ?

(എ-സി) തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ പരുവാശ്ശേരി വലിയകുളം റിക്രിയേഷൻ പാർക്ക് നിർമ്മാണത്തിനായി 1,99,67,699/- രൂപയുടെ ഡി.പി.ആർ. ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

**ക്ലിഫ്ഹൗസിലെ നിർമ്മാണ പ്രവൃത്തികൾ**

178(1337) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ക്ലിഫ്ഹൗസിൽ ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് വിനോദസഞ്ചാര വകുപ്പ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പാക്കിയിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിനോദസഞ്ചാര വകുപ്പ് ക്ലിഫ് ഹൗസിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന പുതിയ നിർമ്മാണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

**ടൂറിസം കേന്ദ്രങ്ങളിൽ ആംഫിബിയൻ വാഹന സൗകര്യം**

179(1338) <u>ശ്രീമതി കെ. കെ. രമ</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആംഫിബിയൻ വാഹന സൗകര്യം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കിയോ; എങ്കിൽ ഏതൊക്കെ ടൂറിസം കേന്ദ്രങ്ങളിലാണ് പ്രസ്തുത വാഹന സൗകര്യം ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി

വ്യക്തമാക്കാമോ?

(എ&ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആംഫിബിയൻ വാഹന സൗകര്യം ലഭ്യമാക്കുന്ന പദ്ധതി വകുപ്പിന്റെ പരിഗണനയിലാണ്. പദ്ധതിയുടെ ഫീസിബിലിറ്റി പരിഗണിച്ചശേഷം നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്.

**നവകേരളം കർമ്മ പദ്ധതി**

180(1339) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. മമ്മിക്കുട്ടി:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച വിലയിരുത്തലുകൾ പലതലങ്ങളിൽ നടത്തിയിട്ടുണ്ട്.

1. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള നവകേരളം കർമ്മപദ്ധതി 2 സമിതി യോഗങ്ങളിൽ അവലോകനം നടന്നിട്ടുണ്ട്.
2. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള വിദ്യാകിരണം സംസ്ഥാനമിഷൻ കർമ്മ സമിതി യോഗത്തിൽ അവലോകനം നടന്നിട്ടുണ്ട്.
3. വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ സംയുക്തമായി ചേരുന്ന അവലോകന യോഗങ്ങളിലും ഇതുസംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ട്.
4. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എം.എൽ.എ.മാർ ആവശ്യപ്പെട്ടതുപ്രകാരം പ്രസ്തുത എം.എൽ.എ.മാരുടെ നിയോജക മണ്ഡലത്തിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

കിഫ്ബി സഹായത്തോടെ ഭൗതിക സൗകര്യവികസനമാണ് നടത്തുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ച എന്ന

നിലയിലാണ് ഭൗതികസൗകര്യ വികസനം വിദ്യാകിരണം മിഷന്റെ ഭാഗമായി തുടരുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി അക്കാദമിക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. കോവിഡ് ഘട്ടത്തിലുണ്ടായ പഠനവിടവ് കണ്ടെത്തി പരിഹരിക്കാനാവശ്യമായ പഠനപിന്തുണ നൽകിവരുന്നു. പൊതുവെ പഠനപിന്തുണ വേണ്ട കുട്ടികൾക്ക് അവർക്കാവശ്യമായ മേഖലകളിൽ പഠനപിന്തുണ നൽകാനുള്ള പ്രവർത്തനങ്ങൾ സമഗ്രശിക്ഷയുടെ ഭാഗമായി നടക്കുന്നു. അതുപോലെ മികവ് കാട്ടുന്ന കുട്ടികൾക്ക് അവർ മികവ് കാട്ടുന്ന വിഷയങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷാബോധനത്തിനായി ഇ-ക്യൂബ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രൈമറി അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പ്രൈമറി തലങ്ങളിലെ അദ്ധ്യാപകരെ സജ്ജമാക്കുന്നതിനായി അവധിക്കാല അദ്ധ്യാപകപരിശീലനം എല്ലാ

അദ്ധ്യാപകർക്കും നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം അതത് അവസരങ്ങളിൽ അവലോകനവും ചെയ്യാറുണ്ട്.

## പാറശാല മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി

181(1340) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡല പരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കില നിർവ്വഹണ ഏജൻസിയായ മൈലച്ചൽ ജി.എച്ച്.എസ്.എസ്., കീഴാരൂർ ജി.എച്ച്.എസ്.എസ്., ധനുവച്ചപുരം എൻ.കെ.എം. ജി.എച്ച്.എസ്.എസ്., ആനാവൂർ ജി.എച്ച്.എസ്.എസ്., പാറശാല വി.എച്ച്.എസ്.ഇ. എന്നീ അഞ്ച് സ്കൂളുകളിലെ കെട്ടിട നിർമ്മാണപ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണസഹിതമുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

(എ-സി) പാറശാല നിയോജകമണ്ഡല പരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

<u>5 കോടി കിഫ്ബി പദ്ധതി</u>

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മാരായമുട്ടം ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

<u>1 കോടി കിഫ്ബി പദ്ധതി</u>

Govt. HSS Mylachal - KIIFB-ൽനിന്നും PED Drawings അംഗീകരിച്ചുകിട്ടാൻ വൈകിയതിനാൽ ടെണ്ടർ റദ്ദ് ചെയ്യുകയുണ്ടായി. നിലവിൽ PED അംഗീകാരം ലഭ്യമായിട്ടുണ്ട്. അടുത്ത ടെണ്ടറിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തുന്നതാണ്.

Govt. HSS Keezharoor - പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുകയും GF-ൽ ചെയ്ത പ്രവൃത്തിയുടെ Part Bill നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കരാറുകാരൻ കരാർ ഉടമ്പടി ലംഘിച്ച് പുതുക്കിയ നിരക്ക് ആവശ്യപ്പെട്ടതുകൊണ്ട് പ്രവൃത്തി നിർത്തിവയ്ക്കുകയും ആയത് നിയമവിരുദ്ധവും ശിക്ഷാർഹവുമാണെന്നും കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ ടെണ്ടർ നടപടി പ്രകാരവും PWD Manual പ്രകാരവും ടി കരാറുകാരനെ ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ കരാറിൽനിന്നും ഒഴിവാക്കുന്നതാണ് എന്നുകാണിച്ച് ടിയാന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. കരാറുകാരൻ പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയില്ലെങ്കിൽ ടിയാനെ ഒഴിവാക്കുന്ന നടപടി സ്വീകരിച്ച് പുതിയ കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കേണ്ടതായ സാഹചര്യമുണ്ടാകും.

Govt. HSS Anavoor-കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തെങ്കിലും നിലവിലുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ചുനീക്കാൻ കാലതാമസമുണ്ടായി എന്ന കാരണത്താൽ ടിയാനെ കരാർ ഉടമ്പടിയിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകുകയുണ്ടായി. എന്നാൽ ആയത് നിയമാനുസൃതമല്ലെന്നും കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി

പൂർത്തിയാക്കിയില്ലെങ്കിൽ കരാറുകാരനെ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാറിൽനിന്നും ഒഴിവാക്കുന്നതാണെന്നും കാണിച്ച് കരാറുകാരന് നോട്ടീസ് നൽകിയിരുന്നു. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട നിർമ്മാണ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ടി കരാറുകാരനെ ഒഴിവാക്കുന്നതും തുടർന്ന് മറ്റൊരു ടെണ്ടർ നടപടിയിലൂടെ പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

MKM GHSS Dhanuvachapuram - കരാറുകാരൻ ഏറ്റെടുത്തെങ്കിലും പ്രവൃത്തി യഥാസമയം ചെയ്യാതെ പുതിയ റേറ്റ് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ആയത് നിയമാനുസൃതം നൽകാൻ കഴിയില്ലെന്നും പ്രവൃത്തി കരാർ പ്രകാരം നടത്താത്തതിനാൽ ടിയാനെ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുന്നതിനുമുള്ള നടപടി നടന്നുവരുന്നു.

GVHSS & HSS PARASSALA-ഇത് 3 കോടി രൂപയുടെ പ്രവൃത്തിയാണ്. 13.05.2022-ലെ പുതുക്കിയ ഭരണാനുമതി പ്രകാരമുള്ള Planning & Designing ജോലികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തിക്ക് Feasibility ലഭ്യമായിട്ടുണ്ട്. Price-3-ൽ KILA PMU-നെ

ഉൾപ്പെടുത്തുന്നതിനുള്ള (3 കോടി രൂപയുടെ) പ്രവർത്തനങ്ങൾ ചീഫ് എഞ്ചിനീയർ ഓഫീസിൽ നടന്നുവരുന്നു. പൂർത്തിയാകുന്നമുറയ്ക്ക് Estimate തയ്യാറാക്കി TS നൽകി തുടർനടപടി സ്വീകരിക്കുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി

182(1341) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ഇരിക്കൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പദ്ധതികൾ അനുവദിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ പേരും ഓരോന്നിനും അനുവദിച്ച തുകയും വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ച സ്കൂളുകൾ ഏതെല്ലാമെന്നും നിലവിൽ പ്ലാനും എസ്റ്റിമേറ്റും അംഗീകാരത്തിനായി പരിഗണനയിലുള്ള സ്കൂളുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 5 കോടി, 3 കോടി, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ടിൽ അനുവദിച്ച ശ്രീകണ്ഠപുരം ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെയും 3 കോടി കിഫ്ബി ഫണ്ടിൽ അനുവദിച്ച ഇരിക്കൂർ ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെയും നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

ചുഴലി ഗവൺമെന്റ് എച്ച്.എസ്.എസ്., ശ്രീപുരം ഗവൺമെന്റ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ SPV ആയി ഇൻകലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ നിർമ്മാണത്തിന് കാലതാമസമുണ്ടായതിനാൽ SPV ആയി കിലയെ ചുമതലപ്പെടുത്തി. കില DPR കിഫ്ബിക്ക് സമർപ്പിക്കുകയും LSGD മുഖാന്തരം Feasibility Study പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

1 കോടി കിഫ്ബി ഫണ്ടിൽ അനുവദിച്ച ജി.എച്ച്.എസ്. രായരോം, ജി.എച്ച്.എസ്.എസ്. കണിയഞ്ചാൽ, ജി.എച്ച്.എസ്.എസ്. ഉളിക്കൽ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.എച്ച്.എസ്. നെടുങ്ങോം സ്കൂളിന്റെ നിർമ്മാണം 95 ശതമാനത്തോളം പൂർത്തിയായി. ജി.വി.എച്ച്.എസ്.എസ്. കാർത്തികപുരം സ്കൂളിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

## വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ

183(1342) <u>ശ്രീ. എച്ച് സലാം</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും അക്കാദമിക് നിലവാരവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് കഴിഞ്ഞ ആറ് വർഷമായി സർക്കാർ സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഇക്കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ?

(എ&ബി) കഴിഞ്ഞ ആറ് വർഷമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റേയും അതിന്റെ തുടർച്ചയായ

വിദ്യാകിരണത്തിന്റേയും ഭാഗമായി നടന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ പ്രവർത്തനങ്ങൾവഴി അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്ന എത്ര പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങളെ രക്ഷപ്പെടുത്താൻ കഴിഞ്ഞു; വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്ന മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ കേന്ദ്രീകരിച്ച് നിരവധി പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 2018-19-ൽ 10 കുട്ടികളിൽ കുറവുള്ള 11319 ഡിവിഷനുകളാണുണ്ടായിരുന്നത്. ഇതിൽ 2019-20 ആയപ്പോഴേക്കും 6263 ഡിവിഷനുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. ഏതാണ്ട് 55 ശതമാനത്തിലധികം ക്ലാസ്സുകളിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണത്തിന് പൊതുസമൂഹത്തെ ബോധവത്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമൂഹത്തെ പൊതുവിദ്യാലയങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിനായി രക്ഷാകർത്തൃ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. രക്ഷകർത്താക്കളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി "നന്മ പൂക്കുന്ന നാളേയ്ക്ക്" എന്ന പുസ്തകം എസ്.സി.ഇ.ആർ.ടി തയ്യാറാക്കി നൽകിയിട്ടുണ്ട്. ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, കലാ-സാംസ്കാരിക മേഖലയിലുള്ളവർ തുടങ്ങിയ സമൂഹത്തിന്റെ നാനാതലത്തിലുള്ള ആളുകളുടെയും പങ്കാളിത്തം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പട്ടാമ്പി - പൊതു വിദ്യാഭ്യാസ സംരക്ഷണം**

184(1343) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഈ വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെയുള്ള വർഷങ്ങളിൽ പട്ടാമ്പി മണ്ഡലത്തിൽ എത്ര സ്കൂളുകൾക്ക് എത്ര തുക വീതം അനുവദിച്ചു; വിശദാംശം നൽകാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചത് മുതൽ ഇതുവരെയുള്ള വർഷങ്ങളിൽ പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടന്നുവരുന്ന സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട നടുവട്ടം ഗവൺമെന്റ് ജനതാ എച്ച്.എസ്.എസ്-ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GHSS വാടാനക്കുറിശ്ശി, GVHSS കൊപ്പം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

GHSS പട്ടാമ്പി നിർമ്മാണം പുരോഗമിച്ചുവരുന്നു. 68 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

GHSS ചൂണ്ടംമ്പറ്റ, GOHSS പട്ടാമ്പി എന്നീ സ്കൂളുകളുടെ DPR തയ്യാറാക്കി കില LSGD മുഖാന്തരം feasibility study നടത്തി. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

GUPS പട്ടാമ്പി സ്കൂളിന്റെ DPR തയ്യാറാക്കി കില LSGD മുഖാന്തരം feasibility study നടത്തിയിരുന്നു. Coverage issue ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള പ്ലാനിൽ ചില മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ feasible കാറ്റഗറിയിലുൾപ്പെടുത്താൻ കഴിയൂ. തുടർനടപടി സ്വീകരിച്ചുവരുന്നു.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHS വിളയൂർ, GUPS നരിപ്പറമ്പ എന്നീ സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 70 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വല്ലപ്പുഴ GHS-ന്റെ നിർമ്മാണ നടപടി ആരംഭിച്ചിട്ടുണ്ട്.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി**

185(1344) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പദ്ധതികൾ അനുവദിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ പേരുവിവരങ്ങളും അവയ്ക്ക് അനുവദിച്ച തുകയും വെളിപ്പെടുത്തുമോ?

കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പദ്ധതികൾ അനുവദിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ പേരും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ട്

കരുനാഗപ്പള്ളി ഗവൺമെന്റ് വി &എച്ച്. എസ്.എസ്.

3 കോടി കിഫ്ബി ഫണ്ട്

തഴവ ഗവൺമെന്റ് എ.വി.എച്ച്.എസ്.

ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. തഴവ

ജി.എച്ച്.എസ്.എസ്. കുലശേഖരപുരം

1 കോടി കിഫ്ബി ഫണ്ട്

തഴവ എ.വി.എൽ.പി.എസ്

ഗവൺമെന്റ് ന്യൂ എൽ.പി.എസ്. ഇടമൺ

ജി.എൽ.പി.എസ്. കൊറ്റംപള്ളി

ജി.റ്റി.എൽ.പി.എസ്. ഇടപ്പന

ആദിനാട് യു.പി.എസ്.

തൊടിയൂർ ജി.എച്ച്.എസ്.എസ്.

(ബി) ഇവയിൽ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ച സ്കൂളുകൾ ഏതെല്ലാമെന്നും പ്ലാനും എസ്റ്റിമേറ്റും അംഗീകാരത്തിനായി ഇപ്പോൾ പരിഗണനയിലുള്ള സ്കൂളുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

**നിർമ്മാണം ആരംഭിച്ച സ്കൂളുകൾ**

5 കോടി കിഫ്ബി ഫണ്ട്

കരുനാഗപ്പള്ളി ഗവൺമെന്റ് വി&എച്ച്.എസ്.എസ്
- നിർമ്മാണം പൂർത്തീകരിച്ചു.

3 കോടി കിഫ്ബി ഫണ്ട്

തഴവ ഗവൺമെന്റ് എ.വി.എച്ച്.എസ്., ജി.എച്ച്.എസ്.എസ് കുലശേഖരപുരം - നിർമ്മാണം പൂർത്തീകരിച്ചു.

1 കോടി കിഫ്ബി ഫണ്ട്

തഴവ എ.വി.എൽ.പി.എസ് - 25% നിർമ്മാണം പൂർത്തിയായി.

ആദിനാട് യു.പി.എസ്. - നിർമ്മാണ നടപടി ആരംഭിച്ചു.

തൊടിയൂർ ജി.എച്ച്.എസ്.എസ്. - ടെണ്ടർ നടപടി സ്വീകരിച്ചു.

**പ്ലാനും എസ്റ്റിമേറ്റും അംഗീകാരത്തിനായി ഇപ്പോൾ പരിഗണനയിലുള്ള സ്കൂളുകൾ**

3 കോടി കിഫ്ബി ഫണ്ട്

ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. തഴവ

1 കോടി കിഫ്ബി ഫണ്ട് ഗവൺമെന്റ് ന്യൂ എൽ.പി.എസ്. ഇടമൺ, ജി.എൽ.പി.എസ്. കൊറ്റംപള്ളി, ജി.റ്റി.എൽ.പി.എസ്. ഇടപ്പന എന്നീ സ്കൂളുകൾ നേരത്തെ not feasible കാറ്റഗറിയിൽ കണ്ടെത്തിയ 3 സ്കൂളുകൾക്ക് പകരം ഭരണാനുമതി നൽകിയ സ്കൂളുകളാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

186(1345) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ നടപ്പിലാക്കിവരുന്ന സ്മാർട്ട് ക്ലാസ്സ് റൂം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; കിഫ്ബി, പ്ലാൻഫണ്ട്, എം.എൽ.എ. ആസ്തിവികസന ഫണ്ട്, ബഡ്ജറ്റ് ഫണ്ട് എന്നിങ്ങനെ തരം തിരിച്ച് വിവരം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ കൈറ്റിന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിയിരുന്നു. മണ്ഡലത്തിലെ സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയുടെ പ്ലാൻഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കലവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനുവേണ്ടി 2021-22 വർഷത്തെ ബഡ്ജറ്റ് ഫണ്ടിൽ നിന്നും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1,99,767/- രൂപയും ഫർണിച്ചർ വാങ്ങുന്നതിന് 1,98,985/- രൂപയും ചെലവഴിച്ചു. പ്ലാൻ ഫണ്ടുപയോഗിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനം നടത്തിയിട്ടില്ല.

## കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

187(1346) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, എസ്.എസ്.കെ ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിർമ്മാണ

പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കുട്ടനാട്ടിലെ എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലങ്ങളും ശുചിമുറികളും മികച്ച നിലവാരത്തിൽ ഒരുക്കി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ ഉപയോഗിച്ചുവരുന്നു. ശുചിത്വമിഷൻ, മറ്റ് ഏജൻസികളുടെ ഫണ്ടുകൾ, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് ശുചിമുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

## സ്കൂളുകൾ തുറന്നപ്പോൾ കുട്ടികൾ നേരിട്ട പ്രതിസന്ധികൾ

188(1347) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന

**ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പുതിയ അക്കാദമിക വർഷത്തിൽ സ്കൂളുകൾ തുറന്നപ്പോൾ പല സ്കൂളുകളിലും നിരവധി കുട്ടികൾക്ക് ഛർദ്ദിയും വയറിളക്കവും ഉൾപ്പെടെയുള്ള അസ്വസ്ഥതകളുണ്ടായെന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

വിഷയത്തെ ഏറെ ഗൗരവത്തോടെ കാണുകയും അതനുസരിച്ചുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കോവിഡുമൂലം ദീർഘനാളായി അടഞ്ഞുകിടന്ന സ്കൂളുകൾ തുറന്നപ്പോൾ സ്കൂളുകളിലെ കുടിവെള്ള സ്രോതസ്സുകളും കുടിവെള്ള സംഭരണികളും മാലിന്യമുക്തമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം നൽകുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡുമൂലം അടഞ്ഞുകിടന്ന സ്കൂളുകൾ പുനരാരംഭിച്ചത് 2021 നവംബർ 1 മുതലാണ്. സ്കൂൾ തുറക്കുന്നതിനുമുന്നോടിയായി "തിരികെ സ്കൂളിലേയ്ക്ക് " എന്ന പേരിൽ സ്കൂൾ തുറക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയിരുന്നു. പുതിയ അദ്ധ്യയന വർഷം സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് കുടിവെള്ള സ്രോതസ്സുകളും കുടിവെള്ള സംഭരണികളും മാലിന്യ

മുക്തമാക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്കൂളുകളിലെ വാട്ടർ ടാങ്കുകൾ മാസത്തിലൊരിക്കൽ വൃത്തിയാക്കുന്നതിനും കിണറുകൾ ആറ് മാസത്തിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്യാനും എല്ലാ സ്കൂളുകൾക്കും കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പരിശോധനയിൽ ഇത് കൃത്യമായി നിരീക്ഷിക്കുന്നുണ്ട്.

(സി) ഈ അദ്ധ്യയന വർഷം സ്കൂളുകൾ തുറക്കുന്നതിനുമുമ്പ് രാസപരിശോധന നടത്തി കുടിവെള്ളം ഉപയോഗയോഗ്യമാണെന്ന് ഉറപ്പാക്കുന്നതിന് സംസ്ഥാന വ്യാപകമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

പരിശോധിക്കുന്നതിനുള്ള നിർദ്ദേശം സ്കൂൾ തുറക്കുന്നതിനുമുൻപുതന്നെ നൽകിയിട്ടുണ്ട്.

(ഡി) അക്കാദമിക വർഷം ആരംഭിക്കുന്നതിനുമുമ്പ് ശരിയായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചില്ലെന്ന ആക്ഷേപം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സ്കൂളുകളിലുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയാണ് സ്കൂൾ തുറന്നത്. സ്കൂളുകളിൽ എന്തെങ്കിലും പ്രതിസന്ധികൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

189(1348) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിക്കുന്ന തുക ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്?

സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഓരോ ഉദ്യോഗസ്ഥനെ

ജില്ലാ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തുകയും നിർമ്മാണത്തിന് തടസ്സങ്ങൾ നേരിടുന്ന സ്കൂളുകളിൽ ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസികൾ, സ്കൂൾ അധികൃതർ, വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ചേർന്ന് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലെന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആയതിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിഹാരം കാണാറുണ്ട്. കൂടാതെ, നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

(ബി) കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര സ്കൂളുകൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്നും ആയത് ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ മുഖേന 2066 സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം -വടക്കാഞ്ചേരി മണ്ഡലം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

190(1349) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം സ്രോതസ്സുകളിൽനിന്നുള്ള ഫണ്ടുകളാണ് ഉപയോഗിച്ചതെന്ന് പട്ടികരൂപത്തിൽ ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്ത സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 5 കോടി കിഫ്ബി പദ്ധതി | - | GBHSS വടക്കാഞ്ചേരി |
| 3 കോടി കിഫ്ബി പദ്ധതി | - | ജി.ജി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി |
| 1 കോടി കിഫ്ബി പദ്ധതി | - | സി.എം.ജി.എച്ച്.എസ്.എസ്. കുറ്റൂർ,<br>ജി.എച്ച്.എസ്.എസ്. മച്ചാട് |

## വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സൈബർ സുരക്ഷയിൽ പരിശീലനം

191(1350) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. വി. ആർ. സുനിൽകുമാർ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഴുവൻ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സൈബർ സുരക്ഷയിൽ അവബോധമുണ്ടാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സൈബർ സുരക്ഷയിൽ അവബോധമുണ്ടാക്കുന്നതിന് ആദ്യഘട്ടമായി 'സത്യമേവജയതേ' എന്നപേരിൽ പ്രത്യേക ബോധവൽക്കരണ പരിപാടി എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ കുട്ടികൾക്ക് നൽകിയിരുന്നു. കൂടാതെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക ക്ലാസ്സുകളും നടത്തി.

(ബി) പൊതുവിദ്യാലയങ്ങളിലെ ലിറ്റിൽ കൈറ്റ്സ്, ഐ.ടി. ക്ലബ്ബുകൾ തുടങ്ങിയ സംവിധാനങ്ങൾ വഴി എല്ലാ വിദ്യാർത്ഥികളുടെയും അമ്മമാർക്ക് സൈബർ സുരക്ഷയിൽ അവബോധം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകളുടെ നേതൃത്വത്തിൽ മൂന്ന് ലക്ഷം അമ്മമാർക്കുള്ള പരിശീലനം പൂർത്തിയാക്കി. അത് എല്ലാ രക്ഷാകർത്താക്കൾക്കും നൽകുന്നതിന് ക്രമീകരണം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 'സത്യമേവജയതേ' എന്ന പേരിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗം കുട്ടികൾക്ക് ഒന്നാംഘട്ട പരിശീലനം നൽകിയിരുന്നു. പ്രസ്തുത പരിശീലനം ഓഗസ്റ്റ് 31-നുമുമ്പ് അഞ്ച് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലുള്ള എല്ലാ കുട്ടികൾക്കുമായി വീണ്ടും നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി മാസ്റ്റർ ട്രെയിനികളായി വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിലെ അംഗങ്ങളെ പരിശീലകരായി നിയോഗിച്ചുകൊണ്ട് കൈറ്റ് മാസ്റ്റർ/മിസ്ട്രസ് അദ്ധ്യാപകരുടെ നേതൃത്വത്തിലാണ് മൂന്ന് ലക്ഷം അമ്മമാർക്കുള്ള പരിശീലനം പൂർത്തിയാക്കിയത്.

(ഡി) വിദ്യാർത്ഥികളുടെ അമ്മമാരിൽ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിൽ ഈ പദ്ധതി എത്രത്തോളം സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പരിശീലനത്തിന്റെ ഭാഗമായുള്ള വിലയിരുത്തൽ കൈറ്റ് നടത്തിയിരുന്നു. മിക്ക സ്ഥലങ്ങളിലും തുടർപരിശീലനത്തിനും സംശയദുരീകരണത്തിനുമായി ഫീഡ്ബാക്കിൽ കൂടുതൽ ക്ലാസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

## ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം

192(1351) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. എം. വിജിൻ:</u>

<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് അദ്ധ്യയന വർഷങ്ങളിൽ നേരിട്ടുള്ള ക്ലാസ്സുകൾ വളരെ കുറച്ച് മാത്രം ലഭിച്ചതുകാരണമുണ്ടായ വിടവ് നികത്തുന്നതിന് പ്രത്യേക പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഉണ്ട്. ഈ അദ്ധ്യയന വർഷത്തെ അവധിക്കാല അദ്ധ്യാപക സംഗമത്തിൽ ഈ വിഷയം പ്രധാന ഉള്ളടക്കമേഖലയായി പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക പരിശീലന പരിപാടിയാണ് നടന്നത്. " കുട്ടിയെ അറിയുക" എന്ന പ്രധാന ആശയത്തെ അടിസ്ഥാനമാക്കിയാണ് ഈ വർഷത്തെ അദ്ധ്യാപക ശാക്തീകരണം നടത്തിയത്. കുട്ടികളുടെ മാനസികവും, സാമൂഹികവും, അക്കാദമികവുമായ വിടവ് കണ്ടെത്തി പരിഹരിക്കുന്നതിന് സ്കൂൾ തുറന്നുള്ള ആദ്യഘട്ടങ്ങളിൽ പ്രത്യേക പഠന പിന്തുണാ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ ഈ വിഷയവുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും

ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇടപെടലുകളും നടന്നുവരുന്നു. അടിസ്ഥാന ഭാഷാശേഷി വികസനം, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലുണ്ടായിട്ടുള്ള പഠനവിടവ് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ S.S.K ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെയും പിന്നാക്ക മേഖലയിലുള്ള കുട്ടികളുടെയും പഠന മികവ് മെച്ചപ്പെടുത്താൻ പദ്ധതി ഉണ്ടോ?

ഉണ്ട്, കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ കണ്ടെത്തുന്നതിനും പിന്നാക്ക മേഖലയിലുള്ള കുട്ടികളുടെ പഠന മികവ് മെച്ചപ്പെടുത്താനും ആവശ്യമായ പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി.-യുടെ അക്കാദമിക പിന്തുണയോടെ സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ആദിവാസി, ഗോത്ര മേഖലകളിൽ നിരവധി പിന്തുണാ പ്രവർത്തനങ്ങൾ നൽകിവരുന്നു. പഠന പ്രയാസം നേരിടുന്ന കുട്ടികൾക്കും പിന്നാക്ക മേഖലയിലുള്ള കുട്ടികളുടെയും പഠനമികവ് മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(സി) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സജീവമായ കർമ്മപദ്ധതിയാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. സ്കൂളുകളുടെ ഭൗതികനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിവിധ ഏജൻസികളുടെയും കിഫ്ബിയുടെയും സഹകരണത്തോടെ മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. ക്ലാസ് മുറികൾ ഹൈടെക്കാക്കിമാറ്റാൻ കംപ്യൂട്ടറുകളുടെയും ലാപ്ടോപ്പുകളുടെയും ഇതര അനുബന്ധസാമഗ്രികളുടെയും വിതരണം, സ്കൂൾ കാമ്പസ് നവീകരണം, സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം തയ്യാറാക്കൽ, വിദ്യാലയങ്ങളിൽ ബട്ടർഫ്ലൈ പാർക്ക് തുടങ്ങി വിവിധ രീതികളിൽ സ്കൂളുകളിൽ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള നടപടി പുരോഗമിക്കുന്നു. വിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകർക്കും (പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി) പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് കുട്ടികൾക്കുണ്ടായ പഠനവിടവ് പരിഹരിക്കുന്നതിനും സ്കൂൾതല

അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും അനുയോജ്യമായ കഴിവുകൾ അദ്ധ്യാപകരിൽ വികസിപ്പിക്കുക എന്നത് ലക്ഷ്യമിട്ടാണ് പരിശീലനം സംഘടിപ്പിച്ചുവരുന്നത്. വലിയൊരു വിഭാഗം അദ്ധ്യാപകർക്ക് അവധിക്കാലത്തുതന്നെ പരിശീലനം നൽകിക്കഴിഞ്ഞു. 'കുട്ടിയെ അറിയുക' എന്ന അടിസ്ഥാന ലക്ഷ്യത്തിലൂന്നിയാണ് അദ്ധ്യാപക ശാക്തീകരണം നടത്തുന്നത്. സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(1) ഭാഷാ നൈപുണി വർദ്ധിപ്പിക്കുന്നതിന് വായനാച്ചങ്ങാത്തം, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പരിപാടികളും തമിഴ്, കന്നട ഭാഷകളിലുള്ള പരിപാടികളും നടപ്പിലാക്കിവരുന്നു.

(2) ശാസ്ത്രാഭിരുചി വളർത്തുന്നതിനും ഗവേഷണാത്മക പഠനത്തിന് പ്രാധാന്യം നൽകുന്നതിനുമായി ശാസ്ത്രപാർക്ക്, ശാസ്ത്രപഥം, ടിങ്കറിംഗ് ലാബ്, ശാസ്ത്രകിറ്റുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

(3) ഗണിതശേഷി വികസിപ്പിക്കുന്നതിനും ഗണിതം ആസ്വദിച്ച് പഠിക്കുന്നതിനും ഉല്ലാസഗണിതം, ഗണിതവിജയം, ഗണിതകിറ്റ്, ഗണിതലാബ്, ഗണിതപാർക്ക്, ഗണിതോത്സവം, അളക്കാം പഠിക്കാം തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നു.

(4) സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ മികവ് പുലർത്തുന്നതിന് ഭൂമിശാസ്ത്രലാബ്, സ്കൂൾ വെതർ സ്റ്റേഷൻ, പ്രാദേശിക ചരിത്രരചന, ഫിനാൻഷ്യൽ ലിറ്ററസി, കൊമേഴ്സ് വിഷയവുമായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നു.

(5) ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ, വർക്ക് എഡ്യൂക്കേഷൻ, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങളും ഊരുവിദ്യാ കേന്ദ്രങ്ങളും കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നു.

**കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗം**

193(1352) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ സാഹചര്യത്തിൽ നൽകിയ ഓൺലൈൻ വിദ്യാഭ്യാസത്തിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് പഠനം നടത്തിയ കുട്ടികൾ സ്കൂളുകൾ തുറന്നതിനുശേഷവും അമിതമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനാൽ അവർക്ക് പഠനത്തിലുള്ള ശ്രദ്ധ കുറഞ്ഞുവരികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇതുസംബന്ധിച്ച പഠനങ്ങൾ ഒന്നുംതന്നെ ഇതുവരെ നടത്തിയിട്ടില്ല.

(ബി) കുട്ടികളുടെ അമിതമായ മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കുന്നതിനും പഠനത്തിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുമായി സ്കൂൾ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗം ഫലപ്രദമായി മാത്രം നടത്തുന്നതിനും ഐ.ടി. ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഉപകരണങ്ങളുടെ ആവശ്യമില്ലാത്ത പ്രയോഗം ഇല്ലാതാക്കുന്നതിനും പ്രത്യേക പരിശീലനം കുട്ടികൾക്കും രക്ഷിതാക്കൾക്കും കൈറ്റ് മുഖേന ക്രമീകരിച്ചിരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾക്കുള്ള പദ്ധതികൾ**

194(1353) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് വിവിധ പദ്ധതികളിലുൾപ്പെടുത്തി തുകകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ ഗവൺമെന്റ് എൽ.പി. സ്കൂൾ, കണ്ണനാംകുഴിക്ക് കെട്ടിട നിർമ്മാണത്തിനായി പദ്ധതിയിനത്തിൽ 29.4 ലക്ഷം രൂപ ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിക്കുകയുണ്ടായി.

(ബി) ഗവൺമെന്റ് എച്ച്.എസ്.എസ്. കുന്നത്തിന് മൂന്നാംനില പൂർത്തീകരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിനുള്ള തുക അനുവദിക്കുമോ?

പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയും.

**വിദ്യാലയങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടി**

195(1354) <u>ശ്രീ. എം. വിൻസെന്റ്</u>:

ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കായംകുളത്തും കൊട്ടാരക്കരയിലും വിഴിഞ്ഞത്തുമുള്ള വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം കഴിച്ചതിനെത്തുടർന്ന് വിദ്യാർത്ഥികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഏറെ ഗൗരവത്തോടെ കാണുന്നു. അങ്കണവാടി കുട്ടികൾക്കാണ് കൊട്ടാരക്കരയിൽ ഭക്ഷ്യവിഷബാധയുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ തുടർനടപടി സ്വീകരിക്കേണ്ടത് വനിതാ ശിശുവികസന വകുപ്പാണ്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന തിരുവനന്തപുരം ജില്ലയിലെ ഉച്ചക്കട എൽ.എം.എസ്. എൽ.പി.എസ്, ആലപ്പുഴ ജില്ലയിലെ കായംകുളം ടൗൺ യു.പി.എസ് എന്നിവിടങ്ങളിൽ യഥാക്രമം ജൂൺ 2, 3 തീയതികളിൽ ഉച്ചഭക്ഷണം കഴിച്ച ചില കുട്ടികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആരോഗ്യ, ഭക്ഷ്യ സുരക്ഷാ വകുപ്പുകളുടെ

സഹകരണത്തോടെ വിശദമായ അന്വേഷണം നടത്തുകയും ആവശ്യമായ തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി രണ്ട് സ്കൂളുകളിൽനിന്നും ഭക്ഷ്യ വസ്തുക്കളുടേയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ കീഴിലുള്ള സർക്കാർ അനലിറ്റിക്കൽ ലബോറട്ടറിയിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടി പൂർത്തീകരിക്കുന്നതുവരെ ടി സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. ടി പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് ലഭിച്ചതും വിനിയോഗിക്കാത്തതുമായ അരി മുഴുവനായും ബന്ധപ്പെട്ട സപ്ലൈകോ മാവേലിസ്റ്റോറുകളിലേയ്ക്ക് തിരികെ നൽകുകയും പകരം പുതിയ അരി ലഭ്യമാക്കുകയും ചെയ്തു. ഭക്ഷണം പാകം ചെയ്യുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സ്കൂളുകളിൽ സൂക്ഷിച്ചിരുന്ന പലവ്യഞ്ജനങ്ങളടക്കമുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും നീക്കം ചെയ്തു. കുടിവെള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിലെ മുഖ്യ ജലസ്രോതസ്സായ കിണർ ശുചീകരിക്കുകയും അണുവിമുക്തമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് പാകം ചെയ്ത് നൽകേണ്ട ഭക്ഷണ

സാധനങ്ങൾ സ്കൂളുകൾ തുറക്കുന്നതിനുമുൻപുതന്നെ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്രം അനുവദിക്കുന്ന അരി എഫ്.സി.ഐ, സപ്ലൈകോ എന്നിവയുടെ ഗുണനിലവാര പരിശോധനയ്ക്കുശേഷമാണ് സ്കൂളുകൾക്ക് നിലവിൽ വിതരണം ചെയ്തുവരുന്നത്. പ്രസ്തുത പദ്ധതിക്കായി സ്കൂളുകളിൽ വാങ്ങുന്ന പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, ഭക്ഷ്യ എണ്ണ മുതലായ ടി ഭക്ഷ്യ സാധനങ്ങളുടെ (അരി ഒഴികെ) ഗുണമേന്മ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്കാണ്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സാധനങ്ങൾ കഴിവതും സർക്കാർ അംഗീകൃത ഏജൻസികളിൽനിന്ന് (സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ്) വാങ്ങണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും അവ ഇല്ലാത്തയിടങ്ങളിൽ മിൽമയിൽനിന്നും പാൽ വാങ്ങണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിദ്യാലയങ്ങളിൽ ഭക്ഷ്യവിഷബാധ ഉണ്ടായിരിക്കുന്ന

സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ചില സ്കൂളുകളിൽ ഭക്ഷ്യവിഷബാധയുണ്ടായ സാഹചര്യം കണക്കിലെടുത്ത് ആരോഗ്യ, ഭക്ഷ്യ സുരക്ഷ, ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ ആവശ്യമായ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തുന്നതിനും ജലവിഭവ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും കുടിവെള്ള പരിശോധന നടത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതന വ്യവസ്ഥ

196(1355) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യത്തിന് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, അനദ്ധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവർക്ക് ഏതെങ്കിലും തരത്തിലുള്ള നിശ്ചിത വേതന വ്യവസ്ഥ സർക്കാർ നിർണ്ണയിച്ച്

നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്; സംസ്ഥാനത്തെ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് മിനിമം വേതനം വ്യക്തമാക്കിക്കൊണ്ട് 14.02.2011-ലെ സ.ഉ. (എം.എസ്) നം.36/11/11/പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന അനദ്ധ്യാപകർക്ക് മിനിമം വേതനം വ്യക്തമാക്കിക്കൊണ്ടും സേവന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടും, തൊഴിലും നൈപുണ്യവും വകുപ്പ് 15.02.2021-ന് 739 നമ്പരായി അസാധാരണ ഗസറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 7.03.2020-ലെ ഗസറ്റ് നം. 807 പ്രകാരം അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപികമാരടക്കമുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിലെ വ്യവസ്ഥകൾ ബാധകമാക്കിയിട്ടുണ്ട്.

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

197(1356) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാരം പൂർണ്ണമായി ഉറപ്പാക്കാൻ പൊതുവിദ്യാഭ്യാസ-ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ ഇടയ്ക്കിടെ പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രാദേശിക ആരോഗ്യ വകുപ്പ്-ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രതിനിധികൾ തുടർച്ചയായി പരിശോധനകൾ നടത്താറുണ്ട്. എല്ലാ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിലും ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള നൂൺമീൽ ഓഫീസർമാരെ നിയമിച്ചിട്ടുള്ളതും ഈ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട എ.ഇ.ഒ.-യുടെ പരിധിയിൽവരുന്ന സ്കൂളുകളിൽ ഒരു മാസം കുറഞ്ഞത് 10 സ്കൂളുകളിൽ സന്ദർശനം നടത്തുകയും ചെയ്യാറുണ്ട്. മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധന നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നൂൺ ഫീഡിംഗ്

സൂപ്പർവൈസർമാരുടെ തസ്തിക സൃഷ്ടിച്ച് പരിശോധനാ സംവിധാനം കുറ്റമറ്റതാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നൂൺ ഫീഡിംഗ് സൂപ്പർവൈസർമാരുടെ തസ്തികയുടെ ആവശ്യകതയുള്ളപക്ഷം ആയത് പരിശോധിക്കുന്നതാണ്. നിലവിൽ എല്ലാ ജില്ലയിലും വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലാ നോഡൽ ഓഫീസറായും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉപജില്ലാ നോഡൽ ഓഫീസർമാരുമായി ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തൃപ്തികരമായി നടത്തിവരുന്നുണ്ട്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഒരു സെക്ഷൻ നൂൺ ഫീഡിംഗ് സൂപ്പർവൈസർമാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഏറ്റവും മികച്ച രീതിയിൽ നടത്തിവരുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തീരുമാനവും നിർദ്ദേശവുമനുസരിച്ചാണ്

പദ്ധതിയിൽ പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഫ്ലക്സി ഫണ്ടിനുകീഴിൽ വയനാട്, ഇടുക്കി ജില്ലകളിലേയും പാലക്കാട് ജില്ലയിലെ ട്രൈബൽ മേഖലകളിലും കുട്ടികൾക്ക് ആഴ്ചയിൽ 100 ഗ്രാം വീതം കപ്പലണ്ടി മിഠായി നൽകുന്ന ഒരു നൂതന പദ്ധതിക്ക് 2022-23 വർഷത്തെ വാർഷിക വർക്ക് പ്ലാൻ & ബഡ്ജറ്റ് പ്രൊപ്പോസലിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കും; ആയതിന് 13.05.2022-ൽ ചേർന്ന PAB യോഗം അനുമതി നൽകിയിട്ടുണ്ട്. 179000 കുട്ടികൾക്ക് പ്രയോജനപ്പെടുന്ന ടി പദ്ധതിയുടെ നടത്തിപ്പിനായി ഏകദേശം 2148 ലക്ഷം രൂപയാണ് ചെലവുവരുന്നത്. ഇതിൽ 1288.80 ലക്ഷം രൂപ കേന്ദ്ര വിഹിതവും 859.20 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. നടപ്പുവർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

198(1357) **<u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ഉച്ചഭക്ഷണം നൽകിയ വകയിൽ സ്കൂളുകൾക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ ആകെ എത്ര തുകയാണ് കുടിശ്ശികയായി നൽകാനുള്ളതെന്നറിയിക്കുമോ?

ഉണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പാചക ചെലവിനത്തിലെ കുടിശ്ശികയിനത്തിൽ സ്കൂളുകൾക്ക് 2,04,56,750/- (രണ്ട് കോടി നാല് ലക്ഷത്തി അമ്പത്താറായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപ ഇതിനകം അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്കൂളുകൾക്ക് 2017 മുതൽ നൽകാനുള്ള കുടിശ്ശിക ഓരോ അദ്ധ്യയനവർഷത്തിന്റെയും അടിസ്ഥാനത്തിൽ എത്രയെന്ന് അറിയിക്കാമോ;

(സി) വർദ്ധിച്ചുവരുന്ന കുടിശ്ശികമൂലം ഉച്ചഭക്ഷണ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

(ബി&സി) 2017-18, 2018-19, 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ ഈ ഇനത്തിൽ കുടിശ്ശികയൊന്നും നൽകാനില്ല. 2019-20 അദ്ധ്യയന വർഷം കോവിഡ് ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ പാചക ചെലവിനത്തിലുള്ള 36,18,785/- (മുപ്പത്തിയാറ് ലക്ഷത്തി

പതിനെട്ടായിരത്തി എഴുന്നൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ഡി) ഉച്ചഭക്ഷണ പദ്ധതിക്കായി മുൻ സർക്കാരിന്റെ കാലയളവിൽ എത്ര തുക അനുവദിച്ചു; ചെലവഴിച്ചതെത്ര; നിലവിലെ ബഡ്ജറ്റിൽ എത്ര തുക ഇതിനായി അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉച്ചഭക്ഷണ പദ്ധതിക്കായി മുൻ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+ നിലവിലെ ബഡ്ജറ്റിൽ ടി പദ്ധതിക്കായി 567.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് പരിശോധന

199(1358) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. സജീവ് ജോസഫ്:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്ന കാര്യത്തിലും വിവിധ ഗ്രാന്റുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിലും അനന്തമായ കാലതാമസവും ക്രമവിരുദ്ധതയും നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിയമനാംഗീകാരം നൽകുന്ന കാര്യത്തിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇത്തരം ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. വിവിധ ഗ്രാന്റുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിൽ അനന്തമായ കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹയർ സെക്കൻഡറി വിഭാഗത്തിൽ അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്നതിൽ കാലതാമസം വരുത്തുന്നതായോ ക്രമവിരുദ്ധതയുള്ളതായോ നിലവിൽ പരാതികൾ ലഭിച്ചിട്ടില്ല. ഹയർ സെക്കൻഡറി തലത്തിൽ ഗ്രാന്റുകൾ ഒന്നുംതന്നെ അലോട്ട് ചെയ്യുന്നില്ല.

സ്കോളർഷിപ്പുകളാണ് കുട്ടികൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്നത്.

(ബി) ഡി.ഡി., ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകളിൽ വിജിലൻസ് പരിശോധന നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം പരിശോധന നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഡി.ഡി., ഡി.ഇ.ഒ., എ.ഇ.ഒ., ഓഫീസുകളിൽ വിജിലൻസ് പരിശോധന നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധന റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ ഇപ്രകാരം പരിശോധന നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമല്ല.

(സി) പ്രസ്തുത പരിശോധനകളിലൂടെ ആശാസ്യമല്ലാത്ത കാര്യങ്ങൾ വകുപ്പിൽ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒരേ ഓഫീസിൽ ഒരേ സീറ്റിൽ നാലോ അതിലധികമോ വർഷമായി ജോലി ചെയ്യുന്നവരുണ്ടോ; ഇതുസംബന്ധിച്ച പരിശോധന വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2020 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം 25.02.2017-ലെ സ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഓൺലൈൻ സംവിധാനത്തിൽ നടത്തുന്നതിനാൽ വകുപ്പിനുകീഴിലുള്ള എല്ലാ ഓഫീസുകളിലെയും സ്കൂളുകളിലെയും 5 വർഷം പൂർത്തീകരിച്ച ജീവനക്കാർ സ്ഥലം മാറ്റപ്പെടുന്നുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ പ്രത്യേക പരിഗണന നൽകിയ ജീവനക്കാരെ മാത്രം നിലവിലുള്ള സ്കൂൾ/ ഓഫീസുകളിൽ തുടരാൻ അനുവദിക്കാറുണ്ട്. കൂടാതെ ചില പ്രത്യേക പ്രോജക്ടുകൾ/ജോലികൾ ആരംഭിച്ച സെക്ഷനുകളിൽ അവ കൈകാര്യം ചെയ്യുന്ന ചില ജീവനക്കാരെ നിലനിർത്തിയിട്ടുണ്ട്.

(ഇ) ഇപ്രകാരം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ തുടരാൻ അനുവദിക്കുന്നത് കൂടുതൽ അഴിമതിക്കുള്ള സാഹചര്യം സൃഷ്ടിക്കുമെന്നതിനാൽ അടിയന്തരമായി തിരുത്തൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പ്രത്യേക പരിഗണനയുള്ള ജീവനക്കാരെ സ്ഥലംമാറ്റുന്ന വിഷയം 25.02.2017- ലെ സ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. കൂടാതെ, ചില പ്രത്യേക പ്രോജക്ടുകൾ/ജോലികൾ ആരംഭിച്ച സെക്ഷനുകളിൽ അവ കൈകാര്യം ചെയ്യുന്ന ചില ജീവനക്കാർക്ക് ടി പ്രോജക്ട്/ജോലികൾ അവസാനിക്കുന്ന മുറയ്ക്ക് സ്ഥലംമാറ്റം/സെക്ഷൻ മാറ്റം അനുവദിക്കുന്നതാണ്.

**വിദ്യാലയങ്ങളിൽ പാചകപ്പുര, സ്റ്റോർ എന്നിവയുടെ നിർമ്മാണം**

200(1359) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര, സ്റ്റോർ യൂണിറ്റുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കാമോ?

പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണത്തിനായി 1974 സ്കൂളുകൾക്കാണ് ഇതുവരെ തുക അലോട്ട് ചെയ്തിട്ടുള്ളത്. 86 സ്കൂളുകൾ ഇതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 197 സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ട്രഷറി അലോട്ട്മെന്റായി നൽകിയ തുക മാറിയെടുക്കുന്നതിൽ

കാലതാമസം നേരിടുന്നതിനാൽ ഭൂരിഭാഗം സ്കൂളുകൾക്കും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) ഇരിക്കൂർ മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങളെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ വിദ്യാലയത്തിനും അനുവദിച്ച തുകയും നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ?

ജില്ല, സബ്-ജില്ല അടിസ്ഥാനത്തിലാണ് സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ ഇരിക്കൂർ നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 40 സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ വിദ്യാലയത്തിനും അനുവദിച്ച തുകയും നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയിൽ വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; നടപ്പുസാമ്പത്തിക വർഷം ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനും അരി ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും സ്കൂളുകളിൽ സ്ഥിരം പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ ആവശ്യമാണ്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നോൺ-റക്കറിംഗ് വിഭാഗത്തിനുകീഴിലാണ് ഇവ നിർമ്മിക്കുന്നതിന് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നത്. ടി ഫണ്ടിന്റെ 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായിരിക്കും. പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ ആവശ്യമായ സ്കൂളുകളുടെ ലിസ്റ്റുകൾ കേന്ദ്രസർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങി തുടർന്ന് കേന്ദ്ര വിഹിതവും സംസ്ഥാന മാൻഡേറ്ററി വിഹിതവും ലഭ്യമാകുന്ന മുറയ്ക്കാണ് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നത്. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം, പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾക്ക് പ്രത്യേകം കെട്ടിടമില്ലാത്ത സ്കൂളുകൾക്ക് അവ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലായ പാചകപ്പുരകളുള്ളയിടങ്ങളിൽ അതിനുപകരം പുതിയത് നിർമ്മിക്കുന്നതിനുമാണ് ഫണ്ട് അനുവദിക്കുന്നത്. ഒരിക്കൽ ഫണ്ട് നൽകിയ സ്കൂളുകൾക്ക് പിന്നീട് ഫണ്ട് നൽകുന്നതല്ല. സർക്കാർ

വിദ്യാലയങ്ങൾക്കുപുറമെ എയ്ഡഡ്, സ്പെഷ്യൽ വിദ്യാലയങ്ങൾക്കും ടി ഫണ്ട് അനുവദിക്കുന്നു.

കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ വിനിയോഗിച്ച് 3031 സ്കൂളുകളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. നിലവിൽ പദ്ധതിക്കുകീഴിൽ സംസ്ഥാനത്തെ 1057 സ്കൂളുകളിലുംകൂടി പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കാൻ സാധിക്കുന്നതാണ്. ടി സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇരിക്കൂർ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾ ഇതിലുൾപ്പെടുമെന്ന് നിലവിൽ പറയാൻ സാധിക്കില്ല. ജൂലൈ 30-നുള്ളിൽത്തന്നെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

**ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം**

201(1360) **ശ്രീ. കെ. പി. എ. മജീദ്:**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്:**
**ശ്രീ. പി. കെ. ബഷീർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്തെന്ന്

വിശദമാക്കുമോ; ഇത്തരത്തിൽ പ്രവർത്തനം അവസാനിപ്പിച്ച വിദ്യാലയങ്ങൾ തുടർന്ന് പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം?

സംസ്ഥാനത്ത് നിലവിലുള്ള എല്ലാ എം.ജി.എൽ.സി.-കളും അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ അക്കാദമിക-സാമൂഹിക ലക്ഷ്യം നേടണമെങ്കിൽ അഭിലഷണീയമായ എണ്ണം കുട്ടികൾ സ്കൂളുകളിലുണ്ടാകണം. സ്കൂളുകളെ സംബന്ധിച്ചിടത്തോളം ക്ലാസ് മുറികൾ സ്മാർട്ടായി, സ്കൂളുകൾ ഹൈടെക്കായി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മുന്നേറിക്കൊണ്ടിരിക്കുമ്പോൾ സൗകര്യങ്ങൾ പരിമിതമായ എം.ജി.എൽ.സി.-കളിൽ കുട്ടികളെ പഠിപ്പിക്കുന്നത് അവരുടെ അവകാശം നിഷേധിക്കലാണ്. എം.ജി.എൽ.സി.-യിലെ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുമായി താരതമ്യപ്പെടുത്തുമ്പോൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പരിമിതികൾ കാണുന്നു. പ്രസ്തുത സാഹചര്യത്തിലാണ് എൽ.പി. സ്കൂളുകളിൽ എത്തിച്ചേരാൻ സാധിക്കുന്ന എം.ജി.എൽ.സി.-യിലെ വിദ്യാർത്ഥികളെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, എസ്.എസ്.കെ. എന്നീ സംവിധാനങ്ങളിലൂടെ സ്കൂളുകളിൽ എത്തിക്കേണ്ടത് അനിവാര്യമായി വന്നുചേർന്നത്.

ഇത്തരത്തിൽ പ്രവർത്തനം അവസാനിപ്പിച്ച എം.ജി.എൽ.സി.-കളിൽ മലപ്പുറം ജില്ലയിലെ ചുവടെ പറയുന്ന 6 എം.ജി.എൽ.സി.-കളെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം നിലനിർത്തിയിട്ടുണ്ട്.

(1)അരിമംഗലം

(2) അരിമണൽ

(3)ഞ്ഞൾപ്പാറ

(4) തരിക്കുളം

(5) കാളംതിരുത്തി

(6) മേൽമുറി

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ അദ്ധ്യാപകരായി ജോലി നോക്കിയവരെ ഏതൊക്കെ തസ്തികകളിലാണ് നിയമിച്ചത്?

എം.ജി.എൽ.സി.-കളിൽ സേവനം അനുഷ്ഠിച്ചിരുന്ന വിദ്യാവോളന്റിയർമാരെ അവർ നൽകിയ സമ്മതപത്രത്തിന്റെ

അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള പി.റ്റി.സി.എം/ എഫ്.റ്റി.എം. ഒഴിവുകളിലാണ് നിയമിച്ചിട്ടുള്ളത്.

(സി) ഇവരെ അദ്ധ്യാപകരായിത്തന്നെ നിയമിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ?

എം.ജി.എൽ.സി.-കളിലെ വിദ്യാവോളന്റിയർമാരിൽ വളരെ ചുരുക്കം പേരൊഴികെ മറ്റുള്ളവർ എസ്.എസ്.എൽ.സി യോഗ്യത മാത്രമുള്ളവരാണ്. ആയതിനാൽ ഇവർക്ക് നേരിട്ട് അദ്ധ്യാപകരായി നിയമനം നൽകാൻ നിർവ്വാഹമില്ല.

**എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം**

202(1361) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന **ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാരുടെ നാല് ശതമാനം സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

18-11-2018-ലെ സ.ഉ.(പി) നം.18/2018/സാ.നീ.വ ഉത്തരവിലെ ഖണ്ഡിക 6(i), (ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് നിയമനങ്ങളിൽ 07.021996 മുതൽ 18.04.2017 വരെ 3%, 19.04.2017 മുതൽ 4% എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 8.11.2021-ൽ സ.ഉ.(പി)നം.19/2021/പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 25.06.2022-ലെ സ.ഉ.(കൈ)നം.111/2022/പൊ.വി.വ പ്രകാരം സംവരണം എപ്രകാരം നടപ്പിലാക്കണം എന്നതുസംബന്ധിച്ച മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2019 മുതൽ പ്രസ്തുത മേഖലയിൽ അദ്ധ്യാപക നിയമനം അംഗീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യൂ.പി(സി) നം.19808/2021 കേസിൽ 23-09-2021-ലെ ഇടക്കാല വിധിന്യായം പ്രകാരം നിയമനം അംഗീകരിക്കുന്നതിന് സ്റ്റേ നൽകിയിട്ടുണ്ട്. ആയതിനാൽ നിയമനം അംഗീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

**കാസർഗോഡ് പ്ലസ് ടു സയൻസ് പഠനത്തിന് സൗകര്യം**

203(1362) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡിന്റെയും മഞ്ചേശ്വരത്തിന്റെയും മധ്യഭാഗത്തുള്ള തീരപ്രദേശങ്ങളിൽ ജീവശാസ്ത്രം ഉൾപ്പെടെയുള്ള സയൻസ് വിഷയങ്ങൾ എടുത്ത് പ്ലസ് ടു പഠിക്കാൻ ഒരു വിദ്യാലയം മാത്രമായതിനാൽ വിദ്യാർത്ഥികൾക്ക് ഇഷ്ടവിഷയം പഠിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുമ്പള ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ അറുപത് സീറ്റുകളിലേയ്ക്ക് 2021-22 അദ്ധ്യയന വർഷം എത്ര വിദ്യാർത്ഥികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സയൻസ് കോമ്പിനേഷനിൽ 446-ഉം ഹ്യൂമാനിറ്റീസിൽ 78-ഉം കൊമേഴ്സിൽ 449- ഉം വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ പ്ലസ് ടു സയൻസ് കോഴ്സുള്ള വിദ്യാലയങ്ങൾ എത്രയാണെന്ന് അസംബ്ലി നിയോജകമണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

കാഞ്ഞങ്ങാട്-20, കാസർഗോഡ്-17, മഞ്ചേശ്വരം-9, തൃക്കരിപ്പൂർ-17, ഉദുമ-18

(ഡി) മികച്ച സയൻസ് ലാബുള്ള കുമ്പള, ഉപ്പള, മംഗൽപാടി എന്നീ സ്കൂളുകളിൽ ഈ വർഷം സയൻസിന് അധിക ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ പ്ലസ് വൺ അഡ്മിഷൻ നടപടികളാരംഭിച്ചിട്ടില്ല. അഡ്മിഷൻ നടപടി ആരംഭിച്ചശേഷം സംസ്ഥാനത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തത വ്യക്തമായാൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ വി.എച്ച്.എസ്.ഇ. ബാച്ചുകൾ അനുവദിക്കുന്നതിന് നടപടികൾ**

204(1363) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേണ്ടത്ര കുട്ടികളില്ലാത്തതിനാൽ വി.എച്ച്.എസ്.ഇ. ബാച്ചുകൾ ആരംഭിക്കാതിരിക്കുകയോ നാമമാത്രമായി പ്രവർത്തിക്കുകയോ ചെയ്യുന്ന സ്കൂളുകൾ സംസ്ഥാനത്തുണ്ടോ; എങ്കിൽ പ്രസ്തുത സ്കൂളുകളുടേയും അനുവദിക്കപ്പെട്ട കോഴ്സുകളുടേയും സീറ്റുകളുടേയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉണ്ട്. അത്തരം സ്കൂളുകളുടെയും അനുവദിക്കപ്പെട്ട കോഴ്സുകളുടെയും സീറ്റുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | സ്കൂളുകളുടെ എണ്ണം | കോഴ്സുകളുടെ എണ്ണം | ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 1 | 2 | 60 |
| കൊല്ലം | 2 | 2 | 60 |
| പത്തനംതിട്ട | 3 | 8 | 240 |
| ഇടുക്കി | 1 | 1 | 30 |
| തൃശ്ശൂർ | 1 | 2 | 60 |
| പാലക്കാട് | 1 | 2 | 60 |
| കണ്ണൂർ | 1 | 1 | 30 |

(ബി) ഈ കോഴ്സുകൾ പശ്ചാത്തല സൗകര്യങ്ങളുള്ള മറ്റ് ജില്ലകളിലെ സ്കൂളുകളിലേയ്ക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; ഇതിനായി

വി.എച്ച്.എസ്.ഇ. ജില്ലാ മേധാവികളിൽനിന്നും ശിപാർശകൾ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(സി) മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവൺമെന്റ് മാനവേദൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സർക്കാരിന് അധിക ബാധ്യത വരാത്തവിധം വി.എച്ച്.എസ്.ഇ. ബാച്ചുകൾ പുനർവിന്യസിക്കുന്നതിനോ അധിക ബാച്ചുകൾ അനുവദിക്കുന്നതിനോ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.

**ഹൈടെക് ക്ലാസ് മുറികളിലെ പഠനം**

205(1364)<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>:
<u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൈടെക് ക്ലാസ് മുറികൾ ഉപയോഗിച്ചുള്ള പഠനം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉണ്ട്. ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി സ്കൂളുകളിൽ ഐ.ടി. ഉപകരണങ്ങൾ നൽകിയത് അക്കാദമിക പ്രവർത്തനങ്ങൾ പരമാവധി മെച്ചപ്പെടുത്തുന്നതിനാണ്. അത് ഉറപ്പുവരുത്തുന്നതിനായി സ്കൂൾതലം മുതൽ സംസ്ഥാനതലംവരെയുള്ള മോണിറ്ററിംഗിന് ഓൺലൈൻ സംവിധാനം 'സമഗ്ര' റിസോഴ്സ് പോർട്ടലിലൂടെ 'കൈറ്റ്' സജ്ജമാക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിന് 'കൈറ്റി'-ലെ മുഴുവൻ മാസ്റ്റർ ട്രെയിനർമാരുടേയും ടെക്നിക്കൽ അസിസ്റ്റന്റുമാരുടേയും അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. ഐ.ടി. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയത് കുട്ടികളുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി 'സമഗ്ര' വിഭവ പോർട്ടലിൽ ഓരോ ക്ലാസിനും അനുയോജ്യമായ ഡിജിറ്റൽ പഠനവിഭവങ്ങളും അധ്യാപക പരിശീലനവും

പിന്തുണാ സംവിധാനങ്ങളും മോണിറ്ററിംഗ് സംവിധാനവുമെല്ലാം കൈറ്റ് സജ്ജമാക്കിയിരുന്നു. ഹൈടെക് സൗകര്യങ്ങൾ ഇംഗ്ലീഷ് ഭാഷാപഠനത്തിനും പ്രയോജനപ്പെടുത്തുന്നതിനായി ഇ-ലാംഗ്വേജ് ലാബ് പദ്ധതിയുടെ ഭാഗമായുള്ള ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതി എല്ലാ സർക്കാർ, എയ്ഡഡ് പ്രൈമറിവിഭാഗം സ്കൂളുകളിലും നടപ്പിലാക്കി. അദ്ധ്യാപക പരിശീലനവും സൗജന്യമായി എല്ലാ സ്കൂളുകൾക്കും സോഫ്റ്റ്‌വെയറും കൈറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

**അടച്ചുപൂട്ടുന്ന എം.ജി.എൽ.സി. സ്കൂളുകൾ**

206(1365) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര എം.ജി.എൽ.സി. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള എല്ലാ എം.ജി.എൽ.സി.-കളും അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകൾ പ്രകാരം ഇതിൽ 6 എണ്ണം

നിലനിൽക്കുന്നു. അപ്രകാരം നിലവിൽ പ്രവർത്തിക്കുന്ന എം.ജി.എൽ.സി-കളുടെ വിവരം മണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

വണ്ടൂർ നിയോജകമണ്ഡലം - അരിമണൽ, മഞ്ഞൾപ്പാറ

ഏറനാട് മണ്ഡലം - അരിമംഗലം, മേൽമുറി

മഞ്ചേരി മണ്ഡലം - തരിക്കളം

താനൂർ നിയോജകമണ്ഡലം - കാളംതിരുത്തി

(ബി) പ്രസ്തുത സ്കൂളുകളിൽ ഏതെല്ലാം ക്ലാസ്സുകളുണ്ടെന്നും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും മണ്ഡലാടിസ്ഥാനത്തിൽ സ്കൂളുകളുടെ പേര് സഹിതം വ്യക്തമാക്കാമോ;

(സി) സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എം.ജി.എൽ.സി സ്കൂളുകളുടെ പേരുവിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

(ബി&സി) പ്രസ്തുത എം.ജി.എൽ.സി.-കൾക്കെല്ലാം സ്വന്തമായി കെട്ടിടമുണ്ട്. അവിടങ്ങളിൽ ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ കുട്ടികൾ പഠിക്കുന്നു. ഈ എം.ജി.എൽ.സി.-കളുടെ പേരും (മണ്ഡലാടിസ്ഥാനത്തിൽ) പഠിക്കുന്ന കുട്ടികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

**വണ്ടൂർ നിയോജകമണ്ഡലം - അരിമണൽ-97, മഞ്ഞൾപ്പാറ-75**

**ഏറനാട് മണ്ഡലം - അരിമംഗലം-128, മേൽമുറി-68**

മഞ്ചേരി മണ്ഡലം - തരിക്കുളം-105

താനൂർ നിയോജകമണ്ഡലം - കാളംതിരുത്തി-63

(ഡി) എം.ജി.എൽ.സി. സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ഇ) എം.ജി.എൽ.സി. സ്കൂളുകളിൽ ഏതെങ്കിലും അടച്ചുപൂട്ടിയിട്ടുണ്ടെങ്കിൽ അവിടെ പഠിച്ചിരുന്ന കുട്ടികളുടെ തുടർവിദ്യാഭ്യാസത്തിന്റെയും, ജോലി ചെയ്തിരുന്ന അദ്ധ്യാപകരുടെ തുടർസേവനത്തിന്റെയും കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

എം.ജി.എൽ.സി.-കൾ അടച്ചുപൂട്ടിയതുമായി ബന്ധപ്പെട്ട് അവിടങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് പ്രാദേശിക ഭരണകൂടത്തിന്റെയും എസ്.എസ്.കെ.-യുടെയും സഹകരണത്തോടെ വാഹന സൗകര്യം ഏർപ്പെടുത്തി തൊട്ടടുത്തുള്ള പൊതുവിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. വിദ്യാവോളണ്ടിയർമാർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസവകുപ്പിൽ നിലവിലുള്ള പി.റ്റി.സി.എം/എഫ്.റ്റി.എം. തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(എഫ്) എം.ജി.എൽ.സി. സ്കൂളുകൾ അടച്ചുപൂട്ടുന്നപക്ഷം, എം.എൽ.എ. ആസ്തി വികസന ഫണ്ടും മറ്റ് സർക്കാർ ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച പ്രസ്തുത സ്കൂളുകളുടെ കെട്ടിടങ്ങൾ ഭാവിയിൽ ഏത് ആവശ്യത്തിന് ഉപയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള സ്കൂൾ കെട്ടിട നിർമ്മാണം**

207(1366) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി കിഫ്ബിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടേയും നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ സ്കൂളിന്റെയും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചുവടെ പറയുന്ന സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചത്.

5 കോടി കിഫ്ബി ഫണ്ട്- കക്കാട്ട് ഗവ.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ ഏജൻസിയായി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി ഫണ്ട്- ബെള്ളിക്കോത്ത് എം.പി.എസ്.ജി.വി.എച്ച്.എസ്.എസ്, ചായോത്ത് ജി.എച്ച്.എസ്.എസ്., ബളാന്തോട്, ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണ ഏജൻസിയായി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എച്ച്.എസ്.എസ്. മാലോത്ത് കസബ സ്കൂളിന്റെ നിർമ്മാണ ഏജൻസിയായി ഇൻകലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എച്ച്.എസ്.എസ്.

പരപ്പ, ഡോ. എ.ജി.എച്ച്.എസ്. കോടോത്ത് എന്നീ സ്കൂളുകളുടെ നിർമ്മാണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. DPR അംഗീകരിച്ചു. Feasibility study നടത്തി. പുതുക്കിയ DSR/GST നിരക്കിൽ ഭരണാനുമതി ലഭ്യമായി. സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്. ജി.വി.എച്ച്.എസ്.എസ്. കാഞ്ഞങ്ങാട് സ്കൂളിന്റെ നിർമ്മാണ ഏജൻസിയായി വാപ്കോസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 60 ശതമാനത്തോളം നിർമ്മാണം പൂർത്തിയായി.

<u>1 കോടി കിഫ്ബി ഫണ്ട്</u> - 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എസ്.ആർ.എം.ജി.എച്ച്.ഡബ്ല്യു.എച്ച്.എസ്. രാംനഗർ സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 65% പൂർത്തിയായി. ജി.എച്ച്.എസ്. കാളിച്ചാനടുക്കം, ജി.എച്ച്.എസ്. ബലാൽ, ജി.എച്ച്.എസ്.എസ്. തായന്നൂർ എന്നീ സ്കൂളുകളുടെ DPR അംഗീകരിച്ചു. Feasibility study നടത്തി, പുതുക്കിയ DSR/GST നിരക്കിൽ ഭരണാനുമതി ലഭ്യമായി. സാങ്കേതികാനുമതി നൽകുന്നമുറയ്ക്ക് ടെൻഡർ നടപടി സ്വീകരിക്കുന്നതാണ്.

ജി.എച്ച്.എസ്.എസ്. ബെല്ല ഈസ്റ്റ്, ജി.എച്ച്.എസ്. കൊട്ടോടി, ജി.എച്ച്.എസ്.എസ്. ഉപ്പിലിക്കൈ എന്നീ സ്കൂളുകളുടെ DPR അംഗീകരിച്ചു. ടെൻഡർ നടപടി സ്വീകരിച്ചു.

ജി.എച്ച്.എസ്.എസ്. ഹോസ്ദുർഗ്ഗ്, ജി.എഫ്.എച്ച്.എസ്. കാഞ്ഞങ്ങാട് എന്നീ സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു. Feasibility study നടത്തി. Coverage issue ഉള്ളതിനാൽ not feasible കാറ്റഗറിയിലുൾപ്പെടുത്തുകയും തുടർപരിശോധനകൾ നടത്തിവരികയും ചെയ്യുന്നു.

ജി.എച്ച്.എസ്.എസ്. മടിക്കൈ സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചു. ടെൻഡർ നടപടി സ്വീകരിച്ച് നിർമ്മാണം ആരംഭിച്ചു.

ജി.എച്ച്.എസ്.എസ്. രാവണേശ്വർ സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചു. ടെൻഡർ നടപടി സ്വീകരിച്ച് നിർമ്മാണം ആരംഭിച്ചു. 25% നിർമ്മാണം പൂർത്തിയായി.

ജി.എച്ച്.എസ്. പാണത്തൂർ സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചു. ടെൻഡർ നടപടി സ്വീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജി.എച്ച്.എസ്. മടിക്കൈ സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചു. ടെൻഡർ നടപടി സ്വീകരിച്ചു. പഴയ കെട്ടിടം പൊളിച്ചുമാറ്റാനുള്ള നടപടികളും സ്വീകരിച്ചു. നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

208(1367) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കിലയെ എസ്. പി. വി. ആയി ചുമതലപ്പെടുത്തിയ വർക്കല മണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമെന്നും 2018-ലെ ഡി.എസ്.ആർ. നിരക്ക് പ്രകാരം എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എസ്.പി.വി. ആയ കില എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ & ബി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കിലയെ എസ്.പി.വി.

ആയി ചുമതലപ്പെടുത്തിയ വർക്കല മണ്ഡലത്തിലെ സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**3 കോടി കിഫ്ബി പദ്ധതി** - GVHSS പകൽക്കുറി - 2018-ലെ ഡി.എസ്.ആർ. നിരക്ക് പ്രകാരം 3 കോടിയിൽ നിന്നും 3.90 കോടി രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്.

**1 കോടി കിഫ്ബി പദ്ധതി** - GHSS വെട്ടൂർ, GHSS പള്ളിക്കൽ, GHSS കാപ്പിൽ, GLPGS വർക്കല എന്നീ സ്കൂളുകൾക്ക് 2019-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. DSR 2016 പ്രകാരമാണ് 1 കോടി രൂപ AS ലഭിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടിയായതിനാൽ DSR 2018 നൽകാൻ കഴിയില്ല.

1. GHSS Vettoor- നിലവിലുള്ള കെട്ടിടം പൊളിച്ചുനീക്കാൻ കാലതാമസമുണ്ടായി. മാത്രമല്ല, ആ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ കെട്ടിട നിർമ്മാണ ചട്ട ലംഘനമുണ്ടാകുന്നതുകൊണ്ട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതുണ്ടെന്നും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചു. കരാറിൽനിന്നും ഒഴിവാക്കുന്നതിന് കരാറുകാരൻ കത്ത് നൽകുകയും നടപടിക്രമപ്രകാരം ടിയാനെ ഒഴിവാക്കുന്നതിന്

ഉത്തരവാകുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയാകുന്ന മുറയ്ക്ക് ടെൻഡർ നടപടി സ്വീകരിക്കുന്നതാണ്.

2. Govt. HSS Pallikkal- കരാറുകാരൻ സൈറ്റ് ടേക്ക് ഓവർ ചെയ്യുകയും തുടർന്ന് പ്രവൃത്തി ആരംഭിക്കാൻ കാലതാമസമുണ്ടാകുകയും പുതിയ നിരക്ക് ആവശ്യപ്പെടുകയും ചെയ്തു. ആയത് നൽകാൻ നിയമപരമായി കഴിയില്ലെന്നും കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ നിലവിലുള്ള നിയമമനുസരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാറിൽനിന്നും ഒഴിവാക്കി തുടർനടപടി സ്വീകരിക്കുന്നതാണെന്നും കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

3. GLPGS വർക്കല സ്കൂളിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഇത് തീരദേശ ഫണ്ടിലുൾപ്പെടുത്തി കിഫ്ബി ഫണ്ട് ലഭിച്ച സ്കൂളായതിനാൽ പരിഗണിക്കാൻ കഴിയില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് GUPS അയിരൂർ സ്കൂളിനെ ഇതിനുപകരമായി പരിഗണിക്കാൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയും ഭരണാനുമതി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

4. GHSS Kappil- ടെൻഡർ നടപടി നടന്നുവരവെ PED Drawings KIIFB-ൽനിന്നും അപ്രൂവ് ചെയ്തുകിട്ടുന്നതിനുള്ള കാലതാമസം കാരണം

Tender Firm Period നീട്ടാൻ സമ്മതമല്ലെന്ന് അറിയിച്ചതിനാൽ ടെൻഡർ നടപടി അവസാനിപ്പിക്കേണ്ടിവന്നു. അടുത്ത ടെൻഡറിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തുന്നതാണ്.

എസ്.പി.വി-യായി കിലയെ ചുമതലപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണം വേഗത്തിലാക്കുന്നതിനായി വിദ്യാഭ്യാസ/തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി തലത്തിൽ യോഗങ്ങൾ ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നിർമ്മാണ തടസ്സങ്ങൾ മനസ്സിലാക്കി നിർമ്മാണം വേഗത്തിലാക്കുന്നതിന് കിഫ്ബി നേരിട്ടുതന്നെ SP-കളുടെ യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊതുവിദ്യാഭ്യസ വകുപ്പിന്റെ പദ്ധതികൾ**

209(1368) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും

നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പിലാക്കേണ്ട വട്ടിയൂർക്കാവ് മണ്ഡലത്തിലുൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.+

(സി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ മിഷനുകൾ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസികൾ എന്നിവ മുഖാന്തരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിലെ സ്കൂളുകളിൽ പൂർത്തിയാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.+

## പാഠ്യപദ്ധതി പരിഷ്കരണം

210(1369) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ആയതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാഠ്യപദ്ധതിയുടെ സമഗ്രമായ പരിഷ്കരണം അവസാനമായി നടന്നത് 2007-ൽ ആണ്. വിവിധ തലത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച കേരള പാഠ്യപദ്ധതി

+

ചട്ടക്കൂടിന്റെ (2007) അടിസ്ഥാനത്തിലാണ് പ്രസ്തുത പരിഷ്കരണം നടത്തിയത്. അതിനുശേഷം, വിജ്ഞാന മേഖലയിലുണ്ടായ വളർച്ചയും വികാസവും ആധുനിക സാങ്കേതിക വിദ്യയിലുണ്ടായ വികാസം, നവകേരള നിർമ്മിതിക്ക് ജ്ഞാന സമൂഹത്തിന്റെ പങ്ക് തുടങ്ങിയവയും ഉൾക്കൊള്ളിച്ചുള്ള സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണമാണ് തീരുമാനിച്ചിട്ടുള്ളത്.

ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ സംസ്ഥാനതലത്തിൽ വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള ആശയ രൂപീകരണ ശില്പശാല 2022 ജൂൺ 16-ന് നടത്തി. തുടർന്ന് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, പാഠ്യപദ്ധതി പരിഷ്കരണ കോർ കമ്മിറ്റി എന്നിവ യോഗം ചേരുകയും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. ഡയറക്ടർ അവതരിപ്പിച്ച സമയക്രമം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് വിവിധ മേഖലയിലെ വിദഗ്ധർ പാഠ്യപദ്ധതി പരിഷ്കരണവേളയിൽ പരിഗണിക്കപ്പെടേണ്ട വിഷയങ്ങളെ സംബന്ധിച്ചുള്ള ആശയങ്ങൾ അവതരിപ്പിച്ചു.

25 ഫോക്കസ് മേഖലകളെ അടിസ്ഥാനപ്പെടുത്തിയാണ് പാഠ്യപദ്ധതി ചട്ടക്കൂട് (2022) രൂപീകരിക്കുന്നത്. പ്രസ്തുത മേഖലകളിലെ ഫോക്കസ്

ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാഠ്യപദ്ധതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## പാഠ്യപദ്ധതി പരിഷ്കരണം

211(1370) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെയും കരിക്കുലം കോർ കമ്മിറ്റിയുടെയും ആദ്യയോഗം 16-06-2022-ൽ നടന്നു. പ്രസ്തുത യോഗത്തിൽ സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടിലുൾപ്പെടുത്തേണ്ട നാല് മേഖലകളേതെല്ലാമെന്നും (പ്രീ-പ്രൈമറി വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അദ്ധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം) ഇരുപത്തിയഞ്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചാ വിഷയങ്ങളേതെന്നും അംഗങ്ങളെ

പരിചയപ്പെടുത്തുന്ന അവതരണവും നടന്നു. തുടർന്ന് പാഠ്യപദ്ധതി പരിഷ്കരണവേളയിൽ പരിഗണിക്കേണ്ട വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചയും നടന്നു.

(ബി) പാഠ്യപദ്ധതി പരിഷ്കരണങ്ങളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2022 ജൂൺ 16-ന് ചേർന്ന സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെയും കരിക്കുലം കോർ കമ്മിറ്റിയുടെയും യോഗത്തിൽ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി എസ്.സി.ഇ.ആർ.ടി ഡയറക്ടർ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അക്കാദമിക രൂപരേഖ തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) സാമൂഹികാവസ്ഥകളെ അഭിമുഖീകരിക്കാനുള്ള ശേഷി ആർജ്ജിക്കാനുതകുംവിധം നിലവിലെ പാഠ്യപദ്ധതികളിൽനിന്നും എന്തെല്ലാം മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-നെ അടിസ്ഥാനമാക്കിയുള്ള നിലവിലെ പാഠ്യപദ്ധതിയുടെ പ്രധാന പ്രത്യേകതകളായ വിമർശനാത്മക ബോധനം, പ്രശ്നാധിഷ്ഠിത സമീപനം, സാമൂഹ്യ ജ്ഞാന നിർമ്മിതി എന്നിവ ഉൾക്കൊള്ളുന്നതോടൊപ്പം സാമൂഹികാവസ്ഥകളെ അഭിമുഖീകരിക്കാനുള്ള ശേഷി ആർജ്ജിക്കത്തക്ക രീതിയിൽ ലിംഗസമത്വം, സുസ്ഥിര വികസനം, ശാസ്ത്രാവബോധം, ഭരണഘടനാ മൂല്യങ്ങൾ, പരിസ്ഥിതി അവബോധം, ഉൾച്ചേർന്ന വിദ്യാഭ്യാസം, കാലാവസ്ഥാ വ്യതിയാനം എന്നിവകൂടി ഉൾച്ചേർത്തുകൊണ്ട് നവകേരള നിർമ്മിതിക്കുതകുന്ന വിജ്ഞാന സമൂഹമായി മാറുന്ന തരത്തിൽ പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിനും 2022-ൽ പുറത്തിറക്കിയ പാഠ്യപദ്ധതി ചട്ടക്കൂടിനുള്ള കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണോ കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണം എന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ പൊതുവിദ്യാഭ്യാസം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ ഗുണത്തിലും വിദ്യാഭ്യാസ

പ്രക്രിയയിലും എൻറോൾമെന്റിലും ബഹുദൂരം മുന്നിലാണ്. 2020-ലെ ദേശീയ വിദ്യാഭ്യാസ നയം, അതിനെത്തുടർന്ന് പുറത്തിറക്കിയ പാഠ്യപദ്ധതി ചട്ടക്കൂടിനുള്ള മാർഗ്ഗനിർദേശങ്ങൾ എന്നിവ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസത്തിന് ഗുണകരമായവ മാത്രം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസം കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള പരിഷ്കരണമാണ് ഉദ്ദേശിക്കുന്നത്. അദ്ധ്യാപകർ, വിദ്യാർഥികൾ, രക്ഷകർത്താക്കൾ, വിദ്യാഭ്യാസ വിദഗ്ധർ, എൻ.ജി.ഒ. പ്രതിനിധികൾ, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ തുടങ്ങിയവരുടെ അഭിപ്രായവും നിർദേശങ്ങളും ലഭിക്കത്തക്ക രീതിയിൽ സ്കൂൾ/ബ്ലോക്ക്/ജില്ല/സംസ്ഥാന തലങ്ങളിൽ ആശയ രൂപീകരണ ശില്പശാലകൾ നടത്തുന്നതാണ്. പാഠ്യപദ്ധതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## പാഠ്യപദ്ധതിയിൽ പോക്സോ നിയമപാഠം

212(1371) **ശ്രീമതി കെ. കെ. രമ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളും യുവാക്കളും ഉൾപ്പെടുന്ന പോക്സോ കേസുകൾ വർദ്ധിക്കുന്നത് ആശങ്കയ്ക്ക് ഇടനൽകുന്നതാണെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്കൂൾ കുട്ടികളും യുവാക്കളും ഉൾപ്പെടുന്ന പോക്സോ കേസുകൾ വർദ്ധിക്കുന്നത് ആശങ്കയ്ക്ക് ഇടനൽകുന്നതാണെന്നുള്ള ഹൈക്കോടതിയുടെ 2022 ജൂൺ 8-ലെ B.A. No. 3273 ഉത്തരവിലെ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോക്സോ നിയമവും പീഡനക്കുറ്റവും സംബന്ധിച്ച് ഐ.പി.സി.-യിൽ കൊണ്ടുവന്ന ഭേദഗതി സംബന്ധിച്ച കാര്യങ്ങളിൽ അറിവ് പകരാത്തത് വിദ്യാഭ്യാസ സംവിധാനത്തിന്റെ അപാകതയാണെന്ന് കോടതി അഭിപ്രായപ്പെടുകയുണ്ടായോ?

പോക്സോ നിയമവും പീഡനക്കുറ്റവും സംബന്ധിച്ച ഐ.പി.സി.-യിൽ കൊണ്ടുവന്ന ഭേദഗതി സംബന്ധിച്ച കാര്യങ്ങളിൽ അറിവ് പകരാത്തത് വിദ്യാഭ്യാസ സംവിധാനത്തിന്റെ വീഴ്ചയാണെന്ന് ഹൈക്കോടതി 2022 ജൂൺ 8-ലെ B.A No.3273 ഉത്തരവിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങളെക്കുറിച്ചുള്ള പാഠങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തണമെന്ന് ഹൈക്കോടതി അഭിപ്രായപ്പെടുകയും ഈ വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം ആരായുകയും ചെയ്യുകയുണ്ടായോ; വ്യക്തമാക്കാമോ?

ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങളെക്കുറിച്ചുള്ള അവബോധം സ്കൂൾ വിദ്യാഭ്യാസത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ നൽകണമെന്ന് ബഹുമാനപ്പെട്ട കോടതി ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) എങ്കിൽ പാഠ്യപദ്ധതിയിൽ ഈ നിയമങ്ങൾ സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരളത്തിൽ പ്രീ-പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായിട്ടുണ്ട്. വിശദമായ ചർച്ചകളിലൂടെ പോക്സോ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവബോധം സൃഷ്ടിക്കത്തക്ക തരത്തിൽ

പാഠപുസ്തകങ്ങളിൽ വേണ്ട ഉൾച്ചേർക്കലുകൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കെ.ബി.പി.എസ്. മുഖേന പാഠപുസ്തക വിതരണം

213(1372) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തക വിതരണം കെ.ബി.പി.എസ്-നെ ഏൽപ്പിച്ചത് മുതൽ ഈ വർഷം വരെ പ്രതിവർഷം എത്ര രൂപയാണ് പാഠപുസ്തക വിതരണത്തിന് ചെലവഴിച്ചിട്ടുള്ളത്; വിശദമാക്കാമോ?

പാഠപുസ്തക വിതരണം കെ.ബി.പി.എസ്-നെ ഏൽപ്പിച്ച 2010-11 മുതൽ പാഠപുസ്തക വിതരണത്തിന് മാത്രമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കെ.ബി.പി.എസ്.-നെ ഏൽപ്പിക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിലെ ഈയിനത്തിലെ ചെലവ് എത്രയാണ്; ടി വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പ് പൊതുവായ അവലോകനം നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാഠപുസ്തക വിതരണം കെ.ബി.പി.എസ്.-നെ ഏൽപ്പിക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിലെ ചെലവ് ചുവടെ പറയുന്ന പ്രകാരമാണ്. ഓരോ വർഷത്തേയും ചെലവുകൾ സർക്കാർ പരിശോധിക്കുകയും അച്ചടി, വിതരണം എന്നിവയുടെ ചുമതല കെ.ബി.പി.എസ്.-ന് നൽകുന്നതിന് മുന്നേ ഉന്നതതലയോഗം ചേർന്ന് വിലയിരുത്തലുകൾ നടത്തുകയും ചെയ്യാറുണ്ട്. കെ.ബി.പി.എസ്.-ന് വിതരണം നൽകുന്നതിന് മുമ്പും ശേഷവുമുള്ള ചെലവുകൾ സംബന്ധിച്ച് പ്രത്യേക അവലോകനങ്ങൾ നടത്തിയിട്ടില്ല.

| ക്രമ നമ്പർ | വർഷം | ചെലവഴിച്ച തുക |
|---|---|---|
| 1 | 2007-2008 | 87,96,576 |
| 2 | 2008-2009 | 1,37,51,148 |
| 3 | 2009-2010 | 1,36,83,756 |

## ഹരിപ്പാട് മണ്ഡലത്തിലെ ചേപ്പാട് കണിച്ചനെല്ലൂർ ഗവ. എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണം

214(1373) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ചേപ്പാട് കണിച്ചനെല്ലൂർ ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പൊതു

വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് നൽകിയിട്ടുള്ള 09-09-2020-ലെ ഡബ്ല്യു.1/16000/2019/ഡി.ജി.ഇ എന്ന കത്തിന്മേൽ എന്ത് തുടർ നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കണിച്ചനെല്ലൂർ ഗവൺമെന്റ് എൽ.പി. സ്കൂളിൽ കെട്ടിടനിർമ്മാണത്തിനുള്ള വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വർക്കിന് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഒരു കോടി രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ ഗവൺമെന്റ് യു.പി. സ്കൂൾ, കാർത്തികപ്പള്ളിക്ക് തീരദേശ വികസന ഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളതിനാൽ ടി സ്കൂളിന് പകരമായി കണിച്ചനെല്ലൂർ ഗവൺമെന്റ് എൽ.പി. സ്കൂളിനെ ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബി ഫണ്ട്**

215(1374) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്തതുകാരണം ഭൗതിക സൗകര്യം മെച്ചപ്പെടുത്താൻ കഴിയാത്ത സർക്കാർ എൽ.പി., യു.പി. വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഇല്ല. എന്നാൽ സ്വന്തമായി ഭൂമിയില്ലാത്തതോ അപര്യാപ്തമോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുന്നതിന് 2019-ലെ കേരള ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 104-ൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ എൽ.പി., യു.പി. വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളുകളുടെ അപേക്ഷകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി കിഫ്ബിയിൽനിന്നും ഫണ്ട് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ എൽ.പി., യു.പി. വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷകൾ സർക്കാരിൽ ലഭ്യമാകുന്നപക്ഷം ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ഒളകര ജി.എൽ.പി. സ്കൂളിന് കെട്ടിടം**

216(1375) **<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഒളകര ജി.എൽ.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ പ്രൊപ്പോസലിനുമേൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപ്പുസാമ്പത്തിക വർഷം പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഒളകര ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**തിരൂരങ്ങാടി മണ്ഡലത്തിലെ കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ**

217(1376) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ?

പ്രസ്തുത എം.ജി.എൽ.സി അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരുന്നു. സ്കൂളുകളെ സംബന്ധിച്ചിടത്തോളം ക്ലാസ് മുറികൾ സ്മാർട്ടായി, സ്കൂളുകൾ ഹൈടെക്കായി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മുന്നേറിക്കൊണ്ടിരിക്കുമ്പോൾ സൗകര്യങ്ങൾ പരിമിതമായ എം.ജി.എൽ.സി.-കളിൽ കുട്ടികളെ പഠിപ്പിക്കുന്നത് അവരുടെ അവകാശം നിഷേധിക്കലാണ്. എം.ജി.എൽ.സി.-യിലെ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുമായി താരതമ്യപ്പെടുത്തുമ്പോൾ

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പരിമിതികൾ കാണുന്നു. പ്രസ്തുത എം.ജി.എൽ.സി.-ക്ക് 4 കി.മീ ദൂരത്തായി ജി.എം.യു.പി.എസ്. കൊടിഞ്ഞി സ്ഥിതി ചെയ്യുന്നു. പ്രസ്തുത സ്കൂളുകളിലേയ്ക്ക് കുട്ടികളെ എത്തിക്കുന്നതിനുള്ള വാഹന സൗകര്യം സമഗ്ര ശിക്ഷ കേരള ഒരുക്കിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 03-06-2022-ലെ ഉത്തരവ് പ്രകാരം ഈ എം.ജി.എൽ.സി. താൽക്കാലികമായി നിലനിർത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിൽ പ്രീ-പ്രൈമറി, പ്രൈമറി ക്ലാസ്സുകളിലായി ആകെ എത്ര കുട്ടികളുണ്ട്; ക്ലാസ്സുകൾ തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ആകെ 63 കുട്ടികൾ

I സ്റ്റാൻഡേർഡ്- 16

II സ്റ്റാൻഡേർഡ്-10

III സ്റ്റാൻഡേർഡ്-24

IV സ്റ്റാൻഡേർഡ്-13

(സി) ഈ സ്കൂളിൽനിന്നും തൊട്ടടുത്ത എൽ.പി. സ്കൂളിലേയ്ക്ക് എത്ര ദൂരമാണുള്ളത്; കാളംതിരുത്തി എം.ജി.എൽ.സി. സ്കൂളിന്റെ പ്രദേശം ഒറ്റപ്പെട്ട

ദ്വീപാണോ; ഈ പ്രദേശത്തേയ്ക്ക് പൊതുഗതാഗത സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

ഈ സ്കൂളിൽനിന്ന് തൊട്ടടുത്ത ജി.എം.യു.പി.എസ്. കൊടിഞ്ഞിയിലേയ്ക്ക് 4 കി.മി ദൂരമുണ്ട്. ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത് വയലുകളാൽ ചുറ്റപ്പെട്ട ദ്വീപ് പോലുള്ള പ്രദേശമാണ്. ഈ പ്രദേശത്തേയ്ക്ക് ബസ് സൗകര്യമില്ല. എന്നാൽ ടാക്സി പോലെയുള്ള മറ്റ് സൗകര്യങ്ങൾ ലഭ്യമാണ്.

(ഡി) സ്കൂളിന് സ്വന്തമായി കെട്ടിടവും ഭൂമിയുമുള്ളതും സ്ഥിതി ചെയ്യുന്നത് ഒറ്റപ്പെട്ട ദ്വീപിലാണ് എന്നതും ഇവിടെ നിന്നും അടുത്ത എൽ.പി. സ്കൂളിലേയ്ക്ക് എട്ട് കിലോമീറ്ററോളം ദൂരമുണ്ടെന്നതും സ്കൂളിൽ മൊത്തം നൂറ്റിപ്പതിമൂന്ന് കുട്ടികൾ പഠനം നടത്തുന്നതും പരിഗണിച്ച് കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ തുറന്നുപ്രവർത്തിക്കുന്നതിനുള്ള പുതുക്കിയ ഉത്തരവ് ലഭ്യമാക്കുമോ; വിശദമാക്കാമോ?

കോടതിയുടെ പരിഗണനയിലുള്ള വിഷയമാകയാൽ ഇപ്പോൾ തീരുമാനം കൈക്കൊള്ളാൻ നിർവ്വാഹമില്ല.

**റാന്നി നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങൾ**

218(1377) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിലെ വലവൂർ, കോട്ടാങ്ങൽ, വടശ്ശേരിക്കര യു.പി സ്കൂൾ കെട്ടിടങ്ങളുടെ ദുർബ്ബലാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച വരവൂർ യു.പി. സ്കൂൾ കെട്ടിടം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ള കോട്ടാങ്ങൽ, വടശ്ശേരിക്കര യു.പി. സ്കൂൾ കെട്ടിടങ്ങൾക്ക് ഭരണാനുമതി നൽകി ഈ സാമ്പത്തിക വർഷം പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) റാന്നി മണ്ഡലത്തിലെ വരവൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതിയിനത്തിൽ ഒരു കോടി അനുവദിച്ച് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഗവൺമെന്റ് എൽ.പി.സ്കൂൾ, കോട്ടാങ്ങലിൽ കെട്ടിടനിർമ്മാണത്തിന് എം.എൽ.എ. ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

വടശ്ശേരികര ഗവൺമെന്റ് യു.പി. സ്കൂളിലെ കെട്ടിടത്തിന് നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുമുണ്ട്.

## ചെറുപറമ്പ് ഗവ. എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

219(1378) **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ചെറുപറമ്പ് ഗവൺമെന്റ് എൽ.പി. സ്കൂളിലെ ശോചനീയാവസ്ഥയിലുള്ള കെട്ടിടങ്ങൾക്കുപകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി

നടന്നുവരുന്നു. ലിസ്റ്റ് പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) കെട്ടിടത്തിന്റെ ശോചനീയാവസ്ഥ കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാൻ ഫണ്ടിലുൾപ്പെടുത്തി തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ലിസ്റ്റ് പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പോത്ത്കുണ്ട്, വെള്ളില ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

220(1379) **<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) 2022-23-ലെ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ളതും അടങ്കൽ തുകയുടെ 20% തുക വകയിരുത്തിയിട്ടുള്ളതുമായ മങ്കട നിയോജകമണ്ഡലത്തിലെ പോത്ത്കുണ്ട് ജി.എൽ.പി. സ്കൂൾ, വെള്ളില

ജി.എൽ.പി. സ്കൂൾ എന്നിവയുടെ കെട്ടിടനിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടി അറിയിക്കുമോ?

പ്രസ്തുത സ്കൂളുകളിൽ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ട നിർദ്ദേശം നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഭരണാനുമതി ലഭിക്കുന്നതിനും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്കൂളുകളിൽ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുട്ടികൾക്കുണ്ടായ ഭക്ഷ്യവിഷബാധ**

221(1380) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സ്കൂളുകളിൽ വിതരണം ചെയ്ത ഉച്ചക്കഞ്ഞി കഴിച്ച കുട്ടികൾക്ക് ഭക്ഷ്യ വിഷബാധയുണ്ടായ സംഭവങ്ങളിൽ അന്വേഷണം നടത്തിയോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ചില സ്കൂളുകളിൽ കുട്ടികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായി എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടത്തി. തിരുവനന്തപുരം ജില്ലയിലെ എൽ.എം.എസ്.എൽ.പി.എസ് ഉച്ചക്കട, ആലപ്പുഴ ജില്ലയിലെ കായംകുളം ഗവൺമെന്റ് ടൗൺ യു.പി സ്കൂൾ, സെന്റ് മേരീസ് എൽ.പി.എസ്. കല്ലിശ്ശേരി, കാസർഗോഡ് ജില്ലയിലെ പടന്നക്കാട് ജി.എൽ.പി.എസ് എന്നീ സ്കൂളുകളിലെ കുട്ടികളിലാണ് രോഗലക്ഷണം കണ്ടത്. വീട്ടിൽനിന്നും കൊണ്ടുവന്ന ഭക്ഷണം കഴിച്ച കുട്ടികൾക്കും സ്കൂളിൽ വരാതിരുന്ന കുട്ടികൾക്കും രോഗലക്ഷണങ്ങളുണ്ടാകുകയും ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ സാമ്പിളുകളുടെ പരിശോധന റിപ്പോർട്ട് ലഭിച്ചതിൽ ഉച്ചഭക്ഷണം കഴിച്ചതിനാൽ ഭക്ഷ്യവിഷബാധയുണ്ടായി എന്നത് സ്ഥിരീകരിച്ചിട്ടില്ല.

(ബി) അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉച്ചഭക്ഷണം കഴിച്ചതിന്റെ പേരിലാണ് കുട്ടികൾക്ക് രോഗലക്ഷണം ഉണ്ടായതെന്ന് സ്ഥിരീകരിക്കാത്ത സാഹചര്യത്തിൽ ആരെയും വ്യക്തിപരമായി കുറ്റക്കാരായി കണ്ടെത്തിയിട്ടില്ല. എന്നിരുന്നാലും സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി ഏറ്റവും സുരക്ഷിതമായി നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി നടത്തുന്നതിനായി ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ആരോഗ്യ/ ഭക്ഷ്യസുരക്ഷാ വകുപ്പുകളുമായി ചേർന്ന് പരിശോധന നടത്തുന്നതിനും കുടിവെള്ള സാമ്പിൾ പരിശോധിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനായി വെള്ളിയാഴ്ച ദിവസം 'ഡ്രൈ ഡേ' ആയി ആചരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ അവധി**

222(1381) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഏതുതരം അവധിയിലാണ് പ്രവേശിച്ചിരിക്കുന്നത്; എത്ര കാലമായി അവധിയിൽ തുടരുന്നു; അറിയിക്കാമോ?

എൻ.ജി.ഒ ക്വാർട്ടേഴ്സ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപകൻ ശ്രീ. മുരളീധരപണിക്കർ 08-07-2021 മുതൽ 03-01-2022 വരെ 180 ദിവസവും 14-01-2022 മുതൽ 10-06-2022 വരെ 148 ദിവസവും ശൂന്യവേതനാവധിയിലാണ് പ്രവേശിച്ചത്. 04-01-2022 മുതൽ 13-01-2022 വരെയുള്ള കാലയളവിൽ ടിയാൻ വിദ്യാലയത്തിൽ ഹാജരായി ഹാജർ രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 10-06-2022-നുശേഷം ടിയാൻ അനധികൃത അവധിയിലാണ്.

(ബി) ഹെഡ്മാസ്റ്ററുടെ അവധി സ്കൂളിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രധാനാദ്ധ്യാപകൻ അവധിയിൽ പ്രവേശിക്കുന്ന സമയത്ത് സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ തടസ്സമുണ്ടാകാതിരിക്കുന്നതിനായി സീനിയർ അദ്ധ്യാപകന് പ്രധാനാദ്ധ്യാപകന്റെ പൂർണ്ണ അധികച്ചുമതല നൽകിയിട്ടുണ്ട്.

**പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടികൾ**

223(1382) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം പത്താം ക്ലാസ് പരീക്ഷ വിജയിച്ച് ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണവും സർക്കാർ/എയ്ഡഡ് മേഖലയിൽ നിലവിലുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണവും എത്രയാണെന്ന് അറിയിക്കുമോ?

ഈ അദ്ധ്യയന വർഷം സംസ്ഥാനത്തിനകത്തുനിന്നും എസ്.എസ്.എൽ.സി. പാസ്സായ 4,21,957 (നാല് ലക്ഷത്തി ഇരുപത്തൊന്നായിരത്തി തൊള്ളായിരത്തി അമ്പത്തി ഏഴ്) വിദ്യാർത്ഥികളാണ് ഉപരിപഠനത്തിന് കാത്തിരിക്കുന്നത്. മുൻവർഷം അനുവദിച്ച താൽക്കാലിക ബാച്ചുകളുൾപ്പെടെ ഹയർ സെക്കൻഡറിയിലെ സർക്കാർ/എയ്ഡഡ് മേഖലയിൽ 3,75,715 (മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി എഴുനൂറ്റി പതിനഞ്ച്) സീറ്റുകളുണ്ട്. ഇതിനുപുറമെ അൺ എയ്ഡഡ് മേഖലയിൽ 56,366 (അൻപത്തിആറായിരത്തി മുന്നൂറ്റി അറുപത്താറ്) സീറ്റുകളുമുൾപ്പെടെ ആകെ 4,32,081 (നാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എൺപത്തൊന്ന്) സീറ്റുകൾ ലഭ്യമാണ്. അതോടൊപ്പം വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലയിൽ സർക്കാർ മേഖലയിൽ 21180-ഉം എയ്ഡഡ് മേഖലയിൽ 11850-ഉം ഉൾപ്പെടെ ആകെ 33030 (മുപ്പത്തിമൂവായിരത്തി മുപ്പത്) സീറ്റുകൾ ലഭ്യമാണ്.

(ബി) എല്ലാ കുട്ടികൾക്കും ഉപരിപഠനത്തിന് അവസരം നൽകണമെങ്കിൽ അറുപതിനായിരത്തിലധികം പ്ലസ് വൺ സീറ്റുകൾ

കൂടുതലായി വേണ്ടിവരുമെന്ന റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

മുൻകാലങ്ങളിലെ അഞ്ച് വർഷത്തെ അപേക്ഷകരെയും പ്രവേശനവും വിശകലനം ചെയ്യുമ്പോൾ സംസ്ഥാനത്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തതയുണ്ടാകുമെന്ന് കരുതുന്നില്ല.

(സി) മലബാർ മേഖലയിൽ മാത്രം അമ്പതിനായിരത്തിൽപ്പരം സീറ്റുകൾ അധികമായി വേണ്ടിവരുമെന്ന് അറിവായിട്ടുണ്ടോ; മുൻവർഷം പ്ലസ് വൺ അഡ്മിഷൻ കാര്യത്തിലുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധികൾകൂടി പരിഗണിച്ചുകൊണ്ട് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) അർഹരായ എല്ലാ കുട്ടികൾക്കും ഉപരിപഠനത്തിനുള്ള അവസരം സൃഷ്ടിക്കുമോ; വിശദാംശം നൽകുമോ?

(സി&ഡി) മലബാർ മേഖലയിൽ (പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകൾ) സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖലയുൾപ്പെടെ 209998 (രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി എട്ട്) സീറ്റുകൾ ലഭ്യമാണ്. 226930 (രണ്ട്

ലക്ഷത്തി ഇരുപത്താറായിരത്തി തൊള്ളായിരത്തി മുപ്പത്) മാത്രമാണ് എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളത്. എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികളും ഉപരിപഠനത്തിനായി ഹയർ സെക്കൻഡറി തെരഞ്ഞെടുക്കുന്നില്ല. വി.എച്ച്.എസ്.ഇ, ഐ.റ്റി.ഐ, പോളിടെക്നിക് തുടങ്ങിയ കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികളും ധാരാളമുണ്ട്. അങ്ങനെ നോക്കുമ്പോൾ മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തതയുണ്ടാകുമെന്ന് കരുതുന്നില്ല. എന്നിരുന്നാലും ആവശ്യമെങ്കിൽ കഴിഞ്ഞ വർഷത്തെപ്പോലെ അധിക സീറ്റുകളും താൽക്കാലിക ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ആലിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

224(1383) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് 2017 മുതൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സ്കൂളിൽ മേൽസൂചിപ്പിച്ച വർഷങ്ങളിൽ കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ തുക എത്രയാണെന്നും ഇത് ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

(എ-സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കെട്ടിടനിർമ്മാണത്തിന് കിഫ്ബി ഫണ്ടിലുൾപ്പെടുത്തി മൂന്ന് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂളിന്റെ ഡി.പി.ആർ-ന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ, feasibility study നടത്തിയപ്പോൾ KPBR 2019 പ്രകാരമുള്ള coverage issue ഉള്ളതായി എസ്.പി.വി. ആയ കില അറിയച്ചതനുസരിച്ച് ആയത് പരിഹരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

**പരവൂർ ജി.എച്ച്.എസ്.എസ്-ന്റെ അടിസ്ഥാന സൗകര്യ വികസനം**

225(1384) <u>ശ്രീ. ജി. എസ്. ജയലാൽ</u>: **താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

2017-18 വർഷത്തെ ബഡ്ജറ്റിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്കീമിലുൾപ്പെട്ട ചാത്തന്നൂർ മണ്ഡലത്തിലെ

പരവൂർ ജി.എച്ച്.എസ്.എസ്-ന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വിശദമാക്കാമോ?

2017-18 സാമ്പത്തിക വർഷത്തിൽ ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ കെട്ടിടനിർമ്മാണത്തിനുള്ള എസ്.പി.വി. ആയി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കിഫ്ബിയുടെ നിർദ്ദേശപ്രകാരം ഡി.പി.ആർ. ഭേദഗതി വരുത്തി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് ടെൻഡർ നടപടി സ്വീകരിക്കുന്നതാണ്.

**പുതിയ പ്ലസ് വൺ ബാച്ചുകളും കോഴ്സുകളും ആരംഭിക്കാനുള്ള നടപടി**

226(1385) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

ഹയർ സെക്കൻഡറി തലത്തിൽ പുതുതായി പ്ലസ് വൺ ബാച്ചുകളും കോഴ്സുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പ്ലസ് വൺ അഡ്മിഷൻ നടപടി ആരംഭിച്ചിട്ടില്ല. അഡ്മിഷൻ നടപടി ആരംഭിച്ചശേഷം സംസ്ഥാനത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തതയുണ്ടെന്ന് വ്യക്തമായാൽ കഴിഞ്ഞ വർഷത്തെപ്പോലെ അധിക സീറ്റുകളും, താൽക്കാലിക ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

227(1386) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്ലസ് വൺ സീറ്റിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മലപ്പുറം ജില്ലയിൽ 77691 (എഴുപത്തേഴായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഒന്ന്) വിദ്യാർത്ഥികളാണ് എസ്.എസ്.എൽ.സി പാസ്സായത്. അവിടെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖല ഉൾപ്പെടെ 67106 (അറുപത്തേഴായിരത്തി ഒരുനൂറ്റി ആറ്) പ്ലസ് വൺ സീറ്റുകൾ ലഭ്യമാണ്.

(ബി) മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് ഹയർ സെക്കൻഡറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികളും ഉപരിപഠനത്തിനായി പ്ലസ് വൺ തെരഞ്ഞെടുക്കുന്നില്ല. ഐ.റ്റി.ഐ., പോളിടെക്നിക്, വി.എച്ച്.എസ്.ഇ. തുടങ്ങിയ കോഴ്സുകൾ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളും ധാരാളമായുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ശരാശരി 58506 (അമ്പത്തി എട്ടായിരത്തി അഞ്ഞൂറ്റി ആറ്) വിദ്യാർത്ഥികൾ മാത്രമാണ് ഹയർ സെക്കൻഡറി കോഴ്സിന് ചേരുന്നത്. അങ്ങനെ നോക്കുമ്പോൾ മലപ്പുറം ജില്ലയിൽ പ്ലസ് വൺ സീറ്റുകൾ അപര്യാപ്തമാണെന്ന് കാണുന്നില്ല. പ്ലസ് വൺ അഡ്മിഷൻ അഡ്മിഷൻ നടപടി ആരംഭിച്ചശേഷം സ്ഥിതിഗതികൾ അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തതയുണ്ടെന്ന് വ്യക്തമായാൽ കഴിഞ്ഞ വർഷത്തെപ്പോലെ അധിക സീറ്റുകളും താൽക്കാലിക ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) ഓരോ ജില്ലയിലും എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച കുട്ടികളുടെ എണ്ണവും അവർക്ക് നിലവിലുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണവും കുട്ടികളുടെ എണ്ണത്തെ അപേക്ഷിച്ച് പ്ലസ് വൺ സീറ്റുകളിലുള്ള കൂടുതൽ/കുറവ് ജില്ല തിരിച്ചുള്ള കണക്കും വിശദമാക്കാമോ?

| ജില്ല | 2021-22-ലെ ആകെ സീറ്റുകൾ (സർക്കാർ/ എയ്ഡഡ്/അൺ-എയ്ഡഡ്) | എസ്..എസ്.എൽ.സി പാസായവരുടെ ആകെ എണ്ണം | സീറ്റിന്റെ കുറവ് (-)/ കൂടുതൽ (+) |
|---|---|---|---|
| തിരുവനന്തപുരം | 37851 | 34039 | (+)3812 |
| കൊല്ലം | 30882 | 30534 | (+)348 |
| പത്തനംതിട്ട | 16082 | 10437 | (+)5645 |
| ആലപ്പുഴ | 26010 | 21879 | (+)4131 |
| കോട്ടയം | 24156 | 19393 | (+)4763 |
| ഇടുക്കി | 13090 | 11294 | (+)1796 |
| എറണാകുളം | 36660 | 31780 | (+)4880 |
| തൃശ്ശൂർ | 37352 | 35671 | (+)1681 |
| പാലക്കാട് | 35910 | 38972 | -3062 |
| കോഴിക്കോട് | 42862 | 43496 | -634 |
| മലപ്പുറം | 67106 | 77691 | -10585 |
| വയനാട് | 11135 | 11946 | -811 |
| കണ്ണൂർ | 35190 | 35167 | (+)23 |
| കാസർഗോഡ് | 17795 | 19658 | -1863 |
| ആകെ | 432081 | 421957 | 27079 |

| | | | |
|---|---|---|---|
| | | | (+) /<br>16955 (-) |

(ഡി) സംസ്ഥാനത്ത് ഹയർ സെക്കൻഡറി കോഴ്സ് നിലവിൽ വന്നതിനുശേഷം അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകളുടെയും അധിക ബാച്ചുകളുടെയും കണക്കുകളും അനുവദിച്ച വർഷവും അനുവദിച്ച സമയത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുടെ പേരുകളും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിലെ വർദ്ധന**

228(1387) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) 2022-23 അദ്ധ്യയനവർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണത്തിലെ വർദ്ധനവിന്റെ വിശദാംശം വ്യക്തമാക്കുമോ?

2022-23 അദ്ധ്യയനവർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ മുൻവർഷത്തെ

അപേക്ഷിച്ച് 37522 കുട്ടികളുടെ കുറവ് വന്നിട്ടുണ്ട്. എന്നാൽ 2022-23 അദ്ധ്യയനവർഷം 2 മുതൽ 10 വരെ ക്ലാസ്സുകളിലായി സർക്കാർ മേഖലയിൽ 44915-ഉം എയ്ഡഡ് മേഖലയിൽ 75055-ഉം ഉൾപ്പെടെ ആകെ 119970 വിദ്യാർത്ഥികളുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്. ക്ലാസ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ലാസ് | സർക്കാർ | സർക്കാർ എയ്ഡഡ് | ആകെ |
|---|---|---|---|
| 1 | -15380 | -22142 | -37522 |
| 2 | 2936 | 3934 | 6870 |
| 3 | 4087 | 4919 | 9006 |
| 4 | 5053 | 5192 | 10245 |
| 5 | -7134 | 39679 | 32545 |
| 6 | 4380 | 9043 | 13423 |
| 7 | 4311 | 5879 | 10190 |
| 8 | 26992 | 1799 | 28791 |
| 9 | 2730 | 5279 | 8009 |
| 10 | 1560 | -669 | 891 |

(ബി) അൺഎയ്ഡഡ് സ്കൂളുകളിൽനിന്നും കുട്ടികൾ കൂടുതലായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് പ്രവേശനം നേടുന്നത് ഏതൊക്കെ ക്ലാസ്സുകളിലാണ്?

അൺഎയ്ഡഡ് സ്കൂളുകളിൽനിന്നും കുട്ടികൾ കൂടുതലായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് പ്രവേശനം നേടുന്നത് അഞ്ചാം ക്ലാസിലും എട്ടാം ക്ലാസിലുമാണ്.

(സി) സംസ്ഥാനത്ത് പത്തോ അതിൽ കുറവോ കുട്ടികൾ പഠിക്കുന്ന എത്ര സർക്കാർ/എയ്ഡഡ് സ്കൂളുകൾ നിലവിലുണ്ട്; പ്രസ്തുത സ്കൂളുകളിൽ എത്ര അദ്ധ്യാപകർ വീതം ജോലി ചെയ്യുന്നു; തരം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പത്തോ അതിൽ കുറവോ കുട്ടികൾ പഠിക്കുന്ന 40 സർക്കാർ സ്കൂളുകളും 109 എയ്ഡഡ് സ്കൂളുകളും നിലവിലുണ്ട്. പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

## പൊതുവിദ്യാലയങ്ങളിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികൾ

229(1388) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2022-2023 അദ്ധ്യയന വർഷത്തിൽ പുതുതായി എത്ര വിദ്യാർത്ഥികളാണ് പൊതുവിദ്യാലയങ്ങളിലേയ്ക്ക് പ്രവേശനം നേടിയതെന്ന വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ വിദ്യാർത്ഥികളുടെ എണ്ണം നൽകാമോ?

2022-23 അദ്ധ്യയന വർഷത്തിൽ സർക്കാർ മേഖലയിൽ 12,73,014-ഉം എയ്ഡഡ് മേഖലയിൽ 2226349-ഉം അൺഎയ്ഡഡ് (അംഗീകൃതം) മേഖലയിൽ 333032-ഉം ആയി ആകെ 3832395 വിദ്യാർത്ഥികളാണ് പൊതുവിദ്യാലയങ്ങളിലേയ്ക്ക് പ്രവേശനം നേടിയത്.

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര വിദ്യാർത്ഥികൾ പുതുതായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയിട്ടുണ്ട്; വിശദമാക്കാമോ?

2022-23 അദ്ധ്യയനവർഷം പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ പുതുതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം 303168 ആണ്. കൂടാതെ 2022-23 അദ്ധ്യയനവർഷം 2 മുതൽ 10 വരെ ക്ലാസുകളിലായി മുൻ അദ്ധ്യയനവർഷം നിലവിലുണ്ടായിരുന്ന കുട്ടികൾക്കുപുറമെ സർക്കാർ മേഖലയിൽ 44915-ഉം എയ്ഡഡ് മേഖലയിൽ 75055-ഉം ഉൾപ്പെടെ ആകെ 119970 വിദ്യാർത്ഥികൾ പുതുതായി പ്രവേശനം നേടിയിട്ടുണ്ട്.

(സി) പൊതുവിദ്യാലയങ്ങളിൽ ഓരോ വർഷവും സർക്കാർ നടത്തുന്ന അടിസ്ഥാന സൗകര്യവികസനങ്ങളും മറ്റ് പരിഷ്കാരങ്ങളും കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കാൻ കാരണമാകുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. വിദ്യാകിരണം പദ്ധതി, സമഗ്രശിക്ഷാ കേരള, കൈറ്റ്, എസ്.സി.ഇ.ആർ.ടി, എസ്.ഐ.ഇ.ടി. തുടങ്ങി പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നിരവധി പദ്ധതികളും ഓരോ വർഷവും സർക്കാർ നടപ്പിലാക്കിവരുന്ന പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യവികസനങ്ങളും പൊതുവിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് കാരണമാകുന്നു. ഗുണമേന്മാവിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസൃതമായി നടപ്പിലാക്കിയ ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളും കുട്ടികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്നു.

**വയനാട് ജില്ലയിലെ സ്കൂളുകളിൽ ഒന്നാം ക്ലാസ് പ്രവേശനം**

230(1389) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം വയനാട് ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയവരുടെ എണ്ണം വ്യക്തമാക്കാമോ?

2022-23 അദ്ധ്യയനവർഷം വയനാട് ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ സർക്കാർ മേഖലയിൽ 4775-ഉം എയ്ഡഡ് മേഖലയിൽ 4098-ഉം അൺ എയ്ഡഡ് (അംഗീകൃതം) മേഖലയിൽ 646-ഉം ഉൾപ്പെടെ ആകെ 9519 വിദ്യാർത്ഥികളാണ് പ്രവേശനം നേടിയത്.

(ബി) പ്രസ്തുത ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ സ്കൂളുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ പട്ടികവർഗ്ഗ വിഭാഗക്കാരായ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം വേർതിരിച്ച് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വയനാട് ജില്ലയിൽ ഒന്നാം ക്ലാസിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ 13259 ആൺകുട്ടികളും 12444 പെൺകുട്ടികളുമുൾപ്പെടെ ആകെ 25703 വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ്**

231(1390) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് വൺ സീറ്റിന്റെ എണ്ണത്തിൽ കുറവുകളുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠന സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിൽ 77691 (എഴുപത്തേഴായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഒന്ന്) വിദ്യാർത്ഥികളാണ് എസ്.എസ്.എൽ.സി. പാസ്സായത്. അവിടെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖല ഉൾപ്പെടെ 67106 (അറുപത്തേഴായിരത്തി ഒരുനൂറ്റി ആറ്) പ്ലസ് വൺ

സീറ്റുകൾ ലഭ്യമാണ്. എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികളും ഉപരിപഠനത്തിനായി പ്ലസ് വൺ തെരഞ്ഞെടുക്കുന്നില്ല. ഐ.റ്റി.ഐ, പോളിടെക്നിക്, വി.എച്ച്.എസ്.ഇ. തുടങ്ങിയ കോഴ്സുകൾ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളും ധാരാളമായുണ്ട്. ജില്ലയിലെ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ശരാശരി 58506 (അമ്പത്തി എട്ടായിരത്തി അഞ്ഞൂറ്റി ആറ്) വിദ്യാർത്ഥികൾ മാത്രമാണ് ഹയർ സെക്കൻഡറി കോഴ്സിന് ചേരുന്നത്. അങ്ങനെ നോക്കുമ്പോൾ മലപ്പുറം ജില്ലയിൽ പ്ലസ് വൺ സീറ്റുകൾ അപര്യാപ്തമാണെന്ന് കാണുന്നില്ല.

(സി) പ്രസ്തുത ജില്ലയിൽ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും പുതിയ ബാച്ചുകൾ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ പ്ലസ് വൺ അഡ്മിഷൻ നടപടി ആരംഭിച്ചിട്ടില്ല. അഡ്മിഷൻ നടപടി ആരംഭിച്ചശേഷം സംസ്ഥാനത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തതയുണ്ടെന്ന് വ്യക്തമായാൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം**

232(1391) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകൾക്കാണ് അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് അനുവദിച്ചതെന്നും അവ ഏതെല്ലാമാണെന്നും ഓരോ സ്കൂളിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ തുക അനുവദിച്ച സ്കൂളുകളിൽ നടന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് അനുവദിച്ച ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ-സി) മാനന്തവാടി നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിലെ നിർമ്മാണ പ്രവൃത്തി

233(1392) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മൂന്ന് കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മൂന്ന് കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിന്റെ നിർമ്മാണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. DPR അംഗീകരിച്ചു. Feasibility study നടത്തി. പുതുക്കിയ DSR/GST നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതിയോടുകൂടി കിഫ്ബിക്ക് സമർപ്പിക്കുന്നതിന് കില നടപടി സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി നൽകുന്നമുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 28-01-2021-ന് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടും ഇതുവരെ പണികൾ തുടങ്ങാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ പ്രവൃത്തി എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(ബി&സി) കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിന്റെ നിർമ്മാണ ഏജൻസിയായി ഇൻകലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ നിർമ്മാണത്തിന് കാലതാമസമുണ്ടായ സാഹചര്യത്തിൽ SPV ആയി കിലയെ ചുമതലപ്പെടുത്തുകയും തുടർന്ന് DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തു. കില, LSGD മുഖാന്തരം feasibility study-യും പൂർത്തിയാക്കി. എന്നാൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016-ലെ DSR നിരക്കും GST-യുമായിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽവന്ന സാഹചര്യത്തിൽ 2018-ലെ DSR നിരക്കുകളും 18% GST-യുമനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് കില സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ നിരക്കനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചുകൊണ്ട് 13-05-2022-ന് സർക്കാർ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കിക്കൊണ്ട് ടെൻഡർ വിളിക്കുന്നതിനുള്ള നടപടി കില സ്വീകരിച്ചുവരുന്നു.

മേൽ പരാമർശിച്ച കാരണങ്ങളാലാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്.

**കോട്ടയം ജില്ലയിൽ സ്കൂളുകൾക്ക് പുതിയ കെട്ടിടം**

234(1393) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ ഏതെല്ലാം സ്കൂളുകൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റ് ഹൈസ്കൂൾ, വാഴൂർ

2. ഗവൺമെന്റ് എൽ.പി.സ്കൂൾ, പൂഞ്ഞാർ

3. ഗവൺമെന്റ് എൽ.പി.സ്കൂൾ, പ്ലാശനാൽ

(ബി) ഇതിൽ ഏതെല്ലാം സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നും ബാക്കിയുള്ളവ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

മൂന്ന് സ്കൂളുകളിലും പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്.-ന് വാഹനം**

235(1394) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്.-ന് വാഹനം വാങ്ങി നൽകുന്നതിന് ഉത്തരവിറക്കുന്നതിൽ കാലതാമസം വന്നതുകാരണം ആയത് വാങ്ങി നൽകാൻ കഴിയാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ ബസ് വാങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ രണ്ടാഴ്ചയിൽ കൂടുതൽ നടപടികൾ സ്വീകരിക്കാതെ കൈവശം വച്ചിരുന്ന ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നിവ ലഭ്യമാക്കാമോ?

പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്.-ന് വാഹനം വാങ്ങുന്നതിന് ജില്ലാ കളക്ടറിൽനിന്നുള്ള 16 ലക്ഷം രൂപയുടെ ഭരണാനുമതിയും

അപേക്ഷയും 18.01.2021-ലെ കത്ത് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽനിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ടി കാലയളവിൽ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ഓഫീസ് പ്രവർത്തിക്കാതിരുന്നതിനാൽ ടി കത്തിൽ നടപടി സ്വീകരിക്കാൻ കാലതാമസമുണ്ടാകുകയും 20.03.2021-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത ശിപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. സർക്കാർ പ്രസ്തുത ശിപാർശ പരിശോധിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളുൾപ്പെടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ മാർച്ച് മാസത്തിൽ പ്രസ്തുത സ്കൂൾ ബസിന് വില വ്യത്യാസം വന്നതിനാൽ അധിക തുക ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പാലക്കാട് എ.ഡി.സി. ഓഫീസിലേയ്ക്ക് കത്ത് നൽകുകയും 25.11.2021-ലെ പാലക്കാട് ജില്ലാ കളക്ടറുടെ ആർ.ഡി.3/2733/2019(9) നമ്പർ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് അധിക തുക അനുവദിക്കാൻ സാധിക്കുകയില്ലെന്ന് അറിയിക്കുകയും ചെയ്തതിനെത്തുടർന്ന് 16 ലക്ഷം രൂപയ്ക്ക് വാഹനം

വാങ്ങുന്നതിന് പുതുക്കിയ അപേക്ഷ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ 3.02.2022-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ആയത് വീണ്ടും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

സാമ്പത്തിക വർഷാവസാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഒട്ടാകെയുള്ള ധനപുനർവിനിയോഗ അഡീഷണൽ ആതറൈസേഷൻ, റീ-അപ്രോപ്രിയേഷൻ, അലോട്ട്മെന്റ് എന്നീ ജോലികൾക്ക് ബഡ്ജറ്റ് സെക്ഷനിൽനിന്ന് നടപടി സ്വീകരിക്കേണ്ടതിനാൽ പ്രവൃത്തി ദിവസങ്ങളിൽ അധിക സമയം ജോലി ചെയ്തും അവധി ദിവസങ്ങളിൽ ഹാജരായിട്ടുമാണ് സാമ്പത്തിക വർഷാവസാനത്തിലുള്ള ടി ജോലികൾ ജീവനക്കാർ പൂർത്തീകരിച്ചിരുന്നത്. ടി സാഹചര്യത്തിൽ മന:പൂർവ്വമല്ലാത്ത കാരണത്താൽ അടിയന്തര സ്വഭാവമില്ലാത്ത ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസമുണ്ടാകുകയും ആയത് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ തരികയും പ്രസ്തുത ഫയലിൽ നടപടി സ്വീകരിച്ച് 23.05.2022-ലെ സ.ഉ.(ആർ.റ്റി)നം.3118/2022/പൊ.വിവ പ്രകാരം 16

ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. ടി കാലയളവിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, സീനിയർ ഫിനാൻസ് ഓഫീസർ എന്നിവരുമാണ് പ്രസ്തുത ഫയൽ കൈകാര്യം ചെയ്തിരുന്നത്.

(സി) ഭാവിയിൽ ഇത്തരം ഫയലുകളിൽ കാലതാമസം വരുത്താതെ അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ഫയലുകളിൽ കാലതാമസം വരാതെ അടിയന്തര നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**എറണാകുളം മണ്ഡലത്തിലെ എസ്.ആർ.വി. ഹയർ സെക്കൻഡറി സ്കൂൾ**

236(1395) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ എസ്.ആർ.വി. ഹയർ സെക്കൻഡറി സ്കൂൾ കോമ്പൗണ്ടിൽ ആർ.ഡി.ഡി. ഓഫീസും എ.ഇ.ഒ. ഓഫീസും പ്രവർത്തിക്കുന്നതുമൂലം സ്കൂളിന്റെ അച്ചടക്കം നഷ്ടപ്പെടുന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ഓഫീസുകൾ സ്കൂൾ കോമ്പൗണ്ടിൽനിന്നും മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യം കാക്കനാട് സിവിൽ സ്റ്റേഷനിലുള്ളതിനാൽ ഓഫീസുകൾ അവിടേക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) എറണാകുളം എസ്.ആർ.വി. ഹയർ സെക്കൻഡറി സ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന ആർ.ഡി.ഡി. ഓഫീസ്, എ.ഇ.ഒ. ഓഫീസ് എന്നിവ മറ്റ് സ്ഥലത്തേക്ക് മാറ്റേണ്ട സാഹചര്യം നിലവിലില്ല.

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

237(1396) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ഈസ്റ്റ് ഹിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടനിർമ്മാണത്തിന് സാങ്കേതികാനുമതി നൽകേണ്ട ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ?

കില

(ബി) പ്രസ്തുത ഏജൻസിയിൽനിന്നും സാങ്കേതികാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ കെട്ടിട നിർമ്മാണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി&സി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു.

**മലപ്പുറം ജില്ലയിൽ ഉപരിപഠനത്തിനുള്ള അവസരം**

238(1397) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽനിന്ന് എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്; അർഹത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽത്തന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോ; അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ നിന്ന് 77691 (എഴുപത്തേഴായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയൊന്ന്) വിദ്യാർത്ഥികൾ 2022-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ടെങ്കിലും സീറ്റിന്റെ അപര്യാപ്തത നിലവിലില്ല. ഈ വർഷം കഴിഞ്ഞ വർഷത്തെപ്പോലെ സീറ്റ് ലഭ്യമാകുന്നതിനാൽ ആകെ 67106 (അറുപത്തേഴായിരത്തി ഒരുനൂറ്റി ആറ്) സീറ്റുകൾ ജില്ലയിലുണ്ടായിരിക്കുന്നതാണ്. ജയിച്ച എല്ലാ വിദ്യാർത്ഥികളും ഹയർ സെക്കൻഡറി കോഴ്സുകൾ ഉപരിപഠനത്തിന് തെരഞ്ഞെടുക്കുന്നില്ല എന്നതാണ് കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. അതനുസരിച്ച് ശരാശരി 58506 (അൻപത്തി എട്ടായിരത്തി അഞ്ഞൂറ്റി ആറ്)

വിദ്യാർത്ഥികൾ മാത്രമേ ഹയർ സെക്കൻഡറി കോഴ്സുകൾ ഉപരിപഠനത്തിന് തെരഞ്ഞെടുക്കാൻ സാധ്യതയുള്ളൂ.

(ബി) പ്രസ്തുത ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിലായി ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

ഹയർ സെക്കൻഡറി

സർക്കാർ - 31395 (മുപ്പത്തൊന്നായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി അഞ്ച്)

എയ്ഡഡ് - 24310 (ഇരുപത്തിനാലായിരത്തി മുന്നൂറ്റി പത്ത്)

അൺ-എയ്ഡഡ് - 11401 (പതിനൊന്നായിരത്തി നാനൂറ്റി ഒന്ന്)

ആകെ - 67106 (അറുപത്തേഴായിരത്തി ഒരുനൂറ്റി ആറ്)

വൊക്കേഷണൽ ഹയർ സെക്കൻഡറി

സർക്കാർ - 2580 (രണ്ടായിരത്തി അഞ്ഞൂറ്റി എൺപത്)

എയ്ഡഡ് - 210 (ഇരുനൂറ്റി പത്ത് )

ആകെ - 2790 (രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ്)

(സി) പ്രസ്തുത ജില്ലയിൽ ഹയർ സെക്കൻഡറിക്ക് പുതിയ ബാച്ചുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പ്ലസ് വൺ അഡ്മിഷൻ നടപടി ആരംഭിച്ചിട്ടില്ല. അഡ്മിഷൻ നടപടി ആരംഭിച്ചശേഷം സംസ്ഥാനത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തതയുണ്ടെന്ന് വ്യക്തമായാൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) മുഴവൻ വിഷയങ്ങളിലും എ+ നേടിയ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് അർഹത നേടിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും അവർ ആവശ്യപ്പെടുന്ന വിഷയങ്ങൾക്ക് ആവശ്യപ്പെടുന്ന വിദ്യാലയങ്ങളിൽത്തന്നെ അഡ്മിഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രവേശന മാനദണ്ഡമനുസരിച്ച് മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നതാണ്. 40 ശതമാനത്തിൽ കുറയാത്ത ഡിസെബിലിറ്റിയുണ്ടെന്ന് തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ള

വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന വിദ്യാലയത്തിലും കോഴ്സിലും പ്രവേശനം ഉറപ്പാക്കുന്നതാണ്.

**പുലിയന്നൂർ സെന്റ് തോമസ് യു.പി. സ്കൂൾ ജീവനക്കാരുടെ ശമ്പളം**

239(1398) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ പുലിയന്നൂർ സെന്റ് തോമസ് യു.പി. സ്കൂൾ കഴിഞ്ഞ വർഷം ഏറ്റെടുത്തതിനുശേഷമുള്ള പുരോഗതി വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഉപജില്ലയിൽ പ്രവർത്തിച്ചുവരുന്ന പുലിയന്നൂർ സെന്റ് തോമസ് യു.പി. സ്കൂൾ സർക്കാർ ഏറ്റെടുത്തിരുന്നു. പ്രസ്തുത സ്കൂളിന്റെ പേര് ഗവ. യു.പി. സ്കൂൾ, പുലിയന്നൂർ എന്നാക്കി പുനർനാമകരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നുണ്ട്. പ്രഥമാദ്ധ്യാപികയുടെ ശമ്പളം ലഭിക്കുന്നതിനും സ്കൂളിന്റെ ശമ്പള ഹെഡ് മാറ്റുന്നതിനുമായുള്ള ഫയൽ (ഫ.നം. U4/04/2022 പൊ.വി.വ) ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ഉടുമ്പൻചോല ഗവൺമെന്റ് ഹൈസ്കൂളിൽ (തമിഴ്) യു.പി. വിഭാഗം**

240(1399) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ഉടുമ്പൻചോല ഗവൺമെന്റ് ഹൈസ്കൂളിൽ (തമിഴ്) എൽ.പി., എച്ച്.എസ്. വിഭാഗങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൽ.പി. സ്കൂൾ വിദ്യാഭ്യാസം നേടിയിട്ടുള്ള കുട്ടികൾ യു.പി. സ്കൂൾ വിദ്യാഭ്യാസം നേടാൻ കഴിയാത്തതിനാൽ പഠനം ഉപേക്ഷിക്കുന്നതായും ബാലവേലയ്ക്ക് പോകുന്നതായുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത സ്കൂൾ തമിഴ് യു.പി. വിഭാഗമില്ലാതെ പ്രവർത്തിക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(ഡി) എൽ.പി. വിഭാഗം മാത്രം പ്രവർത്തിച്ചിരുന്ന ഈ സ്കൂൾ ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂളായി ഉയർത്തിയപ്പോൾ ഇവിടെ യു.പി. സ്കൂൾ അനുവദിക്കുമെന്ന് അറിയിച്ചിരുന്നോ; ഹൈസ്കൂളായി ഉയർത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(സി&ഡി) 1999-2000 വർഷം മുതൽ തമിഴ് മീഡിയം എൽ.പി. സ്കൂളായി പ്രവർത്തനമാരംഭിക്കുകയും തുടർന്ന് 2011-12 വർഷം ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി ഹൈസ്കൂൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത ഉത്തരവിൽ യു.പി. വിഭാഗം അനുവദിക്കുന്ന കാര്യം പിന്നീട് തീരുമാനിക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്.

(ഇ) എത്ര വർഷമായി ഈ സ്കൂൾ യു.പി. വിഭാഗമില്ലാതെ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ?

1999-2000 മുതൽ യു.പി. വിഭാഗം പ്രവർത്തിക്കുന്നില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) ഈ സ്കൂളിൽ അടിയന്തരമായി യു.പി. വിഭാഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാൻ ബാലവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ജി) ബാലാവകാശ കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ യു.പി. വിഭാഗം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എഫ്&ജി) യു.പി. വിഭാഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. കമ്മീഷന്റെ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.+ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളിൽ യു.പി. വിഭാഗം ആരംഭിക്കുന്ന വിഷയം എഫ് 3/48/2021/പൊ.വി.വ ഫയലിൽ പരിശോധിച്ചുവരികയാണ്. യു.പി. വിഭാഗം ആരംഭിക്കുമ്പോഴുണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യതയടക്കമുള്ള അധിക വിവരങ്ങൾ ആരാഞ്ഞ് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിലവിൽ കത്ത് നൽകിയിട്ടുണ്ട്.

**പഴവിൽ ശ്രീഗോകുലം പബ്ലിക് സ്കൂളിലെ അദ്ധ്യാപക സമരം**

241(1400) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ പഴവിൽ ശ്രീഗോകുലം പബ്ലിക് സ്കൂളിലെ അദ്ധ്യാപക സമരം അവസാനിപ്പിക്കുന്നതിനും പിരിച്ചുവിടപ്പെട്ട അദ്ധ്യാപകരെയും ജിവനക്കാരെയും തിരിച്ചെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന സി.ബി.എസ്.ഇ. വിദ്യാലയമാണ് പഴവിൽ ശ്രീഗോകുലം പബ്ലിക് സ്കൂൾ. ടി വിദ്യാലയത്തിലെ 45 അദ്ധ്യാപകരെ ജോലിയിൽനിന്നും പിരിച്ചുവിട്ടത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട കക്ഷികളെ പങ്കെടുപ്പിച്ച് 2021 ഡിസംബർ 28-ന് സെക്രട്ടേറിയറ്റിൽ വച്ച് യോഗം സംഘടിപ്പിച്ചിരുന്നു. ടി യോഗത്തിൽ പിരിച്ചുവിടപ്പെട്ട അദ്ധ്യാപകരെ തിരിച്ചെടുക്കില്ലെന്ന നിലപാടാണ് സ്കൂൾ അധികൃതർ സ്വീകരിച്ചത്. പ്രസ്തുത യോഗത്തിൽ ടി വിഷയത്തിന്മേൽ തീരുമാനമാകാത്തതിനാൽ ബന്ധപ്പെട്ട എല്ലാ കക്ഷികളെയും പങ്കെടുപ്പിച്ച് ഒരു കൂടിക്കാഴ്ച നടത്തി തീരുമാനമെടുക്കുന്നതിന് സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. സർക്കാർ

നിർദ്ദേശപ്രകാരം 2022 ജൂൺ 21-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കൂടിക്കാഴ്ച നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത കൂടിക്കാഴ്ചയിൽ തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ മാത്രമാണ് പങ്കെടുത്തത്. സ്കൂൾ അധികൃതർ, പരാതിക്കാരുടെ പ്രതിനിധികൾ, സംഘടനാ നേതാക്കൾ എന്നിവരാരും തന്നെ പങ്കെടുത്തിരുന്നില്ല.

1972-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 2(എസ്) പ്രകാരം അദ്ധ്യാപകർ തൊഴിലാളി എന്ന നിർവചനത്തിലുൾപ്പെടാത്തതിനാൽ തൊഴിൽ വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടാൻ കഴിയില്ല. കൂടാതെ സി.ബി.എസ്.ഇ. അഫിലിയേഷനിൽ പ്രവർത്തിക്കുന്ന സ്കൂളായതിനാൽ ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിനും പരിമിതികളുണ്ട്. എങ്കിലും ഇതിൽ എന്ത് തുടർ നടപടി സ്വീകരിക്കാൻ കഴിയുമെന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുപുറം ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

242(1401) **ശ്രീ. കെ. ആൻസലൻ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന ഒരു കോടി രൂപയുടെ പദ്ധതിയിലുൾപ്പെടുത്തി തിരുപുറം ഹൈസ്കൂളിൽ നിർമ്മിക്കുന്ന മന്ദിരത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടും പ്രവൃത്തി വൈകിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന ഒരു കോടി രൂപയുടെ പദ്ധതിയിലുൾപ്പെട്ട തിരുപുറം ഹൈസ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ച ഘട്ടത്തിൽ പ്രസ്തുത സ്ഥലത്ത് വെള്ളക്കെട്ട് കാണുകയും നിർമ്മാണം സാധ്യമാകാത്ത സാഹചര്യമുണ്ടാകുകയും ചെയ്തു. തുടർന്ന് പ്രസ്തുത സ്കൂളിന്റെ ഡിസൈനിൽ മാറ്റം വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് LSGD മുഖാന്തരം തയ്യാറാക്കുന്നതിന് കില നടപടി സ്വീകരിച്ചുവരികയാണ്. ഈ സാഹചര്യത്തിലാണ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ പോയത്.

## നെന്മാറ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

243(1402) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഏതൊക്കെ വർഷങ്ങളിലാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും ഓരോ സ്കൂളിനും എത്ര തുകയാണ് അനുവദിച്ചതെന്നും വിശദമാക്കുമോ;

(സി) ഈ കെട്ടിടങ്ങളുടെ നിലവിലെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

(എ-സി) നെന്മാറ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അദ്ധ്യാപകരുടെ കുറവുമൂലമുള്ള പ്രതിസന്ധികൾ

244(1403) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അദ്ധ്യയന വർഷം എത്ര അദ്ധ്യാപകരാണ് വിരമിച്ചത്; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ; വിരമിച്ച ഒഴിവുകളിലേക്ക് പുതിയ എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കഴിഞ്ഞ അദ്ധ്യയനവർഷം വിരമിച്ച അദ്ധ്യാപകരുടെ എണ്ണവും വിരമിച്ച ഒഴിവുകളിലേയ്ക്ക് നിയമിച്ച അദ്ധ്യാപകരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | സംസ്ഥാനത്തെ സർക്കാർ അദ്ധ്യാപകരുടെ എണ്ണം | |
|---|---|---|
| | വിരമിച്ചത് | നിയമിച്ചത് |
| തിരുവനന്തപുരം | 139 | 14 |
| കൊല്ലം | 76 | - |
| പത്തനംതിട്ട | 33 | 21 |
| ആലപ്പുഴ | 44 | 47 |
| കോട്ടയം | 89 | 3 |
| ഇടുക്കി | 116 | 79 |
| എറണാകുളം | 427 | - |

| | | |
|---|---|---|
| തൃശ്ശൂർ | 111 | 4 |
| പാലക്കാട് | 125 | 59 |
| മലപ്പുറം | 286 | 286 |
| കോഴിക്കോട് | 231 | - |
| വയനാട് | 67 | 2 |
| കണ്ണൂർ | 518 | 155 |
| കാസർഗോഡ് | 203 | 20 |

| ജില്ല | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ എണ്ണം | |
|---|---|---|
| | വിരമിച്ചത് | നിയമിച്ചത് |
| തിരുവനന്തപുരം | 157 | - |
| കൊല്ലം | 172 | - |
| പത്തനംതിട്ട | 183 | 40 |
| ആലപ്പുഴ | 215 | 208 |
| കോട്ടയം | 303 | 97 |
| ഇടുക്കി | 75 | 41 |
| എറണാകുളം | 304 | 221 |
| തൃശ്ശൂർ | 785 | 523 |
| പാലക്കാട് | 212 | 131 |
| മലപ്പുറം | 267 | 267 |
| കോഴിക്കോട് | 471 | 387 |
| വയനാട് | 69 | 57 |
| കണ്ണൂർ | 343 | 258 |
| കാസർഗോഡ് | 83 | 74 |

ഹയർ സെക്കൻഡറി വിഭാഗത്തിൽ കഴിഞ്ഞ അദ്ധ്യയനവർഷം വിരമിച്ച അദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു

എച്ച്.എസ്.എസ്.റ്റി(Jr) - 27

എച്ച്.എസ്.എസ്.റ്റി(Sr) - 262

ഹയർ സെക്കൻഡറി വിഭാഗത്തിൽ എച്ച്.എസ്.എസ്.റ്റി സീനിയർ/ജൂനിയർ നിയമനങ്ങൾ സംസ്ഥാന തലത്തിലാണ് നടത്തപ്പെടുന്നത്. അതിനാൽ ടി ഒഴിവുകൾ ജില്ലാടിസ്ഥാനത്തിൽ കണക്കാക്കുന്നില്ല.

വിരമിക്കൽ വഴിയും അല്ലാതെയുമുള്ള ഒഴിവുകളിൽ എച്ച്.എസ്.എസ്.റ്റി-1, എച്ച്.എസ്.എസ്.റ്റി(Jr)-96 എന്നിങ്ങനെയുള്ള നിയമനങ്ങൾ ടി കാലയളവിൽ നടത്തപ്പെട്ടിട്ടുള്ളതാണ്.

വിരമിച്ച എയ്ഡഡ് ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു;

തിരുവനന്തപുരം - 53

കൊല്ലം - 32

പത്തനംതിട്ട - 24

ആലപ്പുഴ - 43

എറണാകുളം - 42

കോട്ടയം - 52

തൃശ്ശൂർ - 45

ഇടുക്കി - 33

മലപ്പുറം - 31

പാലക്കാട് - 30

കോഴിക്കോട് - 33

വയനാട് - 10

കാസർഗോഡ് - 30

കണ്ണൂർ - 52

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ കഴിഞ്ഞ അദ്ധ്യയനവർഷം വിരമിച്ച അദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു

| ജില്ല | അദ്ധ്യാപകരുടെ എണ്ണം | |
|---|---|---|
| | ഗവൺമെന്റ് | എയ്ഡഡ് |
| തിരുവനന്തപുരം | 3 | 5 |
| കൊല്ലം | 10 | 13 |
| പത്തനംതിട്ട | 4 | 06 |

| | | |
|---|---|---|
| ആലപ്പുഴ | 1 | 3 |
| കോട്ടയം | 2 | 4 |
| ഇടുക്കി | - | 1 |
| എറണാകുളം | 4 | 5 |
| തൃശ്ശൂർ | 2 | 6 |
| പാലക്കാട് | 2 | 3 |
| മലപ്പുറം | - | 1 |
| കോഴിക്കോട് | - | 3 |
| വയനാട് | - | 1 |
| കണ്ണൂർ | - | - |
| കാസർഗോഡ് | - | 1 |
| ആകെ | 28 | 52 |
| | 80 | |

(ബി) അദ്ധ്യാപകരുടെ കുറവുമൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമനം നടത്തിവരുന്നു. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ 27.05.2022-ലെ സ.ഉ.(കൈ)89/2022/ജി.ഇ.ഡി.എൻ. പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹയർ സെക്കൻഡറി വിഭാഗത്തിൽ അദ്ധ്യാപകരുടെ കുറവില്ല. ഒഴിവുള്ള തസ്തികകളിൽ സ്ഥിരാദ്ധ്യാപകരെ നിയമിച്ചും ഗസ്റ്റ് അദ്ധ്യാപകരെ ആവശ്യമുള്ളിടങ്ങളിൽ അത്തരത്തിൽ അദ്ധ്യാപകരെ നിയമിച്ചും ആവശ്യത്തിന് അദ്ധ്യാപകരെ ലഭ്യമാക്കുന്നുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഗവൺമെന്റ് മേഖലയിലുള്ള റിട്ടയർമെന്റ് വേക്കൻസിയെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ മാനേജ്മെന്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(സി) പുതിയ നിയമനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതിനുള്ള നടപടി നിയമനാധികാരിയായ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി വിഭാഗത്തിൽ നിയമനങ്ങൾ നടത്തുന്നതിന് നിലവിൽ തടസ്സങ്ങളില്ല. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ നിയമനം

നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പൊതുവിദ്യാസ മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക ഒഴിവുകൾ**

245(1404) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ?

| ജില്ല | എൽ.പി.എസ്.എ | യു.പി.എസ്.എ | എച്ച്.എസ്.എ |
|---|---|---|---|
| തിരുവനന്തപുരം | 465 | 167 | 238 |
| കൊല്ലം | 274 | 51 | 92 |
| പത്തനംതിട്ട | 149 | 24 | 34 |
| ആലപ്പുഴ | 80 | 34 | 134 |
| കോട്ടയം | 63 | 32 | 27 |
| ഇടുക്കി | 16 | 34 | 33 |
| എറണാകുളം | 80 | 140 | 99 |
| തൃശ്ശൂർ | 345 | 173 | 117 |
| പാലക്കാട് | 158 | 192 | 237 |
| മലപ്പുറം | 857 | 121 | 477 |
| കോഴിക്കോട് | 340 | 254 | 234 |
| വയനാട് | 56 | 30 | 76 |
| കണ്ണൂർ | 83 | 69 | 176 |

| | | | |
|---|---|---|---|
| കാസർഗോഡ് | 249 | 197 | 112 |

ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

എച്ച്.എസ്.എസ്.റ്റി(Jr) – 636

എച്ച്.എസ്.എസ്.റ്റി(Sr) – 539

ലബോറട്ടറി അസിസ്റ്റന്റ് - 197

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ - 55

നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ- 87

ഓഫീസ് അറ്റൻഡന്റ് - 3

ക്ലാർക്ക് - 18

ടൈപ്പിസ്റ്റ് - 1

(ബി) ഇവ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിയമനം നടന്നുവരുന്നു. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ 27.05.2022-ലെ സ.ഉ.(കൈ). 89/2022/ജി.ഇ. ഡി.എൻ. പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹയർ സെക്കൻഡറി വിഭാഗത്തിൽ നിലവിലെ ഒഴിവുകൾ പി.എസ്.സി നിയമനം, തസ്തികമാറ്റം, പ്രൊമോഷൻ ഇവയിലൂടെ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(സി) എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനാംഗീകാരത്തിനായി വിവിധ ഓഫീസുകളിൽ ലഭിച്ച അപേക്ഷകളിൽ ഇനിയും നിയമനാംഗീകാരം ലഭിക്കാത്ത അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 433 |
| കൊല്ലം | 408 |

| | |
|---|---|
| പത്തനംതിട്ട | 239 |
| ആലപ്പുഴ | 578 |
| കോട്ടയം | 1233 |
| ഇടുക്കി | 49 |
| എറണാകുളം | 746 |
| തൃശ്ശൂർ | 948 |
| പാലക്കാട് | 318 |
| മലപ്പുറം | 1595 |
| കോഴിക്കോട് | 501 |
| വയനാട് | 252 |
| കണ്ണൂർ | 1301 |
| കാസർഗോഡ് | 276 |

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ നിയമനാംഗീകാരം ലഭിക്കാത്ത അപേക്ഷകളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 8

കൊല്ലം - 8

പത്തനംതിട്ട - 7

ആലപ്പുഴ - 3

എറണാകുളം - 1

കോട്ടയം - 2

തൃശ്ശൂർ - 3

മലപ്പുറം - 2

പാലക്കാട് - 5

കോഴിക്കോട് - 1

കാസർഗോഡ് - 1

(ഡി) എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ നിയമനാംഗീകാരത്തിനുള്ള അപേക്ഷകൾ മന:പൂർവ്വം വൈകിപ്പിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

മന:പൂർവ്വം വൈകിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർക്കുള്ള സംവരണവുമായി ബന്ധപ്പെട്ട കോടതി കേസിൽ നിലവിലുള്ള സ്റ്റേ നീങ്ങുന്നമുറയ്ക്ക് മറ്റുവിധത്തിൽ ക്രമപ്രകാരമുള്ള നിയമനാംഗീകാര അപേക്ഷകളിൽ തീരുമാനമാകുന്നതാണ്.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ WP(C)No. 8090/2022(1) 14.03.2022 പ്രകാരം എയ്ഡഡ് സ്കൂൾ നിയമനങ്ങളെല്ലാം

കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. 25.06.2022 -ലെ സ.ഉ.(കൈ) നം. 111/2022/പൊ.വി.വ പ്രകാരം 8.11.2021-ന് ശേഷമുള്ള നിയമനങ്ങളെല്ലാം ഭിന്നശേഷി സംവരണം പാലിച്ചുമാത്രമേ നടത്താനാകുകയുള്ളൂ. 7.11.2021 വരെയുള്ള നിയമനങ്ങളിൽ GO(P) No.19/2021/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഈ വിഷയത്തിൽ നിലനിൽക്കുന്ന കേസുകളുടെ വിധി വന്നശേഷം അതിനനുസരിച്ച് മാത്രമേ അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ.

## വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം

246(1405) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള വിവിധ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 2022-23 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിന്റെ മാർഗ്ഗനിർദേശങ്ങൾ ഉൾപ്പെടുത്തി 30.05.2022-ന് പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള വിവിധ ഓഫീസുകളിലും, സ്കൂളുകളിലും അഞ്ച് വർഷം പൂർത്തിയാക്കിയ മിനിസ്റ്റീരിയൽ സ്റ്റാഫിന് ചട്ടപ്രകാരം സ്ഥലംമാറ്റം അനുവദിക്കാത്തതും ഇത്തരത്തിൽ ജോലി ചെയ്യുന്നവരെ വിവിധ ഓഫീസിൽനിന്നും മാറ്റാതിരിക്കുന്നതും സ്ഥലംമാറ്റം സംബന്ധിച്ച പൊതുഭരണ വകുപ്പിന്റെ ഉത്തരവിനുവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അദ്ധ്യാപകരെ അഞ്ചുവർഷം കൂടുമ്പോൾ നിർബന്ധമായും സ്കൂളുകളിൽനിന്നും സ്ഥലം മാറ്റുമ്പോൾ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഇത് ബാധകമല്ലാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ; നിലവിൽ ഒരേ ഓഫീസിൽ അഞ്ച് വർഷം പൂർത്തിയാക്കിയ ജീവനക്കാരെ മാറ്റാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) 2020 വർഷം മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലംമാറ്റം 25.02.2017-ലെ സ.ഉ. (പി)നം.3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ മാർഗ്ഗനിർദേശങ്ങളനുസരിച്ച് ഓൺലൈൻ സംവിധാനത്തിൽ നടത്തുന്നതിനാൽ വകുപ്പിനുകീഴിലുള്ള എല്ലാ ഓഫീസുകളിലെയും സ്കൂളുകളിലെയും 5 വർഷം പൂർത്തീകരിച്ച ജീവനക്കാർ സ്ഥലംമാറ്റപ്പെടുന്നുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, പരീക്ഷ ഭവൻ, ടെക്സ്റ്റ് ബുക്ക് ഓഫീസ് എന്നിവ ഒരു യൂണിറ്റായി പരിഗണിച്ച് 5 വർഷം പൂർത്തിയാക്കിയ ജീവനക്കാരെ യൂണിറ്റിനുള്ളിൽ സ്ഥലംമാറ്റം/സെക്ഷൻമാറ്റം നടത്തി നിയമിക്കാറുമുണ്ട്.

**അദ്ധ്യാപക ഒഴിവുകൾ നികത്താൻ നടപടി**

247(1406) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. നജീബ് കാന്തപുരം
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന

**ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലേയും എയ്ഡഡ് സ്കൂളുകളിലേയും കുട്ടികളുടെ വർദ്ധനവിനനുസൃതമായി അദ്ധ്യാപകരില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

അദ്ധ്യാപകരുടെ സ്ഥിര ഒഴിവിലെ നിയമനം ത്വരിതപ്പെടുത്തുവാനും താൽക്കാലിക ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാർ മേഖലയിലെ പ്രൈമറി ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകരുടെ ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അദ്ധ്യാപകരുടെ സ്ഥിര ഒഴിവിലെ നിയമനം ത്വരിതപ്പെടുത്താനും താൽക്കാലിക ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## താൽക്കാലിക അദ്ധ്യാപക നിയമനങ്ങൾ

248(1407) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ വിദ്യാലയങ്ങളിലെ താൽക്കാലിക അദ്ധ്യാപക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ സ്കൂളുകളിൽ 30 ദിവസത്തിലധികമുള്ള ഒഴിവുകളിൽ ദിവസവേതനക്കാരെ നിയമിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് കാലവിളംബമുണ്ടാകുന്നതിനാലാണ് ഹ്രസ്വകാല ഒഴിവിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസവേതന നിയമനം നടത്തുന്നത്. എന്നാൽ ദീർഘകാല ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പ്രൈമറി സ്കൂൾ ഹെഡ് മാസ്റ്റർമാരുടെ സ്ഥാനക്കയറ്റം

249(1408) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രൈമറി സ്കൂളുകളിൽ പ്രൊമോഷൻ ടെസ്റ്റ് വിജയിച്ചിട്ടില്ലാത്ത, 50 വയസ്സ് കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഹെഡ് മാസ്റ്ററായി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ഹെഡ് മാസ്റ്റർമാരുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന വസ്തുത പരിശോധിക്കുമോ; എങ്കിൽ അപ്രകാരമുള്ളവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൈമറി പ്രഥമാദ്ധ്യാപക തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് യോഗ്യതയുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള തർക്കം ഉടലെടുക്കുകയും ടി വിഷയം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരിഗണിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള നിരവധി കേസുകൾ ട്രിബ്യൂണലിന്റെ പരിഗണനയിലായതിനാൽ പൊതു ഉത്തരവ് ഉണ്ടാകുന്നതുവരെ പ്രൊമോഷൻ നടത്തുന്നത് തടഞ്ഞിരുന്നു. എന്നാൽ സ്കൂൾ

തുറക്കുമ്പോഴുണ്ടാകുന്ന പ്രധാനാദ്ധ്യാപകരുടെ ക്ഷാമം ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ ട്രിബ്യൂണൽ ഉത്തരവ് സ്റ്റേ ചെയ്യുന്നതിന് സർക്കാർ ഹൈക്കോടതിയെ സമീപ്പിക്കുകയും സർക്കാർ നിർദ്ദേശം അംഗീകരിച്ച് ട്രിബ്യൂണൽ വിധി ഹൈക്കോടതി സ്റ്റേ ചെയ്യുകയുമുണ്ടായി. സമാനമായ മറ്റൊരു കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. നിലവിലുള്ള കേസ്സുകളിൽ അന്തിമ വിധിയുണ്ടാകുന്നതുവരെ ഈ വിഷയത്തിൽ നിലനിൽക്കുന്ന അടിയന്തര സാഹചര്യം മുൻനിർത്തി കെ.എസ്. & എസ്.എസ്.ആർ.-ലെ ചട്ടം 31(എ)(i)-ൽ വിവക്ഷിക്കുന്ന വ്യവസ്ഥകൾ അടിസ്ഥാനമാക്കി യോഗ്യത പരിഗണിക്കാതെ അദ്ധ്യാപകരുടെ സീനിയോറിറ്റി മാത്രം പരിഗണിച്ച് തികച്ചും താൽക്കാലികമായാണ് പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം 2021 നവംബർ 1 മുതൽ നൽകിവരുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കോടതികളിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് ആനുകൂല്യങ്ങൾ അനുവദിക്കാൻ സാധിക്കുകയുള്ളൂ.

(ബി) എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന 50 വയസ്സ് കഴിഞ്ഞതും ടെസ്റ്റ് പാസ്സാകാത്തതുമായ അദ്ധ്യാപകർക്ക് അതേ സ്കൂളിലെ ടെസ്റ്റ് പാസ്സായിട്ടുള്ള അദ്ധ്യാപകർ സ്ഥാനക്കയറ്റം ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ ഹെഡ് മാസ്റ്ററായി സ്ഥാനക്കയറ്റം നൽകുന്നതിന് നിലവിൽ നിയമ തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

എയ്ഡഡ് സ്കൂളുകളിൽ ടെസ്റ്റ് യോഗ്യത നേടിയ അദ്ധ്യാപകരുടെ അഭാവത്തിൽ 11.04.2022 ലെ ജെ1/218/21 പൊ.വി.വ സർക്കുലറിന്റെ ഖണ്ഡിക 3(b)-യിലെ വ്യവസ്ഥകൾ പ്രകാരം, 50 വയസ്സ് കഴിഞ്ഞതും ടെസ്റ്റ് പാസ്സാകാത്തതുമായ അദ്ധ്യാപകർക്ക് സീനിയോറിട്ടി അടിസ്ഥാനമാക്കി KER (Kerala Education Rules) അദ്ധ്യായം XIV.A ചട്ടം 45(C) പ്രകാരം താൽക്കാലിക നിയമനം നൽകാവുന്നതാണ്.

(സി) സ്ഥാനക്കയറ്റം ഉപേക്ഷിക്കുന്ന അദ്ധ്യാപകരുള്ള എയ്ഡഡ് സ്കൂളുകളിൽ മറ്റുള്ളവർക്ക് നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

അതത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) സമാന സ്വഭാവമുള്ള എത്ര കേസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിലുണ്ടെന്ന് അറിയിക്കുമോ; ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

സമാന സ്വഭാവമുള്ള 55 കേസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## വിദ്യാഭ്യാസ വകുപ്പിലെ കായികതാരങ്ങളുടെ നിയമനം

249(1409) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്കുമാരായി നിയമിതരായ കായികതാരങ്ങളുടെ നിയമനം റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര പേരുടെ ലിസ്റ്റാണ് റെഗുലറൈസ് ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുള്ളത്; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ആക്ടീവ് സ്പോർട്സിൽനിന്നും വിരമിച്ച ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അന്തിമ പട്ടിക തയ്യാറാക്കിവരികയാണ്.

(സി) കായിക താരങ്ങളെ റെഗുലറൈസ് ചെയ്യുന്നതിനാവശ്യമായ തസ്തികകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ ടൈപ്പിസ്റ്റ് വേക്കൻസികൾ**

250(1410) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ടൈപ്പിസ്റ്റ് വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാരിന്റെ 05.10.2021-ലെ സർക്കുലർ നമ്പർ ഉ.പ.സി 3/174/2021/ഉ.ഭ.പ.വ പ്രകാരം പാലക്കാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ 2022-23 വർഷത്തെ വിരമിക്കൽ ഒഴിവുകൾ പ്രതീക്ഷിത

ഒഴിവുകളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഫയൽ നമ്പറും തീയതിയും ലഭ്യമാക്കാമോ?

(എ&ബി)പാലക്കാട് ജില്ലയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ 31.05.2022-ന് ഒരൊഴിവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ജില്ലയിലെ പ്രസ്തുത വകുപ്പിൽ ഈ വർഷം രണ്ട് വിരമിക്കൽ ഒഴിവുകളുണ്ടായിരിക്കെ മേൽസർക്കുലറിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 21.10.2021-ലെ സി3/42/2018/ഡി.ജി.ഇ. പ്രകാരം നിർദ്ദേശം നൽകിയിട്ടും പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസ് പ്രസ്തുത നിർദ്ദേശം പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ഈ വർഷം 31.05.2022-ലെ ഒരു വിരമിക്കൽ ഒഴിവ് മാത്രമാണുണ്ടായിട്ടുള്ളത്. ടി ഒഴിവിലേയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിതരായ രണ്ട് ജീവനക്കാരിൽനിന്നും മാതൃജില്ലയിലേയ്ക്കുള്ള സ്ഥലംമാറ്റ

അപേക്ഷകൾ ലഭ്യമായിട്ടുള്ളതിനാലാണ് പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്യാതിരുന്നത്.

(ഡി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ തടഞ്ഞുവയ്ക്കുന്നതായി പറയപ്പെടുന്ന പ്രവണത അവസാനിപ്പിക്കാൻ കർശന നിർദ്ദേശം നൽകി മേൽനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് തടഞ്ഞുവയ്ക്കപ്പെട്ടിട്ടില്ല. 2022 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടക്കുന്ന സാഹചര്യത്തിൽ ആയത് പൂർത്തിയാകുന്നമുറയ്ക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിതരായ ജീവനക്കാരന് സ്ഥലംമാറ്റം നൽകുന്നതാണ്.

## ഗോത്ര മേഖലകളിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ പദ്ധതികൾ

251(1411) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ തൊണ്ണൂറ് ശതമാനത്തിൽ ഏറെ കുട്ടികളും പത്താം ക്ലാസ്സോടെ പഠനം ഉപേക്ഷിക്കുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആദിവാസി മേഖലയിൽ ഒരു വിഭാഗം കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന പ്രശ്നം ഇന്നും നിലനിൽക്കുന്നുണ്ടെന്നത് വാസ്തവമാണ്. നമ്മൾ പൊതുവേ വിദ്യാഭ്യാസ മേഖലയിലുണ്ടാക്കിയ മുന്നേറ്റം പാർശ്വവത്കൃത സമൂഹങ്ങളിൽ നമ്മൾ ആഗ്രഹിച്ച തരത്തിൽ എത്തിച്ചേർന്നിട്ടില്ലെന്നാണ് പൊതുവെ വിലയിരുത്തുന്നത്. സാമൂഹിക സാമ്പത്തിക ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളെല്ലാം ചേർന്നാണ് ഈ സാഹചര്യം ഉണ്ടാകുന്നത്. ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ പൊതുവെ ഉണ്ടാകുന്ന ഉയർച്ചയുടെ ഭാഗമായി മാത്രമേ വിദ്യാഭ്യാസ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിന് പലവിധമായ ഇടപെടലുകൾ ആവശ്യമാണ്. ആദിവാസി വിഭാഗത്തിലുള്ള കുട്ടികൾ കൂടുതലുള്ള വിദ്യാലയങ്ങളിൽ അവരെ പ്രത്യേകം സഹായിക്കുന്നതിനായി മെന്റർ ടീച്ചറെ നിയമിക്കുന്നതുപോലുള്ള പല ഭാവനാപൂർണമായ പദ്ധതികളും സർക്കാർ നടപ്പാക്കിവരുന്നുണ്ട്. എങ്കിലും ഈ പ്രശ്നം ഇപ്പോഴും പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ

90 ശതമാനത്തിലധികം കുട്ടികളും പത്താം ക്ലാസിനുശേഷം പഠനം ഉപേക്ഷിക്കുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗോത്ര മേഖലകളിലെ കുട്ടികളിൽ ശരിയായ ലക്ഷ്യബോധമുണ്ടാക്കാൻ ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ രീതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഗോത്ര മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. SCERT (The State Council of Education Research and Training(Kerala), S.S.K. (Samagra Shikha Kerala), കെ-ഡിസ്ക് തുടങ്ങിയ ഏജൻസികളെല്ലാം ഈ മേഖലയിൽ ഇടപെട്ട് പ്രവർത്തിക്കുന്നുണ്ട്. ഡയറ്റുകളുടെ നേതൃത്വത്തിലും തനത് പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്ക്കരണത്തിലേയ്ക്ക് കേരളം കടക്കുകയാണ്. ഇതിൽ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസം ഒരു പ്രധാന പരിഗണനാ മേഖലയാണ്. ഈ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാനും അവരെക്കൂടി വിജ്ഞാന സമൂഹത്തിന്റെ

ഭാഗമായി ഉയർത്തിക്കൊണ്ടുവരാനുമുള്ള ആശയങ്ങളും പ്രവർത്തന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) ഗോത്ര മേഖലകളിലെ താഴ്ന്ന ക്ലാസ്സുകളിൽ മലയാള ഭാഷയിലുള്ള അദ്ധ്യയനം കുട്ടികൾക്ക് ആശയവിനിമയത്തിൽ പ്രയാസമുണ്ടാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഭാഷാപരമായ അകൽച്ച ആദിവാസി മേഖലയിലെ ക്ലാസ്സ് മുറികളിലുള്ളതായി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇത് പരിഹരിക്കാനാണ് ആദിവാസി വിഭാഗത്തിൽപ്പെട്ട യോഗ്യരായ ആളുകളെ മെന്റർ ടീച്ചർ എന്ന നിലയിൽ വയനാട്, അട്ടപ്പാടി മേഖലകളിൽ നിയോഗിച്ചത്. മലയാളത്തിൽ അധ്യയനം നടക്കുന്ന ക്ലാസ്സ് മുറികളിലും ഒരു ബന്ധഭാഷ (Link language )എന്ന നിലയിൽ ആദിവാസി ഭാഷകളും ചെറിയ ക്ലാസ്സുകളിലുപയോഗിക്കണമെന്നാണ് ഇപ്പോൾ പിന്തുടരുന്ന സമീപനം.

(ഡി) ആദിവാസി മേഖലകളിൽ ആരംഭിച്ച സാമൂഹിക പഠന മുറികൾ എത്ര മാത്രം ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് കാലത്ത് സ്കൂളുകൾ അടച്ചിട്ട സാഹചര്യത്തിൽ ആദിവാസി മേഖയിലുള്ള കുട്ടികളുടെ പഠനം മുടങ്ങിപ്പോകാതിരിക്കാനും അവർ സാമൂഹികമായി ഒറ്റപ്പെട്ട് പോകാതിരിക്കാനും സാമൂഹിക പഠനമുറികൾ ഏറെ പ്രയോജനം ചെയ്തിട്ടുണ്ട്. പഠനമുറികളിൽ ടി.വി സജ്ജീകരിക്കുകയും മെന്റർ ടീച്ചറുടെ സേവനം ലഭ്യമാക്കുകയും ചെയ്തു. കൂടാതെ ബി.ആർ.സി. (ബ്ലോക്ക് റിസോഴ്സ് സെന്റർ)കളിൽനിന്നും തൊട്ടടുത്ത സ്കൂളുകളിൽനിന്നും അദ്ധ്യാപകർ ഊഴം വച്ച് സാമൂഹിക പഠനമുറികൾ സന്ദർശിക്കുകയും കുട്ടികളുമായി ഇടപഴകുകയും ചെയ്യുന്നതിന് ക്രമീകരണമൊരുക്കി. സാമൂഹിക പഠനമുറികൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി അദ്ധ്യാപക നിയമനങ്ങൾ

252(1412) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിഗണനയും സംവരണവും നൽകണമെന്ന കോടതി ഉത്തരവ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) 18.11.2018-ലെ സ.ഉ.(പി) നം.18/2018/സാ.നീ.വ.-യിലെ ഖണ്ഡിക 6(i), (ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് നിയമനങ്ങളിൽ 07.02.1996 മുതൽ 18.04.2017 വരെ 3%, 19.04.2017 മുതൽ 4% എന്നിങ്ങനെ സംവരണം

ഏർപ്പെടുത്തിക്കൊണ്ട് 08.11.2021-ൽ സ.ഉ.(പി)നം.19/2021/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 25.06.2022-ലെ സ.ഉ.(കൈ)നം.111/2022/പൊ.വി.വ. പ്രകാരം സംവരണം എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകളിലായി 2005-നുശേഷം നിയമനം ലഭിച്ചിട്ടുള്ള ഭിന്നശേഷിക്കാരായ അദ്ധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

| ക്രമ നമ്പർ | ജില്ല | നിയമനം ലഭിച്ച ഭിന്നശേഷിക്കാരായ അദ്ധ്യാപകരുടെ എണ്ണം | |
|---|---|---|---|
| | | എൽ. പി/യു.പി/എച്ച്.എസ് | ഹയർ സെക്കണ്ടറി |
| 1 | തിരുവനന്തപുരം | 5 | 0 |
| 2 | കൊല്ലം | 2 | 0 |
| 3 | പത്തനംതിട്ട | 4 | 1 |
| 4 | ആലപ്പുഴ | 2 | 1 |
| 5 | കോട്ടയം | 8 | 0 |
| 6 | ഇടുക്കി | 1 | 2 |
| 7 | എറണാകുളം | 14 | 1 |
| 8 | തൃശ്ശൂർ | 10 | 0 |
| 9 | പാലക്കാട് | 10 | 1 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| 10 | മലപ്പുറം | 24 | 2 |
| 11 | കോഴിക്കോട് | 20 | 0 |
| 12 | വയനാട് | 4 | 0 |
| 13 | കണ്ണൂർ | 13 | 2 |
| 14 | കാസർഗോഡ് | 6 | 0 |

(ഡി) നിലവിൽ സംസ്ഥാനത്ത് എത്ര എയ്ഡഡ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

| ക്രമ നമ്പർ | ജില്ല | എയ്ഡഡ് സ്കൂളുകളുടെ എണ്ണം | |
|---|---|---|---|
| | | എൽ. പി/യ.പി/എച്ച്.എസ് | ഹയർ സെക്കണ്ടറി |
| 1 | തിരുവനന്തപുരം | 364 | 55 |
| 2 | കൊല്ലം | 437 | 56 |
| 3 | പത്തനംതിട്ട | 425 | 44 |
| 4 | ആലപ്പുഴ | 371 | 64 |
| 5 | കോട്ടയം | 548 | 70 |
| 6 | ഇടുക്കി | 255 | 32 |
| 7 | എറണാകുളം | 524 | 93 |
| 8 | തൃശ്ശൂർ | 686 | 95 |
| 9 | പാലക്കാട് | 585 | 64 |
| 10 | മലപ്പുറം | 802 | 89 |
| 11 | കോഴിക്കോട് | 865 | 89 |
| 12 | വയനാട് | 112 | 20 |
| 13 | കണ്ണൂർ | 958 | 61 |
| 14 | കാസർഗോഡ് | 217 | 25 |

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം

253(1413) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിനുകീഴിൽ കഴിഞ്ഞ അഞ്ച് വർഷമായി എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനാംഗീകാരത്തിനായി എത്ര അപേക്ഷകളാണ് വിവിധ മാനേജ്മെന്റുകളിൽനിന്നും ലഭിച്ചതെന്നും ഇതിൽ എത്ര എണ്ണത്തിന് അംഗീകാരം നൽകിയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

112 അപേക്ഷകൾ ആകെ ലഭിച്ചിട്ടുണ്ട്. 63 അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത ഓഫീസിൽ നിയമനാംഗീകാരത്തിനായി ലഭിച്ച അപേക്ഷകളിൽ നാളിതുവരെ അംഗീകാരം നൽകാത്ത എത്ര കേസുകളാണുള്ളതെന്ന് ഫയൽ നമ്പർ, അപേക്ഷകന്റെ പേര്, അംഗീകാരം നൽകാത്തതിന്റെ കാരണം എന്നിവ സഹിതം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

49 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ വിഷയത്തിൽ അംഗീകാരം നൽകാതെ മാറ്റിവച്ചിരിക്കുന്ന ഫയലുകൾ ഓഫീസ് മേധാവിയുടെ അധികാരപരിധിയിൽ നിന്ന് തീരുമാനമെടുക്കാൻ കഴിയാത്തതാണോ ഓഫീസ് മാന്വലും ചട്ടങ്ങളും പ്രകാരം തടസ്സമുള്ളതാണോ അതോ ബോധപൂർവ്വം മാറ്റിവച്ചതാണോ എന്നത് നടപ്പുഫയലും കുറിപ്പുഫയലും പൊതുവിദ്യാഭ്യാസ വിജിലൻസ് വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പുവരുത്തുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

ഈ വിഷയത്തിൽ അംഗീകാരം നൽകാതെ മാറ്റിവച്ച ഫയലുകളൊന്നും തന്നെയില്ല. ഓഫീസ് അധികാരിയുടെ അധികാരപരിധിയിൽ നിന്ന് തീരുമാനമെടുക്കാൻ കഴിയാത്തതും ഓഫീസ് മാന്വലും ചട്ടങ്ങളും പ്രകാരം തടസ്സമുള്ളതുമായ നിയമനങ്ങൾ മാത്രമാണ് നിരസിച്ചിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഷേണി ശ്രീ ശാരദാംബ എ. യു. പി. സ്കൂൾ

254(1414) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഷേണി ശ്രീ ശാരദാംബ എയ്ഡഡ് യു.പി. സ്കൂളിൽ ഹിന്ദി ടീച്ചർ ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിദ്യാലയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഹിന്ദി ടീച്ചറെ നിയമിക്കുന്നതിന് തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഇല്ല.

(സി) ദിവസവേതനാടിസ്ഥാനത്തിലോ പുനർവിന്യാസത്തിലൂടെയോ ഹിന്ദി ടീച്ചർ നിയമനം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ?

കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(1) മുതൽ 7(4) വരെയുള്ളവ പ്രകാരമോ മറ്റ് സർക്കാർ ഉത്തരവുകൾ പ്രകാരമോ സംരക്ഷിതാദ്ധ്യാപകരെ

നിയമിക്കേണ്ട തസ്തികകളിൽ നിയമിക്കുന്നതിന് എയ്ഡഡ് സ്കൂൾ മാനേജർമാർ നിയമാനുസൃതം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ സംരക്ഷിതാദ്ധ്യാപകരെ ലഭ്യമാകുന്നതുവരെ പരിമിതപ്പെടുത്തി പ്രസ്തുത ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം മാനേജർക്ക് നടത്തുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം

255(1415) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ൽ നിയമനം ലഭിച്ച എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ഇതുവരെ നിയമനാംഗീകാരം ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷം സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ 2019-20-ലെ തസ്തിക നിർണ്ണയം തന്നെ 2020-21-ലേയ്ക്കുകൂടി ബാധകമാക്കുകയും 2020-21-ലുണ്ടായ അനദ്ധ്യാപകരുടെയും പ്രഥമാദ്ധ്യാപകരുടെയും ഒഴികെയുള്ള അദ്ധ്യാപക ഒഴിവുകൾ നികത്താതെ തുടരേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത

നിർദ്ദേശത്തിന് വിരുദ്ധമായി നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കാൻ നിർവ്വാഹമില്ല.

(ബി) നിയമനാംഗീകാരം നൽകുന്നതിന് താമസം വരുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് എന്നത്തേയ്ക്ക് നിയമനാംഗീകാരം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

(ബി&സി) കോവിഡ് പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷം സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ 2019-20-ലെ തസ്തിക നിർണ്ണയംതന്നെ 2020-21-ലേയ്ക്കുകൂടി ബാധകമാക്കുകയും 2020-21-ൽ ഉണ്ടായ അനദ്ധ്യാപകരുടെയും പ്രഥമാദ്ധ്യാപകരുടെയും ഒഴികെയുള്ള അദ്ധ്യാപക ഒഴിവുകൾ നികത്താതെ തുടരേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കാൻ നിർവ്വാഹമില്ല.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ

256(1416) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ സ്വകാര്യ ട്യൂഷനെടുക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ സ്വകാര്യ ട്യൂഷനെടുക്കുന്നതുമായി ബന്ധപ്പെട്ട് ആറ് കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

കുറ്റക്കാർക്കെതിരെ ചട്ടപ്രകാരമുള്ള ശിക്ഷണ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## സ്കൂൾ മാന്വൽ രൂപീകരണം

257(1417) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി സ്കൂൾ പ്രവർത്തന മാന്വലിന് രൂപം കൊടുത്തിട്ടുണ്ടോ; സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് മാന്വൽ മുന്നോട്ടുവയ്ക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

സ്കൂൾ മാന്വലിന് രൂപം കൊടുത്തിട്ടുണ്ട്. കുട്ടികളുടെ സ്കൂൾ പ്രവേശനം/ഹാജർ/ക്ലാസ്സ് കയറ്റം, അദ്ധ്യാപകർ/പ്രഥമാദ്ധ്യാപകർ/ പ്രിൻസിപ്പൽ/വിദ്യാർത്ഥികൾ/തുടങ്ങിയവരുടെ കർത്തവ്യങ്ങളും ചുമതലകളും, സ്കൂൾ കെട്ടിടവും പരിസരവും, സ്കൂളിലെ ഭരണപരമായ കാര്യങ്ങൾ, ജനകീയ ഘടകങ്ങൾ, അദ്ധ്യയനം, പരീക്ഷകൾ, വിലയിരുത്തലുകൾ, പഠനാനുബന്ധ പ്രവർത്തനങ്ങൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ

വിദ്യാഭ്യാസം, കുട്ടികളുടെ അവകാശങ്ങൾ, ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികളുടെ പ്രവർത്തനം സ്കൂളുകളെ സംബന്ധിക്കുന്ന പൊതുവായ കാര്യങ്ങൾ തുടങ്ങി നിരവധി വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്കൂൾ മാന്വലിന്റെ കരട് വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ആയത് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) സ്കൂൾ പ്രവർത്തനം സംബന്ധിച്ച നിലവിലുള്ള നിയമങ്ങൾ, ഉത്തരവുകൾ എന്നിവയിൽ മാറ്റംവരുത്തിയിട്ടുണ്ടോ; സ്കൂൾ പി.ടി.എ., എസ്.എം.സി. എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശം എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സ്കൂൾ പ്രവർത്തനം സംബന്ധിച്ച നിലവിലുള്ള നിയമങ്ങൾ ഉത്തരവുകൾ എന്നിവയിൽ മാറ്റം വരുത്തിയിട്ടില്ല. 25.06.2007-ലെ സ.ഉ.(എം.എസ്.) നം.126/2007/പൊ.വി.വ. പ്രകാരം പരാമർശിച്ചാണ് പി.ടി.എ.-യുടെ പ്രവർത്തനങ്ങൾ സ്കൂൾ മാന്വലിൽ വിശദീകരിച്ചിരിക്കുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകൾ ഒഴികെയുള്ള എല്ലാ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുകയും 2 വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ കേന്ദ്രത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി, അദ്ധ്യാപക പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കും. എക്സ്-ഒഫിഷ്യോ മെമ്പർ-കൺവീനർ/ജോയിന്റ് കൺവീനർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ എന്നിവരൊഴികെയുള്ള യാതൊരു അംഗവും രണ്ട് തവണയിൽ കൂടുതൽ കമ്മിറ്റിയിൽ അംഗമായിരിക്കാൻ പാടുള്ളതല്ല. 750-ൽ താഴെ കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളിൽ കൺവീനറും ജോയിന്റ് കൺവീനറും ഒഴികെ അംഗസംഖ്യ പതിനാറും ഈ കമ്മിറ്റിയുടെ ക്വാറം ഒമ്പതുമായിരിക്കും. 750-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളിൽ കൺവീനറും ജോയിന്റ് കൺവീനറും ഒഴികെ അംഗസംഖ്യ ഇരുപതും ഈ കമ്മിറ്റിയുടെ ക്വാറം പതിനൊന്നും ആയിരിക്കും. കമ്മിറ്റിയിലെ 75% അംഗങ്ങളും കുട്ടികളുടെ മാതാപിതാക്കളിൽ നിന്നോ അവരുടെ അഭാവത്തിൽ രക്ഷകർത്താക്കളോ ആയിരിക്കും. ഈ 75%-ൽ മാതൃ-രക്ഷാകർതൃ-അദ്ധ്യാപക

അസോസിയേഷൻ അംഗങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ, ദുർബല വിഭാഗങ്ങളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിലുൾപ്പെട്ടിട്ടുള്ള കുട്ടികളുടെ മാതാപിതാക്കളെയും അവരുടെ അഭാവത്തിൽ രക്ഷകർത്താക്കളെയോ ഉൾപ്പെടുത്തേണ്ടതാണ്. പിന്നാക്ക വിഭാഗങ്ങളെയും അവശവിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്ന രക്ഷകർത്താക്കൾക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്. ബാക്കി 25% സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഡ്/ഡിവിഷൻ മെമ്പർ, സ്കൂളിലെ അദ്ധ്യാപകരിൽനിന്നും അവർ തീരുമാനിക്കുന്ന അദ്ധ്യാപകർ, ആ പ്രദേശത്തെ വിദ്യാഭ്യാസ വിദഗ്ദ്ധരിൽനിന്നും രക്ഷകർത്താക്കൾ തീരുമാനിക്കുന്ന ഒരംഗം, സ്കൂൾ ലീഡർ എന്നിങ്ങനെയായിരിക്കും. കമ്മിറ്റിയിലെ അംഗങ്ങൾ 50% വനിതകളായിരിക്കും.

(സി) സ്കൂൾ മാന്വൽ രൂപീകരണം പൊതുവിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഇന്ത്യൻ ഭരണഘടന, കേരള വിദ്യാഭ്യാസ നിയമം 1958, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ 1959, വിദ്യാഭ്യാസ അവകാശ നിയമങ്ങൾ 2009,

വിദ്യാഭ്യാസ അവകാശ നിയമം കേരള ചട്ടങ്ങൾ 2011, ആർ.പി.ഡബ്ല്യ.ഡി ആക്ട് 2016, പഞ്ചായത്ത് രാജ്/നഗര പാലികാ നിയമം 1994, കേരള സർവ്വീസ് റൂൾസ്, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, സർക്കാർ ഉത്തരവുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കുലറുകൾ, കോടതി വിധികൾ എന്നിവയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്കും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും സഹായകരമാകുന്ന ഒരു കൈപുസ്തകം എന്ന നിലയിലാണ് സ്കൂൾ മാന്വൽ തയ്യാറാക്കുന്നത്.

**കൊടുവഴന്നൂർ ഗവ. എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

258(1418) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കൊടുവഴന്നൂർ ഗവ. എച്ച്.എസ്.എസ്.-ൽ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മൂന്ന് കോടി രൂപ അനുവദിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഗവ.എച്ച്.എസ്.എസ്. കൊടുവഴന്നൂർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ 'മികവിന്റെ കേന്ദ്രം' പദ്ധതിയിലുൾപ്പെടുത്തി സ്കൂൾ മന്ദിര നിർമ്മാണത്തിനായി 3 കോടി രൂപ അനുവദിച്ചിരുന്നു. ആദ്യഘട്ടത്തിൽ ഇൻകലിനെയാണ് എസ്.പി.വി. ആയി നിശ്ചയിച്ചിരുന്നത്. ഇൻകൽ DPR തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് കിലയെ എസ്.പി.വി. ആയി മാറ്റി നിശ്ചയിക്കുകയും നടത്തിപ്പ് ചുമതല എൽ.എസ്.ജി.ഡി.-ക്ക് നൽകുകയും ചെയ്തു.

INKEL തയ്യാറാക്കിയ ഡി.പി.ആർ. പുന:പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഫീസിബിളിളാണെന്ന് കണ്ടെത്തുകയും ടെണ്ടർ നടപടിക്കായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്.

(ബി) കെട്ടിടനിർമ്മാണം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ടെണ്ടർ നടപടി പൂർത്തീകരിച്ചാലുടൻ കെട്ടിടനിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതാണ്.

## ഖാദർ കമ്മീഷൻ റിപ്പോർട്ട്

259(1419) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖാദർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 19.10.2017- ലെ സ.ഉ.(സാധാ)നം.3779/2017/പൊ.വി.വ. ഉത്തരവിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് വിദഗ്ധ സമിതിയെ രൂപീകരിക്കുകയുണ്ടായി. 3.03.2018-ലെ സ.ഉ.(സാധാ)നം.941/2018/പൊ.വി.വ. ഉത്തരവിലൂടെ വിദഗ്ധ സമിതിയുടെ ചെയർമാനായി ഡോ. എം.എ. ഖാദറിനെ നിയോഗിച്ചു. പ്രസ്തുത വിദഗ്ധ സമിതി സർക്കാരിന് മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും അതിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ

വകുപ്പിന്റെ 31.05.2019-ലെ സ.ഉ.(കൈ)നം.53/2019/പൊ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

1. 12-ാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് എന്നീ 3 ഡയറക്ടറേറ്റുകളും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ സംവിധാനം രൂപീകരിക്കുകയും ചെയ്തു.
2. അതിന്റെ അധികാരസ്ഥാനത്തിൽ ഐ.എ.എസ്. കേഡറിലുള്ള തസ്തികയാക്കുകയും ആയതിന്റെ വെളിച്ചത്തിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന തസ്തിക രൂപീകരിക്കുകയും ചെയ്തു.
3. ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, ബോർഡ് ഓഫ് ഹയർസെക്കണ്ടറി എക്സാമിനേഷൻ, ബോർഡ് ഓഫ് വൊക്കേഷണൽ ഹയർസെക്കണ്ടറി എക്സാമിനേഷൻ എന്നിവ നടത്തുന്ന പൊതുപരീക്ഷകൾക്ക് പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തുകയും

ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ പരീക്ഷാ കമ്മീഷണറായി നിയമിച്ചുകൊണ്ടും ഉത്തരവായി. അതിൻപ്രകാരമാണ് നിലവിൽ പൊതുപരീക്ഷകൾ നടന്നുവരുന്നത്.

4. നിലവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകൾ എന്നിവയും ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ നിയന്ത്രണത്തിലാക്കി.

5. സംയോജിത സംവിധാനത്തിലേയ്ക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പൽ ആണ്. അതിന്മേലുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ചുവരികയാണ്.

6. വിവിധ ഡയറക്ടറേറ്റിൻ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സംവിധാനം ഏകീകരിച്ച് ഏക സംവിധാനമാക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർതലത്തിൽ ആരംഭിച്ചിരിക്കുകയാണ്. അതിലേയ്ക്കായി മൂന്ന് ഡയറക്ടറേറ്റുകളിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ പൂൾ ചെയ്യണം. ഇതിനായി സ്പെഷ്യൽ റൂൾ രൂപീകരിക്കേണ്ടതായുണ്ട്. ഖാദർ കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുന്നതിനായി 20.11.2019-ലെ സ.ഉ.(സാധാ)നം. 4976/2019/പൊ.വി.വ. പ്രകാരം സെക്രട്ടേറിയറ്റിലെ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ചിരുന്നു. തുടർന്ന് ഈ സെല്ലിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി ആറംഗങ്ങൾ ഉൾപ്പെട്ട ഒരു കോർ കമ്മിറ്റി 23.02.2022-ലെ സ.ഉ.(സാധാ)നം.1030/2022/പൊ.വി.വ. പ്രകാരം രൂപീകരിക്കുകയും 28.02.2022-ലെ സ.ഉ.(സാധാ)നം.1195/2022/പൊ.വി.വ പ്രകാരം കോർ കമ്മിറ്റിയുടെ കൺവീനറായി സമഗ്ര ശിക്ഷ കേരളയിലെ സ്റ്റേറ്റ്

പ്രോഗ്രാം ഓഫീസർ ശ്രീ. സുരേഷ് കുമാർ എ.കെ.- യെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

**എസ്.സി.ഇ.ആർ.ടി.-യിലെ അന്യത്ര സേവനം**

260(1420) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി.-യിലെ വിവിധ തസ്തികകളിൽ അന്യത്ര സേവനത്തിനായി അപേക്ഷ ക്ഷണിക്കുമ്പോൾ ഗവേഷണ പരിചയമുള്ളവർക്ക് അപേക്ഷിക്കാമെന്നിരിക്കെ അദ്ധ്യാപകരല്ലെന്ന കാരണത്താൽ അപേക്ഷകൾ നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗവേഷണ പരിചയമുള്ള അദ്ധ്യാപകേതര തസ്തികകളിൽ ജോലിചെയ്യുന്നവരെയും പ്രസ്തുത തസ്തികകളിൽ പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

(എ&ബി) എസ്.സി.ഇ.ആർ.ടി.-യുടെ സർവ്വീസ് ചട്ടപ്രകാരം സർക്കാർ സ്കൂളുകൾ, സർക്കാർ അധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളേജുകൾ, സർക്കാർ ട്രെയിനിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ

എന്നിവയിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നവരെയാണ് എസ്.സി.ഇ.ആർ.ടി.-ലെ റിസർച്ച് ഓഫീസർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരിഗണിക്കുന്നത്. നിയമിക്കപ്പെടുന്നവർക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസ യോഗ്യതയും ഉണ്ടായിരിക്കണം.

1. 55% മാർക്കിൽ കുറയാത്ത പി.ജി ബിരുദം.

2. 55% മാർക്കിൽ കുറയാത്ത എം.എഡ് ബിരുദം.

3. ഗവ/എയ്ഡഡ് സ്കൂൾ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡയറ്റ് എന്നിവയിലേതിലെങ്കിലുമുള്ള മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം.

4. പി.എച്ച്.ഡി. അഭികാമ്യം.

പ്രസ്തുത യോഗ്യതയുള്ളവരെ വിദഗ്ദ്ധ സമിതിയുടെ ആഭിമുഖ്യത്തിലൂടെയാണ് എസ്.സി.ഇ.ആർ.ടി.-യിലെ അക്കാദമിക വിഭാഗത്തിൽ അന്യത്ര സേവനത്തിൽ നിയമിക്കുന്നത്. നിലവിലുള്ള സർവ്വീസ് ചട്ടപ്രകാരം അനദ്ധ്യാപകരെ മേൽതസ്തികകളിൽ നിയമിക്കാനാവില്ല.

## വിദ്യാലയങ്ങളിലെ ഭക്ഷ്യവിഷബാധ

261(1421) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ ഭക്ഷണം തയ്യാറാക്കുന്നതിനുവേണ്ടി വിതരണം ചെയ്ത ഭക്ഷ്യസാധനങ്ങളിൽ ഉപയോഗയോഗ്യമല്ലാത്തവയും ഉൾപ്പെട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിലും അത് വിതരണം ചെയ്യുന്നതിലും ഭക്ഷ്യ സുരക്ഷാ വീഴ്ചകൾ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ, ആരോഗ്യ-ഭക്ഷ്യ സുരക്ഷാ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ജൂൺ നാലാം തീയതി സ്കൂൾ സന്ദർശിക്കുകയും പാചകപ്പുര, സ്റ്റോർ മുറി, കുടിവെള്ള സ്രോതസുകൾ, ഹാൻഡ് വാഷിംഗ് ഏരിയ, മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവ വിശദമായി പരിശോധിക്കുകയും ചെയ്തു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സഹകരണത്തോടെ സ്കൂളിൽനിന്നും ഭക്ഷ്യവസ്തുക്കളുടേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ ശേഖരിക്കുകയും തിരുവനന്തപുരത്തുള്ള

സർക്കാർ അനലറ്റിക്കൽ ലബോറട്ടറിയിൽ മൈക്രോബയോളജിക്കൽ, കെമിക്കൽ പരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്തു. പരിശോധനാ റിപ്പോർട്ടുകൾ ലഭിക്കുന്നതുവരെയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതുവരെയും സ്കൂളിലെ ഉച്ചഭക്ഷണ പരിപാടി താൽക്കാലികമായി നിർത്തിവയ്ക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകി. അരി, തുവര പരിപ്പ്, വൻപയർ, വറ്റൽ മുളക്, മുളകുപൊടി, മല്ലിപ്പൊടി എന്നീ ഭക്ഷ്യവസ്തുക്കളാണ് കുടിവെള്ളത്തിനുപുറമെ പരിശോധനയ്ക്ക് വിധേയമാക്കിയത്. ലാബ് റിപ്പോർട്ടുകൾ പ്രകാരം അരിയിൽ ചത്ത പ്രാണികളുടെയും Chalky Kernels-ന്റെയും സാന്നിദ്ധ്യവും വൻപയറിൽ അനുവദനീയമായ അളവിൽക്കൂടുതൽ അന്യവസ്തുക്കളും (Inorganic extraneous matter) വറ്റൽ മുളകിൽ പൂപ്പൽ ബാധയും കുടിവെള്ളത്തിൽ ഇ-കോളി, കോളിഫോം ബാക്ടീരിയ എന്നിവയുടെ സാന്നിദ്ധ്യവുമുണ്ടായിരുന്നു.

(ബി) ഇത്തരം ഭക്ഷ്യസാധനങ്ങൾ ഉപയോഗിച്ച് ഭക്ഷണം തയ്യാറാക്കി നൽകുകവഴി വിദ്യാർത്ഥികൾക്ക് ഭക്ഷ്യവിഷബാധ ഏൽക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ലാബ് പരിശോധനകളിൽ ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ല.

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

തികച്ചും വികേന്ദ്രീകൃതമായ രീതിയിലാണ് സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നത്. സ്കൂൾ തലത്തിൽ ഉച്ചഭക്ഷണ കമ്മിറ്റികളുടെ മേൽനോട്ടത്തിലാണ് പദ്ധതിയുടെ മെനു നിശ്ചയിക്കുന്നതും പാചക ആവശ്യത്തിനുള്ള ഭക്ഷ്യസാധനങ്ങൾ (അരി ഒഴികെ) വാങ്ങുന്നതും. ഭക്ഷ്യ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി അവ കഴിവതും സർക്കാർ ഏജൻസികളിൽ നിന്ന് (മാവേലി സ്റ്റോർ, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ് തുടങ്ങിയവ) വാങ്ങണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം ഉച്ചഭക്ഷണത്തിൽ കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷികോല്പന്നങ്ങളും ഉപയോഗിക്കണമെന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ചാർജ്ജുള്ള അദ്ധ്യാപകൻ/അദ്ധ്യാപികയെ കൂടാതെ ഒന്നോ രണ്ടോ എസ്.എം.സി. അംഗങ്ങൾകൂടി ഭക്ഷണം രുചിച്ച് നോക്കുകയും അതിന്റെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു. പാൽ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും അവ

ഇല്ലാത്തിടങ്ങളിൽ മിൽമയിൽനിന്നും വാങ്ങണമെന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപ്പ് അദ്ധ്യയന വർഷം കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ സ്പോൺസർഷിപ്പിന് കീഴിൽ കൊല്ലം ജില്ലയിലെ മുണ്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഭാഗമായതും FSSAI, NABL അക്രഡിറ്റേഷനുള്ള ലാബോറട്ടറിയിൽ (സി.ഇ.പി.സി.ഐ. ലബോറട്ടറി ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) സ്കൂളുകളിൽ നിന്നുള്ള ഭക്ഷണ സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ബി.ആർ.സി. അദ്ധ്യാപകരുടെ വേതനം

262(1422) <u>ശ്രീ. പി. ടി. എ. റഹീം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ആർ.സി.- കളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് എത്ര രൂപ വീതമാണ് പ്രതിഫലമായി നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

സമഗ്ര ശിക്ഷ കേരളയിൽ അദ്ധ്യാപകരെ അന്യത്ര സേവന വ്യവസ്ഥയിൽ ട്രെയ്നർ, ബി.പി.സി, ഡി.പി.ഒ, ഡി.പി.സി. എന്നീ

തസ്തികയിലേയ്ക്കാണ് നിയമിക്കുന്നത്. ടി അദ്ധ്യാപകർക്ക് സർക്കാരിന്റെ Pay revision പ്രകാരം നിശ്ചയിച്ചിട്ടുള്ള ശമ്പളമാണ് നൽകുന്നത്. ബി.ആർ.സി.-കളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നിലവിൽ 14,000/-രൂപ വീതമാണ് പ്രതിമാസ വേതനമായി നൽകിവരുന്നത്.

(ബി) നേരത്തെയുണ്ടായിരുന്ന തുകയിൽ നിന്ന് ശമ്പളത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 2016-17 വരെ കേന്ദ്ര സർക്കാർ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 25200/-രൂപ പ്രതിമാസ വേതനമായി നൽകുന്നതിന് അംഗീകാരം നൽകിയിരുന്നു. സർവ്വ ശിക്ഷ അഭിയാനും സമഗ്ര ശിക്ഷ കേരളയും പ്രവർത്തിക്കുന്നതും ഫണ്ട് വിനിയോഗിക്കുന്നതും ഓരോ വർഷവും സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പദ്ധതി പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുന്നമുറയ്ക്കും തുകയ്ക്കും അനുസരിച്ചാണ്. 2018-19 മുതൽ 2021-22 വരെ കേന്ദ്രം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് പ്രതിമാസ വേതനമായി നിശ്ചയിച്ചുതന്നത് 7000/-രൂപ മാത്രമാണ്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ പാർട്ട് ടൈം അദ്ധ്യാപകരെന്ന

നിലയിലാണ് ഇപ്രകാരം വേതനം എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ടി അദ്ധ്യാപകരുടെ സേവനം സ്കൂളുകളിൽ ആവശ്യമാണെന്നും അവരുടെ വേതനം കുറവാണെന്നും മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഓരോ വർഷവും സ്പെഷ്യൽ അദ്ധ്യാപകർക്ക് പ്രതിമാസം 7000/-രൂപ കൂടി അധികമായി അനുവദിച്ച് ആകെ 14000/-രൂപ പ്രതിമാസ വേതനമായി നൽകിവരുന്നു.

(സി) കേന്ദ്ര സർക്കാർ ഈ ഇനത്തിൽ എത്ര രൂപ വീതമാണ് വിഹിതമായി നൽകിവരുന്നത്?

പദ്ധതിക്കായി കേന്ദ്രസർക്കാർ ഈ വർഷം 1700.158 ലക്ഷം രൂപയാണ് അംഗീകരിച്ചിട്ടുള്ളത്. അതിൽ 1020.095 ലക്ഷം കേന്ദ്രവിഹിതവും 680.063 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്.

(ഡി) ബി.ആർ.സി. അദ്ധ്യാപകരുടെ വേതന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-17 വരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 25200/-രൂപയായിരുന്നു ശമ്പളമായി നൽകിവന്നത്. അതിനുശേഷം പ്രസ്തുത തുക 7000 രൂപ ആയി കുറവ് ചെയ്തു. എന്നാൽ സംസ്ഥാന സർക്കാർ 7000 രൂപ കൂടി അനുവദിച്ച് 14000 രൂപയാണ് ഇപ്പോൾ നൽകിവരുന്നത്. പഴയ തുക പ്രകാരമുള്ള ശമ്പളം അനുവദിക്കണമെന്ന് നിരന്തരമായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ച് വരുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഇതുവരെ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

## പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

263(1423) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ഉപജില്ല തിരിച്ച് വിശദമാക്കാമോ?

2022-23 അദ്ധ്യയനവർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ ഉപജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അൺ എയ്ഡഡ് സ്കൂളുകളിൽ നിന്ന് ഈ അദ്ധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം, ക്ലാസ്സ്, ഉപജില്ല തിരിച്ച് വിശദമാക്കാമോ?

അൺ എയ്ഡഡ് സ്കൂളുകളിൽനിന്നും മറ്റിതര സിലബസുകളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽനിന്നും ഈ അദ്ധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾതലത്തിലെ വിടുതൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ പരിശോധിച്ച് മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ ഇത്തരത്തിൽ ഉപജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

**രാഷ്ട്രപതി ഗൈഡ് അവാർഡ് ടെസ്റ്റിന്റെ ഫലം**

264(1424) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനവരിയിൽ നടത്തിയ രാഷ്ട്രപതി ഗൈഡ് അവാർഡ് ടെസ്റ്റിന്റെ ഫലം ഇതുവരെ പുറത്തുവിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 2018 ജനുവരിയിൽ ഭാരത് സ്കൗട്സ് ആൻഡ് ഗൈഡ്സ് ദേശീയ കാര്യാലയം രാഷ്ട്രപതി അവാർഡ് ടെസ്റ്റ് നടത്തിയിട്ടുണ്ട്. ന്യൂഡൽഹിയിലെ ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ ദേശീയ കാര്യാലയമാണ് റിസൾട്ട് പ്രഖ്യാപിക്കേണ്ടത്. നാളിതുവരെ ആയത് പ്രഖ്യാപിച്ചിട്ടില്ല. ഇതുസംബന്ധിച്ച് സംസ്ഥാന കാര്യാലയത്തിൽനിന്നും ദേശീയ കാര്യാലയത്തിന് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

രാഷ്ട്രപതി ഗൈഡ് അവാർഡ് ലഭിച്ച കുട്ടികൾക്ക് നൽകുന്ന രാഷ്ട്രപതിയുടെ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റ് സംബന്ധിച്ച് രാഷ്ട്രപതി ഭവനിൽനിന്നും അംഗീകാരം ലഭിക്കാത്തതിനാലാണ് റിസൾട്ട് പ്രഖ്യാപിക്കാത്തതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

(ബി) പരീക്ഷ പാസാകുന്നവർക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ടോയെന്നും എത്ര ശതമാനമാണ് ഇതെന്നും അറിയിക്കാമോ?

രാഷ്ട്രപതി അവാർഡ് ലഭിച്ചവർക്ക് 10% ഗ്രേസ് മാർക്ക് അനുവദിച്ചിരുന്നു. 2020-21, 2021-22 അക്കാദമികവർഷത്തിൽ ഗ്രേസ് മാർക്ക് അനുവദിച്ചിരുന്നില്ല.

(സി) ആരാണ് പരീക്ഷ നടത്തുന്നതെന്നും കേരളത്തിൽ നിന്ന് എത്ര കുട്ടികൾ പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ന്യൂഡൽഹിയിലെ ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ദേശീയ കാര്യാലയമാണ് പരീക്ഷ നടത്തുന്നത്. കേരളത്തിൽനിന്നും ആകെ 1995 കുട്ടികൾ 2018-ലെ ടെസ്റ്റിൽ പങ്കെടുത്തിരുന്നു. ജില്ല തിരിച്ചുള്ള ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു+.

(ഡി) സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് കേരള സംസ്ഥാന കാര്യാലയം പലതവണ ദേശീയ കാര്യാലയത്തിന് നിവേദനം നൽകുകയും പല യോഗങ്ങളിലും പ്രശ്നം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

## തൃശ്ശൂർ ചെമ്പുചിറ സ്കൂൾ കെട്ടിട നിർമ്മാണത്തിലെ അപാകത

265(1425) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. സണ്ണി ജോസഫ്:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ചെമ്പുചിറ സ്കൂളിൽ നിർമ്മാണത്തിലിരിക്കുമ്പോൾ തകർന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് കരാർ നൽകിയിരുന്ന ഏജൻസി ഏതാണെന്നും ഇപ്രകാരം കരാർ നൽകി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

തൃശ്ശൂർ ചെമ്പുചിറ സ്കൂളിന്റെ നിർമ്മാണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ടി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കരാർ നൽകിയിട്ടുള്ളത് Neo Structo Constructions Pvt. Ltd എന്ന കമ്പനിക്കാണ്. സ്കൂളിൽ നിർമ്മാണത്തിലിരിക്കുമ്പോൾ കെട്ടിടം തകർന്നിട്ടില്ല. ടി സ്കൂളിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ മേൽനോട്ടവും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ M/s.

WAPCOS Ltd. എന്ന കേന്ദ്രസർക്കാർ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) കിഫ്ബി മുഖേന സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ നിർമ്മാണ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കിഫ്ബി ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്താറുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള പരിശോധന പ്രസ്തുത സ്കൂളിൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ചെമ്പുചിറ സ്കൂളിൽ കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കിഫ്ബി Routine inspection-ഉം തിരുത്തൽ നടപടിക്രമങ്ങളും Auto lab/Quality Audit എന്നിവ നടത്തിയിട്ടുണ്ട്.

(സി) ഗുണനിലവാരം കുറഞ്ഞ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് വിദ്യാർഥികളുടെ ജീവൻ അപകടത്തിലാകുന്ന രീതിയിൽ ക്രമക്കേട് നടത്തിയ ഈ സംഭവത്തിൽ മുൻ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

ഉത്തരവാദപ്പെട്ടവർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ചെമ്പുചിറ സ്കൂളിൽ നിലവിലുള്ള പഴയ 5 ക്ലാസ്മുറികളുടെ മുകളിലായി പുതുതായി നിർമ്മിച്ച ക്ലാസ് മുറികളിലെ പ്ലാസ്റ്ററിംഗ് വർക്കുകൾ നടത്തിയത് കോവിഡ് മഹാമാരിയുടെ വ്യാപനത്തിന്റെ കാലയളവിലാണ്. PMC (പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി) ആയ WAPCOS Ltd.-ന്റെ സൈറ്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നടന്ന പ്രാഥമിക പരിശോധനയിൽ ചില ഭാഗങ്ങളിൽ അപാകതകൾ കണ്ടെത്തിയത് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 28.11.2020-ന് WAPCOS Ltd.-ന്റെ ആഭിമുഖ്യത്തിൽ Internal Quality Inspection Team പരിശോധന നടത്തി. ഈ റിപ്പോർട്ടിൽ ചില ഭാഗങ്ങളിൽ മാത്രമായി പ്ലാസ്റ്ററിംഗിൽ അപാകതകൾ കണ്ടെത്തുകയും എന്നാൽ കെട്ടിടത്തിന്റെ ഘടനയ്ക്ക് യാതൊരു ബലക്ഷയവുമില്ലെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ Thrissur Engineering College മുഖേന ഒരു 3rd party inspection നടത്തിയിരുന്നു. അതിന്റെ റിപ്പോർട്ടിൽ കെട്ടിടത്തിന് ബലക്ഷയമൊന്നും കണ്ടെത്തിയിട്ടില്ല. പ്രസ്തുത റിപ്പോർട്ട് KIIFB-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം കണ്ടെത്തിയ

അപാകതകൾ പരിഹരിക്കുന്നതിനുള്ള work schedule കോൺട്രാക്ടർ മുഖാന്തരം കിഫ്ബിയിൽ സമർപ്പിക്കുകയും പ്രവൃത്തികൾ അതിനനുസരിച്ച് പുനരാരംഭിക്കുന്നതിന് കിഫ്ബി അനുമതി നൽകുകയും ചെയ്തു. ഇതിൽ വിദ്യാർത്ഥികളുടെ ജീവൻ അപകടത്തിലാകുന്ന രീതിയിൽ യാതൊന്നും ഉണ്ടായിട്ടില്ല. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് മുൻ വകുപ്പുമന്ത്രിക്ക് വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ല.

നിർമ്മാണപ്രവർത്തനം പുനരാരംഭിക്കാൻ KIIFB-ൽ നിന്നും അനുമതി ലഭിച്ചതിന് പിന്നാലെ ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ 8.12.2021-ൽ എസ്.പി.വി.-കളുടെയും കിഫ്ബിയുടെയും വാപ്കോസിന്റേയും സ്കൂൾ അധികൃതരുടെയും എം.എൽ.എ.-മാരുമുൾപ്പെടെയുള്ളവരുടെയും യോഗം വിളിച്ചുകൂട്ടി നിലവിലെ സ്ഥിതി വിലയിരുത്തുകയുണ്ടായി. തുടർന്ന് പി.ടി.എ.-യുടെ സഹകരണത്തോടെ 31.01.2022-ൽ ജനപ്രതിനിധികളെയും കരാറുകാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി സ്കൂൾ അധികൃതർ പൊതുയോഗം ചേരുകയുണ്ടായി. യോഗത്തിൽ പൊതുജനാഭിപ്രായം മാനിച്ച് 5 ക്ലാസ് മുറികൾ പൊളിച്ചുമാറ്റാനുള്ള ശിപാർശ സമർപ്പിച്ചു. ഇതിന്റെ തുടർച്ചയായി

കൈറ്റ് ഇൻഫ്രാ ഡിവിഷന്റെ കോ-ഓർഡിനേറ്റർ (ടെക്നിക്കൽ) സ്ഥലം നേരിട്ട് പരിശോധിക്കുകയും അഞ്ച് ക്ലാസ് മുറികൾ കരാറുകാരന്റെ ചെലവിൽ പൊളിച്ചുമാറ്റാൻ നിർദ്ദേശം നൽകുകയും ചെയ്തു. നാളിതുവരെ രണ്ട് G+1 ബ്ലോക്കുകളുടെ (അഡ്മിൻ ബ്ലോക്ക്, അക്കാഡമിക് ബ്ലോക്ക്) നിർമ്മാണം ടി സ്കൂളിൽ നടത്തുകയും പ്രവർത്തനക്ഷമമാക്കി കൈമാറുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തി സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുക്കുന്നതാണ്.

## സ്കൂളുകളിലെ ഭക്ഷ്യവിഷബാധ

266(1426) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില ജില്ലകളിലെ സ്കൂളുകളിൽ വിതരണം ചെയ്ത ഭക്ഷണം കഴിച്ചതിനെത്തുടർന്ന് കുട്ടികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും എത്ര കുട്ടികൾക്ക് ഭക്ഷ്യവിഷബാധയേറ്റുവെന്നും വ്യക്തമാക്കുമോ?

(എ&ബി) 2022 ജൂൺ മാസം 2,3,4 തീയതികളിലായി തിരുവനന്തപുരം ജില്ലയിലെ എൽ.എം.എസ്.എൽ.പി.എസ് ഉച്ചക്കട, ആലപ്പുഴ ജില്ലയിലെ കായംകുളം ഗവൺമെന്റ് ടൗൺ യു.പി.സ്കൂൾ, സെന്റ് മേരീസ് എൽ.പി.എസ്. കല്ലിശ്ശേരി, കാസർഗോഡ് ജില്ലയിലെ ജി.എൽ.പി.എസ്. പടന്നക്കാട് എന്നീ സ്കൂളുകളിലെ ചില കുട്ടികൾക്ക് ഛർദ്ദിയും പനിയും തലവേദനയും അനുഭവപ്പെട്ടതിനെത്തുടർന്നാണ് ചികിത്സ തേടിയത്. ഇതിൽ എൽ.എം.എസ്.എൽ.പി.എസ്. ഉച്ചക്കട സ്കൂളിലെ 420 കുട്ടികളിൽ 375 പേർ ഉച്ചഭക്ഷണം കഴിച്ചു. ഇതിൽ 44 കുട്ടികൾ മേൽപ്പറഞ്ഞ ലക്ഷണങ്ങളോടെ ചികിത്സ തേടി. കായംകുളം ഗവൺമെന്റ് ടൗൺ യു.പി. സ്കൂളിൽ 604 കുട്ടികളിൽ 593 പേർ ഉച്ചഭക്ഷണം കഴിച്ചതിൽ 26 കുട്ടികൾ ചികിത്സ തേടി. സെന്റ് മേരീസ് എൽ.പി.എസ്. കല്ലിശ്ശേരിയിൽ 123 കുട്ടികളിൽ 42 പേർ ഉച്ചഭക്ഷണം കഴിച്ചതിൽ നാല് പേർക്ക് രോഗലക്ഷണമുണ്ടായി വീട്ടിൽ വിശ്രമിച്ചു. 248 കുട്ടികളുള്ള

ജി.എൽ.പി.എസ്. പടന്നക്കാടിലെ മുഴുവൻ കുട്ടികളും സ്കൂളിൽനിന്നും ഉച്ചഭക്ഷണം കഴിച്ചു. അതിൽ 22 കുട്ടികൾ ചികിത്സ തേടിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) എന്താണ് ഇതിന് കാരണമായതെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

സ്കൂളിൽനിന്നും ഉച്ചഭക്ഷണം കഴിച്ചതുകൊണ്ടാണ് ഭക്ഷ്യവിഷബാധയെന്ന് സ്ഥിരീകരിച്ചിട്ടില്ല. ഉച്ചഭക്ഷണ പദ്ധതിയുടെ ചാർജ്ജുള്ള അദ്ധ്യാപകൻ/അദ്ധ്യാപികയെ കൂടാതെ ഒന്നോ രണ്ടോ എസ്.എം.സി. അംഗങ്ങൾകൂടി ഭക്ഷണം രുചിച്ചുനോക്കി അതിന്റെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു. ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ കഴിവതും സർക്കാർ അംഗീകൃത ഏജൻസികളിൽനിന്ന് (സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്) വാങ്ങണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും അവ ഇല്ലാത്തിടങ്ങളിൽ മിൽമയിൽനിന്നും പാൽ വാങ്ങണമെന്നും സ്കൂളുകൾക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. FSSAI (Food Safety and Standards Authority of India) അംഗീകൃതവും NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷനുമുള്ള ലബോറട്ടറിയിൽ ഭക്ഷണ സാമ്പിളുകൾ മൈക്രോബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**വിദ്യാഭ്യാസ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

267(1427) <u>ശ്രീ. പി. മമ്മിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച നൂറ് ദിന പരിപാടി മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

2022 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച നൂറ് ദിന പരിപാടിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട ഗവ. ജെ.എച്ച്.എസ്.എസ്-നടുവട്ടം, ഗവ. വി.എച്ച്.എസ്.എസ്-ചെർപ്പുളശ്ശേരി, ഗവ. എച്ച്.എസ്.എസ്-ബിഗ്ബസാർ, ഗവ. ബി.എച്ച്.എസ്.എസ്.-നെന്മാറ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയിട്ടുണ്ട്.

ഒരു കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട നെച്ചുള്ളി ഗവ. ഹൈസ്കൂളിന്റെയും പ്ലാൻ ഫണ്ടിലുൾപ്പെട്ട തത്തമംഗലം ഗവ. യു.പി. സ്കൂളിന്റെയും ഉദ്ഘാടനവും നടത്തിയിട്ടുണ്ട്. കൂടാതെ ഗവ. ജി.എച്ച്.എസ്.- അലനല്ലൂർ, ഗവ. വി.എച്ച്.എസ്.- പത്തിരിപ്പാല, ഗവ. എച്ച്.എസ്.എസ്.- കൊപ്പം എന്നീ സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും ഗവ. എച്ച്.എസ്.എസ്- ബിഗ്ബസാർ, ഗവ. വി.എച്ച്.എസ്.എസ്.- മലമ്പുഴ, ഗവ. എച്ച്.എസ്.എസ്.- നെച്ചുള്ളി, ഗവ. എച്ച്.എസ്.എസ്.-മുതലമട, ഗവ. എച്ച്.എസ്.എസ്.- കിഴക്കഞ്ചേരി, ഗവ. എച്ച്.എസ്.-തേക്കുറിശ്ശി എന്നീ സ്കൂളുകളിലെ നവീകരിച്ച ലാബുകളുടെ ഉദ്ഘാടനവും നടത്തിയിട്ടുണ്ട്.

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ലാബ് ആർട്ടിക്കിൾസ്, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് തുക അനുവദിച്ച പദ്ധതിയിൽ പാലക്കാട് ജില്ലയിലെ 6 സ്കൂളുകൾ വീതം ഉൾപ്പെടുത്തിയിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ലൈബ്രറി പുസ്തകം വാങ്ങുന്നതിനുള്ള പദ്ധതിയിൽ 20 സ്കൂളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിലെ ഗവ. എച്ച്.എസ്.എസ്.-പട്ടഞ്ചേരി, ഗവ. യു.പി.സ്കൂൾ-പുത്തൂർ എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ലാബ് ആർട്ടിക്കിൾസ്, ഫർണിച്ചർ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്കും ആയത് അനുവദിക്കുന്നതാണ്. സംസ്ഥാന തലത്തിലുള്ള പദ്ധതികളായ സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം, ടെക്സ്റ്റ് ബുക്ക്, സുരീലി ഹിന്ദി, വായന ചങ്ങാത്തം, ഗണിത വിജയം, ഉല്ലാസ ഗണിതം, ഹലോ ഇംഗ്ലീഷ് എന്നിവ പാലക്കാട് ജില്ലയിലും നടപ്പിലാക്കിവരുന്നു.

## പൊതുവിദ്യാഭ്യാസ വകുപ്പിൽ ഭിന്നശേഷി സംവരണം

268(1428) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ. ഉൾപ്പെടെയുള്ള വിഭാഗങ്ങളിലെ നിയമനങ്ങളിൽ

സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ സംവരണത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇതുസംബന്ധിച്ച് വ്യക്തമായ ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

18.11.2018-ലെ സ.ഉ.(പി)നം.18/2018/സാ.നീ.വ. ഉത്തരവിലെ ഖണ്ഡിക 6(i), (ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് നിയമനങ്ങളിൽ 07.02.1996 മുതൽ 18.04.2017 വരെ 3%, 19.04.2017 മുതൽ 4% എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08.11.2021-ൽ സ.ഉ.(പി)നം.19/2021/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 25.06.2022-ലെ സ.ഉ.(കൈ)നം.111/2022/പൊ.വി.വ. ഉത്തരവിലൂടെ സംവരണം എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്തെ മിക്സഡ് സ്കൂളുകൾ

269(1429) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ലിംഗസമത്വം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര ബോയ്സ്, ഗേൾസ് സ്കൂളുകളെ മിക്സഡ് സ്കൂളുകളാക്കി മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11 സർക്കാർ സ്കൂളുകളെയും 2 എയ്ഡഡ് സ്കൂളുകളെയും മിക്സഡ് സ്കൂളുകളാക്കി മാറ്റിയിട്ടുണ്ട്.

(ബി) ഭാവിയിൽ സംസ്ഥാനത്തെ മുഴുവൻ ബോയ്സ്, ഗേൾസ് സ്കൂളുകളെയും പൂർണ്ണമായും മിക്സഡ് സ്കൂളുകളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ?

സ്കൂളുകൾ മിക്സഡാക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. സ്കൂളിൽ കെ.ഇ.ആർ. (കേരള എഡ്യൂക്കേഷൻ റൂൾസ്) പ്രകാരമുള്ള ക്ലാസ് റൂമുകൾ, ഫർണിച്ചർ, കുടിവെള്ളം മുതലായ ഭൗതിക സാഹചര്യങ്ങൾ, മതിയായ സുരക്ഷിതത്വം നൽകുന്ന രീതിയിൽ

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യങ്ങൾ, അധിക കുട്ടികളെ ഉൾക്കൊള്ളാൻ കഴിയുംവിധം സ്കൂളിന് മതിയായ കളിസ്ഥലം എന്നിവ ലഭ്യമാണെങ്കിൽ അത്തരം സ്കൂളുകളുടെ അപേക്ഷ ബന്ധപ്പെട്ട പി.റ്റി.എ., തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ശിപാർശ എന്നിവയും എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ മുകളിൽ പറഞ്ഞവയ്ക്ക് പുറമേ മാനേജരുടെ അപേക്ഷയും ലഭിക്കുകയാണെങ്കിൽ ഓരോ സ്കൂളിന്റെയും മെറിറ്റടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## വിദ്യാലയങ്ങൾക്കായി അനുവദിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടി

270(1430) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങൾക്കായി അനുവദിച്ച മൂന്ന് കോടി രൂപയുടെ പ്രവൃത്തി ഇൻകലിൽനിന്നും കിലയ്ക്ക് മാറ്റിനൽകി മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ടെണ്ടർ ചെയ്യാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട രണ്ടാംഘട്ടം ഭരണാനുമതി നൽകിയ 200 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കിലയെ ചുമതലപ്പെടുത്തിയിരുന്നു. DPR (Detailed Project Report) തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. ഇതിൽ 150 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു. ഇൻകൽ പ്ലാൻ തയ്യാറാക്കിയ സ്കൂളുകളായതിനാൽ തുടർന്ന് LSGD മുഖാന്തരം feasibility study നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. എന്നാൽ 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016-ലെ DSR നിരക്കും GST-ഉം ആയിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018-ലെ DSR നിരക്കുകളും 18% GST-യും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് കില സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ നിരക്ക് അനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചുകൊണ്ട് 13.05.2022-ന് സർക്കാർ ഉത്തരവായിട്ടുമുണ്ട്. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി

വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കിക്കൊണ്ട് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി കില സ്വീകരിച്ചുവരുന്നു.

മേൽ പരാമർശിച്ച കാരണങ്ങളാലാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്.

**ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം**

271(1431)ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. ആന്റണി ജോൺ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകാനാകുംവിധം ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ തുടർച്ചയായ വിദ്യാകിരണം പദ്ധതിയിൽ കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിടുന്നത്. പൊതുവിദ്യാലയങ്ങളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും ഏറ്റവും മികച്ച

വിദ്യാഭ്യാസത്തിനായുള്ള അവസരതുല്യത ഉറപ്പാക്കുകയെന്നത് പ്രധാനമാണ്. കോവിഡ്-19 ഉയർത്തിയ വെല്ലുവിളികളെ പലതരത്തിലും അഭിമുഖീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞു. ഡിജിറ്റൽ ക്ലാസ്സുകൾ വഴി കുട്ടികളെ കർമ്മനിരതരാക്കി. വീട്ടിലിരിക്കുന്ന കുട്ടികൾക്ക് അവരുടെ ഭാവനയിൽ കണ്ട കാര്യങ്ങളെ പ്രകാശിപ്പിക്കാനും സ്വതന്ത്ര രചനയ്ക്കുമുള്ള അവസരം 'അക്ഷരവൃക്ഷം' പദ്ധതിയിലൂടെ ഒരുക്കി. കോവിഡിനുശേഷം സ്കൂളിലെത്തിയ കുട്ടികളുടെ സാമൂഹിക വൈകാരിക ആവശ്യകതകൾ അഭിമുഖീകരിക്കാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ അക്കാദമിക വർഷം ആരംഭിച്ചു. അതിപ്പോഴും തുടരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയെന്ന നിലയിൽ ഭൗതിക സൗകര്യവികസനരംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

അക്കാദമിക മാസ്റ്റർപ്ലാൻ, ശാസ്ത്ര സാമൂഹിക ശാസ്ത്ര വിഷയങ്ങൾ പുത്തൻ രീതിയിൽ പഠിക്കുന്നതിനുള്ള പദ്ധതികൾ, ഭാഷാ വികാസത്തിന് മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പദ്ധതികൾ, ഗണിതം ആനന്ദകരമാക്കാൻ ഗണിത വിജയം, ഉല്ലാസ ഗണിതം,

പ്രതിഭകളായ കുട്ടികൾക്ക് അതത് മേഖലയിൽ മികച്ച മുന്നേറ്റത്തിന് ടാലന്റ് ലാബ്, ശ്രവണ പരിമിതർക്കുള്ള പാഠപുസ്തകം, യൂണിസെഫുമായി ചേർന്ന് പ്രളയബാധിത പ്രദേശത്തെ കുട്ടികൾക്കുള്ള മാനസിക സാമൂഹിക പിന്തുണ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള 'ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം' (Inclusive Education) കാഴ്ചപ്പാട് രേഖ തയ്യാറാക്കൽ, അദ്ധ്യാപക പരിവർത്തന പദ്ധതി, സ്റ്റുഡന്റ് സെൻട്രിക് പ്രോഗ്രാം, അദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം, എസ്.ഐ.ഇ.ടി.-യുടെ പരിശീലന പരിപാടികൾ, സ്കൂൾ/ക്ലാസ് ലൈബ്രറി വികസനം, പാർശ്വവൽകൃത മേഖലകളിലെ സ്കൂളുകളുടെ വികസനം, സ്ത്രീ ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ, ഔട്ട് ഓഫ് സ്കൂൾ കുട്ടികൾക്കുള്ള പ്രത്യേക പരിപാടി, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ, വിദ്യാലയം പ്രതിഭകളിലേയ്ക്ക്, ഫസ്റ്റ് ബെൽ, വൈറ്റ് ബോർഡ്, ഡോക്യുമെന്റേഷൻ തുടങ്ങിയ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളാണ് അക്കാദമിക മികവിനായി നടപ്പിലാക്കിവരുന്നത്.

എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ ശാസ്ത്രതരംഗം, ശാസ്ത്രരംഗം, സയൻസ് ക്ലബ്ബുകൾ, സമഗ്രപോർട്ടൽ, ക്യൂ.ആർ.കോഡ്,

ഫസ്റ്റ്ബെൽ, ജി.സ്യൂട്ട് എന്നീ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നമുക്ക് ഈ രംഗത്ത് ഇനിയും മുന്നേറേണ്ടതായിട്ടുണ്ട്. അതിനുള്ള കർമ്മപദ്ധതി വിദ്യാകിരണത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്.

(ബി) ഇതിന്റെ ഭാഗമായി സ്കൂളുകളിൽ അടിസ്ഥാനസൗകര്യ വികസനത്തിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംക്ഷിപ്തമായി വിവരിക്കാമോ?

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മുൻസർക്കാരിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ തുടർച്ചയെന്ന നിലയിൽ ഭൗതികസൗകര്യ വികസന രംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊണ്ടുവരുന്നു. 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിലാണ് കെട്ടിടനിർമ്മാണം വിഭാവനം ചെയ്തിരുന്നത്. അതിൽ 119 വിദ്യാലയങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 22

വിദ്യാലയങ്ങളിൽ മിക്കവയിലും ചില ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന 386 സ്കൂളുകളാണുള്ളത്. അതിൽ 126 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. 20 വിദ്യാലയങ്ങളിൽ ഒന്നാംഘട്ട പ്രവർത്തനം പൂർത്തിയാക്കി ക്ലാസ്മുറികൾ പഠനത്തിനായി വിട്ടുകൊടുക്കുകയുണ്ടായി. ഇതിൽ 200 സ്കൂൾകെട്ടിടങ്ങളുടെ SPV കിലയാണ്. ഇതിൽ 185 സ്കൂളുകളുടെ DPR തയ്യാറായിട്ടുള്ളതിൽ 150 എണ്ണത്തിന്റെ DPR കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 9 സ്കൂൾ കെട്ടിടങ്ങൾക്ക് സാങ്കേതികാനുമതി ലഭ്യമായി ടെണ്ടർ നടപടിയിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. 1 കോടി രൂപ കിഫ്ബി ധനസഹായമുള്ള 446 സ്കൂളുകളാണുള്ളത്. ഇതിൽ പ്രാഥമികമായി തടസ്സങ്ങളൊന്നുമില്ലാത്ത 403 സ്കൂളുകളിൽ 399 എണ്ണത്തിന്റെ DPR കിഫ്ബി അംഗീകരിച്ചു. 341 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായി. ഇതിൽ 334 സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിക്കുകയും 206 എണ്ണത്തിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 17 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഒരു സ്കൂളിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയായി.

സ്ഥലം ലഭ്യമാകാത്തതിനാലും മറ്റ് കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിനാലും ഈ സ്കീം നടപ്പാക്കാൻ കഴിയാതിരുന്ന സ്കൂളുകൾക്ക് പകരമായി 35 സ്കൂളുകളെ കണ്ടെത്തി. പ്രസ്തുത സ്കൂളുകളിൽ 1 കോടി രൂപ കിഫ്ബി ധനസഹായത്തോടെ കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി നൽകിക്കൊണ്ട് 16.06.2022-ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്ലാൻ ഫണ്ടിലും നബാർഡ്/ എം.എൽ.എ./എം.പി./എസ്.എസ്.കെ./എൽ.എസ്.ജി.ഡി. എന്നീ ഫണ്ടുകളും ഉപയോഗപ്പെടുത്തി നിരവധി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൗതിക സൗകര്യവികസനം നടന്നുവന്നിരുന്ന കിഫ്ബി/പ്ലാൻഫണ്ടും മറ്റ് ഫണ്ടുകളിലും ഉൾപ്പെട്ട ഏതാണ്ട് 350-ൽപ്പരം സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. ഇതുകൂടാതെ 51-ഓളം ലാബ്/ലൈബ്രറി കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

(സി) ശാസ്ത്ര, സാങ്കേതിക രംഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികളെ പാകപ്പെടുത്തുന്നതിന്

അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്താൻ അദ്ധ്യാപകരെ സജ്ജമാക്കുന്ന പരിശീലനങ്ങൾ കൈറ്റിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നൽകിവരുന്നു. ഓരോ വർഷവും ആവശ്യമായ പുതിയ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കുന്നത്. അദ്ധ്യാപക പ്രൊഫഷണലിസം വികസിപ്പിക്കാനുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. അദ്ധ്യാപകരുടെ മനോഭാവത്തിൽ കാലം ആവശ്യപ്പെടുന്ന മാറ്റങ്ങൾ അനിവാര്യമാണ്. അതുകൂടി കണ്ടുകൊണ്ടാണ് അദ്ധ്യാപക പ്രൊഫഷണലിസം വികസിപ്പിക്കാനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക.

**എൻ.എം.എം.എസ് സ്കോളർഷിപ്പ് പരീക്ഷ**

272(1432) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 അദ്ധ്യയന വർഷങ്ങളിൽ കേരളത്തിൽനിന്നും എത്ര കുട്ടികൾ എൻ.റ്റി.എസ്.ഇ.-യുടെ സ്റ്റേജ് രണ്ടിൽ വിജയിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

2019-20-ൽ 42 കുട്ടികളും 2020-21-ൽ 39 കുട്ടികളും സ്റ്റേജ് രണ്ടിൽ വിജയിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു +.

(ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന സ്കൂളുകളിൽനിന്നും 2020-21, 2021-22 വർഷങ്ങളിൽ എൻ.എം.എം.എസ്.-ന് ലഭിച്ച അപേക്ഷകളുടെ എണ്ണവും എൻ.എം.എം.എസ്. ലഭിച്ച കുട്ടികളുടെ എണ്ണവും സ്കൂളുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) 2021-22 അദ്ധ്യയന വർഷത്തിൽ കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ എൻ.എം.എം.എസ്; പരീക്ഷക്കായി അപേക്ഷിച്ച ആദ്യത്തെ പത്ത് സ്കൂളുകളുടേയും ഏറ്റവും കൂടുതൽ കുട്ടികൾ വിജയം നേടിയ ആദ്യത്തെ പത്ത് സ്കൂളുകളുടേയും വിശദവിവരം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) ജില്ലാടിസ്ഥാനത്തിൽ എൻ.എം.എം.എസ്. സ്കോളർഷിപ്പ് നൽകുമ്പോൾ 2019-20, 2020-21, 2021-22 എന്നീ അദ്ധ്യയന വർഷങ്ങളിൽ ഓരോ ജില്ലയ്ക്കും എത്ര വീതമാണ് ക്വാട്ട നിശ്ചയിച്ചതെന്നതിന്റെ വിവരം ലഭ്യമാക്കുമോ; എൻ.എം.എം.എസ്. പരീക്ഷയ്ക്ക് ജില്ലാടിസ്ഥാനത്തിൽ ക്വാട്ട നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

ജില്ലാടിസ്ഥാനത്തിൽ അനുവദിക്കാവുന്ന സ്കോളർഷിപ്പുകളുടെ എണ്ണം (ക്വാട്ട) സംബന്ധിച്ചുള്ള 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിന് സംസ്ഥാനത്തിന് ആകെ അനുവദിച്ചിട്ടുള്ള 3473 എണ്ണം സ്കോളർഷിപ്പുകൾ എല്ലാ ജില്ലകളുടെയും പ്രാതിനിധ്യം ഉറപ്പാക്കത്തക്കവിധം ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ജില്ലാതല ക്വാട്ട നിശ്ചയിച്ച് അനുവദിച്ചുവരുന്നു.

1. ഓരോ ജില്ലയിലും സർക്കാർ/എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന 7,8 ക്ലാസ്സുകളിൽ അതത് അദ്ധ്യയന വർഷത്തിൽ പ്രവേശിക്കുന്നവരുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എണ്ണത്തിന്റെ അനുപാതത്തിലാണ് ഓരോ ജില്ലയ്ക്കും ആകെ അനുവദിക്കാവുന്നതിന്റെ 2/3 ഭാഗം സ്കോളർഷിപ്പ് ക്വാട്ട അനുവദിക്കുന്നത്.

2. ഓരോ ജില്ലയിലെയും സർക്കാർ/എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന 10 മുതൽ 14 വരെ പ്രായമുള്ള കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ ഓരോ ജില്ലയ്ക്കും ആകെ അനുവദിക്കുന്നതിന്റെ 1/3 ഭാഗം സ്കോളർഷിപ്പ് ക്വാട്ട അനുവദിക്കുന്നതാണ്.

## സർക്കാർ, എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ കുട്ടികളുടെ പഠനം

273(1433) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ മക്കളെ പൊതുവിദ്യാലയങ്ങളിൽത്തന്നെ പഠിപ്പിക്കണമെന്ന് നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ മക്കൾ ഏതൊക്കെ സ്കൂളുകളിൽ പഠിക്കുന്നുവെന്നത് സംബന്ധിച്ച സ്ഥിതി

വിവര കണക്ക് വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ മക്കൾ ഏതൊക്കെ സ്കൂളുകളിൽ പഠിക്കുന്നുവെന്നത് സംബന്ധിച്ച സ്ഥിതി വിവര കണക്ക് ലഭ്യമല്ല.

## എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയിച്ചവരുടെ ഉപരിപഠനം

274(1434) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽത്തന്നെ ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം നൽകുന്നതിന് വി.എച്ച്.എസ്.ഇ., ഹയർസെക്കണ്ടറി, ഐ.ടി.ഐ. വിഭാഗങ്ങളിൽ പുതിയ കോഴ്സുകളും ബാച്ചും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തെ പ്ലസ് വൺ അഡ്മിഷൻ നടപടി ആരംഭിച്ചിട്ടില്ല. അഡ്മിഷൻ നടപടി ആരംഭിച്ചശേഷം സംസ്ഥാനത്തെ സ്ഥിതിഗതികൾ

അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തതയുണ്ടെന്ന് വ്യക്തമായാൽ കഴിഞ്ഞ വർഷത്തെപ്പോലെ അധിക സീറ്റുകളും താൽക്കാലിക ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) മഞ്ചേരി ഏലമ്പ്രയിൽ എൽ.പി. സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സർക്കാർ നയത്തിന്റെ ഭാഗമായാണ് സംസ്ഥാനത്ത് പുതിയ സ്കൂളുകൾ അനുവദിച്ച് വരുന്നത്. ഏലമ്പ്രയിൽ ഒരു എൽ.പി.സ്കൂൾ അനുവദിക്കണമെന്ന കേരള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ SLP (12939/21, 12140/21) അപ്പീൽ സമർപ്പിച്ച് Interim Stay വിധി അനുവദിച്ച് നൽകുകയും ചെയ്തിട്ടുള്ളതാണ്.

(സി) മഞ്ചേരി മണ്ഡലത്തിലെ പുല്ലൂർ ജി.യു.പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) മഞ്ചേരി മണ്ഡലത്തിലെ പുലത്ത് ജി.എൽ.പി. സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**യു. പി. എസ്. ടി. കന്നഡ തസ്തികയുടെ യോഗ്യതയിൽ മാറ്റം**

275(1435)<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി.എസ്.ടി. കന്നഡ തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തണമെന്ന ഹർജിയിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലുള്ള J3/315/2019/Gdn, P4/2146/20/Gdn. ഫയലുകളിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി)യു.പി.എസ്.ടി. കന്നഡ തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തണമെന്ന ഹർജി ജെ3/315/2019/പൊ.വി.വ. ഫയലിൽ പരിശോധിച്ചുവരുന്നു. P4/2146/20/G.Edn. എന്ന ഒരു ഫയലുള്ളതായി കാണുന്നില്ല.

## എൽ.പി. സ്കൂൾ ടീച്ചർ (മലയാളം) തസ്തികയിലെ ഒഴിവുകൾ

276(1436) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എൽ.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

എൽ.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) തസ്തികയിൽ 58 ഒഴിവുകൾ നിലവിലുണ്ട്.

(ബി) കാറ്റഗറി നം. 516/2019 പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്കായി പി.എസ്.സി.-ലേയ്ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി.-ലേയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2023, 2024 അദ്ധ്യയന വർഷങ്ങളിൽ റിട്ടയർമെന്റുകൾ മുഖേന എൽ.പി.എസ്.എ. തസ്തികയിൽ എറണാകുളം ജില്ലയിൽ എത്ര ഒഴിവുകളുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

2023 അദ്ധ്യയന വർഷം എൽ.പി.എസ്.എ. തസ്തികയിൽ റിട്ടയർമെന്റുകൾമൂലം 36 ഒഴിവുകളും 2024-ൽ 22 ഒഴിവുകളുമുണ്ട്.

(ഡി) 2022-23 അദ്ധ്യയനവർഷത്തിലെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കുകൾ പ്രകാരം എറണാകുളം ജില്ലയിൽ എൽ.പി. വിഭാഗത്തിൽ എത്ര അധിക തസ്തികകൾ നിർണയിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022-23 അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കുകൾ പ്രകാരം ഫിക്സേഷൻ നടത്തിയിട്ടില്ല.

**ഡയറ്റിലെ അദ്ധ്യാപക നിയമനം**

277(1437) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറ്റിലെ അദ്ധ്യാപകരായി നേരിട്ടുള്ള നിയമനത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

19.02.2021-ലെ സ.ഉ.(അച്ചടി) 9/2021/പൊവിവ പ്രകാരം ഡയറ്റിലെ അദ്ധ്യാപകരുടെ നിയനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുകയും പ്രസ്തുത സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ 150 ഒഴിവുകൾ 50% നേരിട്ടും 50% തസ്തികമാറ്റം വഴിയുമുള്ള നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഡയറ്റിലെ അദ്ധ്യാപക നിയമനത്തിന് നേരിട്ട് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞവർക്ക് ഇതുമൂലമുണ്ടാകുന്ന തൊഴിൽ നഷ്ടം പരിഹരിക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(സി) യോഗ്യതയുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഡയറ്റിലെ അദ്ധ്യാപകരാകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിക്കുമ്പോൾ സ്പെഷ്യൽ റൂൾ പ്രകാരം മതിയായ യോഗ്യതയുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും ലക്ചറർ തസ്തികയിലേയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.

**മലപ്പുറം ജില്ലയിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)**

278(1438)<u>ശ്രീ. പി. നന്ദകുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2013-14 അദ്ധ്യയന വർഷം മുതൽ നാളിതുവരെ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; അതിന്മേൽ അന്തർജില്ലാ സ്ഥലംമാറ്റം, പ്രൊമോഷൻ, ബൈട്രാൻസ്ഫർ, നേരിട്ടുള്ള നിയമനം എന്നിവ അദ്ധ്യയന വർഷാടിസ്ഥാനത്തിൽ നടത്തിയതിന്റെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മലപ്പുറം ജില്ലയിൽ അഡീഷണൽ ഡിവിഷൻ/സ്റ്റാഫ് ഫിക്സേഷൻ മുഖേന ഈ അദ്ധ്യയന വർഷം പ്രസ്തുത തസ്തികയിൽ പുതിയ ഒഴിവുകൾ എത്രയെണ്ണം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തിക നിർണ്ണയം കഴിഞ്ഞതിനുശേഷം മാത്രമേ അധിക തസ്തികകളുടെ എണ്ണം ലഭ്യമാകുകയുള്ളൂ.

**മിനിസ്റ്റീരിയൽ ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾ**

279(1439) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ഗസറ്റഡ് തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ?

1) ടെക്സ്റ്റ് ബുക്ക് ഓഫീസർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (എൻ.എം.) - 2

2) അക്കൗണ്ട്സ് ഓഫീസർ (ഹയർ സെക്കണ്ടറി വിഭാഗം) - 1

3)അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർ -14

4) സീനിയർ സൂപ്രണ്ട് - 24

(ബി) നിർവ്വഹണ ഉദ്യോഗസ്ഥരുടെ തസ്തികകളിൽ ഒഴിവുണ്ടായാലുടൻ ഉദ്യോഗക്കയറ്റം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) 2020, 2021 വർഷങ്ങളിലെ ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നിർദ്ദേശം നൽകാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിലെ (മുൻ ഡി.പി.ഐ.) ജൂനിയർ സൂപ്രണ്ടുമാരുടെ 2020, 2021 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ വകുപ്പിലെ കരാർ ജീവനക്കാർ**

280(1440) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ എത്ര കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ എത്ര പേരാണ് എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് മുഖേന നിയമിതരായിട്ടുള്ളത്; അല്ലാതെ നിയമിക്കപ്പെട്ടവർ എത്രയാണ്; ഇവരെ ഏത് ഏജൻസി മുഖേനയാണ് നിയമിച്ചത്; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള കരാർ ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല/ ഡയറക്ടറേറ്റ് | കരാർ അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ | എംപ്ലോയ്മെന്റ് മുഖേന നിയമിക്കപ്പെട്ടവർ | എംപ്ലോയ്മെന്റ് മുഖേനയല്ലാതെ നിയമിക്കപ്പെട്ടവർ |
|---|---|---|---|---|
| 1 | ഡയറക്ടറേറ്റ് | 0 | 0 | 0 |
| 2 | തിരുവനന്തപുരം | 0 | 0 | 0 |
| 3 | കൊല്ലം | 1 | 1 | 0 |
| 4 | പത്തനംതിട്ട | 0 | 0 | 0 |
| 5 | ആലപ്പുഴ | 0 | 0 | 0 |
| 6 | കോട്ടയം | 0 | 0 | 0 |
| 7 | ഇടുക്കി | 0 | 0 | 0 |
| 8 | എറണാകുളം | 0 | 0 | 0 |
| 9 | തൃശ്ശൂർ | 0 | 0 | 0 |
| 10 | പാലക്കാട് | 0 | 0 | 0 |
| 11 | മലപ്പുറം | 8 | 0 | 8 (വിദ്യാഭ്യാസ ഉപഡയറക്ടർ നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ) |
| 12 | കോഴിക്കോട് | 0 | 0 | 0 |
| 13 | വയനാട് | 0 | 0 | 0 |
| 14 | കണ്ണൂർ | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| 15 | കാസർഗോഡ് | 0 | 0 | 0 |

ഹയർ സെക്കണ്ടറി വിഭാഗത്തിൻ കീഴിൽ ഐ.സി.റ്റി. സെല്ലിൽ നിലവിൽ 2 ജീവനക്കാർ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്നു. 2 പേരെയും എൻ.ഐ.സി. മുഖേനയാണ് നിയമിച്ചിരിക്കുന്നത്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കരാർ ജീവനക്കാർ ജോലി ചെയ്യുന്നില്ല. പരീക്ഷാഭവനിൽ നിലവിൽ 6 പ്രോഗ്രാമർമാരും ഒരു ഹാർഡ് വെയർ ടെക്നീഷ്യനും കരാറടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടുകൂടി ജോലി ചെയ്തുവരുന്നു. ഒരു സെക്യൂരിറ്റി ജീവനക്കാരൻ (Ex-Service Men) KEXON മുഖേനയും ജോലി ചെയ്തുവരുന്നു. KTET പരീക്ഷാ ജോലികൾക്കായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 3 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കാൻ സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിദ്യാഭ്യാസ വകുപ്പിലുൾപ്പെടെയുള്ള കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

എംപ്ലോയ്മെന്റ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

ഉണ്ട്. ആയതുപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 2022-23 അദ്ധ്യയനവർഷം ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ(ജെ) വകുപ്പിന്റെ 27.05.2022-ലെ സ.ഉ(കൈ) നമ്പർ 89/22/പൊ.വി.വ. ഉത്തരവുപ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കരാർ ജീവനക്കാർ ജോലി ചെയ്യുന്നില്ല.

## നൂറുദിന കർമ്മ പരിപാടി

281(1441) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഫെബ്രുവരി മാസം 10 മുതൽ മേയ് മാസം 20 വരെ നടന്ന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രത്യക്ഷവും പരോക്ഷവുമായി എത്ര തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കാനായെന്ന് വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ തൊഴിൽ വകുപ്പിൽ 5-ഉം ഭവനം ഫൗണ്ടേഷൻ കേരളയിൽ 8-ഉം ODEPC-ൽ 52-ഉം തൊഴിലവസരങ്ങൾ പ്രത്യക്ഷമായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ KILE-ൽ 2 താൽക്കാലിക തൊഴിലവസരവും ODEPC-ൽ വിദേശ ഭാഷാ പരിശീലനം മുഖേന പരോക്ഷത്തിൽ 173 തൊഴിലവസരവും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലും ഇതിൻപ്രകാരം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായെന്ന് വ്യക്തമാക്കുമോ; തൊഴിൽമേഖല അനുസരിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ തൊഴിൽ വകുപ്പിൽ അതിഥി തൊഴിലാളികൾക്കായി ആരംഭിച്ചിട്ടുള്ള ഫെസിലേറ്റേഷൻ സെന്ററുകളിൽ ഫെസിലിറ്റേറ്ററായി പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ ഒരാൾക്ക് വീതം ആകെ 5 താൽക്കാലിക തൊഴിലവസരം ലഭ്യമാക്കിയിട്ടുണ്ട്.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

282(1442) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി ക്ഷേമനിധി ബോർഡ് ഡിജിറ്റലൈസ് ചെയ്യാനുള്ള പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ?

തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തൊഴിലാളികളുടെ ഇരട്ട അംഗത്വം ഒഴിവാക്കുന്നതിനും സോഫ്റ്റ്‌വെയറില്ലാത്ത ബോർഡുകളിൽ സോഫ്റ്റ്‌വെയർ സംവിധാനമൊരുക്കുന്നതിനുമായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾ മുഖേന വിതരണം ചെയ്യുന്ന ക്ഷേമനിധി പെൻഷൻകാരുടെ വിശദാംശങ്ങൾ സർക്കാരിന്റെ സേവന സോഫ്റ്റ്‌വെയറിൽ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്താണ് നൽകിവരുന്നത്.

(ബി) തൊഴിലാളികളുടെ ആശ്രിതർക്ക് സിവിൽ സർവ്വീസ് പരിശീലനത്തിനായി പരിശീലന കേന്ദ്രം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കില)-ന് കീഴിൽ സിവിൽ സർവ്വീസ് അക്കാദമി പ്രവർത്തിക്കുന്നു. വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള കേരളത്തിലെ സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കുമായി കുറഞ്ഞ നിരക്കിൽ സിവിൽ സർവ്വീസ് കോച്ചിംഗ് നൽകുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് അക്കാദമി ആരംഭിച്ചിട്ടുള്ളത്.

തൊഴിലാളികളുടെ മക്കൾ/ആശ്രിതർക്ക് 15000 + 18% GST + 2000 രൂപ കോഷൻ ഡെപ്പോസിറ്റ് എന്ന ക്രമത്തിലും മറ്റുള്ളവർക്ക് 50000 + 18% GST + 2000 രൂപ കോഷൻ ഡെപ്പോസിറ്റ് എന്ന ക്രമത്തിലുമാണ് ഫീസ്. കില സിവിൽ സർവ്വീസ് അക്കാദമിയിൽ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത ഡിഗ്രിയാണ്.

തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കും അർഹമായ ഫീസിളവ് ലഭിക്കുന്നതിന് അതത് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആശ്രിതത്വ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകരിൽനിന്നും പ്രവേശന പരീക്ഷ നടത്തി റാങ്ക് ലിസ്റ്റിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ഈടാക്കി പ്രവേശനം നൽകുന്നു.

## തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി

283(1443)ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

തോട്ടം മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടി വ്യവസായ വകുപ്പിന് കീഴിൽ നടന്നുവരുന്നു. കൂടാതെ തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു തോട്ടം നയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. 1951-ലെ പ്ലാന്റേഷൻസ് നിയമം, 1959-ലെ പ്ലാന്റേഷൻസ് ലേബർ ചട്ടം എന്നിവ അനുശാസിക്കുന്ന എല്ലാ

ക്ഷേമപ്രവർത്തനങ്ങളും തോട്ടം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. 2013-ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതിപ്രകാരം മരണമടയുന്ന തോട്ടം തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം നൽകിവരുന്നുണ്ട്. ഭവനരഹിതരായ തോട്ടം തൊഴിലാളികളെ കണ്ടെത്തി ഇവർക്ക് ലൈഫ് ലിസ്റ്റിലുൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, ഭവനം ഫൗണ്ടേഷൻ ഓഫ് കേരളയുടെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ആർ.പി.എൽ.-ലെ തോട്ടം തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കുളത്തൂപ്പുഴ എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലം വിട്ടുനൽകുകയും 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുള്ളതുമാണ്. സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചുവരുന്ന പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ

മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകൾ, പഠനോപകരണങ്ങളുടെ വിതരണം, ചികിത്സാ ധനസഹായം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് എക്സ്ഗ്രേഷ്യ വിതരണത്തിനുപുറമെ 2017 മുതൽ സൗജന്യ ഓണക്കിറ്റും നൽകിവരുന്നു. കോവിഡ് 19-മായി ബന്ധപ്പെട്ട് ലോക്ഡൗൺ കാലയളവിൽ കേരളത്തിൽ തുറന്നുപ്രവർത്തിക്കുന്നതും പൂട്ടിക്കിടക്കുന്നതുമായ എല്ലാ തോട്ടങ്ങളിലെയും തൊഴിലാളികൾക്കും ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികൾക്കും 1,000/- രൂപ വീതം ധനസഹായം നൽകുകയുണ്ടായി. എസ്റ്റേറ്റുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. തോട്ടം മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിലുൾപ്പെടുത്തിയിട്ടുള്ളതിനാൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയും ഇ.എസ്.ഐ. പദ്ധതിയിലുൾപ്പെടുന്നതാണ്.

തൊഴിലാളികളുടെ വേതന കരാർ കാലോചിതമായി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വേതനത്തിൽ 52/- രൂപയുടെ വർദ്ധനവ് വരുത്തി മിനിമം വേതനം പുതുക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്ലാന്റേഷൻ പോളിസിയുടെ അടിസ്ഥാനത്തിൽ തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 58-ൽ നിന്നും 60 വയസ്സാക്കി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ തൊഴിലുടമകളുടെ സംഘടനയായ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (എ.പി.കെ.) ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ അന്തിമ വിധിയായിട്ടില്ല. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.5.2022-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം 58-ൽനിന്നും 60 വയസ്സായി വർദ്ധിപ്പിച്ചത് അംഗീകരിക്കാനും ഇതിന് 1.4.2022 മുതൽ പ്രാബല്യം നൽകാനും തീരുമാനിച്ചു.

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര തോട്ടങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും അവിടെ എത്ര തൊഴിലാളികൾ വീതം പണിയെടുത്തിരുന്നുവെന്നും വിശദമാക്കാമോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ വയനാട് ജില്ലയിലെ ബൈസൺ ഫീൽഡ് എക്സ്-ഡിവിഷനാണ് അടച്ചുപൂട്ടിയിട്ടുള്ളത്. ടി എസ്റ്റേറ്റിൽ 4 തൊഴിലാളികളാണ് ജോലി ചെയ്തിരുന്നത്. ബൈസൺ ഫീൽഡ് എക്സ്-ഡിവിഷൻ എസ്റ്റേറ്റ് മാനേജ്മെന്റും നോർത്ത് വയനാട് എസ്റ്റേറ്റ് ലേബർ യൂണിയൻ പ്രതിനിധികളും തൊഴിലാളികളും 5.10.2021-ൽ വയനാട് ജില്ലാ ലേബർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ അനുരഞ്ജന ചർച്ചയിലൂടെ തൊഴിലാളികൾക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള തർക്കം ഒത്തുതീർപ്പാക്കിയ ശേഷമാണ് നിലവിൽ തോട്ടം പൂട്ടിയിരിക്കുന്നത്.

(സി) തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കായി എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം തൊഴിലാളികൾക്ക് അടിയന്തര സഹായങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ?

(സി&ഡി) പൂട്ടിക്കിടന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന ഓണക്കാലത്ത് 2,000/- രൂപ വീതം എക്സ്ഗ്രേഷ്യ ധനസഹായവും എല്ലാ തൊഴിലാളികൾക്കും സൗജന്യ ഓണക്കിറ്റും വിതരണം ചെയ്യുന്നുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായമായി 1,000/-രൂപ വീതം രണ്ട് ഘട്ടങ്ങളിലായി തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

**തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി**

284(1444)ശ്രീ കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. പി. നന്ദകുമാർ:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും മികച്ച ഇടപെടലിന്റെയും തൊഴിലാളി സംഘടനകളുടെ സഹകരണത്തിന്റെയും ഫലമായി സ്ഥാപനങ്ങളുടെ നിലനിൽപ്പിനും വളർച്ചയ്ക്കും അനുഗുണമായ

വിധത്തിൽ തൊഴിൽ രംഗത്തെ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കാനായിട്ടുണ്ടോ?

സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് തൊഴിലാളികൾക്കിടയിൽ പ്രചരണം നടത്തിയതുവഴിയും തൊഴിലാളി സംഘടനകളുമായുള്ള ചർച്ചയുടെ ഫലമായും നോക്കുകൂലി സമ്പ്രദായം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉടലെടുക്കുമ്പോൾത്തന്നെ തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുകയും പ്രശ്നപരിഹാരത്തിനുള്ള സാഹചര്യമൊരുക്കുകയും ചെയ്യാറുണ്ട്.

(ബി) സംസ്ഥാനത്ത് മികച്ച നിക്ഷേപക അനുകൂലാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടപ്പോഴും കേന്ദ്ര സർക്കാർ നയങ്ങൾ സൃഷ്ടിച്ച അവസരം മുതലെടുത്ത് ഒരു വിഭാഗം നിക്ഷേപകർ ചുമട്ടുതൊഴിലാളികളുടെ തൊഴിലും തൊഴിൽ അവകാശങ്ങളും നിഷേധിക്കുന്ന പ്രവണത ഇല്ലാതാക്കാൻ തൊഴിൽ വകുപ്പ് ഇടപെടൽ നടത്തുന്നുണ്ടോ?

ഉണ്ട്.

(സി) മികച്ച തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിലെ പുരോഗതി അറിയിക്കാമോ?

കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളെ തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ ആസ്പദമാക്കിയാണ് സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ എന്നിങ്ങനെ ഗ്രേഡുകൾ നൽകുന്നത്. 2020 വർഷത്തെ ഗ്രേഡിംഗിന് 1361 അപേക്ഷകളിൽ നിന്ന് 93 സ്ഥാപനങ്ങൾക്ക് വജ്ര അവാർഡും 117 സ്ഥാപനങ്ങൾക്ക് സുവർണ്ണ അവാർഡും നൽകി. വജ്ര അവാർഡ് നേടിയ സ്ഥാപനങ്ങളിൽ 8 എണ്ണത്തിന് പ്രത്യേക പരിശോധനയിലൂടെ മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് നൽകുകയും ചെയ്തു.

## അതിഥി തൊഴിലാളികളുടെ വിവരശേഖരണം

285(1445) <u>ശ്രീമതി ഉമ തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥി തൊഴിലാളികളായി എത്തിച്ചേരുന്നവരിൽ ചിലർ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ഗൗരവമായി കാണുന്നുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് എത്തിച്ചേരുന്ന അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനും അവർക്ക് ക്രിമിനൽ പശ്ചാത്തലം ഉണ്ടോയെന്ന് മനസ്സിലാക്കുന്നതിനും എന്ത് സംവിധാനമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പോലീസ് സ്റ്റേഷൻ പരിധിയിലുള്ള തൊഴിൽ സ്ഥാപന ഉടമകൾക്കും മറ്റും നൽകിയിട്ടുള്ള നിർദ്ദേശപ്രകാരം തൊഴിലുടമകൾ, അവരുടെ കീഴിൽ ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ (തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും

വിലാസവും ഇതര സംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും ഫോട്ടോ, ഒപ്പ്, എന്ന് മുതൽ ജോലി ചെയ്തുവരുന്നു തുടങ്ങിയ കാര്യങ്ങൾ) അതത് പോലീസ് സ്റ്റേഷനുകളിൽ നൽകിവരുന്നതും ടി വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ് പരിശോധിക്കുകയും ചെയ്യുന്നു. വിവരങ്ങൾ ഗസ്റ്റ് ലേബർ രജിസ്റ്ററിലും രേഖപ്പെടുത്തുന്നുണ്ട്. കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിന് സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ ഇതര സംസ്ഥാന തൊഴിലാളികളെ നിരീക്ഷിച്ചുവരുന്നുണ്ട്. Crime and Criminal Tracking Network & Systems (CCTNS) ആപ്ലിക്കേഷന്റെ ഭാഗമായ inter-operable Criminal Justice System (ICJS) സംവിധാനം ഉപയോഗിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ നിരീക്ഷിച്ചുവരുന്നു. ഇതിനുപുറമെ ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയും ക്രിമിനൽ സ്വഭാവമുള്ളവരെ പ്രത്യേകം നിരീക്ഷിച്ചുവരികയും ചെയ്യുന്നു.

(സി) അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് എത്തിച്ചേരുന്ന അവസരത്തിൽത്തന്നെ അവരുടെ വിവരശേഖരണം നടത്തുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ?

അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് എത്തിച്ചേരുമ്പോൾത്തന്നെ അവരെ സംബന്ധിക്കുന്ന വിശദവിവരം അവർക്കുതന്നെ ഓൺലൈനായി സമർപ്പിക്കുന്നതിനുകൂടിയുള്ള ക്രമീകരണത്തോടെ അതിഥി പോർട്ടലിന് രൂപം നൽകിയിട്ടുണ്ട്. ടി പോർട്ടൽ പ്രവർത്തനസജ്ജമാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(ഡി) രജിസ്ട്രേഷൻ സമയത്ത് അതിഥി തൊഴിലാളികൾ നൽകുന്ന വിവരങ്ങളുടെയും രേഖകളുടെയും ആധികാരികത പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; മേൽപ്പറഞ്ഞ മൊബൈൽ ആപ്ലിക്കേഷൻ മുഖേന രജിസ്ട്രേഷൻ നടത്തുമ്പോൾ രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

അതിഥി പോർട്ടൽവഴി സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. ആധാർ രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിന് UIDAI (Unique Identification Authority of India)-ടെ authentication ലഭിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

**കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി ജീവനക്കാർക്കുള്ള പാക്കേജ്**

286(1446) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ പുനരധിവാസത്തിനും നഷ്ടപരിഹാരം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാനും കഴിയുന്ന വിധത്തിൽ ഒരു പാക്കേജ് രൂപീകരിക്കുന്നതിന് തൊഴിലും പുനരധിവാസവും വകുപ്പ് തീരുമാനമെടുത്തിരുന്നുവോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ&ബി) കൊരട്ടിയിലെ വൈഗൈ ത്രെഡ്സ് കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ പുനരധിവാസത്തിനും നഷ്ടപരിഹാരം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാനും കഴിയുന്നവിധത്തിൽ ഒരു പാക്കേജ് രൂപീകരിച്ചിരുന്നു. തുടർന്ന് ടി പാക്കേജുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.6.2019-ന് ചേർന്ന യോഗത്തിൽ നിലവിലുള്ള കോടതി വ്യവഹാരത്തിനുശേഷം ഈ വിഷയം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. വൈഗൈ ത്രെഡ്സിന്റെ സമാപ്തീകരണ നടപടി ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫിഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലായതിനാൽ കമ്പനിയുടെ മുഴുവൻ ആസ്തികളും നിലവിൽ ഒഫിഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. കമ്പനിക്ക് പാട്ടവ്യവസ്ഥയിൽ നൽകിയിരുന്ന ഭൂമിയുടെ പാട്ടം റദ്ദ് ചെയ്ത് സർക്കാർ ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. മേൽസാഹചര്യത്തിൽ

കോടതി നടപടികൾ പൂർത്തികരിച്ചതിനുശേഷം മാത്രമേ തൊഴിലാളികൾക്കുള്ള പുനരധിവാസവും നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്ന വിഷയം പരിഗണിക്കാൻ കഴിയുകയുള്ളൂ.

## സിവിൽ സർവ്വീസ് അക്കാദമി

287(1447) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള സിവിൽ സർവ്വീസ് അക്കാദമിയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കില) എന്ന സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ "സിവിൽ സർവ്വീസ് അക്കാദമി' പ്രവർത്തിക്കുന്നു. വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള കേരളത്തിലെ സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കുമായി കുറഞ്ഞ നിരക്കിൽ സിവിൽ സർവ്വീസ് കോച്ചിംഗ്

നൽകുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ടി സ്ഥാപനം തിരുവനന്തപുരത്ത് വഞ്ചിയൂർ എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്.

കില സിവിൽ സർവ്വീസ് അക്കാദമിയിൽ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത ഡിഗ്രിയാണ്. www.kile.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കും അർഹമായ ഫീസിളവ് ലഭിക്കുന്നതിന് അതത് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആശ്രിതത്വ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യണം. ലഭ്യമാകുന്ന അപേക്ഷകരിൽനിന്നും പ്രവേശന പരീക്ഷ നടത്തി റാങ്ക് ലിസ്റ്റിൽ വരുന്ന വിദ്യാർത്ഥികളിൽനിന്നും നിശ്ചയിച്ച ഫീസ് ഈടാക്കി പ്രവേശനം നൽകുന്നു. തൊഴിലാളികളുടെ മക്കൾ/ആശ്രിതർക്ക് 15000 + 18% GST + 2000 രൂപ കോഷൻ ഡെപ്പോസിറ്റ് എന്ന ക്രമത്തിലും മറ്റുള്ളവർക്ക് 50000 + 18% GST + 2000 രൂപ കോഷൻ ഡെപ്പോസിറ്റ് എന്ന ക്രമത്തിലുമാണ് ഫീസ്. എല്ലാ വിഷയങ്ങളിലും വിദഗ്ധരും പരിചയസമ്പന്നരുമായ ഫാക്കൽറ്റികളാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തുവരുന്നത്.

(ബി) പ്രസ്തുത അക്കാദമിയിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

കില സിവിൽ സർവ്വീസ് അക്കാദമിയിൽ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത ഡിഗ്രിയാണ്. www.kile.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കും അർഹമായ ഫീസിളവ് ലഭിക്കുന്നതിന് അതത് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആശ്രിതത്വ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം. ലഭ്യമാകുന്ന അപേക്ഷകരിൽനിന്നും പ്രവേശന പരീക്ഷ നടത്തി റാങ്ക് ലിസ്റ്റിൽ വരുന്ന വിദ്യാർത്ഥികളിൽനിന്നും നിശ്ചയിച്ച ഫീസീടാക്കി പ്രവേശനം നൽകുന്നു.

## കറുകച്ചാലിൽ വനിതാ ഐ.റ്റി.ഐ.

288(1448)ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാലിൽ വനിതാ ഐ.റ്റി.ഐ. സ്ഥാപിക്കുന്നത് സംബന്ധിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ സാങ്കേതിക പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ കുറവാണെന്ന സാഹചര്യം കണക്കിലെടുത്ത് കറുകച്ചാലിൽ വനിതാ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

(എ&ബി) കറുകച്ചാലിൽ വനിതാ ഐ.റ്റി.ഐ. സ്ഥാപിക്കുന്നത് സംബന്ധിച്ച നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഗവ. ഐ.ടി.ഐ**

289(1449) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ സർക്കാർ മേഖലയിൽ ഐ.ടി.ഐ. ഇല്ലാത്ത പൂഞ്ഞാർ മണ്ഡലത്തിൽ ഐ.ടി.ഐ. അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കണമെന്നാവശ്യപ്പെട്ടുള്ള നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ട്രെയിനിംഗ് ഡയറക്ടറുമായി ബന്ധപ്പെട്ട് ആയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

**കടുത്തുരുത്തി സർക്കാർ പോളിടെക്നിക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് നടപടികൾ**

290(1450) <u>ശ്രീ. മോൻസ് ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സർക്കാർ പോളിടെക്നിക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് നടപടി പൂർത്തീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പൂർത്തീകരിച്ചിട്ടില്ല. കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ കൈവശമുള്ള സ്ഥലം അളക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും പൊന്നുംവിലയ്ക്കെടുത്തതുമായ 19 ഏക്കർ 39.147

സെന്റ് സ്ഥലത്തിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായ വഴിക്ക് നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ സർവ്വേനടപടി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ബി) വൈക്കം ഭൂരേഖാ തഹസീൽദാർ എത്ര തവണ സ്ഥലം സന്ദർശിച്ച് ഭൂമി അളക്കൽ നടപടിക്രമങ്ങൾ നടത്തിയിട്ടുണ്ട്; ആയതിന്റെ റിപ്പോർട്ട് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

താലൂക്ക് സർവ്വേയർ മുഖേന സ്ഥലപരിശോധന നടത്തിയെങ്കിലും അളവ് നടപടി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതാണ്.

(സി) പ്രസ്തുത സ്ഥലത്തിന്റെ റീസർവ്വേ സ്കെച്ച് ലഭ്യമാണോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഭൂമിയിൽ എന്ത് ആശയക്കുഴപ്പമാണ് നിലനിൽക്കുന്നത്; വ്യക്തമാക്കാമോ?

റീസർവ്വേ സ്കെച്ച് ലഭ്യമാണ്. റീസർവ്വേ പ്രകാരം വൈക്കം താലൂക്കിൽ കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് നമ്പർ 29-ൽ റീ സർവ്വേ 208/33-ൽ

0.1479 ഹെക്ടർ, റീസർവ്വേ 193-ൽ 8.1719 ഹെക്ടർ ഉൾപ്പെടെ 8.3198 ഹെക്ടർ (20 ഏക്കർ 55 സെന്റ്) വിസ്തീർണ്ണം ഉള്ളതാണ്. റീ സർവ്വേ ബി.റ്റി.ആർ.-ൽ ടി ഭൂമി സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും പൊന്നും വിലയ്ക്കെടുത്തതുമായ സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണത്തേക്കാൾ 1 ഏക്കർ 16 സെന്റ് സ്ഥലം റീസർവ്വേയ്ക്കുശേഷം കൂടുതൽ കാണുന്നതിനാലും പോളിടെക്നിക്കിന് ചുറ്റുമതിൽ നിർമ്മിച്ചപ്പോൾ പൊന്നുവിലയ്ക്കെടുക്കാത്ത ഭൂമി മതിൽക്കെട്ടിനുള്ളിലുൾപ്പെടുത്തിയതായി ശ്രീ. അപ്പു സി. എസ്., ചാലപ്പുറത്ത് മ്യാലിൽ എന്നയാൾ പരാതി നൽകിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായ വഴിക്ക് നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കു.

(ഡി) പോളിടെക്നിക്കിന്റെ കൈവശമുള്ള അധിക ഭൂമി ഏറ്റെടുത്ത് മറ്റ് വികസന പദ്ധതികൾക്കായി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ഭൂമിയുടെ പോക്കുവരവ് അപേക്ഷയിന്മേൽ കാലതാമസം

291(1451) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഭൂമിക്ക് പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിന് നൽകുന്ന അപേക്ഷ എത്രനാൾ കൊണ്ടാണ് തീർപ്പുകല്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സേവനാവകാശ നിയമം പ്രകാരം നിയമതടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത സബ് ഡിവിഷനുള്ള പോക്കുവരവ് കേസുകൾക്ക് 40 ദിവസം സമയപരിധിയുണ്ട്. എന്നിരുന്നാലും വ്യക്തമായ അതിർത്തി, തർക്കരഹിതമായ കൈവശം എന്നിവയുള്ള സബ് ഡിവിഷനില്ലാത്ത പോക്കുവരവ് കേസ്സുകളിൽ അന്നേ ദിവസംതന്നെ പോക്കുവരവ് നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) കാട്ടാക്കട തഹസിൽദാർ മുമ്പാകെ ഇതുസംബന്ധിച്ച അപേക്ഷയുടെ 8624/G1/2019 നമ്പർ ഫയൽ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2019-ൽ നൽകിയ അപേക്ഷയിൽ

നാളിതുവരെ തഹസിൽദാർ ലാൻഡ് അക്വിസിഷൻ നടപടി സ്വീകരിക്കാത്തതെന്തെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫയലിൽ പോക്കുവരവുമായി ബന്ധപ്പെട്ട നടപടികളാണ് സ്വീകരിച്ചുവരുന്നത്. അവകാശ തർക്കം, അതിർത്തി തർക്കം എന്നിവയുള്ളതിനാൽ നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലാണ് പോക്കുവരവ് നടപടികളിൽ കാലതാമസം നേരിടുന്നത്.

(സി) പ്രസ്തുത അപേക്ഷയിൽ നടപടി സ്വീകരിക്കാത്തതിനെത്തുടർന്ന് 86 വയസുള്ള അപേക്ഷകൻ ലോകായുക്തയെ സമീപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അനാവശ്യ തടസ്സവാദം പറഞ്ഞ് അർഹതപ്പെട്ട സേവനം നിഷേധിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; താലൂക്ക് ഓഫീസുകളിൽ നടക്കുന്ന ഇത്തരം നടപടികൾ സംബന്ധിച്ച് റവന്യൂ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

അവകാശ തർക്കം, അതിർത്തി തർക്കം എന്നിവയുള്ളതിനാലും നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഒ.എസ് 544/2020 നമ്പരായി കേസ് നിലനിൽക്കുന്നതിനാലുമാണ് പോക്കുവരവ് നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത്.

## വസ്തുവിന്റെ കരം ഒടുക്കുന്നതിനുള്ള അവകാശം

292(1452) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോൺ ജോസ്, തുണ്ടത്തിൽ വീട്, തുണ്ടത്തിൽ, അയിരൂപ്പാറ വില്ലേജ്, തിരുനന്തപുരം താലൂക്ക് സമർപ്പിച്ച അപേക്ഷ തിരുവനന്തപുരം ഭൂരേഖ ഓഫീസിൽ എച്ച്1.27673/2021 നമ്പരായി സ്വീകരിച്ച് അന്വേഷണം കഴിഞ്ഞെങ്കിലും പരാതിക്കാരന് ഇതുവരെയും കരം ഒടുക്കുന്നതിനുള്ള അവകാശം കിട്ടിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലുണ്ടായ കാലതാമസവും പരാതിക്കാരന് നീതി കിട്ടാത്ത സാഹചര്യവും പരിശോധിക്കുമോ;

(ബി) ജോൺ ജോസിന്റെ വസ്തുകരം ഒടുക്കുന്നതിനുള്ള അവകാശം അനുവദിച്ച് കിട്ടുന്നതിനും റവന്യൂ വകുപ്പിലുണ്ടായിരിക്കുന്ന ന്യൂനത പരിഹരിച്ച് നീതി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി)ശ്രീ. ജോൺ ജോസ് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച എച്ച് 1-27673/2021 നമ്പർ ഫയലിൽ സർവ്വേയർ അന്വേഷണം നടത്തിയതിലും സ്ഥലം പരിശോധിച്ചതിലും തെറ്റായി പോക്കുവരവുകൾ നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് പോക്കുവരവുകൾ തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ ഹിയറിംഗ് നടത്തി നടപടിക്രമം ഉത്തരവായിട്ടുള്ളതും സബ് ഡിവിഷൻ പോക്കുവരവുകൾ റദ്ദ് ചെയ്യുന്നതിലേയ്ക്കായി സബ് കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും സബ് കളക്ടറിൽനിന്നും മറുപടി ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതുമാണ്.

**കൃഷി, പാർപ്പിടം തുടങ്ങിയ ആവശ്യങ്ങൾക്ക് പതിച്ച് നൽകിയ ഭൂമി**

294(1453) ശ്രീ. പി.അബ്ദുൽ ഹമീദ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂപതിവ് ചട്ടപ്രകാരം കൃഷി, പാർപ്പിടം തുടങ്ങിയ ആവശ്യങ്ങൾക്ക് പതിച്ച് നൽകുന്ന പട്ടയഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

കേരള ഭൂപതിവ് ചട്ടപ്രകാരം കൃഷി, പാർപ്പിടം തുടങ്ങിയ ആവശ്യങ്ങൾക്ക് പതിച്ച് നൽകുന്ന പട്ടയഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ഇങ്ങനെ ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമി തിരിച്ചെടുക്കാൻ അധികാരമുണ്ടോ?

കേരള ഭൂമി പതിച്ച് നൽകൽ ചട്ടങ്ങൾ, 1964 ചട്ടം 8 പ്രകാരവും കേരള മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ച് നൽകൽ ചട്ടങ്ങൾ 1995 ചട്ടം 17 പ്രകാരവും കൃഷി, പാർപ്പിടം, തുടങ്ങിയ ആവശ്യങ്ങൾക്ക് പതിച്ച് നൽകുന്ന പട്ടയഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തുന്നപക്ഷം ചട്ടപ്രകാരമുള്ള നടപടി കൈക്കൊണ്ട് പട്ടയം റദ്ദാക്കി ഭൂമി തിരിച്ചെടുക്കാൻ അധികാരമുണ്ട്.

(സി) ഇതുസംബന്ധിച്ച് അടുത്ത കാലത്തുണ്ടായ ഹൈക്കോടതി വിധി പ്രകാരം അത്തരത്തിലുള്ള ഭൂമി തിരിച്ചെടുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ: വിശദാംശം അറിയിക്കുമോ?

25.05.2022-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം 14.06.2022-ന് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം സഹിതം ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടികൾ പരിശോധിച്ചുവരുന്നു.

**റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റം**

295(1454) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ജില്ലയിലെ ഡെപ്യൂട്ടി തഹസിൽദാർ മുതൽ വി.എഫ്.എ. വരെയുള്ള റവന്യൂ ഉദ്യോഗസ്ഥരെ ജില്ലയ്ക്കകത്ത് സ്ഥലംമാറ്റാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നിലവിൽ വന്നതിനുശേഷം തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തിക വരെയുള്ള ജീവനക്കാരെ ഒരു സ്റ്റേഷനിൽനിന്നും മറ്റൊരു സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റുന്നത് വകുപ്പ് അദ്ധ്യക്ഷനായ ലാൻഡ് റവന്യൂ കമ്മീഷണറാണ്. സ്റ്റേഷനകത്ത്

നിയമിച്ചിട്ടുള്ള ജീവനക്കാരെ സ്റ്റേഷനുള്ളിലെ വിവിധ ഓഫീസുകളിലേയ്ക്ക് നിയമിക്കുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടറാണ്. എൻട്രി കേഡറിലുള്ള ജീവനക്കാരുടെ ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർക്കാണ് അധികാരം.

(ബി) എ.ഡി.എം.-ന് റവന്യൂ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്നതിന് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എ.ഡി.എം.-ന് റവന്യൂ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്നതിനുള്ള അധികാരമില്ല. എന്നാൽ ജില്ലാ കളക്ടർ ചുമതലപ്പെടുത്തുമ്പോൾ ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റങ്ങൾ എ.ഡി.എം. നടത്താറുണ്ട്.

## പത്തനംതിട്ട ജില്ലയിലെ 'ആരബിൾ ലാൻഡ്' പദ്ധതി

297(1455) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ 'ആരബിൾ ലാൻഡ്' പദ്ധതിപ്രകാരം റവന്യൂ വകുപ്പിന് കൈമാറ്റം ചെയ്തു ലഭിച്ച വനഭൂമി പതിച്ച്

കൊടുത്തപ്പോൾ കൃഷി യോഗ്യമല്ലാത്ത പാറയുള്ള ഭാഗങ്ങൾ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) പതിച്ചുകൊടുത്തപ്പോൾ ഒഴിവാക്കിയ കൃഷിയോഗ്യമല്ലാത്ത പാറ തരിശുഭാഗങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ എത്ര പ്ലോട്ടുകളുണ്ടെന്നും എത്ര വിസ്തൃതിയിലാണെന്നും സർവ്വേ നമ്പർ സഹിതം വിശദമാക്കാമോ?

(എ&ബി) ആരബിൾ ഫോറസ്റ്റ് ലാൻഡ് 1970 പ്രകാരം ഭൂമി പതിച്ച് നൽകിയിട്ടുള്ളത് സംബന്ധിച്ച രേഖകളും ഇപ്രകാരം ഒഴിച്ചിട്ട സ്ഥലങ്ങളുടെ വിസ്തീർണ്ണവും ലഭ്യമല്ല. 23.06.1976-ലെ ജി.ഒ. (എം.എസ്) 830/76/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം റവന്യൂ വകുപ്പിന് കൈമാറിയ ആരബിൾ ഫോറസ്റ്റ് ലാൻഡിലെ ഉപയോഗമില്ലാത്ത പാറ ഉൾപ്പെടുന്ന സ്ഥലം പതിച്ച് നൽകാതെ റവന്യൂ രേഖകളിൽ പുറമ്പോക്കായി നിലനിർത്താൻ ഉത്തരവായിട്ടുള്ളതായി കാണുന്നു.

(സി) പ്രസ്തുത ഭാഗങ്ങൾ ആരുടെ ഭരണനിയന്ത്രണത്തിലും കൈവശത്തിലുമാണെന്ന് അറിയിക്കാമോ?

ആരബിൾ ലാൻഡ് സ്കീം പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയ സ്ഥലത്ത് പട്ടയം നൽകാതെ അവശേഷിക്കുന്ന സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ അധീനതയിലാണ്.

(ഡി) ആരബിൾ വനഭൂമി നിയമം 1970, ചട്ടം18(1) പ്രകാരമുള്ള രജിസ്റ്റർ റാന്നി തഹസിൽദാർ സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രജിസ്റ്ററിൽ സർവ്വേ നമ്പർ 781/1-1 ൽ ഉൾപ്പെട്ട ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ആരബിൾ വനഭൂമി നിയമം 1970, ചട്ടം 18 (1) പ്രകാരമുള്ള രജിസ്റ്റർ റാന്നി താലൂക്കിൽ സൂക്ഷിച്ച് വരുന്നില്ലെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(ഇ) റവന്യൂ വകുപ്പിന് കൈമാറ്റം ചെയ്തു ലഭിച്ച ഭൂമി പതിച്ച് കൊടുത്തപ്പോൾ ഒഴിവാക്കിയ കൃഷിയോഗ്യമല്ലാത്ത പാറ തരിശുഭാഗങ്ങൾ സംബന്ധിച്ച 23.06.1976-ലെ 830/76/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

23.06.1976-ലെ 830/76/ആർ.ഡി നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റവന്യൂ ഓഫീസുകളെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി

298(1456) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജാഫീസുകൾ മുതലുള്ള റവന്യൂ ഓഫീസുകളെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഈ വകുപ്പിന്റെ ശൈലിമാറ്റുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

എല്ലാ വില്ലേജുകളും സൗകര്യപ്രദമായ സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 189 വില്ലേജുകൾ സ്മാർട്ട് വില്ലേജുകളാക്കി മാറ്റിയിട്ടുള്ളതും 326 എണ്ണം നിർമ്മാണത്തിലിരിക്കുന്നതും 706 ഓഫീസുകൾ നവീകരിച്ച് സ്മാർട്ട് വില്ലേജാക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നതുമാണ്. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ അപേക്ഷകൾ ലഭ്യമാക്കുന്നതിനും ഭൂനികുതി ഉൾപ്പെടെയുള്ള നികുതികൾ അടയ്ക്കുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വില്ലേജുതല ജനകീയ സമിതികൾ രൂപീകരിച്ച് അതത് വില്ലേജിന്റെ പരിധിയിൽ വരുന്ന പ്രശ്നങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത്

പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വില്ലേജ് ജീവനക്കാർക്കാവശ്യമായ പരിശീലനം വകുപ്പ് മുഖേന നൽകിവരുന്നു. 4.6.2022-ലെ സ.ഉ.(അച്ചടി)62/2022/ധന പ്രകാരം റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) അർഹമായ സർട്ടിഫിക്കറ്റുകളും സർക്കാർ ആനുകൂല്യങ്ങളും യഥാസമയം ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഇത് നിരീക്ഷിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ നൽകാമോ?

റവന്യൂ വകുപ്പിൽനിന്നും ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളും സേവനങ്ങളും പൊതുജനങ്ങൾക്ക് കൂടുതൽ ഫലപ്രദമായി ലഭ്യമാക്കുന്നതിനായി റവന്യൂ ഇ-സാക്ഷരത എന്ന പേരിൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ വകുപ്പിൽനിന്നും ജില്ലാടിസ്ഥാനത്തിൽ മാസ്റ്റർ ട്രെയിനികളെ നിയമിക്കുന്നതും അവർ കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ,

വില്ലേജുതല സമിതി തുടങ്ങിയ കൂട്ടായ്മകളിലൂടെ പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. സർട്ടിഫിക്കറ്റുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നിരീക്ഷിച്ചുവരുന്നു.

**ഇടുക്കി ജില്ലയിലെ നിർമ്മാണ നിരോധനം**

299(1457) <u>ശ്രീ. പി. ജെ. ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം റവന്യൂ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ പട്ടയഭൂമിയായി നൽകിയ പ്രദേശങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള നിർമ്മാണ നിരോധനം ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതിനും പ്രതിഷേധത്തിനും കാരണമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർമ്മാണ നിരോധനം അടിയന്തരമായി പിൻവലിക്കണമെന്നുള്ള ജനങ്ങളുടെ ആവശ്യം പരിഗണിക്കാൻ തയാറാകുമോ?

കെട്ടിട നിർമ്മാണം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്.

(സി) മലയോര മേഖലയിലെ ജനങ്ങൾ അവരുടെ കൈവശഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ?

പട്ടയ ഭൂമിയിൽനിന്നും പട്ടയത്തിൽ റിസർവ് ചെയ്തിട്ടുള്ള മരങ്ങൾ ഒഴികെയുള്ളവ മുറിക്കുന്നതിന് തടസ്സമില്ല. ഇതുസംബന്ധിച്ച് ഭൂപതിവ് ചട്ടങ്ങളിലുള്ള വ്യവസ്ഥകളാണ് ബാധകം.

## സ്മാർട്ട് വില്ലേജ്

300(1458) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളായി ഉയർത്താൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളെക്കുറിച്ച് വില്ലേജ് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് തെക്ക് വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണി, അഡീഷണൽ റൂം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ബി) പുതിയ കെട്ടിടങ്ങൾ ആവശ്യമുള്ള വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടി പരിഗണനയിലാണ്.

(സി) സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തേണ്ട വില്ലേജ് ഓഫീസുകൾ ഏതൊക്കെ?

ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം നോർത്ത്, മണ്ണഞ്ചേരി, കലവൂർ, കോമളപുരം, പാതിരപ്പള്ളി, ആര്യാട് തെക്ക്, മുല്ലയ്ക്കൽ എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തേണ്ടതുണ്ട്.

**ഭൂമിയുടെ ന്യായവില വർദ്ധനവ്**

301(1459) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ രജിസ്ട്രേഷൻ നടത്തുന്നതിനായി പ്രമാണത്തിൽ നിർബന്ധമായും കാണിക്കേണ്ട ന്യായവില സംബന്ധിച്ച അടിസ്ഥാന ന്യായവില രജിസ്റ്റർ പ്രാബല്യത്തിൽ വന്നത് എന്ന് മുതൽക്കാണ്?

1.4.2010 മുതൽക്കാണ് സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിലവിൽ വന്നത്.

(ബി) ഇത് പ്രാബല്യത്തിൽ വരുമ്പോൾ ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ ന്യായവില നിശ്ചയിച്ചിരുന്ന ഭൂമിയുടെ വില, ഭൂമി

നിലനിന്നിരുന്ന പ്രദേശം, അന്ന് നിലവിലുണ്ടായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ ന്യായവില നിശ്ചയിച്ചിരുന്ന ഭൂമിയുടെ വില, ഭൂമി നിലനിന്നിരുന്ന പ്രദേശം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. 1.4.2010-ന് നിലവിലുണ്ടായിരുന്ന വിലയാധാരത്തിനുള്ള മുദ്രവില നിരക്ക് ചുവടെ ചേർക്കുന്നു:

1. പഞ്ചായത്ത് പ്രദേശങ്ങളിൽ-ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 7 രൂപ

2. മുനിസിപ്പൽ പ്രദേശങ്ങളിൽ-ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 8 രൂപ

3. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ-ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 9 രൂപ

4. രജിസ്ട്രേഷൻ ഫീസ് -2 %

(സി) അടിസ്ഥാന ന്യായവില രജിസ്റ്റർ നിലവിൽ വന്നതിനുശേഷം ന്യായവില, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയെല്ലാം എത്ര

തവണ വീതമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; ഓരോ വർദ്ധനവും നടപ്പിലായ തീയതി, വർദ്ധന നിരക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുമോ?

<u>ന്യായവില വർദ്ധിപ്പിച്ച വിവരം</u>

1. G.O(P) No. 188/2014/TD dated 14.11.2014 - 50 ശതമാനം (17.11.2014 മുതൽ)

2. G.O(P) No. 43/2018/TD dated 31.03.2018 - 10 ശതമാനം (31.3.2018 മുതൽ)

3. G.O(P) No. 70/2019/TD dated 30.04.2019 - 10 ശതമാനം (30.4.2019 മുതൽ)

4. G.O(P) No. 47/2020/TD dated 31.03.2020 - 10 ശതമാനം (15.05.2020 മുതൽ)

5. G.O(P) No. 29/2022/TD dated 30.032022 - 10 ശതമാനം (1.4.2022 മുതൽ)

2014-ലെ ഫിനാൻസ് ആക്റ്റ് പ്രകാരം വിലയാധാരത്തിന്റെ മുദ്രവില നിരക്ക് പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിൽ ഓരോ

100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 6 രൂപയായി ഏകീകരിച്ചു. 2016-ലെ ഫിനാൻസ് ആക്റ്റ് പ്രകാരം വിലയാധാരത്തിന്റെ മുദ്രവില നിരക്ക് ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 8 രൂപയായി വർദ്ധിപ്പിച്ചു. വിലയാധാരത്തിന്റെ രജിസ്ട്രേഷൻ ഫീസ് നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

(ഡി) പ്രസ്തുത രജിസ്റ്റർ നിലവിൽ വന്ന സമയത്തെ ന്യായവിലയുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമിയുടെ നിലവിലെ ന്യായവിലയിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണുണ്ടായിട്ടുള്ളത്?

120 %

(ഇ) നിലവിലെ അടിസ്ഥാന ന്യായവില രജിസ്റ്റർ പ്രകാരം ഏറ്റവും കുറഞ്ഞ ന്യായവിലയും ഏറ്റവും കൂടിയ ന്യായവിലയും നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ വില, ഭൂമി നിലനിൽക്കുന്ന പ്രദേശം, നിലവിലെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ ന്യായവില നിശ്ചയിച്ചിരുന്ന ഭൂമിയുടെ വില, ഭൂമി നിലനിന്നിരുന്ന പ്രദേശം എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

വിലയാധാരത്തിന് നിലവിലുള്ള മുദ്രവില രജിസ്ട്രേഷൻ നിരക്കുകൾ ചുവടെ ചേർക്കുന്നു:

1. സ്റ്റാമ്പ് ഡ്യൂട്ടി-: ഓരോ 100 രൂപയ്ക്കും അതിന്റെ ഭാഗത്തിനും 8 രൂപ.

2. രജിസ്ട്രേഷൻ ഫീസ് -: 2 %

(എഫ്) ഹൈവേകൾക്കരികിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും മലയോര പ്രദേശങ്ങളിലുമെല്ലാം ഒരേ നിരക്കിൽ ന്യായവില വർധിപ്പിച്ചതുമൂലം ഉൾനാടൻ പ്രദേശങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ ന്യായവില വിപണിവിലയേക്കാൾ ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ജി) ഇതുമൂലം സാധാരണക്കാർക്കും കർഷകർക്കും ഭൂമി വാങ്ങൽ ഒരുപോലെ അപ്രാപ്യമായിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ന്യായവില രജിസ്റ്ററിലെ പിഴവുകൾ തിരുത്തി കുറ്റമറ്റതാക്കി തീർക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും?

ന്യായവില വിലയിലെ പിഴവുകൾ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾക്ക് പരാതി സമർപ്പിക്കാൻ കേരള സ്റ്റാമ്പ് ആക്റ്റിൽ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## താലൂക്ക് പുനഃസംഘടന സംബന്ധിച്ച റിപ്പോർട്ട്

302(1460) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്തല സംഘത്തെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഡോ. കൗശിഗൻ ഐ.എ.എസ്-നുപകരം നിലവിലെ ജോയിന്റ് കമ്മീഷണറായ ശ്രീ. ജെറോമിക് ജോർജ് ഐ.എ.എസ്.-ന്റെ നേതൃത്വത്തിൽ പ്രസ്തുത ടീം പ്രവർത്തിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സംഘം പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല. പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച സംഘം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

## റവന്യൂ വകുപ്പ് മുഖേന സുഗമമായി സേവനങ്ങൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ

303(1461) <u>ശ്രീ. എ. സി. മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് സേവനങ്ങൾ സുഗമമായി ലഭിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇത്തരം സേവനങ്ങൾ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് കാര്യക്ഷമമാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും സംവിധാനമൊരുക്കുമോ?

(എ&ബി) റവന്യൂ വകുപ്പ് സേവനങ്ങൾ സുഗമമായി ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി അനുബന്ധമായി ചേർക്കുന്നു+. ടി സേവനങ്ങളെല്ലാം സുതാര്യവും സുഗമവുമായി നടപ്പിലാക്കിവരുന്നു.

ഈ സേവനങ്ങൾ കൂടാതെ ചുവടെ ചേർക്കുന്ന ഓൺലൈൻ സേവനങ്ങൾകൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ.

2. റവന്യൂ പോർട്ടൽ.

3. വിവരാവകാശം ഓൺലൈൻ.

4. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ.

മേൽ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണ പ്രവൃത്തി

304(1462) <u>ശ്രീ. കെ. ആൻസലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പുനർനിർമ്മാണ പ്രവൃത്തി ആരംഭിച്ച വില്ലേജ് ഓഫീസുകൾ ഏതൊക്കെ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ വില്ലേജ് ഓഫീസിനെ 2017-18 പ്ലാൻ സ്കീമിലുൾപ്പെടുത്തിയും തിരുപുറം വില്ലേജ് ഓഫീസിനെ 2018-19 പ്ലാൻ സ്കീമിലുൾപ്പെടുത്തിയും അഡീഷണൽ റൂം നിർമ്മിച്ചിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കുളത്തൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്.

(ബി) തിരുപുറം വില്ലേജ് ഓഫീസ് നവീകരിക്കുന്നതിന് ഏതൊക്കെ നടപടികളാണ് പൂർത്തീകരിച്ചത്; പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ?

2018-19 പ്ലാൻ സ്കീമിലുൾപ്പെടുത്തി തിരുപുറം വില്ലേജ് ഓഫീസിന് അഡീഷണൽ റൂം നിർമ്മിച്ച് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. എന്നാൽ തിരുപുറം വില്ലേജ് ഓഫീസ് കെട്ടിടം നിലവിൽ ചോർച്ചയുള്ളതും ബലക്ഷയമുള്ളതായും കാണപ്പെടുന്നതിനാൽ തിരുപുറം വില്ലേജ് ഓഫീസിനെ 2022-23 പ്ലാൻ സ്കീമിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ്

കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**വെങ്ങളം-അഴിയൂർ റീച്ചിൽ ഭൂമി ഏറ്റെടുക്കൽ**

305(1463) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി എൻ.എച്ച്. 66-ലെ വെങ്ങളം-അഴിയൂർ റീച്ചിൽ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി എത്രകോടി രൂപ ഇതിനോടകം നൽകിക്കഴിഞ്ഞു; വ്യക്തമാക്കാമോ?

വെങ്ങളം-അഴിയൂർ റീച്ചിൽ ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരത്തുകയായി 1394.3434 കോടി രൂപ ഇതിനോടകം നൽകി.

(ബി) നഷ്ടപരിഹാരത്തുകയിൽ സംസ്ഥാന സർക്കാർ വിഹിതം, കേന്ദ്രസർക്കാർ വിഹിതം എന്നിവ വ്യക്തമാക്കാമോ?

നഷ്ടപരിഹാരത്തുകയിൽ സംസ്ഥാന സർക്കാർ വിഹിതം ഇരുപത്തിയഞ്ച് ശതമാനവും കേന്ദ്ര സർക്കാർ വിഹിതം എഴുപത്തിയഞ്ച് ശതമാനവുമാണ്.

(സി) പ്രസ്തുത റീച്ചിൽ ഇനി എത്ര കുടുംബങ്ങൾക്കാണ് നഷ്ടപരിഹാരം നൽകാൻ ബാക്കിയുള്ളത്; വിശദമാക്കാമോ?

146 കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തുക നൽകാൻ ബാക്കിയുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കാത്ത കേസ്സുകളിലും തർക്കം നിലനിൽക്കുന്ന കേസ്സുകളിലും നഷ്ടപരിഹാരത്തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

## ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

306(1464) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. സണ്ണി ജോസഫ്:

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനായി വകുപ്പുമന്ത്രി പ്രഖ്യാപിച്ച കർമ്മപദ്ധതി പ്രകാരം നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

22-02-2022-ലെ സ.ഉ.(കൈ) നം.56/2022/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി ആവശ്യമായ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിച്ചും ഐ.ടി. അനുബന്ധ ഉപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കിയും സുഗമമായ ഫീൽഡ് പരിശോധനയ്ക്കായി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തിയും തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ നടപടിക്ക് പ്രഥമ പരിഗണന നൽകിവരുന്നു. 25 സെന്റ് വരെ തരംമാറ്റം സൗജന്യമാക്കുകയും നികുതി ഓൺലൈൻവഴി അടയ്ക്കാൻ അവസരമുണ്ടാകുകയും ചെയ്തതോടെ അപേക്ഷകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി.

തരംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും നിലവിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയും

മുൻഗണനാക്രമത്തിന് വിധേയമായി അർഹതപ്പെട്ടവർക്ക് എത്രയുംവേഗം ഭൂമി തരംമാറ്റി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിനായി വിവിധ റവന്യൂ ഡിവിഷണൽ ഓഫീസുകളുടെ പരിധിയിൽ ഇതിനകം 119 പ്രത്യേക അദാലത്തുകൾ നടത്തിയിട്ടുള്ളതാണ്. തുടർന്നും അദാലത്തുകൾ നിശ്ചിത കാലയളവുകളിൽ നടത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഭൂമി തരംമാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഊർജ്ജിത/തീവ്രയത്ന പരിപാടികളോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും അപേക്ഷകളിന്മേൽ ഏകീകൃത നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറും (SOP) തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ബി) ആറ് മാസത്തിനുള്ളിൽ മുഴുവൻ അപേക്ഷകളും തീർപ്പാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര അപേക്ഷകളിൽ തീർപ്പുകല്പിച്ചുവെന്നും ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാണെങ്കിൽ നൽകാമോ?

തീർപ്പാക്കിയ ഓഫ്‌ലൈൻ അപേക്ഷകൾ (21.06.2022 വരെ)- 136291.

തീർപ്പാക്കാൻ ശേഷിക്കുന്ന ഓഫ്‌ലൈൻ അപേക്ഷകൾ (21.06.2022 വരെ) - 68118.

തീർപ്പാക്കിയ ഓൺലൈൻ അപേക്ഷകൾ (21.06.2022 വരെ) - 1441.

തീർപ്പാക്കാൻ ശേഷിക്കുന്ന ഓൺലൈൻ അപേക്ഷകൾ (21.06.2022 വരെ) - 90719.

(സി) 2022 ഫെബ്രുവരി മുതൽ ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ രണ്ട് മാസത്തിനുള്ളിൽ തീർപ്പാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഓൺലൈനായി ലഭിച്ച എത്ര അപേക്ഷകൾ തീർപ്പാക്കി; ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട്; വ്യക്തമാക്കുമോ;

(ഡി) തരംമാറ്റത്തിനുള്ള പെൻഡിംഗ് അപേക്ഷകളിൽ എന്നത്തേയ്ക്ക് നടപടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

നവംബർ ഒന്നിനകം ഓഫ്‌ലൈൻ അപേക്ഷകൾ പൂർണ്ണമായും ഓൺ ലൈൻ അപേക്ഷകളിൽ അമ്പത് ശതമാനവും തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തീർപ്പാക്കിയ ഓൺലൈൻ അപേക്ഷ (21-06-2022 വരെ) - 1441.

തീർപ്പാക്കാൻ ശേഷിക്കുന്ന ഓൺലൈൻ അപേക്ഷകൾ (21.06.2022 വരെ) - 90719.

**കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ**

307(1465) <u>ശ്രീ. പി. ടി. എ. റഹീം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഓഫീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഓഫീസുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഏതെല്ലാം ഓഫീസുകൾക്ക് അനുവദിച്ച സ്ഥലമാണ് അവ പ്രവർത്തിക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്നത്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് ഡിവിഷൻ ഓഫീസ്, കൃഷി ഭവൻ, കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് എന്നീ ഓഫീസുകൾക്ക് അനുവദിച്ച സ്ഥലമാണ് അവ പ്രവർത്തിക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്നത്.

(സി) അനുവദിച്ചിട്ടും ഉപയോഗപ്പെടുത്താത്ത സ്ഥലവും ഒഴിഞ്ഞുകിടക്കുന്ന സ്ഥലവും പുതിയ ഓഫീസുകൾക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എസ്റ്റേറ്റ് കമ്മിറ്റി യോഗം ചേർന്ന് പുതിയ ഓഫീസുകൾക്കായി സ്ഥലം അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ അടുത്ത ബന്ധുവിനുള്ള ധനസഹായം

308(1466) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുവിന് ധനസഹായം നൽകുന്ന പദ്ധതിയിലുൾപ്പെടുത്തുന്നതിനായി

ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രപേർക്ക് ധനസഹായം നൽകി?

കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അനുവദിക്കുന്ന ധനസഹായം ലഭിക്കുന്നതിനായി 21-06-2022 വരെ 66509 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 62563 അപേക്ഷകളിന്മേൽ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽനിന്നും പ്രസ്തുത പദ്ധതിയിൽ എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കല്യാശ്ശേരി മണ്ഡലത്തിൽ കോവിഡ് എക്സ്ഗ്രേഷ്യ ധനസഹായത്തിനായി 381 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 375 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച്**

309(1467) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരുവർഷക്കാലം റവന്യൂ വകുപ്പുവഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കഴിഞ്ഞ ഒരു വർഷക്കാലം അരൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പുവഴി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ റവന്യൂവകുപ്പിന്റെ പദ്ധതികൾ**

310(1468) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും നടപ്പിലാക്കേണ്ട പ്രസ്തുത മണ്ഡലത്തിലുൾപ്പെടുന്ന പദ്ധതികൾ

ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കുടപ്പനക്കുന്ന്, കവടിയാർ എന്നീ വില്ലേജ് ഓഫീസുകളുടെ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും അവയുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തരവും പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ 2021 എപ്രിൽ മാസത്തിനുശേഷം പൂർത്തീകരിച്ച പദ്ധതികളൊന്നുംതന്നെ നിലവിലില്ലാത്തതാണ്.

## ഭൂസംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി

311(1469) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിലെ കയ്യേറ്റം കണ്ടെത്തി തടയുന്നതിനായി 2018-ൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിച്ച മോണിറ്ററിംഗ് സെല്ലിന്റെ ഇടപെടൽമൂലം ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ?

സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനായി 10.09.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3778/2018/റവ പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനുംവേണ്ടി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതുമാണ്. മോണിറ്ററിംഗ് സെല്ലിന്റെ ഇടപെടൽമൂലം കയ്യേറ്റഭൂമിയെ സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ജില്ല | മോണിറ്ററിംഗ് സെൽ രൂപീകരിച്ചതിനു ശേഷം ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ വിസ്തീർണ്ണം (ഹെക്ടർ) | റിമാർക്സ് |
|---|---|---|
| തിരുവനന്തപുരം | 35.69.90 | - |
| കൊല്ലം | 00.74.08 | - |
| പത്തനംതിട്ട | 4.4254 | - |
| ആലപ്പുഴ | 00.46.77 | - |
| കോട്ടയം | nil | 1. മാഞ്ഞൂർ വില്ലേജ് ബ്ലോക്ക് 33, റീസർവ്വേ 6/3 ൽപ്പെട്ട 0.0142 ഹെ.തോട് പുറമ്പോക്ക് എ. ജെ. തോമസ് 0.0064 ഹെക്ടർ ലീലാമ്മ എബ്രഹാം എന്നിവർ കയ്യേറിയത് ഒഴിപ്പിക്കുന്നതിന് മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>2.കുലശേഖരമംഗലം വില്ലേജിൽ ജയചന്ദ്രൻ ചങ്ങനാപുരിയിൽ എന്ന കക്ഷി 0.0015 ഹെക്ടർ റോഡ് പുറമ്പോക്ക് കയ്യേറിയത് |

| | | |
|---|---|---|
| | | ഒഴിപ്പിക്കുന്നതിന് വൈക്കം അസിസ്റ്റന്റ് എഞ്ചിനീയർ (നിരത്ത്)-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| ഇടുക്കി | 32.9095 | - |
| എറണാകുളം | 03.96.70 | - |
| തൃശ്ശൂർ | 6.0346 | - |
| പാലക്കാട് | nil | കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| മലപ്പുറം | 4.0611 | - |
| കോഴിക്കോട് | 4.34429 | - |
| വയനാട് | 30.1204 | - |
| കണ്ണൂർ | 0.14007 | - |
| കാസർഗോഡ് | 3,0976 | |

| | | |
|---|---|---|
| | | - |
| ആകെ | 126, 00746 | - |

(ബി) സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഭൂസംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി ആവശ്യമുള്ളതായി കാണുന്നില്ല.

**തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണം**

312(1470) <u>ശ്രീ എ. സി. മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

32473 ലാൻഡ് ട്രിബ്യൂണൽ അപേക്ഷകളും വിവിധ ഭൂപതിവ് ചട്ട പ്രകാരമുള്ള 2664 അപേക്ഷകളും 1636 വന ഭൂമി പട്ടയങ്ങളും സംയുക്ത പരിശോധന പൂർത്തീകരിച്ചതും കേന്ദ്രാനുമതിക്ക് അയയ്ക്കാനുള്ളതുമായ

ഏകദേശം 4561 വന ഭൂമി അപേക്ഷകളുൾപ്പെടെ 41334 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്

(ബി) ഇവയിൽ നടപടികൾ പൂർത്തീകരിച്ച് എത്ര പേർക്ക് പട്ടയം നൽകിയെന്ന് വിശദമാക്കാമോ?

ഇവയിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 10269 ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളും 748 വന ഭൂമി പട്ടയങ്ങളും വിവിധ ഭൂപതിവ് പ്രകാരമുള്ള 244 പട്ടയങ്ങളുമടക്കം 11261 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്.

(സി) നടപടികൾ പൂർത്തീകരിച്ച് പട്ടയം വിതരണം ചെയ്യുന്നതിന് ഇനി എത്ര അപേക്ഷകളുണ്ട്?

നടപടി പൂർത്തീകരിച്ച് വിതരണം ചെയ്യാൻ 22204 ലാൻഡ് ട്രിബ്യൂണൽ അപേക്ഷകളും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ച 888 വനഭൂമി അപേക്ഷകളും സംയുക്ത പരിശോധന പൂർത്തീകരിച്ചതും കേന്ദ്രാനുമതിക്ക് അയയ്ക്കാനുള്ളതുമായ ഏകദേശം 4561 വനഭൂമി അപേക്ഷകളും വിവിധ ഭൂപതിവ് പ്രകാരമുള്ള 2420 അപേക്ഷകളുംകൂടി 30073 അപേക്ഷകൾ നിലവിലുണ്ട്.

(ഡി) കുന്നംകുളം മണ്ഡലത്തിൽ ഇത്തരത്തിൽ എത്ര അപേക്ഷകളാണുള്ളത്; നടപടികൾ പൂർത്തീകരിച്ച് പട്ടയം എന്നത്തേക്ക് നൽകാനാകും; വിശദമാക്കാമോ?

കുന്നംകുളം ലാൻഡ് ട്രിബ്യൂണലിലെ 7048 അപേക്ഷകളിലും കുന്നംകുളം മണ്ഡലത്തിലെ നാളിതുവരെയായി ലഭിച്ച 332 വിവിധ ഭൂപതിവ് അപേക്ഷകളിലും നടപടി സ്വീകരിച്ചുവരുന്നു. ട്രിബ്യൂണൽ അപേക്ഷകളിൽ വിചാരണകൾ നടത്തി എത്രയുംവേഗം തീർപ്പാക്കുന്നതും ഭൂപതിവ് അപേക്ഷകളിൽ വിവിധ വകുപ്പുകളിൽ പുനർനിക്ഷിപ്തം ചെയ്ത് ലഭിച്ചാൽ ഒരു വർഷത്തിനകം പട്ടയം വിതരണം ചെയ്യാനാകും.

പട്ടയം വിതരണം

313(1471) <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് 2016 മുതൽ ക്രയസർട്ടിഫിക്കറ്റുകളടക്കം 231546 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്.

(ബി) കാസർഗോഡ് ജില്ലയിലെ തുരുത്തി, ചെറുവത്തൂർ വില്ലേജുകളിലെ പുഴ പുറമ്പോക്കുകളിൽ അമ്പതിലേറെ വർഷങ്ങളായി ജീവിച്ചുവരുന്നവർക്ക് എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ജലസ്രോതസുകളുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്ന ആവശ്യത്തിലേയ്ക്ക് സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥകളില്ല. Jagpal Singh V/s State of Punjab എന്ന കേസിലെ വിധി ന്യായപ്രകാരം ഇത്തരത്തിലുള്ള പുറമ്പോക്ക് ഭൂമി അസാധാരണ സാഹചര്യങ്ങളിലൊഴികെ പതിച്ച് നൽകുന്നതിന് നിയമ തടസ്സമുണ്ടെങ്കിൽപ്പോലും വർഷങ്ങളായി തൃക്കരിപ്പൂർ മണ്ഡലത്തിലെ പുഴ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുന്നതിലേയ്ക്കായി പുഴയുടെ ഓരത്തുനിന്നും എത്ര ദൂരം മാറിയാണ് പതിച്ച് നൽകേണ്ടതെന്ന വിശദാംശം ലഭ്യമാക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ

റിപ്പോർട്ട് ലഭ്യമായശേഷം ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനമെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ പട്ടയ വിതരണം**

314(1472) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്?

നിലവിലെ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ 8 നാലുസെന്റ് കോളനി പട്ടയങ്ങളും 465 ക്രയസർട്ടിഫിക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ പട്ടയം നൽകാൻ ഇനി എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്ന് പറയാമോ?

മണ്ഡലത്തിൽ പട്ടയം നൽകാൻ ഇനി ഒരു നാലുസെന്റ് കോളനി പട്ടയവും 393 ക്രയസർട്ടിഫിക്കറ്റ് അപേക്ഷകളും ബാക്കിയുണ്ട്.

## പട്ടയ വിതരണം

315(1473) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നൽകിയ പട്ടയങ്ങൾ എത്രയാണെന്ന് താലൂക്ക് തിരിച്ച് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷ കാലയളവിനുള്ളിൽ 177.011 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഒരു വർഷക്കാലയളവിൽ 54535 പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) കൃഷിക്കാരന് വർഷങ്ങളായി കൈവശത്തിലുള്ള തരിശുഭൂമിക്ക് ന്യായവില അടച്ചാൽ പട്ടയം നൽകുന്നതിനുള്ള അനുമതി നൽകുന്നുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമവും വിശദാംശവും അറിയിക്കാമോ?

കൃഷിക്കാരന് വർഷങ്ങളായി കൈവശത്തിലുള്ള തരിശുഭൂമിക്ക് ന്യായവില അടച്ചാൽ 1963-ലെ കേരള ഭൂ പരിഷ്കരണ നിയമപ്രകാരവും

1964-ലെ ഭൂപതിവ് ചട്ടപ്രകാരവും 1993-ലെ പ്രത്യേക ഭൂപതിവ് ചട്ടപ്രകാരവും ഭൂമി പതിച്ച് നൽകിവരുന്നു.

## അൺസർവേയ്ഡ് ലാൻഡിലെ താമസക്കാർക്കുള്ള പട്ടയ വിതരണം

316(1474) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ തീരദേശ വില്ലേജുകളായ പൂവാർ, കരിങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ അൺസർവേയ്ഡ് ലാൻഡിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാൻ വിജ്ഞാപനമിറക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇവർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നെയ്യാറ്റിൻകര താലൂക്കിലെ തീരദേശ വില്ലേജുകളായ പൂവാർ, കരിങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ കടൽ പുറമ്പോക്കായ അൺസർവേയ്ഡ് ലാൻഡിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. ഈ പ്രദേശം സംസ്ഥാനാതിർത്തിക്ക് പുറത്തായതിനാൽ സെൻട്രൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അനുമതിയോടെ മാത്രമേ സർവ്വേ ചെയ്ത് വിജ്ഞാപനം

ഇറക്കാൻ സാധിക്കൂ. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ റീസർവ്വേയോടൊപ്പം മുൻഗണന നൽകി സെൻട്രൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അനുമതിയോടെ സർവ്വേ നടപടി പൂർത്തീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനാണ് പദ്ധതി ഇട്ടിരിക്കുന്നത്.

## തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണം

317(1475) ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ നാളിതുവരെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് താലൂക്ക് തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ?

തൃശ്ശൂർ താലൂക്ക്

1964 ലെ ഭൂപതിവ് - 14

ലക്ഷം വീട്/കോളനി - 4

ഇനാം - 10

മിച്ചഭൂമി - 10

1995 ലെ ഭൂപതിവ് ചട്ടം - 5

<u>മുകുന്ദപുരം താലൂക്ക്</u>

1964 ലെ ഭൂപതിവ് - 2

ഇനാം - 1

<u>ചാലക്കുടി താലൂക്ക്</u>

1964 ലെ ഭൂപതിവ് -2

ഇനാം - 26

<u>കൊടുങ്ങല്ലൂർ</u>

സുനാമി - 43

<u>തലപ്പിള്ളി താലൂക്ക്</u>

1964 ലെ ഭൂപതിവ് -1

മിച്ചഭൂമി -2

ഇനാം -1

<u>കുന്നംകുളം താലൂക്ക്</u>

1964 ലെ ഭൂപതിവ് -11

മിച്ചഭൂമി -88

<u>ചാവക്കാട് താലൂക്ക്</u>

സുനാമി -21

ലക്ഷം വീട് -2

മിച്ചഭൂമി -1

വനഭൂമി -748

ദേവസ്വം ലാൻഡ് ട്രിബ്യൂണൽ -1978

ലാൻഡ് ട്രിബ്യൂണൽ , തൃശ്ശൂർ -3183

ലാൻഡ് ട്രിബ്യൂണൽ, ഇരിങ്ങാലക്കുട-1825

ലാൻഡ് ട്രിബ്യൂണൽ, കുന്നംകുളം -3283

ആകെ -11261

(ബി) ഇതിൽ കേരള ഭൂമി പതിവ് ചട്ടങ്ങൾ - 1964, 1995, പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ-1993 എന്നിവ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഗുണഭോക്താക്കളുടെ പേര് വിവരം ലഭ്യമാക്കുമോ?

1964 -ലെ ചട്ടപ്രകാരം -30 (അനുബന്ധമായി ചേർക്കുന്നു+)

1995 -ലെ ചട്ടപ്രകാരം -5 ( അനുബന്ധമായി ചേർക്കുന്നു+)

1993 ലെ ചട്ടപ്രകാരം വനഭൂമി പട്ടയം -748 (അനുബന്ധായി ചേർക്കുന്നു+)

(സി) ജില്ലയിൽ പട്ടയത്തിനായുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവയുടെ വിശദാംശങ്ങൾ ഇനം തിരിച്ചും താലൂക്ക് തിരിച്ചും ലഭ്യമാക്കുമോ?

ചാവക്കാട് താലൂക്ക്

സുനാമി അപേക്ഷകൾ - 14

തലപ്പിള്ളി താലൂക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1964 ഭൂമി പതിവ് ചട്ടപ്രകാരമുള്ള അപേക്ഷകൾ -1116

<u>കൊടുങ്ങല്ലൂർ താലൂക്ക്</u>

ഭൂമി പതിവ് ചട്ടം 1964 - 86

ഭൂമി പതിവ് ചട്ടം 1995 - 44

മറ്റുചട്ടം - 86

മിച്ചഭൂമി -1

<u>മുകുന്ദപുരം താലൂക്ക്</u>

1964 ഭൂമി പതിവ് ചട്ടപ്രകാരമുള്ള അപേക്ഷകൾ -16

<u>ചാലക്കുടി താലൂക്ക്</u>

കന്നുകാലി മേച്ചിൽ സ്ഥലം -94

ഇറിഗേഷൻ -22

റോഡ്/തോട് പുറമ്പോക്ക് -54

പി.ഡബ്ല്യൂ. ഡി. റോഡ് പുറമ്പോക്ക്-10

എക്സ് സർവ്വീസ്മെൻ കോളനി -11

തരിശ്/വില്ലേജ് റിസർവ് -29

<u>തൃശ്ശൂർ താലൂക്ക്</u>

1964/1995 ചട്ടപ്രകാരം -372

മിച്ചഭൂമി -10

കോളനി -99

<u>കുന്നംകുളം താലൂക്ക്</u>

1964/1995 ചട്ടപ്രകാരം -235

മിച്ചഭൂമി -121

<u>വനഭൂമി</u>

കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ച അപേക്ഷകൾ - 888

സംയുക്ത പരിശോധന പൂർത്തീകരിച്ചതും കേന്ദ്രാനുമതി ലഭിക്കേണ്ടതുമായ അപേക്ഷകൾ- 4561

ദേവസ്വം ലാൻഡ് ട്രിബ്യൂണൽ - 7745

ലാൻഡ് ട്രിബ്യൂണൽ, തൃശ്ശൂർ - 5591

ലാൻഡ് ട്രിബ്യൂണൽ, ഇരിങ്ങാലക്കുട- 1820

ലാൻഡ് ട്രിബ്യൂണൽ, കുന്നംകുളം - 7048

**പാറശ്ശാല മണ്ഡലത്തിലെ പട്ടയ വിതരണം**

318(1476) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ 2021 വരെയുള്ള കാലയളവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽനിന്നും പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ?

2010 മുതൽ 2021 വരെയുള്ള കാലയളവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽനിന്നും പട്ടയത്തിനുവേണ്ടി ലഭിച്ച അപേക്ഷകളുടെ എണ്ണവും അതിൽ അനുവദിച്ച പട്ടയങ്ങളുടെ എണ്ണവും തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | ലഭിച്ച അപേക്ഷകളുടെ എണ്ണം | അനുവദിച്ച പട്ടയങ്ങൾ |
|---|---|---|---|
| 1 | വെള്ളറട | 419 | 71 |
| 2 | പരശുവക്കൽ | 30 | 1 |
| 3 | കൊല്ലയിൽ | 82 | 18 |
| 4 | പെരുങ്കടവിള | 55 | 20 |
| 5 | പാറശ്ശാല | 64 | 0 |
| 6 | കുന്നത്തുകാൽ | 38 | 0 |
| 7 | ആനാവൂർ | 24 | 7 |
| 8 | അമ്പൂരി | 99 | 7 |
| 9 | കള്ളിക്കാട് | 181 | 49 |
| 10 | ഒറ്റശേഖരമംഗലം | 115 | 6 |
| 11 | കീഴാവൂർ | 55 | 18 |
| 12 | വാഴിച്ചൽ | 99 | 8 |

(ബി) ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്നും ബാക്കിയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതിയും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവയുടെ എണ്ണവും അവശേഷിക്കുന്ന അപേക്ഷകളുടെ നിലവിലുള്ള സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ എത്ര പട്ടയങ്ങളുണ്ടെന്നും പ്രസ്തുത പട്ടയങ്ങൾ എന്നേയ്ക്ക് നൽകാനാകുമെന്നും വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് അറിയിക്കാമോ?

നിലവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ 25 പട്ടയങ്ങളുണ്ട്. പ്രസ്തുത പട്ടയങ്ങൾ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്. അവയുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ഡി) റോഡ്, കുളം പുറമ്പോക്കിൽ കഴിയുന്ന ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

റോഡ്, കുളം പുറമ്പോക്കുകൾ നിലവിലുള്ള ഭൂമി പതിവ് നിയമങ്ങൾ പ്രകാരം പതിവിന് വിധേയമല്ല. 1994-ലെ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമം നിലവിൽ വരുന്ന സമയത്തുള്ള ആക്ടുകൾ പ്രകാരം കുളം പുറമ്പോക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാകും. അത്തരം പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ അർഹത പരിശോധിച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശേഷം സർക്കാർ ഉത്തരവിന് വിധേയമായി കൈവശരേഖകൾ മാത്രമാണ് നൽകുന്നത്. എന്നാൽ സംസ്ഥാനത്താകെ 1994-നുമുമ്പുതന്നെ ദീർഘകാലമായി തോടോ നിർച്ചാലോ ഇല്ലാത്ത പ്രദേശങ്ങളിലുള്ള പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പരിശ്രമം നടത്തിവരികയാണ്.

(ഇ) പാറശ്ശാല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സർക്കാർ വകുപ്പിന് കീഴിൽ വിവിധ ഇനങ്ങളിലായി എത്ര പുറമ്പോക്ക് ഭൂമിയുണ്ട്; സർവ്വേ നമ്പർ, ഭൂമിയുടെ അളവ്, ഇനം എന്നിവ ഉൾപ്പെടെ വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ഭൂമി ഓരോന്നും നിലവിൽ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സർക്കാർ വകുപ്പുകൾക്ക് കീഴിൽ വിവിധ ഇനങ്ങളിലായി നിലവിലുള്ള പുറമ്പോക്ക് ഭൂമികളുടെ സർവ്വേ നമ്പർ, അളവ്, ഇനം എന്നിവയുടെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുന്നതിനും അത്തരം ഭൂമി നിലവിൽ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ഉപയോഗിക്കുന്നതെന്നുമുള്ള വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നും ടി

വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## പട്ടയം നൽകുന്നതിനുള്ള നടപടി

319(1477) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കസബ വില്ലേജിൽ വെള്ളയിൽ ഫിഷറീസ് കടപ്പുറത്ത് താമസിക്കുന്ന 21 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ കസബ വില്ലേജിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള T.S.No. 3-3-95 സർവ്വേ നമ്പരിലുൾപ്പെട്ട വെള്ളയിൽ മത്സ്യഭവൻ ഓഫീസിന് പിൻവശത്ത് താമസിക്കുന്ന 21 കുടുംബങ്ങളിൽ സ്വന്തമായി ഭൂമിയില്ലെന്ന് സത്യവാങ്മൂലം സമർപ്പിച്ച 19 കുടുംബങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്ന് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

(ബി&സി)പട്ടയം ലഭ്യമാക്കുന്നതിലേയ്ക്കായി ഫിഷറീസ് വകുപ്പിൽ നിന്ന് നിരാക്ഷേപ പത്രം നൽകുന്നതിന് 24-03-2022-ൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ ഫിഷറീസ് വകുപ്പിന്റെ എത്ര ഏക്കർ ഭൂമി വിട്ടുനൽകണമെന്ന് അറിയിക്കാൻ ഫിഷറീസ് വകുപ്പ് ഡയറക്ടറോട് മത്സ്യബന്ധന തുറമുഖ വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) പട്ടയം കൊടുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഇല്ല.

(ഇ) പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ?

വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്.

**പട്ടയം സമയബന്ധിതമായി നൽകുന്നതിന് നടപടി**

320(1478) <u>ശ്രീ. കെ. ജെ. മാക്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ എല്ലാവർക്കും പട്ടയം സമയബന്ധിതമായി നൽകാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടയവിതരണവുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് വിവിധ ഭൂമി പതിവ് അപേക്ഷകൾ പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ വിശദമായ പരിശോധന നടത്തി ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി അർഹരായ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ലാൻഡ് ട്രിബ്യൂണൽ പട്ടയവുമായി ബന്ധപ്പെട്ട് പരമാവധി ദിവസങ്ങളിൽ ഹിയറിംഗ് നടത്തി പട്ടയ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം പട്ടയമേളകൾ നടത്തി പട്ടയ വിതരണം ഊർജ്ജിതപ്പെടുത്തുന്നു.

(ബി) പട്ടയം നൽകിയതിലെ അപാകതകൾ തീർപ്പാക്കാൻ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതികൾ പരിഹരിച്ച് പട്ടയത്തിൽ വന്നിട്ടുള്ള അപാകതകൾ തിരുത്തി ബന്ധപ്പെട്ടവർക്ക്

അടിയന്തരമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പട്ടയം നൽകിയതിലെ അപാകതകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില ജില്ലകളിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇരുപതോളം പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ പരിശോധിച്ച് അടിയന്തിരമായി പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ എത്രപേർ പട്ടയം ലഭിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

| | |
|---|---|
| തിരുവനന്തപുരം | 4074 |
| കൊല്ലം | 2792 |
| പത്തനംതിട്ട | 248 |
| ആലപ്പുഴ | 949 |
| കോട്ടയം | 542 |
| ഇടുക്കി | 38,849 |
| എറണാകുളം | 1801 |
| തൃശ്ശൂർ | 30073 |
| പാലക്കാട് | 36,105 |
| മലപ്പുറം | 894 |

| | |
|---|---|
| കോഴിക്കോട് | 2588 |
| കണ്ണൂർ | 11,131 |
| വയനാട് | 703 |
| കാസർഗോഡ് | 1835 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകി; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

## സംസ്ഥാനത്ത് പുതുതായി നൽകിയിട്ടുള്ള പട്ടയങ്ങൾ

321(1479) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി നൽകിയ പട്ടയങ്ങൾ എത്രയെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമയബന്ധിതമായി പട്ടയം വിതരണം ചെയ്യുന്നതിനായി രണ്ട് പട്ടയ മിഷനുകളാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രഖ്യാപിച്ചിരുന്നത്. ആദ്യ 100 ദിന കർമ്മ പദ്ധതിപ്രകാരം 13514-ഉം രണ്ടാം 100 ദിന കർമ്മ പദ്ധതിപ്രകാരം 41021 പട്ടയങ്ങളുൾപ്പെടെ ആകെ 54535 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്.

(ബി) നെന്മാറ നിയോജകമണ്ഡലത്തിലെ ഓരോ വില്ലേജുകളിലും നൽകിയ പട്ടയങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശം നൽകുമോ?

| ക്രമ നം. | വില്ലേജ് | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | നെന്മാറ | 7 |
| 2 | എലവഞ്ചേരി | 10 |
| 3 | വല്ലങ്ങി | 14 |
| 4 | കയറാടി | 17 |
| 5 | തിരുവഴിയാട് | 7 |
| 6 | കൊല്ലങ്കോട് - 1 | 1 |
| 7 | കൊല്ലങ്കോട് - 2 | 16 |
| 8 | മുതലമട - 1 | 17 |
| 9 | മുതലമട- 2 | 5 |
| 10 | വടവന്നൂർ | 22 |
| 11 | പല്ലശ്ശേന | 9 |
| 12 | പുതുനഗരം | 2 |
| 13 | കൊട്ടുവായൂർ -1 | 12 |
| 14 | കൊട്ടുവായൂർ -2 | 11 |
| 15 | മൂലത്തറ | 6 |
| 16 | അയിലൂർ | 37 |

| | | |
|---|---|---|
| 17 | നെല്ലിയാമ്പതി | 1 |
| ആകെ | | 194 |

## മാനന്തവാടി മണ്ഡലത്തിലെ പട്ടയ വിതരണം

322(1480) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മാനന്തവാടി മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) 2011 മുതൽ 2016 വരെ മാനന്തവാടി മണ്ഡലത്തിൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ;

624 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) 2016 മുതൽ വിതരണം ചെയ്ത പട്ടയങ്ങളിൽ മിച്ചഭൂമി പട്ടയം എത്രയെണ്ണം ഉണ്ടെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

335 മിച്ചഭൂമി പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

**കാസർകോട് ജില്ലയിലെ ആദൂർ വില്ലേജിൽ കാറഡുക്ക എന്ന സ്ഥലത്ത് നൽകിയ പട്ടയം**

323(1481) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ആദൂർ വില്ലേജിൽ കാറഡുക്ക എന്ന സ്ഥലത്ത് നാരായണൻ എന്ന വ്യക്തിക്ക് 1988-ൽ അഞ്ച് സെന്റ് സ്ഥലം പതിച്ചു നൽകിയിരുന്നോ; വ്യക്തമാക്കാമോ?

കാറഡുക്ക വില്ലേജിലെ റീസർവ്വേ നമ്പർ 206/pt-ൽ 0.05 ഏക്കർ സ്ഥലം ശ്രീ. നാരായണൻ, S/o.അയ്യപ്പൻ എന്ന വ്യക്തിക്ക് എൽ.എ. 130/86/കാറഡുക്ക പ്രകാരം പതിച്ച് നൽകി പട്ടയം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് ഇലക്ട്രിസിറ്റി ടവർ നിർമ്മാണം നടന്നതിനാൽ തൊട്ടടുത്ത് അഞ്ച് സെന്റ് സ്ഥലം എൽ.എ. നമ്പർ 130/86 പ്രകാരം ഇയാൾക്ക് പതിച്ച് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

പതിച്ച് നൽകിയിട്ടില്ല.

(സി) പ്രസ്തുത സ്ഥലത്തിന് ഇയാൾ നികുതി അടച്ചിരുന്നോ; ഏത് വർഷംവരെ നികുതി സ്വീകരിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ?

എൽ.എ. 130/86/കാറഡുക്ക പ്രകാരം റീസർവ്വേ നമ്പർ 206/pt ൽ 0.05 ഏക്കർ സ്ഥലത്തിന് തണ്ടപ്പേർ നമ്പർ 4252 പ്രകാരം 2020-21 കാലയളവുവരെ നികുതി ഒടുക്കിയിട്ടുണ്ട്.

(ഡി) 1988-ൽ അനുവദിച്ച സ്ഥലത്തിന്റെ പട്ടയത്തിനുപകരം പുതുതായി അനുവദിച്ച സ്ഥലത്തിന് പട്ടയം നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

എൽ.എ 130/86/കാറഡുക്ക പ്രകാരം ശ്രീ. നാരായണന് പതിച്ച് നൽകിയ സ്ഥലത്തിനുപകരം ഭൂമി അനുവദിക്കുന്നതിന് ടിയാൻ എൽ.എ 19/2018/കാറഡുക്ക നമ്പർ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഭൂരഹിതരല്ലാത്തതിനാൽ അപേക്ഷ പരിഗണിച്ചിരുന്നില്ല.

(ഇ) പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ചിന് നാരായണൻ റവന്യൂ അധികൃതരെ സമീപിച്ചിരുന്നോ; സ്കെച്ച് നൽകിയിരുന്നോ; ഇല്ലെങ്കിൽ സ്കെച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ചിനുവേണ്ടി ശ്രീ. നാരായണൻ ആദൂർ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. ആയതുപ്രകാരം സ്കെച്ച് നൽകിയിട്ടുണ്ട്.

(എഫ്) പ്രസ്തുത സ്ഥലം ആരെങ്കിലും കൈവശപ്പെടുത്തിയിട്ടുണ്ടോ?

ഇല്ല.

(ജി) ശ്രീ. നാരായണന് നീതി ലഭിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ?

ഇല്ല. ശ്രീ. നാരായണൻ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർ 9.6.2022-ലെ കത്തുപ്രകാരം കാസർഗോഡ് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

324(1482) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പുറമ്പോക്കിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 10 കോളനി പട്ടയങ്ങളും 5 എൽ.എ. പട്ടയങ്ങളും ഉൾപ്പെടെ ആകെ 15 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്ന് പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അവയിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ?

പ്രസ്തുത മണ്ഡലത്തിൽനിന്ന് 321 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 270 എണ്ണം നിലവിലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകാൻ സാധിക്കാത്തവയാണ്. ബാക്കി 51 അപേക്ഷകളിൽ 15 എണ്ണം തീർപ്പാക്കിയിട്ടുള്ളതും 36 എണ്ണത്തിൽ നടപടി തുടർന്നുവരുന്നതുമാണ്.

**ദേവികുളം താലൂക്കിലെ പട്ടയങ്ങൾ**

325(1483) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ എത്ര അപേക്ഷകർക്കാണ് ഇനി പട്ടയം ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ?

9520 അപേക്ഷകൾ നിലവിലുള്ളതാണ്.

(ബി) അർഹരായ അപേക്ഷകർക്ക് കാലതാമസം ഒഴിവാക്കി വേഗത്തിൽ പട്ടയം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അർഹരായ അപേക്ഷകർക്ക് കാലതാമസം ഒഴിവാക്കി വേഗത്തിൽ പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ വില്ലേജുതലത്തിൽ പതിവ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ആയത് തയ്യാറാക്കി മുൻഗണനാക്രമത്തിൽ ടി അപേക്ഷകളിൽ എത്രയും വേഗം പട്ടയനടപടി പൂർത്തീകരിക്കാവുന്നതാണ്.

**ഇ- പട്ടയങ്ങൾ**

326(1484) ശ്രീ വി ശശി:
ശ്രീമതി സി. കെ. ആശ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ ഇ-പട്ടയങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ലാൻഡ് ട്രിബ്യൂണലുകളിൽനിന്നും അനുവദിക്കുന്ന ക്രയസർട്ടിഫിക്കറ്റുകൾ ഇപ്പോൾ സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കിയിട്ടുണ്ട്. ഇവ ഇ-പട്ടയങ്ങളായാണ് ഇപ്പോൾ സംസ്ഥാനത്ത് നൽകിവരുന്നത്. ഭൂ പതിവ് നിയമപ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾകൂടി ഓൺലൈനായി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്ന പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ അതിന്റെ വികസനം പൂർത്തീകരിക്കാനാണ് ലക്ഷ്യം വച്ചിരിക്കുന്നത്.

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന പട്ടയങ്ങളാണ് സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നത്; വ്യാജ പട്ടയങ്ങളിലൂടെയുള്ള ഭൂമി തട്ടിപ്പ് തടയുന്നതിന് ഇത് എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കുമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ലാൻഡ് ട്രിബ്യൂണലുകളിൽനിന്നും അനുവദിക്കുന്ന കുടിയായ്മ ക്രമ സർട്ടിഫിക്കറ്റുകളാണ് ഇപ്പോൾ സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കിയിട്ടുള്ളത്. സേഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കിയിട്ടുള്ളതുകൊണ്ടും QR കോഡ് പോലുള്ള സെക്യൂരിറ്റി സംവിധാനങ്ങളുള്ളതുകൊണ്ടും വ്യാജ പട്ടയങ്ങളിലൂടെയുള്ള ഭൂമി തട്ടിപ്പ് തടയുന്നതിന് ഇത് പ്രയോജനപ്രദമായിരിക്കും.

(സി) മുൻകാലങ്ങളിൽ പട്ടയം ലഭിച്ചവർക്ക് നൽകിയ പേപ്പർ പട്ടയങ്ങൾക്ക് പകരം സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-പട്ടയങ്ങൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മുൻകാലങ്ങളിൽ ലാൻഡ് ട്രിബ്യൂണലുകളിൽനിന്നും ക്രയ സർട്ടിഫിക്കറ്റ്, ഭൂ പതിവ് നിയമപ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ എന്നിവ ലഭിച്ചവർക്ക് അത് നഷ്ടപ്പെട്ടുപോയാൽ മാന്വൽ പകർപ്പാണ് ഇപ്പോൾ നൽകിവരുന്നത്. ഇത് സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-പട്ടയങ്ങളായി നൽകിവരുന്നില്ല.

(ഡി) ഇ-പട്ടയങ്ങൾ ReLIS സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടോ; ഇതുവഴി എന്തെല്ലാം നേട്ടങ്ങളാണ് ഭൂവുടമകൾക്ക് ലഭിക്കുകയെന്ന് വിശദമാക്കുമോ?

നിലവിൽ ഇ-പട്ടയങ്ങൾ ReLIS-മായി ബന്ധിപ്പിച്ചിട്ടില്ല. അടുത്ത ഘട്ടത്തിൽ ReLIS-മായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പട്ടയങ്ങൾ നഷ്ടപ്പെടുന്ന ഭൂവുടമകൾക്ക് അവ ഈ സംവിധാനത്തിലൂടെ വീണ്ടെടുക്കാൻ സാധിക്കുംവിധം വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

**പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം**

327(1485) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ വീട് നഷ്ടപെട്ട എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്;

(ബി) എത്ര കുടുംബങ്ങൾക്കാണ് നഷ്ട പരിഹാരം നൽകാനുള്ളത്; ആകെ എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2018-ലെ പ്രളയത്തിൽ ഒരു കുടുംബത്തിനൊഴികെ എല്ലാവർക്കും പൂർണ്ണമായും ധനസഹായം നൽകിയിട്ടുണ്ട്. 22 കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതവും ഒരു കുടുംബത്തിന് മൂന്നാം ഗഡു ഒഴികെ 2,47,550/- രൂപയും ചേർത്ത് ആകെ 90,47,550/- രൂപ നൽകിയിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ സോഫ്റ്റ്‌വെയർ മുഖേനയാണ് ധനസഹായം അനുവദിച്ചത്. ഇങ്ങനെ സോഫ്റ്റ്‌വെയറിലുൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ കക്ഷികൾ നൽകിയ വിവരങ്ങളിലെ തെറ്റുകളും സാങ്കേതികമായ ചില അപാകതയും കാരണം കുറച്ചുപേർക്ക് ധനസഹായം ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ആയത് പരിഹരിച്ച് ധനസഹായ വിതരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്ന കാരണത്താൽ എത്ര പരാതികൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്; പരാതിക്കാരുടെ പേരുവിവരം ലഭ്യമാക്കുമോ; ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2018-ലെ പ്രളയം സംബന്ധിച്ച് നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം ലഭിക്കാത്തവരുടെ പരാതികൾ DMA4/80/2022 -DMD എന്ന ഫയലിൽ പരിശോധിക്കുകയും ഗുണഭോക്താക്കളുടെ ചെക്ക് നമ്പരും/ട്രാൻസാക്ഷൻ ഐ.ഡി.-യും ശേഖരിച്ച് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) നടപടി സ്വീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം വ്യക്തമാക്കുമോ?

പരാതി ലഭ്യമാക്കുന്നമുറയ്ക്ക് കാലതാമസമില്ലാതെ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

2018-ലെ പ്രളയ ഗുണഭോക്താവ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് ധനസഹായം നൽകിവരുന്നു. 2019-ലെ പ്രളയത്തിൽ സോഫ്റ്റ്‌വെയർ മുഖേനയാണ് ധനസഹായം അനുവദിക്കുന്നത്. ഇങ്ങനെ സോഫ്റ്റ്‌വെയറിലുൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം

അനുവദിച്ചിട്ടുണ്ട്. എന്നാൽ കക്ഷികൾ നൽകിയ വിവരങ്ങളിലെ അപാകത കാരണം കുറച്ചുപേർക്ക് ധനസഹായം ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ആയത് പരിഹരിച്ച് ധനസഹായ വിതരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**തീരദേശ മേഖലകളിലെ പ്രകൃതിദുരന്ത മുന്നറിയിപ്പ് സംവിധാനം**

328(1486) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലകളിലെ ജനങ്ങൾക്ക് പ്രകൃതി ദുരന്തങ്ങളെപ്പറ്റി മുന്നറിയിപ്പ് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം (Indian National Centre for Ocean Information Services-INCOIS), ദേശീയ കാലാവസ്ഥാ നിരീക്ഷണ വകുപ്പ് എന്നിവർ നൽകുന്ന മുന്നറിയിപ്പുകൾ അതത് സമയത്ത് തീരദേശ മേഖലകളിലെ ജനങ്ങളെ സമൂഹ മാധ്യമങ്ങളിലൂടെയും വാട്സ് ആപ്പ് ഗ്രൂപ്പുകൾ വഴിയും അറിയിക്കാറുണ്ട്. സംസ്ഥാന ദുരന്ത നിവാരണ

അതോറിറ്റിയുടെ ജാഗ്രതാ നിർദ്ദേശം hotline മുഖേനയും online മുഖേനയും ലഭ്യമാകുന്നമുറയ്ക്ക് രക്ഷാപ്രവർത്തനങ്ങൾക്കായി പോലീസ്, ഫയർഫോഴ്സ്, കോസ്റ്റൽ പോലീസ്, ഫിഷറീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം എന്നീ വകുപ്പുകൾക്ക് ജാഗ്രതാനിർദ്ദേശം നൽകുകയും ആയത് തീരദേശമേഖലകളിലെ ജനങ്ങളെ അറിയിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. തീരമേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യഭവനുകൾ മുഖേന തീരദേശ മേഖലയിലെ ജനങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും മൈക്ക് അനൗൺസ്മെന്റായും സോഷ്യൽ മീഡിയ വഴിയും മുന്നറിയിപ്പ് നൽകുന്നുണ്ട്. കൂടാതെ ബീച്ചുകളിലും ഹാർബറുകളിലും ജാഗ്രതാനിർദ്ദേശം നൽകിക്കൊണ്ട് അനൗൺസ്മെന്റ് നടത്തുകയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. തീരദേശ മേഖലകളിലെ ജനങ്ങൾക്ക് പ്രകൃതി ദുരന്തങ്ങളെപ്പറ്റി മുന്നറിയിപ്പ് നൽകുന്നതിനായി തൃശ്ശൂർ ജില്ലയിലെ തീരദേശ താലൂക്കുകളായ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളിലുൾപ്പെടെ ജില്ലയിലെ 7 താലൂക്കുകളിൽ 6 ഇടത്തും മുന്നറിയിപ്പ് സംവിധാനം (EWDS)സ്ഥാപിച്ചിട്ടുണ്ട്.

ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ (NCRMP II) ഭാഗമായി 78.60 കോടി രൂപ ചെലവാക്കി ആധുനിക വാർത്താ വിനിമയ മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള ഒരു മുന്നറിയിപ്പ് സംവിധാനത്തിന്റെ പ്രവൃത്തി സംസ്ഥാനത്ത് 14 ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന അടിയന്തരഘട്ട സംവിധാനം, ജില്ല അടിയന്തരഘട്ട സംവിധാനം, താലൂക്ക് അടിയന്തരഘട്ട സംവിധാനം ഉൾപ്പെടെ 127 സ്ഥലങ്ങളിൽ ദുരന്ത മുന്നറിയിപ്പ് സംവിധാനം വിപുലപ്പെടുത്തുക, സംസ്ഥാനത്ത് വിവിധ ദുരന്തസാധ്യതയുള്ള 126 സ്ഥലങ്ങളിൽ പൊതുജനങ്ങളെ ജാഗരൂകരാക്കുന്നതിനായി സൈറൺ, സ്ട്രോബ് ലൈറ്റ് മുതലായവ സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ബി) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് സംവിധാനം ലഭ്യമാക്കിയാൽ ഇവരെ അടിയന്തരമായി മാറ്റിപാർപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ (NCRMP II) ഭാഗമായി പ്രകൃതിദുരന്തത്തിന്

വിധേയരാകാൻ സാധ്യതയുള്ള ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് സംസ്ഥാനത്ത് 9 തീരദേശ ജില്ലകളിൽ 17 അഭയ കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പുണ്ടാകുന്ന സാഹചര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബോട്ടും വാടക പട്രോളിംഗ് ബോട്ടും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി സജ്ജമാണ്. അടിയന്തര സാഹചര്യത്തിൽ കടൽക്ഷോഭ ഭീഷണി നേരിട്ടാൽ ജനങ്ങളെ സ്കൂളുകളിലേയ്ക്കും ക്യാമ്പുകളിലേയ്ക്കും മാറ്റിപാർപ്പിക്കുന്നതിനായി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 600 മുതൽ 800 വരെ ആളുകളെ മാറ്റിപാർപ്പിക്കാൻ സൗകര്യമുള്ള വിധത്തിൽ സൈക്ലോൺ ഷെൽട്ടർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ സൈക്ലോൺ ഷെൽട്ടറും മലപ്പുറം ജില്ലയിൽ സുനാമി ഷെൽട്ടറും നിലവിലുണ്ട്.

## പ്രളയത്തിൽ ഭവനനാശം സംഭവിച്ച നിലമ്പൂർ താലൂക്കിലെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം

329(1487) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ഭവനനാശം സംഭവിച്ച നിലമ്പൂർ താലൂക്കിലെ 41 കുടുംബങ്ങൾക്ക് വിവിധ കാരണങ്ങളാൽ നാളിതുവരെയും നഷ്ടപരിഹാരത്തുക ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. 2019-ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ ഭവനനാശം സംഭവിച്ച ഗുണഭോക്താക്കളിൽ വിവിധ കാരണങ്ങളാൽ 41 പേർ റിജക്ഷൻ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള ഗുണഭോക്താക്കൾക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയപ്പോൾ ട്രഷറിയിൽനിന്നുള്ള വിവിധ ട്രാൻസാക്ഷനുകളിലെ തുകകൾ തെറ്റായ അക്കൗണ്ട് നമ്പർ, IFSC കോഡ്, അക്കൗണ്ട് ഉപയോഗശൂന്യമാകുക തുടങ്ങിയ കാരണങ്ങളാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ വരവുവയ്ക്കാതെ ട്രഷറി സസ്പെൻസ് അക്കൗണ്ടിലേയ്ക്ക് മടങ്ങുന്ന സാഹചര്യമുണ്ടായതിനാൽ, ടി തുകകൾ ബന്ധപ്പെട്ട സോഴ്സ് ട്രഷറി അക്കൗണ്ടുകളിലേയ്ക്കോ ശീർഷകങ്ങളിലേയ്ക്കോ വരവുവയ്ക്കണമെന്ന് 17.06.2019-ലെ സ.ഉ.(പി)

നം.86/2019/ധന പ്രകാരം നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ TSB ഇടപാടുകളിൽനിന്നും മടങ്ങിയ തുകകൾ അതത് SB അക്കൗണ്ടിലേയ്ക്ക് (source account) തിരികെ വരവുവയ്ക്കാൻ ട്രഷറി ഡയറക്ടറേറ്റിൽനിന്നും എല്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകുകയുണ്ടായി.

മേൽപ്പറഞ്ഞ 41 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിച്ചിട്ടില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് അവരുടെ അക്കൗണ്ട് നമ്പർ ഉൾപ്പെടെയുള്ള വിവരം ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ 04.05.2022-ൽ ധനകാര്യ വകുപ്പ് വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് കറക്ഷൻ കാരണം ധനസഹായം ലഭിക്കാത്തവരുടെ ലിസ്റ്റ് ധനകാര്യ വകുപ്പിൽനിന്ന് ലഭ്യമാക്കുകയും ആയതിൽ അക്കൗണ്ട് കറക്ഷൻ വരുത്തി ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയത് തിരുത്തി ലഭ്യമാകുന്നമുറയ്ക്ക് ധനകാര്യ വകുപ്പിൽനിന്ന് ഗുണഭോക്താക്കൾക്ക് ധനസഹായം ഡി.ബി.റ്റി. ആയി അനുവദിക്കുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതാണ്.

(ബി) പ്രസ്തുത 41 കുടുംബങ്ങൾക്കുമായി ആകെ ലഭ്യമാക്കേണ്ട തുക എത്രയെന്നും ഈ തുക ഇപ്പോൾ ഏത് സോഴ്സ് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

41 കുടുംബങ്ങൾക്ക് ആകെ 40,60,000/- രൂപ ലഭ്യമാക്കാനുണ്ട്. റിജക്ഷനാകുന്ന തുകകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള TP80 അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.

(സി) മേൽ 41 കുടുംബങ്ങൾക്കുമായി നൽകേണ്ട ആകെ നഷ്ടപരിഹാരത്തുക സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നമുറയ്ക്ക് അർഹരായവർക്ക് ലഭ്യമാക്കുന്നതിനായി നിലമ്പൂർ തഹസിൽദാരുടെ പേരിൽ നിക്ഷേപിക്കുന്നതിന് സന്നദ്ധമാകുമോ; വിശദാംശങ്ങൾ നൽകാമോ?

ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് തുക നൽകുന്ന രീതിയാണ് (DBT) 2019 പ്രളയവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നത്.

(ഡി) ഇങ്ങനെ തഹസിൽദാരുടെ പേരിൽ നഷ്ടപരിഹാരത്തുക നിക്ഷേപിക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

2019-ലെ പ്രളയത്തിലെ നഷ്ടപരിഹാരത്തുക വിതരണം ചെയ്തുകൊണ്ടിരിക്കുന്നത് സോഫ്റ്റ്‌വെയർ മുഖേനയാണ്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് തുക ലഭിക്കുന്ന രീതിയിലാണ് ഇത് സജ്ജീകരിച്ചിരിക്കുന്നത്.

(ഇ) മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനായി നിലമ്പൂർ എം.എൽ.എ. വകുപ്പുമന്ത്രിക്കും മലപ്പുറം ജില്ലാ കളക്ടർക്കും വിവിധ സമയങ്ങളിലായി നൽകിയ കത്തുകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളും ഫയൽ നമ്പരുകളടക്കമുള്ള വിവരങ്ങളും അറിയിക്കാമോ?

2019-ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ ഭവന നാശം സംഭവിച്ച ഗുണഭോക്താക്കളിൽ വിവിധ കാരണങ്ങളാൽ റിജക്ഷൻ ലിസ്റ്റിലുൾപ്പെട്ട 41 പേർക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ദുരന്തനിവാരണ വകുപ്പിൽനിന്നും DMA4/65/2022-DMD നം. ഫയലിൽ ധനകാര്യ (ഫണ്ട്സ്) വകുപ്പിന്

നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 2019-ലെ പ്രളയത്തിൽ ലിസ്റ്റിലുൾപ്പെട്ടിട്ടും വിവിധ കാരണങ്ങളാൽ നഷ്ടപരിഹാരം ലഭിക്കാതെ പോയവർക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടി ധനകാര്യ വകുപ്പും ലാൻഡ് റവന്യൂ കമ്മീഷണറുമായും ബന്ധപ്പെട്ട് DMA4/148/2022-DMD നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ.-യുടെ കത്തുപ്രകാരം ലഭ്യമാക്കിയ ലിസ്റ്റിലുൾപ്പെട്ടവരുടെയും കാര്യങ്ങൾ ടി ഫയലിൽ ചേർത്തിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ. വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 27.06.2022-ലെ DCMPM/13361/2021-DM1(a) നമ്പർ റിപ്പോർട്ട് മലപ്പുറം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**പ്രളയ നഷ്ടപരിഹാരം സംബന്ധിച്ച്**

330(1488) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയങ്ങളിൽ ഭൂമിയും വീടും നഷ്ടപ്പെട്ടതുൾപ്പെടെയുള്ള നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് പൂർണ്ണമായും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. അനന്തരാവകാശികൾ തമ്മിൽ തർക്കം നിലനിൽക്കുന്ന കേസ്സുകളിലും കോടതി വ്യവഹാരങ്ങളിൽപ്പെട്ടിട്ടുള്ളതും ബാങ്ക് അക്കൗണ്ടിലെ പിശക്, പ്രവർത്തനരഹിതമായ ബാങ്ക് അക്കൗണ്ട് എന്നിവമൂലം തുക ക്രെഡിറ്റാകാതെ തിരികെ വന്നിട്ടുള്ള കേസ്സുകളിലും സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത കേസ്സുകളിലും വീടും ഭൂമിയും പൂർണ്ണമായി നഷ്ടപ്പെട്ടവരിൽ വീട് നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിക്കാത്ത കേസ്സുകളിലും പട്ടയം അനുവദിക്കാൻ കാലതാമസമുണ്ടായ കേസ്സുകളിൽ ഒഴികെ ബാക്കി എല്ലാ അർഹതയുള്ള ഗുണഭോക്താകൾക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ബി) മുൻകാല പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കാലവർഷക്കെടുതികൾ നേരിടുന്നതിന് എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാലവർഷ തുലാവർഷ മുന്നൊരുക്ക പ്രവർത്തനങ്ങൾ കൃത്യതയോടെ ചെയ്യുന്നതിനായി മാർഗ്ഗ രേഖ പ്രസിദ്ധീകരിച്ചു. പ്രളയാവർത്തന സാധ്യതാ പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ തദ്ദേശ സ്ഥാപനത്തിലെയും പ്രളയ സാധ്യതാ പ്രദേശം, അതത് പ്രളയ സാധ്യതാ പ്രദേശത്തുണ്ടാകാവുന്ന പ്രളയജല ഉയരം എന്നിവ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാന സാഹചര്യംമൂലം മഴയിലുണ്ടാകാവുന്ന വ്യതിയാനം പരിഗണിച്ചുകൊണ്ടും ഇതേ ആവർത്തന സാധ്യതകൾക്ക് അനുസരിച്ചുള്ള പ്രളയ ഭൂപടങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അതത് പ്രദേശത്തെ ദുരന്ത സാഹചര്യങ്ങൾക്കനുസരിച്ച് ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും ദുരന്ത സാധ്യത പ്രദേശങ്ങളുടെയും അവിടെ താമസിക്കുന്ന ആൾക്കാരുടെയും വിവരങ്ങൾ ക്രോഡീകരിച്ചുവച്ച് മുന്നറിയിപ്പുകൾ വരുന്നമുറയ്ക്ക് ഇവരെ മാറ്റിപാർപ്പിക്കാനുമുള്ള നടപടി ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരം മേഖലകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ വൾനറബിലിറ്റി ലിങ്ക്ഡ് റീലൊക്കേഷൻ പ്ലാൻ

തയ്യാറാക്കിയിട്ടുണ്ട്. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ച് വാർത്തെടുക്കുന്ന പ്രവർത്തനം അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്ന് ആരംഭിക്കുകയും ദുരന്തമുഖങ്ങളിൽ പ്രവർത്തിക്കാനുള്ള 3 ലക്ഷം സന്നദ്ധ പ്രവർത്തകരെ വാർത്തെടുക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലേയ്ക്കെത്തിക്കാൻ NCRMP പ്രോജക്ടിന്റെ ഭാഗമായി വിപുലമായ മുന്നറിയിപ്പ് സംവിധാനവും ദുരന്ത നിവാരണ അതോറിറ്റിയുടെ സുരക്ഷായാനം മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ഡാമുകളുടെ റൂൾ കർവ് നിരീക്ഷിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. നദികളിലെ സംഭരണശേഷിയും സ്വാഭാവിക ഒഴുക്കും നിലനിർത്തുന്നതിന്റെ ഭാഗമായി പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും പാഴ്‌വസ്തുക്കളും നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മുൻകാല പ്രളയ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നദീജല മാനേജ്മെന്റിനുവേണ്ടി വിദഗ്ദ്ധ അഭിപ്രായം സർക്കാർ സ്വരൂപിച്ചിട്ടുണ്ടോ? വിശദവിവരം ലഭ്യമാക്കാമോ?

2018-ലെ പ്രളയാനന്തരം തയ്യാറാക്കിയ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (പി.ഡി.എൻ.എ.) റിപ്പോർട്ടിൽ നിർദ്ദേശിക്കുംപ്രകാരം ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സസ് മാനേജ്മെന്റ് എന്ന ആശയം ജലവിഭവ മേഖലയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു. കുട്ടനാട് മേഖലയിൽ ആവർത്തിച്ചുണ്ടാകുന്ന പ്രളയത്തിന്റെ തീവ്രത കുറയ്ക്കുന്നതിനായി "റൂം ഫോർ റിവർ" പദ്ധതി നടപ്പിലാക്കുന്നതിനായി വിശദ റിപ്പോർട്ട് തയ്യാറാക്കുന്നതിന് മദ്രാസ് ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തി. പ്രളയ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി, വിദഗ്ദ്ധ സമിതിയുടെ നിർദേശങ്ങൾ പ്രകാരം നദികളിലെയും അതുപോലെ അണക്കെട്ടുകളിലെയും ജലനിരപ്പ് കൃത്യമായി വീക്ഷിക്കുകയും ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ വേണ്ടനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഡാം മാനേജ്മെന്റിന്റെ ഭാഗമായി നടത്തപ്പെടുന്ന റൂൾ കർവ് കമ്മിറ്റി

മീറ്റിംഗുകളിലെ തീരുമാനപ്രകാരം അണക്കെട്ടുകളിൽനിന്ന് ജലം ഒഴുക്കിവിടുന്നതിന്റെ അളവ് തീരുമാനിക്കുന്നു.

## കുറുമാലിപ്പുഴയുടെ കരകൾ ഇടിഞ്ഞതുമൂലമുള്ള ദുരന്തങ്ങൾ

331(1489) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര പള്ളം ഭാഗത്ത് കുറുമാലിപ്പുഴയുടെ വിവിധ കരഭാഗങ്ങൾ ഇടിഞ്ഞതുമൂലം കാലവർഷക്കാലത്ത് ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി ജില്ലാ കളക്ടർ മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷയും എസ്റ്റിമേറ്റും അടിയന്തരമായി പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജില്ലയിലെ ആർ.എം.എഫ്. ഫണ്ടിൽനിന്നും ഇതിനായി തുക അനുവദിക്കുന്നതുൾപ്പെടെയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ?

(എ&ബി) തൃശ്ശൂർ ജില്ലാ കളക്ടർ സമർപ്പിച്ച കുറുമാലിപ്പുഴ നദീതീര സംരക്ഷണത്തിനായുള്ള പ്രവൃത്തിയുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും 07.06.2022-ന് ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ തീരുമാനപ്രകാരം സ്ഥലപരിശോധനയുൾപ്പെടെ നടത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സർക്കാർ വകുപ്പുകൾക്ക് കീഴിലെ പുറമ്പോക്ക് ഭൂമികൾ

332(1490) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ വിവിധ സർക്കാർ വകുപ്പുകൾക്കുകീഴിൽ എത്ര പുറമ്പോക്ക് ഭൂമിയുണ്ട്; ഭൂമിയുടെ സർവ്വേ നമ്പർ, അളവ്, ഇനം എന്നിവ ഉൾപ്പെടെ വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഭൂമി ഓരോന്നും നിലവിൽ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

പ്രസ്തുത ഭൂമി നിലവിൽ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

**ഭൂമിയുടെ രേഖ കമ്പ്യൂട്ടർവത്കരിക്കൽ**

333(1491) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ രേഖ ഇതുവരെ കമ്പ്യൂട്ടർവത്കരിക്കാൻ കഴിയാത്തവർക്ക് അതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭൂരേഖ കമ്പ്യൂട്ടർവത്കരണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഇനിയും ഭൂരേഖകൾ ഡിജിറ്റൈസ് പൂർത്തീകരിക്കാത്ത വില്ലേജുകളിൽ നടപടി പുരോഗമിക്കുന്നു. നാളിതുവരെ 1.33 കോടി അടിസ്ഥാന ഭൂനികുതി

വിവരങ്ങളും, 2.79 കോടി തണ്ടപ്പേർ അക്കൗണ്ട് വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് കഴിഞ്ഞിട്ടുള്ളവയാണ്.

(ബി) കമ്പ്യൂട്ടർവത്കരിക്കാൻ സാധിക്കാത്തതിനാൽ ഭൂനികുതി അടയ്ക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്ത് നാളതീകരിച്ച് പൂർത്തിയാകാത്ത വില്ലേജുകളിൽ മാന്വലായി നികുതിയടയ്ക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(സി) ഗൃഹനാഥൻ മരണപ്പെട്ടുപോയതിനാൽ പിന്നീട് ഭൂനികുതി അടയ്ക്കാൻ സാധിക്കാതെ കുടിശ്ശികയായവർക്ക് അത് അടച്ചുതീർക്കാൻ സൗകര്യമൊരുക്കുമോ; വിശദമാക്കാമോ?

1966-ലെ പോക്കുവരവ് ചട്ടങ്ങളിലെ ചട്ടം 27(1) പ്രകാരം ഭൂവുടമകൾ മരണപ്പെട്ടാൽ മരണപ്പെട്ടയാളുടെ വ്യക്തി നിയമപ്രകാരമുള്ള പിന്തുടർച്ചാവകാശികളുടെ പേരിൽ ഭൂവുടമസ്ഥാവകാശം പോക്കുവരവ് ചെയ്ത് നികുതി സ്വീകരിക്കുന്നുണ്ട്.

**യുണീക് തണ്ടപ്പേര്**

334(1492) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>

<u>ശ്രീമതി ഉമ തോമസ്</u>:

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരേഖകൾ ആധാറുമായി ബന്ധിപ്പിച്ച് ഒറ്റ തണ്ടപ്പേര് എടുക്കുന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ ഭൂവുടമകൾക്കും ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ നടപ്പിലാക്കുന്നതിനായി Revenue Land Information System (ReLIS) സോഫ്റ്റ്‌വെയറിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്രാനുമതി ലഭ്യമാക്കുകയും തുടർന്ന് 16.06.2022-ലെ സ.ഉ. (സാധാ) നം. 2626/2022/RD നമ്പർ പ്രകാരം ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്. സംസ്ഥാനത്തെ ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഭൂപരിഷ്കരണം കഴിഞ്ഞാൽ കേരള ചരിത്രത്തിൽ

വലിയ മാറ്റങ്ങൾക്ക് കാരണമായേക്കാവുന്ന മഹത്തായ പദ്ധതിയാണിത്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) സംസ്ഥാനത്തെ ഒന്നിലധികം വില്ലേജുകളിൽ ഭൂമിയുള്ളവർ എല്ലാ വില്ലേജുകളിലും നേരിട്ടെത്തി തണ്ടപ്പേര് ആധാറുമായി ബന്ധിപ്പിക്കേണ്ടതുണ്ടോ; ഓൺലൈൻ സംവിധാനത്തിലൂടെ യുണീക് തണ്ടപ്പേര് എടുക്കാൻ സാധിക്കുമോ ?

ആവശ്യമില്ല. ഓൺലൈൻ സംവിധാനത്തിലൂടെ യുണീക് തണ്ടപ്പേര് എടുക്കാൻ സാധിക്കുന്നതാണ്. www.revenue.kerala.gov.in-ൽ സ്വന്തം പ്രൊഫൈലിൽനിന്നും തണ്ടപ്പേരുമായി ആധാർ ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) റവന്യൂ വകുപ്പിന്റെ വെബ്സൈറ്റ് മുഖേന ഒരാളുടെ ഉടമസ്ഥതയിലുള്ള ഒന്നിലേറെ തണ്ടപ്പേരുകളിലും പല വില്ലേജുകളിലുമുള്ള ഭൂമിയുടെ വിവരങ്ങൾ യുണീക് തണ്ടപ്പേരിലേയ്ക്ക് മാറ്റുമ്പോൾ പ്രസ്തുത വിവരങ്ങൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആധാർ വിവരങ്ങൾ Aadhaar Vault-ലാണ് സൂക്ഷിക്കുന്നത്. യുണീക് തണ്ടപ്പേര് വിവരങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് സുരക്ഷിതമായി ഹോസ്റ്റ് ചെയ്തിട്ടുള്ളത്. പബ്ലിക് ഡൊമൈനിൽ പ്രസ്തുത വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല. ഭൂമിയുടെ വിവരങ്ങൾ യുണീക് തണ്ടപ്പേരിലേയ്ക്ക് മാറ്റുമ്പോൾ പ്രസ്തുത വിവരങ്ങൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ഇത്തരം മാർഗങ്ങളാണ് റവന്യൂ വകുപ്പിൽ സ്വീകരിച്ചിട്ടുള്ളത്.

**ഭൂമി തരംമാറ്റുന്നതിന് മുൻഗണന**

335(1493) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർ വീട് നിർമ്മിക്കുന്നതിനായി ഭൂമി തരംമാറ്റുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ നിലവിലെ മുൻഗണന മറികടന്ന് പരിഗണിക്കാൻ സർക്കാർ തീരുമാനമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരം മാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനുവേണ്ടി ഊർജ്ജിത/തീവ്രയത്ന പരിപാടികൾ

ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇതിനോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും അപേക്ഷകളിൽ ഏകീകൃതമായ നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് procedure (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതുമാണ്. തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൽ അടിയന്തര സാഹചര്യമുള്ളവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണന നൽകിക്കൊണ്ട് അത്തരം അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി പ്രത്യേക മുൻഗണന ആവശ്യമുള്ള കേസ്സുകൾ പരിശോധിക്കുകയും അർഹതയ്ക്കനുസരിച്ച് തീരുമാനമെടുക്കുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ മുഖേന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പ്രകാരമുള്ള പ്രത്യേക പരിഗണനാർഹ/മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി ലൈഫ് മിഷൻ ഭവന പദ്ധതിയിലുൾപ്പെട്ടവർ വീട് നിർമ്മിക്കുന്നതിന് ഭൂമി തരംമാറ്റുന്നതിനായി സമർപ്പിക്കുന്ന

അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ നിർദ്ദേശമുള്ളതാണ്.

## ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് താൽക്കാലിക നിയമനം

336(1494) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റൽ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ആർ.ഡി.ഒ.-കളിലും താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. തലങ്ങളിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. തലങ്ങളിൽ ക്ലാർക്ക്- 769, സർവ്വേയർ-133, ഡാറ്റാ എൻട്രി ഓപ്പറേറ്റർ-23 എന്നിങ്ങനെ ആകെ 925 പേരെ നിയമിച്ചിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളത്; ആണെങ്കിൽ വിശദാംശം നൽകുമോ; അല്ലെങ്കിൽ നിയമനത്തിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരിൽനിന്നും ലഭിച്ച ലിസ്റ്റ് പ്രകാരം ഉദ്യോഗാർത്ഥികൾക്ക് പ്രായോഗിക എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് സംവരണ തത്വം പാലിച്ചുകൊണ്ടാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്.

**ഭൂമിസംബന്ധമായ ബി.ടി.ആർ. രേഖ തിരുത്തുന്നതിന് നടപടികൾ**

**337**(1495) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിസംബന്ധമായ ബി.ടി.ആർ. രേഖ തിരുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ബി.ടി.ആർ.-ൽ തിരുത്തലുകൾ വരുത്തുന്നതിന് നിലവിൽ നിയമമില്ല.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റത്തിനായി ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബി.ടി.ആർ-ൽ 'നിലം' എന്ന് രേഖപ്പെടുത്തിയ പ്രസ്തുത ഭൂമി സംബന്ധിച്ച് വില്ലേജ് ഓഫീസർ/കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും ആവശ്യമെന്ന് കാണുന്നപക്ഷം നേരിട്ട് സ്ഥലപരിശോധന നടത്തിയും കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് ലഭ്യമാക്കിയും നിയമപ്രകാരമുള്ള നടപടി പാലിച്ചുകൊണ്ട് റവന്യൂ ഡിവിഷണൽ ഓഫീസർ തരംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു. ശേഷം, പ്രസ്തുത ഭൂമി സംബന്ധിച്ച് റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനായി ബന്ധപ്പെട്ട തഹസിൽദാർ (ഭൂരേഖ) ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് വില്ലേജ് ഓഫീസർ തരംമാറ്റ വിവരം സപ്ലിമെന്ററി ബി.ടി.ആർ.-ൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു.

(ബി) ഭൂമി തരംമാറ്റുന്നതിന് സഹായിക്കാമെന്ന പേരിൽ സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും പരസ്യം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഭൂമി തരംമാറ്റുന്നതിന് സഹായിക്കാമെന്ന പേരിൽ ഇടനിലക്കാർ പരസ്യം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പ്രവർത്തിക്കുന്ന ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഭൂമി തരംമാറ്റ അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറിയതോടെ മുൻഗണനാക്രമം പാലിച്ച് മാത്രമേ അപേക്ഷ കൈകാര്യം ചെയ്യാൻ സാധിക്കൂ. ഇത് ഒരുപരിധിവരെ ഇടനിലക്കാരുടെ പ്രവർത്തനത്തെ ഇല്ലാതാക്കാൻ സഹായിച്ചിട്ടുണ്ട്. അപേക്ഷകൾ വേഗത്തിൽ സുതാര്യമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതോടെ ഇടനിലക്കാരുടെ പ്രവർത്തനം വലിയതോതിൽ ഇല്ലാതായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു.

(സി) പൊതു ആവശ്യത്തിന് ഭൂമി തരംമാറ്റുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള അപേക്ഷ പ്രാദേശികതല നിരീക്ഷണ സമിതിയുടെ (LLMC) കൺവീനറായ കൃഷി ഓഫീസർക്കാണ് നൽകേണ്ടത്. തുടർന്ന്, പ്രാദേശികതല നിരീക്ഷണ സമിതി

സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും അപേക്ഷ സംബന്ധിച്ചുള്ള വിശദമായ പരിശോധനകൾക്കുശേഷം സംസ്ഥാനതല സമിതിയുടെ ശിപാർശ സഹിതം സർക്കാരിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.

പൊതു ആവശ്യത്തിനായുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത (ഡാറ്റാ ബാങ്കിലുൾപ്പെടാത്ത) ഭൂമിയുടെ തരംമാറ്റത്തിനായി ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. റവന്യൂ ഡിവിഷണൽ ഓഫീസർ നിയമപ്രകാരമുള്ള നടപടി പാലിച്ചുകൊണ്ട് സർക്കാരിന് റിപ്പോർട്ട് നൽകുന്നു. തുടർന്ന്, ടി വിഷയം കാർഷികോൽപ്പാദന കമ്മീഷണർ കൺവീനറായ സംസ്ഥാനതല സമിതി പരിശോധിച്ച് അതുസംബന്ധിച്ച ശിപാർശ സഹിതം സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നു.

മേൽപ്രകാരമുള്ള സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം പൊതു ആവശ്യത്തിനായി ഈ ആക്റ്റിലെ വ്യവസ്ഥകളിൽനിന്ന് ഒഴിവാക്കൽ അനുവദിച്ചുകൊണ്ടോ

നിരസിച്ചുകൊണ്ടോ സർക്കാർ രേഖാമൂലം ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**കെ-റെയിലിനായുള്ള സ്ഥലം ഏറ്റെടുക്കൽ**

338(1496) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിലുമായി ബന്ധപ്പെട്ട സാമൂഹ്യാഘാത പഠനത്തിന് ഇനി മുതൽ ജി.പി.എസ്. സംവിധാനം ഉപയോഗിച്ചാൽ മതിയെന്ന് റവന്യൂ വകുപ്പ് ഉത്തരവ് ഇറക്കുകയുണ്ടായോ; വ്യക്തമാക്കാമോ;

(ബി) ഇത്തരമൊരു ഉത്തരവ് ഇറക്കുന്നതിലേയ്ക്ക് നയിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് സ്റ്റേറ്റ് ലെവൽ എംപാനൽ ലിസ്റ്റിൽനിന്നും SIA ഏജൻസികളെ തെരഞ്ഞെടുത്ത് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിർദ്ദിഷ്ട പദ്ധതി കടന്നുപോകുന്ന സ്ഥലങ്ങളിലെ ബാധിക്കപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി കൃത്യമായ വിവരശേഖരണം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റുകൾ

നടത്തുന്നതിനുവേണ്ടി കെ-റെയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കല്ലുകൾ (boundary stones) സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി.

കല്ലിടൽ താമസിക്കുന്നതുമൂലം സാമൂഹ്യ പ്രത്യാഘാത പഠനം മന്ദഗതിയിലായിരിക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ, കെ.ആർ.ഡി.സി.എൽ. 05.05.2022-ലെ KRDCL/LA/16/2022-ാം നമ്പർ കത്തുപ്രകാരം അറിയിക്കുകയുണ്ടായി. +/-10cm സൂക്ഷ്മതയോടെയുള്ള LIDAR (Light Detection and Ranging) സർവ്വേ സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് പദ്ധതിയുടെ അലൈൻമെന്റ് അന്തിമമാക്കിയിരിക്കുന്നതെന്നും അതുകൊണ്ടുതന്നെ GPS സൗകര്യമുള്ള മൊബൈൽ ഫോൺ വഴിയോ DGPS സർവ്വേ ഉപകരണം വഴിയോ അലൈൻമെന്റ് കണ്ടെത്താൻ കഴിയുമെന്നും ആയതിനാൽ ഭൂവുടമകൾ സമ്മതം നൽകുന്ന പ്രദേശങ്ങളിൽ കല്ലിടാവുന്നതും അല്ലാത്ത സ്ഥലങ്ങളിൽ നിയമപരമായി സാധുവാണെങ്കിൽ ജിയോ ടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകണമെന്നും ആവശ്യപ്പെടുകയുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിൽ കല്ലുകൾ സ്ഥാപിക്കുന്നതുകൂടാതെ ജിയോ ടാഗിംഗ് ഉപയോഗിക്കുന്നതിനും വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്തി മുന്നോട്ടുപോകുന്നതിനും 16.05.2022-ലെ REVB2-153/2022-REV നമ്പർ കത്തുപ്രകാരം മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കെ-റെയിലിനായി കല്ലിടൽ നടത്തുന്നതിന് റവന്യൂ വകുപ്പ് എന്തെങ്കിലും അനുമതി നൽകിയിരുന്നോ; വ്യക്തമാക്കാമോ;

(ഡി) കെ-റെയിലിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന് ഔദ്യോഗികമായി അറിയിപ്പുകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി&ഡി) എൽ.എ.ആർ.ആർ. (Land Acquisition, Rehabilitation and Resettlement) ആക്ട് 2013-ലെ 4(1) പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്തിനും കാസർഗോഡിനുമിടയിൽ മൂന്നാമത്തെയും നാലാമത്തെയും റെയിൽവെ ലൈനിന്റെ നിർമ്മാണത്തിന് മുൻകൂർ നിക്ഷേപ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള 'തത്വത്തിൽ അംഗീകാരം'

17.12.2019-ലെ 2019/JV Cell/KRDCL/SHSRC നമ്പർ കത്തുപ്രകാരം റെയിൽവേ മന്ത്രാലയം അംഗീകാരം നൽകിയതിനെത്തുടർന്ന് 11.06.2021-ലെ G.O(Ms) 13/2021/ട്രാൻസ് നമ്പർ ഉത്തരവുപ്രകാരം നിർദ്ദിഷ്ട സിൽവർ ലൈൻ പ്രോജക്ടിനായി കിഫ്ബിയിൽനിന്ന് 2100 കോടി രൂപ വായ്പ പ്രയോജനപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഗതാഗത വകുപ്പ് അനുമതി നൽകുകയുണ്ടായി.

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 'തത്വത്തിൽ അംഗീകാരം' റെയിൽവേ മന്ത്രാലയം 17.12.2019-ലെ 2019/JV Cell/KRDCL/SHSRC നമ്പർ കത്ത് മുഖേന നൽകിയിട്ടുണ്ടെന്നും എന്നാൽ അന്തിമാനുമതി ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 18.08.2020-ലെ സ.ഉ.(എം.എസ്.) നമ്പർ 163/2021/റവ, 30.10.2021-ലെ സ.ഉ.(എം.എസ്.) നമ്പർ 3642/2021/റവ എന്നീ ഉത്തരവുകൾ പ്രകാരം 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ വിവിധ വില്ലേജുകളിൽനിന്നായി 1221 ഹെക്ടർ ഭൂമി ചില നിബന്ധനകൾക്ക്

വിധേയമായി ഏറ്റെടുക്കുന്നതിന് അനുമതി നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സാമൂഹ്യ പ്രത്യാഘാത പഠനം (4(1) വിജ്ഞാപനം) നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയെ രൂപീകരിച്ച് ശിപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ എൽ.എ.ആർ.ആർ. ആക്ട് 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള അനുമതി ഉത്തരവ് റെയിൽവേ ബോർഡിന്റെ അന്തിമാനുമതി ലഭ്യമായതിനുശേഷം മാത്രമേ പുറപ്പെടുവിക്കുവെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**ഹരിപ്പാട് ഫയർസ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കൽ**

339(1497) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഫയർസ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ ഫയർ ഓഫീസർ

കളക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേലുള്ള തുടർ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്ത് തടസ്സമാണ് നിലനിൽക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിലെ ചിങ്ങോലി വില്ലേജിലുൾപ്പെട്ട 54 ചതുരശ്രമീറ്റർ സ്ഥലം ഹരിപ്പാട് ഫയർ സ്റ്റേഷനിലേയ്ക്കുള്ള വഴിയുടെ വീതി കൂട്ടുന്നതിലേയ്ക്കായി ഏറ്റെടുക്കുന്നതിന് 20.01.2022-ലെ സ.ഉ.(കൈ) നം.15/2022/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ജില്ലാ ഫയർ ഓഫീസർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ജില്ലാ ഫയർ ഓഫീസർ അർത്ഥനാപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് 2013-ലെ എൽ.എ.ആർ.ആർ. പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

**കുന്നിപ്പുറം-നെയ്യാറ്റിൻകര പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ**

(1498) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കുന്നിപ്പുറം-നെയ്യാറ്റിൻകര പാലം നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര വില്ലേജിൽ കുന്നിപ്പുറം പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്രിഡ്ജസ്) 1.02.2018-ൽ അർത്ഥന നൽകിയതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) അഡീഷണൽ യൂണിറ്റ് തിരുവനന്തപുരത്തിനെ ലാൻഡ് അക്വിസിഷൻ ഓഫീസറായി 26.02.2018-ൽ നിയമിച്ചിട്ടുള്ളതാണ്. സംയുക്ത സ്ഥലപരിശോധന നടത്തിയതിൽ ലഭ്യമായ റിക്വിസിഷനിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് റിക്വിസിഷൻ അതോറിറ്റിയെ അറിയിച്ചതനുസരിച്ച് പുതുക്കിയ റിക്വിസിഷൻ 05.10.2020-ൽ ലഭ്യമാക്കുകയുണ്ടായി. LARR Act, 2013 പ്രകാരമുള്ള സാമൂഹ്യാഘാത പഠനം പൂർത്തീകരിച്ചിട്ടുള്ളതും തുടർന്ന് ഭൂമിയേറ്റെടുക്കുന്നതിനായുള്ള 11(1) വിജ്ഞാപനം 18.11.2020-ലെ 2836

നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ റീഹാബിലിറ്റേഷൻ പാക്കേജ് അന്തിമമാക്കി 19(1) പ്രഖ്യാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ റീഹാബിലിറ്റേഷൻ പാക്കേജ് അന്തിമമാക്കാൻ സാധിക്കാതെ വന്നതിനാൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കുള്ള കാലാവധി ദീർഘിപ്പിച്ചുനൽകണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20.10.2021-ലെ സ.ഉ.(അച്ചടി) നമ്പർ 147/2021/റവ. പ്രകാരവും 11.05.2022-ലെ സ.ഉ.(അച്ചടി) നമ്പർ 149/2022/റവ. പ്രകാരവും ഒരു വർഷത്തേയ്ക്ക് കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പുനരധിവാസ പുന:സ്ഥാപന പാക്കേജിന്റെ കരട് ശിപാർശ 09.02.2022-ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ പദ്ധതിപ്രദേശത്തെ അഡ്വക്കേറ്റ് ക്ലർക്കുമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽചെയ്ത 01.04.2022-ലെ WP(c) No. 3508/2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ്

ക്ലർക്കുമാരെക്കൂടി ഉൾപ്പെടുത്തി പുനരധിവാസ കരട് പാക്കേജ് 08.06.2022-ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ പാക്കേജ് അംഗീകരിക്കുന്നമുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ?

2018 കാലയളവിലാണ് കുന്നിപ്പുറം-നെയ്യാറ്റിൻകര പാലം നിർമ്മാണം സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുള്ളത്.

## ചട്ടമ്പിസ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ

340(1499) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ വില്ലേജിൽ ചട്ടമ്പിസ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എതുവരെയായെന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ വില്ലേജിലുൾപ്പെട്ട 9.58 ആർസ് സ്ഥലം ചട്ടമ്പി സ്വാമി സ്മാരകം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് 12.02.2021-ലെ സ.ഉ. (സാധാ) നം. 649/2021/റവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും വിദഗ്ദ്ധ സമിതിയുടെ ശിപാർശ 06.06.2022-ന് ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

ചട്ടമ്പി സ്വാമി സ്മാരക നിർമ്മാണത്തിന് 9.58 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനാണ് അർത്ഥന ലഭ്യമായിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഫലവത്തായ പൂർത്തീകരണത്തിന് 4.04 ആർ ഭൂമി കൂടി ഉൾപ്പെടുത്തി ആകെ 13.62 ആർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അർത്ഥനാധികാരിയുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് എൽ.എ.ആർ.ആർ.

ആക്ട്, 2013 സെക്ഷൻ 8(2) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിനുള്ള സമുചിത തീരുമാനം കൈക്കൊണ്ട് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഭൂമി ഏറ്റെടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടി**

341(1500) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം എസ്റ്റേറ്റുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുത്ത് പട്ടയം നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതും പ്രസ്തുത ഭൂമിയിൽനിന്ന് 63.73 ഏക്കർ ഭൂമി 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിലേയ്ക്കും 13.09.2013-ലെ ജി.ഒ.(എം.എസ്) 396/2013/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 10 ഏക്കർ ഭൂമി സഹകരണ എഞ്ചിനീയറിംഗ്

കോളേജിന് വേണ്ടിയും കൈമാറി ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ടി ഭൂമിയുമായി ബന്ധപ്പെട്ട് CRP(LR)44/2013, WP(C)12210/14 എന്നീ കേസുകൾ നിലനിൽക്കുന്നതിനാലും CRP(LR)44/2013 കേസിൽ കോടതി ഉത്തരവ് വന്നശേഷമേ ഭൂമി വിതരണം ചെയ്യാവൂയെന്ന നിർദ്ദേശമുള്ളതിനാലും ഭൂമി പതിച്ചുകൊടുക്കാൻ സാധിച്ചിട്ടില്ല. CRP(LR)44/2013 നമ്പർ കേസിൽ സ്റ്റേ നീക്കം ചെയ്യാനും അന്തിമ തീരുമാനം ഉണ്ടാകുന്നതിനുമായി കേസിൽ Early Posting Petition ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## വിളപ്പിൽ പോളിടെക്നിക്കിനായി ഭൂമി കൈമാറുന്നതിനുള്ള നടപടി

342(1501) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട താലൂക്കിലെ വിളപ്പിൽ പോളിടെക്നിക്കിനായി ഭൂമി കൈമാറുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി കൈമാറ്റത്തിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഭൂമി കൈമാറ്റത്തിനുള്ള തുടർനടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) വിളപ്പിൽ പോളിടെക്നിക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടുനൽകിയ വിളപ്പിൽ വില്ലേജിൽ സർവ്വേ നമ്പർ 226/15-ൽ ഉൾപ്പെട്ട 08 സെന്റ് ഭൂമി വഴി എന്ന നിലയിൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെടുത്തിയിട്ടുള്ളതായും സുഗമമായ ഗതാഗതത്തിന് ടി സ്വകാര്യ വ്യക്തി വിട്ടുനൽകിയിട്ടുള്ള ഭൂമിയുടെ അവശേഷിക്കുന്ന ഭാഗംകൂടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നതും 7.28 ആർ സർക്കാർ വഴി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 279-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നതുമാണ് .

## കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി

343(1502) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്കായി കൊണ്ടോട്ടി താലൂക്കിലെ പുളിക്കൽ വില്ലേജിലുൾപ്പെട്ട ലാൻഡ് ബോർഡ് അധീനതയിലുള്ള മിച്ചഭൂമിയിൽനിന്നും അഞ്ച് ഏക്കർ ഭൂമി അനുവദിച്ച് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ആവശ്യമായ ഭൂമി അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതുസംബന്ധിച്ച് സർക്കാർ നൽകിയ നിർദ്ദേശ പ്രകാരം വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ-സി) ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് 15.06.2022-ന് മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നു. ഭൂമി ലഭ്യത സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടറുടെയും ലാൻഡ്

ബോർഡിന്റെയും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചുമാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

**ഭൂമി പാട്ടത്തിന് കൊടുത്ത വകയിൽ പിരിച്ചെടുക്കാനുള്ള തുക**

344(1503) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ഭൂമി പാട്ടത്തിന് കൊടുത്ത വകയിൽ ഓരോ ജില്ലയിൽനിന്നും പിരിച്ചെടുക്കാനുള്ള തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിൽ ഭൂമി പാട്ടത്തിന് കൊടുത്ത വകയിൽ പിരിച്ചെടുക്കാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പിരിച്ചെടുക്കാനുള്ള തുക |
|---|---|---|
| 1 | തിരുവനന്തപുരം | 60,30,10,615 |
| 2 | കൊല്ലം | 7,43,88,562 |
| 3 | പത്തനംതിട്ട | 32,01,303 |
| 4 | ആലപ്പുഴ | 94,34,010 |
| 5 | കോട്ടയം | 15,15,36,740 |
| 6 | ഇടുക്കി | 2,69,170 |
| 7 | എറണാകുളം | 1,85,43,34,749 |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 213,00,71,030 |
| 9 | പാലക്കാട് | 1,43,629 |
| 10 | മലപ്പുറം | 76,87,466 |
| 11 | കോഴിക്കോട് | 8,91,48,667 |
| 12 | വയനാട് | 52,18,370 |
| 13 | കണ്ണൂർ | 4,23,16,449 |
| 14 | കാസർഗോഡ് | 1,28,42,282 |
| ആകെ | | 498,36,03,042 |

(ബി) ഇതിൽ കഴിഞ്ഞ സാമ്പത്തിക വർഷം പിരിച്ചെടുത്ത തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഇതിൽ കഴിഞ്ഞ സാമ്പത്തിക വർഷം പിരിച്ചെടുത്ത തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പിരിച്ചെടുക്കാനുള്ള തുക |
|---|---|---|
| 1 | തിരുവനന്തപുരം | 78,04,911 |
| 2 | കൊല്ലം | 43,36,597 |
| 3 | പത്തനംതിട്ട | 8,96,496 |
| 4 | ആലപ്പുഴ | 32,80,689 |
| 5 | കോട്ടയം | 39,88,595 |
| 6 | ഇടുക്കി | 1,81,890 |
| 7 | എറണാകുളം | 75,94,14,232 |
| 8 | തൃശ്ശൂർ | 4,84, 219 |
| 9 | പാലക്കാട് | 4,03,974 |
| 10 | മലപ്പുറം | Nil |

| | | |
|---|---|---|
| 11 | കോഴിക്കോട് | 75,048 |
| 12 | വയനാട് | 30,500 |
| 13 | കണ്ണൂർ | 12,89,145 |
| 14 | കാസർഗോഡ് | 12,71,397 |
| | ആകെ | 78,34,57,693 |

(സി) ആയതിൽ ഗവൺമെന്റ് നേരിട്ട് സ്റ്റേ കൊടുത്തതും ഗവൺമെന്റ് അപ്പലേറ്റ് അതോറിറ്റിയും കോടതിയും സ്റ്റേ ചെയ്തതും പ്രത്യേകം പ്രത്യേകം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ആയതിൽ ഗവൺമെന്റ് നേരിട്ട് സ്റ്റേ കൊടുത്തതും ഗവൺമെന്റ് അപ്പലേറ്റ് അതോറിറ്റിയും കോടതിയും സ്റ്റേ ചെയ്തതും പ്രത്യേകം പ്രത്യേകം ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഗവൺമെന്റ് സ്റ്റേ | അപ്പലേറ്റ് അതോറിറ്റി | കോടതി സ്റ്റേ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 5,32,500 | 3,62,02,896 | 56,49,27,267 |
| 2 | കൊല്ലം | 66,68,254 | 6,00,940 | 4,27,66,986 |
| 3 | പത്തനംതിട്ട | - | - | 6,691 |
| 4 | ആലപ്പുഴ | - | - | 1,30,416 |
| 5 | കോട്ടയം | - | - | 73,74,340 |
| 6 | ഇടുക്കി | - | - | 138 |
| 7 | എറണാകുളം | 4,88,47,295 | 21.14.307 | 1,03,91,13,822 |

| | | | | |
|---|---|---|---|---|
| 8 | തൃശ്ശൂർ | - | - | 21,32,31,206 |
| 9 | പാലക്കാട് | - | - | 14,444 |
| 10 | മലപ്പുറം | 3,35,900 | - | - |
| 11 | കോഴിക്കോട് | 6,03,96,815 | 1,45,61,153 | 1,21,08,035 |
| 12 | വയനാട് | ഇല്ല | ഇല്ല | ഇല്ല |
| 13 | കണ്ണൂർ | 29,61,785 | - | 3,64,79,401 |
| 14 | കാസർഗോഡ് | 12,11,386 | - | 99,61,820 |
| | ആകെ | 12,09,53,935 | 5,34,79,296 | 192,61,14,566 |

(ഡി) പ്രസ്തുത കുടിശ്ശികകളുടെ പിരിച്ചെടുക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പാട്ട കക്ഷിക്ക് യഥാസമയം ഡിമാൻഡ് നോട്ടീസ് നൽകുകയും പാട്ട കുടിശ്ശിക അടയ്ക്കാത്തപക്ഷം ആയത് ഈടാക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 15.02.2020-ലെ ജി.ഒ. (പി.) 16/2020/ആർ.ഡി., ജി.ഒ. (പി.) 17/2020/ആർ.ഡി. എന്നീ ഉത്തരവുകൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരം സ്പെഷ്യൽ ഡ്രൈവുകൾ

നടത്തിയും തുക പിരിച്ചെടുത്തുവരുന്നുണ്ട്. സർക്കാർ ഉത്തരവുകൾ ഉള്ളടക്കം ചെയ്യുന്നു+.

**വാമനപുരം നിയോജകമണ്ഡലത്തിലെ ഫ്ലഡ് പ്രവൃത്തികൾ**

345(1504) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ (2016-21) കാലത്ത് വാമനപുരം നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ ശിപാർശ പ്രകാരം അനുവദിച്ച ഫ്ലഡ് പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) അവയിൽ ഏതൊക്കെ പൂർത്തിയായെന്നും പൂർത്തിയാകാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകളുടെ പ്രവൃത്തി**

346(1505) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾക്കായുള്ള പ്രവൃത്തികളിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഭരണാനുമതി ലഭിച്ചിട്ടും ഇനിയും പ്രവൃത്തി ആരംഭിക്കാത്ത എത്ര റോഡുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. 2020 ആദ്യപാദം മുതൽ

കോവിഡ് മഹാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങളും വിദഗ്ധ തൊഴിലാളികളുടെയും നിർമാണസാമഗ്രികളുടെയും ദൗർലഭ്യംകാരണം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പറ്റാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 02.02.2022, 20.04.2022 എന്നീ തീയതികളിലെ ഡി.എം.എ.3/259/2021/ഡി.എം.ഡി. നമ്പർ സർക്കുലർ പ്രകാരം കരാർ വയ്ക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**കോഴിക്കോട് താലൂക്കിലെ പ്രളയസഹായം**

347(1506) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ പ്രളയത്തെതുടർന്ന് വീട് മാറി താമസിക്കേണ്ടി വന്നവർക്കുള്ള പതിനായിരം രൂപയുടെ സാമ്പത്തിക സഹായം നൽകാൻ ഇനിയും ബാക്കിയുണ്ടെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെ സംഭവിക്കാനുള്ള കാരണം വിശദമാക്കാമോ;

(സി) കോഴിക്കോട് താലൂക്കിൽ ഇനിയും സഹായം ലഭിക്കാത്തവരുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

(എ-സി) ഉണ്ട്. 2018, 2021 വർഷങ്ങളിലെ പ്രളയ നാശനഷ്ടങ്ങൾക്കുള്ള ധനസഹായം നൽകിയിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ റീ ബിൽഡ് സോഫ്റ്റ്‌വെയർ പ്രകാരം ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ദുരിതബാധിതരുടെ വിവരങ്ങളിലെ അപാകത കാരണം കുറച്ചുപേർക്ക് ധനസഹായം ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. അത്തരത്തിലുള്ളവർക്ക് ധനസഹായം അനുവദിക്കുന്നതിനായി പോർട്ടലിൽ തന്നെ സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ദുരിത ബാധിതരുടെ അപേക്ഷകളിൻമേൽ അപാകത പരിഹരിക്കുന്നമുറയ്ക്കാണ് ധനസഹായം അനുവദിച്ചുവരുന്നത്. കോഴിക്കോട് ജില്ലയിൽ പോർട്ടൽവഴി ലഭിച്ച ഭൂരിപക്ഷം അപേക്ഷകൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഭൂവിവരങ്ങൾ ആധാറുമായി ബന്ധിപ്പിക്കൽ**

348(1507) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂവിവരങ്ങൾ ആധാറുമായി ബന്ധിപ്പിച്ച് ഒറ്റ തണ്ടപ്പേരെടുക്കാൻ വില്ലേജ് ഓഫീസുകളിൽ നിലവിൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിച്ച് വില്ലേജ് ഓഫീസിലെ സേവനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ഭൂവിവരങ്ങൾ ആധാറുമായി ബന്ധിപ്പിച്ച് ഒറ്റ തണ്ടപ്പേരെടുക്കാൻ വില്ലേജ് ഓഫീസുകളിൽ നിലവിൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായ പരാതികളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാനുള്ള നടപടികൾ**

349(1508) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്ലാൻ ഫണ്ട് പ്രകാരം 260 വില്ലേജ് ഓഫീസുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം 255 വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പ്ലാൻ ഫണ്ട് പദ്ധതിപ്രകാരം 156 വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനവും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം 34 വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനവും പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് വില്ലേജുകളുടെ നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്.

(ബി) വില്ലേജ് ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന രേഖകളിൽ ഏതൊക്കെ രേഖകളാണ് ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സുതാര്യത ഉറപ്പാക്കിക്കൊണ്ട് വില്ലേജ് ഓഫീസിൽനിന്നും ജനങ്ങൾക്ക് നൽകുന്ന ഓൺലൈൻ രേഖകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## ചാലക്കുടി റവന്യൂ ടവർ നിർമ്മാണം

350(1509) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ ഏതൊക്കെയെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കാമോ?

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ

1. കടകംപള്ളി റവന്യൂ ടവർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. നെടുമങ്ങാട് റവന്യൂ ടവർ

3. കൊല്ലം റവന്യൂ ടവർ

4. പന്തളം റവന്യൂ ടവർ

5. കൊട്ടാരക്കര റവന്യൂ ടവർ (രണ്ടാം ഘട്ടം)

6. തിരുവല്ല റവന്യൂ ടവർ

7. ചങ്ങനാശ്ശേരി റവന്യൂ ടവർ

8. തൊടുപുഴ റവന്യൂ ടവർ

9. പീരുമേട് റവന്യൂ ടവർ

10. എറണാകുളം റവന്യൂ ടവർ

11. കോതമംഗലം റവന്യൂ ടവർ

12. സുൽത്താൻബത്തേരി റവന്യൂ ടവർ

13. ചാലക്കുടി റവന്യൂ ടവർ

14. മട്ടന്നൂർ റവന്യൂ ടവർ

15. ആർ.ഡി.ഒ. കോംപ്ലക്സ് , ആലപ്പുഴ

16. മുളന്തുരുത്തി റവന്യൂ ടവർ

17. വിദ്യാഭ്യാസ കോംപ്ലക്സ്, പുനലൂർ

മറുപടി പ്രസംഗത്തിൽ അനുവദിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകൾ

1. അടിമാലി റവന്യൂ ടവർ

2. പട്ടാമ്പി റവന്യൂ ടവർ

3. നിലമ്പൂർ റവന്യൂ ടവർ

4. വടകര റവന്യൂ ടവർ

5. ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ

6. മതിലകം മിനി സിവിൽ സ്റ്റേഷൻ

7. പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ

8. വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 17 റവന്യൂ ടവറുകൾക്കായി വകയിരുത്തിയ 250 കോടി രൂപയും 2016-17 മറുപടി പ്രസംഗത്തിൽ 8 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾക്കായി 10 കോടി രൂപ വീതം വകയിരുത്തിയ 80 കോടി രൂപയും ഉൾപ്പെടെ ആകെ 330 കോടി രൂപയുള്ള പദ്ധതി അടങ്കലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എത്ര റവന്യൂ ടവറുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

കടകംപള്ളി റവന്യൂ ടവർ, വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) നിർമ്മാണം ആരംഭിച്ച/പുരോഗമിക്കുന്ന റവന്യൂ ടവറുകളുടെ വിശദാംശങ്ങൾ നൽകുമോ?

മട്ടന്നൂർ റവന്യൂ ടവറിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ഡി) റവന്യൂ ടവറുകളുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കുമോ?

2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെ/മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് കണ്ടെത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറിയ സ്ഥലം സംബന്ധിച്ച് എന്തെങ്കിലും അവ്യക്തതയുണ്ടോ; വിശദീകരിക്കുമോ;

(എഫ്) ആയത് പരിശോധിച്ച് റവന്യൂ ടവർ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ&എഫ്) ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് കണ്ടെത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറിയ സ്ഥലം സംബന്ധിച്ച് അവ്യക്തതയില്ല. പ്രസ്തുത ഭൂമിയിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആർക്കിടെക്ച്ചർ, സ്ട്രക്ച്ചർ ഡിസൈൻ, ഡ്രോയിംഗ് എന്നിവ പൂർത്തിയാക്കി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി ഭവന നിർമ്മാണ ബോർഡ് സ്വീകരിച്ചുവരുന്നു.

**ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ**

351(1510) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി കൈമാറുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ള മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട വില്ലേജിലെ സർക്കാർ ഭൂമിയിലെ ഒരേക്കർ സ്ഥലം റവന്യൂ വകുപ്പിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ബി.റ്റി.ആർ. പ്രകാരം സർക്കാർ പുറമ്പോക്കായിട്ടുള്ള മീനച്ചിൽ താലൂക്കിൽ ഈരാറ്റുപേട്ട വില്ലേജിൽ ബ്ലോക്ക് 48 ൽ റീ.സ. 49/13-ൽപ്പെട്ട 01.13.20 ഹെക്ടർ സ്ഥലത്തിൽ നിന്നും 40.47 ആർ സ്ഥലം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിന് കൈമാറി നൽകുന്നതിനുള്ള ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക്

സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമിയിൽ ആഭ്യന്തര വകുപ്പുമായി തർക്കം നിലനിൽക്കുന്നതിനാൽ ടി വിഷയം സംബന്ധിച്ച് സ്പഷ്ടീകരണം ആരാഞ്ഞിരിക്കുകയാണ്.

**കാഞ്ഞിരപ്പള്ളിയിലെ റവന്യൂ കോംപ്ലക്സ് നിർമ്മാണം**

352(1511) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ റവന്യൂ വകുപ്പ് സ്ഥാപനങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിനും ദുരന്തനിവാരണ ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും വിഭാവനം ചെയ്ത റവന്യൂ കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ പുറക് വശത്ത് പഴയ താലൂക്ക് ഓഫീസ് സ്ഥിതി ചെയ്തിരുന്ന ബ്ലോക്ക് നമ്പർ 11-ൽ റീ സർവ്വേ നമ്പർ 102/3, 4-ലുൾപ്പെട്ട 0.1819 ഹെക്ടർ വസ്തുവിൽ റവന്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ടോട്ടൽ സ്റ്റേഷൻ സർവ്വേ, സ്കെച്ച്, ഉൾപ്പെടുത്തേണ്ട ഓഫീസ്, ജീവനക്കാരുടെ എണ്ണം എന്നിവ പരിഗണിച്ച് എസ്റ്റിമേറ്റ്

സഹിതം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിനായി (കോട്ടയം ജില്ലാ കളക്ടർ) പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷന് സമീപത്തായുള്ള 36 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ഇതിനായി ഉപയോഗിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ?

കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷന് സമീപത്തായുള്ള 36 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമിയിൽ റവന്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതിന് തടസ്സമില്ല.

(സി) ഇതുസംബന്ധിച്ച റവന്യൂ (എഫ്) വകുപ്പിന്റെ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ലാൻഡ് റവന്യൂ കമ്മീഷണറുടെ മറുപടി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ?

ഇത് സംബന്ധിച്ച റവന്യൂ (എഫ്) വകുപ്പിന്റെ ഫയലിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്.

(ഡി) പ്രസ്തുത റിപ്പോർട്ട് കാലവിളംബം കൂടാതെ ലഭ്യമാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദവിവരങ്ങൾ അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും ഇതുസംബന്ധിച്ച വിശദമായ പദ്ധതി രൂപരേഖ ലഭ്യമാകുന്നമുറയ്ക്ക് ബഡ്ജറ്റ് ലഭ്യതയ്ക്ക് വിധേയമായി ടി പദ്ധതി യാഥാർത്ഥ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**നെയ്യാറ്റിൻകര വില്ലേജ് ഓഫീസ് പുനർനിർമ്മാണം**

353(1512) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകരയിൽ പുതിയ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് അനുവദിച്ച തുക എത്രയാണ്; വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 44 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) വില്ലേജ് ഓഫീസ് പുനർനിർമ്മിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത്; ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രം നേരിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നതിനാൽ ടെൻഡർ നടപടി ആവശ്യമില്ല.

(സി) പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര പുതിയ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി പഴയ വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റേണ്ടതും അതിനുമുകളിലായി സ്ഥാപിച്ചിട്ടുള്ള KSWAN-ന്റെ ടവർ ഐ.റ്റി. മിഷനുമായി ബന്ധപ്പെട്ട് നീക്കം ചെയ്യേണ്ടതായിട്ടുമുണ്ട്. ആയത് നീക്കം ചെയ്യുന്നമുറയ്ക്ക് ടി നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

## മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ് നിർമ്മാണം

354(1513) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസായി നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ് നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കുമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലുൾപ്പെടുന്നതും സ്മാർട്ട് വില്ലേജ് ഓഫീസായി നവീകരിക്കുന്നതുമായ പാലക്കാട് താലൂക്കിലെ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതാണ്. നിലവിൽ സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തീകരിച്ച് അസ്ഥിവാര നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത ഓഫീസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് പ്രധാന ശാഖയിൽനിന്നും നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

പ്രസ്തുത ഓഫീസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് പ്രധാന ശാഖയിൽനിന്നും നിരാക്ഷേപ പത്രം ലഭിച്ചിട്ടുള്ളതും സ്ഥലം ഏറ്റെടുത്തിട്ടുള്ളതുമാണ്.

**പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

355(1514) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് താലൂക്ക് പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടത്തിനായി പുതിയങ്ങാടി ദേശം TS No. 1-11-462 ൽ 16.5 സെന്റ് പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇതിനായി കണ്ടെത്തിയ ഭൂമി ആരുടെ ഉടമസ്ഥതയിലാണ്?

റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലാണ്.

(സി) ഇതുസംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടത്തിനായി പുതിയങ്ങാടി ദേശം TS No. 1-11-462-ൽ കണ്ടെത്തിയിട്ടുള്ള 16.5 സെന്റ് പുറമ്പോക്ക് ഭൂമിയുടെ ലൊക്കേഷൻ സ്കെച്ച്, അടങ്കൽ പകർപ്പ്, സ്കെച്ച്, മഹസ്സർ എന്നിവ

ചെക്ക് ലിസ്റ്റ് സഹിതം തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

**മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക്**

356(1515) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി-ഡി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ**

357(1516) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷനുവേണ്ടി അധിക ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി എത്ര ഭൂമിയാണ് അധികമായി ഏറ്റെടുക്കേണ്ടത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മിനി സിവിൽ സ്റ്റേഷനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

(എ-സി) കോഴിക്കോട് ജില്ല മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈവശത്തിലുള്ളതും കോക്കല്ലൂർ ദേശം റീസർവ്വേ 28/1-ൽപ്പെട്ടതുമായ 13.96 ആർസ് ഭൂമികൂടി ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുവേണ്ടി LARR നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ 28.01.2022-ലെ കത്തുപ്രകാരം ലഭ്യമാക്കുകയുണ്ടായി. എന്നാൽ പ്രസ്തുത പ്രൊപ്പോസലിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള അർത്ഥന ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കി സമർപ്പിക്കാൻ

ആവശ്യപ്പെട്ടിട്ടുള്ളതാണ്. അർത്ഥന ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## മലപ്പുറം റവന്യൂ ടവർ നിർമ്മാണം

358(1517) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽ സ്റ്റേഷനിൽ റവന്യൂ ടവർ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

മലപ്പുറം സിവിൽ സ്റ്റേഷൻ റവന്യൂ ടവർ നിർമ്മാണത്തിന്റെ ഭാഗമായി ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിലെ ആർക്കിടെക്ചർ വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടെ അനുമതിയാണ് നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത പ്രവൃത്തിക്ക് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; എങ്കിൽ അവ പരിഹരിച്ച് നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) പൊതുമരാമത്ത് വകുപ്പിൽനിന്നും ആർക്കിടെക്ചറൽ പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ.

## അങ്കണവാടികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് നടപടി

359(1518) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പാറക്കടവ് വില്ലേജിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന 132, 69 നമ്പർ അങ്കണവാടികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് കളക്ടറേറ്റിലും കൊച്ചി റവന്യൂ ഡിവിഷനിലും സമർപ്പിച്ച അപേക്ഷയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) രണ്ട് അങ്കണവാടികളെയും സംബന്ധിച്ച ഫയലിൽ റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത അങ്കണവാടികളുടെ ആവശ്യങ്ങൾക്കുള്ള പരിഹാരം എന്നേയ്ക്ക് കാണാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) പാറക്കടവ് വില്ലേജിൽ പ്രവർത്തിക്കുന്ന 132-ാം നമ്പർ അങ്കണവാടിക്ക് ഭൂമി കൈമാറുന്നത് സംബന്ധിച്ചുള്ള അർത്ഥന ലഭ്യമായിട്ടില്ല.

പാറക്കടവ് വില്ലേജ് ബ്ലോക്ക് 6-ൽ റീസർവ്വേ 364 / 4 pt-ൽ പെട്ട 02.02 ആർ വസ്തു 69-ാം നമ്പർ അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് കൈമാറ്റം ചെയ്തു് ലഭിക്കുന്നതിനായി അർത്ഥന ലഭ്യമായിട്ടുണ്ട്.

പാറക്കടവ് വില്ലേജിൽ പ്രവർത്തിക്കുന്ന 132-ാം നമ്പർ അങ്കണവാടിക്ക് ഭൂമി കൈമാറുന്നത് സംബന്ധിച്ച് ശിശുവികസന ഓഫീസർ നിയമാനുസൃതം ഭൂമി കൈമാറ്റത്തിനുള്ള അർത്ഥന സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

69-ാം നമ്പർ അങ്കണവാടിയുടെ ഭൂമി കൈമാറ്റ പ്രൊപ്പോസലിൽ ആർ.ഡി.ഒ. കാര്യാലയത്തിലെ പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തിയതിനാൽ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് പുനർസമർപ്പിക്കാൻ 24.05.2022-ൽ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിൻപ്രകാരം അർത്ഥനയിൽ

പരാമർശിച്ചിരിക്കുന്ന വസ്തു ബോട്ട് ഇൻ-ലാൻഡായി ഏറ്റെടുത്തതിനാൽ ടി വസ്തു പുറമ്പോക്കാക്കി മാറ്റുന്നതിനുള്ള നടപടിക്കുശേഷമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അടിയന്തിര തുടർനടപടി സ്വീകരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ആലുവ തഹസിൽദാർക്കും ആർ.ഡി.ഒ.-യ്ക്കും ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുണ്ട്.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

360(1519) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച സ്മാർട്ട് വില്ലേജ് ഓഫീസുകൾ എത്ര? വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 40 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഇതിനുപുറമെ നേരത്തെ ഭരണാനുമതി നൽകിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനം അതിവേഗത്തിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത

വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടില്ല.

(സി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാകുന്നതുമൂലം പൊതുജനങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ?

ദിവസവും ജനങ്ങളെത്തുന്ന ഓഫീസെന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് ഓഫീസുകളെ ആധുനീകരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

## കിഴക്കമ്പലം വില്ലേജ് ഓഫീസ് നിർമ്മാണം

361(1520) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയ കിഴക്കമ്പലം വില്ലേജ് ഓഫീസ് നിർമ്മാണത്തിന് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 44 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) 23.03.2022-ലെ ജി.ഒ.(ആർ.റ്റി.) നം. 109/2022/പി&ഇഎ ഉത്തരവ് പ്രകാരം വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) വില്ലേജ് ഓഫീസ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) 23.03.2022-ലെ ജി.ഒ. (ആർ.റ്റി.) നം. 109/2022/പി&ഇഎ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസിയായ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന കിഴക്കമ്പലം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ നിശ്ചയിച്ച് 14.06.2022-ന് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളതും നിർമ്മാണ

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

**പുതിയ വില്ലേജ് രൂപീകരണവും ഓഫീസ് കെട്ടിട നിർമാണവും**

362(1521) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ നറുകര വില്ലേജ് വിഭജിച്ച് കരുവമ്പ്രം വില്ലേജ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ബി) എടപ്പറ്റ വില്ലേജ് ഓഫീസിന് പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

എടപ്പറ്റ വില്ലേജ് ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആറ് മാസത്തിനുള്ളിൽ പൂർത്തികരിക്കാൻ കഴിയുമെന്ന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്.

**കുരുവമ്പലം വില്ലേജ് ഓഫീസറുടെ നിയമനം**

363(1522) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ കുരുവമ്പലം വില്ലേജ് ഓഫീസിൽ വില്ലേജ് ഓഫീസർ ദീർഘനാളുകളായി ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിൽ സ്ഥിരം വില്ലേജ് ഓഫീസറുടെ നിയമനം വൈകുന്നത് എന്തുകൊണ്ടാണെന്നും എപ്പോൾ നിയമനം നടക്കുമെന്നും വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. പെരിന്തൽമണ്ണ താലൂക്കിന് കീഴിലെ കുരുവമ്പലം വില്ലേജ് ഓഫീസർ ശ്രീ. എ. മദൻ കുമാർ മലപ്പുറം ജില്ലാ കളക്ടറേറ്റിൽ ഐ.ടി. സെൽ കോർഡിനേറ്റർ തസ്തികയിൽ ജോലിക്രമീകരണ

വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ജില്ലയിലെ ഇ-ഡിസ്ട്രിക്ട്, ReLIS എന്നിവ നടപ്പിലാക്കുന്നതിലേയ്ക്കായി ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിനായി ടിയാനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പെരിന്തൽമണ്ണ താലൂക്കിൽ താരതമ്യേന ചെറുതും തിരക്ക് കുറഞ്ഞതുമായ വില്ലേജാണ് കുരുവമ്പലം എന്നത് കണക്കിലെടുത്ത് തൊട്ടടുത്ത പുലാമന്തോൾ വില്ലേജ് ഓഫീസർക്ക് കുരുവമ്പലം വില്ലേജ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

## വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

364(1523) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ബിൽഡിംഗ് ടാക്സ് തുടങ്ങിയ സർവീസുകൾക്കായി ഇ- ആപ്ലിക്കേഷൻ ഏർപ്പെടുത്തി.

- ലാൻഡ് ടാക്സ് മുതലായവയുടെ അടവിനായി ReLis നടപ്പിലാക്കി.

- പ്രധാന സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് ഏർപ്പെടുത്തി.

- വില്ലേജുകളുടെ നവീകരണത്തിനായി 'സ്മാർട്ട് വില്ലേജ് ' എന്ന പദ്ധതി നിലവിൽ വന്നു.

(ബി) വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവുമൂലം സേവനങ്ങൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി വില്ലേജ് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് എല്ലാ ജില്ലകളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കി സമർപ്പിക്കുന്നതിന്

നിർദേശിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിൽനിന്നും പ്രസ്തുത പ്രൊപ്പോസൽ ലഭ്യമായശേഷം ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) കോഴിക്കോട് താലൂക്ക് ഓഫീസുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഉൾപ്പെടെ കൈകാര്യം ചെയ്യുന്ന ചില സുപ്രധാന സീറ്റുകളിലെ ഒഴിവ് നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ക്ലാർക്കിന്റെ 12 ഒഴിവും സീനിയർ ക്ലാർക്കിന്റെ 4 ഒഴിവുമാണ് നിലവിലുള്ളത്. പ്രസ്തുത ജില്ലയിൽ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ഉദ്യോഗക്കയറ്റം വഴി നിയമിക്കേണ്ട തസ്തികകളിൽ അത്തരത്തിൽ നിയമിച്ചിട്ടുണ്ട്. PSC റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തവയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടുണ്ട്.

## ഭൂമിയുടെ തരംമാറ്റുന്നതിനുള്ള അപേക്ഷകൾ

365(1524) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ റവന്യൂ ഓഫീസുകളിലായി ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകളാണ് തീരുമാനമെടുക്കാതെ കിടക്കുന്നത്; എത്രനാൾ മുതലുള്ള അപേക്ഷകൾ ഇക്കൂട്ടത്തിലുണ്ട്; ജില്ല, ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

- തീരുമാനമെടുക്കാൻ ശേഷിക്കുന്ന ഓഫ് ലൈൻ അപേക്ഷകൾ

  -68118 ( 21.06.2022 വരെ).

- തീരുമാനമെടുക്കാൻ ശേഷിക്കുന്ന ഓൺലൈൻ അപേക്ഷകൾ

  -90719( 21.06.2022 വരെ).

2019 മുതലുള്ള അപേക്ഷകൾ ഇക്കൂട്ടത്തിലുണ്ട്. തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ സംബന്ധിച്ച് ജില്ല, റവന്യൂ ഡിവിഷണൽ ഓഫീസ് എന്നിങ്ങനെ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) അപേക്ഷകളിൽ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനായി എന്തൊക്കെ പ്രത്യേക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായി പുറപ്പെടുവിച്ച 22.02.2022-ലെ സ.ഉ. (കൈ) നം. 56/2022/RD പ്രകാരം അപേക്ഷകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനാവശ്യമായ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിച്ചും ഐ.ടി. അനുബന്ധ ഉപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കിയും സുഗമമായ ഫീൽഡ് പരിശോധനയ്ക്കായി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തിയുള്ള അപേക്ഷ തീർപ്പാക്കൽ നടപടിക്ക് പ്രഥമ പരിഗണനയും നൽകിവരുന്നു.

തരംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും അപേക്ഷകൾ നൽകുന്നതിന് നിലവിൽ ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയും മുൻഗണനാക്രമത്തിന് വിധേയമായി അർഹതപ്പെട്ടവർക്ക് എത്രയുംവേഗം ഭൂമി തരംമാറ്റി കിട്ടുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 1,36,291 ഓഫ് ലൈനും 1,251 ഓൺലൈനും അപേക്ഷകളുൾപ്പെടെ 1,37,732 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

മേൽപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഊർജ്ജിത/തീവ്രയത്ന

പരിപാടികളോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും അപേക്ഷകളിന്മേൽ എകീകൃത നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറും (SOP) തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) ഇതിനായി പ്രത്യേക റവന്യൂ അദാലത്ത് സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിനായി വിവിധ റവന്യൂ ഡിവിഷണൽ ഓഫീസുകളുടെ പരിധിയിൽ ഇതിനകം 119 പ്രത്യേക അദാലത്തുകൾ നടത്തിയിട്ടുണ്ട്. തുടർന്നും അദാലത്തുകൾ നിശ്ചിത കാലയളവുകളിൽ നടത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## പെരിയ വില്ലേജിലെ സ്വകാര്യ ആശുപത്രിക്ക് റവന്യൂ ഭൂമി

366(1525) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയ വില്ലേജിൽ സ്വകാര്യ ആശുപത്രി നിർമ്മാണത്തിനായി ഏതെങ്കിലും സ്ഥാപനത്തിന് റവന്യൂ ഭൂമി വിട്ടുനൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത റവന്യൂ ഭൂമി വിട്ടുനൽകുമ്പോഴുള്ള വ്യവസ്ഥ എന്തായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ വ്യവസ്ഥ പ്രസ്തുത സ്ഥാപനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ റവന്യൂ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്; വിശദമാക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിൽ പെരിയ വില്ലേജിൽ സ്വകാര്യ ആശുപത്രി നിർമ്മാണത്തിനായി ഏതെങ്കിലും സ്ഥാപനത്തിന് റവന്യൂ ഭൂമി വിട്ടുനൽകിയിട്ടില്ല.

**തിരൂരങ്ങാടി വെന്നിയൂരിലെ ഭൂമിയുടെ ഉടമസ്ഥവകാശം**

367(1526) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നഗരസഭയിൽ നടപ്പിലാക്കുന്ന അമൃത് കുടിവെള്ള പദ്ധതിക്ക് 0.0760 ഹെക്ടർ ഭൂമി പാട്ടത്തിന് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം കളക്ടറേറ്റിൽ സി2/3554/2022 പ്രകാരമുള്ള ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത ഭൂമി പാട്ടത്തിന് അനുവദിക്കണമെന്നുള്ള തിരൂരങ്ങാടി നഗരസഭാ സെക്രട്ടറിയുടെ 25.06.2022-ലെ അപേക്ഷ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ തിരൂരങ്ങാടി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത വിഷയത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത നഗരസഭയിലെ വെന്നിയൂർ മില്ലുംപടിയിലെ 340/3, 340/1, തുടങ്ങിയ സർവ്വേ നമ്പറുകളിലുള്ള പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ആരുടെ/ഏത് സ്ഥാപനത്തിന്റെ/ഏത് വകുപ്പിന്റെ പേരിലാണ്; ഈ ഭൂമിയുടെ മൊത്തം അളവ് എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തിരൂരങ്ങാടി വില്ലേജിലെ തിരൂരങ്ങാടി അംശം 340/3-ൽപ്പെട്ട 0.0760 ഹെക്ടർ പുറമ്പോക്ക് ഭൂമി 1983 വരെ നാളതീകരിച്ച റവന്യൂ

റിക്കാർഡ് പ്രകാരം PHED (Public Health Engineering Department) -യുടെ (കേരള ജല അതോറിറ്റി) ഉടമസ്ഥതയിലാണ്. തിരൂരങ്ങാടി വില്ലേജിലെ റീസർവ്വേ 340/1- ൽ ഉൾപ്പെട്ട 5.4560 ഹെക്ടർ ഭൂമിയിൽ നിലവിൽ പുറമ്പോക്ക് ഭൂമിയില്ല. എന്നാൽ പ്രവർത്തനരഹിതമായ തിരൂരങ്ങാടി എല്ലുപൊടി സഹകരണ സംഘത്തിന്റെ പേരിൽ 1.02 ഏക്കർ ഭൂമിയുണ്ട്.

**കോഴിക്കോട് സിവിൽ സ്റ്റേഷനിൽ കാന്റീൻ പ്രവർത്തനം നേരിടുന്ന പ്രയാസങ്ങൾ**

368(1527) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിൽ കാന്റീൻ പ്രവർത്തനത്തിന് നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാന്റീനിൽ മലിനജല നിർമ്മാർജ്ജന സംവിധാനം ഒരുക്കുന്നതിന് ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയതെന്നും സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാന്റീനിലെ മലിനജലം പുറത്തേയ്ക്ക് ഒഴുകുന്ന പ്രശ്നം പരിഹരിക്കുന്നതിനായി 04.06.2022-ന് കാന്റീൻ കമ്മിറ്റി യോഗം ചേർന്നുകൊണ്ട് ശാശ്വത പരിഹാരത്തിനായി പുതിയ STP സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തു. ആയതുപ്രകാരം മലിനജല നിർമ്മാർജ്ജന സംവിധാനത്തിന് പുതിയ STP സ്ഥാപിക്കുന്ന പ്രവൃത്തി കോർപ്പറേഷന്റെ പദ്ധതിയിലുൾപ്പെടുത്തി നടപ്പിൽവരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

**കോട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

369(1528) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം ആര്യവൈദ്യശാലയുടെ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയത്തിൻമേൽ റവന്യൂവകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(ബി) പ്രസ്തുത സ്ഥലങ്ങളുടെ കൈമാറ്റത്തിനായുള്ള ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) 12.07.2013-ലെ സ.ഉ. (എം.എസ്) 297/13/റവ നമ്പർ ഉത്തരവുപ്രകാരം മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ വില്ലേജ് ബ്ലോക്ക് നമ്പർ 39, റീസർവ്വേ നമ്പർ 187/5-ൽപ്പെട്ട കോട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ 22 സെന്റ് ഭൂമിയും ആര്യവൈദ്യശാലയുടെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നമ്പർ 39 റീസർവ്വേ നമ്പർ 188/17-ൽപ്പെട്ട 24 സെന്റ് ഭൂമിയും പരസ്പരം കൈമാറി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആര്യവൈദ്യശാലയുടെ കൈവശത്തിലുള്ള ഭൂമിയും കെ.ഇ.ആർ. വ്യവസ്ഥകൾ അനുസരിച്ച് സ്കൂൾ കെട്ടിടം നിർമ്മിച്ച് നൽകേണ്ടതാണെന്നുൾപ്പെടെയുള്ള നിബന്ധനകളോടെ നിർദ്ദേശിച്ചിരുന്നു. ഭൂമിയുടെ കമ്പോളവില സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ട് പ്രകാരം പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ കമ്പോളവില തുല്യമായതിനാൽ മേൽ ഉത്തരവുപ്രകാരം ഭൂമി കൈമാറ്റം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

12.07.2013-ലെ സ.ഉ. (എം.എസ്) 297/13/റവ. നമ്പർ ഉത്തരവിൽ പ്രസ്തുത സ്ഥലങ്ങളുടെ കൈമാറ്റം സംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കിയിട്ടുള്ളതിനാൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി ഒരു ധാരണാപത്രത്തിൽ ഒപ്പിടേണ്ട ആവശ്യകതയില്ല. ടി ഉത്തരവുപ്രകാരം ഭൂമി കൈമാറുന്നതിനുള്ള തുടർനടപടി സ്വീകരിക്കാൻ 24.06.2022-ലെ എൽ 1/99/2021/റവ. നമ്പർ കത്ത് മുഖേന മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലങ്ങൾ കൈമാറുന്നത് സംബന്ധിച്ച് നിയമ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പും വിശദാംശങ്ങളും ലഭ്യമാക്കുമോ?

നിയമ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

## വില്ലേജ് ഓഫീസുകളിലെ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ മാറ്റുന്നതിന് നടപടി

370(1529) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മണലൂർ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന എളവള്ളി-ബ്രഹ്മക്കുളം, പാവറട്ടി-വെണ്മേനാട്, മുല്ലശ്ശേരി-അന്നകര, വെങ്കിടങ്ങ്-കണ്ടഴിയൂർ-ഇരിമ്പ്രനല്ലൂർ എന്നീ ഗ്രൂപ്പ് വില്ലേജാഫീസുകളിലും വാടാനപ്പള്ളി വില്ലേജ് ഓഫീസിലും ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ലാപ് ടോപ് മുതലായ ഉപകരണങ്ങൾ കാലപ്പഴക്കത്താൽ പ്രവർത്തനക്ഷമമല്ലാതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസ് സേവനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും ലഭിക്കുന്നതിന് പ്രസ്തുത വില്ലേജ് ഓഫീസുകളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ മാറ്റി പകരം ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടിയെടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ വില്ലേജുകളിൽ കാലപ്പഴക്കത്തിൽ പ്രവർത്തനക്ഷമമല്ലാത്ത ഐ.റ്റി. ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്തശേഷം ഗ്യാപ്പ് റിപ്പോർട്ട് സമർപ്പിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം

നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് വില്ലേജ് ഓഫീസുകൾക്കായി ആകെ 267 ലാപ് ടോപ്പുകളും 202 പ്രിന്ററുകളും 20 സ്കാനറുകളും ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ വില്ലേജുകൾക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ടുള്ള ഹാർഡ്‌വെയർ പർച്ചേയ്സ് നടപടികൾ സ്വീകരിച്ച് അവശേഷിക്കുന്ന വില്ലേജുകളെയുംകൂടി ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം, 04.06.2022-ലെ സ.ഉ.(പി)നം.62/2022/ധന. പ്രകാരം റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം ആർ.ഡി.ഒ. ഓഫീസിൽ വസ്തു തരംമാറ്റുന്നതിന് ലഭിച്ച അപേക്ഷകൾ

371(1530) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ വില്ലേജിൽ വസ്തു തരംമാറ്റുന്നതിനായി 2021 ഒക്ടോബർ മാസത്തിൽ അപേക്ഷ സമർപ്പിച്ച് വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും റിപ്പോർട്ടോടെ തിരുവനന്തപുരം ആ.ഡി.ഒ.-യിൽ ഐ/1868/2022 & ഐ/1870/2022 എന്നീ നമ്പരുകളിൽ ജനവരി മാസം നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം ആർ.ഡി.ഒ.-യിൽ നിലവിലുണ്ടായിരുന്ന ഐ/ 1868/2022, ഐ/1870/2022 എന്നീ ഫയലുകൾ പരിഗണിച്ച് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമിക്ക് സ്വഭാവ വ്യതിയാനം അനുവദിച്ചുകൊണ്ട് തിരുവനന്തപുരം സബ്കളക്ടർ ഉത്തരവ് നൽകിയിട്ടുള്ളതാണ്.

(ബി) ഈ അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ കാലതാമസമെടുക്കുന്നതിന് കാരണം വ്യക്തമാക്കാമോ; ഈ അപേക്ഷകൾക്ക് ശേഷമുള്ള ഫയൽ നമ്പരുകളിൽ എത്രയെണ്ണത്തിന് തീർപ്പുകൽപ്പിച്ചു; അവ ഏതെല്ലാം; വ്യക്തമാക്കാമോ?

തിരുവനന്തപുരം ആർ.ഡി. ഓഫീസിൽ നിലവിലുണ്ടായിരുന്ന ഐ/1868/2022, ഐ/1870/2022 എന്നീ രണ്ട് അപേക്ഷകളും പരിഗണിച്ച് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമിക്ക് സ്വഭാവവ്യതിയാനം അനുവദിച്ചുകൊണ്ടുള്ള സബ്കളക്ടറുടെ ഉത്തരവ് നൽകി തീർപ്പാക്കിയിട്ടുള്ളതാണ്.

തിരുവനന്തപുരം റവന്യൂ ഡിവിഷനിൽ 14 സെക്ഷനുകളിലായി 8294 അപേക്ഷകളാണ് നിലവിൽ കൈകാര്യം ചെയ്തുവരുന്നത്. മുൻഗണനാക്രമം പാലിച്ചും നിയമപ്രകാരം സ്വീകരിക്കേണ്ടുന്ന നടപടി പാലിച്ചുമാണ് പ്രസ്തുത അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നത്. ഇപ്രകാരം നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉത്തരവ് നൽകുന്നതിനായി സ്വാഭാവികമായി ഉണ്ടായിട്ടുള്ള കാലതാമസം മാത്രമാണ് ഐ/1868/2022, ഐ/1870/2022 എന്നീ അപേക്ഷകൾ തീർപ്പാക്കുന്നതിലുമുണ്ടായിട്ടുള്ളത്.

ഐ/1868/2022, ഐ/1870/2022 എന്നീ രണ്ട് അപേക്ഷകളും 19.01.2022-നാണ് റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭ്യമായത്. 2022 ജനുവരി 10-നുശേഷം ഓൺലൈൻ അപേക്ഷകൾ മാത്രമാണ്

തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 18 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ആർ.ഡി. ഓഫീസിൽ വസ്തു തരംമാറ്റുന്നതിന് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് നാളിതുവരെ 15782 അപേക്ഷകൾ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ 7488 അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചു.

(ഡി) 2022 ജനുവരി മാസത്തിൽ പ്രസ്തുത ഓഫീസിൽ വസ്തു തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷ ലഭിച്ചുവെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും ഇനി എത്ര അപേക്ഷകൾ തീർപ്പാകാനുണ്ടെന്നും വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് 2022 ജനുവരി മാസത്തിൽ

തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭിച്ച അപേക്ഷകൾ സംബന്ധിച്ച് വില്ലേജ് തിരിച്ചുള്ള കണക്ക് പൂർണ്ണമായി ലഭിച്ചിട്ടുള്ളതല്ല.

(ഇ) 2022 ജനുവരി മാസം ലഭിച്ച മേൽസൂചിപ്പിച്ച ഫയൽ നമ്പർ പ്രകാരമുള്ള അപേക്ഷകൾ എത്രയുംവേഗം തീർപ്പുകൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ആഫീസിൽ ലഭിച്ചിരുന്ന ഐ/1868/2022, ഐ/1870/2022 അപേക്ഷകളിൻമേലുള്ള നടപടി പൂർത്തീകരിച്ചിട്ടുള്ളതാണ്.

**കടുത്തുരുത്തി ബൈപ്പാസിനുവേണ്ടി സ്ഥലം നൽകിയ ജോൺ കുര്യന് നഷ്ടപരിഹാരം നൽകാൻ നടപടി**

372(1531) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി ബൈപ്പാസിനുവേണ്ടി സ്ഥലം വിട്ടുനൽകിയ വകയിൽ നഷ്ടപരിഹാരം കിട്ടാതായ ജോൺ കുര്യൻ, (കാരുണ്യ, ചാലക്കുഴി റോഡ്, പട്ടം, തിരുവനന്തപുരം) ഹൈക്കോടതിയിലും കോട്ടയം അഡീഷണൽ സെഷൻസ് കോടതിയിലും

കേസ്സ് നടത്തി അനുകൂലവിധി സമ്പാദിച്ചിട്ടും (ഐ.എ. നം.1/2017 ഐ.എൻ.എൽ.എ.എ. നം.197/2017 ഇൻ ഹൈ കോർട്ട് ആൻഡ് എൽ.എ.ആർ. നം.10/2014 ഇൻ അഡീഷണൽ സബോർഡിനേറ്റ് കോർട്ട് കോട്ടയം) നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യം പരിശോധിച്ച് നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കോട്ടയം ജില്ലയിൽ കടുത്തുരുത്തി ബൈപ്പാസിനുവേണ്ടി സ്ഥലം വിട്ടുനൽകിയ വകയിൽ നഷ്ടപരിഹാരം വർദ്ധിപ്പിച്ച് കിട്ടുന്നതിനുവേണ്ടി പ്രൊഫസർ ജോൺ കുര്യൻ, CRRA.G.3 ചാലക്കുഴി റോഡ്, പട്ടം (പി.ഒ.) തിരുവനന്തപുരം, കോട്ടയം സബ് കോടതിയിൽ എൽ.എ.ആർ. 10/2014 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. കോട്ടയം സബ് കോടതി അവാർഡ് തുകയേക്കാൾ 842% വർദ്ധന വരുത്തി നഷ്ടപരിഹാരത്തുക പുനർനിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 197/2017 നമ്പറായി ലാൻഡ് അക്വിസിഷൻ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും 2 മാസത്തിനുള്ളിൽ വിധിത്തുകയുടെ 50% അടയ്ക്കണമെന്ന വ്യവസ്ഥയിൽ 2021 ഫെബ്രുവരി 4-ാം തീയതി ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണ്.

തുടർന്ന് 50% വിധിത്തുക ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയായ കോട്ടയം പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. അർത്ഥനാധികാരി ഫണ്ട് അനുവദിക്കുന്നമുറയ്ക്ക് 50% വിധിത്തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) കടുത്തുരുത്തി ബൈപ്പാസിനുവേണ്ടി സ്ഥലം വിട്ടുകൊടുത്ത എല്ലാ സ്ഥലമുടമകൾക്കും നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടോ; ഇനി എത്ര പേർക്ക് ലഭിക്കാനുണ്ട്; ആയതിന്റെ കാരണം വ്യക്തമാക്കാമോ?

കടുത്തുരുത്തി ബൈപ്പാസിന് സ്ഥലം വിട്ടുനൽകിയിട്ടുള്ള എല്ലാ സ്ഥലമുടമകൾക്കും നഷ്ടപരിഹാരം പൂർണ്ണമായും ലഭ്യമായിട്ടുണ്ട്. എന്നാൽ നഷ്ടപരിഹാരം വർദ്ധിപ്പിച്ച് കിട്ടുന്നതിനുവേണ്ടി ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. കേസ്സുകളിൽ താഴെപ്പറയുന്ന കാരണത്താൽ പൂർണ്ണമായും തുക ലഭ്യമാക്കിയിട്ടില്ല.

എൽ.എ.ആർ. 72/13 നമ്പർ കേസിൽ വിധിത്തുകയുടെ ഭൂരിഭാഗവും അടച്ചിട്ടുള്ളതാണ്. എൽ.എ.ആർ. 8/14, 12/15, 5/15, 11/15, 13/15, 82/13, 84/13, 10/14 എന്നീ കേസ്സുകളിൽ 50% വിധിത്തുക അടയ്ക്കണമെന്ന

വ്യവസ്ഥയോടെ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല സ്റ്റേ അനുവദിച്ചെങ്കിലും വിധിത്തുക അർത്ഥനാധികാരിയിൽനിന്നും ലഭ്യമാകാത്തതിനാൽ പ്രസ്തുത തുക നാളിതുവരെ അടയ്ക്കാൻ സാധിച്ചിട്ടില്ല. എൽ എ ആർ. 04/15 നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടെങ്കിലും ഇടക്കാല സ്റ്റേ അനുവദിച്ചുനൽകിയിട്ടില്ല. ബാക്കി എൽ.എ.ആർ. കേസ്സുകളിൽ ഇടക്കാല സ്റ്റേ ഉത്തരവ് പ്രകാരം 50% വിധിത്തുക അടവ് വരുത്തിയിട്ടുണ്ട്.

(സി) ജോൺ കുര്യന് നഷ്ടപരിഹാരം ലഭിക്കുന്നതിനായുള്ള ഫയൽ ചീഫ് എഞ്ചിനീയർ ഓഫീസിലും പൊതുമരാമത്ത് വകുപ്പിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ?

ഉണ്ട്. ചീഫ് എഞ്ചിനീയർ ഓഫീസിലെ ഫയൽ നമ്പർ CEPWD/2186/2022 FR5(F)-RD-ഉം പൊതുമരാമത്ത് വകുപ്പിലെ ഫയൽ നമ്പർ G1/144/2022/PWD-ഉം ആണ്.

(ഡി) ഹൈക്കോടതി വിധിയുണ്ടായിട്ടും സ്ഥലമുടമയ്ക്ക് നഷ്ടപരിഹാരം ലഭ്യമാക്കാത്ത സാഹചര്യം എന്താണെന്ന് വിശദീകരിക്കാമോ; എത്രയുംവേഗം നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

26.06.2021, 14.09.2021, 23.11.2021, 31.03.2022, 09.05.2022 എന്നീ തീയതികളിലെ DCKTM/7836/2016-S2 നമ്പർ കത്തുകൾ പ്രകാരം തുക ലഭ്യമാക്കുന്നതിന് നിരവധി തവണ കോട്ടയം പി.ഡബ്ല്യു.ഡി. റോഡ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ജില്ലാ കളക്ടർ കത്തുകൾ നൽകിയിട്ടുള്ളതാണ്. അർത്ഥനാധികാരി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 50% വിധിത്തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കുട്ടനാട്ടിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കാൻ നടപടി**

373(1532) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ആധുനിക രീതിയിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ മുട്ടാർ, കൈനകരി നോർത്ത് എന്നീ വില്ലേജ് ഓഫീസുകൾ പ്ലാൻ സ്കീം 2021-2022 മുഖാന്തരവും കാവാലം, പുളിങ്കുന്ന്

എന്നീ വില്ലേജാഫീസുകൾ റീബിൽഡ് കേരള പദ്ധതി മുഖാന്തരവും സ്മാർട്ട് ഓഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതമനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് പുതിയ കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

(ബി) റെക്കോർഡുകൾ സൂക്ഷിക്കുന്നതിന് പര്യാപ്തമായതും ജീവനക്കാർക്കും പൊതുജനങ്ങൾക്കും സൗകര്യപ്രദമായതുമായ ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ദിവസവും ജനങ്ങളെത്തുന്ന ഓഫീസെന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് ഓഫീസുകളെ ആധുനീകരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent)

സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

പ്രസ്തുത സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

### വൈപ്പിൻ മണ്ഡലത്തിലെ വഖഫ് ചെയ്യപ്പെട്ട വസ്തുവകകൾ

374(1533) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുഴുപ്പിള്ളി വില്ലേജിൽ വഖഫ് ചെയ്യപ്പെട്ട വസ്തുവകകളുടെ നികുതി സ്വീകരിക്കുക, പോക്കുവരവ് ചെയ്യുക, കൈവശസർട്ടിഫിക്കറ്റ് നൽകുക ഉൾപ്പെടെയുള്ള നടപടി

ചെയ്യുരുതെന്ന് ആവശ്യപ്പെട്ട് കേരള സ്റ്റേറ്റ് വഖഫ് ബോർഡ് കത്ത് നൽകിയതിനെത്തുടർന്ന് വർഷങ്ങളായി തീറായി ലഭിച്ച് കൈവശംവച്ച് അനുഭവിച്ചുവരുന്ന വസ്തുവകകളുടെ കരം സ്വീകരിക്കാതിരിക്കുകയും അതുവഴി വിവാഹം, വിദ്യാഭ്യാസം, ചികിത്സാചെലവ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായും പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചി താലൂക്ക് പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജിൽപ്പെട്ട വഖഫ് ഭൂമിക്ക് അന്യവ്യക്തികളിൽനിന്നും നികുതി സ്വീകരിക്കുകയോ പ്രസ്തുത ഭൂമിക്ക് കൈവശസർട്ടിഫിക്കറ്റ് നൽകുകയോ പോക്കുവരവ് നടത്തി നൽകുകയോ ചെയ്യുരുതെന്നറിയിച്ചുകൊണ്ട് കേരള വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂനികുതി സ്വീകരിക്കാതിരുന്നത്.

(ബി) വഖഫായി ലഭിച്ച വസ്തുവകകൾ വഖഫിനെക്കുറിച്ച് അറിയുന്നവർതന്നെ വർഷങ്ങൾക്ക് മുമ്പ് തീറായി നൽകിയതും രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകൾ രജിസ്ട്രേഷനും പോക്കുവരവും കരം സ്വീകരിക്കലുമെല്ലാം നടത്തി സാധാരണ ജനവിഭാഗത്തിന് നിരവധി

തവണ നിയമാനുസൃതം കൈമാറ്റങ്ങൾ നടത്തി ഉടമസ്ഥാവകാശം ഉറപ്പിച്ച് കൊടുത്തതുമായ വസ്തുവകകളുടെ കരം സ്വീകരിക്കലുൾപ്പെടെയുള്ള നടപടിക്രമങ്ങൾ നിർത്തിവച്ചിട്ടുള്ളതിന് കാരണം വ്യക്തമാക്കാമോ?

കൊച്ചി താലൂക്ക് കുഴുപ്പിള്ളി വില്ലേജ് പഴയ സർവ്വേ18/1-4-ൽപ്പെട്ട 404 ഏക്കർ 76 സെന്റ് ഭൂമി ഫാറൂഖ് കോളേജിനുവേണ്ടി കൊച്ചി താലൂക്ക് മട്ടാഞ്ചേരി വില്ലേജ് ബംഗ്ലാശ്ശേരി ബംഗ്ലാവിൽ ഇരിക്കും മുസൽമാൻ ഹാജി ഹാബു സേട്ട് മകൻ മുഹമ്മദ് സിദ്ധിഖ് സേട്ട് വഖഫ് ആധാരമെഴുതി നൽകിയിട്ടുള്ളതാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കല്ലാതെ ഇതിൽപ്പെട്ട വകകളും അതിൽനിന്നുള്ള അദായവും ഉപയോഗിക്കുന്നതിന് അവകാശമില്ലായെന്നും ഏതെങ്കിലും കാലത്ത് കോളേജ് നടപ്പിലില്ലാതെ വരികയാണെങ്കിൽ ഇതിൽപ്പെട്ട വസ്തുവകകൾ തിരിച്ചെടുക്കുന്നതിന് ആധാരം എഴുതിക്കൊടുത്ത ആളുടെ പിൻതുടർച്ചാവകാശികൾക്ക് അധികാരമുണ്ടെന്ന് 2115/1950-ാം നമ്പർ ആധാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ആവശ്യപ്രകാരവും ജില്ലാ ഓഫീസറുടെ

നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് ഭൂനികുതി സ്വീകരിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ നിർത്തിവച്ചിട്ടുള്ളത്.

(സി) ഇതുസംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ റവന്യൂ വകുപ്പ് മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്മേലും (ഫയൽ നം.217/ഇ 3/2022/ആർ.ഡി.) പ്രദേശവാസികൾ സമർപ്പിച്ച നിവേദനത്തിലും (ഫയൽ നം.97/എഫ്.1/2022/ആർ.ഡി.) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

E3/217/2022/REV, F1/97/2022/REV നമ്പർ ഫയലുകളിൽ യഥാക്രമം ലാൻഡ് റവന്യൂ കമ്മീഷണറുടെയും സംസ്ഥാന വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും വിശദമായ റിപ്പോർട്ട് തേടിയിരിക്കുകയാണ്.

## കോഴിക്കോട് ജില്ലയിലെ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട അപേക്ഷകൾ

375(1534) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്: വിശദമാക്കാമോ?

ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ഓഫ്‌ലൈനായും ഓൺലൈനായും ലഭിച്ച അപേക്ഷകളിൽ 21.06.2022 വരെ, 14947 അപേക്ഷകൾ (ഓഫ്‌ലൈൻ-4643, ഓൺലൈൻ-10304) തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി വകുപ്പ് തലത്തിൽ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

22.02.2022-ലെ സ.ഉ.(കൈ)നം.56/2022/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനാവശ്യമായ ജീവനക്കാരെ എംപ്ലോയ്‌മെന്റ്

എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിക്കുന്നതിനും ഐ.ടി. അനുബന്ധ ഉപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും സുഗമമായ ഫീൽഡ് പരിശോധനയ്ക്കായി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്.

തരംമാറ്റ അപേക്ഷകൾ സംബന്ധിച്ച ഫയൽ തീർപ്പാക്കൽ നടപടിക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ട് അദാലത്തുകൾ നടത്തി അതിന് നടപടി സ്വീകരിച്ചുവരുന്നു. തരംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും അപേക്ഷകൾ നൽകുന്നതിന് നിലവിൽ ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയും മുൻഗണനാക്രമത്തിന് വിധേയമായി അർഹതപ്പെട്ടവർക്ക് എത്രയുംവേഗം ഭൂമി തരംമാറ്റി കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള ഫയൽ തീർപ്പാക്കൽ നടപടി പുരോഗതിയിലാണ്.

## തിരുവനന്തപുരം ആർ.ഡി.ഒ. കോടതിയിൽ നിന്ന് സ്വർണം കാണാതായ സംഭവം

376(1535) ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

<u>ശ്രീ പി സി വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.ഡി.ഒ. കോടതിയിൽ സൂക്ഷിച്ചിരുന്ന 139 പവനോളം സ്വർണ്ണം കാണാതായ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ: അന്വേഷണത്തിലെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രസ്തുത സംഭവത്തിൽ തിരുവനന്തപുരം എ.ഡി.എം., സബ്കളക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എന്നിവരെ ഉൾപ്പെടുത്തി അന്വേഷണസംഘം രൂപീകരിച്ചിരുന്നതും പ്രസ്തുത സമിതി 10.06.2022-ന് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നതുമാണ്. കൂടാതെ പേരൂർക്കട എസ്.എച്ച്.ഒ. 600/22/എഫ്-112 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്തിരുന്ന കേസിൽ കുറ്റക്കാരനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിലെ മുൻ

സീനിയർ സൂപ്രണ്ടായ ശ്രീ. ശ്രീകണ്ഠൻ നായരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി ടിയാനെ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്.

(സി) പ്രസ്തുത സംഭവത്തിന് പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് ആക്ഷേപമുയർന്ന സാഹചര്യത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് സമഗ്ര അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(ഡി) സമാനമായ തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ പരിശോധനാ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ തയ്യാറാകുമോ; വിശദമാക്കാമോ?

റവന്യൂ വകുപ്പിന്റെ കീഴിലുള്ള പരിശോധനാ വിഭാഗങ്ങളുടെ സഹായത്തോടെ ഇനി ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

## ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി

377(1536) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടോത്ത് ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

കോടോത്ത് ഗവൺമെന്റ് ഐ.ടി.ഐ. നിർമ്മിക്കുന്നതിനായി വെള്ളരിക്കുണ്ട് താലൂക്ക് കോടോത്ത് വില്ലേജിലെ റീ.സ.നം. 1/42/എ 1 ബി-ൽപ്പെട്ട 1.10 ഏക്കർ ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറണമെന്നുള്ള വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറുടെ അപേക്ഷയിന്മേൽ ഭൂമി കൈമാറ്റ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ടെങ്കിൽ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) കെട്ടിടനിർമാണത്തിന് ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകി സ്ഥലം അനുവദിക്കൽ നടപടികൾ വേഗത്തിലാക്കാമോ എന്നറിയിക്കാമോ?

(ബി&സി) പ്രസ്തുത ഭൂമി ഉൾക്കൊള്ളുന്ന നാല് ഏക്കർ ഭൂമി മാധവിക്കുട്ടി എന്ന ആളുടെ പേരിൽ പതിച്ച് നൽകിയിരുന്നതും ടി കക്ഷി മരണപ്പെട്ടതോടെ അവകാശികളില്ലാതെ കാടുപിടിച്ച് കിടന്നിരുന്നതുമാണ്. പ്രസ്തുത ഭൂമി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിനായി കേരള അന്യം നിൽപ്പ് കണ്ടുകെട്ടൽ നിയമം 1964 പ്രകാരം സർക്കാരിലേയ്ക്ക് മുതൽക്കൂട്ടി ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ചട്ടപ്രകാരം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഭൂപതിവ് ചട്ടങ്ങളുടെ ഭേദഗതി**

378(1537) <u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതി വരുത്താൻ സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഭൂപതിവ് ചട്ട ഭേദഗതി സംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) 1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടങ്ങളിൽ കാലോചിതമായി ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചുവരികയാണ്. എന്നാൽ പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ ചേർന്നിട്ടുള്ളതും ഈ വിഷയത്തിലുള്ള നിയമപരമായ പ്രശ്നങ്ങൾ പരിശോധിച്ചുവരികയുമാണ്.

## പേരാമ്പ്ര റെഗുലേറ്റിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ സ്ഥലം സംബന്ധിച്ച കേസ്

379(1538) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കൈവശമുള്ള പേരാമ്പ്ര റെഗുലേറ്റിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ സ്ഥലം സംബന്ധിച്ച് എന്തെങ്കിലും കേസ് ഹൈക്കോടതിയിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കൊയിലാണ്ടി താലൂക്ക് മേഞ്ഞാണ്യം വില്ലേജിൽ പേരാമ്പ്ര ടൗണിൽ മലബാർ മാർക്കറ്റിംഗ് സൊസൈറ്റിക്കുവേണ്ടി 1.43 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. കമ്മിറ്റി പ്രവർത്തനം അവസാനിപ്പിച്ചതിനെ തുടർന്ന് മുൻ ഭൂവുടമകളിൽനിന്ന് നിലവിലുള്ള മാർക്കറ്റ് വിലയും പലിശയും ഈടാക്കി ഭൂമി തിരികെ നൽകുന്നതിന് 29.07.2003-ലെ സ.ഉ. (സാധാ)2219/03/റവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കക്ഷികൾ പ്രസ്തുത തുക ഒടുക്കി ഭൂമി പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാൽ 16.09.2019-ലെ സ.ഉ. (സാധാ)2539/2019/റവ, 11.12.2019-ലെ സ.ഉ.(സാധാ)3708/2019/റവ എന്നിവ പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുത്ത് കയ്യേറ്റങ്ങൾ ഇല്ലാതെ സംരക്ഷിക്കാൻ ഉത്തരവായിരുന്നു. ആയതുപ്രകാരം ഭൂമി ഏറ്റെടുത്ത് ജില്ലാ

കളക്ടർ നടപടി പൂർത്തീകരിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ മുൻ ഭൂവുടമകളുടെ അനന്തരാവകാശികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി. 26933/2019 ഹർജിയിലെ 10.10.2019-ലെ ഇടക്കാല വിധിയിൽ പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതാണ്. സ്റ്റേ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സത്യവാങ്മൂലം സർക്കാർ കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്.

(ബി) കേസിൽ അഫിഡവിറ്റ് സമർപ്പിക്കുന്നതിനായി ഗവൺമെന്റ് പ്ലീഡർ എന്തെങ്കിലും രേഖ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖ നൽകിയിട്ടുണ്ടോ?

ആവശ്യപ്പെട്ടിരുന്നു. ആയത് നൽകിയിട്ടുള്ളതുമാണ്.

(സി) കോടികൾ വിലമതിക്കുന്ന പ്രസ്തുത ഭൂമി സർക്കാരിൽ തന്നെ നിലനിർത്തുന്ന കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## തിരുവനന്തപുരം ആർ.ഡി.ഒ. കോടതിയിലെ തൊണ്ടിമുതൽ കാണാതായ സംഭവം

380(1539) <u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീമതി ഉമ തോമസ്</u>:
<u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.ഡി.ഒ. കോടതിയിൽ 2017 മുതൽ 2021 ഫെബ്രുവരി വരെയുള്ള തൊണ്ടിമുതൽ എ.ജി. ഓഡിറ്റ് നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത ഓഡിറ്റിൽ എല്ലാം സുരക്ഷിതമാണെന്ന് എ.ജി. റിപ്പോർട്ട് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

2021 ജനുവരി മാസം 28-ാം തീയതി ഓഡിറ്റ് ചെയ്തിരുന്നു. ടി ഓഡിറ്റ് റിപ്പോർട്ടിൽ "Articles seized upto December 2017 were transferred to the Sub Treasury on 16.09.2015 (3 boxes) and 08.01.2018 (3 boxes) due to shortage of space in the office chest" എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

(ബി) എ. ജി. ഓഡിറ്റിന് ശേഷമാണോ ആർ.ഡി.ഒ. കോടതിയിൽ സൂക്ഷിച്ചിരുന്ന 139 പവനോളം സ്വർണ്ണം കാണാതായതായി പറയപ്പെടുന്ന സംഭവം നടന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

പോലീസ് അന്വേഷണത്തിൽനിന്നും അപ്രകാരമാണ് വ്യക്തമാവുന്നത്.

(സി) തൊണ്ടിമുതലിന്റെ കസ്റ്റോഡിയൻ ആരാണെന്നും പ്രസ്തുത കസ്റ്റോഡിയൻ തൊണ്ടിമുതൽ പരിശോധിക്കാറുണ്ടോയെന്നും വ്യക്തമാക്കാമോ?

തൊണ്ടിമുതലിന്റെ കസ്റ്റോഡിയൻ റവന്യൂ ഡിവിഷണൽ ഓഫീസിലെ സീനിയർ സൂപ്രണ്ടാണ്. 08.08.2017-നാണ് അവസാനമായി കസ്റ്റോഡിയൻ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയത്.

(ഡി) എങ്കിൽ ഈ പരിശോധനയിൽ തട്ടിപ്പ് കണ്ടെത്താത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

08.08.2017-ന് നടത്തിയ പരിശോധനയിൽ തൊണ്ടി മുതൽ ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ലായിരുന്നു എന്ന് അന്നത്തെ സീനിയർ സൂപ്രണ്ട് മൊഴി നൽകിയിട്ടുള്ളതും, തൊണ്ടിമുതൽ നഷ്ടപ്പെട്ടത് ആയതിനുശേഷമാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതുമാണ്.

## തിരുവനന്തപുരത്തുവച്ച് നടന്ന എറണാകുളം ജില്ലയിലെ എം.എൽ.എ.മാരുടെ യോഗം

381(1540) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മണ്ഡലങ്ങളുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് 2021 ഓഗസ്റ്റ് മാസം വകുപ്പുമന്ത്രി ജില്ലയിലെ എം.എൽ.എ.മാരുടെ യോഗം വിളിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വിഷൻ&മിഷൻ 2021-26 എന്ന പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ നിയമസഭാ സാമാജികരുടെ ഒരു യോഗം 05.08.2021-ന് തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽ വച്ച് കൂടിയിരുന്നു. ടി യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) യോഗത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് അങ്കമാലി നിയമസഭാംഗം ആറ് കാര്യങ്ങൾ പ്രതിപാദിച്ച് നൽകിയ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബഹുമാനപ്പെട്ട എം.എൽ.എ.-മാർ വിഷൻ & മിഷൻ 2021-26-മായി ബന്ധപ്പെട്ട് നൽകിയ ശുപാർശകളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി റവന്യൂ ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുള്ളതാണ്. അങ്കമാലി നിയോജകമണ്ഡലത്തിലെ നിയമസഭാംഗം എഴുതി നൽകിയ 6 കേസ്സുകളിൽ നാളിതുവരെ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

ആവശ്യം -1 :അങ്കമാലിയിൽ തുറവൂർ വില്ലേജിൽ 3.5 ഏക്കർ സർക്കാർ പുറമ്പോക്കുമായി ബന്ധപ്പെട്ട ഒരു കേസ് നിലവിലുണ്ട്. ഈ കേസ് അഡ്വക്കേറ്റ് ജനറലുമായി ചർച്ചചെയ്ത് കോടതിയിലെത്തിച്ച് പരിഹാരം കാണണം. വിവിധ പദ്ധതികൾ ഈ കേസ് കാരണം മുടങ്ങിക്കിടക്കുന്നു. ഇതിന് പരിഹാരം കാണണം.

സ്വീകരിച്ച നടപടി :ടി കേസ് ലിസ്റ്റിലുൾപ്പെടുത്തി അടിയന്തരമായി പരിഗണിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ 01.11.2021, 07.01.2022 എന്നീ തീയതികളിൽ L8.2081/2020 നമ്പരായി കത്ത് നൽകിയിട്ടുണ്ട്.

ആവശ്യം -2: മലയാറ്റൂർ-നീലേശ്വരം പഞ്ചായത്തിൽ FOREST INDUSTRIES TRAVANCORE LTD കൈവശം വച്ചിരിക്കുന്ന സ്ഥലത്ത് പൊതുകളിസ്ഥലം നിർമ്മിക്കുന്നതിനായി അനുവാദം നൽകുന്നത് സംബന്ധിച്ച്.

സ്വീകരിച്ച നടപടി: ആലുവ തഹസിൽദാരുടെ 27.10.2022-ലെ സി5.118/18 നമ്പർ റിപ്പോർട്ട് പ്രകാരം FIT (FOREST INDUSTRIES TRAVANCORE LTD)-ന് കുത്തകപാട്ടത്തിന് നൽകിയിരുന്നതും സർക്കാരിലേയ്ക്ക് തിരിച്ചെടുത്തതുമായ ഭൂമിയിൽ പതിവുകൾ കഴിഞ്ഞ് ബാക്കി 80.94 ആർ സ്ഥലം സർക്കാർ യു.പി. സ്കൂളിന് കൈമാറുന്നതിനുള്ള നടപടിയിൽ ഇരിക്കുന്നതുമാണ്.

ആവശ്യം-3: മലയാറ്റൂർ-നീലേശ്വരം പഞ്ചായത്തിൽ കൊറ്റമം കമ്പനിപ്പടി ഭാഗത്ത് പെരിയാറിനോട് ചേർന്ന പുറമ്പോക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച്.

സ്വീകരിച്ച നടപടി: എം.എൽ.എ.യുമായി വില്ലേജ് ഓഫീസർ സംസാരിച്ച് FIT-യിൽനിന്നും സർക്കാർ ഏറ്റെടുത്തതും വിവിധ വകുപ്പുകൾക്ക് കൈമാറി ബാക്കി വരുന്നതുമായ കാലടി വില്ലേജിൽ കൊറ്റമം

കമ്പനിപ്പടി ഭാഗത്തെ പെരിയാറിനോട് ചേർന്ന ബ്ലോക്ക് 25 റീസർവ്വേ 257/6, 291/2,3,4 ൽപ്പെട്ട 23.77 ആർ പുറമ്പോക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയർക്ക് ഫയൽ കൈമാറിയിട്ടുണ്ട്; വിവരം എം.എൽ.എ.-യെ അറിയിച്ചിട്ടുമുണ്ട്.

ആവശ്യം -4:അയ്യമ്പുഴ വില്ലേജിലെ പാണ്ടുപ്പാറയിലെ 120-ഓളം കുടുംബങ്ങൾക്ക് പട്ടയം നിലവിലില്ല. ഇത് നൽകാനുള്ള നടപടി സ്വീകരിക്കണം

സ്വീകരിച്ച നടപടി: എറണാകുളം ജില്ലാ കളക്ടർ L 2-46675/04 നമ്പർ കത്തുകൾ പ്രകാരം 21.01.22016, 10.12.2021 എന്നീ തീയതികളിൽ ലാൻഡ് റവന്യൂ കമ്മീഷർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ആവശ്യം-5: കറുകുറ്റി വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച്.

സ്വീകരിച്ച നടപടി: കറുകുറ്റി വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം മഴക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്ന ഉറപ്പില്ലാത്ത നിലമാണ്. എന്നിരുന്നാലും സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് പരിഗണിക്കാമെന്ന്

തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട ഈ വിഷയത്തിൽ പ്രൊപ്പോസൽ നൽകാൻ ഹൗസിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകി. വിവരം എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

ആവശ്യം-6: മണ്ഡലത്തിലെ തകർന്നുവീഴാറായ വില്ലേജ് ഓഫീസുകൾ പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് .

സ്വീകരിച്ച നടപടി: ആലുവ താലൂക്കിലെ അയ്യമ്പുഴ, മലയാറ്റൂർ, മാറ്റൂർ, നെടുമ്പാശ്ശേരി വില്ലേജ് ഓഫീസുകൾ Rebuild Kerala Initiative-ൽ ഉൾപ്പെടുത്തി സംസ്ഥ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ചൂർണിക്കര വാടാകമ്പം, ചെങ്ങമനാട്, കറുകുറ്റി, തുറവൂർ വില്ലേജ് എന്നിവ സ്മാർട്ടാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എം.എൽ.എ.-യ്ക്ക് മറുപടി നൽകിയിട്ടുള്ളതാണ്.

(സി) പ്രസ്തുത യോഗത്തിന് തുടർച്ചയായി റിവ്യൂ യോഗങ്ങൾ വീണ്ടും ചേരുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജില്ലാ നോഡൽ ഓഫീസർമാരുടെ തുടർയോഗങ്ങൾ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നടത്തിയും നിർദ്ദേശങ്ങൾ നൽകിയും 100% പുരോഗതി കൈവരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. വിഷൻ & മിഷൻ 2021-26 ഭാഗമായുള്ള എറണാകുളം ജില്ലാതല രണ്ടാം റവന്യൂ അസംബ്ലി 07.07.2022-ൽ ഐ.എൽ.ഡി.എം. (Institute of Land and Disaster Management)-ൽ ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ കഴിഞ്ഞ അസംബ്ലിയിലെ വിഷയങ്ങൾ റിവ്യൂ ചെയ്യുന്നതാണ്.

**കെ-റെയിൽ സാമൂഹികാഘാത പഠനത്തിന് ജി.പി.എസ്. സർവ്വേ**

382(1541) ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ സാമൂഹ്യാഘാത പഠനത്തിന് മുന്നോടിയായുള്ള കല്ലിടൽ നിർത്തി പകരം ജി.പി.എസ്. സംവിധാനത്തിലൂടെ സർവ്വേ നടത്താൻ റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച ഉത്തരവ് റവന്യൂ വകുപ്പ് പുറത്തിറക്കിയിട്ടുണ്ടോ ?

(എ&ബി) നിർദ്ദിഷ്ട പദ്ധതി കടന്നുപോകുന്ന സ്ഥലങ്ങളിലെ ബാധിക്കപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി കൃത്യമായ വിവരശേഖരണം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനുവേണ്ടി കെ-റെയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കല്ലുകൾ (boundary stones) സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി.

കല്ലിടൽ താമസിക്കുന്നതുമൂലം സാമൂഹ്യ പ്രത്യാഘാത പഠനം മന്ദഗതിയിലായിരിക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ, കെ.ആർ.ഡി.സി.എൽ. 05.05.2022-ലെ KRDCL/LA/16/2022-ാം നമ്പർ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. +/-10 cm സൂക്ഷ്മതയോടെയുള്ള LiDAR സർവ്വേ സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് പദ്ധതിയുടെ അലൈൻമെന്റ് അന്തിമമാക്കിയിരിക്കുന്നതെന്നും അതുകൊണ്ടുതന്നെ GPS സൗകര്യമുള്ള മൊബൈൽ ഫോൺ വഴിയോ DGPS സർവ്വേ ഉപകരണം വഴിയോ അലൈൻമെന്റ് കണ്ടെത്താൻ കഴിയുമെന്നും ആയതിനാൽ ഭൂവുടമകൾ

സമ്മതം നൽകുന്ന പ്രദേശങ്ങളിൽ കല്ലിടാവുന്നതും അല്ലാത്ത സ്ഥലങ്ങളിൽ നിയമപരമായി സാധുവാണെങ്കിൽ ജിയോ ടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകാൻ ആവശ്യപ്പെടുകയുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിൽ കല്ലുകൾ സ്ഥാപിക്കുന്നതുകൂടാതെ ജിയോ ടാഗിംഗ് ഉപയോഗിക്കുന്നതിനും വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്തി മുന്നോട്ടുപോകുന്നതിന് 16.05.2022-ലെ REV-B2/153/2022-REV നമ്പർ കത്ത് പ്രകാരം മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) കല്ലിടൽ നിർത്തിവയ്ക്കണമെന്ന നിർദ്ദേശമില്ലെന്ന് കെ-റെയിൽ അധികൃതർ വ്യക്തമാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വസ്തുത വിശദമാക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭൂമിയുടെ വിസ്തീർണ്ണം ക്രമവൽക്കരിക്കൽ**

383(1542) <u>ഡോ. എം. കെ. മുനീർ</u>:<br><u>ശ്രീ . മഞ്ഞളാംകുഴി അലി</u>:

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേയ്ക്കുശേഷം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൂടിയെന്ന് കണ്ടെത്തിയാൽ അത് ക്രമവൽക്കരിച്ച് നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെ ക്രമവൽക്കരിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ?

(എ&ബി) റീസർവ്വേയിൽ വിസ്തീർണ്ണ വർദ്ധനവ് വരുന്ന കേസ്സുകളിൽ റീസർവ്വേയ്ക്ക് മുൻപ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിൽ കരമൊടുക്കി നൽകുന്നതിന് സമ്മതമാണെന്നറിയിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21.04.2022-ലെ സ.ഉ. (കൈ) നം. 110/2022/റവന്യൂ പ്രകാരം അനുമതി നൽകിയിരുന്നു. റീസർവ്വേയിൽ വരുന്ന അധിക വിസ്തീർണ്ണം ക്രമവൽക്കരിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഇപ്രകാരം ക്രമവൽക്കരിക്കുന്നതിലൂടെ അധിക റവന്യൂ വരുമാനം പ്രതീക്ഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യത്തിൽ പരിശോധന ആവശ്യമാണ്.

**ഡിജിറ്റൽ സർവ്വേ**

384(1543) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡിജിറ്റൽ സർവ്വേയിലൂടെ തയ്യാറാക്കുന്ന വിവരങ്ങൾ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ഉപയോഗപ്പെടുത്താനാവുകയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, ദുരന്ത നിവാരണ വകുപ്പ് ഉൾപ്പെടെ വിവിധ ഏജൻസികൾക്ക് ഡിജിറ്റൽ മാപ്പ് അടിസ്ഥാന രേഖയായി ലഭ്യമാക്കുക, സർവ്വേ സ്കെച്ച് ഉൾപ്പെടെ പോക്കുവരവ് രേഖ സാധ്യമാക്കുക എന്നിവയാണ് ഡിജിറ്റൽ സർവ്വേയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഡിജിറ്റൽ സർവ്വേയിലൂടെ സംസ്ഥാനത്തിന്റെ ഒട്ടാകെയുള്ള GIS (Geographic Information System) മാപ്പ് തയ്യാറാക്കുന്നതിലൂടെ Kerala

Land Use Board, സംസ്ഥാന ദുരന്തനിവാരണം, കൃഷി, പൊതുമരാമത്ത്, ജലസേചനം തുടങ്ങിയ വകുപ്പുകൾക്കും ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ഏകോപനം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികൾക്കും ടി റിക്കാർഡുകൾ പ്രയോജനപ്പെടുന്നതാണ്. ഇപ്രകാരം ഇതൊരു അടിസ്ഥാന രേഖയായി കണക്കാക്കി മറ്റ് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുന്നതാണ്. ഡിജിറ്റൽ സർവ്വേയിലൂടെ ലഭിക്കുന്ന ഭൂമിയുടെ ടോപോഗ്രാഫിക് വിശദാംശങ്ങൾ ഭൂമിയുടേയും ഭൂവിഭവങ്ങളുടേയും വിനിയോഗം സംബന്ധിച്ച എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാനും ആവശ്യമുള്ളവർക്ക് നൽകാനും കഴിയും.

**കെ-റെയിൽ കല്ലിടൽ**

385(1544) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ കല്ലിടലുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഭാഗത്തുനിന്ന് പ്രതിഷേധങ്ങൾ ഉയർന്ന സാഹചര്യത്തിൽ ജി.പി.എസ്.

സംവിധാനം ഉപയോഗിച്ച് അതിരടയാളം നിശ്ചയിക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ചൂണ്ടിക്കാട്ടി കെ-റെയിൽ എം.ഡി. റവന്യൂ വകുപ്പിന് കത്ത് നൽകിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത കത്തിലെ ഉള്ളടക്കം വിശദമാക്കാമോ;

(സി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിലാണോ കെ-റെയിൽ പദ്ധതിയുടെ ഭാഗമായ കല്ലിടൽ നിർത്തിക്കൊണ്ട് റവന്യൂ വകുപ്പ് ഉത്തരവ് പുറത്തിറക്കിയതെന്ന് വ്യക്തമാക്കാമോ?

(എ-സി) നിർദ്ദിഷ്ട പദ്ധതി കടന്നുപോകുന്ന സ്ഥലങ്ങളിലെ ബാധിക്കപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി കൃത്യമായ വിവരശേഖരണം സാമൂഹ്യാഘാത പഠനം നടത്തുന്നതിനുവേണ്ടി കെ-റെയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കല്ലുകൾ (boundary stones) സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി.

കല്ലിടൽ താമസിക്കുന്നതുമൂലം സാമൂഹ്യാഘാത പഠനം മന്ദഗതിയിലായിരിക്കുകയാണെന്ന് മാനേജിംഗ് ഡയറക്ടർ, കെ.ആർ.ഡി.സി.എൽ. 05.05.2022-ലെ KRDCL/LA/16/2022-ാം നമ്പർ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. +/-10

cm സൂക്ഷ്മതയോടെയുള്ള LiDAR സർവ്വേ സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് പദ്ധതിയുടെ അലൈൻമെന്റ് അന്തിമമാക്കിയിരിക്കുന്നതെന്നും അതുകൊണ്ടുതന്നെ GPS സൗകര്യമുള്ള മൊബൈൽ ഫോൺ വഴിയോ DGPS സർവ്വേ ഉപകരണം വഴിയോ അലൈൻമെന്റ് കണ്ടെത്താൻ കഴിയുമെന്നും ആയതിനാൽ ഭൂവുടമകൾ സമ്മതം നൽകുന്ന പ്രദേശങ്ങളിൽ കല്ലിടാവുന്നതും അല്ലാത്ത സ്ഥലങ്ങളിൽ നിയമപരമായി സാധുവാണെങ്കിൽ ജിയോ ടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിൽ കല്ലുകൾ സ്ഥാപിക്കുന്നതുകൂടാതെ ജിയോ ടാഗിംഗ് ഉപയോഗിക്കുന്നതിനും വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്തി സർവ്വേ മുന്നോട്ട് പോകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## **കണ്ണമ്പ്ര പഞ്ചായത്തിലെ ക്രാഫ്റ്റ് വില്ലേജ്-സർവ്വേ നടപടികൾ**

386(1545) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കണ്ണമ്പ്ര പഞ്ചായത്തിൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ക്രാഫ്റ്റ് വില്ലേജിനായിട്ടുള്ള സ്ഥലത്തിന്റെ സർവ്വേ നടപടി റവന്യൂ വകുപ്പ് പൂർത്തിയാക്കിട്ടുണ്ടോ?

കണ്ണമ്പ്ര-1 വില്ലേജിലെ ബ്ലോക്ക്-35 റീ. സ. ന. 422/1 മുതൽ 9 വരെയുള്ള സർവ്വേ നമ്പറുകളിലുൾപ്പെടുന്ന 1.7075 ഹെക്ടർ സ്ഥലം സർവ്വേ നടത്തുന്നതിനായി സർവ്വേ ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വേ പൂർത്തിയാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത സർവ്വേ നടപടി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ:

(ഡി) ക്രാഫ്റ്റ് വില്ലേജിനായിട്ടുള്ള സ്ഥലം സർവ്വേ നടത്തുന്നതിന് സർക്കാരിൽനിന്നും കളക്ടറേറ്റിൽ നിർദ്ദേശം ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ക്രാഫ്റ്റ് വില്ലേജ് നിർമ്മാണത്തിനായി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് 1.7075 ഹെക്ടർ ഭൂമി കൈമാറുന്നത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാൻ 05.11.2021-ലെ 77/എൽ1/2021/റവ. നമ്പർ കത്ത് പ്രകാരം പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിൻപ്രകാരം 11.07.2022-ന് റവന്യൂ സർവ്വേ വകുപ്പുകളുടെ സംയുക്ത പരിശോധന നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധന കഴിയുന്ന മുറയ്ക്ക് സർവ്വേ നടപടി പൂർത്തീകരിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

387(1546) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിൽ തൃശ്ശൂർ, ചാവക്കാട്, കുന്നംകുളം എന്നീ താലൂക്കുകളിലെ 23 വില്ലേജുകൾ ഉൾപ്പെട്ടുവരുന്നതിൽ ചൂണ്ടൽ, ഏരനെല്ലൂർ എന്നീ വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ ചൂണ്ടൽ വില്ലേജ് 01.01.1995-ലും, ഏരനെല്ലൂർ വില്ലേജ് 01.11.1994-ലും റീസർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വേ നടപടികൾ ആരംഭിക്കാനുണ്ട്; പ്രസ്തുത വില്ലേജുകളിൽ റീസർവ്വേ നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ ഉടൻ റീസർവ്വേ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) മണലൂർ നിയോജകമണ്ഡലത്തിലെ മനക്കൊടി, വെളുത്തൂർ, പരക്കാട്, എറവ്, മണലൂർ, കാരമുക്ക്, വാടാനപ്പിള്ളി, വെങ്കിടങ്ങ്, കുണ്ടലിയൂർ, ഇരിമ്പ്രനെല്ലൂർ, മുല്ലശ്ശേരി, അന്നകര, പാവറട്ടി, വെൺമനാട്, എളവള്ളി, ബ്രഹ്മകുളം, തൈക്കാട്, ചാവക്കാട്, കണ്ടാണശ്ശേരി, ആളൂർ, ചിരനെല്ലൂർ എന്നീ 21 വില്ലേജുകളുടെ റീസർവ്വേ

നടപടികൾ ആരംഭിക്കാനുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും സർവ്വേ റിക്കാർഡുകൾ കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ സേവനം സാധ്യമാക്കുന്നതിന് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കാത്ത 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്.

പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തൃശ്ശൂർ താലൂക്കിലെ മനക്കൊടി, കാരമുക്ക് എന്നീ വില്ലേജുകളെയും രണ്ടാംഘട്ടത്തിൽ ചാവക്കാട് താലൂക്കിലെ ചാവക്കാട്, ബ്രഹ്മകുളം എന്നീ വില്ലേജുകളേയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിൽ ഒന്നാംഘട്ടത്തിലുൾപ്പെടുത്തിയിട്ടുള്ള വില്ലേജുകളുടെ പ്രാരംഭഘട്ട പ്രവർത്തനമായ റിക്കാർഡ് കളക്ഷൻ സംബന്ധിച്ച Metadata കളക്ഷനും, സ്കാനിംഗ് ജോലികളും (100%) പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വില്ലേജുകൾ ടി പദ്ധതി ആരംഭിച്ച് ആറ് മാസത്തിനകം പൂർത്തിയാക്കുകയും അടുത്ത ആറ് മാസത്തിനുള്ളിൽ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വില്ലേജുകളുടെ സർവ്വേ നടപടികൾ

പൂർത്തിയാക്കാനും കഴിയുന്നതാണ്. ഡിജിറ്റൽ സർവ്വേയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ടി നിയോജകമണ്ഡലത്തിൽനിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തി റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കോതമംഗലം താലൂക്കിലെ റീസർവ്വേ നടപടികൾ

388(1547) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ ഒഴികെ പന്ത്രണ്ട് വില്ലേജുകളിലും റീസർവ്വേ നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വേ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

(ബി) നൂറ് വർഷത്തോളം പഴക്കമുള്ളതും തിരുവിതാംകൂർ രാജാവിന്റെ കാലത്ത് തയ്യാറാക്കിയിട്ടുള്ളതുമായ റെക്കോർഡുകളാണ് റീസർവ്വേ

പൂർത്തീകരിക്കാത്ത പന്ത്രണ്ട് വില്ലേജുകളിലും നിലവിലുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 918 വില്ലേജുകളിൽ മാത്രമാണ് റീസർവ്വേ പൂർത്തിയാക്കിയിട്ടുള്ളത്. റീസർവ്വേ പൂർത്തിയാകാത്ത വില്ലേജുകളിൽ ലഭ്യമായ ഓൾഡ് സർവ്വേ റിക്കാർഡുകൾ പ്രകാരമാണ് റവന്യൂ ഭരണം നടത്തിവരുന്നത്.

(സി) റീസർവ്വേ പൂർത്തീകരിക്കാത്തതിനാൽ ഭൂമിയുമായി ബന്ധപ്പെട്ട പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ സ്ഥലമുടമകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

റീസർവ്വേ പൂർത്തിയാകാത്ത വില്ലേജുകളിൽ എല്ലാ ഭൂമികളുടെയും മാപ്പുകൾ ലഭ്യമല്ലാത്തതാണ്. ഭൂവുടമസ്ഥർക്ക് വിവിധ ആവശ്യങ്ങൾക്കായി തങ്ങളുടെ ഭൂമി ഈടുവച്ച് സാമ്പത്തികാവശ്യങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നേടുന്നതിന് നാളതീകരിച്ച മാപ്പ് ആവശ്യമാണ്. ഇത്തരത്തിൽ റീസർവ്വേ റിക്കാർഡുകൾ ലഭ്യമല്ലാത്ത വില്ലേജുകളിൽ പലതരത്തിലുമുള്ള ബുദ്ധിമുട്ടുകൾ സ്ഥലമുടമകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാലാണ് സംസ്ഥാനത്ത് 4

വർഷക്കാലംകൊണ്ട് പൂർത്തീകരിക്കുന്ന ഡിജിറ്റൽ റീസർവ്വേ നടപടികൾക്ക് സർക്കാർ തുടക്കം കുറിക്കുന്നത്. 807.98 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി. ആദ്യ ഘട്ടത്തിനായി 339.438 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതോടെ ഇത്തരം ബുദ്ധിമുട്ടുകൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

(ഡി) നിലവിൽ റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന ഡിജിറ്റൽ റീസർവ്വേ കോതമംഗലം താലൂക്കിൽ ഏതെല്ലാം വില്ലേജുകളിലാണ് നടന്നുവരുന്നതെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്കിലെ വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ കോതമംഗലം താലൂക്കിലെ പല്ലാരിമംഗലം വില്ലേജിനെയും

രണ്ടാംഘട്ടത്തിൽ കോതമംഗലം, വാരപ്പെട്ടി എന്നീ വില്ലേജുകളേയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഒന്നാം ഘട്ടത്തിലുൾപ്പെടുത്തിയിട്ടുള്ള പല്ലാരിമംഗലം വില്ലേജിന്റെ പ്രാരംഭ ഘട്ടത്തിലെ റിക്കാർഡ് കളക്ഷനുമായി ബന്ധപ്പെട്ട Metadata-യും സ്കാനിംഗ് ജോലികൾ പൂർത്തിയായിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വേയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ടി താലൂക്കിൽനിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തി റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഡിജിറ്റൽ റീസർവ്വേ എത്ര വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്?

സംസ്ഥാനത്തെ 1550 വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(എഫ്) ഡിജിറ്റൽ റീസർവ്വേയിലുൾപ്പെടുത്തി കോതമംഗലം താലൂക്കിലെ റീസർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുമോ; വിശദമാക്കാമോ?

ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ കോതമംഗലം താലൂക്കിലെ

പല്ലാരിമംഗലം വില്ലേജിനെയും രണ്ടാം ഘട്ടത്തിൽ കോതമംഗലം, വാരപ്പെട്ടി എന്നീ വില്ലേജുകളേയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വേയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ടി താലൂക്കിൽനിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തി റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ആശ്വാസ് വാടകവീട് പദ്ധതി

389(1548) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചികിത്സതേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ആരംഭിക്കുന്ന ആശ്വാസ് വാടകവീട് പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും താമസസൗകര്യം ലഭ്യമാക്കുന്നതിന് നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിപ്രകാരം കണ്ണൂർ ഗവൺമെന്റ്

മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 106 പേർക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് 26.06.2021-ലെ സ.ഉ.(സാധാ)നം. 29/2021/ഭവനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ശിലാസ്ഥാപനം 16.04.2022-ന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതിലേയ്ക്കായി കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് അധികൃതരിൽനിന്നും ഭൂമി കൈമാറി കിട്ടിയിട്ടില്ല. എത്രയുംവേഗം ഭൂമി കൈമാറി കിട്ടുന്ന കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഭൂമി കൈമാറി കിട്ടിയാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

**അഴീക്കൽ തുറമുഖത്തെ ഡ്രഡ്ജിംഗ് പ്രവൃത്തി**

390(1549) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്ത് ഡ്രഡ്ജിംഗ് പ്രവർത്തനം നടക്കുന്നുണ്ടോയെന്നും എത്ര മീറ്ററിലാണ് നടക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) കപ്പൽ ചാനലിന്റെ ആഴം കൂട്ടുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) അഴീക്കൽ തുറമുഖത്ത് സി.എസ്.ഡി. ചന്ദ്രഗിരി ഡ്രഡ്ജർ ഉപയോഗിച്ച് 2017 മുതൽ 2020 ജനുവരി മാസം വരെ ഡ്രഡ്ജിംഗ് പ്രവൃത്തി നടത്തുകയും കപ്പൽ ചാനലിന്റെ ആഴം 4 മീറ്ററാക്കുകയും ചെയ്തു. 4 മീറ്ററിൽ കൂടുതൽ ആഴം കൂട്ടുന്നതുസംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) അഴീക്കൽ പോർട്ടിലുള്ള ഡ്രഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ വിളിച്ചെടുത്തതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

അഴീക്കൽ പോർട്ടിൽ നടത്തിയ ഡ്രഡ്ജിംഗ് പ്രവൃത്തിയുടെ ഫലമായി ലഭിച്ച മെറ്റീരിയലുകൾ വാർഫിൽ നിർമ്മിച്ചിട്ടുള്ള 2 ബണ്ടുകളിലായി നിക്ഷേപിക്കുകയും ആയത് ശുദ്ധീകരിച്ച് വിൽപ്പന നടത്തുകയും ചെയ്തിരുന്നു. ടി 2 ബണ്ടുകളും നിറയുന്ന അവസ്ഥ വന്നപ്പോൾ ഡ്രഡ്ജിംഗ് മുടങ്ങാതിരിക്കുന്നതിനായി പുഴയിൽ ചാനലിന് പുറത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി മെറ്റീരിയലുകൾ നിക്ഷേപിക്കുകയായിരുന്നു. തുടർന്ന് ടി

ബണ്ടുകളിലുള്ള മെറ്റീരിയലുകൾ നീക്കം ചെയ്യുന്നതിന് കെ.എസ്.എം.ഡി.സി.എൽ. ടെണ്ടർ വിളിക്കുകയും ടെണ്ടർ നിരക്ക് കുറവായതിനാൽ റദ്ദാക്കുകയുമുണ്ടായി. തുടർന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ടി മെറ്റീരിയലുകളുടെ ഏകദേശ അളവ് കണക്കാക്കി സാമ്പിൾ കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ലാബിൽ പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വീണ്ടും ടെണ്ടർ വിളിക്കുകയും ആകെ ഒരാൾ മാത്രം പങ്കെടുത്തതിനാൽ റീ ടെണ്ടർ ചെയ്യുകയും ചെയ്തിരുന്നു. റീ ടെണ്ടറിൽ single bidder ആയതിനാലും ഓഫർ നിരക്ക് എസ്റ്റിമേറ്റ് റേറ്റിനേക്കാൾ വളരെ കുറവാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തതിനാലും മതിയായ പത്രപരസ്യം നൽകി റീടെണ്ടർ-കം-ഓക്ഷൻ നടപടി സ്വീകരിക്കാൻ മാരിടൈം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഡ്രഡ്ജിംഗ് മെറ്റീരിയൽ എത്രമാത്രം അളവിൽ നീക്കം ചെയ്തുകഴിഞ്ഞുവെന്നും ഇനി എത്രമാത്രം നീക്കം ചെയ്യാനുണ്ട് എന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

അഴീക്കൽ പോർട്ടിലെ ഡ്രഡ്ജിംഗ് മെറ്റീരിയലുകൾ ഇതുവരെ 11948 ടൺ ശുദ്ധീകരണത്തിനുശേഷം വിൽപന നടത്തിയിട്ടുണ്ട്. ഹാർബർ

എഞ്ചിനീയറിംഗ് വകുപ്പ് നൽകിയ കണക്ക് പ്രകാരം ഇനി 2 ബണ്ടുകളിലായി (ബണ്ട് 1-11261 ടൺ + ബണ്ട് 2- 12064 ടൺ) 23,325 ടൺ മെറ്റീരിയലുകളാണ് നീക്കം ചെയ്യാൻ ബാക്കിയുള്ളത്.

## തുറമുഖ വികസനം

391 (1550) ശ്രീ. കെ. ആൻസലൻ:
ശ്രീ എം മുകേഷ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ, വാണിജ്യ പുരോഗതിക്ക് ആക്കം കൂട്ടുന്ന തരത്തിൽ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

വിശകലനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വ്യാവസായിക വാണിജ്യ പുരോഗതിയിൽ സ്വാധീനം ചെലുത്താവുന്ന വിധത്തിൽ സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ വാണിജ്യകേന്ദ്രങ്ങളാക്കി മാറ്റാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി കൊല്ലം, അഴീക്കൽ,

വിഴിഞ്ഞം, ബേപ്പൂർ തുറമുഖങ്ങളിൽ കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിവരികയാണ്. മറ്റു ചെറുകിട തുറമുഖങ്ങളിൽ ടൂറിസം, വ്യവസായം തുടങ്ങിയ മേഖലകളെ വികസിപ്പിക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കിവരികയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ; തുറമുഖം ഈ വർഷം കമ്മീഷൻ ചെയ്യുന്ന തരത്തിലാണോ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളുടെ നിലവിലെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കരാർ കമ്പനി 2022 ജൂണിൽ ഒരു പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. ഈ വർഷം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവസാനമോ അടുത്ത വർഷം ആദ്യത്തോടെയോ ആദ്യ കപ്പൽ വിഴിഞ്ഞത്തെത്തുന്ന വിധത്തിലാണ് പണികൾ ആസൂത്രണം ചെയ്യുന്നത്.

(സി) വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതോടൊപ്പംതന്നെ തുറമുഖത്തേയ്ക്കും പുറത്തേയ്ക്കുമുള്ള ചരക്കുനീക്കം സുഗമമാക്കുന്നതിനായി ലക്ഷ്യമിട്ട് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; ഇവയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

തുറമുഖത്തേയ്ക്കും പുറത്തേയ്ക്കുമുള്ള ചരക്കു നീക്കം സുഗമമാക്കുന്നതിനായി ലക്ഷ്യമിട്ട് റെയിൽ-റോഡ് കണക്ടിവിറ്റി പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്. അവയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>റോഡ് കണക്ടിവിറ്റി</u>

തുറമുഖത്തിന്റെ 2 കി.മി നീളമുള്ള അപ്രോച്ച് റോഡിനായുള്ള ഭൂമി നേരത്തെ തന്നെ ഏറ്റെടുത്ത് കരാർ കമ്പനിക്ക് നിർമ്മാണത്തിനായി

കൈമാറി നിർമ്മാണം പുരോഗമിച്ചുവരികയാണ്. അപ്രോച്ച് റോഡിനെ NH-66-മായി ബന്ധിപ്പിക്കുന്ന ജംഗ്ഷന് National Highway Authoriry of India (NHAI)-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് ഡെപ്പോസിറ്റ് വർക്കായി NHAI ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത ജംഗ്ഷനായി 42 സെന്റ് സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു.

<u>റെയിൽ കണക്ടിവിറ്റി</u>

വിഴിഞ്ഞം തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന റെയിൽ കണക്ടിവിറ്റി പദ്ധതി നടപ്പാക്കുന്ന ചുമതല സംസ്ഥാന സർക്കാരിനാണ്. ഇതിനുള്ള DPR-ന് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ അടക്കമുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി അത് സംസ്ഥാനത്തിന് മുന്നിൽ തുറന്നിടാവുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി തുറമുഖ രംഗത്ത് മുതൽമുടക്കാൻ

താൽപര്യമുള്ള സംരംഭകരെ കണ്ടെത്തുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

തുറമുഖ പ്രവർത്തനവുമായി ബന്ധപ്പെട്ട അനുബന്ധ വികസന പ്രവർത്തനങ്ങൾക്കായി 30 ഹെക്ടർ ഭൂമി കൈമാറിയിട്ടുണ്ട്. ഇവിടെ തുറമുഖ വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ കൺസഷണയർ തന്നെ തയ്യാറാക്കുന്നുണ്ട്. തുറമുഖത്തിന്റെ സാദ്ധ്യതകൾ കണക്കിലെടുത്ത് Seafood Park, Skill Development Park തുടങ്ങിയ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം തുറമുഖ വികസനത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു Outer Ring Road പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു Outer Area Growth Corridor പ്രോജക്ട് ആവിഷ്കരിച്ചുവരുന്നു. Outer Area Growth Corridor ന്റെ ഭാഗമായി വിവിധ നിക്ഷേപ മേഖലകൾ (Commercial Zone, Logistics hub മുതലായവ) വിഭാവനം ചെയ്തിട്ടുണ്ട്. ടി പദ്ധതി പുരോഗമിക്കുന്നമുറയ്ക്ക് തുറമുഖ രംഗത്ത് മുതൽമുടക്കാൻ താല്പര്യമുള്ള സംരംഭകരെ കണ്ടെത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സാധിക്കുന്നതാണ്.

## വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി

392(1551) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വ്യാവസായിക വാണിജ്യ വികസനത്തിന്റെ ഗതി വർദ്ധിപ്പിക്കുന്ന തരത്തിൽ തുറമുഖ വകുപ്പിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ;

സംസ്ഥാനത്ത് വ്യാവസായിക വാണിജ്യ വികസനത്തിന്റെ ഗതി വർദ്ധിപ്പിക്കുന്ന തരത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ നിർമ്മാണത്തിൽ നാളിതുവരെ കൈവരിച്ച പുരോഗതി ചുവടെ ചേർക്കുന്നു.

| നിർമ്മാണ ഘടകം | പുരോഗതി |
|---|---|
| പുലിമുട്ട് | 33% (ഏകദേശം) |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| ഡ്രഡ്ജിംഗ് & റിക്ലമേഷൻ | 33% |
| കണ്ടെയ്നർ ബെർത്ത് | .പൈലിംഗ് - 100%<br>. ബീം, സ്ലാബ് പ്രീകാസ്റ്റിംഗ്- 100%<br>. ബെർത്തിന്റെ 'super structure' പണികൾ ആരംഭിക്കേണ്ടതുണ്ട്. |
| കണ്ടെയ്നർ യാർഡ് | 18% |
| തുറമുഖത്തിനായിട്ടുള്ള ഉപകരണങ്ങൾ | . കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.<br>. ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

(സി) വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായുള്ള അനുബന്ധ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തുറമുഖ പ്രവർത്തനവുമായി ബന്ധപ്പെട്ട അനുബന്ധ വികസന പ്രവർത്തനങ്ങൾക്കായി ഏകദേശം 30 ഹെക്ടർ ഭൂമി കരാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. തുറമുഖത്തിന്റെ സാദ്ധ്യതകൾ കണക്കിലെടുത്ത് Seafood Park, Skill Development Park തുടങ്ങിയ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം തുറമുഖ

വികസനത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു Outer Ring Road, Outer Area Growth Corridor തുടങ്ങിയ ബൃഹത് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

393(1552) ശ്രീ. വി. ജോയി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വാണിജ്യ മേഖലയുടെ വികസന മുന്നേറ്റത്തിന് കരുത്തേകുമെന്ന് പ്രതീക്ഷിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. 2015 ഡിസംബർ 5-ന് ആരംഭിച്ച തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-നായിരുന്നു പൂർത്തീകരിക്കേണ്ടിയിരുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

| നിർമ്മാണ ഘടകം | പുരോഗതി |
|---|---|
| പുലിമുട്ട് | 33% (ഏകദേശം) |

| | |
|---|---|
| ഡ്രഡ്ജിംഗ് & റിക്ലമേഷൻ | 33% |
| കണ്ടെയ്നർ ബെർത്ത് | .പൈലിംഗ് - 100%<br>. ബീം, സ്ലാബ് പ്രീകാസ്റ്റിംഗ്- 100%<br>. ബെർത്തിന്റെ 'super structure' പണികൾ ആരംഭിക്കേണ്ടതുണ്ട്. |
| കണ്ടെയ്നർ യാർഡ് | 18% |
| തുറമുഖത്തിനായിട്ടുള്ള ഉപകരണങ്ങൾ | . കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.<br>. ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

(ബി) പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിൽ 3100 മീറ്റർ നീളമുള്ള പുലിമുട്ടാണ് നിർമ്മിക്കേണ്ടത്. നിലവിൽ പുലിമുട്ടിന്റെ കരയിൽനിന്നും 1350 മീറ്റർ വരെയുള്ള ഭാഗത്ത് കരിങ്കല്ല് നിക്ഷേപിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 1350 മുതൽ 1800

മീറ്റർ വരെയുള്ള ഭാഗത്ത് ടി പ്രവൃത്തികൾ ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്.

കരാർ കമ്പനി 2022 ജൂണിൽ ഒരു പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. 2022 അവസാനത്തോടെയോ 2023 ആദ്യ മാസങ്ങളിലോ ആദ്യ കപ്പൽ വിഴിഞ്ഞത്തെത്തുന്ന തരത്തിൽ പണികൾ പൂർത്തീകരിക്കാൻ നിർമ്മാണ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രാവർത്തികമാകുന്നതിലൂടെ രാജ്യത്തെ കണ്ടെയ്നറുകളുടെ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി ഇത് മാറുമോയെന്ന് അറിയിക്കാമോ?

നിലവിൽ ശ്രീലങ്ക, ദുബായ്, സിംഗപ്പൂർ മുതലായ വിദേശ രാജ്യങ്ങളിലെ ട്രാൻഷിപ്പ്മെന്റ് തുറമുഖങ്ങളെ ആശ്രയിച്ചാണ് ഇന്ത്യയുടെ കണ്ടെയ്നർ ചരക്ക് ഗതാഗതം നടക്കുന്നത്. ഇന്ത്യയിലേയ്ക്കും ഇന്ത്യയിൽനിന്ന് പുറത്തേയ്ക്കുമുള്ള കണ്ടെയ്നറുകളുടെ "ട്രാൻസ്ഷിപ്പ്മെന്റ്

ഓപ്പറേഷൻസ്" വിഴിഞ്ഞത്തുവച്ച് നടത്തുകയെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ ബെർത്ത് ചെയ്യുന്നതിനും ട്രാൻസ്ഷിപ്പ്മെന്റ് നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ വിഴിഞ്ഞത്ത് ലഭ്യമാകുന്നതാണ്. ഇപ്രകാരം രാജ്യത്തിന്റെ തന്നെ ട്രാൻസ്ഷിപ്പ്മെന്റ് കേന്ദ്രമായി വിഴിഞ്ഞം മാറുന്നതായിരിക്കും.

(ഡി) പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തിന്റെ വ്യവസായ, വാണിജ്യ മേഖലകളിലും ടൂറിസം, ഗതാഗതം തുടങ്ങിയ മറ്റ് മേഖലകളിലും ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

തുറമുഖത്തിന്റെ വികസന സാധ്യതകൾ കണക്കിലെടുത്ത് Seafood Park, Skill Development Park തുടങ്ങിയ സംരംഭങ്ങൾ സർക്കാർ തന്നെ നടപ്പിലാക്കുന്നതിൽ നടപടി സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം തുറമുഖ വികസനത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു Outer Ring Road പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ റോഡിനെ

കേന്ദ്രീകരിച്ച് ഒരു Outer Area Growth Corridor പദ്ധതിയും പരിഗണനയിലുണ്ട്. Outer Area Growth Corridor-ന്റെ ഭാഗമായി വിവിധ നിക്ഷേപ മേഖലകൾ (Commercial Zone, Logistics hub മുതലായവ) വിഭാവനം ചെയ്തിട്ടുണ്ട്. ടി പദ്ധതി പുരോഗമിക്കുന്നമുറയ്ക്ക് തുറമുഖ രംഗത്ത് മുതൽമുടക്കാൻ താല്പര്യമുള്ള സംരംഭകരെ കണ്ടെത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സാധിക്കും.

## വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തീകരണം

394(1553) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി.സിദ്ദിഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം പാറ അടക്കമുള്ള പ്രകൃതി വിഭവങ്ങൾ ലഭ്യമാകാത്തതുമൂലം പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഇവ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് സമയബന്ധിതമായി ലഭ്യമാക്കാൻ കരാർ കമ്പനിക്ക് സാധിക്കാത്തത് നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നാളിതുവരെ ഏകദേശം

29.87 ലക്ഷം ടൺ കരിങ്കല്ലാണ് പുലിമുട്ട് നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുള്ളത്. പുലിമുട്ട് നിർമ്മാണം വൈകുന്നത് തുറമുഖത്തിന്റെ മറ്റ് നിർമ്മാണ പ്രവൃത്തികളായ ഡ്രഡ്ജിംഗ് & റിക്ലമേഷൻ, ബർത്ത് നിർമ്മാണം തുടങ്ങിയവയുടെ പുരോഗതിയെ ബാധിക്കുകയും തുറമുഖത്തിന്റെ പൂർത്തീകരണത്തെ പ്രതികൂലമായും ബാധിച്ചിട്ടുണ്ട്.

പദ്ധതിപ്രദേശം ഉൾപ്പെട്ടുവരുന്ന തിരുവനന്തപുരം ജില്ലയുടെയും സമീപ ജില്ലകളായ കൊല്ലം, പത്തനംതിട്ട എന്നിവിടങ്ങളിൽനിന്നും അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ സമീപ പ്രദേശങ്ങളിൽനിന്നും പദ്ധതിക്കാവശ്യമായ കരിങ്കല്ല് പ്രത്യേക ക്വാറികൾ പ്രവർത്തനക്ഷമമാക്കി ലഭ്യമാക്കുന്നതിനായി കരാർ കമ്പനി 2018 മുതലാണ് വിവിധ അപേക്ഷകൾ നൽകിയിട്ടുള്ളത്. ഇതിൽ നാളിതുവരെ 5 ക്വാറികൾക്ക് എല്ലാവിധ അനുമതികളും സർക്കാർ നൽകുകയും ടി ക്വാറികളിൽനിന്നും പദ്ധതിക്കായി കരിങ്കല്ല് ലഭ്യമാക്കുന്നുമുണ്ട്. ഇതിനുപുറമെ 5 ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുകയും ടി ക്വാറികൾ രണ്ടുമൂന്ന് മാസത്തിനുള്ളിൽത്തന്നെ പ്രവർത്തനക്ഷമമാക്കി കരിങ്കല്ല് ലഭ്യമാക്കുന്നതിനായുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. കൂടാതെ,

പാരിസ്ഥിതികാനുമതി നേടുന്നതിനായി 3 ക്വാറികൾ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ കമ്മറ്റിയുടെ (SEIAA) അന്തിമ പരിഗണനയിലുമാണ്. കൂടാതെ, പദ്ധതിക്കായി തമിഴ്നാട്ടിലെ ക്വാറികളിൽനിന്നും പാറ ലഭ്യമാക്കുന്നതിനും ഇത് തടസ്സരഹിതമായി റോഡ് മാർഗ്ഗം പദ്ധതി പ്രദേശത്തെത്തിക്കുന്നതിനുമായി തമിഴ്നാട് സർക്കാരിന്റെ സഹകരണവും സംസ്ഥാന സർക്കാർ തേടിയിട്ടുണ്ട്.

(ബി) 2024-ൽ മാത്രമേ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂവെന്ന് അദാനി ഗ്രൂപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ കരാർ പ്രകാരമുള്ള പിഴ ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

കരാർ കമ്പനി 2022 ജൂണിൽ സമർപ്പിച്ച പുതുക്കിയ പദ്ധതി പൂർത്തീകരണ ഷെഡ്യൂൾ പ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളതെങ്കിലും ആയത് സർക്കാർ അംഗീകരിച്ചിട്ടില്ല.

പദ്ധതി സമയബന്ധിതമായി പൂർത്തിയാകാത്തതിനാൽ 2020 മാർച്ച് മാസത്തിൽത്തന്നെ പിഴ ഈടാക്കുന്നതിനായുള്ള നോട്ടീസ് കരാർ കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ, നിർമ്മാണ പൂർത്തീകരണം

വൈകിയത് പ്രകൃതിക്ഷോഭം, കോവിഡ് മഹാമാരി തുടങ്ങിയ Force Majeure ഘടകങ്ങൾ മൂലമാണെന്ന് അവകാശപ്പെട്ടുകയും നിർമ്മാണ കാലയളവ് 5 വർഷംകൂടി നീട്ടി നൽകണമെന്നാവശ്യപ്പെട്ട് കരാർ കമ്പനി ആർബിട്രേഷൻ ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്.

(സി) നിലവിലെ സാഹചര്യത്തിൽ പദ്ധതി ഏത് വർഷം പൂർത്തീകരിക്കുമെന്നാണ് കണക്കാക്കുന്നത്; പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കരാർ പ്രകാരം 2019 ഡിസംബറിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. ഇതിന് കഴിയാതെവന്ന സാഹചര്യത്തിൽ കൺസഷണയർ 2022 ജൂണിൽ ഒരു പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. 2022 അവസാനത്തോടെയോ 2023 ആദ്യ മാസങ്ങളിലോ ആദ്യ കപ്പൽ

വിഴിഞ്ഞത്തെത്തുന്ന തരത്തിൽ പണികൾ പൂർത്തീകരിക്കാൻ നിർമ്മാണ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പൂർത്തീകരണത്തിന് ഏറ്റവും അനിവാര്യമായത് കരിങ്കല്ലിന്റെ സമയബന്ധിതമായുള്ള ലഭ്യമാക്കലാണ്. ആയതിലേയ്ക്കായുള്ള കരാർ കമ്പനിയുടെ എല്ലാ ശ്രമങ്ങൾക്കും സർക്കാർ തലത്തിൽ ആവശ്യമായ സഹായങ്ങൾ നൽകുകവഴി തുറമുഖ നിർമ്മാണം അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട റെയിൽപ്പാതയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത റെയിൽപ്പാതയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ?

വിഴിഞ്ഞം തുറമുഖത്തെ തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന പുതിയ പാതയുടെ നിർമ്മാണത്തിനായി കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഡി.പി.ആർ-ന് ദക്ഷിണ റെയിൽവേ 2022 മാർച്ചിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ഇതിനായി 6.431 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്. സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

**അഴീക്കൽ പോർട്ടിനെ റീജിയണൽ പോർട്ടായി ഉയർത്താൻ നടപടി**

395(1554) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്തെ റീജിയണൽ പോർട്ടായി ഉയർത്തുന്നതിന്റെ ഭാഗമായി എമിഗ്രേഷൻ പോയിന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴീക്കൽ തുറമുഖത്ത് എമിഗ്രേഷൻ ചെക്ക് പോയിന്റായി സ്ഥാപിച്ചത് തൊഴിലാളികളുടെ റെസ്റ്റ് ഷെഡ്ഡായി നിർമ്മിച്ച കെട്ടിടമാണ്. പ്രസ്തുത കെട്ടിടം എമിഗ്രേഷൻ വകുപ്പിലെ FRRO (Foreigners Regional Registration Officer) പരിശോധന നടത്തുകയും കെട്ടിടം തൃപ്തികരമാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ എമിഗ്രേഷൻ വകുപ്പിനാവശ്യമായ ഓഫീസ് സൗകര്യങ്ങളൊരുക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.എസ്.പി.എസ്. (The International Ship and Port

Facility) കോഡ് നിലവിൽ വന്നതിനുശേഷമേ എമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കാൻ സാധിക്കുകയുള്ളൂ.

(ബി) കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

അഴീക്കൽ തുറമുഖത്തെത്തിച്ചേരുന്ന കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണം നടത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻവഴി കുടിവെള്ളമെത്തിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും മേൽ തുക 31.03.2021-ന് സർക്കാർ resume ചെയ്യുകയുണ്ടായി. ടി തുക തിരികെ നൽകി പ്രവൃത്തി തുടരുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) 4 ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തൊഴിലാളികൾക്കുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൊഴിലാളികൾക്കുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ആയത് അന്തിമ ഘട്ടത്തിലാണ്.

## കുട്ടനാട്ടിൽ മ്യൂസിയം സ്ഥാപിക്കാൻ നടപടി

396(1555) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ വലിയ ടൂറിസം സാധ്യത കണക്കിലെടുത്ത് കുട്ടനാട്ടിൽ മ്യൂസിയം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിൽ മ്യൂസിയം സ്ഥാപിക്കാൻ നേരത്തെ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടായിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പുകളുടെ കീഴിൽ കുട്ടനാട്ടിൽ മ്യൂസിയം സ്ഥാപിക്കാനുള്ള പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

## തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി

397(1556) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പ്രസ്തുത മ്യൂസിയത്തിന്റെ നിർമ്മാണത്തിനായി മ്യൂസിയം നോഡൽ ഏജൻസിയായ M/s. കേരള ചരിത്ര പൈതൃക മ്യൂസിയത്തെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സമയബന്ധിതമായി പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഒരു അക്രഡിറ്റഡ് ഏജൻസിയെ (നോൺ പി.എം.സി.) തെരഞ്ഞെടുക്കുന്നതിനായി ബിഡ് നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

## എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം

398(1557) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലാണ് പൈതൃക മ്യൂസിയം സ്ഥാപിച്ചിട്ടുള്ളതെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) കേരള പുരാവസ്തു വകുപ്പിന് എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തൃശ്ശൂർ, എറണാകുളം, ഇടുക്കി, പാലക്കാട് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുനൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം ചെമ്പുക്കാവിലുള്ള കൊല്ലങ്കോട് ഹൗസിലും എറണാകുളം ജില്ലാ പൈതൃക മ്യൂസിയം ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റ്യൻ ബംഗ്ലാവിലും ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം കുയിലിമലയിലെ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിലും പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം കൽപ്പാത്തിയിലുള്ള മണി അയ്യർ ഓഡിറ്റോറിയത്തിലുമാണ് സജ്ജീകരിച്ചിരിക്കുന്നത്. തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മന്ദിരത്തിൽ മലപ്പുറം ജില്ലാ പൈതൃക മ്യൂസിയവും മാനന്തവാടി പഴശ്ശികുടീരത്തിൽ

വയനാട് ജില്ലാ പൈതൃക മ്യൂസിയവും തിരുവനന്തപുരം കിഴക്കേകോട്ടയിലുള്ള ശ്രീപാദം കൊട്ടാരത്തിൽ തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയവും സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതാണ്.

**നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കാൻ നടപടി**

399(1558) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) വകുപ്പ് നടത്തിയ പരിശോധനയിൽ ടി ക്ഷേത്രം സംരക്ഷിത സ്മാരകമാക്കുന്നതിന് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. പ്രസ്തുത ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനത്തിന്റെ കരട് തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർ നൽകിയ റവന്യൂ വിശദാംശങ്ങളിൽ സംരക്ഷിക്കപ്പെടേണ്ട ചില ഭാഗങ്ങൾ ഒഴിവാക്കപ്പെട്ടുവെന്ന് സംശയമുള്ളതിനാൽ പുരാവസ്തു വകുപ്പിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനായി തഹസിൽദാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കൃത്യത ഉറപ്പുവരുത്തിയാലുടൻ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ മ്യൂസിയം വകുപ്പിന് കീഴിലുള്ള പദ്ധതികൾ

400(1559) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ മ്യൂസിയം വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലുൾപ്പെട്ട മ്യൂസിയം ആസ്ഥാനത്ത് രാജാ രവിവർമ്മ ആർട്ട് ഗ്യാലറി, രവിവർമ്മ ചിത്രങ്ങളുടെ സംരക്ഷണ പ്രവൃത്തികളുടെ രണ്ടാംഘട്ടം എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. രാജാ രവിവർമ്മ ആർട്ട് ഗ്യാലറിക്കുവേണ്ടിയുള്ള കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) 2019-20 മുതൽ 2022-23 വരെയുള്ള സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും മ്യൂസിയം വകുപ്പിന് കീഴിൽ നടപ്പിലാക്കേണ്ടതുമായ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

രാജാ രവിവർമ്മ ആർട്ട് ഗ്യാലറിയാണ് വകുപ്പിന് കീഴിലുള്ള പദ്ധതി. ഇതിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം മ്യൂസിയം വകുപ്പിന് കീഴിൽ പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൺസർവേഷൻ ലാബ്, നേപ്പിയർ മ്യൂസിയത്തിന് മുന്നിലായി സ്ഥാപിച്ചിട്ടുള്ള നൂറ് വർഷത്തിനു മുകളിൽ പഴക്കമുള്ള ഫൗണ്ടന്റെ നവീകരണം, ശ്രീചിത്ര എൻക്ലേവിന്റെ നവീകരണം എന്നിവയാണ് 2021 ഏപ്രിൽ മാസത്തിനുശേഷം മ്യൂസിയം വകുപ്പിനുകീഴിൽ പൂർത്തിയാക്കിയ പദ്ധതികൾ. ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഭരണാനുമതി തുക (രൂപ) | എസ്റ്റിമേറ്റ് തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| കൺസർവേഷൻ ലാബ് | 1,41,00,000 | 1,41,00,000 | 70,35,596 |
| ഫൗണ്ടന്റെ നവീകരണം | 25,80,621 | 25,80,621 | 23,12,359 |
| ശ്രീ ചിത്രാ എൻക്ലേവിന്റെ നവീകരണം | 67,47,412 | 67,47,412 | 53,99,562 |

**പാണ്ഡവൻ പാറ സംരക്ഷണം**

401(1560) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ പൈതൃക പ്രാധാന്യമുള്ള പാണ്ഡവൻ പാറയുടെ സംരക്ഷണത്തിനായി പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിലുള്ള പാണ്ഡവൻ പാറ 08.09.1987-ലെ 2320/ബി1/86/സാം.കാ.വ നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പരിപാലിച്ചുവരുന്നു. ടി സ്മാരകത്തിന്റെ സുരക്ഷാ ചുമതലയുമായി ബന്ധപ്പെട്ട് കേരള പോലീസിലെ സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

പാണ്ഡവൻ പാറയിലെ വിനോദസഞ്ചാര വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിന് 16.02.2022-ൽ ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-

യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാണ്ഡവൻ പാറ സംരക്ഷിത പ്രദേശത്തെ പാറയുടെ രൂപീകരണം, ധാതുഘടന, സ്മാരകത്തിന്റെ വാഹകശേഷി, വിനോദസഞ്ചാരികളെ പ്രവേശിപ്പിക്കുന്നതിനുള്ള സാധ്യത, ഇതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ജിയോളജി വകുപ്പിന് 28.02.2022-ന് നിർദ്ദേശം നൽകിയിരിക്കുകയാണ്.

## പാലക്കാട് ജില്ലയിലെ സ്മാരകങ്ങൾ

402(1561) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പുരാവസ്തു വകുപ്പ് പരിപാലിച്ചുവരുന്ന സ്മാരകങ്ങൾ ഏതെല്ലാമാണ്?

പാലക്കാട് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ താഴെപ്പറയുന്നവയാണ്.

1) ഒറ്റപ്പാലം താലൂക്കിൽ നാഗലശ്ശേരിയിലുള്ള കട്ടിൽമാടം.

2) ചിറ്റൂർ താലൂക്കിലെ ചിറ്റൂർ വില്ലേജിലുള്ള തുഞ്ചൻ ഗുരുമഠം

3) ആലത്തൂർ താലൂക്കിലെ കുത്തന്നൂരിലുള്ള റോക്ക് കട്ട് കേവ്സ്

4) ആലത്തൂർ താലൂക്കിലെ കുത്തന്നൂരിലുള്ള തോലന്റെ കട്ടിൽ (ഡെമി ഡോൾമെൻ)

5) ആലത്തൂർ താലൂക്കിലെ കുത്തന്നൂരിലുള്ള മെഗാലിത്തിക് മോണുമെന്റ്.

6) ഒറ്റപ്പാലം താലൂക്കിലെ ആനക്കരയിലുള്ള പന്നിയൂർ വരാഹമൂർത്തി ക്ഷേത്രം.

7) ഒറ്റപ്പാലം താലൂക്കിലെ തിരുമിറ്റക്കോട് അഞ്ചുമൂർത്തി ക്ഷേത്രം.

8) ഒറ്റപ്പാലം താലൂക്കിലെ ആനക്കരയിലുള്ള റോക്ക് കട്ട് കേവ്

9) ഒറ്റപ്പാലം താലൂക്കിലെ ആനക്കരയിലുള്ള പോസ്റ്റ് ഹോൾസ്.

(ബി) പാലക്കാട്ടെ ടിപ്പുസുൽത്താൻ കോട്ട എന്ന സ്മാരകത്തിന്റെ നവീകരണത്തിനായി 2011 മുതൽ അനുവദിക്കപ്പെട്ട തുക വർഷം തിരിച്ച് വ്യക്തമാക്കാമോ?

പാലക്കാട്ടെ ടിപ്പുസുൽത്താൻ കോട്ട കേന്ദ്ര പുരാവസ്തു വകപ്പിന്റെ ഒരു സംരക്ഷിത സ്മാരകമാണ്. ആകയാൽ ടി സ്മാരകത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേരള പുരാവസ്തു വകുപ്പ് തുകയൊന്നും

വിനിയോഗിച്ചിട്ടില്ല. ടി സ്ഥാപനത്തിന് 2011 മുതൽ നാളിതുവരെ 6.94 കോടി രൂപ അനുവദിച്ചതായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ, തൃശ്ശൂർ സർക്കിൾ ഓഫീസിൽനിന്നും അറിയിച്ചിട്ടുണ്ട്.

**ആരാധനാലയങ്ങളുടെ നവീകരണം**

403(1562) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൗരാണികത നിലനിർത്തി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ള ആരാധനാലയങ്ങൾ ഏതൊക്കെയാണെന്ന് പറയാമോ?

കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിൽപ്പെടുന്ന മടിയൻകൂലോം ക്ഷേത്രപാലക ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) മടിയൻകൂലോം ക്ഷേത്രപാലക ക്ഷേത്രത്തിലെ പുരാതന ശിൽപ്പങ്ങളും ചിത്രങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുരാവസ്തു വകുപ്പിലെ സാങ്കേതിക വിഭാഗം മടിയൻകൂലോം ക്ഷേത്രപാലക ക്ഷേത്രത്തിൽ നിർവ്വഹിക്കേണ്ട സംരക്ഷണ പ്രവൃത്തികളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ട്. സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നമുറയ്ക്ക് ക്ഷേത്രത്തിലെ ദാരുശിൽപ്പങ്ങളും ചിത്രങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുന്നതാണ്.

**പെരിന്തൽമണ്ണയിലെ പുരാവസ്തു വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ**

404(1563) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണയിൽ പുരാവസ്തു വകുപ്പിനുകീഴിൽ ഏതെങ്കിലും സ്ഥാപനങ്ങളോ വസ്തുക്കളോ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽപ്പെടുന്ന പാതായ്ക്കര വില്ലേജിലുള്ള ഇരവിമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം 28.07.2012-ലെ സ.ഉ.(അച്ചടി) 51/2012/സാം.കാ.വ. ഉത്തരവുപ്രകാരം പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. മറ്റ് സംരക്ഷിത

സ്മാരകങ്ങളോ, സ്ഥാപനങ്ങളോ പുരാവസ്തു വകുപ്പിന് പെരിന്തൽമണ്ണ താലൂക്കിൽ നിലവിലില്ല.

**പുരാവസ്തുരേഖകളുടെ പകർപ്പ് ലഭ്യമാക്കൽ**

405(1564) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുരാവസ്തുരേഖകളുടെ പകർപ്പ് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിന് വകുപ്പ് സൗകര്യമൊരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

കേരള പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന പുരാവസ്തുക്കളുടെ വിവരങ്ങൾ, ഫോട്ടോഗ്രാഫുകൾ എന്നിവ പഠനാവശ്യത്തിനും മറ്റും നൽകുന്നതിന് നിലവിൽ സംവിധാനമുണ്ട്.

പുരാരേഖാ വകുപ്പിന്റെ കൈവശമുള്ള പുരാരേഖകളുടെ പകർപ്പ് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള സൗകര്യം വകുപ്പ് ഒരുക്കിയിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ച സെർച്ച് ഫീസ്, അപേക്ഷ ഫീസ് എന്നിവ ഒടുക്കി അപേക്ഷ നൽകുന്നമുറയ്ക്ക് ആവശ്യമുള്ള ഫോട്ടോകോപ്പികളുടെ എണ്ണത്തിനനുസരിച്ച് ഫീസ് ഒടുക്കി രേഖകൾ നേരിട്ടോ തപാൽ വഴിയോ കൈപ്പറ്റുന്നതിനും ഫീസ് TR-5 രസീത് ഓഫീസിൽ നേരിട്ട്, ഇ-ട്രഷറി സംവിധാനം, ഡി.ഡി., മണി ഓർഡർ എന്നീ മാർഗ്ഗേന ഒടുക്കുന്നതിനും സംവിധാനം നിലവിലുണ്ട്.

**ആറ്റിങ്ങൽ കൊട്ടാരത്തിന്റെ സംരക്ഷണ പ്രവൃത്തികൾ**

406(1565) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കൊട്ടാരത്തിന്റെ സംരക്ഷണ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നും ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ആറ്റിങ്ങൽ കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾക്കായി 105 ലക്ഷം രൂപ അനുവദിച്ചു. സംരക്ഷണ പ്രവൃത്തികൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. കൊട്ടാരത്തിന്റെ

ഇരുനിലയുള്ള മുഖമണ്ഡപത്തിന്റെ ശാസ്ത്രീയ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി. നാശോന്മുഖമായിരുന്ന മേൽക്കൂര, ഭിത്തികൾ, തൂണുകൾ, കൈവരികൾ തുടങ്ങിയവയെല്ലാം ശാസ്ത്രീയമായ രീതിയിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്. കൊട്ടാരത്തിലെ നാലുകെട്ടിന്റെ ജീർണ്ണത പരിഹരിക്കുന്നതിനുള്ള പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്.

## കണ്ണൂർ കോട്ടയിലെ ലൈറ്റ് ആൻഡ് സൗണ്ട് ഷോ

407(1566) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കോട്ടയിലെ ലൈറ്റ് ആൻഡ് സൗണ്ട് ഷോയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കണ്ണൂർ സെന്റ് ആഞ്ചലോസ് കോട്ടയിലെ ലൈറ്റ് & സൗണ്ട് ഷോയുടെ ട്രയൽ റൺ വിജയകരമായി പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിന് തയ്യാറാണെന്ന് പദ്ധതി ഏറ്റെടുത്തിട്ടുള്ള ഏജൻസി അറിയിച്ചിരുന്നു. എന്നാൽ റഗുലർ ഷോ ആരംഭിക്കുന്നതിനും അനുമതി ലഭിക്കുന്നതിനും

എം.ഒ.എ.-യുടെ കാലാവധി നീട്ടി നൽകുന്നതിനും ന്യൂഡൽഹിയിലെ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ ഡയറക്ടറോട് അപേക്ഷിച്ചിരുന്നെങ്കിലും ഇതുവരെ അനുമതി ലഭ്യമായിട്ടില്ല.

(ബി) ലൈറ്റ് ആൻഡ് സൗണ്ട് ഷോയുടെ ചുമതല ആർക്കാണെന്ന് വിശദമാക്കാമോ?

ലൈറ്റ് & സൗണ്ട് ഷോയുടെ നടത്തിപ്പ് ചുമതല ഡി.ടി.പി.സി.-ക്ക് ആണ്. പദ്ധതിയുടെ എ.എം.സി. ചുമതല 2021 ജനുവരി 16 മുതൽ 2 വർഷത്തേയ്ക്ക് കരാർ ഒപ്പുവച്ചിട്ടുള്ളത് ക്രാഫ്റ്റ് ലൈറ്റിംഗ് ബാംഗ്ലൂർ ആണ്.

(നക്ഷത്രചിഹ്നമിടാത്ത 1221-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

**(10.00 am)**

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: എ.കെ.ജി. സെന്ററിൽ സ്ഫോടകവസ്തു എറിഞ്ഞ സംഭവത്തിലും തുടർന്ന് സംസ്ഥാനത്തുടനീളം കോൺഗ്രസ് ഓഫീസുകളും സ്തൂപങ്ങളും തകർത്ത സംഭവങ്ങളിലും പോലീസ് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.സി. വിഷ്ണുനാഥ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എ.കെ.ജി. സെന്ററിന് നേരെയുണ്ടായ ആക്രമണം പതിനായിരങ്ങളുടെ അമർഷത്തിനും പ്രതിഷേധത്തിനുമിടയാക്കിയ സംഭവമാണ്. വലിയ വേദനയോടെ മാത്രമേ ആ സംഭവത്തെക്കുറിച്ച് ആളുകൾക്ക് കേൾക്കാൻ കഴിഞ്ഞുള്ളൂ. അത്തരമൊരു സാഹചര്യത്തിൽ ഈ അടിയന്തരപ്രമേയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളത് അംഗീകരിക്കുന്നതാണ്;

നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് 5 അംഗങ്ങളും ചേർന്ന് നൽകിയ ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ച സാഹചര്യത്തിൽ ചട്ടം 55-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഉച്ചയ്ക്ക് 1 മണിക്ക് പ്രമേയം ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂർ സമയം ചർച്ചയ്ക്ക് അനുവദിക്കുന്നു. ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ പരാമർശിച്ചിട്ടുള്ള ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച അതിനനുസരിച്ച് ക്രമീകരിക്കുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന്റെ സ്വകാര്യവത്കരണം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായാലും നഷ്ടത്തിലായാലും വിറ്റഴിക്കുകയെന്നതാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. 2016-ൽ കേന്ദ്ര സർക്കാർ വിൽപ്പനയ്ക്കുവച്ച 35 സ്ഥാപനങ്ങളിൽ പലതും വിറ്റുകഴിഞ്ഞു. ആ സ്ഥാപനങ്ങളുടെ പേരുവിവരം വേണ്ടത്ര സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല,

മേശപ്പുറത്തുവയ്ക്കുകയാണ്.+ തിരുവനന്തപുരം ആസ്ഥാനമാക്കി കേരളത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന ഏക കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് HLL LIFECARE. 1966-ൽ ഗർഭനിരോധന/ജനസംഖ്യ നിയന്ത്രണ സൊല്യൂഷൻ പ്രൊവൈഡർ എന്ന നിലയിലാണ് എച്ച്.എൽ.എൽ. പ്രവർത്തനം ആരംഭിച്ചത്. രാജ്യത്തിനകത്തും പുറത്തും ആരോഗ്യമേഖലയിലെ പരിഹാരദാതാവായി മാറാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഗർഭനിരോധന മാർഗ്ഗങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത് കെയർ ഉപകരണങ്ങൾ, മിതമായ നിരക്കിൽ സേവനം നൽകുന്ന ഡയഗനോസ്റ്റിക് ലാബുകൾ, മെറ്റേണിറ്റി ഹോസ്പിറ്റലുകൾ, മറ്റ് ഗവൺമെന്റ് പ്രോജക്ടുകളുടെ എക്സിക്യൂഷൻ തുടങ്ങി ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ഏറെക്കുറെ എല്ലാ മേഖലയിലും എച്ച്.എൽ.എൽ.-ന്റെ സേവനം ലഭ്യമാണ്. ഇതിന്റെ പ്രധാന പ്രോഡക്ടുകൾ സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടിയുള്ള ഗർഭനിരോധന ഉറകൾ, ഗർഭനിരോധന ഗുളികകൾ, ഐ.യു.ഡി., ബ്ലഡ് ബാഗ്, സർജിക്കൽ സ്യൂച്ചറുകൾ, സാനിട്ടറി നാപ്കിനുകൾ, ഡയഗനോസ്റ്റിക് കിറ്റുകൾ, സാനിറ്റൈസർ, സാമ്പിൾ കളക്ഷൻ ബൂത്തുകൾ, യു.വി. അണുനശീകരണികൾ തുടങ്ങിയവയാണ്. എച്ച്.എൽ.എൽ.-ന്റെ

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രദ്ധേയമായ പദ്ധതിയാണ് 'അമൃത്'. 217 ഔട്ട്‌ലെറ്റുകളിലൂടെ ഒരു ലക്ഷം ഗ്രാമങ്ങളുൾക്കൊള്ളുന്ന ഒന്നരലക്ഷം മെഡിക്കൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളിലൂടെ അമ്പത് ശതമാനം വരെ കിഴിവ് നൽകി ഉല്പന്നങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്ന സംരംഭമാണിത്. മറ്റൊരു പ്രധാന സംരംഭമാണ് ഡയഗ്നോസ്റ്റിക് മേഖലയിലെ ഹിന്ദ് ലാബ്സ്. 220 പത്തോളജി ലാബുകളും 47 ഇമേജിംഗ് ലാബുകളും ഇന്ന് രാജ്യത്താകമാനം സാധാരണക്കാർക്ക് ആശ്രയമായി നിലനിൽക്കുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ ഉല്പന്നങ്ങൾ 85-ലധികം രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുകയും UNFPA, UNHCR, WHO, PSI, IDA തുടങ്ങിയ അന്താരാഷ്ട്ര ആരോഗ്യ സംരക്ഷണ ഏജൻസികളുമായി സഹകരിച്ച് നിർമ്മാണം നടത്തുകയും ചെയ്യുന്നുണ്ട്. കോവിഡ് കാലത്ത് ഇന്ത്യാ ഗവൺമെന്റിന്റെ പിടിവള്ളിയായിരുന്ന എച്ച്.എൽ.എൽ. മരുന്നുകളുടെയും ഉപകരണങ്ങളുടെയും സംഭരണത്തിനും വാക്സിൻ വിതരണത്തിനുമുള്ള നോഡൽ ഏജൻസിയായി ഇത് പ്രവർത്തിച്ചിരുന്നു. വിവിധ സംസ്ഥാന സർക്കാർ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന കോവിഡ് അനുബന്ധ ഉപകരണങ്ങൾ വികസിപ്പിച്ചും വിതരണം ചെയ്തും

വിപുലമായ ശ്രേണി വാഗ്ദാനം ചെയ്ത് പ്രസക്തി തെളിയിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാലഘട്ടത്തെ നിസ്വാർത്ഥ സേവനത്തിന് വിവിധ ഗവൺമെന്റുകളുടെയും സംസ്ഥാന മെഡിക്കൽ വിഭാഗങ്ങളുടെയും സ്വീകാര്യതയും അഭിനന്ദനവും ഈ സ്ഥാപനം നേടിയെടുത്തു. ഇതിന് 8 മാനുഫാക്ചറിംഗ് യൂണിറ്റുകളും 3 സബ്സിഡിയറികളുമുണ്ടായിരുന്നു. അതിൽ HLL Biotech, HLL Medipark എന്നിവ എച്ച്.എൽ.എൽ.-ൽ നിന്നും വിഭജിച്ച് പ്രത്യേക സ്ഥാപനങ്ങളാക്കി മാറ്റി. നിലവിൽ 1486 സ്ഥിരം ജീവനക്കാരും 2492 കരാർ ജീവനക്കാരും കൂടാതെ മൂന്നാംകക്ഷി കരാറിനുകീഴിൽ ഏകദേശം 5000 പേർ പരോക്ഷമായും ജോലി ചെയ്യുന്നുണ്ട്. കേരളത്തിൽ 27.44 ഏക്കറും കർണ്ണാടകയിൽ 43.19 ഏക്കറും തമിഴ്നാട്ടിൽ 0.33 ഏക്കറും ഭൂമി വീതം സംസ്ഥാന സർക്കാരുകൾ സൗജന്യമായാണ് ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത് നൽകിയത്. കോവിഡ് ദുരന്തം വിതച്ച കഴിഞ്ഞ സാമ്പത്തികവർഷംപോലും 112.33 കോടി രൂപ ലാഭം നേടിയ പ്രസ്തുത സ്ഥാപനത്തെ കേവലം 300 കോടി രൂപയ്ക്കാണ് വിൽക്കാൻ പോകുന്നത് .

മി. സ്പീക്കർ: അംഗങ്ങൾ സഭയിൽ ക്രമം പാലിക്കേണ്ടതാണ്,.

ആവർത്തിച്ചാവർത്തിച്ച് ചെയറിന് ഇങ്ങനെ പറയേണ്ടിവരുന്നത് നിർഭാഗ്യകരമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പൂജപ്പുര, പേരൂർക്കട, ആക്കുളം തുടങ്ങിയ തിരുവനന്തപുരം നഗരത്തിന്റെ കണ്ണായ പ്രദേശങ്ങളിൽ സെന്റിന് 10 മുതൽ 25 ലക്ഷം രൂപവരെ വിലവരുന്ന ഏക്കർ കണക്കിന് ഭൂമി സംസ്ഥാന സർക്കാർ സൗജന്യമായി ഏറ്റെടുത്ത് കൊടുത്തതാണ്. അതാണ് നിസ്സാരവിലയ്ക്ക് കോർപ്പറേറ്റുകൾ തട്ടിയെടുക്കാൻ പോകുന്നത്. ഇതുകൂടാതെ എറണാകുളം, നോയിഡ, ബാംഗ്ലൂർ, ചെന്നൈ തുടങ്ങി രാജ്യമെമ്പാടും ഇതിന് ആസ്തിയുണ്ട്. ഇത് രാജ്യത്തെ ആരോഗ്യമേഖലയ്ക്ക് നൽകുന്ന നിസ്വാർത്ഥ സേവനങ്ങൾ പരിഗണിക്കുമ്പോൾ തന്ത്രപരമായ ഓഹരി വിറ്റഴിക്കലിലൂടെ പ്രതീക്ഷിക്കുന്ന വരുമാനം വളരെ തുച്ഛമാണ്. മാത്രമല്ല, ആരോഗ്യരംഗത്ത് പൊതുമേഖലയുടെ കീഴിലുള്ള മറ്റൊരു കമ്പനിയും ഇപ്പോഴില്ലെന്നതും ഓർക്കണം. മോദി സർക്കാർ സകലതും വിറ്റ് പൂട്ടടിക്കുകയാണ്. കേന്ദ്ര സർക്കാർ വിൽക്കാൻ പോകുന്നത് നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാണെന്നാണ് പലരുടെയും ധാരണ. ഇത് ശരിയല്ല. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം നഷ്ടത്തിലല്ല. പാർലമെന്റിൽ നൽകിയ

മറുപടി പ്രകാരം കഴിഞ്ഞവർഷം 177 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായപ്പോൾ 77 എണ്ണം മാത്രമാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന 4 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ 2020-21 വർഷത്തെ ആകെ ലാഭം 1085.27 കോടി രൂപയാണ്. എച്ച്.എൽ.എൽ. ലൈഫ് കെയർ സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പൊതുമേഖലാ സ്ഥാപനങ്ങളെ പൂർണ്ണമായും സ്വകാര്യവത്കരിക്കുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ സമീപനം. ആദ്യം യു.ഡി.എഫ്. സർക്കാരും തുടർന്ന് അധികാരത്തിൽവന്ന ബി.ജെ.പി. സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണത്തെ ശക്തിപ്പെടുത്തിയാണ് മുന്നോട്ടുപോയിട്ടുള്ളത്. ആദ്യഘട്ടത്തിൽ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ് വിറ്റഴിച്ചിരുന്നതെങ്കിൽ ഇപ്പോൾ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്നവയും കുറഞ്ഞ വിലയ്ക്ക് വിൽക്കാനുള്ള സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെ

ചൂണ്ടിക്കാണിച്ചതെല്ലാം വസ്തുതകളാണ്. എച്ച്.എൽ.എൽ. ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കോവിഡ് കാലഘട്ടത്തിൽ ഇന്ത്യയിലെ പ്രതിരോധ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിലും ആഫ്രിക്കൻ രാജ്യങ്ങളുൾപ്പെടെ മൂന്നാം ലോക രാജ്യങ്ങളിലേയ്ക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുന്നതിലും ഈ സ്ഥാപനം വഹിച്ച പങ്ക് നിസ്തുലമാണ്. അത് സ്വകാര്യവത്കരിക്കാനുള്ള തീരുമാനം തെറ്റാണെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര സർക്കാർ അതിന് തയ്യാറാകാത്തതിനെത്തുടർന്ന് ലേലത്തിൽ പങ്കെടുത്തുകൊണ്ടാണ് സംസ്ഥാന സർക്കാർ അത് ഏറ്റെടുത്തത്. എച്ച്.എൽ.എൽ. ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്തയച്ചെങ്കിലും അനുകൂല സമീപനം സ്വീകരിക്കാതെ ലേലത്തിൽ വയ്ക്കുകയാണ് ചെയ്തത്. അപ്പോൾ മന്ത്രിസഭാ തീരുമാനപ്രകാരം ആ ലേലത്തിൽ പങ്കെടുക്കണമെന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച

പ്രിലിമിനറി ഇൻഫർമേഷൻ മെമ്മോറാണ്ടം പ്രകാരം സ്ഥാപനത്തിന്റെ രാജ്യത്താകമാനമുള്ള ആസ്തികൾ ഏറ്റെടുക്കേണ്ടതുണ്ട്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന്റെ തുടർപ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനും ലേലനടപടികളിൽ പങ്കെടുക്കുന്നതിനും സംസ്ഥാനത്തിനകത്തുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുമായി 11.2.2002-ലെ ഉത്തരവുപ്രകാരം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ കൂട്ടംകൂടിനിന്ന് സംസാരിക്കരുതെന്നും പിന്തിരിഞ്ഞ് നിൽക്കരുതെന്നും രണ്ടുതവണ ചെയറിന് പറയേണ്ടിവന്നു. വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചിരിക്കുന്നത്. അത്തരം കാര്യങ്ങളിൽ താല്പര്യം പ്രകടിപ്പിക്കാതിരിക്കുകയും രാഷ്ട്രീയ വിവാദങ്ങളിൽമാത്രം ശ്രദ്ധപുലർത്തുകയും ചെയ്യുന്നത് ശരിയായ സമീപനമല്ലെന്ന് കർക്കശമായി ചെയറിന് പറയേണ്ടിവരികയാണ്.

ശ്രീ. പി. രാജീവ്: സർ, കേന്ദ്ര സർക്കാരിന്റെ ഇത്തരം നടപടികളോട് നിശബ്ദത പാലിക്കുന്നുവെന്നുള്ളത് കേരളം ചർച്ച ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കാൻ തീരുമാനിക്കുകയും ബിഡ് സമർപ്പിക്കുകയും

ചെയ്തുവെങ്കിലും 18.09.2002-ന് പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിലെ വ്യവസ്ഥയനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിയുണ്ടെങ്കിൽ മാത്രമേ സംസ്ഥാന സർക്കാരിനോ സർക്കാർ സ്ഥാപനങ്ങൾക്കോ ലേലനടപടികളിൽ പങ്കെടുക്കാൻ കഴിയൂവെന്നാണ് കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ അനുമതിയുണ്ടെങ്കിൽ മാത്രമേ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, 51% സർക്കാർ ഉടമസ്ഥാവകാശമുള്ള കേന്ദ്രസർക്കാരിന്റെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവയ്ക്ക് ലേലത്തിൽ പങ്കെടുക്കാൻ അനുമതിയുള്ളൂവെന്നതാണ് ആ ഓഫീസ് മെമ്മോറാണ്ടത്തിലെ വ്യവസ്ഥ. സംസ്ഥാന സർക്കാരിന് അത്തരത്തിൽ അനുമതി വേണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല; കേന്ദ്ര സ്ഥാപനങ്ങൾക്ക് മാത്രമാണ് അത് ബാധകമായിട്ടുള്ളത്. ഓഫീസ് മെമ്മോറാണ്ടം പ്രകാരം സംസ്ഥാന സർക്കാരിനെ ലേല നടപടികളിൽനിന്ന് നിയമപരമായി തടയാൻ കഴിയില്ലെന്നതാണ് വസ്തുത. പക്ഷെ ആ ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള തുടരനുമതി കേന്ദ്ര സർക്കാർ നിഷേധിച്ചിരിക്കുകയാണ്. അതിനെതിരെ മാർച്ച് മാസത്തിൽ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചെങ്കിലും മറുപടിയൊന്നും ലഭ്യമായിട്ടില്ല. ബിഡ്

നൽകിയതിനുശേഷം കെ.എസ്.ഐ.ഡി.സി.ക്കും ലേലത്തിൽ പങ്കെടുക്കുന്നതിന് അനുമതിയില്ലെന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന് ലേലത്തിൽ പങ്കെടുക്കാൻപോലും അനുമതി നൽകില്ലെന്ന കേന്ദ്ര സർക്കാരിന്റെ സമീപനത്തെ നാം ഒറ്റക്കെട്ടായി പ്രതിരോധിക്കേണ്ടതുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേന്ദ്ര സർക്കാരിന്റെ നയം വ്യക്തമാണ്. രാജ്യത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവത്കരിക്കുകയാണ്. തിരുവനന്തപുരം എയർപോർട്ട് അതിനൊരു ഉദാഹരണമാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനുവേണ്ടി കെ.എസ്.ഐ.ഡി.സി.-യെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കണമെന്ന ഭരണ-പ്രതിപക്ഷ ഭേദമെന്യേയുള്ള പൊതുവികാരം പ്രമേയമായി അംഗീകരിച്ച് കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സംസ്ഥാനത്തിന്റെ പൊതുവികാരം മുഖ്യമന്ത്രി രേഖാമൂലം പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ട്. അതിനോടും

നിഷേധാത്മകമായ സമീപനമാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. ബഹുമാന്യനായ അംഗം പറഞ്ഞ കാര്യം പരിഗണിക്കാവുന്നതാണ്.

## (2) ഉപരിപഠനത്തിന് പോകുന്നവരുടെ വിദേശ പൗരത്വം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കേരളത്തിലുണ്ടാകാൻ പോകുന്ന ഒരു ഭീഷണിയെക്കുറിച്ച് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. ഇന്ത്യയിൽനിന്നും ഒരുവർഷം അഞ്ച് ലക്ഷം വിദ്യാർത്ഥികളാണ് വിദേശരാജ്യങ്ങളിൽ ഉപരിപഠനത്തിനായി പോകുന്നത്. അതിൽ നാല്പതിനായിരത്തോളം പേർ കേരളത്തിൽ നിന്നുള്ളവരാണ്. ഇത് മൊത്തം ജനസംഖ്യയുടെ 2.8 ശതമാനമാണെങ്കിലും അലോക്കേഷൻവച്ച് നോക്കുമ്പോൾ ഏകദേശം 8 മുതൽ 9% വരെയാണെന്ന് കാണാം. ഇതൊരു ഹ്യൂജ് സ്റ്റാറ്റിസ്റ്റിക്സാണ്. ബ്രെയിൻ ഡ്രെയ്ൻ സംബന്ധിച്ച് വർഷങ്ങളായി നമ്മൾ കേൾക്കുന്നതാണ്. വർഷങ്ങൾക്കുമുമ്പ് ഇത്രയധികംപേർ വിദേശത്ത് പോകുന്ന സ്ഥിതിയുണ്ടായിരുന്നില്ല. ഇപ്പോൾ ബുദ്ധിമാന്മാരൊക്കെ വിദേശരാജ്യങ്ങളിൽ പോയി പഠിക്കുകയും ജോലി നേടി അവിടത്തെ പൗരന്മാരായി മാറുകയുമാണ്. പ്ലസ് ടു കഴിഞ്ഞാൽ എത്രയുംവേഗം

വിദേശരാജ്യങ്ങളിൽ പോകാനാണ് കുട്ടികൾ ആഗ്രഹിക്കുന്നത്. യു.എസ്., യു.കെ., കാനഡ, ആസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന രാജ്യങ്ങളിലേയ്ക്ക് പോകാനാണ് അവർ കൂടുതൽ ആഗ്രഹിക്കുന്നത്. ഇവിടെ നല്ല യൂണിവേഴ്സിറ്റികളോ ലാബുകളോ പുതിയ സബ്ജക്ടുകളോ സിലബസോ മറ്റ് തൊഴിലവസരങ്ങളോ ഇല്ല, വിദേശരാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ക്ലബ്ബ് ചെയ്തുകൊണ്ടുള്ള പഠനവുമില്ല. അതുകൊണ്ടാണ് കുട്ടികൾ വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നത്. മറ്റ് സംസ്ഥാനങ്ങളിലൊക്കെ അത്തരം സംവിധാനങ്ങളുണ്ട്. ഇന്റർനെറ്റിലൂടെ വിദേശരാജ്യങ്ങളിലെ സൗകര്യം മനസ്സിലാക്കുന്ന വിദ്യാർത്ഥികൾ രാജ്യം വിട്ടുപോകാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽനിന്നും വിദേശത്തുപോയി പഠിച്ച് തിരിച്ചുവരണമെന്നല്ല അവർ ആഗ്രഹിക്കുന്നത്. വിദേശത്തുപോയി പഠിക്കാനും അവിടത്തെ സിറ്റിസൺഷിപ്പ് നേടാനുമാണ് ശ്രമിക്കുന്നത്. ഇപ്പോൾ കേരളത്തിൽ എത്രമാത്രം വീടുകളാണ് അടഞ്ഞുകിടക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മുടെ വോട്ടർമാരെല്ലാം വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുകയാണ്. പത്തുപതിനഞ്ച് വർഷം കഴിയുമ്പോൾ കേരളം വൃദ്ധരുടെ നാടായി മാറാനുള്ള

സാദ്ധ്യതയാണ് കാണുന്നത്. സംസ്ഥാനത്തെ സംവിധാനങ്ങൾ മോശമാകുന്നതുകൊണ്ടാണിത് സംഭവിക്കുന്നത്. മുൻകാലങ്ങളിൽ ഡിഗ്രി കഴിഞ്ഞ് പി.ജി.-ക്കുവേണ്ടിയാണ് വിദേശരാജ്യങ്ങളിൽ പോയിരുന്നത്. ഇപ്പോൾ പ്ലസ് ടു കഴിഞ്ഞാലുടൻ പോകുകയാണ്. വിദേശരാജ്യങ്ങളിൽ പോയി പഠിച്ച് നാട്ടിൽ തിരിച്ചെത്തുന്നവർക്ക് അതേ റാങ്കിലുള്ള ജോലിയും ശമ്പളവും സംസ്ഥാനത്ത് ലഭിക്കുന്നില്ലെന്നത് യാഥാർത്ഥ്യമാണ്. വിദേശ സർവ്വകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സർവ്വകലാശാലകൾ വളരെ പിന്നിലാണ്. ക്വാളിറ്റിയുടെ കാര്യത്തിൽ 700 സർവ്വകലാശാലകളെടുക്കുമ്പോഴാണ് അതിൽ കേരളം ഉൾപ്പെടുന്നത്. ഐ.ഐ.ടി.-യാണ് ഇന്ത്യയിലെ ക്വാളിറ്റിയുള്ള ഏക സർവ്വകലാശാല. എന്നാൽ 200 സർവ്വകലാശാലകളെടുത്താൽ അതിൽ ഇന്ത്യയിലേത് ഒന്നുപോലുമില്ല. നമ്മുടെ കുട്ടികളെ ഇവിടത്തന്നെ നിലനിർത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ ഇവിടത്തെ തൊഴിലും തൊഴിലവസരങ്ങളും നഷ്ടപ്പെടുമെന്നു മാത്രമല്ല വ്യവസായങ്ങളുമുണ്ടാകില്ല. അതുകൊണ്ട് ഇത് ഗൗരവമായെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഉന്നത വിദ്യാഭ്യാസത്തിനായും തൊഴിൽതേടിയും ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നുണ്ടെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട അംഗം ഭയക്കുന്ന രീതിയിലുള്ള അവസ്ഥ ഒരിക്കലുമുണ്ടാകാൻ പോകുന്നില്ല. അത് മറികടക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് മുൻഗണന നൽകുന്ന സമീപനം തന്നെയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഡ്ജറ്റ് അവതരണവേളയിൽ ധനകാര്യ വകുപ്പുമന്ത്രി ഏറ്റവുമാദ്യം ഇക്കാര്യം പരമാർശിച്ചതും ആയിരം കോടിയിലധികം രൂപ വിന്യസിച്ച് സർവ്വകലാശാലകളിലും കലാലയങ്ങളിലും നവീന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമം നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽചൂണ്ടിയതുമൊക്കെ ഇതിന്റെ അടയാളങ്ങളാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഉന്നത വിദ്യാഭ്യാസ മേഖലയെ ഈ സർക്കാരിന്റെ ഒന്നാമത്തെ പരിഗണനാ വിഷയമായി കേരളീയ സമൂഹത്തിന്റെ മുന്നിൽ നിരന്തരം ചൂണ്ടിക്കാണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽനിന്ന് വ്യത്യസ്തമായി, കേരളത്തിലെ

സർവ്വകലാശാലകളും കോളേജുകളും ഇപ്പോൾ മികച്ച നിലവാരത്തിലേയ്ക്ക് വളർന്നിരിക്കുകയാണെന്നും റാങ്കിംഗ് സംവിധാനങ്ങളിലൊക്കെ ഉയർന്ന ഗ്രേഡ് നേടി തിളങ്ങിനിൽക്കുകയാണെന്നുമുള്ള കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഔദ്യോഗിക റാങ്കിംഗ് അക്രെഡിറ്റേഷൻ സംവിധാനങ്ങളായ NIRF, NAAC, NBA തുടങ്ങിയവ പ്രകാരം കേരളത്തിലെ പല കലാലയങ്ങളും ഉന്നതനിലവാരമാണ് പുലർത്തുന്നത്. എൻ.ഐ.ആർ.എഫ്.-ന്റെ ആദ്യ നൂറ് റാങ്കിനുള്ളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നാല് സർവ്വകലാശാലകൾ ഉൾപ്പെട്ടിട്ടുണ്ട്. കേരളത്തിലെ വിവിധ വകുപ്പുകൾക്കുകീഴിൽ പ്രവർത്തിക്കുന്ന 16 സർവ്വകലാശാലകളും അഫിലിയേഷനുള്ള അക്രഡിറ്റഡ് സർവ്വകലാശാലകളാണ്. കേരള സർവ്വകലാശാല NAAC അക്രഡിറ്റേഷന്റെ A++ നേടിയതും അഭിമാനകരമാണ്. ഇന്ത്യയിലെ ആദ്യ പത്ത് റാങ്കുകളിൽ കേരള സർവ്വകലാശാലയും ഉൾപ്പെടുന്നുണ്ട്. ഈയടുത്ത ദിവസം പട്ടാമ്പി ഗവൺമെന്റ് സംസ്കൃത കോളേജിന് A+ റാങ്കിംഗ് ലഭിച്ചു. ഞാനടക്കം പങ്കെടുത്തുകൊണ്ട് അതിന്റെ പ്രഖ്യാപന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിലെ സർവ്വകലാശാലകളും

കലാലയങ്ങളും ഗുണനിലവാരത്തിന്റെ കാര്യത്തിൽ ഒട്ടും പിന്നിലല്ല. ഇവ പിന്നിലാണെന്നുള്ള പ്രചരണം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും നിരന്തരമുണ്ടാകുന്നത് ദൗർഭാഗ്യകരമാണ്. തെറ്റിദ്ധാരണയ്ക്കിടയാക്കുന്ന അത്തരം പ്രസ്താവനകൾ അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ഭരണ-പ്രതിപക്ഷഭേദമെന്യേ യോജിച്ച് പരിശ്രമിക്കുകയാണ് വേണ്ടത്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന 100 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ ശാക്തീകരണ കർമ്മ പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ ഉദ്ഘാടനം ചെയ്യുകയാണ്. കരിക്കുലം ഡെവലപ്മെന്റ്, ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് തുടങ്ങിയ കാര്യങ്ങൾ പരിഷ്കരിച്ച് നൂതന സംവിധാനങ്ങൾ നടപ്പിലാക്കി വലിയ മാറ്റങ്ങളിലേയ്ക്ക് നാം മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ലഭ്യമായ പുതുതലമുറ കോഴ്സുകളുൾപ്പെടെയുള്ളവയുടെ വിശദാംശം ഞാൻ അവതരിപ്പിക്കാം.

മി. സ്പീക്കർ: സമയം അധികമായതിനാൽ ചുരുക്കണം.

ഡോ. ആർ. ബിന്ദു: സർ, ഞാനതിന്റെ വിശദാംശങ്ങൾ

മേശപ്പുറത്തുവയ്ക്കാം.+ ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാൻ കഴിയുന്ന സ്ഥിതിയാണുള്ളത്. ഉന്നത വിദ്യാഭ്യാസരംഗത്ത് 18-നും 23-നുമിടയിൽ പ്രായമുള്ള വിദ്യാർത്ഥികളുടെ പ്രവേശനനിരക്ക് 38.8 ശതമാനവും ദേശീയ ശരാശരി 27.1 ശതമാനവുമാണ്. 11.7% വിദ്യാർത്ഥികൾ കേരളത്തിൽ നിന്നുതന്നെ ഉന്നത വിദ്യാഭ്യാസം നേടുന്നുവെന്നതാണ് അഭിമാനകരമായി ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെ ആഗോളവത്കരണത്തിന്റെ കാലഘട്ടത്തിൽ രാജ്യാതിർത്തികൾ തമ്മിൽ ഹ്യൂമൻ റിസോഴ്സസ് കൈമാറ്റം ചെയ്യപ്പെടുമെന്നുള്ളതും ഒഴിവാക്കാനാകാത്തതാണ്. കാനഡ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ ഹ്യൂമൻ റിസോഴ്സസിന്റെ കുറവുണ്ട്. അത്തരം കാര്യങ്ങളിൽ നമ്മുടെ നാടിന്റെ ഉന്നതനിലവാരം ചൂണ്ടിക്കാണിച്ചുകൊണ്ട് വിദ്യാർത്ഥികളെ ഇവിടെത്തന്നെ നിലനിർത്താനുള്ള സഹായമാണ് പ്രതിപക്ഷം ചെയ്യേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് വളരെ ഗൗരവമായൊരു വിഷയമായിത്തന്നെയാണ് കാണുന്നത്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്തിറക്കിയ പ്രകടന പത്രികയിൽ പ്രധാനമായും ഉന്നത

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വിദ്യാഭ്യാസമേഖലയുടെ ശാക്തീകരണത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. വിശദമായി പറയേണ്ട വിഷയമാണിത്; ഇപ്പോൾ ഞാനതിലേയ്ക്ക് പോകുന്നില്ല. വിദ്യാഭ്യാസത്തിൽ പൊതുവെ പുരോഗതി നേടിയ സംസ്ഥാനമാണ് കേരളം. കാലാനുസൃതമായ പുരോഗതി ആർജ്ജിക്കാൻ വേണ്ടിയാണ് 2016-ൽ കഴിഞ്ഞ സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയിൽ മാറ്റം വരുത്താൻ ശ്രമിച്ചതും മാറ്റമുണ്ടാക്കിയതും. നേട്ടങ്ങളൊക്കെ പറയാനുണ്ടെങ്കിലും ഒട്ടേറെ കാര്യങ്ങളിൽ ഇനിയും മാറ്റം വരുത്താനുണ്ട്. യൂണിവേഴ്സിറ്റികളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പശ്ചാത്തലസൗകര്യം, കോഴ്സുകളുടെ ഘടന തുടങ്ങിയവയിൽ സമഗ്രമായ മാറ്റം അനിവാര്യമായതിനാൽ അത്തരം നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി കേരളത്തെ മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതിന് വലിയ തോതിലുള്ള ഫണ്ട് ചെലവഴിക്കേണ്ടിവരും. ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് എത്തിക്കുകയെന്നുള്ളതാണ് ലക്ഷ്യം. ഇതൊന്നും ലക്ഷ്യമിടാത്ത ഘട്ടത്തിലായിരുന്നു കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഞാനടക്കം പങ്കെടുത്ത് യൂണിവേഴ്സിറ്റികളുടെ വൈസ്ചാൻസലർമാരുടെ യോഗം വിളിച്ച്

റാങ്കിംഗ് ഉയർത്തേണ്ടതുസംബന്ധിച്ച് ചർച്ച ചെയ്യുകയും അതിനനുസൃതമായ മാറ്റം വരുത്തുകയും ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കേരള യൂണിവേഴ്സിറ്റിയുടെ അഭിമാനാർഹമായ നേട്ടം അതിന്റെ ഭാഗമായിക്കൂടി വന്നതാണ്. ഇനിയും നമുക്ക് നേട്ടങ്ങളുണ്ടാക്കാം; മാറ്റങ്ങളുണ്ടാക്കാം. നമ്മുടെ വിദ്യാർത്ഥികൾക്ക് മാത്രമല്ല, സംസ്ഥാനത്തിന് പുറത്തും വിദേശ രാജ്യങ്ങളിലുള്ളവർക്കുപോലും ഇവിടെ വന്ന് പഠിക്കാൻ തോന്നുംവിധം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലോകോത്തര നിലവാരം നേടുന്നതിനാണ് ശ്രമിക്കേണ്ടത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, വരാൻപോകുന്ന വിപത്ത് ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലായില്ലെങ്കിലും ഇത്രപെട്ടെന്ന് അങ്ങേയ്ക്ക് മനസ്സിലായതിൽ എനിക്ക് സന്തോഷമുണ്ട്. കേരളത്തിൽനിന്ന് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ഉപരിപഠനത്തിന് പോകുന്നുണ്ട്. പക്ഷേ മറ്റ് സംസ്ഥാനങ്ങളിൽനിന്നുപോലും ആരും പഠിക്കാനായി ഇവിടെ വരുന്നില്ല.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യം ചോദിക്കണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, ഉപരിപഠനവുമായി

ബന്ധപ്പെട്ട് പതിനായിരം കോടി രൂപയാണ് വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നത്. സംസ്ഥാന സർക്കാരിന്റെ കയ്യിൽ വിദേശത്ത് പഠിക്കാൻ പോകുന്നവരുടെ കണക്കുണ്ടോ? ഉക്രൈനിൽ യുദ്ധമുണ്ടായപ്പോൾ അവിടെയുള്ളത് 300 പേരെന്നാണ് പറഞ്ഞത്.

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഭയാനകമായ അവസ്ഥ നിലവിലില്ലെന്നതന്നെയാണ് പറയാനുള്ളത്. അതുപോലെ ധിഷണാശാലികളായ വിദ്യാർത്ഥികൾ പോകുന്നുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയൊരു സ്ഥിതിയല്ല സംസ്ഥാനത്തുള്ളത്. എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിക്കാതെ വരുമ്പോഴാണ് പലപ്പോഴും ഉക്രൈൻ പോലുള്ള വിദേശരാജ്യങ്ങളിലേയ്ക്ക് പോകാൻ നിർബന്ധിതരാകുന്നത്. യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ പലായനം ചെയ്തുവന്നവർക്ക് കൃത്യമായി കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി ഇതിന്റെ ഗൗരവത്തെക്കുറിച്ചും ഗവൺമെന്റ് കൈക്കൊണ്ടുവരുന്ന നടപടികളെക്കുറിച്ചുമൊക്കെ വിശദമായിത്തന്നെ സൂചിപ്പിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് വിദേശങ്ങളിൽ നിന്നുള്ള

വിദ്യാർത്ഥികളെപ്പോലും ആകർഷിക്കുംവിധത്തിലുള്ള വിസ്മയകരമായ മുന്നേറ്റം വരുന്ന മൂന്നുനാല് വർഷംകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാഴ്ചവയ്ക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. പ്രതിപക്ഷം അതിനോടൊപ്പം നിൽക്കുകയാണ് വേണ്ടതെന്നാണ് എന്റെ അഭിപ്രായം.

## IV സബ്മിഷൻ

### (1) വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ വടക്കൻ മേഖലയിലെ വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ, മദ്യം, മയക്കുമരുന്ന് കടത്ത്, ഗുണ്ടാപ്രവർത്തനങ്ങൾ എന്നിവ തടയുന്നതിന് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇക്കഴിഞ്ഞ ദിവസം പുത്തിഗയിലെ പ്രവാസിയായ അബൂബക്കർ സിദ്ദിഖ് എന്ന യുവാവിനെ ഗൾഫിൽനിന്ന് വിളിച്ചുവരുത്തി ക്വട്ടേഷൻ സംഘം പൈവളികെ അജ്ഞാതകേന്ദ്രത്തിൽ കെട്ടിയിട്ട് അതിക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തി. കൊല നടക്കുന്നതിന് രണ്ട് ദിവസംമുമ്പ് അബൂബക്കർ സിദ്ദിഖിന്റെ സഹോദരൻ അൻവറിനെയും സുഹൃത്ത് അൻസാദിനെയും വീട്ടിൽനിന്ന്

പിടിച്ചുകൊണ്ടുപോയി ഇതേ കേന്ദ്രത്തിൽവച്ച് രണ്ട് ദിവസം കെട്ടിയിട്ട് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. അബൂബക്കർ സിദ്ദിഖിനെ കൊലപ്പെടുത്തിയതിനുശേഷമാണ് മറ്റ് രണ്ടുപേരെയും വിട്ടയച്ചത്. മൃതദേഹം ഉപ്പളയിലുള്ള സ്വകാര്യാശുപത്രിയുടെ വരാന്തയിൽ കൊണ്ടുതള്ളിയശേഷം അക്രമികൾ രക്ഷപ്പെടുകയാണ് ചെയ്തത്. ഈ കൊലയ്ക്കും അക്രമത്തിനും പിന്നിൽ കള്ളക്കടത്ത്, ഡോളർ കടത്ത്, മയക്കുമരുന്ന് കടത്ത്, കൊല്ലാൻ ക്വട്ടേഷനെടുക്കൽ തുടങ്ങിയ എല്ലാ നിയമവിരുദ്ധ പ്രവർത്തനങ്ങളുമുണ്ട്. ഈ കൊലയാളി സംഘം നാട്ടിലെ സാധാരണ ജനങ്ങളെയും ഭീഷണിപ്പെടുത്തുകയും അവർക്കെതിരായി നിൽക്കുന്നവരെ ആക്രമിക്കുകയുമാണ്. നാടിനെ വിറപ്പിക്കുന്ന ഗുണ്ടാ-മാഫിയ-ക്വട്ടേഷൻ സംഘത്തെ അടിച്ചമർത്തിയില്ലെങ്കിൽ സമാധാനമുണ്ടാകില്ല. ഇപ്പോൾ നടന്ന സംഭവം കേവലമൊരു കൊലപാതകം മാത്രമായി അന്വേഷിച്ചാൽ പോരാ. അതിന്റെ പിന്നിലുള്ള സാമ്പത്തികബന്ധങ്ങൾ പുറത്തുകൊണ്ടുവരികയും പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരികയും വേണം. ഇതിനായൊരു പ്രത്യേക അന്വേഷണസംഘത്തെ നിയോഗിക്കണം. ഇവരുടെ രാഷ്ട്രീയബന്ധവും അന്വേഷിക്കണം.

അതുകൊണ്ട്  ഈ സംഭവത്തെ ഗൗരവമായെടുത്ത് ആവശ്യമായ ഇടപെടൽ നടത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാനും ഇതേ വിഷയം സംബന്ധിച്ച് കത്ത് നൽകിയിരുന്നു.

മി. സ്പീക്കർ: അങ്ങയുടെ കത്ത് ലഭിച്ചിട്ടുണ്ട്. പക്ഷേ അങ്ങനെ അനുവദിക്കുന്ന കീഴ്വഴക്കമില്ല. അത് സബ്മിഷൻ അനന്തമായി നീണ്ടുപോകുന്നതിനിടയാക്കും. (.......ബഹളം......)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡ് ജില്ലയിലെ വടക്കൻമേഖലയിൽ മദ്യ-മയക്കുമരുന്ന്-ഗുണ്ടാ പ്രവർത്തനങ്ങൾ തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ മജിസ്റ്റീരിയൽതലത്തിലും കാപ്പ നിയമപ്രകാരവുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ മജിസ്ട്രേട്ട് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 19 പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുകയും 16 പേർ കരുതൽ തടങ്കലിലുമാണ്. ഇതിനുപുറമെ  6 പേർക്കെതിരെ നാടുകടത്തൽ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലയിൽ മയക്കുമരുന്നുപയോഗവും വ്യാപനവും കർശനമായി തടയുന്നതിന്റെ

ഭാഗമായി ഇതിനോടകം 500 കേസുകളിലായി 597 പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. 2021-ൽ റിപ്പോർട്ടുചെയ്ത 78 ഭവനഭേദന കേസുകളിൽ 23 എണ്ണത്തിലും ഇക്കൊല്ലം റിപ്പോർട്ടുചെയ്ത 49 കേസുകളിൽ 20 എണ്ണത്തിലും പ്രതികളെ പിടികൂടി നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. 26-06-2022-ന് വിദേശത്തുനിന്നും തിരികെയെത്തിയ കാസർഗോഡ് സ്വദേശി അബൂബക്കർ സിദ്ദിഖിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവത്തിൽ കുമ്പള പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. കൊല്ലപ്പെട്ടയാൾക്ക് പ്രതികളിൽ ചിലരുമായി സാമ്പത്തിക ഇടപാടുകളുണ്ടായിരുന്നെന്നും ഇതുസംബന്ധിച്ച തർക്കമാണ് കൊലപാതകത്തിലേയ്ക്ക് നയിച്ചതെന്നും അറിവായിട്ടുണ്ട്. മഞ്ചേശ്വരം പോലീസ് ക്രൈം 493/22 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും 6 പ്രതികളെ അറസ്റ്റുചെയ്ത് റിമാൻഡിൽ പാർപ്പിച്ചിരിക്കുകയുമാണ്. മറ്റ് പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്, അവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി ജാഗ്രതപ്പെടുത്തിയിട്ടുണ്ട്. പൈവളികെയിൽനിന്ന് ഈയിടെ രണ്ടുപേരെ തട്ടിക്കൊണ്ടുപോയി അന്യായ തടങ്കലിൽ പാർപ്പിച്ച് ദേഹോപദ്രവമേൽപ്പിച്ചശേഷം ഉപേക്ഷിച്ച മറ്റൊരു സംഭവം കാസർഗോഡ്

ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷണം നടത്തിവരികയാണ്. ജില്ലയിലെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടി തുടർന്നും സ്വീകരിക്കുന്നതാണ്.

(2) മഹാത്മാഗാന്ധിയുടെ ഫോട്ടോ തകർത്ത സംഭവം

ശ്രീ. വി. ജോയി: സർ, കഴിഞ്ഞ ഒരാഴ്ചയിലധികമായി കേരളത്തിനകത്തും പുറത്തും നടക്കുന്ന വിവാദപരമായ ഒരു പ്രശ്നത്തിന്റെ സ്പഷ്ടീകരണത്തിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ശ്രീ. രാഹുൽഗാന്ധി എം.പി.-യുടെ വയനാട്ടിലുള്ള ഓഫീസിലേയ്ക്ക് എസ്.എഫ്.ഐ. വിദ്യാർത്ഥികൾ നടത്തിയ മാർച്ചിനോടനുബന്ധിച്ച് ഇല്ലാത്തൊരു കാര്യം പൊതുസമൂഹത്തിന്റെ മുമ്പാകെ കോൺഗ്രസും യു.ഡി.എഫ്.-ഉം ആവർത്തിച്ച് പറഞ്ഞിരുന്നു. ആ മാർച്ചിന്റെ ഭാഗമായി എസ്.എഫ്.ഐ. വിദ്യാർത്ഥികൾ മഹാത്മാഗാന്ധിയുടെ ചിത്രം വലിച്ചെറിയുകയും ഫയലുകളും ഓഫീസ് ഉപകരണങ്ങളും നശിപ്പിക്കുകയും ചെയ്തുവെന്നുമാണ് പ്രചരിപ്പിച്ചത്. എന്നാൽ തുടർന്ന് മാധ്യമങ്ങളിലൂടെതന്നെ അത് തെറ്റാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഇന്ന് കോൺഗ്രസിന് ബുദ്ധി ഉപദേശിച്ചുകൊടുക്കുന്ന, നാളത്തെ അജണ്ട എന്തായിരിക്കണമെന്ന്

തീരുമാനിച്ചുകൊടുക്കുന്ന 'മലയാള മനോരമ' ദിനപത്രത്തിന്റെ ഒന്നാമത്തെ പേജിൽ തിരുവനന്തപുരത്തിന്റെ പ്രധാനപ്പെട്ട ലേഖകന്മാരിലൊരാളായ ശ്രീ. ജി. വിനോദ്, 'ഗാന്ധി ചിത്രം തകർത്തത് എസ്.എഫ്.ഐ. അല്ല' എന്ന തലക്കെട്ടോടുകൂടി ഒരു വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. (പത്രകട്ടിംഗ് ഉയർത്തിക്കാട്ടി). അതിൽ സൂചിപ്പിക്കുന്നത് 'എസ്.എഫ്.ഐ. പ്രവർത്തകർ പോയതിനുശേഷം വൈകുന്നേരം 4.00 മണിക്ക് എടുത്ത ചിത്രങ്ങളിൽ മഹാത്മാഗാന്ധിയുടെ ചിത്രം ഉണ്ടായിരുന്നു, കോൺഗ്രസുകാർ വന്നതിനുശേഷം 4.30-ഓടുകൂടിയാണ് ഇത് അപ്രത്യക്ഷമായത്' എന്നാണ്. ഇതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണമാണ് വേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 24-06-2022-ന് വയനാട് എം.പി.-യുടെ കൽപ്പറ്റയിലുള്ള ഓഫീസിലേയ്ക്ക് വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ നടത്തിയ മാർച്ചിനിടെ ഏതാനും പ്രവർത്തകർ അവിടേയ്ക്ക് അതിക്രമിച്ച് കയറി നാശനഷ്ടങ്ങൾ വരുത്തിയിരുന്നു. ഈ സംഭവത്തിന് കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ. 534/22 ആയി ഒരു കേസും എം.പി. ഓഫീസിലെ ജീവനക്കാരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ. 535/22 ആയി മറ്റൊരു കേസും രജിസ്റ്റർ

ചെയ്തിരുന്നു. അന്വേഷണത്തിൽ 24-06-2022-ന് വൈകുന്നേരം 3.54-ഓടെ എം.പി.-യുടെ ഓഫീസിൽ അതിക്രമിച്ച് കടന്ന പ്രവർത്തകരെയെല്ലാം ഓഫീസിൽനിന്നും പുറത്താക്കിയിരുന്നു എന്നാണ് മനസ്സിലാകുന്നത്. അതിനുശേഷം വൈകുന്നേരം 4.04-ഓടെ പോലീസ് ഡിപ്പാർട്ടുമെന്റിലെ ഫോട്ടോഗ്രാഫർ സംഭവസ്ഥലത്തെ ദൃശ്യങ്ങൾ പകർത്തിയതിൽ മഹാത്മാഗാന്ധിയുടെ ഫോട്ടോ യഥാസ്ഥാനത്തുതന്നെ ഉണ്ടായിരുന്നതായി പോലീസിന് മൊഴി ലഭിച്ചിട്ടുണ്ട്. മാതൃഭൂമി ഉൾപ്പെടെയുള്ള മലയാളം ടി.വി. ചാനലുകൾ വീഡിയോ റിക്കോർഡ് ചെയ്ത് ഇക്കാര്യം സംപ്രേക്ഷണം ചെയ്തിട്ടുള്ളതുമാണ്. വിദ്യാർത്ഥി സംഘടനാ പ്രവർത്തകരെ ഓഫീസിൽനിന്നും പുറത്താക്കിയശേഷം അവിടെയുണ്ടായിരുന്നത് കോൺഗ്രസ് പ്രവർത്തകരാണ്. വൈകുന്നേരം 4.29-ന് രണ്ടാമത് ഫോട്ടോയെടുക്കുമ്പോൾ എം.പി.-യുടെ ഓഫീസ് മുറിക്കകത്തെ മഹാത്മാഗാന്ധിയുടെ ചിത്രം നിലത്തുവീണ് ചില്ലുകൾ തകർന്ന നിലയിലായിരുന്നെന്ന് പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഫോട്ടോഗ്രാഫർ അന്വേഷണോദ്യോഗസ്ഥന് മൊഴി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പോലീസിൽ പരാതി ലഭിച്ചിട്ടുണ്ട്, അതും അന്വേഷിച്ചുവരികയാണ്.

(3) സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ്

ശ്രീ. എം. എം. മണി: സർ, സർവ്വേയർമാർക്ക് നൽകുന്ന ചെയിൻമാൻ വേജസ് ആനുകൂല്യം ഇടുക്കി ജില്ലയിൽമാത്രം നിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഈ വിഷയത്തിൽ ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)**

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇടുക്കി ജില്ലയിൽ വനാവകാശ നിയമം, 2006 പ്രകാരമുള്ള സർവ്വേ ജോലികൾ നിർവ്വഹിച്ചതിനുള്ള ചെയിൻമാൻ വേജസ് കേരള ഭൂരേഖാ നവീകരണ മിഷൻ പ്രോജക്ട് ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും പ്രത്യേകമായി അനുവദിച്ചിട്ടുള്ള ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്, ഇതിൽ കുടിശ്ശികയില്ല. എന്നാൽ ഇതര പട്ടയ സർവ്വേ ജോലികൾ നിർവ്വഹിക്കുന്ന സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ് ജില്ലാ കളക്ടർ മുഖേന അനുവദിച്ച് നൽകേണ്ടതുണ്ട്. അവിടത്തെ പട്ടയ വിതരണ ഓഫീസുകളിൽ ജോലി ചെയ്യുന്ന സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ് നൽകുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ശരിയാണ്, അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്

ഈയിനത്തിൽ പ്രത്യേക ഫണ്ട് വകയിരുത്തേണ്ടതുണ്ട്. വിവിധ ഭൂപതിവ് ചട്ടങ്ങൾപ്രകാരം ഏഴ് പതിവ് സ്പെഷ്യൽ ഓഫീസുകളും അഞ്ച് താലൂക്ക് ഓഫീസുകളും മുഖാന്തിരം നടത്തുന്ന പട്ടയവിതരണ നടപടികൾക്ക് അടിയന്തരമായി അഞ്ച് ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് ഇടുക്കി ജില്ലാ കളക്ടർ കത്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത കത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടയ വിതരണ ഓഫീസുകളിലെ സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ് ഇനത്തിൽ എത്ര തുക ആവശ്യമുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കുന്നതിന് ജില്ലയിലെ ഭൂപതിവ് സ്പെഷ്യൽ തഹസീൽദാർമാർക്കും സർവ്വേ ഡെപ്യൂട്ടി ഡയറക്ടർമാർക്കും സർവ്വേയർമാരുടെ ഡയറി പരിശോധിച്ച് വേജസ് ഫിക്സ് ചെയ്തുതരാൻ ഇടുക്കി ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കി സർവ്വേയർമാർക്കുള്ള ചെയിൻമാൻ വേജസ് അടിയന്തരമായി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(4) വിഴിഞ്ഞം തീരദേശ വില്ലേജുകളിലെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

ശ്രീ. എം. വിൻസെന്റ്: സർ, പലതവണ അങ്ങയുടെയും അങ്ങയുടെ മുൻഗാമിയുടെയും മുന്നിൽ ഉന്നയിച്ച വിഷയമാണിവിടെ ആവർത്തിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് നിവേദനം നൽകുകയും കഴിഞ്ഞ ദിവസത്തെ എം.എൽ.എ-മാരുടെ യോഗത്തിൽ ഉന്നയിക്കുകയും ചെയ്തിരുന്നു. വിഴിഞ്ഞം നിയോജകമണ്ഡലത്തിലെ തീരദേശത്തെ 497 പട്ടയങ്ങളാണ് എല്ലാ നടപടികളും പൂർത്തീകരിച്ച് സർക്കാരിന്റെ അനുമതിക്കായി കാത്തിരിക്കുന്നത്. പത്തും പന്ത്രണ്ടും വർഷം പഴക്കമുള്ള ഫയലുകളുണ്ട്. കേരള ലാൻഡ് അസൈൻമെന്റ് റൂൾസ്, 1964-ലെ റൂൾ 24 അനുസരിച്ച് തീരദേശ പട്ടയങ്ങൾ അനുവദിക്കുന്നതിൽ സർക്കാരാണ് തീരുമാനമെടുക്കേണ്ടത്. മറ്റ് പട്ടയങ്ങൾ സർക്കാരിന്റെ അനുമതിയോടെ താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി മുഖേന കൊടുക്കാൻ സാധിക്കും. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് മുഖാന്തരം വീട് കൊടുത്തുകൊണ്ടിരുന്നപ്പോൾ കൈവശാവകാശ രേഖ മാത്രം ഹാജരാക്കിയാൽ മതിയായിരുന്നു. എന്നാൽ ലൈഫ് പദ്ധതിപ്രകാരം വീട് ലഭിക്കണമെങ്കിൽ പട്ടയംകൂടി വേണമെന്ന സ്ഥിതി വന്നിരിക്കുകയാണ്. ഈ വിഷയത്തിൽ അടിയന്തര നടപടി

സ്വീകരിക്കണം; പട്ടയം ലഭ്യമാക്കുന്നതിൽ ഇത്രയും കാലതാമസമെന്താണെന്ന് വ്യക്തമാക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം ഗൗരവമുള്ളതാണെങ്കിലും അദ്ദേഹം തെറ്റിദ്ധരിച്ചുകൊണ്ടാണ് ചട്ടം ഉന്നയിച്ചിരിക്കുന്നത്. കേരള ലാൻഡ് അസൈൻമെന്റ് റൂൾസ്, 1964-ലെ റൂൾ 24 പ്രകാരം തീരദേശ ഭൂമി പതിച്ചുകൊടുക്കാനുള്ളതല്ല, സർക്കാരിന്റെ പ്രത്യേക അധികാരമനുസരിച്ച് കേരളത്തിലെ ഏത് ഭൂമിയും പതിച്ചുകൊടുക്കാനുള്ളതാണ്. പക്ഷെ Kerala Cadastral Survey-യുടെ പരിധിയിൽ കടൽ പുറമ്പോക്ക് വരുന്നില്ല. കടൽ പുറമ്പോക്ക് പതിച്ചുകൊടുക്കണമെങ്കിൽ സെൻട്രൽ സർവ്വേ ഓഫ് ഇന്ത്യയുടെ അനുമതിയോടെ സർവ്വേ ചെയ്ത് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കണം. കേരളത്തിൽ അടുത്ത നാല് വർഷംകൊണ്ട് സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ സന്ദർഭത്തിൽ ഇത്തരം ഭൂമിക്ക് പ്രത്യേക പ്രാധാന്യം നൽകി സർവ്വേ ചെയ്ത് രേഖകൾ തയ്യാറാക്കി തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതികൂടി വാങ്ങി അർഹരായ മുഴുവൻപേർക്കും പട്ടയം നൽകുന്ന കാര്യം സർക്കാരിന്റെ

പരിഗണനയിലുണ്ട്. സർവ്വേ ലാൻഡിൽപ്പെട്ടതും 'കടൽ പുറമ്പോക്ക്' എന്ന ഇനത്തിൽപ്പെട്ടതുമായ 469 അപേക്ഷകൾ പരിഗണിക്കുന്നതിന് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയും പ്രത്യേക സർക്കാർ ഉത്തരവും ആവശ്യമാണ്. അതിനാവശ്യമായ നടപടി പുരോഗമിക്കുന്നുണ്ട്. സാധാരണനിലയിൽ സർക്കാരിന് പട്ടയം നൽകാൻ കഴിയാത്ത സാഹചര്യം വന്നതുകൊണ്ടാണ് കാലതാമസമുണ്ടായത്. അങ്ങ് നിരവധിതവണ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് നടപ്പിലാക്കുമെന്ന കാര്യം അറിയിക്കുകയാണ്.

(5) റാന്നിയിൽ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കൽ

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി നിയോജകമണ്ഡലത്തിലെ സങ്കീർണ്ണവും വൈവിദ്ധ്യവുമാർന്ന പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അങ്ങ് നടത്തുന്ന പരിശ്രമങ്ങളെ വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. എന്നാൽ പെരുമ്പെട്ടി മേഖല, എക്സ്-സർവ്വീസ് മെൻ കോളനി, പമ്പാവാലി, അരയാഞ്ഞിലിമൺ, കൊല്ലമുള, മണ്ണടിശാല, അരയൻപാറ, ചണ്ണ, അടിച്ചിപ്പുഴ, ചൊള്ളനാവയൽ, കരികുളം, കണ്ണന്നുമൺ, പെരുനാട്, തൊണ്ടിക്കയം, നെടുമണ്ണുഴം, അത്തിക്കയം, തെക്കേത്തൊട്ടി, വലിയ

പതാൽ, തോണിക്കടവ്, പെരുമ്പെട്ടി, മുക്കുഴി, ഒളികല്ല്, പരുവ, കക്കുടുക്ക, കടുമീൻചിറ, മണക്കയം തുടങ്ങിയ പ്രദേശങ്ങളിലെല്ലാം സങ്കീർണ്ണമായ പട്ടയ പ്രശ്നങ്ങൾ തുടരുകയാണ്. പെരുമ്പെട്ടിയിൽ മിനി സർവ്വേ ടീമിനെ നിയോഗിക്കുമെന്ന് പലതവണ പ്രഖ്യാപിച്ചെങ്കിലും നടന്നിട്ടില്ല. 2021 സെപ്റ്റംബറിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി അവിടെ സന്ദർശിച്ചിരുന്നതാണ്. റാന്നിയിൽ നാലായിരത്തോളം വരുന്ന കൈവശങ്ങളുടെ സർവ്വേ പൂർത്തീകരിക്കുന്നതിന് സ്പെഷ്യൽ ടീം ആവശ്യമാണ്. പട്ടികവർഗ്ഗ സങ്കേതങ്ങളിലുൾപ്പെടെയുള്ള പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിക്കേണ്ടത് അനിവാര്യമാണ്. അതുപോലെ കേന്ദ്ര സർക്കാരിൽ കൂടുതൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. റീസർവ്വേ പൂർത്തീകരിക്കാത്തതിനാൽ റിക്കോർഡുകളിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ അടിയന്തരമായി സർവ്വേ ടീമിനെ നിയോഗിക്കണം. 1951-ൽ തിരുവിതാംകൂർ-കൊച്ചി സർക്കാർ കൈമാറിയ 1500 ഏക്കറോളം വരുന്ന എക്സ്-സർവ്വീസ് മെൻ കോളനിയുടെ പ്രശ്നത്തിലും സർക്കാരിന്റെ ഇടപെടൽ അനിവാര്യമാണ്. റാന്നിയിൽ മലയോര മേഖലയിലെ ആദിവാസി വിഭാഗങ്ങളുൾപ്പെടെയുള്ളവരുടെ

പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ വേഗത്തിലാക്കണമെന്നും എത്രയുംവേഗം പട്ടയം ലഭ്യമാക്കാൻ ഒരു സ്പെഷ്യൽ ടീമിനെ റാന്നിക്കുവേണ്ടി അനുവദിക്കണമെന്നുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കർഷകരുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പലതവണ ഞാൻ നേരിട്ട് യോഗം വിളിച്ച് ചേർത്തിട്ടുണ്ട്. കേരളത്തിലെ മുഴുവൻ വിഷയങ്ങളും പ്രത്യേകിച്ച്, ആദിവാസി മേഖലയിലെയും വനഭൂമിയിലെയും പ്രശ്നങ്ങളുൾപ്പെടെ പരിഹരിക്കുന്നതിന് ബഹുമാന്യരായ വനം-വന്യജീവി വകുപ്പുമന്ത്രിയും പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും ഞാനും സംയുക്തമായി ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടുപോയതാണ്. ഇത് വളരെ വിശാലമായ മറുപടിയായതിനാൽ മേശപ്പുറത്തുവയ്ക്കുകയാണ്.+ റാന്നി നിയോജകമണ്ഡലത്തിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുവേണ്ടി സ്പെഷ്യൽ ടീമിനെ നിയോഗിക്കണമെന്ന ആവശ്യം ഗൗരവമായി

+അനുബന്ധമായി ചേർത്തിട്ടുണ്ട്.

പരിഗണിക്കുമെന്ന് ഉറപ്പുനൽകുകയാണ്.

(6) മുനയം റെഗുലേറ്റർ -കം-ബ്രിഡ്ജ്

ശ്രീ. സി. സി. മുകുന്ദൻ: സർ, 300 ഏക്കർ കൃഷിസ്ഥലത്തെ ബാധിക്കുന്നതും കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുമുള്ള വിഷയമാണ് സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ കോൾപാടങ്ങളെ ഉപ്പുവെള്ള ഭീഷണിയിൽനിന്ന് സംരക്ഷിക്കുന്നതിനും കരുവന്നൂർ പുഴയിലും സമീപ പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിലും ഉപ്പ് കലരുന്നത് തടയുന്നതിനുമായി വിഭാവനം ചെയ്തതാണ് മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ്. 82 മീറ്റർ നീളത്തിൽ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് നാട്ടിക, ഇരിങ്ങാലക്കുട നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതാണ്. നബാർഡിന്റെയും ഐ.ആർ.ഡി.എഫ്.-ന്റെയും XXIII-ാം പദ്ധതിയിലുൾപ്പെടുത്തി 03-01-2018-ലെ സർക്കാർ ഉത്തരവുപ്രകാരം 24 കോടി രൂപയുടെ ഭരണാനുമതിയും 22.523 കോടി രൂപയുടെ സാങ്കേതികാനുമതിയും ഇതിന് ലഭിച്ചിരുന്നു. 29-01-2021-ൽ ലാൻഡ് പ്ലാൻ തയ്യാറാക്കി സർവ്വേ പൂർത്തീകരിച്ചെങ്കിലും ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കാനായിട്ടില്ല. 2018-

ലെ പ്രളയാനന്തരം പാലത്തിന്റെ ഉയരത്തിൽ മാറ്റമുണ്ടായിട്ടുണ്ട്. 24 കോടിയായിരുന്ന എസ്റ്റിമേറ്റ് തുക ഇപ്പോൾ ഒൻപത് കോടി അധികരിച്ച് 33 കോടി രൂപയായിരിക്കുകയാണ്. 24 കോടി രൂപ മാത്രമേ നബാർഡിൽനിന്നും അനുവദിച്ച് കിട്ടുകയുള്ളൂ. ബാക്കിയുള്ള ഒൻപത് കോടി രൂപ സർക്കാർ പ്രത്യേകമായി അനുവദിക്കേണ്ടതുണ്ട്. 2018-ലെ പ്രളയത്തിനുശേഷമുണ്ടായ ബഡ്ജറ്റ് നിരക്ക് കണക്കാക്കി അധികമായി ഒഴുകിവരുന്ന വെള്ളം കടത്തിവിടാൻ തയ്യാറാക്കിയ 3.21 മീറ്റർ പാതയോടുകൂടിയ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതിയ ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് എത്രയുംവേഗം ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, 2018-ൽ 24 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയാണിത്. എസ്റ്റിമേറ്റ് പ്രകാരം സ്റ്റീൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളും അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികളുമാണ് വിഭാവനം ചെയ്തിരുന്നത്. 2016 ഡി.എസ്.ആർ. (Delhi Schedule of Rates) പ്രകാരം 22.593 കോടിരൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും സ്റ്റീൽ മെക്കാനിക്കൽ

കരാറുകാർക്ക് സ്ഥലം കൈമാറുകയുമുണ്ടായി. കോവിഡ്-19 പകർച്ചവ്യാധിയും 2018-19-ലുണ്ടായ പ്രളയവും കാരണം പുതിയ ഡിസൈൻ ആവശ്യമായിവന്നതിനാൽ അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കാനും പദ്ധതി നിർവ്വഹണം പൂർത്തിയാക്കാനും സാധിച്ചില്ല. അതിനിടയിൽ 2018 ഡി.എസ്.ആർ നിലവിൽ വരികയും അതുപ്രകാരം എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ അടങ്കൽത്തുക 33.3 കോടി രൂപയാകുകയും ചെയ്തു. അതായത്, ഭരണാനുമതി നൽകിയതിനെക്കാൾ 9.3 കോടിരൂപ കൂടുതലായി. നബാർഡ് ഫണ്ട് നഷ്ടപ്പെടാതിരിക്കുന്നതിന് അധികരിച്ച തുകയ്ക്കായി പ്രത്യേക പ്ലാൻ തയ്യാറാക്കി ഇത് രണ്ട് പദ്ധതികളാക്കി മാറ്റാൻ തീരുമാനിക്കുകയും 24 കോടി രൂപയുടെയും 9.3 കോടി രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ചെയ്തു. 9.3 കോടി രൂപയുടെ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. 24 കോടി രൂപയുടെ എസ്റ്റിമേറ്റ് റെഗുലേറ്റർ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും 9.3 കോടി രൂപയുടേത് പദ്ധതിയുടെ പൂർണ്ണലക്ഷ്യം കൈവരിക്കാൻ ബെഡ് സ്ലാബിന്റേയും അപ്രോച്ച് റോഡിന്റെയും പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുമാണ്. ഇത് അനിവാര്യമായൊരു പ്രവൃത്തിയാണ്.

ഇതിനായി ലാൻഡ് അക്വിസിഷൻ നടക്കേണ്ടതുണ്ട്. റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണംമൂലം പ്രവേശനമില്ലാതാകുന്നുവെന്ന് കാണിച്ച് സ്ഥലം കൈമാറാൻ സമ്മതപത്രം നൽകിയ ഭൂവുടമ ഇപ്പോൾ പരാതി നൽകിയിരിക്കുകയാണ്. ലാൻഡ് പ്ലാൻ സർവ്വേ അനുസരിച്ച് അപ്രോച്ച് റോഡിന് വേണ്ടിവരുന്ന 0.2435 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(7) <u>പട്ടികജാതി കോളനികളുടെ നവീകരണ പ്രവൃത്തികൾ</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, പട്ടികജാതി കോളനികളുടെ നവീകരണത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഗവൺമെന്റും നൽകുന്ന പരിഗണനയ്ക്ക് അഭിനന്ദനം അറിയിക്കുകയാണ്. വർഷങ്ങളായി പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വലിയപറമ്പ് കോളനിയുടെ നവീകരണം നടന്നുകൊണ്ടിരിക്കുകയാണ്, ഇപ്പോഴുമത് പൂർത്തിയാക്കിയിട്ടില്ല. നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുള്ള പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ തുറയൂർ പഞ്ചായത്ത് ആക്കൂൽ വയൽ കോളനിയുടെ പ്രവൃത്തി 2013-ൽ എഫ്.ഐ.റ്റി.

ഏറ്റെടുത്തതാണ്. അതും പൂർത്തീകരിച്ചിട്ടില്ല. ഇപ്പോൾ ചെറുവണ്ണൂർ പഞ്ചായത്തിലെ കുണ്ടൂത്തറ കോളനി നവീകരണ പ്രവൃത്തിയും നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുന്ന ഒരു ജോലിയും സമയബന്ധിതമായോ സത്യസന്ധമായോ നടപ്പിലാക്കുന്നില്ലെന്നാണ് കോഴിക്കോട് ജില്ലയിലെ അനുഭവങ്ങളിൽ നിന്നും മനസ്സിലാകുന്നത്. എല്ലാ എം.എൽ.എ.-മാരും ഇതുമായി ബന്ധപ്പെട്ട് ആക്ഷേപം ഉന്നയിക്കുന്നുണ്ട്. തുടർച്ചയായി ഈ ജോലികൾ നിർമ്മിതിയെത്തന്നെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ചില ജോലികൾ കോർപ്പസ് ഫണ്ടുപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയാണ് നടത്തുന്നത്. ഗവൺമെന്റിന്റെ നിയന്ത്രണത്തിൽത്തന്നെ കോളനികളുടെ നവീകരണം നടത്താൻ സാധിക്കും. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇപ്പോഴെടുക്കുന്ന നിലപാട് പുനഃപരിശോധിച്ച് അനുഭവങ്ങൾകൂടി വിലയിരുത്തി പ്രായോഗികമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പട്ടികജാതി കോളനികളുടെ നവീകരണത്തിനായി 2012-13, 2013-14 വർഷങ്ങളിൽ നടപ്പിലാക്കിയ സ്വയംപര്യാപ്ത ഗ്രാമങ്ങൾ, 2016-17 മുതൽ ആരംഭിച്ച അംബേദ്കർ ഗ്രാമം എന്നിവയുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിരിക്കുന്നത്. സർക്കാർ അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. കൂടുതൽ ഏജൻസികളെ ഇതിൽ പങ്കെടുപ്പിക്കണമെന്ന 03-12-2021-ലെ ഉത്തരവിനെത്തുടർന്ന് 39 അംഗീകൃത സർക്കാർ ഏജൻസികൾ ഇത് ഏറ്റെടുത്തിട്ടുണ്ട്. പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വിവിധ കോളനികളുടെ വികസന പ്രവർത്തനങ്ങൾ പരിശോധിച്ചതിൽനിന്നും 2012-13-ൽ ഏറ്റെടുത്ത പദ്ധതികളിൽ ചിലത് പൂർത്തീകരിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതെല്ലാം പരിശോധനയ്ക്ക് വിധേയമാക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മറ്റൊരുകാര്യം പഞ്ചായത്തുകൾക്ക് ഫണ്ട് നൽകുന്നതിനെക്കുറിച്ചാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിംഗ് ഈ ചുമതലകൾകൂടി ഏറ്റെടുക്കാൻ പര്യാപ്തമല്ല. അതുകൂടി പരിഗണിച്ചുകൊണ്ടാണ് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് അഞ്ഞൂറോളം അക്രെഡിറ്റഡ് എഞ്ചിനീയർമാരെ തെരഞ്ഞെടുക്കാനുള്ള നടപടി ആരംഭിച്ചത്. അക്രെഡിറ്റഡ് എഞ്ചിനീയർമാർ ചാർജ്ജെടുത്താൽ കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള നിർമ്മാണപ്രവൃത്തികളടക്കം ലോക്കൽ ബോഡികളുമായി ചേർന്ന് നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കാനും പ്രവർത്തനങ്ങൾ കാര്യക്ഷമമായും കാലതാമസമില്ലാതെയും നടപ്പിലാക്കാനും സാധിക്കും.

(8) ബദൽ സ്കൂളുകളുടെ പ്രവർത്തനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, കഴിഞ്ഞ 25 വർഷമായി ഏതാണ്ട് 273 ബദൽ സ്കൂളുകളാണ് കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 1997-ൽ DPEP (District Primary Education Programme)-യുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെയാണ് ഇവ ആരംഭിച്ചത്. പിന്നീട് കേന്ദ്രസഹായം നിർത്തിയശേഷം സംസ്ഥാന സർക്കാരുകളാണ്

ബദൽ സ്കൂളുകൾ തുടരാൻ തീരുമാനിച്ചത്. പക്ഷെ നിർഭാഗ്യമെന്ന് പറയട്ടെ, കഴിഞ്ഞ മേയ് മാസത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഉത്തരവുപ്രകാരം 27 ബദൽ സ്കൂളുകളൊഴികെ ബാക്കിയുള്ളവ നിർത്തലാക്കാൻ തീരുമാനിച്ചിരിക്കുന്നു. എന്നാൽ ഇപ്പോൾ മുഴുവൻ സ്കൂളുകളും നിർത്തലാക്കാൻ ധാരണയായെന്നാണ് മനസ്സിലാക്കുന്നത്. ആദിവാസി, മലയോര മേഖലകളിലാണ് ഇവ കൂടുതലായി പ്രവർത്തിക്കുന്നത്. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നവയാണ് ബദൽ സ്കൂളുകൾ. എം.എൽ.എ.-ഫണ്ടിൽ നിന്നുൾപ്പെടെ ലക്ഷക്കണക്കിന് രൂപ അനുവദിച്ചാണ് ഈ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. എൽ.പി. സ്കൂളിലെത്തുന്നതിന് രണ്ടുമൂന്ന് കിലോമീറ്റർ യാത്ര ചെയ്യേണ്ട സാഹചര്യമുള്ളിടത്താണ് ഇത്തരം സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ പത്ത് വർഷത്തിനിടെ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളോ എൽ.പി. സ്കൂളുകളോ അനുവദിച്ചിട്ടില്ല. ആദിവാസി മേഖലയിൽ ഇപ്പോഴും സ്കൂളിൽ പോകാത്ത ഒരു ശതമാനത്തിൽ താഴെ കുട്ടികളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ആദിവാസി, മലയോര, പിന്നാക്ക പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഇത്തരം വിദ്യാലയങ്ങൾ

നിർത്തലാക്കുന്നത് പൊതുവിദ്യാഭ്യാസത്തെ തകർക്കാനേ ഉപകരിക്കുകയുള്ളൂ. എന്റെ നിയോജകമണ്ഡലത്തിൽ മൂന്ന് കിലോമീറ്റർ അകലെയാണ് എൽ.പി. സ്കൂളുകളുള്ളത്. ഇത്തരമൊരു സാഹചര്യത്തിൽ ഈ നടപടി പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, യാത്രാസൗകര്യമില്ലാത്തതും വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്നതുമായ ഒറ്റപ്പെട്ട തീരപ്രദേശങ്ങളിലെയും വനമേഖലകളിലെയും ജനങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി 1997-ൽ ഡി.പി.ഇ.പി. ആവിഷ്കരിച്ച നൂതന ആശയമാണ് ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അഥവാ Multi-Grade Learning Centres (MGLC). ഔപചാരിക വിദ്യാഭ്യാസത്തിനുതകുന്ന വിദ്യാലയങ്ങൾ നിലവിലില്ലാത്ത മലയോര-ആദിവാസി-വിദൂര പ്രദേശങ്ങളിലാണ് പ്രധാനമായും ഇത് ആരംഭിച്ചത്. 2009-ൽ വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നതിന്റെ ഫലമായി ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികളുടെ ഔപചാരിക വിദ്യാഭ്യാസം മൗലികാവകാശമാകുകയും പിൽക്കാലത്ത്

ഇത്തരം പഠനകേന്ദ്രങ്ങൾ Sarva Shiksha Abhiyan (SSA) പദ്ധതിയിലുൾപ്പെടുത്തുകയും ചെയ്തു. തുടർന്ന് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നൽകിവന്ന ധനസഹായം നിർത്തലാക്കുകയുണ്ടായി. എന്നാൽ പ്രസ്തുത കേന്ദ്രങ്ങൾ ഉടനടി നിർത്തലാക്കാൻ സാധിക്കാത്തതിനാൽ താത്കാലികമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തുടരാൻ അനുവദിച്ചു. മേൽ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിക്കുകയും സർവ്വേ നടത്തി ഔപചാരിക സ്കൂൾ വിദ്യാഭ്യാസത്തിൽ പരിശീലനം സിദ്ധിച്ച യോഗ്യരായ അദ്ധ്യാപകരുടെ കീഴിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നിർത്തലാക്കാവുന്ന MGLC-കളുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. 11 ജില്ലകളിലെ 270 MGLC-കളിലായി 3818 വിദ്യാർത്ഥികളും 344 വിദ്യാ വോളന്റിയർമാരും മാത്രമാണുണ്ടായിരുന്നത്. ഇവ നിർത്തലാക്കുമ്പോൾ വിദ്യാർത്ഥികൾക്ക് തൊട്ടടുത്തുള്ള എൽ.പി. സ്കൂളുകളിൽ തുടർപഠനം സാദ്ധ്യമാകുമെന്ന് സർവ്വേയിലൂടെ കണ്ടെത്തുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ പുന:പരിശോധന നടത്തിയപ്പോൾ നാലെണ്ണം മാത്രമാണ് ഉടനടി നിർത്തലാക്കാൻ കഴിയില്ലെന്ന് റിപ്പോർട്ട്

ചെയ്യപ്പെട്ടിട്ടുള്ളത്. നിർത്തലാക്കപ്പെട്ട കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾ തൊട്ടടുത്തുള്ള പ്രൈമറി സ്കൂളുകളിൽ ചേർന്ന് പഠനം തുടരുകയാണ്; യാത്രാസൗകര്യം ആവശ്യമുണ്ടെങ്കിൽ എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരള)-യുടെ സഹായത്തോടെ ലഭ്യമാക്കുന്നതാണ്. ശാരീരികവും മാനസികവും വൈകാരികവുമായ വികാസമാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക-സാമൂഹിക ലക്ഷ്യം നേടണമെങ്കിൽ അഭിലഷണീയമായ കുട്ടികൾ സ്കൂളുകളിലുണ്ടാകണം. സ്കൂളുകൾ ഹൈടെക്കാകുകയും ക്ലാസ് മുറികൾ സ്മാർട്ടാകുകയും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മുന്നേറുകയും ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സൗകര്യങ്ങൾ താരതമ്യേന കുറഞ്ഞ MGLC-കളിൽ കുട്ടികളെ പഠിപ്പിക്കുന്നത് അവരുടെ വിദ്യാഭ്യാസ അവകാശം നിഷേധിക്കലാണ്. പ്രസ്തുത സാഹചര്യത്തിലാണ് എൽ.പി. സ്കൂളിൽ എത്തിച്ചേരാൻ സാധിക്കാത്ത MGLC-കളിലെ വിദ്യാർത്ഥികളെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹായത്തോടെ സ്കൂളുകളിലെത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുത്തത്. മേൽ സാഹചര്യത്തിൽ ബദൽ

സ്കൂളുകൾ നിർത്തലാക്കിയതുമൂലം വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും പ്രയാസമുണ്ടാകുകയില്ല. ഹൈക്കോടതിയുടെ 03.06.2022-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ അരിമംഗലം, അരിമണൽ, മഞ്ഞൾപ്പാറ, തരിക്കുളം, കാളംതിരുത്തി, മേൽമുറി എന്നീ MGLC-കൾ നിർത്തലാക്കാനുള്ള നടപടി താത്കാലികമായി നിർത്തിവച്ചിട്ടുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങളുള്ള പ്രദേശത്തെ എം.എൽ.എ.-മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കാം.

(9) കാളംതിരുത്തി എം.ജി.എൽ.സി. സ്കൂളിന്റെ പ്രവർത്തനം

ശ്രീ. കെ. പി. എ. മജീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കാളംതിരുത്തി എം.ജി.എൽ.സി. വിദ്യാലയം, പരപ്പനങ്ങാടി ബീച്ച് സ്കൂൾ എന്നിവ അടച്ചുപൂട്ടലിന്റെ വക്കിലാണ്. കാളംതിരുത്തി ഒരു ദ്വീപാണ്. ഇതിന്റെ ഒരുഭാഗം നന്നമ്പ്ര പഞ്ചായത്തും മറ്റൊരുഭാഗം പരപ്പനങ്ങാടി, തിരുരങ്ങാടി മുനിസിപ്പാലിറ്റിയുമാണ്. അവിടെനിന്ന് വേറെ വിദ്യാലയത്തിലെത്തണമെങ്കിൽ എട്ടര കിലോമീറ്റർ യാത്ര ചെയ്യണം. കാളംതിരുത്തിയിലെ വിദ്യാലയത്തിൽ പ്രീ-പ്രൈമറി വിഭാഗത്തിൽ 35-ഉം

പ്രൈമറി വിഭാഗത്തിൽ 78-ഉം ഉൾപ്പെടെ ആകെ 113 വിദ്യാർത്ഥികളുണ്ട്. 2015-ലെ സർക്കാർ ഉത്തരവനുസരിച്ച് ജലവിഭവ വകുപ്പിന്റെ ഒരേക്കർ പത്ത് സെന്റ് സ്ഥലം ഈ വിദ്യാലയത്തിന് വിട്ടുകൊടുക്കുകയും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 30 ലക്ഷം രൂപയും എസ്.എസ്.എ. ഫണ്ടിൽനിന്ന് 15 ലക്ഷം രൂപയും ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചുറ്റുമതിൽ പണിയുകയും ചെയ്തിട്ടുണ്ട്. ധാരാളം വിദ്യാർത്ഥികളുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണ് പൂട്ടുന്ന സ്ഥിതിയിൽ നിൽക്കുന്നത്. വ്യക്തമായ ധാരണയോ പഠനമോയില്ലാതെയാണ് സ്കൂൾ അടച്ചുപൂട്ടുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇതുസംബന്ധിച്ച് കോടതിയിൽനിന്ന് തൽക്കാലം സ്റ്റേ വാങ്ങിയിട്ടുണ്ടെങ്കിലും പരപ്പനങ്ങാടി ബീച്ചിലെ വിദ്യാലയത്തിനും പ്രശ്നമായിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ഞാൻ നേരത്തെ പറഞ്ഞ മറുപടി ആവർത്തിച്ച് സമയം കളയുന്നില്ല.

കാളംതിരുത്തി എം.ജി.എൽ.സി. സ്കൂളുമായി ബന്ധപ്പെട്ട് സമർപ്പിച്ച WP(C) No. 18106/2002-ന്മേൽ 08.06.2022-ന് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ അത് താത്കാലികമായി നിലനിർത്തിയിട്ടുണ്ട്. MGLC-കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റം അനുഭവിക്കാൻ കഴിയുന്നില്ല. ഏകാദ്ധ്യാപകരും പരിമിതമായ സൗകര്യത്തിലുമാണ് അവർ പഠിക്കുന്നത്. അത്യന്താധുനിക ശാസ്ത്ര സാങ്കേതികവിദ്യയും സൗകര്യങ്ങളും പ്രയോജനപ്പെടുത്താൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ടാണ് ബദൽ സ്കൂളുകൾ നിർത്തലാക്കി പൊതുവിദ്യാലയങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ കൊണ്ടുപോകുന്നതിനുവേണ്ട സൗകര്യമൊരുക്കിയത്. യാത്രാസൗകര്യം പ്രശ്നമാണെങ്കിൽ എസ്.എസ്.കെ. അത് ഏർപ്പെടുത്തുന്നുണ്ട്. ഇത് ബാധിക്കുന്ന പ്രദേശത്തെ എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**11.00 am]**

(10) ഇരിക്കൂറിലെ യാത്രാക്ലേശം

ശ്രീ. സജീവ് ജോസഫ്: സർ, കോവിഡ് കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസുകൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഏറ്റവും ലളിതമായി ജില്ലാതലത്തിൽ പരിഹരിക്കേണ്ടൊരു വിഷയം സബ്മിഷനായി ഉന്നയിക്കേണ്ട സാഹചര്യമുണ്ടായത് ദൗർഭാഗ്യകരമാണ്. പരിണതപ്രജ്ഞനായ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. എല്ലാ ജില്ലാ വികസന സമിതി യോഗങ്ങളിലും ഭരണ-പ്രതിപക്ഷ ഭേദമെന്യേ ചർച്ച ചെയ്യപ്പെട്ടുന്നൊരു വിഷയമാണിത്. കോവിഡിനുശേഷം പല സ്ഥലങ്ങളിലും ബസുകൾ പുനഃസ്ഥാപിച്ചെങ്കിലും ഇരിക്കൂറിൽ അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. കണ്ണൂർ ഡിപ്പോയിൽ 102 ബസ് സർവ്വീസുകളുണ്ടായിരുന്നതിൽ 82 എണ്ണമാണ് നിലവിലുള്ളത്. വെട്ടിക്കുറച്ച 20 സർവ്വീസുകളിൽ 14 എണ്ണം ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്നവയും ബാക്കിയെല്ലാം പേരാവൂർ നിയോജകമണ്ഡലത്തിലെ

മലയോര മേഖലാ പ്രദേശങ്ങളിലേയ്ക്കുള്ളവയുമായിരുന്നു. മലയോര മേഖലയിലെ നിയോജകമണ്ഡലങ്ങളോട് കടുത്ത വിവേചനമാണ് കാണിക്കുന്നത്. ഇക്കാര്യം ജില്ലാ വികസന സമിതി യോഗത്തിൽ ചർച്ച ചെയ്തിട്ടും ഡിപ്പോയിൽ ആവശ്യമുന്നയിച്ചിട്ടും വളരെ നിരുത്തരവാദപരമായ നിലപാടാണ് ജില്ലാ ഭരണകൂടവും കണ്ണൂർ ഡിപ്പോയും സ്വീകരിച്ചിട്ടുള്ളത്. പതിനാല് റൂട്ടുകൾ ഒരുമിച്ച് നിർത്തലാക്കിയതിനാൽ തൊഴിലാളികൾക്ക് ജോലി സ്ഥലത്തേയ്ക്കോ കൃഷിക്കാർക്ക് കൃഷിയിടങ്ങളിലേയ്ക്കോ കുട്ടികൾക്ക് സ്കൂളിലേയ്ക്കോ പോകാൻ സാധിക്കുന്നില്ല. കണ്ണൂർ ഡിപ്പോയുമായി ബന്ധപ്പെടുമ്പോൾ ബസില്ല, ജീവനക്കാരില്ല, ടയർ ഇല്ല, ഡ്യൂട്ടിയിൽ വന്നിരിക്കുന്ന മാറ്റമാണ് എന്നൊക്കെയുള്ള വിചിത്രമായ കാര്യങ്ങളാണ് പറയുന്നത്. ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണമെന്നും മലയോരമേഖലയിലെ യാത്രാക്ലേശത്തിന് പരിഹാരമുണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കാര്യം എല്ലാ ഡിപ്പോകളിലെയും സങ്കീർണ്ണ പ്രശ്നമായി മാറിയെന്നത് യാഥാർത്ഥ്യമാണ്. കോവിഡ് 19-നുശേഷം

പൊതുഗതാഗത സംവിധാനത്തിലൂടെ യാത്ര ചെയ്യുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവാണ് അനുഭവപ്പെടുന്നത്. കോവിഡിനുമുമ്പ് യാത്ര ചെയ്തിരുന്നതിനെക്കാൾ ഏതാണ്ട് പകുതി പേർ മാത്രമേ ഇപ്പോൾ പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കുന്നുള്ളൂ. ഈ പശ്ചാത്തലത്തിൽ വരുമാനക്കുറവുമൂലം നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്രമീകരിക്കുകയും ചിലത് നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ്-ചീക്കോട്, കാഞ്ഞങ്ങാട്-ഉരുമ്പി സർവ്വീസുകളും കണ്ണൂർ യൂണിറ്റിൽനിന്നും ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന അഞ്ച് സർവ്വീസുകളും വരുമാനക്കുറവുമൂലം താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. മാനന്തവാടി-ചീക്കാട് സർവ്വീസ് ഇന്ധനച്ചെലവുപോലും ലഭിക്കാത്തതിനാൽ നിർത്തലാക്കി. കോവിഡിനുമുമ്പുതന്നെ വരുമാനക്കുറവുമൂലം നിർത്തിലാക്കിയ പയ്യന്നൂർ-തേർത്തല്ലി സർവ്വീസ് അങ്ങുൾപ്പെടെ ആവശ്യപ്പെട്ടതുപ്രകാരം വീണ്ടും ഓപ്പറേറ്റ് ചെയ്തെങ്കിലും റണ്ണിംഗ് കോസ്റ്റുപോലും ലഭിക്കാത്തതിനാൽ നിർത്തലാക്കേണ്ടിവന്നു. കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിൽനിന്നും പാലാ ഡിപ്പോയിൽനിന്നുമുൾപ്പെടെ ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ

സർവ്വീസ് നടത്തിയിരുന്നതും ഭീമമായ നഷ്ടമില്ലാത്തതുമായ മറ്റ് സർവ്വീസുകളെല്ലാം ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ജനോപകാരപ്രദമായതും ഭീമമായ നഷ്ടമുണ്ടാക്കാത്തതുമായ സർവ്വീസുകൾ പുനഃക്രമീകരിച്ച് കൂടുതൽ ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്ന കാര്യം പരിഗണിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് കാരണം മുഴുവൻ നഷ്ടവും ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'ഗ്രാമവണ്ടി' പദ്ധതിയിൽ പങ്കാളിയാകാൻ തയ്യാറായാൽ നിലച്ചുപോയ എല്ലാ സർവ്വീസുകളും നഷ്ടം നോക്കാതെ ഓപ്പറേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണ്.

## V ധനകാര്യം

### (1) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## (2) 2022-23 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ V -ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VI- ഭൂനികുതി

ധനാഭ്യർത്ഥന നമ്പർ XI-ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XXI-ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXVI-പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

ധനാഭ്യർത്ഥന നമ്പർ XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| V | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 136,75,37,000 | ----- | 273,50,75,000 | ----- | 273,50,75,000 |
| VI | ഭൂനികുതി | 271,39,25,000 | ----- | 542,78,51,000 | ----- | 542,78,51,000 |
| XI | ജില്ലാഭരണവും പലവകയും | 285,20,70,000 | ----- | 570,41,41,000 | ----- | 570,41,41,000 |

| | | | | | | |
|---|---|---|---|---|---|---|
| XXI | ഭവന നിർമ്മാണം | 29,94,73,000 | 17,71,00,000 | 59,89,44,000 | 35,42,01,000 | 95,31,45,000 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 423,34,75,000 | ----- | 846,69,49,000 | ----- | 846,69,49,000 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 85,64,16,000 | 1507,00,19,000 | 171,28,31,000 | 3014,00,39,000 | 3185,28,70,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ -V**

<u>ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും</u>

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിലനിന്നിരുന്ന വില്പന നികുതി കുടിശ്ശിക, ഈടാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പിരിച്ചെടുക്കുന്ന ജി.എസ്.ടി.

സർക്കാരിലേയ്ക്ക് കൃത്യമായി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജ ബില്ലുകളുണ്ടാക്കി നികുതി വെട്ടിപ്പ് നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നികുതി വരുമാനത്തിലുണ്ടായ കുറവും ധനകാര്യ മാനേജ്മെന്റിലെ പാളിച്ചകളുംമൂലം ധനപ്രതിസന്ധി ഉടലെടുത്തിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിലവിലെ സാമ്പത്തിക സൂചകങ്ങൾ പ്രകാരം സംസ്ഥാനത്ത് വലിയ സാമ്പത്തിക തകർച്ച ഉണ്ടാകുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നതായി പറയപ്പെടുമ്പോഴും പ്രതിസന്ധി മറികടക്കുന്നതിന് ധനകാര്യ മാനേജ്മെന്റിലും നയത്തിലും ആവശ്യമായ തിരുത്തൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മുന്നൊരുക്കങ്ങൾ നടത്താതെ ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ഉപഭോക്തൃ സംസ്ഥാനമായിട്ടും സംസ്ഥാനത്തിന് നികുതി നഷ്ടം ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള റവന്യൂ സമാഹരണം നടത്തുന്നതിൽ സർക്കാർ തുടർച്ചയായി പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടെ വിദേശ വായ്പാ ഏജൻസികളിൽനിന്നും സിൽവർ ലൈൻ പദ്ധതിക്കായി വൻതുക വായ്പയെടുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബഡ്ജറ്റിനു പുറത്തുള്ള കടമെടുക്കലിലൂടെയും തെറ്റായ ധനകാര്യ മാനേജ്മെന്റിലൂടെയും സംസ്ഥാനം എത്തിച്ചേർന്നിരിക്കുന്നതായി പറയപ്പെടുന്ന ധനകാര്യ പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ പൊതുകടത്തിന്റെ വളർച്ച കഴിഞ്ഞ

5 വർഷത്തിനിടെ ആഭ്യന്തര ഉല്പാദന വളർച്ചയെ മറികടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന അതിർത്തികളിലെ ചെക്കുപോസ്റ്റുകളിലെ അഴിമതികളും ക്രമക്കേടുകളും തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിലക്കയറ്റം രൂക്ഷമാകുന്ന അവസരത്തിൽ പെട്രോൾ, ഡീസൽ നികുതികൾ കുറയ്ക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി. പരിധിയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചരക്ക് സേവന നികുതി കാര്യാലയങ്ങളുടെ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ചരക്ക് സേവന നികുതിയും

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2045-00-200-97 എന്ന ബഡ്ജറ്റ് ഹെഡിൽ വകകൊള്ളിച്ചിട്ടുള്ള 57,26,000 രൂപയിൽ 7,26,000 രൂപ കുറവ് ചെയ്യേണ്ടതാണ്(കേരള സിനിമ (റെഗുലേഷൻസ്) റൂൾസ് 1958 പ്രകാരമുള്ള സിനിമാശാലകളുടെ പ്രവർത്തനങ്ങളുടെ പരിശോധന നിലവിൽ നടത്താത്തതായി പറയപ്പെടുന്നതിനാൽ ഫണ്ട് വിനിയോഗം കുറയ്ക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂനികുതി വർദ്ധിപ്പിച്ചതിലൂടെ സാധാരണ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ട് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിയുടെ വിവരങ്ങൾ ഓൺലൈൻ മാർഗ്ഗങ്ങളിലൂടെ യുണീക് തണ്ടപ്പേരിലേയ്ക്ക് മാറ്റുമ്പോൾ പ്രസ്തുത വിവരങ്ങൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമി തരംമാറ്റുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾക്ക് മുൻഗണന നൽകേണ്ടത് ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും വിവിധ സേവനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നതിനുമുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകല്പിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആർ.ഡി.ഒ. കോടതിയിൽ തൊണ്ടിമുതലായി സൂക്ഷിച്ച സ്വർണ്ണം റവന്യൂ ഉദ്യോഗസ്ഥർ തന്നെ മോഷ്ടിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജ പട്ടയങ്ങളിലൂടെയുള്ള ഭൂമിതട്ടിപ്പ് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റുന്നതിലുള്ള സങ്കീർണ്ണത പരിഹരിക്കാനും കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കാനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (1966-ൽ തുടങ്ങിയ റീ സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിതരം മാറ്റൽ സംബന്ധിച്ച അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം

ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരള ഭൂപതിവ് ചട്ടപ്രകാരം കൃഷി, പാർപ്പിടം എന്നീ ആവശ്യങ്ങൾക്ക് പതിച്ചുനൽകിയത് ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിലവിൽ ഭൂമിക്ക് നിശ്ചയിച്ചിരിക്കുന്ന ന്യായവില വിപണി വിലയേക്കാൾ കൂടുതലാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റുന്നതിന് സഹായിക്കാമെന്ന

പേരിൽ സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളും പരസ്യം നൽകുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂരേഖകളിൽ ക്രമക്കേടുനടത്തി ഉടമസ്ഥാവകാശം തട്ടിയെടുക്കുന്നതായ പരാതികളിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂനികുതിയിലെ വർദ്ധനവുമൂലം സാധാരണക്കാർക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം

ശ്രീ. അനൂപ് ജേക്കബ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2029-00-102-95 എന്ന ബഡ്ജറ്റ് ഹെഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 214,13,06,000 രൂപ 413,06,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂപരിഷ്കരണം നടപ്പിലാക്കുന്നതിലേയ്ക്ക് ഭൂമി സംബന്ധമായ രേഖകൾ തയ്യാറാക്കൽ സംബന്ധിച്ച കണ്ണാടി സർവ്വേയുടെ നടത്തിപ്പിൽ ഉണ്ടായതായി പറയപ്പെടുന്ന പരാജയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം

ശ്രീ. അനൂപ് ജേക്കബ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദ സഞ്ചാരകേന്ദ്രങ്ങൾ അടക്കമുള്ള പൊതുസ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്

(അനധികൃതമായ മണൽ കടത്ത് തടയാൻ റവന്യൂ അധികാരികൾ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വലിയ താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജില്ലാഭരണവും പലവകയും എന്ന

XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലാശയങ്ങളുടെയും നദികളുടെയും മലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ദുരിതബാധിതർക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എറണാകുളം ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീമതി കെ. കെ. രമ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2047-00-103-99-08 എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ വകകൊള്ളിച്ചിട്ടുള്ള 15,75,000 രൂപ 5,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമായി വൻതുകകൾ ചെലവഴിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2053-00-093-95 എന്ന ബഡ്ജറ്റ്

ഹെഡ്ഡിൽ വകകൊള്ളിച്ചിട്ടുള്ള 212,57,72,000 രൂപ 2,57,72,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിലവിൽ സംസ്ഥാനത്ത് റവന്യൂ കാർഡ് സംവിധാനം നടപ്പിലാക്കാത്ത സാഹചര്യത്തിൽ ഫണ്ടിന്റെ വിനിയോഗം ആവശ്യമില്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2053-00-093-97 എന്ന ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 12,51,56,000 രൂപയിൽ 51,56,000 രൂപ കുറവ് ചെയ്യേണ്ടതാണ് (കേരള സ്വകാര്യവനങ്ങൾ നിക്ഷിപ്തമാക്കൽ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ കൺക്ലൂസീവ് പ്രൂഫായി ആധാരങ്ങൾ അംഗീകരിക്കാത്തത് കാരണം 01-01-1977-നു മുൻപ് കൈവശം വച്ചുകൊണ്ടിരിക്കുന്ന വനഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള പ്രത്യേക യൂണിറ്റ് അവസാനിപ്പിക്കേണ്ട സാഹചര്യത്തിൽ ഫണ്ടിന്റെ വിനിയോഗം നടത്താൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപങ്ങൾ താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. അനൂപ് ജേക്കബ്

ശ്രീമതി കെ. കെ. രമ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. റോജി എം. ജോൺ

ശ്രീമതി ഉമ തോമസ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

## ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിർമ്മിതി കേന്ദ്രങ്ങളിലൂടെ നിർമ്മാണ വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതും കുറഞ്ഞ പലിശക്ക് ഭവന വായ്പ വിതരണം ചെയ്യുന്നതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇടത്തരം വരുമാനക്കാർക്കായി കുറഞ്ഞ പലിശ നിരക്കിൽ ഭവന വായ്പാ പദ്ധതി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ചേരിപ്രദേശത്ത് താമസിക്കുന്നവർക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ ഏജൻസികൾ വഴിയുള്ള ഭവന നിമ്മാണ പദ്ധതികൾ ഏകോപിപ്പിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ ചെലവ് കുറയ്ക്കുന്നതിന് പ്രീ-ഫാബ് അടിസ്ഥാനമാക്കിയ നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (അംഗഭംഗം സംഭവിച്ച വിമുക്ത ഭടന്മാർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിൽ ഉള്ളതായി പറയപ്പെടുന്ന പോരായ്മ പരിഹരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. അനൂപ് ജേക്കബ്: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 2216-80-001-92 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 31,08,32,000 രൂപ 31,08,12,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന പദ്ധതികൾക്കായി ചെലവ് കുറഞ്ഞ മാതൃക രൂപീകരിക്കുന്ന പ്രവർത്തനം നിലച്ചതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഫണ്ടിന്റെ വിനിയോഗം ആവശ്യമില്ല എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 4216-01-106-98-16 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1,54,45,000 രൂപ 50,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഉയർന്ന ഉദ്യോഗസ്ഥരുടെ ഭവന

പദ്ധതിക്കായി ഇത്രയും തുക മാറ്റിവയ്ക്കേണ്ടതില്ല എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപങ്ങൾ താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സണ്ണി ജോസഫ്
2. ശ്രീ. സജീവ് ജോസഫ്
3. ശ്രീ. സി. ആർ. മഹേഷ്
4. ശ്രീ. ടി. സിദ്ദിഖ്
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. റോജി എം. ജോൺ
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീമതി ഉമ തോമസ്

## ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീമതി കെ. കെ. രമ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതി ക്ഷോഭങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിലും പ്രകൃതിക്ഷോഭത്തിലും വീടുകളും, സ്ഥലങ്ങളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം സമയബന്ധിതമായി നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകൾ നന്നാക്കുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ:</u> സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദുരന്തനിവാരണ അതോറിറ്റിയിൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം:</u> സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരന്തമുണ്ടാകുമ്പോൾ വിവിധ ഏജൻസികളുടെ

പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതി ദുരന്ത മുന്നറിയിപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രളയ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള

ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രളയാനന്തര ദുരിതാശ്വാസത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കരുതൽ ഫണ്ടിലേയ്ക്കും നിക്ഷേപക്കണക്കിലേയ്ക്കും മാറ്റപ്പെടുന്ന സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2245-01-800-95 എന്ന ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള

25,00,000 രൂപ 24,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സൂര്യതാപം, സൂര്യാഘാതം, ഉഷ്ണതരംഗം എന്നിവ ബാധിച്ചിട്ടുള്ള ആളുകൾക്ക് എക്സ്ഗ്രേഷ്യാ വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 846,69,49,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപങ്ങൾ താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സണ്ണി ജോസഫ്
2. ശ്രീ. സജീവ് ജോസഫ്
3. ശ്രീ. സി. ആർ. മഹേഷ്
4. ശ്രീ. ടി. സിദ്ദിഖ്
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ശ്രീ. റോജി എം. ജോൺ

7. ശ്രീ. അൻവർ സാദത്ത്

8. ശ്രീമതി ഉമ തോമസ്

**ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ
ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികളെ സംബന്ധിച്ച പരസ്യങ്ങൾക്ക് വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയിൽ സി. & എ.ജി. നിയമത്തിന്റെ 20 (2) പ്രകാരം ഓഡിറ്റ് നടത്താൻ അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വരുമാനദായകമല്ലാത്ത പദ്ധതികൾ കിഫ്ബി ഏറ്റെടുത്തിരിക്കുന്നതുമൂലം തിരിച്ചടവ് പ്രതിസന്ധിയിലാകുമെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി ഫണ്ട് ഐ.ടി. മേഖലയിൽ കൂടുതലായി ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ പദ്ധതികൾക്കായുള്ള പ്രൊപ്പോസലുകൾ കിഫ്ബി ഓഫീസിൽ

കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ ഏജൻസികൾ ഗ്യാരന്റിയുടെ പിൻബലത്തിൽ വാങ്ങിയ കടത്തിന്റെ തിരിച്ചടവ് കൃത്യമായി മോണിറ്ററിംഗ് നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾക്കായി കടമെടുക്കുന്ന തുകയുടെ തിരിച്ചടവിനെ സംബന്ധിച്ച് വ്യക്തതയില്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റീബിൽഡ് കേരള പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ ത്വരിതപ്പെടുത്തുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. അനൂപ് ജേക്കബ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 3454-02-112-98 എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ വകകൊള്ളിച്ചിട്ടുള്ള 3,99,92,000 രൂപ 99,92,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദേശീയ സാമ്പിൾ സർവ്വേ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കാത്ത സാഹചര്യത്തിൽ ഫണ്ടിന്റെ വിനിയോഗത്തിൽ കുറവ്

വരുത്തുന്നത് സംബന്ധിച്ച് വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 5475-00-115-97 എന്ന ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 245,51,00,000 രൂപ, 22,25,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന അധിക നികുതി വരുമാനം വേണ്ടെന്നുവയ്ക്കാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 5475-00-115-98 എന്ന ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 2039,83,00,000 രൂപ 1039,83,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി വായ്പയെടുത്ത് പരസ്യ പ്രചാരണം നടത്തുന്നതായും പ്രസ്തുത വായ്പകളുടെ തിരിച്ചടവ് സാധാരണക്കാരന്റെ നികുതി പണത്തിൽ നിക്ഷിപ്തമാക്കിയതായും പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 5475-00-115-98 എന്ന ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 2039,83,00,000 രൂപ 2028,62,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി മുഖേന ബഡ്ജറ്റിനുപുറത്ത് എടുത്ത വായ്പകളുടെ തിരിച്ചടവിനായി നികുതി പണത്തിൽനിന്നും തുക വകയിരുത്തിയതിനാൽ മോട്ടോർ വാഹന നികുതി വർദ്ധിപ്പിക്കേണ്ടി വന്നതായും കിഫ്ബിയുടെ ബാധ്യത പൊതുകടത്തിന്റെ ഭാഗമാകുന്നതിനാൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 5475-00-115-98 എന്ന ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 2039,83,00,000 രൂപ

1008,71,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി മുഖേന ബഡ്ജറ്റിനുപുറത്ത് എടുത്ത വായ്പയുടെ ബാധ്യതകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന ധനകാര്യ കമ്മിഷന്റെ നിർദ്ദേശത്തെത്തുടർന്ന് കടമെടുപ്പ് പരിധിയിലുണ്ടായതായി പറയപ്പെടുന്ന നിയന്ത്രണങ്ങളും സാമ്പത്തിക പ്രതിസന്ധികളും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഉപക്ഷേപങ്ങൾ താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീമതി ഉമ തോമസ്
2. ശ്രീ. സജീവ് ജോസഫ്
3. ശ്രീ. സി. ആർ. മഹേഷ്
4. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

5. ശ്രീ. റോജി എം. ജോൺ

7. ശ്രീമതി കെ. കെ. രമ

8. ശ്രീ. അനൂപ് ജേക്കബ്

മി. ഡെപ്യൂട്ടി സ്പീക്കർ: ചർച്ച ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സമയക്രമം പാലിക്കണം.

ശ്രീ. എം. എം. മണി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുകയാണ്. റവന്യൂ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായിട്ടാണ് നടന്നുവരുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ റവന്യൂ വകുപ്പ് ഫലപ്രദമായി പ്രവർത്തിക്കുകയും ലക്ഷക്കണക്കിനാളുകൾക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുകയും താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും സർവ്വോപരി ഭൂപ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തുകയും ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അവശേഷിക്കുന്ന മറ്റുകാര്യങ്ങളിന്മേലും തുടർനടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. മലയോര കൃഷിക്കാർക്ക് ഇനിയും

പട്ടയം നൽകാനുണ്ട്. ഇടുക്കി പോലുള്ള ജില്ലകളിലെ നിർമ്മാണനിരോധനം പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. 1964-ലും 1993-ലും കോൺഗ്രസ് ഗവൺമെന്റുകൾ കൊണ്ടുവന്ന ഭൂപതിവ് നിയമങ്ങൾ ഭേദഗതി ചെയ്യണം. കാരണം, ആ രണ്ട് നിയമങ്ങളിലും പുരവച്ച് കുടിപാർക്കാനും കൃഷിചെയ്യാനും മാത്രമേ ഭൂമി ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് നിർമ്മാണപ്രവർത്തനങ്ങൾക്കും വാണിജ്യ വ്യവസായാവശ്യങ്ങൾക്കും ഭൂമി ഉപയോഗിക്കാൻ അനുവദിക്കാത്തത് കേരളത്തിൽ പ്രത്യേകിച്ച്, ഇടുക്കി ജില്ലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ടെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ രണ്ട് നിയമങ്ങളും ഭേദഗതി ചെയ്ത് വ്യവസായ-വാണിജ്യാവശ്യങ്ങൾക്കുകൂടി ഭൂമി ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്യണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. നിയമം ഭേദഗതി ചെയ്യുമ്പോൾ ഒരു പ്രശ്നമുണ്ടാകാനിടയുണ്ട്. അതായത്, കേരളത്തിൽ ലക്ഷക്കണക്കിന് നിർമ്മാണപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. യഥാർത്ഥത്തിൽ അവയെല്ലാം ഈ നിയമത്തിന് വിരുദ്ധമാണ്. അതുകൊണ്ട് അവ റെഗുലറൈസ് ചെയ്യാനുള്ള തുടർനടപടി സ്വീകരിച്ചാൽമാത്രമേ നിയമഭേദഗതി ഫലപ്രദമാകുകയുള്ളൂ.

പട്ടയനടപടികൾ ത്വരിതപ്പെടുത്തണം. ഈ രംഗത്ത് ഫലപ്രദമായ പ്രവർത്തനം ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ ഈ ഗവൺമെന്റും ഒരു വർഷംകൊണ്ടുതന്നെ ഒട്ടേറെ ഫലപ്രദമായ പ്രവർത്തനങ്ങൾ നടപ്പാക്കി മുന്നോട്ടുപോകുകയാണ്; അതിനെ ഞാൻ പിന്താങ്ങുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് രണ്ടാമതും അധികാരത്തിൽ വന്നത് രാഷ്ട്രീയ എതിരാളികൾക്ക്, പ്രതിപക്ഷത്തിന് തീരെ സഹിക്കാൻ കഴിയുന്നില്ല. കേരളത്തിൽ 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നു, തുടർന്ന് കോൺഗ്രസ് വന്നു. അങ്ങനെ കമ്മ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസും മാറിമാറി അധികാരത്തിൽ വരുന്ന പ്രക്രിയയാണ് കേരള രൂപീകരണത്തിനുശേഷം നിലനിന്നിരുന്നതെങ്കിൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് രണ്ടാമതും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാർ 600 ഇന പരിപാടികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതിൽ 580 എണ്ണവും നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാം പിണറായി വിജയൻ സർക്കാർ 900 ഇന പരിപാടികൾ മുന്നോട്ടുവച്ചുകൊണ്ടാണ്

വിജയം കരസ്ഥമാക്കിയത്. 99 സീറ്റുകളുടെ ഭൂരിപക്ഷത്തോടെ തികഞ്ഞ ആത്മവിശ്വാസത്തോടുകൂടിയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. കേരളത്തിലെ ജനങ്ങൾ സർവ്വാത്മനാ ഈ ഗവൺമെന്റിനെ നെഞ്ചിലേറ്റിയിട്ടുണ്ടെന്ന കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ പ്രവർത്തനങ്ങളുടെ നല്ല വശങ്ങളെ അംഗീകരിക്കാൻ നിർഭാഗ്യവശാൽ പ്രതിപക്ഷം തയ്യാറാകുന്നില്ല. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻവേണ്ടിയുള്ള നിലപാടാണ് അവർ സ്വീകരിക്കുന്നത്. അവർക്ക് മനശ്ശാന്തിയുണ്ടായിട്ടില്ല. അധികാരത്തിൽ വരുമെന്ന അവരുടെ പ്രതീക്ഷയാകെ തെറ്റിപ്പോയി. ആ നിരാശയുടെ ഫലമായുള്ള നിലപാടാണ് കഴിഞ്ഞ ഒരുവർഷത്തിലധികമായി നിയമസഭയ്ക്കകത്തും പുറത്തും പ്രതിപക്ഷം സ്വീകരിക്കുന്നതെന്ന കാര്യം വിമർശനപരമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ക്രിയാത്മകമായൊരു പ്രതിപക്ഷമെന്ന നിലയിലുള്ള നിലപാടിനുപകരം അങ്ങേയറ്റത്തെ നിഷേധാത്മകമായ നിലപാടാണ് സ്വീകരിക്കുന്നത്. കേരളത്തിൽ ഇപ്പോഴുണ്ടാകുന്ന സംഘർഷങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും അതിന്റെ പരിണതഫലമാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കുമെതിരെ ദുരാരോപണമുന്നയിച്ചു. കുടുംബാംഗങ്ങളെ നിയമസഭയിലേയ്ക്ക് വലിച്ചിഴയ്ക്കുന്നത് ആശാസ്യമല്ല; അത് അങ്ങേയറ്റം പ്രതിഷേധാർഹവുമാണ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ അപാകതയുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ച് തിരുത്താൻ സഹായിക്കുന്നതിനുപകരം എല്ലാ അർത്ഥത്തിലും ഗവൺമെന്റിനെ തകർക്കാനും പ്രതിസന്ധിയുണ്ടാക്കാനുമാണ് ശ്രമിക്കുന്നത്. ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. ബി.ജെ.പി.-യും യു.ഡി.എഫ്-ഉം മുസ്ലീംലീഗുമെല്ലാം ചേർന്നുകൊണ്ട് സ്വപ്ന സുരേഷ് എന്നൊരു പുതിയ കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുകയാണ്. ഇരുപത് പ്രാവശ്യം സ്വർണ്ണകള്ളക്കടത്ത് നടത്തിയിട്ട് ഇരുപത്തിയൊന്നാമത്തെ പ്രാവശ്യമായപ്പോൾ അവരെ അറസ്റ്റ് ചെയ്ത് ഒന്നരവർഷക്കാലം ജയിലിലിലിടുകയും ഇ.ഡി.-യുടെയും മറ്റ് ഏജൻസികളുടെയുമെല്ലാം ചോദ്യം ചെയ്യലിന് വിധേയമാക്കിയതുമാണ്. നമുക്കെല്ലാം അമ്മമാരും സഹോദരിമാരും മക്കളുമൊക്കെയുണ്ട്. പക്ഷേ ആ പട്ടികയിലേതെങ്കിലും ആ മഹതിയെ ഉൾപ്പെടുത്താൻ കഴിയുമോയെന്ന കാര്യം വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. ഇ.ഡി. ചോദ്യം ചെയ്തപ്പോഴൊന്നും

ഒരു പ്രതിസന്ധിയുമില്ലായിരുന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പറ്റിയോ കുടുംബാംഗങ്ങളെപ്പറ്റിയോ വിമർശിച്ചില്ല. ഒന്നര വർഷത്തിനുശേഷം ജാമ്യം ലഭിച്ച് പുറത്തുവന്നപ്പോൾ അവർ ആർ.എസ്.എസ്.-ന്റെ കൂടെ ചേർന്നു. ആർ.എസ്.എസ്. അവരുടെ സ്ഥാപനത്തിൽ ജോലി കൊടുത്തതിനുപുറമെ അവർക്ക് കാറും വീടും നൽകി. അതിനുശേഷം അവരുടെ കയ്യിലെ പാവയായി ആ മഹതി ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കും ഗവൺമെന്റിനുമെതിരെ ദുരാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള സമൂഹത്തെ മലീമസമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷാംഗങ്ങളും കൂട്ടുനിൽക്കുന്നത് നാണക്കേടാണ്. നിങ്ങളുടെ അജണ്ടയും തിട്ടൂരവുമനുസരിച്ചാണ് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മലയാള മനോരമയും മാതൃഭൂമിയുമടക്കമുള്ള ദിനപത്രങ്ങളും പല ഇലക്ട്രോണിക് മാധ്യമങ്ങളും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും ആ മഹതിക്ക് നൽകുന്ന പ്രാധാന്യം അപമാനകരമാണ്. സ്വാതന്ത്ര്യ സമരത്തിൽ രാഷ്ട്രപിതാവിനും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനും

സരോജിനി നായിഡുവിനും അക്കാമ്മ ചെറിയാനുമൊപ്പം ജയിൽവാസമനുഭവിച്ച മഹതിയെന്ന മട്ടിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷാംഗങ്ങളും സ്വപ്ന സുരേഷ് എന്ന വിവാദനായികയെ ഇന്ന് കേരള രാഷ്ട്രീയത്തിൽ അവതരിപ്പിക്കുന്നത്. അപമാനകരമായ നിലപാടാണ് അവർ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇവിടെ പല പ്രതിപക്ഷ നേതാക്കന്മാരുണ്ടായിരുന്നു. ശ്രീ. വി.ഡി. സതീശൻ പ്രതിപക്ഷ നേതാവായപ്പോൾ എനിക്ക് സന്തോഷമാണ് തോന്നിയത്. പക്ഷേ, അദ്ദേഹം പ്രതിപക്ഷ നേതാവിന്റെ നിലപാടും നിലവാരവുമില്ലാതെ നിയമസഭയിലും പത്രമാധ്യമങ്ങളുടെ മുന്നിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് കാണുമ്പോൾ അതിയായ ഖേദമുണ്ട്. എനിക്ക് ഒരുപാട് വർഷത്തെ പരിചയമില്ലെങ്കിലും നല്ല അഭിപ്രായം തോന്നിയ വ്യക്തിയാണ് അദ്ദേഹം. പക്ഷേ, പ്രതിപക്ഷ നേതാവായതോടെ ഒരു പുതിയ ലോകത്തെത്തിയിരിക്കുന്നുവെന്ന മട്ടിലാണ് അദ്ദേഹത്തിന്റെ പ്രതികരണമെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. കെ. കരുണാകരനും ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും ശ്രീ. വി.എസ്. അച്യുതാനന്ദനുമുൾപ്പെടെ പലരും പ്രതിപക്ഷ നേതാക്കന്മാരായിരുന്നിട്ടുണ്ട്.

അവരെല്ലാം കേരള നിയമസഭയിൽ ഇഞ്ചോടിഞ്ച് പൊരുതിയിട്ടുണ്ട്. ആ റോളാണോ ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് വഹിക്കുന്നതെന്ന കാര്യം ആത്മവിശ്വാസത്തോടുകൂടി പരിശോധിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. വിവാദനായികയെ പ്രതിപക്ഷം ഉപേക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആത്മാഭിമാനമുള്ളവർക്ക് അവരുടെ പേരുപോലും പറയാൻ കഴിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എം. എം. മണി: സർ, ഞാൻ ഇതിൽക്കൂടുതൽ പറയാത്തത് അതൊരു മഹതിയാണ്, സ്ത്രീയാണ് എന്നതുകൊണ്ടാണ്. അവരെ രക്ഷപ്പെടാൻ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷാംഗങ്ങളോടും ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. നിങ്ങൾക്കും അമ്മമാരും സഹോദരിമാരുമുണ്ട്, എനിക്കുമുണ്ട്. അവരെയെല്ലാം ഇവിടേയ്ക്ക് വലിച്ചിഴച്ച് പ്രശ്നമുണ്ടാക്കരുത്. ഞങ്ങളും അങ്ങനെ വേഷം കെട്ടിയാൽ പ്രശ്നമാകും.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കോവിഡ് 19-നുശേഷം പാവപ്പെട്ടവരെയും

തൊഴിലാളികളെയും കർഷകരെയും ദുർബ്ബല ജനവിഭാഗങ്ങളെയും സഹായിക്കുന്നതിനുപകരം അവരുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കർഷകരും തൊഴിലാളികളും ആത്മഹത്യയുടെ വക്കിലാണ്. തിരുവല്ലയിലെ ഒരു കർഷകൻ ആത്മഹത്യ ചെയ്ത സംഭവം നമ്മുടെ മുന്നിലുണ്ട്. ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ, ബാങ്കുകളിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ, ജപ്തി ഭീഷണികളിൽ ആശങ്കപ്പെട്ട് സമൂഹത്തിന്റെ മുന്നിൽ അപമാനിതരാകാൻ കഴിയാതെ കർഷകർ ആത്മഹത്യ ചെയ്യുന്നൊരു സാഹചര്യത്തിലേക്ക് പോകുകയാണ്. ഈ സന്ദർഭത്തിൽ ഉണർന്നുപ്രവർത്തിക്കേണ്ട ഗവൺമെന്റ് സംവിധാനം പിന്നെയും അവരെ ബുദ്ധിമുട്ടിക്കുന്ന സമീപനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. എല്ലാ രംഗത്തും അമിതമായ ചാർജ്ജ് ഈടാക്കി അവരെ എങ്ങനെ വലയ്ക്കാമെന്നതിലാണ് സർക്കാർ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ഭൂനികുതി എന്നിവ വർദ്ധിപ്പിച്ചു. ഒരേക്കർ സ്ഥലമുള്ള കർഷകൻ 400/- രൂപ നികുതിയടയ്ക്കേണ്ട അവസ്ഥയായി. 200/- രൂപയായിരുന്നത് ഇരട്ടിയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഒരേക്കർ സ്ഥലമുള്ള കർഷകന്റെ വരുമാനം

എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ? ഒരു വരുമാനവുമില്ല. കൃഷി പൂർണ്ണമായും നശിച്ചിരിക്കുകയാണ്. വന്യമൃഗശല്യം കാരണം കൃഷിചെയ്യാൻ കഴിയുന്നില്ല. അവർ വീണ്ടും നികുതി അടയ്ക്കണമെന്നാണ് സർക്കാർ ആവശ്യപ്പെടുന്നത്. അതുപോലെ, ഇപ്പോൾ 50 ചതുരശ്രമീറ്ററിന് മുകളിലുള്ള വീടുകളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിട നികുതി പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതുമൂലം ലൈഫ് പദ്ധതിയിൽ വീട് ലഭിക്കുന്നവർപോലും നികുതി അടയ്ക്കേണ്ട അവസ്ഥയാണുണ്ടാകാൻ പോകുന്നത്. അശാസ്ത്രീയമായ ജി.എസ്.ടി. നടത്തിപ്പ് തടയുന്നതിനുള്ള ഉചിതമായ ഇടപെടൽ ആവശ്യമാണ്. ചെറുകിട വ്യാപാരികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. ജി.എസ്.ടി. സംവിധാനത്തിന്റെ ആശയക്കുഴപ്പം അകറ്റാനും നിർവ്വഹണത്തിലെ അപാകതകൾ പരിഹരിക്കാനും അടിയന്തര നടപടി സ്വീകരിക്കണം. ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി കർഷകരിൽ ആശങ്കയുണ്ടാക്കിയിരിക്കുകയാണ്. അവരുടെ ഏക ജീവനോപാധിയാണ്, ഏക വരുമാന മാർഗ്ഗമാണ് ഈ തീരുമാനത്തിലൂടെ അടയുന്നത്. സംസ്ഥാന സർക്കാരിനാണ് അക്കാര്യത്തിൽ ഇടപെടാൻ

സാധിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങളും ശിപാർശകളും പരിശോധിക്കുന്നതിനായി സെൻട്രൽ എംപവേഡ് കമ്മിറ്റിയെയും പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അവിടെ പരിഗണിക്കുമെന്ന് പറയുന്നുണ്ടെങ്കിലും നാളിതുവരെയായി അക്കാര്യത്തിൽ ഉചിതമായ നടപടി സർക്കാർ സ്വീകരിച്ചിട്ടില്ല. ലക്ഷക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അലംഭാവം കർഷകരോടുള്ള വെല്ലുവിളിയായിട്ടോ പകപോക്കലായിട്ടോ മാത്രമെ കാണാൻ സാധിക്കുകയുള്ളൂ. ഈ വിഷയം ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് അടിയന്തരപ്രമേയമായി കൊണ്ടുവന്നിരുന്നു. എന്നാൽ, വിവിധ മാധ്യമങ്ങളുടെയും പൗരപ്രമുഖരുടെയും കർഷക സംഘടനകളുടെയും മുമ്പിൽ എല്ലാവരുമായി യോജിച്ചൊരു തീരുമാനം കൈക്കൊള്ളുമെന്ന് പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭരണകൂടവും അത് ചർച്ച ചെയ്യാൻപോലും തയ്യാറായില്ല. ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് ജനങ്ങൾക്ക് മനസ്സിലാകുമെന്നുള്ളതുകൊണ്ടാണ് ചർച്ചയിലേയ്ക്ക് പോകാത്തതെന്നാണ് ഞാൻ കരുതുന്നത്. ആ ദിവസംതന്നെ ഇവിടെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാനെത്തിയ സഭാനേതാക്കളോടും കർഷക നേതാക്കളോടും വിചിത്രമായ മറുപടിയാണ് മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയുമുൾപ്പെടെയുള്ള ഭരണനേതൃത്വം പറഞ്ഞത്. യഥാർത്ഥ വിഷയത്തിൽനിന്നും മാറ്റി സർക്കാരിന്റെ അലംഭാവവും അശ്രദ്ധയും മറച്ചുവയ്ക്കാനുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അടിയന്തരമായി സർവ്വകക്ഷി യോഗം വിളിച്ചുചേർക്കാനും ആൾ പാർട്ടി ഡെലിഗേഷൻ പോയി കേന്ദ്രസർക്കാരിനെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താനും തയ്യാറാകണം. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ഈ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച പ്രോസസ്സ് നമുക്കറിയാവുന്നതാണ്. എല്ലാ ത്രിതല പഞ്ചായത്ത് ഭരണസംവിധാനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് പഠന റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്രസർക്കാരിന് നൽകാനും ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്താനും ശ്രമിച്ചിരുന്നു. അതിലേയ്ക്കെല്ലാം കണ്ണോടിക്കുമ്പോൾ മനസ്സിലാകുന്നത് 2019-ലെ സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലെടുത്ത ഉത്തരവാണ് ഈ പ്രതിസന്ധിയിലേയ്ക്ക് നയിച്ചിട്ടുള്ളതെന്നാണ്. അത്തരത്തിൽ കേരളത്തെ ദോഷകരമായി

ബാധിക്കുന്ന വിധത്തിലാണ് കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ അത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മന്ത്രിസഭാ തീരുമാനത്തിലൂടെ മാത്രമേ അത് തിരുത്താൻ കഴിയൂ; അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ പൂർണ്ണമായും കേന്ദ്രസർക്കാരിനെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കെ.പി.എ.സി.-യുടെ അശ്വമേധം നാടകത്തിൽ വയലാറിന്റെ വരികൾ കെ. എസ്. ജോർജ് ആലപിക്കുന്നുണ്ട്.

"പാമ്പുകൾക്കു മാളമുണ്ട് പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല ..."

കേരളത്തിൽ മനുഷ്യപുത്രന് മണ്ണിൽ തലചായ്ക്കാൻ ഇടം നൽകിയത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളാണ്, ഇടതുപക്ഷ ഗവൺമെന്റുകളാണ്. 1957 കാലഘട്ടത്തിൽ കുടികിടപ്പവകാശം ഉണ്ടായിരുന്നില്ല. കുടിയാന്മാരെ ഏത് അർദ്ധരാത്രിക്കും വാസസ്ഥലത്തുനിന്ന് ഇറക്കിവിടാൻ ജന്മിമാർക്ക് സാധിക്കുമായിരുന്നു. അവരെ ചോദ്യം ചെയ്യാൻ ആർക്കും സാധിക്കുമായിരുന്നില്ല. പോലീസും

അധികാരികളുമെല്ലാം അവർക്കൊപ്പമായിരുന്നു. 1957-ൽ കേരളപ്പിറവിക്കുശേഷം ആദ്യമായി അധികാരത്തിൽ വന്ന ഗവൺമെന്റ് കുടികിടപ്പവകാശം സംരക്ഷിക്കുന്ന തീരുമാനമാണ് ആദ്യമായി കൈക്കൊണ്ടത്. ഭൂപരിഷ്കരണ നിയമം 1957-ൽ അവതരിപ്പിക്കുകയുണ്ടായി. 1969-ൽ സമഗ്രമായ ഭൂപരിഷ്കരണ നിയമം പാസ്സാക്കുകയും 1970 ജനുവരി മാസം 1-ാം തീയതി ജന്മിത്വത്തിന് അറുതിവരുത്തിക്കൊണ്ട് കേരളത്തിൽ നടപ്പിലാക്കുകയും ചെയ്തു. ഒരു തുള്ളി രക്തം ചിന്താതെയും സംഘർഷമുണ്ടാകാതെയും 30 ലക്ഷം കുടുംബങ്ങൾക്ക് ഭൂമിയിൽ അവകാശം നൽകിയ രാജ്യത്തിനുതന്നെ മാതൃകയാക്കാവുന്ന ഒരു നിയമ നിർമ്മാണമായിരുന്നു അത്. ആദിവാസികൾക്ക് ഭൂമി നൽകുകയെന്നുള്ളത് എപ്പോഴും ചർച്ച ചെയ്യപ്പെടുന്ന കാര്യം തന്നെയായിരുന്നു. 1996-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് ആദിവാസികളായ മണ്ണിന്റെ മക്കൾക്ക് ഒരേക്കർ വീതം ഭൂമി നൽകാനുള്ള തീരുമാനമെടുത്തത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 175000 കുടുംബങ്ങൾക്കാണ് പട്ടയം നൽകിയത്. അഭിമാനകരമായ കാര്യമല്ലേ അത്? ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷം പിന്നിടുകയാണ്.

100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 12000 പട്ടയങ്ങൾ നൽകാനാണ് ലക്ഷ്യമിട്ടതെങ്കിൽ 100 ദിവസത്തിനുള്ളിൽ 13534 പട്ടയങ്ങളാണ് വിതരണം ചെയ്തത്. കഴിഞ്ഞ ഒരുവർഷംകൊണ്ട് കാൽലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യാൻ തീരുമാനിച്ചെങ്കിൽ 50614 പട്ടയങ്ങൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യുകയുണ്ടായി. 14 ജില്ലകളിലും പട്ടയമേള സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ സംസ്ഥാനതല സമാപനം പുനലൂരിൽ ആയിരുന്നു. ആരാധ്യരായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരുൾപ്പെടെ ആയിരക്കണക്കിനാളുകൾ അതിൽ പങ്കെടുക്കുകയും നാടിന്റെ ഉത്സവമായി മാറുകയുമുണ്ടായി. വർഷങ്ങളായി പട്ടയത്തിനുവേണ്ടി കാത്തിരുന്ന പുനലൂർ പേപ്പർ മിൽ നിവാസികൾക്ക് അതൊരു പട്ടയമേളയായി. ഒരു ജനപ്രതിനിധിയെന്ന നിലയിൽ അഭിമാനവും സന്തോഷവും ചാരിതാർത്ഥ്യവും തോന്നിയ നിമിഷങ്ങളായിരുന്നു അത്. അടുത്ത ഒരുവർഷം മലയോര മേഖലയിലെ വനഭൂമി പട്ടയത്തിന് പ്രാധാന്യം നൽകി ആവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വ്യക്തമാക്കിയിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റാണിത് പറയുന്നത്, അതുകൊണ്ടുതന്നെ ഇത് യാഥാർത്ഥ്യമാകുമെന്നുള്ള കാര്യത്തിൽ

യാതൊരു സംശയവുമില്ല. നിങ്ങളും കേരളം ഭരിച്ചിട്ടുണ്ട്. ശ്രീ. ഉമ്മൻചാണ്ടി നയിച്ച നിങ്ങളുടെ അവസാനത്തെ ഗവൺമെന്റിന്റെ കാലത്ത് ശ്രീമതി സോണിയാഗാന്ധി പങ്കെടുത്തുകൊണ്ട് തിരുവനന്തപുരത്ത് ഒരു പട്ടയമേള സംഘടിപ്പിക്കുകയുണ്ടായി. അന്ന് നിരവധി പേർക്ക് നിങ്ങൾ പട്ടയം നൽകിയിരുന്നു. പക്ഷെ, ആ പട്ടയം ലഭിച്ച പലർക്കും ഇതുവരെ അവരുടെ ഭൂമി കണ്ടെത്താൻ സാധിച്ചിട്ടില്ല; ഭൂമി കണ്ടെത്തിയവർക്ക് അവിടെ താമസിക്കാനും സാധിച്ചിട്ടില്ല. ഇതാണ് നിങ്ങളുടെ ഭരണകാലത്തെ പട്ടയമേള. അതുപോലെയല്ല എൽ.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പട്ടയമേള. ശ്രീ. കെ. രാജന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പ് കൂടുതൽ ജനകീയമായിക്കൊണ്ടിരിക്കുകയാണ്. 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികൾ 56 വർഷങ്ങൾ പിന്നിടുകയാണ്. 1550 വില്ലേജുകളിൽ 911 വില്ലേജുകളിൽ മാത്രമാണ് ഇതുവരെ റീസർവ്വേ പൂർത്തീകരിക്കാൻ സാധിച്ചത്. അത്തരമൊരു സാഹചര്യത്തിലാണ് ആധുനിക സംവിധാനത്തോടെ ഡിജിറ്റൽ സർവ്വേ നടത്താൻ തീരുമാനമെടുത്തത്. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇന്ന് രാവിലെ ചോദ്യങ്ങൾക്ക് മറുപടിയായി ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി.

അടുത്ത നാല് വർഷംകൊണ്ട് മുഴുവൻ വില്ലേജുകളിലും റീസർവ്വേ പൂർത്തീകരിച്ച് വിപ്ലവകരമായൊരു മാറ്റത്തിന് വഴിയൊരുക്കാനാവശ്യമായ നിലപാടുകൾ സ്വീകരിച്ച് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകയാണ്. ബിനാമി ഇടപാടുകൾക്ക് തടയിടാനും കണക്കിൽപ്പെടാത്ത ഭൂമി കണ്ടെത്താനും യുണീക് തണ്ടപ്പേർ സംവിധാനം കൊണ്ടുവരാനും ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ പോകുകയാണ്. ഒരുപക്ഷെ ഭൂപരിഷ്കരണ നിയമം കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും കൂടുതൽ സ്വാധീനിക്കപ്പെടുന്ന ഒരു നിയമമായോ തീരുമാനമായോ ഇതുമാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളായി മാറിക്കൊണ്ടിരിക്കുകയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് റവന്യൂ വകുപ്പ് അതിശക്തമായി മുന്നോട്ട് നീങ്ങുകയാണ്. നമ്മുടെ നേതാവായിരുന്ന എം. എൻ. ഗോവിന്ദൻ നായർ ആവിഷ്കരിച്ചതാണ് ലക്ഷംവീട് പദ്ധതി. വീടില്ലാത്തവർക്ക് വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയ അമ്പത് വർഷം പിന്നിട്ട ആ പദ്ധതി ഇപ്പോൾ പലയിടത്തും നാശോന്മുഖമായിരിക്കുകയാണ്.

ഒറ്റ വീടുകൾ ഇരട്ട വീടുകളാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര പണമില്ലാത്തതുകൊണ്ട് സമയബന്ധിതമായി അത് പൂർത്തീകരിക്കാൻ കഴിയുമോയെന്ന ആശങ്ക നിലനിൽക്കുകയാണ്. അതുകൊണ്ട് പണം നീക്കിവച്ച് ആ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ശക്തമായൊരു ധനകാര്യ മാനേജ്മെന്റിനാണ് സർക്കാരും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും നേതൃത്വം നല്കുന്നത്. ഫെഡറൽ സംവിധാനത്തിന് വിരുദ്ധമായ നിലപാട് സ്വീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ നമ്മെ ശ്വാസംമുട്ടിക്കുകയാണ്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പണം വാരിക്കോരി നൽകുമ്പോൾ അർഹതപ്പെട്ട പണംപോലും നമുക്ക് തരുന്നില്ല. പ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടെയും സന്ദർഭത്തിൽ നമുക്കത് വ്യക്തമായതാണ്. ജി.എസ്.ടി. വിഹിതം കൃത്യമായി നൽകുന്നില്ല. വായ്പാ പരിധി കുറച്ച് സാമ്പത്തികമായി സംസ്ഥാനത്തെ ശ്വാസംമുട്ടിക്കാൻ ശ്രമിക്കുകയാണ്. ഇത്തരം സാഹചര്യങ്ങൾക്കിടയിലും വികസനപ്രവർത്തനങ്ങൾക്ക് അവധി നൽകാതെ മുന്നോട്ടുപോകുന്ന സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. ഈ സഭയ്ക്കകത്തും പുറത്തും നിരവധി ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പി. ടി. തോമസ് നടത്തിയ ധീരോദാത്തമായ പോരാട്ടങ്ങൾ തുടർന്നും നടത്താൻ വർദ്ധിത വീര്യത്തോടെയാണ് ശ്രീമതി ഉമ തോമസ് ഇവിടെ എത്തിയിട്ടുള്ളത്. കാൽ ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയം കൈവരിച്ചിട്ടും ഇത് ജയമേ അല്ലെന്നാണ് അപ്പുറത്തിരിക്കുന്നവർ പറയുന്നത്. ഇതെന്തു ജയം; ഇതാണോ ജയം എന്ന തരത്തിലാണ് ബഹുമാനപ്പെട്ട മന്ത്രിമാരടക്കം കഴിഞ്ഞ ദിവസം സൂചിപ്പിച്ചത്. അതൊക്കെ കേട്ടപ്പോൾ എനിക്കും സംശയമായി. അതുകൊണ്ട് 'നിങ്ങൾ ഈ സഭയിലേയ്ക്ക് കടന്നുവന്നത് ജയിച്ചിട്ടാണോ അതോ വ്യാജ സർട്ടിഫിക്കറ്റുമായിട്ടാണോ' എന്ന് ഞാനിന്ന് രാവിലെ ശ്രീമതി ഉമ തോമസിനോട് ചോദിച്ചു. 72770 വോട്ടാണ് ബഹുമാന്യയായ അംഗത്തിന് ലഭിച്ചത്. കഴിയുമെങ്കിൽ വോട്ടുചെയ്ത 72770 ആളുകളെയും ബഹുമാന്യനായ സ്പീക്കർ സഭയ്ക്കകത്തുകൊണ്ടുവന്ന് പ്രദർശിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെയെങ്കിലും അവർ വിശ്വസിക്കുന്നെങ്കിൽ വിശ്വസിക്കട്ടെ. ശ്രീമതി ഉമ തോമസിന്റെ

വിജയം അംഗീകരിക്കാൻ കഴിയാത്ത ഇവരുടെ തൊലിക്കട്ടി അപാരമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുമ്പൊരിക്കൽ സഭയിൽ പറഞ്ഞത് 'തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെ കാണ്ടാമൃഗം രണ്ട് ദിവസമായി പട്ടിണിയിലാണ്, രണ്ട് ദിവസമായി ഭക്ഷണം കഴിക്കുന്നില്ല' എന്നാണ്. ഏത് സാഹചര്യത്തിലാണ് അദ്ദേഹമത് പറഞ്ഞതെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. തൃക്കാക്കരയിൽ ശ്രീമതി ഉമ തോമസിന്റെ ജയം അംഗീകരിക്കാനാകാത്ത ഇവരുടെ തൊലിക്കട്ടി കാണുമ്പോൾ എനിക്ക് പറയാനുള്ളത്, ഇനി ജീവിതകാലം മുഴുവൻ ഭക്ഷണം കഴിക്കില്ലെന്ന് തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെ കാണ്ടാമൃഗം തീരുമാനമെടുത്തിരിക്കുന്നു എന്നാണ്. എ.കെ.ജി.-സെന്ററിന് നേരെയുള്ള ആക്രമണത്തെക്കുറിച്ച് ഇവിടെ ചർച്ച നടക്കുകയാണ്. ഒ. വി. വിജയന്റെ 'ധർമ്മപുരാണ'ത്തിൽ പറയുന്നത് ജനങ്ങൾ രാജാവിനെതിരെ തിരിഞ്ഞാൽ രാജാവ് ഒരു തന്ത്രം പ്രയോഗിക്കുമെന്നാണ്. അത് അതിർത്തിയിൽ യുദ്ധം പ്രഖ്യാപിക്കുക എന്നതാണ്. അതുമാത്രമാണ് അക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. ശ്രീ. എ. എൻ. ഷംസീർ എന്തൊക്കെയോ കാര്യങ്ങൾ പറയുന്നുണ്ട്. പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെക്കുറിച്ച് സഭയിൽ

പറഞ്ഞില്ലെങ്കിൽ അദ്ദേഹത്തിന് യാതൊരു സ്വസ്ഥതയും കിട്ടുകയില്ല. ഇതൊക്കെ കേട്ട് ഒരിക്കലും പ്രകോപിതനാകാൻ പാടില്ലെന്നാണ് എനിക്ക് ശ്രീ. നജീബ് കാന്തപുരത്തോട് പറയാനുള്ളത്. കാരണം സദുദ്ദേശത്തോടുകൂടിയാണ് ശ്രീ. എ.എൻ. ഷംസീർ അതുപറയുന്നത്. കാരണം, പാണക്കാട് തങ്ങൾമാരുടെയടുത്ത് വിവിധ ജാതി-മതസ്ഥർ പോകാറുണ്ട്. അവരിൽ അഗതികളും അശരണരും ദീനരും ദുഃഖിതരും നിരാലംബരും നിരാശരുമുണ്ട്. പാണക്കാട് തങ്ങൾമാരെ കണ്ടാൽ ആശ്വാസം കിട്ടുമെന്നാണ് അവരുടെ വിശ്വാസം. അത് ഓരോരുത്തരുടെയും വിശ്വാസമാണ്. പലതരത്തിലുള്ള അസ്വസ്ഥതകൾ അനുഭവിക്കുന്നവർ അവിടെ പോകുന്നുണ്ട്. അത്തരത്തിലൊരു അസ്വസ്ഥത അനുഭവിക്കുന്ന ആളാണ് ശ്രീ. എ. എൻ. ഷംസീറെന്നും അതെന്താണെന്നും നമുക്കറിയാം. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിനെ നോക്കുമ്പോൾ അദ്ദേഹത്തിന്റെ അസ്വസ്ഥത വർദ്ധിക്കും. അതുകൊണ്ട് ആ അസ്വസ്ഥത മാറാൻ ശ്രീ. എ. എൻ. ഷംസീർ എല്ലാ സമയത്തും 'പാണക്കാട് തങ്ങൾ' എന്ന് പറയാമെന്ന തീരുമാനമാണെടുത്തിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹത്തെ ഒരിക്കലും

കുറ്റപ്പെടുത്താൻ പാടില്ല, സദുദ്ദേശത്തോടുകൂടിയാണ് അദ്ദേഹം പാണക്കാട് തങ്ങളെക്കുറിച്ച് പറയുന്നത്. ജി.എസ്.ടി.-യെക്കുറിച്ചും ഇവിടെ ചർച്ച നടക്കുന്നുണ്ട്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ കൂടുതൽ വിമർശിക്കുന്നില്ല. ഏതാനും ദിവസങ്ങൾക്കുമുമ്പ് കാസർഗോഡ് ഞാൻ അദ്ദേഹവുമായി ഒരു വേദി പങ്കിട്ടിരുന്നു. ഇക്കാര്യങ്ങളൊക്കെ ഞാൻ അവിടെ പറയുകയുണ്ടായി. അദ്ദേഹം നിഷ്കളങ്കനും ലാളിത്യവും വിനയവുമുള്ള ആളാണ്. പക്ഷെ പറഞ്ഞിട്ടെന്തുകാര്യം; അദ്ദേഹത്തിന് ലഭിച്ച വകുപ്പ് മോശമായിപ്പോയി. അതുകൊണ്ട് അദ്ദേഹത്തെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കഴിഞ്ഞ സഭാസമ്മേളനത്തിൽ, സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല; ട്രഷറി എല്ലാ ദിവസവും പ്രവർത്തിക്കുന്നുവെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് കേട്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് മറ്റൊരു കാര്യമാണ്. ഞങ്ങളുടെ നാട്ടിൽ ഹോട്ടൽ നടത്തുന്ന ഒരാളുണ്ട്. അദ്ദേഹം ഹോട്ടൽ തുറന്നാൽ രാവിലെ പതിനൊന്ന് മണിയാകുമ്പോൾത്തന്നെ ആഹാരസാധനങ്ങളൊക്കെ വിറ്റുതീരും. പക്ഷെ ഹോട്ടൽ രാത്രി പതിനൊന്ന് മണിവരെ തുറന്നുവയ്ക്കും. ആ ഹോട്ടൽ എന്റെ വീടിനടുത്താണ്. ഞാനെന്നും അതുവഴിയാണ് പോകുന്നത്. സാധനങ്ങളൊക്കെ

രാവിലെതന്നെ തീർന്നിട്ടും എന്തിനാണ് പാതിരാവരെ ഹോട്ടൽ തുറന്നുവച്ചിരിക്കുന്നതെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചപ്പോൾ പറഞ്ഞത് 'ഇവിടെ വരുന്ന ആളുകളോട് സാധനങ്ങളില്ലെന്ന് പറയാനെങ്കിലും ഞാൻ ഇവിടെ ഇരിക്കണ്ടേ' എന്നാണ്. ട്രഷറി ഒരു ദിവസംപോലും പൂട്ടിയിട്ടില്ലെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ആ ഹോട്ടലുകാരനെയാണ് എനിക്ക് ഓർമ്മ വന്നത്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ചോദിക്കാനുണ്ട്. പക്ഷെ അതിനെക്കുറിച്ച് ചോദിച്ചാൽ കേന്ദ്രസർക്കാരിന്റേതാണെന്ന് പറഞ്ഞ് മന്ത്രി ഒഴിവാകും. എന്നാൽ അങ്ങേയ്ക്ക് കഴിയുന്ന കാര്യങ്ങൾ പരിഹരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വ്യാപാരികൾ ജി.എസ്.ടി.-ക്കെതിരെ സമരം സംഘടിപ്പിച്ചിരിക്കുകയാണ്. കഴിയുമെങ്കിൽ അങ്ങ് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. റവന്യൂ വകുപ്പിൽ ധാരാളം പ്രശ്നങ്ങൾ ബാക്കിയുണ്ടെങ്കിലും എല്ലാ വിഷയങ്ങളിലും ഇടപെടാൻ വകുപ്പുമന്ത്രി കാണിക്കുന്ന താല്പര്യത്തെ ഞാൻ അഭിനന്ദിക്കുന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിലുൾപ്പെടുത്തിയ ഭൂമിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണം. എന്റെ

ജില്ലയിൽ 129 വില്ലേജുകളുണ്ടെങ്കിലും 85 ഓഫീസുകൾ മാത്രമാണുള്ളത്. അഞ്ച് വില്ലേജുകളുൾപ്പെടുന്ന ഗ്രൂപ്പ് വില്ലേജുകൾ അവിടെ വളരെയധികമാണ്. അത് പരിഹരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. കെ.ഡി. പ്രസേനൻ)

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷം ഇവിടെ കാട്ടിക്കൊണ്ടിരിക്കുന്ന കോപ്രായങ്ങൾക്കുള്ള മറുപടിയായി ചില കാര്യങ്ങൾ പറയാം. സംഘ്പരിവാർ പ്രവർത്തകനായ ശ്രീ. പ്രതിഷ് വിശ്വനാഥ് പറഞ്ഞ കള്ളക്കഥകൾ ഏറ്റുപിടിച്ച് ഡോ. മാത്യു കുഴൽനാടൻ ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. കെ. സുരേന്ദ്രനും എന്നുംപറയുന്ന ശ്രീ. പി. സി. ജോർജ്ജും വിളിച്ചുപറയുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇവിടെ ആവർത്തിക്കുകയാണ്. ഇതൊക്കെ കാട്ടി ഞങ്ങളെ വിരട്ടാൻ നോക്കേണ്ട, അത് നടക്കുന്ന കാര്യമല്ല. ഈ സഭയിൽ ബി.ജെ.പി.-ക്ക് ആളില്ലാത്തതിനാൽ ആ റോൾ നിങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നത് എന്തായാലും ജനങ്ങൾ കാണുന്നുണ്ട്. സാമ്പത്തിക

പ്രതിസന്ധി, ധവളപത്രം എന്നിവയെപ്പറ്റിയൊക്കെ ഇവിടെ പറയുകയുണ്ടായി. ഏത് രാജ്യത്താണ് കടമില്ലാത്തത്; മുതലാളിത്ത അപ്പോസ്തലനായ യു.എസ്.-ലെ ഡെബ്റ്റ്-ജി.ഡി.പി. റേഷ്യോ 108 ശതമാനമാണ്. ജപ്പാന്റേത് 236.14 ശതമാനവും ഇന്ത്യയുടേത് 85 ശതമാനവുമാണ്. എന്നിട്ട് എഫ്.ആർ.ബി.എം.(The Fiscal Responsibility and Budget Management Act)-ന്റെ പേരിൽ സംസ്ഥാനങ്ങളെ കേന്ദ്രം ഭീഷണിപ്പെടുത്തുകയാണ്. സംസ്ഥാനങ്ങളുടെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ കേരളത്തിന്റെ ഡെബ്റ്റ്-ജി.എസ്.ഡി.പി. റേഷ്യോ 37.2 ശതമാനമാണ്. രാജസ്ഥാന്റെ ഡെബ്റ്റ്-ജി.എസ്.ഡി.പി. റേഷ്യോ 39.8 ശതമാനവും കോൺഗ്രസ് ഭരിച്ചിരുന്ന പഞ്ചാബിൽ 53.3 ശതമാനവുമാണ്. അവരോടൊക്കെ ധവളപത്രമിറക്കാൻ പറയൂ. അതുകഴിഞ്ഞിട്ടാകാം കേരളത്തിന്റെ കാര്യം. കടമെടുക്കുന്നത് വലിയൊരു അപരാധമായിട്ടാണ് ചില ആളുകൾ ചിത്രീകരിച്ചത്. പബ്ലിക് ഫിനാൻസിന്റെ അടിസ്ഥാന തത്വങ്ങളെപ്പറ്റി ധാരണയുള്ള ആരും അങ്ങനെ പറയില്ല. എടുക്കുന്ന കടം എന്തിനുവേണ്ടി വിനിയോഗിക്കുന്നുവെന്ന് മാത്രം നോക്കിയാൽ മതി. എൽ.ഡി.എഫ്. സർക്കാരിന് ഒരു മാനിഫെസ്റ്റോയുണ്ട്.

അതിൽ സംസ്ഥാനത്തിന്റെ ധനവിനിയോഗം ആർക്കുവേണ്ടി, എങ്ങനെയായിരിക്കും എന്നതുസംബന്ധിച്ച് വ്യക്തമായി പറയുന്നുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ സ്ഥിതിയെന്താണ്? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് 2002 ജൂലൈ മാസം 16-ാം തീയതി ഇറക്കിയ ഒരുത്തരവുണ്ട്. അത് യു.ഡി.എഫ്.-കാർ വീണ്ടും വായിച്ചുനോക്കുന്നത് നന്നായിരിക്കും. അതിലെ 28 പോയിന്റുകളും വായിക്കണം. 2002 മാർച്ച് 5-ന് ജീവനക്കാരുടെ പ്രക്ഷോഭം സംബന്ധിച്ച ഒരു അടിയന്തര പ്രമേയത്തിന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയുടെ മറുപടി 'പണമില്ലെന്നറിയാം, ട്രഷറി കാലിയാണ്; എവിടെനിന്നാണ് പണം കിട്ടുന്നത്, ഇങ്ങനെ പോയാൽ ശമ്പളം കൊടുക്കാൻ കഴിയില്ല' എന്നാണ്. അതുപോലൊരു നിലപാടാണോ സാമ്പത്തിക പ്രയാസം അഭിമുഖീകരിക്കുന്ന ഈ സമയത്ത് ഇന്നത്തെ സർക്കാർ സ്വീകരിക്കുന്നത്? സാമ്പത്തിക പ്രയാസമുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പലപ്പോഴും ഈ സഭയ്ക്കകത്ത് പറഞ്ഞതാണ്. സാമ്പത്തിക പ്രതിസന്ധിമൂലം ഒരു വികസന പ്രവർത്തനങ്ങളും തടയില്ല, ഒരു പൊതുമേഖലാ സ്ഥാപനവും പൂട്ടുകയില്ല

എന്നാണ് അദ്ദേഹം പറഞ്ഞത്. നിങ്ങളുടെ കാലത്ത് സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടാൻവേണ്ടി ആർ. സി. ചൗധരി ചെയർമാനായി എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി രൂപീകരിക്കുകയും 48 സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന് പറയുകയും 30 എണ്ണം പൂട്ടാൻ ഉത്തരവിടുകയും 9 എണ്ണം പൂട്ടുകയും ചെയ്തു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം അവ തുറന്നുപ്രവർത്തിപ്പിക്കുകയല്ലേ ചെയ്തത്? സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് പറഞ്ഞ് ഏതെങ്കിലുമൊരു സ്ഥാപനം പൂട്ടുന്നതിനുള്ള നീക്കം ഈ ഗവൺമെന്റ് നടത്തുന്നുണ്ടോ? തൊഴിലാളികളുടെ കഞ്ഞിയിൽ മണ്ണ് വാരിയിടാൻ ഒരിക്കലും ഗവൺമെന്റ് തയ്യാറാവുകയില്ല. അതാണ് ഈ ഗവൺമെന്റിന്റെ നയം. അന്ന് ശ്രീ. കെ. പി. രാജേന്ദ്രന്റെ ശ്രദ്ധക്ഷണിക്കലിന് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി നൽകിയ മറുപടി, "ആരുവിചാരിച്ചാലും ആ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി കൊണ്ടുപോകാനും നിലനിർത്താനും സാധിക്കില്ല" എന്നാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആ സ്ഥാപനങ്ങളെ കേരളത്തിൽത്തന്നെ നിലനിർത്തി മെച്ചപ്പെട്ട രൂപത്തിൽ കൊണ്ടുപോകുകയാണ്. അത് പ്രതിപക്ഷം അംഗീകരിക്കണമെന്നാണ്

എനിക്ക് പറയാനുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്നതിൽ വിദഗ്ദ്ധരും ഡോക്ടറേറ്റ് നേടിയവരുമാണ് നിങ്ങൾ. കുറ്റിപ്പുറത്ത് കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് (കെ.എസ്.ഡി.സി.) എന്നൊരു പൊതുമേഖലാ സ്ഥാപനമുണ്ടായിരുന്നു. ഇന്ത്യയിലാദ്യമായി ഡിറ്റർജന്റ് പൗഡർ ഉല്പാദിപ്പിക്കുന്ന ആ പൊതുമേഖലാ സ്ഥാപനം "സ്കോർ " എന്ന പേരിൽ ഒരു പൗഡർ മാർക്കറ്റിലിറക്കുകയുണ്ടായി. അതിന് നല്ല മാർക്കറ്റ് ഷെയറും കിട്ടിയിരുന്നു. അങ്ങനെയിരിക്കെ ഹിന്ദുസ്ഥാൻ ലിവറിന് ആ ഉല്പന്നം കൊടുക്കാൻ തീരുമാനമെടുത്തു. കുറെക്കാലം കഴിഞ്ഞപ്പോൾ അവർ പൗഡർ വേണ്ടെന്ന് പറയുകയും ആ സ്ഥാപനം പൂട്ടേണ്ട അവസ്ഥയിലെത്തുകയും ചെയ്തു. ഇതല്ലേ നിങ്ങളുടെ സമീപനം? ആ സമീപനമല്ല ഇടതുപക്ഷ പ്രസ്ഥാനത്തിനും ഗവൺമെന്റിനുമുള്ളത്. ലാഭത്തിന്റെ പേരിൽ ആരെങ്കിലും സ്കൂളുകൾ നടത്തുമോ; വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന കാര്യത്തിൽ ലാഭനഷ്ടമാണോ നോക്കേണ്ടത്? സാമ്പത്തിക പ്രതിസന്ധി പറഞ്ഞ് നിങ്ങൾ എന്തൊക്കെയാണ് നടത്തിയത്; ശ്രീ. നജീബ് കാന്തപുരത്തിന്റെ മുൻഗാമി 2003 ഫെബ്രുവരി 19-ന് സഭയിൽ പറഞ്ഞൊരു കണക്കുണ്ട്, "സംസ്ഥാനത്ത് ആദായകരമല്ലെന്ന് കണ്ടെത്തിയ

സ്കൂളുകൾ 3720 ആണ്. ഇതിൽ 2253 എൽ.പി. സ്കൂളുകളും 369 യു.പി. സ്കൂളുകളും 68 ഹൈസ്കൂളുകളും ഉൾപ്പെടുന്നുണ്ട്. ഇവയിൽ 37 എൽ.പി. സ്കൂളുകളും 7 യു.പി. സ്കൂളുകളും 3 ഹൈസ്കൂളുകളും നിർത്തലാക്കുകയുണ്ടായി" . ഇന്ന് ആ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കിഫ്ബി ഫണ്ടുപയോഗിച്ച് ഹൈടെക്കാക്കി മെച്ചപ്പെടുത്തിയിരിക്കുകയാണ്. 3984 കോടി രൂപ വിനിയോഗിച്ച് 194 വിദ്യാലയങ്ങൾക്ക് മെച്ചപ്പെട്ട കെട്ടിടങ്ങൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. അതിന്റെ ഉദ്ഘാടന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചവരാണ് ഇവിടെയിരിക്കുന്നത്. കേരളത്തിന്റെ സാമ്പത്തികസ്ഥിതിയിൽ നിങ്ങളും നമ്മളും ഒരുപോലെയെന്നാണ് പറയുന്നത്. നന്ദിയില്ലെങ്കിലും നന്ദികേട് പറയരുത്. ചില പത്രങ്ങളും മാധ്യമ മുത്തശ്ശിമാരും സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞത് കേരളത്തിൽ സാമൂഹ്യക്ഷേമ പദ്ധതികളടക്കം നിഷേധിക്കാൻ പോകുന്നുവെന്നാണ്. ഒരിക്കലും അങ്ങനെ ചെയ്യില്ല. പാവപ്പെട്ട ജനങ്ങളോട് പ്രതിബദ്ധതയുള്ള ഗവൺമെന്റാണിത്. പാവപ്പെട്ടവരുടെ കഞ്ഞിയിൽ ഒരിക്കലും പൂഴി വാരിയിടില്ല, അവരെ സംരക്ഷിക്കുകതന്നെ ചെയ്യും. ഇത് ജനപക്ഷ സർക്കാരാണ്, ആ അടിസ്ഥാനപരമായ ധാരണയിലൂന്നി നിന്നുകൊണ്ടാണ്

പ്രവർത്തിക്കുന്നത്. ഞാൻ മറ്റ് വിഷയങ്ങളെക്കുറിച്ച് അധികം പറയുന്നില്ല. വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ സമീപനമെന്താണ്; കേരളത്തിന്റെ മുന്നോട്ടുപോക്കിനെ സംബന്ധിച്ച് നിങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടോ? ശ്രീ. എം. എം. മണി സൂചിപ്പിച്ചതുപോലെ എല്ലാ കാര്യങ്ങളെയും എതിർക്കുന്ന സമീപനമാണ് നിങ്ങൾക്കുള്ളത്. സ്വപ്ന സുരേഷിനും ശ്രീ. പി. സി. ജോർജിനുമൊപ്പം പോകുകയും തെറ്റായ പ്രചരണം നടത്തുകയുമാണ് നിങ്ങൾ ചെയ്യുന്നത്. കഴിഞ്ഞ ഒരു വർഷമായി റവന്യൂ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെട്ട രൂപത്തിലാണ് നടക്കുന്നത്. നേട്ടങ്ങൾ എന്തൊക്കെയാണെന്ന് ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ത്യയ്ക്കാകെ മാതൃകയായ റവന്യൂ വകുപ്പ് പ്രഖ്യാപിച്ച ആപ്തവാക്യം പ്രാവർത്തികമാക്കാനുള്ള ഭഗീരഥപ്രയത്നമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മിച്ചഭൂമി കേസ് ഒത്തുതീർപ്പാക്കാൻ ഇടപെടുന്നതും പട്ടയവിതരണത്തിൽ ചരിത്രനേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നതുമെല്ലാം അതിലുൾപ്പെടും. ഇനിയും ശക്തമായി ഇടപെടണം, പാവപ്പെട്ടവർക്ക് പട്ടയം കൊടുക്കണം. അത് ഗവൺമെന്റിന്റെ കാഴ്ചപ്പാടാണെന്ന് എനിക്കറിയാം. ഡാഷ് ബോർഡിന്റെ പ്രവർത്തനം

സമയബന്ധിതമായി പൂർത്തീകരിക്കണം. വില്ലേജ് ഓഫീസുകളും താലൂക്കാഫീസുകളും ഒരു നിശ്ചിത സമയത്തിനകം സ്മാർട്ടാക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തണം; ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് നടത്തുന്ന ജാഗ്രതയോടുകൂടിയ പ്രവർത്തനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ ദുഃഖിപ്പിക്കുന്നതാണ്. ശ്രീ. എം. എം. മണി പറഞ്ഞതുപോലെ, ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ കോൺഗ്രസ് നശിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ അവരുടെ സമീപനമെന്താണ്? പ്രതിപക്ഷത്തിന്റെ രാഷ്ട്രപതി സ്ഥാനാർത്ഥിയായ ബഹുമാനപ്പെട്ട യശ്വന്ത് സിൻഹ പറഞ്ഞത് 1975-ലെ അടിയന്തരാവസ്ഥയെപ്പറ്റിയും ഇപ്പോഴത്തെ അപ്രഖ്യാപിത അടിയന്തരാവസ്ഥയെപ്പറ്റിയുമാണ്. അത് അർത്ഥവത്താണ്. അതിന്റെ വക്താക്കളും പ്രയോക്താക്കളുമായ ആളുകളെ സംബന്ധിച്ച് അതിന്റെ അർത്ഥം പൂർണ്ണമായും മനസ്സിലാക്കാനും പ്രതികരിക്കാനും കഴിയില്ല. ഈ അപ്രഖ്യാപിത അടിയന്തരാവസ്ഥക്കാലത്തെ ഇവരുടെ സമീപനമെന്താണ്? രാജ്യത്തെ വർഗ്ഗീയവത്കരിച്ച് ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള നീക്കമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മൃദു ഹിന്ദുത്വ സമീപനമല്ലേ കോൺഗ്രസ്

സ്വീകരിക്കുന്നത്; ഏതെങ്കിലുമൊരു വിഷയത്തിൽ വ്യക്തമായ സമീപനം കൈക്കൊള്ളാൻ കോൺഗ്രസിന് കഴിയുന്നുണ്ടോ? നമ്മുടെ രാജ്യത്താകെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് 'അഗ്നിപഥ്'. അതിനെതിരെ പ്രക്ഷോഭ സമരങ്ങൾ നടക്കുകയാണ്. ആ വിഷയത്തിൽ കോൺഗ്രസിൽ ഏകാഭിപ്രായമുണ്ടോ; അത് ആന്റി യൂത്തും ആന്റി നാഷണലുമാണ്. അത്തരം വിഷയങ്ങളിൽപോലും കോൺഗ്രസിന് യോജിച്ചൊരു അഭിപ്രായം പറയാൻ കഴിയുന്നില്ല. ശ്രീ. മനീഷ് തിവാരിയുടെ പരസ്യ പ്രകടനത്തോടുള്ള കോൺഗ്രസിന്റെ സമീപനമെന്താണ്? കോൺഗ്രസ് വക്താവ് വരെ തള്ളിപ്പറയുകയുണ്ടായി. രാജ്യമാകെ കത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ രാജ്യത്തെ വർഗ്ഗീയവത്കരിക്കാനും ആർ.എസ്.എസ്.-കാരെ റിക്രൂട്ട് ചെയ്യാനുംവേണ്ടി ഒരു പ്രത്യേക റിക്രൂട്ട്മെന്റ് സംവിധാനമുണ്ടാക്കി അപകടകരമായ അവസ്ഥയിലേയ്ക്ക് പോകുമ്പോൾ ഇന്ത്യയിലെ പ്രധാന പ്രതിപക്ഷമായ കോൺഗ്രസിന്റെ സമീപനമെന്താണ്? വർഗ്ഗീയ ശക്തികൾക്കെതിരായ സമീപനമെടുക്കാൻ കോൺഗ്രസിന് കഴിയുന്നില്ല. കഴിഞ്ഞ ഏപ്രിൽ രണ്ട് മുതൽ ഒരുമാസക്കാലം വടക്കേ ഇന്ത്യയിൽ വർഗ്ഗീയ കലാപമുണ്ടായി. വർഗ്ഗീയ ധ്രുവീകരണം ലക്ഷ്യംവച്ചുകൊണ്ടുള്ള ആ

കലാപത്തോടുള്ള നിങ്ങളുടെ സമീപനമെന്തായിരുന്നു? വ്യക്തമായൊരു സമീപനം കൈക്കൊള്ളാനോ അതിനെ ചെറുക്കാനോ നിങ്ങൾക്ക് കഴിഞ്ഞോ? ഇത്തരം വിഷയങ്ങളിൽ നിങ്ങൾ എന്ത് സമീപനമെടുക്കുന്നുവെന്നതാണ് പ്രശ്നം; ഉറച്ച സമീപനമെടുക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. താൽക്കാലികമായ രാഷ്ട്രീയ ലാഭത്തിനുവേണ്ടി മൃദു ഹിന്ദുത്വ സമീപനം സ്വീകരിച്ചുകൊണ്ട് വോട്ട് കിട്ടുമെന്ന മിഥ്യാധാരണയുമായി കോൺഗ്രസ് മുന്നോട്ടുപോകുകയാണ്. ബി.ജെ.പി. എന്താണ് പറഞ്ഞത്? ഇവിടെ ഒറിജിനലിനൊപ്പം ഡ്യൂപ്ലിക്കേറ്റ് വേണ്ടെന്നാണ്. ആ ഡ്യൂപ്ലിക്കേറ്റ് രാഷ്ട്രീയമായിട്ടാണ് ഇപ്പോഴും അവർ പോയിക്കൊണ്ടിരിക്കുന്നത്. ഒരു ശക്തമായ സമീപനം സ്വീകരിക്കാൻ അവർക്ക് കഴിയുന്നില്ല. തൊഴിലാളിവിരുദ്ധ നയത്തിന്റെ ഏറ്റവും പുതിയ മുഖമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ലേബർ കോഡ്. അത് അടിയന്തരമായി നടപ്പിലാക്കുമെന്നാണ് പറയുന്നത്. അക്കാര്യത്തിൽ കോൺഗ്രസിന്റെ സമീപനമെന്താണ്? അതുസംബന്ധിച്ച് ഇന്ത്യയിലെ എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും യോജിച്ച് പണിമുടക്കിലേയ്ക്ക് നീങ്ങിയപ്പോൾ കോൺഗ്രസ് നേതൃത്വം നൽകുന്ന ഗവൺമെന്റുകളുടെ സമീപനമെന്തായിരുന്നു? ഈ

നിയമവുമായി ബന്ധപ്പെട്ട് ആ സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ള റൂൾസ് പരിശോധിച്ചുനോക്കണം. കേന്ദ്ര സർക്കാർ നയത്തിന് അനുകൂലമായൊരു സമീപനമാണ് അവർ സ്വീകരിച്ചിരിക്കുന്നത്. ഇതാണോ കോൺഗ്രസിന്റെ നയം? ദേശീയ രാഷ്ട്രീയത്തിൽ ഇടപെടേണ്ട അവസരത്തിൽ ഇടപെടാനോ ജനങ്ങളെ അണിനിരത്താനോ തയ്യാറാകുന്നില്ല. ബി.ജെ.പി.-ക്ക് ബദലായി നിങ്ങൾക്ക് വരാൻ കഴിയില്ലെന്ന് ചരിത്രം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ സ്വർണ്ണക്കടത്തിന്റെ കാര്യം പറയുകയുണ്ടായി. നമ്മുടെ സമ്പദ്ഘടനയെ ആകെ ബാധിക്കുന്ന തരത്തിലുള്ള കള്ളക്കടത്തും സ്വർണ്ണക്കടത്തുമൊക്കെ നടക്കുന്നില്ലേ? അത് വലിയൊരു ഇഷ്യൂവല്ലേ? അതിന്റെ ചെറിയൊരംശം മാത്രമേ കേരളത്തിൽ നടക്കുന്നുള്ളൂ. കോടിക്കണക്കിന് രൂപയുടെ സ്വർണ്ണ നാണയം ഇന്ത്യയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നുവെന്ന് വാർത്തകൾ വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക രാഷ്ട്രീയ നയത്തിൽ നിങ്ങളുടെ സമീപനമെന്താണെന്ന് വ്യക്തമാക്കണം. ഇന്ത്യൻ സമ്പദ്ഘടനയെ മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിൽ ശരിയായ സമീപനമെടുത്ത് പ്രതിപക്ഷത്തിന്റെ റോൾ നിർവ്വഹിക്കാൻ കഴിയാത്ത

അവസ്ഥയിലാണ് ഇന്ന് കോൺഗ്രസ് നിൽക്കുന്നത്. ശ്രീ. ആർ. ബി. ശ്രീകുമാറിനെയും ശ്രീമതി ടീസ്റ്റ സെറ്റൽവാദിനെയുമൊക്കെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചിരിക്കുകയാണ്. ബഹുമാന്യനായ യശ്വന്ത് സിൻഹ പറഞ്ഞതുപോലെ രാജ്യമാകെ അപ്രഖ്യാപിത അടിയന്തരാവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്. ഈ സമയത്ത് ഇന്ത്യയിലെ ദേശീയ പ്രതിപക്ഷമെന്ന് അറിയപ്പെടുന്ന കോൺഗ്രസ് അവരുടെ സമീപനം ഒരു പ്രസ്താവനയിൽ മാത്രമൊതുക്കുകയാണ്. രാജ്യമാകെ പ്രക്ഷോഭവേദിയായി ഉയർത്തിക്കൊണ്ടുവരേണ്ട പ്രശ്നമല്ലേയിത്; അതിന് നേതൃത്വം കൊടുക്കേണ്ടത് കോൺഗ്രസ്സല്ലേ? കോൺഗ്രസ്സിന്റെ സമീപനമെന്തെന്ന് അറിയുന്നതിനായി ഞാൻ കുറച്ച് ദിവസം അഹമ്മദാബാദിലെ ഇംഗ്ലീഷ് ദിനപത്രങ്ങളൊക്കെ നോക്കി. പക്ഷെ വ്യക്തമായൊരു സമീപനമെടുത്ത് പ്രതികരിക്കാനോ ശക്തമായ പ്രക്ഷോഭം നടത്താനോ അവർക്ക് ധൈര്യമില്ല. അതാണ് അവസ്ഥ. കോൺഗ്രസ് ഇങ്ങനെയൊരു സമീപനം സ്വീകരിക്കാൻ പാടില്ല. കേരളത്തിലെ വികസനപ്രവർത്തനങ്ങൾക്കും ഗവൺമെന്റിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുമെതിരായി അപവാദ പ്രചരണങ്ങൾ നടത്തുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചോരയാണോ അതോ എൽ.ഡി.എഫ്. ഗവൺമെന്റാണോ നിങ്ങളുടെ പ്രശ്നം? ഞാൻ ഒറ്റക്കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. ലേഡി മാക്ബത്ത് പറഞ്ഞ ഒരുകാര്യം ഓർമ്മവരികയാണ്. "All the perfumes of Arabia will not sweeten this little hand" അതായത്, അറേബ്യയിലുള്ള സുഗന്ധദ്രവ്യങ്ങൾ മുഴുവൻ ഉപയോഗിച്ച് കഴുകിയാലും എന്റെ ചെറുകൈകൾക്ക് മാധുര്യം വരില്ല എന്നാണ്. കേരളത്തിലെ മാർക്കറ്റുകളിലുള്ള ഡിറ്റർജന്റ് മുഴുവൻ ഉപയോഗിച്ച് കഴുകിയാലും പ്രതിപക്ഷക്കാരായ നിങ്ങളുടെ ഹൃദയവും കൈകളും ശുദ്ധിയാകാൻ പോകുന്നില്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

**12.00 pm]**

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സരസമായി സംസാരിക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ നാട്ടിലെ ചായക്കടയുടെ കഥ ഇവിടെ പറയുകയുണ്ടായി. രാവിലെതന്നെ കടയിലെ എല്ലാ വിഭവങ്ങളും വിറ്റുതീർന്നാലും കടക്കാരൻ വീണ്ടും കാത്തിരിക്കുന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. കടയിൽ നല്ല വിഭവങ്ങളുള്ളതുകൊണ്ടായിരിക്കുമല്ലോ പെട്ടെന്ന് വിറ്റുപോകുന്നത്. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിവിധ വകുപ്പുകൾക്ക് നൽകുന്ന ഫണ്ട് ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതുകൊണ്ടാണ് പെട്ടെന്ന് തീർന്നുപോകുന്നത്. പക്ഷേ ഒരു കാര്യമുണ്ട്, ഇവിടെ സംസാരിച്ചവരാരും എന്തുകൊണ്ടാണ് ഈ കടയിൽ സാധനങ്ങൾ ഇല്ലാതായിപ്പോകുന്നത് എന്നതിനെക്കുറിച്ച് പറഞ്ഞില്ല. കേന്ദ്രത്തിൽ ഒരു ചേട്ടനുണ്ട്. അദ്ദേഹം ഈ സംസ്ഥാനത്തെ അല്ലെങ്കിൽ ആ കടയിലെ അരിമാവും പച്ചരിയുമെല്ലാമെടുത്തുകൊണ്ട് പോയതുകൊണ്ടാണ് അവിടെ സാധനമില്ലാതായതെന്ന് പറയാൻ ആരും ഇതുവരെ ആർജ്ജവം

കാണിച്ചില്ലെന്നുള്ള ദു:ഖം ഞാനിവിടെ പങ്കുവയ്ക്കുകയാണ്. ഏതായാലും ഒരു അരിമണിയെങ്കിലും ബാക്കിയുണ്ടെങ്കിൽ അത് സാധാരണക്കാരന് കൊടുക്കാൻ മനസ്സുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രാത്രിവരെ കട തുറന്നിട്ടിരിക്കുന്നതെന്ന് പറയാതിരിക്കാൻ കഴിയില്ല. ഞാൻ ഫാസിലിന്റെ ഹരികൃഷ്ണൻസ് എന്ന സിനിമയിലെ സംഭവമാണ് ഓർക്കുന്നത്. അതിലെ നായിക ജൂഹിചൗളയ്ക്ക് ആരെ വിവാഹം കഴിക്കണമെന്ന് ആശയക്കുഴപ്പമുണ്ടായതുപോലെയാണ് എന്റെയും കാര്യം. റവന്യൂവും ധനകാര്യവും രണ്ട് പ്രധാനപ്പെട്ട വകുപ്പുകളാണ്. പക്ഷെ എനിക്ക് അവയെപ്പറ്റി പറയാൻ ആകെ അഞ്ച് മിനിട്ട് മാത്രമേയുള്ളൂ. എങ്കിലും പറയാതിരിക്കാൻ കഴിയില്ല. റവന്യൂ വകുപ്പിൽ ഒരുപാട് മാറ്റങ്ങളുണ്ടായിയെന്നത് കണ്ണുള്ളവർക്ക് കാണാൻ കഴിയും. വളരെ പ്രസാദാത്മകമായ മുഖം റവന്യൂ വകുപ്പിന് കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 'പാഞ്ചാലിയുടെ ചേല' എന്നൊക്കെ പറയുന്നതുപോലെ ഒരിക്കലും അവസാനിക്കാത്തതാണ് സർവ്വേ നടപടികൾ. 1966-ൽ ആരംഭിച്ചിട്ട് ഏതാണ്ട് 56 വർഷം കഴിഞ്ഞ് അറുപതാം വർഷത്തിലേയ്ക്ക് അതായത്, വാർദ്ധക്യത്തിലേയ്ക്ക് കടക്കുകയാണ്.

എന്നിട്ടും അത് പൂർത്തീകരിച്ചിട്ടില്ല. ഡിജിറ്റൽ സർവ്വേയിലൂടെ ഭൂപ്രശ്നത്തിന് പരിഹാരം കാണാനുള്ള ഇടപെടൽ നടത്തുന്നതോടൊപ്പം റവന്യൂ സെക്രട്ടേറിയറ്റ്, എം.എൽ.എ.-മാരെ പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ നിയോജകമണ്ഡലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാനായി റവന്യൂ അസംബ്ലി, തുടർപ്രവർത്തനങ്ങൾക്കായി ഡാഷ് ബോർഡ് എന്നിങ്ങനെ നിരവധി പുതിയ ആശയങ്ങളും വകുപ്പിൽ നടപ്പാക്കുന്നുണ്ട്. യുണീക് തണ്ടപ്പേർ എന്ന സംവിധാനത്തിലൂടെ കേരളത്തിൽ മാത്രമല്ല മറ്റെവിടെയെങ്കിലും ഭൂമിയുണ്ടെങ്കിലും കൃത്യമായി കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ മറ്റ് എൺവയോൺമെന്റുകൾ സൃഷ്ടിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മാനേജ്മെന്റിന്റെ ടെക്നിക്കാണത്. റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കലോത്സവം നടത്തിയത് അഭിമാനാർഹമായ കാര്യമാണ്. കാരണം, അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സഹായകരമായൊരു നിലപാടായിരുന്നു അതെന്ന് പറയാതിരിക്കാൻ കഴിയില്ല. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്നതാണ് അവരുടെ ഹാഷ് ടാഗ്. ആ അർത്ഥത്തിൽ

വില്ലേജുതലം മുതൽ വകുപ്പിന്റെ ഉന്നതതലം വരെയുള്ള പ്രവർത്തനങ്ങൾ വളരെ സ്മാർട്ടായി പോകുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സമയക്കുറവുകൊണ്ടാണ് ധനകാര്യ വകുപ്പിനെക്കുറിച്ച് കൂടുതൽ സൂചിപ്പിക്കാത്തത്. ഞാൻ സാമ്പത്തിക ശാസ്ത്ര വിദ്യാർത്ഥിയായിരുന്നു. കടത്തെക്കുറിച്ചുള്ള ചർച്ചകൾ മാധ്യമങ്ങളിൽ വരികയാണ്. സാമ്പത്തിക ശാസ്ത്രത്തിൽ പ്രമുഖമായതാണ് ഹാരോഡ്-ദോമർ മോഡൽ. കടത്തിന് നൽകുന്ന പലിശയുടെ നിരക്ക് നിലവിലുള്ള ജി.ഡി.പി.-യുടെ നിരക്കിനെക്കാൾ താഴ്ന്നതാണെങ്കിൽ കടം സേഫ് സോണിലാണെന്നാണ് ഹാരോഡ്-ദോമർ ശാസ്ത്രം പറയുന്നത്. അത് ആധുനിക ശാസ്ത്രജ്ഞർ അംഗീകരിച്ചതുമാണ്. ആ അർത്ഥത്തിൽ കേരളം ഇപ്പോൾ കടത്തിലാണ്. മാത്രമല്ല കടമെടുക്കാതെ സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയില്ല. ഇതെല്ലാം പറയുമ്പോഴും എല്ലാവരും വിസ്മരിച്ചുപോകുന്ന ഒരു കാര്യമുണ്ട്. ഇപ്പോൾ ജി.എസ്.ടി. കോമ്പൻസേഷൻ കഴിഞ്ഞ 30-ാം തീയതിയോടെ അവസാനിച്ചിരിക്കുകയാണ്. ഇനി കോമ്പൻസേഷൻ അനുവദിക്കില്ലെന്നതാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. നമ്മുടെ

ബഡ്ജറ്റുപോലും തയ്യാറാക്കിയിരിക്കുന്നത് ജി.എസ്.ടി. കോമ്പൻസേഷൻ കിട്ടുമെന്നുള്ള പ്രതീക്ഷയിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രതിസന്ധി യഥാർത്ഥത്തിൽ അവിടെയാണ്. ഈ കോവിഡ് കാലഘട്ടത്തിൽ ചില സംസ്ഥാനങ്ങൾ പെട്രോളിന് വില കൂട്ടിയപ്പോൾ കേരളത്തിൽ കൂട്ടിയില്ല. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. ഏതായാലും ജി.എസ്.ടി.-യിന്മേലുള്ള സുപ്രീംകോടതി വിധി അനുകൂലമായി മാറുമ്പോൾ സംസ്ഥാനത്തിന് കുറേക്കൂടി അധികാരങ്ങൾ വരും. പണ്ട് ഞങ്ങളുടെ നാട്ടിലെ ഒരു കാരണവർ അദ്ദേഹത്തിന്റെ മക്കൾക്ക് വിഹിതമെല്ലാം കൊടുത്തപ്പോൾ 'എന്റെ കാലശേഷം അതെല്ലാം എന്നിൽ വന്നുചേരും' എന്നൊരു വാചകം എഴുതി. അത്തരത്തിലൊരു നിലപാടാണ് ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. സ്വന്തം മക്കളുടെ വിഹിതംപോലും കവർന്നെടുക്കുന്ന ഒരു കാരണവരുടെ റോളിൽ നിന്നുകൊണ്ട് സംസ്ഥാനങ്ങളെ എല്ലാ അർത്ഥത്തിലും ദ്രോഹിക്കുകയാണ്. സംസ്ഥാനങ്ങളുടെ കടമെടുക്കാനുള്ള പരിധിയും ജി.എസ്.ടി. കോമ്പൻസേഷനും ഇല്ലാതാക്കുകയാണ്. അതോടൊപ്പം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിലെടുക്കുന്ന നിലപാടുകളും

സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദൂരവ്യാപക പ്രത്യാഘാതമുണ്ടാക്കുന്നവയാണ്. ധനകാര്യ വകുപ്പിന്റെ കീഴിൽ റവന്യൂ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 'ഫയൽ തീർപ്പാക്കൽ യജ്ഞം' നടത്തുന്നതുപോലെ ഓരോ കാലഘട്ടത്തിലും വിവിധ വകുപ്പുകളിലായി ധനസമാഹരണ യജ്ഞം നടത്തി ധാരാളം മേഖലകളിൽനിന്ന് പണം സമാഹരിക്കാനും തനത് വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികളുമായി മുന്നോട്ടുപോകാനുണ്ട്. ഇനി സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തെമാത്രം ആശ്രയിച്ച് നിലനിൽക്കാൻ കഴിയുകയില്ല. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് വികസന പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകുന്നുവെന്നതാണ് സംസ്ഥാന സർക്കാരിന്റെ നേട്ടം. രണ്ട് വകുപ്പുമന്ത്രിമാരെയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സമയക്കുറവുള്ളതുകൊണ്ട് ഒരു വിഷയംമാത്രം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇടുക്കിയിലെ പട്ടയ ഭൂമിയിൽ കൃഷി ചെയ്യാനും വീടുവയ്ക്കാനും മാത്രം

അവകാശം നൽകുന്ന 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 4, 1993-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 3 എന്നിവയുടെ ഭേദഗതി അടിയന്തരമായി നടപ്പിൽവരുത്താൻ നടപടി സ്വീകരിക്കുമോയെന്ന 14-03-2022-ലെ എന്റെ ചോദ്യത്തിന്, "ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തണമെന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ചട്ടഭേദഗതിയെ സംബന്ധിച്ച് ഉയർന്ന വിഷയങ്ങൾ പരിശോധിച്ച് മുൻസർക്കാരിന്റെ കാലത്ത് 22-08-2019-ൽ സ.ഉ.(കൈ)നം.269/2019/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും ഈ ഉത്തരവിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നുതവണ യോഗം ചേരുകയുണ്ടായെന്നും പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചില ചട്ടഭേദഗതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനെയും റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയെയും നിയമ വകുപ്പ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും നടപടി പുരോഗമിക്കുകയാണെന്നുമാണ്" മറുപടി നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17.12.2019-ൽ ചേർന്ന യോഗത്തിന്റെ

അടിസ്ഥാനത്തിൽ ചില നടപടികളെടുത്തിട്ടുണ്ട്. അത് എവിടെവരെയായി എന്നാണ് അറിയേണ്ടത്. 1964-ലെ ചട്ടം 4 പ്രകാരം കൃഷി ചെയ്യാനും വീടുവയ്ക്കാനും 1993-ലെ ചട്ടം 3 പ്രകാരം കടമുറികൾ പണിയാനുമുള്ള അവകാശമാണുള്ളത്. ഇതിനെതിരെ കേസ് വന്നതാണ്. ഇടുക്കി ജില്ലയ്ക്കുമാത്രമായി ഒരു ചട്ടം ബാധകമാക്കുന്നത് ശരിയല്ല. അത് വിവേചനമാണെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. സർവ്വകക്ഷി യോഗത്തിലും ഇതേ അഭിപ്രായം തന്നെയാണുണ്ടായത്. അതിനനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. ഉപാധിരഹിത പട്ടയം കൊടുക്കുമെന്ന് ആവർത്തിച്ച് പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അത് നടപ്പാകുന്നില്ല. ഈ പശ്ചാത്തലത്തിൽ അടിയന്തരമായി അക്കാര്യം പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഭൂമി തരംമാറ്റാനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്, അതിന്മേൽ നടപടി സ്വീകരിക്കണം. സംസ്ഥാനത്തൊട്ടാകെ ശക്തമായ മഴയും മണ്ണിടിച്ചിലുമുണ്ട്. ഇനിയും രണ്ടോ മൂന്നോ ദിവസം മഴ തുടർന്നാൽ അത് വർദ്ധിക്കും. ചരിഞ്ഞ പ്രദേശങ്ങളിലെ മണ്ണിടിച്ചിൽ തടയാനുള്ള ഏകമാർഗ്ഗം വാട്ടർ ഷെഡ് മാനേജ്മെന്റ് നടപ്പാക്കുകയെന്നുള്ളതാണ്. അതിനുള്ള സ്കീം തയ്യാറാക്കി കേന്ദ്ര

സർക്കാരിന് സമർപ്പിച്ചാൽ 50% സബ്സിഡി ലഭിക്കും. ഇടുക്കി, വയനാട് പോലുള്ള ജില്ലകളെ സംരക്ഷിക്കാനുള്ള പ്രധാനപ്പെട്ടൊരു വിഷയമായി അങ്ങത് ഏറ്റെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സംസ്ഥാനത്ത് കൃഷിക്കാർ പ്രയാസമനുഭവിക്കുന്ന സാഹചര്യത്തിലും ഭൂനികുതി വൻതോതിൽ വർദ്ധിപ്പിച്ചിരിക്കുകയാണ്. അക്കാര്യത്തിൽ ഒരു പുനഃപരിശോധന വേണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. സംസ്ഥാനത്തെ ദുരിതബാധിതരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കേണ്ടത് ഇക്കാലയളവിലെ പ്രധാനപ്പെട്ട വിഷയമായെടുക്കണം. നാശനഷ്ടങ്ങളുണ്ടായാൽ പ്രത്യേകിച്ച്, കൊടുങ്കാറ്റും അതിവൃഷ്ടിയുംമൂലം വൃക്ഷങ്ങളും നാണ്യവിളകളും നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം കൊടുക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. റിപ്പോർട്ട് കിട്ടി ഒന്നുംരണ്ടും വർഷം കഴിഞ്ഞാലും തീരുമാനമുണ്ടാകുന്നില്ല. കൃഷി വകുപ്പുമായി ചേർന്ന് അക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കേണ്ട ചുമതല റവന്യൂ വകുപ്പിനുണ്ട്. കൃഷിക്കാർക്ക് വീണ്ടുമവിടെ കൃഷി ചെയ്യണമെങ്കിൽ നഷ്ടപരിഹാരം എത്രയുംവേഗം ലഭ്യമാക്കണം. 1964-ലെ ഭൂപതിവ്

ചട്ടങ്ങളിലെ ചട്ടം 4, 1993-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 3 എന്നിവ ഭേദഗതി ചെയ്ത് മറ്റ് ജില്ലകളിലെപ്പോലെ എല്ലാ ആവശ്യങ്ങൾക്കും ഭൂമി ഉപയോഗിക്കാനുള്ള അവകാശം പട്ടയമുടമകൾക്ക് നൽകാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത അന്നത്തെ യോഗത്തിൽ ഏകദേശം എല്ലാവരും ഐകകണ്ഠ്യേന ഇക്കാര്യം അഭിപ്രായപ്പെട്ടതാണ്. പലരെയും ചുമതലപ്പെടുത്തിയെന്ന് പറയുന്നതല്ലാതെ നടപടി ആയിട്ടില്ല. അതുകൊണ്ട് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രതിസന്ധികളെ അതിജീവിക്കാൻ പ്രാപ്തിനേടിയ സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. "കുഴി വെട്ടി മൂടുക വേദനകൾ കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ" എന്ന് ഇടശ്ശേരി ഗോവിന്ദൻ നായർ വർഷങ്ങൾക്കുമുമ്പ് പാടിയത് ഒരുപക്ഷെ ഈ ഒന്നും രണ്ടും പിണറായി വിജയൻ സർക്കാർ ഭാവിയിൽ കേരളത്തിൽ ഭരിക്കാൻവരുമെന്ന ദീർഘവീക്ഷണത്തോടുകൂടിയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എല്ലാ പ്രയാസങ്ങളെയും അതിജീവിക്കാനാകുന്നുവെന്നുള്ളതാണ് ഈ

ഗവൺമെന്റിന്റെ പ്രത്യേകത. സാമ്പത്തിക പ്രതിസന്ധിയെന്നത് ആക്ഷേപകരമായി പറയാൻ കഴിയുന്ന കാര്യമല്ല. കോവിഡ് മഹാമാരിക്കുശേഷം എല്ലാ രാജ്യങ്ങളിലെയും ഗവൺമെന്റുകൾക്ക് പ്രതിസന്ധി നേരിടേണ്ടിവന്നിട്ടുണ്ട്. അതിനെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങളാണ് തേടേണ്ടത്. ആ സമീപനത്തിൽ ഇന്ന് കേരളം ലോകത്തിനുതന്നെ മാതൃകയാണെന്ന് അഭിമാനപൂർവ്വം പറയാനാകും. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്രസംഗിച്ചപ്പോൾ ഒരു ചായക്കടയുടെ കാര്യം ഉദാഹരണമായി പറയുകയുണ്ടായി. അക്കൂട്ടത്തിൽ കേന്ദ്രസർക്കാരിനെ കുറ്റംപറയാതെ ഇത് പരിഹരിക്കാൻ അങ്ങുതന്നെ മുൻകയ്യെടുക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിക്ക് ഉപദേശവും നൽകി. കേന്ദ്ര സർക്കാരിനെ കുറ്റം പറയാതെ മുന്നോട്ടുപോകാൻ കഴിയുമോ; സ്വയം ചിന്തിക്കണ്ടേ? ജി.എസ്.ടി.-യിലൂടെ നികുതി സംഭരണത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശമാണ് കേന്ദ്രസർക്കാർ കവർന്നെടുത്തത്. എന്നിട്ട് നൽകിയ വാഗ്ദാനമെന്താണ്? വിലക്കയറ്റം കുറയും, ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിനത് കൂടുതൽ നേട്ടമുണ്ടാകുമെന്നൊക്കെയായിരുന്നു. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? അർഹമായ കേന്ദ്രവിഹിതം

സംസ്ഥാനങ്ങൾക്ക് നൽകുന്നില്ല. ജി.എസ്.ടി.-യിന്മേലുള്ള നഷ്ടപരിഹാരവും നിർത്തലാക്കുകയാണ്. ഇക്കഴിഞ്ഞ ചണ്ഡീഗഢ് കൗൺസിലിൽ കേരളമുൾപ്പെടെ പതിനേഴ് സംസ്ഥാനങ്ങൾ ഇത് പിൻവലിക്കണമെന്ന് ഒറ്റക്കെട്ടായി ആവശ്യപ്പെട്ടിട്ടും കേന്ദ്ര സർക്കാരിന് മിണ്ടാട്ടമില്ല. നമ്മൾ ഇതിനെതിരെ പ്രതിഷേധിക്കണ്ടേ; സംസ്ഥാന താല്പര്യം ഉയർത്തിപ്പിടിക്കാൻ ഒറ്റക്കെട്ടായി നിൽക്കണ്ടേ? മാത്രമല്ല, ഇപ്പോൾ 50:50 അനുപാതത്തിലാണ് ജി.എസ്.ടി.-യുടെ വിഹിതം വരുന്നത്. യഥാർത്ഥത്തിൽ സംസ്ഥാനങ്ങളുടെ സംഭരണാവകാശമാണ് കവർന്നെടുത്തത്. ഫിസ്കൽ ഫെഡറലിസത്തിനുനേരെയുള്ള കടന്നുകയറ്റമാണ് നടത്തിയത്. ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ, കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഉന്നയിച്ച വാദം നികുതി വിഹിതം 60:40 ആക്കണമെന്നാണ്. ഇക്കാര്യത്തിൽ നിഷേധാത്മകമായ സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. ഇതെല്ലാം സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് സംസ്ഥാനങ്ങളെ കൊണ്ടെത്തിക്കുന്നത്. ഇന്ത്യയിലെ പതിനേഴ് സംസ്ഥാനങ്ങളും ഒറ്റക്കെട്ടായി കേന്ദ്രസർക്കാരിനോട് ഇക്കാര്യം ആവശ്യപ്പെടുകയാണ്. ഇതൊരു ജനകീയ പ്രശ്നമല്ലേ;

ഇതിനുനേരെ കണ്ണടച്ച് മുന്നോട്ടുപോകാൻ കഴിയുമോ? ഇത്ര സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഒരു മാസംപോലും ശമ്പളം മുടക്കുകയോ സാമൂഹ്യക്ഷേമ പെൻഷനിൽ കുടിശ്ശിക വരുത്തുകയോ ചെയ്തിട്ടില്ലെന്നത് പ്രതിപക്ഷം കാണണം. നിങ്ങളുടെ ഭരണകാലത്ത് ഇതായിരുന്നോ സ്ഥിതി? ഈ വർഷം ദുരിതാശ്വാസ നിധിയിൽനിന്ന് 1141.49 കോടി രൂപ വിതരണം ചെയ്തുവെന്നാണ് എന്റെയൊരു ചോദ്യത്തിന് സർക്കാരിൽനിന്നും ലഭ്യമായ മറുപടി. സാധാരണക്കാരന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന സമീപനവും സാമ്പത്തിക ക്രമീകരണവും ഉറപ്പാക്കാൻ കഴിയുന്നുവെന്നുള്ളതാണ് ഞങ്ങൾ ഉയർത്തിപ്പിടിക്കുന്ന ബദൽ. അതുകൊണ്ടാണ് വേറിട്ടൊരു ഗവൺമെന്റാണിതെന്ന് അഭിമാനപൂർവ്വം ഞങ്ങൾ തലയുയർത്തി പറയുന്നത്. നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കിക്കൊണ്ട് സർക്കാരിനെതിരെ നുണപ്രചരണങ്ങൾ നടത്തിയാൽ ജനങ്ങൾ നിങ്ങളോടൊപ്പം നിൽക്കുമോ? നിങ്ങൾ ഇപ്പോൾ നുണകളുടെ പ്രവാഹം സൃഷ്ടിച്ച ചീട്ടുകൊട്ടാരത്തിന്റെ മുകളിൽ കയറിയിരുന്ന് വിലസുകയാണ്. എത്രകാലം ഇങ്ങനെ പോകാൻ സാധിക്കും; ചീട്ടുകൊട്ടാരം തകർന്നുവീഴുകതന്നെ ചെയ്യും. അതാണ് കേരളത്തിലെ അനുഭവം. റവന്യൂ

വകുപ്പിൽ ഈ ഘട്ടത്തിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങളെ വില കുറച്ചുകാണരുതെന്നാണ് എനിക്ക് പറയാനുള്ളത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്', ഇതാണ് റവന്യൂ വകുപ്പിന്റെ ഹാഷ് ടാഗ്. ഇതൊരു പ്രഖ്യാപനം മാത്രമല്ല, നടന്നുവരുന്ന കാര്യമാണ്. ഒരു വർഷംകൊണ്ട് 54535 പേർക്ക് പട്ടയം കൊടുത്തിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ നെടുമങ്ങാട് താലൂക്കിൽ വച്ചുനടന്ന പട്ടയവിതരണത്തിൽ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയോടൊപ്പം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. പട്ടയം കൊടുത്തപ്പോൾ ഒരു വീട്ടമ്മ ആനന്ദാശ്രുകൊണ്ട് മന്ത്രിമാരുടെ കാലിൽ വീണ് നന്ദിപറയുകയാണ് ചെയ്തത്. സ്വന്തം ഭൂമിക്ക് പട്ടയം ലഭിച്ചതിന്റെ ആനന്ദമാണ് അവർ പ്രകടിപ്പിച്ചത്. അതുപോലെ വർക്കലയിൽ എന്റെ സഹപ്രവർത്തകൻ ശ്രീ. വി. ജോയിയാണ് പട്ടയ വിതരണത്തിന് നേതൃത്വം കൊടുത്തത്. അവിടെയും ഒരു വീട്ടമ്മ അദ്ദേഹത്തിന്റെ നെഞ്ചിലേയ്ക്ക് ആനന്ദാശ്രുക്കളോടെ ചാഞ്ഞുവീണ് നന്ദി പ്രകടിപ്പിച്ചു. പട്ടയമെന്നത് ആ വയോവൃദ്ധയുടെ ചിരകാല അഭിലാഷമായിരുന്നു. കേരളത്തിലെ സാധാരണക്കാരുടെ

സന്തോഷമാണിത്. ആ നേട്ടങ്ങളെ മറച്ചുവയ്ക്കാൻ നിങ്ങൾ അപവാദപ്രചരണങ്ങൾ നടത്തുന്നു, ഗവൺമെന്റിനെ നയിക്കുന്ന മുഖ്യമന്ത്രിയെ ടാർജറ്റ് ചെയ്യുന്നു. അതൊന്നും ഇവിടെ വിലപ്പോകില്ല. മുൻകാല അനുഭവങ്ങൾ പരിശോധിച്ചാലത് മനസ്സിലാകും. ശ്രീ. പിണറായി വിജയനെ ലക്ഷ്യമിടാൻ തുടങ്ങിയത് ഇന്നും ഇന്നലെയുമല്ല. അടിയന്തരാവസ്ഥ കാലത്ത് അദ്ദേഹം എം.എൽ.എ. ആയിരുന്നപ്പോഴുള്ള കഥ എല്ലാവർക്കും അറിയാവുന്നതാണ്, ഞാൻ ആവർത്തിക്കുന്നില്ല. മറ്റ് ജനപ്രതിനിധികളോടില്ലാത്ത രീതിയിൽ അദ്ദേഹത്തെ പീഡിപ്പിക്കാനും ശാരീരികമായി നശിപ്പിക്കാനും നോക്കി, തല്ലിച്ചതച്ച് ജയിലിലാക്കി. പക്ഷെ, അദ്ദേഹം തളർന്നില്ല. പിന്നീട് ആ മഹത് വ്യക്തി വൈദ്യുതി വകുപ്പുമന്ത്രിയും പാർട്ടിയുടെ ജനറൽ സെക്രട്ടറിയും അവസാനം മുഖ്യമന്ത്രിയുമായി. നിങ്ങൾ ലാവ്‌ലിൻ കേസ് സംബന്ധിച്ച് എന്തെല്ലാം പ്രചാരവേലകളാണ് നടത്തിയത്; കമലാ ഇന്റർനാഷണൽ എന്ന രീതിയിലുള്ള നുണ പ്രചരിപ്പിച്ചില്ലേ? ഇവിടെ കഴിഞ്ഞ ദിവസം വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, നിങ്ങളെ സഹായിക്കാൻ മുഖ്യധാര മാധ്യമങ്ങളുണ്ട്. അവർ വിരിച്ചിടുന്ന പരവതാനിയിലൂടെ, അവർ

ഒരുക്കിത്തരുന്ന തണലിലൂടെ നിങ്ങൾക്ക് വളരാനാകും. ഞങ്ങളുടെ പോളിറ്റ് ബ്യൂറോ മുതൽ ബ്രാഞ്ച് തലം വരെയുള്ള സഖാക്കൾ ജനങ്ങളോട് നാട്ടിലിറങ്ങി സത്യം പറഞ്ഞു. അതാണ് ജനങ്ങൾ വിശ്വസിച്ചത്. അതുകൊണ്ടാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അന്നും ഇപ്പോൾ രണ്ടാമതും വന്നിരിക്കുന്നത്.. ഇപ്പോഴും നിങ്ങൾ അപവാദങ്ങൾകൊണ്ട് ആക്രമിക്കുകയാണ്, കേരളത്തിലത് ഏശാൻ പോകുന്നില്ല. ഒരു പത്രത്തിന്റെയും സഹായം വേണ്ട. ജനങ്ങളുടെയിടയിൽ പ്രവർത്തിക്കുന്നവരെന്ന നിലയിൽ ഞങ്ങളുടെ നാവുകൊണ്ട് സത്യം പറയും. ഞങ്ങളോടൊപ്പം ജനങ്ങൾ നിൽക്കും. അതാണ് കേരളത്തിന്റെ അനുഭവം. അതുകൊണ്ട് ഇത്തരത്തിൽ ചില അപവാദപ്രചരണങ്ങൾ നടത്തി കേരളത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തെ മലീമസമാക്കി മുന്നോട്ടുപോയാൽ ഒറ്റപ്പെടാൻ പോകുന്നത് നിങ്ങൾ മാത്രമാണ്. ഒരു ജനകീയസമരവും നിങ്ങൾ ഏറ്റെടുക്കുന്നില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾ ഉയർത്തിക്കാണിക്കുന്നില്ല. കേന്ദ്രം വാഴുന്നവർ ഈ രാജ്യത്ത് കാണിച്ചുകൂട്ടുന്ന കൊള്ളരുതായ്മകളെ സംബന്ധിച്ച് മിണ്ടാൻ നിങ്ങൾക്ക് ഭയമാണ്. അതൊന്നും ചെയ്യാതെ രാജ്യത്തിനുതന്നെ ബദലായി ഉയർന്നുവന്നിരിക്കുന്ന, ലോകത്തിനുതന്നെ

മാതൃകയായി മാറിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെ അപമാനിക്കാനും അപവാദം പ്രചരിപ്പിച്ച് ഇല്ലാതാക്കാനുമുള്ള പാഴ്ശ്രമമാണ് നിങ്ങളെന്നും നടത്തിക്കൊണ്ടിരിക്കുന്നത്. അത് വിജയിക്കാൻ പോകുന്നില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ഒരു വർഷം ഒരു നാടിന്റെ ഭരണത്തെ അല്ലെങ്കിൽ അതിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കാവുന്ന നിരവധി പ്രതിസന്ധികളിലൂടെയാണ് നമ്മുടെ രാജ്യവും ലോകവും കടന്നുപോയത്. കോവിഡ്-19 ലോകത്താകമാനമുണ്ടാക്കിയ സാമ്പത്തികമാന്ദ്യം, റഷ്യ-യുക്രൈൻ യുദ്ധം, നമ്മുടെ സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന മഴക്കെടുതിയും ഉരുൾപൊട്ടലും കടലാക്രമണവും ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ, അരക്ഷിതാവസ്ഥ, രാഷ്ട്രീയപരമായ ഗൂഢാലോചന ഇതെല്ലാം അസ്വസ്ഥതയുണ്ടാക്കുന്നവയാണ്. ഇവിടെ കലാപം സൃഷ്ടിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുകയാണ്. പരസ്പരം കൊലചെയ്യുന്നതിനും മതസ്പർദ്ധ വളർത്തുന്നതിനും ആഹ്വാനം നൽകിയും ഇല്ലാക്കഥകൾ മെനഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും അരാജകത്വം

സൃഷ്ടിക്കുകയാണ്. സമരപ്രഹസനങ്ങൾ മുറപോലെ സംസ്ഥാനത്ത് നടക്കുകയാണ്. അതോടൊപ്പം കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ അട്ടിമറിക്കുന്നതിനുള്ള ഗൂഢാലോചനയും ഗവേഷണവും നടത്തിക്കൊണ്ടിരിക്കുകയാണ് കേന്ദ്ര സർക്കാർ. അതിന്റെ ഭാഗമായി സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കുന്നതിനുള്ള നിലപാടുകളുമായി കേന്ദ്രം മുന്നോട്ടുപോകുകയാണ്. ജി.എസ്.ടി.-യുടെ ഡിവിസിബിൾ പൂളിൽ സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതം താമസിപ്പിച്ചത് നാം കണ്ടതാണ്. ഇപ്പോൾ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തുന്ന നിലപാടിലേയ്ക്ക് പോകുകയാണ്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ നിലപാട് സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു വർഷംമുമ്പുതന്നെ സഭയെ അറിയിച്ചതാണ്. നികുതി വിഹിതം കാലോചിതമായി കുറച്ച് 1.9 ശതമാനത്തിലെത്തിയിരിക്കുകയാണ്. ഇതെല്ലാം നമ്മുടെ ഫിനാൻഷ്യൽ ഓട്ടോണമിയെ ബാധിക്കുന്ന തരത്തിലുള്ള കേന്ദ്ര സർക്കാരിന്റെ ഗൂഢനീക്കമാണ്. ഇത്തരം പ്രതിസന്ധിക്കിടയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിലുള്ള മികച്ച ധനകാര്യ മാനേജ്മെന്റിന്റെ പ്രതിഫലനമാണ്

ഇവിടെ കാണാൻ സാധിച്ചത്. കോവിഡ് രണ്ടാം തരംഗത്തിൽ ഇരുപതിനായിരം കോടി രൂപയുടെ പാക്കേജ് ഭൂരിഭാഗവും നടപ്പിലാക്കിയതുവഴി സാധാരണക്കാരുടെ കയ്യിൽ പണമെത്തുന്നതിന് സഹായകമായി. ഈ പ്രതിസന്ധികൾക്കിടയിലും സാമൂഹ്യ ക്ഷേമപെൻഷനുകളും ക്ഷേമനിധി ബോർഡ് പെൻഷനുകളും ഏതാണ്ട് 56 ലക്ഷം പേർക്ക് എല്ലാ മാസവും കൃത്യമായി നൽകാൻ സർക്കാരിന് സാധിച്ചുവെന്നുള്ളത് വലിയ കാര്യം തന്നെയാണ്. മത്സ്യബന്ധന മേഖലയിലെ കാര്യം എടുത്തുപറയേണ്ടതാണ്. ഒക്ടോബർ-നവംബർ മാസങ്ങളിലുണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ നിരവധി തൊഴിൽദിനങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമായത്. അങ്ങനെയുള്ളവരെ ചേർത്തുപിടിച്ചുകൊണ്ട് ഒറ്റത്തവണയായി ഏകദേശം ഒന്നരലക്ഷം പേർക്ക് 3000 രൂപവീതം ഈ സർക്കാർ നൽകുകയുണ്ടായി. കിഫ്ബി വഴി ഒന്നാം പിണറായി വിജയൻ സർക്കാർ തുടങ്ങിയ ഏതാണ്ട് 70,762 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കൊല്ലം ജില്ലയിൽത്തന്നെ 3000 കോടി രൂപയാണ് ദേശീപാതാവികസനവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ

കയ്യിലെത്തിയത്. റിയൽ എസ്റ്റേറ്റ്, കെട്ടിടനിർമ്മാണം തുടങ്ങിയ സമസ്ത മേഖലകളിലും അതുണ്ടാക്കിയ മാറ്റം ചെറുതല്ല. തീരദേശ/മലയോര ഹൈവേയും നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയുമെല്ലാം ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സിൽവർ ലൈൻ പദ്ധതിയിലൂടെ 26,000 കോടി രൂപ ജനങ്ങളിലെത്തിക്കാനാണ് ഉദ്ദേശിക്കുന്നത്; അതായത്, പണം അവരുടെ കയ്യിലെത്തിക്കാനാണ് ശ്രമിക്കുന്നതെന്നാണ് ആദ്യം മുതൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെയൊരു ചാക്രീകരണമാണ് കേരളം വിഭാവനം ചെയ്യുന്നത്. എന്നാൽ കേന്ദ്രം പണമെല്ലാം കേന്ദ്രീകരിച്ച് അദാനി-അംബാനിമാരുടെ കയ്യിലെത്തിക്കുകയും അതുപയോഗിച്ച് വിവിധ സർക്കാരുകളെ മറിച്ചിടുകയും ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. അത്തരത്തിലൊ രു ചാക്രീകരണമാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ജി.എസ്.ടി. ഉൾപ്പെടെയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കഴിഞ്ഞ സഭയിൽ ചില അംഗങ്ങൾ പരാമർശിക്കുകയുണ്ടായി. കോവിഡിന്റെ പശ്ചാത്തലത്തിൽ വ്യാപാരി-വ്യവസായികളോടോ ചെറുകിട

കച്ചവടക്കാരോടോ കർശന നിലപാട് സ്വീകരിക്കാൻ സർക്കാർ മുതിർന്നിട്ടില്ല. നികുതി വെട്ടിപ്പ് തടയാൻ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ടാക്സ് വേ കാർഡ് സിസ്റ്റം നടപ്പാക്കിയതടക്കം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന ജി.എസ്.ടി. വകുപ്പിനെ പുനർനിർമ്മിച്ചുകൊണ്ട് നികുതി വരുമാനം ഉയർത്താനുള്ള ശ്രമങ്ങൾ ഒരുഭാഗത്ത് നടന്നുകൊണ്ടിരിക്കുകയാണ്. യൂണിയൻ ഗവൺമെന്റിനെയും സംസ്ഥാനങ്ങളെയും വലിയ രീതിയിൽ ബാധിക്കുമെന്നതിനാൽ പെട്രോളിയമടക്കമുള്ള ഉല്പന്നങ്ങളെ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരാനുള്ള സാദ്ധ്യത കുറവാണ്. 2030-ഓടുകൂടി ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യുന്ന ഒരു സംവിധാനം ലോകത്തെമ്പാടുമുണ്ടാകും. അപ്പോൾ ഇലക്ട്രിക് വാഹനങ്ങൾ ഇന്ത്യയിലും വരുമെന്നുള്ളതിനാൽ പെട്രോളിയം പ്രോഡക്ടുകളിൽ നിന്നുള്ള വരുമാനം ഗണ്യമായി കുറയാൻ സാദ്ധ്യതയുണ്ട്. അത് കണ്ടുകൊണ്ട് ശാശ്വതമായ വരുമാന മാർഗ്ഗങ്ങളിലേയ്ക്ക് മാറേണ്ടത് അത്യാവശ്യമാണ്. ഡയറക്ട്/ഇൻഡയറക്ട് ടാക്സുകളെക്കുറിച്ച് സാധാരണക്കാർക്കോ വ്യാപാരി വ്യവസായികൾക്കോ നൂതന MSME സംരംഭകർക്കോ

അറിവില്ലാത്തതിനാൽ നമ്മുടെ യൂണിവേഴ്സിറ്റികളിലെ പല ഡിപ്പാർട്ട്മെന്റുകളിലും ഫെലോഷിപ്പ് ചെയ്യുന്നവരെയും അദ്ധ്യാപകരെയുമെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഈയൊരു മേഖലയിൽ നിരന്തരം തുടർവിദ്യാഭ്യാസ പരിപാടികൾ നടത്തേണ്ടതുണ്ട്. 25 വർഷംകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം വികസിത-മധ്യവരുമാന രാജ്യങ്ങൾക്ക് സമാനമായി മാറ്റുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ 200 കോടി രൂപയുടെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 2026 ആകുമ്പോൾ കെ.എസ്.എഫ്.ഇ.-യ്ക്ക് ആയിരത്തിലധികം ബ്രാഞ്ചുകളുണ്ടായാൽ അത്ഭുതപ്പെടാനില്ല. ഇപ്പോഴത് 60000 കോടി രൂപയുടെ വിറ്റുവരവുമായി ശക്തമായി മുന്നോട്ടുപോകുകയാണ്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ നേതൃത്വത്തിൽ വകുപ്പിൽ നൂതനമായ നിരവധി പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനോടൊപ്പം എല്ലാ എം.എൽ.എ.-മാരെയും പല പദ്ധതികളിലും ഭാഗഭാക്കാക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതിന് നമ്മൾ നേർസാക്ഷ്യമാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യം

ജനങ്ങൾ ഏറ്റെടുത്തിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഇത് ജനങ്ങളെ ആവേശംകൊള്ളിക്കുന്ന ഒരു മുദ്രാവാക്യം തന്നെയാണ്. എല്ലാവർക്കും ഭൂമിയെന്നത് വെറുതെ പറയുന്നതല്ല; ഓരോ വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകിയും കൃത്യമായി മോണിറ്റർ ചെയ്തും മുന്നോട്ടുപോകുമ്പോൾ അത് ലക്ഷ്യപ്രാപ്തിയിലെത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു വർഷംകൊണ്ട് 54535 പട്ടയങ്ങൾ നൽകിയതിലൂടെ എല്ലാവർക്കും രേഖയെന്നത് സാദ്ധ്യമാണെന്ന് തെളിയിച്ചിട്ടും സബ്മിഷനിലൂടെ ഇന്നും ആക്ഷേപങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചത്. എങ്കിലും ഇതെല്ലാം പരിഹരിച്ചുകൊണ്ട് സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കും. BTR (Basic Tax Register)-ൽ കാവ് പുറമ്പോക്ക്, തോട് പുറമ്പോക്ക്, നാഷണൽ ഹൈവേയുടെ പുറമ്പോക്കുകൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിൽ ചില അപാകതയുണ്ട്. കാവ് പുറമ്പോക്കെന്ന് രേഖപ്പെടുത്തിയിരിക്കുന്ന പലയിടത്തും കാവില്ല; അവിടത്തെ ജനങ്ങൾക്കും അങ്ങനെയൊരു കാവുള്ളതായി അറിയില്ല. അതുകൊണ്ട് ഇതിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ച് വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം. ഡിജിറ്റൽ സർവ്വേ പ്രാവർത്തികമാകുന്നതോടുകൂടി വിവിധ

ഡിപ്പാർട്ട്മെന്റുകളുടെ സോഫ്റ്റ്‌വെയറുകളെയും റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ട് യൂണിഫൈഡ് പോർട്ടൽ കൊണ്ടുവരുന്നത് ജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. റവന്യൂ മിത്രം പോർട്ടലിലൂടെ എവിടെയിരുന്നും ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്ക് നേരിട്ട് പരാതികൾ നൽകാൻ കഴിയുന്നതാണ്, കൃത്യമായ അപ്ഡേറ്റുമുണ്ടാകും. എസ്.എം.എസ്.-ലൂടെ പരാതിയുടെ തുടർസ്ഥിതി അറിയാവുന്ന തരത്തിലേയ്ക്ക് ആധുനികവത്കരിക്കുന്ന റവന്യൂ വകുപ്പിനെ മുക്തകണ്ഠം അഭിനന്ദിക്കുകയാണ്. വില്ലേജ് ഓഫീസുകളെ സ്മാർട്ടാക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി Special Development Fund (SDF)-ഉം Asset Development Fund (ADF)-ഉം ഉപയോഗിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുകയുണ്ടായി. റവന്യൂ/പാർലമെന്ററികാര്യ വകുപ്പുകൾ എം.എൽ.എ.-മാർക്കുവേണ്ടി റഗുലറായി ബോധവത്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. 'വിഷൻ & മിഷൻ 2021-26' എന്ന അർത്ഥത്തിൽ അടുത്ത 5 വർഷംകൊണ്ട് വകുപ്പിൽ വരുത്തേണ്ട

മാറ്റങ്ങളെക്കുറിച്ചുള്ള മാർഗ്ഗരേഖ തയ്യാറാക്കാൻ വില്ലേജുകളിലെ ജനകീയ സമിതികൾ മുതൽ റവന്യൂ സെക്രട്ടേറിയറ്റ് വരെ ഊർജ്ജിത ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. വില്ലേജ് ഓഫീസുകൾ ജനകീയമല്ലെന്നായിരുന്നു പൊതുവേയുള്ള പരാതി. വരുംകാലങ്ങളിൽ തീർച്ചയായും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ റവന്യൂ വകുപ്പിന് സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ജനങ്ങൾക്ക് ഉപകാരപ്രദമായ എല്ലാ പദ്ധതികൾക്കും ഒരിക്കൽക്കൂടി സർവ്വാത്മനാ പിന്തുണ നൽകിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും, ഭൂനികുതി, ജില്ലാഭരണവും പലവകയും, ഭവനനിർമ്മാണം, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്, പലവക സാമ്പത്തിക സർവ്വീസുകൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. എല്ലാ വിഭാഗം ജനങ്ങളുമായും ബന്ധപ്പെടുന്ന കാര്യങ്ങളായതുകൊണ്ടാണ് ഞാൻ ഇങ്ങനെ വായിച്ചത്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മുന്നോട്ടുവയ്ക്കുന്ന കാര്യങ്ങൾക്ക് സർക്കാരിന്റെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും

ഭാഗത്തുനിന്ന് പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ജനപ്രിയ പ്രവർത്തനങ്ങളിൽ ചടുലവും ചലനാത്മകവുമായ പ്രവർത്തനങ്ങളാണ് റവന്യൂ വകുപ്പ് നിർവ്വഹിക്കുന്നത്. അതിനാവശ്യമായ ദിശാബോധവും പിന്തുണയും നൽകുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനെയും ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയാണ്. റവന്യൂ വകുപ്പ് ഡാഷ് ബോർഡ് നടപ്പിലാക്കിയതിലൂടെ എം.എൽ.എ.മാർക്ക് നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ട പരാതികളും ആവശ്യങ്ങളും ഉന്നയിക്കുന്നതിനും പരിഹാരം കാണുന്നതിനും സാധിക്കുന്നുണ്ട്. ഭൂമിയും അതിരും സംബന്ധിച്ചുള്ള തർക്കങ്ങൾ പൊതുപ്രവർത്തകരുടെ സമയം അപഹരിക്കുന്ന പ്രശ്നങ്ങളാണ്. അവയിൽ ചിലത് കോടതി കേസുകളിലും കൊലപാതകങ്ങളിലും വരെ എത്തിച്ചിട്ടുണ്ട്. 'എല്ലാ ഭൂമിക്കും രേഖ' എന്ന ചരിത്ര പ്രധാനമായ ഭരണപരിഷ്കാരത്തിലൂടെ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന പ്രശ്നങ്ങൾക്കാണ് ശാപമോക്ഷം നൽകി പിണറായി വിജയൻ സർക്കാർ മുന്നോട്ടുപോകുന്നത്. അപേക്ഷകൾ സംബന്ധിച്ച സങ്കീർണ്ണതകൾ ലഘൂകരിച്ചും കാലതാമസം ഒഴിവാക്കിയും പട്ടയങ്ങൾ

നൽകാൻ നടപടി സ്വീകരിക്കുകയാണ്. കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വടക്കേക്കളം എസ്റ്റേറ്റിലെ മിച്ചഭൂമി പ്രശ്നം വർഷങ്ങൾക്കുമുമ്പേയുണ്ടായതാണ്. അവയിൽ കുറെയൊക്കെ പരിഹരിക്കപ്പെട്ടെങ്കിലും അമ്പത്തിയാറോളം പട്ടയങ്ങൾ ഇനിയും നൽകാനുണ്ട്. അതുകൂടി പരിഹരിച്ച് മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വില്ലേജ് ഓഫീസുകളിൽ പതിറ്റാണ്ടുകളായുള്ള തസ്തികകളാണ് ഇപ്പോഴും നിലനിൽക്കുന്നത്. ജോലിഭാരം പരിഗണിച്ച് കൂടുതൽ തസ്തികകൾ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് അങ്ങ് പറഞ്ഞിരുന്നു. റവന്യൂ വകുപ്പ് സ്മാർട്ടും സ്പീഡുമായതിനനുസരിച്ച് വില്ലേജ് ഓഫീസുകളുംകൂടി സ്മാർട്ടാക്കേണ്ടതുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസുകൾ കുറച്ചുണ്ടെങ്കിലും അതുപോരാ. എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കുകയും പുതുമയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുകയും വേണം. വില്ലേജ് ഓഫീസുകളുടെ വ്യാപ്തി പരിഗണിച്ച് അവിടത്തെ ജീവനക്കാർക്ക് ഫീൽഡ് സന്ദർശിക്കാനുള്ള സൗകര്യമൊരുക്കണം. ഭൂവിസ്തൃതി കൂടിയ വില്ലേജുകൾ വിഭജിക്കാനുള്ള നടപടി സ്വീകരിക്കണം. ഭൂമി തരംമാറ്റുന്നതിനോ ഭൂമിയുടെ അവകാശം

സംബന്ധിച്ചോ അപേക്ഷ നൽകിയാൽ ആഴ്ചകളോ മാസങ്ങളോ കാത്തിരിക്കേണ്ട അവസ്ഥ പരിഹരിക്കാൻ ഇതിലൂടെ സാധിക്കും. വില്ലേജ് ഓഫീസ് മുഖാന്തരം നൽകിവരുന്ന ചില സർട്ടിഫിക്കറ്റുകളുടെ ആവശ്യകത സംബന്ധിച്ച് ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും എല്ലാ വകുപ്പുകളും ഇത് പാലിക്കപ്പെടുന്നില്ല. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് പല പ്രശ്നങ്ങൾക്കും കാലതാമസത്തിനും കാരണമാകുന്നത്. ഇത് അടിയന്തരമായി പരിഹരിക്കപ്പെടണം. ഡി.ഡി.സി. (District Development Council) യോഗത്തിൽപ്പോലും എം.എൽ.എ.-മാരൊക്കെ ഉന്നയിക്കുന്ന വിഷയങ്ങൾക്കും നൽകുന്ന അപേക്ഷകൾക്കും ഒരു വകുപ്പ് 'പരിശോധിച്ചുവരുന്നു' എന്നും മറ്റൊരു വകുപ്പ് 'കിട്ടുന്ന മുറയ്ക്ക്' എന്നുമാണ് മറുപടി നൽകുന്നത്. ഇത്തരത്തിൽ മറുപടി നൽകുന്നത് ഭൂഷണമല്ല, അത് പരിഹരിക്കണം. വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുള്ള ശാസ്ത്ര സാങ്കേതിക വിദ്യകളുടെ ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നില്ല. ലാന്റ് അക്വിസിഷൻ നടപടി ത്വരിതപ്പെടുത്തേണ്ടതുണ്ട്. 2019-ൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഏകദേശം 506 ഏക്കറിൽ ഒരു വ്യവസായ പാർക്ക് അനുവദിച്ചെങ്കിലും ഇതുവരെയും അതിന്റെ ഭൂമി അളന്ന്

തിട്ടപ്പെടുത്തിയിട്ടില്ല. റവന്യൂ കലോത്സവത്തെക്കുറിച്ച് പറയാതിരിക്കാൻ നിർവ്വാഹമില്ല. പിരിമുറുക്കങ്ങൾ നേരിടുന്ന റവന്യൂ ജീവനക്കാരുടെ മാനസികോല്ലാസത്തിനായി റവന്യൂ കലോത്സവം സംഘടിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ആ കലോത്സവത്തിന്റെ ഫലം സാധാരണക്കാർക്കും ലഭിക്കണം. ഉദ്യോഗസ്ഥർ ഉത്തരവാദിത്വത്തോടെ പെരുമാറിയില്ലെങ്കിൽ സർക്കാർ എന്തുചെയ്തിട്ടും കാര്യമില്ല. എല്ലാ ഭൂമിക്കും രേഖ എന്ന രീതിയിൽ ഇപ്പോൾ 41001 പട്ടയങ്ങൾ വിതരണത്തിന് സജ്ജമാക്കിയിരിക്കുകയാണ്. ഒരു വർഷത്തിനകം 54535 പട്ടയങ്ങൾ വിതരണം ചെയ്യുകയുണ്ടായി. 220-ഓളം പട്ടയങ്ങളാണ് കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ മാത്രം പുതുതായി നൽകിയത്. അങ്ങനെ മുന്നോട്ടുപോകുമ്പോൾ ഞങ്ങൾക്കൊപ്പമാണ് സർക്കാരെന്നൊരു ബോധം ജനങ്ങൾക്കുണ്ടാകും, സർക്കാരിന് അഭിമാനവുമാകും. നിലം നികത്തുന്നതും കൃഷിസ്ഥലങ്ങളിൽ വെള്ളമെത്തിക്കാനുള്ള തോടുകൾ കെട്ടിയടയ്ക്കുന്നതുമായ പ്രശ്നങ്ങൾ സംബന്ധിച്ച് അപേക്ഷ നൽകുന്നത് റവന്യൂ വകുപ്പിലാണ്. കൃഷി/റവന്യൂ വകുപ്പുകളെ മോശമായി ബാധിക്കുന്ന തരത്തിലുള്ള ഇത്തരം നടപടികൾ

ഇല്ലാതാക്കണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ചാർജ്ജെടുത്തപ്പോൾത്തന്നെ ഓരോ നിയോജകമണ്ഡലത്തിലെയും പ്രശ്നങ്ങളെന്തെല്ലാമാണെന്ന് എം.എൽ.എ.-മാരോട് ചോദിച്ചറിഞ്ഞ് അവ പരിഹരിക്കാൻവേണ്ട നടപടി സ്വീകരിക്കുകയുണ്ടായി. ഇത്തരം ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നുണ്ടെങ്കിലും കാലതാമസമുണ്ടാകുന്നുണ്ട്. അതുകൊണ്ട് കാലതാമസം ഒഴിവാക്കാനുള്ള ഇടപെടൽകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. 48 വർഷക്കാലം പട്ടയം കിട്ടാതിരുന്ന ഒരു സ്ത്രീ പട്ടയം കിട്ടിയപ്പോൾ പ്രകടിപ്പിച്ച വികാരം കുത്തുപറമ്പിൽ നാം കണ്ടു. എല്ലാവരും വളരെ ഉദ്വേഗജനകമായിട്ടാണ് അതിനെ നോക്കിയത്. സാധാരണക്കാരെ, പാവപ്പെട്ടവരെ നല്ല രീതിയിൽ സഹായിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന റവന്യൂ വകുപ്പിനെയും സർക്കാരിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ വളരെ പ്രക്ഷുബ്ധമായ രാഷ്ട്രീയ ചർച്ചകൾക്കും സംവാദങ്ങൾക്കുമിടയായ ചില സംഭവവികാസങ്ങൾ

ഇവിടെയുണ്ടായി. എനിക്ക് ആദ്യമായാണ് അടിയന്തരപ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാൻ അവസരം ലഭിച്ചത്. എന്റെ കയ്യിലുണ്ടായിരുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി ഹ്രസ്വമായിട്ടാണ് ചില കാര്യങ്ങൾ ഞാൻ പറഞ്ഞത്. ഞാൻ മൂന്നാമത്തെ പ്രാസംഗികനായിരുന്നു. അതിനുശേഷം ബഹുമാന്യനായ പ്രതിപക്ഷനേതാവ് പതിനാലാമതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പതിനഞ്ചാമതും പ്രസംഗിച്ചു. അതിനിടയിൽ ബഹുമാന്യരായ എ. എൻ. ഷംസീർ, ഡോ. കെ. ടി. ജലീൽ എന്നിവരടക്കം ഏകദേശം പത്ത് സാമാജികർ പ്രസംഗിച്ചെങ്കിലും ഞാൻ പറഞ്ഞതിൽ ഒരു കള്ളമുള്ളതായോ അസംബന്ധമുള്ളതായോ തെറ്റുള്ളതായോ അവരാരും പരാമർശിച്ചിരുന്നില്ല. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി നമ്മൾ കേട്ടതാണ്. ഞാൻ ഏറ്റവുമധികം ആദരവോടും ബഹുമാനത്തോടുംകൂടി മാത്രമേ അദ്ദേഹത്തെ ഇന്നുവരെ കണ്ടിട്ടുള്ളൂ. ഇപ്പോഴും അങ്ങനെയാണ് കാണുന്നത്. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിക്കാറായപ്പോൾ അപ്രതീക്ഷിതമായി വളരെ ക്ഷുഭിതനായി ഞാൻ എന്തോ പച്ചക്കള്ളം വിളിച്ചുപറഞ്ഞുവെന്ന നിലയിൽ പറയുന്നതുകേട്ടു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ....

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ....

ഡോ. മാത്യു കുഴൽനാടൻ: സർ, (...ബഹളം...) ഞാൻ പ്രസംഗിച്ച് കഴിഞ്ഞ് ശ്രീ. എ. എൻ. ഷംസീർ അടക്കം പത്തുപേർ പ്രസംഗിച്ചിട്ടും ആരും ഒന്നും പറഞ്ഞില്ല. അദ്ദേഹത്തിന് മാത്രമാണ് തോന്നിയത്. (....ബഹളം...)

മി. ചെയർമാൻ: ഇരിക്കൂ.... ഇരിക്കൂ..... പ്ലീസ്.... പ്ലീസ്....

ഡോ. മാത്യു കുഴൽനാടൻ: സർ, അദ്ദേഹം അതിരൂക്ഷമായി പ്രതികരിച്ചു. എന്തിനുവേണ്ടിയാണ്? അതിനുശേഷം പിറ്റേദിവസം ചർച്ച വന്നപ്പോൾ ശ്രീ. സി. എച്ച്. കുഞ്ഞമ്പു അടക്കം എന്നെ വിമർശിക്കുകയുണ്ടായി. ഇന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ യഥാർത്ഥ അവസ്ഥയാണ് അത് കാണിക്കുന്നത്. പിന്നീട് അങ്ങോട്ട് കണ്ടത് His master's voice എന്ന് പറയുന്നതുപോലുള്ള പ്രസംഗമാണ്. അദ്ദേഹം ക്ഷുഭിതനായതിനുശേഷം പിന്നീട് സംസാരിച്ച എല്ലാവരും എന്നെ ആക്രമിക്കാൻ തെരഞ്ഞെടുത്തു, ഒരുപാട് കാര്യങ്ങൾ പറഞ്ഞു. എനിക്ക് അത് വിഷയമല്ല. അത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അവസ്ഥയാണ് കാണിക്കുന്നത്. നിങ്ങൾ എല്ലാവരും പ്രസംഗിച്ചത് നിങ്ങളുടേതായ ആശയമല്ല. His master's voice എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്.

അതാണ് കണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തിനാണ് ഇത്രയേറെ വേവലാതിപ്പെട്ട് സംസാരിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ചില കേസുകൾ അന്വേഷിക്കുമ്പോൾ ഒരു തെളിവുമുണ്ടാകില്ല, പ്രതിയെ എങ്ങനെ കണ്ടെത്തുമെന്ന് ആശങ്കപ്പെട്ട് പലരേയും വിളിക്കും. അവസാനം എങ്ങനെയാണ് കേസ് തെളിയിച്ചതെന്ന് ചോദിക്കുമ്പോൾ, പ്രതിയുടെ അസ്വാഭാവികമായ പെരുമാറ്റവും ഇടപെടലുമാണ് ഞങ്ങളെ ആ ദിശയിലേയ്ക്ക് അന്വേഷണം നടത്താൻ പ്രേരിപ്പിച്ചതെന്ന് ഉദ്യോഗസ്ഥർ പറയാറുണ്ട്. എനിക്ക് ഓർമ്മ വന്നത് ദേവാസുരം സിനിമയിൽ മോഹൻലാൽ ശേഖരനോട് പറയുന്ന "ശേഖരാ, നീ അനാവശ്യമായി ഭയപ്പെടുകയാണ്. ഇത് ആരെയാണ് ഭയപ്പെടുന്നത്; എന്തിനെയാണ് ഭയപ്പെടുന്നത്;" എന്ന ഡയലോഗാണ്. അതേ അവസ്ഥയാണിപ്പോൾ കേരളത്തിൽ നിലനിൽക്കുന്നത്, മടിയിൽ കനമുള്ളവന്റെ വെപ്രാളമാണ് നമ്മൾ കണ്ടത്. (...ബഹളം...) നിങ്ങളാരും പറഞ്ഞില്ലല്ലോ; ഞാൻ പറയട്ടെ. എനിക്കെതിരെ എന്തെല്ലാം ആക്ഷേപങ്ങളാണ് നിങ്ങൾ പറഞ്ഞത്? (… ബഹളം....)

മി. ചെയർമാൻ: താങ്കൾ ചെയറിനെ നോക്കി സംസാരിക്കൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ശ്രീ. വി. ജോയി ഒരു സഹസാമാജികനെക്കുറിച്ച് പറയുകയുണ്ടായി. എന്റെ മുറിയിൽനിന്നും ഞാൻ ഷർട്ടിടാതെ പുറത്തേയ്ക്ക് പോകുന്നത് കണ്ടുവെന്ന നിലയിലാണ് അദ്ദേഹം പറഞ്ഞത്. അതിന് ഞാൻ മറുപടി പറയാൻ പോയില്ല. കാരണം ഞാൻ അതൊരു പ്രസംഗത്തിന്റെ സ്പിരിറ്റായി മാത്രമേ എടുത്തിട്ടുള്ളൂ. അതാണ് യാഥാർത്ഥ്യം. I was not touched. I was not moved. പക്ഷെ അതിനുശേഷം അതടക്കമുള്ള കാര്യങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചു. (...ബഹളം....) അങ്ങേയ്ക്ക് ഇന്റഗ്രിറ്റിയുണ്ടെങ്കിൽ അതെന്താണെന്ന് പറയാൻ തയ്യാറാകണ്ടേ? ഞാൻ അതൊരു ലൈറ്റർ മോഡിൽ എടുത്തുകൊണ്ട് I was not touched. (....ബഹളം....)

മി. ചെയർമാൻ: പ്ലീസ്, ഡോ. മാത്യു കുഴൽനാടൻ ചെയറിനെ നോക്കി സംസാരിക്കൂ. അങ്ങോട്ട് നോക്കി സംസാരിച്ചാൽ അവർ മറുപടി പറയും. ചെയറിനെ നോക്കി സംസാരിക്കൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഗുരുതരമായി ബാധിച്ചെങ്കിൽ അത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കേണ്ടിവരും. (... ബഹളം....)

മി. ചെയർമാൻ: ചെയറിനെ നോക്കി സംസാരിക്കൂ. അങ്ങോട്ട് നോക്കി വെല്ലുവിളിക്കണ്ട.

ഡോ. മാത്യു കുഴൽനാടൻ: സർ, അതിനുശേഷം നിങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചത് (.....ബഹളം....)

മി. ചെയർമാൻ: അങ്ങ് ചെയറിനെയാണ് അഭിസംബോധന ചെയ്യേണ്ടത്. ചെയറിനെ നോക്കി സംസാരിക്കൂ. അങ്ങോട്ട് വെല്ലുവിളിക്കണ്ട. ......(ബഹളം)...... ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. വെറുതെ സമയം കളയരുത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹളം വച്ചില്ലെങ്കിൽ ചോദ്യം ചെയ്യപ്പെടുമെന്നുള്ളതുകൊണ്ടല്ലേ നിങ്ങൾ ഇങ്ങനെ ചെയ്യുന്നത്? (....ബഹളം....) നിങ്ങൾക്ക് ശാന്തമായി വാക്കുകൾ ശ്രവിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? എനിക്കെതിരെ കഴിഞ്ഞ ദിവസം എന്തെല്ലാം ആരോപണങ്ങൾ നിങ്ങൾ കൊണ്ടുവന്നു? ഞാൻ ഒന്നിൽനിന്നും പിന്നോട്ടുപോകുന്നില്ല. മുതിർന്ന അംഗമായ ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഇവിടെ പറഞ്ഞു, PricewaterhouseCoopers (PWC)-നെക്കുറിച്ച് ഞാൻ ആദ്യമായി കേൾക്കുന്നത് ഈ സ്വർണ്ണക്കടത്തിനുശേഷമാണെന്ന്. ഞാൻ

അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങേയ്ക്ക് പരിശോധിക്കാം. ഞാൻ ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. എത്രയോ വർഷങ്ങൾക്ക് മുമ്പുതന്നെ PricewaterhouseCoopers-നെക്കുറിച്ച് എനിക്കറിയാം. ഞാൻ പാർട്ണറായിരിക്കുന്ന KMNP India Law Firm-ന് PricewaterhouseCoopers-മായി ബന്ധമുണ്ടെന്ന് സ്ഥാപിക്കാനായി നിങ്ങളുടെ ചില സോഷ്യൽ മീഡിയകൾ പുറത്തുവിട്ട രേഖ ശരിയാണെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. ആ രേഖ എന്തായിരുന്നു? ഞങ്ങളുടെ firm സന്ദർശിച്ച, PricewaterhouseCoopers-ന്റെ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. മുഹമ്മദ് ആസിഫ് ഇക്ബാലിനെ ആദരിച്ചതാണ്. അദ്ദേഹം ആരാണെന്നറിയാമോ? പതിനാറാമത്തെ വയസ്സിൽ കാഴ്ച നഷ്ടപ്പെട്ട അദ്ദേഹം സ്വപ്രയത്നത്തിലൂടെ അസോസിയേറ്റ് ഡയറക്ടറായി മാറിയ ആളാണ്. അദ്ദേഹം ഞങ്ങൾക്ക് മാതൃകയാണ്, ഒരു motivating speaker ആണ്. അദ്ദേഹത്തെ വിളിച്ച് ഞങ്ങൾ ആദരിച്ചു, ഞങ്ങളത് വെബ്സൈറ്റിൽനിന്നും മായ്ക്കുകയില്ല. അതിൽ ഒളിക്കാനും മറയ്ക്കാനും ഒന്നുമില്ല. ശ്രീ. മുഹമ്മദ് ആസിഫ് ഇക്ബാലിന്റെ വിശദാംശങ്ങൾ എന്റെ law firm-ന്റെ വെബ്സൈറ്റിൽ അഭിമാനപൂർവ്വം കാണിക്കും. നിങ്ങൾ

ഇതല്ല, എന്തുവേണമെങ്കിലും അന്വേഷിക്കൂ. എന്തൊക്കെ വാദങ്ങളും അസംബന്ധങ്ങളുമാണ് നിങ്ങൾ പ്രചരിപ്പിച്ചത്? ഞങ്ങൾക്ക് എല്ലാറ്റിനും മറുപടിയുണ്ട്, പക്ഷേ നിങ്ങൾക്ക് വാക്കുകൾ ശ്രവിക്കാൻ ഭയമാണ്. ലോയൽറ്റി പ്രകടിപ്പിക്കാനുള്ള വെപ്രാളമാണ് ഇവിടെ കാണുന്നത്. ആരോടുള്ള ലോയൽറ്റി? പാർട്ടിയോടും പാർട്ടിയുടെ പ്രത്യയശാസ്ത്രത്തോടുമുള്ള ലോയൽറ്റിയല്ല, His master's-നോടുള്ള ലോയൽറ്റിയാണ്. അതിനുവേണ്ടിയുള്ള ആക്രോശവും ആക്രാന്തവുമാണിത്. അല്ലാതെ എന്ത് കമ്മ്യൂണിസ്റ്റ് പാർട്ടി; എന്ത് അന്തസ്സത്ത; എന്ത് പ്രത്യയശാസ്ത്രം? നിങ്ങൾ ഇന്നിവിടെ സംസാരിക്കുന്നതും പരിശ്രമിക്കുന്നതും നിങ്ങളുടെ നേതാവിനെ ന്യായീകരിക്കാൻ വേണ്ടിയാണ്. അദ്ദേഹം കണ്ണുരുട്ടിയാൽ നിങ്ങൾ അവിടെ ഇരിക്കുമായിരിക്കും. എന്നാൽ എന്നെ അങ്ങനെ വിരട്ടിയിരുത്താമെന്ന് വിചാരിക്കണ്ട. ഞങ്ങളുടെ വാക്കുകൾ അവസാനിക്കില്ല.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇവിടെ കളവ് ചെയ്തവർക്ക് ഭയമുണ്ടാകും. അവർക്ക് ഒളിക്കാനും മറയ്ക്കാനുമൊക്കെ ധാരാളം

വിഷയങ്ങളുണ്ടാകും. പക്ഷേ ഈ ചോദ്യങ്ങൾ വീണ്ടും ഉയർന്നുവന്നുകൊണ്ടേയിരിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട.

മി. ചെയർമാൻ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ഡോ. മാത്യു കുഴൽനാടൻ: സർ, അതുകൊണ്ട് ഞാൻ പറയുന്നു, ആർക്കെങ്കിലും അതുസംബന്ധിച്ച് പറയാനുണ്ടെങ്കിൽ മാന്യമായ സംവാദത്തിന് ഏതുസമയത്തും ഞാൻ തയ്യാറാണ്. കാര്യങ്ങൾ മാന്യമായും വസ്തുതാപരമായും പറയണം. ഞാൻ എല്ലാ തെളിവുകളും പ്രൊഡ്യൂസ് ചെയ്തില്ലേ; അദ്ദേഹത്തിന്റെ മറുപടിക്കുവേണ്ടി ദിവസങ്ങൾ കാത്തുനിന്നു. പക്ഷെ, അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല. ഇന്ന് സഭയിൽ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിച്ചും ഉറപ്പിച്ചും പറയുന്നു, പറഞ്ഞ കാര്യങ്ങളിൽനിന്നും കടുകുമണിയോളമോ ഒരിഞ്ചോ പിന്നോട്ടുപോകാൻ ഞാൻ തയ്യാറല്ല. അദ്ദേഹത്തിന് മറിച്ചൊരു വാദമോ തെളിവോ ഉണ്ടെങ്കിൽ കൊണ്ടുവരട്ടെ. ആക്ഷേപകരമായി പല കാര്യങ്ങളും പറയാൻ നിങ്ങൾ പരിശ്രമിച്ചു. അതുകൊണ്ടൊന്നും തളരുന്ന പ്രശ്നമില്ല, ഉത്തമബോധ്യമുള്ള കാര്യങ്ങൾ മാത്രമാണ് ഞാൻ പറഞ്ഞത്.

<u>മി. ചെയർമാൻ</u>: പ്ലീസ്.... അങ്ങ് കൺക്ലൂഡ് ചെയ്യണം. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ധനാഭ്യർത്ഥനകളെ പരാമർശിച്ച് സംസാരിക്കാൻ എനിക്ക് സാധിച്ചില്ല. ഈ വിഷയത്തിൽ ആത്മാർത്ഥമായ, നിലവാരമുള്ള സംവാദത്തിന് തയ്യാറാണെങ്കിൽ ആർക്കുവേണമെങ്കിലും മുന്നോട്ടുവരാം. നിങ്ങൾ പറയുന്ന വേദിയിൽ, നിങ്ങൾ പറയുന്ന സമയത്ത് ഞാൻ അവിടെയുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇത് ധനകാര്യവുമായി ബന്ധപ്പെട്ട ചർച്ചയായിരുന്നു. അദ്ദേഹം ധനാഭ്യർത്ഥനകളെക്കുറിച്ച് ഒരു വാക്കുപോലും ഇവിടെ പ്രതിപാദിച്ചിട്ടില്ല. അത് ചെയർ പരിശോധിച്ച് അനാവശ്യമായ ചർച്ചകളാണെങ്കിൽ രേഖകളിൽനിന്നും ഒഴിവാക്കണം.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. എന്റെ സുഹൃത്തുകൂടിയായ ഡോ. മാത്യു കുഴൽനാടൻ സംസാരിക്കുന്നത് കേട്ടപ്പോൾ

എനിക്ക് തമാശയാണ് തോന്നിയത്. ഇവിടെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയാണ് നടക്കുന്നത്. അതുമായി ബന്ധപ്പെട്ട് ഒരു വാക്കുപോലും പറയാതെ മറ്റ് കാര്യങ്ങളെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. നാടിനെ ഏതുവിധത്തിൽ മുന്നോട്ടുനയിക്കാൻ കഴിയുമെന്ന് ആലോചിക്കാനാണ് നമ്മൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. അതൊന്നുമില്ലാതെ ഒരു ബിരിയാണി ചെമ്പുമായി നടക്കാൻ തുടങ്ങിയിട്ട് കാലം കുറേയായി. ദയവുചെയ്ത് മറ്റുള്ള കാര്യങ്ങളൊക്കെ അവസാനിപ്പിക്കണം. ആര് വേണമെങ്കിലും ഇക്കാര്യങ്ങൾ അന്വേഷിക്കട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യങ്ങൾക്ക് കൃത്യമായ മറുപടി നൽകിയതല്ലേ? ഏത് ഉദ്യോഗസ്ഥർ വേണമെങ്കിലും അന്വേഷിക്കട്ടെ. ഒരു വർഷം അന്വേഷിച്ചിട്ടും ഒന്നും കിട്ടിയില്ല, ഒരാളിന്റെ പേരിൽ കേസെടുക്കാൻപോലും സാധിച്ചില്ല. പിന്നെ എന്തിനാണ് അനാവശ്യമായി സംസാരിച്ച് സമയം കളയുന്നത്? നല്ല നിർദ്ദേശങ്ങൾ നൽകുകയും ബഡ്ജറ്റിൽ എന്തെല്ലാം ഉൾപ്പെടുത്തണം, എന്തെല്ലാം പോരായ്മകളുണ്ട് തുടങ്ങിയ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുമാണ് വേണ്ടത്. കഴിഞ്ഞ ആറ് വർഷമായി അധികാരത്തിലിരിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് എല്ലാ വിഭാഗം ജനങ്ങളുടെ ക്ഷേമവും സംസ്ഥാനത്തിന്റെ

സമഗ്രവികസനവും ഏറ്റെടുത്ത് വൻ ജനപിന്തുണയോടെ മുന്നേറുകയാണ്. ക്ഷേത്രങ്ങളുടെയും വിശ്വാസികളുടെയും താല്പര്യം സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണനയാണ് നൽകുന്നത്. പ്രളയവും കോവിഡും സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ പ്രവർത്തനത്തിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. ഭക്തജനങ്ങൾക്ക് പ്രവേശനമില്ലാതെ, ക്ഷേത്രങ്ങൾ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിച്ച സാഹചര്യത്തിൽ അവരെ കൈപിടിച്ചുയർത്താൻ സർക്കാർ മുന്നിലുണ്ടായിരുന്നു. ഞങ്ങൾ വിശ്വാസികളല്ലെന്നാണ് പറയപ്പെടുന്നതെങ്കിലും, പ്രളയം/കോവിഡ് കാലങ്ങളിലുടലെടുത്ത പ്രതിസന്ധി പരിഹരിക്കാൻ 220 കോടി രൂപയാണ് ക്ഷേത്രങ്ങൾക്ക് സഹായധനമായി നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശബരിമല സന്ദർശിച്ച് ബഹുമാന്യരായ മന്ത്രിമാരുമായും അവിടത്തെ പ്രധാനപ്പെട്ട ആളുകളുമായും ചർച്ച നടത്തി അവിടെ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കുകയും ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതൊക്കെ അംഗീകരിക്കാതിരിക്കാൻ കഴിയുമോ? യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ജനങ്ങളോട് ക്ഷേത്രങ്ങളെ സഹായിക്കരുതെന്ന് ആഹ്വാനം ചെയ്തവരാണ്. ആരും ഭണ്ഡാരത്തിൽ പണമിടരുതെന്നുപോലും

പറയുകയുണ്ടായി. എൽ.ഡി.എഫ്. സർക്കാരാണ് വിശ്വാസികളുടെ താല്പര്യം സംരക്ഷിക്കുന്നത്. ദേവസ്വം ബോർഡുകളെ ജനാധിപത്യ രീതിയിൽ പ്രവർത്തിപ്പിക്കാനും ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായി അവിടത്തെ ഒഴിവുകൾ നടത്താനും നടപടി സ്വീകരിച്ചു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുള്ളതിനാൽ അതിലൂടെ മാത്രമേ നിയമനങ്ങൾ നടത്താൻ കഴിയുകയുള്ളൂ. അങ്ങനെ ആ മേഖലയിലുള്ള അഴിമതി അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് ശമ്പളം നൽകാൻ 220 കോടി രൂപയാണ് നൽകിയത്. മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ ഈ വർഷം പ്രത്യേകമായി 7.36 കോടി രൂപ അനുവദിച്ചു. അതുപോലെ പൂജാവിധികൾ പഠിച്ച ഹിന്ദുമതത്തിൽപ്പെട്ട പിന്നോക്ക വിഭാഗക്കാരെ പൂജാരിമാരായി നിയമിച്ച് ചരിത്രം സൃഷ്ടിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. ഒരു വിഭാഗക്കാർക്കുമാത്രമേ ഇതിന് സാധിക്കൂവെന്ന ചിന്തയിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. വളരെ മുമ്പേ ആഗ്രഹിച്ചിരുന്നതും എന്നാൽ പേടികൊണ്ട് പലരും ചെയ്യാതിരുന്നതുമായ

കാര്യമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. കോവിഡ് കാലം മുതൽ മുടങ്ങിക്കിടന്ന ശബരിമല തീർത്ഥാടനം ഈ വർഷം പരാതിക്കിടനൽകാതെ മികച്ച രീതിയിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ദേവസ്വം ബോർഡും സർക്കാരും മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചത്. ശബരിമലയുടെ വികസനത്തിനും അയ്യപ്പഭക്തരുടെ സൗകര്യത്തിനുമായി നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതൊക്കെ ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? തിരുവല്ലം ശ്രീ പരശുരാമസ്വാമി ക്ഷേത്രം, കാടാമ്പുഴ ക്ഷേത്രം, തിരുനെല്ലി ക്ഷേത്രം തുടങ്ങിയവയുടെ വികസനത്തിന് പ്രത്യേക ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വയനാട്ടിലെ തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രത്തിന്റെ വികസനത്തിനായി 12 കോടി രൂപയാണ് വകയിരുത്തിയത്. മട്ടന്നൂരിലുള്ള ശ്രീ മൃദംഗശൈലേശ്വരി ദുർഗ്ഗാ ക്ഷേത്രത്തിന് ടൂറിസം വകുപ്പ് കിഫ്ബിയിലൂടെ രണ്ടര കോടി രൂപ ചെലവഴിച്ച് ഒരു ബൃഹദ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഏറ്റവുമവസാനം രൂപീകരിച്ച മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ 1378 ക്ഷേത്രങ്ങളുണ്ടെങ്കിലും അവയിൽ പത്തോ ഇരുപത്തിയഞ്ചോ

എണ്ണത്തിനുമാത്രമാണ് വരുമാനമുള്ളത്. ബാക്കി ക്ഷേത്രങ്ങളുടെ അവസ്ഥ പരിതാപകരമാണ്. അതുപോലെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഏക്കർ കണക്കിന് ഭൂമി തിരിച്ചുപിടിക്കാനുണ്ട്. 24693 ഏക്കർ ഭൂമി കയ്യേറിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇത് പരിശോധിക്കാൻ ഒരു ലാൻഡ് കൺസർവേഷൻ യൂണിറ്റും സ്പെഷ്യൽ ലാൻഡ് ട്രിബ്യൂണലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. പഴയ മദ്രാസ് ഗവൺമെന്റിന്റെ കാലത്തെ Hindu Religious and Charitable Endowments (HR & CE) നിയമവും ചട്ടവുമാണ് ഇന്നും മലബാർ ദേവസ്വം ബോർഡിനെ നയിക്കുന്നത്. ഇത് ഒട്ടനവധി പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ നടത്തിപ്പിന് പരിഷ്കരിച്ച ചട്ടവും നിയമവുമുണ്ടാകണം. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക കൊടുത്തുതീർക്കാനാവശ്യമായ ഇടപെടൽ നടത്തേണ്ടത് അനിവാര്യമാണ്. കേരളത്തിൽ അഞ്ച് ദേവസ്വം ബോർഡുകളാണുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള 1249 ക്ഷേത്രങ്ങളിൽ അമ്പതിൽ താഴെയുള്ളവയ്ക്കുമാത്രമാണ് നിലനിൽപ്പിനുള്ള വരുമാനം കിട്ടുന്നത്. ബാക്കിയുള്ളവയുടെ അവസ്ഥ പരിതാപകരമാണ്. മറ്റൊന്ന്, കൊച്ചിൻ

ദേവസ്വമാണ്. അതിന്റെ കീഴിൽ 406 ക്ഷേത്രങ്ങളാണുള്ളത്. അവിടെയും ഇതുതന്നെയാണ് അവസ്ഥ. പത്തോ അൻപതോ ക്ഷേത്രങ്ങളൊഴിച്ചാൽ ബാക്കിയുള്ളവയുടെ വരുമാനം തുലോം കുറവാണ്. കൂടൽമാണിക്യം ദേവസ്വത്തിനുകീഴിൽ 12 ക്ഷേത്രങ്ങളാണുള്ളത്. അവിടെ അത്യാവശ്യം വരുമാനം ലഭിക്കുന്നുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ 11 ക്ഷേത്രങ്ങളാണുള്ളത്, ഏകദേശം 1600 കോടി രൂപ ഡെപ്പോസിറ്റുണ്ട്. എങ്കിലും നിരവധി സഹായങ്ങൾ അവിടെയും ഗവൺമെന്റ് ചെയ്യുന്നതായി കാണാൻ സാധിക്കും. മലബാർ ദേവസ്വം ബോർഡിനുകീഴിലാണ് ഏറ്റവും കൂടുതൽ ക്ഷേത്രങ്ങളുള്ളത്. അവിടെ 1390 ക്ഷേത്രങ്ങളുള്ളതിൽ പത്ത് മുതൽ ഇരുപത് വരെ ക്ഷേത്രങ്ങൾക്കുമാത്രമേ വരുമാനമുള്ളൂ. അവിടത്തെ പല ക്ഷേത്രങ്ങളിലെയും ജീവനക്കാർക്ക് ഒരു വർഷത്തോളമായി ശമ്പളം കുടിശ്ശികയായിരിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ക്ഷേത്രകാര്യങ്ങളിൽ പ്രത്യേക താല്പര്യമെടുക്കുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നതുകൊണ്ട് നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സാമ്പത്തികമായി സംസ്ഥാന സർക്കാരിനെ തകർക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുമ്പോഴും ഏറ്റെടുത്ത വികസന ക്ഷേമ പദ്ധതികൾ ഓരോന്നും സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നമുക്ക് ഒന്നിച്ചുനിന്നുകൊണ്ട് നാടിനെ മുന്നോട്ടുനയിക്കണമെന്നതുതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ലക്ഷ്യം. എല്ലാവിധ ആധുനിക സാങ്കേതികവിദ്യകളും ഉപയോഗിച്ച് റവന്യൂ വകുപ്പിനെ മുന്നോട്ടുനയിക്കാൻ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിച്ചത് പ്രശംസാർഹമാണ്. റവന്യൂ വകുപ്പിനെ ഇ-ഓഫീസാക്കി, ഇ-ഡിസ്ട്രിക്ടാക്കി മാറ്റിയിരിക്കുകയാണ്. വികസനകാര്യത്തിൽ ആരോഗ്യകരമായൊരു മത്സരത്തിലൂടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് കേന്ദ്രം ബി.ജെ.പി. ഭരിച്ചിട്ടും പലകാര്യങ്ങളിലും കേരളത്തിന് ഒന്നാം സ്ഥാനത്തെത്താൻ സാധിച്ചത്. കാരണം ബഹുമാന്യരായ മന്ത്രിമാർ കൃത്യമായ ഇടപെടലുകൾ നടത്തുകയും മുഖ്യമന്ത്രി മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. എനിക്ക് പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത് മറ്റ് വിഷയങ്ങളെല്ലാം മാറ്റിവച്ച് ജനങ്ങൾക്കുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നതിനെപ്പറ്റി ആലോചിക്കണമെന്നാണ്. അന്വേഷണങ്ങൾ

അതിന്റെ വഴിക്ക് നടക്കട്ടെ, അതിനുവേണ്ടി തർക്കിക്കണ്ട. ഞാൻ അവസാനിപ്പിക്കുന്നു.

**1.00 pm]**

## VI അടിയന്തരപ്രമേയ ചർച്ച

### എ.കെ.ജി. സെന്ററിനും കോൺഗ്രസ് ഓഫീസുകൾക്കും നേരെയുണ്ടായ ആക്രമണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങേയ്ക്ക് സംസാരിക്കാൻ പതിനഞ്ച് മിനിട്ട് സമയമാണ് അനുവദിച്ചിട്ടുള്ളത്. കൃത്യസമയത്തുതന്നെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, തിരുവനന്തപുരത്ത് എ.കെ.ജി. സെന്ററിലേയ്ക്ക് സ്ഫോടകവസ്തു എറിഞ്ഞ് നാല് രാത്രിയും മൂന്ന് പകലും കഴിഞ്ഞിട്ട് ഇതുവരെയും അക്രമിയെ കണ്ടെത്താൻ പോലീസിന് കഴിഞ്ഞിട്ടില്ല. ഈ സംഭവം നടന്ന് മിനിട്ടുകൾക്കകം അവിടെയെത്തിയ സി.പി.ഐ.(എം) നേതാക്കൾ ഇതിനുപിന്നിൽ കോൺഗ്രസുകാരാണെന്ന്

ആരോപിക്കുകയും സംസ്ഥാനവ്യാപകമായി കോൺഗ്രസ് പാർട്ടി ഓഫീസുകളും സ്വാതന്ത്ര്യസമര സ്മാരകങ്ങളും ആക്രമിക്കുകയുമുണ്ടായി. കൊലവിളിയുമായെത്തിയ സി.പി.ഐ.(എം) ഗുണ്ടാസംഘം പോലീസിന്റെ മുന്നിൽവച്ച് കോട്ടയം ഡി.സി.സി. ഓഫീസ് ആക്രമിക്കുകയും തീപ്പന്തം എറിയുകയും ചില്ലുകൾ തകർക്കുകയും ചെയ്തു. ഇത്തരത്തിൽ അക്രമി സംഘം അഴിഞ്ഞാടുമ്പോൾ പോലീസ് കയ്യുംകെട്ടി കാഴ്ചക്കാരായി നിൽക്കുന്ന ചിത്രമാണ് നമ്മൾ അവിടെ കണ്ടത്. പാലക്കാട് ജില്ലയിലെ മന്തക്കാടുള്ള ഗാന്ധിസ്തൂപം അടിച്ചുതകർക്കുന്നത് തടയാൻ ശ്രമിച്ച സർക്കിൾ ഇൻസ്പെക്ടറെ സി.പി.ഐ.(എം) അക്രമികൾ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചു. പാലക്കാട് യൂത്ത് കോൺഗ്രസിന്റെ യുവ ചിന്തൻ ശിബിർ വേദിയിലേയ്ക്ക് അക്രമിസംഘമെത്തുകയും കമാനങ്ങൾ തകർക്കുകയും ചെയ്തു. ഇതേ അക്രമികൾ കോഴിക്കോട്, വടകരയിലുള്ള ചോറോട് കോൺഗ്രസിന്റെ പാർട്ടി ഓഫീസും സ്തൂപങ്ങളും തകർക്കുന്നതും ആലപ്പുഴയിൽ ഹെഡ് പോസ്റ്റോഫീസിനുമുന്നിലുള്ള ഇന്ദിരാഗാന്ധി പ്രതിമയുടെ കൈ വെട്ടിമാറ്റുന്നതും പോലീസ് കണ്ടുനിന്നു. ആലപ്പുഴയിലെ ഒരു എം.എൽ.എ.-യുടെ നേതൃത്വത്തിൽ, "പ്രസ്ഥാനത്തിനുനേരെ വന്നാൽ ആ കാല് വെട്ടും, ആ

കൈ വെട്ടും, ആ തല വെട്ടി ചെങ്കൊടി നാട്ടും " എന്ന് കൊലവിളി ജാഥ നടത്തി. ഈ കൊലവിളി സംഗീതം ആസ്വദിച്ചുകൊണ്ട് പോലീസ് മുന്നിലും പിന്നിലുമായി അവർക്കൊപ്പം നടന്നുകൊണ്ടിരുന്നു. തിരുവനന്തപുരത്ത് കോൺഗ്രസിന്റെ നിരവധി പാർട്ടി ഓഫീസുകളും ഒറ്റശേഖരമംഗലത്ത് ഇന്ദിരാഗാന്ധി പ്രതിമയും തകർക്കുകയുണ്ടായി. മ്യൂസിയം പോലീസ് സ്റ്റേഷനുമുന്നിലൊരു ഐ.എൻ.ടി.യു.സി. ഓഫീസുണ്ട്. അവിടത്തെ എസ്.എച്ച്.ഒ.-യ്ക്ക് ജനാലയിൽക്കൂടി നോക്കിയാൽ കാണാൻ കഴിയുന്ന ആ ഓഫീസും അക്രമിസംഘം അടിച്ചുതകർക്കുകയുണ്ടായി. ഇവിടെ ഗുണ്ടാസംഘം അഴിഞ്ഞാടുകയാണ്. ഇതെല്ലാം എ.കെ.ജി. സെന്റർ ആക്രമിച്ചതിനുശേഷമാണുണ്ടായത്. ഞാൻ ചില ചോദ്യങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, എ.കെ.ജി. സെന്റർ സ്ഥിതി ചെയ്യുന്നത് തിരുവനന്തപുരത്തെ അതിസുരക്ഷിത മേഖലയിലാണ്. പോലീസ് കാവലുണ്ടായിരുന്നിട്ടും അവിടെ എങ്ങനെയാണിത് സംഭവിച്ചതെന്ന് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി വിശദീകരിക്കേണ്ടതല്ലേ? രണ്ട്, സംഭവമുണ്ടായ ഉടൻതന്നെ ഇതിലുൾപ്പെട്ട, സ്കൂട്ടറിലെത്തിയ ആളെ പിന്തുടരാൻപോലും പോലീസ് ശ്രമിക്കാതിരുന്നത് എന്തുകൊണ്ടാണ്? മൂന്ന്,

നിയമസഭ, സെക്രട്ടേറിയറ്റ്, രാജ്ഭവൻ, ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും മന്ത്രിമാരുടെയും വസതികൾ എന്നിവയ്ക്കുപുറമെ തന്ത്രപ്രധാനമായ ഓഫീസുകളെല്ലാം സ്ഥിതി ചെയ്യുന്നതിനാൽ തിരുവനന്തപുരം നഗരം എപ്പോഴും പോലീസ് സർവൈലൻസിലാണ്. അങ്ങനെയുള്ള ഈ നഗരത്തിലൂടെ സ്കൂട്ടറിൽ ഒരു അക്രമി പോയാൽ വയർലെസ് മെസ്സേജിലൂടെ മിനിട്ടുകൾക്കകം അയാളെ അറസ്റ്റ് ചെയ്യാൻ കഴിയും. എന്നിട്ടും എന്തുകൊണ്ടാണ് അയാളെ തടയുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്യാത്തത്? നാല്, സി.സി.ടി.വി. ക്യാമറകൾ പരിശോധിക്കുന്നതിനുപോലും പോലീസ് അനാസ്ഥയാണ് കാണിക്കുന്നത്. അവിടെ വ്യാപാര സ്ഥാപനങ്ങളിലും വീടുകളിലുമൊക്കെ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അത് പരിശോധിക്കുന്നതിലുള്ള പോലീസിന്റെ മെല്ലെപ്പോക്ക് ദുരൂഹമാണ്. കന്റോൺമെന്റ്, മ്യൂസിയം, വഞ്ചിയൂർ, പേട്ട, പട്ടം ട്രാഫിക് സ്റ്റേഷനുകളുടെ മധ്യത്തിൽ ഈ സംഭവം നടന്നിട്ട് എന്തുകൊണ്ടാണ് അക്രമിയെ അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിയാത്തത്? ഇപ്പോൾ ഏതെങ്കിലും നിരപരാധിയുടെ തലയിൽ ഇത് വച്ചുകെട്ടി വഴിതിരിച്ചുവിടാനുള്ള ശ്രമമാണ് നടക്കുന്നത്. ഇത് പറയാൻ കാരണം,

ഇവിടെ ഫേസ് ബുക്ക് പോസ്റ്റിട്ടുവെന്ന പേരിൽ ഒരാളെ അറസ്റ്റ് ചെയ്ത് കസ്റ്റഡിയിലെടുക്കുകയുണ്ടായി. അയാളെ ആദ്യം ഈ കേസിലെ പ്രതിയാക്കാനാണ് ശ്രമിച്ചത്. പിന്നെ കലാപാഹ്വാനത്തിന് കേസെടുക്കുന്നതിന് ശ്രമിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ സുപ്രധാനമായൊരു കേസാണ് D.K Basu Vs. State of West Bengal. അതിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു ഗൈഡ്‌ലൈനുണ്ട്. ആ ഗൈഡ്‌ലൈനിന് വിരുദ്ധമായി ഫേസ്ബുക്ക് പോസ്റ്റിട്ട ഒരാളെ പത്തുമുപ്പത് മണിക്കൂർ കസ്റ്റഡിയിൽ വച്ചതിന് ആഭ്യന്തര വകുപ്പ് മറുപടി പറയേണ്ടതല്ലേ? പോലീസിന്റെ നിഷ്ക്രിയത മാത്രമല്ല ഈ അടിയന്തരപ്രമേയത്തിലൂടെ ഞങ്ങൾ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നത്. പോലീസിനെ അമിതമായി രാഷ്ട്രീയവൽക്കരിക്കുന്ന അപകടകരമായ അവസ്ഥ ഇവിടെയുണ്ട്. പ്രതിപക്ഷനേതാവിനെയും കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരനെയുമൊക്കെ ആക്രമിക്കുമെന്ന് ഫേസ് ബുക്ക് പോസ്റ്റിട്ടിട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തോ? ഇന്ത്യയിലെ തലമുതിർന്ന രാഷ്ട്രീയ നേതാക്കളിലൊരാളും മുൻ പ്രതിരോധ മന്ത്രിയുമായ ശ്രീ. എ. കെ. ആന്റണിയുടെ സാന്നിദ്ധ്യമുള്ളപ്പോൾത്തന്നെ നൂറുകണക്കിനാളുകൾ

പ്രകടനമായി വന്ന് മാധ്യമങ്ങളുടെ തത്സമയ സംപ്രേക്ഷണത്തോടുകൂടി കെ.പി.സി.സി. ഓഫീസ് ആക്രമിച്ചു. അതിനൊരു സി.സി.ടി.വി.-യും പരിശോധിക്കണ്ടേ? എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വ്യക്തമാക്കണം. പ്രതിപക്ഷനേതാവിന്റെ വസതിക്കുനേരെ ആക്രമണം നടത്തിയ ഡി.വൈ.എഫ്.ഐ.-ക്കാരെ സുരക്ഷാ ഉദ്യോഗസ്ഥർ പിടികൂടി പോലീസിലേൽപ്പിച്ചിട്ട് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയയ്ക്കുകയല്ലേ ചെയ്തത്? ഇവിടെ നിരന്തരമായി കൊലവിളി പ്രസംഗങ്ങളുണ്ടാകുന്നുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ ഓരോ ഉദാഹരണങ്ങളിലേയ്ക്കും പോകുന്നില്ല. അതിനെതിരെ എന്ത് നടപടിയാണെടുക്കുന്നത്? പോലീസിന്റെ കെടുകാര്യസ്ഥതയും അമിതമായ രാഷ്ട്രീയവൽക്കരണവും സംസ്ഥാനത്തെ എവിടെയെത്തിക്കുന്നുവെന്നതാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. കോട്ടയം ഡി.സി.സി. ഓഫീസ് ആക്രമിച്ചിട്ട് മൂന്ന് ദിവസത്തോളമായി. അവിടെ കളക്ടറേറ്റ് മാർച്ച് നടന്നപ്പോൾ കോൺഗ്രസിന്റെയും യൂത്ത് കോൺഗ്രസിന്റെയും 23 നേതാക്കളിൽ 12 പേരെ കള്ളക്കേസിൽപ്പെടുത്തി അന്നുതന്നെ ജയിലിലടയ്ക്കുകയുണ്ടായി. മറ്റുള്ളവരുടെയെല്ലാം വീടുകളിൽ

കയറിയിറങ്ങി നടന്നു. എന്നാൽ ഡി.സി.സി. ഓഫീസ് പോലീസിന്റെ സാന്നിദ്ധ്യത്തിൽ ആക്രമിച്ച് മൂന്ന് ദിവസം കഴിഞ്ഞിട്ട് ഇന്ന് രാവിലെ അടിയന്തരപ്രമേയ നോട്ടീസ് അവതരണത്തിനും ഉച്ചയ്ക്ക് ഒരു മണിയുടെ പ്രമേയാവതരണത്തിനുമിടയിൽ 5 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. എന്തായാലും ആശ്വാസമായി. ഇന്ന് ഈ വിഷയം സംബന്ധിച്ച് അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തതുകൊണ്ട് ഈ 3 മണിക്കൂർ ഗ്യാപ്പിൽ നടപടിയെടുത്തു. സി.സി.ടി.വി. പരിശോധിച്ചിട്ടില്ല. ഞങ്ങളുടെ കയ്യിൽ ആ ഗുണ്ടകളുടെ ചിത്രങ്ങളുണ്ട്. അവർ കോട്ടയത്തെ അറിയപ്പെടുന്ന ഗുണ്ടകളാണ്. ഈ സംഭവമുണ്ടായ ഉടൻതന്നെ എൽ.ഡി.എഫ്. കൺവീനർ ശ്രീ. ഇ.പി. ജയരാജൻ മ്യൂസിക്കിട്ട് പിറകിൽ കയ്യൊക്കെ കെട്ടി സി.ബി.ഐ. മോഡലിൽ അവിടെയെത്തി; എന്നിട്ട് പ്രഖ്യാപിക്കുകയാണ്, 'ഒരു സി.സി.ടി.വി.-യും നോക്കണ്ട, ആരുടെയും മൊഴിയെടുക്കണ്ട, വിശദാംശങ്ങളൊന്നും അന്വേഷിക്കണ്ട, ഇതിന്റെ പിന്നിൽ കോൺഗ്രസ്സാണ് എന്ന്. ഈ കേസന്വേഷിക്കുന്ന പോലീസ് ശ്രീ. ഇ. പി. ജയരാജനെ ചോദ്യം ചെയ്തോ? എ.കെ.ജി. സെന്റർ ആക്രമിച്ചത് കോൺഗ്രസ്സാണെന്ന വിവരം അഞ്ച് മിനിട്ടുകൊണ്ട് അദ്ദേഹത്തിന് കിട്ടിയത് എവിടെനിന്നാണ്?

മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ മാധ്യമങ്ങളെ കണ്ടപ്പോൾ പറഞ്ഞത് അതുപോലെതന്നെ ഞാൻ വായിക്കാം. " അത്യന്തം ഭീകരമായ, ഒരു കെട്ടിടം ഇടിഞ്ഞുപൊളിഞ്ഞ് വീഴുന്നതുപോലെ, നമുക്ക് ചിന്തിക്കാൻ കഴിയുന്നതിനുമപ്പുറത്തുള്ള ഭീകരമായ ഒരു ശബ്ദമാണ് അവിടെ ഉണ്ടായത്." ഞാൻ ചോദിക്കട്ടെ, 8 പോലീസുകാർ അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്നിട്ട് ഇത്രയും ഭീകരമായ, എ.കെ.ജി. സെന്റർ ഇടിഞ്ഞുപൊളിഞ്ഞ് പോകുന്നതുപോലുള്ള ശബ്ദം അവർ കേട്ടില്ലേ? സുരക്ഷയ്ക്കായിട്ടല്ലേ അവരെ വിന്യസിച്ചിരിക്കുന്നത്; എ.കെ.ജി. സെന്ററിന് ചുറ്റുമായിരിക്കില്ലേ പോലീസ്സംഘം ഉണ്ടാകേണ്ടത്; അവർ എവിടെയായിരുന്നു? അപ്പോൾ ഈ സംഭവം നടക്കുന്ന 11.20-ഉം 11.23-നുമിടയ്ക്ക് അവിടെനിന്ന് പോലീസിനെ മാറ്റിയിട്ടുണ്ടെന്നാണ് ഊഹിക്കേണ്ടത്. അങ്ങനെയാണെങ്കിൽ സുരക്ഷാ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ ആരുടെ നിർദ്ദേശപ്രകാരമാണ് പിൻവലിച്ചത്; അല്ലെങ്കിൽ പോലീസ് അക്രമിയെ എന്തുകൊണ്ട് അറസ്റ്റ് ചെയ്യാൻ തയ്യാറായില്ല എന്നീ ചോദ്യങ്ങൾ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഞങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. എ.കെ.ജി. സെന്ററിനുനേരെ ഭീകരാക്രമണം

നടന്നുവെന്നാണ് എൽ.ഡി.എഫ്. കൺവീനർ പറഞ്ഞത്. ഭീകരാക്രമണങ്ങളെക്കുറിച്ച് പഠനം നടത്തുന്ന വിദേശ ഏജൻസികളൊക്കെ ഇവിടെ വരാൻ പോകുകയാണ്. കാരണം, ഇത് നാനോ ടെക്നോളജിയുടെ കാലത്തെ നാനോ ഭീകരാക്രമണമാണ്. അതായത്, കടലാസോ കരിയിലയോ കത്താതെ മതിലിലെ മൂന്ന് ചെറിയ കല്ലിൻ കഷ്ണങ്ങളെ മാത്രം ലക്ഷ്യമിട്ട് നടത്തുന്ന നാനോ ഭീകരാക്രമണം. ലോകത്ത് ഭീകരാക്രമണ ചരിത്രത്തിലിടം നേടാൻ പോകുന്ന, പുസ്തകമെഴുതാൻ പോകുന്ന ആളുകൾ റഫർ ചെയ്യാൻ പോകുന്ന നാനോ ഭീകരാക്രമണമാണ്. 2017-ൽ തലശ്ശേരി നങ്ങാറത്ത് പീടികയിൽ വച്ച് മുൻ ആഭ്യന്തര വകുപ്പുമന്ത്രിയും പോളിറ്റ് ബ്യൂറോ മെമ്പറും പാർട്ടി സെക്രട്ടറിയുമായ സഖാവ് കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗവേദിയിലേയ്ക്ക് ബോംബെറിഞ്ഞിട്ട് ഇപ്പോൾ 5 വർഷമായി. ഇതുവരെ ഒരാളെപ്പോലും പിടിക്കാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തെ ബോംബെറിഞ്ഞ് കൊല്ലാൻ ശ്രമിച്ചത് ആരാണെന്ന് അറിയേണ്ടതല്ലേ? ശ്രീ. സന്ദീപാനന്ദ ഗിരിയുടെ ആശ്രമം കത്തിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മിനിട്ടുകൾക്കകം അവിടെയെത്തുകയും പ്രതികളെ അറസ്റ്റുചെയ്ത് നിയമത്തിനുമുമ്പിൽ കൊണ്ടുവരുമെന്ന് പറയുകയും ചെയ്തു.

എന്നിട്ട് ആരെയെങ്കിലും പിടിച്ചോ; ഇതുവരെ പ്രതിയെ കിട്ടിയോ; ശ്രീ. സന്ദീപാനന്ദ ഗിരിയുടെ ആശ്രമം കത്തിച്ചത് ആരാണെന്നറിയാൻ താല്പര്യമില്ലേ; കേരളത്തിന്റെ പൊതു നിയമസംവിധാനത്തെ സംബന്ധിച്ചുള്ള ആശങ്കയായി അതവിടെ നിൽക്കുകയല്ലേ? സഖാവ് പി. കൃഷ്ണപിള്ള അഭിവന്ദ്യനായ ഒരു നേതാവാണ്. ഗുരുവായൂർ സത്യാഗ്രഹം നടക്കുമ്പോൾ കോൺഗ്രസ് വോളന്റിയറായി ഗുരുവായൂരമ്പലത്തിന്റെ മുന്നിൽവന്ന് മണിയടിച്ചത് സഖാവ് പി. കൃഷ്ണപിള്ളയാണ്. സി.പി.ഐ.(എം)-ന്റെ സ്ഥാപക നേതാക്കളിൽ ഒരാളാണദ്ദേഹം. സഖാവെന്നുമാത്രം പറഞ്ഞാലും അറിയുന്ന ആളാണ് പി. കൃഷ്ണപിള്ള. അദ്ദേഹം താമസിച്ചിരുന്ന വീട് ഇന്നൊരു സ്മാരകമാണ്. 2013 ഒക്ടോബർ 31-ന് പുലർച്ചെ കഞ്ഞിക്കുഴി കണ്ണർകാട്ടുള്ള അദ്ദേഹത്തിന്റെ വീട് കത്തിച്ചു. പിറ്റേന്ന് സി.പി.ഐ.(എം) ഹർത്താൽ നടത്തുകയും ആക്രമണത്തിനുപിന്നിൽ കോൺഗ്രസ്സാണെന്ന് ആരോപിച്ച് കോൺഗ്രസിന്റെ പാർട്ടി ഓഫീസുകൾ ആക്രമിക്കുകയും സ്തൂപങ്ങൾ തകർക്കുകയും ചെയ്തു. അവസാനം പ്രതികളായി വന്നത് സി.പി.ഐ.(എം)-കാരായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനായ, മരണകിടക്കയിൽ വച്ച് "സഖാക്കളേ മുന്നോട്ട്" എന്നെഴുതിയ പി.

കൃഷ്ണപിള്ളയുടെ സ്മാരകം തകർക്കാൻ എങ്ങനെ തോന്നി? കഴിഞ്ഞദിവസം എ.കെ.ജി. സെന്ററിൽ ഒരു സൗഹൃദ സന്ദർശനമുണ്ടായി. എസ്.ഡി.പി.ഐ. (Social Democratic Party of India)-യുടെ നേതാക്കൾ അവിടെ സ്ഥിതിഗതികൾ വിലയിരുത്താനെത്തിയെന്നാണ് പറയുന്നത്. രണ്ടാം തീയതിയോ മൂന്നാം തീയതിയോ ആയിരുന്നു അത്. അതുസംബന്ധിച്ച് എസ്.ഡി.പി.ഐ. ദേവികുളം മണ്ഡലം കമ്മിറ്റിയുടെ ഫേസ്ബുക്ക് പോസ്റ്റ് കാണാനിടയായി. അഭിമന്യുവിന്റെ രക്തസാക്ഷിത്വ ദിനവും ഈ രണ്ടാം തീയതിയായിരുന്നു. മഹാരാജാസ് കോളേജിന്റെ ചുമരിൽ 'വർഗ്ഗീയത തുലയട്ടെ' എന്നെഴുതിയ നിങ്ങൾ എ.കെ.ജി. സെന്ററിന്റെ മതിലിൽ 'ഇവിടെ തൽക്കാലം വർഗ്ഗീയത തുലയണ്ട' എന്നുകൂടി എഴുതിവയ്ക്കണമായിരുന്നു; അല്ലെങ്കിൽ അറിയാതെ വർഗ്ഗീയത വന്ന് തുലഞ്ഞുപോയാലോ. ഭരിക്കുന്ന പാർട്ടിയുടെ കൊള്ളരുതായ്മയ്ക്ക് കുടപിടിക്കുന്ന സംഘമാക്കി പോലീസിനെ മാറ്റിയിരിക്കുകയാണ്. കയ്യുംകാലും കെട്ടി പോലീസിനെ നിഷ്ക്രിയമാക്കിയിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കാനുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, പ്രതിപക്ഷത്തുനിന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ഈ വിഷയം സംബന്ധിച്ച് പ്രമേയം അവതരിപ്പിച്ചതിനെ ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. കാര്യങ്ങൾക്കൊരു വ്യക്തതയുണ്ടാകാൻ ഇത് സഹായിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കോൺഗ്രസിന്റെ രീതിയനുസരിച്ചായിരുന്നെങ്കിൽ എ.കെ.ജി. സെന്റർ ആക്രമണത്തിൽ അന്വേഷണം നടത്താതെതന്നെ കോൺഗ്രസുകാരെ പിടിച്ച് ജയിലിലിലാക്കാമായിരുന്നു. പക്ഷെ ഞങ്ങൾക്ക് ഇക്കാര്യത്തിൽ മാന്യതയുണ്ട്. വസ്തുതാപരമായ അന്വേഷണം നടത്തി മാത്രമേ യഥാർത്ഥ കുറ്റവാളിയെ നിയമത്തിനുമുമ്പിൽ കൊണ്ടുവരൂ. അതാണ് ഞങ്ങളുടെ പ്രത്യേകത. പല കേസുകളിലും അങ്ങനെയാണ് ചെയ്തിട്ടുള്ളത്. പക്ഷെ നിങ്ങൾക്കത് അന്യമാണ്. കാരണം, നിങ്ങൾ എന്റെ പേരിൽ കേസെടുത്തു; അതിൽ എന്ത് ന്യായമാണുണ്ടായിരുന്നത്? 46 ദിവസത്തെ ജയിൽവാസം, 9 മാസം കോട്ടയം ജില്ലയിൽ കയറാൻ പാടില്ല എന്നതായിരുന്നു വ്യവസ്ഥ. അവസാനം ഹൈക്കോടതി ആ കേസ് നിയമവിരുദ്ധമാണെന്ന് പറഞ്ഞ് റദ്ദ്

ചെയ്യുകയുണ്ടായി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീകൃഷ്ണന്റെ നിറമുള്ള എന്റെ സുഹൃത്താണ്; ശ്രീകൃഷ്ണന്റെ കയ്യിലിരുപ്പാണ് പുള്ളിയുടെയും കയ്യിലിരുപ്പ്. പുള്ളിയായിരുന്നു അന്ന് ആഭ്യന്തരമന്ത്രി. പുള്ളി എന്നിട്ട് ബന്ധക്കാരെ ബോധിപ്പിക്കാൻ തൊടുപുഴയിൽ വന്ന് പ്രസംഗിച്ചു, 'ഇവിടെ ഒരു ശല്യമുണ്ടായിരുന്നു, ആ ശല്യത്തിനെ ഞങ്ങൾ ഒഴിവാക്കിയിട്ടുണ്ട്' എന്ന്. ഇടുക്കിയിൽ നിന്ന് എന്നെ ഒഴിവാക്കിയിട്ടുണ്ടെന്നാണ് അദ്ദേഹം പ്രസംഗിച്ചത്. അതുകൊണ്ട് നിങ്ങൾ നിയമപാലനത്തെയും നീതിപൂർവ്വമായ അന്വേഷണത്തെയും കുറിച്ചൊന്നും ഞങ്ങളോട് പറയണ്ട. മൂത്തമ്മ വിരോധം മാതിരി ഒരേർപ്പാട് ഞങ്ങളോട് കാണിക്കുന്നത് ശരിയല്ല. കേസിന്റെ ഗൗരവം ഞങ്ങളെ പഠിപ്പിക്കുകയാണോ? നിങ്ങൾ ചെയ്യുന്നതുപോലെ നിങ്ങളുടെ ആളുകളെ അറസ്റ്റ് ചെയ്ത് ജയിലിലിടാമല്ലോ. നിങ്ങളിതിൽ പ്രതിയല്ലെന്നല്ല, നിങ്ങളെ ഞങ്ങൾക്ക് സംശയമുണ്ട്. കാരണം, എ.കെ.ജി. സെന്റർ ആക്രമിക്കുമെന്ന് നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ്

നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെ ചെയ്താൽ എന്തുചെയ്യുമെന്നും ചോദിച്ചിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. എം. എം. മണി: സർ, പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല. എനിക്ക് പറയാനുള്ളത് ഞാൻ പറയട്ടെ. അതിനുശേഷം എന്താണ് വേണ്ടതെന്നുവച്ചാൽ ബഹുമാനപ്പെട്ട സ്പീക്കർ ചെയ്തോളും. (...ബഹളം...)

മി. സ്പീക്കർ: അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ....(ബഹളം)....

മി. സ്പീക്കർ: പിന്നീട് അനുവദിക്കാമെന്ന് പറഞ്ഞല്ലോ; ശ്രീ. എം. എം. മണി, അങ്ങ് ചെയറിനെ അഭിസംബോധന ചെയ്ത് പ്രസംഗിക്കൂ.

ശ്രീ. എം. എം. മണി: സർ, ശ്രീ. പി. സി. വിഷ്ണുനാഥിന് തോന്നുന്നതൊക്കെ പറയാം, ഒരു പ്രശ്നവുമില്ല. ഞാൻ പറഞ്ഞത് നൂറ് ശതമാനവും ഉത്തരവാദിത്വത്തോടുകൂടിയാണ്. എ.കെ.ജി. സെന്റർ ആക്രമിക്കുമെന്ന് നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞതാണ്. അതുകൊണ്ട് നിങ്ങളെ ഞങ്ങൾക്ക് സംശയമുണ്ട്. അടിയന്തരപ്രമേയം

അവതരിപ്പിച്ചപ്പോൾ ഞങ്ങൾക്ക് നിങ്ങളെ കൂടുതൽ സംശയമായിരിക്കുകയാണ്. (.....ബഹളം....). നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്? ശ്രീ. പി. സി. വിഷ്ണുനാഥ് എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു, ഞങ്ങൾ കേട്ടുകൊണ്ടിരുന്നില്ലേ?

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഉണ്ടെങ്കിൽ പ്രസംഗം കഴിഞ്ഞ് ഉന്നയിക്കാം.

ശ്രീ. എം. എം. മണി: സർ, സാമാന്യമര്യാദ കാണിക്കണം, ഞാൻ പറയുന്നത് കേൾക്കൂ, ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞതെല്ലാം ഞങ്ങൾ കേട്ടുകൊണ്ടിരുന്നല്ലോ, വല്ലതും മിണ്ടിയോ?

മി. സ്പീക്കർ: ശ്രീ എം.എം. മണി, അങ്ങ് ദയവുചെയ്ത് ചെയറിനെ അഭിസംബോധന ചെയ്യൂ.

ശ്രീ. എം. എം. മണി: സർ, ഒരു സാമാന്യമര്യാദ ഞങ്ങളോട് കാണിക്കണം. കള്ളനെ പിടിക്കാൻവേണ്ടി, കോഴി കട്ടവന്റെ തലയിൽ പപ്പ് ഉണ്ടാകുമെന്ന് പറഞ്ഞു. അപ്പോൾ കട്ടവൻ കോഴിയുടെ തലയിൽ തപ്പിനോക്കിയെന്ന് പറഞ്ഞതുപോലെയാണ് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ അവതരണമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഞങ്ങൾക്ക്

നിങ്ങളെ സംശയമുണ്ട്, ഞങ്ങളുടെ സംശയം ശരിയാണ്. എ.കെ.ജി. സെന്റർ ആക്രമിക്കുമെന്ന് കെ.പി.സി.സി. പ്രസിഡന്റുതന്നെ പറഞ്ഞു. മാത്രമല്ല, ധീരജ് വധവുമായി ബന്ധപ്പെട്ടും 'ഞങ്ങളുടെ കുട്ടികളെ ഞാൻ പറഞ്ഞയച്ചുവെന്നാണ് ' പറഞ്ഞത്. ഒരു കുടുംബത്തിന്റെ ഭാവിയായിരുന്ന ആ പയ്യൻ മരിച്ചപ്പോൾ അദ്ദേഹം പറഞ്ഞതെന്താണ്? 'ഇരന്നുവാങ്ങി' എന്നാണ്. അദ്ദേഹമാണ് ഇപ്പോൾ കേരളത്തിൽ കോൺഗ്രസ്സിനെ നയിക്കുന്നത്. നാൽപാടി വാസുവിനെ വെടിവച്ച് കൊന്നിട്ട് 'വെടിവച്ചു കൊന്നു' എന്നല്ലേ അദ്ദേഹം പച്ചയ്ക്ക് പറഞ്ഞത്. അങ്ങനെ എന്തെല്ലാം സംഭവങ്ങളുണ്ട്. കെ.പി.സി.സി. പ്രസിഡന്റായി അദ്ദേഹം വന്നതിനുശേഷം സംസ്ഥാനത്തുടനീളം സംഘർഷമുണ്ടാക്കുകയല്ലേ? ജനാധിപത്യ മര്യാദ, അദ്ദേഹം പാലിക്കുന്നുണ്ടോ? അദ്ദേഹത്തെ നിയന്ത്രിക്കാൻ ജനാധിപത്യബോധമുള്ള കോൺഗ്രസുകാർക്ക് കഴിയുന്നുണ്ടോ? കോൺഗ്രസ്സിൽത്തന്നെ മഹാഭൂരിപക്ഷവും അദ്ദേഹത്തിന്റെ ഈ ചിന്തയ്ക്കെതിരല്ലേ? അതുകൊണ്ട് എ.കെ.ജി. സെന്റർ ആക്രമിച്ചത് നിങ്ങളാണെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമുണ്ട്. പക്ഷെ വസ്തുതാപരമായി അന്വേഷിച്ചിട്ടുമാത്രമേ പ്രതികളെ പിടിക്കുകയുള്ളൂ. അത്

ഞങ്ങളുടെ മര്യാദയാണ്. അത് ഈ ഗവൺമെന്റിന്റെ പ്രത്യേകതയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോ ശ്രീ. വി.ഡി. സതീശനോ അല്ല കേരളത്തിന്റെ മുഖ്യമന്ത്രി. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നത് ആദരണീയനായ ശ്രീ. പിണറായി വിജയനാണ്. ഞങ്ങൾക്ക് സാമാന്യ മര്യാദയുണ്ട്. ഞങ്ങളെ എത്രയെത്ര കള്ളക്കേസുകളിൽ നിങ്ങൾ പ്രതിയാക്കി? പി. കൃഷ്ണപിള്ളയെപ്പറ്റി ഇവിടെ വലിയ വാചകമടിച്ചല്ലോ; അതൊക്കെ പറയാനുള്ള യോഗ്യത നിങ്ങൾക്കുണ്ടോ? ഞങ്ങളെ തത്വം പഠിപ്പിക്കണ്ട. കെ.പി.സി.സി. പ്രസിഡന്റായി ശ്രീ. കെ. സുധാകരൻ വന്നതിനുശേഷം കേരള രാഷ്ട്രീയത്തിൽ വലിയ സംഘർഷമുണ്ടാക്കുന്നു, നിയമം കയ്യിലെടുക്കുന്നു. ജനാധിപത്യബോധവും സാമാന്യമര്യാദയും നീതിബോധവുമുള്ള കോൺഗ്രസുകാർക്കുപോലും അദ്ദേഹത്തെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ ആക്രമണത്തിൽ നിങ്ങളെ ഞങ്ങൾക്ക് സംശയമുണ്ട്, അത് ന്യായവുമാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചപ്പോൾ ഞങ്ങൾ അവരുടെ പേരിൽ നടപടിയെടുത്തുവെന്നുമാത്രമല്ല, അവിടത്തെ എസ്.എഫ്.ഐ.-യുടെ ജില്ലാ കമ്മിറ്റിയെത്തന്നെ പിരിച്ചുവിടുകയും ചെയ്തു. അതാണ് ഞങ്ങൾ.

അതുകൊണ്ട് ജനാധിപത്യബോധമൊന്നും ഞങ്ങളെ പഠിപ്പിക്കാൻ നോക്കണ്ട. നിരവധി കേസുകളെടുത്ത് ഈ രാജ്യത്തെ പതിനായിരക്കണക്കിന് കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടിയ പാരമ്പര്യമാണ് കോൺഗ്രസിനുള്ളത്. ബംഗാളിന്റെ മണ്ണ് മുതൽ ഈ രാജ്യത്തുടനീളം വേട്ടയാടിയ പാരമ്പര്യമാണ് നിങ്ങൾക്കുള്ളത്. അത് അപ്പുറത്തിരിക്കുന്ന സ്നേഹിതർക്ക് പലർക്കും അറിയില്ലായിരിക്കും. പക്ഷെ കോൺഗ്രസിന്റെ വർഗ്ഗസ്വഭാവമെന്തെന്ന് ചരിത്രം പഠിക്കുന്നവർക്കും വാദിക്കുന്നവർക്കുമെല്ലാം അറിയാം. ഇന്ത്യയിലെയും കേരളത്തിലെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെയും ആദരണീയനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെയും അടിയന്തരാവസ്ഥയെയും കൈകാര്യം ചെയ്യുന്നതും ഞങ്ങളെയെല്ലാം വിലങ്ങുവച്ച് കൊണ്ടുപോയി പൂട്ടിയിട്ട കാര്യവുമാണ് ഞങ്ങൾക്ക് പറയാനുള്ളത്. അതുകൊണ്ട് ജനാധിപത്യബോധവും നീതിബോധവുമൊന്നും ഞങ്ങളെ പഠിപ്പിക്കാൻ യു.ഡി.എഫ്. ശ്രമിക്കണ്ട. കോൺഗ്രസ്സിന് അതിനുള്ള യോഗ്യതയില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞത് അന്യായമാണ്. ഞങ്ങൾക്ക് നിങ്ങളെ സംശയമുണ്ട്, അത് ന്യായമാണ്. സ്വപ്ന സുരേഷ് എന്ന വിവാദ നായികയെക്കൊണ്ട് ഈ

പ്രശ്നമൊക്കെയുണ്ടാക്കാൻ നീതിബോധമുള്ളവർക്ക് പറ്റുമോ? ആദരണീയനായ മുഖ്യമന്ത്രിയെ വിമാനത്തിനുള്ളിൽ വച്ചാണ് ആക്രമിക്കാൻ ശ്രമിച്ചത്. എന്നിട്ട് ഖേദപ്രകടനം നടത്താനുള്ള സാമാന്യമര്യാദപോലും നിങ്ങൾ കാണിച്ചില്ലല്ലോ. അതേസമയം ഖേദപ്രകടനം നടത്തിയവരുണ്ട്, ശരിയായില്ലെന്ന് പറഞ്ഞവരുമുണ്ട്. ഇടുക്കിയിലുള്ള ഞങ്ങളുടെ സഖാക്കളെയെല്ലാം കൊല്ലുമെന്ന് ഇപ്പോൾ നിങ്ങളുടെ ഡി.സി.സി. പ്രസിഡന്റ് പറഞ്ഞിരിക്കുകയാണ്. നിങ്ങളാരുമതിനെ തള്ളിപ്പറഞ്ഞില്ല. നിങ്ങൾക്ക് ആവശ്യമുള്ളപ്പോൾ നിങ്ങൾ സമാധാനത്തിന്റെ അപ്പോസ്തലന്മാരും ഗാന്ധി ശിഷ്യരുമാകുകയാണ്. നിങ്ങൾക്ക് ആവശ്യമുള്ളപ്പോഴെല്ലാം ഗാന്ധിയെ ഉപയോഗിക്കുകയും അല്ലാത്തപ്പോൾ തഴയുകയും ചെയ്യും. ഹിറ്റ്ലറുടെ നിലപാട് സ്വീകരിക്കുന്ന അവസരവാദ രാഷ്ട്രീയത്തിന്റെ ആളുകളല്ലേ നിങ്ങൾ? നിങ്ങളുടെ പാരമ്പര്യം അതല്ലേ? ശ്രീ. രാഹുൽ ഗാന്ധിയെ 50 മണിക്കൂറാണ് ചോദ്യം ചെയ്തത്. നിങ്ങളെയും വേണമെങ്കിൽ ഇവിടെ പോലീസിന് ചോദ്യം ചെയ്യാമായിരുന്നു. ഞങ്ങൾ അങ്ങനെ ചെയ്തില്ലല്ലോ. ശ്രീ. രാഹുൽ ഗാന്ധി നിങ്ങളുടെ നേതാവല്ലേ? അദ്ദേഹം വന്നപ്പോൾ സിന്ദാബാദ് വിളിച്ചുകൊണ്ട് കെ.പി.സി.സി.

പ്രസിഡന്റടക്കമുള്ളവർ പോയല്ലോ; ശരിയായില്ലെന്ന് പറയാനുള്ള സാമാന്യമര്യാദ കാണിച്ചോ? അദ്ദേഹത്തിന്റെ പേരിൽ എന്തെങ്കിലും കേസെടുത്തിട്ടുണ്ടെങ്കിൽ കോടതിയിൽ ഹാജരാക്കുന്നതിനുപകരം നിരന്തരം പീഡിപ്പിക്കുകയല്ലേ ചെയ്തത്? ശരിയായില്ലെന്ന് നിങ്ങൾ പറഞ്ഞോ? നിങ്ങൾക്ക് അതൊന്നും പറയാനുള്ള ആർജ്ജവമില്ല. അതുസംബന്ധിച്ച് നിങ്ങൾ ഒരക്ഷരവും ഉരിയാടിയില്ല. അതിനുള്ള ആർജ്ജവവും ജനാധിപത്യബോധവുമാണ് വേണ്ടത്. അതുകൊണ്ട് കേസിന്റെ വക്രതയൊന്നും ഞങ്ങളെ പഠിപ്പിക്കണ്ട. വെളുപ്പിന് 4 മണിക്കാണ് വീട് വളഞ്ഞ് എന്നെ പോലീസ് പിടിച്ചുകൊണ്ടുപോയത്. അതൊന്നും ഞാൻ മറക്കില്ല. കോടതി ഇപ്പോൾ പറഞ്ഞിരിക്കുന്നത് അന്യായവും നിയമവിരുദ്ധവുമായ കേസാണെന്നാണ്. അങ്ങനെ എന്തെല്ലാം കളിയാണ് നിങ്ങൾ കളിക്കുന്നത്? എന്നെ മാത്രമല്ല, സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആയിരക്കണക്കിന് ആളുകളെ കശാപ്പ് ചെയ്തവരാണ് നിങ്ങളുടെ മുൻഗാമികൾ. ഇവിടെ ഇരിക്കുന്നവരിലും പങ്കുള്ളവരുണ്ട്. അതുകൊണ്ട് അതൊന്നും മറന്ന് ഞങ്ങളെ നീതിബോധമൊന്നും പഠിപ്പിക്കണ്ട. എ.കെ.ജി. സെന്റർ ആക്രമണത്തിൽ നിങ്ങൾക്ക് പങ്കുണ്ട്. കോഴി കട്ടവന്റെ

തലയിൽ പപ്പ് ഇരിക്കുമെന്ന് പറഞ്ഞത് നിഷേധിക്കാൻവേണ്ടി ശ്രീ. പി. സി. വിഷ്ണുനാഥ് പുതിയ അവതരണം നടത്തിയിരിക്കുകയാണ്. ഏതായാലും ഇങ്ങനെയൊരു പ്രമേയം കൊണ്ടുവന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അതുകൊണ്ട് നമുക്ക് അന്യോന്യം കാര്യങ്ങൾ പറഞ്ഞുപോകാൻ കഴിഞ്ഞു. ഒരു കാര്യം കൂടി പറയട്ടെ, സ്വപ്ന സുരേഷ് ഇപ്പോൾ സുരക്ഷിത സ്ഥലമായി തെരഞ്ഞെടുത്തിരിക്കുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നിയോജകമണ്ഡലമാണെന്ന ന്യൂസ് വന്നിട്ടുണ്ട്. അത് ഏതായാലും നന്നായിയെന്നാണ് എനിക്ക് തോന്നുന്നത്. പത്രത്തിൽ വന്ന ന്യൂസായതിനാൽ ശരിയാകാനേ വഴിയുള്ളൂ. സംരക്ഷിക്കേണ്ട ബാധ്യതയുണ്ടല്ലോ, ആയിക്കോട്ടെ. ഡോ. മാത്യു കുഴൽനാടനെപ്പോലെയുള്ളവർ നമ്മുടെയൊക്കെ വീടുകളിലിരിക്കുന്ന സ്ത്രീകളെ ഏതെങ്കിലും കേസിൽ വലിച്ചിഴയ്ക്കുന്നത് ശരിയല്ല. നമ്മൾ രാഷ്ട്രീയം പറയും. അതിനുപകരമായി വീട്ടിലിരിക്കുന്ന സ്ത്രീകളെ വലിച്ചിഴച്ച് അന്യായമായി വർത്തമാനം പറയുകയും വെല്ലുവിളിക്കുകയുമൊക്കെ ചെയ്യുമ്പോൾ നിങ്ങൾക്കും അമ്മമാരും പെങ്ങന്മാരുമൊക്കെയുണ്ടെന്ന് ഓർക്കുക. ഞങ്ങളും അതുപോലെ ചെയ്താൽ എന്താകും സ്ഥിതി? അതൊന്നും ശരിയല്ല.

ഞങ്ങൾക്ക് നിങ്ങളെ സംശയമുണ്ട്. കെ.പി.സി.സി. പ്രസിഡന്റ് വന്നതിനുശേഷം നിങ്ങളുടെ ആക്രമണം പഴയതിൽനിന്നും പതിന്മടങ്ങ് കൂടിയിരിക്കുകയാണ്. ശ്രീ. കെ സുധാകരന് സെമി കേഡർ പദവി. അദ്ദേഹത്തിന് എന്താണ് സെമിയെന്ന് അറിയാമോ? ഒരു സെമിയും അറിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പിൻസീറ്റിലിരിക്കുന്നത് മുൻ പ്രതിപക്ഷനേതാവാണല്ലോ; നിങ്ങളെടുക്കുന്ന നിലപാട് അദ്ദേഹം സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഞാൻ ഈ സഭയിൽ അംഗമായിട്ട് അഞ്ചാറ് വർഷമായല്ലോ. നിങ്ങൾ പത്രക്കാരെ ഷൗട്ട് ചെയ്യുകയും സാമാന്യമര്യാദയില്ലാതെ പ്രശ്നങ്ങളുണ്ടാക്കുകയുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെക്കുറിച്ച് ഇങ്ങനെ പറയേണ്ടിവന്നതിൽ എനിക്ക് അതിയായ ഖേദമുണ്ട്. എ.കെ.ജി. സെന്റർ എന്നുപറഞ്ഞ് എന്നും ഞങ്ങളെ ആക്ഷേപിച്ചിരുന്നത് നിങ്ങളല്ലേ? അതുകൊണ്ട് ഞങ്ങൾ നിങ്ങളെ സംശയിക്കുന്നുണ്ട്. ശ്രീ. ഇ. പി. ജയരാജനാണ് ആക്രമണം നടത്തിയെന്ന രീതിയിലൊരു വെളിപ്പെടുത്തലാണ് ശ്രീ. കെ. സുധാകരൻ നടത്തിയിരിക്കുന്നത്. ഇപ്പോൾ ഞങ്ങളുടെ സംശയം കൂടിയിട്ടുണ്ട്. ആക്രമണം പുള്ളിതന്നെ

സംഘടിപ്പിക്കുകയും അനുയായികളെ ഏർപ്പാട് ചെയ്യുകയും ചെയ്തിട്ട് ഞങ്ങളുടെ കേന്ദ്ര കമ്മിറ്റിയംഗമായ ശ്രീ. ഇ. പി. ജയരാജനെ പ്രതിയാണെന്ന് ആരോപിക്കുകയാണ്. ഇതൊന്നും ശരിയായ നടപടിയല്ല, ഇതിനോടെല്ലാം ഞങ്ങൾക്ക് വിയോജിപ്പുണ്ട്. ശ്രീ. ഇ. പി. ജയരാജനെ വെടിവച്ച് കൊല്ലാൻ നിങ്ങൾ നോക്കിയതാണ്. അന്ന് അദ്ദേഹം രക്ഷപ്പെട്ടു. ശ്രീ. കെ. സുധാകരനൊക്കെയാണ് അത് ചെയ്തത്. ഇവിടെ ഇരിക്കുന്ന നിങ്ങളെല്ലാവരും അതിൽ ഉത്തരവാദികളാണെന്ന് ഞാൻ ആരോപിക്കുന്നില്ല. ശ്രീ. കെ. സുധാകരനും വേറെ ചിലർക്കും അതിൽ പങ്കുണ്ട്. അവരിൽ പലരും മരിച്ചുപോയി. അതുകൊണ്ട് അവരുടെയൊന്നും പേര് ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾക്ക് ന്യായമായ സംശയമുണ്ട്. നിങ്ങളുടെ ഏതെങ്കിലും ഓഫീസ് ആക്രമിച്ചാൽ അതിനെയെല്ലാം ഞങ്ങൾ തള്ളിപ്പറയും, ഞങ്ങൾക്ക് അതിനോടൊന്നും യോജിപ്പില്ല. ഇങ്ങനെയൊരു പ്രമേയം അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥിനെ അഭിനന്ദിച്ചുകൊണ്ടും നിങ്ങളുടെ നിലപാടിനെ ശക്തമായി എതിർത്തുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എം. വിൻസെന്റ്: സർ, ചട്ടം 307 പ്രകാരമുള്ള പോയിന്റ് ഓഫ് ഓർഡർ. കേരളത്തിലെ ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സംസ്ഥാന അദ്ധ്യക്ഷൻ എ.കെ.ജി. സെന്റർ ആക്രമിക്കാൻ ആഹ്വാനം നടത്തിയെന്നും അദ്ദേഹം വന്നതിനുശേഷമാണ് സംഘർഷമെല്ലാമുണ്ടായതെന്നുമുള്ള അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. കോൺഗ്രസ്സിനെ അപമാനിച്ചും കെ.പി.സി.സി. അദ്ധ്യക്ഷനെതിരായും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ സഭാരേഖകളിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം.+

ശ്രീ. അൻവർ സാദത്ത്: സർ, ചട്ടം 307 പ്രകാരം പോയിന്റ് ഓഫ് ഓർഡർ. നാൽപാടി വാസു വധക്കേസിൽ ശ്രീ. കെ. സുധാകരനെ വെറുതെ വിട്ടുവെന്ന രീതിയിൽ ആക്ഷേപമുന്നയിക്കുകയുണ്ടായി. അത് കള്ളക്കേസായിരുന്നുവെന്ന് കോടതി തെളിയിക്കുകയും വെറുതെ വിടുകയും ചെയ്തതാണ്. അതുകൊണ്ട് ആ പരാമർശം രേഖയിലുണ്ടാകാൻ പാടില്ല.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11965/ഇ.ബി./2022/നി.സെ., തീയതി 05-07-2022) സഭാരേഖകളിൽ നിലനിർത്തി.

<u>മി. സ്പീക്കർ</u>: പരിശോധിക്കാം.+

<u>ശ്രീ. റോജി എം. ജോൺ</u>: സർ, Res ipsa loquitur എന്ന പ്രസിദ്ധമായൊരു ലാറ്റിൻ doctrine ഉണ്ട്. "The thing speaks for itself" എന്നാണ് പറയുന്നത്. എ.കെ.ജി. സെന്റർ ആക്രമണവുമായി ബന്ധപ്പെട്ട സംഭവങ്ങൾ കാണുമ്പോൾ പ്രസിദ്ധമായ ഈ ലാറ്റിൻ doctrine ആണ് ഓർമ്മവരുന്നത്. സംസ്ഥാനം ഭരിക്കുന്ന സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി ഓഫീസായ എ.കെ.ജി. സെന്റർ ആക്രമിച്ച് ഇത്രയും ദിവസം കഴിഞ്ഞ് ഇന്ന് സഭാസമ്മേളനം തുടങ്ങുമ്പോൾ ഞങ്ങൾ പ്രതീക്ഷിച്ചത് ഭരണപക്ഷത്തുനിന്നാരെങ്കിലും ഇതുസംബന്ധിച്ചൊരു സബ്മിഷനോ, ശ്രദ്ധക്ഷണിക്കലോ കൊണ്ടുവരുമെന്നായിരുന്നു. ഈ ചർച്ചാവേളയിൽ ഭരണകക്ഷിയിൽപ്പെട്ട ആരെങ്കിലും ഇതിനെക്കുറിച്ചൊരു പരാമർശം നടത്തുമെന്നാണ് പ്രതീക്ഷിച്ചത്. പക്ഷേ ഒരംഗംപോലും ഈ വിഷയം കൊണ്ടുവരാൻ തയ്യാറായില്ല. " The thing speaks for itself" ; ഒരു സംശയവുംവേണ്ട. ഈ സംഭവമുണ്ടായി 5 മിനിറ്റിനുള്ളിൽ എൽ.ഡി.എഫ്. കൺവീനർ സഖാവ് ശ്രീ. ഇ. പി. ജയരാജൻ അവിടെ എത്തിച്ചേരുകയും

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11965/ഇ.ബി./2022/നി.സെ., തീയതി 05-07-2022) സഭാരേഖകളിൽ നിലനിർത്തി.

കോൺഗ്രസുകാരാണ് ആക്രമണം നടത്തിയതെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അത് സ്റ്റീൽ ബോംബാണെന്നും അദ്ദേഹം കണ്ടുപിടിച്ചു. Scotland Yard Police, KGB, FBI ഒക്കെ എൽ.ഡി.എഫ്. കൺവീനറെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ വിദഗ്ദ്ധോപദേശം അവർക്ക് ഇനി ആവശ്യമായിവരും. കാരണം, ആക്രമണമുണ്ടായി 5 മിനിറ്റിനുള്ളിൽ പ്രതി ആരാണെന്ന് എൽ.ഡി.എഫ്. കൺവീനർക്ക് അടിവരയിട്ട് പറയാൻ സാധിച്ചുവെങ്കിൽ അദ്ദേഹമല്ലാതെ ഇത്രയും വലിയ വിദഗ്ദ്ധൻ ലോകത്ത് വേറെയാരെങ്കിലുമുണ്ടോ? കോൺഗ്രസ്സാണ് ഈ ആക്രമണത്തിന് പിന്നിലെന്ന് 5 മിനിറ്റിനുള്ളിൽ അദ്ദേഹം പറഞ്ഞിരിക്കുകയാണ്. ഇതിനുപിന്നിൽ ബി.ജെ.പി.-യോ, എസ്.ഡി.പി.ഐ.-യോ ആർ.എസ്.എസ്.-ഓ ആണെന്ന് എൽ.ഡി.എഫ് കൺവീനർക്കോ സി.പി.ഐ.(എം)-ലെ ആർക്കെങ്കിലുമോ സംശയം തോന്നാത്തതെന്താണ്? ബി.ജെ.പി.-ക്കാരോ, എസ്.ഡി.പി.ഐ.-ക്കാരോ എ.കെ.ജി. സെന്റർ ആക്രമിക്കില്ലെന്ന് സി.പി.ഐ.(എം)-ന് നല്ല ബോദ്ധ്യമുണ്ട്. കേരളത്തിലെ സി.പി.ഐ.(എം)-ന് ബി.ജെ.പി.-യെയും എസ്.ഡി.പി.ഐ.-യെയും കുറിച്ച് ഉറച്ചവിശ്വാസമാണ്. ബി.ജെ.പി.

ഓഫീസ് ആക്രമിച്ച കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് സി.ജെ.എം. കോടതിയിൽ സർക്കാർ കൊടുത്ത അപേക്ഷ നിരസിച്ച അതേദിവസം തന്നെയാണ് എ.കെ.ജി. സെന്റർ ആക്രമിച്ചതെന്ന കാര്യം സി.പി.ഐ.(എം)-ന്റെ ഭരണപക്ഷത്തിരിക്കുന്ന ആർക്കെങ്കിലും ഓർമ്മയുണ്ടോ? ഇന്ന് ബി.ജെ.പി.യും ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം)-ന്റെ ശത്രുവല്ലെന്നും ഇവരുടെ ശത്രു കോൺഗ്രസുകാർ മാത്രമാണെന്നും അതുകൊണ്ട് അവരെ പ്രതിസ്ഥാനത്ത് നിർത്തുകയെന്നതാണ് നിങ്ങളുടെ അജണ്ടയെന്നതും വളരെ വ്യക്തമാണ്. കേരള പോലീസിന്റെ അവസ്ഥ പരിതാപകരമാണ്. ഷാജ്കിരണുമായി അവർക്ക് മണിക്കൂറുകളോളം സംസാരിക്കണം, മുപ്പതും നാല്പതും പ്രാവശ്യം സംസാരിക്കണം. അതുപോലെതന്നെ സരിത്തിനെ രാത്രിയിൽത്തന്നെ പിടിക്കണം. എ.കെ.ജി. സെന്റർ ആക്രമണകേസിൽ കേരള പോലീസാകെ പെട്ടിരിക്കുകയാണ്. എന്താണ് പ്രശ്നം? പ്രതിയെ പിടിക്കണം. പിടിച്ചാൽ മാത്രംപോരാ, കോൺഗ്രസുമായി ബന്ധമുള്ള പ്രതിയെ കൊണ്ടുവന്നില്ലെങ്കിൽ എൽ.ഡി.എഫ്. കൺവീനറും സി.പി.ഐ.(എം) നേതാക്കളും കുഴപ്പത്തിലാകുകയും ചെയ്യും. പിടിച്ച പ്രതിയുടെ അമ്മായിയുടെയോ കുഞ്ഞമ്മയുടെയോ മരുമകന്റെയോ അമ്മാവന്റെയോ

അയൽപക്കക്കാരന്റെയോ അടുത്ത് ഒരു കോൺഗ്രസുകാരൻ ഉണ്ടായിരുന്നുവെന്ന് പറഞ്ഞെങ്കിൽ മാത്രമേ ഇപ്പോഴത്തെ രാഷ്ട്രീയ കോലാഹലങ്ങൾക്കെല്ലാം എന്തെങ്കിലും മറുപടി പറയാൻ സാധിക്കുകയുള്ളൂ. അതിന് പറ്റിയ പ്രതിയെ അന്വേഷിച്ച് കേരള പോലീസ് കഴിഞ്ഞ മൂന്നുനാല് ദിവസമായി നടക്കുകയാണ്. വളരെ മോശമല്ലേ? ഇവിടെ നിരവധി കേസുകളെപ്പറ്റി ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് സൂചിപ്പിക്കുകയുണ്ടായി. സ്വാമി സന്ദീപാനന്ദ ഗിരിയുടെ കാറുകൾ കത്തിച്ചു. ആ അക്രമം നടന്ന് അര മണിക്കൂറിനുള്ളിൽ ബഹുമാന്യനായ മുഖ്യമന്ത്രി അവിടെ പോയി അന്വേഷിച്ചു. പ്രതിയെ പിടിക്കാൻ അങ്ങയുടെ പോലീസിന് സാധിച്ചോ? സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പൊതുയോഗ വേദിക്കുനേരെയുണ്ടായ ആക്രമണത്തിൽ ഏതെങ്കിലും പ്രതിയെ പിടികൂടാൻ സാധിച്ചോ? ടി. പി. ചന്ദ്രശേഖരനെ കൊല്ലാൻപോയ ആളുകൾ ആ വാഹനത്തിൽ 'മാഷാ അല്ലാഹ്' എന്നെഴുതിവച്ച് കലാപമുണ്ടാക്കാൻ ശ്രമിച്ചതും ഫസൽ വധവുമായി ബന്ധപ്പെട്ടുണ്ടായ വിഷയങ്ങളുമെല്ലാം നമുക്കറിയാം. ഇതൊക്കെ കൂട്ടിവായിക്കുമ്പോൾ 'ഓൾഡ് വീഞ്ഞ് ഇൻ ന്യൂ കുപ്പി' എന്നുതന്നെ

പറയേണ്ടിവരും. അതാണ് ഇപ്പോൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി ഒരു ആരോപണം വന്നാൽ, അദ്ദേഹം പ്രതിക്കൂട്ടിലായാൽ അതിൽനിന്ന് ശ്രദ്ധതിരിക്കാനായി സംസ്ഥാനത്ത് എന്ത് അതിക്രമവും നടത്തുമെന്നുള്ള സാഹചര്യമാണ് നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി സ്വപ്ന സുരേഷ് ബോംബുകൾ ഓരോന്നായി പൊട്ടിച്ചുകൊണ്ടിരിക്കുന്നു. ആ ബോംബുകൾ നിർവീര്യമാക്കാനായി ഏതെങ്കിലും പടക്കം പൊട്ടിക്കാൻ പറ്റുമോയെന്നാണ് നോക്കുന്നത്. സ്വപ്ന സുരേഷിന്റെ ആരോപണങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയൊന്നും പറയാതെ ഒളിച്ച് നടക്കുകയായിരുന്നു. അതിനുശേഷം ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചു. ഡോ. മാത്യു കുഴൽനാടൻ നിയമസഭയിൽ ഉന്നയിച്ച വിഷയങ്ങൾക്ക് മറുപടി പറയാൻ സാധിക്കാതെയായി. അങ്ങനെ ഒരു മറുപടിയും പറയാൻ കഴിയാതെ വന്നപ്പോഴുണ്ടായ ആരോപണങ്ങളും കോലാഹലങ്ങളും മാത്രമാണിതെന്നുള്ളത് ജനങ്ങൾ തിരിച്ചറിയുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളീയ സമൂഹം വളരെ ഗൗരവമായി

ചർച്ച ചെയ്യപ്പെടുന്നൊരു വിഷയമാണിത്. ഇവിടെ പ്രമേയാവതാരകൻ ശ്രീ. പി. സി. വിഷ്ണുനാഥ് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. എ.കെ.ജി. സെന്ററിനുനേരെ നടന്ന അതിക്രമത്തെ ഒരു തവണയെങ്കിലും അപലപിക്കാൻ അദ്ദേഹം തയ്യാറായോ? ആരാധ്യനായ എ.കെ.ജി.-യുടെ പേരിലുള്ള ഓഫീസ് ആക്രമിച്ചതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. എ.കെ.ജി. സെന്റർ മാത്രമല്ല കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയുടെയും ഓഫീസ് ആക്രമിക്കാൻ പാടില്ലെന്നുള്ള നിലപാടാണ് ഞങ്ങൾക്കുള്ളത്. മൂന്ന് രാത്രിയും നാല് പകലും കഴിഞ്ഞിട്ടും പ്രതികളെ കണ്ടെത്തിയില്ലെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്. ഒരു ഉറക്കംകൊണ്ട് നേരം വെളുക്കാൻ പോകുന്നില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. പോലീസ് പ്രതികളെ കണ്ടെത്തും. ആ സമയത്ത് നിങ്ങളവിടെ കാണണം. നിങ്ങളെ സംശയിച്ചത് എന്തുകൊണ്ടാണെന്ന് പലതവണ ചോദിച്ചു. ഇതുൾപ്പെടെ മൂന്ന് തവണയാണ് എ.കെ.ജി. സെന്ററിനുനേരെ ആക്രമണമുണ്ടായത്. 1983-ൽ നിങ്ങളുടെ വിദ്യാർത്ഥി പ്രസ്ഥാനമായ കെ.എസ്.യു.-വിന്റെയും 1991-ൽ നിങ്ങൾ കേരളം ഭരിച്ചിരുന്നപ്പോൾ പോലീസിന്റെയും നേതൃത്വത്തിൽ എ.കെ.ജി.

സെന്ററിനുനേരെ അതിക്രമമുണ്ടായില്ലേ? സി.പി.ഐ.(എം)-ന്റെ സെക്രട്ടേറിയറ്റ് യോഗത്തിൽ ഉന്നത കമ്മ്യൂണിസ്റ്റ് നേതാക്കൾ പങ്കെടുത്തുകൊണ്ടിരുന്നപ്പോഴാണ് രണ്ട് പ്രാവശ്യവും ആക്രമണമുണ്ടായത്. ഇപ്പോഴത്തെ ആക്രമണത്തിന്റെ പിന്നിൽ ആരായിരിക്കുമെന്നതിനെ സംബന്ധിച്ച് സംശയിച്ചാൽ അവരെ എങ്ങനെ കുറ്റം പറയാൻ സാധിക്കും? അദ്ദേഹം കെ.പി.സി.സി. പ്രസിഡന്റായി ചുമതലയേറ്റെടുത്തതിനുശേഷം പത്രസമ്മേളനത്തിൽ പറഞ്ഞതെന്താണ്? "ഞങ്ങൾക്ക് ബോംബുണ്ടാക്കാനും അറിയാം; അതിക്രമം നടത്താനും അറിയാം" എന്നാണ്. അതിന്റെ ബാക്കിപത്രമല്ലേ കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്നത്? ആരാധ്യനും ജനകീയ നേതാവുമായ എ.കെ.ജി.-യുടെ പേരിലുള്ള ഓഫീസ് ആക്രമിക്കപ്പെട്ട വിവരമറിഞ്ഞ് പാതിരാത്രിതന്നെ ധാരാളംപേർ അവിടെ എത്തിച്ചേരുകയും ജനകീയ പ്രതിഷേധം അലയടിച്ചുയരുകയുമുണ്ടായി. സംഭവസ്ഥലത്ത് എത്തിച്ചേർന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതാക്കൾ പറഞ്ഞതെന്താണ്? ഈ സംഭവത്തിൽ വളരെയധികം വേദനയുണ്ടെങ്കിലും പ്രതിഷേധത്തിന്റെ പേരിൽ ഒരു അനിഷ്ടസംഭവവും കേരളത്തിലുണ്ടാകാൻ പാടില്ല എന്നാണ്.

ഒരു നേതൃത്വം സ്വീകരിക്കേണ്ട നിലപാട് അതല്ലേ? നിങ്ങൾ അക്രമത്തെ അപലപിച്ചോ; തള്ളിപ്പറയാൻ തയ്യാറായോ; നിങ്ങളുടെ ഏതെങ്കിലും നേതാക്കൾ ഈ അതിക്രമത്തിനെതിരായ നിലപാട് സ്വീകരിക്കാൻ തയ്യാറായോ? വയനാട് സംഭവം നമ്മുടെ മുമ്പിലുണ്ടല്ലോ. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചത് ശരിയായ നടപടിയല്ല. സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി അതിനെതിരായ നിലപാട് സ്വീകരിച്ചുകൊണ്ട് ആക്രമണത്തെ തള്ളിപ്പറയുകയുണ്ടായി. കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രിയും ശ്രീ. കാനം രാജേന്ദ്രനൾപ്പെടെയുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതാക്കളും ആ അക്രമത്തെ തള്ളിപ്പറയുകയുണ്ടായി. ആ സംഭവവുമായി ബന്ധപ്പെട്ടവർക്കെതിരെ കർശനമായ നിലപാടെടുത്തു. ഉത്തരവാദിത്വം കാണിക്കാത്ത അന്വേഷണോദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യുകയും വസ്തുതാപരമായ അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. അവിടത്തെ സംഘടനാ കമ്മിറ്റി പിരിച്ചുവിട്ടുകൊണ്ട് ആർജ്ജവമുള്ള നിലപാടാണ് ആ പ്രസ്ഥാനം സ്വീകരിച്ചത്. വയനാട് സംഭവത്തിനുശേഷം നിങ്ങൾ എന്താണ്

കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്? നിങ്ങൾ കേരളത്തിൽ കലാപം അഴിച്ചുവിടുകയായിരുന്നു. ഉത്തരവാദപ്പെട്ടൊരു രാഷ്ട്രീയ പ്രസ്ഥാനത്തിന് യോജിച്ചൊരു നിലപാടാണോ നിങ്ങൾ സ്വീകരിച്ചത്; നിങ്ങൾ പത്രം ഓഫീസും പാർട്ടി ഓഫീസും ആക്രമിച്ചില്ലേ; നാടുനീളെ കലാപമുണ്ടാക്കാൻ ശ്രമിച്ചില്ലേ? ധീരജിന്റെ അനുഭവം കേരളത്തിലെ എല്ലാ ഇടതുപക്ഷ പ്രവർത്തകർക്കുമുണ്ടാകുമെന്നല്ലേ കെ.പി.സി.സി.-യുടെ ഒരു നേതാവ് പറഞ്ഞത്? നിങ്ങൾ അത് തിരുത്താൻ തയ്യാറായോ? രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ഫോട്ടോ നിങ്ങൾ വലിച്ചെറിഞ്ഞു. ഇന്ന് അതുമായി ബന്ധപ്പെട്ട വിവരങ്ങൾ പുറത്തുവന്നിട്ടുണ്ട്. ആരാണ് ഫോട്ടോയെടുത്ത് നിലത്തിട്ട് ചവിട്ടിയതെന്നുള്ളതിനെക്കുറിച്ച് മനോരമ ഉൾപ്പെടെയുള്ള വാർത്താമാധ്യമങ്ങൾക്ക് റിപ്പോർട്ട് ചെയ്യേണ്ടിവന്നു. ഗാന്ധി ശിഷ്യരായ നിങ്ങളാണ് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ഫോട്ടോ ചുവരിൽനിന്ന് വലിച്ചുതാഴെയിട്ട് ചവിട്ടിയരച്ചത്. നല്ല ഗാന്ധി ശിഷ്യന്മാർ! നിങ്ങൾ ഗോഡ്സെയുടെ അനുയായികളായി മാറിക്കൊണ്ടിരിക്കുകയാണ്, നിങ്ങളുടെ ദിശ തെറ്റിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ മുഴുവൻ കലാപമുണ്ടാക്കാനുള്ള ആസൂത്രിതമായ ശ്രമമാണ് നിങ്ങൾ

നടത്തിക്കൊണ്ടിരിക്കുന്നത്. വിമാനയാത്രയ്ക്കിടെ ആരാധ്യനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനുനേരെ കോൺഗ്രസ്സിന്റെ ഗുണ്ടകൾ പാഞ്ഞടുത്ത് ആക്രമിക്കാൻ ശ്രമിച്ചു. ഉത്തരവാദപ്പെട്ട ഒരു പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു സാഹചര്യത്തിൽ എന്തുനിലപാടാണ് സ്വീകരിക്കേണ്ടത്; നിങ്ങൾ തള്ളിപ്പറയാൻ തയ്യാറായോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതുസംബന്ധിച്ച് പറഞ്ഞത്, "ഞങ്ങളുടെ ചുണക്കുട്ടികൾ" എന്നാണ്. ഇതാണോ കോൺഗ്രസ്സിന്റെ ചുണക്കുട്ടികൾ; ഇതാണോ കോൺഗ്രസ്സിന്റെ സംസ്കാരം? സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ പറയുകയുണ്ടായി. ചീഞ്ഞുനാറിയ കേസ് വീണ്ടുമിട്ട് അലമ്പാൻ പ്രതിപക്ഷത്തിന് നാണമില്ലേ? ഇത് എത്ര തവണ ഇവിടെ ചർച്ച ചെയ്തതാണ്? കേന്ദ്ര ഏജൻസികൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ടത് കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനാണ്. അന്വേഷണം നടത്തിയിട്ട് എന്തെങ്കിലും കണ്ടെത്താൻ കഴിഞ്ഞോ? പക്ഷേ ഈ കേസിനെ രാഷ്ട്രീയമായി ഉപയോഗിക്കാനും വഴിതിരിച്ചുവിടാനും നിങ്ങളും ബി.ജെ.പി.-യും കേരളത്തിലെ ചില മാധ്യമങ്ങളും ഗൂഢാലോചന നടത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ

പഞ്ചായത്ത്, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ചുട്ടമറുപടി നൽകിക്കൊണ്ട് നിങ്ങളെ നിരാകരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഇവിടെ ഒരുപാട് ചോദ്യങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. കഴിഞ്ഞദിവസം വന്ന അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ചില ചോദ്യങ്ങൾ ചോദിച്ചു. അതിന് നിങ്ങൾക്ക് ഉത്തരമുണ്ടായില്ല. ഇപ്പോഴും ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയാണ്. ആരാണ് സ്വർണ്ണം കൊണ്ടുവന്നത്; ആരാണ് സ്വർണ്ണം കൊടുത്തുവിട്ടത്? ആർക്കുവേണ്ടിയാണ് സ്വർണ്ണം ഇവിടെ കൊണ്ടുവന്നത്; അറ്റാഷയെ രാജ്യം വിടാൻ അനുവദിച്ചതാരാണ്? ഇപ്പോൾ അവർക്ക് കാറും വീടും സൗകര്യങ്ങളുമെല്ലാം കൊടുത്തുകൊണ്ടിരിക്കുന്നത് ആരാണ്? ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം അല്ലേ? ഇക്കാര്യങ്ങളെക്കുറിച്ച് ചോദിക്കാനോ, പറയാനോ നിങ്ങൾക്ക് നാവില്ലല്ലോ. ബി.ജെ.പി.ക്കും ആർ.എസ്.എസ്.-നും എതിരെ എന്തുകൊണ്ട് ഒന്നും പറയാൻ കഴിയുന്നില്ല? നിങ്ങൾ ഇടതുപക്ഷത്തെ എതിർക്കുകയും ബി.ജെ.പി.-യെയും ആർ.എസ്.എസ്.-നെയും അനുകൂലിക്കുകയും ചെയ്യുന്നു. അവർ പറയുന്നതെല്ലാം നിങ്ങളുടെ വാക്കുകളായി മാറുകയാണ്. ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുന്നതിനുപകരം വികസന-

ക്ഷേമപ്രവർത്തനങ്ങളെ അട്ടിമറിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഇതുകാണുമ്പോൾ ചരിത്രം ആവർത്തിക്കുകയല്ലേയെന്ന് തോന്നിപ്പോകുകയാണ്. 1957-ൽ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിക്കാൻവേണ്ടി വിമോചനസമരം നടത്തിയവരാണ് നിങ്ങളെന്നത് മറന്നുപോകരുത്. സകല ജാതി-മത-വർഗ്ഗീയ സംഘടനകളെയും കൂട്ടുപിടിച്ചുകൊണ്ടാണ് വിമോചനസമരം നടത്തി ഇവിടെ കലാപം സൃഷ്ടിച്ചത്. അന്ന് കേന്ദ്രത്തിൽ അധികാരത്തിലിരുന്ന കോൺഗ്രസ് രണ്ട് വർഷം മാത്രം പ്രായമുള്ള കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ കാലാവധി പൂർത്തീകരിക്കാൻ അനുവദിക്കാതെ ജനാധിപത്യവിരുദ്ധമായി പിരിച്ചുവിടുന്ന സമീപനം സ്വീകരിച്ചു. അതിനുശേഷം നമ്മൾ ചർച്ച ചെയ്തത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിക്കാൻ അമേരിക്കൻ ചാരസംഘടന സി.ഐ.എ. (സെൻട്രൽ ഇന്റലിജൻസ് ഏജൻസി) ഇടപെട്ടുവെന്നും അവർ സമരക്കാർക്ക് സാമ്പത്തിക സഹായം നൽകിയെന്നുമുള്ള വിവരത്തെക്കുറിച്ചാണ്. അന്ന് ഇന്ത്യയിലെ അമേരിക്കൻ അംബാസിഡറായിരുന്ന Ellsworth F. Bunker, അമേരിക്കൻ സെനറ്ററായിരുന്ന ഡാനിയേൽ പാട്രിക് മൊയ്നിഹാൻ

എന്നിവർ വെളിപ്പെടുത്തിയ വിവരമാണിത്. സമാനസാഹചര്യമാണ് കേരളത്തിൽ ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്നത്. വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നത് നിങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ല. ബി.ജെ.പി.-യുടെ സഹായത്തോടുകൂടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ അട്ടിമറിക്കാനുള്ള ആസൂത്രിത ശ്രമങ്ങളാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അമേരിക്കൻ ചാരസംഘടനയുടെ പണം എത്രമാത്രമാണ് നിങ്ങൾക്ക് ഇപ്പോൾ ലഭിച്ചതെന്ന് ഭാവിയിൽ നമുക്കറിയാൻ കഴിയും. കെ.പി.സി.സി. പ്രസിഡന്റ് അധികാരമേറ്റെടുത്തപ്പോൾ പറഞ്ഞത് 'ഞങ്ങൾ 1000 പേരെ യൂത്ത് കോൺഗ്രസ്സിൽനിന്നും 1500 പേരെ ഐ.എൻ.ടി.യു.സി.-യിൽനിന്നും തെരഞ്ഞെടുത്ത് പരിശോധന നടത്തി' എന്നാണ്. അപ്പോൾ മനസ്സിലായി കേരളത്തെ താഴ്ത്താൻവേണ്ടി 2500 പേർക്ക് പരിശീലനം നൽകാൻ തീരുമാനിച്ചിരിക്കുന്നുവെന്ന്. ഇതൊന്നും കേരളത്തിൽ വിലപോകില്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, എ.കെ.ജി. സെന്റർ

ആക്രമണത്തോടനുബന്ധിച്ച് ഇങ്ങനെയൊരു അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ സന്ദർഭമുണ്ടായതിൽ സന്തോഷിക്കുന്നു. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ എന്താണെന്നും കേരളത്തിലെ പോലീസ് സ്വീകരിക്കുന്ന നിലപാടുകളെന്താണെന്നും ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇവിടെ പ്രധാനപ്പെട്ട പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസായ എ.കെ.ജി. സെന്ററിനുനേരെയാണ് ആക്രമണമുണ്ടായത്. ഇങ്ങനെയൊരു സംഭവമുണ്ടാകുമ്പോൾ ആരാണ് അത് നടത്തിയത് എന്നുള്ളത് പരിശോധിച്ചിട്ടല്ലേ പറയേണ്ടത്? കോൺഗ്രസ്സാണ് അതിന് ഉത്തരവാദിയെന്ന് എൽ.ഡി.എഫ്. കൺവീനർ പറഞ്ഞതുകൊണ്ടാണല്ലോ സംസ്ഥാനത്തുടനീളം കലാപമുണ്ടായത്. ഭരണകക്ഷിയുടെ പ്രധാനപ്പെട്ട ഓഫീസിനുനേരെ ആക്രമണമുണ്ടായപ്പോൾ അവിടെ എറിഞ്ഞത് ബോംബാണോ അതോ ചൈനീസ് പടക്കമാണോ എന്നൊക്കെയുള്ള വിധത്തിലാണ് പറയുന്നത്. അവിടത്തെ പോലീസുകാർക്കുതന്നെ അതുസംബന്ധിച്ച് വിശ്വാസം പോരാ. ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്, 'ഇത് ആരാണെന്ന് പറയാൻ പറ്റില്ല, അന്വേഷണം കഴിയട്ടെ' എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും ഒന്നും പറഞ്ഞില്ല. അങ്ങനെയിരിക്കെ,

ഒരു സംഭവം നടന്നയുടനെ ഇത് ചെയ്തത് കോൺഗ്രസ്സാണെന്ന് പറഞ്ഞാൽ അതിന് പ്രതികരണമുണ്ടാകില്ലേ; അക്രമമുണ്ടാകില്ലേ? അതുകൊണ്ട് ഈ അക്രമങ്ങളുടെ ഉത്തരവാദിത്വം എൽ.ഡി.എഫ്. കൺവീനർക്കാണെന്ന് ഞാൻ ആരോപിക്കുകയാണ്. ഭരണകക്ഷിക്ക് ഇവിടത്തെ ക്രമസമാധാനനില നല്ല രീതിയിൽ പോകണമെന്ന് ആഗ്രഹമില്ലേ? കേരളത്തിലുടനീളം ജാഥകളും കൊലവിളി പ്രസംഗങ്ങളും പ്രകോപനപരമായ മുദ്രാവാക്യം വിളികളുമൊക്കെ നടക്കുന്നു. അവിടെയെല്ലാം പോലീസുമുണ്ട്. പോലീസുകാർ നോക്കിനിൽക്കെയാണ് അക്രമങ്ങളുണ്ടാകുന്നത്. എന്നിട്ട് എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടോ? തടയാൻ നിൽക്കുന്ന പോലീസുകാരെ അക്രമിക്കുന്ന സംഭവങ്ങൾവരെ റിപ്പോർട്ട് ചെയ്യുന്നു. എ.കെ.ജി. സെന്റർ സുരക്ഷിതമായ സ്ഥലമാണ്. അവിടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്, മൂന്ന് ഷിഫ്റ്റിലും പോലീസ് കാവലുണ്ട്, പോലീസിന്റെ ഒരു വാഹനവുമുണ്ട്. എന്നിട്ടും ഏകദേശം 25 മീറ്ററിനകത്ത് ഒരു ബോംബാക്രമണമുണ്ടായിട്ട് ആ പ്രതിയെ പിടിക്കാൻ എന്താണ് പ്രയാസം? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ പോലീസിന് എന്താണ് സംഭവിച്ചത്; സംഭവസമയത്തുതന്നെ പരിശോധന നടത്തിയിരുന്നെങ്കിൽ പ്രതിയെ

പിടികൂടാൻ സാധിക്കുമായിരുന്നില്ലേ? അതുകൊണ്ടാണ് ഇങ്ങനെയൊരു സംഭവമുണ്ടായത് ശരിയാണോ എന്നുള്ള സംശയം നമുക്കുള്ളത്. അങ്ങനെ സംശയിച്ചതിൽ അത്ഭുതപ്പെടേണ്ട, ഇങ്ങനെയൊരു സംഭവം നടന്നതായി ആർക്കും അറിയില്ല. ഇത്രയും നിരുത്തരവാദപരമായി, നിർവികാരമായി പെരുമാറിയ പോലീസുദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടിയെടുത്തോ? അക്രമം നടത്തിയവരെ കണ്ടെത്തണം. ഈ സംഭവത്തെ എന്തുകൊണ്ടാണ് നിങ്ങൾ ഗൗരവമായെടുക്കാത്തത്? ചില പ്രദേശങ്ങളിൽ സി.പി.ഐ.(എം)-കാർതന്നെ ചെയ്തിട്ട് മറ്റ് പാർട്ടിക്കാരുടെമേൽ കെട്ടിവച്ച ചരിത്രമുണ്ട്. അതുകൊണ്ടാണ് അപലപിക്കാൻ എല്ലാവരും മടിക്കുന്നത്. നമ്മളെല്ലാവരും ബഹുമാനിക്കുന്ന ടി. ശിവദാസ മേനോൻ ഈയിടെയാണ് അന്തരിച്ചത്. അദ്ദേഹത്തിന്റെ മഞ്ചേരിയിലെ വീട്ടിൽ മുമ്പ് കല്ലേറുണ്ടായി. അന്ന് ഭാഗ്യത്തിനാണ് അദ്ദേഹം രക്ഷപ്പെട്ടത്. അപ്പോൾ സി.പി.ഐ.(എം) നേതൃത്വം പ്രസ്താവന നടത്തിയത് ലീഗുകാരാണ് ഇതിനുപിന്നിലെന്നാണ്. എന്നാൽ ഞാനും ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. യു. എ. ലത്തീഫുമൊക്കെ ടി. ശിവദാസ മേനോനെ പോയി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത് ലീഗുകാർ ഒരിക്കലുമിത് ചെയ്യുകയില്ല എന്നാണ്. അന്വേഷണം

നടത്തിയപ്പോൾ മഞ്ചേരിയിലെ സി.പി.ഐ.(എം)-ന്റെ പ്രവർത്തകരെയാണ് പിടിച്ചത്. അതുകൊണ്ടാണ് പറയുന്നത്, നിങ്ങൾ പറയുന്നതിലെ വിശ്വാസ്യക്കുറവാണ് പ്രശ്നങ്ങൾക്ക് കാരണം. ഇപ്പോൾ നടക്കുന്ന വിവാദങ്ങളിൽനിന്നും രക്ഷപ്പെടാനും ശ്രദ്ധതിരിക്കാനുംവേണ്ടി നിങ്ങൾ ചെയ്തതാണെന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റംപറയാൻ പറ്റില്ല. ശ്രീ. പി. എസ്. സുപാൽ ഇപ്പോൾ സീറ്റിലില്ല. സ്വപ്ന സുരേഷിന്റെ കാര്യമൊന്നും ഇവിടെ പറയേണ്ടതില്ലെന്നാണ് ഞാൻ വിചാരിച്ചത്. അവരെ ആർ.എസ്.എസ്.-കാരാണ് കൊണ്ടുനടന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. നേരത്തെ ആരാണ് കൊണ്ടുനടന്നിരുന്നത്? നിങ്ങളുടെ പ്രധാനപ്പെട്ട ഓഫീസിലും മുഖ്യമന്ത്രിയുടെ ഓഫീസിലുമല്ലേ അവർ വന്നുപോയത്? ചരിത്രം തിരിച്ചുവരുന്നതായിട്ടല്ലേ ഇപ്പോൾ കാണുന്നത്. കേരളത്തിലങ്ങോളമിങ്ങോളം പാർട്ടി ഓഫീസുകളും വീടുകളും കടകളും ആക്രമിക്കപ്പെടുകയാണ്. ഇത് അനുവദിക്കാൻ പാടില്ല. ഗൗരവമുള്ള, ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽപ്പെട്ടവരാണ് നമ്മളെല്ലാവരും. ഏതെങ്കിലുമൊരു നേതാവ് എന്തെങ്കിലും പ്രഖ്യാപനം നടത്തിയാൽ അതിൽ പ്രതികരിച്ച് എല്ലാവരും റോഡിലിറങ്ങി തോന്ന്യാസം കാണിക്കുകയും

പോലീസ് മിണ്ടാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. ഗൗരവത്തോടുകൂടി ഈ പ്രശ്നങ്ങളെ കാണണം. പോലീസ് നിഷ്ക്രിയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിലല്ല ഇപ്പോഴത്തെ ആഭ്യന്തര വകുപ്പെന്ന് എനിക്കറിയാം. എല്ലാവർക്കും, എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും സംരക്ഷണമുണ്ടാകണം. ഞങ്ങൾക്ക് പ്രശ്നമില്ല, കാരണം ഞങ്ങൾക്ക് പ്രതിമയില്ലാത്തതുകൊണ്ട് കയ്യും കാലും വെട്ടിയിട്ടില്ല. അങ്ങനെയൊരു രക്ഷ ഞങ്ങൾക്കുണ്ട്. ഈ അടിയന്തരപ്രമേയം ചർച്ച ചെയ്തത് നല്ല കാര്യമാണ്. ഗവൺമെന്റ് ഇക്കാര്യങ്ങളെപ്പറ്റി ഗൗരവമായി ആലോചിക്കണം, തെറ്റുകൾ തിരുത്തി മുന്നോട്ടുപോകണം എന്നുമാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി ഓഫീസായ എ.കെ.ജി. സെന്ററിന് നേരെയുണ്ടായ ബോംബാക്രമണത്തിൽ ശക്തമായി പ്രതിഷേധിക്കുകയാണ്. കേരളത്തിന് ഒരു മഹത്തായ ജനാധിപത്യ പാരമ്പര്യമുണ്ട്. അത് സംരക്ഷിക്കപ്പെടുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ഒരു രാഷ്ട്രീയ പാർട്ടിയുടെ ഓഫീസ് എന്നുപറയുന്നത് കേവലമായൊരു നിർമ്മിതി മാത്രമല്ല, അതിനൊരു ജൈവസ്വഭാവമുണ്ട്. ഒരുപക്ഷെ അവിടെ നടക്കുന്ന ചർച്ചകളും നയപരമായ

തീരുമാനങ്ങളും നിലപാടുകളും ഓരോ കാലഘട്ടത്തിലും ഏത് രാഷ്ട്രീയ പ്രസ്ഥാനം നമ്മുടെ രാജ്യം ഭരിച്ചാലും അതൊക്കെ ഭാവി സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നതായിരിക്കും. അതുകൊണ്ടുതന്നെ ഒരു പാർട്ടി ഓഫീസിനുനേരെ ആക്രമണമുണ്ടാകുമ്പോൾ യഥാർത്ഥത്തിൽ അത് എന്തിനുവേണ്ടിയാണോ നിലനിൽക്കുന്നത്, അല്ലെങ്കിൽ അതിന്റെ നിലപാടുകളെന്താണോ അതിനെതിരെയുള്ള ഒരു പ്രതിഷേധംകൂടിയായി കാണാതിരിക്കാൻ കഴിയില്ല. എ.കെ.ജി.-യെ കേരളത്തിന് പരിചയപ്പെടുത്തേണ്ട കാര്യമില്ല. ചുരുളിയിലും കീരിത്തോട്ടിലുമൊക്കെ കൃഷിക്കാരെ കുടിയിറക്കിയപ്പോൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിൽപ്പെട്ട ആളുകളല്ലായിരുന്നിട്ടുകൂടി അവർക്കുവേണ്ടി നിരാഹാരം കിടക്കുകയും സമരം സംഘടിപ്പിക്കുകയുമൊക്കെ ചെയ്തത് ഒരുപക്ഷെ കേരള രാഷ്ട്രീയത്തിന്റെ പ്രസാദാത്മകമായ മുഖത്തെയാണ് കാണിച്ചത്. അത്തരമൊരു മുഖമുള്ള വ്യക്തിയുടെ നാമധേയത്തിലാണ് ആ ഓഫീസ് അറിയപ്പെടുന്നത്. സി.പി.ഐ.(എം)-നെപ്പോലുള്ള രാഷ്ട്രീയപ്രസ്ഥാനം ഇന്ത്യയിലെ വർഗ്ഗീയനിലപാടുകൾക്കെതിരെ പ്രവർത്തിക്കുന്നതിന്റെ അസഹിഷ്ണുതയാണ് ഉയർന്നുവരുന്നത്. ഇവിടെ

ആക്രമണത്തിന്റെ രീതി, സ്വഭാവം, ഗ്രാവിറ്റി എന്നിവയെക്കുറിച്ചാണ് ചർച്ച നടന്നത്. ഇത്തരമൊരു ചർച്ച വരുമ്പോൾ അപലപിക്കേണ്ട സാഹചര്യമുണ്ടാകണം. ഗവൺമെന്റിന്റെ നിലപാട് വളരെ കൃത്യമായി പറഞ്ഞുകഴിഞ്ഞു. ആരെയെങ്കിലും പ്രതിസ്ഥാനത്ത് നിർത്തുന്നതിനുപകരം കൃത്യമായ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുകയെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. വയനാട്ടിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിനുനേരെയുണ്ടായ ആക്രമണത്തിലെടുത്ത ജനാധിപത്യ നിലപാട് ഒരു പാർട്ടിയെയും ഗവൺമെന്റിനെയും സംബന്ധിച്ചിടത്തോളം എത്ര കൃത്യതയോടെയാണ് നിർവ്വഹിച്ചിരിക്കുന്നതെന്ന് കാണാനാകും. അക്കാര്യത്തിൽ രാഷ്ട്രീയ പാർട്ടിയുടെ സമീപനം കൃത്യമായിരുന്നു. ഇക്കാര്യത്തിലും കൃത്യമായ അന്വേഷണം നടത്തി പ്രതികളെ കണ്ടെത്തുമെന്നതിൽ യാതൊരു സംശയവുമില്ല. 'കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ പിടിക്കുക' എന്നതല്ല സർക്കാരിന്റെ നിലപാട്. എ.കെ.ജി. സെന്ററിന് നേരെയുണ്ടായ ആക്രമണത്തെ ശക്തമായി അപലപിക്കുന്നതോടൊപ്പം എത്രയുംവേഗം ഇതിലൊരു തീരുമാനമുണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടി പ്രസംഗം ചുരുക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, തിരുവനന്തപുരം ജില്ലയിലെ എ.കെ.ജി. സെന്റർ ആക്രമിക്കപ്പെട്ടത് അങ്ങേയറ്റം ഖേദകരവും പ്രതിഷേധാർഹവുമാണ്. കനത്ത സി.സി.ടി.വി. നിയന്ത്രണത്തിലുള്ളതും പോലീസ് കാവലുള്ളതുമായ ആ ഓഫീസിനുനേരെ ബൈക്കിൽ വന്ന് ആക്രമണം നടത്തിയ പ്രതികളെ ഇത്ര ദിവസമായിട്ടും പിടികൂടാൻ കഴിഞ്ഞില്ലെന്നത് കേരളത്തിലെ ആഭ്യന്തര വകുപ്പിന്റെ തികഞ്ഞ പരാജയം തന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഗവൺമെന്റിനുമെതിരെ ഉയർന്നുവന്നിട്ടുള്ള അഴിമതിയാരോപണങ്ങൾ ഭരണമുന്നണിയെയും രാഷ്ട്രീയ അന്തരീക്ഷത്തെയും അങ്ങേയറ്റം ജീർണ്ണതയിലെത്തിച്ചിരിക്കുകയാണ്. ഇത് വഴിതിരിച്ചുവിടാനുള്ള കുത്സിതശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള ആക്രമണമുണ്ടായതെന്നാണ് ഞാൻ സംശയിക്കുന്നത്. സർക്കാർ പരിഭ്രാന്തിയിലാണ്. നിയമസഭയിൽ ഉയർന്നുവരുന്ന ചോദ്യങ്ങൾക്കുപോലും മറുപടി പറയാൻ കഴിയാതെ ആരോപണങ്ങൾക്കുനേരെ ക്ഷുഭിതനാകുന്ന മുഖ്യമന്ത്രിയെയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരം സംഭവങ്ങളെ വഴിതിരിച്ചുവിടാൻവേണ്ടിയുള്ള സർക്കാരിന്റെ ബോധപൂർവ്വമായ ശ്രമങ്ങളാണ് ഇതിനുപിന്നിലെന്ന്

മനസ്സിലാക്കേണ്ടിയിരിക്കുന്നു. സി.പി.ഐ.(എം) പ്രതിസന്ധിയിലായ ഘട്ടങ്ങളിലൊക്കെ ഇതുപോലെയുള്ള അക്രമങ്ങൾ നടന്നതിന്റെ നേർസാക്ഷ്യംകൂടിയാണ് ഞങ്ങൾ. ഒഞ്ചിയത്ത് ആർ.എം.പി. (റവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി) രൂപീകരിക്കുന്ന സമയത്ത് സമാനമായ അക്രമസംഭവങ്ങൾക്ക് സാക്ഷിയായവരാണ് ഞങ്ങൾ. അന്നവിടെ എ.കെ.ജി.-യുടെ നാമധേയത്തിലുള്ള സി.പി.ഐ.(എം)-ന്റെ ഏരിയ കമ്മിറ്റി ഓഫീസ് കത്തിച്ചു. അതിനുശേഷം സി.പി.ഐ.(എം)-ന്റെ അന്നത്തെ സംസ്ഥാന സെക്രട്ടറിയും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയൻ അവിടെ വന്ന് വിമതരായ ഞങ്ങളെ 'കുലംകുത്തികൾ' എന്നുപറഞ്ഞ് അധിക്ഷേപിക്കുകയുണ്ടായി. ആ സംഭവം നടന്ന് പതിനാല് വർഷമായിട്ടും ഒരു പ്രതിയെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. അതുമാത്രമല്ല, അന്ന് കേളുവേട്ടന്റെ നാമധേയത്തിലുള്ള വടകരയിലെ പാർട്ടി ഓഫീസിനുനേരെ കല്ലെറിഞ്ഞിട്ടും ആരെയും ഇതുവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. സി.പി.ഐ.(എം)-ന്റെ ഏരിയ കമ്മിറ്റി, ലോയേഴ്സ് യൂണിയൻ, കർഷക സംഘം എന്നിവയുടെ നേതാവായിരുന്ന അഡ്വ. ഇ. കെ. നാരായണന്റെ വീടിനുനേരെ ബോംബെറിഞ്ഞിട്ട് ഒരു പ്രതിയെപ്പോലും

പിടികൂടിയിട്ടില്ല. ഇത്തരത്തിലുള്ള നിരവധി സമാനസംഭവങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. സർക്കാർ പ്രതിസന്ധിയിലാകുന്ന സമയത്ത് ഇതുപോലുള്ള അക്രമങ്ങൾ അഴിച്ചുവിട്ട് ജനങ്ങളുടെ ശ്രദ്ധതിരിക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു പ്രതിയെപ്പോലും പിടികൂടാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. കള്ളൻ കപ്പലിൽത്തന്നെയാണ്, ഇതിന്റെ കപ്പിത്താൻ ആരാണെന്ന് മാത്രമേ ഇനി കണ്ടത്തേണ്ടതുള്ളൂ. അതുകൊണ്ട് ഈ സംഭവം അന്വേഷിച്ച് കണ്ടെത്താൻ കേരളത്തിന് കഴിയില്ലെങ്കിൽ കേന്ദ്ര ഏജൻസിയെയാണ് ഏൽപ്പിക്കേണ്ടത്. കേരളത്തിലെ ആഭ്യന്തര വകുപ്പിന്റെ പരാജയമാണ് ഇത് സൂചിപ്പിക്കുന്നത്. എസ്.എഫ്.ഐ.-ക്കാർ വാഴ നടേണ്ടത് ആഭ്യന്തര വകുപ്പുമന്ത്രിയുടെ കസേരയിലായിരുന്നുവെന്നുകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

**2.00 pm]**

ശ്രീ. കെ. വി. സുമേഷ്: സർ, കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ രാഷ്ട്രീയ ക്രിമിനൽ ഗൂഢാലോചനയാണ് എ.കെ.ജി. സെന്ററിനുനേരെയുണ്ടായത്. ഇപ്പോൾ എല്ലാറ്റിനും കേന്ദ്രത്തെ കൂട്ടുപിടിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. യു.ഡി.എഫ്. ഭരണകാലത്ത്

നടന്ന സംഭവങ്ങളിൽ പോലീസ് നടപടിയെടുക്കാത്തതിനെക്കുറിച്ചാണ് ഇവിടെ ബഹുമാന്യയായ വടകര അംഗം സംസാരിച്ചത്. യു.ഡി.എഫ്.-ന്റേതുപോലെയുള്ള പോലീസ് വിഭാഗമല്ല ശ്രീ. പിണറായി വിജയന്റേതെന്ന് മനസ്സിലാക്കണം. എ.കെ.ജി. സെന്റർ എന്നത് ഈ നാട്ടിലെ പാവപ്പെട്ടവന്റെയും സാധാരണക്കാരന്റെയും തൊഴിലാളിയുടെയും പട്ടിണിക്കാരന്റെയും പ്രതീക്ഷയാണ്. കേരള രാഷ്ട്രീയം കണ്ട ഏറ്റവും കടുത്ത അക്രമമായിരുന്നു 1983 ഒക്ടോബർ മാസം 31-ാം തീയതി എ.കെ.ജി. സെന്ററിനുനേരെ നടന്നത്. 1991-ൽ പോലീസിന്റെ സഹായത്തോടെ ഇന്ദിര കോൺഗ്രസ് കെ.എസ്.യു. എ.കെ.ജി. സെന്ററിന് നേരെ എട്ട് ബോംബുകളാണെറിഞ്ഞത്. പാർട്ടിയുടെ പ്രമുഖ നേതാക്കളെല്ലാമുണ്ടായിരുന്നപ്പോൾത്തന്നെ അന്നത്തെ പാർട്ടി നേതാവായ ശ്രീ. എം. എ. ബേബിയുടെ വായിൽ കല്ല് തിരുകാനുള്ള ശ്രമമുണ്ടായി. ശ്രീ. പി. സി. വിഷ്ണുനാഥ് അപ്പുറത്തിരുന്ന് പരിഹസിക്കുകയും ആക്ഷേപിക്കുകയുമാണ്. എ.കെ.ജി. സെന്റർ എന്നുപറയുന്നത് എക്കാലവും കേരളത്തിലെ വലതുപക്ഷ രാഷ്ട്രീയക്കാരെ അസ്വസ്ഥരാക്കുന്ന, അവരിൽ അസൂയയുണ്ടാക്കുന്ന പ്രധാനപ്പെട്ട കേന്ദ്രമാണ്. ഈ സംഭവത്തെ

തള്ളിപ്പറയാൻ നിങ്ങൾ തയ്യാറായോ; നിങ്ങളിപ്പോൾ വീരവാദം മുഴക്കുകയല്ലേ? ഞങ്ങൾക്കുള്ള സംശയമെന്താണെന്ന് ശ്രീ. എം.എം. മണി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പുതിയ കോൺഗ്രസ് പ്രതിപക്ഷ നേതൃനിര വന്നപ്പോൾ അവർ പറഞ്ഞത് ഞങ്ങൾ ശൈലി മാറ്റുകയാണെന്നാണ്. നേരത്തെയും ശൈലി ഇതുതന്നെയായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത് പന്തക്കപാറയിലെ സി.പി.ഐ.(എം) പ്രവർത്തകനും ദിനേശ് ബീഡി തൊഴിലാളിയുമായ കൊളങ്ങരത്ത് രാഘവനെ ബോംബെറിഞ്ഞ് കൊന്നതുമുതലുള്ള ചരിത്രമുണ്ട്. കേരളത്തിൽ കലാപമുണ്ടാക്കാൻ ഏതർത്ഥത്തിൽ, എന്നാരംഭിച്ച ശ്രമമാണ്? സമീപകാല കേരള രാഷ്ട്രീയത്തിൽ സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കലാപത്തിന് സമാനമായ സാഹചര്യമുണ്ടാക്കുകയല്ലേ ചെയ്തത്? ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് 77 കേസുകൾ രജിസ്റ്റർ ചെയ്തതിൽ 61 കേസുകളും യു.ഡി.എഫ്.-നെതിരായുള്ളതാണ്. 11 കേസുകൾ സി.പി.ഐ.(എം)-നെതിരെയും ബാക്കി കേസ്സുകൾ മറ്റ് പാർട്ടികൾക്കെതിരെയുമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ആധികാരികമായ കണക്കാണിത്. സി.പി.ഐ(എം) ഭരിക്കുമ്പോൾ പ്രവർത്തകർ തെറ്റ് ചെയ്താൽ അവരെ

സംരക്ഷിക്കുകയെന്നതല്ല ശ്രീ. പിണറായി വിജയന്റെ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പോലീസിന്റെ നയം. എത്ര ഓഫീസുകളാണ് നിങ്ങൾ തകർത്തത്; നിങ്ങളുടെ തോന്ന്യാസത്തിന് കയ്യും കണക്കുമുണ്ടോ? എ.കെ.ജി. സെന്ററും ബഹുമാന്യരായ പിണറായി വിജയനും കോടിയേരി ബാലകൃഷ്ണനും ഇ. പി. ജയരാജനും അടങ്ങുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വം രാഷ്ട്രീയ പക്വതയോടും അവധാനതയോടെയുമാണ് നിലപാട് സ്വീകരിച്ചത്. നിങ്ങൾ സമീപകാലത്ത് എന്തെല്ലാം സംഭവങ്ങളാണുണ്ടാക്കിയത്? ശ്രീ. പി. സി. വിഷ്ണുനാഥ് എസ്.ഡി.പി.ഐ.-യെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥേ, ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് എസ്.ഡി.പി.ഐ. സന്ദർശിക്കുകയും ഫേസ്ബുക്ക് വീഡിയോ പ്രദർശിപ്പിക്കുകയും ചെയ്തു. തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് വിജയിച്ചതിന്റെ ഉപകാരമായിരിക്കും. എന്നാൽ എ.കെ.ജി. സെന്ററിലേയ്ക്ക് വന്ന എസ്.ഡി.പി.ഐ. പ്രവർത്തകരെ അതിനകത്തേയ്ക്ക് കയറ്റാതെ മടക്കി അയയ്ക്കുകയാണ് സി.പി.ഐ.(എം) ചെയ്തത്. ഞങ്ങൾക്ക് വർഗ്ഗീയ തീവ്രവാദികളുടെ ഒരു ശതമാനം ആനുകൂല്യമോ അനുകമ്പയോ ആവശ്യമില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് ഈ

സഭയെ തെറ്റിദ്ധരിപ്പിക്കാനാണ് ശ്രമിച്ചത്. നിങ്ങൾ ഭരിക്കുമ്പോഴാണ് പി. കൃഷ്ണപിള്ള സ്മാരകം തകർത്തത്. ഇപ്പോൾ അദ്ദേഹത്തെ നിങ്ങളെല്ലാം സഖാവെന്ന് വിളിച്ച് വലിയ ആവേശഭരിതരാകുന്നത് കണ്ടു. പി. കൃഷ്ണപിള്ള സ്മാരകം തകർത്ത സി.പി.ഐ.(എം) പ്രവർത്തകരെ നിങ്ങൾ അറസ്റ്റ് ചെയ്തു. ഞങ്ങൾ എന്താണ് ചെയ്തത്? ഞങ്ങളവരെ പാർട്ടിയിൽനിന്നും പുറത്താക്കി നടപടി സ്വീകരിച്ചു. നിങ്ങളാണ് എക്കാലത്തും ഇതുപോലുള്ള കള്ളത്തരങ്ങൾ ചെയ്തിട്ടുള്ളത്. ശ്രീ. എം.എം. മണിക്കുണ്ടായ അനുഭവം അദ്ദേഹം പറഞ്ഞു. മുൻ എം.എൽ.എ. ശ്രീ. ടി. വി. രാജേഷിന്റെയും ശ്രീ. പി. ജയരാജൻ എന്ന ഞങ്ങളുടെ പാർട്ടി നേതാവിന്റെയും അനുഭവമെന്താണ്? നിങ്ങളുടെ ഒരു മാധ്യമ വക്താവ് ചാനലിൽ വലിയ ചർച്ച നടത്തി. വിമാനത്തിനുള്ളിൽ നിങ്ങൾ ബഹുമാന്യനായ മുഖ്യമന്ത്രിയെ ആക്രമിക്കാനല്ലേ ശ്രമിച്ചത്? ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയോ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയോ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ഉൾപ്പെടെയുള്ളവരോ അല്പം രാഷ്ട്രീയ മര്യാദ കാണിച്ചോ? അങ്ങനെയൊരു സംഭവം നടന്നാൽ അതിനെ തള്ളിപ്പറയുകയെന്നത് രാഷ്ട്രീയ മര്യാദയല്ലേ; നിങ്ങൾ എന്താണ്

കരുതിയത്? സഖാവ് ശ്രീ. പിണറായി വിജയനും ശ്രീ. കോടിയേരി ബാലകൃഷ്ണനും അവധാനതയോടെ പ്രതികരിച്ചില്ലായിരുന്നെങ്കിൽ അത് താങ്ങാനുള്ള ശേഷി കേരളത്തിലെ യു.ഡി.എഫ്.-നുണ്ടോ? ശ്രീ. ഇ.പി. ജയരാജൻ അവിടെ ഉണ്ടായിരുന്നതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽനിന്നും രക്ഷപ്പെട്ടു. ബഹുമാന്യനായ മുഖ്യമന്ത്രിയെ ആക്രമിക്കുന്നതിന് രണ്ടുപേരെ ടിക്കറ്റെടുത്ത് വിമാനത്തിൽ അയച്ചു, മറ്റൊരാളെ ഫോട്ടോയെടുക്കാൻ അയച്ചു. ഇപ്പോൾ നിങ്ങൾ ശ്രീ. ഇ. പി. ജയരാജന് എതിരാണ്. 1995-ൽ പാർട്ടി കോൺഗ്രസ് കഴിഞ്ഞുവരുമ്പോൾ ശ്രീ. പിണറായി വിജയനെ അല്ലെങ്കിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനെ ആക്രമിക്കാനാണ് ശ്രമിച്ചത്. പക്ഷേ ശ്രീ. ഇ. പി. ജയരാജനെയാണ് കിട്ടിയത്. നിങ്ങൾ പ്രസംഗിക്കുന്നതിനുമുമ്പ് ശ്രീ. രാജ്മോഹൻ ഉണ്ണിത്താനോട് ചോദിക്കണം. ഇപ്പോഴും പ്രത്യേക സംവിധാനത്തോടുകൂടി മാത്രം ഉറങ്ങാൻ കഴിയുന്നതിന്റെ പ്രയാസം അനുഭവിക്കുന്ന അദ്ദേഹത്തെ, പ്രതിഭാശാലിയായൊരു രാഷ്ട്രീയ നേതാവിനെ വകവരുത്താൻ നിങ്ങൾ നടത്തിയ നീക്കം ആർക്കെതിരായിട്ടായിരുന്നു? നിങ്ങൾ ഇപ്പോഴും പരിഹസിക്കുകയാണ്. നിങ്ങൾ പാർട്ടിയുടെ നേതാക്കളല്ലേ? മുസ്ലിം ലീഗ്

ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാമോ? നേരത്തെ ശ്രീ. എം. എം. മണി ചൂണ്ടിക്കാണിച്ച രാഷ്ട്രീയ സാഹചര്യമുള്ളപ്പോൾ ഞങ്ങൾ ആരെ സംശയിക്കണം? ശ്രീ. ഇ. പി. ജയരാജനെ ആക്ഷേപിക്കാനും അപമാനിക്കാനും നിങ്ങൾ ഇപ്പോഴും ശ്രമിക്കുകയല്ലേ? പേട്ട ദിനേശനും വിക്രംചാലിൽ ശശിയും കൊടുത്ത മൊഴിയെന്താണ്? നിങ്ങൾ വകവരുത്തി ഇല്ലാതാക്കാൻ ശ്രമിച്ച ഒരാൾ സത്യസന്ധമായി കേരളത്തോട് പ്രതികരിച്ചത് ഇപ്പോഴുള്ള രാഷ്ട്രീയ സാഹചര്യം മുൻനിർത്തിത്തന്നെയാണ്. ശ്രീ. സെൽവരാജിന്റെ വീട് കത്തിച്ച സംഭവത്തിൽ അന്വേഷണം നടത്തി കണ്ടെത്തിയത് കോൺഗ്രസുകാരനായ ഡ്രൈവറെയാണ്. ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് മത്സരിച്ച ശ്രീമതി സതിയുടെ മുടിമുറിച്ചതും ആക്രമിച്ചതും ആരാണ്? പ്രതി കോൺഗ്രസുകാരനാണ്. മഹിളാ കോൺഗ്രസ് പ്രവർത്തക ശ്രീമതി ലീനയുടെ വീട് കത്തിച്ചതിനെത്തുടർന്ന് വലിയ പ്രശ്നമുണ്ടായി. പിടിച്ചത് അവരുടെ മകനെയാണ്. വയനാട്ടിൽ മഹാത്മാഗാന്ധിയുടെ പ്രതിമയും ഫോട്ടോയും തകർത്തു. ഇപ്പോൾ മലയാള മനോരമ ഉൾപ്പെടെയുള്ള പത്രങ്ങൾ ആരാണത് ചെയ്തതെന്ന് എഴുതി. യൂണിവേഴ്സിറ്റി കോളേജിൽവച്ച് എസ്.എഫ്.ഐ. ചാപ്പ കുത്തിയെന്ന് പറയുന്ന നിഷാദ്

എന്ന ചെറുപ്പക്കാൻ ഡി.ഐ.സി.-യിൽ വന്നപ്പോൾ എന്താണ് പറഞ്ഞത്; ആരാണ് ചാപ്പ കുത്തിയത്? നിങ്ങൾ ഇതെല്ലാം ചെയ്യും, ചെയ്തിട്ടുണ്ട്; ചെയ്ത പാരമ്പര്യമുള്ളവരാണ്. നിങ്ങളിവിടെ സംസാരിക്കുമ്പോൾ ചിലർ പറയുന്നത് കടലാസിന് തീ പിടിച്ചുവെന്നാണ്. ശ്രീ. പി. സി. വിഷ്ണുനാഥേ, എ.കെ.ജി. സെന്ററിനുനേരെ സ്ഫോടകവസ്തു എറിഞ്ഞിട്ട് ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയെന്ന നിലയിൽ നിങ്ങൾ ഇങ്ങനെയാണോ പ്രതികരിക്കേണ്ടത്? ഞങ്ങൾ പ്രതികരിച്ചിരുന്നത് ഇങ്ങനെയാണോ? കണ്ണൂരിലും മറ്റുമൊക്കെ എന്തെല്ലാം സംഭവങ്ങളുണ്ടായിട്ടുണ്ട്? നാൽപാടി വാസുവിനെയും സേവറി ഹോട്ടൽ ആക്രമിച്ച് നാണുവിനെയുമുൾപ്പെടെ ഇരുന്നൂറ്റിയമ്പതോളം സി.പി.ഐ.(എം) പ്രവർത്തകരെ കൊന്ന ചരിത്രം ആർക്കാണുള്ളത്? എന്നാൽ എല്ലാ ഘട്ടത്തിലും സൂക്ഷ്മതയും അവധാനതയും പുലർത്തിയ പക്വതയുള്ള രാഷ്ട്രീയ നിലപാടല്ലേ സി.പി.ഐ.(എം)-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണിയും സ്വീകരിച്ചത്? കിട്ടിയവനെ പ്രതിയാക്കാനൊന്നും ഞങ്ങളില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃത്യമായി പറഞ്ഞില്ലേ? ഞാൻ ചോദിക്കട്ടെ, പ്രതികളെ പിടിക്കുമ്പോൾ അവർ യു.ഡി.എഫ്. ആണെന്ന് ബോധ്യപ്പെട്ടാൽ അവരെ തള്ളിപ്പറയാൻ നിങ്ങൾ തയ്യാറാകുമോ? നിങ്ങൾ

എന്ത് ശൈലിയാണ് സ്വീകരിക്കുന്നത്; ഇതാണോ നിങ്ങളുടെ ശൈലി മാറ്റം? ധീരജ് എന്ന യുവാവിനെ കൊന്നതിനുശേഷം ഡി.സി.സി. പ്രസിഡന്റുൾപ്പെടെയുള്ളവർ പ്രസംഗിക്കുന്നത് ഇനിയുള്ളവർക്കും ഈ അനുഭവമാണ്, ഇരന്നുവാങ്ങിയതാണ് എന്നൊക്കെയാണ്. പരിഹാസവും ആക്ഷേപവുമാണ് നടത്തുന്നത്. അതിന് കേരളത്തിലെ ഒരുവിഭാഗം മാധ്യമങ്ങളെയും കൂട്ടുപിടിച്ചിരിക്കുകയാണ്. കേരളത്തിലെ മാധ്യമങ്ങൾ ആന്റി ലെഫ്റ്റ് വർഗ്ഗീയ അനുകൂല സമീപനമാണ് സ്വീകരിക്കുന്നത്. അവരുടെ ഉപദേശം സ്വീകരിച്ചുകൊണ്ട് നിങ്ങൾ ഇറങ്ങിയിരിക്കുകയാണ്. അവർക്ക് വാർത്തയുണ്ടാകണമെന്നതിനപ്പുറം മറ്റൊരു താല്പര്യവുമില്ല. അവരുണ്ടാക്കുന്ന വാർത്തകളുടെ പുറകെ പോയി ഈ ഗവൺമെന്റിനെ തകർക്കാമെന്നാണോ കരുതുന്നത്? ലോക ചരിത്രത്തിലാദ്യമായി 1957-ൽ ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽവന്ന ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനുനേരെ ഇല്ലാക്കഥകൾ പ്രചരിപ്പിച്ച് അരയണ സമരവുമായി പുറപ്പെട്ട അതേ പാരമ്പര്യം നിലനിർത്തിക്കൊണ്ട്, രാഷ്ട്രീയ കേരളത്തിന്റെ ചരിത്രത്തിൽ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് തുടർഭരണം ലഭിക്കുമ്പോൾ ആ ഗവൺമെന്റിനെ അപവാദപ്രചരണങ്ങളിലൂടെ തകർക്കാനാണോ നിങ്ങളുടെ നീക്കം?

അതൊന്നും നടക്കാൻ പോകുന്നതല്ലെന്ന് നിങ്ങൾ മനസ്സിലാക്കാൻ പോകുന്നതേയുള്ളൂ. കേരളത്തിലെ ജനങ്ങൾക്ക് ഇക്കാര്യത്തിൽ അത്രയ്ക്ക് പ്രതിഷേധമുണ്ട്. ഈ നാടിന് ഒരുപാട് അനുഭവങ്ങളില്ലേ, നമുക്കറിയാവുന്ന ഒരുപാട് കാര്യങ്ങളില്ലേ; ചീമേനി സംഭവം നമ്മൾ ഓർക്കുന്നില്ലേ? 1957-ൽ ഇ. കെ. നായനാർ മത്സരിക്കുന്ന ഘട്ടത്തിൽ അവിടെ തീവച്ച സംഭവം മറക്കാൻ കഴിയുമോ; അറ്റുവീഴുന്ന കൈകളും ശരീരവുമായല്ലേ അന്ന് സഖാക്കൾ നിന്നത്? നിങ്ങൾ കാണിച്ച ഏറ്റവും വലിയ ക്രൂരതയുടെ ഉദാഹരണമല്ലേ അത്? ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് എ.കെ.ജി. സെന്റർ. സെക്രട്ടേറിയറ്റിലേയ്ക്ക് നിങ്ങൾ മാർച്ച് നടത്തി. ശ്രീ. വി. കെ. പ്രശാന്തിനെതിരെ വട്ടിയൂർക്കാവിൽ മത്സരിച്ച ഒരു സ്ഥാനാർത്ഥി ചാനലുകളിൽ ലൈവ് കൊടുത്ത് സി.പി.ഐ.(എം)-ന്റെ ചെമ്പതാക കത്തിച്ചില്ലേ; നിങ്ങൾക്ക് ആ പതാകയുടെ പ്രാധാന്യത്തെപ്പറ്റി അറിയാമോ? എത്ര കടുത്ത പ്രകോപനമാണ് നിങ്ങൾ സൃഷ്ടിക്കുന്നത്? പ്രകോപനത്തിലൂടെ കേരളത്തിൽ വലിയൊരു കലാപാന്തരീക്ഷം സൃഷ്ടിച്ചത് ഗവൺമെന്റിനെ ഇല്ലാതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടല്ലേ? ആ പതാക വിശ്വമാനവന്റേതാണ്.

ലോകത്താകെയുള്ള മാനവമോചന പോരാട്ടത്തിന്റെ ഭാഗമായി പട്ടിണിക്കാരും സാധാരണക്കാരുമടക്കമുള്ള എല്ലാവരുടെയും വികാരങ്ങളെ ചേർത്തുപിടിക്കുന്ന പതാക കത്തിച്ചിട്ടുപോലും ശ്രീ. പിണറായി വിജയനും ശ്രീ. കോടിയേരി ബാലകൃഷ്ണനും നയിക്കുന്ന സി.പി.ഐ.(എം) പറഞ്ഞതിനപ്പുറത്തേയ്ക്ക് കേരളത്തിലെ പാർട്ടി പ്രവർത്തകർ പോകാത്തത് ഈ പാർട്ടിക്ക്, ഈ ഗവൺമെന്റിന് ജനങ്ങളോട് ഉത്തരവാദിത്വമുള്ളതുകൊണ്ടാണ്. അങ്ങേയറ്റം അപകടകരവും കുടിലവുമായ രാഷ്ട്രീയബുദ്ധിയിലൂടെ കേരളത്തിന്റെ സമാധാനാന്തരീക്ഷം തകർത്തുകൊണ്ട് സി.പി.ഐ.(എം)-നെയും ഇടതുപക്ഷത്തെയും ഇല്ലാതാക്കാനുള്ള നീക്കത്തിന്റെ ഭാഗമായി വേണം എ.കെ.ജി. സെന്റർ ആക്രമണത്തെയും നമ്മൾ കാണേണ്ടത്. ഈ സംഭവത്തിൽ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാനുള്ള ഗവൺമെന്റിന്റെ സമീപനം സ്വാഗതാർഹമാണ്. ഇതേ സമീപനമായിരിക്കണം നാളെയും സ്വീകരിക്കേണ്ടത്. ഇത്തരം വിഷയങ്ങളിൽ സുവ്യക്തമായ മറുപടിയുണ്ടാകേണ്ടതും അത്യാവശ്യമാണ്.

അടിയന്തരപ്രമേയം ചർച്ച ചെയ്യുകയെന്നതല്ല അക്കാര്യത്തിൽ മറുപടിയുണ്ടാകണമെന്നതാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. കേരളത്തിന്റെ ക്രമസമാധാനനില സമ്പൂർണ്ണമായി തകർന്നിരിക്കുന്നുവെന്നതാണ് എ.കെ.ജി. സെന്ററിന് നേരെ നടന്ന ആക്രമണം കാണിക്കുന്നത്. കാരണം, 24 മണിക്കൂറും പോലീസ് നിരീക്ഷണത്തിലുള്ള ഭരിക്കുന്ന പാർട്ടിയുടെ ഓഫീസിനുമുന്നിൽ ബൈക്കിലെത്തിയ വ്യക്തി പടക്കമോ സ്ഫോടകവസ്തുവോ എറിഞ്ഞ് ദിവസങ്ങൾ പിന്നിട്ടിട്ടും അയാളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയുന്നില്ലെങ്കിൽ അത് ഗവൺമെന്റ് മെഷിനറികളുടെ സമ്പൂർണ്ണ പരാജയമാണ് കാണിക്കുന്നത്. ഇവിടെ ബഹുമാന്യരായ ഭരണകക്ഷി അംഗങ്ങൾ സംശയത്തിന്റെ കാര്യങ്ങളാണ് സൂചിപ്പിച്ചത്. ഈ ആക്രമണവുമായി ബന്ധപ്പെട്ട് ഒരു അടിസ്ഥാനവുമില്ലാത്ത ആരോപണം എൽ.ഡി.എഫ്. കൺവീനർ ഉന്നയിച്ചതിനോടനുബന്ധിച്ച് കോൺഗ്രസ്സ് പാർട്ടി ഓഫീസുകൾക്കും കൊടിമരങ്ങൾക്കും മണ്ഡപങ്ങൾക്കുംനേരെ വ്യാപക ആക്രമണങ്ങളാണുണ്ടായത്. ഒരു കലാപം സൃഷ്ടിക്കാൻവേണ്ടിയുള്ള ആസൂത്രിതമായ, ബോധപൂർവ്വമായ ശ്രമം അവിടെ നടന്നില്ലേ? ശക്തമായി അപലപിക്കപ്പെടേണ്ട ഒന്നുതന്നെയാണത്. കോൺഗ്രസ്

ഓഫീസുകൾക്കുനേരെ നടന്ന ആക്രമണത്തെ ജനാധിപത്യത്തോടുള്ള വെല്ലുവിളിയായിത്തന്നെ കാണേണ്ടതുണ്ട്. സമരങ്ങൾക്കുനേരെയുള്ള പോലീസിന്റെ സമീപനമെന്താണ്? എല്ലാ സമരങ്ങളും അടിച്ചമർത്തുന്ന സമീപനമാണ് പോലീസ് സ്വീകരിക്കുന്നത്. സ്വർണ്ണക്കടത്തുമായോ കെ-റെയിൽ പോലെയുള്ള ജനകീയ വിഷയങ്ങളുമായോ ബന്ധപ്പെട്ടുള്ള സമരങ്ങളെല്ലാം പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുകയാണ്. കെ-റെയിലിന്റേത് രാഷ്ട്രീയ വിഷയവുമായി ബന്ധപ്പെട്ട സമരമല്ല. അതൊരു ജനകീയ സമരമായിരുന്നു. അനധികൃതമായി സ്ഥാപിച്ച കുറ്റികൾ ജനങ്ങൾതന്നെ പിഴുതെറിഞ്ഞപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുംനേരെ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായ atrocities വലുതായിരുന്നു. പോലീസ് സമരക്കാരോട് പെരുമാറേണ്ടതും സമരത്തെ സമീപിക്കേണ്ടതും സംബന്ധിച്ച് ഡി.ജി.പി.-ക്ക് എത്ര സർക്കുലറുകൾ ഇറക്കേണ്ടിവന്നു? പോലീസിനെ പൂർണ്ണമായി നിങ്ങൾ രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു. പോലീസിനെ പൊളിറ്റിക്കൽ ടൂളാക്കി മാറ്റുന്നതായിട്ടാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഒരു ഓഫീസും ആക്രമിക്കപ്പെടാൻ പാടില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എ.കെ.ജി. സെന്റർ ആക്രമിച്ചിട്ട് ദിവസങ്ങൾ

പിന്നിട്ടശേഷവും പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയാത്തത് പോലീസ് ഒരു പൊളിറ്റിക്കൽ ടൂളായി മാറിയതുകൊണ്ടാണ്. പോലീസുകാർക്ക് രാഷ്ട്രീയമാകാം, പക്ഷെ പോലീസിനെ രാഷ്ട്രീയവൽക്കരിക്കാൻ പാടില്ല. അതാണ് ഇന്നിവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഫേസ്ബുക്ക് പോസ്റ്റിട്ടവരെ ഒന്നര ദിവസംവരെ ചോദ്യം ചെയ്യുന്ന അവസ്ഥയാണ്. അങ്ങനെയാണെങ്കിൽ എത്ര പേരെ ചോദ്യം ചെയ്യേണ്ടിവരും? പ്രകോപനപരമായ എത്രയെത്ര ഫേസ്ബുക്ക് പോസ്റ്റുകൾ നിങ്ങളുടെ ഭാഗത്തുള്ളവർ ഇട്ടിട്ടുണ്ടെന്നുള്ളത് ഞാൻ പറയാതെതന്നെ നിങ്ങൾക്കറിയാം. ഫേസ്ബുക്ക് പോസ്റ്റുകളുടെ പേരിൽപ്പോലും ആളുകളെ തടങ്കലിൽവച്ച് എല്ലാ നിയമവ്യവസ്ഥകളെയും വെല്ലുവിളിച്ചുകൊണ്ട് ചോദ്യം ചെയ്യുമ്പോൾ ജനാധിപത്യത്തിന്റെ അവഹേളനമായി അത് മാറുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിന്റെ നിയമവ്യവസ്ഥയെ തകർക്കാനുള്ള ബോധപൂർവ്വമായ പരിശ്രമമാണ് ഇവിടെ നടക്കുന്നത്. ലക്ഷക്കണക്കിന് പാവങ്ങളുടെ ആശ്രയ കേന്ദ്രമാണ് എ.കെ.ജി. സെന്റർ. ഇവർ എ.കെ.ജി.-യെക്കുറിച്ച് പഠിക്കണം. ഇന്ത്യൻ പാർലമെന്റിലേയ്ക്ക്

പ്രതിപക്ഷനേതാവായിരുന്ന എ. കെ. ഗോപാലൻ കടന്നുവരുമ്പോൾ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എഴുന്നേറ്റുനിന്ന് കൈ കൂപ്പിയാണ് സ്വീകരിച്ചത്. അതായിരുന്നു അന്നത്തെ കോൺഗ്രസ്. പാർലമെന്റിൽ എ.കെ.ജി. ഇംഗ്ലീഷിൽ പ്രസംഗിക്കുമ്പോൾ അത് പൂർണ്ണമായും കേട്ടിരുന്ന രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാവായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. അങ്ങനെയാകണം കോൺഗ്രസ്. കോൺഗ്രസ്സിന് എന്തുപറ്റി? നിങ്ങൾക്ക് ഞങ്ങളോട് അസൂയയും കുന്നായ്മയും negligence ആയി മാറുകയാണ്. ഇവർ ഒരിക്കലും നന്നാകില്ല. അഞ്ച് വർഷക്കാലം യു.ഡി.എഫ്. ഭരിച്ചപ്പോൾ അഴിമതിയിൽ മുങ്ങിക്കുളിച്ചിരുന്ന, ലോകത്തിന്റെ ഇങ്ങേയറ്റത്ത് ഒരു ചെറിയ പൊട്ടായി കിടക്കുന്ന കൊച്ചുകേരളത്തെ ലോകത്തെ ഏറ്റവും വലിയ പൊട്ടാക്കി മാറ്റിയ സഖാവ് പിണറായി വിജയനാണോ കുറ്റക്കാരൻ? കോൺഗ്രസ് മറുപടി പറയണം. കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനം നടത്തി ലോകത്തെ ഏറ്റവും വലിയ വികസന സംസ്ഥാനമായി അറിയപ്പെടുന്ന ഈ കൊച്ചുകേരളത്തെ നിങ്ങൾ വെല്ലുവിളിക്കുകയാണ്. ഇടതുപക്ഷ

ജനാധിപത്യമുന്നണിക്ക് രണ്ടാമതും ഭരണം കിട്ടിയപ്പോൾ നിങ്ങൾ വിറളിപൂണ്ട് നടക്കുകയാണ്. നിങ്ങൾക്ക് അന്തശ്ഛിദ്രം ബാധിച്ചു. തിരുവനന്തപുരത്ത് ഒരു ആശുപത്രിയുണ്ട്, അതിന്റെ പേര് ഞാൻ പറയുന്നില്ല. അവിടെപ്പോയി ചികിത്സിച്ചാൽ ചിലപ്പോൾ നിങ്ങൾക്ക് രോഗം ഭേദമാകും. അല്ലെങ്കിൽ പതിനാറാം കേരള നിയമസഭയിൽ അപ്പുറത്തിരിക്കാൻ കോൺഗ്രസുകാർ കാണില്ല, വേറെ പാർട്ടിക്കാർ വരും. ഇപ്പോഴത്തെ കോൺഗ്രസിന്റെ പോക്ക് കാണുമ്പോൾ അതാണ് മനസ്സിലാകുന്നത്. പ്രതിപക്ഷത്തിനായി മാറ്റിവച്ചിട്ടുള്ള സീറ്റ് ഫിൽ ചെയ്യാൻപോലും ഇപ്പോൾ അവർക്ക് കഴിയുന്നില്ല. തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ ജയിച്ചതുകൊണ്ട് കേരളത്തിൽ എന്തും കാണിക്കാമെന്നുള്ള നിങ്ങളുടെ വ്യാമോഹം ഇടതുപക്ഷ ജനാധിപത്യ മുന്നണിയോട് നടക്കില്ല. ഞങ്ങളുടെ മുഖ്യമന്ത്രിയെ ഞങ്ങൾ സംരക്ഷിക്കും. മുഖ്യമന്ത്രിയുടെ കുടുംബത്തെ അടച്ചാക്ഷേപിച്ചാൽ ഞങ്ങൾ പകരം ചോദിക്കും. ഞങ്ങൾക്ക് അതിനുള്ള ശക്തിയും കരുത്തുമുണ്ട്. അതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി. ഞങ്ങളെ ആരും ഓലപ്പാമ്പ് കാട്ടി വിരട്ടാൻ നോക്കണ്ട. ആ രീതിയിൽ സമാധാനത്തോടും

ശാന്തതയോട്ടുംകൂടി ഞങ്ങൾ പ്രവർത്തിക്കുകയാണ്. വർഷങ്ങൾക്കുമുമ്പ് കോൺഗ്രസ്സിന് ഒരു പാരമ്പര്യമുണ്ടായിരുന്നു. ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവാഹകരായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്ന് കേരളത്തിലെയും രാജ്യത്തിലെയും ജനങ്ങൾ പറഞ്ഞപ്പോൾ അതാണ് കോൺഗ്രസ്സെന്ന് ഞങ്ങളും നെഞ്ചത്ത് കൈവച്ച് ആവേശത്തോടെ പറഞ്ഞു. ഇപ്പോൾ എന്താണ് കോൺഗ്രസ്; ഒരു സ്വപ്ന സുരേഷിന്റെ പേരുംപറഞ്ഞ് ഞങ്ങളെ ഉമ്മാക്കി കാണിക്കുകയാണോ? അങ്ങനെയൊന്നും ഉമ്മാക്കി കാണിക്കാൻ ശ്രമിക്കണ്ട. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി, രണ്ടാം പിണറായി വിജയൻ സർക്കാർ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ കാര്യങ്ങളും പൂർണ്ണമായും നടപ്പിലാക്കും. അതുകൊണ്ട് ലക്ഷക്കണക്കിന് പാവങ്ങളുടെ പടത്തലവനായ സഖാവ് പിണറായി വിജയനെ നിങ്ങളൊന്നും XXXX+ ചെയ്യില്ല. കുഞ്ചൻനമ്പ്യാരുടെ ഭാഷയിൽ പറഞ്ഞാൽ XXXX+ നിങ്ങളൊന്നും ചെയ്യാൻ പോകുന്നില്ല........(ബഹളം)........ കുഞ്ചൻ നമ്പ്യാരുടെ ഭാഷയാണ് പറഞ്ഞത്. അത് ചീത്തയൊന്നുമല്ല........(ബഹളം)........

+ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.
+

<u>മി. സ്പീക്കർ</u>: ആ വാക്ക് രേഖയിലുണ്ടാകില്ല.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, നിങ്ങൾ ഞങ്ങളെ അങ്ങനെ വിരട്ടാൻ നോക്കണ്ട. പ്രതിപക്ഷം സമ്പൂർണ്ണ പരാജയമായി മാറുകയാണ്. അതുകൊണ്ടാണ് നിങ്ങൾക്ക് ഇങ്ങനെ വെപ്രാളമുണ്ടാകുന്നത്. മണി ആശാൻ പറഞ്ഞതുപോലെ നിങ്ങൾ എ.കെ.ജി. സെന്റർ ആക്രമിക്കാൻ ആളെ പറഞ്ഞയച്ചതായിരിക്കുമെന്ന് ഞങ്ങൾക്ക് തോന്നുകയാണ്. ഞങ്ങൾ നിങ്ങളെ അറസ്റ്റ് ചെയ്യുമെന്നതിൽ തർക്കമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് ഭരിക്കുന്നതെങ്കിൽ അറസ്റ്റുചെയ്ത് കൽത്തുറുങ്കിലടയ്ക്കുമെന്നതിൽ സംശയമില്ല. അതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന സഖാവ് പിണറായി വിജയന് ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ, യുവാക്കളുടെ കേരളത്തിന്റെ ചുവപ്പൻ അഭിവാദ്യങ്ങൾ ഉണ്ടാകുമെന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഈ പ്രമേയം അവതരിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് അങ്ങേയ്ക്ക് നോട്ടീസ് നൽകിയപ്പോൾ അതിന് അനുമതി ലഭിക്കില്ലെന്നാണ് അദ്ദേഹവും

യു.ഡി.എഫ്.-ഉം ധരിച്ചത്. ഇതുതന്നെയാണ് വയനാട്ടിലെ സംഭവത്തിലുമുണ്ടായത്. വയനാട് എം.പി.-യുടെ ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് പ്രമേയം വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ചർച്ചയ്ക്കെടുക്കാമെന്ന് പറഞ്ഞു. നിങ്ങൾ തല്ലിപ്പിരിഞ്ഞ് പോകാനാണ് നേരത്തെ തീരുമാനിച്ചിരുന്നത്. അതിന് ഏറ്റവും നല്ല തെളിവ് എന്നുപറയുന്നത് അന്ന് ഒരു സബ്മിഷൻ പോലും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് നൽകിയിരുന്നില്ല എന്നതാണ്. അന്നുണ്ടായിരുന്ന എട്ട് സബ്മിഷനും ഭരണപക്ഷത്തിന്റേതായിരുന്നു. നേരത്തെതന്നെ ട്രെയിനും ബുക്ക് ചെയ്തിരുന്നു. അന്ന് രാവിലെതന്നെ തല്ലിപ്പിരിഞ്ഞ് പോകാൻ തീരുമാനിച്ചിരുന്നു. പ്രമേയാവതരണത്തിന് അനുമതി നൽകിയാൽ തങ്ങൾ പിടിക്കപ്പെടുമെന്ന ബോധ്യം അവർക്കുണ്ടായിരുന്നുവെന്നുവേണം കരുതേണ്ടത്. സംസാരിക്കുന്ന ചിത്രങ്ങൾ വസ്തുതകളല്ലെന്ന് പറയാൻ സാധിക്കില്ലല്ലോ. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ച ദിവസം മഹാത്മാഗാന്ധിയുടെ ചിത്രം ചുവരിൽ തൂക്കിയിരുന്നു, മേശപ്പുറത്ത് ഫയലുകൾ ഇരിക്കുന്നുണ്ടായിരുന്നു. ആകെ കസേരയുടെ പുറത്ത് ഒരു വാഴ വച്ചിരിക്കുന്നുവെന്നുള്ളത് മാത്രമേയുള്ളൂ. രണ്ടാമത്തെ ചിത്രത്തിൽ, അത്

കാണുന്നില്ല. ഇത് രണ്ടുമെടുത്തത് പോലീസ് ഫോട്ടോഗ്രാഫർമാരാണ്. (പത്ര കട്ടിംഗ് ഉയർത്തിക്കാണിച്ചു). നിങ്ങൾ എന്താണ് ചെയ്തത്? യഥാർത്ഥത്തിൽ സംസ്ഥാന വ്യാപകമായി അക്രമം അഴിച്ചുവിടുന്നതിനുവേണ്ടി നിങ്ങൾ മഹാത്മജിയുടെ ചിത്രത്തെപോലും ഉപയോഗപ്പെടുത്തിയെന്നതാണ്. നിങ്ങൾ അങ്ങനെ ചെയ്യണമായിരുന്നോ? ശ്രീ. രാഹുൽ ഗാന്ധി എന്ന പാർലമെന്റ് അംഗത്തിന്റെ ഓഫീസിനുനേരെയുണ്ടായ ആക്രമണം അപലപിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. അതവിടെ അവസാനിപ്പിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ സംസ്ഥാനത്തുടനീളം അതിന്റെ പേരിൽ അക്രമം നടത്താനാണ് നിങ്ങൾ ആഗ്രഹിച്ചത്. പിറ്റേദിവസം അതാണ് സംഭവിച്ചത്. സംസ്ഥാനത്ത് കോൺഗ്രസുകാരും യു.ഡി.എഫ്. പ്രവർത്തകരും അതിന്റെ പേരിൽ അഴിഞ്ഞാട്ടം നടത്തുകയാണുണ്ടായത്. അന്ന് വൈകുന്നേരം ആദരണീയനായ എ. കെ. ആന്റണി കെ.പി.സി.സി. ഓഫീസിൽ പത്രസമ്മേളനം നടത്തുന്നതായി അറിഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ വാർത്താസമ്മേളനം കേൾക്കാൻ ശ്രദ്ധയോടുകൂടി ഇരുന്നു. ഞാൻ ധരിച്ചത്, വാർത്താസമ്മേളനത്തിൽ അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിമാനയാത്രയുമായി ബന്ധപ്പെട്ട

സംഭവത്തിന്റെ പശ്ചാത്തലത്തിൽ അതിനെ അപലപിക്കാൻ തയ്യാറാകുമെന്നായിരുന്നു. എന്നാൽ ദൗർഭാഗ്യവശാൽ അതിനെ സംബന്ധിച്ച് വാർത്താലേഖകരുടെ ചോദ്യത്തിനുപോലും മറുപടി പറയാൻ അദ്ദേഹം തയ്യാറായില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാത്ര ചെയ്ത വിമാനത്തിനുള്ളിൽ കടന്നുകയറി അക്രമം നടത്തിയത് ശരിയാണോയെന്ന് വാർത്താലേഖകർ ചോദിച്ചപ്പോൾ ഞാൻ അത് പറയാൻവേണ്ടിയല്ല വാർത്താസമ്മേളനം വിളിച്ചതെന്നുപറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറുകയാണുണ്ടായത്. ശ്രീ. എ. കെ. ആന്റണിയെപോലുള്ള ആദരണീയരായ നേതാക്കളുടെ നിലപാടുതന്നെ ഇങ്ങനെയായിരിക്കെ കോൺഗ്രസ്സിനെയും യു.ഡി.എഫ്.-നെയും സംശയിക്കുന്നതിൽ എന്താണ് തെറ്റ്? എ.കെ.ജി. സെന്ററിനുനേരെ നടന്ന ബോംബാക്രമണത്തെ തുടർന്നുണ്ടായ പ്രതിഷേധം വളരെ സമാധാനപരമായി സംഘടിപ്പിക്കാൻ തന്നെയാണ് സി.പി.ഐ.(എം) തീരുമാനിച്ചത്. അപൂർവ്വം ചില അനിഷ്ട സംഭവങ്ങൾ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിലുണ്ടായതൊഴിച്ചാൽ ആ തീരുമാനം നടപ്പിലാക്കാൻ സി.പി.ഐ.(എം)-ന് സാധിച്ചുവെന്നതിൽ ഞങ്ങൾ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുകയാണ്.

കോൺഗ്രസ്സിന്റെ നിലപാട് പോലെയല്ല അത്. സംസ്ഥാനത്തെ കലാപഭൂമിയാക്കാനും ക്രമസമാധാനനില തകർത്ത് അരാജകത്വം സൃഷ്ടിക്കാനുംവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമമാണ് കഴിഞ്ഞ കുറച്ചുകാലമായി കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഒരുഭാഗം മാത്രമാണ് എ.കെ.ജി. സെന്ററിന് നേരെയുണ്ടായ ആക്രമണം. എ.കെ.ജി. സെന്റർ ആക്രമിക്കപ്പെട്ടുവെന്നറിഞ്ഞാൽ പാർട്ടിയെ ജീവനുതുല്യം സ്നേഹിക്കുന്നവർ പ്രകോപിതരാകും. അതിനുവേണ്ടിയുള്ള കെണിയൊരുക്കുകയാണ് യഥാർത്ഥത്തിൽ നിങ്ങൾ ചെയ്തത്. ആ കെണിയിൽ ഞങ്ങൾ വീണില്ലെന്നതാണ് യാഥാർത്ഥ്യം. പാർട്ടി ഓഫീസുകളെ ആക്രമിക്കുക, പാർട്ടി പതാക പരസ്യമായി കത്തിക്കുക, ദേശാഭിമാനിപോലുള്ള മാധ്യമസ്ഥാപനങ്ങളെ ആക്രമിക്കുക എന്നിവയെല്ലാം കഴിഞ്ഞ കുറച്ചുകാലങ്ങളായി നിങ്ങൾ നിരന്തരമായി നടത്തിക്കൊണ്ടിരിക്കുകയാണ്. അത്തരം ആക്രമണ പരമ്പരകളിൽ പ്രധാനപ്പെട്ട ഒന്നുതന്നെയായിരുന്നു എ.കെ.ജി. സെന്ററിന് നേരെയുമുണ്ടായത്. 1983 ഒക്ടോബർ 31-ന് ഒരു ആക്രമണം നടത്തി. അന്ന് ഇന്ദിരാ കോൺഗ്രസിന്റെ ഭാഗമായാണ്

കെ.എസ്.യു. പ്രവർത്തനം നടത്തിയിരുന്നത്. അന്ന് നമ്മുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം അവിടെ നടക്കുകയായിരുന്നു. പ്രമുഖരായ എല്ലാ നേതാക്കളും അവിടെയുണ്ടായിരുന്നു. ബോംബേറാണുണ്ടായത്. എട്ട് ബോംബുകളാണ് എറിഞ്ഞത്. മുതിർന്ന നേതാക്കളെ വകവരുത്തുകയെന്ന ലക്ഷ്യത്തോടെയുള്ള ആക്രമണമാണ് നിങ്ങൾ നടത്തിയത്. മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അറിയാം, അന്ന് ആ ആക്രമണകാരികൾ ഓടിച്ചെന്ന് കയറിയത് അദ്ദേഹത്തിന്റെയും ശ്രീ. ബെന്നി ബെഹനാന്റെയും മുറിയിലായിരുന്നു. അവിടെനിന്നാണ് പോലീസ് അവരെ അറസ്റ്റ് ചെയ്തതെന്നുള്ള കാര്യം നമുക്ക് മറക്കാൻ സാധിക്കില്ല. 1991-ൽ പോലീസാക്രമണത്തിന് മുമ്പായി കോൺഗ്രസ്സിന്റെ ആക്രമണം എ.കെ.ജി. സെന്ററിനുനേരെ നടന്നു. കോൺഗ്രസ്സിന്റെ ചരിത്രം പൊതുവെ പരിശോധിച്ചാൽ ദുഷ്ചെയ്തികളുടെ ഒരു നിരതന്നെ കാണാൻ സാധിക്കും. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതുസംബന്ധിച്ച് നേതാക്കൾ വിശദമായി സംസാരിച്ചിട്ടുണ്ട്. അതിലൊന്നാണ് വാക്കുകളാൽ വിവരിക്കാൻ സാധിക്കാത്തത്ര ക്രൂരമായ ചീമേനിയിലെ സംഭവം. കോൺഗ്രസുകാരുടെ പൈശാചികമായ രാഷ്ട്രീയ

വൈരാഗ്യത്തിൽ ചുട്ടെരിക്കപ്പെട്ടത് അഞ്ച് സഖാക്കളുടെ ജീവനാണ്. കേരളം കണ്ട ഏറ്റവും മൃഗീയമായ ആ രാഷ്ട്രീയകൊലയ്ക്ക് കാരണക്കാരായ കോൺഗ്രസുകാരാണ് ഇപ്പോൾ സമാധാനത്തിന്റെ വെള്ളരിപ്രാവുകളായി നമ്മുടെ മുമ്പിൽ വരുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് അദ്ദേഹത്തിന്റെതന്നെ പ്രകോപനപരമായ ഒരു ഇടപെടലുണ്ട്. ശ്രീ. വി. ജെ. വർഗ്ഗീസ് എന്ന ദേശാഭിമാനിയുടെ വയനാട് ലേഖകൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് സമരക്കാർ ഇറങ്ങിപ്പോയതിനുശേഷവും ഗാന്ധിജിയുടെ ചിത്രം ആ ചുമരിലുള്ളതായി ദൃശ്യമാധ്യമങ്ങളിൽനിന്ന് വ്യക്തമായിട്ടുണ്ട്, ആരാണത് താഴെയിട്ടതെന്ന് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി എന്തായിരുന്നുവെന്നറിയാമോ? മര്യാദയ്ക്ക് ഇരുന്നില്ലെങ്കിൽ ഇറക്കിവിടുമെന്നാണ്. സമരക്കാർ ഇറങ്ങി പോയതിനുശേഷവും ഗാന്ധിജിയുടെ ചിത്രം ആ ചുവരിലുള്ളതായി പോലീസ് ചിത്രീകരിച്ച ദൃശ്യങ്ങളിൽനിന്ന് വ്യക്തമായിട്ടുണ്ടല്ലോയെന്നാണ് കൈരളിയുടെ ലേഖകൻ ചോദിച്ചത്. അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടൊപ്പം ശ്രീ ടി. സിദ്ദിഖും ശ്രീ. റോജി എം.

ജോണും ഉണ്ടായിരുന്നു. 'ശ്രീ. പിണറായി വിജയന്റെ പോലീസാണ്, ആ പോലീസിന്റെ ശിപാർശ ഏറ്റെടുത്ത് സംസാരിക്കണ്ട, നീ കൈരളിയല്ലേ, കൂടുതൽ സംസാരിക്കണ്ട' എന്നായിരുന്നു അതിനുള്ള മറുപടി. ഇതാണോ നിങ്ങൾ സ്വീകരിക്കേണ്ട രീതി? കെ.പി.സി.സി. അദ്ധ്യക്ഷന്റെ പഴയകാല ചരിത്രത്തിലേയ്ക്കൊന്നും പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം ധീരജിന്റെ പൈശാചികമായ കൊലപാതകത്തെ ന്യായീകരിച്ചുകൊണ്ട് 'എന്റെ കുട്ടികൾ രണ്ടും കല്പിച്ച് ഇറങ്ങിയിരിക്കുകയാണ് രക്തസാക്ഷിത്വം ഇരന്നുവാങ്ങിയതാണ് ' എന്നാണ് പറഞ്ഞത്. എന്താണ് അതിനർത്ഥം? ഒരു കുടുംബത്തിന്റെ അത്താണിയാകേണ്ടിയിരുന്ന ചെറുപ്പക്കാരനെയാണ് ഇല്ലാതാക്കിയത്. നമുക്കെല്ലാം മക്കളുള്ളതല്ലേ; ഇരുപത്തിയഞ്ച് വയസ്സുവരെ പോറ്റിവളർത്തിയ മകന്റെ നഷ്ടം എങ്ങനെയാണ് അച്ഛനും അമ്മയ്ക്കും സഹിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ചിന്തിക്കാൻ സാധിക്കുന്നുണ്ടോ? ധീരജിന്റെ അച്ഛൻ ഒരു കോൺഗ്രസുകാരൻ കൂടിയാണ്. ധീരജിന്റെ അച്ഛനും അമ്മയും സഹോദരനുംകൂടി പറയുകയാണ് കൊന്നത് മതിയായില്ലെങ്കിൽ ഞങ്ങളെയും കൊന്നോട്ടേയെന്ന്. ഇതാണോ നിങ്ങളുടെ നിലപാട്? ഈ നിലപാട് ആവർത്തിക്കുന്നിടത്തോളംകാലം സംസ്ഥാനത്തുടനീളം

ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകാനിടയുണ്ട്. നിങ്ങൾ അക്രമകാരികളെ പ്രോത്സാഹിപ്പിക്കുകയാണ്. മുഖ്യമന്ത്രി സഞ്ചരിച്ച വിമാനത്തിൽ സംഭവിച്ച കാര്യങ്ങൾ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ഞങ്ങൾ മന്ത്രിമാരെയും മുഖ്യമന്ത്രിയെയുമൊക്കെ തടഞ്ഞിട്ടുണ്ട്, പക്ഷെ അത് ഒറ്റയ്ക്കും രണ്ടുപേരുമായിട്ടല്ല, പതിനായിരക്കണക്കിനാളുകളെ പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിലെ ജനവിരുദ്ധരായ മന്ത്രിമാരെയും മുഖ്യമന്ത്രിയെയും നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഞങ്ങൾ തടഞ്ഞിട്ടുണ്ട്. രഹസ്യമായി റോഡിന്റെ സൈഡിൽനിന്ന് ഒരു കൊടിയെടുത്ത് വീശുകയല്ല ചെയ്തത്, മാധ്യമപ്രവർത്തകരെ കൂട്ടിനിർത്തിയാണ് ചെയ്തിട്ടുള്ളത്. നിങ്ങൾ നടത്തുന്ന പ്രതിഷേധത്തിൽ ഒരാളോ രണ്ടുപേരോ ഒരു ചെറിയ കൊടിയുമെടുത്ത് റോഡിലേയ്ക്ക് ഒരോട്ടം ഓടുകയാണ്. എന്നിട്ടത് മാധ്യമങ്ങൾ റെക്കോർഡ് ചെയ്ത് വൻപ്രതിഷേധമായി കാണിക്കുകയാണ്. ഇങ്ങനെയല്ല പ്രതിഷേധം കാണിക്കേണ്ടത്. ആയിരക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ച് ശക്തമായി സമരം ചെയ്ത് ജനകീയ പിന്തുണ തേടാൻ നിങ്ങൾ ശ്രമിക്കണം. അല്ലാതെ ഇത്തരത്തിലുള്ള കൊള്ളരുതായ്മകൾ കാണിക്കുന്നവരെ അനുകൂലിക്കുകയല്ല ചെയ്യേണ്ടത്. എല്ലാ സഹായവും ഞങ്ങൾ

ചെയ്യുമെന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. മുഖ്യമന്ത്രിയെ വിമാനത്തിനകത്ത് ആക്രമിക്കാൻ ശ്രമിച്ച ആളെ തടഞ്ഞ ശ്രീ. ഇ. പി. ജയരാജൻ ഇപ്പോൾ കുഴപ്പക്കാരനുമായി. 1995-ൽ ചണ്ഡീഗഢിലെ പാർട്ടി കോൺഗ്രസ് സമ്മേളനം കഴിഞ്ഞ് തിരികെ വരുമ്പോൾ ശ്രീ. ഇ. പി. ജയരാജനോടൊപ്പം ഞാനുമുണ്ടായിരുന്നു. അന്ന് ആ വഴിയിലിറക്കിവിട്ടിരുന്നെങ്കിൽ ഇന്നദ്ദേഹം ജീവിച്ചിരിക്കുമായിരുന്നില്ല. അദ്ദേഹത്തെ വളരെവേഗം രാജധാനി എക്സ്പ്രസ്സ് ട്രെയിനിൽ മദ്രാസിലെത്തിക്കാൻ സാധിച്ചതുകൊണ്ടും അന്നത്തെ ഗവൺമെന്റ് കേരളത്തിലെ ഒരു എം.എൽ.എ.-യ്ക്ക് മാന്യമായിട്ടുള്ള പരിഗണന നൽകിയതുകൊണ്ടും മാത്രമാണ് അദ്ദേഹമിന്ന് ജീവിച്ചിരിക്കുന്നത്. വിക്രംചാലിൽ ശശിയെയും പേട്ട ദിനേശനെയും പോലീസ് പിടികൂടിയപ്പോഴും ഞാനുണ്ടായിരുന്നു. അവർ ആദ്യം സൂചിപ്പിച്ചത് ശ്രീ. കെ. സുധാകരന്റെ പേരാണ്. അദ്ദേഹമാണ് തോക്കും പണവുംതന്ന് ഞങ്ങളെ അയച്ചതെന്ന് എന്റെ മുന്നിൽവച്ച് പറയുകയുണ്ടായി. അങ്ങനെയുള്ള ഒരു കെ.പി.സി.സി. അദ്ധ്യക്ഷൻ നിങ്ങളെ നയിക്കുമ്പോൾ ഇതും ഇതിലപ്പുറവും ഇവിടെ സംഭവിക്കുമെന്ന കാര്യത്തിൽ യാതൊരു

സംശയവുമില്ല. സെമി കേഡർ എന്നുപറഞ്ഞാൽ, ഗുണ്ടായിസം, കൊലപാതക രാഷ്ട്രീയം, ആരെയും ആക്രമിക്കാനുള്ള അംഗീകാരം എന്നിങ്ങനെയാണ് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നത്. അതിന്റെ ഭാഗമായാണ് അദ്ദേഹം എന്ത് സഹായവും നൽകാൻ ഞങ്ങൾ തയ്യാറാണെന്നുപറഞ്ഞ് രംഗത്തുവന്നത്. ഈ സംഭവവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഒരു വീഡിയോ ഇറങ്ങിയിട്ടുണ്ട്. എ.കെ.ജി. സെന്ററിന്റെ കാര്യത്തെക്കുറിച്ച് മാധ്യമപ്രവർത്തകർ ചോദിച്ചപ്പോൾ ഇതുപോലുള്ള പലകാര്യങ്ങളും നമ്മുടെ നാട്ടിലുണ്ടാകുമെന്ന് പറയാൻ യാതൊരു മടിയും അദ്ദേഹത്തിനില്ല. ഇങ്ങനെ പറയുന്ന ഒരു പാർട്ടി എന്ത് അക്രമവും നടത്താനുള്ള സന്ദേശമല്ലേ കൊടുക്കുന്നത്? എ.കെ.ജി. സെന്ററിൽ എസ്.ഡി.പി.ഐ.-ക്കാർ എത്തിയെന്ന പച്ചനുണയാണ് എന്റെ മാന്യസ്നേഹിതൻ തട്ടിവിട്ടത്. എസ്.ഡി.പി.ഐ.-ക്കാരുമായി ധാരണയുണ്ടാക്കുന്നതും അവരോട് വോട്ട് ചോദിക്കുന്നതുമെല്ലാം കോൺഗ്രസ്സിന്റെ സംസ്കാരമാണ്. വർഗ്ഗീയതയെ വാരിപ്പുണർന്ന് ഈ പരുവത്തിലെത്തിയിട്ടും കാര്യങ്ങൾ മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. കഴിഞ്ഞ ഒരു വർഷമായി എന്തിന്റെ പേരിലാണ് നിങ്ങൾ

സമരം ചെയ്യുന്നത്? നമ്മുടെ രാജ്യം നേരിടുന്ന പ്രശ്നങ്ങൾ കാണുന്നില്ലേ? അടുത്ത മാസം മുതൽ റേഷൻ കടയിൽനിന്നും മണ്ണെണ്ണ വാങ്ങണമെങ്കിൽ 104/- രൂപ കൊടുക്കണം. കേന്ദ്രഗവൺമെന്റ് ഗോതമ്പ് വിതരണം ബി.പി.എൽ. വിഭാഗക്കാർക്ക് മാത്രമാക്കി ചുരുക്കി. അതുസംബന്ധിച്ച് നിങ്ങൾക്ക് ഒരു വാക്കോ, അടിയന്തരപ്രമേയമോ, പ്രമേയമോ കൊണ്ടുവരാൻ സാധിക്കുന്നുണ്ടോ? ജനങ്ങൾ അനുഭവിക്കുന്ന ഗൗരവതരമായ എത്രയോ പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അത്തരം ഏതെങ്കിലുമൊരു പ്രശ്നം ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടോ? നിങ്ങളൊരു ബിരിയാണിച്ചെമ്പുമായിട്ടാണ് നടക്കുന്നത്. നിങ്ങൾ ജനങ്ങളിൽനിന്ന് പൂർണ്ണമായും ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങളെ ഒരു കുഞ്ഞും വിശ്വസിക്കുന്നില്ലെന്ന് മനസ്സിലാക്കണം. എസ്.ഡി.പി.ഐ. പ്രവർത്തകരായ ഏഴ് പേർ വന്നുനിൽക്കുന്നു, എന്താണ് വേണ്ടതെന്ന് വാച്ചർ ഞങ്ങളുടെ പാർട്ടി സെക്രട്ടറിയോട് ചോദിച്ചപ്പോൾ അവരെ പറഞ്ഞയയ്ക്കാനാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ അവരെ പറഞ്ഞയയച്ചു. അതാണ് ഞങ്ങളുടെ പാർട്ടി. അതേസമയം വയനാട് എന്താണ് സംഭവിച്ചത്? നമ്മൾ വീഡിയോയിൽ കണ്ടതാണല്ലോ; എസ്.ഡി.പി.ഐ. പ്രവർത്തകർ വളരെ

ആവേശത്തോടെ വയനാട്ടിലെ ഓഫീസ് സന്ദർശിച്ച് ചെയ്ത കാര്യങ്ങളെല്ലാം അവർതന്നെ പങ്കുവച്ച അവസ്ഥാവിശേഷമാണുണ്ടായത്. സ്വന്തം പാർട്ടിക്കാരെ കൊല്ലുന്ന കാര്യത്തിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തിയ ഒരു പാർട്ടിയാണ് കോൺഗ്രസ്. കുറെ വർഷങ്ങൾക്കുമുമ്പ് ചാവക്കാട് തിരുവത്രയിൽ കോൺഗ്രസുകാരനായിരുന്ന എ.സി. ഹനീഫ കൊല്ലപ്പെടുകയുണ്ടായി. അദ്ദേഹം 'എ' ഗ്രൂപ്പിന്റെ പ്രവർത്തകനായിരുന്നു. അദ്ദേഹത്തെ കൊലപ്പെടുത്തിയത് കോൺഗ്രസ് (ഐ)-ക്കാരാണ്. അതേ സ്ഥലത്തുതന്നെ ഒരു കെ.എസ്.യു. പ്രവർത്തകനെ കോൺഗ്രസുകാർ വെട്ടിവീഴ്ത്തിയ സംഭവവുമുണ്ട്. മധു ഈച്ചരത്ത്, ലാൽജി കൊള്ളന്നൂർ, രാധ ഇങ്ങനെ നിരവധിപേരുടെ കൊലപാതകങ്ങൾക്ക് പിന്നിൽ കോൺഗ്രസുകാരായിരുന്നുവെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതല്ലേ. കോൺഗ്രസുകാർ തന്നെയാണ് കോൺഗ്രസുകാരെ കൊല്ലുന്നത്. മരണപ്പെട്ടില്ലെങ്കിലും അതിനടുത്തുവരെയെത്തി നിൽക്കുന്ന വേറെയും സംഭവങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. ചാപ്പ കുത്തുന്നതിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഡി.ഐ.സി. ഉണ്ടായതുകൊണ്ട് ഞങ്ങൾ വലിയൊരു അപമാനത്തിൽനിന്ന് പിന്നീട് രക്ഷപ്പെടുകയായിരുന്നു.

ചാപ്പ കുത്തിയത് ഞങ്ങളുടെ ആളുകൾ തന്നെയാണെന്ന് ശ്രീ. കെ. മുരളീധരൻ പറയുന്ന അവസ്ഥാവിശേഷമുണ്ടായി. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ശ്രീമതി സതികുമാരിയുടെ മുടി മുറിച്ചിട്ട് അത് സി.പി.എം.-പ്രവർത്തകരാണ് ചെയ്തതെന്നുപറഞ്ഞ് ചില ദേശീയ പത്രങ്ങൾ ആഘോഷിക്കുകയും സി.പി.എം.-നെ പുലഭ്യം പറയുകയും ചെയ്തു. അവസാനം മനസ്സിലായി അത് തെരഞ്ഞെടുപ്പിലുണ്ടായ പരാജയം മറയ്ക്കുന്നതിനുവേണ്ടി അവർതന്നെ നടത്തിയ നാടകമായിരുന്നുവെന്ന്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയപ്പോൾ അതിവിടെ ചർച്ച ചെയ്യാൻ അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നു. രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ ആക്രമിക്കുന്നതും സംസ്ഥാനത്ത് വ്യാപകമായി അക്രമങ്ങളുണ്ടാകുന്നതും അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള ചർച്ച നടത്തണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങളുമായി ബന്ധപ്പെട്ട എല്ലാവരും അതുതന്നെയാണ് പറഞ്ഞത്. ദൗർഭാഗ്യവശാൽ, ഭരണകക്ഷിയിൽനിന്ന് സംസാരിച്ചവർ വീണ്ടും സ്വപ്ന സുരേഷിലേയ്ക്കും ബിരിയാണി ചെമ്പിലേയ്ക്കുമെല്ലാം പോയി. ഞങ്ങളാരും ബിരിയാണിച്ചെമ്പിനെയോ സ്വപ്ന സുരേഷിനെയോ കുറിച്ച്

ചർച്ച ചെയ്യാനല്ല അടിയന്തരപ്രമേയത്തിന്മേൽ ചർച്ച ആവശ്യപ്പെട്ടത്. നിങ്ങൾക്ക് എത്രമാത്രം ഭീതിയാണ്; എന്ത് പേടിയോടുകൂടിയാണ് നിങ്ങൾ സംസാരിക്കുന്നത്; നിങ്ങൾ എന്തുകൊണ്ടാണ് ഈയൊരു സംഭവമുണ്ടാക്കി അതിൽ ആഘോഷിക്കുന്നത്? സ്വന്തം പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസ് ആക്രമിക്കപ്പെട്ടത് ആഘോഷമാക്കി മാറ്റുന്നത് വിഷയത്തിൽനിന്ന് വ്യതിചലിപ്പിക്കാൻവേണ്ടിയാണെന്ന് വ്യക്തമാക്കുന്ന രീതിയിലായിരുന്നു ഇന്ന് ഭരണപക്ഷത്തെ പലരും സംസാരിച്ചത്. എനിക്ക് പറയാനുള്ളത്, ഞങ്ങളുടെ ഓഫീസുകൾക്കുനേരെ ഈയൊരു മാസക്കാലയളവിൽ മൂന്നാമത്തെ പ്രാവശ്യമാണ് ആക്രമണം നടക്കുന്നത്. ആദ്യം വിമാനത്തിനുള്ളിൽ വച്ച് മുഖ്യമന്ത്രിയെ വധിക്കാൻ ശ്രമിച്ചുവെന്നതിന്റെ പേരിൽ കേരളത്തിലെ കെ.പി.സി.സി. ഓഫീസ് ആക്രമിച്ചു. കോൺഗ്രസ് ഓഫീസുകൾക്കുനേരെ വ്യാപക അക്രമം അഴിച്ചുവിടുകയും ബോംബ് എറിയുകയും പല ഓഫീസുകളും കത്തിക്കുകയും തകർക്കുകയുമുണ്ടായി. എന്റെ ഔദ്യോഗിക വസതിയിലേയ്ക്ക് അതിക്രമിച്ച് കയറി എന്നെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയ ആളെ പിടികൂടുകയും അപ്പോൾത്തന്നെ ജാമ്യത്തിൽവിടുകയും ചെയ്തു. എനിക്കതിൽ വിരോധമൊന്നുമില്ല. അങ്ങനെ

എത്രയോ സംഭവങ്ങളുണ്ടായി. അതിനുശേഷം ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിക്കപ്പെട്ടു. ഞങ്ങൾ പ്രതിഷേധയോഗം നടത്തിയെന്നതിന്റെ പേരിൽ നിരന്തരമായി സംസ്ഥാനത്തെ പല സ്ഥലങ്ങളിലും ഞങ്ങളുടെ ഓഫീസുകൾ ആക്രമിക്കപ്പെടുകയാണ്. ഇപ്പോൾ എ.കെ.ജി. സെന്ററിൽ കോൺഗ്രസുകാരാണ് ബോംബെറിഞ്ഞതെന്ന് പറഞ്ഞുകൊണ്ട് വ്യാപക പ്രക്ഷോഭം നടത്തുകയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് വിവരിച്ചതുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല. കോൺഗ്രസ് ഓഫീസുകൾക്കുനേരെ ബോംബ് എറിയുന്നതും സ്തൂപങ്ങൾ തകർക്കുന്നതും ഇന്ദിരാഗാന്ധി പ്രതിമയുടെ കൈവെട്ടി മാറ്റുന്നതുമുൾപ്പെടെ നിരവധി സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആരാണിത് ചെയ്യുന്നത്? ഭരണകക്ഷിക്കാർ പറഞ്ഞുവിടുന്നവരാണ് ഇതെല്ലാം ചെയ്യുന്നത്. ഞങ്ങളിവിടെ ഉന്നയിച്ച ചോദ്യമെന്താണ്? എ.കെ.ജി. സെന്ററിനും കോട്ടയം ഡി.സി.സി. ഓഫീസിനും നേരെ ആക്രമണമുണ്ടായപ്പോൾ അവിടെ രണ്ടിടത്തും പോലീസ് കാവലുണ്ടായിരുന്നു. കേരള പോലീസിന്റെ സ്ട്രൈക്കേഴ്സ് ടീമിനാണ് എ.കെ.ജി. സെന്ററിന്റെ സംരക്ഷണ ചുമതല. അവർ നോക്കിനിൽക്കെ എങ്ങനെയാണ് അവിടെയൊരു

ബോംബാക്രമണമുണ്ടായത്; പ്രതി രക്ഷപ്പെട്ടത് എങ്ങനെയാണ്? ഈ നഗരത്തിൽ ഇത്രയും പോലീസ് സ്റ്റേഷനുകളുടെ മദ്ധ്യത്തിൽനിന്ന്, പോലീസ് നിരീക്ഷണത്തിൽനിന്ന് എങ്ങനെയാണ് പ്രതി രക്ഷപ്പെടുന്നത്? ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. ആക്രമണം നടക്കുമ്പോൾ പോലീസില്ലാതിരുന്ന ഈ ഗേറ്റിൽ തലേദിവസം പട്രോളിംഗിന്റെ ഭാഗമായി ഒരു പോലീസ് ജീപ്പ് നിർത്തിയിട്ടിരുന്നു. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമണത്തിനുശേഷം കന്റോൺമെന്റ് പോലീസ് സ്റ്റേഷന്റെ ജീപ്പ് ഇപ്പോൾ ആക്രമണമുണ്ടായ ഗേറ്റിന്റെ വാതിൽക്കലുണ്ടായിരുന്നു. സത്യമാണോ അല്ലയോ എന്ന് കന്റോൺമെന്റ് സ്റ്റേഷനിലെ പട്രോളിംഗ് ബുക്ക് പരിശോധിച്ചാൽ അറിയാം. തലേദിവസം രാത്രിയുണ്ടായിരുന്നു. പക്ഷേ, ആക്രമണം നടന്ന രാത്രി ജീപ്പുണ്ടായിരുന്നില്ല. ആക്രമണം നടന്ന സമയത്ത് ജീപ്പ് ആര് മാറ്റിയെന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. എ.കെ.ജി. സെന്ററിന് ചുറ്റും എഴുപതോളം സി.സി.റ്റി.വി. ക്യാമറകളുണ്ട്. ഈ ക്യാമറകളിലൊന്നും പ്രതിയുടെ ചിത്രം പതിഞ്ഞിട്ടില്ലേ? രണ്ടാഴ്ചയ്ക്കുമുമ്പ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നമ്മുടെ പ്രിയങ്കരനായ കഥാകൃത്ത് ശ്രീ. സക്കറിയ ഒരു കഥയെഴുതിയിട്ടുണ്ട്. അതിന്റെ ആദ്യത്തെ മൂന്നുനാല്

വരികൾ ഇങ്ങനെയാണ്, “ രാത്രികാലങ്ങളിൽ ഒരത്ഭുത രൂപം ആകാശത്തിലൂടെ പറന്നുവന്ന് മിന്നൽപ്പിണർ പോലെ താഴ്ന്നിറങ്ങി ദുഷ്ടന്മാരെയും ദുഷ്ടകളെയും വധശിക്ഷയടക്കമുള്ള മാർഗ്ഗങ്ങളിൽക്കൂടി ശിക്ഷിച്ചുകൊണ്ടിരിക്കുന്നത് നാട്ടിൽ പരിഭ്രാന്തി പരത്തിത്തുടങ്ങിയിട്ട് കുറച്ചുനാളായി. അതിന്റെ ചിത്രം ഒന്നുരണ്ട് ക്യാമറകളിൽ പതിഞ്ഞിട്ടുണ്ട്. അതിൽ കാണുന്നത് പഴയ ബാറ്റ് വുമണിനെപ്പോലെ ഒരു രൂപമാണ്. ചുണ്ടും കണ്ണും മൂക്കും ഒഴികെ തല മുഴുവൻ മൂടുന്ന രണ്ട് കൊമ്പുകളുള്ള കറുത്ത മുഖംമൂടി. തിളങ്ങുന്ന ലോഹ പാളികൾ പോലെ എന്തോകൊണ്ടുണ്ടാക്കിയ ദേഹത്ത് ഒട്ടുന്ന ചട്ട. മുട്ടുമുതൽ പാദംവരെ പൊതിയുന്ന ചുവന്ന ബൂട്ട്സ്. അരവാറിൽ തോക്കുപോലെ ഒരായുധം. കത്തിയും കുറുവടിയും കയറിന്റെ വളയവും.” ഈ കഥയുടെ പേര് 'പറക്കുംസ്ത്രീ' എന്നാണ്. ഈ കഥയിൽ പറയുന്ന ആ 'പറക്കുംസ്ത്രീ' വന്നാണോ ബോംബെറിഞ്ഞത് എന്നാണ് എനിക്കിപ്പോൾ സംശയം. അതാരാണെന്ന് അന്വേഷിച്ചുകണ്ടെത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോലീസിന് കഴിഞ്ഞില്ല. ഇവിടെ ശ്രീ. ഇ. പി. ജയരാജനെക്കുറിച്ച് പറഞ്ഞു. ഞാൻ വ്യക്തിപരമായ പരാമർശമൊന്നും നടത്തുന്നില്ല. ഈ സംഭവത്തിന് അരമണിക്കൂർ മുമ്പ് അദ്ദേഹം ഇവിടേയ്ക്ക്

പുറപ്പെട്ടോ എന്നൊരു സംശയം മാത്രമേ ഞങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്നുള്ളൂ. കോട്ടയം ഡി.സി.സി. ഓഫീസിന് നേരെയും പോലീസ് കാവലുള്ളപ്പോഴാണ് ആക്രമണമുണ്ടാകുന്നത്. അതിലെ പ്രതിയെ ഞങ്ങൾ ചൂണ്ടിക്കാണിച്ചു കൊടുത്തു. ആ പ്രതി ആരായിരുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം. അതിന് രണ്ടാഴ്ചമുമ്പ് നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ ഒരു സി.പി.ഐ.(എം) പ്രവർത്തകനെ ഏതോ കേസിന്റെ കാര്യം ചർച്ച ചെയ്യാനായി പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. അയാൾ ചെന്നപ്പോൾ എസ്. ഐ. സ്റ്റേഷനിൽ ഇല്ലായിരുന്നു. അദ്ദേഹം എസ്.ഐ.-യുടെ കസേര നീക്കിയിട്ട് അതിലിരുന്നു. എന്നിട്ട് മേശപ്പുറത്തിരുന്ന എ.എസ്.ഐ.-യുടെ തൊപ്പിയെടുത്ത് തലയിൽവച്ച് സെൽഫിയെടുത്ത് വാട്ട്സാപ്പ് മെസ്സേജ് അയച്ചു. ആ വ്യക്തിയാണ് ഡി.സി.സി. ഓഫീസ് ആക്രമിച്ച കേസിലെ പ്രതി. അദ്ദേഹത്തെ അപ്പോൾത്തന്നെ ഈ കേസിൽ ജാമ്യത്തിൽ വിട്ടു. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി ഒന്ന് തിരുത്തുകയാണ്. അദ്ദേഹം പറഞ്ഞത് ഡി.സി.സി. ഓഫീസ് ആക്രമിക്കുമ്പോഴും പന്തമെറിയുമ്പോഴും പോലീസ് കയ്യുംകെട്ടി നിന്നുവെന്നാണ്. പോലീസ് സത്യത്തിൽ കയ്യും കെട്ടിയല്ല,

തലയിലെ തൊപ്പി അമർത്തിപ്പിടിച്ചാണ് നിന്നത്. കാരണം, തൊപ്പി ഈ പ്രതി എടുത്തുകൊണ്ടുപോകുമോയെന്ന ഭയമായിരുന്നു. ഇതല്ലേ നിങ്ങളുടെ പോലീസ്? തമാശയായി തോന്നുകയാണെങ്കിൽ അയാൾ തലയിൽ തൊപ്പിവച്ച് പോലീസ് സ്റ്റേഷനിലിരുന്നെടുത്ത ഫോട്ടോ ഞാൻ നിങ്ങൾക്ക് അയച്ചുതരാം. അതിനെതിരെ അയാളുടെ പേരിൽ കേസുണ്ട്. ഇന്നെങ്കിലും അയാളെ അറസ്റ്റ് ചെയ്തത് നന്നായി. അമ്പലപ്പുഴയിൽ പ്രകോപനമുണ്ടാക്കാൻ മുദ്രാവാക്യം വിളിച്ചു. അമ്പലപ്പുഴ എം.എൽ.എ.-യുടെ നേതൃത്വത്തിൽ പ്രകടനം നടന്നു. അതിനുമുമ്പ് എം.എൽ.എ. ഒരു ഫേസ്ബുക്ക് പോസ്റ്റിട്ടു, 'കെ.പി.സി.സി. പ്രസിഡന്റും പ്രതിപക്ഷനേതാവും റോഡിലിറങ്ങിയാൽ ഞങ്ങളുടെ കൈക്കരുത്ത് അറിയുമെന്ന് '. എന്നിട്ട് നിങ്ങൾ കേസ് എടുത്തില്ല. അപ്പോൾ എം.എൽ.എ.-യ്ക്ക് ധൈര്യമായി. എം.എൽ.എ.-യുടെ നേതൃത്വത്തിൽ നടത്തിയ പ്രകടനത്തിൽ 'കയ്യും വെട്ടും കാലും വെട്ടും തലയും വെട്ടും പിന്നെ ആ തലയിൽ ഈ ചെങ്കൊടി കുത്തിത്താഴ്ത്തും' എന്നായിരുന്നു മുദ്രാവാക്യം വിളിച്ചത്. സാധാരണക്കാരന്റെ തല വെട്ടിമാറ്റി അവന്റെ കബന്ധത്തിൽ കുത്തിയിറക്കാനുള്ളതാണോ നിങ്ങളുടെ ചെങ്കൊടി? ആലപ്പുഴയിൽ പോപ്പുലർ ഫ്രണ്ട് നടത്തിയ

മുദ്രാവാക്യവും ഇതും തമ്മിൽ എന്താണ് വ്യത്യാസം? ആരുടെ തലയും കയ്യും വെട്ടുമെന്നാണ് പറയുന്നത്; ആരെയാണ് നിങ്ങൾ പേടിപ്പിക്കുകയും വിരട്ടുകയും ചെയ്യുന്നത്? -എന്റെ നിയോജകമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടക്കുമെന്ന് പറഞ്ഞ് ഫേസ് ബുക്ക് പോസ്റ്റിട്ടിട്ട് ആരുടെയെങ്കിലും പേരിൽ നടപടിയെടുത്തോ? എന്റെ നിയോജകമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടക്കുമെന്ന് പറഞ്ഞാൽ എന്നെ കൊല്ലുമെന്നാണ്. കൊല്ലട്ടെ, നിങ്ങൾ കേസെടുത്തോളൂ. കെ.പി.സി.സി. ഓഫീസ് ആക്രമിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി അല്ലെങ്കിൽ എ.കെ.ജി. സെന്ററിൽ ഒരു കല്ലെടുത്തെങ്കിലും എറിയണമെന്ന് വികാരപരമായി പറഞ്ഞ വ്യക്തിയുടെ പേരിൽ കേസെടുക്കുകയുണ്ടായി. തെറ്റ് ചെയ്തെങ്കിൽ ശിക്ഷിച്ചോട്ടെ. നിങ്ങളിവിടെ ധാരാളം സംഭവങ്ങൾ പറഞ്ഞു. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗവേദിക്ക് സമീപം ബോംബെറിഞ്ഞ പ്രതിയെ കണ്ടുപിടിച്ചോ? മാഹിയിൽ സി.പി.ഐ.(എം) ബ്രാഞ്ച് സെക്രട്ടറിക്ക് നേരെ ബോംബെറിഞ്ഞ കേസിൽ വാദി പ്രതിയായി. കാരണം, തനിക്കുനേരെ ബോംബെറിഞ്ഞെന്ന് പരാതി കൊടുത്ത് പോലീസ് അന്വേഷിച്ചപ്പോൾ കൂടെയുള്ള വ്യക്തിയെക്കൊണ്ട് ബ്രാഞ്ച് സെക്രട്ടറി തന്നെ

ബോംബ് എറിയിച്ചതാണെന്ന് കണ്ടെത്തി. ആ വ്യക്തിയെ പോലീസ് അറസ്റ്റ് ചെയ്തു. അങ്ങനെ ആ കേസിൽ വാദിയാണ് പ്രതിയായത്. ഫസൽ വധക്കേസിലും അവസാനം നിങ്ങളുടെ വാദിതന്നെ പ്രതിയായി. അങ്ങനെ വാദി പ്രതിയായ നിരവധി സംഭവങ്ങളുണ്ട്. ടി.പി. ചന്ദ്രശേഖരനെ വധിച്ചിട്ട് 'മാഷാ അള്ളാ' എന്നാണ് നിങ്ങളുടെ പ്രതികൾ എഴുതിവച്ചത്. ഇസ്ലാമിസ്റ്റ് തീവ്രവാദികളാണത് ചെയ്തതെന്ന് കാണിക്കാൻ വേണ്ടിയാണ് അങ്ങനെ എഴുതിയത്. നിങ്ങൾ കുറ്റം ചെയ്തിട്ട് അത് ആരുടെയെങ്കിലും തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കും. എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ നടന്ന കാര്യങ്ങളാണ് ശ്രീമതി കെ. കെ. രമ ഇന്നിവിടെ സൂചിപ്പിച്ചത്. നിങ്ങൾ ഭരണത്തിലിരിക്കുമ്പോഴും അക്രമം നടത്തുന്നു. പശ്ചിമ ബംഗാളിലും ഇതുതന്നെയല്ലേ സംഭവിച്ചത്? നിങ്ങൾ അനുഭവങ്ങളിൽ നിന്ന് പഠിക്കാതെ വിഷയം മാറ്റുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്? ഈ സംഭവമുണ്ടായശേഷം ഇവിടെ പലവിധ പ്രസ്താവനകളിറക്കി. ആദ്യം എൽ.ഡി.എഫ് കൺവീനർ ഒന്നുപറയുന്നു, സി.പി.ഐ.(എം) സെക്രട്ടേറിയറ്റ് മറ്റൊന്ന് പറയുന്നു, ശ്രീ. കാനം രാജേന്ദ്രൻ വേറൊന്ന്

പറയുന്നു, ഇതൊന്നുമല്ലാതെ ബഹുമാന്യനായ മുഖ്യമന്ത്രി വേറെ പറയുന്നു. പരസ്പരവിരുദ്ധമായി എന്തിനാണ് ഇങ്ങനെ പറയുന്നത്? എന്താണെന്ന് അറിയുന്നതിനുമുമ്പ് കോൺഗ്രസാണിത് ചെയ്തതെന്ന് പറയുന്നു. എന്തിനാണ് കുറ്റം ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നത്? നിങ്ങൾ അന്വേഷിച്ച് തെളിവുകൾ കണ്ടെത്തി കോൺഗ്രസുകാരനാണെങ്കിൽ പറയൂ. ഈ സംഭവം നടന്നയുടൻതന്നെ കോൺഗ്രസാണ് ചെയ്തതെന്ന് പറയുന്നു. ശ്രീ. എം. എം. മണി ഇവിടെ ആവർത്തിച്ച് പറഞ്ഞു നിങ്ങളെ ഞങ്ങൾക്ക് സംശയമുണ്ട് എന്ന്. അതിന് കാരണമായി പറഞ്ഞത് അദ്ദേഹത്തിനെതിരായി കേസെടുത്തുവെന്നതാണ്. 'വൺ, ടു, ത്രീ ഒരാളെ വെടിവച്ചു കൊന്നു, ഒരാളെ തല്ലിക്കൊന്നു, ഒരാളെ കുത്തിക്കൊന്നു' എന്ന് അദ്ദേഹം പറഞ്ഞത് ഓരോ കോൺഗ്രസുകാരെ കൊന്ന കാര്യമാണ്. അതിനാണ് അന്ന് അദ്ദേഹത്തിനെതിരെ കേസെടുത്തത്. മൈക്ക് വച്ചുകെട്ടി പറയുകയാണ് ചെയ്തത്. എന്തുചെയ്താലും ഞങ്ങളെയാണ് സംശയം, ഞങ്ങളാണ് ചെയ്തതെന്ന് പറയുന്നു. ഇങ്ങനെയൊക്കെ നേതാക്കൾ വന്ന് പറയുന്നത് കലാപം നടത്താൻവേണ്ടിയുള്ള ആഹ്വാനമാണ്. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞത് 'ബോംബാക്രമണത്തിൽ ഇടിവെട്ടിനേക്കാൾ

വലിയ ശബ്ദമുണ്ടായി, ഞാൻ താഴെ വീഴാൻ പോയി' എന്നാണ്. കേൾക്കുന്ന പാർട്ടിക്കാർ എന്ത് വിചാരിക്കും? ഞാൻ അപ്പോൾത്തന്നെ ശ്രീ. രാജ് മോഹൻ ഉണ്ണിത്താനെ വിളിച്ചുചോദിച്ചു ഇന്ദിരാഭവനിൽ നിന്നും എ.കെ.ജി. സെന്ററിലേയ്ക്ക് ബാലിസ്റ്റിക് മിസൈൽ അയച്ചിട്ടുണ്ടോയെന്ന്. ബാലിസ്റ്റിക് മിസൈൽ വന്ന് വീഴുന്നതുപോലെയാണ് ഞെട്ടിത്തരിച്ചുവെന്ന് പറയുന്നത്. എന്തിനാണ് ഇങ്ങനെ അതിശയോക്തിപരമായി പറയുന്നത്? അപ്പോൾ അതിനൊരു ലക്ഷ്യമുണ്ട്. (.......ബഹളം.......)

മി. സ്പീക്കർ: അംഗങ്ങൾ മിണ്ടാതിരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതിലൂടെ കലാപാഹ്വാനമാണ് ലക്ഷ്യമിടുന്നത്. അത് കലാപാഹ്വാനമാണ്. അങ്ങനെയാണോ ചെയ്യേണ്ടത്; ഭരണത്തിന് നേതൃത്വം നൽകുന്ന ഗവൺമെന്റ് ചെയ്യുന്നതെന്താണ്? ....(ബഹളം)...

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.....

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം ഈ അടിയന്തരപ്രമേയ ചർച്ച തുടങ്ങിയപ്പോൾ മുതൽ ഉച്ചത്തിൽ സംസാരിക്കുകയാണ്. അദ്ദേഹം ആദ്യമായിട്ട് സഭയിൽ വന്ന അംഗമാണ്. ഞങ്ങളൊക്കെ ഇവിടെ

വന്നപ്പോൾ പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോഴൊക്കെ മിണ്ടാതെ കേട്ടിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ആദ്യമായി സഭയിൽ വന്ന ആളുകൾ ഇങ്ങനെ സംസാരിക്കരുത്, ഇത് കാര്യങ്ങൾ അറിയാത്തതുകൊണ്ടാണ്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞുകൊടുക്കണം. ബഹുമാനപ്പെട്ട സ്പീക്കർ പേരെടുത്ത് പറഞ്ഞത് നന്നായി. അദ്ദേഹം ആദ്യംമുതലേ ശബ്ദമുണ്ടാക്കുകയാണ്. ബഹളം വച്ചതുകൊണ്ടൊന്നും എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ സാധിക്കില്ല. ഞാൻ പറയാൻ തീരുമാനിച്ചുവച്ചതൊക്കെ പറഞ്ഞിട്ടേ പോകൂ. ഗാന്ധിചിത്രം തകർത്തതാരാണെന്ന് പറഞ്ഞ് ഇന്ന് രാവിലെ ഒരു സബ്മിഷൻ വന്നു. അതടക്കമുള്ള കാര്യങ്ങൾ അന്വേഷിക്കാൻ എ.ഡി.ജി.പി.-യെ XXXXXXX+ ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെനിന്ന് അയച്ചു. XXXXXXX+ തിരുവനന്തപുരം വിടുന്നതിനുമുമ്പുതന്നെ ഗാന്ധി ചിത്രം തകർത്തത് യു.ഡി.എഫ്. ആണെന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. എ.ഡി.ജി.പി. XXXXX+ അവിടെ പോയി തിരിച്ചുവന്ന് അത് എസ്.എഫ്.ഐ.-ക്കാർതന്നെ തകർത്തതാണെന്നുപറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റിപ്പോർട്ട്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 11964/ഇ.ബി./2022/നി.സെ., തീയതി 05-07-2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

+

+

നൽകാൻ സാധിക്കുമോ; അവിടത്തെ എസ്.പി.-ക്ക് സാധിക്കുമോ? ആക്രമണം നടത്താൻ വന്ന കുട്ടികളിൽ രണ്ടുപേരെ ഉയർന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ തോളിൽത്തട്ടി ശ്രീ. രാഹുൽ ഗാന്ധിയുടെ മുറിയിലേയ്ക്ക് പറഞ്ഞുവിടുന്നതിന്റെ ചിത്രം ഞങ്ങൾ അന്വേഷണ സംഘത്തിന് നൽകിയിട്ടുണ്ട്. അതിന്റെ വീഡിയോ ഞങ്ങൾ അന്വേഷണോദ്യോഗസ്ഥന് നൽകിയിട്ടുണ്ട്. ആ പോലീസിന്റെ കയ്യിൽ നിന്ന് റിപ്പോർട്ട് വാങ്ങി ഞങ്ങളാണ് ഗാന്ധി ചിത്രം തകർത്തതെന്ന് പറയുന്നതിൽ എന്ത് പ്രസക്തിയാണുള്ളത്? (...ബഹളം...) ബി.ജെ.പി.-കോൺഗ്രസ് കൂട്ടുകെട്ടെന്ന് ഇവിടെ ആവർത്തിച്ച് പറയുകയുണ്ടായി. എന്ത് സംഭവമുണ്ടായാലും എ.കെ.ജി. സെന്ററിൽ ഇങ്ങനെയൊരു സാധനം അടിച്ചുവച്ചിരിക്കുകയാണ്, എന്തിനുമുള്ള മറുപടിയാണത്. സംശയം വേണ്ട, ഒരു വിട്ടുവീഴ്ചയുമില്ലാതെ ഞങ്ങൾ ദേശീയ-സംസ്ഥാന തലങ്ങളിൽ ബി.ജെ.പി.-യെ നേരിടുക തന്നെയാണ്. നിങ്ങളുമായിട്ടാണ് അവരുടെ സെറ്റിൽമെന്റ്, അവരെക്കൊണ്ട് നിങ്ങൾക്ക് ആവശ്യമുണ്ട്, ഞങ്ങൾക്ക് അവരെക്കൊണ്ട് ഒരാവശ്യവുമില്ല. അവർ കോൺഗ്രസ് മുക്ത ഭാരതത്തിനുവേണ്ടിയും നിങ്ങൾ തുടർ ഭരണത്തിനുമാണ് ശ്രമിക്കുന്നത്. രണ്ടുപേരുടെയും മീറ്റിംഗ് പോയിന്റ്

ഒന്നാണ്. ഞങ്ങളും ബി.ജെ.പി.-യും തമ്മിൽ ഒരിടത്തും കൂട്ടുകെട്ടില്ല, സമാന്തര രേഖകളാണ്. കഴിഞ്ഞ ദിവസം അടിയന്തരപ്രമേയ ചർച്ച നടന്നപ്പോൾ വളരെ ശ്രദ്ധിച്ചല്ലേ ഞങ്ങൾ ചോദ്യങ്ങൾ ഉന്നയിച്ചത്? സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസ് ആക്രമിച്ചതിന് ഇരകളായത് ഞങ്ങളാണ്. കേരളം മുഴുവനുമുള്ള ഞങ്ങളുടെ ഓഫീസുകൾ തല്ലിത്തകർത്തു. ഞങ്ങൾ ചോദിക്കണ്ടേ? നിങ്ങൾ എന്തിനുവേണ്ടിയാണ് ഞങ്ങളുടെ തലയിൽ കുറ്റം കെട്ടിവയ്ക്കാൻ നോക്കിയത്? അന്വേഷിച്ചിട്ട് പ്രതിയെ കിട്ടിയോ? ഇത് കോൺഗ്രസുകാരല്ല ചെയ്തതെന്ന് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുമറിയാം. നിങ്ങൾക്ക് അബദ്ധം സംഭവിച്ചു. അതുകൊണ്ടാണ് ഓരോ ദിവസവും പുതിയ കാര്യങ്ങളുണ്ടാക്കി, പുതിയ വാർത്തകൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ടൊന്നും ഞങ്ങൾ ഈ നിയമസഭയിൽ ഉയർത്തിയ ചോദ്യങ്ങൾ ഇല്ലാതാകില്ല. ആ ചോദ്യങ്ങൾ നിലനിൽക്കും. ആ ചോദ്യങ്ങൾക്ക് നിങ്ങൾ ഉത്തരം നൽകിയേ മതിയാകൂ. നിരന്തരം കലാപമുണ്ടാകുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിൽ ഭരണത്തിന് നേതൃത്വം നൽകുന്ന സി.പി.ഐ.(എം)-ന് വലിയ പങ്കുണ്ട്. ഞാനറിഞ്ഞത്, പാർട്ടി ഓഫീസുകൾ ആക്രമിക്കുന്നത് ശരിയല്ലെന്ന് പല

നേതാക്കളും ഇടതുമുന്നണി യോഗത്തിൽ ശക്തമായി ആവശ്യപ്പെട്ടുവെന്നാണ്. പക്ഷെ, അതിനുശേഷവും ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചു. വീണ്ടും ഓഫീസുകൾ ആക്രമിക്കപ്പെടുന്നു. ഇത് ശരിയാണോയെന്ന് ഗൗരവമായി പരിശോധിക്കണം. നിങ്ങളിപ്പോൾ പറയുന്നത് വികസന കാര്യങ്ങളിൽ ചർച്ചയുണ്ടായില്ലെന്നാണ്. ഞങ്ങളുടെ ഓഫീസ് കത്തിച്ചിട്ട്, ബോംബെറിഞ്ഞിട്ട്, ഇന്ദിരാ ഭവൻ ആക്രമിച്ചിട്ട് അതൊന്നും ചോദിക്കണ്ട വികസനത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്നാണോ? ഞങ്ങളുടെ എത്ര പ്രവർത്തകരാണ് ആശുപത്രിയിലും ജയിലിലുമായി കിടക്കുന്നത്; എന്തെല്ലാം കള്ളക്കേസ്സുകളാണ് നിങ്ങൾ ചാർജ് ചെയ്തിട്ടുള്ളത്? അപ്പോൾ ഞങ്ങൾ ഇതുതന്നെ ചർച്ചചെയ്യും. നിങ്ങൾ ചെയ്യേണ്ട കാര്യമാണ് ഞങ്ങൾ നോട്ടീസ് നൽകി ഇന്ന് ചർച്ച ചെയ്തത്. നിങ്ങൾക്ക് ചർച്ച ചെയ്യാൻ പേടിയാണ്. ഇതെല്ലാം ഭീതിയിലും വെപ്രാളത്തിലും പരിഭ്രാന്തിയിലും നിന്നുണ്ടായതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങൊന്ന് പരിശോധിക്കണം. അങ്ങാണോ അങ്ങയുടെ ഓഫീസാണോ കാര്യങ്ങൾ നിയന്ത്രിക്കുന്നത്? കഴിഞ്ഞ രണ്ടുമൂന്ന് ആഴ്ചയായി ചെയ്യുന്നതെല്ലാം പാളിപ്പോകുകയാണ്, അപകടത്തിലാകുകയാണ്. എന്തുകൊണ്ടാണ് ഇത്തരം വിവേകശൂന്യമായ

തീരുമാനങ്ങളെടുത്ത് അപകടത്തിലേയ്ക്ക് പോകുന്നതെന്ന് പരിശോധിച്ചാൽ നന്നായിരിക്കുമെന്നുമാത്രം സൂചിപ്പിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥന്റെ XXXXXX+ പേര് പരാമർശിക്കുകയുണ്ടായി. ചട്ടം 284(9) പ്രകാരം ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റെ പേര് പറയണമെങ്കിൽ ബഹുമാന്യനായ സ്പീക്കർക്ക് മുൻകൂർ നോട്ടീസ് നൽകി മാത്രമേ ചെയ്യാൻ പാടുള്ളൂ, അത് പരിശോധിച്ച് രേഖയിൽനിന്ന് മാറ്റേണ്ടതാണ്.

മി. സ്പീക്കർ: അത് പരിശോധിക്കാം*.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച പ്രമേയത്തിന്മേൽ ബഹുമാന്യനായ പ്രതിപക്ഷനേതാവുകൂടി സംസാരിച്ചപ്പോൾ നല്ല വ്യക്തതയുണ്ടായി. കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായ സി.പി.ഐ.(എം)-ന്റെ സംസ്ഥാന കേന്ദ്രത്തിനുനേരെ ആക്രമണമുണ്ടായിട്ട് പ്രതിപക്ഷമെന്ന നിലയിൽ അതിനെ അപലപിക്കാൻ ഈയവസരത്തിലും തയ്യാറാകാത്തത് ആശ്ചര്യകരമാണ്. രാത്രി 11-നും

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 11964/ഇ.ബി./2022/നി.സെ., തീയതി 05-07-2022) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

*

12-നമിടയ്ക്കാണ് ഈ സംഭവമുണ്ടായത്. ആളുകൾ ഉറങ്ങാൻ കിടക്കുന്ന സമയമായതിനാൽ പിറ്റേദിവസം രാവിലെയാണ് പ്രതികരണങ്ങളൊക്കെ വരുന്നത്. ആദ്യ പ്രതികരണം കെ.പി.സി.സി.-യിൽ നിന്നാണുണ്ടായത്. ഇത് എൽ.ഡി.എഫ്. കൺവീനർ സഖാവ് ഇ. പി. ജയരാജൻ പ്ലാൻ ചെയ്ത് ചെയ്യിച്ചതെന്നായിരുന്നു കെ.പി.സി.സി. പ്രസിഡന്റ് പ്രതികരിച്ചത്. പിറ്റേദിവസം രാവിലെ നടത്തിയ പ്രസ്താവനയാണിത്. ഇതാണ് പ്രശ്നം. ഇങ്ങനെയൊരു സംഭവമുണ്ടായാൽ അതിനെ അപലപിച്ചുകൊണ്ടുള്ള പ്രതികരണമല്ലേ ആദ്യം വരേണ്ടത്? എന്തുമാകട്ടെ, ആരുമാകട്ടെ, പക്ഷെ അപലപിക്കാൻ തയ്യാറാകണ്ടേ; അതിന് കഴിയാത്ത മാനസികാവസ്ഥയുണ്ടാകുന്നത് എന്തുകൊണ്ടാണ്? കോൺഗ്രസിന്റെ ഇന്നത്തെ നിലയിൽ അത് ആലോചിക്കാൻ സാധിക്കുമോയെന്ന് എനിക്ക് നിശ്ചയമില്ല. പക്ഷെ, അത് ആലോചിക്കുന്നത് നല്ലതാണ്. ആർക്കെങ്കിലും ആലോചിക്കണമെന്നുണ്ടെങ്കിൽ മനസ്സിലെങ്കിലും ആലോചിക്കുന്നത് നല്ലതാണ്. തെറ്റായ കാര്യങ്ങൾ ചിലപ്പോൾ സംഭവിച്ചേക്കാം. അതിനെ ന്യായീകരിക്കുകയല്ല വേണ്ടത്. ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയുടെ കൽപ്പറ്റയിലുള്ള ഓഫീസിനുനേരെ മാർച്ച് നടത്തിയതും അതിക്രമിച്ചുകടന്ന്

അക്രമം നടത്തിയതും തെറ്റാണ്. അത് തെറ്റാണെന്ന് രഹസ്യമായി പറയുകയല്ല അക്കാര്യത്തിൽ ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിച്ചത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. നമ്മൾ അതെല്ലാം ഇവിടെ ചർച്ചചെയ്ത കാര്യമാണ്. സംസ്ഥാനത്തെ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടിയെന്ന നിലയ്ക്ക് സി.പി.ഐ.(എം)-ഉം അഖിലേന്ത്യാടിസ്ഥാനത്തിൽ പാർട്ടി ജനറൽ സെക്രട്ടറിയും സർക്കാരിനുവേണ്ടി ഇവിടെ ഞാനും അത് തള്ളിപ്പറയുകയുണ്ടായി. ഇതാണ് ഞങ്ങൾ സ്വീകരിക്കുന്ന സമീപനം. കേരളത്തിലെ ഏറ്റവും വലിയൊരു പാർട്ടിയുടെ സംസ്ഥാന കേന്ദ്രമായ എ.കെ.ജി. സെന്ററിനുനേരെയുണ്ടായ ആക്രമണത്തെ അപലപിക്കാൻ കോൺഗ്രസ്സിന് സാധിക്കാത്തത് എന്തുകൊണ്ടാണ്?

3.00PM]

പ്രതിപക്ഷനേതാവ് ( ശ്രീ. വി. ഡി. സതീശൻ): സർ, സംഭവം നടന്ന് പിറ്റേദിവസം പുലർച്ചെയാണ് നമ്മുടെയടുത്ത് മാധ്യമപ്രവർത്തകർ എത്തുന്നത്. രാവിലെ ഏഴര മണിക്കാണ് മാധ്യമപ്രവർത്തകർ എന്നെ കാണുന്നത്. 'ഈ ആക്രമണത്തെ അതിശക്തമായി ഞങ്ങൾ

അപലപിക്കുന്നു' എന്നതായിരുന്നു മാധ്യമങ്ങളിലൂടെയുള്ള എന്റെ ആദ്യത്തെ വാചകം. അതിന്റെ റെക്കോർഡുണ്ട്. ഞാൻ പ്രതിപക്ഷനേതാവ് മാത്രമല്ല, യു.ഡി.എഫ്. ചെയർമാൻ കൂടിയാണ്. ഞാൻ പറഞ്ഞാൽ അത് യു.ഡി.എഫ്. ഒന്നടങ്കം പ്രതിഷേധിക്കുന്നുവെന്നുതന്നെയാണ്. അതിനുശേഷം ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയുമുൾപ്പെടെയുള്ള അംഗങ്ങൾ എ.കെ.ജി. സെന്റർ ആക്രമിച്ചതിനെ ശക്തമായി അപലപിച്ചു. പിന്നെ എന്തുകൊണ്ടാണ് ഞങ്ങളാരും അപലപിച്ചില്ലെന്ന് അങ്ങ് പറയുന്നത്? അത് ശരിയല്ല. കെ.പി.സി.സി. ഓഫീസ് ആക്രമിച്ചപ്പോൾ ഇതൊന്നും ഞങ്ങൾ  കണ്ടില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ അക്രമം സംഘടിപ്പിച്ചത് ശ്രീ. ഇ. പി. ജയരാജനാണെന്ന് പറഞ്ഞ കെ.പി.സി.സി. പ്രസിഡന്റിന്റെ പ്രസ്താവനയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അത് അന്ന് രാവിലെ തന്നെയാണ്. ശ്രീ. കെ. സുധാകരന്റെ രീതികളെക്കുറിച്ചാണോ എന്നെ ഓർമ്മിപ്പിക്കുന്നത്? അതിലേയ്ക്കൊന്നും ഞാൻ പോകാനുദ്ദേശിക്കുന്നില്ല, എനിക്കതിന്റെ ആവശ്യമില്ല. ഇപ്പോൾ അദ്ദേഹം നിങ്ങളുടെ നേതാവല്ലേ? നിങ്ങൾ അദ്ദേഹത്തെ നേതാവായി അംഗീകരിച്ച് നടക്കുകയാണ്,

അങ്ങനെയാകട്ടെ. പക്ഷെ അദ്ദേഹം ആരെന്നൊക്കെ എന്നെ പഠിപ്പിക്കാൻ നിൽക്കണ്ട. നാൽപാടി വാസുവിന്റെ മാത്രമല്ല, സേവ്യർ ഹോട്ടലിലെ നാണുവിന്റെ കഥയൊന്നും ഓർമ്മയില്ലേ? ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ശ്രീ. ഇ. പി. ജയരാജന് നേരെയുണ്ടായ സംഭവം ഇവിടെ പറഞ്ഞു, ഇതൊക്കെ നമ്മുടെ നാട്ടിൽ നടന്ന കാര്യങ്ങളാണ്. തെരെഞ്ഞെടുപ്പൊക്കെ നടക്കുമ്പോഴുണ്ടായ കാര്യങ്ങൾ നിങ്ങളുടെ അനുയായികളുടെ അനുഭവത്തിലില്ലേ? ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. അത് വേറൊരു ഭാഗം. പക്ഷെ, ഇന്ന് കെ.പി.സി.സി. പ്രസിഡന്റ് സ്വീകരിക്കുന്നതാണ് കെ.പി.സി.സി.-യുടെ ഔദ്യോഗിക നിലപാട്. ശ്രീ. ഇ. പി. ജയരാജനെ ഇതിന്റെ ആസൂത്രകനായി അവതരിപ്പിക്കുന്നു. അതാണോ വേണ്ടത്? ശ്രീ. ഇ.പി. ജയരാജന്റെ ജീവനെടുക്കാനുള്ള ശ്രമം നടന്നിട്ട് കുറേ വർഷം കഴിഞ്ഞു. ഇപ്പോൾ ഇദ്ദേഹവും ശ്രീ. ഇ. പി. ജയരാജനും ഓരോ പ്രധാന സ്ഥാനങ്ങളിലിരിക്കുന്നു. അപ്പോഴും അതേ മാനസികാവസ്ഥയിൽ നിൽക്കേണ്ട കാര്യമുണ്ടോ? കേരളത്തിലെ ഏറ്റവും വലിയൊരു രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന കേന്ദ്രത്തിനുനേരെയുണ്ടായ ആക്രമണത്തെ തള്ളിപ്പറയാനുള്ള

മാനസികാവസ്ഥ കാണിക്കണ്ടേ? അതാണ് പ്രശ്നം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് പറഞ്ഞത് വസ്തുതാപരമാകണം. കെ.പി.സി.സി. പ്രസിഡന്റ് അത്തരത്തിൽ പറഞ്ഞത് പിറ്റേദിവസം രാവിലെയാണ്. സംഭവമുണ്ടായി 5 മിനിട്ടിനുള്ളിലാണ് ശ്രീ. ഇ. പി. ജയരാജൻ അവിടെയെത്തിയത്. കോൺഗ്രസ്സാണ് ഇത് ചെയ്തതെന്നാണ് അദ്ദേഹം അപ്പോൾ പറഞ്ഞത്. അദ്ദേഹത്തിന് എവിടെ നിന്നാണ് ഇത്തരത്തിലൊരു വിവരം കിട്ടിയത്? അതിന് മറുപടിയായിട്ടാണ് ശ്രീ. കെ. സുധാകരൻ ഇത്തരത്തിലൊരു പ്രസ്താവന നടത്തിയത്. അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞൊരു കാര്യത്തിന് പിന്നീട് മറുപടി പറയാമെന്ന് വിചാരിച്ചതായിരുന്നു. അതിനിപ്പോൾത്തന്നെ മറുപടി പറഞ്ഞേക്കാം. സഖാവ് ഇ. പി. ജയരാജൻ സംഭവം നടക്കുന്നതിനുമുമ്പ് പുറപ്പെട്ടോ, ഇവിടെ എങ്ങനെ അപ്പോഴെത്തി എന്നൊക്കെ ചോദിച്ചു. പണ്ട് എ.കെ.ജി. ഫ്ലാറ്റ് നിർമ്മിച്ചതിനെക്കുറിച്ചുള്ള വിവാദം ഓർമ്മയുണ്ടോ? മറന്നുപോകാനിടയില്ല, ശ്രീ. രമേശ് ചെന്നിത്തല ഒന്നും മറക്കാനിടയില്ല. ഞാനവിടെ

സെക്രട്ടറിയായിരിക്കുന്ന ഘട്ടത്തിലാണ് ആ ഫ്ലാറ്റ് നിർമ്മിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ഒരുപാട് വിവാദങ്ങൾ വന്നിരുന്നു. ആ ഫ്ലാറ്റിലാണ് ഇപ്പോൾ സഖാവ് ഇ. പി. ജയരാജൻ കുടുംബസമേതം താമസിക്കുന്നത്. അതിന് തൊട്ടടുത്താണ് എ.കെ.ജി. സെന്റർ സ്ഥിതി ചെയ്യുന്നത്. അത് എല്ലാവർക്കും അറിയാവുന്നതാണ്. ഈ സംഭവം അറിഞ്ഞ് അവിടെ എത്തിയതാണെന്നാണ് പറഞ്ഞതിന്റെ അർത്ഥം. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എ.കെ.ജി. സെന്ററിന്റെ കെട്ടിടത്തിൽ തന്നെയാണ് താമസിക്കുന്നത്. അതാണ് ഭയങ്കര ശബ്ദമുണ്ടായിയെന്ന് അവർ പറഞ്ഞത്. അതും വസ്തുതാപരമാണ്. അവിടെ നിന്നാണ് അവർ ഇറങ്ങിവന്നത്. ഇവിടെ ഞങ്ങളുടെ നിലപാട് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഏതെങ്കിലും പാർട്ടി ഓഫീസ് തകർക്കുകയോ അതിനുനേരെ ആക്രമണം നടത്തുകയോ ചെയ്യുന്ന സമീപനം ഞങ്ങൾക്കില്ല. അതുകൊണ്ടാണ് അത്തരം കാര്യങ്ങളെ അപലപിക്കാൻ ഞങ്ങൾക്കൊരു മന:പ്രയാസവുമില്ലാത്തത്. എ.കെ.ജി. സെന്ററിൽ ആക്രമണം നടന്ന സമയത്തും അവിടെ പോലീസ് സുരക്ഷിതത്വം ഏർപ്പെടുത്തിയിരുന്നുവെന്നുള്ളത് ശരിയാണ്. എങ്ങനെയാണ് പോലീസ്

സുരക്ഷിതത്വമുള്ളൊരു സ്ഥലത്ത് ഇത്തരമൊരു ആക്രമണം നടന്നത് എന്നൊരു ചോദ്യവും ഇവിടെ ഉയർന്നുവന്നു. ഇത് വളരെ ആസൂത്രിതമായി നടത്തിയ ഒരു ആക്രമണമാണ്. ഒരു ദിവസം പെട്ടെന്ന് നടത്തിയ ആക്രമണമായിരിക്കില്ല. വലിയ തോതിലുള്ള ആസൂത്രണം ഇതിന് പിന്നിലുണ്ട്. പുറത്തുവന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ, ഒരു വാഹനം എ.കെ.ജി. സെന്ററിനുമുന്നിൽ വന്ന് തിരിച്ചുപോയതായി സൂചിപ്പിക്കുന്നുണ്ട്. പോലീസുള്ള സ്ഥലം കൃത്യമായി മനസ്സിലാക്കിയിട്ടാണ് അവരിത് ചെയ്തത്. മുന്നിലത്തെ പ്രവേശന കവാടത്തിനപ്പുറത്താണ് പോലീസുള്ളത്. ആ സ്ഥലംവരെ പോയിട്ടായിരിക്കും ഇവർ തിരിച്ചുപോയത്. ഒരുഭാഗത്തുനിന്ന് തിരിച്ചുപോയിട്ട് വീണ്ടും വന്ന് എറിയുന്നതായാണ് ഇപ്പോഴുള്ള ദൃശ്യങ്ങളിൽ നിന്നും വ്യക്തമാകുന്നത്. കൃത്യം നിർവ്വഹിക്കാൻ വന്നയാൾ കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കി നേരെ ലക്ഷ്യസ്ഥാനത്തേയ്ക്കെറിഞ്ഞ് വണ്ടി വിട്ടുപോകുകയാണ് ചെയ്തത്. കൃത്യമായി ആസൂത്രണം ചെയ്താണ് നടത്തിയതെന്ന് വ്യക്തമാണ്. അക്കാര്യത്തിൽ അവിടെയുണ്ടായിരുന്ന പോലീസിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന്

പരിശോധിക്കാം. എന്തുകൊണ്ട് പോലീസിന് ഇവരെ ഇതുവരെ പിടിക്കാൻ കഴിഞ്ഞില്ല എന്ന് ചോദിച്ചു. ഏതെങ്കിലുമൊരാളെ കസ്റ്റഡിയിലെടുക്കാനല്ല, കുറ്റംചെയ്ത ആളെ പിടികൂടാനാണ് പോലീസ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ വിശദമായ പരിശോധന അവർ നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ പറഞ്ഞ സി.സി.ടി.വി. ദൃശ്യങ്ങളും മറ്റെല്ലാ കാര്യങ്ങളും അന്വേഷണത്തിന്റെ ഭാഗമായിട്ടുണ്ടാകും. അത് കൃത്യമായി കുറ്റവാളിയിലേയ്ക്കെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരമൊരു ആക്രമണം നടത്തിയതിനുപിന്നിൽ പ്രവർത്തിച്ചവർ വലിയ തോതിലുള്ള ആസൂത്രണരീതി സ്വീകരിച്ചിരിക്കുകയാണ്. അവരാണ് പ്രതിയെ ഇപ്പോൾ മറച്ചുവയ്ക്കുന്നതും അതിന്റെ ഭാഗമായി സംരക്ഷിക്കുന്നതും. പല കുറ്റകൃത്യങ്ങളും തെളിയിക്കാനും പ്രതികളെ പിടികൂടാനും കേരള പോലീസിന് കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിലും പ്രതികളെ പിടികൂടുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. സി.സി.ടി.വി. പരിശോധനയുടെ കാര്യത്തിൽ ഒരു മെല്ലെപ്പോക്കുമില്ല. അതീവ ഗൗരവമായിത്തന്നെ പരിശോധന നടക്കുന്നുണ്ട്. മറ്റൊരു കാര്യം, എ.കെ.ജി. സെന്ററിന്റെ ഒരു ജനൽച്ചില്ലെങ്കിലും ഞാൻ എറിഞ്ഞുതകർക്കുമെന്ന് ഈ സംഭവം

നടക്കുന്നതിനുമുമ്പ് ഒരാൾ പരസ്യമായി സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തിരുന്നു. സ്വാഭാവികമായും പോലീസ് അയാളെ ചോദ്യം ചെയ്യും. അതാണ് ഇവിടെയും സംഭവിച്ചത്. അതും ഇരുപത്തിനാല് മണിക്കൂറിലധികമായിട്ടില്ല. ചോദ്യം ചെയ്യലിലൂടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. കെ.പി.സി.സി. ഓഫീസും പ്രതിപക്ഷനേതാവിന്റെ വീടും ആക്രമിച്ചവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോട്ടയം ഡി.സി.സി. ഓഫീസിനുനേരെ ആക്രമണം നടത്തിയ പ്രതികളെ അറസ്റ്റ് ചെയ്ത കാര്യം അവർതന്നെ ഇവിടെ പറയുകയും സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ബോംബിന്റെ രീതികളെക്കുറിച്ച് എന്നോട് ചോദിക്കുന്നതിനെക്കാൾ നേരത്തെ പറഞ്ഞ നിങ്ങളുടെ നേതാവിനോട് ചോദിക്കുന്നതാണ് നല്ലത്.

<u>ശ്രീ. വി. ഡി. സതീശൻ</u>:സർ, അത് എല്ലാവർക്കും അറിയാവുന്നതാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നിങ്ങൾക്കറിയാമെങ്കിലും പലർക്കും അറിയാത്തതിനാൽ അക്കാര്യം പറയേണ്ടതുണ്ട്. മുമ്പ് ഇന്ത്യാ ടുഡേയിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചത് ഓർമ്മയില്ലേ? അന്ന് ഡി.സി.സി. പ്രസിഡന്റ് ആരായിരുന്നുവെന്ന് ഓർമ്മിച്ചാൽ മതിയാകും. ഞാൻ

അതുമായി ബന്ധപ്പെട്ട് ആരുടെയും പേര് പറയുന്നില്ല. ഡി.സി.സി. ഓഫീസിൽനിന്നാണ് ആ ലേഖകൻ വാർത്തയെടുത്തത്. അതിൽ മൂന്ന് ബോംബുകളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഒന്നാമത്തേത് മാരകശേഷിയുള്ളതും രണ്ടാമത്തേത് അത്രത്തോളം അപകടമില്ലാത്തതും മൂന്നാമത്തേത് ഭയങ്കര ശബ്ദവും പുകയുമൊക്കെയുണ്ടെങ്കിലും അപകടം സംഭവിക്കാത്തതുമാണ്. ഈ മൂന്നുതരം ബോംബുകളും പണ്ട് അവിടെവച്ച് നിർമ്മിച്ചതാണ്. വലിയ ശബ്ദമുണ്ടാക്കുന്ന ബോംബ് നാടൻ രീതിയിൽത്തന്നെ നിർമ്മിക്കാൻ കഴിയുമെന്നുള്ളത് ദശാബ്ദങ്ങൾക്കുമുമ്പുതന്നെ അറിയാവുന്നതാണ്. ഇപ്പോൾ അതിൽ എത്രമാത്രം പരിഷ്കാരം വന്നിട്ടുണ്ടെന്നുള്ള കാര്യം എനിക്ക് പറയാൻ കഴിയില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് വളരെ നിഷ്കളങ്കവും സരസവുമായിട്ടാണ് ബോംബിനെക്കുറിച്ച് പറയുന്നത്. കാരണം, ആ കാലഘട്ടത്തിൽ ധാരാളം പാർട്ടി ഓഫീസുകളിലും പാർട്ടി പ്രവർത്തകരുടെ വീട്ടുകളിലുംവച്ച് ബോംബ് പൊട്ടിത്തെറിച്ച് കൈകാലുകൾ പോയ എത്രയോപേർ സി.പി.ഐ.(എം)-ൽ ഉണ്ടെന്നുള്ളത് അങ്ങേയ്ക്കറിയാം.

വേണ്ടിവന്നാൽ പോലീസ് സ്റ്റേഷന്റെ അകത്തുവരെ ബോംബുണ്ടാക്കുമെന്ന് പറഞ്ഞത് ഞങ്ങളാരുമല്ല. അങ്ങനെ പറഞ്ഞത് അങ്ങയുടെ പാർട്ടി സെക്രട്ടറിയാണ്. ഇക്കാര്യങ്ങളൊക്കെ നമ്മൾ ഇവിടെ പറയേണ്ടതുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലാണ് ഇതൊക്കെ പറയുന്നത്. യഥാർത്ഥത്തിൽ അവിടെപ്പോയി ഫോട്ടോയെടുത്ത് ഉത്തരവാദപ്പെട്ട ഒരു മാധ്യമം പ്രസിദ്ധീകരിച്ച കാര്യങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അത്തരത്തിലുള്ള നാനോ ബോംബുകളുണ്ടെന്ന കാര്യമാണ് ഞാൻ പറയാൻ ശ്രമിച്ചത്. ഇതിപ്പോൾ മാത്രമല്ല, പണ്ടുമുതലേയുള്ളതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗസ്ഥലത്ത് ബോംബ് എറിഞ്ഞതുമായി ബന്ധപ്പെട്ട് ന്യൂ മാഹി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 69/2017 ആയി രജിസ്റ്റർ ചെയ്ത കേസിൽ ബി.ജെ.പി.-ക്കാരായ ആറുപേരാണ് പ്രതികളായിട്ടുള്ളത്. ആരെയും പ്രതികളായി കണ്ടില്ല, കേട്ടില്ല എന്നൊക്കെയുള്ള ധാരണ വേണ്ട. നേരത്തെതന്നെ അവരെ കണ്ടെത്തിയിട്ടുണ്ട്. പി. കൃഷ്ണപിള്ള സ്മാരകത്തിന് നേരെയുണ്ടായ ആക്രമണത്തിൽ പ്രതികളെ കണ്ടെത്തിയത് ഒരു പ്രത്യേക അന്വേഷണ

രീതിയിലൂടെയായിരുന്നു എന്നതാണ് യഥാർത്ഥ വസ്തുത. അത് അന്നത്തെ സർക്കാരിന്റെ ഇടപെടലിനെത്തുടർന്നുണ്ടായ ഒരു കാര്യമാണ്, അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. എസ്.ഡി.പി.ഐ. പ്രവർത്തകർ എ.കെ.ജി. സെന്ററിൽ എത്തിയതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അവർ എ.കെ.ജി. സെന്റർ സന്ദർശിച്ചുവെന്ന വാർത്തയും അവരവിടെ നിൽക്കുന്ന ചിത്രവും നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ ഇത് വസ്തുതാപരമല്ല. ജൂലൈ 1-ന് അഞ്ച് മണിയോടെയാണ് ഏഴംഗസംഘം സെക്യൂരിറ്റിയുടെയടുത്ത് വരികയും പാർട്ടി നേതാക്കളെ കാണണമെന്ന് ആവശ്യപ്പെടുകയും ചെയ്തത്. അവർ എസ്.ഡി.പി.ഐ. പ്രവർത്തകരാണെന്ന് മനസ്സിലായതുകൊണ്ട് കൂടിക്കാഴ്ചയ്ക്ക് താല്പര്യമില്ലെന്നുപറഞ്ഞ് മടക്കിയയയ്ക്കുകയാണ് ചെയ്തത്. അഞ്ചുമിനിട്ടോളം കാത്തുനിന്നശേഷം അവർ അവിടെ നിന്ന് പോയി. പുറത്തിറങ്ങിയ അവർ എ.കെ.ജി. സെന്ററിനുമുന്നിൽനിന്ന് ഫോട്ടോയെടുക്കുകയും സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു. അത് സെൽഫിയായിരിക്കാം. അതേറ്റെടുത്ത് ചില മാധ്യമങ്ങൾ വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതാണവിടെ സംഭവിച്ചത്. അങ്ങ്

പറഞ്ഞതുപോലെയോ നേരത്തെ പ്രമേയാവതാരകൻ പറഞ്ഞതുപോലെയോ അല്ല സംഭവിച്ചത്. എ.കെ.ജി. സെന്റർ എന്നുപറയുന്നത് ആളുകൾക്ക് എപ്പോൾ വേണമെങ്കിലും കടന്നുവരാൻ കഴിയുന്ന സ്ഥലമാണ്. ഇതുപോലുള്ള ആളുകളെ കടത്തിവിടാറില്ലെന്നുള്ളതാണ് പ്രത്യേകത. എസ്.ഡി.പി.ഐ. പോലുള്ള വർഗ്ഗീയ കക്ഷികളുമായി യാതൊരുവിധ കൂടിക്കാഴ്ചയും പാർട്ടി ആഗ്രഹിക്കാത്തതുകൊണ്ടാണ് അവരോട് തിരികെ പോകാൻ ആവശ്യപ്പെട്ടത്. അവർക്ക് പ്രവേശനം നൽകാതിരുന്നിട്ടും അവർ എ.കെ.ജി. സെന്റർ സന്ദർശിച്ചുവെന്ന വാർത്ത ബോധപൂർവ്വം പ്രചരിപ്പിക്കാനാണ് തയ്യാറായത്. അതിലെന്തോ ഗൂഢലക്ഷ്യമുണ്ടെന്നാണ് കാണുന്നത്. അവർ ഞങ്ങളെക്കുറിച്ച് തെറ്റിദ്ധാരണയുണ്ടാക്കാനാകും ഉദ്ദേശിച്ചിരുന്നത്. പക്ഷെ അതൊന്നും ഞങ്ങളെ ഏശില്ല. ഞങ്ങൾ ഇങ്ങനെയുള്ള നിലപാടുകളാണ് എപ്പോഴും സ്വീകരിക്കുന്നത്. ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നത് മറ്റുചിലർ ഏറ്റെടുത്ത് നടത്തിയ പ്രക്ഷോഭങ്ങളിൽനിന്നും ശ്രദ്ധതിരിച്ചുവിടാനാണെന്ന മട്ടിൽ നിങ്ങൾക്കുവേണ്ടി സംസാരിച്ച ഒരാൾ ഇവിടെ പറയുകയുണ്ടായി. നിങ്ങൾ എന്തെങ്കിലുമൊരു പ്രശ്നമുന്നയിച്ചാൽ അത് നാടാകെ ഏറ്റെടുക്കുകയാണെന്ന്

തെറ്റിദ്ധരിക്കരുത്. സുപരീക്ഷിത ജീവിതമാണ് ഞങ്ങളുടേതെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. ആരെങ്കിലും വന്ന് എന്തെങ്കിലും വിളിച്ചുപറഞ്ഞാൽ അത് ഇടിഞ്ഞുപൊളിഞ്ഞ് തകർന്നുപോകുമെന്നൊന്നും ഞങ്ങൾ കരുതുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾക്ക് അതൊക്കെ കേൾക്കുമ്പോൾ ശാന്തമായി നിൽക്കാനും ചിരിച്ചുകൊണ്ട് നേരിടാനും കഴിയുന്നത്. ഒരുതരത്തിലുള്ള ഉൾക്കിടിലവുമില്ലാതെ ഏത് ആരോപണത്തെയും നേരിടാൻ കഴിയുന്നത് ഈ പ്രത്യേകതകൊണ്ടാണ്. 'മടിയിൽ കനമുള്ളവനേ വഴിയിൽ പേടിക്കേണ്ടതുള്ളൂ' എന്നത് മാത്രമല്ല, ജീവിതത്തിൽ ശുദ്ധി പുലർത്തുകയും വേണം. അങ്ങനെ ശുദ്ധി പുലർത്തിയാൽ നിങ്ങൾക്ക് ആരുടെയും മുന്നിൽ തലകുനിക്കേണ്ടി വരില്ല. അത് സാധിക്കുമോയെന്ന് വിചാരിച്ച് ചിലർ ഒരുങ്ങി പുറപ്പെട്ടാൽ ഇക്കാലത്തും ഇത്തരത്തിലൊരു കൂട്ടർ ഇവിടെയുണ്ടെന്ന് തെളിയിക്കപ്പെടും. ജീവിതത്തിൽ ശുദ്ധി പുലർത്താൻ ശ്രമിക്കണമെന്ന് മാത്രമേ ഞാൻ ഉപദേശിക്കുന്നുള്ളൂ. കാരണം, നമ്മളെല്ലാവരും പൊതുപ്രവർത്തകരാണ്. താൽക്കാലിക ലാഭത്തെയോ ഏതെങ്കിലും തരത്തിലുള്ള സംതൃപ്തിയെയോ കണ്ട് തെറ്റായ കാര്യങ്ങളിലേയ്ക്ക് പോകാതിരുന്നാൽ പിന്നീട്

ദു:ഖിക്കേണ്ടിവരില്ല. എല്ലാം ഇളകിവന്നാലും ശാന്തമായി നിൽക്കാൻ കഴിയും. അതുമാത്രമാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ബാക്കി രാഷ്ട്രീയം; നിങ്ങൾ നിങ്ങളുടെ വഴി നോക്കൂ, ഞങ്ങൾ ഞങ്ങളുടെ വഴിയും നോക്കാം. ബഹുമാന്യനായ കെ. പി. എ. മജീദ് പറഞ്ഞത് കുറച്ച് കടന്നുപോയില്ലേയെന്ന് സംശയിക്കുകയാണ്. കാരണം, എ.കെ.ജി. സെന്റർ ആക്രമിച്ചത് നിങ്ങൾ തന്നെയാണെന്ന് പറഞ്ഞാൽ അതിനെ കുറ്റം പറയാൻ സാധിക്കുമോയെന്ന് ഞങ്ങളോട് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. അത്തരം വാചകം ബഹുമാന്യനായ കെ. പി. എ. മജീദിനെപോലുള്ള ഒരു വ്യക്തിയിൽനിന്നും ഉണ്ടാകേണ്ടതായിരുന്നില്ല. അത് കുറച്ച് കടന്നുപോയിയെന്നാണ് എനിക്ക് തോന്നുന്നത്. അത്രത്തോളം പറയാൻ കോൺഗ്രസുപോലും തയ്യാറായില്ല. അവർ പൊതിഞ്ഞൊക്കെ പറയാനാണ് ശ്രമിച്ചത്. പക്ഷെ നേരെ പറയുന്ന രീതിയാണ് നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായത്. അത് അത്രത്തോളം വേണ്ടായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്, ഞാൻ അതിനപ്പുറത്തേയ്ക്ക് കടക്കുന്നില്ല. കാരണം, ഇവിടെ നടക്കുന്നതിനോടൊക്കെ നിങ്ങൾക്ക് പൂർണ്ണമായും യോജിപ്പുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഗാന്ധിജിയുടെ ചിത്രം തകർത്തതിനെപ്പറ്റി ഞാൻ

പറഞ്ഞതിനെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരാമർശിക്കുകയുണ്ടായി. ഞാൻ യഥാർത്ഥത്തിൽ പോലീസ് റിപ്പോർട്ടിനെ ആശ്രയിച്ചല്ല അന്ന് പറഞ്ഞത്. മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തുവെന്ന് ഞാൻ അന്നുതന്നെ പറഞ്ഞതാണ്. നിങ്ങൾക്ക് പോലീസിനെ സംശയമുണ്ട്. മാതൃഭൂമി ചാനലിനെ മാത്രമേ നിങ്ങൾക്ക് സംശയമില്ലാതെയുള്ളൂ. ഒരു ചാനലിനെയാണ് ഞാൻ ഇപ്പോൾ ഉദ്ധരിക്കുന്നത്. അത് മാതൃഭൂമി ചാനലാണ്. ഈ അതിക്രമമൊക്കെ കഴിഞ്ഞതിനുശേഷം മാതൃഭൂമി ചാനൽ പ്രവർത്തകർ ഓഫീസിൽ കയറി ഫോട്ടോയെടുക്കുന്നുണ്ട്. ആ ഫോട്ടോയിൽ മഹാത്മാഗാന്ധിയുടെ ചിത്രം ചുമരിലുണ്ടായിരുന്നു. ആ ചിത്രം അവർ കൊടുത്തിട്ടുണ്ട്. അതാണ് ഞാൻ പറഞ്ഞത്. അതിനുശേഷമാണ് ഇത്തരമൊരു കാര്യംകൂടിയുണ്ടെന്നുള്ളത് പോലീസിന്റെ ഭാഗത്തുനിന്ന് വരുന്നത്. (.....ബഹളം.....) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നാട്ടിൽ നടക്കുന്ന കലാപാന്തരീക്ഷത്തെപ്പറ്റി പറയുകയുണ്ടായി. കലാപാന്തരീക്ഷം സൃഷ്ടിക്കുന്നതിൽനിന്ന് കോൺഗ്രസ്സും യു.ഡി.എഫ്.-ഉം പിന്മാറണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞങ്ങൾ ഒരു ഓഫീസും ആക്രമിക്കുന്നതിന് കൂട്ടുനിൽക്കില്ല. ഏതെങ്കിലും ഓഫീസ് ആരെങ്കിലും ആക്രമിച്ചാൽ

സർക്കാരെന്ന നിലയ്ക്ക് ശക്തമായ നടപടിയെടുക്കും, ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. ഇത്തരം പ്രശ്നങ്ങൾ നടക്കുന്ന ഈയൊരു ഘട്ടത്തിൽ ഞങ്ങൾക്ക് വികസന കാര്യങ്ങളിൽ എങ്ങനെ സഹകരിക്കാനാകുമെന്ന് അങ്ങ് അവസാനം ചോദിക്കുകയുണ്ടായി. ഈ പ്രശ്നങ്ങളുണ്ടാകുന്നതുതന്നെ വികസന കാര്യങ്ങൾ തടയുന്നതിനുവേണ്ടിയാണ്. അത് മനസ്സിലാക്കി അങ്ങൊരു നിലപാടെടുക്കണം. വികസന കാര്യങ്ങൾ ഏതെങ്കിലുമൊരു വിഭാഗത്തിന് മാത്രമുള്ളതല്ല, നാടിന് പൊതുവായുള്ളതാണ്. നമുക്കെല്ലാവർക്കും ഒന്നിച്ചുനിന്നുകൊണ്ട് ഒരു സംസ്കാരം വളർത്തിയെടുക്കാനാകണം. ഏത് ഓഫീസായാലും ആക്രമിക്കാൻ പാടില്ല. ഏതെങ്കിലുമൊരു ഓഫീസിൽ ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റം നടന്നാൽ അതിനെ അപലപിക്കാൻ എല്ലാവരും തയ്യാറാകണം. സർക്കാരെന്നനിലയ്ക്ക് അത്തരക്കാർക്കെതിരെ കർശന നടപടിയെടുക്കും. തൊട്ടതെല്ലാം പാളിപ്പോകുന്നുവെന്ന് അങ്ങ് ഞങ്ങളെയൊന്ന് ഉപദേശിക്കാൻ നോക്കി. അങ്ങനെയുള്ള പാളിപ്പോകൽ ഇവിടെ കാണുന്നില്ല, എന്നാൽ അവിടെ അങ്ങനെയൊരു പാളിപ്പോകലുണ്ടോയെന്ന് അങ്ങ് പരിശോധിക്കുന്നത് നന്നായിരിക്കും. ഏതായാലും ഇത്തരമൊരു പ്രമേയം കൊണ്ടുവന്നതുകൊണ്ട് നമുക്ക്

കാര്യങ്ങൾ ശരിയായ രീതിയിൽ ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞുവെന്ന പ്രത്യേകതയുണ്ട്. ഇത്രയുമാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ ...

പ്രതികൂലിക്കുന്നവർ ...

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ....

മി. സ്പീക്കർ: പ്രമേയം ഡിസ്പോസ് ചെയ്തുകഴിഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ പ്രാവശ്യം പ്രമേയം ഡിസ്പോസ് ചെയ്യുന്നതിനുമുമ്പ് ഞാൻ സംസാരിച്ചതുമായി ബന്ധപ്പെട്ട് അങ്ങ് പറഞ്ഞതുകൊണ്ടാണ് ഇപ്പോൾ അതിനുശേഷം സംസാരിക്കാമെന്ന് വിചാരിച്ചത്. ഇവിടെ നമ്മൾ അവതരിപ്പിച്ചത് വളരെ ഗൗരവതരമായ വിഷയമാണ്. സ്വന്തം പാർട്ടി ഓഫീസ് ആക്രമിക്കപ്പെട്ട് നാല് ദിവസം

കഴിഞ്ഞിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് ഒരു സൂചനപോലും നൽകാതെ നിൽക്കുകയാണ്. ഇപ്പോഴും അദ്ദേഹത്തിന്റെ മറുപടിയിൽ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരന്റെ .......

മി. സ്പീക്കർ: വിശദമായ പ്രസംഗത്തിനുപോയാൽ അപ്പുറത്തുനിന്നും സംസാരം വരും. (....ബഹളം...).

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് എന്റെ അവകാശമാണ്.

മി. സ്പീക്കർ: പ്രമേയം തള്ളിക്കഴിഞ്ഞാൽ പിന്നെ പ്രസംഗമില്ല. (.....ബഹളം.....)

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് രണ്ട് വാചകം പറയണം. (....ബഹളം...) അത് ഇവരാണോ തീരുമാനിക്കുന്നത്? ഇവിടെ പ്രീസീഡന്റുണ്ട്.

മി. സ്പീക്കർ: അങ്ങ് പറയൂ. പ്രമേയം ചർച്ച ചെയ്ത് കഴിഞ്ഞതല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, ഡിസ്പോസ് ചെയ്തതിനുശേഷമാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എ.കെ.ജി. സെന്റർ ആക്രമിച്ചതിനെ സംബന്ധിച്ചോ അതുമായി ബന്ധപ്പെട്ട് ഞങ്ങളുയർത്തിയ ഗൗരവതരമായ ആരോപണത്തെക്കുറിച്ചോ ഒന്നും പറഞ്ഞിട്ടില്ല.

പോലീസിന്റെ ഒത്താശയോടുകൂടി പാർട്ടി അറിഞ്ഞുകൊണ്ട് നടത്തിയ ആക്രമണമാണിത്. അത് കോൺഗ്രസിന്റെ തലയിൽ കെട്ടിവച്ച് കേരളത്തിലെ നൂറുകണക്കിന് കോൺഗ്രസ് പാർട്ടി ഓഫീസുകൾ തകർക്കാൻവേണ്ടി നടത്തിയ ശ്രമത്തെക്കുറിച്ചാണ് ഞങ്ങൾ പറഞ്ഞത്. അതിനെക്കുറിച്ച് ഒരു മറുപടിയും മുഖ്യമന്ത്രി പറഞ്ഞില്ല. ഞങ്ങളുടെ 42 ഓഫീസുകളാണ് തകർത്തത്. അദ്ദേഹത്തിന്റെ മറുപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷമൊന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

മി. സ്പീക്കർ: ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ച തുടരുന്നു.

**ധനകാര്യം (തുടർച്ച)**

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഇന്നിവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഒന്നാം

ഗവൺമെന്റും രണ്ടാം ഗവൺമെന്റും തുടർച്ചയായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ടുകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. റവന്യൂ വകുപ്പ് എല്ലാ മേഖലകളിലും കാര്യക്ഷമമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. പതിനയ്യായിരം പട്ടയം നൽകുന്നതിന് ലക്ഷ്യമിട്ടിട്ട് അത് നാൽപ്പത്തി അയ്യായിരത്തിലെത്തിക്കാൻ ശ്രമിക്കുകയും ഇപ്പോൾ 54,353 പട്ടയങ്ങൾ കൊടുത്തുകഴിഞ്ഞിരിക്കുകയുമാണ്. വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുന്നതിനും വില്ലേജുതല ജനകീയ സമിതികൾ രൂപീകരിച്ച് വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്തിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. ഏകീകൃത തണ്ടപ്പേര് സംവിധാനം വിപ്ലവകരമായ നടപടിയാണ്. ഓരോ വ്യക്തിക്കും എവിടെയെല്ലാം ഭൂമിയുണ്ടെന്നുള്ളത് ഒറ്റ തണ്ടപ്പേരിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നത് നമ്മുടെ നാടിന് പൊതുവായി പ്രയോജനപ്പെടുന്നതാണ്. അങ്ങനെ മാതൃകാപരമായ നടപടികളുമായിട്ടാണ് റവന്യൂ വകുപ്പ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും വകുപ്പ് ഒട്ടേറെ പ്രവർത്തനങ്ങളുമായാണ്

മുന്നോട്ടുപോകുന്നത്. 1284 പട്ടികജാതി കോളനികളിലും 1054 പട്ടികവർഗ്ഗ കോളനികളിലും ഇന്റർനെറ്റ് കണക്ഷൻ സജ്ജീകരിച്ചുകഴിഞ്ഞു. അതുപോലെ വിദൂര കോളനികളിലെ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. അട്ടപ്പാടി, ആരെക്കാപ്പ് ഉൾപ്പെടെയുള്ള കോളനികളെല്ലാം ബഹുമാനപ്പെട്ട മന്ത്രി സന്ദർശിക്കുകയും നാലരക്കോടി രൂപ ചെലവഴിച്ച് റോഡുൾപ്പെടെയുള്ളവ നിർമ്മിക്കാനുള്ള ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ദേവസ്വം വകുപ്പും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. കോവിഡ്/പ്രളയകാലഘട്ടങ്ങളിൽ തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ, മലബാർ, കൂടൽമാണിക്യം ദേവസ്വം ബോർഡുകളുടെ കീഴിൽവരുന്ന ക്ഷേത്രങ്ങളിലെ പതിനേഴായിരത്തോളം ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ഇടപെടുകയും 225 കോടി രൂപ ഇതിനായി നീക്കിവയ്ക്കുകയുമുണ്ടായി. ആ നിലയിൽ എല്ലാ മേഖലകളിലും വലിയ ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. സംസ്ഥാന സർക്കാരിന്

അർഹമായ ജി.എസ്.ടി. വിഹിതമൊന്നും ലഭ്യമാകാത്ത സാഹചര്യത്തിലും വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത തരത്തിലുള്ള ഇടപെടൽ നടത്തി ധനകാര്യ വകുപ്പ് മുന്നോട്ടുപോകുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് സാമൂഹ്യ സുരക്ഷാ പദ്ധതികളെല്ലാം തകരാറിലായിരുന്നു. വൃദ്ധർക്കും വിധവകൾക്കും പെൻഷൻ കൊടുക്കാതെ പ്രയാസപ്പെട്ട കാലമുണ്ടായിരുന്നു. അക്കാലത്ത് മാധ്യമങ്ങളിലൂടെയും മറ്റും അതുമായി ബന്ധപ്പെട്ട് ഒട്ടേറെ ചർച്ചകൾ ഉയർന്നുവന്നിരുന്നു. മനുഷ്യത്വരഹിതമായ പ്രവർത്തനമാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നതെന്നാണ് അന്നത്തെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ. ബി. കോശി ഉൾപ്പെടെയുള്ളവർ പറഞ്ഞത്. ഇങ്ങനെയുള്ള നിരവധി സംഭവങ്ങൾ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നു. ഇന്നത്തെ സർക്കാരാകട്ടെ, പ്രതികൂല സാഹചര്യത്തിലും സാമൂഹ്യ സുരക്ഷാ പദ്ധതികൾ സംരക്ഷിച്ച് പണം കൃത്യമായി വീടുകളിൽ എത്തിച്ചുകൊടുക്കുകയാണ്. ഫലപ്രദവും പ്രായോഗികവുമായ ഇടപെടലാണ് ധനകാര്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾ ജനങ്ങൾ ചർച്ച

ചെയ്യാതിരിക്കുന്നതിനുവേണ്ടി ഇല്ലാത്ത വിഷയങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് നിരന്തരം പ്രശ്നങ്ങളും ആക്രമണങ്ങളുമുണ്ടാക്കി ജനശ്രദ്ധ തിരിച്ചുവിടുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് നിയമസഭയിൽ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയും. എത്രതവണ ചർച്ച ചെയ്യപ്പെട്ട പ്രശ്നങ്ങളാണ് ഇപ്പോഴും യു.ഡി.എഫ്. ആവർത്തിക്കുന്നത്? കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് ഒന്നൊന്നര വർഷം തുടർച്ചയായി മാധ്യമങ്ങളുടെ പിന്തുണയോടെ യു.ഡി.എഫ്., ബി.ജെ.പി., എസ്.ഡി.പി.ഐ., ആർ.എസ്.എസ്. തുടങ്ങിയ എല്ലാ ശക്തികളും ചേർന്ന് ഇല്ലാക്കഥകൾ മെനഞ്ഞ് അക്രമസമരങ്ങൾ നടത്തിയതും സെക്രട്ടേറിയറ്റിനുമുമ്പിലും മറ്റും സമരവും പ്രതിഷേധവും സംഘടിപ്പിച്ചതും തെരഞ്ഞെടുപ്പ് അടുത്തഘട്ടത്തിൽ മുഖ്യമന്ത്രിയെ ചോദ്യം ചെയ്യിക്കുന്നതിനും അദ്ദേഹത്തിന്റെ ഓഫീസിലേയ്ക്ക് അന്വേഷണമെത്തിക്കുന്നതിനുമുള്ള നീക്കങ്ങൾ നടത്തിയതുമെല്ലാം നാം കണ്ടതാണ്. അങ്ങനെ ഗവൺമെന്റിനെയും അതിന് നേതൃത്വം കൊടുക്കുന്ന മുന്നണിയെയും ദുർബ്ബലപ്പെടുത്താൻ നടത്തിയ പരിശ്രമങ്ങൾ തിരിച്ചറിഞ്ഞ് ജനക്ഷേമ വികസന പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ

സംരക്ഷിക്കാൻവേണ്ടി തദ്ദേശസ്വയംഭരണ/നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ആവേശപൂർവ്വം ജനങ്ങൾ മുന്നോട്ടുവരികയാണുണ്ടായത്. ആ വികസന പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടാകണമെന്നുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ജനങ്ങൾ ഈ ഗവൺമെന്റിന് വോട്ട് ചെയ്തത്. അതുകൊണ്ട് ജനങ്ങളുടെ ആഗ്രഹമനുസരിച്ചുള്ള പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇവിടെയിപ്പോൾ പുതുതായി എന്തെങ്കിലും വെളിപ്പെടുത്തിയിട്ടുണ്ടോ? രാജ്യദ്രോഹക്കുറ്റം ചെയ്തതിന്റെ പേരിൽ ഒരു സ്ത്രീ പിടിക്കപ്പെടുകയും അതുമായി ബന്ധപ്പെട്ട നിയമനടപടിയുടെ ഭാഗമായി അവർക്ക് ജയിലിൽ കിടക്കേണ്ടി വരികയും ചെയ്തു. ആ ഘട്ടത്തിൽ അവരിൽ സമ്മർദ്ദം ചെലുത്തി ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാൻ പരിശ്രമിച്ചെങ്കിലും അത് പരാജയപ്പെടുകയാണുണ്ടായത്. അവർ പുറത്തിറങ്ങിയതിനുശേഷവും അവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗവൺമെന്റിനെതിരായി സ്വീകരിക്കുന്ന നടപടികളെല്ലാം ശാന്തമായിരുന്ന് പത്രം വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. ഇവർ വീണ്ടും തെറ്റിദ്ധാരണകൾ പരത്തിയും ഉത്തരത്തിന് അർഹതയില്ലാത്ത ചോദ്യങ്ങൾ ചോദിച്ചും

പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്രയുംപറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ചരക്ക് സേവന നികുതി, കാർഷികാദായ നികുതി, വില്പന നികുതി, ഭൂ നികുതി, ജില്ലാ ഭരണവും പലവകയും, ഭവന നിർമ്മാണം, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം, പലവക സാമ്പത്തിക സർവ്വീസുകൾ എന്നിവയെ സംബന്ധിച്ച ധനാഭ്യർത്ഥനകളെ എനിക്ക് എതിർക്കാതിരിക്കാൻ സാധിക്കില്ല. കാരണം, എതിർക്കാതിരുന്നാൽ തിരിച്ച് നിയോജകമണ്ഡലത്തിലേയ്ക്ക് പോകാൻ കഴിയാത്ത അവസ്ഥയുണ്ടാകും. എന്റെ നിയോജകമണ്ഡലത്തിൽ കട്ടിപ്പാറ പഞ്ചായത്തിലെ രണ്ടാം വാർഡിൽ മാവുള്ളപൊയിൽ പ്രദേശത്ത് അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന കുറ്റൻ പാറക്കല്ലുകൾ അടിയന്തരമായി പൊട്ടിച്ച് നീക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് ഞാനൊരു അപേക്ഷ നൽകിയിരുന്നു. അദ്ദേഹം ജില്ലാ കളക്ടറെ വിളിച്ചുപറയുമെന്നും പറഞ്ഞിരുന്നു. രണ്ട് വർഷം മുമ്പ് വെള്ളപ്പാച്ചിലിൽ സ്ഥാനഭ്രംശം സംഭവിച്ച കുറ്റൻ പാറ പ്രദേശവാസികളുടെ ഉറക്കംകെടുത്തി നിലനിൽക്കുകയാണ്.

അതിന്റെ താഴെ ഏകദേശം 12 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അടിയന്തരമായി ആ പാറ പൊട്ടിച്ച് നീക്കണമെന്നാവശ്യപ്പെട്ട് തഹസിൽദാർക്കും ജില്ലാ കളക്ടർക്കും കത്ത് നൽകിയിരുന്നു. പാറ പൊട്ടിച്ചുമാറ്റുന്നതിന് 25 ലക്ഷം രൂപ ചെലവുവരും. കളക്ടർക്ക് 10 ലക്ഷം രൂപവരെ മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അദ്ദേഹം കളക്ടറെ വിളിച്ചുപറഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. 15 ലക്ഷം രൂപയുടെ പ്രശ്നത്തിലാണ് അത് നടക്കാതിരിക്കുന്നത്. ദുരന്തമുണ്ടായതിനുശേഷം പറഞ്ഞിട്ട് കാര്യമില്ല. മുൻകാലത്ത് വലിയ ദുരന്തമുണ്ടായ പ്രദേശമാണ് കട്ടിപ്പാറ. ധാരാളം കുടുംബങ്ങൾ മണ്ണിനടിയിൽപ്പെട്ട് മരിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു ദുരന്തത്തിന് കാത്തുനിൽക്കാതെ ആ പാറ പൊട്ടിച്ചുനീക്കുന്നതിന് 25 ലക്ഷം രൂപ അനുവദിച്ച് പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കട്ടിപ്പാറ പഞ്ചായത്തിലെ 14, 15 വാർഡുകളിലെ രണ്ടുകണ്ടി, വട്ടച്ചുഴലി പുറമ്പോക്ക് വിഷയവുമായി ബന്ധപ്പെട്ട് 44 കുടുംബങ്ങളുടെ സ്ഥലത്തിന് നികുതി സ്വീകരിക്കാത്തതും റവന്യൂ വകുപ്പിൽനിന്നുള്ള രേഖകൾ ലഭിക്കാത്തതും കാരണം അവർക്ക്

വലിയ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മന്ത്രി തിരുവനന്തപുരത്ത് വിളിച്ചുചേർത്ത യോഗത്തിലും അല്ലാതെയും ഇതുസംബന്ധിച്ച കത്തുകൾ ഞാൻ നൽകിയിട്ടുണ്ട്. കട്ടിപ്പാറ ചമൽദേശം ഏഴാം വാർഡിൽ കട്ടയാട്ടുമ്മൽ മിച്ചഭൂമിയിൽ 30 വർഷമായി വീടുവച്ച് താമസിക്കുന്ന 24 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതെല്ലാം കാലപ്പഴക്കമുള്ള കാര്യങ്ങളാണ്. അങ്ങ് വന്നതിനുശേഷം അതിനൊക്കെ പരിഹാരമുണ്ടാകുമെന്ന വിശ്വാസത്തിലാണ് ഞങ്ങൾ ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. ഈ മാസം 7-ാം തീയതി അങ്ങ് വീണ്ടും യോഗം വിളിച്ചിരിക്കുകയാണ്. അന്ന് ഇക്കാര്യങ്ങൾക്ക് തീർപ്പുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡാഷ് ബോർഡിൽ ഇതിനുള്ള അപ്ഡേഷനുണ്ടാകുമെന്ന് പറഞ്ഞിരുന്നെങ്കിലും ഇതുവരെ അതുണ്ടായിട്ടില്ല. പ്രസ്തുത മൂന്ന് വിഷയങ്ങളും ഡാഷ് ബോർഡിൽ കാണാത്തതുകൊണ്ടാണ് അങ്ങയോട് നേരിട്ട് പറയുന്നത്. ഡാഷ് ബോർഡ് നോക്കിയിട്ട് കാര്യമില്ല, അങ്ങുതന്നെ ഇതിന് മുൻകയ്യെടുക്കണം. കഴിഞ്ഞവർഷം കോട്ടയം ജില്ലയിലെ കൂട്ടിക്കലിലും ഇടുക്കി ജില്ലയിലെ കൊക്കയാറിലും

ഉരുൾപൊട്ടലുണ്ടാക്കിയ ദുരന്തം ഇനിയും വിട്ടുമാറിയിട്ടില്ല. 20 ജീവനുകളാണ് അവിടെ നഷ്ടപ്പെട്ടത്. രണ്ടിടത്തായി 500 വീടുകൾ പൂർണ്ണമായും 2000 വീടുകൾ ഭാഗികമായും തകർന്നു. ദുരന്തമുണ്ടായി 8 മാസം കഴിഞ്ഞിട്ടും ഇതുവരെ അവർക്ക് ആശ്വാസമെത്തിച്ചിട്ടില്ല. ഇപ്പോൾ ആ പാവങ്ങൾക്ക് ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുന്നു. വീടുകൾ പുനർനിർമ്മിച്ച് നൽകാനോ പുനരധിവാസത്തിനോ ഉള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. Intergovernmental Panel on Climate Change ഫെബ്രുവരിയിൽ പുറത്തിറക്കിയ 6-ാം റിപ്പോർട്ടിൽ അറബിക്കടലിലെ താപവർദ്ധന മറ്റെല്ലാ സമുദ്രങ്ങളിലേതിനെക്കാളും അധികമാണെന്നാണ് വ്യക്തമാക്കുന്നത്. നമ്മുടെ കടലിന്റെ താപം കൂടിക്കൂടി വരികയാണ്. കേരളത്തെ സ്പർശിക്കുന്ന തെക്കുകിഴക്കൻ കടലിലാണ് താപവർദ്ധന കൂടുതലുള്ളത്. അതുകൊണ്ടുതന്നെ ചുഴലിക്കാറ്റും പ്രവചനാതീതമായ മഴയും ഇടിമിന്നലും ഉഷ്ണതരംഗങ്ങളുമൊക്കെ സംഭവിക്കുന്ന ഒരു പ്രദേശമായി കേരളം മാറുമെന്നാണ് അവർ മുന്നറിയിപ്പ് നൽകുന്നത്. രൂക്ഷമായ ഈ അവസ്ഥയെ മറികടക്കുന്നതിനും ദുരന്തം ലഘൂകരിക്കുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള എന്ത് നടപടിയാണ്

കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്. ഓരോ ദുരന്തങ്ങളും വന്നുകഴിയുമ്പോഴാണ് ഇത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാറുള്ളത്. നമ്മുടെ സാമ്പത്തികാവസ്ഥ എവിടെയെത്തി നിൽക്കുന്നുവെന്നുള്ളത് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ കടം 2017-ൽ 1,89,869 കോടി രൂപയായിരുന്നു. 2022-ൽ അത് 3,39,939 കോടി രൂപയാണ്. അതായത്, 79% വർദ്ധനവാണുണ്ടായിട്ടുള്ളത്. ബഡ്ജറ്റിനകത്തുനിന്നും പുറത്തുനിന്നും കടമെടുത്ത് പാപ്പരായ ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. കിഫ്ബി 11,960 കോടി രൂപയാണ് ഈ സെപ്റ്റംബർ വരെ കടമെടുത്തിരിക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന് രൂപീകരിച്ച കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി 2016 മുതൽ 2022 മേയ് മാസം വരെ 32,000 കോടി രൂപ കടമെടുത്തു. ഇവരെടുത്ത വായ്പകൾക്കുള്ള ജാമ്യം സർക്കാർ പിൻവലിച്ചുകഴിഞ്ഞു. ബഡ്ജറ്റിന് പുറത്തുനിന്ന് കടമെടുക്കുന്നത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടുവന്നാൽ ഇനിയൊരിക്കലും നമുക്ക് വായ്പയെടുക്കാൻ കഴിയാതെ, നിത്യച്ചെലവിനുപോലും വകയില്ലാതെ,

അടുപ്പിൽ വെള്ളം വച്ച് തിളപ്പിക്കാനല്ലാതെ അരി വേവിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് നമ്മൾ പോകും. വെറുതെ വെള്ളം തിളച്ചുകൊണ്ടിരിക്കും അരി വേവില്ല എന്നുള്ളത് കേരളത്തിന്റെ ഒരവസ്ഥയായി മാറാൻ പോവുകയാണ്. ജി.എസ്.ടി. നഷ്ടപരിഹാരം ഈ വർഷവും റവന്യൂ കമ്മി ഗ്രാന്റ് അടുത്തവർഷവും നിർത്തുമ്പോൾ സംസ്ഥാനത്തിന്റെ അവസ്ഥയെന്താകുമെന്ന് ആലോചിക്കണം. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 37% കേന്ദ്രത്തിൽ നിന്ന് ലഭിക്കും. 2021-22-ലെ റവന്യൂ വരുമാനം 1,16,546 കോടി രൂപയാണ്. ഇതിൽ 30,004 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിച്ചതാണ്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. നഷ്ടപരിഹാരവും മറ്റ് ഗ്രാന്റുകളും കൂടാതെ കേന്ദ്രത്തിന്റെ നികുതി വിഹിതമായി 1296 കോടി രൂപ കൂടി ലഭിക്കുന്നു. കഴിഞ്ഞ വർഷം കടം വാങ്ങിയത് 42,785 കോടി രൂപയാണ്. യാതൊരു നിയന്ത്രണവുമില്ലാതെ ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ വേണ്ടാത്ത കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതിന് പ്രശ്നങ്ങളൊന്നുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ഡോ. എം. കെ. മുനീർ: സർ, കന്നുകാലി ഷെഡ്ഡ് പുതുക്കി

പണിയുന്നതിനും പുതിയ കാറുകൾ വാങ്ങുന്നതിനും ഹരിത കേരളം മിഷൻ സി.ഇ.ഒ.-യുടെ ശമ്പളം ഇരട്ടിയാക്കുന്നതിനും പ്രശ്നമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ഡോ. എം. കെ. മുനീർ: സർ, ഇതൊന്ന് തീർത്തോട്ടെ. ഇത്രയും പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന നവകേരള ലക്ഷ്യത്തിനുവേണ്ടിയുള്ള മികച്ച പ്രവർത്തനങ്ങളാണ് റവന്യൂ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്ന ആദ്യ നൂറ് ദിനത്തിൽ ലക്ഷ്യമിട്ടത് 12000 പട്ടയങ്ങളാണെങ്കിലും 13000-ത്തിലധികം വരുന്ന പട്ടയങ്ങൾ വിതരണം ചെയ്തു. രണ്ടാം നൂറ് ദിനമെത്തിയപ്പോൾ 15000 പട്ടയങ്ങളാണ് ലക്ഷ്യമിട്ടതെങ്കിലും 37000-ത്തിലധികം കൊടുത്തു. അങ്ങനെ ചരിത്രത്തിൽ ആദ്യമായി ടാർജറ്റ് ചെയ്തതിനേക്കാൾ 50000-ത്തിലധികം വരുന്ന പട്ടയങ്ങളാണ് ഒരുവർഷംകൊണ്ട് ഈ

സർക്കാർ കൊടുത്തത്. പട്ടയം നഷ്ടപ്പെട്ട് അതിന്റെ രേഖകൾ കിട്ടാൻവേണ്ടി അലയുന്ന ആളുകളെ നമ്മൾ കണ്ടിട്ടുണ്ട്. എന്നാൽ ഇനിമുതൽ അതുണ്ടാകില്ല. 'ഇ-പട്ടയം' എന്ന സംവിധാനത്തിലൂടെ പട്ടയം നഷ്ടപ്പെട്ടാലും അതിന്റെ രേഖ നഷ്ടപ്പെടാത്ത രീതിയിലേയ്ക്ക് മാറിയിരിക്കുന്നു. പതിറ്റാണ്ടുകളായി കൈവശമുള്ള ഭൂമിക്ക് ഒരു രേഖയുമില്ലാതെ വേദനയോടെ നടന്ന മനുഷ്യരുടെ കണ്ണീരൊപ്പി അവരിൽ പുഞ്ചിരി വിടർത്താൻ സർക്കാരിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. ഓരോ ജില്ലയിലെയും പ്രത്യേക പ്രശ്നങ്ങൾ അവിടത്തെ എം.എൽ.എ.-മാരുമായും റവന്യൂ, സർവ്വേ, ഭവനനിർമ്മാണം, ദുരന്തനിവാരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും ഓരോ പ്രശ്നങ്ങളും ചർച്ച ചെയ്ത് വേഗത്തിൽ പരിഹരിക്കുന്ന റവന്യൂ വകുപ്പുമന്ത്രിയെ ഈ ഘട്ടത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. വില്ലേജ് വികസന സമിതിയടക്കം നിരവധി കാര്യങ്ങളിലൂടെ റവന്യൂ വകുപ്പ് ജനകീയവും ആധുനികവുമാക്കുന്ന പ്രവർത്തനങ്ങൾ നടത്തുകയാണ്. ഏറ്റവും വലിയ ഭൂപ്രശ്നത്തിന് പരിഹാരമാണ് ഡിജിറ്റൽ റീസർവ്വേ. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 807 കോടി രൂപയിലധികം അനുവദിച്ച് CORS സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള സംവിധാനമാണ് ഡിജിറ്റൽ

റീസർവ്വേയ്ക്കുവേണ്ടി ചെയ്തിട്ടുള്ളത്. റീസർവ്വേ കഴിയാത്ത പട്ടാമ്പി വില്ലേജുകൂടി അതിലുൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുന്നതോടുകൂടി e-maps, ReLIS, Pearl സോഫ്റ്റ്‌വെയറുകൾ ഒരു പുതിയ പോർട്ടലിലേയ്ക്ക് വരുമ്പോൾ വലിയ മാറ്റമാണ് ഈ മേഖലയിലുണ്ടാകാൻ പോകുന്നത്. ഇങ്ങനെ നിരവധി പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാരിനെ തകർക്കാൻവേണ്ടി പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ബോധപൂർവ്വം കലാപങ്ങളുണ്ടാക്കുകയാണ് ചെയ്യുന്നത്. ഈ സഭയിൽ ശബ്ദമില്ലാത്ത സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ശബ്ദം കേൾപ്പിക്കാൻ ഉത്തരവാദപ്പെട്ട ആളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്. എന്നാൽ വളരെ വേദനയോടുകൂടി പറയട്ടെ, ഈ സഭയിൽ ശബ്ദമില്ലാത്ത ബി.ജെ.പി.-യുടെ ശബ്ദം കേൾപ്പിക്കാനാണ് പ്രതിപക്ഷനേതാവ് നിൽക്കുന്നത്. അധികാരം നഷ്ടപ്പെട്ടതിനെത്തുടർന്ന് ഈ സർക്കാരിനെ തകർക്കാൻവേണ്ടി എന്തൊക്കെ ശ്രമങ്ങളാണ് ബി.ജെ.പി.-യുമായി ചേർന്ന് നടത്തുന്നത്? കേന്ദ്ര അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് ഇൻഡ്യയിലൊട്ടാകെയുള്ള പ്രതിപക്ഷ

കക്ഷികളെ തകർക്കാൻവേണ്ടി ശ്രമിക്കുമ്പോൾ അതിന്റെ ഭാഗമായി കേരളത്തിലെത്തുന്ന അന്വേഷണ ഏജൻസികൾ യു.ഡി.എഫ്.-ന് ഏറ്റവും നല്ല കക്ഷികളായി മാറുകയാണ്. സി.ബി.ഐ. അന്വേഷണം വേണമെന്നാണ് ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞത്. സി.ബി.ഐ.-യെ വെള്ളപൂശുകയാണ് ചെയ്യുന്നത്. എന്നാൽ ബഹുമാന്യരായ പി. ചിദംബരത്തെയും കാർത്തി ചിദംബരത്തെയും ഡി. കെ. ശിവകുമാറിനെയുമൊക്കെ ജയിലിലിട്ട സി.ബി.ഐ.-യെ കേന്ദ്രത്തിൽ ശക്തമായിട്ടാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എതിർക്കുന്നത്. രാഷ്ട്രീയ നിലപാടില്ലാതെ ഇരട്ടത്താപ്പിന്റെ രാഷ്ട്രീയമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനുണ്ടായിരിക്കുന്നത്. ഇ.ഡി.-യെക്കുറിച്ച് ഇലക്ഷൻ ഡിപ്പാർട്ടുമെന്റെന്നും സി.ബി.ഐ.-യെക്കുറിച്ച് Compromised Bureau of Investigation എന്നും ശ്രീ. രൺദീപ് സുർജേവാല എന്ന കോൺഗ്രസ്സിന്റെ വക്താവാണ് പറഞ്ഞത്. എന്നാൽ കേരളത്തിൽ ഇ.ഡി.-യെ അനുകൂലിച്ചുകൊണ്ട് മുഖ്യമന്ത്രിക്കെതിരെ എന്തുകൊണ്ട് ഇ.ഡി. അന്വേഷണം കൊണ്ടുവരുന്നില്ലെന്നാണ് ശ്രീ. രാഹുൽ ഗാന്ധിപോലും ചോദിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷത്തിന്റെ നിലവാരത്തിലേയ്ക്ക്

ദേശീയ നേതാവായ ശ്രീ. രാഹുൽ ഗാന്ധിപോലും തരംതാഴ്ന്നിരിക്കുകയാണ്. മുഖ്യമന്ത്രിക്കെതിരായി എൻ.ഐ.എ. അന്വേഷണം വേണമെന്നാണ് മുൻ തൃത്താല അംഗം പറഞ്ഞത്. എൻ.ഐ.എ. ആക്ട് unconstitutional ആയതിനാൽ repeal ചെയ്യണമെന്നാവശ്യപ്പെട്ട് സുപ്രീംകോടതിയിൽ പോയത് ഛത്തീസ്ഗഡിലെ തെരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് ഗവൺമെന്റാണ്. രാഷ്ട്രീയ ഇരട്ടത്താപ്പാണ് കേരളത്തിൽ അവർ കാഴ്ചവയ്ക്കുന്നത്. ബി.ജെ.പി.യും ആർ.എസ്.എസ്.-ഉം സംഘപരിവാർ സംഘടനകളും തെരഞ്ഞെടുക്കപ്പെട്ട ബി.ജെ.പി. വിരുദ്ധ സർക്കാരുകളെ ഇല്ലാതാക്കാനുള്ള ശ്രമം ഇപ്പോൾ തുടങ്ങിയതല്ല. അത് മഹാരാഷ്ട്രയിലടക്കം നടന്നുകഴിഞ്ഞു. മഹാരാഷ്ട്രയിൽ ഇത്രയും വലിയ രാഷ്ട്രീയ നാടകം നടക്കുമ്പോൾ രാജ്യത്തെ പ്രധാന പ്രതിപക്ഷ പാർട്ടി നേതാവായ ശ്രീ. രാഹുൽ ഗാന്ധി അതിനെതിരെ ശബ്ദിക്കുകയും നേതൃപരമായ പങ്കുവഹിക്കുകയും ചെയ്യുന്നതിനുപകരം കേരളത്തിൽ വന്ന് സ്ട്രീറ്റ് ഫുഡ് ആസ്വദിക്കുകയും ഇവിടത്തെ ഗവൺമെന്റിനെ കുറ്റം പറയുകയുമാണ് ചെയ്തത്. ബഫർ സോൺ വിഷയത്തിൽപ്പോലും അദ്ദേഹം ഈ സർക്കാരിനെതിരായി പറയുകയാണ്. കോൺഗ്രസിന്റെ നേതാവായ

ശ്രീ. രാഹുൽ ഗാന്ധി ഈ നാടിനോട് മാപ്പ് പറയണം. ഈ രാജ്യത്ത് ബഫർ സോൺ 0-10 കിലോമീറ്ററാക്കി ആദ്യം കൊണ്ടുവന്നത് 2011-ലെ കോൺഗ്രസ് സർക്കാരാണ്. അന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ശ്രീ. ജയറാം രമേശായിരുന്നു. 0-10 കിലോമീറ്റർ വരെ ഇക്കോ സെൻസെറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിന് മുൻപന്തിയിൽ നിന്നത് അന്നത്തെ കോൺഗ്രസ് സർക്കാരും മന്ത്രിയുമാണ്. അങ്ങനെ ചെയ്തവരാണ് ഇപ്പോൾ ഈ സർക്കാരിനെ കുറ്റം പറയുന്നത്. ഒരു കിലോമീറ്ററിൽ താഴെ ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. ശ്രീ. രാഹുൽ ഗാന്ധിപോലും നിലപാടില്ലാത്ത അവസ്ഥയിലായിരിക്കുകയാണ്. പ്രതിപക്ഷത്തിന് വ്യക്തമായൊരു നിലപാടില്ല. ഇപ്പോൾ നടന്ന അതിക്രമങ്ങളെ അപലപിക്കാൻപോലും അവർ തയ്യാറാകുന്നില്ല. നമ്മുടെ രാജ്യം ഏറ്റവും വലിയ അപകടത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന സമയത്താണ് ഒരു ദേശീയ പാർട്ടി രാഷ്ട്രീയമില്ലാതെ ഇത്രയ്ക്ക് തരംതാഴുന്നത്. നമ്മുടെ രാജ്യത്ത് സ്ഥിരം തൊഴിലുകൾ ഇല്ലാതെയായി. ഇന്ത്യൻ സൈന്യത്തിലെ നിയമനങ്ങൾപോലും കരാറടിസ്ഥാനത്തിലാക്കി മാറ്റുന്നതിനും

സൈനികരുടെ ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും കുറയ്ക്കാനുംവേണ്ടി 'അഗ്നിപഥ്' പദ്ധതി നടപ്പിലാക്കുമ്പോൾ അതിനെതിരെ ദേശീയതലത്തിൽ സമരം ചെയ്യുന്നതിനുപകരം കേരളത്തിലെ ഇടതുപക്ഷത്തെ തകർക്കാൻ കോൺഗ്രസിന്റെ ദേശീയ നേതാക്കൾപോലും ഇവിടെവന്ന് ഇടപെടുകയാണ്. ഇതിൽനിന്നും എന്താണ് ഇവരുടെ രാഷ്ട്രീയം സൂചിപ്പിക്കുന്നത്? വംശീയ കൂട്ടക്കൊലയ്ക്ക് ഭീഷണി നേരിടുന്ന നാടായി ഇന്ത്യ മാറിയിരിക്കുകയാണ്. ഇന്ത്യയിൽ കൂട്ടക്കൊലകൾ (mass killing) ഉടൻ നടക്കാനുള്ള സാദ്ധ്യതയുണ്ടെന്നാണ് Holocaust Memorial Museum തെളിവുകളുടെ അടിസ്ഥാനത്തിൽ പറയുന്നത്. അതിന്റെ അടയാളങ്ങളായ hate speech-കൾ വളരെയേറെ വർദ്ധിച്ചിരിക്കുന്നു. മന്ത്രിമാരടക്കം hate speech നടത്തുന്ന അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. സമയക്കുറവുള്ളതുകൊണ്ട് ഞാൻ ഓരോ വിഷയങ്ങളും എടുത്തുപറയുന്നില്ല. ഇവിടെയൊരു കേന്ദ്രമന്ത്രിയുള്ളത് എന്തിനാണെന്നുപോലും നമുക്കാർക്കും അറിയില്ല. സ്വർണ്ണക്കടത്ത് എന്ന രാജ്യദ്രോഹം ചെയ്തയാളുടെ കുഴലൂത്തുകാരനായി അദ്ദേഹം മാറിയിരിക്കുകയാണ്. ഈ രാജ്യത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലിടപെടാതെ അനാവശ്യമായ കാര്യങ്ങളിലിടപെട്ട് ഡിപ്ലോമാറ്റിക് ബാഗേജ് അല്ലെന്നുള്ള

കാര്യങ്ങൾ പറഞ്ഞ് അദ്ദേഹം രാജ്യദ്രോഹക്കുറ്റത്തിന് കൂട്ടുനിൽക്കുകയാണ്. അത് ചോദ്യം ചെയ്യാൻ പ്രതിപക്ഷത്തിന് കഴിയില്ലെന്നുള്ളത് അപമാനകരമാണെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, കാൽനൂറ്റാണ്ട് ലക്ഷ്യമിട്ടുള്ള അടിസ്ഥാന സൗകര്യവികസനത്തിന് ശിലയിടുന്ന പദ്ധതികളാണ് ഇത്തവണത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അത് എൽ.ഡി.എഫ്. സർക്കാർ ഘട്ടംഘട്ടമായി ഏറ്റെടുക്കുകയുമാണ്. തൊഴിലവസരം ഉയർത്താനും വിജ്ഞാന സമൂഹത്തിലേയ്ക്കുള്ള പരിവർത്തനത്തിനുമുള്ള പദ്ധതികൾക്കാണ് സർക്കാർ ഊന്നൽ നൽകുന്നത്. അതിന്റെ വിജയകരമായ പൂർത്തീകരണത്തിനായി ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ കാലാവധി നീട്ടേണ്ടത് എല്ലാ സംസ്ഥാനങ്ങളുടെയും ആവശ്യമാണ്. ജൂണിൽ കാലാവധി അവസാനിച്ചാൽ നമ്മുടെ സംസ്ഥാനത്തിനും ഏതാണ്ട് 12,000 കോടി രൂപയുടെ നഷ്ടം കണക്കാക്കുകയാണ്. സംസ്ഥാനങ്ങളുടെ വിഹിതം ജി.എസ്.ടി.

ഉയർത്തുകയും ജി.എസ്.ടി. നിരക്കുകളിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്ന രീതിയിൽ പുന:സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ടെന്ന ചർച്ചകൾ സജീവമാണ്. കടമെടുക്കുന്നതിനെക്കുറിച്ചാണ് ഏറ്റവുമൊടുവിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം സൂചിപ്പിച്ചത്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ധനസഹായ വിഹിതം ഗണ്യമായി കുറഞ്ഞിരിക്കുന്ന സാഹചര്യത്തിലാണ് നാം കടമെടുക്കുന്നത്. 1995-2000-ൽ പങ്കുവയ്ക്കുന്ന നികുതിയുടെ 3.85% കേരളത്തിന് ലഭിച്ചിരുന്നത് പടിപടിയായി കുറഞ്ഞ് ഇപ്പോൾ 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം 1.92 ശതമാനമായിരിക്കുകയാണ്. 2 ശതമാനത്തിന്റെ കുറവാണുണ്ടായിരിക്കുന്നത്. ഒരു ശതമാനമെന്ന് പറഞ്ഞാൽ 5000 കോടി രൂപയുടെ നഷ്ടമാണ്. മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങളുടെ ഫലമായുണ്ടായ ഈ ഇടിവിനെതിരെ പല സംസ്ഥാനങ്ങളും അതിശക്തമായ പ്രതിഷേധമുയർത്തിയിട്ടുണ്ട്. അതിന്റെഫലമായി റവന്യൂ കമ്മി നികത്താൻ ധനകാര്യ കമ്മീഷൻ താൽക്കാലിക ധനസഹായം പ്രഖ്യാപിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. കഴിഞ്ഞവർഷം ഇത്തരത്തിൽ 19,000 കോടി രൂപ ലഭിച്ചത് ക്രമേണ കുറഞ്ഞ് 2024-ഓടെ ഇല്ലാതാകുന്ന

സ്ഥിതിയാണുള്ളത്. പഞ്ചവത്സര പദ്ധതികൾ അവസാനിപ്പിച്ചതും സംസ്ഥാനത്തിന് ഏറെ തിരിച്ചടിയായിരിക്കുകയാണ്. പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനങ്ങൾക്ക് ലഭിക്കുമായിരുന്ന ധനസഹായം പദ്ധതി അവസാനിച്ചതോടെ ഇല്ലാതായിരിക്കുകയാണ്. ഈ ഭീമമായ തുക മുഴുവൻ കേന്ദ്ര മന്ത്രാലയം ഏകപക്ഷീയമായി ബഡ്ജറ്റിലൂടെ വിവിധ പദ്ധതികൾക്കായി വകയിരുത്തുകയാണ്. പ്ലാനിംഗ് കമ്മീഷന്റെ ഗാഡ്ഗിൽ ഫോർമുലപോലുള്ള മാനദണ്ഡങ്ങളും സംസ്ഥാനങ്ങളുമായുള്ള ചർച്ചകളുമെല്ലാം അവസാനിച്ചിരിക്കുകയാണ്. ഓരോ സംസ്ഥാനത്തിനും ലഭിക്കുന്ന തുക തന്നിഷ്ടപ്രകാരം കേന്ദ്ര മന്ത്രാലയം തീരുമാനിക്കുന്നതിനാൽ കേരളത്തിന് ന്യായമായ വിഹിതം ലഭിക്കുന്നില്ല. പ്രളയകാലത്ത് കേരളത്തിനർഹമായ കേന്ദ്രസഹായം നൽകാതിരിക്കുകയും സഹായം നൽകാൻ തയ്യാറായിട്ടുള്ളവരെ വിലക്കുകയും ചെയ്യുന്ന സ്ഥിതിയാണുണ്ടായത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അടങ്കലിൽ 2 ശതമാനമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാനത്തിന്റെ വിഹിതം കേന്ദ്രസർക്കാർ വർദ്ധിപ്പിക്കുകയും ഗുണഭോക്താക്കൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ മുഴുവൻ

സംസ്ഥാന ഖജനാവിൽ വരാതെ നേരിട്ട് ബാങ്ക് വഴി കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുകയുമാണ്. കേന്ദ്ര സർക്കാരിന്റെ നയങ്ങളിൽനിന്നും വിരുദ്ധമായ ബദൽ നയങ്ങൾ ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാലത്തോടൊപ്പം സഞ്ചരിക്കുന്ന വിസ്മയകരമായ ഇടപെടലുകളാണ് റവന്യൂ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ഡിജിറ്റൽ സർവ്വേ മുതൽ യുണീക് തണ്ടപ്പേർ വരെയുള്ള പദ്ധതികളിലൂടെ കൃത്യമായ ലക്ഷ്യത്തിലൂടെയും ജനകീയ വഴികളിലൂടെയും മുന്നോട്ട് കുതിക്കുന്ന റവന്യൂ വകുപ്പിന്റെ നടപടികൾ ഏറെ ശ്ലാഘനീയമാണ്. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്," എന്നത് റവന്യൂ വകുപ്പിനുതന്നെ ദിശാബോധം നൽകുന്ന ഏറ്റവും ശക്തവും യുക്തവുമായ പ്രഖ്യാപനമായിരുന്നു. ആധുനിക കാലഘട്ടത്തിൽ സാങ്കേതികവിദ്യയിലൂന്നിയ വികസനപ്രവർത്തനങ്ങൾ സാക്ഷാത്കരിച്ചുകൊണ്ട് ഭൂരേഖകളുൾപ്പെടെ ഡിജിറ്റലാക്കുന്ന തരത്തിലുള്ള സ്തുത്യർഹമായ പ്രവർത്തനങ്ങളുമായി റവന്യൂ വകുപ്പ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. സമസ്തമേഖലകളിലും വികസന മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് കേരളത്തെ കലാപ

ഭൂമിയാക്കുകയെന്ന ലക്ഷ്യത്തോടെ ഏതുവിധേനയും സംസ്ഥാനത്തെ ക്രമസമാധാനാന്തരീക്ഷം തകർത്ത് എൽ.ഡി.എഫ്. സർക്കാരിനെ നിർവീര്യമാക്കാൻ പ്രതിപക്ഷം ഇറങ്ങിത്തിരിച്ചിരിക്കുന്നത്. കേരളത്തിലിപ്പോൾ നടക്കുന്ന കലാപനീക്കങ്ങളുടെ നിദാനമായി പ്രതിപക്ഷവും വലതുപക്ഷ മാധ്യമങ്ങളും ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ പരിഹാസ്യമായിട്ടുള്ളതാണ്. ഒന്നരവർഷക്കാലം കേരളത്തിൽ തലങ്ങും വിലങ്ങും ചർച്ചചെയ്ത് തള്ളിക്കളഞ്ഞ, കേന്ദ്ര ഏജൻസികൾ ഇക്കാലമത്രയും തലനാരിഴകീറി പരിശോധിച്ചിട്ടും ഓരോ കരിയിലയും മൺതരിയുംവരെ ഇളക്കിമറിച്ച് നോക്കിയിട്ടും തെളിവിന്റെ പൊടിപോലും കിട്ടാത്ത, അർത്ഥശൂന്യമായ ആരോപണങ്ങളാണെന്നുകണ്ട് അടച്ചുപൂട്ടിപ്പോയ കേസാണ് പുതിയ വെളിപ്പെടുത്തലുകളെന്ന മട്ടിൽ വീണ്ടും ഉയർത്തിക്കൊണ്ട് വന്നിരിക്കുന്നത്. ഇപ്പോൾ വിവാദ നായികയും കൂട്ടാളികളും ഉന്നയിക്കുന്ന കാര്യങ്ങളെല്ലാം എൻ.ഐ.എ.-യുടെയും കസ്റ്റംസിന്റെയും ഇ.ഡി.-യുടെയും കസ്റ്റഡിയിലായിരിക്കവെ മൊഴികളായും രഹസ്യമൊഴിയായും മാധ്യമങ്ങളിൽ പലവട്ടം വന്നിട്ടുള്ളതാണ്. തുടർഭരണത്തിലെത്തിയ പിണറായി വിജയൻ സർക്കാരിനെ അപഹസിക്കാനും കഴിയുമെങ്കിൽ

അട്ടിമറിക്കാനുമുള്ള ഉപാധിയായി ഈ സംഘത്തെ, കേരള രാഷ്ട്രീയത്തിലെയും സമൂഹത്തിലെയും സർവ്വ അശ്ലീല ശക്തികളെയും കൂട്ടുപിടിച്ച് രംഗത്തിറക്കിയിരിക്കുകയാണ്. ഈ ക്രിമിനൽ സംഘത്തെയാണ് കേരളത്തിലെ കോൺഗ്രസ് നേതൃത്വവും യു.ഡി.എഫ്.-ഉം സ്വന്തം നിലനിൽപ്പിനായുള്ള അത്താണിയായി കൂട്ടുപിടിച്ചിരിക്കുന്നത്.

**4.00 PM]**

സ്വന്തം ദേശീയ നേതൃത്വം കേന്ദ്ര അന്വേഷണ ഏജൻസികളുടെ പിടിയിൽപ്പെട്ട് ചക്രശ്വാസം വലിക്കുമ്പോഴും അതിനെതിരെ ശക്തമായൊന്ന് പ്രതികരിക്കാൻപോലും സാധിക്കാത്തവിധം കേരളത്തിലെ കോൺഗ്രസ് സംഘപരിവാറിന്റെ കുരുക്കിൽപ്പെട്ട് കിടക്കുകയാണ്. അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധവും ഭരണത്തിലെത്താനുള്ള അത്യാർത്തിയും ആക്രാന്തവുമാണ് അവരെ ഈ അവിശുദ്ധ സഖ്യത്തിന് പ്രേരിപ്പിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട എം.പി.-യുടെ ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. രാഹുൽ ഗാന്ധി എം.പി.-യുടെ ഓഫീസ് ആക്രമിച്ചതിനെ ആരും ന്യായീകരിച്ചിട്ടില്ല. അപലപിക്കുക മാത്രമല്ല, അങ്ങനെയൊരു തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ

അതിലുൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥി സംഘടനയെന്ന നിലയ്ക്ക് അവിടത്തെ എസ്.എഫ്.ഐ. ഘടകത്തെ രാഷ്ട്രീയ മര്യാദപ്രകാരം പിരിച്ചുവിടാനും തയ്യാറായി. അതാണ് രാഷ്ട്രീയ മര്യാദ. എന്നാൽ പ്രതിപക്ഷം ചെയ്യുന്നത് എന്താണ്; കോൺഗ്രസിന്റെ നിലപാടെന്താണ്? 1983-ലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 1983 ഒക്ടോബർ 31-ാം തീയതി ഉച്ചയ്ക്ക് 12 മണിക്കാണ് കോൺഗ്രസും കെ.എസ്.യു.-ഉം ചേർന്ന് എ.കെ.ജി. സെന്റർ ആക്രമിച്ചത്. അന്ന് എറിഞ്ഞതിൽ 8 ബോംബുകൾ മതിലിൽ തട്ടി പൊട്ടി. പൊട്ടാതിരുന്ന 4 ബോംബുകൾ പോലീസ് കണ്ടെടുത്തു. ആ ആക്രമണത്തിന് നേതൃത്വം കൊടുത്തവരെ സംരക്ഷിക്കുന്ന നിലപാടല്ലേ കോൺഗ്രസിന്റെ പ്രമുഖരായ നേതാക്കൾ സ്വീകരിച്ചത്? അന്നത്തെ കെ.എസ്.യു. ജില്ലാ സെക്രട്ടറി രവികുമാർ, വൈസ് പ്രസിഡന്റ് വേലപ്പൻ നായർ, തിരുവനന്തപുരം സിറ്റി ജനറൽ സെക്രട്ടറി ഉദയകുമാർ, എം.ജി. കോളേജിലെ ബഷീർ, പ്രിയൻ, ഉണ്ണികൃഷ്ണൻ, മണികണ്ഠൻ തുടങ്ങിയ പ്രതികളെ എവിടെ വച്ചാണ് അറസ്റ്റ് ചെയ്തത്? അന്ന് എം.എൽ.എ. ആയിരുന്ന ശ്രീ. ബെന്നി ബെഹനാന്റെ എം.എൽ.എ. ഹോസ്റ്റലിലെ മുറിയിൽ വച്ചാണ് അറസ്റ്റ് ചെയ്തത്. മോഹനൻ, ഷാജി, സേതുപാലൻ എന്നീ

മൂന്ന് പ്രതികളെ മുൻ പ്രതിപക്ഷനേതാവായ ശ്രീ. രമേശ് ചെന്നിത്തലയുടെ മുറിയിൽ വച്ചാണ് അറസ്റ്റ് ചെയ്തത്. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കോൺഗ്രസ് തയ്യാറായോ? നടപടിയെടുക്കാൻ നിങ്ങൾക്ക് കഴിയില്ല. കെ.എസ്.യു.-ന് ഒരു നീല ചരിത്രമുണ്ട്. എൻ.എസ്.യു.ഐ.-യുടെ നാഗ്പൂർ സമ്മേളനം ആരും മറന്നിട്ടില്ല. മുൻകാല കെ.എസ്.യു. നേതാക്കൾക്ക് അതിനെക്കുറിച്ച് നല്ല ബോധ്യമുണ്ടാകും. യൂത്ത് കോൺഗ്രസുകാരുടെ ക്രിമിനൽ സ്വഭാവം ആരും മറന്നിട്ടില്ല. യൂത്ത് കോൺഗ്രസിന്റെ അഖിലേന്ത്യാ ഭാരവാഹിയായിരുന്ന ശ്രീ. സുശീൽ കുമാർ എന്താണ് ചെയ്തത്? നേതൃനിരയിൽ പ്രവർത്തിച്ചിരുന്ന സഹപ്രവർത്തകയായ നൈനാ സാഹ്നിയെ പിടിച്ചുകൊണ്ടുപോയി കൈകാലുകൾ വെട്ടിമാറ്റി തന്തൂരി അടുപ്പിലിട്ട് കത്തിച്ചില്ലേ; നിങ്ങൾ നടപടിയെടുത്തോ? ക്രിമിനലുകളായി പിറന്നുവീണവരല്ലേ യൂത്ത് കോൺഗ്രസിന്റെയും കോൺഗ്രസിന്റെയും നേതൃസ്ഥാനങ്ങളിൽ ഇന്ന് ഇരിക്കുന്നത്? നിലമ്പൂരിലെ കോൺഗ്രസ് ഓഫീസിലെ ജീവനക്കാരിയായിരുന്ന രാധയുടെ ജീവനെടുത്തത് ആരാണ്; അവരെ ചാക്കിൽകെട്ടി താഴ്ത്തുകയല്ലേ ചെയ്തത്? നിങ്ങൾ ആലോചിച്ചുനോക്കൂ. സഹപ്രവർത്തകരെ, സ്വന്തം

പാർട്ടിയിലുള്ളവരെപ്പോലും കൊന്നുതള്ളിയ ചരിത്രം കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ കോൺഗ്രസിനുമാത്രം അവകാശപ്പെട്ടതാണ്. പൊളിറ്റിക്സിലെ ക്രിമിനലൈസേഷനാണ് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടത്. യൂത്ത് കോൺഗ്രസിന്റെ ചിന്തൻ ശിബിരത്തിൽ പൊളിറ്റിക്സിലെ ക്രിമിനലൈസേഷനും യൂത്ത് കോൺഗ്രസുമെന്ന വിഷയമാണ് ചർച്ചയ്ക്കെടുക്കേണ്ടിയിരുന്നത്. കെ.പി.സി.സി. പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ആ വിഷയം ചർച്ച ചെയ്യണമായിരുന്നു. പക്ഷേ അവിടെ ചർച്ച നിങ്ങൾ ചെയ്യുന്നത് എന്താണ്? 'ഷാഫി ഒരു ഷോ' എന്ന വിഷയമാണ് ചർച്ച ചെയ്യുന്നത്. അതുപോലെ നിങ്ങൾ ഓരോ കാലത്തും സ്വീകരിക്കുന്ന നിലപാടുകളുണ്ട്. പ്രതിപക്ഷനേതാവ് വലിയ ഗതികേടിലാണ്. ആശയ/പ്രായോഗികതലങ്ങളിൽ പക്വത നഷ്ടപ്പെട്ട ഒരു പ്രതിപക്ഷനേതാവായിട്ടാണ് അനുഭവപ്പെടുന്നത്. ഈയിടെ ഒരു അങ്കണവാടി കുട്ടിയെപ്പോലെയാണ് സഭയിൽ അദ്ദേഹം പെരുമാറിയത്. കോൺഗ്രസിലെ ആഭ്യന്തര അസ്വാസ്ഥ്യമുളവാക്കുന്ന പ്രശ്നങ്ങളാണോ ഈ മനോവിഭ്രാന്തിക്ക് കാരണമെന്ന് ഞങ്ങൾ സംശയിക്കുന്നു. എന്തായാലും കെ.പി.സി.സി. ഇപ്പോൾ എല്ലാവർക്കും പങ്കാളിത്തമുള്ള സംഘടനാ

സംവിധാനമല്ല. അത് സുധാകരൻ-സതീശൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ്. അതിൽ ബഹുമാന്യരായ രമേശ് ചെന്നിത്തലയെയും ഉമ്മൻ ചാണ്ടിയെയും പോലുള്ളവർ നോമിനേറ്റഡ് മെമ്പർമാരാണ്, വോട്ടവകാശം പോലുമില്ല. ഈ കെ.പി.സി.സി.-ക്ക് എങ്ങനെയാണ് കേരളത്തിലെ കോൺഗ്രസിനെ നയിക്കാൻ സാധിക്കുന്നത്? വളരെ ആസൂത്രിതമായി കോൺഗ്രസിലെ തകർച്ചമൂലം നിരാശരായ, അസ്വസ്ഥരായ, അസംതൃപ്തരായ ആളുകളാണ് ഇത്തരം പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നത്. ഡോ. മാത്യു കുഴൽനാടൻ ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പ്രതിപക്ഷത്തുനിന്ന് നുണകൾ ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കിട്ടിയില്ലെങ്കിൽ അദ്ദേഹത്തിന്റെ കുടുംബത്തെ വളയുകയെന്നതാണ് നിലപാട്. 101 പ്രാവശ്യം ആവർത്തിച്ചാൽ നുണകൾ സത്യമാകുമോ? ഇവിടെ മോഹൻലാലിന്റെ സിനിമയിലെ ഡയലോഗുകളൊക്കെ സൂചിപ്പിച്ചു. ഞാൻ ചോദിക്കട്ടെ, മോഹൻലാലിന്റെ നാട്ടുരാജാവ് എന്നൊരു സിനിമയുണ്ട്. അതിൽ 'നിനക്ക് ഒന്നും അറിയില്ല, കാരണം നീ വെറും കുട്ടിയാണ്' എന്ന് മോഹൻലാൽ സിദ്ദിഖിനോട് പറയുന്നുണ്ട്. അതാണ് ഡോ. മാത്യു കുഴൽനാടനോട് ഞങ്ങൾക്കും

പറയാനുള്ളത്. വ്യാജ ഫോട്ടോകൾ പ്രചരിപ്പിച്ചുകൊണ്ട് അപരാധങ്ങളും അപവാദപ്രചരണങ്ങളും നടത്തുകയാണ്. പ്രതിരോധങ്ങളുടെയും പ്രതിസന്ധികളുടെയും പോരാട്ടങ്ങളുടെയും ചരിത്രമാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം. ആ പാർട്ടിയുടെ, ആ പ്രസ്ഥാനത്തിന്റെ നേതാവാണ് സഖാവ് പിണറായി വിജയൻ. ഈ പ്രസ്ഥാനത്തെയും അതിനെ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും ദുർബ്ബലപ്പെടുത്താമെന്ന വ്യാമോഹം മനസ്സിൽ വച്ചിരുന്നാൽ മതി, നടക്കുന്ന കാര്യമല്ല. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ.കെ. വിജയൻ)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർക്കാർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്താണ് സഭ ചേരുന്നത്. ഞാൻ പറഞ്ഞത് മാത്രമല്ല, സമീപകാലത്ത് ആർ.ബി.ഐ. നടത്തിയ 'State Finances: A Risk Analysis' എന്ന പഠനത്തിൽ ഗുരുതര സാമ്പത്തിക പ്രതിസന്ധിയുള്ള അഞ്ച് സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളവുമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ നൽകിയ മറുപടിയുടെ

അടിസ്ഥാനത്തിൽത്തന്നെ 3,32,291 കോടി രൂപയുടെ കടബാദ്ധ്യതയുണ്ടെന്ന് മനസ്സിലാക്കാം. അത് 2015-16-ൽ 1,57,370 കോടി രൂപയാണ്. അതുമായി താരതമ്യം ചെയ്യുമ്പോൾ 1,74,921 കോടി രൂപയുടെ വർദ്ധനവാണ് കടബാദ്ധ്യതയുടെ കാര്യത്തിലുണ്ടായിരിക്കുന്നത്. സി.പി.ഐ.(എം) സെക്രട്ടറി കണ്ണൂരിൽ പാർട്ടി കോൺഗ്രസ്സിന് വന്നപ്പോൾ കേരളം യൂറോപ്യൻ മാതൃകയിലായിക്കഴിഞ്ഞുവെന്നാണ് പറഞ്ഞത്. യൂറോപ്യൻ മാതൃകയിലല്ല, റിസർവ് ബാങ്ക് അനാലിസിസിന്റെ അടിസ്ഥാനത്തിൽ ശ്രീലങ്കൻ മാതൃകയിലേക്ക് സംസ്ഥാനത്തിന്റെ ധനസ്ഥിതി പോകുന്നുണ്ടോയെന്ന ഭയമാണ് എല്ലാവരും പങ്കുവയ്ക്കുന്നത്. എന്നുമാത്രമല്ല, ഇന്ന് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന അതേ സാമ്പത്തിക പ്രതിസന്ധി മുഴുവൻ സർക്കാർ ജീവനക്കാരെയും ബാധിക്കുമോയെന്ന ആശങ്കയുമുണ്ട്. സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളെ വിമർശിക്കുന്ന അരാഷ്ട്രീയവാദം സമൂഹത്തിൽ ഉയരുന്നുണ്ട്. സർക്കാർ ജീവനക്കാർ ജനങ്ങൾക്കുവേണ്ടി വിവിധ മേഖലകളിൽ സേവനം ചെയ്യുന്നവരാണ്. ആ സംവിധാനത്തെ തകർത്ത് അതെല്ലാം സ്വകാര്യവൽക്കരിക്കണമെന്ന് പറയുന്ന പുതിയ ആം ആദ്മി

അരാഷ്ട്രീയ ആൾക്കൂട്ടങ്ങളുണ്ട്. അപ്പോൾ വില്ലേജ് ഓഫീസും കൃഷി ഭവനമുൾപ്പെടെയുള്ളതെല്ലാം സ്വകാര്യവൽക്കരിക്കട്ടെ എന്നൊക്കെയുള്ള നിലയിലേക്ക് ചിന്ത പോകും. കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥയിലേയ്ക്ക് മുഴുവൻ സർക്കാർ സംവിധാനവും മാറുന്ന രൂപത്തിലേയ്ക്കൊരു സാമ്പത്തിക അടിയന്തരാവസ്ഥ, ഒരു ദുരവസ്ഥ നമ്മുടെ സംസ്ഥാനത്തിനുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി മറച്ചുവയ്ക്കുമെന്ന് ഞാൻ കരുതുന്നില്ല. മാത്രമല്ല കേരളത്തിന്റെ കടബാദ്ധ്യത, ജി.എസ്.ഡി.പി. അനുപാതം 7 ശതമാനംകണ്ട് വർദ്ധിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. 2019-20-ൽ കടബാദ്ധ്യത, ജി.എസ്.ഡി.പി. അനുപാതം 31.3 ശതമാനമാണെങ്കിൽ അത് 7 ശതമാനംകണ്ട് 38 ശതമാനത്തിനടുത്തേയ്ക്ക് വരുമെന്നതിന്റെ സൂചനകൂടിയാണിത് നൽകുന്നത്. ഇന്നത്തെ മറ്റൊരു ധനാഭ്യർത്ഥന ഭവന പദ്ധതിയുമായി ബന്ധപ്പെട്ടാണ്. ലൈഫ് പദ്ധതി ജനങ്ങളുടെയിടയിൽ വളരെയധികം പ്രചരിപ്പിക്കുന്നുണ്ട്. അതൊരു പ്രചരണം മാത്രമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർക്കും എം.എൽ.എ.-മാർക്കും അറിയാം. യഥാർത്ഥ അവകാശികളായിട്ടുള്ള എത്രപേർക്കാണ് അതിന്റെ ആനുകൂല്യം ലഭ്യമാക്കാൻ നമുക്ക് കഴിയുന്നത്?

2020-ൽ പഞ്ചായത്ത് ഇലക്ഷനുമുമ്പ് അപേക്ഷ വാങ്ങിയതാണ്. 2022 ജൂലൈ മാസമായപ്പോഴും കരട് പട്ടികയുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ പട്ടിക അപ്പീലുമായി നിൽക്കുകയാണ്. ഇത് നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണം എല്ലാവർക്കും അറിയാം. സർക്കാരിന് ഇതിനുള്ള തുക ഇല്ലാത്തതുകൊണ്ട് പ്രൊസിഡ്യൂവർ നീട്ടിക്കൊണ്ടുപോയി ഗവൺമെന്റിന്റെ കാലാവധി കഴിച്ചെടുക്കുക എന്നതുമാത്രമാണുള്ളത്. ഇപ്പോൾത്തന്നെ ഒരു കൊല്ലത്തെ കണക്ക് നിയമസഭയിൽ മറുപടിയായി നൽകിയിട്ടുണ്ട്. നിങ്ങളുടെ പ്രകടനപത്രിക പ്രകാരം ഒരു വർഷം ഒരു ലക്ഷം പേർക്കാണ് വീട് നൽകേണ്ടത്. ഈ വർഷം 32875 വീടുകളാണ് കൊടുത്തിരിക്കുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. അത് 2020-ലെ അപേക്ഷകരാണോ? ബഹുമാനപ്പെട്ട ചെയറിന് അറിയാമല്ലോ, 2020-ലെ അപേക്ഷ പ്രകാരമുള്ള പ്രോസസ് തീർന്നിട്ടില്ല. 2020-ൽ അപേക്ഷ സ്വീകരിക്കുന്നതിനുമുമ്പ് ആരംഭിച്ച് പൂർത്തീകരിച്ച വീടുകളാണ് ഇപ്പോൾ നൽകിയിരിക്കുന്ന കണക്കിലുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈയൊരു കൊല്ലംകൊണ്ട് പുതിയതായി ഒരു വീടുപോലും കൊടുത്തിട്ടില്ല. ഇതാണ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നം. അതിൽ

അടിസ്ഥാന വർഗ്ഗത്തിന്റെ പ്രശ്നമുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മുമ്പ് എല്ലാ മാസവും നറുക്കെടുപ്പിലൂടെ വീട് ലഭിക്കുമായിരുന്നു. മറ്റ് ഭവന നിർമ്മാണ പദ്ധതികളെയെല്ലാം ലൈഫ് പദ്ധതിയിൽ ലയിപ്പിച്ചു. മുമ്പ് പട്ടികജാതി/പട്ടികവർഗ്ഗ/ന്യൂനപക്ഷ ക്ഷേമ/മത്സ്യബന്ധന വകുപ്പുകൾക്കും പഞ്ചായത്തുകൾക്കുമൊക്കെ പ്രത്യേക ഭവനപദ്ധതികളുണ്ടായിരുന്നു. അതെല്ലാംകൂടി നിങ്ങളൊരു പ്രചരണസ്വഭാവത്തിൽ ലയിപ്പിക്കുകയുണ്ടായി. അതിനൊന്നും ഇടതുപക്ഷത്തെ, പ്രത്യേകിച്ചും സി.പി.ഐ.(എം)-നെ കടത്തിവെട്ടാൻ ആരുമില്ല. സാധനം ബ്രാൻഡ് ചെയ്യുന്നതിൽ ശ്രീ. നരേന്ദ്ര മോദി മാത്രമാണ് നിങ്ങളേക്കാൾ അല്പം മുന്നിലുള്ളത്. ഒരു കാര്യവുമില്ലെങ്കിലും അതെല്ലാം മഹാസംഭവമാണെന്നുള്ള തരത്തിൽ വർണ്ണിക്കാൻ നിങ്ങൾ മിടുക്കന്മാരാണ്. ലൈഫ് പദ്ധതിപ്രകാരം 2020-നുശേഷം ഒരാൾക്കുപോലും വീട് നൽകാൻ സാധിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾക്കും ആദിവാസികൾക്കും പട്ടികജാതിക്കാർക്കും ജനറൽ കാറ്റഗറിയിൽപ്പെട്ടവർക്കുമെല്ലാം വീട് ലഭിക്കുന്നതിനുള്ള മാനദണ്ഡം ഏകീകരിച്ചതിനാൽ പഴയതുപോലെ അവർക്ക് വീട് ലഭിക്കാത്ത സാഹചര്യമുണ്ട്. ഇനിയെങ്കിലും ഗവൺമെന്റ് ലൈഫ് പദ്ധതിയെന്ന

ആഘോഷം നിർത്തി ഓരോ ഡിപ്പാർട്ടുമെന്റിനുമുള്ളത് നൽകിയാൽ കൂടുതൽ വീടുകൾ നൽകാൻ സാധിക്കും. ഭരണപക്ഷം പ്രതിപക്ഷത്തെ പരിഹസിക്കാറുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 414552 വീട് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഇന്ദിരാഗാന്ധി ആവാസ് യോജന, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവവഴി യഥാക്രമം 71710, 12938, 12815, 274616, 24887, 17588 എന്ന തരത്തിലാണ് വീടുകൾ നൽകിയത്. ഇതിനെല്ലാം കണക്കുണ്ട്, വെറുതെ പറയുന്നതല്ല. ലൈഫ് എന്ന് കൊട്ടിഘോഷിച്ചിട്ട് നിങ്ങൾ ഈ വർഷം ഒരു വീടുപോലും നൽകിയിട്ടില്ല. നിയമസഭയിൽ ഇപ്പോൾ ലഭിച്ച മറുപടിപ്രകാരം കഴിഞ്ഞ വർഷം പൂർത്തിയായത് 32000 എണ്ണം മാത്രമാണ്. അതുകൊണ്ട് ഭവന പദ്ധതിയുടെ കാര്യത്തിൽ കൂടുതൽ താല്പര്യം കാണിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ അവസാനത്തെ ബഡ്ജറ്റിൽ മുതിർന്ന മാധ്യമ പ്രവർത്തകരുടെ പെൻഷനിൽ 1000/- രൂപയുടെ വർദ്ധനവ് വരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. കോൺട്രിബ്യൂട്ടറി പെൻഷനാണത്. അതിപ്പോൾ 500/-

രൂപയാക്കി കുറയ്ക്കാൻ പോകുന്നുവെന്ന വാർത്തയാണ് വരുന്നത്. അങ്ങ് മറുപടി പറയുമ്പോൾ അതുസംബന്ധിച്ച് വ്യക്തമാക്കണം. അവർ വലിയ തുക കൈപ്പറ്റുന്നവരല്ല, ഗവൺമെന്റ് വാഗ്ദാനം ചെയ്ത 1000/- രൂപതന്നെ അവർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. കോവിഡിനുശേഷം ജനങ്ങൾ പഴയ സാമ്പത്തികസ്ഥിതിയിലെത്തിയിട്ടില്ല. ഈ സാഹചര്യത്തിലും സഹകരണ ബാങ്ക്, കേരള ബാങ്ക് എന്നിവയിൽ നിന്നൊക്കെ ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരു വർഷത്തേയ്ക്കെങ്കിലും ജപ്തിനടപടികൾ നിർത്തിവയ്ക്കാൻ അടിയന്തര നിർദ്ദേശം നൽകണം. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചതിനെ ന്യായീകരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ പലരും ഇന്നിവിടെ നിരവധി കാര്യങ്ങൾ പറഞ്ഞു. ഏതാണ്ട് ഒരു മണിക്കൂറോളമാണ് ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിൽ എസ്.എഫ്.ഐ.-ക്കാർ അക്രമം നടത്തിയത്. മുന്നിലൂടെ വരുന്ന എസ്.എഫ്.ഐ.-ക്കാരായ അക്രമികളെ തോളിൽത്തട്ടി അകത്തേയ്ക്ക് കയറ്റിവിടുന്ന വീഡിയോ ഞങ്ങൾ പുറത്തുവിട്ടിട്ടുണ്ട്. ആ ഓഫീസിന്റെ പുറകിലുള്ള ജനാലവഴി അകത്ത് കയറി ഒരു മണിക്കൂറോളം അക്രമം നടത്തി. എസ്.എഫ്.ഐ.-ക്കാരെല്ലാം

പോയതിനുശേഷമാണ് പോലീസ് അതിനകത്ത് കയറിയതെന്നാണ് റിപ്പോർട്ട്. ബഹുമാന്യനായ മുഖ്യമന്ത്രിക്കുവേണ്ടി പോലീസ് പറയുന്ന റിപ്പോർട്ടാണെങ്കിലും, ഒരു മണിക്കൂർ അക്രമം നടത്തിയപ്പോൾ പോലീസ് പുറത്തായിരുന്നോ; ഞങ്ങളാണിത് ചെയ്തതെങ്കിൽ അതിന്റെ ഫോട്ടോ പോലീസിന്റെ കൈവശമുണ്ടാകില്ലേ? ഇതൊക്കെ ആരെ കബളിപ്പിക്കാൻവേണ്ടിയാണ് പറയുന്നത്? പയ്യന്നൂരിൽ ഗാന്ധി പ്രതിമ തകർത്തതിന് ആരെയാണ് അറസ്റ്റ് ചെയ്തത്; ഡി.വൈ.എഫ്.ഐ നേതാക്കളായ അഖിലും അമലുമാണ് അറസ്റ്റിലായത്. ഗാന്ധിനിന്ദ ഇപ്പോഴൊന്നും തുടങ്ങിയതല്ല. ഗാന്ധിജിയെ വാർദ്ധയിലെ കപടസന്ന്യാസിയെന്ന് വിളിച്ചകാലം മുതലുള്ള ഗാന്ധിനിന്ദയുടെ തുടർച്ചയായാണ് ഞാനിതിനെ കാണുന്നത്. ഇത്രയും സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ബഹുമാന്യരായ പതിനേഴ് അംഗങ്ങളും പറഞ്ഞ അഭിപ്രായങ്ങൾക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ബഡ്ജറ്റിലെ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തശേഷം കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയുടെ

ഭാഗമായിവന്ന ചില അഡീഷണൽ ഫണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങളുൾപ്പെടെ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നികുതി സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 'ലക്കി ബിൽ ആപ്പ്' നടപ്പിലാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി ഉപഭോക്താക്കളെ ബിൽ വാങ്ങാൻ പ്രേരിപ്പിക്കുന്ന വിധത്തിലുള്ള പദ്ധതി കൊണ്ടുവരാനും സമ്മാനം നൽകാനും ആഗ്രഹിക്കുകയാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന 5,85,00,000/- രൂപയുടെ ഒരു അഡീഷണൽ പദ്ധതി ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അതുപോലെ അന്തർസംസ്ഥാന ചരക്കുഗതാഗതവുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ തടയുന്നതിനായി ഇരുഭാഗത്തേയ്ക്കും പോകുന്ന വാഹനങ്ങളുടെ ഡീറ്റെയിൽസെടുക്കാൻ പ്രത്യേക സൗകര്യങ്ങളുള്ള എ.എൻ.പി.ആർ. (Automatic number-plate recognition) നിരീക്ഷണ ക്യാമറകൾ കൂടുതൽ സ്ഥാപിക്കാൻ 7 കോടി രൂപ അധികമായി വകയിരുത്തുന്നുണ്ട്. നികുതി വകുപ്പിനുമാത്രമല്ല, മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെയുള്ളവയ്ക്കും ഇത് സഹായകമാകും. ഈ നിരീക്ഷണ ക്യാമറകളിലൂടെ സംസ്ഥാനത്തിനകത്തേയ്ക്ക് കടക്കുന്ന വാഹനങ്ങളുടെ വിവരങ്ങൾ ഡിജിറ്റലായിത്തന്നെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ഇതുപോലുള്ള മറ്റുചില ചെറിയ ചെലവുകളുമാണ് ഇതിൽ വരുന്നത്. സമയപരിമിതിയും അടിയന്തരപ്രമേയ ചർച്ച വന്നതുകൊണ്ടുമായിരിക്കണം ഇക്കാര്യങ്ങൾ വിപുലമായ രീതിയിൽ ചർച്ച ചെയ്യപ്പെടാതെ പോയത്. യഥാർത്ഥത്തിൽ കേരളത്തിലെയും ഇന്ത്യയിലെയും സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ട പ്രധാന വേദിയെന്ന നിലയിൽ കുറച്ചുകൂടി ആഴത്തിലുള്ള ചർച്ച വരേണ്ടതായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ഇനിയുള്ള ദിവസങ്ങളിൽ അതിന് സമയമുണ്ട്. ട്രഷറി ബഞ്ചിൽനിന്നും പറയുമ്പോൾ ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയും ഭരണപരമായ കാര്യങ്ങളും നിലനിർത്താൻ ശ്രമിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്ന് പറയും. അത് വെറുതെ പറയുന്നതല്ല, ഞങ്ങൾ ഭരണപക്ഷത്ത് ഇരിക്കുന്നതുകൊണ്ട് പറയുന്നതുമല്ല. ഇന്ത്യയിലെ എല്ലാ പഠന റിപ്പോർട്ടുകളിലും വരുന്നത് ആ വിധത്തിലാണ്. ഇപ്പോൾ ലോകത്ത് ഒമ്പതര ശതമാനംവരെ വിലക്കയറ്റ നിരക്ക് വർദ്ധിച്ചിരിക്കുകയാണ്. ശതമാനക്കണക്കിന്റെ അടിസ്ഥാനത്തിൽ വിലവർദ്ധനയുടെ കാര്യത്തിൽ ഏറ്റവും കുറവ് കേരളത്തിലാണെന്ന് റിപ്പോർട്ടുകൾ വന്നിരിക്കുകയാണ്. അടുത്തടുത്ത മാസങ്ങളിലാണ് റിപ്പോർട്ട്

വന്നത്. ആന്ധ്രയിൽനിന്ന് അരിയും യു.പി.-യിൽ നിന്ന് പഞ്ചസാരയും മഹാരാഷ്ട്രയിൽനിന്ന് മറ്റ് സാധനങ്ങളും കൊണ്ടുവന്നിട്ട് ആന്ധ്രയിലെ അരിവിലയെക്കാളും യു.പി.-യിലെ പഞ്ചസാര വിലയെക്കാളും കുറച്ച് കേരളത്തിൽ നൽകുന്നുവെങ്കിൽ സാധാരണക്കാരുടെ ജീവിതം ഭദ്രമാക്കുന്ന ഒരു നയം ഈ സർക്കാർ നടപ്പിലാക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. അഖിലേന്ത്യാടിസ്ഥാനത്തിൽ സ്റ്റാറ്റിസ്റ്റിക്സിന്റെ N.S.O. പോലുള്ള ഏജൻസികളുടെ അവാർഡുകൾ പലതും കേരളത്തിനാണ് ലഭിക്കുന്നത്. നേരത്തെ സ്കൂളുകളുടെയും കോളേജുകളുടെയും മികവിന്റെ കാര്യങ്ങളിൽ അവാർഡ് ലഭിച്ചു. ഏഷ്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പുകളുടെ കേന്ദ്രമായി കേരളത്തെ അംഗീകരിച്ചുവെന്ന് കഴിഞ്ഞ ദിവസം വാർത്തകൾ വന്നിരിക്കുന്നു. അതും വലിയൊരു അംഗീകാരമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ട് ഇന്ന് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി പത്രസമ്മേളനം നടത്തിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മുമ്പ് 32-ാം സ്ഥാനത്തായിരുന്ന ഇന്ത്യ ഇപ്പോൾ പതിനഞ്ചാമത് എത്തിയിരിക്കുന്നുവെന്ന വാർത്തകളാണ് വരുന്നത്. ഗവൺമെന്റ് ആത്മാർത്ഥമായി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇങ്ങനെ പറയുമ്പോൾ ഭരണപക്ഷം മാത്രം ഇക്കാര്യങ്ങൾ

ചെയ്യുന്നവെന്നല്ല, ഞങ്ങൾ ഏറ്റവും നല്ല കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നുവെന്നുള്ളതാണ്. പ്രത്യക്ഷമായും പരോക്ഷമായും പല കാര്യങ്ങളും എതിർക്കുന്നുണ്ടെങ്കിലും കേരളത്തിലെ ജനങ്ങളുടെ ഭാഗമെന്ന നിലയിൽ പ്രതിപക്ഷത്തിന്റെയുംകൂടി സഹകരണം ഇക്കാര്യത്തിലുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽ മാത്രമേ കേരളം മുന്നോട്ടുപോകുകയുള്ളൂ. സാമ്പത്തിക കാര്യങ്ങളെപ്പറ്റി ഇവിടെ ഏറ്റവും അവസാനം സംസാരിച്ച പ്രതിപക്ഷാംഗം പറഞ്ഞത്, നമ്മൾ ശ്രീലങ്കയുടെ അവസ്ഥയിലേയ്ക്ക് പോകുന്നോയെന്ന് പരിശോധിക്കണമെന്നാണ്. വളരെ ആത്മവിശ്വാസത്തോടുകൂടിത്തന്നെ പറയാം, കേരളം ഒരിക്കലും ശ്രീലങ്കയുടെ അവസ്ഥയിലേയ്ക്കെന്നല്ല മറ്റ് സംസ്ഥാനങ്ങളുടെ അവസ്ഥയിലേയ്ക്കും പോകുകയില്ല. കേരളത്തിലെ ജനങ്ങളുടെ കാര്യങ്ങൾ കൃത്യമായി നോക്കാൻ കഴിയുന്ന ഒരു സർക്കാരാണ് ഇവിടെയുള്ളത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെയും കേരളത്തിന്റെയും സ്ഥിതി പരിശോധിച്ചുനോക്കണം. കേന്ദ്ര സർക്കാർസർവ്വീസുകളിൽ നിരവധി ഒഴിവുകൾ നികത്താതെയിട്ടിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേന്ദ്ര സർവ്വകലാശാലകളിൽ 50 ശതമാനത്തോളം ഒഴിവുകൾ നികത്തിയിട്ടില്ല.

ഒരു സർക്കാരും പട്ടാളത്തെയും പോലീസിനെയും ഒരിക്കലും കരാറുകാരാക്കില്ല. പക്ഷേ പട്ടാളത്തെപ്പോലും കരാർ ജീവനക്കാരാക്കുന്ന 'അഗ്നിപഥ്' പോലുള്ള പദ്ധതികൾ ഇന്ത്യ ഗവൺമെന്റ് നടപ്പിലാക്കാൻ തീരുമാനിക്കുന്ന സാഹചര്യത്തിലാണ് ഏറ്റവും മെച്ചപ്പെട്ട തരത്തിലേയ്ക്ക് സിവിൽ സർവ്വീസുമായി കേരള സർക്കാർ മുന്നോട്ടുപോകുന്നത്. കഴിഞ്ഞ ദിവസം മെഡിസെപ് പദ്ധതി നടപ്പിലാക്കുകയുണ്ടായി. സർക്കാർ ഉദ്യോഗസ്ഥർ, പെൻഷൻകാർ, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരടക്കമുള്ള 1134000 പേർക്ക് മെഡിസെപ്പിൽ അംഗമാകാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 3 ലക്ഷം രൂപവരെയുള്ള ചികിത്സാ പരിരക്ഷയാണ് നൽകുന്നത്. ഏകദേശം 35 ലക്ഷത്തോളം പേർ ഈ പദ്ധതിയുടെ പരിധിയിൽവരും. അതുമാത്രമല്ല, സർക്കാർ ജീവനക്കാരിൽനിന്നും പ്രതിമാസം 500/- രൂപ നിരക്കിൽ ആകെ ആറായിരം രൂപയാണ് ഒരുവർഷം ഇതിനായി ഈടാക്കുന്നത്. അവർക്ക് നേരിട്ട് ഏതെങ്കിലും സ്കീമിൽ ചേരണമെങ്കിൽ ഇരുപത്തയ്യായിരമോ മുപ്പതിനായിരമോ രൂപ അടയ്ക്കേണ്ടിവരും. അറുപത് വയസ്സ് കഴിഞ്ഞ പെൻഷൻകാർക്കാണെങ്കിൽ ഹെൽത്ത് ഇൻഷ്വറൻസ് കിട്ടുകയുമില്ല. 42 ലക്ഷം കുടുംബങ്ങൾക്കാണ്

സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റിവഴി അഞ്ച് ലക്ഷം രൂപവരെ ഒരുവർഷം ചികിത്സാ പരിരക്ഷ ലഭ്യമാക്കുന്നത്. ഇതുകൂടാതെ 57 ലക്ഷത്തിലധികം പേർക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ഇതൊന്നും ഇഷ്ടപ്പെടാത്ത തരത്തിലുള്ള സാമ്പത്തിക നയം കേന്ദ്രസർക്കാർ നടപ്പിലാക്കുന്നുണ്ടെന്നതുകൂടി കാണണം. നമുക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾപോലും കേന്ദ്രസർക്കാർ വെട്ടിക്കുറയ്ക്കുകയാണ്. ഇക്കഴിഞ്ഞ ജൂൺ മാസം 30-ാം തീയതിയോടുകൂടി ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയിരിക്കുകയാണ്. അത് തുടർന്നും ലഭ്യമാക്കണമെന്ന് കേരളം, യു.പി., ബീഹാർ, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ മിക്ക സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിന്റെ ഏറ്റവും അവസാനത്തെ മീറ്റിംഗിലും ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ, കേന്ദ്ര സർക്കാർ അന്തിമതീരുമാനം എന്താണെന്ന് പറഞ്ഞിട്ടില്ല. 12,000 കോടി രൂപയാണ് കഴിഞ്ഞ വർഷം ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ നമുക്ക് ലഭിച്ചത്. ജി.എസ്.ടി. കോമ്പൻസേഷൻ എന്താണെന്ന് ഇവിടെയിരിക്കുന്ന എല്ലാവർക്കും അറിയാമെന്നാണ് കരുതുന്നത്. മുമ്പ് ഒരു വർഷം കിട്ടിക്കൊണ്ടിരുന്ന ടാക്സ് അടുത്ത വർഷമാകുമ്പോൾ 14% വീതം

വർദ്ധിക്കുമായിരുന്നു. അത്രകണ്ട് വർദ്ധിച്ചില്ലെങ്കിൽ 14 ശതമാനത്തിലെത്തിക്കാനുള്ള തുക കേന്ദ്ര ഗവൺമെന്റ് പ്രത്യേക ഫണ്ടിൽനിന്നും കോമ്പൻസേഷനായി തരുമായിരുന്നു. അതിപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. ഇത് കേൾക്കുമ്പോൾ തോന്നും നമ്മൾ ഇതിനുവേണ്ടി ഒന്നും ചെയ്യാത്തതുകൊണ്ടാണെന്ന്. എന്നാൽ അങ്ങനെയല്ല. വാസ്തവത്തിൽ ടാക്സ് സംവിധാനം നിലവിൽ വന്നപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനാറ് ശതമാനമായിരുന്നു. അതായത്, നൂറ് രൂപയുടെ സാധനം വിൽക്കുമ്പോൾ 16 രൂപയോളം ടാക്സുണ്ടായിരുന്നു. അതിപ്പോൾ 11 രൂപയായി കുറഞ്ഞിരിക്കുകയാണ്. ലക്ഷ്വറി ഐറ്റങ്ങളുടെ നികുതി 28 ശതമാനമായി കുറച്ചതുകൊണ്ട് ടാക്സിലും കുറവ് വന്നു. കേന്ദ്രത്തിൽനിന്നും 3.95% വിഹിതം കിട്ടിക്കൊണ്ടിരുന്നത് ഇപ്പോൾ 1.92 ശതമാനമായി കുറഞ്ഞിരിക്കുന്നു. കൂടാതെ മറ്റ് ഗ്രാന്റുകളും കുറഞ്ഞു. ഇത് കേരളത്തെ മാത്രമല്ല, എല്ലാ സംസ്ഥാനങ്ങളേയും ബാധിക്കുകയാണ്. സോഷ്യൽ സെക്യൂരിറ്റി പെൻഷനും മറ്റും നൽകുന്നതിനുവേണ്ടി ഗ്യാരന്റി നൽകി ചില സ്ഥാപനങ്ങൾവഴി സംസ്ഥാനം എടുക്കുന്ന വായ്പ ഉൾപ്പെടെ കടത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് ബോറോയിംഗ് ലിമിറ്റ് കുറയ്ക്കാനുള്ള ശ്രമവും

ഇപ്പോൾ നടക്കുന്നുണ്ട്. സാധാരണ മുപ്പത്താറായിരം കോടിയോളം രൂപ ഒരു വർഷം കിട്ടുന്നതാണ്. ആദ്യത്തെ ഒമ്പത് മാസത്തേയ്ക്കുള്ള തുക കണക്കാക്കി ഏപ്രിൽ-മേയ് മാസങ്ങളിൽ പണം തരേണ്ടതാണ്. എന്നാൽ ഇപ്രാവശ്യം 5000 കോടി രൂപ മാത്രമേ തന്നിട്ടുള്ളൂ. ഇത് നമുക്ക് മാത്രമല്ല. ഈ സഭ ഇത് അറിയേണ്ടതാണ്. അപ്പോൾ കേരളത്തെയും ഇതുപോലെയുള്ള മറ്റ് സംസ്ഥാനങ്ങളെയും ശ്വാസംമുട്ടിക്കാൻവേണ്ടിയുള്ള തീരുമാനങ്ങൾ തുടർച്ചയായി വന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ ഇക്കാര്യങ്ങളെല്ലാം അവിടെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നത് ശരിയല്ലെന്ന് പറഞ്ഞിട്ടുപോലും തീർന്നിട്ടില്ല. മഹാരാഷ്ട്ര, രാജസ്ഥാൻ പോലുള്ള സംസ്ഥാനങ്ങളെ നേരിടാൻ രാഷ്ട്രീയപരമായി ഇടപെടാം. എങ്ങനെയാണ് മഹാരാഷ്ട്രയിൽ ഇടപെട്ടതെന്ന് ഞാനിപ്പോൾ പറയണ്ടല്ലോ; അവിടെയുണ്ടായിരുന്ന ബി.ജെ.പി. വിരുദ്ധ ഗവൺമെന്റ് പോയല്ലോ. രാജസ്ഥാനിൽനിന്നുള്ള നേതാക്കളെ കഴിഞ്ഞ കൗൺസിൽ യോഗത്തിലൊന്നും അത്ര സജീവമായി കണ്ടില്ല. അവിടത്തെ കാര്യം ഞാൻ പറയുന്നില്ല, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് അത്. കേരളത്തിലെ സർക്കാരിനെതിരായി വികസന പരിപാടികളിൽ ഇടപെടുന്നതിനും

കള്ളക്കേസുകളുണ്ടാക്കുന്നതിനും ശ്രമിക്കുകയാണ്. നമുക്ക് അർഹതപ്പെട്ട പണം ലഭ്യമാക്കാത്ത സാഹചര്യത്തിലും നമ്മൾ മോശമല്ലാത്ത രീതിയിൽ മുന്നോട്ടുപോകുകയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബോറോയിംഗ് ലിമിറ്റിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. ഇപ്പോൾ കിഫ്ബിയിലേയ്ക്ക് മറ്റുചില മാർഗ്ഗങ്ങളിലൂടെയാണ് പണം സ്വരൂപിക്കുന്നത്. കിഫ്ബി 72,000 കോടിയോളം രൂപയുടെ പ്രോജക്ടുകളാണ് വിഭാവനം ചെയ്യുന്നത്. മുമ്പ് 50,000 കോടി രൂപയുടേതായിരുന്നു. ബോറോയിംഗ് ലിമിറ്റ് കണക്കാക്കുമ്പോൾ അത് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും. എന്നാൽ കേന്ദ്ര ഗവൺമെന്റ് കിഫ്ബിയുടെ രൂപത്തിൽ മറ്റ് സോഴ്സുകളിൽനിന്നും പണം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ എന്ത് നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നതെന്ന് പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇക്കാര്യത്തിൽ നേരത്തെ നിയമസഭ പ്രമേയം പാസ്സാക്കിയിട്ടുള്ളതാണ്. കിഫ്ബിയെയും അതുപോലുള്ള ഏജൻസികളെയും സംബന്ധിച്ച സി.&എ.ജി. റിപ്പോർട്ട്

നിയമസഭ ചർച്ച ചെയ്ത് അംഗീകരിക്കാതിരുന്ന ഒരു ചരിത്രമുണ്ട്. കാരണം, സി.&എ.ജി. റിപ്പോർട്ടിന്റെ ഫൈനൽ അതോറിറ്റി പി.എ.സി. കഴിഞ്ഞാൽ നിയമസഭയാണ്. നിയമസഭ അത് തള്ളിക്കളഞ്ഞതാണ്. എന്നിട്ടും അത് ആവർത്തിക്കാൻ ശ്രമിക്കുകയാണ്. ഇതേ സമയത്തുതന്നെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ പോലുള്ള ഓർഗനൈസേഷനുവേണ്ടി മൂന്നും നാലും ലക്ഷം കോടി രൂപ കേന്ദ്ര സർക്കാർ കടമെടുത്തിട്ടുണ്ട്. വായ്പാ പരിധി 3.5% എന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. പത്ത് ലക്ഷം കോടി രൂപയുടെ ജി.എസ്.ഡി.പി. കേരളത്തിനുണ്ട്. അതിന്റെ 3.5% ശതമാനം ഈ വർഷം അനുവദിച്ചിട്ടുണ്ട്. ആകെ ജി.എസ്.ഡി.പി.-യുടെ 3% അനുവദിച്ചാൽ മതി. സംസ്ഥാനങ്ങൾക്കും കേന്ദ്ര ഗവൺമെന്റിനും ഈ നിയമം ബാധകമാണ്. കഴിഞ്ഞ വർഷം നമ്മളെടുത്തത് 3.4% തുകയായിരുന്നെങ്കിൽ കേന്ദ്ര സർക്കാരെടുത്തത് 6.9 ശതമാനമാണ്. കേന്ദ്ര ഗവൺമെന്റിന് നമ്മളെടുക്കുന്നതിന്റെ ഇരട്ടിയെടുക്കാം, ഒരു നിയന്ത്രണവുമില്ല. അങ്ങനെ നിയന്ത്രണമില്ലാതെ പോകുന്നതിന്റെ തെളിവാണ് 39,40,000 കോടി രൂപയുടെ ബഡ്ജറ്റ് എക്സ്പെൻഡിച്ചറിൽ പതിനേഴ് ലക്ഷം കോടി രൂപ കേന്ദ്രത്തിന്റെ ബോറോയിംഗ് വന്നത്. ഒരുകാരണവശാലും ഇത്

അംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ടിവരുമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):സർ, മെഡിസെപ് പദ്ധതിയെപ്പറ്റി അങ്ങ് പറയുകയുണ്ടായി. വൈകിയാണെങ്കിലും അത് നടപ്പാക്കിയത് സ്വാഗതാർഹമാണ്. എന്നാൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് കോൺട്രിബ്യൂട്ടറി പെൻഷൻ അവസാനിപ്പിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി തിരികെ കൊണ്ടുവരുമെന്ന് വാഗ്ദാനം നൽകുകയും അതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിരുന്നു. സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്നുമുതൽ നൽകുമെന്ന് പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതിനെപ്പറ്റി അങ്ങേയ്ക്ക് അറിയാവുന്നതാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് ബാക്കി കാര്യങ്ങൾ ആലോചിക്കുമെന്നാണ് പറഞ്ഞത്. മെഡിസെപ് സംബന്ധിച്ച് നല്ലൊരു അഭിപ്രായം പറഞ്ഞതിന് നന്ദിയുണ്ട്. ലോകത്താകെ അംഗീകരിക്കപ്പെടുന്ന ഒരു നല്ല പരിപാടിയായി ഇത് വന്നുവെന്നുള്ളതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പദ്ധതി വൈകിയാണെങ്കിലും

നടപ്പാക്കിയെന്നാണ് പറഞ്ഞത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് വൈകാനുണ്ടായ കാരണം അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഹൈക്കോടതിയിൽ കേസുണ്ടായിരുന്നു, അതുകഴിഞ്ഞ് സുപ്രീംകോടതിയെ സമീപിച്ചു, അങ്ങനെ തർക്കങ്ങൾ നിലനിന്നിരുന്നു. കൂടാതെ പല ആശുപത്രികളും പദ്ധതിയിൽ ചേരാൻ തയ്യാറായിരുന്നില്ല. അവസാനം ഒരു ഡേറ്റ് തീരുമാനിച്ച് മുന്നോട്ടുപോകുകയാണ്. ഇനിയും ആശുപത്രികൾ പദ്ധതിയിൽ ചേരാനുണ്ട്. ഇപ്പോൾ 250-ഓളം ആശുപത്രികളാണ് ചേർന്നിട്ടുള്ളത്. അടുത്ത ഒരുവർഷത്തിനകം 250 ആശുപത്രികൾകൂടി ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്രയും വലിയ കവറേജുള്ളൊരു സ്കീം നടപ്പിലാക്കിയത് അങ്ങുൾപ്പെടെയുള്ളവർ അഭിനന്ദിച്ചതിന് നന്ദി പറയുന്നു. ഏതായാലും ബാക്കി കാര്യങ്ങളെക്കുറിച്ച് ചർച്ചകളും പരിശോധനകളും കഴിഞ്ഞ് ആലോചിക്കാം. ഇത്രയും സാമ്പത്തിക പ്രശ്നങ്ങളുള്ളപ്പോഴും നമ്മുടെ നാട്ടിലെ ജി.എസ്.ടി. സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. 2021 ജൂണുമായി താരതമ്യം ചെയ്യുമ്പോൾ ഈ ജൂൺ മാസം 99% നികുതി വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. അത് ഇരട്ടി വർദ്ധനവാണ്.

കഴിഞ്ഞ ജൂണിൽ ലോക്ക്ഡൗണായിരുന്നതുകൊണ്ട് അങ്ങനെ വിലയിരുത്തുന്നത് ശരിയല്ല. എന്നിട്ടുപോലും 99% വർദ്ധനവുണ്ടായിട്ടുണ്ട്. 2021 ജൂണിൽ അവസാനിച്ച ക്വാർട്ടറുമായി താരതമ്യം ചെയ്യുമ്പോൾ ഈ ക്വാർട്ടറിൽ 53.54 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. ലോക്ക്ഡൗൺ കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ അതും അത്ര വലുതല്ല. പക്ഷെ അഖിലേന്ത്യാടിസ്ഥാനത്തിൽ 35% വർദ്ധനവുള്ളപ്പോഴാണ് നമ്മൾ 54 ശതമാനത്തിലെത്തിയത്. അത് ടാക്സ്പിരിവ് ഊർജ്ജിതമാക്കിയതുകൊണ്ടാണ്. എന്നാലും ടാക്സിന്റെ നെറ്റിൽനിന്ന് ധാരാളംപേർ രക്ഷപ്പെട്ട് പോകുന്നുണ്ട്. ഭരണപക്ഷവും പ്രതിപക്ഷവുമെല്ലാം ഉന്നയിച്ചതുപോലെ ടാക്സ് ഡിപ്പാർട്ടുമെന്റിനെ റീസ്ട്രക്ച്ചർ ചെയ്യുകയെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. റീസ്ട്രക്ച്ചറിംഗിന്റെ അവസാന ഘട്ടത്തിലെത്തിയെന്നുള്ളത് സന്തോഷത്തോടുകൂടി ഈ സഭയിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഉടൻതന്നെ റീസ്ട്രക്ച്ചറിംഗ് നടപ്പാക്കും. ഓഡിറ്റിംഗും ഇന്റലിജൻസുമടക്കമുള്ള വ്യത്യസ്ത മേഖലകളായി റീസ്ട്രക്ച്ചറിംഗ് നടപ്പാക്കും. കാരണം, പഴയതുപോലെ ജീപ്പും കാറും ലോറിയുമൊക്കെ തടഞ്ഞുനിർത്തി പരിശോധിച്ചാൽ പോരാ. കാരണം, വളരെ ഇന്റലിജന്റായിട്ടാണ് കാര്യങ്ങൾ

ചെയ്യുന്നത്. ഇവിടെനിന്നും നൂറ് കോടി രൂപയുടെ സാധനം കയറ്റി അയയ്ക്കുന്നതായി കണക്ക് കാണിച്ചിട്ട് അവിടെയെത്തുമ്പോൾ കേരളത്തിൽ ടാക്സ് അടച്ചിട്ടുണ്ടെന്നുപറഞ്ഞ് വേറൊരു ബിൽ കാണിക്കും. അപ്പോൾ ആ തുക കുറവുചെയ്തുകൊടുക്കും. നമ്മളത് ശ്രദ്ധിച്ചില്ലെങ്കിൽ അവിടെനിന്നും കിട്ടേണ്ട ടാക്സിൽ കുറവുണ്ടാകും. ഇങ്ങനെയുള്ള ധാരാളം തട്ടിപ്പുകൾ നടക്കുന്നുണ്ട്. ഈ തട്ടിപ്പുകൾ കണ്ടെത്താൻ പുതിയ രീതിയിലുള്ള മാർഗ്ഗങ്ങൾ വേണം. അതിനുവേണ്ടി റീസ്ട്രക്ചറിംഗും ആധുനിക കമ്പ്യൂട്ടർ സംവിധാനവുമെല്ലാം ആ മേഖലയിൽ നടപ്പിലാക്കുന്നുണ്ട്. അവർക്കുള്ള പരിശീലന പരിപാടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. പല മേഖലകളിലും ടാക്സ് കൊടുക്കണമെന്ന കാര്യം അറിയാത്തതിന്റെ പ്രശ്നവുമുണ്ട്. ടാക്സ് കൊടുക്കാതിരിക്കുന്നത് മിടുക്കാണെന്നാണ് പലരും വിചാരിക്കുന്നത്. പതിനായിരമോ ഇരുപതിനായിരമോ രൂപ കച്ചവടമുള്ള ഒരു സ്ഥാപനം ഈടാക്കുന്ന അഞ്ചോ പത്തോ ശതമാനം വരുന്ന നികുതി കൃത്യമായി അടയ്ക്കാതിരുന്നാൽ ഒരു വർഷമാകുമ്പോൾ പത്തും പതിനഞ്ചും ലക്ഷം രൂപവരെയാകും. ചെറിയ കച്ചവടമാണല്ലോയെന്ന് പറഞ്ഞാണ് അവർ നികുതി അടയ്ക്കാതിരിക്കുന്നത്. യഥാർത്ഥത്തിൽ അവർ

ഉപഭോക്താക്കളുടെ കയ്യിൽനിന്നും വാങ്ങുന്ന പണമാണ്. അത് കൃത്യമായി കണ്ടെത്തുകയും അടയ്ക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്താൽ നികുതി പിരിവിൽ വർദ്ധനവുണ്ടാക്കാൻ സാധിക്കും. കടത്തിന്റെ കാര്യം നേരത്തെ പറഞ്ഞു. ഞാൻ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ പങ്കെടുക്കാൻ പോയിരുന്നപ്പോൾ സഭയിൽ ഉന്നയിച്ച ഇതേ ചോദ്യത്തിന് ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കവിഭാഗക്ഷേമവും-ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മറുപടി പറഞ്ഞതാണ്. 2011-ൽ 78,673 കോടി രൂപയായിരുന്ന കടം 5 വർഷംകൊണ്ട് 1,53,370 കോടി രൂപയായി. അതായത്, 100% വർദ്ധിച്ചു. അത് ഉമ്മൻചാണ്ടി മന്ത്രിസഭയുടെ ഭരണകാലത്താണ്. സാധാരണഗതിയിൽ 5 വർഷംകൊണ്ട് ഇരട്ടിയാകുന്നൊരു കണക്കാണുള്ളത്. എന്നാൽ, ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ അവസാനകാലത്ത് പ്രളയവും ദുരിതവുമൊക്കെയുണ്ടായിട്ടും അത് 88.7% മാത്രമേ വന്നുള്ളൂവെന്ന കാര്യം കഴിഞ്ഞ ദിവസങ്ങളിൽ പറഞ്ഞതാണ്. ധനപ്രതിസന്ധിയുണ്ടാക്കാനുള്ള കേന്ദ്രത്തിന്റെ ശ്രമങ്ങളെ ഒരുമിച്ച് നേരിടാൻ ശ്രമിക്കണം. ഇപ്പോഴത്തെ ധനസംബന്ധമായ കാര്യങ്ങളെയും കേന്ദ്ര സർക്കാരിന്റെ നിലപാടുകളെയും

അവരുടെ തൊഴിൽ രംഗത്തെയും കുറിച്ച് സജീവമായി സഭയിലൂൾപ്പെടെ ചർച്ച ചെയ്യേണ്ടതുണ്ട്. ഇപ്പോഴത്തെ സ്ഥിതിയിൽ ധനമാനേജ്മെന്റ് നന്നായി കൈകാര്യം ചെയ്യാനും നിലവിലുള്ള സാഹചര്യത്തിനൊത്ത് കൊണ്ടുപോകാനുമാണ് സംസ്ഥാന സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ അടുത്ത ദിവസം വന്ന ആർ.ബി.ഐ.-യുടെ ഒരു ആർട്ടിക്കിൾ നമ്മളെല്ലാവരും വായിച്ചതാണ്. അതിലെ ഒരു ഒബ്സർവേഷനിൽ എനിക്ക് വളരെ സീരിയസ്സായി തോന്നിയത് ഓൺ ടാക്സ് റവന്യൂ പിരിക്കുന്നതിൽ ഗുരുതരമായ കുറവ് വരുന്ന സംസ്ഥാനങ്ങളുടെ മുൻപന്തിയിലാണ് കേരളത്തെ രേഖപ്പെടുത്തിയിരിക്കുന്നുവെന്നതാണ്. കടമെടുക്കുന്നതുകൊണ്ട് തെറ്റില്ല, പക്ഷേ വരുമാനം വർദ്ധിക്കണം. ഓൺ ടാക്സ് റവന്യൂ ഡിക്ലൈൻ ചെയ്യുന്നു എന്നുപറയുന്നത് തീർച്ചയായും ഒരു കൺസേണാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം എന്തായിരിക്കുമെന്നറിയാൻ താല്പര്യമുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഓൺ ടാക്സ് റവന്യൂ

ഉൾപ്പെടെയുള്ളതിന്റെ വർദ്ധനവിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. കുറച്ചുകൂടി വർദ്ധനവുണ്ടാകാനുണ്ടെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ വർഷത്തെക്കാളും 55 ശതമാനത്തിന്റെ വർദ്ധനവാണ് ഈ ജ്ഞൂൺ മാസം വരെയുള്ള ക്വാർട്ടറിൽ നമുക്കുണ്ടായിരിക്കുന്നത്. അഖിലേന്ത്യാടിസ്ഥാനത്തിൽ അത് 35 ശതമാനമേയുള്ളൂ. നമ്മുടെ നികുതി വരുമാനത്തിൽ വർദ്ധനവുണ്ട്, പക്ഷേ അതുകൊണ്ടുമാത്രം പോരാ. കൂടുതൽ വർദ്ധനവ് വരുത്തണമെന്നതിൽ തർക്കമില്ല. അതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണ്. ടാക്സുമായി ബന്ധപ്പെട്ട് ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് കോടതിയിൽ നിലനിൽക്കുന്ന ധാരാളം കേസുകളുമുണ്ട്. ഇതിലെല്ലാം ഇടപെട്ട് ആളുകളെക്കൊണ്ട് ടാക്സ് അടപ്പിക്കുകയെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് അടക്കമുള്ള അംഗങ്ങൾ പറഞ്ഞതിനൊന്നും ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. അദ്ദേഹം പറഞ്ഞത് 'ധനകാര്യ വകുപ്പുമന്ത്രിക്ക് നല്ല പെരുമാറ്റമൊക്കെയാണ്, ചായക്കട തുറന്നുവച്ചിരിക്കുകയാണ്, പക്ഷേ 11 മണിയാകുമ്പോഴേയ്ക്കും സാധനം തീരുമെന്നാണ്'. ഞാൻ ചോദിക്കട്ടെ, അങ്ങ് ചോദിച്ചിട്ട് ഏതെങ്കിലും

സാധനം ഗവൺമെന്റിൽനിന്ന് കിട്ടാതിരുന്നിട്ടുണ്ടോ; അങ്ങ് ചോദിച്ചിട്ട് എന്തെങ്കിലും ഈ ചായക്കടയിൽനിന്നും കിട്ടാത്തതായിട്ടുണ്ടോ? ആഗ്രഹങ്ങൾ ധാരാളം കാണും. അങ്ങേയ്ക്ക് വിമാനത്താവളമോ ലോക്കൽ സ്റ്റേഷനോ വേണമെന്നൊക്കെ പറയാം. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള, ഈ സർക്കാർ അംഗീകരിച്ച പണം എവിടെയെങ്കിലും കിട്ടാത്തതായിട്ടുണ്ടോ? പക്ഷേ, കേന്ദ്രഗവൺമെന്റിന്റെ പ്രവൃത്തി ഇതാണെങ്കിൽ ഭാവിയിൽ അപകടകരമായ സ്ഥിതിവിശേഷമുണ്ടാകുമെന്ന് ചൂണ്ടിക്കാണിക്കാൻ ഉത്തരവാദപ്പെട്ട ഒരാളാണ് ഞാനും എന്നുള്ളതുകൊണ്ടാണ് ഇത് പറയുന്നത്. കാസർഗോഡുള്ള ചട്ടഞ്ചാലിൽ നാലഞ്ച് കോടി രൂപ മുടക്കി പണിത പുതിയ ട്രഷറിയുടെ ഉദ്ഘാടന ചടങ്ങിൽ വച്ച് കണ്ടപ്പോഴാണ് അങ്ങത് പറഞ്ഞത്. പറയുന്ന കാര്യങ്ങൾ വസ്തുതാപരമായിരിക്കണം. ഈ ചായക്കടയിൽ ബോണ്ടയും ചായയും ഊണും പെറോട്ടയും അത്താഴവുമൊക്കെ കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് കൊടുത്തിരിക്കും. അങ്ങനെ കൊടുക്കാതെ കട തുറന്നുവച്ചിരിക്കുകയല്ല. പറഞ്ഞ എല്ലാ കാര്യവും കൊടുക്കുന്നുണ്ട്, പറഞ്ഞതിനപ്പുറവും കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. ഒരൊറ്റ നിയോജകമണ്ഡലത്തിലും ഇതുവരെ ഒരു

കാര്യത്തിനും തടസ്സമുണ്ടായിട്ടില്ലെന്ന് അഭിമാനത്തോടെ എനിക്ക് പറയാൻ കഴിയും.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അങ്ങ് എന്റെ നിയോജകമണ്ഡലത്തിൽ ഒന്നും തന്നിട്ടില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. പക്ഷേ കുറച്ച് കരാറുകാരുടെ ബിൽ ബാക്കിയാണ്. അതേസമയം ട്രഷറി എപ്പോഴും തുറന്നുവച്ചിട്ടുണ്ടെന്ന് അങ്ങ് പറയുന്നുമുണ്ട്. അത് ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഇങ്ങനെ ഉദാരമായി വഴങ്ങിയാൽ പറ്റില്ല. ഒരു മന്ത്രികൂടി മറുപടി പറയാനുണ്ട്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ പ്രസംഗം ചുരുക്കുകയാണ്. കുറച്ച് കരാറുകാർക്ക് പണം കൊടുക്കാനുണ്ടെന്ന് അങ്ങ് പറഞ്ഞു. കരാറുകാർക്കുൾപ്പെടെ പണം നൽകുന്നതിന് തടസ്സമില്ല. ബിൽ ഡിസ്കൗണ്ടിംഗും അല്ലാതെയുമുള്ള ഫണ്ടെല്ലാം കൊടുക്കുന്നുണ്ട്. ഇതുവരെ കുഴപ്പമൊന്നുമില്ല, ഇനിയങ്ങോട്ടുമുണ്ടാകില്ല. ഭാവിയിൽ കേന്ദ്രം നമ്മളെ ഇങ്ങനെ തടയാൻ നിന്നാൽ അക്കാര്യത്തിൽ നമുക്കൊരുമിച്ച് അജിറ്റേഷൻ നടത്തേണ്ടിവരും. അങ്ങ് പറയുന്ന കാര്യം പരിശോധിക്കാം. അടുത്ത

ദിവസങ്ങളിലെ ചർച്ചയിൽ ബാക്കി കാര്യങ്ങൾ പറയാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് അനൗൺസ് ചെയ്തതുപോലെ മുതിർന്ന മാധ്യമ പ്രവർത്തകരുടെ പെൻഷനിൽ 1,000/- രൂപയുടെ വർദ്ധനവ് വരുത്തണം. അത് 500/- രൂപയാക്കി ചുരുക്കരുതെന്നുള്ള റിക്വസ്റ്റാണുള്ളത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 1,000/- രൂപ വർദ്ധിപ്പിക്കുമെന്ന് ഞാൻ വളരെ കൃത്യമായി ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിന്റെ മിനിട്ട്സിനനുസരിച്ചാണ് അങ്ങനെയൊരു തീരുമാനം വരുന്നത്. പത്രപ്രവർത്തകരോടുൾപ്പെടെ അത് പറഞ്ഞതാണ്. അത് വലിയ പ്രശ്നമുള്ള കാര്യമല്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത 17 അംഗങ്ങളും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടേണ്ടതും ഇടപെടേണ്ടതുമായ ചില വിഷയങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഇന്നത്തെ

ധനാഭ്യർത്ഥനകളിൽ മഹാഭൂരിപക്ഷവും ഈ വകുപ്പിന്റേതാണ്. അതുകൊണ്ട് കുറഞ്ഞ സമയത്തിനുള്ളിൽ പരമാവധി വിഷയം അവതരിപ്പിക്കാൻ ശ്രമിക്കും. എങ്കിലും ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതും ഗവൺമെന്റ് ഉദ്ദേശിക്കുന്നതുമായ കാര്യങ്ങളിലേയ്ക്ക് കടന്നുപോകാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ കുറച്ച് സമയം അനുവദിക്കണമെന്ന് ആദ്യംതന്നെ അഭ്യർത്ഥിക്കുകയാണ്. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ 2021 മുതൽ 2026 വരെയുള്ള റവന്യൂ, സർവ്വേ, ഭവനനിർമ്മാണ വകുപ്പിന്റെ ലക്ഷ്യങ്ങളും കരുതലും ഉൾപ്പെടുത്തിക്കൊണ്ട് 'Vision and Mission 2021-26' എന്ന വിപുലമായ ആശയം ജനപ്രതിനിധികളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് അവതരിപ്പിച്ചപ്പോൾ ഒരു മുദ്രാവാക്യം ജനങ്ങളുടെ മുമ്പിൽ വച്ചു. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്നാണ് ആ തലവാചകം. പ്രസ്തുത വാചകത്തിൽ ഊന്നിനിന്നുകൊണ്ട് കഴിഞ്ഞ ഒരുവർഷക്കാലമായി പ്രവർത്തിക്കാനും നേട്ടമുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ടെന്നുള്ള അഭിമാനബോധത്തോടുകൂടിയാണ് ഈ ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചുകൊണ്ട് ഞാൻ സംസാരിക്കുന്നത്.

177000 പട്ടയങ്ങൾ കൊടുത്തുകൊണ്ട് കേരള ചരിത്രത്തിൽ അത്ഭുതകരമായ മാറ്റത്തിന് ഒന്നാം പിണറായി വിജയൻ സർക്കാരും അന്നത്തെ റവന്യൂ വകുപ്പും വഴിവയ്ക്കുകയുണ്ടായി. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്ന ആദ്യ വർഷത്തിലെ ഏഴ് മാസവും കോവിഡിന്റെ തടവിലായിരുന്നു നമ്മളെല്ലാവരും. കോവിഡിന്റെ മൂന്നാം തരംഗം ആർത്തലച്ച് വന്നപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് നൂറുദിന പരിപാടികളിലായി 27000-ത്തോളം പട്ടയം വിതരണം ചെയ്യാനാവശ്യമായ നടപടിയെടുക്കണമെന്നാണ് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടത്. ഞാൻ അഭിമാനത്തോടെ പറയട്ടെ, റവന്യൂ വകുപ്പ് ജീവനക്കാരുടെയും രാഷ്ട്രീയഭേദമെന്യേ എം.എൽ.എ.-മാരുടെയുമൊക്കെ പ്രവർത്തനഫലമായി ഒരുവർഷംകൊണ്ട് 54535 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചു. 27000 ടാർജറ്റിട്ടിടത്താണ് ഇത്രയധികം പട്ടയങ്ങൾ വിതരണം ചെയ്തത്. 20-05-2021-ന് രണ്ടാം പിണറായി വിജയൻ സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറിയപ്പോൾ, 'ആര് കേരളത്തിന്റെ മന്ത്രിയായാൽ എനിക്കെന്തുകാര്യം, ജീവിതത്തിൽ ഇതുവരെയും ആറടി മണ്ണിന്റെ ജന്മിയാകാൻ കഴിഞ്ഞില്ലല്ലോ തമ്പുരാനേ' എന്ന് പ്രാർത്ഥിക്കുകയും

കരയുകയും ചെയ്തിരുന്ന 54535 കുടുംബങ്ങളെയാണ് ഈ ഒരുവർഷക്കാലംകൊണ്ട് ഭൂമിയുടെ ഉടമകളാക്കി മാറ്റിയത്. ഇതാണ് രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ പ്രധാനപ്പെട്ട നേട്ടം. അത് വെറുതേ ഉണ്ടായതല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർച്ചയായ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിൽ പുതിയ പട്ടയ മിഷൻ ടീം രൂപീകരിക്കുകയും 17 മദർ ലാൻഡ് ട്രിബ്യൂണലുകൾ, 16 ദേവസ്വം ട്രിബ്യൂണലുകൾ, 15 ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകിയ ഓഫീസുകൾ, 34 ലാൻഡ് ട്രിബ്യൂണലുകൾ, താലൂക്ക് ഓഫീസുകൾ എന്നിങ്ങനെ 82 കാര്യാലയങ്ങളിലായി 139712 കേസുകൾ പ്രത്യേകം ചർച്ച ചെയ്യുകയുമുണ്ടായി. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഭൂമിയുടെ അവകാശികളല്ലാത്തവർ ആരൊക്കെയെന്ന് പരിശോധിക്കാൻ പ്രത്യേക യോഗങ്ങൾ ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ പട്ടയ ഡാഷ് ബോർഡുണ്ടാക്കുകയും ചെയ്തു. മന്ത്രിമാരും എം.എൽ.എ.-മാരും സർക്കാർ ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ട് മൂന്ന് മുതൽ അഞ്ച് തവണ വരെ ജില്ലകളിൽ ഉന്നതല

യോഗങ്ങൾ ചേർന്നു. എല്ലാ ആഴ്ചയിലും ഓൺലൈനിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ട പരിശ്രമം നടത്തി. ലാൻഡ് ട്രിബ്യൂണലുകളിൽ ശേഷിക്കുന്ന 89975 കേസുകളിൽ ഗുണകരമായ മാറ്റമുണ്ടാക്കാനുള്ള പരിശ്രമങ്ങളുമായി വീണ്ടും മുന്നോട്ടുപോകുകയാണ്. റീസർവ്വേ കഴിഞ്ഞ് സെറ്റിൽമെന്റാകുമ്പോൾ കുടിയായ്മ, കുടികിടപ്പ് ഭൂമികൾ കൈവശമുള്ളവർക്ക് പൂർണ്ണമായും പട്ടയം നൽകാനുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് കടക്കുന്നതാണ്. താലൂക്ക് ലാൻഡ് ബോർഡുകളിൽ ഇപ്പോൾ നിലനിൽക്കുന്നത് 1290 കേസുകളാണ്. സാധാരണ നിലയിൽ ആ ലാൻഡ് ബോർഡുകളുടെ ചുമതലക്കാരായിരിക്കുന്നത് മറ്റു വകുപ്പുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടറായിരിക്കും. കഴിഞ്ഞ പട്ടയ വിതരണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പ്രഖ്യാപിച്ചതുപോലെ താലൂക്ക് ലാൻഡ് ബോർഡുകളെ നാല് വിഭാഗങ്ങളാക്കി മാറ്റി നാല് ഡെപ്യൂട്ടി കളക്ടർമാരെ പുതിയതായി നിയമിച്ച് ആ സോണുകളിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ അർഹരായ മുഴുവൻപേർക്കും ഭൂമി കൊടുക്കുകയെന്ന ലക്ഷ്യത്തിലെത്താൻ കഴിയുമെന്ന് ഈ ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയും.

"അവശന്മാരാർത്തന്മാർ ആലംബഹീനന്മാ-

രവരുടെ സങ്കടമാരറിയാൻ?

പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും

പറയുവാനില്ലേ? --- ഞാൻ പിൻവലിച്ചു!"

എന്ന് 'വാഴക്കുല' എന്ന കവിതയുടെ അവസാനത്തെ വരികളിൽ ചങ്ങമ്പുഴ കൃഷ്ണപിള്ള എഴുതിവച്ചത് മലയാളിയുടെ മനസ്സിൽ നീറുന്ന വേദനയായി ഇപ്പോഴും നിലനിൽക്കുന്നതാണ്. അത് തിരുത്തിയെഴുതേണ്ടിവരുമായിരുന്ന വിധത്തിൽ അവശരുടെയും ആർത്തന്മാരുടെയും ആലംബഹീനരുടെയും വികാരമറിയാൻ കേരളത്തിൽ ഒരു ഗവൺമെന്റുണ്ടെന്ന് തെളിയിക്കാൻ ഇക്കാലയളവിൽ കഴിഞ്ഞുവെന്ന് വളരെ അഭിമാനപൂർവ്വം പറയാനാകും. 1960-ലെ ഭ്രൂ നിയമത്തിന്റെ ഭാഗമായുള്ള നിരവധി ചട്ടങ്ങളും സർക്കാർ ഉത്തരവുകളുമുണ്ട്. 1964-ലെ ചട്ടം അനുസരിച്ച് റവന്യൂ വകുപ്പിന്റെ ഭാഗമായി കടലിനും ജണ്ടയ്ക്കും ഇടയിലുള്ള പ്രദേശം കൊടുക്കാവുന്നതാണ്. എന്നാൽ, വനം വകുപ്പുമായി ബന്ധപ്പെട്ട് 1977-ലെ പട്ടയം 1993-ലെ ചട്ടം അനുസരിച്ച് കൊടുക്കേണ്ടതാണ്. നഗരപ്രദേശത്ത് 1995-ലെ ചട്ടമനുസരിച്ച് കൊടുക്കേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൊടുക്കാൻ 2001-ലെ

ചട്ടം നിലനിൽക്കുന്നുണ്ട്. ഇങ്ങനെ മുപ്പതോളം ചട്ടങ്ങളുണ്ട്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ലാൻഡ് അസൈൻമെന്റ് ആക്ട് സ്പെഷ്യൽ റൂൾ 1993 പ്രകാരം ഫോറസ്റ്റ്/റവന്യൂ ഡിപ്പാർട്ടുമെന്റുകളുടെ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ ഭൂമികളിൽ പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി ഏതുവരെയായെന്ന് പറയാമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അതൊരു പ്രശ്നമാണ്. ഞാൻ നേരത്തെ പറഞ്ഞ മുപ്പതോളം ചട്ടങ്ങളിൽ 1993-ലെ ചട്ടം വ്യത്യസ്തമാണ്. 1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിപ്പാർത്തവർക്ക് ഭൂമി കൊടുക്കാനുള്ളതാണ് 1993-ലെ ചട്ടം. ആ ചട്ടപ്രകാരം റവന്യൂ/വനം വകുപ്പുകൾ സംയുക്തമായാണ് ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ടത്. അങ്ങനെ തയ്യാറാക്കിയ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് അനുസരിച്ച് കേന്ദ്ര സർക്കാരിനോട് ടോപ്പോ ഷീറ്റിൽ പ്രത്യേകമായി അഭ്യർത്ഥിച്ച് സെൻട്രൽ പട്ടയത്തിന്റെ ഭാഗമായി ആ ഭൂമി റവന്യൂ വകുപ്പിന് വിട്ടുതന്നാൽ മാത്രമേ സംസ്ഥാന സർക്കാരിന് അത് വിഭജിച്ച് നൽകാൻ സാധിക്കുകയുള്ളൂ. അതിനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. 54535 പട്ടയങ്ങൾ കൊടുത്ത അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുന്നു, ഈ സാമ്പത്തിക വർഷം കേരളത്തിലെ

പട്ടയ വിതരണത്തിലെ മുഖ്യലക്ഷ്യമായെടുക്കാൻ പോകുന്നത് മലയോര/ ആദിവാസി മേഖലകളിലെ പട്ടയം കൊടുക്കുകയെന്നുള്ളതാണ്. അവിടത്തെ പട്ടയ വിതരണം ഒരു സ്പെഷ്യൽ മിഷനായി ഏറ്റെടുത്ത് മുന്നോട്ടുപോകും. ചട്ടങ്ങളും നിയമങ്ങളുമൊക്കെ മനുഷ്യനിർമ്മിതമാണ്, ഈ സഭ ഉണ്ടാക്കിയതാണ്. സാധാരണക്കാർക്ക് ഭൂമികൊടുക്കുന്നതിനുവേണ്ടി ആ ചട്ടങ്ങളിലോ നിയമങ്ങളിലോ മാറ്റമുണ്ടാക്കേണ്ടിവന്നാൽ അടിസ്ഥാനമൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് അത് ചെയ്യുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് ഒരു മടിയുമുണ്ടാകില്ല. അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നവർ എത്ര ഉന്നതരായാലും അവരിൽ നിന്ന് അത് തിരിച്ചുപിടിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യും. അടുത്തവർഷം സർവ്വേയർമാരുടെയും ഉദ്യോഗസ്ഥരുടെയും പ്രത്യേക ടീം രൂപീകരിച്ച് മലയോര/ആദിവാസി മേഖലകളിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി വനാവകാശ പട്ടയങ്ങൾ, 2001-ലെ പട്ടികവർഗ്ഗ ഭൂപതിവ് ചട്ടങ്ങൾ, 1993-ലെ വനമേഖല പതിവ് ചട്ടങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഭൂപ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കും. യുണീക് തണ്ടപ്പേർ സിസ്റ്റത്തിലേക്ക് കടന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. ആധാറും

തണ്ടപ്പേരും ലിങ്കുചെയ്തുകൊണ്ടുള്ള ഒരു പുതിയ സംവിധാനത്തിലൂടെ അനധികൃതമായി കൈവശം വയ്ക്കുന്ന ഭൂമി കണ്ടെത്താനും അത് പിടിച്ചെടുത്ത് ഭൂരഹിതർക്ക് കൊടുക്കാനും അതോടൊപ്പം ഭൂരേഖകളിലെ കൃത്രിമത്വം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ ചില അംഗങ്ങൾ ഭൂമിയുടെ തരംമാറ്റത്തെക്കുറിച്ച് പറയുകയുണ്ടായി. ചിലരൊക്കെ ഉന്നയിക്കുന്നത് കേട്ടാൽ തോന്നും 2008-ലെ നിയമവും 2018-ലെ ഭേദഗതിയും ഭൂമി തരംമാറ്റാൻവേണ്ടിയുള്ളതാണെന്നാണ്. അങ്ങനെയല്ല, അത് ഭൂമി അനധികൃതമായി നികത്തപ്പെടാതിരിക്കാൻവേണ്ടിയുള്ള നിയമങ്ങളാണ്. അതിലൊരു വ്യക്തത ഉണ്ടാകേണ്ടതുണ്ട്. 22-02-2022-ലെ ക്യാബിനറ്റ് തീരുമാനപ്രകാരം 990 ജീവനക്കാരെ നിയമിച്ചും 340 വാഹനങ്ങൾ വാടകയ്ക്കെടുത്തും 5 കോടി രൂപ ചെലവഴിച്ച് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഏർപ്പെടുത്തിയും നവംബർ മാസത്തിനകം ഓൺലൈനായും ഓഫ്‌ലൈനായും ലഭ്യമായ അപേക്ഷകളിൽ തീർപ്പുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ മുന്നോട്ടുപോകുന്നതാണ്. 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ലഭ്യമായ ഓഫ്‌ലൈൻ അപേക്ഷകൾ മുഖ്യമന്ത്രിയുടെ

നിരീക്ഷണത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ നവംബർ മാസത്തിൽ തീർപ്പാക്കാമെന്നാണ് കരുതിയിരുന്നത്. എന്നാൽ കാസർഗോഡ്, തലശ്ശേരി, മാനന്തവാടി, ഇടുക്കി, ദേവികുളം, അടൂർ, തിരുവല്ല, നെടുമങ്ങാട് എന്നീ 8 ആർ.ഡി.ഒ.-കളിലെ ഓഫ്‌ലൈൻ അപേക്ഷകൾ പൂർണ്ണമായും ഓഗസ്റ്റ് മാസത്തിൽത്തന്നെ തീർപ്പാക്കാനാകും. ബാക്കിയുള്ള 19 ആർ.ഡി.ഒ.-കളിലേത് നവംബർ മാസത്തിൽ പൂർത്തീകരിക്കുന്നതാണ്.

<u>ശ്രീ. സനീഷ്‌കുമാർ ജോസഫ്</u>: സർ, പട്ടയങ്ങൾ നൽകിയെന്ന് അവകാശപ്പെടുമ്പോഴും അതിൽ മഹാഭൂരിപക്ഷവും നിലവിൽ കരമൊടുക്കിയും കൈവശംവച്ചും പണയപ്പെടുത്തിയും ഉപയോഗിച്ചുവരുന്ന ഭൂമിയാണ്. എന്നാൽ, വനഭൂമി പട്ടയമടക്കം സംയുക്ത പരിശോധന പൂർത്തിയാക്കിയ തൃശ്ശൂർ ജില്ലയിൽ മാത്രം അയ്യായിരത്തിലധികം അപേക്ഷകൾ പെൻഡിംഗിൽ നിൽക്കുന്നുണ്ടെന്നുള്ള വസ്തുത അങ്ങയുടെ മറുപടിയിലുണ്ട്. ഇതിൽ റവന്യൂഭൂമിയും അതുപോലെയുള്ളവയും എത്രയെണ്ണമാണെന്ന് പറയാമോ?

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, വളരെ അത്യാവശ്യമുള്ള ചോദ്യം

എന്തെങ്കിലുമുണ്ടെങ്കിൽ പ്രസംഗത്തിനുശേഷം വഴങ്ങിയാൽ മതി.

<u>ശ്രീ. കെ. രാജൻ</u>: സർ, എന്റെ ജില്ലയിലെ ഏക യു.ഡി.എഫ്. അംഗമാണ്, അതുകൊണ്ടാണ് ഇടപെടാൻ അനുവദിച്ചത്. പുതിയൊരംഗം എന്നുള്ള നിലയിൽ അദ്ദേഹം ചോദിച്ചത് ന്യായമാണ്. വളരെക്കാലമായി രേഖയില്ലാതെ, പട്ടയം പോലുമില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് പട്ടയം നൽകുകയെന്നത് പ്രധാനപ്പെട്ട ചുമതലയായതുകൊണ്ട് അത് കൊടുക്കുകയാണ്. പക്ഷെ അങ്ങ് മനസ്സിലാക്കേണ്ടൊരു കാര്യം, കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുമുമ്പുള്ള അഞ്ച് വർഷക്കാലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആ ജില്ലയിൽ ആകെ 74 വനഭൂമി പട്ടയങ്ങളാണ് കൊടുത്തത്. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ആ ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് വനഭൂമി പട്ടയം മാത്രം 1638 എണ്ണം കൊടുത്തു. അതാണ് വ്യത്യാസം. അങ്ങ് പറഞ്ഞത് ശരിയാണ്, അയ്യായിരം അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. എന്താണ് അത് തീർപ്പാക്കാനുള്ള പ്രശ്നം? മുമ്പ് സംസ്ഥാനത്തിന് ഒറ്റ യൂണിറ്റായി മാത്രമേ കേന്ദ്ര സർക്കാരിൽ അപേക്ഷിക്കാൻ സാധിക്കുമായിരുന്നുള്ളൂ. എന്നാൽ, ഇപ്പോൾ ഓരോ ജില്ലയുടേതും ഓരോ യൂണിറ്റായി അപേക്ഷിക്കാം. തൃശ്ശൂരിലെ 4638

അപേക്ഷകൾ ടോപ്പോ ഷീറ്റിലാക്കിക്കഴിഞ്ഞു. അത് ഉടൻതന്നെ കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കും. രാവിലെ ശ്രീ. പ്രമോദ് നാരായൺ സൂചിപ്പിച്ചതുപോലെ പത്തനംതിട്ട, കൊല്ലം ജില്ലകളിലടക്കമുള്ള മലയോര മേഖലകളിലെല്ലാം അതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടന്നുവരികയാണ്. 12 ജില്ലകളിലേതും ഓഗസ്റ്റ്-സെപ്റ്റംബർ മാസത്തോടുകൂടി അയയ്ക്കാൻ കഴിയും. ഡിജിറ്റലൈസേഷനിലൂടെ രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലം ഗണ്യമായ പ്രത്യേകതകളോടെ മുന്നേറാൻ പോകുകയാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഏഴ് സേവനങ്ങൾക്ക് ഓൺലൈനിലൂടെ തുക അടയ്ക്കാനുള്ള ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ 1666 വില്ലേജുകളിൽ 583 എണ്ണം സ്മാർട്ടാക്കി മാറ്റുന്നതിനുള്ള തുക ഇതിനോടകം നൽകിയിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷനിലേയ്ക്ക് നമ്മൾ കടക്കുകയാണ്. 14 ജില്ലകളെയും ഇ-ജില്ലകളാക്കി മാറ്റുന്നതിനായി കഴിഞ്ഞ തവണ പ്ലാൻ ഫണ്ടിൽനിന്നും 8.5 കോടി രൂപയും ഇത്തവണ 10.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അതിനുപുറമെ അതത് നിയോജകമണ്ഡലങ്ങളിലെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ കമ്പ്യൂട്ടറുകളുൾപ്പെടെയുള്ള അനുബന്ധ

ഉപകരണങ്ങൾ വാങ്ങിനൽകാൻ എം.എൽ.എ.-മാർക്ക് 62/2022 നമ്പർ ഗവൺമെന്റ് ഉത്തരവുപ്രകാരം ധനകാര്യ വകുപ്പ് അനുവാദം നൽകുന്നതോടെ ഇ-സംവിധാനം അതിവേഗത്തിൽ നടപ്പാക്കാൻ സാധിക്കും. റവന്യൂ സംഘടനയും റവന്യൂ സെക്രട്ടേറിയറ്റും അതിവേഗം മാറ്റത്തിലേയ്ക്ക് പോയി. എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്കുശേഷം രണ്ടരമണിക്ക് റവന്യൂ സെക്രട്ടേറിയറ്റ് ചേരുകയും ഒരുവർഷക്കാലത്തിനിടയിൽ നാല്പത്തിരണ്ടെണ്ണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാമത്തെ ജില്ലാ റവന്യൂ അസംബ്ലി നടക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ എല്ലാ എം.എൽ.എ.-മാരും അതിൽ പങ്കാളികളായി. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഡി.പി.സി., ഡി.ഡി.സി., താലൂക്ക് സഭ എന്നിവയെപ്പോലെ എല്ലാമാസവും മൂന്നാമത്തെ വെള്ളിയാഴ്ച മൂന്ന് മണിക്കുചേരുന്ന വില്ലേജുതല ജനകീയ സമിതികൾ അഭിമാനകരമായ വിധത്തിൽ റവന്യൂ വകുപ്പിന്റെ ജനാധിപത്യവൽക്കരണം ഉറപ്പിക്കുന്ന വേദികളാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. 1082 അപേക്ഷകൾ ഡാഷ് ബോർഡുകളിലൂടെ എം.എൽ.എ.-മാർ നൽകിയതിൽ 772 എണ്ണം പരിഹരിക്കുകയും നയപരമായ പ്രശ്നങ്ങളുള്ളത് മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കാലയളവിൽ 13 ഓഫീസുകളും ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, 19 സ്പെഷ്യൽ തഹസീൽദാർ, 247 തഹസീൽദാർമാർ ഉൾപ്പെടെ 1244 സ്ഥിരം തസ്തികകളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ആയിരക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുത്തതുവഴി റവന്യൂ വകുപ്പ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകുകയാണെന്ന് അങ്ങ് പറഞ്ഞു. പെരിയാർ വാലി കനാലിന്റെ തീരങ്ങളിൽ ആയിരക്കണക്കിന് ആളുകൾ താമസിക്കുന്നുണ്ട്. പട്ടയം ലഭിക്കണമെന്നത് അവരുടെ നിരന്തരമായ ആവശ്യമാണ്. അതുകൊണ്ട് ഇറിഗേഷൻ വകുപ്പുമായി ചേർന്ന് അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? ഇടുക്കി, എറണാകുളം ജില്ലകളിലെ നിരവധി പേർക്ക് പ്രയോജനം കിട്ടുന്ന കാര്യമാണ്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. കെ. രാജൻ: സർ, ഞാൻ ചുരുക്കുകയാണ്. പട്ടയത്തിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. കടലിനോട് ചേർന്നുകിടക്കുന്ന ചുണ്ണാമ്പുകല്ല് മുതൽ വനത്തോട് ചേർന്നുകിടക്കുന്ന ജണ്ടവരെയുള്ള പ്രദേശങ്ങളാണ് ചട്ടമനുസരിച്ച് റവന്യൂ വകുപ്പിന് കൊടുക്കാൻ കഴിയുന്നത്.

ഇന്ന് ശ്രീ. എം. വിൻസെന്റ് ഉന്നയിച്ച കടൽ/പുഴ/തോട്/റോഡ് പുറമ്പോക്കുകൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മേച്ചിൽപ്പുറങ്ങൾ, കോളനികൾ എന്നിവയ്ക്ക് പട്ടയം നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വനം, പട്ടികജാതി-പട്ടികവർഗ്ഗം, ജലവിഭവം, വൈദ്യുതി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുമന്ത്രിമാരുമായി ചർച്ച നടത്തുകയുണ്ടായി. ബഹു. സ്പീക്കർക്ക് ഇക്കാര്യം അറിയാമെന്നാണ് വിചാരിക്കുന്നത്. ദീർഘമായ ആറ് വർഷത്തിനുശേഷം അങ്ങയുടെ നിയോജകമണ്ഡലമായ തൃത്താലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുവാദത്തോടുകൂടി ഒരുമാസക്കാലംകൊണ്ട് 334 പട്ടയങ്ങളാണ് കൊടുത്തത്. തൃത്താല നിയോജകമണ്ഡലത്തിന്റെ ചരിത്രത്തിൽ അത്ഭുതകരമായൊരു മാറ്റത്തിനാണ് നമ്മൾ വഴിവച്ചത്. റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ കേന്ദ്രമായ ILDM (Institute of Land & Disaster Management) റിവർ, ഡിസാസ്റ്റർ, ലാന്റ് മാനേജ്മെന്റുകളിൽ പുതിയ മൂന്ന് എം.ബി.എ. കോഴ്സുകൾ ആരംഭിച്ച് സെന്റർ ഓഫ് എക്സലൻസായി മാറുകയാണ്. നേരത്തെ വിശദമായി ഉത്തരം പറഞ്ഞുകൊണ്ട് ഡിജിറ്റൽ റീസർവ്വേയുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്നാൽ

എങ്ങനെയാണ് മാറ്റത്തിന് വഴിയൊരുക്കേണ്ടതെന്ന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് തെളിയിച്ചിരിക്കുകയാണ്. ഡിജിറ്റൽ റീസർവ്വേ യാഥാർത്ഥ്യമാകാൻ പോകുകയാണ്. കഴിഞ്ഞ ദിവസം പ്ലാനിംഗ് ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയപ്പോൾ അവർ പറഞ്ഞത് ദീർഘകാലമായി നമ്മുടെ ആലോചനയിലുള്ളൊരു കാര്യം ഭൂമിയിലേയ്ക്ക് എത്തിയിരിക്കുന്നുവെന്നാണ്. കഴിഞ്ഞ തവണ ധനാഭ്യർത്ഥനയുടെ ഭാഗമായി ഇത് അവതരിപ്പിച്ചപ്പോൾ നാല് വർഷംകൊണ്ട് എങ്ങനെ ഡിജിറ്റൽ റീസർവ്വേ നടത്തുമെന്ന് ചോദിച്ചു. 400 വില്ലേജുകൾ വീതം മൂന്ന് വർഷംകൊണ്ട് 1200-ഉം അവസാനത്തെ എട്ട് മാസം 350-ഉം വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ നടത്തും. അങ്ങനെ ഇതുവരെ കൺവെൻഷണൽ മെത്തേഡിൽ ചങ്ങല വലിച്ച് അളന്നതുൾപ്പെടെയുള്ള 1550 വില്ലേജുകൾ സാങ്കേതികമായി അളക്കാൻ കഴിയും. CORS (Continuously Operating Reference Station) എന്ന സാങ്കേതികവിദ്യയാണ് ഡിജിറ്റൽ റീസർവ്വേയ്ക്ക് ഉപയോഗിക്കുന്നത്. അതിനുവേണ്ടിയുള്ള 28 സ്റ്റേഷനുകളിൽ 18 എണ്ണം പ്രവർത്തനമാരംഭിക്കുകയും 9 എണ്ണം അവസാനഘട്ട നിർമ്മാണത്തിലുമാണ്.

അവശ്യാവശ്യമായ 1000 RTK rover മെഷീനുകൾ, 700 റോബോട്ടിക് ടോട്ടൽ സ്റ്റേഷനുകൾ, 1700 ടാബ്ലുകൾ എന്നിവയുടെ പ്രൊക്യൂർമെന്റിനാവശ്യമായ തുക ക്യാബിനറ്റ് അനുവദിക്കുകയും അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. പലപ്പോഴും ഇവിടെ ഉന്നയിക്കുന്ന ഒരു പ്രശ്നം മതിയായ സർവ്വേയർമാരില്ലെന്നുള്ളതാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും ആഗസ്റ്റ് മാസത്തിൽത്തന്നെ നിയോഗിക്കും. ആദ്യ ആറ് മാസംകൊണ്ട് 200 വില്ലേജുകളിൽ ഡിജിറ്റൽ റീ-സർവ്വേ ആരംഭിക്കും. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ രജിസ്ട്രേഷൻ വകുപ്പിന്റെ PEARL, റവന്യൂ വകുപ്പിന്റെ ReLIS, സർവ്വേ വകുപ്പിന്റെ E-Map എന്നീ സോഫ്റ്റ്വെയറുകൾ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് 'എന്റെ ഭൂമി' എന്ന പുതിയൊരു പോർട്ടലിലേയ്ക്ക് വരുന്നതോടുകൂടി ഭൂമിയുമായി ബന്ധപ്പെട്ട എല്ലാവിധ ക്രയവിക്രയങ്ങളും നന്നായി നടത്താൻ കഴിയും. ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുന്നതോടുകൂടി സർവ്വേക്കല്ല് പിഴുതുമാറ്റി തോട്ടിലേയ്ക്കെറിഞ്ഞ് കളിക്കുന്ന പണി ഇനി നടക്കില്ല. തോട് നന്നാകും, കനാൽ വൃത്തിയാകും. അതിർത്തി തർക്കമുണ്ടായാൽ സർവ്വേക്കല്ല്

പിഴതെടുത്ത് തോട്ടിലേയ്ക്ക് എറിയുന്നതാണല്ലോ ഇപ്പോഴത്തെ പ്രധാന പണി. ഡിജിറ്റൽ റീസർവ്വേയിലൂടെ ഓരോ വസ്തുവിന്റെയും എല്ലാ ബെന്റുകളും കോ-ഓർഡിനേറ്റ് ചെയ്യുമ്പോൾ യഥാർത്ഥത്തിൽ ഒരു ഡിജിറ്റൽ വേലി ഭൂമിക്ക് ചുറ്റും രൂപീകരിക്കപ്പെടുകയാണ്. എപ്പോഴെങ്കിലും സംശയമുണ്ടായാൽ ഇനി അതിർത്തിക്കല്ലുവച്ച് അളക്കേണ്ട കാര്യമുണ്ടാകില്ല. പകരം RTK റോവറും RTS മെഷീനും ഉപയോഗിച്ച് അളന്നാൽ ഡിജിറ്റൽ വേലി കൃത്യമായി കണ്ടെത്താൻ കഴിയും. സെറ്റിൽമെന്റിനെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. 1886 മുതൽ 1911 വരെയുള്ളതാണ് തിരുവിതാംകൂറിലെ അവസാനത്തെ സെറ്റിൽമെന്റ്. കൊച്ചിയിൽ 1905 മുതൽ 1909 വരെയും മലബാറിൽ 1926 മുതൽ 1934 വരെയുമാണ് സെറ്റിൽമെന്റുണ്ടായിട്ടുള്ളത്. ഐക്യകേരളം രൂപീകരിക്കപ്പെട്ടതിനുശേഷം സെറ്റിൽമെന്റുണ്ടായിട്ടില്ല. സെറ്റിൽമെന്റ് പരിശോധിക്കുമ്പോൾ നിരവധി കാര്യങ്ങളുണ്ടാകാം. റൈറ്റിന്റെ സെറ്റിൽമെന്റാകാം, സാങ്കേതിക പിഴവുകളുടെ സെറ്റിൽമെന്റാകാം. ഭൂമിയുടെ അധിക വിസ്തീർണ്ണം എങ്ങനെയാണ് കണ്ടെത്തേണ്ടതെന്നും അങ്ങനെ കണ്ടെത്തിയാൽ അതിന്റെ ഉടമസ്ഥാവകാശം ആർക്കാണ്

നൽകേണ്ടതെന്നതും പ്രസ്തുത ഭൂമി സർക്കാരിന്റേതല്ലെന്ന് തിട്ടപ്പെടുത്തി തർക്കങ്ങളില്ലെന്ന് ഉറപ്പിച്ചാൽ കൈവശക്കാർക്ക് അത് എങ്ങനെ നൽകാമെന്നതും സംബന്ധിച്ചായിരിക്കും സെറ്റിൽമെന്റിൽ പരിശോധിക്കേണ്ടിവരിക. സ്വാഭാവികമായും ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുമ്പോൾ ഒരു സെറ്റിൽമെന്റുകൂടി ഉണ്ടായാൽ വളരെവേഗം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്. ഒന്ന്, 1972-ൽ രൂപീകരിക്കപ്പെട്ട ലക്ഷംവീട് പദ്ധതി 50 വർഷം പിന്നിടുകയാണ്. ശ്രീ. പി. എസ്. സുപാൽ സൂചിപ്പിച്ചതുപോലെ ലൈഫ് പദ്ധതിയിൽപ്പോലും അപേക്ഷ കൊടുക്കാൻ സാധിക്കാത്തവരാണ് ഇരട്ട വീടുകളിൽ കഴിയുന്നത്. അയ്യായിരത്തോളം വീടുകൾ ബാക്കിയുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മേയ് മാസം 4-ാം തീയതി അതിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയും കഴിഞ്ഞ ബഡ്ജറ്റിൽ 5 കോടി രൂപ അതിന് മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുമാത്രം പോരാ, തദ്ദേശസ്വയംഭരണ വകുപ്പും മറ്റുമായി ആലോചിച്ച് ഇരട്ട വീടുകളിൽ കഴിയുന്നവരെ ഒറ്റ വീടുകളിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. സി.എസ്.ആർ. ഫണ്ടും ബെനിഫിഷ്യറി

കോൺട്രിബ്യൂഷനും എം.എൽ.എ.-മാരുടെയും പ്രാദേശികതലത്തിൽ രൂപീകരിക്കുന്ന കമ്മിറ്റികളുടെയുമൊക്കെ സഹായത്തോടെ അയ്യായിരത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങളെ ഒറ്റവീട്ടിലേയ്ക്ക് കൊണ്ടുവരാനുള്ള പദ്ധതിയെക്കുറിച്ച് സർക്കാർ ആലോചിക്കുകയാണ്.

5.00 pm]

ക്വാളിറ്റി ഹൗസിംഗ് എന്ന ശ്രദ്ധേയമായ മുദ്രാവാക്യമുയർത്തിക്കൊണ്ട് ഇന്ത്യയിലാദ്യമായി ഒരു ദേശീയ ഹൗസ് പാർക്ക് തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെയും ഇന്ത്യയിലെയും വിവിധ തരത്തിലുള്ള നാല്പതോളം ഭവനനിർമ്മിതികൾ ഒരുമിച്ച് ഒരു പാർക്കുപോലെ ഈ കേന്ദ്രത്തിലുണ്ടാകും. ഒരു ഫാഷൻ ഷോപ്പിൽ പോയി നമുക്കാവശ്യമായ അളവിലും നിറത്തിലുമുള്ള വസ്ത്രം ആവശ്യപ്പെടുന്നതുപോലെ ഒരാൾ അവിടെനിന്നും അയാളുടെ ആവശ്യത്തിനനുസരിച്ചുള്ള വീട് തെരഞ്ഞെടുക്കുകയാണെങ്കിൽ അത് നിർമ്മിച്ചുകൊടുക്കാൻ കഴിയുന്നവിധത്തിൽ ദേശീയ പ്രാധാന്യമുള്ള ഒരു നാഷണൽ പാർക്ക് സ്ഥാപിക്കുന്നതുസംബന്ധിച്ച് ആലോചിക്കേണ്ടതുണ്ട്. ഇവിടെ നടന്ന ചർച്ചകൾക്ക് വിശദമായ മറുപടി പറയേണ്ടതുണ്ടെന്ന് ഞാൻ

കരുതുന്നില്ല. ഡോ. എം.കെ. മുനീർ ഈ ചർച്ചയിൽ വ്യത്യസ്തമായ ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. അത് കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിലുണ്ടായിരുന്നില്ല. മുപ്പതുവർഷമായി വീടുവച്ച് താമസിക്കുന്ന 24 കുടുംബങ്ങൾക്ക് ആവശ്യമായ സൗകര്യമുണ്ടാക്കിക്കൊടുക്കാത്തതിനാൽ ഈ ഡിമാന്റിനെ എതിർക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. മുപ്പതുവർഷമായി താമസിക്കുന്നവരുടെ പ്രശ്നത്തിന്റെ പേരിൽ ഒരു വർഷം അവതരിപ്പിക്കുന്ന ഡിമാന്റിനെ തള്ളിക്കളയേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. കട്ടിപ്പാറയിൽ അപകടകരമായി നിൽക്കുന്ന പാറയെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. ഞങ്ങൾ ഇതൊന്നും കാണാത്തവരും കേട്ടാൽ മനസ്സിലാകാത്തവരുമല്ല; അതുമായി ബന്ധപ്പെട്ട് നടപടിയെടുത്തവരാണ് ഞങ്ങൾ. യഥാർത്ഥത്തിൽ 31-05-2022-ലാണ് കട്ടിപ്പാറയിൽ അപകടകരമായി നിൽക്കുന്ന പാറ മാറ്റാൻ 21,75,000/- രൂപ വേണ്ടിവരുമെന്ന് കാണിച്ച് ജില്ലാ കളക്ടർ റവന്യൂ വകുപ്പിന് കത്ത് നൽകിയത്. അങ്ങ് പറഞ്ഞതുപോലെ 25,00,000/- രൂപയല്ല. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്. പാറപൊട്ടിക്കുന്ന സമയത്ത് അതിന് താഴെ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി

പാർപ്പിക്കാനുള്ള ഭവനങ്ങളടക്കം കണ്ടെത്തിയിട്ടുണ്ട്; നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇത് അങ്ങറിയാതെ പോയതെന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. അക്കാര്യത്തിലൊരു ഭീതിയും അങ്ങേയ്ക്കുണ്ടാകേണ്ട കാര്യമില്ല. അങ്ങ് ഇവിടെ പറഞ്ഞ, കൂട്ടിക്കൽ-കൊക്കയാർ വിഷയം സംബന്ധിച്ച് പല മാധ്യമങ്ങളും തെറ്റായ വാർത്തകൾ കൊടുക്കുന്നുണ്ട്. കൂട്ടിക്കൽ-കൊക്കയാർ ദുരന്തമുണ്ടായപ്പോൾ ഈ ഗവൺമെന്റ് സമീപിച്ചതുപോലെ മറ്റാരെങ്കിലും അക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ടോ? ഭരണ-പ്രതിപക്ഷ ഭേദമെന്യേ ബഹുമാന്യനായ പ്രതിപക്ഷനേതാവും എം.പി.മാരുമുൾപ്പെടെ നമ്മൾ അവിടെ ഒത്തുചേർന്ന് പ്രശ്നങ്ങൾ ചർച്ച ചെയ്തതാണ്. സർവ്വശ്രീ വി. എൻ. വാസവൻ, റോഷി അഗസ്റ്റിൻ, കെ. രാധാകൃഷ്ണൻ തുടങ്ങിയ ബഹുമാനപ്പെട്ട മന്ത്രിമാർ എത്ര ദിവസമാണ് അവിടെ കാത്തുനിന്നത്? 5/2021-DMD ആയി സർക്കാർ ഒരു ഓർഡർ പാസ്സാക്കിയില്ലേ? ഒരു വീട് നഷ്ടപ്പെട്ടാൽ അതിന് എസ്.ഡി.ആർ.എഫ്.-ൽ നിന്നും കൊടുക്കുന്ന ധനസഹായമെത്രയാണ്? സമനിലത്തിലാണെങ്കിൽ 91,700/- രൂപയും കുന്നിൻചെരുവിലാണെങ്കിൽ 1,01,000/- രൂപയുമാണ്. അത്രയും തുകകൊണ്ട് വീട് വയ്ക്കാൻ പറ്റുമോ? ആ ഇനത്തിൽ

സി.എം.ഡി.ആർ.എഫ്.- ഉൾപ്പെടെ ഉപയോഗപ്പെടുത്തിക്കൊണ്ട് 5 ലക്ഷം രൂപ കൊടുക്കാമെന്നാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. ഭൂമി നഷ്ടപ്പെടുമ്പോൾ രേഖയില്ലാത്ത ഭൂമിക്ക് എങ്ങനെ പണം കൊടുക്കുമെന്ന പ്രശ്നമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഭൂമിക്ക് രേഖയുണ്ടെങ്കിലും ഇല്ലെങ്കിലും ആ മനുഷ്യൻ ഭൂരഹിതനാണ്, അത് തിരിച്ചറിയണം എന്നാണ്. അത് തിരിച്ചറിഞ്ഞ്— ദുരന്തമുണ്ടായി മൂന്നുദിവസം കഴിഞ്ഞ്, അതായത് 29-10-2021-ന് പുറത്തിറക്കിയ ഉത്തരവിൽ പറഞ്ഞിട്ടുള്ളത് വീടില്ലാത്തതോ ഭൂമിയില്ലാത്തതോ രേഖയില്ലാത്തതോ പട്ടയഭൂമിയിലല്ല പുറമ്പോക്കിലാണ് വീടെങ്കിൽപ്പോലും ഭവനരഹിതർക്ക് ഭൂമി വാങ്ങാൻ 6 ലക്ഷം രൂപയും വീടുവയ്ക്കാൻ 4 ലക്ഷം രൂപയും ചേർത്ത് 10 ലക്ഷം രൂപ കൊടുക്കണമെന്നാണ്. ഈ ഗവൺമെന്റ് അങ്ങനെ തീരുമാനിച്ചില്ലേ? കൂട്ടിക്കലിനെക്കുറിച്ചൊക്കെ എന്തുധാരണയുടെ അടിസ്ഥാനത്തിലാണ് പറഞ്ഞതെന്ന് എനിക്ക് മനസ്സിലായില്ല. 121 പേരാണ് അവിടെ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ ലിസ്റ്റിലുള്ളത്. അവിടത്തെ സ്ഥിതിയെന്താണ്; 6 ലക്ഷം രൂപ എങ്ങനെ കൊടുക്കും? വീട് നഷ്ടപ്പെട്ടവർക്ക് ആദ്യം അമ്പതിനായിരം രൂപയാണ് രജിസ്ട്രേഷൻ

ഫീസിനത്തിൽ നൽകുന്നത്. രജിസ്ട്രേഷൻ രേഖ ഹാജരാക്കിയാൽ ഭൂമി നൽകിയ ആളുടെ അക്കൗണ്ടിലേയ്ക്ക് അഞ്ചര ലക്ഷം രൂപ അയച്ചുകൊടുക്കും. ഇതാണ് നമ്മളെടുത്ത തീരുമാനം. അത്തരത്തിൽ വീടുവയ്ക്കാൻ എഗ്രിമെന്റുവച്ച 72 പേർക്കും ഇതിനകം ആദ്യഗഡു വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവർക്ക് വീടുവയ്ക്കാൻ കഴിയുന്നിടത്ത് ഭൂമി കണ്ടെത്തണം. ഈ സഭയിലെ അംഗമായ ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ഡോ. എൻ. ജയരാജ് തുടങ്ങിയവരൊക്കെ ഭൂമി കണ്ടെത്താനുള്ള പരിശ്രമത്തിലാണ്. ഭൂമി കണ്ടെത്താൻ കഴിയാത്ത സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തിക്കൊടുക്കാൻ ഗവൺമെന്റിന് കഴിയുമെങ്കിൽ അതുൾപ്പെടെ ചെയ്യണമെന്ന് തീരുമാനിക്കുകയാണ്. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ എന്തെങ്കിലും പറയുന്നത് ഗുണകരമല്ല. കൊടുവള്ളി നിയോജകമണ്ഡലത്തിലെ മടവൂരും കട്ടിപ്പാറയും രണ്ട് സ്മാർട്ട് വില്ലേജുകൾ ഉദ്ഘാടനം ചെയ്തത് ഞങ്ങളൊരുമിച്ചാണ്. അന്ന് അദ്ദേഹം പറഞ്ഞത് ഞാൻ റെക്കോർഡ് ചെയ്തുവച്ചില്ല. അത് എന്റെ ബുദ്ധിമോശമായിപ്പോയോയെന്ന് എനിക്കറിയില്ല. വാവാട് വില്ലേജ് ഉദ്ഘാടനം ചെയ്യാനുള്ള തീയതി ചോദിച്ചതോടൊപ്പം രണ്ടുമൂന്ന്

വില്ലേജുകൾകൂടി സ്മാർട്ടാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയഭേദമെന്യേ അത് കൊടുക്കാനാണ് ഞങ്ങൾ തീരുമാനിച്ചത്. കാരണം ഇവിടെ പ്രശ്നം 1666 വില്ലേജും സ്മാർട്ടാക്കുക എന്നതാണ്. 1964 ലെയും 1993-ലെയും ചട്ട ഭേദഗതികളുമായി ബന്ധപ്പെട്ട് ബഹുമാന്യരായ എം.എം. മണിയും പി.ജെ. ജോസഫും പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അക്കാര്യത്തിൽ നേരത്തെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. 269/2019 ഉത്തരവിലൂടെ 1964-ലെയും 1993-ലെയും ചട്ട ഭേദഗതിയെക്കുറിച്ച് ക്യാബിനറ്റിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രശ്നം വീണ്ടും വഷളായതിന്റെ അടിസ്ഥാനത്തിൽ 1964-ലെയും 1993-ലെയും ചട്ടങ്ങളിലെ മൂന്നും നാലും ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സമഗ്രമായ ചർച്ചയ്ക്ക് വിധേയമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങളെല്ലാവരും പങ്കെടുത്തുകൊണ്ട് മൂന്ന് യോഗങ്ങൾ നടന്നു. അഡ്വക്കേറ്റ് ജനറൽ, നിയമ വകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവരെയുൾപ്പെടെ ചുമതലപ്പെടുത്തിക്കൊണ്ട് അതിനാവശ്യമായ കരട് ചട്ടം തയ്യാറാക്കുന്നതിന്റെ ഒരുക്കത്തിലാണ്. തീർച്ചയായും മറുപടിയിൽ സൂചിപ്പിച്ചതുപോലെ അക്കാര്യത്തിൽ

ഗുണകരമായ തീരുമാനമെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകും. അതിന്റെ റിട്രോസ്പെക്ടീവ് എഫക്ടിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. നിയമപരമായി അതിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിശോധിക്കാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവിടെ വിവിധ വിഷയങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ പറയുകയും പിന്തുണയ്ക്കുകയും ചെയ്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയാണ്. പ്രതിപക്ഷാംഗങ്ങളുൾപ്പെടെ മറ്റ് വിധത്തിലുള്ള അപകടത്തെക്കുറിച്ചൊന്നും സൂചിപ്പിച്ചതായി തോന്നുന്നില്ല. ശ്രീ. പി. ജെ. ജോസഫ് സൂചിപ്പിച്ച വാട്ടർ ഷെഡ് മാനേജ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഗുണകരമായ നിലപാടാണ് ഗവൺമെന്റിനുള്ളത്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ അംഗങ്ങളും ചർച്ചയിൽ ശ്രദ്ധേയമായ കാര്യങ്ങളാണ് പറഞ്ഞത്. ഇത്തവണ ഗവൺമെന്റ് പട്ടയ വിതരണരംഗത്ത് ഇ-പട്ടയം എന്ന പുതിയൊരു ആശയമാണ് മുന്നോട്ടുവച്ചത്. പട്ടയം നഷ്ടപ്പെട്ടാൽ വീണ്ടെടുക്കാനുള്ള ചട്ടം ഇപ്പോൾ നിലവിലില്ല. അതുകൊണ്ട് നിലവിലുള്ള പട്ടയങ്ങളെ ഇ-പട്ടയങ്ങളാക്കാനും നേരത്തെ വിതരണം ചെയ്തവയെക്കൂടി ഈ ലിസ്റ്റിലേയ്ക്ക് കൊണ്ടുവരാനുമുള്ള പരിശ്രമത്തിന് ഗവൺമെന്റ് നേതൃത്വം

നൽകിക്കൊണ്ടിരിക്കുകയാണ്. വില്ലേജ് ഓഫീസുകളെ ഡിജിറ്റൈസ് ചെയ്യുമ്പോൾ യൂസർ ഫ്രണ്ട്ലിയായ ഇടപെടലുണ്ടാകേണ്ടതുണ്ട്. പൊതുജനങ്ങൾ അപേക്ഷ നൽകുന്നതിനായി സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയുണ്ടാകരുത്. 1987-ൽ നടത്തിയ സാക്ഷരത പ്രവർത്തനങ്ങൾപോലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; എങ്ങനെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്; അത് പൂരിപ്പിക്കേണ്ടത് എങ്ങനെയാണ്; ഓൺലൈനായി കൊടുക്കണമെങ്കിൽ എന്താണ് ചെയ്യേണ്ടത്; അത് സ്വന്തം മൊബൈലിൽ എങ്ങനെ പകർത്താം തുടങ്ങിയ കാര്യങ്ങളെല്ലാം സാധാരണക്കാരെ പഠിപ്പിക്കുന്നതിനായി റവന്യൂ ഇ-സാക്ഷരത ജനങ്ങളുടെ സഹകരണത്തോടെ നടത്താൻ ആഗ്രഹിക്കുകയാണ്. എം.എൽ.എ.-മാർ അവരുടെ പ്രദേശങ്ങളിലും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഗ്രാമസഭകളിലും മറ്റെല്ലാ സോഴ്സുകളും ഉപയോഗപ്പെടുത്തി വിവിധ തലങ്ങളിലും ഇടപെടാൻ കഴിയുന്ന വിധത്തിൽ ഇത് കൊണ്ടുപോകണം. രാഷ്ട്രീയമായി മറ്റൊന്നും പറയാനില്ല. പക്ഷെ എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട്, എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും വെള്ളം,

എല്ലാവർക്കും തൊഴിൽ എന്നീ ആശയങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ലോകത്തിനുമുന്നിൽ അവതരിപ്പിക്കുന്ന രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക ബദലാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, എച്ച്.എൻ.എൽ. വിൽക്കാൻ ശ്രമിച്ചപ്പോൾ ടെണ്ടറിൽ പങ്കെടുത്ത് അത് ഏറ്റെടുക്കാൻ തീരുമാനിച്ച ഗവൺമെന്റിന്റെ രാഷ്ട്രീയ ധാരണ ലോകത്തിനുമുന്നിൽ ഈ ഗവൺമെന്റ് അവതരിപ്പിക്കുന്ന ഒരു രാഷ്ട്രീയ ബദലാണ്. എല്ലാവർക്കും ഭൂമിയും എല്ലാവർക്കും വീടും എന്നത് രാഷ്ട്രീയ ഇച്ഛാശക്തിയുടെ ബദലാണ്. ആ ബദൽ കേരളത്തിൽ മാത്രമാണുള്ളത്. കമ്മ്യൂണിസ്റ്റ് വിരുദ്ധരുമായി യോജിച്ച് ഇന്ത്യ കണ്ട ഏറ്റവും വലിയ രാഷ്ട്രീയ ബദലിനെ തകർക്കാൻ തീരുമാനിച്ചാൽ ജനപിന്തുണയോടെ അതിനെ എതിർക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനം ശക്തമായി നിലകൊള്ളുമെന്ന് അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പതിനേഴ് അംഗങ്ങളാണ് ഇവിടെ നടന്ന ചർച്ചയിൽ പങ്കെടുത്തത്. അതിൽ

ഭരണകക്ഷിയിലുള്ള ശ്രീ. കെ. കെ. രാമചന്ദ്രനും മുൻ ഗുരുവായൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കൂടിയായിരുന്ന ശ്രീ. തോട്ടത്തിൽ രവീന്ദ്രനും മാത്രമാണ് ദേവസ്വത്തെക്കുറിച്ച് പറഞ്ഞത്. ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ അഞ്ചാറ് വർഷമായി ഏറ്റവും ഭംഗിയായാണ് നടക്കുന്നത്. ഒട്ടേറെ പ്രതിസന്ധികളെ നേരിട്ടുകൊണ്ടാണ് ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ മുന്നേറുന്നത്. സംസ്ഥാനത്തെ അഞ്ച് ദേവസ്വം ബോർഡുകളിലൂടെ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അഞ്ച് ദേവസ്വം ബോർഡുകളിലായി ഏകദേശം 3069 ക്ഷേത്രങ്ങളും അതിൽ 17000-ത്തിലധികം ജീവനക്കാരും 8000-ത്തിലധികം പെൻഷൻകാരുമാണുള്ളത്. ഈ ക്ഷേത്രങ്ങളുടെയും ജീവനക്കാരുടെയും പെൻഷൻകാരുടെയുമൊക്കെ ഉത്തമതാല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി ഇടപെടലാണ് ഗവൺമെന്റ് നടത്തിയിരിക്കുന്നത്. കോവിഡ് മഹാമാരിക്കാലത്ത് ക്ഷേത്രങ്ങളും ദേവസ്വങ്ങളുമെല്ലാം പ്രതിസന്ധിയിലായപ്പോൾ അവയെ സംരക്ഷിക്കാൻവേണ്ടി ഏകദേശം 273 കോടി രൂപ സംസ്ഥാന ഖജനാവിൽനിന്നും അനുവദിക്കുകയുണ്ടായി. ക്ഷേത്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ഭക്തർക്ക്

സൗകര്യം ചെയ്തുകൊടുക്കാൻവേണ്ടിയുള്ള ഒട്ടേറെ നടപടി ഈ കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ശബരിമല തീർത്ഥാടനം കഴിയുമ്പോൾ ഒട്ടേറെ പരാതികളും പ്രതിഷേധങ്ങളും ഉയർന്നുവരാറുണ്ട്. എന്നാൽ ഇത്തവണ ഭക്തർക്ക് ഒരു തരത്തിലുമുള്ള അഭിപ്രായ വ്യത്യാസവുമുണ്ടായിരുന്നില്ല എന്നതാണ് പ്രത്യേകത. ഇരുപത്തിയാറ് ലക്ഷത്തിലധികം ഭക്തരാണ് ശബരിമലയിൽ വന്നുപോയത്. കഴിഞ്ഞ കുറച്ചുകാലങ്ങളിലായി വരുമാനക്കുറവുണ്ടായിരുന്ന ശബരിമലയിൽ ഇത്തവണത്തെ തീർത്ഥാടന സമയത്ത് 154 കോടിയോളം രൂപ ലഭിക്കുകയുണ്ടായി. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യത്യസ്ത ഘട്ടങ്ങളിൽ അവലോകനയോഗങ്ങൾ ചേരുകയും ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, 2007-ൽ ആരംഭിച്ച ശബരിമല മാസ്റ്റർപ്ലാൻ 15 വർഷമായിട്ടും ഉദ്ദേശിച്ചതുപോലെ നടപ്പിലാക്കാൻ കഴിയുന്നില്ല. ചില പ്രതിസന്ധികളുള്ളതിനാൽ ഇപ്പോഴും അതിന്റെ പ്രവർത്തനങ്ങൾ എങ്ങുമെത്താത്ത സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട

ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ ഹൈപവർ കമ്മിറ്റി രൂപീകരിച്ചാണ് അതിന്റെ പ്രവൃത്തികളെല്ലാം ചെയ്യുന്നത്. ആ കമ്മിറ്റിയുടെ പ്രവർത്തനത്തിനുവേണ്ടി ഈ കാലഘട്ടത്തിൽ 305 കോടിയോളം രൂപ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. പക്ഷെ അത് വേണ്ടവിധത്തിൽ ഉപയോഗിക്കാനോ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനോ കഴിഞ്ഞിട്ടില്ല. ഏകദേശം 147 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നത് അതിന്റെ തെളിവാണ്. ഹൈപവർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്; അതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നുവരികയാണ്. അതുപോലെതന്നെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിലാകണമെങ്കിൽ അഴിമതിരഹിതമാകണം. അവിടെ നടക്കുന്ന ക്രമക്കേടുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട് പലതരത്തിലുമുള്ള ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനമാണ് ബോർഡുകളിലെ പല പ്രവൃത്തികളുടെയും ഓഡിറ്റിംഗ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നത്. അതുകൊണ്ടുതന്നെ ബോർഡുകളുടെ ഭരണത്തെ

സംബന്ധിച്ച് കൃത്യമായ ഓഡിറ്റിംഗ് നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ക്ഷേത്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ഇടപെടൽ നടത്തേണ്ടതുണ്ട്. മുൻകാലങ്ങളിലൊക്കെ പറഞ്ഞുകേട്ടിരുന്നത് ദേവസ്വം ബോർഡുകൾ അഴിമതിയുടെ കേന്ദ്രങ്ങളാണെന്നാണ്. അഴിമതി ഇല്ലാതാക്കാനുള്ള കൃത്യമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അഴിമതിക്ക് കൂട്ടുനിൽക്കുന്ന നിലപാടല്ല സർക്കാരിനുള്ളത്, അഴിമതി നടത്തുന്ന ആളുകളെ കൃത്യമായി കണ്ടെത്തുകയും അവരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അതിന്റെഫലമായി ചെറിയ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുതാര്യവും സത്യസന്ധവുമാകണം. 2019-ൽ ശബരിമല നിലയ്ക്കലിൽ അന്നദാനം നടത്താൻ വേണ്ടിയുള്ള മെസിൽ പച്ചക്കറി വാങ്ങിയതിൽമാത്രം 58 ലക്ഷം രൂപയുടെ വ്യാജ വൗച്ചർ തയ്യാറാക്കി പണം തട്ടിയെടുത്തുവെന്ന കാര്യം ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. അതിന്റെ ഉത്തരവാദിയായ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. ജയപ്രകാശിനെ സസ്പെന്റ് ചെയ്യുകയും റിമാൻഡ് തടവുകാരനായി ജയിലിൽ കിടക്കുകയുമാണ്. ഇതുപോലെ

നിരവധി കേസുകളുണ്ട്, അതെല്ലാം കണ്ടെത്തി നടപടി സ്വീകരിച്ചുവരികയാണ്. അതോടൊപ്പംതന്നെ ദേവസ്വം ബോർഡുകളിലെ സ്വത്തുക്കൾ സംരക്ഷിക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അഞ്ച് ദേവസ്വം ബോർഡുകളിലുമായി ധാരാളം സ്വത്തുക്കളുണ്ട്, അവ പല കാലഘട്ടങ്ങളിലായി നഷ്ടപ്പെട്ടുപോയിട്ടുമുണ്ട്. അവ വീണ്ടെടുത്ത് സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം അഞ്ച് ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ 58-ഉം ഹൈക്കോടതിയിൽ 736-ഉം കീഴ്ക്കോടതികളിൽ 159-ഉം കേസുകൾ നിലനിൽക്കുന്നുണ്ട്. അവ എങ്ങനെ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് ആലോചിക്കുകയാണ്. അത്തരത്തിൽ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായിട്ടാണ് മുന്നോട്ടുപോകുന്നത്. ഇവിടെ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ പറഞ്ഞത് മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തെക്കുറിച്ചാണ്. 2019 ഫെബ്രുവരി മാസം ശമ്പള പരിഷ്കരണം നടപ്പിലാക്കിയെങ്കിലും അതിനനുസരിച്ചുള്ള ശമ്പളം ജീവനക്കാർക്ക്

ലഭിച്ചിട്ടില്ല. അതിൽ ഒട്ടേറെ അനോമലികളുണ്ട്, അത് ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. എത്രയുംപെട്ടെന്ന് പരിഷ്കരിച്ച ശമ്പളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും. മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് കഴിഞ്ഞ ഡിമാന്റ് ചർച്ചയിലും പറഞ്ഞതാണ്. മലബാർ ദേവസ്വം ബോർഡിനുവേണ്ടി സമഗ്രമായ ഒരു നിയമം കൊണ്ടുവരേണ്ടതുണ്ട്. ഈ സഭാ സമ്മേളനത്തിൽ അതിന് സാധിക്കില്ല. അതുകൊണ്ട് നിയമനിർമ്മാണത്തിനായി പ്രത്യേക സമ്മേളനം ചേരുന്ന സന്ദർഭത്തിൽ അത് കൊണ്ടുവരുന്നതിനുള്ള ശ്രമമുണ്ടാകുമെന്ന് സഭയെ അറിയിക്കുകയാണ്. അതോടൊപ്പം ക്ഷേത്രങ്ങളിൽ കൂടുതൽ വരുമാനം ആർജ്ജിക്കാൻ കഴിയുന്ന തരത്തിലുള്ളൊരു സംവിധാനമുണ്ടാക്കണം. അതായത്, ക്ഷേത്രങ്ങളിൽ വഴിപാടായി ലഭിക്കുന്ന വരുമാനംകൊണ്ടുമാത്രം മുന്നോട്ടുപോകാൻ സാധിക്കില്ല. വഴിപാടിതര വരുമാനം വർദ്ധിപ്പിക്കാൻ ഓരോ ദേവസ്വം ബോർഡിനും എന്തുചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കണം. ദേവസ്വം ബോർഡിനുകീഴിൽ ധാരാളം സ്വത്തുക്കളും ഷോപ്പിംഗ് കോംപ്ലക്സുകളും കമ്മ്യൂണിറ്റി ഹാളുകളും കല്യാണ മണ്ഡപങ്ങളുമുണ്ട്. ഇതെല്ലാം ദുരുപയോഗം ചെയ്യുന്ന സ്ഥിതിയാണുള്ളത്. കൃത്യമായ വരുമാനം അവയിൽനിന്നും

ആർജ്ജിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് അവ വിവാദമില്ലാത്ത രീതിയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തി വഴിപാടിതര വരുമാനം വർദ്ധിപ്പിക്കാനും ദേവസ്വം ബോർഡുകളുടെ സ്ഥിതി മെച്ചപ്പെടുത്താനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന് എല്ലാവരുടെയും സഹകരണവും പിന്തുണയുമുണ്ടാകണം. പലപ്പോഴും ഇക്കാര്യങ്ങളിൽ വലിയ വിവാദം ഉയർന്നുവരാൻ സാദ്ധ്യതയുണ്ട്. വിവാദം ഒഴിവാക്കി ക്ഷേത്രങ്ങളുടെയും ദേവസ്വം ബോർഡുകളുടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യണം. എല്ലാ കാലത്തും സർക്കാർ ഖജനാവിൽനിന്നും കാശ് കൊടുത്ത് ദേവസ്വം ബോർഡുകളെ സംരക്ഷിക്കുന്നത് ബുദ്ധിമുട്ടാകും. അതുകൊണ്ട് സ്വയാർജ്ജിത വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ദേവസ്വം ബോർഡുകളെയും പ്രാപ്തമാക്കാനാവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഇവിടെ ഒട്ടേറെ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ ആറുവർഷമായി സംസ്ഥാനം ഭരിക്കുകയാണ്. അതൊരു പ്രത്യേകതയാണ്. ഓരോ ഘട്ടത്തിലും തെരഞ്ഞെടുപ്പ് വരുമ്പോൾ ഗവൺമെന്റ് മാറിമാറി വരുന്നൊരു സ്ഥിതിയാണുണ്ടായിരുന്നത്. അതിന് മാറ്റം വന്നിരിക്കുന്നു. 2016-ൽ

അധികാരത്തിലെത്തിയ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 2021-ലെ തെരഞ്ഞെടുപ്പിലും വീണ്ടും അധികാരത്തിൽ വന്നുവെന്നത് കേരളത്തിന്റെ ഒരു പ്രത്യേകതയാണ്. ഇടതുപക്ഷ ഗവൺമെന്റ് ഒരുതവണപോലും അധികാരത്തിൽ വരാൻ ആഗ്രഹിക്കുന്നവരല്ല വലതുപക്ഷത്തുള്ളവർ. എന്നാൽ രണ്ടാംഘട്ടത്തിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നിരിക്കുകയാണ്. ഒന്നാംഘട്ടത്തിൽ അധികാരത്തിൽ വന്നപ്പോൾ അതിനെ തകർക്കാനുള്ള എല്ലാ കുതന്ത്രങ്ങളും പയറ്റി. പക്ഷേ അത് ജനം തിരിച്ചറിഞ്ഞു. അങ്ങനെ തിരിച്ചറിഞ്ഞതുകൊണ്ടാണ് 2016-ൽ 91 സീറ്റിൽ വിജയിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ 2021-ലെ തെരഞ്ഞെടുപ്പിൽ 99 സീറ്റ് നൽകിക്കൊണ്ട് വീണ്ടും അധികാരത്തിലെത്തിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരുവർഷം പിന്നിട്ടിരിക്കുകയാണ്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒരുവർഷംകൊണ്ട് നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കാനുള്ളതാണെന്ന് തെളിയിച്ചുകൊണ്ടാണ്

ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റിനെ അട്ടിമറിക്കാൻ ഏതുഭാഗത്തുനിന്ന് ശ്രമമുണ്ടായാലും അതിനെയെല്ലാം ചെറുത്ത് തോൽപ്പിക്കാൻ കേരളത്തിലെ ജനങ്ങൾ തയ്യാറാകുമെന്നുമാത്രം പറഞ്ഞുകൊണ്ട് ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ VII-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി

അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ VII-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ VII-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ VII-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI -ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ VII -ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ

ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ VII-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ മാസം 05-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.27-ന് പിരിഞ്ഞു.)

**അനുബന്ധം**

I. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന്റെ സ്വകാര്യവൽക്കരണം സംബന്ധിച്ച ശ്രദ്ധക്ഷണിക്കലുമായി ബന്ധപ്പെട്ട് ശ്രീ. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. മേശപ്പുറത്തുവച്ച ലിസ്റ്റ്

**List of CPSEs and Subsidiaries/Units/Joint Ventures of CPSEs for which Government has given 'in-principle' approval for strategic disinvestment since 2016**

a) Transactions Completed

| **Sl. no** | **Name of CPSE** |
|---|---|
| 1 | Hindustan Petroleum Corporation Limited |
| 2 | Rural Electrification Corporation Limited |
| 3 | HSCC (India) Limited |
| 4 | National Projects construction corporation Limited |
| 5 | Dredging Corporation of India Limited |

| | |
|---|---|
| 6 | THDC India Limited |
| 7 | North Eastern Electric Power Corporation Limited |
| 8 | Kamrajar Port Limited |

**b) Transactions halted as the CPSEs recommended/approved for closure**

| | |
|---|---|
| 9 | Hindustan Fluorocarbons Limited (subsidiary)* |
| 10 | Scooters India Limited* |
| 11 | Bharat Pumps & Compressors Limited* |
| 12 | Hindustan Prefab Limited |

**c) Transactions held up due to litigation**

| | |
|---|---|
| 13 | Hindustan Newsprint Limited (subsidiary) |
| 14 | Karnataka Antibiotics & Pharmaceuticals Limited |

**d) <u>Ongoing Transactions</u>**

| | |
|---|---|
| 15 | Project & Development India Limited |
| 16 | Engineering Project (India) Limited |
| 17 | Bridge and Roof Co. India Limited |
| 18 | Units of Cement Corporation of India Limited |
| 19 | Central Electronics Limited |
| 20 | BEML Limited |
| 21 | Ferro Scrap Nigam Limited (subsidiary) |
| 22 | Nagarnar Steel Plant of NMDC Limited |
| 23 | Alloy Steel Plant. Durgapur; Salem Steel |

| | |
|---|---|
| | plant; Bhadrawati Steel Plant-units of Steel Authority of India Limited |
| 24 | Pawan Hans Limited |
| 25 | Air India and five of its subsidiaries |
| 26 | HLL Lifecare Limited |
| 27 | Indian Medicines Pharmaceuticals Corporation Limited |
| 28 | Various Units of India Tourism Development Corporation Limited |
| 29 | Hindustan Antibiotics Limited |
| 30 | BENGAL Chemicals & Pharmaceuticals Limited |
| 31 | a) Bharat Petroleum Corporation Ltd (except Numaligarh Refinery Limited)<br>(b) BPCL stake in Numaligarh Refinery Limited to a CPSE strategic buyer [This transaction (NRL) has been completed] |
| 32 | The Shipping Corporation of India Limited |
| 33 | Container Corporation of India Limited |
| 34 | Neelachal Ispat Nigam Limited |
| 35 | Rashtriya Ispat Nigam Ltd |

* Subsequently Government approved for closure of the Company

## II. ഉപരിപഠനത്തിന് പോകുന്നവരുടെ വിദേശപൗരത്വം സംബന്ധിച്ച ശ്രദ്ധക്ഷണിക്കലിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ

സർവ്വകലാശാലകളിലെ യു.ജി./പി.ജി. തലത്തിൽ സീറ്റുകളുടെ വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

| University | Sanctioned Intake | | |
|---|---|---|---|
| | UG | PG | Total |
| കേരള സർവ്വകലാശാല | 28912 | 4824 | 33736 |
| എം.ജി. സർവ്വകലാശാല | 61593 | 12357 | 73950 |
| കാലിക്കറ്റ് സർവ്വകലാശാല | 80066 | 10114 | 90180 |
| കണ്ണൂർ സർവ്വകലാശാല | 18943 | 3884 | 22827 |
| കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല | 1247 | 1125 | 2372 |
| എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി | 45996 | 9293 | 55289 |
| കേരള കാർഷിക സർവ്വകലാശാല | 160 | 162 | 322 |
| കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷൻ സ്റ്റഡീസ് | 128 | 384 | 512 |
| കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് | 21285 | 4492 | 26777 |
| ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 708 | 1038 | 1764 |
| കേരള കലാമണ്ഡലം | 60 | 60 | 120 |
| നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | 120 | 190 | 310 |

## III. റാന്നിയിൽ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ച സബ്മിഷന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ

പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ കർഷകരുൾപ്പെടെ പതിറ്റാണ്ടുകളായി ഭൂമി കൈവശംവച്ച് അനുഭവിച്ചുവരുന്നവർക്ക് പട്ടയം ലഭ്യമാക്കുന്ന വിഷയം സർക്കാർ വളരെ

പ്രാധാന്യത്തോടെയാണ് കാണുന്നത്. പത്തനംതിട്ട ജില്ലയിൽ 01-01-1977-നുമ്പ് കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ വനഭൂമിയിൽ കുടിയേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 6362 കൈവശങ്ങളിലായി 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ Proposal No. FP/KL/ENCRH/8556/2012 ആയി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിൽ റാന്നി താലൂക്കിലെ 1586 ഹെക്ടർ ഭൂമിയിലുള്ള 5154 കൈവശങ്ങളുടെ വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിലുൾപ്പെട്ടുവരുന്ന ഭൂമി പരിശോധിക്കുന്നതിനായി 2021 സെപ്റ്റംബർ മാസം ബാംഗ്ലൂർ ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി സ്ഥലപരിശോധന നടത്തി കേന്ദ്ര വനം മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം എത്രയും പെട്ടെന്ന് ലഭ്യമാക്കി പട്ടയം വിതരണം ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. പെരുമ്പെട്ടിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ MSA 1/1981, 10-01-2018-ലെ ഹൈക്കോടതി വിധിക്കെതിരെ സർക്കാർ SLP

No.2291/19 ആയി സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ 03-07-2019-ൽ status quo ഉത്തരവായിട്ടുള്ളതും ഇപ്പോഴും നിലനിൽക്കുന്നതുമാണ്. ഏതെങ്കിലും തരത്തിലുള്ള സർവ്വേ നടപടികൾ നടത്തുന്നതും വനത്തിന്റെ സ്റ്റാറ്റസിൽ മാറ്റം വരുത്തുന്നതും കോടതി അലക്ഷ്യമാകുമെന്നതിനാൽ അന്തിമ കോടതിവിധിക്ക് വിധേയമായി മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയൂ. വനം വകുപ്പിന്റെ റിക്കാർഡുകൾ പ്രകാരം പത്തനംതിട്ട ജില്ലയിൽ 25 ട്രൈബൽ സെറ്റിൽമെന്റുകളാണുള്ളത്. ടി പ്രദേശങ്ങളെല്ലാം ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി വനം വകുപ്പിൽനിന്ന് റവന്യൂ വകുപ്പിന് വിട്ടുകിട്ടിയിട്ടുള്ള പ്രദേശങ്ങളാണ്. ഇതിൽ അരയാഞ്ഞിലിമൺ, കടമരുട്ടി, ഒളികല്ല് എന്നീ ട്രൈബൽ സെറ്റിൽമെന്റുകളിൽ ചില കൈവശങ്ങൾ 01/01/1977-നുമുമ്പുള്ള വനഭൂമി കുടിയേറ്റത്തിലാണ് ഉൾപ്പെട്ടുവരുന്നത്. എന്നാൽ ഭൂരിഭാഗം പ്രദേശങ്ങളും വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ഉൾപ്പെടാത്തതാണ്.

The kerala Assignment of Government Land to the Scheduled Tribes Rules,2001 പ്രകാരം പട്ടികവർഗ്ഗക്കാർക്ക് പതിച്ചുകൊടുക്കാനായി മാറ്റിവച്ചിട്ടുള്ള ഭൂമിക്കാണ് പട്ടയം അനുവദിക്കുന്നത്. ടി 25 ട്രൈബൽ

സെറ്റിൽമെന്റുകളും ഇപ്രകാരം പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ചിട്ടുള്ള പ്രദേശങ്ങളാണ്. എന്നാൽ ടി പ്രദേശങ്ങളിൽ നിലവിൽ ആദിവാസികളെ (Hillmen) കൂടാതെ ഇതരവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും താമസിച്ചുവരുന്നുണ്ട്. 2001-ലെ ചട്ടപ്രകാരം പട്ടികവർഗ്ഗക്കാർക്ക് മാത്രമേ ഭൂമി പതിച്ചുനൽകാൻ സാധിക്കുകയുള്ളൂ. ആദിവാസി സെറ്റിൽമെന്റായി വിതരണം ചെയ്തിട്ടുള്ള ഭൂമിയിൽ പലതും റവന്യൂ രേഖകളിൽ ഉൾപ്പെട്ടുവന്നിട്ടില്ല. റീസർവ്വേ പൂർത്തിയായ വില്ലേജുകളിൽ മാത്രമേ പ്രസ്തുത ഭൂമി പുറമ്പോക്കിൽ ഉൾപ്പെട്ടുവന്നിട്ടുള്ളൂ. ആയതിനാൽ വനം വകുപ്പിന് ആക്ഷേപമില്ലായെന്ന് ഉറപ്പാക്കി പട്ടയവിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. GO(Rt) 2020/20/റവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പട്ടികവർഗ്ഗക്കാരല്ലാത്ത കുടിയേറ്റക്കാർക്കും പട്ടയം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. ചേത്തയ്ക്കൽ വില്ലേജിൽ വലിയപതാൽ പ്രദേശത്തെ 76 ഏക്കറിൽ നിന്നും 12 പട്ടയങ്ങൾ പ്രകാരം 24 ഏക്കർ ഭൂമി പതിച്ചുനൽകിയിട്ടുണ്ട്. അത്തിക്കയം വില്ലേജിലെ തെക്കേതൊട്ടി എന്ന പ്രദേശത്ത് 3 സ്ഥാപനങ്ങളുൾപ്പെടെ 214 കൈവശങ്ങൾക്ക് പട്ടയം നൽകാനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 1974 കാലഘട്ടത്തിൽ കുറച്ച്

പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതിനാലും 1980 -ലെ വനസംരക്ഷണ നിയമം വരുന്നതിന് മുമ്പ് വനത്തിന്റെ സ്റ്റാറ്റസ് നഷ്ടപ്പെട്ടതുമായ ഈ പ്രദേശത്തിന് 1980-ലെ നിയമത്തിന്റെ വ്യവസ്ഥകൾ ബാധകമാക്കേണ്ടതില്ലെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുവേണ്ടി വനം വകുപ്പിന്റെകൂടി അഭിപ്രായം ആരാഞ്ഞുകൊണ്ട് തുടർനടപടി സ്വീകരിക്കുന്നതാണ്.

അർഹരായ എല്ലാവർക്കും എത്രയും പെട്ടെന്ന് പട്ടയം നൽകണമെന്നതാണ് സർക്കാരിന്റെ നയം. പട്ടയപ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് റാന്നി നിയോജകമണ്ഡലത്തിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനായി ഒരു റവന്യൂ സ്പെഷ്യൽ ടീമിനെ നിയോഗിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

*******************